# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിന്റെയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിന്റെയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിന്റെയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിന്റെ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിന്റെ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിന്റെയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിന്റെ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിന്റെ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


**വാല്യം 1**

### പാറശ്ശാല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

### പെരുങ്കടവിള ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

### അതിയന്നൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

### നേമം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

### തിരുവനന്തപുരം റൂറൽ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

### കഴക്കൂട്ടം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

### വെള്ളനാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

### നെടുമങ്ങാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

### വാമനപുരം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

### കിളിമാനൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

### ചിറയിൻകീഴ് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

### വർക്കല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

**വാല്യം 28**

### കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

**വാല്യം 29**

### ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

**വാല്യം 30**

### റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

**വാല്യം 31**

### കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

**വാല്യം 32**

### പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

**വാല്യം 33**

### പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

**വാല്യം 34**

### കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

**വാല്യം 35**

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

**വാല്യം 36**

### പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

**വാല്യം 37**

### കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

**വാല്യം 38**

### ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

**വാല്യം 39**

### അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

**വാല്യം 40**

### ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

**വാല്യം 41**

### വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

**വാല്യം 42**

### ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ



4

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

**വാല്യം 85**

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

**വാല്യം 86**

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

**വാല്യം 87**

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

**വാല്യം 88**

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

**വാല്യം 89**

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

**വാല്യം 90**

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

**വാല്യം 91**

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

**വാല്യം 92**

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

**വാല്യം 93**

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

**വാല്യം 94**

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

**വാല്യം 95**

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

**വാല്യം 96**

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

**വാല്യം 97**

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

**വാല്യം 98**

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

**വാല്യം 99**

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

### വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

### വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

### വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

### വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

### വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

### വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

### വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

### വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

### വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

### വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

### വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

### വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

### വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

### വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

### ...തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

### ...മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

### ...പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

ചെറുവണ്ണൂർ
നൊച്ചാട്
ചങ്ങരോത്ത്
കായണ്ണ
കൂത്താളി
പേരാമ്പ്ര
ചക്കിട്ടപ്പാറ

വാല്യം 131

### ...ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

ബാലുശ്ശേരി
നടുവണ്ണൂർ
അത്തോളി
ഉള്ളിയേരി
കോട്ടൂർ
ഉണ്ണിക്കുളം
പനങ്ങാട്
കൂരാച്ചുണ്ട്

വാല്യം 132

### ...തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

ചേമഞ്ചേരി
അരിക്കുളം
മൂടാടി
ചെങ്ങോട്ടുകാവ്

വാല്യം 133

### ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

### കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

### കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

### കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

### മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

### സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

### കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

### പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

## വാല്യം 141

### തളിപ്പറമ്പ് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

## വാല്യം 142

### ഇരിക്കൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

## വാല്യം 143

### കണ്ണൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

## വാല്യം 144

### എടക്കാട് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

## വാല്യം 145

### തലശ്ശേരി ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

## വാല്യം 146

### കൂത്തുപറമ്പ് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

## വാല്യം 147

### ഇരിട്ടി ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

## വാല്യം 148

### പേരാവൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

## വാല്യം 149

### മഞ്ചേശ്വരം ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

## വാല്യം 150

### കാസർഗോഡ് ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

## വാല്യം 151

### കാഞ്ഞങ്ങാട് ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബെളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

## വാല്യം 152

### നീലേശ്വരം ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ


വാല്യം 153

**തിരുവനന്തപുരം ജില്ല**

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

**കൊല്ലം ജില്ല**

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

**പത്തനതിട്ട ജില്ല**

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

**ആലപ്പുഴ ജില്ല**

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

**കോട്ടയം ജില്ല**

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

**ഇടുക്കി ജില്ല**

1. തൊടുപുഴ

വാല്യം 159

**എറണാകുളം ജില്ല**

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

**തൃശ്ശൂർ ജില്ല**

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

**പാലക്കാട് ജില്ല**

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

**മലപ്പുറം ജില്ല**

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

**കോഴിക്കോട് ജില്ല**

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

**വയനാട് ജില്ല**

1. കൽപ്പറ്റ

വാല്യം 165

**കണ്ണൂർ ജില്ല**

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

**കാസർഗോഡ് ജില്ല**

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട് -1996



ഡി. ടി. പി. & ലേഔട്ട്
മൈക്രോ സൊലൂഷൻസ്, ചേറ്റുവ
മുദ്രണം
എബ്നെസർ പ്രിന്റേഴ്സ്
അയ്യന്തോൾ

"സുഗന്ധം വമിക്കുന്ന
സംഗീത സാന്ദ്രമായ
വർണ്ണങ്ങളുടെ മായാപ്രപഞ്ചമായ
ഉദ്യാനമായി
എന്റെ ഗ്രാമം മാറാത്തതെന്തുകൊണ്ടാണെന്ന്, നിങ്ങൾക്കറിയാമോ?"
Armps.

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, അടിത്തട്ടിൽനിന്നും ആസൂത്രണം ചെയ്യപ്പെടുന്ന 9-ാം പഞ്ചവൽസരപദ്ധതിയുടെ അടിസ്ഥാനരേഖയായ ഈ കരട് 'വികസന റിപ്പോർട്ട്', ഓരോ വികസന മേഖലയേയും സമഗ്രമായ വിശകലനം നടത്തി തയ്യാറാക്കുന്നതിൽ പരമാവധി ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും, വേണ്ടത്ര സ്ഥിതിവിവരകണക്കുകൾ ലഭ്യമാകാതിരുന്നതിനാലും, ലഭ്യമായവയുടെ വിശ്വാസ്യതകുറവുകൊണ്ടും, ഘടനാപരമായി കണക്കുകൾ ഉദ്ധരിച്ചുള്ള വസ്തുതാ വിശകലനരീതിയിൽ തയ്യാറാക്കാൻ കഴിയാതെപോയിട്ടുണ്ട്. ആയതിനാൽ ഇതിൽ സൂചിപ്പിക്കുന്ന പ്രശ്നപരിഹാരനിർദ്ദേശങ്ങളും, സാദ്ധ്യതകളും പ്രയോവൽക്കരിക്കുന്നതിൻെറ ആദ്യപടിയായി സമഗ്ര പ്രാഥമിക സ്ഥിതിവിവരകണക്കുകളുടെ ശേഖരണം നിർബന്ധമായും നടത്തേണ്ടിയിരിക്കുന്നു.

വി.വി. മോഹൻദാസ് : കൺവീനർ

പ്രേമചന്ദ്രൻ പുതൂർ : ജോ: കൺവീനർ

റസാക്ക് മാഷ് : സഹായി

ഏങ്ങണ്ടിയൂർ
25 - 10 - '96

# ഉള്ളടക്കം


I പഞ്ചായത്തിൻെറ പൊതുവിവരണം

II ആമുഖം

III ചരിത്ര പാശ്ചാത്തലം

IV വികസന മേഖലകൾ

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം, മൽസ്യബന്ധനം
3. വിദ്യാഭ്യാസം
4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
5. വ്യവസായം
6. ഗതാഗതം, ഊർജ്ജം
7. പാർപ്പിടം, സാമൂഹ്യക്ഷേമം
8. സംസ്ക്കാരം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി, പട്ടികവർഗ്ഗം
12. വിഭവസമാഹരണം

V ജനകീയാസൂത്രണപ്രസ്ഥാനം
പഞ്ചായത്ത് തല അവലോകനം

## പഞ്ചായത്ത്

# പൊതു വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് |
| രൂപീകൃതമായ വർഷം | : | 1949 |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ഏങ്ങണ്ടിയൂർ, വാടാനപ്പിള്ളി |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | തളിക്കുളം |
| ബ്ലോക്ക് പഞ്ചായത്ത് | : | തളിക്കുളം |
| ബ്ലോക്ക് ഡിവിഷൻ | : | ചേറ്റുവ, തൃത്തല്ലൂർ |
| താലൂക്ക് | : | ചാവക്കാട് |
| അസംബ്ലി മണ്ഡലം | : | നാട്ടിക |
| ജില്ല | : | തൃശൂർ |
| വിസ്തീർണ്ണം | : | 15.68 ചതുരശ്ര കി.മീ. |
| ജനസംഖ്യ | : | 23,100 |
| പുരുഷന്മാർ | : | 11,384 |
| സ്ത്രീകൾ | : | 11,716 |

# ആമുഖം

അനുദിനം ശക്തിപ്പെട്ടു വരുന്ന നമ്മുടെ ജനാധിപത്യ പ്രക്രിയയ്ക്ക് കൈവരിക്കാൻ കഴിഞ്ഞ മഹത്തായ നേട്ടമാണ് ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ നിലവിൽ വന്ന പഞ്ചായത്തിരാജ് നിയമം പ്രസ്തുത ഭേദഗതികളുടെ ഭാഗമായി 95 ഒക്ടോബർ 2 ന് നിലവിൽ വന്ന ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകി. അധികാര വികേന്ദ്രീകരണം സാർത്ഥകമാക്കുന്നതിലൂടെ ലോകോത്തരമായ ഒരു ജനാധിപത്യ സംസ്കാരം തന്നെ നമുക്ക് കെട്ടിപ്പടുക്കാൻ കഴിയുമെന്ന് പറയേണ്ടതില്ലല്ലോ. ആസൂത്രിതമായ വികസന പ്രക്രിയയ്ക്ക് 1951 മുതൽ തന്നെ തുടക്കം കുറിച്ച നമുക്ക്, അധികാര കേന്ദ്രീകരണത്തിൻേറയും, ജനകീയ പങ്കാളിത്തമില്ലായ്മയുടെയും സൃഷ്ടിയായ, അതിഭീകരമായ മുരടിപ്പിനെ നേരിടേണ്ടി വന്നു എന്നത് ചരിത്രപരമായ അനിവാര്യതമാത്രമാണ്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമൂഹ്യ രാഷ്ട്രീയ വിദ്യാഭ്യാസ മേഖലകളിൽ അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ച നാം നിത്യോപയോഗ സാധനങ്ങൾക്കു പോലും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നുവെന്ന അപഹാസ്യമായ അവസ്ഥയാണ് നിലനിൽക്കുന്നത്.

സങ്കീർണ്ണമായ ഈ സാമൂഹ്യയാഥാർത്ഥ്യങ്ങളാണ് ആസൂത്രണം അടിത്തട്ടിൽ നിന്ന് എന്ന ജനകീയ ആസൂത്രണപ്രസ്ഥാനത്തിൻെറ മഹത്തായ ലക്ഷ്യത്തിന് അർത്ഥവ്യാപ്തി നൽകുന്നത്. ക്രാന്തദർശികളായ കേരളാ സർക്കാരും, സംസ്ഥാന ആസൂത്രണബോഡും രൂപകൽപ്പന ചെയ്ത ജനകീയ ആസൂത്രണപ്രസ്ഥാനം വികസന ചരിത്രത്തിന് നൂതന അദ്ധ്യായങ്ങൾ രചിക്കുമെന്നത് ശുഭോതർക്കമാണ്.

# ഭരണ സാരഥികൾ

പ്രസിഡന്റ്



കുമാരി. എ.വി. സൂജാത

വൈസ്. പ്രസിഡന്റ്



ഇ.ഐ. ലീല ടീച്ചർ

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



എം. എ. ഹാരിസ് ബാബു

## മെമ്പർമാർ

സരസ്വതി രാജഗോപാലൻ
പി.ടി. ചന്ദ്രൻ
കെ. ആർ. ലിനി ടീച്ചർ
സി. ബി. ഷീബ
പി. ടി. ഹനീഫ
മധുസൂദനൻ പണ്ടാരത്തിൽ
സുചിത്രാ രാധാകൃഷ്ണൻ

സെക്രട്ടറി

ഇ. ആർ. കോമളവല്ലി

# ചരിത്ര പാശ്ചാത്തലം

തൃശൂർ പട്ടണത്തിൽനിന്ന് 24 കി.മീറ്റർ പടിഞ്ഞാറോട്ട് മാറി ഗുരുവായൂർ പട്ടണത്തിൽ നിന്ന് 7 കി.ീ. തെക്ക് ഭാഗത്തായി അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന ചരിത്രം ഉറങ്ങുന്ന ഒരു ഗ്രാമമാണ് ഏങ്ങണ്ടിയൂർ. ഒരു കാലത്ത് വൻകിട വ്യവസായങ്ങളുടെ സിരാകേന്ദ്രമായിരുന്ന ചേറ്റുവ തുറമുഖ പട്ടണം ഏങ്ങിയൂരിനെറ ഭാഗമാണ്.

സുഗന്ധ വ്യഞ്ജനങ്ങളും കരകൗശല വസ്തുക്കളും മറ്റും നിരവധി പാശ്ചാത്യ രാജ്യങ്ങളിലേക്ക് കയറ്റി അയക്കപ്പെട്ടിരുന്ന ചേറ്റുവ തുറമുഖപട്ടണത്തിൻെറ മേൽകോയ്മ കരസ്ഥമാക്കാൻ സാമൂതിരിമാരും കൊച്ചിരാജാക്കന്മാരും നിരവധി തവണ യുദ്ധം ചെയ്തതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. വിദേശികളായ ഡച്ചുകാർ ഇവിടെ നിർമ്മിച്ച കോട്ട നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഘോരയുദ്ധങ്ങളുടെയും രാഷ്ട്രീയ ഉപചാപങ്ങളുടെയും വാണിജ്യ മൽസരങ്ങളുടെയും രംഗമായിരുന്നു. ഇന്നീ കോട്ട ഭൂതകാലത്തിൻെറ അസ്ഥിമാടംപോലെ വൃക്ഷലതാതികളിലും കുറ്റിക്കാടുകളും നിറഞ്ഞ് അവശിഷ്ടങ്ങളുടെ കൂമ്പാരമായി തീർന്നിരിക്കുകയാണ്.

ഇംഗ്ലീഷുകാരുടെ ആധിപത്യം വന്നുചേരുകയും കൊച്ചിയും കോഴിക്കോടും അവരുടെ അധീനത്തിലാവുകയം ചെയ്തതോടെ ചേറ്റുവ ശ്രദ്ധിക്കപ്പെടാതായി. അഴിമുഖം സംരക്ഷിക്കപ്പെടാതിരുന്നതിനാൽ മണൽതിട്ടകൾ അടിഞ്ഞുകൂടി അൽപ്പാൽപ്പം തെക്കോട്ട് നീങ്ങുകയും ചേറ്റുവായുടെ അധഃപതനം പൂർത്തിയാവുകയും ചെയ്തു. കപ്പലുകൾക്ക് അടുക്കുവാനോ ചരക്കുകൾ ഇറക്കുവാനോ കൗകര്യമില്ലാതായി. അങ്ങിനെ രാഷ്ട്രീയമായും വാണിജ്യപരമായും ഏങ്ങണ്ടിയൂർ വിസ്മരിക്കപ്പെട്ടു.

ജാതിവ്യവസ്ഥയും ഉച്ചനീചത്വങ്ങളും കൊടികുത്തിവാണിരുന്ന നമ്മുടെ ഗ്രാമം, ദേശീയ പ്രസ്ഥാനത്തിൻേറയും സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെയും കർഷകപ്രസ്ഥാനങ്ങളുടെയും ത്യാഗോജ്വലമായ സമരങ്ങളിൽനിന്നും ആവേശം ഉൾക്കൊണ്ട് മുന്നേറിയതോടെ സാമൂഹ്യപുരോഗതിയുടെ പാന്ഥാവിലേക്ക് പ്രവേശിക്കുകയായിരുന്നു.

1941-ലെ കൊടുങ്കാറ്റ് വിതച്ച പട്ടിണിയിൽ നിന്നും സാംക്രമികരോഗങ്ങളിൽനിന്നും ഉയിർത്തെഴുന്നേൽക്കാൻ നമ്മുടെ ഗ്രാമവാസികൾ പ്രകടിപ്പിച്ച കൂട്ടായ്മ ശ്ലാഘനീയമാണ്. ഈ സന്ദർഭത്തിൽ ''ഏങ്ങണ്ടിയൂർ യുവജനസമാജം'' കോട്ടക്കടപ്പുറം സേവാസംഘം എന്നീ സാമൂഹ്യസേവനസംഘടനകൾ വഹിച്ച പങ്കും പ്രത്യേകം സ്മരിക്കപ്പെടേണ്ടതുണ്ട്.

സ്വാതന്ത്ര്യാനന്തരം 1156 നവംബർ 1-ന് ഐക്യകേരളം നിലവിൽ വന്നതോടെ പൊന്നാനി താലൂക്കിൻെറ ഭാഗമായിരുന്ന ഈ വില്ലേജ് ചാവക്കാട് താലൂക്കിൽ ഉൾപ്പെട്ടു. 1957-ൽ ഇ.എം.എസ്സിൻെറ നേതൃത്വത്തിൽ അധികാരത്തിലേററയ മന്ത്രസഭയുടെ പ്രഥമ ഓർഡിനൻസ്, നൂറ്റാണ്ടുകളായി അന്യരുടെ ഭൂമിയിൽ അടിമകളെപ്പോലെ ജീവിച്ചിരുന്ന ഏങ്ങണ്ടിയൂരിലെ കുടികിടപ്പികാർക്ക് നൽകിയ ആശ്വാസം വിവരണാതീതമാണ്. കേരളത്തിൽ സാമൂഹ്യഘടനയിൽ അടിസ്ഥാനപരമായ മാറ്റം കുറിച്ച കേരള കാർഷിക ഭൂപരിഷ്കരണ നിയമം ഈ ഗ്രാമത്തിൻെറ സാമൂഹ്യഘടനയിലും സൃഷ്ടിച്ച ഗുണപരമായ മാറ്റവും ചെറുതായിരുന്നില്ല.

1970-കളുടെ തുടക്കം മുതൽ തന്നെ ശക്തിപ്പെട്ടുവന്ന തൊഴിൽ അന്വേഷകരുടെ ഗൾഫ് നാടു

കളിലേക്കുള്ള പ്രയാണം ഈ ഗ്രാമപഞ്ചായത്തിൻെറ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിൽ അനിഷേധ്യമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. എങ്കിലും നമ്മുടെ ഗ്രാമത്തിലേക്ക് അനുദിനം പ്രവഹിച്ചുകൊണ്ടിരിക്കുന്ന വിദേശനാണ്യത്തിൻെറ വ്യാപ്തിക്കാനുപാതികമായി വ്യാവസായിക പുരോഗതി കൈവരിക്കാൻ കഴിയാതെപോകുന്നുവെന്ന ദുഃഖകരമായ അവസ്ഥയെ തരണം ചെയ്യാനുള്ള ആർജ്ജവം നാം ഇനിയും കൈവരിക്കേണ്ടിയിരിക്കുന്നു.

മലബാർ ഡിസ്ട്രിക്ട. ബോർഡിൻെറ കീഴിൽ 1949-ൽ നിലവിൽവന്ന നമ്മുടെ പഞ്ചായത്തിൻെറ ഭരണസാരഥ്യം 1964 മുതൽ വഹിച്ചുകൊണ്ടിരിക്കുന്നത് ഉടതുപക്ഷജനാധിപത്യമുന്നണിയാണ്.വിഭവശേഷി പരിമിതമാണെങ്കിലും കാര്യക്ഷമമായ ഭരണം, ഗതാഗതം, ശുദ്ധജല വിതരണം, പൊതുജനാരോഗ്യം , ഭവന നിർമ്മാണം എന്നീ മേഖലകളിൽ അനിതരസാധാരണമായ പുരോഗതിയിലേക്ക് നമ്മെ നയിച്ചുകൊണ്ടിരിക്കുകയാണ്.

ഭൂമിശാസ്ത്രപരമായ നിമ്നോന്നതങ്ങളുടെ പാശ്ചാത്തലത്തിൽ ഏങ്ങണ്ടിയൂർ അംശം കുണ്ടഴിയൂർ ദേശം എന്ന സ്ഥലനാമങ്ങൾക്ക് വ്യക്തമായ വാച്യാർത്ഥം ഉണ്ട്. ഏങ്ങണ്ടിയൂർ എന്ന നാമത്തിൻെറ ഉൽപ്പത്തി ഏങ്ങ -- അണ്ടി -- ഊര് എന്നീ മൂന്ന് പദങ്ങൾ ചേർന്നതാണ്. ഏറിയും കുറഞ്ഞുമുള്ള വരമ്പുകൾ ഉള്ള ഊര് എന്നർത്ഥം. കുണ്ടഴിയൂരിൻെറ പഴയ പേര് കുണ്ടഴിപുരം ദേശം എന്നായിരുന്നു.

## വിവിധ കാലഘട്ടങ്ങളിലെ പ്രസിഡണ്ടുമാർ

| വർഷം | പേര് |
|---|---|
| 1949 - 53 | ശ്രീ വി.ജി. ജയശങ്കരൻ |
| 1953 - 62 | ശ്രീ പണിക്കശ്ശേരി ശങ്കുണ്ണി |
| 1962 - 63 | ശ്രീ പി.വി. പ്രഭാകരൻ വൈദ്യർ |
| 1964 - 75 | ശ്രീ എ.എസ്. പണിക്കൻ മാസ്റ്റർ |
| 1975 - 79 | ശ്രീ എം.എ. റഹിമാൻ സേട്ടു |
| 1979 - 84 | ശ്രീ സി.കെ. ബാലകൃഷ്ണൻ |
| 1984 - 88 | ഉദ്യോഗസ്ഥഭരണം |
| 1988 - 95 | ശ്രീ വി.വി. മോഹൻദാസ് |

തീരദേശ മണൽ പ്രദേശമായ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന മുഖ്യകൃഷി നെല്ല്, തെങ്ങ് എന്നിവയായിരുന്നു. എന്നാലിന്ന് നെൽകൃഷി പ്രായോഗികമായി ഇല്ലാതാവുകയും നെൽപ്പാടങ്ങൾ തെങ്ങുൻതോപ്പുകളും, ആവാസകേന്ദ്രങ്ങളുമായി മാറിയിരിക്കുന്നു.

വർഷത്തിൽ ശരാശരി 31.72 എം.സി.എം. (മില്യൻ ക്യൂബിക് മീറ്റർ) ജലം ലഭിക്കുന്നതിൽ 11.46 എം.സി.എം. ജലം കടലിലേക്ക് ഒഴുകുന്നു. ഭൂഗർഭത്തിലേക്ക് ഒഴുകുന്ന ജലത്തിൻെറ അളവ് 4.90 എം.സി.എം. മാത്രമാണ്.

ഭാഗം IV

# വികസന മേഖലകൾ

# കൃഷിയും ജലസേചനവും

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിവരെ ഉൽപ്പാദനരംഗത്ത് ഏറെക്കുറെ സ്വയം പര്യാപ്തത കൈവരിച്ചിരുന്ന ഇവിടുത്തെ കാർഷികമേഖല തുടർന്നുള്ള കാലയളവിൽ നേരിട്ട തകർച്ച, കൃഷിയെ സ്നേഹിക്കുന്ന ഏവരേയും ദുഃഖിപ്പിക്കുന്ന ഒന്നായി നിലനിൽക്കുന്നു. അപ്രതീക്ഷിതമായി ഉണ്ടാകാറുള്ള പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കാൻത്തക്ക സാങ്കേതിക പരിജ്ഞാനമോ സഹായഹസ്തങ്ങളോ ഉണ്ടായിരുന്നില്ല എന്നതൊഴിച്ചാൽ പൊതുവെ കാർഷിക മേഖലപ്രശ്നരഹിതമായിരുന്നു. സമ്പൽസമൃദ്ധിയുടെപ്രതീകങ്ങളായി നിലകൊണ്ടിരുന്ന വയലേലകളും, തെങ്ങും, കവുങ്ങും, മാവും, പ്ലാവും, വാഴയും, മരച്ചീനിയും, ചേമ്പും, കൂർക്കയും, കഞ്ഞിപ്പുല്ലും ഇടകലർന്ന തോപ്പുകളും, കൊയ്തൊഴിഞ്ഞ പാടങ്ങളിലെ വേനൽക്കാല വിളകളായ വെള്ളരി, മത്തൻ, കുമ്പളം എന്നിവയും ചേർന്നൊരുക്കിയിരുന്ന ഗ്രാമഭംഗി എന്നന്നേക്കുമായി നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

അറുപതുകളുടെ അവസാനംവരെ ഇവിടുത്തെ മുഖ്യ കാർഷിക വിളകൾ നെല്ലും തേങ്ങയുമായിരുന്നു. പ്രത്യേക പരിചരണങ്ങൾ നൽകാതെത്തന്നെ സമൃദ്ധമായ കശുമാവിൻ തോപ്പുകളും കാർഷിക മേഖലയ്ക്ക് ഒരു മുതൽക്കൂട്ടായി നിലകൊണ്ടിരുന്നു. ഗ്രാമത്തിന്റെ മൂന്നിലൊന്നോളം ഭാഗം നെൽപ്പാടങ്ങളായിരുന്നുവെന്നത് ഇന്നത്തെ തലമുറക്ക് അതിശയോക്തിയായി തോന്നാമെങ്കിലും സത്യമതാണ്

മുട്ടുകായൽ, വൻനെല്ലിൻപാടം, പാണ്ടിപ്പാടം, പുഞ്ചപ്പാടം, കാട്ടുപാടം മുതലായ പേരുകളിൽ നിലനിന്നിരുന്ന പാടശേഖരങ്ങളിൽ വട്ടൻ, കൊടിയൻ, ചിറ്റ്യാനി, ചീര, പൊക്കാളി, പാണ്ടി എന്നീ നാടൻ ഇനം നെൽവിത്തുകളായിരുന്നു കുഷി ചെയ്തിരുന്നത്. ഇവയിൽത്തന്നെ പാണ്ടി ഇനം നെൽവിത്തുകൾ ഉപ്പുരസം കലർന്ന മണ്ണിൽപോലും കൃഷിചെയ്യാൻ അനുയോജ്യമായിരുന്നു. ഭക്ഷ്യസ്വയം പര്യാപ്തതയെ ലക്ഷ്യംവെച്ചുകൊണ്ട് പരീക്ഷണശാലകളിൽ വികസിപ്പിച്ചെടുത്ത അത്യുൽപ്പാദനശേഷിയുള്ള സങ്കരഇനം നെൽവിത്തുകളുടെ രംഗപ്രവേശനത്തോടെ ഉൽപ്പാദനക്ഷമത താരതമ്യേന കുറവായിരുന്നെങ്കിലും കൂടുതൽ രുചിയും പോഷകസമൃദ്ധവും നമ്മുടെ ഭൂപ്രകൃതിക്ക് അനുയോജ്യവുമായിരുന്ന മേൽപറഞ്ഞ വിത്തിനങ്ങൾ അപ്രത്യക്ഷമാവുകയാണുണ്ടായത്. വർദ്ധിച്ച തോതിലുള്ള രാസവള - കീടനാശിനി പ്രയോഗങ്ങളിലൂടെയല്ലാതെ സങ്കരയിനം വിത്തികളുപയോഗിച്ചുള്ള നെൽകൃഷി നിലനനർത്തികൊണ്ടുപോകാൻ സാദ്ധ്യമല്ലെന്ന് മാത്രമല്ല, ഉൽപ്പാദനചിലവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ കൃഷിരീതി ഒട്ടും ലാഭകരമല്ല എന്നും വന്നതോടെ പരമ്പരാഗത കൃഷിക്കാർ ഈ മേഖലയെ കയ്യൊഴിയാൻ നിർബന്ധിതരായി. കാർഷികമേഖലയിൽ വേണ്ടത്ര മുൻപരിചയമോ അനുഭവസമ്പത്തോ ഇല്ലാതിരുന്ന നവാഗത കൃഷിക്കാരാകട്ടെ പൂർണ്ണമായും ആശ്രയിച്ചത് കർഷകതൊഴിലാളികളെയായിരുന്നു.

കേരളത്തിന്റെ സാമൂഹ്യ ഘടനയിൽ വിപ്ലവകരമായ മാറ്റത്തിന് നാന്ദികുറിച്ച ചരിത്രപ്രസിദ്ധമായ ഭൂപരിഷ്കരണ നിയമത്തിന്റേയും ഈ നൂറ്റാണ്ടിന്റെ തുടക്കം മുതൽക്കേ സജീവമായിരുന്ന സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെയും ഫലമായി എഴുപതുകളുടെ ആദ്യഘട്ടത്തിൽത്തന്നെ ത്വരിതഗതിപ്രാപിച്ച ഉയർന്നജീവിത നിലവാരം കാർഷികവൃത്തിയെ താരതമ്യേന അനാകർഷകമാക്കുകയാണുണ്ടായത്. ജനസാന്ദ്രതയിലുണ്ടായ വർദ്ധനവും കൂട്ടുകുടുംബ സമ്പ്രദായത്തിൽനിന്നുള്ള വ്യതിയാനവും ഗൾഫ് പണത്തിന്റെ സ്വാധീനവും നെൽപ്പാടങ്ങൾ നികത്തി പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിലേക്കാണ് നമ്മെ നയിച്ചത്. നെൽകൃഷി രം

ഗത്തുണ്ടായതുപോലുള്ള വൻതകർച്ച തെങ്ങുകൃഷി മേഖലയിൽ ഇതുവരെ അനുഭവപ്പെട്ടിട്ടില്ല എന്നത. ആശ്വാസകരമാണ്. ദീർഘകാലവിളയാണെന്നതും നിരന്തര പരിചരണത്തിൻെറ ആവശ്യമില്ലെന്നതും തെങ്ങുകൃഷി നിലനിർത്തിപ്പോരാൻ കർഷകരെ പ്രേരിപ്പിച്ച ഘടകങ്ങളാണ്. സമീപകാലങ്ങളിലായി പ്രബലമായിക്കൊണ്ടിരിക്കുന്ന മറ്റുനാണ്യവിളകളോടുള്ള ആകർഷണീയതയും നമ്മുടെ ഭക്ഷണത്തിലെ മുഖ്യഘടകമായ നാളികേരത്തെ സംബന്ധിച്ച് വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന തെറ്റിദ്ധാരണകളും നാളികേരവിലയിലുള്ള അസ്ഥിരതയും ഈ മേഖലയേയും തകിടം മറിച്ചുകൂടെന്നില്ല.

സാമ്പത്തിക മേഖലയിലുണ്ടായ അഭൂതപൂർവ്വമായ വളർച്ചയുടെഫലമായി ശക്തിപ്രാപിച്ച ഉപഭോഗ സംസ്ക്കാരം ഈ ഗ്രാമവാസികളുടെ ഭക്ഷ്യസ്വയംപര്യാപ്തതയിൽ ഗണ്യമായ പങ്കുവഹിച്ചിരുന്ന ഇടവിളകൃഷികളേയും കയ്യൊഴിയുന്നതിന് പ്രേരിപ്പിച്ചു.

## പ്രശ്നങ്ങളും പരിഹാരങ്ങളും

| പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|
| 1. ജല നിർഗ്ഗമനമാർഗ്ഗങ്ങൾ തടസ്സപ്പെട്ടതും നെൽപ്പാടങ്ങൾ നികത്തിയതും മൂലമുണ്ടായ നീർക്കെട്ടുകൾ | 1. നീർക്കെട്ട് ഒഴിവാക്കുന്നതിന് പര്യാപ്തമയ രീതിയിൽ തോടുകൾ നിർമ്മിക്കുക |
| 2. നാളികേരത്തിൻെറ വിലയിടിവ് | 2. പഞ്ചായത്ത് തലത്തിൽ സഹകരണ മേഖലയിൽ ഒരു കേന്ദ്രീകൃത നാളികേര സംഭരവിപണനകേന്ദ്രം സ്ഥാപിക്കുക. ആരോഗ്യദായകമായ ഇളനീർമുഖ്യശീതളപാനീയമായി പ്രചരിപ്പിക്കുക |
| 3. വളങ്ങളുടെയും കീടനാശിനികളുടെയും ക്രമാതീതമായ വിലവർദ്ധന | 3. പ്രദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ജൈവവളങ്ങൾ നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. ജൈവ വൈജാത്യ ജൈവ കീടനാശിനിപ്രയോഗം എന്നിവ പ്രോൽസാഹിപ്പിക്കുക. |
| 4. നല്ല ഇനം നടീൽ വസ്തുക്കൾ യഥാസമയം കിട്ടുന്നില്ല | 4. കൃഷിഭവൻെറ മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിൽ മേൽത്തരം നടീൽ വസ്തുക്കളുടെ നേഴ്സറി ആരംഭിക്കുക |
| 5. ഫലപ്രദമായി മണ്ണുപരിശോധന നടത്തി അനുയോജ്യമായ വളങ്ങൾ പ്രയോഗിക്കുന്നതിനുള്ള സംവിധാനങ്ങളില്ല | 5. പഞ്ചായത്ത് തലത്തിൽ വർഷംതോറും മണ്ണുപരിശോധ നടത്താനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക |

16

6. കൃഷിഭവനിൽനിന്നും ആവശ്യമായ സഹായങ്ങൾ ലഭിക്കുന്നില്ല

6. കൃഷിഭവൻ ഉദ്യോഗസ്ഥർ കൃഷിയിടങ്ങൾ നേരിട്ട് സന്ദർശിച്ച് ശാസ്ത്രീയകൃഷിരീതികളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക

7. കാർഷികരംഗത്ത് നടക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് കേന്ദ്രീകൃത മോണിറ്ററിങ്ങിൻെറ അഭാവം

7. വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലുമുണ്ടായിരുന്ന കൃഷിവികസനസമിതികൾ പുനസ്ഥാപിക്കുക

8. കർഷകതൊഴിലാളികളുടെ എണ്ണത്തിലുള്ള കുറവ്

8. കൃഷിതൊഴിൽ അന്തസ്സുറ്റതാണെന്ന യാഥാർത്ഥ്യം വ്യാപകമായി പ്രചരിപ്പിക്കുക

9. ചെറുകിട കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ ലഭിക്കുന്നില്ല

9. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥാപനങ്ങളിൽനിന്ന് ലളിതമായ വ്യവസ്ഥയിൽ വായ്പാസൗകര്യം ഏർപ്പെടുത്തുക

10. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലുമുള്ള കൃഷിസ്ഥലങ്ങളിൽ പുളിവെള്ളം കയറി കൃഷിക്ക് നാശം സംഭവിക്കുന്നു

10. ചീർപ്പുകൾ സ്ഥാപിച്ച് പുളിവെള്ളം കയറുന്നത് തടയുക

11. കൃഷിക്ക് ആവശ്യമായത്ര ജലസേചന സൗകര്യങ്ങൾ പല ഭാഗത്തും ലഭ്യമല്ല

11. നിലവിലുള്ള കുളങ്ങളും തോടുകളും ആഴംകൂട്ടുകയും അനുയോജ്യമായ സ്ഥലങ്ങളിൽ തടയിണകൾ നിർമ്മിക്കുകയും ചെയ്യുക

12. ഉയർന്ന നീർവാഴ്ച

12. ചളി, ചെങ്കൽമണ്ണ് എന്നിവയുടെ പ്രയോഗത്തിലൂടെ നീർവാഴ്ച നിയന്ത്രിക്കുക

### ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ

(1) നീലിങ്കരതോട് ആഴവും വീതിയുംകൂട്ടിനീരൊഴുക്ക് പടിഞ്ഞാറോട്ട് തിരിച്ചുവിടുക.(2) ഉപ്പുവെള്ളം കയറാതിരിക്കാൻ ചീർപ്പ് നിർമ്മിക്കുക. (3)വാർഡിലെ N.H. 17 ൻെറ പടിഞ്ഞാറെ ഓരം ചേർന്നുള്ള 1-ാം വാർഡിലെ പാടം നികത്തിയതിനാൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നുണ്ട്. അവിടെ നിന്നും നീലിങ്കരതോട്ടിലേക്ക് ചാലുകീറി വെള്ളം ഒഴിഞ്ഞുപോകാൻ അനുവദിക്കുക. (4)കരീപ്പാടം നിലങ്ങളിലൂടെയുണ്ടായിരുന്ന തോട് പുനർ നിർമ്മിക്കണം.

(5)വാർഡിലെ സർക്കാർ തോട് ആഴവും വീതിയും കൂട്ടി വെള്ളം പടിഞ്ഞാട്ട് തിരിച്ചുവിടുക.(6) ഏത്തായ് പടിഞ്ഞാറ് ഭാഗത്ത് കെട്ടിനിൽക്കുന്ന വെള്ളം "കല്ലോവ്" വഴി കിഴക്കുഭാഗത്തേക്ക് ഒഴുക്കിവിടുക. (7)പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡിൻെറ പടിഞ്ഞാറു ഭാഗത്തുള്ള തോടുകൾ ജലഗതാഗതത്തിന് സൗകര്യമാക്കുകയും ഉപ്പുവെള്ളം കയറാതിരിക്കാൻ ചീർപ്പു നിർമ്മിക്കുകയും ചെയ്യുക.

(8) അഞ്ചാംകല്ല് പടിഞ്ഞാറുവശത്ത് നിന്ന് തെക്കോട്ട് പോകുന്ന തോട് വീതിയും ആഴവും കൂട്ടി രണ്ടാം വാർഡിലെ സർക്കാർ തോട്ടിൽ കൂട്ടിചേർക്കുക. (9) 3-ാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ കെട്ടിനിൽക്കാറുള്ള വെള്ളം മേൽപ്പറഞ്ഞ തോട്ടിലേക്ക് ഒഴുക്കിവിടുക.

(10)അഞ്ചാംകല്ല് പടിഞ്ഞാറ് വശത്തുനിന്ന് കാട്ടുകുളത്തിലേക്കുള്ള തോട് ആഴവും വീതിയും കൂട്ടുക.(11) കാട്ടുകുളത്തിൽനിന്ന് വടക്കുപടിഞ്ഞാറോട്ട് പോകുന്ന തോട് കാക്കനാട് ക്ഷേത്രത്തിൻെറ തെക്കുവശത്തുകൂടെ പുത്തൻതോടുവഴി പടിഞ്ഞാറോട്ട് പുഴയിൽ ചേർക്കുക.(12) പരന്തൻതോടിനും ചിപ്പിമാടിനുമിടക്കുള്ള തോട്ടിൽ ഉപ്പുകയറുന്നത് തടയാൻ ചീർപ്പ് നിർമ്മിക്കുക. (13)കാട്ടുപാടം തോടിൻെറ സൈഡുകൾ കെട്ടി മണ്ണൊലിപ്പ് തടയണം.(14) കോട്ട മേഖലയിലെ തോടുകൾ ആഴം കൂട്ടുകയും പുളിവെള്ളം കയറുന്നത് തടയുകയും വേണം.(15) കാട്ടുകുളത്തിന് ആഴം കൂട്ടി സമീപപ്രദേശങ്ങളിലേക്ക് ജലസേചന സൗകര്യം വ്യാപിപ്പിക്കുക. (16)4-ാം വാർഡിലെ നിലവിലുള്ള ചീർപ്പ് പുനർനിർമ്മിക്കുക.
(17)നാലാം വാർഡിൽ നിലവിലുള്ള ചീർപ്പുമായി ബന്ധപ്പെട്ടുകിടക്കുന്ന 5-ാം വാർഡിലെ തോടുകൾ ആഴവും വീതിയും കൂട്ടണം.

(18) പാണ്ടിപ്പാടം തോട് ചീർപ്പിൻെറ കേടുപാടുകൾ തീർത്ത് ഉപ്പുവെള്ളം കയറുന്നതു തടയുക. (19)പാണ്ടിപ്പാടത്തുനിന്നും തെക്കോട്ട് പുഞ്ചപ്പാടം മേഖലയിലേക്ക് 8, 9, 10 വാർഡുകളിലൂടെ കടന്നുപോകുന്ന തോട് ചേലോടിലേക്ക് ബന്ധിപ്പിക്കണം. (20) പഞ്ചായത്തിൻെറ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെയുള്ള ഈ തോട് ആഴം കൂട്ടി സംരക്ഷിച്ചു നീർകെട്ടു തടയുക. (21) വഞ്ചിഗതാഗതം സാദ്ധ്യമാക്കും വിധം ഉയരമുള്ള പാണ്ടിപ്പാടം തോടിനു കുറുകെ നിർമ്മിക്കുക.(22) കിഴക്കേ വലിയകുളം തോട്, കാക്കമാട് തോട്, കിഴക്കേ കാപ്പ് തോട്, പടിഞ്ഞാറേ കാപ്പ് തോട് എന്നിവ സംരക്ഷിക്കുക

(23)കിഴക്കേ വയലിക്കളം തോട് എട്ടാം വാർഡിലേക്ക് നീട്ടി ആഴവും വീതിയും കൂട്ടി വെള്ളം ഒഴിഞ്ഞുപോകുന്നതിന് സൗകര്യപ്പെടുത്തണം.(24) പനയംകുളങ്ങര തെക്കുഭാഗത്തുനിന്നും റോഡിൻെറ സൈഡിലൂടെ പോകുന്ന തോട് പനയംകുളങ്ങര - പള്ളിക്കടവ് റോഡിന് സമാന്തരമായി 9, 10 വാർഡുകളിലൂടെ ചേലോടുമായി ബന്ധിപ്പിക്കുകയും ആഴവും വീതിയും കൂട്ടി സംരക്ഷിക്കുകയും വേണം. (25)പനയംകുളങ്ങര പടിഞ്ഞാറെ പാടത്തുനിന്നും വരുന്ന വെള്ളം പാണ്ടിപ്പാടം ചീർപ്പുമായി ബന്ധിപ്പിച്ച് ഈ പ്രദേശത്തെ വെള്ളക്കെട്ടിന് പരിഹാരം കാണുക.

(26) 8-ാം വാർഡിലെ ഒരു പ്രധാന ജലനിർഗ്ഗമന മാർഗ്ഗമായ പുഞ്ചപ്പാടം തോടിനെ ചേലോടുമായി ബന്ധിപ്പിക്കണം. (27) ശ്രീനാരായണ യു.പി. സ്ക്കൂളിന് പടിഞ്ഞാറ് വശത്തുകൂടെ വരുന്നവെള്ളം സ്ക്കൂളിൻെറ തെക്കുഭാഗത്തുള്ള തോട്ടിലൂടെ കിഴക്കോട്ടുതിരിച്ച് പനയംകുളങ്ങര ഭാഗത്തുനിന്നുമുള്ള തോട്ടിലൂടെ ചേലോട്ടിലേക്ക് തിരിച്ചുവിടുക.

(28)കണ്ണൻതോട് വഴി മണപ്പാട് ചീർപ്പിലേക്ക് വെള്ളം ഒഴിഞ്ഞുപോകാനുള്ള സംവിധാനമുണ്ടാക്കണം. (29)പനയംകുളങ്ങര പള്ളിക്കടവ് റോഡിൻെറ സൈഡിലൂടെ കാനവഴി വരുന്ന വെള്ളം ഒമ്പതാം വാർഡിലെ കിഴക്കേപാടം വഴികണ്ണൻ തോട്ടിലേക്ക് തിരിച്ചുവിടണം. (30) 9-ാംവാർഡിലെ പുഞ്ചപ്പാടം തോട് വീതികൂട്ടി ചേലോടുമായി ബന്ധിപ്പിക്കണം. കല്ലോവ് തോടിൻെറ ആഴവും വീതിയും കൂട്ടി പുഞ്ചപ്പാടത്തുനിന്നും ചേലോട്ടിലേക്കുള്ള തോടുമായി ബന്ധിപ്പിക്കണം.

(32) താഴ്ന്ന പുഴയോര പ്രനേശമായ 10-ാം വാർഡിൻെറ തെക്ക് കിഴക്ക് ഭാഗത്ത് നവംമ്പർ,ഡിസംബർ ജനുവരി മാസങ്ങളിൽ ഉണ്ടാകുന്ന പുളിവെള്ളക്കയറ്റം റിംഗ് ബണ്ട് നിർമ്മിച്ച് തടയുക.(33) 10-ാം വാർഡിലെ കണ്ണൻതോട് ആഴവും വീതിയും കൂട്ടണം. (34)പുഞ്ചപ്പാടം തോടിൻെറ ആഴവും വീതിയും കൂട്ടണം.

17

വീടൊന്നിന് ഒരു പച്ചക്കറിത്തോട്ടമെന്ന മുദ്രാവാക്യവുമായി, പഞ്ചായത്ത്, കൃഷിഭവൻ, കൃഷിവികസന സമിതികൾ, കർഷക സഹകരണ ബാങ്ക്, ദേശസാൽകൃത ബാങ്കുകൾ, സാമ്പത്തിക സ്ഥാപനങ്ങൾ, സന്നദ്ധ സാംസ്ക്കാരിക യുവജന സംഘടനകൾ, മറ്റു ജനവിഭാഗങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ സൗജന്യമായി വിത്തും വളവും നൽകികൊണ്ട് ഒരുപാക്കേജ് പദ്ധതി നടപ്പിലാക്കാവുന്നതാണ്. പദ്ധതിയിടെ വിജയത്തെക്കുറിച്ച് നിരന്തരമായ വിലയിരുത്തൽ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും ചെയ്താൽ പൂർണ്ണവിജയം ഉറപ്പാണ്. ഒരു വൃക്ഷച്ചുവട്ടിൽ ഒരു കുരുമുളകുകൊടിയെങ്കിലും നടുന്നതിനുള്ള ഒരു സമഗ്ര പദ്ധതിയും മേൽപ്പറഞ്ഞ രീതിയിൽ ആവിഷ്ക്കരിച്ചു

## കാർഷികരംഗത്തെ സാദ്ധ്യതകൾ

| സാദ്ധ്യതകൾ | അനുകൂല ഘടകങ്ങൾ |
|---|---|
| 1. വാർഡ് തല കർഷകവികസനസമിതികളുടെ മേൽനോട്ടത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഒരു സമഗ്ര പച്ചക്കറി വികസനപദ്ധതി | |
| 2. വാഴ, മരച്ചീനി, ചേമ്പ് ചേന ഇഞ്ചി, കുരുമുളക്, ഔഷധസസ്യങ്ങൾ മുതലായവയുടെവ്യാപനം | ഭൂപ്രകൃതി, കാലാവസ്ഥ, വ്യാപകമായ തെങ്ങിൻ തോപ്പുകൾ, തരിശുഭൂമി, മനുഷ്യ വിഭവശേഷി |
| 3. കാർഷിക അനുബന്ധ വ്യവസായങ്ങശ | വ്യാപകമായ തെങ്ങുകൃഷി , മനുഷ്യ വിഭവശേഷി, ഗതാഗതസൗകര്യങ്ങൾ (N.H. 17), സന്നദ്ധസാംസ്ക്കാരികയുവജനസംഘടനകൾ |
| 4. പൂകൃഷി | തൊഴിലില്ലായ്മ, വിദേശവിപണന സാദ്ധ്യത |

നടപ്പിലാക്കാവുന്നതാണ്. വീടൊന്നിന് രണ്ട് ചവറ്റുവീപ്പ (കോൺക്രീറ്റ് റിങ്ങ്) വിതരണം ചെയ്തുകൊണ്ട് വീടുകളിൽനിന്നും പുറത്തുകളയുന്ന ജൈവാവശിഷ്ടങ്ങളും, മാലിന്യങ്ങളും, മറ്റു ചപ്പുചവറുകളും ശേഖരിച്ച് ജൈവവളമാക്കി മാറ്റി കൃഷിയാവശ്യങ്ങൾക്ക്. ഉപയോഗിക്കാവുന്നതാണ്. സബ്സിഡി നൽകികൊണ്ട് ഔഷധസസ്യങ്ങളും മറ്റു ഇടവിള കൃഷികളും തെങ്ങിൻ തോപ്പുകളിൽ വ്യാപകമാക്കാവുന്നതാണ്. ആധുനിക യന്ത്ര സാമഗ്രികളുപയോഗിച്ച് കാർഷികാനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാ

മ്പത്തിക സഹായവും സാങ്കേതിക പരിശീലനവും നൽകാൻ കഴിയുന്ന പക്ഷം തൊഴിൽരഹിതരായ ചെറുപ്പക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്.

പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

1. പച്ചക്കറി സ്വയം പര്യാപ്തത
2. ജൈവവള ലഭ്യത
3. പരിസരശുചിത്വവും തന്മൂലമുള്ള ആരോഗ്യപരിരക്ഷയും
4. ചെറുകിട വ്യാവസായങ്ങളുടെ വളർച്ച
5. ആരോഗ്യപരമായ സാമൂഹികബന്ധങ്ങൾ
6. രൂക്ഷമായ തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം
7. സാമ്പത്തികാഭിവൃദ്ധി
8. വിദേശനാണ്യ ശേഖരവളർച്ച

## ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ 95-96

| ക്രമ നമ്പർ | തോടിൻെറ പേര് | ആകെ നീളം മീറ്റർ | ശരാശരിവീതി (മീ) | സംരക്ഷിക്കപ്പെട്ട തോടിൻെറ നീളം | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1. | നീലിങ്കര തോട് | 1200 | 1.0 | 1200 | 3321.00 |
| 2. | സർക്കാർ തോട് | 800 | 1.2 | 800 | 2913.00 |
| 3. | തിരുമംഗലം തോട് | 700 | 1.0 | 700 | 1124.00 |
| 4. | ഏത്തായ് കാട്ടുകുളംതോട് | 850 | 1.3 | 850 | 2886.00 |
| 5. | കാട്ടുപാടം കോട്ടതോട് | 900 | 1.5 | 900 | 2923.00 |
| 6. | കാട്ടുപാടം തോട് | 800 | 1.3 | 800 | 2944.00 |



18

## നടീൽ വസ്തുവിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 100 | 170 | 350 |
| കുരുമുളക് | -- | 100 | 450 |
| കവുങ്ങ് | -- | 200 | 300 |

## കൈവശ ഭൂമി വിസ്തീർണ്ണം

| നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|
| 4085 | 158 | 56 |

## ജലസേചന സംവിധാനങ്ങൾ

| കിണർ | കുഴൽകിണർ | കുളം | മറ്റുള്ളവ |
|---|---|---|---|
| 1195 | 624 | 185 | ഇല്ല |

## രാസവള കീടനാശിനി വിപണനം

| ക്രമ | സ്ഥാപനത്തിൻെറ പേര് | 1993 - 94 | | 1994 - 95 | | 1995 - 96 | |
|---|---|---|---|---|---|---|---|
| | | രാസ വളം Rs | കീട നാശിനി | രാസ വളം Rs | കീട നാശിനി | രാസ വളം Rs | കീട നാ ശി നി |
| 1. | സഹകരണം<br>ഏങ്ങണ്ടിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്<br><br>സ്വകാര്യം<br>ഇല്ല | 96,900.00 | -- | 98,800.00 | -- | 1,12,800.00 | -- |

## വിള വിസ്തീർണ്ണ വിവരം

| വിള | വിസ്തീർണ്ണം ഹെക്ടർ |
|---|---|
| നെല്ല് (ഒന്നാം വിള) | 2 |
| പയർ | 10 |
| പച്ചക്കറികൾ | 10 |
| തെങ്ങ് | 1015 |
| വാഴ | 2 |
| മരച്ചീനി | 2 |
| കുരുമുളക് | 5 |
| പ്ലാവ് | 1 |
| മാവ് | 2 |
| കശുമാവ് | 4 |
| കവുങ്ങ് | 1 |

19

# മൃഗസംരക്ഷണം

വർത്തമാനകാല കാലിവളർത്തൽ സങ്കൽപ്പത്തിൽ നിന്നും തുലോം വ്യത്യസ്ഥമായ ഒരു ചിത്രമാണ് നമ്മുടെ ഗ്രാമത്തിലെ കാലി വളർത്തലിൻെറ ചരിത്രം പരിശോധിക്കുമ്പോൾ ലഭിക്കുന്നത്. കാർഷിക മേഖലയിൽ പ്രത്യേകിച്ചും നെൽകൃഷി മേഖലയുടെ ഒരു അനുബന്ധമായിട്ടായിരുന്നു കാലി വർത്തലിനെ അന്നത്തെ ജനങ്ങൾ കണ്ടിരുന്നത്. സമൃദ്ധമായി ലഭിച്ചിരുന്ന പുല്ലും, വൈക്കോലും ഉപയോഗപ്പെടുത്തി ഗതാഗതാവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കും കാലികളെ വളർത്തുന്നത് ലാഭകരമാണ് എന്ന് അന്നത്തെ കർഷകർ മനസ്സിലാക്കയിരുന്നു. പാരിസ്ഥിതിക സന്തുലിതാവസ്ഥ കാത്തു സൂക്ഷിക്കുന്നതിൽ കന്നുകാലികൾക്കുള്ള പങ്കിനെക്കുറിച്ച് അന്നത്തെ കർഷകർ ബോധവാന്മാരായിരുന്നുവെന്നതും കാലി വളർത്തലിന് ഒരു ഉൾപ്രേരകമായി ഭവിച്ചിരിക്കാം. കാർഷികാവശ്യങ്ങൾക്കു വേണ്ടിയിരുന്നില്ലെങ്കിലും സസ്യ ശ്യാമളമായിരുന്ന നമ്മുടെ ഗ്രാമത്തിൽ ആടു വളർത്തലും വ്യാപകമായുണ്ടായിരുന്നു.

വളർത്തു പക്ഷികളായി അക്കാലത്തും മുഖ്യമായി നിലനിന്നിരുന്നത് കോഴി തന്നെയായിരുന്നു. അപൂർവ്വം ചിലരെങ്കിലും നാമമാത്രമായി താറാവിനേയും വളർത്തിയിരുന്നു. സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നതിലുപരി ഒരു വാണിജ്യപരമായ കാഴ്ചപ്പാട് കോഴി വളർത്തലിന് അന്നുണ്ടായിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

നെൽകൃഷിയുടെ തകർച്ചയെ തുടർന്ന് നെൽപ്പാടങ്ങൾ വ്യാപകമായി നികത്തപ്പെട്ടതോടെ വൈക്കോലിൻേറയും പുല്ലിൻേറയും ലഭ്യതയിലുണ്ടായ വൻ കുറവ് മൂലം ഒരു ഘട്ടത്തിൽ മന്ദീഭവിച്ച കാലി വളർത്തൽ, ധവള വിപ്ലവത്തിൻെറ ഭാഗമായി, വിവിധ ഏജൻസികളിലൂടെ സർക്കാർ നൽകി വരുന്ന ധനസഹായത്തിൻേറയും ബോധവൽക്കരണത്തിൻേറയും ഫലമായി ഏറെക്കുറെ സജീവമായി തീർന്നിട്ടുണ്ട്. ആദായകരമായ ഒരു തൊഴിലുപാധി എന്ന നിലയിലേക്ക് മാറിക്കഴിഞ്ഞ കാലിവളർത്തൽ മേഖലയിലെ കൃഷിക്കാർ രൂക്ഷമായ പല പ്രതിസന്ധികളേയും ഇന്ന് നേരിട്ടു കൊണ്ടിരിക്കുകയാണ്. ദുർബല വിഭാഗക്കാരായ ധാരാളം കുടുംബങ്ങൾ കാലിവളർത്തലിനെ ഒരു പ്രധാന വരുമാനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതുകൊണ്ട് ഈ രംഗത്തെ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഗണന നൽകേണ്ടതുണ്ട്.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. പുല്ല്, വൈക്കോൽ, മറ്റു കാലിത്തീറ്റകൾ എന്നിവയുടെ ദൗർലഭ്യവും വിലവർദ്ധനവും | 1. തീറ്റപ്പുല്ല് കൃഷി വ്യാപകമാക്കുക. കൊപ്ര പിണ്ണാക്കും മത്സ്യവും ഉപയോഗിച്ചു കൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക. |
| 2. ഉൽപാദിപ്പിക്കപ്പെടുന്ന പാൽ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ടുകൾ | 2. വാർഡ് തോറും ക്ഷീര സംഭരണ – വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക. |
| 3. ക്ഷീരോൽപാദകർക്ക് ന്യായമായ വില ലഭിക്കുന്നില്ല | 3. പാലുൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക |

4. സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതിനുള്ള കാല താമസവും നടപടിക്രമങ്ങളും സങ്കീർണ്ണതയും

4. ഉദാരമായ വ്യവസ്ഥയിൽ വായ്പകൾ കാലതാമസം കൂടാതെഅനുവദിക്കുക

5.. വ്യാപകമായി കണ്ടു വരുന്ന, അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗങ്ങൾ, പനി മുതലായവ

5. സമഗ്ര ആരോഗ്യ പരിപാലന പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കുക

6. ചികിത്സാ സൗകര്യങ്ങളുടെ കുറവ്

6. നിലവിലുള്ള മൃഗാസ്പത്രിയുടെ സേവനം ഇരുപത്തി നാലു മണിക്കൂറും ലഭ്യമാക്കുക. രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന ക്രമത്തിൽ സബ്ബ് സെൻററുകൾ ആരംഭിക്കുക.

### സാദ്ധ്യതകൾ

സാദ്ധ്യതകൾ

1. കോഴി വളർത്തൽ
2.. മുയൽ വളർത്തൽ
3. പന്നി വളർത്തൽ
4. ആട് വളർത്തൽ
5. കാട വളർത്തൽ

അനുകൂല ഘടകങ്ങൾ

ഉയർന്ന ആഭ്യന്തര ഡിമാൻറ്
തൊഴിലില്ലായ്മ
എല്ലാവർക്കും സ്വന്തമായ ഭൂമി

## മത്സ്യ ബന്ധനം

കിഴക്കു വടക്കു ഭാഗങ്ങൾ പുഴയാലും പടിഞ്ഞാറു ഭാഗം സമുദ്രത്താലും ചുറ്റപ്പെട്ടു കിടക്കുന്ന നമ്മുടെ ഗ്രാമത്തിൻെറ ഭൂപ്രകൃതി, പ്രകൃതിദത്തമായ മത്സ്യ സമ്പത്തിനെ നമ്മുടെ സമ്പത് ഘടനയുടെ ഒരു മുഖ്യഘടകമാക്കി മാറ്റിയതിൽ വഹിച്ച പങ്ക് ചെറുതായിരുന്നില്ല. തീരദേശനിവാസികളിൽ നല്ലൊരു വിഭാഗം സമീപകാലം വരെ ഉപജീവനത്തിന് മുഖ്യമായും ആശ്രയിച്ചിരുന്നത് ഈ മേഖലയെയാണ്. എന്നാൽ, ജീവിതോപാധിക്ക് പുതിയ മേഖലകൾ തുറന്നു കിട്ടുകയും മത്സ്യസമ്പത്ത് ഗണ്യമായി കുറയുകയും ചെയ്തതോടെ കടൽ മത്സ്യബന്ധനമേഖലയുടെ തകർച്ച ഏറെക്കുറെ പൂർണ്ണമായി. ചേറ്റുവ അഴിമുഖവും അതിൻെറ സവിശേഷ ഘടനയുമാണ് കായൽ മത്സ്യബന്ധനത്തെ തകരാതെ സൂക്ഷിക്കുന്നത്. ഉൾനാടൻ ജലാശയങ്ങൾ ധാരാളമായി നിലവിലുളള ന്നുണ്ടെന്നത് മത്സ്യബന്ധന സാദ്ധ്യതകളുടെ വ്യാപ്തിയെയാണ് സൂചിപ്പിക്കുന്നത്

മത്സ്യബന്ധന മേഖലയുടെ വികസനത്തിൻെറ ഭാഗമായി ബംഗ്ലാവ് കടവിൽ ഒരു ഫിഷ് ലാൻറിങ്ങ് സെൻറർ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും അതിൻെറ സേവനം പൂർണ്ണ തോതിൽ പ്രയോജനപ്പെട്ടു തുടങ്ങിയിട്ടില്ല. അഴിമുഖത്തുള്ള മണൽ തിട്ടകളാണ് ഇതിന് മുഖ്യമായും വിഘാതം സൃഷ്ടിക്കുന്നത്. മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന ധാരാളം സ്ത്രീ തൊഴിലാളികൾ നമ്മുടെ ഗ്രാമത്തിലുണ്ട്. വിദൂര വിപണികളെ ആശ്രയിക്കുന്ന ഇവർക്ക് വിപണികളിൽ മത്സ്യം എത്തിക്കുന്നതിന് ഏറെ ക്ലേശങ്ങൾ അനുഭവിക്കാൻ നിർബന്ധിതരാവുന്നു. പരമ്പരാഗത മത്സ്യ ബന്ധന മാർഗ്ഗങ്ങൾ ഉപേക്ഷിച്ച് ആധുനിക യന്ത്രവൽകൃത സംവിധാനങ്ങളാണ് ഇന്ന് കടൽ മത്സ്യബന്ധനത്തിന് പരക്കെ ഉപയോഗിച്ചു വരുന്നത്.

20

# പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. യന്ത്രവൽകൃത വള്ളങ്ങൾ, വലകൾ, എന്നിവ വാങ്ങുന്നതിന് യഥാകാലങ്ങളിൽ സാമ്പത്തിക സഹായം ലഭിക്കുന്നില്ല | 1. പഞ്ചായത്ത് മുൻകൈയ്യെടുത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉദാരമായ വ്യവസ്ഥയിൽ സാമ്പത്തിക സഹായം ഇക്കൂട്ടർക്ക്ലഭ്യമാക്കുക. |
| 2. ന്യായമായ വില ലഭിക്കുന്നില്ല | 2. മത്സ്യസംഭരണ രംഗത്തുള്ള സ്വകാര്യ വ്യക്തികളുടെ കുത്തക അവസാനിപ്പിക്കുക. സംഭരണ-വിപണനത്തിനായി മത്സ്യതൊഴിലാളികളുടെ സഹകരണസംഘങ്ങൾ സ്ഥാപിക്കുക. |
| 3. ഇന്ധനത്തിൻെറ ലഭ്യതക്കുറവ് | 3. മണ്ണെണ്ണ, ഡീസൽ എന്നിവയുടെ വിതരണത്തിൽ നിലവിലുള്ള നിയന്ത്രണങ്ങൾ നീക്കുക. ഇവ മത്സ്യബന്ധനാവശ്യത്തിനായി മാത്രം ഇവ ഉപയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക. |
| 4. മത്സ്യ ലഭ്യതക്കുറവ് | 4. പ്രജനനകാലത്തെ മത്സ്യബന്ധനം പൂർണ്ണമായും നിയന്ത്രിക്കുക. |

| സാദ്ധ്യതകൾ | അനുകൂല ഘടകങ്ങൾ |
|---|---|
| 1. മത്സ്യബന്ധന വ്യാപനം | 1. ഫിഷ്ലാൻറിങ്ങ് സെൻറർ, തൊഴിലില്ലായ്മ |
| 2. സമുദ്രോത്പ്പന്ന കയറ്റുമതി യൂണിറ്റ് | 2. ഫിഷ് ലാൻറിങ്ങ് സെൻറർ, ഒരു തുറമുഖമായി മാറാനുള്ള അഴിമുഖത്തിൻെറ ഘടനാപരമായ വികസന സാദ്ധ്യത |
| 3. മത്സ്യവളം, മത്സ്യം ഉപയോഗിച്ചുള്ള കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ | 3. ഫിഷ് ലാൻറിങ്ങ് സെൻറർ, തൊഴിലില്ലായ്മ |
| 4. ശുദ്ധജല മത്സ്യം മുരിങ്ങ(കല്ലുമ്മക്കായ) തുടങ്ങിയവയുടെ കൃഷി | 4. ഉൾനാടൻ ജലാശയങ്ങൾ, കായൽ,കടൽ |


അവശ്യംവേണ്ട സുരക്ഷാസംവിധാനങ്ങളോടെ ചെറിയ യന്ത്രവൽകൃത വള്ളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള മത്സ്യബന്ധനത്തിനാവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ നിരവധി ചെറുപ്പക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്.

അഴിമുഖത്തെ മണൽ തിട്ടകൾ നീക്കം ചെയ്യുകയും ആഴം കൂട്ടുകയും ചെയ്താൽ വളരെയധികം മത്സ്യബന്ധന ബോട്ടുകളെ ഫിഷ് ലാൻറിങ്ങ് സെൻററിൽ എത്തിക്കാനും അതുവഴി ഫിഷ്ലാൻറിങ്ങ് സെൻററിൻെറ സേവനം പൂർണ്ണമായും പ്രയോജനപ്പെടുത്താനും കഴിയും. ഈ സാദ്ധ്യതകൾ ശരിയാംവണ്ണം പ്രയോജനപ്പെടുത്തുകയാണെങ്കിൽ ഇതൊരു ഫിഷിങ്ങ് ഹാർബറായി വികസസപ്പിച്ചെടുക്കാവുന്നതും അതിനോടനുബന്ധമായി ഒരു സമുദ്രോൽപ്പന്ന കയറ്റുമതി യൂണിറ്റും കാലി-കോഴിത്തീറ്റ, വളനിർമ്മാണം തുടങ്ങിയവയുടെ യൂണിറ്റുകളും ആരംഭിച്ചു കൊണ്ട് നമ്മുടെ സമ്പദ് ഘടനയെ ശക്തിപ്പെടുത്താനും വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ ഒരളവോളം നിയന്ത്രിക്കാനും കഴിയുമെന്നത് നിസ്തർക്കമാണ്. ഉൽനാടൻ ജലാശയങ്ങളിൽ ശുദ്ധജലമത്സവും, കായിലിലും, കടലിലും മുിങ്ങ(കല്ലുമ്മക്കായ) കൃഷിയും ചെയ്യുന്നതിനുള്ള സാമ്പത്തിക സാങ്കേതികവുമായ സഹായങ്ങൾ നൽക്കുകയാണെങ്കിൽ സാമ്പത്തിക മേഖിയിൽ ചുരുങ്ങിയ കാലം കൊണ്ടു തന്നെ വളരെയേറെ പുരോഗതികൈവരിക്കാനാകുമെന്നതിൽ സംശയിക്കേണ്ടതില്ല.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. മൃഗാസ്പത്രിയുടെ സബ്സെൻററുകൾ ആരംഭിക്കണം.
2. തൊഴുത്തുനിർമ്മിക്കാൻ ധനസഹായം നൽകണം.
3. മൽസ്യകുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ശുദ്ധജല മൽസ്യകൃഷിക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യണം.
4. അഴിമുഖത്തിന് സമീപം അടിഞ്ഞുകൂടുന്ന മണൽതിട്ടകൾ നീക്കം ചെയ്യണം.
5. മൃഗാസ്പത്രി കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ നടത്തുകയും ചുറ്റും മതിൽകെട്ടുകയും വേണം. ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കണം. അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കണം.
6. നാലാം വാർഡിൽ ഒരു മൽസ്യസംസ്ക്കരണശാല നിർമ്മിക്കണം.
7. ടിപ്പുസുൽത്താൻ കോട്ടയ്ക്ക് വടക്കുഭാഗത്തുള്ള ചതപ്പുനിലത്തിൽ ചെമ്മീൻകൃഷി നടത്താനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുക.
8. മൽസ്യബന്ധനോപകരണങ്ങൾ, മൽസ്യവിൽപനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുക.
9. മൃഗപരിപാലനത്തിൽ ആവശ്യമായ ബോധവലക്കരണ ക്ലാസ്സുകൾ നടത്തണം.
10. പുഴയോരങ്ങളിൽ ചീനവല കെട്ടാനുള്ള അനുമതി സർട്ടിഫിക്കറ്റ് യഥാർത്ഥ മൽസ്യത്തൊഴിലാളിക്ക് ലഭിക്കാനുള്ള സംവിധാനം പഞ്ചായത്തുവഴി നടപ്പിലാക്കുക.
11. മൽസ്യരോഗം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കണം.
12. കാലിത്തീറ്റ, പുല്ല്, വൈക്കോൽ എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കണം.
13. പാലിന് ന്യായവില ലഭ്യമാക്കണം.
14. ഡയറിഫാമുകൾ ആരംഭിക്കണം.
15. തേനീച്ച വളർത്തൽ പ്രോൽസാഹിപ്പിക്കണം.

21






പഞ്ചായത്ത് ഓഫീസ് -- പൊക്കുളുങ്ങര

# വിദ്യാഭ്യാസം

കഴിഞ്ഞ നൂറ്റാണ്ടിൻെറ അവസാനത്തോടെ ശക്തിപ്പെട്ടു വന്ന സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളും ദേശീയനവോത്ഥാന പ്രസ്ഥാനങ്ങളും സമൂഹത്തിൽ അങ്കുരിപ്പിച്ച വിദ്യാഭ്യാസ അഭിവാഞ്ച, ജനകീയ വിദ്യാഭ്യാസ തൽപ്പരരായ ധിഷണശാലികളുടെ ശ്രമഫലമായി, മൂർത്തീഭാവം കൊള്ളുകയും വ്യാപകമായി അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിതമാക്കുകയും ചെയ്തു. താൽപ്പര്യമുള്ള എല്ലാവർക്കും ഇത്തരം അനൗപചാരിക കേന്ദ്രങ്ങളിലൂടെ വിദ്യ അഭ്യസിക്കാൻ അവസരം ലഭിച്ചിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൻെറ വിദ്യാഭ്യാസ തൃഷ്ണ നിലനിർത്തുന്നതിലും, ഔപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിച്ച് ജനകീയ വിദ്യാഭ്യാസ പ്രക്രിയക്ക് പുതിയ മാനം നൽകുന്നതിലും, സർവ്വശ്രീ ഭ്രാതാ വേലുക്കുട്ടി മാസ്റ്റർ, ഇച്ചാക്കു മാസ്റ്റർ, വെട്ടിയാട്ടിൽ ചാത്തുക്കുട്ടി തുടങ്ങിയവർ വഹിച്ച പങ്ക് നിസ്തുലമാണ്. നമ്മുടെ ഗ്രാമത്തിൻെറ ഔപചാരിക വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത് 1895 ൽ ശ്രീ വടുക്കുംചേരി ശങ്കരക്കുട്ടി മാസ്റ്റർ സ്ഥാപിച്ച തിരുമംഗലം പ്രൈമറി സ്ക്കൂളിൻെറ പ്രവർത്തനത്തോടെയാണ്. ഇന്ന് പഞ്ചായത്തിൽ 2 ഹൈ സ്ക്കൂളുകളും 4യു.പി സ്ക്കൂളുകളും 4 എൽ. പി. സ്ക്കൂളുകളുമുണ്ട്.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. അദ്ധ്യയന നിലവാരത്തകർച്ച | 1. (a) നിലവിലുള്ള ക്ലാസ്സ് ഇൻസ്പെക്ഷൻ സമ്പ്രദായം ശാസ്ത്രീയമായി പരിഷ്ക്കരിക്കുകയും അദ്ധ്യാപകർ, രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സമിതികൾ അദ്ധ്യയന നിലവാരം കൂടെക്കൂടെ വിലയിരുത്തുകയും ചെയ്യുക. |
| 2. അദ്ധ്യാപക നിയമനത്തിലെ വാണിജ്യവൽക്കരണം | 2. നിയമനങ്ങൾ P.S.C. വഴിയാക്കുക |
| 3. സിലബസ്സിലെ അശാസ്ത്രീയത | 3. പ്രാദേശിക പരിഗണനകൾക്കും പ്രായോഗിക പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടും പഠനഭാരം കുറച്ചുകൊണ്ടും സിലബസ് നവീകരിക്കുക. |
| 4. സാമൂഹ്യ പ്രതിബദ്ധതയുടെ കുറവ് | 4. സാമൂഹ്യ പ്രതിബദ്ധതക്ക് പ്രാധാന്യം നൽകിക്കൊണ്ട് റിഫ്രഷർ കോഴ്സുകൾ നടത്തുക. |

| | |
|---|---|
| 5. കുട്ടികളുടെ വ്യക്തിത്വ വികാസത്തിൻെറ കുറവ് | 5. പാഠ്യേതര വിഷയങ്ങൾ പ്രോത്സാഹിപ്പിക്കുക |
| 6. ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത | 6. പഞ്ചായത്ത് തല വിദ്യാഭ്യാസ കോംപ്ലക്സ്. സ്ഥാപിച്ച് ജനകീയ സഹായത്തോടെ ഉചിതമായ നടപടികൾ കൈക്കൊള്ളുക |
| 7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യക്കുറവ് | 7. നിലവിലുള്ള രണ്ട് ഹൈസ്ക്കൂളുകളിലും തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക. |

രണ്ട് ടൈപ്പ് റൈറ്റിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും, ഒരു കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടും, ഒരു ഹിന്ദി പ്രചാര കേന്ദ്രവും മാത്രമാണ് ഔപചാരിക തൊഴിൽ പരിശീലന കേന്ദ്രങ്ങളായി ഇവിടെ പ്രവർത്തിച്ചു വരുന്നത്. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ കണക്കിലെടുത്ത് നിലവിലുള്ള രണ്ട് ഹൈസ്ക്കൂളുകളിലും തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൻെറ വിസ്തൃതിക്കും ജനസംഖ്യക്കും ആനുപാതികമായി അവശ്യം വേണ്ട വിദ്യാലയങ്ങൾ ഉണ്ടെങ്കിലും അവയുടെ സ്ഥിതി പൊതുവിൽ ആശ്വാസകരമല്ല. സമീപ ഭാവിയിൽത്തന്നെ ഇവയിൽ പലതും അടച്ചു പൂട്ടൽ ഭീഷണിയെ നേരിടേണ്ടി വന്നേക്കാം. ഗൾഫ് പണത്തിൻെറ സ്വാധീനം മൂലമുണ്ടായിട്ടുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള ആകർഷണീയതയും നമ്മുടെ സ്ക്കൂളുകളിലെ ഗുണനിലവാരത്തകർച്ചയുമാണ് വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വരുന്നതിനുള്ള മുഖ്യ കാരണം. വിദ്യാർത്ഥികളുടെ നിലവിലുള്ള പ്രമോഷൻ പോളിസി പുന:പരിശോധനക്കു വിധേയമാക്കേണ്ടതാണ്.

മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | | |
|---|---|---|
| അംഗൻ വാടികൾ | : | 19 |
| ടൈപ്പ്റൈറ്റിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് | : | 2 |
| കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് | : | 1 |
| പാരലൽ കോളേജ് | : | 1 |
| ട്യൂഷൻ സെൻറർ | : | 7 |
| നഴ്സറി സ്ക്കൂൾ | : | 5 |

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലകളും സന്നദ്ധ - സാമൂഹ്യ - സാംസ്ക്കാരിക - രാഷ്ട്രീയ സംഘടനകളും വഹിച്ചു കൊണ്ടിരിക്കുന്ന പങ്ക് ശ്ലാഘനീയമാണ്.

നിശ്ചിത സമയ പരിധിക്കുള്ളിൽത്തന്നെ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ നമുക്കു കഴിഞ്ഞുവെന്നത് ഈ ആധുനിക കാലഘട്ടത്തിലും ജനകീയ വിദ്യാഭ്യാസതൽപ്പരത ഇവിടെ സജീവമായി നിലനിൽക്കുന്നുവെന്നതിൻെറ പ്രത്യക്ഷ ഉദാഹരണമാണ്.

# സ്ക്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | വാർഡ് | സർക്കാർ/ എയ്ഡഡ് | സ്റ്റാൻഡേർഡുകൾ | ആകെ ഡിവിഷനുകൾ | ആകെ വിദ്യാർത്ഥികൾ | ആകെ Sc/St വിദ്യാർത്ഥികൾ | അദ്ധ്യാപകരുടെ എണ്ണം | മറ്റു ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| 1. | തിരുനാരായണ എൽ.പി.സ്ക്കൂൾ | I | എയ്ഡഡ് | I to V | 10 | 296 | 90 | 10 | ഇല്ല |
| 2. | സെൻറ് മേരീസ് എൽ.പി.സ്ക്കൂൾ | II | എയ്ഡഡ് | I to IV | 5 | 161 | 36 | 5 | ഇല്ല |
| 3. | ജി.എഫ്.യു.പി.സ്ക്കൂൾ, കോട്ടപ്പുറം | III | സർക്കാർ | I to VII | 8 | 224 | 43 | 9 | 1 |
| 4. | ജി.എം.യു.പി.സക്കൂൾ., ചേറ്റുവ | V | സർക്കാർ | I to VII | 15 | 499 | 136 | 21 | 1 |
| 5. | സെൻറ് ലൂർദ്ദ് മേരീസ് എൽ.പി.സ്ക്കൂൾ | VII | സ്വകാര്യ എയ്ഡ്സ് | I to VII | 4 | 72 | 35 | 4 | ഇല്ല |
| 6. | ശ്രീനാരായണ യു.പി.സ്ക്കൂൾ | VIII | എയ്ഡഡ് | I to IV | 8 | 233 | 81 | 10 | 1 |
| 7. | സെൻറ് തോമസ് എൽ.പി.സ്ക്കൂൾ | IX | എയ്ഡഡ് | I to IV | 12 | 544 | 117 | 13 | ഇല്ല |
| 8. | സെൻറ് തോമാസ് ഹൈസ്ക്കൂൾ | IX | എയ്ഡഡ് | V to X | 32 | 1323 | 303 | 47 | 5 |
| 9. | നാഷണൽ ഹൈസ്ക്കൂൾ | X | എയ്ഡഡ് | V to X | 19 | 678 | 180 | 37 | 5 |
| 11. | തിരുമംഗലം യു.പി.സ്ക്കൂൾ | X | എയ്ഡഡ് | I to VII | 7 | 229 | 86 | 10 | 1 |

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ഇപ്പോൾ 5–ാം സ്റ്റാൻഡേർഡ് വരെ മാത്രമുള്ള തിരുനാരായണ എൽ.പി.സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളാക്കുക.
2. സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ പുനസ്ഥാപിക്കണം.
3. തുടർ സാക്ഷരതാ പരിപാടി നടപ്പാക്കണം.
4. ഗവ. ഫിഷറീസ് യു.പി. സ്ക്കൂൾ ചേറ്റുവ ഗവ. യു.പി.സ്ക്കൂൾ എന്നിവയുടെ കോമ്പൗണ്ടിനുചുറ്റും മതിൽ കെട്ടണം.
5. അംഗൻവാടികളിൽ കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ നൽകണം.
6. ചേറ്റുവ ജി.എം.യു.പി..സ്കൂൾ ഗേൾസ് ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യണം.
7. പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലും തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണം.
8. എല്ലാ സ്ക്കൂളുകളിലും അനുബന്ധിച്ച് പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരമഭിക്കണം
9. പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സ് രൂപീകരിച്ച് പ്രവർത്തനമാരംഭിക്കണം.
10. ടെലിവിഷനിലെ മലയാളം പരിപാടികളിൽ വിദ്യാഭ്യാസാധിഷ്ഠിതമായ പരിപാടികൾകൂടി ഉൾപ്പെടുത്തണം.

24

# ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

ഏകദേശം ഒരു തലമുറ മുൻപുവരെ, അപ്രതീക്ഷിതങ്ങളായ ചില പ്രത്യേക സാംക്രമിക രോഗങ്ങളായ കോളറ, വസൂരി തുടങ്ങിയവയുടെ ആക്രമണമൊഴികെ കാര്യമായ ആരോഗ്യ പ്രശ്നങ്ങളെ നമ്മുടെ ഗ്രാമവാസികൾക്ക് നേരിടേണ്ടി വന്നിരുന്നില്ല എന്നു തന്നെ പറയാം. ആരോഗ്യ പരിപാലനത്തെക്കുറിച്ചുള്ള വ്യക്തമായ അവബോധമോ, വേണ്ടത്ര ചികിത്സാ സൗകര്യങ്ങളോ, എന്തിനേറെ സുഭിക്ഷമായ ഭക്ഷണമോ പോലും ലഭിക്കാതിരുന്നിട്ടുകൂടി അനുകൂലമായ മറ്റു പല ഘടകങ്ങളും അന്നു നിലനിന്നിരുന്നതിനാൽ സ്വന്തം ആരോഗ്യത്തെക്കുറിച്ച് വേവലാതിപ്പെടേണ്ട ആവശ്യകതയുണ്ടായിരുന്നില്ല. പാരിസ്ഥിതിക സന്തുലിതാവസ്ഥ, മലിനമല്ലാത്ത അന്തരീക്ഷം, വൈവവിദ്ധ്യമാർന്ന കലർപ്പില്ലാത്ത ഭക്ഷണം, ചിലയിനം ആചാരാനുഷ്ഠാനങ്ങൾ, അദ്ധ്വാനശീലം എന്നിവയൊക്കെയായിരുന്നു അവയിൽ ചിലത്.

ആയുർവ്വേദ ചികിത്സാരീതി മാത്രമേ അന്നു മുഖ്യമായും പ്രചാരത്തിലുണ്ടായിരുന്നുള്ളൂ. ഈ ചികിത്സാരീതിയുടെ പ്രയോജനം പരമാവധി ഉപയോഗപ്പെടുത്താൻ സഹായകമായ വിവിധ ഇനം ഔഷധസസ്യങ്ങൾ സമൃദ്ധമായി അന്ന് ലഭ്യമായിരുന്നു ചികിത്സാ നൈപുണ്യത്തിന് കൊച്ചി രാജാവിൻെറ പോലും നേരിട്ടുള്ള പ്രശംസക്ക് പാത്രീഭൂതനായ ആയുർവേദവൈദ്യൻ ശ്രീമാൻ കാക്കനാട്ട് മാമൻ തുടങ്ങിയ പ്രഗൽഭമതികളുടെ സേവനം അന്ന് നമ്മുടെ ഗ്രാമത്തിന് ലഭ്യമായിരുന്നുവെന്നത് അഭിമാനപൂർവ്വം സ്മരിക്കപ്പെടേണ്ട ഒന്നാണ്. രോഗങ്ങളെക്കുറിച്ച് പലതരത്തിലുള്ള അന്ധവിശ്വാസങ്ങൾ അക്കാലത്ത് നിലനിന്നിരുന്നുവെങ്കിലും ലഭ്യമായ ചികിത്സാ സൗകര്യങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്തി വന്നിരുന്നു.

നമ്മുടെ ഗ്രാമത്തിൽ അലോപ്പതി ചികിത്സാ സൗകര്യങ്ങൾ ഒട്ടും ലഭ്യമല്ലാതിരുന്ന അക്കാലത്ത് അത്യാസന്ന ഘട്ടങ്ങളിൽ ചാവക്കാട്, വാടാനപ്പള്ളി എന്നീ പ്രദേശങ്ങളിലെ അലോപ്പതി ചികിത്സാ കേന്ദ്രങ്ങളേയാണ് ആശ്രയിച്ചിരുന്നത്. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടുകൂടി ഇവിടെ ആദ്യമായി സ്ഥാപിക്കപ്പെട്ട ആശുപത്രി ചന്തപ്പടിയിൽ സ്ഥിതി ചെയ്യുന്ന ഹോസ്പിറ്റലാണ്. ആയുർവ്വേദത്തിലും അലോപ്പതിയിലുമായി നിരവധി ചികിത്സാ കേന്ദ്രങ്ങൾ ഇന്നിവിടെ സ്ഥാപിക്കപ്പെട്ട് പ്രവർത്തിച്ചു വരുന്നുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ പഞ്ചായത്തിലെ പത്ത് വാർഡുകളിലുമായി പ്രവർത്തിച്ചു വരുന്ന പത്തൊമ്പത് അംഗൻവാടികളുടെ സേവനവും ആരോഗ്യപരിപാലനത്തിന് നമുക്ക് ലഭിച്ചു വരുന്നുണ്ട്. നിരവധി സ്വകാര്യ ആര്യവൈദ്യ ഫാർമസി ശാഖകളിൽ പലപ്പോഴും ക്യാമ്പു ചെയ്ത് ചികകത്സ നടത്തി വരുന്ന ആയുർവ്വേദ ഡോക്ടർമാരുടെ സേവനവും ജനങ്ങൾ ഇന്ന് പ്രയോജനപ്പെടുത്തുന്നുണ്ട്.

ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനസംഖ്യാനുപാതികമായി പരിശോധിക്കുമ്പോൾ വേണ്ടത്ര ചികിത്സാ കേന്ദ്രങ്ങൾ ഉണ്ടെങ്കിലും സർക്കാർ ഉടമസ്ഥതയിൽ കൂടുതൽ വിപുലമായ ചികിത്സാ സംവിധാനങ്ങൾ ഇനിയും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലെ മുഖ്യകുടിവെള്ള സ്രോതസ്സ് കിണറുകളാണെങ്കിലും അവയിൽ നല്ലൊരു ഭാഗം വർഷം മുഴുവൻ പ്രയോജനപ്പെടുത്താവുന്നതല്ല. കിഴക്കെ ടിപ്പുസുൽത്താൻ റോഡിൻെറ കിഴക്കു പ്രദേശങ്ങളിൽ ധാരാളമായി കണ്ടു വരുന്ന ചേടിമൂലം കിണറുകളിലെ വെള്ളം പലപ്പോഴും കുടിക്കാൻ യോഗ്യമല്ല എന്നതാണ് സ്ഥിതി. കൂടാതെ കിഴക്കും വടക്കും ഭാഗങ്ങളിലുള്ള പുഴയോര പ്രദേശങ്ങളിലും പടിഞ്ഞാറൻ തീരപ്രദേശങ്ങളിലും കിണർജലം ഉപ്പുകലർന്നതായതിനാൽ കുടിക്കാനോ, മറ്റാവശ്യങ്ങൾക്ക് പോലുമോ വേനൽക്കാലത്ത് ഉപയോഗ യോഗ്യമല്ല. ഇവിടങ്ങളിൽ താമസിക്കുന്നവരും താരതമ്യേന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ശുദ്ധജലാവശ്യങ്ങൾ നിറവേറ്റുന്നതിന് ആശ്രയിക്കുന്നത് പൊതു ടാപ്പുകളേയാണ്. പൊതു കിണറുകൾ ശരിയാംവണ്ണം സംരക്ഷിക്കപ്പെടാത്തതിനാൽ ഏറിയ പങ്കും ഉപയോഗ ശൂന്യമായിക്കൊണ്ടിരിക്കുകയാണ് നീർത്തടങ്ങൾ അപ്രതക്ഷ്യാമായതോടെ ഭൂഗർഭ ജലത്തിൻെറ അളവിൽ കണ്ടുവരുന്ന

ഗണ്യമായ കുറവ് സമീപ ഭാവിയിൽത്തന്നെ ഈ ഗ്രാമത്തിലെ ശുദ്ധജലാവശ്യങ്ങൾക്ക് പൂർണ്ണമായും പൈപ്പ് വെള്ളത്തെ ആശ്രയിക്കേണ്ട അവസ്ഥയിലേക്ക് നമ്മെ എത്തിച്ചേക്കാം. ആയതിനാൽ ഭൂഗർഭജലത്തിന്റെ ലഭ്യത ഉറപ്പുവരരത്തുന്നതിനുള്ള നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നത് ഉചിതമായിരിക്കും.

ആരോഗ്യരംഗവുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന വെല്ലുവിളി ശുചിത്വപരിപാലനത്തിൽ സ്വീകരിച്ചു വരുന്ന അലംഭാവമാണ്. കോളനികൾ പോലുള്ള ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലെ ജനങ്ങൾക്കാണ് പ്രധാനമായും ഈ വെല്ലുവിളികൾ നേരിടേണ്ടിവരുന്നത്. ശുചീകരണ സംവിധാനങ്ങളുടെ കുറവും, നീർക്കെട്ടും, മറ്റുപരിസരമലിനീകരണങ്ങളുമാണ് മുഖ്യഘടകങ്ങൾ.

ആരോഗ്യരംഗത്ത് മേൽപ്പറഞ്ഞ വെല്ലുവിളികൾ നിലനിൽക്കുന്നുണ്ടെങ്കിലും നമ്മുടെ ഗ്രാമത്തിൽ പ്രത്യേക രീതിയിലുള്ള രോഗങ്ങളൊന്നും കണ്ടുവരുന്നില്ല എന്നത് ആശ്വാസകരമാണ്. മാത്രവുമല്ല, ഇവിടുത്തെ മൊത്തം ജനങ്ങളുടെ ആരോഗ്യനിലവാരം സംസ്ഥാന ശരാശരിയേക്കാൾ ഏറെ ഉയർന്നതാണെന്നും കാണുന്നു.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. ചികിത്സക്കു വരുന്ന വർദ്ധിച്ച ചിലവ് | 1. (a) നിലവിലുള്ള മിനി സെൻററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററാക്കി ഉയർത്തുക.<br>(b) ആയുർവ്വേദ ഡിസ്പെൻസറിയെ, ആസ്പത്രിയാക്കി ഉയർത്തുക.<br>(c) കൂടുതൽ സബ്സെൻററുകൾ സ്ഥാപിക്കുക.<br>(d) സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചിലവുകൾ നിയന്ത്രിക്കുക. |
| 2. ചികിത്സാ കേന്ദ്രങ്ങളിലേക്കുള്ള ദൂരക്കൂടുതൽ | 2. കൂടുതൽ സബ്സെൻററുകൾ സ്ഥാപിക്കുക. |
| 3. അവശ്യമരുന്നുകളുടെ ലഭ്യതകുറവ് | 3. അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുക. |
| 4. ലബോറട്ടറി പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യമില്ലായ്മ | 4. നിലവിലൂള്ള P.H.C. യോടനുബന്ധമായി പൂർണ്ണ സജ്ജീകരണങ്ങളോടുകൂടിയ ലബോറട്ടറി സ്ഥാപിക്കുക. |
| 5. അപകടത്തിൽപ്പെട്ടവരെ ചികിത്സിക്കാനുള്ള സൗകര്യങ്ങളില്ലായ്മ | 5. അപകടത്തിൽപ്പെട്ടുവരുന്നവർക്ക് എല്ലാ സ്വകാര്യ ആശുപത്രികളിലുംഅടിയന്തിര ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഉറപ്പു വരുത്തുക. |

| | | | |
|---|---|---|---|
| 6. | അത്യാസന്ന ഘട്ടങ്ങളിൽ രക്തം ലഭിക്കുന്നതിനുള്ള പ്രയാസം | 6. | നിലവിലുള്ള ഏതെങ്കിലുമൊരു ആസ്പ ത്രിയോടനുബന്ധിച്ച് ബ്ലഡ്ബാങ്ക് സ്ഥാ പിക്കുക. |
| 7. | ശുദ്ധജല ലഭ്യതക്കുറവ് | 7. | പൊതുകിണറുകൾ ശുദ്ധീകരിക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുകയും ചെയ്യുക. പൈപ്പുവഴി യുള്ള ശുദ്ധജലവിതരണം കൂടുതൽ പ്ര ദേശങ്ങളിലേക്ക് വ്യാപിപ്പിക്കുക. |
| 8. | കെട്ടിക്കിടക്കുന്ന മലിനജലം | 8. | മലിനജലം ഒഴുക്കിവിടുന്നതിന് ശാസ്ത്രീ യമായ മാർഗ്ഗങ്ങൾ കണ്ടെത്തുക |
| 9. | മറ്റു പരിസര മലിനീകരണങ്ങൾ | 9. | പരിസരശുചിത്വം കാത്തുസൂക്ഷിക്കു ന്നതിന് ആവശ്യമായ ബോധവൽക്കരണം |
| 10. | വ്യാപകമായ കൊതുകു ശല്യം | 10. | പഞ്ചായത്തുതലത്തിൽ ഒരു സമഗ്രകൊ തുകു നശീകരണ പരിപാടി ആവിഷ്ക്കരി ച്ചു നടപ്പാക്കുക. |
| 11. | ഈച്ച മൂലമുണ്ടാകുന്ന പകർച്ചവ്യാധികൾ | 11. | മത്സ്യവളം, അശാസ്ത്രീയമായി പ്രയോ ഗിക്കുന്നതിനെതിരേയും, പകർച്ചവ്യാധി കൾ പരത്തുന്നതിൽ ഈച്ചക്കുള്ള പങ്കി നെക്കുറിച്ചും ഈച്ചയെ നശിപ്പിക്കേണ്ടതി ന്റെ ആവശ്യകതയെ കുറിച്ചും ബോ ധവൽക്കരണം. |
| 12. | നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും പുറത്തുവിടുന്ന മലിനവസ്തുക്കൾ | 12. | മാലിന്യങ്ങൾ യഥാവിധി ശാസ്ത്രീയമാ യി സംസ്ക്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. |
| 13. | വിതരണം ചെയ്യുന്ന പൈപ്പുവെള്ളത്തിലെ വർദ്ധിച്ച തോതിലുള്ള ക്ലോറിനേഷൻ | 13. | ക്ലോറിനേഷൻ അനുവദിക്കപ്പെട്ട അളവിൽ ശാസ്ത്രീയമായ രീതിയിലാണ് നടത്തുന്നതെന്ന് ഉറപ്പുവരുത്തുക |
| 14. | അറവു കേന്ദ്രത്തിനടുത്തുള്ള പ്രദേശ ങ്ങളിലെ പരിസരമലിനീകരണം | 14. | ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു അറവുശാല നിർമ്മിക്കുക |

മേൽ സുചിപ്പിച്ച പ്രശ്നങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ സ്ഥാപിക്കുന്നതൊഴികെ മറ്റെല്ലാ പ്രശ്നങ്ങളും ത്രിതല പഞ്ചായത്തിന്റെ അധികാരങ്ങളുപയോഗിച്ച് ജനപങ്കാളിത്തത്തോടെ കാലവിളംബം കൂടാതെത്തന്നെ നടപ്പിലാക്കാവുന്നതാണ്. വാട്ടർ അതോറിറ്റിയുടെ തിരുമംഗലം ഭാഗത്തു സ്ഥാപിച്ചിട്ടുള്ള 4 ലക്ഷത്തിലേറെ ലിറ്റർ സംഭരണശേഷിയുള്ളതും പൊക്കുളങ്ങരയിലും പോളക്കൻ മൈതാനിയിലുമുള്ള യഥാക്രമം 2.25 ലക്ഷം ലിറ്റർ, 65,000 ലിറ്റർ സംഭരണശേഷിയുള്ളതുമായ ടാങ്കുകളും അനുബന്ധമായി നിർമ്മിച്ചിട്ടുള്ള കിണറുകളും കൂടാതെ ചേറ്റുവ ഭാഗത്തുള്ള പഞ്ചായത്ത് ടാങ്കും കിണറും ഇവയ്ക്കുപുറ

# ആരോഗ്യനിലവാര സൂചിക

| ആകെ ജനസംഖ്യ | പൊതുമരണ നിരക്ക് (കേരളം 5.3) | 1 വയസ്സിന് താഴെയുള്ള മരണങ്ങൾ | ശിശുമരണ നിരക്ക് (കേരളം 16) | പ്രസവസംബ ന്ധമായ രോഗങ്ങൾ | മാതൃമരണ നിരക്ക് (കേരളം 1-ൽ താഴെ) | ജനനനിരക്ക് (കേരളം 17) |
|---|---|---|---|---|---|---|
| 22,100 | 4.9 | 1 | 3.4 | 0 | 0 | 13 |

26

മെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള പൊതുകിണറുകളും ഫലപ്രദമായി ഉപയോഗിക്കുകയും ഏതാനും ചില പൊതു ടാപ്പുകൾ കൂടി സ്ഥാപിക്കുകയും ചെയ്യുന്നപക്ഷം സമീപഭാവിയിലൊന്നും കുടിവെള്ള വിതരണം നമ്മുടെ പഞ്ചായത്തിൽ ഒരു പ്രശ്നമേ ആവില്ല.

ഇലക്ട്രോണിക് മാധ്യമങ്ങളുടേയും മറ്റും സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ട് സന്നദ്ധ-യുവജന-സാംസ്ക്കാരിക സംഘടനകളുടെ പങ്കാളിത്തത്തോടെ ഒരു സമഗ്ര ആരോഗ്യബോധവൽക്കരണ പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കാവുന്നതാണ്. ഇതിനായി വിദ്യാലയങ്ങളും അംഗൻവാടികളും കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്. രക്തഗ്രൂപ്പ്, റിയാക്ഷൻ ഉണ്ടായിട്ടുള്ള മരുന്നുകൾ, എടുത്തിട്ടുള്ള പ്രതിരോധ കുത്തിവെയ്പുകൾ, ഉണ്ടായിട്ടുള്ള പ്രധാന രോഗങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുള്ള ഹെൽത്ത് കാർഡുകൾ ഓരോ വ്യക്തികൾക്കും നൽകുവാനുള്ള സംവിധാനം നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. തിരുനാരായണ എൽ.പി. സ്ക്കൂളിനുസമീപമുള്ളതും, N.H. 17-ൽ ശ്രീനിവാസൻ മാസ്റ്ററുടെ വീടിനു സീപത്തുള്ളതുമായ രണ്ടു പൊതുകിണറുകളും ശുദ്ധീകരിച്ച് ഉപയോഗ യോഗ്യമാക്കണം.
2. ഒന്നാം വാർഡിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം, പൊതുശ്മശാനം, പൊതുകളിസ്ഥലം എന്നിവ നിർമ്മിക്കണം.
3. എം.ഐ. ആശുപത്രിയിൽ നിന്ന് പുറത്തുവിടുന്ന മലിനജലവും മലിനവസ്തുക്കളും ഉയർത്തുന്ന പരിസരമലിനീകരണഭീഷണി തടയണം.
4. നിലവിലുള്ള പൊതു വാട്ടർ ടാപ്പുകളുടെ സ്ഥാന നിർണ്ണയം പുനഃപരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുക.
5. മൂന്നാം വാർഡിലെ ലക്ഷംവീട് കോളനിയിലെ പൊതുകിണറുകൾ ശുദ്ധീകരിക്കണം.
6. ഇനനയും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കാൻ ബാക്കിയുള്ള വീടികൾക്ക് ആയത് ഉടൻ നിർമ്മിച്ചുകൊടുക്കുക.
7. ലക്ഷംവീട് കോളനിയിൽ ഡ്രെയിനേജ് സംവിധാനം നിർമ്മിക്കുക.
8. ആയുർവ്വേദ ഡിസ്പെൻസറി, രോഗികളെ കിടത്തി ചികിൽസിക്കാനുള്ള ആശുപത്രിയായി ഉയർത്തണം.
9. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാ വാർഡിലും കൂടെകൂടെ സംഘടിപ്പിക്കണം.
10. സമഗ്രകൊതുകു നശീകരണ പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കണം.
11. അംബേദ്കർ കോളനിക്ക് തെക്കുഭാഗത്ത് ഒരു പൊതുടാപ്പ് സ്ഥാപിക്കണം.
12. പഞ്ചായത്ത് പരിധിക്കകത്ത് വിതരണം ചെയ്യുന്ന വെള്ളത്തിൻെറ അളവ് തിട്ടപ്പെടുത്തുന്നതിന് മീറ്റർ സ്ഥാപിക്കണം
13. ശുദ്ധജലവിതരണത്തിനുള്ള പൂർണ്ണ അവകാശം പഞ്ചായത്തിന് നൽക്കണം
14. ആനാംകടവിലേക്ക് ശുദ്ധജലമെത്തിക്കാനുള്ള പൈപ്പ് ലൈൻ നീട്ടണം.
15. 7-ാം വാർഡിൽ ഒരു വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന P.H.C. ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം.
16. 24 മണിക്കൂറും പ്രവർത്തന സജ്ജമായ ഒരു ആംബുലൻസ് സൗകര്യം പഞ്ചായത്തിൽ ലഭ്യമാക്കണം.
17. 8-ാം വാർഡിൽ ആയുർവ്വേദം/അലോപതി/ഹോമിയോപ്പതി എന്നിവയിലേതെങ്കിലുമൊരു ചികിൽസാ കേന്ദ്രം സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിക്കണം.
18. 9-ാം വാർഡിൽ പല ഭാഗങ്ങളിലായി ശുദ്ധജലവിതരണത്തിന് 5 വാട്ടർ ടാപ്പുകൾ കൂടി സ്ഥാപിക്കണം.

# വ്യവസായം

വ്യവസായ മേഖലയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന് മാത്രമായി അവകാശപ്പെടാവുന്ന സവിശേഷ പൈതൃകങ്ങളൊന്നുമില്ലെങ്കിലും, പ്രാദേശികമായി ലഭ്യമായ എല്ലാ വിഭവങ്ങളും വ്യാവസായികമായി ഉപയോഗപ്പെടുത്തുന്നതിൽ നമ്മുടെ പൂർവ്വീകർ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നുവെന്നുവേണം കരുതാൻ. പരമ്പരാഗത വ്യവസായങ്ങൾക്കുണ്ടായ തകർച്ച പൂർണ്ണ അർത്ഥത്തിൽ അനുഭവപ്പെട്ട നമ്മുടെ ഗ്രാമത്തിൽ കാലാനുസൃതമായി വളർന്നു വരേണ്ടിയിരുന്ന ആധുനിക വ്യവസായങ്ങൾ വളർന്നു വികസിക്കാതിരിക്കാനുണ്ടായ കാരണങ്ങൾ ഗൗരവപൂർവ്വം പരിശോധിച്ചു കണ്ടെത്തേണ്ടിയിരിക്കുന്നു. ചകിരിയുൽപ്പന്നങ്ങൾ ധാരാളമായി വിദൂരദേശങ്ങളിലേക്ക് കയറ്റി അയച്ചിരുന്ന നമുക്കിന്ന് ചകിരിയനുബന്ധ വ്യവസായ ശൃംഖലകൾ ഇല്ലെന്നു തന്നെ പറയാം. മത്സ്യബന്ധനം, കൊപ്ര, കള്ള് ചെത്ത് എന്നിവ മാത്രമാണ് നമ്മുടെ ഗ്രാമത്തിൽ അവശേഷിക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ

### നിലവിലുണ്ടായിരുന്ന പരമ്പരാഗത വ്യവസായങ്ങൾ

1. കൊപ്ര
2. ചകിരി
3. കയർ
4. ബീഡി
5. പായനെയ്ത്ത്
6. മത്സ്യബന്ധനം
7. കൈത്തറി
8. മുള ഉപയോഗിച്ചുള്ള കൊട്ട, മുറം, തൊട്ടി പനമ്പ് എന്നിവയുടെ നിർമ്മാണം

തുറമുഖമായി വികസിപ്പിച്ചെടുക്കാവുന്ന അഴിമുഖവും, നിലവിലുള്ള ഫിഷ് ലാൻറിങ്ങ് സെൻററും ,നാഷണൽ ഹൈവേ 17 ഉം, വരാനിരിക്കുന്ന ഇടപ്പിള്ളി – ഗുരുവായൂർ റെയിൽവേപാതയും നമ്മുടെ ഗ്രാമത്തിന് വാഗ്ദാനം നൽകുന്ന വ്യാവസായിക പുരോഗതി സങ്കൽപ്പാതീതമാണ്. ഇന്ന് നമുക്ക് ലഭിക്കുന്ന പ്രകൃതി വിഭവങ്ങളും, മാനവ വിഭവ ശേഷിയും പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും വിധം ദീർഘവീക്ഷണത്തോടെ വ്യവസായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ നമുക്കു കഴിഞ്ഞാൽ, ആഗോള വ്യാപാര രംഗത്ത് പ്രാചീന കേരളത്തിൽ ചേറ്റുവക്കുണ്ടായിരുന്ന അനിഷേധ്യമായ സ്ഥാനം തിരിച്ചു പിടിക്കുക എന്നത് ഒട്ടും പ്രയാസമായിരിക്കുകയില്ല.

### ഗ്രാമത്തിൽ ലഭ്യമായ വിഭവങ്ങൾ

| കാർഷിക, വിഭവങ്ങൾ | പ്രകൃതി |
|---|---|
| തെങ്ങ് | മത്സ്യം |
| മാവ് | കക്ക |
| കശുമാവ് | പുഴ കായൽ |
| കവുങ്ങ് | പ്രകൃതി സുന്ദരമായ ഭൂപ്രദേശങ്ങൾ |

നമ്മുടെ സമ്പദ് ഘടനയെ താങ്ങി നിർത്തുന്നതിൽ ഗൾഫ് പണം നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ടെങ്കിലും, പ്രാദേശികസ്വയം പര്യാപ്തതയിലൂടെയുള്ള സുസ്ഥിരമായ സമ്പദ് ഘടന കെട്ടിപ്പടുക്കാനുള്ള ശ്രമത്തിൽ നിന്നും നമ്മുടെ ശ്രദ്ധ തിരിച്ചു വിടുന്നതിന് കൂടി ഈ സ്വാധീനം കാരണമാകുന്നുണ്ട്. വ്യാവസായിക വികസനത്തിന് പ്രതിബന്ധമായി നിൽക്കുന്ന മറ്റ് ഒട്ടനവധി ഘടകങ്ങൾ കൂടിയുണ്ടെന്നുള്ളത് അവഗണിക്കാവുന്നതല്ല.

## മൽസ്യാനുബന്ധ വ്യവസായങ്ങൾ

| അസംസ്കൃതവസ്തുക്കൾ | | സാദ്ധ്യത |
|---|---|---|
| 1. | മൽസ്യം | ചെറുകിട മൽസ്യ സംസ്ക്കരണ വിതരണ യൂണിറ്റുകൾ, മൽസ്യ വളം, മീനെണ്ണ, കാലി-കോഴിത്തീറ്റകൾ |
| 2. | കക്ക | |
| 3. | കല്ലുമ്മക്കായ | മാംസം, വളം, നീറ്റുകക്ക |
| 4. | ഞണ്ട് | വ്യവസായ യൂണിറ്റുകൾ |

അഴിമുഖത്തിനോടു ചേർന്ന് കടലിന് സമാന്തരമായി കിടക്കുന്ന മൂന്നു കിലോമീറ്ററോളം നീളമുള്ള കായലും N.H. 17 കടന്നുപോകുന്ന ചേറ്റുവ പാലത്തിൻെറ ഇരുവശത്തുമുള്ള പുഴയോരങ്ങളിലെ കണ്ടൽക്കാടുകളും തെങ്ങിൻ തോപ്പുകളും തുരുത്തുകളും ഒരുക്കുന്ന വശ്യസുന്ദരമായ പ്രകൃതിദൃശ്യങ്ങൾ ഏതൊരു വിനോദ സഞ്ചാരിയേയും ആകർഷിക്കാൻ പര്യാപ്തമാണ്. സമീപ തീർത്ഥാടന കേന്ദ്രങ്ങളായ ഗുരുവായൂർ, പാലയൂർ, മണത്തല എന്നിവിടങ്ങളിൽ വരുന്ന തീർത്ഥാടകരെ ആകർഷിക്കാൻ കഴിഞ്ഞാൽ തന്നെ, വിനോദ സഞ്ചാര വ്യവസായ വികസനത്തിൽ വലിയൊരു കുതിച്ചുച്ചാട്ടം സാദ്ധ്യമാണ്.

ആധുനിക ജീവിത ക്രമത്തിൻെറ അനിവാര്യ ഘടകങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഒട്ടനവധി നിർമ്മാണവസ്തുക്കളും, ഉപഭോഗവസ്തുക്കളും, വ്യാവസായിക വികസനത്തിൻെറ ഭാഗമായി നമ്മുടെ പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളും ആരായേണ്ടതാണ്.

## പ്രയോജനപ്പെടുത്താവുന്ന ആധുനിക വ്യവസായങ്ങൾ

1. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
2. കറിപൗഡർ
3. കുട
4. ഹോളോബ്രിക്സ്
5. റക്സിൻ ബാഗ്
6. മെഴുകുതിരി
7. P.V.C. ഉൽപ്പന്നങ്ങൾ
8. ഗേയ്റ്റ്, ഗ്രിൽ, റോളിങ്ങ് ഷട്ടർ തുടങ്ങിയവ
9. ബേക്കറി
10. ചിപ്സ്
11. കോൺക്രീറ്റ് വാതിൽ, ജനൽ, പൂച്ചട്ടി, ക്രാസി മുതലായവ
12. ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ
13. ചെരുപ്പ്
14. സ്വിച്ച് ബോർഡ്
15. സ്റ്റീൽ & വുഡൻ ഫർണിച്ചർ

സ്വാശ്രയ സംസ്ക്കാരത്തിൽ ഊന്നാതെയുള്ള ഏകപക്ഷീയമായ വ്യാവസായിക പുരോഗതിയെമാത്രം ലക്ഷ്യംവെച്ചുകൊണ്ടുള്ള ഏതൊരു പദ്ധതിക്കും സ്ഥായിയായ നിലനിൽപ്പില്ലെന്നതാണ് നാളിതുവരെയുള്ള ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ തുടർന്നുള്ള ഓരോ ചുവടുവെപ്പും സ്വാശ്രയാധിഷ്ഠിതമായ സംസ്ക്കാര പ്രചോദിതമാക്കാൻ നമ്മുക്ക് യത്നിക്കാം.

# പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. ലൈസൻസ് ലഭിക്കുന്നതിനുള്ള സങ്കീർണ്ണതകൾ | ലൈസൻസിങ്ങ് നടപടികൾ ലഘൂകരരക്കുകയും, വ്യാവസായിക വിദഗ്ധർ, വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർ, ധനകാര്യ സ്ഥാപന മേധാവികൾ, ജനപ്രതിനിധികൾ, വ്യാവസായിക സംരംഭകർ തുടിയവരടങ്ങുന്ന മോണണറ്ററിങ്ങ് കമ്മറ്റികൾ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്യുക |
| 6. വൈദ്യുതിയുടെ നിയന്ത്രണം | 6. പ്രാദേശിക ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനമെന്ന നിലയിൽ നിലവിലുള്ള വൈദ്യുതി നിയന്ത്രണങ്ങൾ ഒഴിവാക്കുക |
| 7. വൻകിട വ്യവസായങ്ങൾ വിപണനരംഗത്ത് ഉയർത്തുന്ന ഭീഷണി | 7. പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ സഹായകരമാകും വിധം, പരിമിതമായെങ്കിലും വൻകിട വ്യാവസായികോൽപ്പന്നങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുക. പ്രാദേശിക സമ്പദ്ഘടനയെ സംരക്ഷിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.പ്രാദേശിക തലത്തിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വിപണന മേളകൾ സംഘടിപ്പിക്കുകയും ചെയ്യുക. |

പാഴാക്കി കളയുന്ന മാനവ വിഭവശേഷിയും പ്രകൃതി വിഭവങ്ങളും എപ്രകാരം ആധുനിക ജീവിത ക്രമത്തിൻെറ ആവശ്യങ്ങൾ നിറവേറ്റാൻ ആകുംവിധം ഫലപ്രദമായി വിനിയോഗിക്കാമെന്ന് ഇനിയും ചിന്തിച്ചിട്ടില്ലാത്ത നാം, സ്വാശ്രയത്വത്തിലൂന്നിക്കൊണ്ടുള്ള അനസ്യൂതമായൊരു സാംസ്ക്കാരിക നവോത്ഥാന പ്രക്രിയക്ക് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു. ഗ്രാമതലങ്ങളിൽ നിന്നുതന്നെ ജന്മം കൊള്ളേണ്ട ഇത്തരമൊരു നവോത്ഥാന പ്രക്രിയയുടെ പ്രാരംഭനടപടിയെന്ന നിലയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ തൊഴിൽ രഹിതരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ച് കൊണ്ട്, ലഭ്യമായ കാർഷിക - പ്രകൃതി വിഭവങ്ങളെ എങ്ങിനെ വ്യാവസായികമായി ഫലപ്രദമായി പ്രയോജനപ്പെടുത്താമെന്ന് പരിശോധിക്കണം.



28

നാണ്യ വിളയായ തെങ്ങാണ് നമ്മുടെ മുഖ്യകൃഷിയെന്നതും, കാര്യമായ പരിചരണങ്ങൾ നൽകാതെത്തന്നെ ധാരാളമായി കണ്ടു വരുന്ന മാവിനങ്ങളും, കൂടാതെ കവുങ്ങ്, കശുമാവ് തുടങ്ങിയവയും നമ്മുടെ ഗ്രാമത്തിൽ കാർഷികാനുബന്ധ വ്യവസായങ്ങൾക്കുള്ള അപാര സാദ്ധ്യതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. പ്രസ്തുത സാദ്ധ്യതകൾ കർഷകന് ന്യായവില ലഭിക്കുന്നതിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കാം

## കാർഷികാനുബന്ധ വ്യവസായങ്ങൾ

| | അസംസ്കൃത പദാർത്ഥം | | സാദ്ധ്യത |
|---|---|---|---|
| 1. | നാളികേരം | 1. | കൊപ്ര, വെളിച്ചെണ്ണ, നാളികേര പൗഡർ, ക്രീം, വിനീഗർ, ശീതള പാനീയങ്ങൾ, സോപ്പ്, കാലിത്തീറ്റ, കോഴിത്തീറ്റ. |
| 2. | ചകിരി | 2. | കയർ ഉൽപ്പന്നങ്ങൾ, റബ്ബറൈസ്ഡ് മേട്രസ്സ്സ്, കുഷ്യൻ, ജൈവവളം |
| 3. | ചിരട്ട | 3. | കരകൗശല വസ്തുക്കൾ, ഐസ്ക്രീം കപ്പ്, സ്പൂൺ, ആഷ്ട്രേ |
| 4. | തെങ്ങിൻ തടി | 4. | വാതിൽ, ജനൽ, ഫർണിച്ചർ തുടങ്ങിയവ |
| 5. | അടയ്ക്ക | 5. | വിവിധ ഇനം പാക്കുകൾ |
| 6. | മാങ്ങ | 6. | അച്ചാറുകൾ, സ്ക്വാഷുകൾ, ജാമുകൾ, ശീതള പാനീയങ്ങൾ |
| 7. | കശുമാങ്ങ | 7. | ജാമുകൾ, സ്ക്വാഷുകൾ, ശീതളപാനീയങ്ങൾ, വിനാഗിരി |

ധാരാളമായി മത്സ്യ സമ്പത്ത് ലഭിച്ചു വരുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ മത്സ്യാനുബന്ധ വ്യവസായങ്ങൾക്കുള്ള സാദ്ധ്യതകളും നിരവധിയാണ്. ബംഗ്ലാവ് കടവിൽ സ്ഥാപിതമായിട്ടുള്ള ഫിഷ് ലാൻറിങ്ങ് സെൻറർ ഈ മേഖലക്കുള്ള ഒരു മുതൽക്കൂട്ടാണ്. ശുദ്ധജല മത്സ്യങ്ങൾ, കൊഞ്ച്, മുരിങ്ങ (കല്ലുമ്മക്കായ) മുതലായവ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യാനുള്ള അനുകൂല സാഹചര്യങ്ങൾ ഇവിടെ നിലനിൽക്കുന്നു വെന്നത് മത്സ്യാനുബന്ധ വ്യവസായങ്ങളുടെ വിജയ സാദ്ധ്യത ഉറപ്പാക്കുന്ന ഒന്നാണ്. അഴിമുഖത്തിൻെറ തുറമുഖ സാദ്ധ്യതയേയും പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ കയറ്റുമതിയിലധിഷ്ഠിതമാവൻകിട സമുദ്രോത്പന്ന സംസ്ക്കരണ വ്യവസായശാലയും നമ്മുടെ ഈ കൊച്ചു ഗ്രാമത്തിൽ ആരംഭിക്കാൻ കഴിയുമെന്നതാണ് വസ്തുത.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. പഴം, പച്ചക്കറി സംസ്ക്കരണ യൂണിറ്റും വൈദ്യുതി ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റും ഒന്നും പത്തും വാർഡിൽ സ്ഥാപിക്കണം.
2. പച്ച ചകിരി സംസ്ക്കരിച്ച് കയറും കയറുൽപ്പന്നങ്ങളുമാക്കി മാറ്റാനുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ I, II, VII, III, VIII വാർഡുകളിൽ സ്ഥാപിക്കണം.
3. തുന്നൽ പരിശീലന കേന്ദ്രവും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകളും II, VIII, X വാർഡുകളിൽ സ്ഥാപിക്കണം.
4. രണ്ടാം വാർഡിൽ ഒരു പ്ലാസ്റ്റിക് ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.
5. മൂന്നാംവാർഡിൽ കുമ്മായ വ്യവസായ യൂണിറ്റും കരകൗശല വസ്തുനിർമ്മാണ യൂണിറ്റും ആരംഭിക്കണം.
6. യന്ത്രറാട്ടുകളുപയോഗിച്ച് കയർ, കയറുൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കാനുള്ള വ്യവസായ യൂണിറ്റ് മൂന്നാം വാർഡിൽ സ്ഥാപിക്കണം.
7. ചേറ്റുവ പ്രദേശത്ത് ആധുനിക സംവിധാനങ്ങളും സൗകര്യങ്ങളോടും കൂടിയ ഒരു ടൂറിസ്റ്റ് കേന്ദ്രം നിർമ്മിക്കുക.
8. 7-ാം ാർഡിൽ ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് ആൻറ് പ്രൊഡക്ഷൻ സെൻറർ സ്ഥാപിക്കണം.
9. പരമ്പരാഗത വ്യവസായങ്ങളായ പായനെയ്ത്ത്, മുള, ഈറ്റ എന്നിവ ഉപയോഗിച്ചുള്ള കട്ട, കരകൗശലവസ്തുക്കൾ എന്നിവയുടെ നിർമ്മാണയൂണിറ്റുകൾ 8-ാം വാർഡിൽ സ്ഥാപിക്കണം.
10. 8-ാം വാർഡിലെ ആയുർവ്വേദ നിർമ്മാണകമ്പനിക്ക് ഗവൺമെൻറ് തലത്തിൽ നികുതി ഇളവുകളും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കേണ്ടതാണ്.
11. ഒരു നൂൽനൂൽപ്പ് വ്യവസായ യൂണിറ്റ് 8-ാം വാർഡിൽ ആരംഭിക്കണം.
12. 7-ാം വാർഡ് പുളിഞ്ചോട്ടിൽ ഒരു മൽസ്യമാർക്കറ്റ് സ്ഥാപിക്കണം

# ഗതാഗതം

ഭൂമിശാസ്ത്രപരമായി ഒരു ഉപദ്വീപായി നിലനിൽക്കുന്ന നമ്മുടെ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ വിദൂര യാത്രക്കും ചരക്കു ഗതാഗതത്തിനും പ്രധാനമായും ഉപയോഗപ്പെടുത്തിയിരുന്നത് ജലമാർഗ്ഗത്തെയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇന്നു കാണുന്ന വിലങ്ങനെയുള്ള ഒട്ടുമിക്ക റോഡുകളും പരമ്പരാഗത ജലഗതാഗത മാർഗ്ഗങ്ങൾ പരിവർത്തനപ്പെടുത്തി നിർമ്മിക്കപ്പെട്ടവയാണ്.

പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തുകൂടി കടന്നുപോയിരുന്ന ആല-ചേറ്റുവ റോഡുമാത്രമായിരുന്നു. റോഡുഗതാഗത സൗകര്യമെന്ന നിലയിൽ മുൻപ് ഇവിടെ ഉണ്ടായിരുന്നത്. ടിപ്പുവിൻെറ പടയോട്ടത്തോടെ രണ്ട് പ്രധാന റോഡുകൾ മേൽപറഞ്ഞ റോഡിന് ഇരുവശവും സമാന്തരമായി നിർമ്മിക്കപ്പെടുകയും ചെയ്തതോടെ നമ്മുടെ ഗ്രാമത്തിലെ ഗതാഗത ആവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റപ്പെട്ടുവെന്ന് പറയാം. റോഡ് ഗതാഗത മേഖലയുടെ തുടർന്നുള്ള കാലയളവിലുണ്ടായ വളർച്ച അസൂയാവഹമായിരുന്നു. പഴയ ആല - ചേറ്റുവ റോഡിൻെറ സ്ഥാനത്ത് NH 17 വന്നതോടെ രാജ്യത്തിൻെറ ഏതുഭാഗമായും റോഡുമാർഗ്ഗം അനായാസേന ബന്ധപ്പെടുവാൻ ഇന്ന് നമുക്ക് കഴിയുമെന്നാണ് അവസ്ഥ. നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ എല്ലാ വാർഡുകളേയും NH 17 മായി ബന്ധപ്പെടുത്തുന്ന റോഡുകൾ നിർമ്മിക്കാൻ സാദ്ധ്യമായി എന്നത് ഈ മേഖലയിൽ നാം കൈവിച്ച നേട്ടങ്ങളുടെ പ്രത്യക്ഷ ഉദാഹരണമാണ്.

അഞ്ചാംകല്ല് പുളിക്കകടവ് റോഡും, കിഴക്കേ ടിപ്പുസുൽത്താൻ റോഡും P.W.D. യുടെ അധീനതയിലായിട്ടുണ്ട്. എങ്കിലും ഗ്രാമപഞ്ചായത്തിലെ ഒട്ടുമിക്ക റോഡുകളും വർദ്ധിച്ചു വരുന്ന ഗതാഗത ആവിശ്യം നിറവേറ്റാൻ കഴിയുംവിധം മെച്ചപ്പെട്ടവയല്ല. പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡിൻെറ പടിഞ്ഞാറു ഭാഗത്ത് താമസിക്കുന്ന വർക്ക് പഞ്ചായത്തിൻെറ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെകുറഞ്ഞ ഗതാഗത സൗകര്യങ്ങളെ നിലവിലുള്ളു. കടപ്പുറം ദ്വീപു നിവാസികളെയാണ് ഗതാഗത പ്രശ്നം രൂക്ഷമായി ബാധിക്കുന്നത്. പഞ്ചായത്തിൻെറ മറ്റു മേഖലകളുമായി ബന്ധപ്പെടുന്നതിന് വഞ്ചിമാത്രം ആശ്രയിക്കേണ്ടി വരുന്ന ഇവർക്ക് പലപ്പോഴും ആപൽഘട്ടങ്ങളിൽ വൈദ്യസഹായം ലഭിക്കാതെ പോകുന്നുവെന്നുള്ളതാണ് വസ്തുത. വിദ്യാർത്ഥികളും, ഗർഭിണികളും അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങളും ചില്ലറയല്ല. ആയതിനാൽ അടിയന്തിര പ്രാധാന്യം നൽകി ദ്വീപിനെ ബന്ധിപ്പിക്കുന്ന പാലങ്ങൾ നിർമ്മിക്കേണ്ടതാണ്.

| ഇനം | റോഡുകളുടെ പേര് | വാർഡ് | ആകെ നീളം |
|---|---|---|---|
| | കടപ്പുറം റോഡ് | I | |
| | പനക്കൽ രാഘവൻ മാസ്റ്റർ റോഡ് | I | |
| | സി. എസ് ഗോപാലൻ (വെസ്റ്റ് പുഴ) റോഡ് | I,II | |
| | തിരുമംഗലം ടെമ്പിൾ റോഡ് | II | |
| | ഇച്ചാക്കൻ മാസ്റ്റർ റോഡ് | II | |
| | ഏത്തായി പടിഞ്ഞാറ് പുഴ റോഡ് | II | |
| | ടിപ്പുസുൽത്താൻ പടിഞ്ഞാറെ പുഴ റോഡ് | II, III | |
| | ഫാദർ ചിറ്റിലപ്പിള്ളി റോഡ് | III | |
| ചരൽ | എ. കെ. ജി. റോഡ് | IV | 17 K.M. |
| | ബംഗ്ലാവുകടവ് ചിപ്പിമാട് റോഡ് | IV | |
| | ചേറ്റുവ പുത്തൻതോട് റോഡ് | V | |
| | വി. എസ്. കേരളീയൻ റോഡ് | VI | |
| | പനയംകുളങ്ങര റോഡ് | VII | |
| | പനയംകുളങ്ങര പിഞ്ഞാറെപാടം റോഡ് | VII | |
| | പനയംകുളങ്ങര പള്ളിക്കടവ് റോഡ് | VIII | |
| | ശ്രീനാരായണ റോഡ് | VIII | |
| | ബി. എൽ. എസ് റോഡ് | VIII | |
| | കണ്ണംകുളങ്ങര സരോജിനിപുരം റോഡ് | IX | |
| | ജി. എസ്. എസ്. റോഡ് | IX | |
| | പണിക്കർ റോഡ് | X | |
| | മൈത്രീ റോഡ് | X | |
| | (19) | | |
| മെറ്റൽ | കടപ്പുറം റോഡ് | I | 4 K.M. |
| | എൻ. എച്ച്. എസ്. ചേലതോട് | X | |
| | (2) | | |
| | പൊക്കുളങ്ങര വെസ്റ്റ് റോഡ് | I, II | |
| | ഒറ്റ ഞാവൽ റോഡ് | II | |
| | ഏത്തായി പടിഞ്ഞാറ് ടിപ്പുസുൽത്താൻ ലിങ്ക് റോഡ് | II, III | |
| | പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡ് | I, II, III | |
| | 5-ാം കല്ല് അഴിമുഖം റോഡ് | I, II, III | |
| | ഡോ. അംബേദ്കർ റോഡ് | IV, V | |
| | എം. ഇ. എസ് പുളിക്കകടവ് റോഡ് | VI, VII | |
| ടാർ | 5-ാം കല്ല് പുളിക്കകടവ് റോഡ് | VII, VIII | 23.800 K.M. |
| | എത്തായി പുളിക്കകടവ് റോഡ് | VIII, IX | |

| | | |
|---|---|---|
| ചന്തപ്പടി കിഴക്കേ ടിപ്പുസുൽത്താൻ ലിങ്ക് റോഡ് | IX | |
| പൊക്കുളങ്ങര കിഴക്ക് ടിപ്പുസുൽത്താൻ ലിങ്ക് റോഡ് | IX | |
| സെൻറ് തോമസ് വേട്ടക്കൊരു മകൻ റോഡ് | IX, X | |
| സി. എസ്. പോപാലൻ റോഡ് | IX, X | |
| കൊട്ടാരം റോഡ് | X | |
| മാമ്പുള്ളക്കാവ് റോഡ് | X | |
| മീൻകടവ് റോഡ് | X | |
| ആയിരംകണ്ണി എൻ. എച്ച്. ലിങ്ക് റോഡ് | X | |
| മണപ്പാട് ബണ്ട് റോഡ് | X | |
| കിഴക്കെ ടിപ്പുസുൽത്താൻ റോഡ് | VI-X | |
| (21) | | |
| ആകെ (42) | | 44.8 K.M. |

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൻെറ തീരദേശത്ത് റോഡ് നിർമ്മിക്കണം
2. ഒന്നാം വാർഡിലെ അംഗൻവാഡി പരിസരത്തുകൂടെ പടിഞ്ഞാറ് പുഴവരെ റോഡ് നിർമ്മിക്കണം.
3. എലൈറ്റ് പടി മുതൽ പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡുവരെ പുതിയൊരു റോഡ് നിർമ്മിക്കണം.
4. ഒന്നാംവാർഡിൽ കടപ്പുറം പാലം അടിയന്തിരമായി നിർമ്മിക്കണം.
5. ഒന്നാം വാർഡിലെ നിലവിലുള്ള എല്ലാ റോഡുകളും അറ്റകുറ്റപണികൾ നടത്തണം.
6. ഇച്ചാക്കൻ മാസ്റ്റർ ോഡിൻെറ വീതി കൂട്ടണം.
7. ഏത്തായ് ബീച്ച് ോഡ് ടാർചെയ്ത് സംരക്ഷിക്കണം.
8. തിരുമംഗലം കോളനിയിലേക്ക് പുതിയ റോഡ് വേണം.
9. തിരുമംഗലം പടിഞ്ഞാറെ റോഡ് പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡുമായി ബന്ധിപ്പിക്കണം.
10. ഇച്ചാക്കൻ മാസ്റ്റർ റോഡുമായി ബന്ധപ്പെടുത്തി N.H. 17ൽ നിന്ന് M.I. 'ബോയ്സ് ടൗൺ' ന് അരുകിലൂടെ പുതിയ റോഡ് വേണം.
11. പങ്കൻതോട് കോളനിയിലേക്ക് റോഡ് വേണം.
12. തിരുമംഗലം തെക്കെ റോഡ് പൊക്കുളങ്ങര പടിഞ്ഞാറെ റോഡുമായി ബന്ധിപ്പിച്ചുകൊണ്ട് പുതിയൊരു റോഡ് നിർമ്മിക്കണം.
13. മൂന്നാം വാർഡിലെ കടത്തുവഞ്ചി അറ്റകുറ്റപ്പണികൾ നടത്തണം.
14. മൂന്നാം വാർഡിലെ കടപ്പുറം പ്രദേശവുമായി ബന്ധപ്പെടുന്നതിന് പാലം നനർമ്മിക്കണം.
15. ഫാദർ ചിറ്റിലപ്പിള്ളി റോഡ് പൊതുശ്മശാനത്തിനരികിൽ നിന്നും പടിഞ്ഞാറോട്ട് പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡുമായും, കോളനിയിലൂടെ ഏത്തായിയിൽനിന്നും പടിഞ്ഞാറോട്ടുള്ള റോഡുമായും ബന്ധിപ്പിക്കണം.

16. തെക്കേ കടപ്പുറവും വടക്കെ കടപ്പുറവുമായി ബന്ധിപ്പിച്ചുകൊണ്ട് റോഡുപാലവും നിർമ്മിക്കണം.

17. അഞ്ചാംകല്ല് - ബംഗ്ലാവ് കടവ് റോഡിൽനിന്ന് ഹരിജൻ സഹകരണ പ്രസ്സ് വഴി N.H. 17 മായി ബന്ധിപ്പിക്കുന്ന റോഡ് ടാറിങ്ങ് നടത്തണം.

18. ഫിഷറീസ് സ്കൂൾ റോഡ് അറ്റകുറ്റപ്പണിക നടത്തണം.

19. അഞ്ചാംകല്ല് ബംഗ്ലാവ് കടവ് റോഡ് റീ ടാറിംഗ് ചെയ്ത് ബസ്സ് സർവ്വീസ് സുഗമമാക്കണം

20. ബംഗ്ലാവ് കടവ് ചിപ്ലിമാട് റോഡിൻെറ അവശേഷിക്കുന്ന ഭാഗം ചരൽ വിരിക്കേണ്ടതും ഗതാഗതയോഗ്യമാക്കേണ്ടതുമാണ്. ഈ റോഡിനു കുറകെ ആവശ്യമുള്ള പാലം ഉടൻ നിർമ്മിക്കണം.

21. M.E.S. ചിപ്ലിമാട് റോഡിൻെറ നിർമ്മാണം ഉടൻ പൂർത്തിയാക്കേണ്ടതും ടാറിംഗ് നടത്തേണ്ടതുമാണ്.

22. പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡിൽനിന്നും ചിപ്ലിമാട് റോഡുമായി ബന്ധിപ്പിക്കുന്ന പുതിയൊരു റോഡ് നിർമ്മിക്കണം.

23. പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡിൽനിന്ന് KPR നഗർ റോഡിലേക്ക് ഒരു പുതിയ റോഡ് വേണം.

24. A.K.G. റോഡും അംബേദ്കർ റോഡും സൗത്ത് കോളനിയുമായി ബന്ധിപ്പിക്കണം.

25. ടിപ്പുസുൽത്താൻ കോട്ടയ്ക്ക് സമീപത്തുനിന്നും മുനകടവിലേക്ക് റോഡ് നിർമ്മിക്കുകയും ഇതിനെ ചിപ്ലിമാട് റോഡുമായി ബന്ധിപ്പിക്കുവാൻ കോട്ടയ്ക്ക് സമീപം ഒരു പാലം നിർമ്മിക്കുകയും വേണം.

26. A.K.G. റോഡിൽ നിന്നും കാട്ടുപാടം കോളനിയിലേക്ക് പുതിയൊരു റോഡ് ആവശ്യമാണ്.

27. ബംഗ്ലാവ് കടവിൽ നിന്ന് വടക്കോട്ട് വരുന്ന റോഡുമായി പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡിനെ ബന്ധിപ്പിക്കേണ്ടതാണ്.

28. ചേറ്റുവ അഴിമുഖത്തെമണൽതിട്ട നീക്കംചെയ്ത് മൽസ്യബന്ധന ബോട്ടുകളുടെ ഗതാഗതതടസ്സം പരിഹരിക്കേണ്ടതാണ്.

29. ചേറ്റുവ കടവ് ഭാഗത്തുനിന്നും പടന്നഭാഗത്തേക്ക് പുതിയ റോഡ് നിർമ്മിക്കണം.

30. ചേറ്റുവ ഐസ് പ്ലാൻറിൻെറ അരികിലൂടെ കിഴക്കോട്ട് പോകുന്ന റോഡ് കോളനി പ്രദേശങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് V.S. കേരളീയൻ റോഡിനോട് ചേർക്കണം.

31. M.E.S. പുളിക്കകടവ് റോഡ് റീ ടാറിങ്ങ് നടത്തേണ്ടതാണ്.

32. പനയംകുളങ്ങര പടിഞ്ഞാറെപ്പാടം റോഡ് മെറ്റലിട്ട് ടാർ ചെയ്യണം.

33. ആനാംകടവ് റോഡ് ചരലിട്ട് ഉപയോഗക്ഷമമാക്കണം

34. പനയംകുളങ്ങര പടിഞ്ഞാറെപ്പാടം റോഡും കിഴക്കെ ടിപ്പുസുൽത്താൻ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡിൽ ആവശ്യമായ 3 കൽവർട്ടുകൾ നിർമ്മിക്കുകയും റോഡ് ചരലിട്ട് ഗതാഗതയോഗ്യമാക്കുകയും ചെയ്യണം.

35. മനുഷ്യ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് പനയംകുളങ്ങര ക്ഷേത്രത്തിന് പടിഞ്ഞാറു ഭാഗത്ത് കൂടെ നിർമ്മാണമാരംഭിച്ച അഞ്ചാംകല്ല് പുളിക്കടവ് റോഡും, M.E.S. പുളിക്കകടവു റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയ പനയംകകളങ്ങര ടെമ്പിൾ റോഡിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് ഉടൻ ഗതാഗതയോഗ്യമാക്കേണ്ടതാണ്.



309

36. പുളിക്കക്കടവ് പാലത്തിൻെറ നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാൻ നടപടികളെടുക്കണം.

37. ശ്രീനാരായണ റോഡ്, B.L.S. റോഡ് എന്നിവ ടാറിംഗ് നടത്തണം.

38. പനയംകുളങ്ങര പുളിക്കടവ് റോഡ് ഗതാഗത യോഗ്യമാക്കണം.

39. പുളിക്കക്കടവിനേയും പള്ളിക്കടവിനേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു തീരദേശറോഡ് നിർമ്മിക്കണം.

40. ഏത്തായ് മുതൽ തൃക്കയിൽ ക്ഷേത്രം വഴി ശ്രീനാരായണ റോഡിനെ ബന്ധിപ്പിക്കുന്ന ഒരു പുതിയ റോഡ് നിർമ്മിക്കണം.

41. സരോജിനിപുരം റോഡ് ചന്തക്കടവ് വരെ നീട്ടേണ്ടതും ചരൽചെയ്ത ഭാഗം ടാറിങ്ങ് നടത്തേണ്ടതുമാണ്.

42. വേട്ടയ്ക്കൊരുമകൻ കടവ് മുതൽ പള്ളിക്കടവ് വരെയുള്ള റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

43. പൊക്കുളങ്ങര റോഡിൻെറ മദ്ധ്യഭാഗത്തുനിന്ന് പുഞ്ചപ്പാടംവഴി സെൻറ് തോമസ് ഹൈസ്ക്കൂൾ സമീപത്തുകൂടി പടിഞ്ഞാറോട്ട് പോകുന്ന റോഡുമായി ബന്ധിപ്പിക്കുന്ന ഒരു റോഡ് നിർമ്മിക്കണം.

44. മൈത്രി റോഡ് തെക്കോട്ട് നീട്ടാൻ വേണ്ട നടപടികളെടുക്കണം.

45. കാനോലികനാലിന് തെക്കുവടക്ക് സമാന്തരമായി പുതിയ റോഡ് നിർമ്മിക്കണം.

46. എലൈറ്റ് പടി ബസ് സ്റ്റോപ്പിന് കിഴക്കോട്ട് കാനോലിക്കനാൽ വരെ ഒരു പുതിയ റോഡ് നിർമമിക്കണം

47. മണപ്പാട് തെക്കുഭാഗത്ത് ചേലോട്ടിൽ ഒരു പാലം നിർമ്മിക്കണം.

## ഊർജ്ജം

ഊർജ്ജം സമം വൈദ്യുതി എന്നതാണ് നമ്മുടെ പഞ്ചായത്തിലും നിലനിൽക്കുന്ന ഊർജ്ജ സങ്കൽപ്പം. നമ്മുടെ പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ വേണ്ടവിധം ഉപയോഗിക്കുവാൻ ഇതുമൂലം കഴിയാതെ വരുന്നു. രാജ്യം മുഴുവൻ അനുഭവപ്പെടുന്ന അതിരൂക്ഷമായ ഊർജ്ജ പ്രതിസന്ധിയെക്കുറിച്ച് നാം വേണ്ടത്ര ബോധവാന്മാരല്ല എന്നതാണ് സത്യം. വർഷക്കാലത്തുപോലും പവർകട്ടു മൂലമുള്ള ദുരിതങ്ങൾ നേരിട്ടനുഭവിക്കേണ്ടി വന്നപ്പോൾ മാത്രമാണ് വൈദ്യുതി പ്രതിസന്ധിയെപ്പറ്റി പോലും നാം ചിന്തിച്ചു തുടങ്ങിയത്.

ഗ്രാമത്തിൽ വൈദ്യുതി എത്തിച്ചേർന്നിട്ട് മുപ്പത്തഞ്ചു വർഷങ്ങൾ പിന്നിട്ടിട്ടും അമ്പതു ശതമാനത്തിലേറെ വീടുകളും ഇന്നും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. കണക്ഷൻ ലഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകളും, കാലതാമസവും, അതിലുപരി വൈദ്യുതി ഉപയോഗിക്കുന്നതുകൊണ്ടുള്ള നാനാവിധ നേട്ടങ്ങളെക്കുറിച്ചുള്ള വേണ്ടത്ര അവബോധമില്ലായ്മയുമാണ് സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഭൂരിഭാഗം കുടുംബങ്ങളേയും വൈദ്യുതി ഉപഭോക്താക്കളായി മാറ്റുന്നതിൽ തടസ്സം നിൽക്കുന്നത്.

രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന നമ്മുടെ ഗ്രാമത്തിൽ വിതരണം ചെയ്യപ്പെടുന്ന വൈദ്യുതി പൂർണ്ണമായും കാര്യക്ഷമമായി പ്രയോജനപ്പെടുത്താനാകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വിതരണ ശൃംഖലയിലെ കാര്യമായ പ്രസരണ നഷ്ടം ഒഴിവാക്കുകയും, ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, വൈകീട്ട് 6 മുതൽ 9 മണിവരെയുള്ള സമയങ്ങളിലെ വൈദ്യുതിയുടെ ദുരുപയോഗം തടയുകയും, കൂടുതൽ പ്രവർത്തനക്ഷമതയുള്ള ബൾബുകളടക്കമുള്ള വൈദ്യുതോപകരണങ്ങൾ മാത്രമാണ് ഉപയോഗിക്കപ്പെടുന്നതെന്ന് ഉറപ്പു വരുത്തുകയും ചെയ്താൽ ഗ്രാമത്തിൽ ഇന്നനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം ഒരളവോളം പരിഹരിക്കാനാവുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം.

ഗുരുവായൂർ സബ്സ്റ്റേഷൻ നിലവിൽ വരുന്നതിന് മുൻപ് മുതൽ, ഒരു താൽക്കാലിക സംവിധാനമെന്ന നിലയിൽ ചേറ്റുവ ഫീഡറിൽ നിന്നും ഒരുമനയൂർ, കടപ്പുറം മേഖലകളിലേയ്ക്ക് നൽകിവരുന്ന വൈദ്യുതി വിതരണം നിർത്തലാക്കുന്നതും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിൻെറ ഭാഗമായി പരിഗണിക്കാവു നടപടികളാണ്.

പഞ്ചായത്തിൻെറ തീരപ്രദേശങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദനം നടത്തുവാനുള്ള സാദ്ധ്യതകളും പരിശോധിക്കാവുന്നതാണ്.

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരിൽ ചെറിയൊരു വിഭാഗം മാത്രം പാചകാവശ്യങ്ങൾക്കായി L.P.G. പോലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. L.P.G. കണക്ഷനുകൾ ലഭിക്കാനുള്ള വർദ്ധിച്ച കാലതാമസം മൂലം ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. പാചകാവശ്യങ്ങൾക്ക് മുഖ്യമായും ഉപയോഗിച്ചു വരുന്ന വിറകടുപ്പുകൾ പൂർണ്ണകാര്യക്ഷമതയോടെ പ്രയോജനപ്പെടുത്താൻ നമുക്കു കഴിയുന്നില്ലെന്നതാണ് വസ്തുത.

പുകയില്ലാത്ത ദൂക്ഷത കൂടിയ വിറകടുപ്പുകൾ, പ്രഷർ കുക്കറുകൾ, കച്ചിപ്പെട്ടികൾ തുടങ്ങിയവയുടെ വ്യാപകമായ ഉപയോഗത്തിലൂടെ, ഈ രംഗത്തുള്ള ഊർജ്ജനഷ്ടം പരിഹരിക്കാവുന്നതാണ്. സാമ്പത്തിക നേട്ടത്തോടൊപ്പം ആരോഗ്യപരിരക്ഷക്കും ഇത് ഒരു പരിധി വരെ സഹായകമായിരിക്കും.

മറ്റൊരു പാചക ഇന്ധനം കൂടിയായ മണ്ണെണ്ണയുടെ പെർമിറ്റ് നൽകുന്നതിന് ഇന്ന് സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് ഒട്ടും പ്രയോജനകരമല്ലാത്തതാണ്.

1. നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ

| | | | |
|---|---|---|---|
| (a) | ഗാർഹികം | : | 2730 |
| (b) | വ്യാപാരം | : | 590 |
| (c) | വ്യാവസായികം | : | 60 |
| (d) | കാർഷികം | : | 1280 |
| | ആകെ | : | 4660 |

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകൾ

| | | | |
|---|---|---|---|
| (a) | ഓർഡിനറി | : | 126 |
| (b) | ഒ.ടി.പി. | : | 42 |
| (c) | ഒ.വൈ.ഇ.സി. | : | 53 |
| ആകെ | | : | 221 |

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | | | |
|---|---|---|---|
| (a) | ബൾബ് 40 W | : | 246 |
| (b) | ട്യൂബ് 40W x 2 | : | 11 |

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ : 5

5. തൻ വർഷത്തെ കണക്ഷൻ


| | | | |
|---|---|---|---|
| (a) | ഓർഡിനറി | : | 29 |
| (b) | ഒ.ടി.പി. | : | 42 |
| (c) | ഒ.വൈ.ഇ.സി. | : | 53 |

## ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കോളനിയുടെ പേര് | വൈദ്യുതി ലഭിച്ച കുടുംബങ്ങൾ | സൗജന്യ സ്ലാബിൽ വൈദ്യുതി ലഭിക്കുന്നവർ | പണം നൽകി വൈദ്യുതി ഉപയോഗിക്കുന്നവർ |
|---|---|---|---|---|
| II | പങ്കൻ തോട് കോളനി | (വയറിങ്ങ് ചെയ്ത് അപേക്ഷിച്ചിട്ടില്ല) | | |
| IV | കാട്ടുകുളം കോളനി | 4 | 4 | 4 |
| IV,V | ഡോ. അംബേദ്ക്കർ കോളനി | 40 | 10 | 30 |
| IV | ചിപ്ലിമാട് കോളനി | 14 | 4 | 2 |
| X | മണപ്പാട് കോളനി | 70 | 20 | 14 |
| VI | പടന്ന കോളനി | (ചാർജ്ജ് ചെയ്തിട്ടില്ല. കണക്ഷൻ നൽകാനുള്ളത് 13) | | |

**ഗ്രാമസഭാനിർദ്ദേശങ്ങൾ**

1. കളരിക്കുന്ന് കോളനി, ഗോൾഡൻ മൈതാനിക്ക് സമീപമുള്ള ഹരിജൻ വീടുകൾ, പൊക്കുളങ്ങര പടിഞ്ഞാറ് ഭാഗത്തുള്ള ചില പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഉടൻ വൈദ്യുതി ലഭ്യമാക്കണം.
2. മൂന്നാംവാർഡിലെ കടപ്പുറം പ്രദേശത്ത് വൈദ്യുതി എത്തിക്കണം.
3. ബംഗ്ലാവ് കടവ് പരിസരത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
4. കോട്ട, മുനക്കകടവ് പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കണം.
5. കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള അതിനുള്ള പദ്ധതികൾ അനുകൂല സാഹചര്യങ്ങൾ നിലനിൽക്കുന്നു.സാദ്ധ്യത പരിശോധിച്ച് തീരപ്രദേശങ്ങളിൽ നടപ്പാക്കണം.
6. വി.എസ് കേരളീയൻ റോഡിൻെറ പരിസരപ്രദേശങ്ങളിൽ അനുഭവപ്പെടുന്നു. കടുത്ത വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
7. ഏഴാം വാർഡിൽ ഒരു ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കണം.
8. ചന്തപ്പടി വടക്കുഭാഗത്ത് താമസിക്കുന്ന മുപ്പത്തിയഞ്ചോളം വരുന്ന ഹരിജൻ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകണം.
9. പഞ്ചായത്തിൻെറപല പ്രദേശങ്ങളിലും, പ്രത്യേകിച്ച് II, III, IV, VII മുതലായ വാർഡുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ ക്ഷാമം പരിഹരിക്കണം.
10. നാലാം വാർഡിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചുകൊടുക്കാൻ നടപടിയെടുക്കണം.
11. എല്ലാ വാർഡുകളിലും സ്റ്റ്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.





32

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

അരനൂറ്റാണ്ടുകൾക്ക് മുൻപ് നമ്മുടെ പഞ്ചായത്തിലെ പാർപ്പിടങ്ങളിൽ ഭൂരിപക്ഷവും ഓല മേഞ്ഞവയും ഓലക്കുടിലുകളും ആയിരുന്നു. ചെങ്കൽ ത്തറയും നാടൻ ഇഷ്ടികചുമരുമായിരുന്നു അന്നുണ്ടായിരുന്നത്. ഗതാഗത സൗകര്യവും സാമ്പത്തികപുരോഗതിയും കൈവരിച്ചതോടെ 1970-നു ശേഷം പാർപ്പിട നിർമ്മാണത്തിൽ പുരോഗതി ദൃശ്യമായി. ഗൃഹനിർമ്മാണവസ്തുക്കൾ പുറമെനിന്നുകൊണ്ട് വരുവാനുള്ള ഗതാഗത സൗകര്യം വർദ്ധിക്കുകയും ജനങ്ങളുടെ ക്രയശേഷി ഉയരുകയും ചെയ.തതോടെ നിരവധി കോൺക്രീറ്റ് കെട്ടിടങ്ങൾ പഞ്ചായത്തിൽ വ്യാപകമായി നിർമ്മിക്കാൻ തുടങ്ങി. പല മണിമന്ദിരങ്ങളും ഇക്കൂട്ടത്തിൽപെടും. ഇപ്പോൾ വർഷംതോറും 200-ൽപരം വീടുകൾ പുതുതായി നിർമ്മിക്കപ്പെടുന്നു. പാർപ്പിടത്തിൻെറ ആവശ്യകത വർദ്ധിക്കുന്നതനുസരിച്ച ഭൂമിവിലയും ക്രമാതീതമായി വർദ്ധിച്ചുവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും, മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും ഭൂമി വാങ്ങി വീട് നിർമ്മിക്കുകയെന്നത് ഒരു മരീചികയായി മാറിക്കൊണ്ടിരിക്കുകയാണ്.

### പ്രശ്നങ്ങൾ

1. താഴ്ന്ന വരുമാനക്കാർക്ക് വീട് നൽകുവാനുള്ള ഫലപ്രദമായ പദ്ധതി ആിഷ്കരിക്കണം.
2. കെട്ടിടനിർമ്മാണ വസ്തുക്കളുടെ ക്രമാതീതമായ വിലവർദ്ധനവ് ലഘൂകരിക്കണം.
3. ഈ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കണം.
4. ചിലവ് കുറഞ്ഞ വീട് നിർമ്മാണം പ്രോൽസാഹിപ്പിക്കണം.
5. കാലാവസ്ഥയ്ക്ക് അനുയോജ്യമായ നിർമ്മാണരീതി ഉണ്ടാക്കണം.
6. ഭവന നിർമ്മാണ വായ്പ ഏജൻസികളെ സംയോജിപ്പിച്ച് ദീർഘകാല ലോൺ പദ്ധതിയും ചുരുങ്ങിയ പലിശക്ക് ഇടത്തരക്കാർക്ക് ലോൺ നൽകുവാനുള്ള പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

## സാമൂഹ്യക്ഷേമം

ഈ നൂറ്റാണ്ടിൻെറ ആരംഭം മുതൽ ജാതിവ്യത്യാസങ്ങളും ഉച്ചനീചത്വങ്ങളും കൊടികുത്തിവാണിരുന്ന ഒരു സാമൂഹ്യാന്തരീക്ഷമാണ് നിലനിന്നിരുന്നത്. താഴ്ന്നജാതിക്കാർക്ക് വഴി നടക്കാൻ സ്വാതന്ത്രം ഇല്ലാതിരുന്ന കാലഘട്ടം. ആരാധനാ സ്വാതന്ത്ര്യം പോലും ഉണ്ടായിരുന്നില്ല. നവോത്ഥാനപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളാണ് ഈ പ്രവണതകൾക്ക് മാറ്റം കുറിച്ചത്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ അയിത്തം നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരുടെ സമരങ്ങളുടെ ഭാഗമായി ആരാധനാ സ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടു.

അവർണ്ണർക്ക് വിദ്യാഭ്യാസ നിഷേധവും, ഉദ്യോഗ നിഷേധവും സഹിക്കേണ്ടിവന്ന കാലഘട്ടത്തിൽ നിന്നും മാറ്റമുണ്ടായി. നിരവധി പ്രക്ഷോഭപ്രവർത്തനങ്ങളുടെ ഫലമായി കീഴ് ജാതിക്കാർക്ക് ആനുകൂല്യങ്ങൾ ലഭിച്ചു.

നിലിലുള്ള പദ്ധതിപ്രവർത്തനങ്ങളുടെ ഫലമായി ഐ.ആർ.ഡി.പി., ഡി.ഡബ്ലിയു.സി.ആർ.എ. എന്നീ പദ്ധതികൾ വഴി നിരവധി ക്ഷേമപദ്ധതികൾ നിലവിൽ വന്നു. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് ഒരു പരിധി വരെ ഗുണം ലഭിച്ചെങ്കിലും ഇനിയും ഈ വിഭാഗത്തിൻെറ പുരോഗതിക്കായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു യഥാർത്ഥത്തിൽ അർഹരായവരെ കണ്ടെത്തി, ബോധവൽക്കരണം നടത്തി മേൽ ഉദ്ധരിച്ച പദ്ധതികളുടെ ഗുണഭോക്താക്കളാക്കി മാറ്റുന്നതിന് ശ്രമകരമായ പ്രവർത്തനം ഇനിയും നടത്തേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിൽ 19 അംഗനവാടികൾ ഉള്ളതിൽ സ്വന്തമായ സ്ഥലവും കെട്ടിടവും ഉള്ളത് 11 എണ്ണം മാത്രമാണ്. പ്രതിരോധ ചികിൽസയും പോഷകാഹാര വിതരണവും തൃപ്തികരമായി ഈ സ്ഥാപനങ്ങളിൽ നടക്കുന്നു.

### പ്രശ്നങ്ങൾ

1. അംഗനവാടികൾക്ക് സ്ഥലസൗകര്യം വർദ്ധിപ്പിക്കുകയും ആവശ്യമായ ഉപകരണങ്ങൾ നൽകുകയും വേണം.

2. ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനവും പരിശീലനവും നൽകണം.
3. പെൻഷനുകൾ കാലവിളംബം കൂടാതെ നൽകണം.
4. ട്രൈസം പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പ് വരുത്തണം.
5. ധനസഹായങ്ങൾ ഏകീകരിച്ച് പഞ്ചായത്ത് വഴി വിതരണം ചെയ്യണം.
6. സംരക്ഷകരില്ലാത്ത വൃദ്ധജനങ്ങൾക്ക് വേണ്ടി വൃദ്ധസദനങ്ങൾ നിർമ്മിക്കണം.
7. ഹോം നഴ്സിങ്ങ് പരിശീലനകേന്ദ്രം സ്ഥാപിക്കുക.
8. മദ്യവർജ്ജന ബോധവൽക്കരണം നടത്തണം.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിലെ കടപ്പുറം പ്രദേശത്ത് ഒരു റേഷൻഷാപ്പ് അനുവദിക്കണം.
2. ഒന്നാം വാർഡ് ലക്ഷംവീടുകോളനിയിലെ വീടുകളുടെ കേടുപാടുകൾ തീർക്കുകയും വീടുവെക്കാൻ സ്ഥലമില്ലാത്ത അമ്പതോളം കുടുംബങ്ങൾക്ക് പുനരധിവാസ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും വേണം. കോളനിയിൽ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവയുടെ കുറവ് പരിഹരിക്കണം.
3. ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.
4. 2-ാം വാർഡിൽ സ്വന്തമായി വീടില്ലാത്ത നാനൂറോളം കുടുംബങ്ങൾക്ക് വീടുവെക്കാനുള്ള സഹായം നൽകണം.
5. സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ വൈദ്യുതീകരിക്കണം.
6. നിലവിലുള്ള പൊതുശ്മശാനങ്ങൾ മതിൽകെട്ടി സംരക്ഷിക്കണം.
7. 4-ാം വാർഡിലെ പൊതുശ്മശാന വൈദ്യുത ശ്മശാനമാക്കി മാറ്റണം.
8. ഭവന നിർമ്മാണ വായ്പയുടെ പരിധി ഉയർത്തുകയും വ്യവസ്ഥകൾ ഉദാരമാക്കുകയും വേണം.
9. പഞ്ചായത്ത് തലത്തിൽ ഒരു വൃദ്ധസംരക്ഷണ മന്ദിരം സ്ഥാപിക്കണം.
10. പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാല നിർമ്മിക്കണം.

## വീടിൻെറ മേൽപ്പുരയുടെ സ്വഭാവം

| കോൺക്രീറ്റ് | ഓട് | ഓലപ്പുര | ആകെ |
|---|---|---|---|
| 2668 | 1706 | 1952 | 6326 |



33

## അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | അംഗൻ വാടിനമ്പർ | വാർഡ് നമ്പർ | ആകെയുള്ള കുട്ടികൾ | | | സ്വന്തമായ കെട്ടിടമുണ്ടോ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | 1 | V | 51 | 51 | 102 | ഇല്ല |
| 2 | 2 | IV | 23 | 32 | %% | ഉണ്ട് |
| 3 | 3 | V | 39 | 41 | 80 | ഉണ്ട് |
| 4 | 4 | V | 18 | 33 | 51 | ഉണ്ട് |
| 5 | 5 | VII | 39 | 40 | 79 | ഇല്ല |
| 6 | 6 | VIII | 26 | 28 | 54 | ഇല്ല |
| 7 | 7 | VI | 38 | 38 | 76 | ഇല്ല |
| 8. | 8 | VIII | 33 | 42 | 75 | ഇല്ല |
| 9. | 9 | XI | 43 | 36 | 79 | ഉണ്ട് |
| 10. | 10 | X | 30 | 35 | 65 | ഉണ്ട് |
| 11. | 11 | IX | 30 | 38 | 68 | ഉണ്ട് |
| 12. | 12 | III | 24 | 39 | 63 | ഉണ്ട് |
| 13. | 13 | III | 32 | 35 | 67 | ഉണ്ട് |
| 14. | 14 | II | 36 | 50 | 86 | ഉണ്ട് |
| 15. | 15 | I | 37 | 44 | 81 | ഉണ്ട് |
| 16. | 16 | I | 47 | 31 | 78 | ഉണ്ട് |
| 17. | 17 | I | 23 | 20 | 43 | ഇല്ല |
| 18. | 18 | X | 22 | 28 | 50 | ഇല്ല |
| 19. | 19 | X | 35 | 23 | 58 | ഇല്ല |

# പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ വിവരങ്ങൾ

| സർക്കാർ ഓഫീസുകൾ | വിദ്യാഭ്യാസ സ്ഥാപനങ്ങൾ | ആരോഗ്യ സ്ഥാപനങ്ങൾ | ധനകാര്യ സ്ഥാപനങ്ങൾ | സഹകരണ സ്ഥാപനങ്ങൾ | മറ്റുസ്ഥാപനങ്ങൾ |
|---|---|---|---|---|---|
| പഞ്ചായത്ത് ഓഫീസ് | ഹൈസ്ക്കൂൾ 2 | പ്രൈമറി ഹെൽത്ത് സെൻറർ | ഇന്ത്യൻ ഓവർസീസ് ബാങ്ക് | ഏങ്ങണ്ടിയൂർ കർഷക സർവ്വീസ് സഹകരണ ബാങ്ക് | ഹരിജൻ വെൽഫെയർ പ്രീമെട്രിക് ഹോസ്റ്റൽ |
| വില്ലേജ് ഓഫീസ് | യു.പി.സ്ക്കൂൾ 4 | പ്രൈമറി സബ് സെൻറർ 1 | ഫെഡറൽ ബാങ്ക് | ഹരിജൻ സർവ്വീസ് സഹകരണസംഘം | M.I. ബോയ്സ് ടൗൺ (അനാഥശാല) |
| കൃഷിഭവൻ | എൽ.പി.സ്ക്കൂൾ 4 | ആയുർവ്വേദ ഡിസ്പെൻസറി | കാത്തലിക് സിറിയൻ ബാങ്ക് | കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം | I.J.കൾച്ചർ കോൺവെൻറ് (അനാഥശാല) |
| ഫിഷറീസ് ഇൻസ്പെക്ടറുടെ ഓഫീസ് | അംഗൻവാടി 19 | M.E.S. ആശുപത്രി | സൗത്ത് ഇൻഡ്യൻ ബാങ്ക് | ഏങ്ങണ്ടിയൂർ വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണസംഘം | റേഷൻ ഷാപ്പ് 11 |
| തുറമുഖ വികസന ഓഫീസ് | നഴ്സറി 5 | M.I. ആശുപത്രി | നാട്ടിക ഫർക്കാ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | സ്കൂൾ സഹകരണസംഘങ്ങൾ | സിനിമ ടാക്കീസ് |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് (2) | ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് 2 | V.P. ഹോസ്പിറ്റൽ | ഏങ്ങണ്ടിയൂർ കർഷക സർവ്വീസ് സഹകരണബാങ്ക് | | വനിത മേസ്തിരിസംഘം |
| നാഷണൽ ഹൈവേ ഓഫീസ് | കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് 1 | കൃഷ്ണ ക്ലീനിക് | | | |
| ടെലഫോൺ എക്സ്ചേഞ്ച് | പാരലൽ കോളേജ് 1 | മൃഗാസ്പത്രി | | | |
| പോസ്റ്റാഫീസ് (2) | ട്യൂഷൻ സെൻറർ 10 | | | | |
| | വായനശാലകൾ 7 | | | | |

| ക്രമ നമ്പർ | വാർഡ് നമ്പർ | അംഗീകരിച്ച കോളനികൾ | ക്രമ നമ്പർ | വാർഡ് നമ്പർ | അംഗീകാരം കിട്ടേണ്ട കോളനികൾ |
|---|---|---|---|---|---|
| 1 | 1 | പൊക്കളങ്ങര ലക്ഷം വീട് കോളനി | 1 | 1 | കളരിക്കുന്ന് കോളനി |
| 2 | 2 | തിരുമംഗലം കോളനി | 2 | 5 | മൽസ്യത്തൊഴിലാളി കോളനി |
| 3 | 2 | പങ്കംതോട് കോളനി | 3 | 7 | പി.കെ. കുഞ്ഞച്ചൻ കോളനി |
| 4 | 3 | ഏത്തായ് ലക്ഷംവീട് കോളനി (ഗവ) | 4 | 7 | വൈലിത്തറ കോളനി |
| 5 | 3 | നായാടി കോളനി | 5 | 8 | പുളിയ്ക്കക്കടവ് പരിസരത്തുള്ള കോളനി |
| 6 | 4 | കാട്ടപ്പാടം കോളനി | 6 | 9 | ചന്തപ്പടി കോളനി |
| 7 | 4 | അംബേദ്കർ കോളനി (ഗവ) | 7 | 9 | തിരുമംഗലം കിഴക്ക് ഭാഗത്തുള്ള കോളനി |
| 8 | 4 | ചിപ്പിമാട് കോളനി | 8 | 10 | മണപ്പാട് കോളനി |
| 9 | 6 | പടന്നാ കോളനി | 9 | 10 | തിരുമംഗലം സ്ക്കൂൾ പരിസരം (തെക്ക് ഭാഗം) |
| 10 | 9 | മതേതര കോളനി | 10 | 9 | ഹനുമാൻത്തറ കോളനി |
| | | | 11 | 6 | എ.കെ.ജി. കോളനി (കിഴക്കുപുറം) |
| | | | 12 | 6 | നാട്ടുതോട് കോളനി |
| | | | 13 | 3 | സഹകരണ കോളനി |
| | | | 14 | 6 | സബർമതി കോളനി |
| | | | 15 | 1 | ഗോൾഡൻ മൈതാനം കോളനി |

# സംസ്ക്കാരം

പതിനേഴാം നൂറ്റാണ്ടിൻെറ ആദ്യകാലത്ത് നിലനിന്നിരുന്ന വ്യാവസായിക സംസ്ക്കാരത്തിൻെറ തകർച്ചയ്ക്കുശേഷം ഉയർന്നുവന്ന കർഷകരുടേയും മത്സ്യത്തൊഴിലാളികളുടെയും സംസ്ക്കാരമാണ് ഏങ്ങണ്ടിയൂർ ഗ്രാമത്തിൻെറ സാംസ്ക്കാരിക അന്തർധാര. അതോടൊപ്പം അന്നത്തെ കേരളീയ സമൂഹത്തിൽ നിലനിന്നരുന്ന സാമുദായിക ഉച്ചനീചത്വങ്ങൾ നമ്മുടെ സമൂഹത്തെയും ഗ്രസിച്ചിരുന്നതായും കാണാം.

ശ്രീനാരായണ പ്രസ്ഥാനത്തിൻെറ വളർച്ചയും, ഇടപെടലുകളും, അക്കാലത്തെ സാമൂഹ്യ പരിഷ്കർത്താക്കളുടേയും മിഷനറിമാരുടേയും പ്രവർത്തനങ്ങളും, തുടർന്ന് നടന്ന പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുടെ പ്രവർത്തനവും സാമ്പത്തികവും സാമുദായികവുമായ ഉച്ചനീചത്വങ്ങളെ പൂർണ്ണമായല്ലെങ്കിലും ഒരു പരിധി വരെ ഇല്ലാതാക്കാൻ സഹായിച്ചിട്ടുണ്ട്.

സാമൂഹ്യ പ്രവർത്തനരംഗത്തും വിദ്യാഭ്യാസരംഗത്തും സമീപസ്ഥങ്ങളായ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ മുമ്പേ, ശക്തമായ മുന്നേറ്റം കാഴ്ചവെച്ച പ്രദേശമാണ് നമ്മുടേത്. ഈ നൂറ്റാണ്ടിൻെറ മദ്ധ്യത്തോടെ വെട്ടുകാട്ടിൽ ചാത്തുകുട്ടിയെന്ന സംസ്കൃത പണ്ഡിതനാണ് ഇതിന് തുടക്കം കുറിച്ചത്. മാപ്പിള സാഹിത്യകാരനും പണ്ഡിതനുമായിരുന്ന ചേറ്റുവ പരീക്കുട്ടി, ഇദ്ദേഹത്തിൽ നിന്നും സംസ്കൃതത്തിൽ പാണ്ഡിത്യം നേടിയവരിൽ ഒരാളായിരുന്നു എന്നത് എടുത്തുപറയേണ്ടതാണ്. അക്കാലത്ത് പഠിക്കാനും പഠിപ്പിക്കാനും രണ്ട് വ്യത്യസ്ഥ സമുദായങ്ങളിലുള്ളവർ തയ്യാറായിരുന്നുവെന്നത് അന്ന് നിലനിന്നിരുന്ന സമുദായ സഹവർത്തിത്വത്തേയും, വിജ്ഞാനത്തെക്കുറിച്ചുള്ള അവരുടെ മഹനീയ കാഴ്ചപ്പാടിനേയും, സംസ്ക്കാരത്തേയും കാണിക്കുന്നു. ഏങ്ങണ്ടിയൂരിൻെറ സാംസ്ക്കാരിക രംഗത്തും വിദ്യാഭ്യാസരംഗത്തും മുന്നേറ്റത്തിന് തുടക്കം സൃഷ്ടിച്ചവരിൽ പ്രഥമ സ്ഥാനീയരാണ് സർവശ്രീ ഭ്രാതാ വേലുകുട്ടി മാസ്റ്ററും ഇച്ചാക്കൻ മാസ്റ്റർ എന്നിവർ. ഇവർ തുടങ്ങിവെച്ച വയോജന വിദ്യാഭ്യാസവും, കുടിപ്പള്ളിക്കൂടങ്ങളും സി. കൃഷ്ണവിലാസം ഗ്രന്ഥശാലയും മറ്റു പുരോഗമന പ്രവർത്തനങ്ങളും സമൂഹത്തിൽ ഉണ്ടാക്കിയ സാംസ്ക്കാരിക മുന്നേറ്റം കുറച്ചുകാണാനാവില്ല. ''മണപ്പുറം ടൈംസ്''ലൂടെ ഗ്രാമീണ പത്രപ്രവർത്തനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ വി.എസ്. കേരളീയനും ചലചിത്രരംഗത്ത് ആഗോളശ്രദ്ധേയനായ ശ്രീ രാമു കാര്യാട്ടും ഏങ്ങണ്ടിയൂരിലെ സാംസ്ക്കാരിക രംഗത്തെ ശുക്രനക്ഷത്രങ്ങളായിരുന്നു.

ആധുനിക തലമുറിൽ വളർന്നുവന്ന സാംസ്ക്കാരിക പ്രവർത്തകരുടെ പരമ്പരക്ക് ഊർജ്ജം നൽകിയത് മേൽപ്പറഞ്ഞ കലാ സാംസ്ക്കാരിക പ്രവർത്തകരുടേയും, ശ്രീനാരായണ ഗുരു, സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കെ.പി.കറുപ്പൻ, കെ. കേളപ്പൻ മന്നത്ത് പത്മനാഭൻ, ആചാര്യ വിനോബ ഭാവെ, എ.കെ.ജി. എന്നീ മഹത് വ്യക്തികളുടെയും സ്വാധീനവും സാന്നിദ്ധ്യവുമായിരുന്നു. ഇങ്ങനെ, തദ്ദേശികളായ സാമൂഹ്യ പരിഷ്കർത്താക്കളുടേയും സാംസ്ക്കാരിക പ്രവർത്തകരുടെയും പ്രേരണയിൽ വളർന്നുവന്ന സംസ്ക്കാരം അടുത്ത കാലംവരെ ആധുനിക അവസ്ഥയിലും നിലനിർത്താനുള്ള ഒരു ശ്രമം നടന്നിരുന്നു. എന്നാൽ, പുതിയ സാമൂഹിക സാഹചര്യത്തിൽ ഇത്തരം മഹത്പൈതൃകങ്ങളെ നിഷേധിക്കുന്ന ഒരു തലമുറ വളരാൻ തുടങ്ങിയത് മറ്റ് ഏത് പ്രദേശത്തേയും പോലെ നമ്മുടെ സമൂഹത്തിൻേറയും സ്വച്ഛന്ദമായ നിലനിൽപ്പിന് നേരെ ചോദ്യമുയർത്തുന്നുണ്ട്.

ഉപഭോക്തൃ സംസ്ക്കാരവും, എളുപ്പത്തിൽ പണം സമ്പാദിക്കുകയെന്ന ചിന്തയും, ശാരീരിക

അദ്ധ്വാനത്തിൻെറ മൂല്യം കുറച്ചുകാണുകയും ചെയ്യുന്ന, പുതിയ ആഢ്യ സങ്കൽപ്പം നമ്മുടെ കാർഷിക സംസ്ക്കാരത്തെ തകർത്തു. ആംഗലേയ വിദ്യാഭ്യാസ സംസ്ക്കാരത്തോടുള്ള ആസക്തി നമ്മുടെ തലമുറയെ സ്വപ്നജീവികളും സ്വാർത്ഥമതികളുമാക്കി മാറ്റി. ഈ സംസ്ക്കാരം തന്നൊണ് വൈദ്യശാസ്ത്രരംഗത്തേയും ചൂഷണാധിഷ്ഠിതമാക്കിയത്. ഇത് ശക്തമായിത്തന്നെ നമ്മുടെ ഗ്രാമത്തിലും പ്രതിഫലിച്ചിട്ടുണ്ട്. നമ്മുടെ മേഖലയിൽ പടർന്നുപിടിച്ച ഗൾഫ് പണത്തിൻെറ അമിതമായ സ്വാധീനം പല രീതിയിലും സംസ്ക്കാരത്തെ വിപരീതമായി ബാധിച്ചിട്ടുണ്ട്. രമ്യഹർമങ്ങളും, ആധുനിക വാഹനങ്ങളും പ്രതാപത്തിൻെറ ചിഹ്നങ്ങളായി മാറി. അപരൻെറ ക്ഷേമത്തിനുകൂടി പ്രവർത്തിക്കുന്നത് വിഡ്ഢിത്തരമാണെന്നും, സ്വന്തം ക്ഷേമം മാത്രമാണ് സുപ്രധാനമെന്നുമുള്ള ആധുനിക കച്ചവട സംസ്ക്കാര പ്രത്യയശാസ്ത്രം നമ്മെയും ബാധിച്ചു.

മതപരമായും ജാതിപരമായും പൊതുവെ സമാധാനവും ശാന്തിയും നിലനിൽക്കുന്നപ്രദേശമാണ് നമ്മുടേത്. സമീപസ്ഥങ്ങളായ പല ദേശങ്ങളിലും അസ്വസ്ഥതകൾ ഉണ്ടായപ്പോഴും നമ്മുടെ ഗ്രാമം ശാന്തമായിരുന്നു. എന്നാൽ നാം അറിയാതെ പതുക്കെപ്പതുക്കെ നമ്മുടെ മസ്തിഷ്ക്കത്തിലേക്ക് വർഗ്ഗീയതയുടെ കൊടുംവിഷം കയറി വന്നേക്കാനുള്ള സാധ്യത നിഷേധിക്കാവുന്നതല്ല. സാമ്പത്തികമായ വളർച്ചക്കനുസരിച്ച് സാംസ്ക്കാരികമായ മുന്നേറ്റം നമ്മുടെ സമൂഹത്തിന് ഉണ്ടാവാതിരുന്നതാണ് ഇതിന് കാരണം. അതോടൊപ്പം ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സ്വാധീനവും നിർണ്ണായകമാണ്.

അന്ധവിശ്വാസങ്ങൾ ഏറിവരുന്നതായി കാണാൻ കഴിയുന്നുണ്ട്. വിദ്യാസമ്പന്നരിലും പുരോഗമനവാദികളെന്ന് കരുതിപ്പോന്നവരിൽ പോലും ഇത്തരം പ്രവണതകൾ വർദ്ധിച്ചുവരുന്നു. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ അശാസ്ത്രീയതയും, ജനങ്ങളിൽ പൊതുവേയുള്ള ശാസ്ത്രീയബോധത്തിൻെറ കുറവും എല്ലാം ഇതിന് കാരണമായി കാണേണ്ടതുണ്ട്.

ഉൽസവങ്ങളും, ആഘോഷങ്ങളും ജനങ്ങളുടെ കൂട്ടായ്മയും ഒത്തുചേരലും സാദ്ധ്യമാക്കുന്നുണ്ട് എങ്കിലും നേരത്തെപറഞ്ഞ പണത്തിൻെറ സ്വാധീനവും പൊങ്ങച്ച സംസ്ക്കാരവും ഉൽസവങ്ങളുടെ സ്വഭാവത്തെ വിപരീതമായി ബാധിക്കുന്നു. ആർഭാടവും അലങ്കാരവുമായി ഈ ഉൽസവങ്ങൾ മാറുന്ന കാഴ്ച കാണാം. ആയിരംകണ്ണി ഉൽസവം, ചേറ്റുവ ചന്ദനക്കുടം നേർച്ച, സെൻറ് തോമസ് പള്ളി തിരുന്നാൾ എന്നിവയാണ് പ്രധാന ഉൽസവങ്ങൾ. കൂടാതെ വിവവധ കൊച്ചുക്ഷേത്രങ്ങളിലും കുടുംബക്ഷേത്രങ്ങളിലും നടക്കുന്ന ഉൽസവങ്ങഴും നമ്മുടെ നാട്ടിൽ കാണുന്നു.

വിവാഹവുമായി ബന്ധപ്പെട്ട ആചാരങ്ങൾ ഏറ്റവും വലിയ ദുരാചാരമായി മാറയിട്ടുണ്ട്. മുമ്പു പറഞ്ഞ കച്ചവടസംസ്ക്കാരത്തിൽ സ്ത്രീയും ഒരു വിൽപ്പനച്ചരക്കായി മാറുന്ന അവസ്ഥയിൽ നിന്ന് നാമും മോചിതരല്ല. സ്വർണ്ണത്തോടുള്ള അമിതമായ ഭ്രമവും സ്ത്രീധനത്തോടുള്ള ആർത്തിയും നമ്മിലും വളർന്നിട്ടുണ്ട് വിവാഹം ഒരാവശ്യം എന്നതിലുപരി പൊങ്ങച്ചം പ്രകടിപ്പിക്കാനുള്ള ആർഭാടമായി മാറയിരിക്കുന്നു. ആദർശനിഷ്ഠയും, എളിമയെന്ന ഗാന്ധിയൻ സങ്കൽപ്പവും വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ ഇതിന് അൽപ്പമെങ്കിലും തടയിടാനാവൂ.

കലാസാംസ്ക്കാരികരംഗത്ത് ഒരു കാലഘട്ടം വരെ വളരെ ഉയർന്നുനിന്ന ഒരു പഞ്ചായത്താണ് ഏങ്ങണ്ടിയൂർ. ഗ്രാമീണ കലാകായികതാരങ്ങളെ പങ്കെടുപ്പിച്ചുള്ള വളരെ സൗഹാർദ്ദപരമായ മൽസരങ്ങൾ ഒരു ഘട്ടത്തിൽ നടന്നിരുന്നു. ഇന്നാകട്ടെ പരസ്പര വിദ്വേഷം വളർത്തുന്നതിനുള്ള വേദിയായ മത്സരങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. വളരെയേറെ പ്രവർത്തന പാരമ്പര്യമുള്ള B.L.S. അമ്പിളി, P.Y.C., G.S.S. തുടങ്ങിയവയടക്കം ഇരുപത്തിഞ്ചിൽപരം സംഘടനകൾ ഇന്ന് ഏങ്ങണ്ടിയൂരിലുണ്ട്. എന്നാൽ കലാ

സാംസ്ക്കാരിക കായികരംഗത്ത് പുതിയ പ്രതിഭകൾ വളർന്നുവരുന്നത് വിരളമാണ്. നേരത്തെ പറഞ്ഞ മൽസരവും വിദ്വേഷവുമാണ് ഇതിന് കാരണം. സ്ത്രീകൾ മറ്റു പ്രേരണകൾക്ക് വിധേയമായല്ലാതെ സ്വതന്ത്രമായി ഈ മേഖലയിലേക്ക് കടന്നുവന്നിട്ടില്ല.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനവും സമൂഹത്തെ പൊതുവിൽ ബാധിച്ച സംസ്ക്കാരശൂന്യതയുമാണ്. ഈ മേഖലയുടെ തകർച്ചയ്ക്കുള്ള കാരണങ്ങൾ. ഒരു പൊതു കളിസ്ഥലത്തിൻെറ അഭാവം, കായികരംഗത്തെ വിപരീതമായി ബാധിക്കുന്നുണ്ട്. ജനകീയാസൂത്രണത്തിൻെറ ഭാഗമായി സാംസ്ക്കാരികരംഗത്തെ ബോധപൂർവ്വമായ ഇടപെടലുകൾക്ക് ഈ സംഘടനകളെ സജ്ജമാക്കണം. ഒരു പൊതുകളിസ്ഥലം കണ്ടെത്തുകയും, കുഞ്ഞുനാൾ മുതലേ കായിക കലാപ്രതിഭകളെ കണ്ടെത്തി വളർത്തുകയും വേണം. നാടിൻെറ സാമൂഹിക വികസനത്തിലും സാമൂഹിക മാറ്റത്തിലും ഗ്രന്ഥശാലകൾക്കുള്ള പങ്ക് മഹത്തരമാണ്. എന്നാൽ സംസ്ക്കാരത്തെയും വിജ്ഞാനത്തെയും കുറിച്ചുള്ള പുതിയ സങ്കൽപ്പങ്ങൾ ഗ്രന്ഥശാലകൾ ഉപയോഗിക്കുന്നവരുടെ എണ്ണം ഏറെ കറച്ചിട്ടുണ്ട്.

സി. കൃഷ്ണവിലാസം ലൈബ്രറിയിൽ നിന്ന് തുടങ്ങി കേരളവായനശാല, ബ്രദേഴ്സ് ലൈബ്രറി, ദേശാഭിമാനി വായനശാല, രാമു കാര്യാട്ട് ഗ്രന്ഥശാല, ജയ്ഭാരത് ലൈബ്രറി ആൻറ് റീഡിംഗ് റൂം , ലോക്കൽ ലൈബ്രറി എന്നീ ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാലകളും, പഞ്ചായത്ത് ലൈബ്രറിയും, G.S.S., ഉദയം ARTS, മണപ്പാട്ട് കലാസമിതി എന്നീ സംഘടനകളുമായി ബന്ധപ്പെട്ട വായനശാലകളും ഏത്തായിയിലെ ഭാരതീയ ഗ്രന്ഥശാല, ചേറ്റുവയിലെ ഇസ്ലാമിക് ഗ്രന്ഥശാല എന്നിവയുമാണ് പ്രധാന വായനശാലകൾ. ഇലക്ട്രോണിക് മാധ്യമങ്ങളുടെ തള്ളിക്കയറ്റം ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

മാധ്യമരംഗത്ത് കേരളത്തിൽ ഇന്ന് പ്രചാരത്തിലുള്ള ഒട്ടുമിക്കമാസികകളും, പത്രങ്ങളും ഗ്രാമത്തിൽ എത്തുന്നുണ്ട്. സിനിമ, ടി.വി., തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളും വ്യാപകമായുണ്ട്. എന്നാൽ ജനങ്ങളുടെ സംസ്ക്കാരത്തെ ഉയർത്താൻ ഇവയ്ക്ക് കിയുന്നുണ്ടോ എന്ന് സംശയമുണ്ട്.

''മണപ്പുറം ടൈംസ്'' പോലുള്ള ഗ്രാമീന പത്രങ്ങളും 'ഇൻലൻറ്' മാഗസിനുകളും ഇലക്ട്രോണിക് മാധ്യമങ്ങളെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയും ജനകീയ മനസ്സിനെ ഉണർത്താൻ കഴിയണം .

തകർന്നുകൊണ്ടിരിക്കുന്ന സാംസ്ക്കാരിക ബോധത്തിൻെറ നടുവിൽ നിന്നുകൊണ്ട് അലമുറയിടുന്ന ജനതയെ തിരിച്ചറിവുകളുലേക്കും ഉയർത്തെഴുന്നേൽപ്പിലേക്കും നയിച്ചുകൊണ്ടുമാത്രമേ ജനകീയാസൂത്രണപദ്ധതിപോലുള്ള പരിപാടികൾക്ക് വിജയം വരിക്കാനാവൂ. എന്നാലിത് ഏതെങ്കിലും ഒരു പ്രദേശത്ത് മാത്രം സാദ്ധ്യമാകകന്ന ഒന്നല്ല.

ശരിയായ ബോധവൽക്കരണത്തിലൂടെ, മാധ്യമങ്ങളുടെ ശരിയായ ഉപയോഗത്തിലൂടെ, കലാകായിക രംഗത്തെ പ്രതിഭകളെ കണ്ടെത്താനുള്ള സമഗ്ര പദ്ധതികളിലൂടെ, കലാസാംസ്കാരിക സംഘടനകളുടെ മൽസരസ്വഭാവം ഒഴിവാക്കാനുള്ള സാംസ്കാരിക നവോത്ഥാന പ്രവർത്തനങ്ങിലൂടെ, ജനങ്ങളുടെ കൂട്ടായ്മകളിലൂടെ, തിരിച്ചറിവിലൂടെ, മാത്രമേ തകർക്കപ്പെട്ടു കൊണ്ടിരിക്കുന്ന നമ്മുടെ മഹത്തായ സാംസ്കാരിക പൈതൃകത്തെ വീണ്ടെടുക്കാനാവൂ.

# കലാസാംസ്ക്കാരിക സംഘടനകൾ

| വാർഡ് | | |
|---|---|---|
| I | 1. | ദേശാഭിമാനി റീഡിങ്ങ് റൂം |
| | 2. | സംഘശക്തി പൊക്കുളങ്ങര |
| | 3. | ഹരിശ്രീ എലൈറ്റ്പടി |
| II | 4. | തുഷാര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| | 5 | ശിവശക്തി തിരരമംഗലം ക്ഷേത്രനട |
| | 6. | ഡിയർ ക്ലബ്ബ് |
| III | 7. | ജയഭാരത് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| | 8. | ബ്രദേഴ്സ് ലൈബ്രറി റീഡിങ്ങ് റൂം, നേതാജിനഗർ |
| | 9. | ലക്കിസ്റ്റാർ ക്ലബ്ബ് |
| IV | 10. | ഹാഷ്മി ക്ലബ്ബ് |
| V | 11. | മഹാത്മ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| | 12. | ഫ്രൻസ് ആർട്സ് ക്ലബ്ബ് ചേറ്റുവ |
| VII | 13. | പുളിഞ്ചോട് യൂത്ത് ക്ലബ്ബ് |
| VIII | 14. | ബ്രദേഴ്സ് ലിവീങ്ങ് സൊസൈറ്റി |
| | 15. | ഗ്രാമസേവാസംഘം |
| | 16. | രചന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| IX | 17. | ഭാരതീയ ഗ്രന്ഥശാല ഏത്തായ് |
| | 18. | ഗാനം തിയ്യറ്റേഴ്സ് |
| | 19. | സംഗമം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| | 20. | സാൻഡോസ് ഏങ്ങണ്ടിയൂർ |
| | 21. | അമ്പിളി തിയ്യറ്റേഴ്സ് |
| X | 22. | മണപ്പാട്ട് കലാസമിതി |
| | 23. | ആയിരംകണ്ണി ബ്രദേഴ്സ് സൊസൈറ്റി |
| | 24. | ഉദയം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| | 25. | ഷൂട്ടേഴ്സ് ക്ലബ്ബ് |
| | 26. | തിരരമംഗലം സ്പോർട്സ് ക്ലബ്ബ് |
| | 27. | എൻ.എഫ്.എ. |
| | 28. | ദർശന കലാവേദി |
| | 29. | ഇൻഡിവെൻസൻറ് സ്പോർട്സ് ക്ലബ്ബ് |

# അംഗീകൃത വായനശാലകളുടെ പട്ടിക

| ക്രമ നമ്പർ | വായനശാലയുടെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | പുസ്തകങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം ശരാശരി | മറ്റ് പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | കേരളവായനശാല | 1956 | 148 | 6386 | A. വർഷ ഗ്രാൻറ് 5000/- | 25 | ജനവിദ്യാ കേന്ദ്രം |
| 2 | ദേശാഭിമാനി വായനശാല | 1982 | 120 | 1098 | E. ഗ്രാൻറ് 1500/- അലവൻസ് വർഷം 3000/- | 8 | ജനശിക്ഷണ നിലയം |
| 3. | ബ്രദേഴ്സ് ലൈബ്രറി & റീഡിംഗ് റൂം | 1986 | 411 | 1443 | F. ഗ്രാൻറ് 1000/- അലവൻസ് 3600/- | 9 | – |
| 4. | രാമു കാര്യാട്ട് ഗ്രന്ഥശാല | 1990 | 241 | 1279 | ഇല്ല | 8 | ജനവിദ്യാ കേന്ദ്രം |
| 5. | ജയ്ഭാരത് ലൈബ്രറി & റീഡിംഗ് റൂം | 1991 | 125 | 1000 | ഇല്ല | 8 | സിമ്പോസിയം |
| 6 | സി. കൃഷ്ണവിലാസം ലൈബ്രറി | 1916 | 130 | 10450 | ലൈബ്രേറിയൻ ശമ്പളം 5000/- | 8 | -- |
| 7 | ഭ്രാത വി.കെ. വേലുക്കുട്ടി മാസ്റ്റർ മെമ്മോറിയൽ ലൈബ്രറി | 1991 | 80 | 1200 | ലൈബ്രേറിയൻ ശമ്പളം 400/- | 20 | -- |

36a

# വനിത

ആയിരം പുരുഷന് ആയിരത്തി മുപ്പത് എന്ന തോതിൽ സ്ത്രീ ജനസംഖ്യ കൂടുതലുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിലെ പത്തിൽ ആറ് പഞ്ചായത്ത് മെമ്പർമാരും വനിതകളാണെന്നത് ഏറെ ആശ്വാസത്തിന് വകനൽകുന്ന ഒന്നാണ്.

ഔപചാരിക വിദ്യാഭ്യാസരംഗത്ത് ഗണ്യമായ പുരോഗതിയും, സമ്പൂർണ്ണ സാക്ഷരതയും കൈവരിച്ച നമ്മുടെ ഗ്രാമത്തിലെ ബഹുഭൂരിപക്ഷം പെൺകുട്ടികളും ഉന്നത വിദ്യാഭ്യാസം നേടുന്നുണ്ടെങ്കിലും സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുന്നതിനോ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ തങ്ങളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനോ ഇവർക്ക് കഴിയുന്നില്ല എന്നതാണഴ വാസ്തവം. ലിംഗവിവേചനവും സദാചാര സങ്കൽപ്പങ്ങളും, സിനിമ, ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ, വ്യവസ്ഥാപിത പത്രമാസികകൾ എന്നിവയും സ്ത്രീകളുടെ സ്വാശ്രയ ബോധത്തെ നശിപ്പിക്കുന്നതിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് വിശകലനം ചെയ്യാതെ, സമഗ്രവികസനത്തെ ലക്ഷ്യമാക്കി ആവിഷ്കരിക്കുന്ന ഏതൊരു പദ്ധതിയും ഒരു ജലരേഖയായി മാറുമെന്നത് നിസ്തർക്കമാണ്.

താരതമ്യേന സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വന്തം വീട്ടുജോലിക്കുപുറമെ കുടുംബത്തിൻെറ സാമ്പത്തിക ബാദ്ധ്യതയും ഭാഗികമായി, ഏറ്റെടുക്കേണ്ടിവരുന്നു. കൃഷിപ്പണി, കെട്ടിട നിർമ്മാണം എന്നീ അദ്ധ്വാനഭാരം കൂടുതലുള്ള ജോലികളിൽ വ്യാപൃതരാകേണ്ടിവരുന്ന ഈ വിഭാഗത്തിന് സ്വന്തം ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുവാൻ പോലും കഴിയാതെ പോകുന്നു. മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ വ്യാപകമായ ഉപഭോഗത്തിൻെറ ഭാഗമായുണ്ടാകുന്ന ദുരന്തങ്ങളൾ ഏറ്റുവാങ്ങേണ്ടിവരുന്നതും ഇക്കൂട്ടരാണ്. യാതനയുടെ തീച്ചൂഴയിൽപ്പെട്ടുഴറുന്ന നമ്മുടെ ഗ്രാമീണ വനിതകളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനു വേണ്ടി നിരവധി ക്ഷേമപ്രവർത്തനങ്ങൾ ഓരോരോപദ്ധതിക്കാലത്തും ആവിഷ്ക്കരിച്ചുനടപ്പിലാക്കപ്പെടുന്നുണ്ടെങ്കിലും എടുത്തുപറയത്തക്ക ഗുണപരമായ മാറ്റം ഇതുവരെ കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ഇന്നും, താൻ മറ്റാരുടേയോ ഇച്ഛരാനുവർത്തിയാകേണ്ടവളാണെന്ന സങ്കൽപ്പത്തിൽനിന്നും നമ്മുടെ സഹോദരികൾക്ക് എത്രമാത്രം മോചിതരാകാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഈ സന്ദർഭത്തിലെങ്കിലും ആൽമാർത്ഥമായി ഒന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

അന്തസ്സിൻേറയും ആഭിജാത്യത്തിൻെറയും ബാഹ്യലക്ഷണങ്ങളായി കരുതിപ്പോരുന്ന സ്ത്രീധന സമ്പ്രദായം, ആദരിക്കപ്പെടേണ്ട സ്ത്രീത്വത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന ദുരിതങ്ങളുടെ പട്ടിക വലുതാണ്. തൻെറ മേധാവിത്വം അടിച്ചേൽപ്പിക്കാൻ പ്രകൃതി നൽകിയ വരദാനമാണ് സ്ത്രീകളുടെ ജൈവ സവിശേഷതയെന്ന പ്രാകൃത സങ്കൽപ്പത്തിൽനിന്നും പുരുഷനും, ഔദാര്യമായി ലഭിക്കുന്ന അവസരങ്ങളിൽ തൃപ്തിയടയാനുള്ള പ്രവണതയിൽ നിന്നും, സാമൂഹ്യ ജീവിതത്തിൻെറ എല്ലാ തുറകളിലും പുരുഷനോളം അവസരം ലഭിക്കുകയെന്നത് തൻെറ ജൈവികാവകാശമാണെന്ന ബോധത്തിലേക്ക് സ്ത്രീകളും മാറുന്നുവെങ്കിൽ മാത്രമേ നമ്മുടെ ഗ്രാമത്തിലെന്നല്ല ലോകത്തിലെമ്പാടും യാതനകളിൽ സ്മൃതിയടയേണ്ടിവരുന്ന, സ്ത്രീത്വത്തെ മോചിപ്പിക്കാൻ സാദ്യമാവുകയുള്ളു.

നമ്മുടെ ഗ്രാമീണ വനിതകളിൽ തൊഴിൽ മേഖലകളിലേക്ക് കടന്നുവരുന്നവരുടെ എണ്ണം വളരെ കുറവാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ച സ്ത്രീകളുടെ ശ്രദ്ധ കൂടുതലും കേന്ദ്രീകരിക്കപ്പെടുന്നത് അദ്ധ്യാപകവൃത്തിയിലാണ്. സാമ്പത്തിക പരാധീനതകളുടെ ഫലമായി P.D.C.ക്കപ്പുറം കടക്കാൻ ഴിയാത്ത പല

പെൺകുട്ടികളും ആകർഷിക്കപ്പെടുന്നതാകട്ടെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിലെ ജോലികളിലേക്കും, തുണിക്കടയിലെയും മറ്റും 'സെയിൽസ് ഗേൾസ്' സ്ഥാനത്തേക്കുമാണ്. വിദ്യാഭ്യാസഘട്ടത്തിൽ വളരെയധികം പ്രാഗൽഭ്യം തെളിയിച്ച പല സ്ത്രീകളും നിതാന്തവിരസങ്ങളായ ലഘുജോലികളിലോ കുടുംബഭരണത്തിലോ ഒതുങ്ങാൻ നിർബ്ബന്ധിക്കപ്പെടുന്ന പ്രവണതയും ഇവിടെ കണ്ടു വരുന്നു. ഗൃഹജോലികൾ സ്ത്രീയുടെ നിർബന്ധിത ഉത്തരവാദിത്വമായി കരുതപ്പെടുന്നതിനാൽ, അതുമായി ഇണങ്ങിപ്പോകുന്ന ജോലികൾമാത്രം സ്വീകരിക്കാൻ, അഭ്യസ്തവിദ്യകളും ഇഷ്ടപ്പെടുന്നതായാണ് കാണുന്നത്.

സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കാൻ സ്ത്രീയെ പ്രാപ്തയാക്കുക വഴി, അവർ ഇന്ന് അഭിമുഖീകരിക്കുന്ന ദുരവസ്ഥയ്ക്ക് വലിയൊരളവോളം പരിഹാരം കാണാൻ കഴിഞ്ഞേക്കും. ഇതിനായി നിലവിലുള്ള വനിതാക്ഷേമപദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുകയും,കുറ്റമറ്റ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

സ്ത്രീപുരുഷ സമത്വമെന്ന ഉദാത്തമായ സങ്കൽപ്പം യാഥാർത്ഥ്യമാക്കാനുള്ള സമഗ്ര ജനകീയ വിദ്യാഭ്യാസ പ്രക്രിയകൾ ആവിഷ്കരിച്ചുകൊണ്ടാവട്ടെ വനിതാ ക്ഷേമ പ്രവർത്തനങ്ങളുടെ തുടക്കം. അവഗണിക്കപ്പെടുന്ന സ്ത്രീത്വം ഒരു സമൂഹത്തിനും ഭൂഷണമല്ലെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുള്ള വികസന പരിപാടികൾക്കുമാത്രമേ വനിതാക്ഷേമം ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ.

### വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കാവുന്ന വ്യവസായങ്ങൾ

| കാർഷികാനുബന്ധം | മറ്റുള്ളവ |
|---|---|
| നാളികേര പൗഡർ, ക്രീം, വിനീഗർ, ശീതള പാനീയങ്ങൾ, സോപ്പ്, അച്ചാറുകൾ, സ്ക്വാഷുകൾ, ജാമുകൾ, കാലിത്തീറ്റ, കോഴിത്തീറ്റ, കയർ ഉൽപ്പന്നങ്ങൾ, കുഷ്യൻ,ജൈവവളം,കരകൗശലവസ്തുക്കൾ | കറിപൗഡർ, ബേക്കറി, ചിപ്സ്, കുട, ചെരുപ്പ് മെഴുകുതിരി, റക്സിൻ ബാഗ്, സ്വിച്ച്ബോർഡ്, ഇലക്ട്രോണിക് ചോക്ക്, സ്റ്റെബിലൈസർ, ഇൻവർട്ടർ, റെഡിമെയ്ഡ് വസ്ത്രങ്ങൾ |

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. വനിതകൾക്ക് തൊഴിൽ ചെയ്യാവുന്ന ചെറുകിട തൊഴിൽ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും തൊഴിൽപരമായ ബോധവൽക്കരണം നടത്തുകയും പരിശീലനം നൽകുകയും ചെയ്യണം.
2. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.
3. 8-ാം വാർഡിൽ പ്രവർത്തിക്കുന്ന രണ്ട് മഹിള സമാജങ്ങൾക്ക് വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള ധനസഹായം നൽകണം.
4. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് ആയത് നിർമ്മിച്ച് കൊടുക്കുക.
5. 8-ാം വാർഡിൽ ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റും ബുക്ക് ബൈൻഡിങ്ങ് സെൻററും ആരംഭിക്കണം.
6. സ്ത്രീധന സമ്പ്രദായത്തിനെതിരെ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കണം.
7. 1-ാം വാർഡിലെ കടപ്പുറം മേഖലയിൽ ഒരു വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിക്കണം.
8. അശ്ലീല പോസ്റ്റർ പ്രചരണങ്ങൾ നിരോധിക്കണം.
9. പഞ്ചായത്ത് തലത്തിൽ ഒരു വനിതാക്ഷേമ പഠനകേന്ദ്രം രൂപീകരിക്കണം.
10. കുടിൽ വ്യവസായമെന്ന നിലയിൽ I,IX,X വാർഡുകളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സോപ്പ് നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം അനുവദിക്കണം.
11. ഒമ്പതാം വാർഡിൽ പ്രവർത്തിച്ചുവരുന്ന ഐശ്വര്യ (D.W.C.R.A) യൂണിറ്റിന് രണ്ടു സെൻറ് സ്ഥലവും കെട്ടിടവും നിർമ്മിച്ചുകൊടുക്കണം.
12. മന്ദബുദ്ധികളായ കുട്ടികളുടെയും വൃദ്ധജനങ്ങളുടെയും സംരക്ഷണത്തിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമായി പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രം ആരംഭിക്കുക.
13. വനിതാ വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് വിപണനം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കണം.
14. വനിതാ മേസ്തിരിസംഘം കൂടുതൽ അംഗങ്ങളെ ചേർത്ത് വിപുലമാക്കുക.
15. പ്രായപൂർത്തിയായ ആൺമക്കളുള്ള അമ്മമാർക്കും വിധവാ പെൻഷൻ നൽകണം

# സഹകരണം

ദേശീയ പ്രസ്ഥാനവും സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളും നമ്മുടെ ഗ്രാമത്തിലുയർത്തിയ അലയടികളുടെ സ്പന്ദനങ്ങളേറ്റുവാങ്ങികൊണ്ട് ജീവിതത്തിൻെറ നാനാതുറകളിലമുള്ളവർ അറിഞ്ഞോ അറിയാതെയോ ബന്ധപ്പെട്ടുവന്ന സഹകരണ പ്രസ്ഥാനം ബോധപൂർവ്വമായ രാഷ്ട്രീയ ഇടപെടലുകളിലൂടെ ശക്തിപ്രാപിക്കുകയുണ്ടായി. ഇന്ന് 'ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്' എന്ന പേരിൽ അറിയപ്പെടുന്നതും 1933-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചതുമായ ഏങ്ങണ്ടിയൂർ പരസ്പര സഹായസഹകരണ സംഘത്തോടെ ഔദ്യോഗികരൂപം പ്രാപിച്ച നമ്മുടെ ഗ്രാമത്തിലെ സഹകരണ പ്രസ്ഥാനം, ക്രെഡിറ്റ്, നോൺ ക്രെഡിറ്റ് മേഖലകളിലായി ഇരുപതോളം സ്ഥാപനങ്ങളുള്ള ഒരു മഹാപ്രസ്ഥാനമായി മാറക്കഴിഞ്ഞിരിക്കുകയാണ്. എങ്കിലും ഈ സ്ഥാപനങ്ങളുടെ ഇന്നത്തെ പ്രവർത്തനം അവയുടെ ഉദ്ദേശ ലക്ഷ്യത്തോട് എത്രമാത്രം നീതിപുലർത്തുന്നുണ്ടെന്ന് ആൽമാർത്ഥമായി ഒന്ന് പരിശോധിക്കേണ്ടിയിരിക്കന്നു. നിരവധി സാദ്ധ്യതകൾ തുറന്നുകിട്ടിയിട്ടും എന്തുകൊണ്ട് ഈ പ്രസ്ഥാനത്തിൻെറ പ്രയോജനം മറ്റുമേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ നമുക്ക് കഴിയാതെപോയി എന്നത് പരിശോധനാ വിഷയമാക്കേണ്ടതാണ്. പ്രാദേശിക നിക്ഷേപങ്ങളെ മാത്രം പ്രധാനമായും ആശ്രയിക്കുന്ന ക്രെഡിറ്റ് സൊസൈറ്റികളുടെ നിലനിൽപ്പ്, ബ്ലെയ്ഡ് കമ്പനികളെന്നപേരിൽ പരക്കെ അറിയപ്പെടുന്ന സമാന്തര ധനകാര്യസ്ഥാപനങ്ങളുടെ അഭൂതപൂർവ്വമായ വളർച്ച പ്രകടമായികൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, വൻ ഭീഷണിയെ നേരിട്ടു കൊണ്ടിരിക്കുകയാണ്.

ഡപ്യൂട്ടി രജിസ്ട്രാർ കേഡറിലുള്ള ഒരുദ്യോഗസ്ഥൻ മാനേജിങ്ങ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ഏങ്ങണ്ടിയൂർ കർഷക സർവ്വീസ് സഹകരണ ബാങ്കിന് രണ്ട് ശാഖകളും ഒരു കൺസ്യൂമർ സ്റ്റോറുമുണ്ട് ഇതിൻെറ ആകെ നിക്ഷേപം, 3.75 കോടി സ്ഥിരം നിക്ഷേപമടക്കം )4.25 കോടി രൂപയാണ്. ആകെ 4 കോടിരൂപ വായ്പ അനുവദിച്ചതിൽ I.R.E.P. ഇനത്തിൽ

പ്രധാന സഹകരണ സ്ഥാപനങ്ങൾ

| ക്രമ നമ്പ്ര് | സഹകരണസംഘത്തിൻെറ പേര് | ക്രഡിറ്റ്/ നോൺ ക്രഡിറ്റ് | ഓഹരി വില രൂപ | ഓഹരികളുടെ എണ്ണം | സർക്കാർ മൂലധനം രൂപ | ആകെ മൂലധനം രൂപ |
|---|---|---|---|---|---|---|
| 1. | ഏങ്ങണ്ടിയൂർ കർഷകസർവ്വീസ് സഹകരണ ബാങ്ക് | ക്രഡിറ്റ് | 10 | 9561 | 105000 | 1551734 |
| 2. | ഏങ്ങണ്ടിയൂർ ഹരിജൻസർവ്വീസ് സഹകരണ സംഘം | ക്രഡിറ്റ് | 10 | 895 | 90000 | 103596 |
| 3. | ഏങ്ങണ്ടിയൂർ കൈത്തറി,നെയ്ത്ത് വ്യവസായ സഹകരണ സംഘം | നോൺ ക്രഡിറ്റ് | 100 | 145 | 25000 | 26875 |
| 4. | ഏങ്ങണ്ടിയൂർ വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം | നോൺ | 10 | 559 | ഇല്ല | 5545 |

നൽകിയിട്ടുള്ള 2 ലക്ഷം രൂപയുൾപ്പെടെ 3.93 കോടി രൂപയും കാർഷികേതര വായ്പകളാണ്.

1958-ൽ രൂപീകൃതമായതും 90,000 രൂപ സർക്കാർ ഓഹരി ഉൾപ്പെടെ 1,03,596.00 രൂപ ഓഹരി മൂലധനമുള്ള ഹരിജൻ സർവ്വീസ് സഹകരണസംഘം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. 15,470 .00രൂപ വായ്പാ കുടിശ്ശികയുള്ള ഈ സ്ഥാപനം അംഗങ്ങൾക്കുള്ള വായ്പ നിർത്തലാക്കികൊണ്ട് സർക്കാരിൻെറ ''സ്പെഷൽ കമ്പോണൻറ് സ്കീം'' പ്രകാരം ഒരു പ്രിൻറിങ്ങ് പ്രസ്സും ഒരു ബൈൻറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ കക്ക വ്യവസായവുമായി ബന്ധപ്പെട്ട് ആവശ്യമായ കക്ക സംഭരിച്ചുനൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാൻ ശ്രമിക്കുന്നു.

തളിക്കുളം ബ്ലോക്ക് മുഴുവൻ പ്രവർത്തന പരിധിയുള്ള, വ്യവസായ വകുപ്പിൻെറ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏങ്ങണ്ടിയൂർ കൈത്തറി നെയ്ത് വ്യവസായ സഹകരണ സംഘം വിവിധ കാരണങ്ങളാൽ ഇന്ന് അടച്ചുപൂട്ടൽ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

1, 2, 3 വാർഡുകൾ പ്രവർത്തന പരിധിയായി സ്വീകരിച്ചുകൊണ്ട് 1977-ൽ വ്യവസായ സംഘമായി സ്ഥാപിതമാകുകയും 1987-ൽ 'ആപ്കോസ്' സംഘമായി മാറ്റപ്പെടുകയും ചെയ്ത ഡയറി വകുപ്പിൻെറ കീഴിലുള്ള ഏങ്ങണ്ടിയൂർ വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ 559 അംഗങ്ങളുണ്ടെങ്കിലും മൂലധനം വെറും 5545 .00രൂപ മാത്രമാണ്. കാലിത്തീറ്റ വിൽപ്പനയും 'മിൽമ'ക്കുവേണ്ടി യുള്ള സംഭരണവുമൊഴിച്ചാൽ ക്ഷീരോൽപാദനം ആകർഷകമാക്കുന്നതിനോ, പരിമിതമെങ്കിലും നിലവിലുള്ള സേവനം മറ്റു വാർഡുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനേ എന്തുകൊണ്ടാണ് ഈ സ്ഥാപനത്തിന് കഴിയാതെ പോകുന്നതെന്ന് പരിശോധിക്കേണ്ടതാണ്

പുസ്തകവിതരണത്തിൽമാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന സ്കൂൾ സഹകരണ സംഘങ്ങൾക്ക്, വിദ്യാർത്ഥികൾക്കാവശ്യമായ മറ്റു സാധന സാമഗ്രികൾകൂടി നിർമ്മിച്ചു വിതരണം ചെയ്യുവാനുള്ള സാദ്ധ്യതകൾ ആരായാവുന്നതാണ്. നാമമാത്രമായ പ്രവർത്തനങ്ങളുമായി ഒരുങ്ങിയിരിക്കുന്ന മറ്റു സഹകരണ സ്ഥാപനങ്ങളുടെ ധാർമ്മിക സാധ്യത ചോദ്യം ചെയ്യപ്പെടേണ്ടതാണ്

പുതിയ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുവാനുള്ള ( ഗ്രാമസഭകളിൽ നിന്നും വന്നിട്ടു) നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ തന്നെ നിലവിലുള്ള സ്ഥാപനങ്ങളുടെ സ്ഥിതി വസ്തുനിഷ്ഠമായി വിലയിരുത്തുകയും അവയുടെ സുഗമമായ പ്രവർത്തനത്തിന് സാഹചര്യമൊരുക്കുകയും വേണം.

**ഗ്രാമസഭാനിർദ്ദേശങ്ങൾ**

1. ഒന്നാം വാർഡിൽ യന്ത്രവൽകൃത റാട്ട് ഉപയോഗിച്ച് കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കാവുന്ന ഒരു സ്ഥാപനം സഹകരണ മേഘലയിൽ ആരംഭിക്കണം.
2. കൈത്തറി - നെയ്ത്ത് വ്യവസായ ഹകരണ സംഘത്തിൻെറ ഒരു ബ്രാഞ്ച് രണ്ടാം വാർഡിൽ സ്ഥാപിക്കണം.
3. ഒരു വനിത തയ്യൽ സഹകരണസംഘം 3-ാം വാർഡിൽ ആരംഭിക്കണം.
4. നാലാം വാർഡിൽ ഒരു ഫിഷറീസ് സഹകരണ സംഘം രൂപീകരിക്കാണം.
5. ക്ഷീരവ്യവസായ സഹകരണസംഘം, വനിത വ്യവസായ സഹകരണ സംഘം എന്നിവ 5-ാം വാർഡിൽ രൂപീകരിക്കണം.
6. സഹകരണ മേഖലയിൽ മൽസ്യകൃഷി സംരഭവും ഒരു ക്ഷീരോൽപ്പാദക സഹകരണ സംഘവും 6-ാം വാർഡിൽ ആരംഭിക്കണം.
7. ഏഴാം വാർഡിൽ ഒരു സഹകരണ കൺസ്യൂമർ സ്റ്റോറും, ഇലക്ട്രോണിക്ക് ഉപകരണ നിർമ്മാണ യൂണിറ്റും ആരംഭിക്കണം.
8. ക്ഷീരോൽപ്പാദക സഹകരണ സംഘം എട്ടാം വാർഡിലും ഒമ്പതാം വാർഡിലും രൂപീകരിക്കണം.
9. സർക്കാർ വക പ്രിൻറിങ്ങ് ജോലികൾ ഹരിജൻ സഹകരണ പ്രസ്സിൽ നൽകുക.

# പട്ടിക ജാതി
# പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ ഇരുപത്തിമൂന്ന് ശതമാനത്തോളം പട്ടിക ജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗവിഭാഗം ഒരേയൊരു കുടുംബത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ഈ വിഭാഗങ്ങളിലെ ഭൂരിഭാഗം കുടുംബങ്ങളും ഇന്നും ദാരിദ്ര്യരേഖക്ക് താഴെ ത്തന്നെ തുടരുന്നു.

സഹസ്രാബ്ദങ്ങളായി സാമൂഹ്യമായും ,സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറെ പിന്നോക്കം നിൽക്കുന്ന ഇവരെ സാമൂഹ്യ ജീവിതത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയെന്ന ചരിത്രപരമായ കടമയിലൂന്നികൊണ്ടായിരന്നു നമ്മുടെ ഗ്രാമത്തിലെ സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഈ നൂറ്റാണ്ടിൻെറ ആദ്യപാദത്തിൽതന്നെ ഇവിടെ സജീവമായിരുന്ന ജനകീയ വിദ്യാഭ്യാസ പ്രസ്ഥാനങ്ങളും, മറ്റു നവോത്ഥാന പ്രസ്ഥാനങ്ങളും സമൂഹത്തിലുയർത്തിയ അലയടികൾ ഈ വിഭാഗത്തിനിടയിൽ ചെലുത്തിയ സ്വാധീന സാക്ഷരതായജ്ഞം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹായകമായി. സാമ്പത്തികമായി ഒട്ടേറെ പരാധീനതകൾ അനുഭവിക്കേണ്ടി വരുന്നുണ്ടെങ്കിലും ഇന്നലെകളുടെ ബാക്കിപത്രമായി തൻെറ പിൻതലമുറക്കാർ മാറരുതെന്നുള്ള നിശ്ചയദാർഢ്യം ഇവരുടെ കുഞ്ഞുങ്ങൾക്ക് പരമാവധി വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കുന്നതിന് സഹായിക്കുന്നുണ്ട്. എന്നിരുന്നാലും നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇടക്ക് വെച്ച് പഠനം നിർത്തുന്നവരിലധികവും ഈ വിഭാഗത്തിലെ കുട്ടികളാണ്.

കേരളത്തിൻെറ സാമൂഹ്യപരിഷ്കരണരംഗത്ത് ഒരു നാഴികക്കല്ലായ ഭൂപരിഷ്കരണ നിയമം, ഈ വിഭാഗത്തിൻെറ പുരോഗതിയിൽ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട് എന്നത് നിഷേധിക്കാവുന്നതല്ല. തുടർന്നുള്ള കാലയളവിൽ നിരവധി ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സാമൂഹ്യഘടനയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് നിദാനമായ നിയമനിർമ്മാണങ്ങൾ ഉണ്ടാകാതെ പോയതിനാൽ ഭൂപരിഷ്കരണനിയമത്തിൻെറ പൂർണ്ണ തോതിലുള്ള ഗുണം, ഇക്കൂട്ടർക്ക് ലഭിക്കാതെ പോയി എന്നതാണ് വാസ്തവം.

ജീവിതവൃത്തിക്കായി പ്രധാനമായും കാർഷിക മേഖലയിലെ തൊഴിലിനെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന ഇവരുടെ ദുരിതങ്ങൾ പ്രസ്തുത മേഖലയുടെ തകർച്ചയെത്തുടർന്ന് രൂക്ഷമാവുകയാണുണ്ടായത്. വിദ്യാഭ്യാസപരമായ പുരോഗതിയുടെ ഭാഗമായി പുതിയ തൊഴിൽ മേഖലകളിലേക്ക് കടന്നുകയറാൻ ഇക്കൂട്ടർക്ക് ഇന്ന് കഴിഞ്ഞുവരുന്നുണ്ടെങ്കിലും പൂർണ്ണ അർത്ഥത്തിലുള്ള സാമ്പത്തിക സ്വയം പര്യപ്തത കൈവരിക്കാൻ ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

സമൂഹത്തെ പൊതുവിൽ ഗ്രസിച്ചിട്ടുള്ള പൊങ്ങച്ച സംസ്ക്കാരത്തിൻെറ സൃഷ്ടിയായ ആടംബരം ഇവർക്കിടയിലും സജീവമാണ്. അന്ധവിശ്വാസത്തിൻെറ സ്ഥിതിയും മറിച്ചല്ല.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി തിങ്ങിപ്പാർക്കേണ്ടിവരുന്ന ഇവർക്ക് പാർപ്പിടം, കുടി

വെള്ളം, കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്ര ഇല്ലെന്നുള്ളതാണ് വസ്തുത. അടിസ്ഥാന സൗകര്യങ്ങളുടെ കുറവും ജനസാന്ദ്രതയും, പല രീതിയിലുള്ള ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നിരവധി ക്ഷേമപ്രവർത്തനങ്ങൾ കേന്ദ്ര കേരള സർക്കാരുകളുടെ വിവിധ ഏജൻസികളിലൂടെ നടപ്പാക്കപ്പെടുന്നുണ്ടെങ്കിലും അവയെക്കുറിച്ചുള്ള അജ്ഞതയും ഇടത്തട്ടുകാരുടെ ഇടപെടലും മൂലം അവയുടെ പൂർണ്ണതോതിലുള്ള പ്രയോജനം ഇവക്ക് ലഭിക്കുന്നില്ല.

**ഗ്രാമസഭാനിർദ്ദേശങ്ങൾ**

1. പങ്കൻതോട് കോളനിയിൽ പൈപ്പുവെള്ളം ലഭ്യമാക്കണം.
2. അഞ്ചാം വാർഡിലെ കോളനികളിലേക്ക് ആവശ്യമായ വൈദ്യുതി, ശുദ്ധജലം, കക്കൂസ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. 7-ാം വാർഡിലെ വൈലിത്തറ ഭാഗവും, ടിപ്പുസുൽത്താൻ റോഡിന്റെ കിഴക്കുഭാഗവും കോളനികളായി അംഗീകരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം.
4. തൊഴിലുപകരണങ്ങൾ സൗജന്യനിരക്കിൽ ലഭ്യമാക്കണം.
5. പുളിക്കക്കടവിന്റെ നൂറുമീറ്റർ തെക്കുഭാഗത്തും, ശ്രീനാരായണ യു.പി.സ്ക്കൂളിന്റെ വടക്കുഭാഗത്തും, കൊള്ളീസ് ഓയിൽ മില്ലിന്റെ തെക്കും പുളിഞ്ചോട് സെൻററിന്റെ തെക്കുഭാഗത്തുമുള്ള കോളനികൾക്ക് അംഗീകാരം നൽകി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം.

# വിഭവസമാഹരണം

നിരവധി സന്നദ്ധ സംഘടനകളും, സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക സംഘടനകളും, ട്രേഡ് യൂണിയനുകളും, കലാകായിക സംഘടനകളും പ്രവർത്തിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രാദേശിക വിഭവസമാഹരണം താരതമ്യേന എളുപ്പമായിരിക്കുമെന്ന് വേണം കരുതാൻ. ഗൾഫ് പണത്തിൻെറ സ്വാധീനവും നമ്മുടെ ഗ്രാമനിവാസികളിൽ പൊതുവിൽ കണ്ടു വരുന്ന ഉദാരമനസ്കതയും സന്നദ്ധ പ്രവർത്തന തൽപരതയും പ്രാദേശിക വിഭവസമാഹരണം വിജയപ്രദമാക്കാൻ സഹായിക്കുന്ന ഘടകങ്ങളാണ്.

സന്നദ്ധ പ്രവർത്തനങ്ങൾക്കും സംഭാവനകൾക്കും പുറമെ, നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ സ്ഥായിയായ വരുമാനം വർദ്ധിപ്പിച്ച് വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്താൻ കഴിയുമോ എന്നു പരിശോധിക്കേണ്ടതാണ്.

താഴെ പറയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്തിൻെറ സ്ഥിരവരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്താനാകുമോ എന്ന് കൂടി പരിശോധനാ വിഷയമാക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1 പൊതു അവധി ദിനങ്ങളിൽ പഞ്ചായത്തിൻെറയും സാംസ്കാരിക- രാഷ്ട്രീയ യുവജന സംഘടനകളുടേയും നേതൃത്വത്തിൽ യുവാക്കളുടെ സന്നദ്ധ സേവനം പ്രയോജനപ്പെടുത്തികൊണ്ട് പൊതുകിണറുകൾ, റോഡുകൾ, പൊതുസ്ഥലങ്ങൾ, പൊതുസ്ഥാപനങ്ങൾ, ആശുപത്രി പരിസരങ്ങൾ എന്നിവ ശുചീകരിക്കുക.

2. എല്ലാ വിഭാഗങ്ങളുടേയും വിവാഹം പഞ്ചായത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യിക്കുകയും വിവാഹ ചിലവിൻെറ അടിസ്ഥാനത്തിൽ വിവാഹങ്ങളെ മൂന്ന് തട്ടുകളായി തിരിച്ച് 1000/ രൂപ 500/- രൂ സ്റ്റേഷനറി ചെലവ് എന്നിങ്ങനയോ അല്ലെങ്കിൽ ചെലവിൻെറ ഒരു നിശ്ചിത ശതമാനം തുകയോ രജിസ്ട്രേഷൻ ഫീസായി ഈടാക്കുകയും ചെയ്യുക.

3. രാജ്യത്തിൻെറ പൊതുസമ്പത്തായ പുഴയിൽ നിന്ന് ലഭിക്കുന്ന കക്ക, കല്ലുമ്മക്കായ, ചെളി എന്നിവ സംഭരിക്കുന്നതിന് ലൈസൻസ് നിർബന്ധമാക്കുക.

4. അഴിമുഖത്ത് അടിഞ്ഞു ചേരുന്ന മണലിന് ടെണ്ടർ ഏർപ്പെടുത്തുക.

5. അഞ്ച് ലക്ഷത്തിൽ കൂടുതൽ നനർമ്മാണ ചെലവ് വരുന്ന കെട്ടിടങ്ങൾക്ക് നിശ്ചിത തുക ' ലൈഫ് ടാക്സ് ' ഈടാക്കുക.

6. പൊതു നിരത്തുകളിലെ മരങ്ങളുടെ ലേലതുകയിൽ പകുതി പഞ്ചായത്തിന് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

7. സ്വകാര്യ ആശുപത്രികളിലെ മുറികളുടേയും, കിടക്കകളുടേയും അനുപാതത്തിൽ നികുതി വസൂലാക്കുക.

8. കച്ചവട സ്ഥാപനങ്ങളുടെ വാർഷികവിറ്റു വരവിനു ആനുപാതിമായി ലൈസൻസ് ഫീ ചുമത്തുക.

9. റോഡു നിർമ്മാണ ചെലവിൻെറ നിശ്ചിത ശതമാനം ഗുണഭോക്താക്കളിൽ നിന്നും സമാഹരിക്കുക.

10. ചെളി, മണൽ എന്നിവ ലോറികളിൽ കയറ്റികൊണ്ടുപോകുന്നതിൻെറ ഫലമായി റോഡുകൾക്കുണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിന്നായി ലോറി ഉടമകളിൽ നിന്ന് നിശ്ചിത തുക ഈടാക്കുക.

നമ്മുടെ ഗ്രാമപഞ്ചായത്തിലേക്കു വരുന്ന
വിദേശനാണ്യം 1994-95

| ബാങ്കിൻെറ പേര് | തുക ലക്ഷം രൂപയിൽ |
|---|---|
| I.O.B. | 395.00 |
| Federal Bank | 350.00 |
| South Indian Bank | 125.00 |
| Catholic Syrian Bank | 50.00 |
| Engardiyoor Farmer's Co-operative Bank | 25.00 |
| **Total** | **945.00** |

## കെട്ടിക നികുതി

| | 90–91 | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|---|
| കെട്ടിക നികുതി രൂപ | 2,40,714 | 2,59,466 | 2,26,441 | 2,62,099 | 3,93,953 | 4,28,846.50 |

## കെട്ടിടങ്ങളുടെ സ്വഭാവം

| വീടുകൾ | | | മറ്റു കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| നികുതി ചുമത്തിയവ | നികുതി ഒഴിവാക്കിയവ | ആകെ എണ്ണം | കച്ചവട സ്ഥാപനം | മത സ്ഥാപനം | വിദ്യാഭ്യാസ സ്ഥാപനം | ആകെ എണ്ണം |
| 4374 | 1952 | 6326 | 235 | 132 | 10 | 377 |

## 1995 - 96 ലെ ചെലവ് ഇനം തിരിച്ച്

| | ഇനം | രൂപ |
|---|---|---|
| 1. | സ്ഥാപനച്ചെലവ് | 5,43,064.00 |
| 2. | പൊതുമരാമത്ത് | 4,71,668.00 |
| 3. | വിദ്യാഭ്യാസം | 34,917.00 |
| 4. | ശുദ്ധജല വിതരണം | 11,995.00 |
| 5. | പൊതുജനാരോഗ്യം | 1,75,334.00 |
| 6. | തെരുവ് വിളക്ക് | 35,172.00 |
| | മറ്റുചിലവുകൾ | 4,94,593.00 |
| | ആകെ | 17,71,43.00 |

## വരവ് സംബന്ധിച്ച വിവരങ്ങൾ (1995 - 96 രൂപയിൽ)

| ഇനം (1) | ധനാഭ്യർത്ഥന (2) | പിരിച്ചത് (3) | ബാക്കി (4) |
|---|---|---|---|
| കെട്ടിട നികുതി | 4,22,457.00 | 4,23,457.00 | --- |
| സർവ്വീസ് ചാർജ്ജ് | 21,213.25 | 21,213.25 | --- |
| തൊഴിൽ നികുതി | 1,40,171.00 | 1,40,171.00 | --- |
| വാഹന നികുതി | --- | --- | --- |
| വിനോദ നികുതി | 26353.90 | 26353.90 | --- |
| അഡി. വിനോദ നികുതി | 15959.30 | 15959.00 | --- |
| പ്രദർശന നികുതി | 1728.00 | 1728.00 | --- |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 432.00 | 432.00 | --- |
| ചന്ത വരവ് | --- | --- | --- |
| ലാൻറ് സെസ്സ് | --- | --- | --- |
| ലൈസൻസ് ഫീസ് | 10,140.00 | 10,140.00 | --- |
| കെട്ടിട നികുതി സർചാർജ്ജ് | --- | --- | --- |
| വസ്തു കൈമാറ്റ നികുതി 75% | 97309.00 | 97309.00 | --- |
| വസ്തു കൈമാറ്റ നികുതി 25% | --- | --- | --- |
| സർക്കാർ ഗ്രാൻറുകളും മറ്റും | --- | --- | --- |
| ഒഴികെയുള്ള മറ്റു വരവുകൾ | | | |
| കടത്ത് | 5,650.00 | 5,650.00 | --- |
| ഡെപ്പോസിറ്റ് | 11955.00 | | |
| മറ്റുള്ളവ | --- | --- | --- |
| ആകെ | 12,87,877.00 | | |



40

# 1995 - 96 ലെ ചെലവ് ഇനം തിരിച്ച്

| | ഇനം | രൂപ |
|---|---|---|
| 1. | സ്ഥാപനച്ചെലവ് | 5,43,064.00 |
| 2. | പൊതുമരാമത്ത് | 4,71,668.00 |
| 3. | വിദ്യാഭ്യാസം | 34,911.00 |
| 4. | ശുദ്ധജല വിതരണം | 11,995.00 |
| 5. | പൊതുജനാരോഗ്യം | 35,172.00 |
| 6. | തെരുവ് വിളക്ക് | 1,75,334.00 |
| | മറ്റുചെലവുകൾ | 4,94,593.00 |
| | ആകെ | 17,71,743.00 |

# കെട്ടിട നികുതി ഇനം തിരിച്ച് '95 - 96

| നികുതി | കെട്ടിടങ്ങളുടെ എണ്ണം -- വാർഡ് തലത്തിൽ | | | | | | | | | | ആകെ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| രൂപ | I | II | III | IV | V | VI | VII | VIII | 'IX | X | എണ്ണം | രൂപ |
| 0-10 | 29 | 52 | 35 | 25 | 28 | 37 | 24 | 29 | 27 | 49 | 335 | 3448 |
| 11 - 50 | 65 | 83 | 70 | 53 | 85 | 87 | 55 | 83 | 78 | 79 | 738 | 26219 |
| 51 - 100 | 25 | 41 | 33 | 22 | 74 | 31 | 24 | 76 | 63 | 35 | 424 | 33305 |
| 101 - 200 | 50 | 96 | 59 | 45 | 90 | 96 | 45 | 90 | 83 | 73 | 727 | 104505 |
| 201 - 300 | 20 | 30 | 23 | 20 | 54 | 42 | 22 | 54 | 53 | 25 | 343 | 71236 |
| 301 - 400 | 14 | 18 | 16 | 15 | 18 | 14 | 16 | 17 | 15 | 13 | 156 | 56084 |
| 401 - 500 | 4 | 7 | 5 | 4 | 16 | 15 | 5 | 15 | 13 | 5 | 89 | 43674 |
| 501 - 1000 | 2 | 10 | 3 | 3 | 10 | 11 | 2 | 11 | 7 | 4 | 63 | 43368 |
| 1001 - 1300 | – | 1 | – | – | – | 2 | – | – | – | – | 3 | 3140 |
| ആകെ | 209 | 338 | 239 | 187 | | 335 | 193 | 375 | 339 | 283 | 2878 | 384979 |

## 1995 - 96 വർഷത്തെ തൊഴിൽ നികുതി

| അർദ്ധവർഷ നിരക്ക് (രൂപ) | ആകെ എണ്ണം | ആകെ രൂപ |
|---|---|---|
| 0 - 10 | 155 | 1,780 |
| 11 - 50 | 157 | 4,595 |
| 51 - 100 | 188 | 27,141 |
| 101 - 200 | 146 | 38,000 |
| 201 - 400 | 63 | 35,405 |
| 401 - 750 | 9 | 10,750 |
| 751 - 1250 | 10 | 22,500 |
| ആകെ | 728 | 1,40,171 |

# കെട്ടിടങ്ങൾ സംബന്ധിച്ച വിവരം (1995 - 96)

| വാർഡ് | കിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ | മേൽപ്പുരയുടെ സ്വഭാവം - ഒരു നിലയുള്ള കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 542 | -- | 241 | 67 | 234 | -- |
| II | 748 | -- | 252 | 202 | 288 | 6 |
| III | 616 | -- | 201 | 177 | 237 | 1 |
| IV | 505 | -- | 146 | 124 | 229 | 6 |
| V | 679 | -- | 460 | 101 | 112 | 6 |
| VI | 548 | -- | 252 | 155 | 136 | 5 |
| VII | 469 | -- | 182 | 137 | 150 | -- |
| VIII | 676 | -- | 333 | 192 | 151 | -- |
| IX | 754 | -- | 291 | 280 | 180 | 3 |
| X | 789 | -- | 283 | 271 | 235 | -- |
| ആകെ | 6326 | | | | | |

# ജനകീയാസൂത്രണപ്രസ്ഥാനം
# പഞ്ചായത്ത് തല അവലോകനം

1996 സെപ്തംബർ 5, 6, 7 തിയ്യതികളിൽ ജില്ലാ റിസോഴ്സ് പേഴ്സൺസിനായി ഒരുമനയൂർ ''സാബിൽ പാലസിൽ''വെച്ച് നടത്തപ്പെട്ട ത്രിദിന പരിശീലനക്യാമ്പിലെ പങ്കാളിത്തത്തോടെയാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾക്ക് ഈ പഞ്ചായത്തിൽ തുടക്കം കുറിച്ചത്. ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും, സിക്രട്ടറിയും കൂടാതെ പ്രേമചന്ദ്രൻ പുതൂർ, കെ.എസ്. കൃഷ്ണൻ, പി.കെ. ദിനേശ്, കെ.ബി. സുരേഷ് എന്നിവരും പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി. സെപ്തംബർ 14-ന് സെൻറ് മേരീസ് എൽ.പി. സ്ക്കൂളിൽ വെച്ച് നടത്തിയ പഞ്ചായത്ത് റിസോഴ്സ് പേഴ്സനുള്ള ഏകദിന പരിശീലന പരിപാടിയിൽ വിവിധ വാർഡുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട എൺപതിലേറെ പേർ പങ്കെടുക്കുകയുണ്ടായി. മുൻ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ വി.വി. മോഹൻദാസ് ഉൽഘാടനം നിർവ്വഹിച്ച ക്യാമ്പിൽ പഞ്ചായത്തിലെ ജില്ലാ റിസോഴ്സ് പേഴ്സണിൽസിന് പുറമെ ജില്ലാ കൺവീനർ പ്രൊഫ. സി. രവീന്ദ്രനാഥ്, ജില്ലാ പ്ലാനിങ്ങ് ഓഫീസർ ശ്രീ ശങ്കുണ്ണി, കീ റിസോഴ്സ് പേഴ്സണായ അഡ്വ. കെ.ആർ. വിജയ, ശ്രീ പ്രിൻസ് തുടങ്ങിയവർ നേതൃത്വം നൽകി

വികസന പദ്ധതികൾ ജനപങ്കാളിത്തത്തോടെ അടിത്തട്ടിൽനിന്നും ആസൂത്രണം ചെയ്യുകയെന്നതിൻെറ പ്രാഥമിക നടപടിയെന്നനിലയിൽ സെപ്ംബർ 21 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ പത്ത് വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ കൂടുകയും ഗ്രാമത്തിൻെറ സമഗ്രവികസനത്തിനായുള്ള പരിപാടികൾ ചർച്ചയിലൂടെ രൂപപ്പെടുത്തുകയും ചെയ്തു. ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ സന്ദേശവുമായി ജില്ലാന്തരപര്യടനം നടത്തിയ കലാജാഘകൾക്ക് എം.ഇ.എസ് സെൻറർ, പൊക്കുളങ്ങര എന്നിവിടങ്ങളിൽവെച്ച് ആവേശകരമായ സ്വീകരണം നൽകുകയുണ്ടായി.

ഒക്ടോബർ 24 മുതൽ 26 വരെ തൃപ്രയാർ പ്രിയദർശിനി ഓഡിറ്റോറിയത്തിൽവെച്ച് നടന്ന ജില്ലാതല പരിശീലനത്തിൻെറ രണ്ടാംഘട്ടത്തിൽ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ എന്നിവർ ഉൾപ്പെടെ 6 മെമ്പർമാരുടെയും സിക്രട്ടറി, സർവ്വശ്രീ വി.വി. മോഹൻദാസ്, കെ.എസ് കൃഷ്ണൻ, റസാക്ക് മാഷ്, പ്രേമചന്ദ്രൻ പുതൂർ, കെ.ബി. സുരേഷ്, എം.വി സുദർശനൻ, പി.സി. ആൻറണിമാസ്റ്റർ, കെ.ആർ. കാർത്തികേയൻ, കെ.എസ്.ഇ.ബി. എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ തുടങ്ങുയവരും പങ്കെടുത്തു.

6-10-96-ന് ചേറ്റുവ ജി.എം് സ്കൂളിൽവെച്ച് പഞ്ചായത്ത് റിസോഴ്സ് പേഴ്സൺമാരുടെ യോഗം വിളിച്ചുചേർത്ത് ദ്വിതീയ വിവരണശേഖരണം എങ്ങിനെ ഫലപ്രദമായി നടത്താം എന്നതിനെക്കുറിച്ച് വിശദീകരണം നൽകി. ജില്ലാ റിസോഴ്സ് പേഴ്സൺ ശ്രീ റസാക്ക് മാഷ് ക്ലാസ്സെടുത്തു.

പഞ്ചായത്ത് റിസോഴ്സ് പേഴ്സനായുള്ള രണ്ടാംഘട്ട പരിശീലനം 29-10-1996-ന് ഗീതാ ടാക്കീ

സിൽവെച്ച് നടക്കുകയുണ്ടായി. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധർക്കുവേണ്ടി 27-10-96-ന് ചേറ്റുവ ജി.എം.യു.പി .സ്കൂളിൽവെച്ച് ക്ലാസ്സ് നൽകുകയുണ്ടായി.

വിശേഷാൽ ഗ്രാമസഭകളിലെ വർദ്ധിച്ച ജനപങ്കാളിത്തവും തുടർപ്രവർത്തനങ്ങളിൽ പ്രകടമായ കൂട്ടായ്മയും, ആവേശവും ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളെ നമ്മുടെ ഗ്രാമവാസികൾ താൽപ്പര്യപൂർവ്വം സ്വീകരിച്ചിക്കുന്നു എന്നിൻെറ പ്രത്യക്ഷ ഉദാഹരണങ്ങളാണ്. വർത്തമാനകാലഘട്ടത്തിൻെറ ദാരുണമായ പ്രതിസന്ധികളെ തിരിച്ചറിഞ്ഞ് നാടിൻെറ സമഗ്രവികസനത്തിൽ പടയണിചേരാൻ ലഭിച്ച ഈ സുവർണ്ണാവസരം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിൽ നമ്മുടെ ഗ്രാമവാസികൾ ഉപേക്ഷ കാണിക്കുകയില്ലെന്ന് പ്രതീക്ഷിക്കാം.

# കുറിപ്പുകൾ

## കുറിപ്പുകൾ

## വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ചവർ

പി. കെ. കണ്ണൻ

പി. സി. ആന്റണി

പ്രസാദ് കാണത്ത്

പി. എം. അശോകൻ

കെ. ആർ. കാർത്തികേയൻ

കെ. എസ്. മുകുന്ദൻ

എം. വി. സുദർശനൻ

കെ. യു. ത്യാഗരാജൻ

ജയതിലകൻ പണ്ടാരത്തിൽ

എം. വി. റഹീമാൻ സേട്ടു

കെ. ബി. ദീലിപ്

പി. എം. സജീവ്.

കെ. ബി. സുരേഷ്

ടി. പി. സന്തോഷ്

എൻ. കെ. ബാഹുലേയൻ

കെ. വി. നാരയണൻ ഇളയത്

കെ. കെ. പ്രകാശൻ

ആമി ടീച്ചർ

കെ. പി. മോഹനൻ

പി. ടി. വി. രാമകൃഷ്ണൻ

ഒ. കെ. ബാബു

പി. കെ. രാജേശ്വരൻ

സി. എ. സെയ്തു മുഹമ്മദ്


കെ. എസ്. കണ്ണൻ

ടി. ആർ. രാമചന്ദ്രൻ

കെ. ഗിരീഷ്

തങ്ക ടീച്ചർ

# LAND USE MAP



## വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ചവർ

പി. കെ. കണ്ണൻ

പി. സി. ആന്റണി

പ്രസാദ് കാണത്ത്

പി. എം. അശോകൻ

കെ. ആർ. കാർത്തികേയൻ

കെ. എസ്. മുകുന്ദൻ

എം. വി. സുദർശനൻ

കെ. യു. ത്യഗരാജൻ

ജയതിലകൻ പണ്ടാരത്തിൽ

എം. വി. റഹീമാൻ സേട്ടു

കെ. ബി. ദീലിപ്

പി. എം. സജീവ്.

കെ. ബി. സുരേഷ്

ടി. പി. സന്തോഷ്

എൻ. കെ. ബാഹുലേയൻ

കെ. വി. നാരയണൻ ഇളയത്

കെ. കെ. പ്രകാശൻ

ആമി ടീച്ചർ

കെ. പി. മോഹനൻ

പി. ടി. വി. രാമകൃഷ്ണൻ

ഒ. കെ. ബാബു

പി. കെ. രാജേശ്വരൻ

സി. എ. സെയ്തു മുഹമ്മദ്

കെ. എസ്. കണ്ണൻ

ടി. ആർ. രാമചന്ദ്രൻ

കെ. ഗിരീഷ്


തങ്ക ടീച്ചർ

# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി

**ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്**

- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം



Ebenezer, Thrissur - 12. Ph: 361892, 360992

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

## ജനകീയാസൂത്രണ പ്രസ്ഥാനം

# വികസന റിപ്പോർട്ട്

## വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്

തൃശൂർ ജില്ല

## 1996



46



**വികസനത്തിന്റെ പേരിൽ ഇക്കഴിഞ്ഞ നാലര ദശാബ്ദക്കാലത്തിനിടയ്ക്ക് കോടിക്കണക്കിന് രൂപ മുടക്കിയിട്ടുണ്ട്. എങ്കിലും അതിന്റെ ഗുണഫലം സാധാരണ ജനങ്ങൾക്ക് ഏറെയൊന്നും ലഭ്യമായിട്ടില്ല എന്നതാണ് വസ്തുത**

**ഇ.എം. ശ്രീധരൻ**



ജനപങ്കാളിത്തത്തോടെ താഴെ തട്ടിൽ നിന്ന് ആസൂത്രണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച ജനകീയാസൂത്രണ പരിപാടി വിജയകരമായി മുന്നേറുന്നു. രാഷ്ട്രീയകക്ഷിഭേദമെന്യേ വിവിധ വിഭാഗം ജനങ്ങൾ ഇതിൽ പങ്കെടുത്തുവരുന്നു. ഈ പരിപാടിയെക്കുറിച്ച് തുടക്കത്തിൽ ഉണ്ടായിരുന്ന ചില സംശയങ്ങൾ ഇതിനോടകം ദൂരീകരിക്കപ്പെട്ടു എന്ന കാര്യവും ശ്രദ്ധേയമാണ്. രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങൾ നിലനില്ക്കുമ്പോൾ തന്നെ കേരളത്തിന്റെ വികസനത്തിനായി യോജിച്ചു പ്രവർത്തിക്കാൻ വിവിധ രാഷ്ട്രീയ പാർട്ടികൾ തയാറായി എന്നത് ശുഭോദർക്കമാണ്.

**ഇ.കെ. നായനാർ**



= സമൂഹത്തിന്റെ എല്ലാ തുറകളിലുമുള്ള ജനങ്ങൾ കക്ഷി രാഷ്ട്രീയ, ജാതിമത ഭേദമില്ലാതെ ആസൂത്രണ പ്രക്രിയയിൽ ഭാഗഭാക്കാവുന്നു എന്നതാണ് ഏറ്റവും വലിയ നേട്ടം. സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള വ്യക്തിയും ഈ പ്രക്രിയയിൽ പങ്കുചേരാൻ സാധിക്കുന്നു എന്നത് നിസ്സാര നേട്ടമല്ല.

**ഇ.എം.എസ്**



അധികാരത്തിന്റെ അടഞ്ഞ വാതിലുകളിൽ മുട്ടിവിളിച്ച് തളർന്ന ജനതയ്ക്ക് ഇപ്പോഴിതാ അധികാരം കൈവന്നിരിക്കുന്നു. തങ്ങളുടെ എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി ഈ ആയിരങ്ങൾ ഒന്നുചേരുന്ന കാഴ്ച -ഇമ്മിണി ബല്യ ഒന്നാകുന്ന കാഴ്ച - കേരളചരിത്രത്തിന് ഉണർവിന്റെ നാളുകളാണ് നല്കാൻ പോകുന്നത്.

**ഡോ. തോമസ് ഐസക്**

# പുതിയൊരു വികസനസംസ്കാരം കരുപ്പിടിപ്പിക്കുക



**Panchayathee Raj**

**To**

**Enpower the people**

**സർക്കാർ ഒരു രൂപ ചിലവാക്കുമ്പോൾ അത് ഗുണഭോക്താവിലെത്തുമ്പോൾ '15' പൈസയായി കുറയുന്നു. ഈ പ്രതിഭാസം ഇല്ലാതാക്കാൻ തദ്ദേശ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക മാത്രമെ നിർവാഹമായിട്ടുള്ളു.**

***രാജീവ് ഗാന്ധി***

## പത്രാധിപസമിതി

പി. വി. രവീന്ദ്രൻ മാസ്റ്റർ

അഡ്വ: കെ.എ. വേണുഗോപാലൻ

ധർമ്മദാസ് ചരുവിൽ

പ്രേം പ്രസാദ്

എ.എ. അബു

ഷീജ ടീച്ചർ

സി. കനകലത

കെ. എസ്. ബിനോജ്

# ഭരണ സാരഥികൾ



വി.എച്ച്. ഷൗക്കത്തലി
വാർഡ് I



ഷക്കീല ഉസ്മാൻ
വൈസ് പ്രസിഡന്റ്



വി.എ. കറപ്പൻ മാസ്റ്റർ
വാർഡ് VI



കെ.എം. അബ്ദുള്ള
വാർഡ് II



പ്രസിഡന്റ്
പി.വി. രവീന്ദ്രൻ മാസ്റ്റർ



എ.കെ. ഹേമലത
വാർഡ് VIII



എ.എ. അബു.
വാർഡ് III



ഷീജ ടീച്ചർ
വാർഡ് X



എം.പി. ഭാസ്ക്കരൻ
വാർഡ് V



സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ
സി. കനകലത ടീച്ചർ



വി.ഡി. പ്രേം പ്രസാദ്
വാർഡ് XI

## ഇവർ ജനകീയ ആസൂത്രണ പ്രവർത്തനത്തിന്റെ മുൻനിരക്കാർ

സർവ്വശ്രീ.
പി.വി..രവീന്ദ്രൻ മാസ്റ്റർ
ഷക്കീല ഉസ്മാൻ
സി..കനകലത
എ.എ.അബു
എം.പി. ഭാസ്കരൻ
വി.എ.കറപ്പൻ മാസ്റ്റർ
വി.സി.പ്രേംപ്രസാദ്
കെ.എം.അബ്ദുള്ള
വി.എച്ച്.ഷൗക്കത്തലി
എ.കെ.ഹേമലത
ഷീജ ടീച്ചർ
പി.എ.ഷാജു
കെ.വി. ബാലരാമൻ മാസ്റ്റർ
കെ.എ.വേണുഗോപാലൻ
സി.ആർ.കരുണാകരൻമാസ്റ്റർ
കെ.ബി.ധനജ്ജയൻ
എം.എം.ഹനീഫ
കെ.ഭാസ്ക്കരൻനായർ
ഗുണവർദ്ധനൻ ചാളിപ്പാട്ട്
വി.വി.രുഗ്മാംഗദൻ
പി.ആർ.ജയശങ്കരൻ
ഐ.കെ.നാരായണൻ
പി.ആർ.സിദ്ധാർത്ഥൻ
വേലപ്പുതുപ്പുള്ളി
കെ.സി.പവനൻ
തയ്യപ്പുള്ളി അരവിന്ദൻ
കെ.എം.മുഹമ്മദ്
കെ.സി.സുകുമാരൻ
തറയിൽ വേലായുധൻ
ബിനോജ് കെ.എസ്
കെ.എ.ഹംസ
ഖലീൽറഹ്മാൻ.ആർ.എ.
ആലയിൽ രവീന്ദ്രനാഥൻ
എൻ.കെ..സുരേഷ്
എ.എം.കൃഷ്ണൻമാസ്റ്റർ
കെ.എൻ.വിമല
പി.ആർ.ഫ്രാൻസിസ്
ശശികലടീച്ചർ
പി.എ.ജോർജ്ജ്
എം.വി.ആർജ്ജുനൻ
ജി.ഷൺമുഖൻ

പി.കെ.അബ്ദുൾഹമീദ്
സി.സി.ദേവദാസ്
എ.എ.മുജീബ്
കെ.കെ.നിത്യാനന്ദൻ
സി.ബി.വേണു
അഭിലാഷ് മഞ്ഞിപ്പറമ്പിൽ
ഷൈജു.കെ.ആർ
വിദ്യാധരൻ.കെ.എസ്
മോഹനചന്ദ്രൻ
മണിസുബ്രഹ്മണ്യൻ
സി.എം.മാധവൻമാസ്റ്റർ
മാലതിടീച്ചർ
പി.എസ്.സൂരത്കുമാർ
വി.എസ്.ഷൺമുഖൻ
തറയിൽ ചന്ദ്രൻ
ചന്ദ്രാംഗദൻ മാസ്റ്റർ
പി.ജി.ജനാർദ്ദനൻ മാസ്റ്റർ
സുരേഷ് മഠത്തിൽ
ധീരപാലൻ ചാളിപ്പാട്ട്
പി.ശിവദാസ്
സിന്ധു.എം.ആർ.
സുബൈദ.ബി.
ശോകനി പനക്കപ്പറമ്പിൽ
ധർമ്മരാജൻ .സി.വി.
സന്തോഷ്ബാബു
വി.സി.ലളിതാഭായിടീച്ചർ
കെ.എസ്.കുമാരൻ
എ.എം.മുഹമ്മദ്
മണിമേഖല
ഖാലിദ്
ശശിധരൻ.സി.എസ്.
എസ്.ബി.അബ്ദുൾസത്താർ
എ.കെ.ദാമോദരൻ
മോഹിനി
ഷാജു.സി.സി
പ്രസാദ്.വി.വി
ടി.വി.രാഘവൻ
ധർമ്മദാസ് ചരുവിൽ
മണിമാസ്റ്റർ
സജീഷ് ചാളിപ്പാട്ട്
സി.പി.രാജേന്ദ്രകുമാർ
പ്രീത ടീച്ചർ
സി.കെ.തിലകൻ

# വിഷയവിവരം


1. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
2. പുതിയൊരു വികസന സംസ്കാരം കരുപിടിക്കുക
3. പത്രാധിപസമിതി
4. ഭരണസമിതി
5. ഇവർ ജനകീയാസൂത്രണത്തിന്റെ മുൻനിരക്കാർ
6. വിഷയവിവരം
7. വികസനറിപ്പോർട്ടിനെകുറിച്ച്
8. അധികാര വികേന്ദ്രീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച്
9. പഞ്ചായത്തിന്റെ പൊതുവിവരം
10. ഭൂപ്രകൃതി
11. ചരിത്രത്തിലേക്ക്
12. കൃഷിയും ജലസേചനവും
13. മൃഗസംരക്ഷണം
14. മത്സ്യബന്ധനം
15. വ്യവസായം
16. ഊർജ്ജം
17. ഗതാഗതം
18. പാർപ്പിടം
19. പൊതുജന ആരോഗ്യം
20. കുടിവെള്ളം
21. വിദ്യാഭ്യാസം
22. സംസ്കാരം
23. വനിതാക്ഷേമം
24. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
25. സാമൂഹ്യക്ഷേമം
26. സഹകരണ മേഖല
27. വിഭവസമാഹരണം
28. ടൂറിസം

# വികസന റിപ്പോർട്ടിനെക്കുറിച്ച്

പി.വി.രവീന്ദ്രൻ മാസ്റ്റർ
പ്രസിഡന്റ്

സുഹൃത്തുക്കളെ,

1997 ൽ ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന്നുള്ള പ്രവർത്തനങ്ങൾക്ക് തുടക്കംക്കുറിച്ചിരിക്കുകയാണല്ലൊ. ഉദ്യോഗസ്ഥമേധാവികൾ മാത്രം രൂപപ്പെടുത്തുന് ആസൂത്രണപ്രവർത്തനങ്ങൾക്കുപരിയായി മുഴുവൻ ജനങ്ങളേയും പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കാനാണ് ഇതുകൊണ്ടുദ്ദേശിച്ചിരിക്കുന്നത്. ഈ ലക്ഷ്യത്തിലേക്കുള്ള ആദ്യപടിയായി നമ്മുടെ ഗ്രാമപഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലും പ്രത്യേക ഗ്രാമസഭായോഗങ്ങൾ ഇതിനകം നടന്നു കഴിഞ്ഞു.

ഈ ഗ്രാമസഭായോഗങ്ങളിലെല്ലാം വിവിധവിഭാഗം ജനങ്ങളുടെ വമ്പിച്ച സാന്നിദ്ധ്യവും സഹകരണവും ദൃശ്യമായിരുന്നു.

പ്രാദേശികപ്രശ്നങ്ങളോടൊപ്പം ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന്നാവ്യമായ ക്രിയാത്മക നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുണ്ട്. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്നും അതുവഴി പ്രതിശീർഷവരുമാനം ഉയർത്തുന്നതിന്നും വേണ്ടിയുള്ള ആരോഗ്യകരമായ അഭിപ്രായങ്ങളും അക്കൂട്ടത്തിലുണ്ട്. ശുദ്ധജലക്ഷാമം പരിഹരിക്കാനും ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഉതകുന്നവിധം ഭാവനാസമ്പന്നമായ ആശയങ്ങളും രൂപപ്പെട്ടുവന്നിട്ടുണ്ട്. വികസനത്തിന്റെ ഗുണഫലം ദരിദ്രവിഭാഗങ്ങൾക്കു ലഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഗ്രാമസഭകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വിദ്യാഭ്യാസ–ആരോഗ്യ പ്രശ്നങ്ങളും സജീവമായ ചർച്ചാവിഷയമായിരുന്നു. പൊതുവിൽ അടുത്ത 5 വർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിൽ ചെയ്തുതീർക്കേണ്ട വിവിധ വികസന പ്രവർത്തനങ്ങളുടെ ഒരു രേഖാചിത്രം ഗ്രാമസഭകളിൽ കൂടി രൂപപ്പെട്ടിട്ടുണ്ട്. ജനങ്ങളുടെ ജീവതനിലവാരം ഉയർത്തുന്നതായിരിക്കണം വികസനത്തിന്റെ ആത്യന്തികലക്ഷ്യമെന്ന നിഗമനത്തിലാണ് ഗ്രമസഭാ ചർച്ചകൾ സമാപിച്ചത്.

അതിനെത്തുടർന്ന് നടന്ന ദ്വിതീയ സ്ഥിതിവിവരകണക്കെടുപ്പും പൂർത്തികരിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നവംബർ 1ന് പുനരർപ്പണദിനാചരണം മുഴുവൻ വാർഡുകളിലും വമ്പിച്ച ജനപങ്കാളിത്തത്തോടെയാണ് നടന്നത്. സൗജന്യമായി ഭൂമി ലഭിച്ച 9ഉം 10ഉം വാർഡുകളിൽ പുതിയ അംഗൻവാടികളുടെ നിർമ്മാണവും 11–ാം വാർഡിലെ പുതിയ റോഡുനിർമ്മാ

ണവും പ്രൈമറി ഹെൽത്ത് സെന്റർ, ഗവ.യു.പി.സ്കൂൾ, ലക്ഷംവീട് കോളനിശുചീകരണവും റോഡുകളുടെ മറ്റുനിർമ്മാണ പ്രവർത്തനവും ആവേശകരമായ അനുഭവമായിരുന്നു. ഏകദേശം ആയിരത്തോളംപേർ ഈ പരിപാടിയിൽ അധ്വാനം സംഭാവന ചെയ്തിട്ടുണ്ട്.

ഗ്രാമസഭായോഗങ്ങളിലും പുനരർപ്പണദിനപ്രവർത്തനങ്ങളിലും കക്ഷിപരിഗണനകൾക്കതീതമായ സജീവ സാന്നിദ്ധ്യമാണുണ്ടായത്. നാടിന്റെ വികസനപ്രവർത്തനത്തിൽ നാം ഒന്നാണെന്ന ആശയം ഇവിടെ പ്രായോഗികമായിരിക്കുകയാണ്.

പഞ്ചായത്ത് തലത്തിൽ നടത്തപ്പെട്ട ഏകദിന പരിശാലനത്തിലും ഏകദിന ശില്പശാലയിലും തുടർപ്രവർത്തനങ്ങളിലും നമ്മുടെ ഗ്രാമത്തിലെ വിവിധ തലത്തിലുള്ള നിരവധി വിദ്ഗരുടെ ആത്മാർത്ഥമായ സേവനവും സഹകരണവും ഉണ്ടായിട്ടുണ്ട്. യുവപ്രതിഭകളുടെ നിസ്വാർത്ഥ സേവനവും എടുത്തു പറയേണ്ടതാണ്.

ഈ വികസന റിപ്പോർട്ട് പരിപൂർണ്ണമാണെന്നവകാശപ്പെടുന്നില്ല. പരിമിതമായ സമയത്തിനകം പൂർത്തീകരിക്കേണ്ടിവന്നതിലുള്ള കുറവുകൾ പലതും കണ്ടെത്താൻ കഴിഞ്ഞേക്കും. എങ്കിലും വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ മുഖഛായ മാറ്റുന്നതിന് ലക്ഷ്യംവെച്ചുകൊണ്ട് അടുത്ത പദ്ധതികാലത്ത് ജനസഹകരണത്തോടെ ചെയ്തുതീർക്കേണ്ട പരിപാടികളെക്കുറിച്ചുള്ളഏകദേശരൂപം ഇതിലടങ്ങിയിട്ടുണ്ടെന്നാണ് കരുതുന്നത്. പഞ്ചായത്ത് വികസന സെമിനാറിൽനിന്നും ഉയർന്നുവന്നേക്കാവുന്ന ആശയാഭിപ്രായങ്ങൾകൂടി സമാഹരിച്ചുകൊണ്ട് മാത്രമേ ഈ വികസന റിപ്പോർട്ട് പൂർത്തീകരിക്കാനാവൂ.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനവുമായി സഹകരിച്ച മുഴുവൻപേർക്കും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ഭാവി പ്രവർത്തനങ്ങളിലും ഈ കൂട്ടായ്മ നിലനിർത്തി മുന്നോട്ടു പോകണമെന്ന് അഭ്യർത്ഥിക്കുന്നു.

# അധികാര വികേന്ദ്രീകരണത്തിന്റെ പ്രാധാന്യം

സ്വതന്ത്രഭാരതം ഏഴു പഞ്ചവത്സരപദ്ധതികൾ പിന്നിട്ട് കഴിഞ്ഞിരിക്കുകയാണ്. 8–ാം പദ്ധതിയുടെ അന്ത്യനാലുകളിലാണ് ഇന്ത്യ ഇന്ന് എത്തിനില്ക്കുന്നത്. ഈ പദ്ധതി പ്രവർത്തനങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ വിവിധ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നു കാണാം. ബ്രിട്ടീഷ് കൊളോണിയലിസം സംഭാവന ചെയ്ത പിന്നോക്കാവസ്ഥയിൽനിന്നും പരിമിതമായതോതിൽ പുരോഗതി നേടാൻ ഇന്ത്യക്ക് ഇതുവഴി കഴിഞ്ഞിട്ടുണ്ട്. മുൻ സോവിയറ്റ് യൂണിയന്റെ മാതൃകയെ അവലംബിച്ചുകൊണ്ടുള്ള പദ്ധതി പ്രവർത്തനത്തിലൂടെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ ആസൂത്രണ പ്രക്രിയയിലൂടെ വിവധരംഗങ്ങളിൽ നാം കൈവരിച്ച നേട്ടങ്ങൾ അർഹമായ ജനവിഭാഗങ്ങളുടെ കൈകളിലെത്തിക്കാൻ കഴിയാതെപോയി. ജനനന്മയെ ലക്ഷ്യംവെച്ചുകൊണ്ടെന്നോണം നടത്തിയ ശ്രമങ്ങൾപലതും ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ താല്പര്യങ്ങൾക്കനുസരിച്ച് മാത്രം ചലിക്കുന്ന യാന്ത്രികതയിലേക്ക് മാറിക്കഴിയുകയാണുണ്ടായത്. മുകൾത്തട്ടിൽനിന്നും അടിച്ചേല്പിക്കുന്ന ആസൂത്രണപ്രക്രിയയിൽ ജനകീയാവശ്യങ്ങൾക്കും പ്രാദേശിക വികാരങ്ങൾക്കും അർഹമായ പരിഗണന ലഭിക്കാതെപോയി. സാധാരണക്കാരന്റെ പൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങൾക്ക് ആശ്വാസത്തിന്റെ തണലേകാൻ നമ്മുടെ പദ്ധതികൾക്ക് കഴിഞ്ഞില്ലെന്ന ദുഃഖസത്യം നമുക്കിവിടെ അനുസ്മരിക്കാം. പദ്ധതി പ്രവർത്തനങ്ങളിൽനിന്നും സാധാരണക്കാരനെ അകറ്റിനിർത്തിയതാണ് ഇതിനൊരു പ്രധാനകാരണം. ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾക്കനുസരിച്ച് രൂപംകൊള്ളേണ്ട ആസൂത്രണം ഏതാനും വിദഗ്ദരുടെ വ്യക്തിഗത ആശയങ്ങളായി പിറന്നുവീണതിന്റെ പാപഭാരം നാമെല്ലാം ഇന്നും പേറുന്നു.

പ്രദേശങ്ങളുടെ പ്രത്യേകതകളും ജീവിതരീതികളുടെ സവിശേഷതയും, വിഭവലഭ്യതയും ചരിത്രപശ്ചാത്തലവും സമന്വയിപ്പിച്ചുകൊണ്ടുള്ള വികേന്ദ്രീകൃത ആസൂത്രണത്തിലൂടെമാത്രമേ നാടിന്റെ സമഗ്രവികസനം സാദ്ധ്യമാകൂ. ഈ ലക്ഷ്യത്തെ മുന്നിൽകണ്ടുകൊണ്ട് അധികാരം ജനങ്ങൾക്ക് പങ്കിടുന്ന 9–ാം പഞ്ചവൽസരപദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങളുടെ പണിശാലയിലാണ് നാമിന്ന്. വികലമാക്കപ്പെട്ട നമ്മുടെ ആസൂത്രണപ്രസ്ഥാനത്തിന് വികേന്ദ്രീകൃതസങ്കല്പം പുതു ചൈതന്യവും പുത്തനാവേശവും പകരും. പദ്ധതി പ്രവർത്തനങ്ങളുടെ എല്ലാതലങ്ങളിലും ജനകീയ പങ്കാളിത്തം എന്ന ലക്ഷ്യം കൈവരിക്കാൻ ഇതിൽകൂടി നമുക്ക്

കഴിയും. മുൻ പദ്ധതികൾക്ക് കൈവരിക്കാൻ കഴിയാത്ത നിസ്തുലമായ നേട്ടങ്ങൾ ഇതുവഴി നമുക്ക് നേടാം.

9-ാം പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഭാഗഭാക്കാക്കാനുള്ള സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും അതിന് തുടക്കംക്കുറിച്ചിരിക്കയാണ്.

ഈ വിധത്തിൽ ജനപങ്കാളിത്വത്തോടുകൂടി ആസൂത്രണം രൂപപ്പെടുത്തുന്നതിനുപിന്നിൽ ഒരു രാഷ്ട്രീയ പാശ്ചാത്തലമുണ്ട്. 1957 ൽ അധികാരത്തിൽവന്ന ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നിയോഗിച്ച ഭരണപരിഷ്ക്കാര കമ്മീഷന്റെ റിപ്പോർട്ടാണ് കേരളത്തിൽ അധികാരവികേന്ദ്രീകരണമെന്ന സമീപനത്തിന് തുടക്കം കുറിക്കുന്നത്. തുടർന്നാണ് 60 കളുടെ തുടക്കത്തിൽ പഞ്ചായത്തുകൾ രൂപംകൊള്ളുന്നത്. ജില്ലാകൗൺസിലുകൾ രൂപപ്പെടുത്തുന്നതിന്നുവേണ്ടി നിരവധി ശ്രമങ്ങൾ നടന്നെങ്കിലും രണ്ട് പതിറ്റാണ്ടുകൾക്കുശേഷമാണ് ജില്ലാകൗൺസിൽ നിയമം പാസ്സാക്കപ്പെടുന്നത്. നിയമം പാസ്സായിട്ടും കൗൺസിൽ തെരഞ്ഞെടുപ്പിന്ന് തുടർന്നും സമയമേറെ എടുത്തു. അധികാരം ഏറ്റെടുത്ത ജില്ലാകൗൺസിലുകൾക്ക് നൽകപ്പെട്ട അധികാരങ്ങൾ തിരിച്ചെടുക്കുകയും പിന്നീടവ പിരിട്ടുവിടപ്പെടുകയും ചെയ്തു. ഈ കാലഘട്ടത്തിലാണ് പഞ്ചായത്തീരാജ് നഗരപാലിക നിയമം അഖിലേന്ത്യാവ്യാപകമായി ഭരണഘടന ഭേദഗതികളിലൂടെ നടപ്പിലാക്കപ്പെടുന്നത്.

കേരളത്തിൽ കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിനുശേഷം അധികാരത്തിൽവന്ന സർക്കാരിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ആസൂത്രണ ബോർഡും അതിന്റെ ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതിയുമാണ് ഇന്ത്യയിലാദ്യമായി ഇത്തരത്തിലുള്ള ഒരു ജനകീയാസൂത്രണപ്രസ്ഥാനത്തിന്ന് തുടക്കം കുറിക്കുന്നത്.

1970 ഓടെ ഭൂപരിഷ്ക്കരണനിയമങ്ങൾ കേരളത്തിൽ ഭൂപ്രഭുത്വം അവസാനിപ്പിച്ചു എങ്കിലും കർഷകനു കൈമാറപ്പെട്ട കൃഷിഭൂമിയിൽ ഉത്പാദനം വർദ്ധിക്കുന്നില്ല എന്ന സ്ഥിതി വിശേഷമുണ്ടായി.

ഭൂ പരിഷ്ക്കരണത്തിന്റെ തുടർച്ചയായി നടക്കേണ്ട കാർഷിക പരിഷ്ക്കാരം നടക്കാതെപോയതാണ് ഇതിന്നുള്ള പ്രധാനപ്പെട്ട കാരണം. ഭൂപരിഷ്ക്കാരംമൂലം തുണ്ടവൽക്കരിക്കപ്പെട്ട കൃഷിഭൂമിയെ ആസൂത്രിതമായി ഗ്രൂപ്പ് ഫാമിങ്ങിലൂടെ സംയോജിപ്പിച്ച് ലാഭകരമായി കൃഷിചെയ്യുക എന്ന രീതിയിലുള്ള നീക്കവും ഉണ്ടായില്ല. ഇതുമൂലം കാർഷിക രംഗത്ത് അതി രൂക്ഷമായ മുരടിപ്പിനെയാണ് നാമിന്ന് നേരിടുന്നത്. ഈ മുരടിപ്പും കേരളത്തിന്റെ പ്രത്യേകമായ ഭൂപരിസ്ഥിതിയും വ്യാവസായിക മുരടിപ്പിന്നു വഴിയൊരുക്കുകയാണുണ്ടായത്. ആവശ്യമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കപ്പെടാത്തതുമൂലം പരമ്പരാഗത വ്യവസായമേഖല തകർന്നടിഞ്ഞു. കേരളത്തിൽ ആകെ ഉണ്ടായിരുന്ന പൊതു മേഘലാവ്യവസായസ്ഥാപനങ്ങളിൽ ജനസംഖ്യാനുപാതികമായി മുതൽമുടക്കാൻ മാറിമാറിവന്ന കേന്ദ്രസർക്കാരുകൾ തയ്യാറാകാത്തതുമൂലം പൊതുമേഖല വ്യാവസായ സ്ഥാപനങ്ങളും വൻ പ്രതിസന്ധിയിലായി. തൊഴിലില്ലായ്മ അതിരൂക്ഷമാകുക എന്ന സ്ഥിതിയാണ് ഇതുമൂലമുണ്ടായത്. (ഗൾഫ് മേഖലയിലേക്ക് കുടിയേറാൻ ആരംഭിച്ച യുവാക്കൾ അയച്ചു തരുന്ന വിദേശപണമാണ് ഇന്നു കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ നിലനിർത്തുന്നത്. അതൊരു ശാശ്വതമായ ഏർപ്പാടല്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ സമ്പത്ത് ഉത്പാദന മേഖലയായ കാർഷിക വ്യവസായ രംഗങ്ങളിൽ ജനപങ്കാളിത്തമുറപ്പിച്ചുകൊണ്ട് മുന്നോട്ടുനീങ്ങണമെന്ന ആശയം രൂപപ്പെട്ടത്തി.

– പത്രാധിപസമിതി

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | വാടാനപ്പള്ളി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | തൃത്തല്ലൂർ, വാടാനപ്പള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | : | തളിക്കുളം |
| താലൂക്ക് | : | ചാവക്കാട് |
| ജില്ല | : | തൃശൂർ |
| അസംബ്ലി മണ്ഡലം | : | നാട്ടിക |
| ലോകസഭാ മണ്ഡലം | : | തൃശൂർ |
| വിസ്തീർണ്ണം | : | 13.18.ച.കി.മീ. |
| അതിരുകൾ | : | കിഴക്ക് - കാനോലികനാൽ |
| | | പടിഞ്ഞാറ് - അറബിക്കടൽ |
| | | തെക്ക് - തളിക്കുളം പഞ്ചായത്ത് |
| | | വടക്ക് - ഏങ്ങണ്ടിയൂർ പഞ്ചായത്ത് |
| ജനസംഖ്യ | : | 27003 (1991) |
| | | സ്ത്രീകൾ - 14364 |
| | | പുരുഷന്മാർ - 12639 |
| സാക്ഷരർ | : | 21192 |
| സാക്ഷരത | : | 21192 |
| | | സ്ത്രീകൾ - 10952 |
| | | പുരുഷന്മാർ - 10240 |
| വാർഡുകളുടെ എണ്ണം | : | 11 |
| | | സ്ത്രീസംവരണം -3 |
| | | പട്ടികജാതി സംവരണം - 1 |
| | | പട്ടികജാതിസ്ത്രീസംവരണം - 1 |
| | | ജനറൽ 6 |
| പ്രസിഡന്റിന്റെ പേര് | : | പി.വി.രവീന്ദ്രൻമാസ്റ്റർ |
| വൈസ്പ്രസിഡന്റിന്റെ പേര് | : | കെ.ഐ.ഷക്കീല |
| സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാർ | : | സി.കനകലത |

# ഭൂപ്രകൃതിയും വിഭവങ്ങളും

വാടാനപ്പള്ളി പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയായ അറബിക്കടലിന്റെ സമുദ്രനിരപ്പിൽനിന്നും അല്പം താഴെയാണ് സമതല പ്രദേശമായ വാടാനപ്പിള്ളിയുടെ പൊതുകിടപ്പ് എന്ന് പറയാം. അപൂർവ്വം ചില ചതുപ്പു പ്രദേശങ്ങളും നിലവിൽ ഉണ്ട്. രണ്ടുമൂന്നു ദശകങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന കുന്നുകളെല്ലാം നെൽപ്പാടങ്ങൾ മണ്ണിട്ട് നികത്തുന്നതിനുവേണ്ടി ഉപയോഗിക്കപ്പെട്ടു. പൊതുവേ മണൽ പ്രദേശമാണ്. എന്നാൽ പഞ്ചായത്തിന്റെ കിഴക്കനതിർത്തിയായ കനോലിക്കനാലിന്റെ തീരപ്രദേശങ്ങളിൽ മുകൾഭാഗത്ത് കളിമണ്ണും അടിഭാഗത്ത് ചേടിയുമാണ് കാണപ്പെടുന്നത്. തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, കശുമാവ്, ആര്യവേപ്പ്, കോൽപ്പുളി, കുടംപുളി, ഇരുമ്പൻ പുളി,ഐനി, നെല്ലി, ഞാവൽ, വീട്ടി, തേക്ക് ബദാം, ഉങ്ങ്, ഇലഞ്ഞി, പുന്ന, പൂള, വാക അരയാൽ, പേരാൽ കൂവളം, അലറി, കാഞ്ഞിരം, നാരകം, ശീമപ്ലാവ്, പാല, ജാതി, കൊക്കോ, അവണക്ക്, കണിക്കൊന്ന, കാട്ടുചന്ദനം, ചെമ്പകം കനകചെമ്പകം, മട്ടി, പൂവം, കരശ്, ചേര് പനച്ചി, നല്ല അവണക്ക്, മരട്ടി മുരുക്ക്, പ്ലാശ്, പൂവ്വാൻ കുറുന്നില, അരുത, തൊട്ടാർവാടി, കീഴാർനെല്ലി, പപ്പായ,

അനടിയൻ, മുയൽച്ചെവി, കുറുന്തോട്ടി കുന്നി, സർപ്പഗന്ധി, കർളകം, ബോഗൻവില്ല, ശീമക്കൊന്ന, മൈലാഞ്ചി, ശംഖ്പുഷ്പം, മഞ്ഞൾ, ഇഞ്ചി, കൂർക്ക, കുവ, മാങ്ങയിഞ്ചി, ചേമ്പ്, കാവത്ത്, ഫേഷൻഫ്രൂട്ട്, കൊള്ളി, മധുരക്കിഴങ്ങ്, രാമച്ചംചീര, അമര, വെണ്ട, കുമ്പളം, മത്തൻ, പടവലം പച്ചമുളക്, വാഴ, പൈനാപ്പിൾ, തീറ്റപ്പുല്ല്, കൈത, കമ്മ്യൂണിസ്റ്റ് പച്ച, കറുക, മൾബറി, ചേന, തുളസി, ചിറ്റമൃത്, ചെമ്പരത്തി, കുരുമുളക്, ആടലോടകം, കനകാംബരം നന്ത്യാർ വട്ടം, തുമ്പ, വള്ളിനാരകം, ഏകനായകം, ചെറുനാരകം, എരുക്ക്, മുരിങ്ങ, ഉമ്മം, കൊടുത്തൂവ, ചാമ്പ, മന്ദാരം, ശിവനാറി, കച്ചോലം ശതാവരി നറുനെണ്ടി, വെറ്റില, ചങ്ങലവരണ്ട ബ്രഹ്മി, കഞ്ഞിക്കൂർക്ക, തെച്ചി, അശോകതെച്ചി, പിച്ചകം, മുല്ല, ഡാലിയ, സീനിയ, സൂര്യകാന്തി ആന്തൂറിയം, ഓർക്കിഡ്, മുള, വയൽചുള്ളി, തുടങ്ങിയവയാണ് പ്രധാനപ്പെട്ട സസ്യസമ്പത്തായി പറയപ്പെടാവുന്നത്. വാടാനപ്പിള്ളി പഞ്ചായത്തിന്റെ പടിഞ്ഞാറെ പ്രദേശമായ കടലോരത്തും കിഴക്കൻ പ്രദേശമായ നടുവിൽ ക്കരയിലും ശുദ്ധജലക്ഷാമം രൂക്ഷമാണ്. പഞ്ചായത്തിലെ മിക്കവാറും എല്ലാ പ്രദേശത്തും 2) അഞ്ചോ, പത്തോ, അടി താഴ്ത്തിയാൽ വെള്ളം കിട്ടും എന്ന അവസ്ഥയാണ്. പക്ഷെ കിഴക്കും, പടിഞ്ഞാറും ഭാഗത്ത് ഉപ്പ് വെള്ളമാണ് കിട്ടുന്നത്.

**കാലാവസ്ഥ**

ഇടവമാസം മുതൽ ചിങ്ങം കൂടി കാലവർഷവും കന്നിതുലാം മാസങ്ങളിൽ തുലാവർഷവുമാണ്. ലഭിച്ചുവരുന്നത്. മകരംകുംഭം മാസങ്ങളിൽ മഞ്ഞ് അനുഭവപ്പെടാറുണ്ട്. പാലക്കാടൻ ചുരം വഴി കടന്നുവരുന്ന വരണ്ട കാറ്റ് വൃശ്ചികമാസത്തിൽ കിഴക്കു നിന്നു ആഞ്ഞടിക്കാറുണ്ട്. വർഷക്കാലമൊഴികെ മറ്റെല്ലാക്കാലത്തും ശുദ്ധജലക്ഷാമം അനുഭവപ്പെടാറുണ്ട്. 1990 മുതൽ 1995 വരെ പ്രതിവർഷം ലഭിച്ച ശരാശ്രി മഴ 3101-4 മില്ലിമീറ്ററാണ്. മാർച്ച് മാസത്തിലാണ് കഠിനമായ ചൂട് അനുഭവപ്പെടുന്നത്. ഏറ്റവും കുറഞ്ഞ ചൂട് അനുഭവപ്പെടുന്നത് ജൂലായ് ആഗസ്റ്റ് മാസങ്ങളിലാണ്. മഴക്കാലത്ത് കാലവർഷമാണ് കൂടുതൽ ലഭിക്കുന്നത്. തുലാവർഷം ചിലവർഷങ്ങളിൽ പേരിന്നു മാത്രമെ ഉണ്ടാകാറുള്ളൂ. എടവം പകുതി മുതൽ ചിങ്ങം പകുതിവരെയാണ് കാലർഷം കൂടുതൽ ലഭിക്കുന്നത്. തുലാമാസത്തിൽ തുലാവർഷം ആരംഭിക്കുകയും വൃശ്ചികം ആദ്യത്തോടെ അവസാനിക്കുകയും ചെയ്യുന്നു. കൊടിയ ചൂടുള്ള മകരം, കുംഭം മാസങ്ങളിൽ ചിലപ്പോൾ ഇടമഴകൾ ലഭിക്കാറുണ്ട്.

**ജലലഭ്യത**

വീടിനോടനുബന്ധിച്ച് രണ്ട് കുളം എന്ന സ്ഥിതിയാണ് ഇടത്തരം വീടുകൾക്കുണ്ടായിരുന്നത്. കിണറുകളും പൈപ്പുകളും വ്യാപകമായതോടെ വീടിനോടനുബന്ധിച്ചുണ്ടായിരുന്ന കുളങ്ങൾ മിക്കവാറും നികത്തപ്പെട്ടു വാടാനപ്പിള്ളി, തൃത്തല്ലൂർ, ദേവാലയങ്ങളോടനുബന്ധിച്ചുള്ള വലിയ കുളങ്ങൾ, രാമൻകുളം, മാത്തുകുളം, കേയീകുളം, കൊറ്റായി ക്ഷേത്രക്കുളം പനക്കപ്പറമ്പിൽ ക്ഷേത്രക്കുളം, പുത്തില്ലത്ത് ക്ഷേത്രക്കുളം, ഗണേശമംഗലം ക്ഷേത്രം പരിസരത്തെ കുളം മുതലായവയാണ് എടുത്ത് പറയാവുന്ന വലിയ കുളങ്ങൾ, കനോലി കനാലിന്റെ ഭാഗമായി ഒന്നും നാലും വാർഡുകൾക്കിടയിൽ കിടക്കുന്ന തടാകസമാനമായ പടിഞ്ഞാറെ പുഴയാണ് പഞ്ചായത്തിലെ ഏറ്റവും വലിയ ജലസഞ്ചയം. അതിന്റെ രണ്ടു കൈവഴികൾ I, II, III, IV എന്നീ വാർഡുകളുടെ ഇടയിലൂടെ പഞ്ചായത്തിന്റെ വടക്കെയറ്റം മുതൽ തെക്കെയറ്റം വരെ ഒഴുകുന്നുണ്ട്. കൊറ്റായിതോട്, മുള്ളങ്കരതോട്, പള്ളിയാറ തോട്, നീലികരതോട്, ചേലോട് തോട് തുടങ്ങിയവയാണ് മറ്റു നീരൊഴുക്കുള്ള തോടുകൾ.

തോടുകൾ പലതും മണ്ണിട്ടു നികത്തിപ്പോയിട്ടുണ്ട്. നിലവിലുള്ള തോടിന്റെ വീതി അനുദിനം കുറഞ്ഞു വരുന്ന അവസ്ഥാ വിശേഷവും നിലവിലുണ്ട്. നെല്പാടങ്ങൾ മണ്ണിട്ടുനികത്തപ്പെട്ടതിന്റെയും കൈതോടുകൾ തൂർന്ന് പോയതിന്റെയും ഭാഗമായി വർഷക്കാലമായാൽ V, VI, VIII, VIII XXI വാർഡുകളിൽ നീർകെട്ട് അനുഭവപ്പെടാറുണ്ട്.

**മണ്ണ്**

NH 17ന് ഇരുമ്പുപുറവും ഫലപുഷ്ടി കുറഞ്ഞ മണൽ പ്രദേശമാണ്. കിഴക്കും പടിഞ്ഞാറും തീരദേശങ്ങളിൽ പൊതുവെ ഫലപുഷ്ടിയുള്ള മണ്ണാണ്. പശിമരാശിയില്ലാത്ത മണൽ മണ്ണായതുകൊണ്ട് മണ്ണിൽ വെള്ളം കെട്ടി നില്ക്കാനുള്ള സാധ്യത കുറവാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശത്താണ് ഈ സ്ഥിതി വിശേഷം കൂടുതലുള്ളത്. എന്നാൽ കളിമൺ രാശിയുള്ള കിഴക്കൻ പ്രദേശത്ത് നീർവാർച്ച കുറവാണ്.

**ഭൂവിനിയോഗം**

വാടാനപ്പിള്ളി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പ്രദേശവും കാർഷിക യോഗ്യമാണ്. 1210 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയാണ് നടത്തുന്നത്. തെങ്ങുകൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ ഇടവിളകൾ പ്രായേണ കുറവാണ്. 1460 ഹെക്ടർ ഭൂമി നമ്മുടെ പഞ്ചായത്തിൽ ആകെയുണ്ട്. 2 ഹെക്ടർ സ്ഥലത്ത് പച്ചക്കറികളും 1 ഹെക്ടർ സ്ഥലത്ത് മരച്ചീനിയും 1 ഹെക്ടർ സ്ഥലത്ത് കുരുമുളകും, 8 ഹെക്ടർ സ്ഥലത്ത് കശുമാവും 2 ഹെക്ടർ മാവും, 8 ഹെക്ടറിൽ കവുങ്ങും. 4 ഹെക്ടർസ്ഥലത്ത് വാഴയും 2 ഹെക്ടറിൽ നെല്ലും 1 ഹെക്ടറിൽ പയറും, 15

വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത്
**3.5 നടീൽ വസ്തുവിതരണം**

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 140 | 167 | 450 |
| കശുമാവ് | Nil | NIL | Nil |
| കുരുമുളക് | Nil | 1170 | 4500 |
| കവുങ്ങ് | 200 | 500 | 300 |
| വാഴ | 1350 | - | - |
| ഗ്രാമ്പൂ | 100 | - | - |
| ജാതി | 100 | 100 | - |
| സപ്പോട്ട | 50 | - | - |
| മാവ് | 0 | 50 | 100 |
| ചാമ്പ | - | 50 | 50 |
| ഞാവൽ | – | 50 | – |
| നെല്ലി | – | – | 50 |
| മാതളം | – | – | 50 |

വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത്
3.6 ദുരിതാശ്വാസ വിതരണം.

| വർഷം 1 | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം 6 | വിതരണം ചെയ്ത തുക 7 |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം 2 | വരൾച്ച 3 | കൊടുങ്കാറ്റ് 4 | ഉരുൾപൊട്ടൽ 5 | | |
| 1993-94 | 38 | - | - | - | | 14738.00 |
| 1994-95 | 52 | - | - | - | | 13700-00 |
| 1995-96 | 61 | - | - | - | | 15556 .00 |

ഹെക്ടർ സ്ഥലം കാർഷികയോഗ്യമായ തരിശുഭൂമിയുമാണ്. വാടാനപ്പിള്ളിയിൽ ആകെയുള്ള മൈതാനം 8 ഹെക്ടറോളം വരും. നെൽകൃഷി മുഴുവൻ ഒരുപ്പൂവാണ്. 5 മുതൽ 8 വരെ വിളകളാണ് ശരാശരി നെല്ലിന് ലഭിച്ചുവരുന്നത്. കൂടാതെ വീടുകളും കെട്ടിടങ്ങളുമായി നല്ലൊരു ഭൂവിഭാഗം പഞ്ചായത്തിൽ ഉണ്ട്.

തെങ്ങിന് പൊതുവെ ഉല്പാദനക്ഷമത കുറഞ്ഞു വരികയാണ്. ജൈവവളങ്ങൾ ഇല്ലാതായതും രാസവളങ്ങൾക്ക് വിലവർദ്ധിച്ചതും വളപ്രയോഗത്തിന്റെ അളവു കുറക്കാനിടയായി. മറ്റുല്പന്നങ്ങളുടെ വില വർദ്ധനവിനൊപ്പം നാളികേരത്തിന് വിലവർദ്ധിക്കാതിരുന്നതും തെങ്ങുകൃഷിക്കാരെ പ്രതിസന്ധിയിലാക്കി. കൃഷിപ്പണിയുടെ അളവു കുറച്ചുകൊണ്ടാണ് കർഷകർ ഈ പ്രതിസന്ധിയെ നേരിട്ടത്. തന്മൂലം കാർഷിക തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളിൽ കുറവുണ്ടായി. ഉള്ള തൊഴിൽ ദിനങ്ങൾക്ക് കൂടുതൽ കൂലി എന്ന സമീപനം കൊണ്ടാണ് കർഷകതൊഴിലാളികൾ ഇതിനെ നേരിട്ടത്. തന്മൂലം തെങ്ങുകൃഷി രംഗത്ത് പ്രതിസന്ധി രൂക്ഷമായി വരികയാണ്. തെങ്ങൊന്നിന് ശരാശരി പ്രതിവർഷം 40 - 50 നാളി

കേരമാണ്. വാടാനപ്പിള്ളി പഞ്ചായത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. ആധുനികങ്ങളായ വിത്തിനങ്ങൾ ഉപയോഗിച്ചും ശാസ്ത്രീയമായ കൃഷിരീതികൾ ഉപയോഗിച്ചും തെങ്ങുകൃഷി രംഗത്തെ ഉല്പാദന ക്ഷമത ഒരിരട്ടിയെങ്കിലുമായി വർദ്ധിപ്പിക്കാൻ നമുക്ക് കഴിയും. തെങ്ങുകൃഷി ചെയ്യുന്ന പ്രദേശങ്ങലിൽ വ്യാപകമായി ഇടവിളകൾ കൃഷിചെയ്യാവുന്നതാണ്. പഴയ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം 4 ഹെക്ടറോളം വരുന്ന സ്ഥലത്ത് കാവുകൾ നിലനില്ക്കുന്നുണ്ട്. ചെട്ടിക്കാട്, മൈതാനം, കെറ്റായി ക്ഷേത്രമൈതാനം, കാളിക്ഷേത്ര മൈതാനം, പനക്കപറമ്പിൽ ക്ഷേത്രമൈതാനം, എ.കെ.ജി. മിനിസ്റ്റേഡിയം തൃത്തല്ലൂർ ക്ഷേത്ര മൈതാനം, ഗണേശമംഗലം ക്ഷേത്രമൈതാനം വാടാനപ്പിള്ളി ക്ഷേത്രമൈതാനം, ചാപ്പ മൈതാനം, ബീച്ച് മൈതാനം, മേപ്രങ്ങാട് ക്ഷേത്രമൈതാനം, സ്കൂൾ മൈതാനങ്ങൾ എന്നിവകൂടി ആകെ 15 ൽപരം ഹെക്ടർ വരും.

### ജൈവസമ്പത്ത്

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 372 സങ്കരയിനം പശുക്കളും 139 എരുമകളും, കോഴി താറാവ് എന്നിവ ഒഴികെ 4533 വളർത്തു മൃഗങ്ങളുമുണ്ട് കോഴി, താറാവ് എന്നിവ 10,679 എണ്ണവും ഉണ്ടായിരുന്നു. സെൻസസ്. പ്രകാരം പശുക്കളിൽ 601 കറവപ്പശുക്കളുണ്ട്. ഏകദേശം 50 എരുമകളുണ്ട് ആട് 1930ഉം ഉണ്ട്.

1995ലെ സെൻസസ് പ്രകാരം 99% പശുക്കളും സങ്കരയിനം പശുക്കളിൽപ്പെടുന്നവയാണ്.

### മനുഷ്യവിഭവം

വാടാനപ്പിള്ളി പഞ്ചായത്തിലെ അകെ ജനസംഖ്യ 1991ലെ സെൻസ്സനുസരിച്ച് 27,003 ആണ്( ഇരുപത്തി ഏഴായിരത്തി മൂന്ന് ആണ്) അതിൽ 4859 പേർ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരാണ്. 10,240

വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്

**3.7.തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണം | കായക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലിഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റൈം ബ്ലിഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 120 ഹെക്ടർ | 700 | 19100 | 19800 | – | 20 | 65 | 25 | – | 110 |
| 2 | 103 | 625 | 17400 | 18025 | – | 18 | 50 | 20 | – | 88 |
| 3 | 117 | 1075 | 19400 | 20475 | – | 25 | 72 | 28 | – | 125 |
| 4 | 110 | 750 | 18500 | 19250 | – | 30 | 75 | 28 | – | 133 |
| 5 | 118 | 1150 | 19500 | 20650 | – | 38 | 90 | 30 | – | 158 |
| 6 | 95 | 625 | 16000 | 16625 | – | 25 | 55 | 35 | – | 115 |
| 7 | 105 | 1005 | 17370 | 18375 | – | 35 | 60 | 38 | – | 133 |
| 8 | 92 | 600 | 15500 | 16100 | – | 15 | 38 | 40 | – | 93 |
| 9 | 105 | 575 | 17800 | 18375 | – | 18 | 60 | 35 | – | 113 |
| 10 | 115 | 1125 | 19000 | 20125 | – | 22 | 55 | 28 | – | 105 |
| 11 | 130 | 1050 | 21700 | 22750 | – | 15 | 70 | 25 | – | 110 |
| ആകെ | 1210 | 9280 | 201270 | 2105550 | | 216 | 690 | 332 | | 1283 |

പുരുഷന്മാരും, 10,952 സ്ത്രീകളും സാക്ഷരരാണ് പുരുഷന്മാരെക്കാൾ 1725 സ്ത്രീകൾ കൂടുതലുണ്ട്. 1000 പുരുഷന്മാർക്ക് 1136 സ്ത്രീകളുണ്ട്. ആകെ സ്ത്രീകളുടെ ജനസംഖ്യ 14, 364 ഉം പുരുഷന്മാരുടേത് 12,639 ഉമാണ്.

1970 നുശേഷം ഗൾഫ് നാടുകളിലേക്ക് വൻതോതിൽ കുടിയേറ്റം ഉണ്ടായിട്ടുണ്ട്. അവരുടെ കൂടെ എണ്ണം കണക്കിലെടുത്തു മാത്രമെ യഥാർത്ഥ ജനസംഖ്യാ വർദ്ധനവ് കണക്കാക്കാൻ കഴിയൂ. ആരോഗ്യ പരിരക്ഷാ രംഗത്ത് കൂടുതൽ ഫലപ്രദമായ നടപടികൾ ഉണ്ടായതിനെ തുടർന്ന 70നുശേഷം പകർച്ചവ്യാധി മൂലമുള്ള മരണങ്ങളും ശൈശവമരണങ്ങളും വൻതോതിൽ കുറഞ്ഞിട്ടുണ്ട്. ആയുർദൈർഘ്യത്തിൽ വർദ്ധനവ് ഉണ്ടായതിനെതുടർന്ന് പ്രായമായവരുടെ എണ്ണം കൂടി കൂടി വരികയാണ്. എന്നാൽ കുടുംബാസൂത്രണ ഉപാധികൾ വിപുലമായി ഉപയോഗിക്കപ്പെടുന്നതിനെ തുടർന്ന് കുട്ടികളുടെ എണ്ണത്തിൽ മുമ്പുണ്ടായിരുന്നതുപോലെ വൻവർദ്ധനവ് ഉണ്ടാകുന്നില്ല.

സമ്പൂർണ്ണ സാക്ഷരത കൈവരിച്ച പഞ്ചായത്താണ് വാടാനപ്പിള്ളി. ആകെ ജനസംഖ്യയിൽ 5433പേർ വിദ്യാർത്ഥികളാണ്. 15 വയസ്സിന് താഴെയും 60 വയസ്സിന് മുകളിലുമായി ഉള്ള തൊഴിൽ, സേനയിൽപെടാത്തവരുടെ എണ്ണം 12767 ആണ്. 14236 പേർ ആണ് തൊഴിൽ സേന എന്ന് വിശേഷിപ്പിക്കാവുന്ന വിഭാഗത്തിൽ പെട്ടവർ 1000 ത്തോളം പേർ ഗൾഫ് നാടുകളുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവരാണ്. 187 പേർ സർക്കാർ അർദ്ധ സർക്കാർ ജീവനക്കാരാണ്. സ്വകാര്യസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർ 1126 പേരാണ്. കാർഷിക രംഗത്ത് പണിയെടുക്കുന്ന കർഷകതൊഴിലാളികൾ 600നും 700നും ഇടയിൽ വരും. തൊഴിൽ രഹിതരും അർദ്ധതൊഴിൽ രഹിതരും ആയവരാണ്. ബാക്കിയുള്ളവർ. തൊഴിൽ സേനയുടെ 5ൽ 4 ഓളം വരും ഇവരുടെ എണ്ണം. നമ്മുടെ നാട്ടിലെ തൊഴിലില്ലായ്കയുടെ രൂക്ഷതയാണ് ഇത് തെളിയിക്കുന്നത്. തൊഴിൽ രഹിതരിൽ സിംഹഭാഗവും സ്ത്രീകളാണ്. വളർന്നു വരുന്ന സ്ത്രീപീഢനങ്ങൾക്കും സ്ത്രീകൾ മാത്രമായി അനുഭവിച്ചുവരുന്ന മറ്റ് ഒട്ടനവധി പ്രശ്നങ്ങൾക്കും ഉള്ള അടിസ്ഥാനപരമായ കാരണങ്ങളിൽ പ്രധാനപ്പെട്ടത് അവർക്കിടയിലുള്ള വ്യാപകമായ തൊഴിലില്ലായ്മയാണ്.

# നമ്മുടെ ചരിത്രത്തിലേക്ക്

വാടാനപ്പള്ളിയുടെ സമീപകാല ചരിത്രത്തിലേക്ക് എത്തിനോക്കുന്നതിന് മുമ്പ് അതിന്റെ വിദൂര പശ്ചാത്തലത്തിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം. അശോക ചക്രവർത്തിയുടെ ഭരണകാലമായ B.C. 3-ാം ശതകത്തിൽതന്നെ ബുദ്ധമതം കേരളത്തിൽ പ്രചരിച്ചിരുന്നതായി കാണാം. പിൽകാലത്തുണ്ടായ ബ്രാഹ്മണ പ്രതാപത്തോടുകൂടി ബുദ്ധമതം ക്ഷയിച്ചുപോയി എങ്കിലും ബുദ്ധമത സംസ്കാരം പിന്നേയും നിലനിന്നു. ബൗദ്ധമതത്തിലെ നല്ലതിനെയെല്ലാം ഹിന്ദുമതം ഉൾക്കൊണ്ടു. ഹിന്ദുക്ഷേത്രങ്ങളിലെ ഉത്സവ സമ്പ്രദായം പലതും ബുദ്ധമതത്തിൽ നിന്നും പകർത്തിയതാണ്. ബുദ്ധമത വിഹാരങ്ങളെ പള്ളികൾ എന്നാണ് പറഞ്ഞിരുന്നത്. കൃസ്ത്യാനികളും മുഹമ്മദീയരും തങ്ങളുടെ ദേവാലയങ്ങളെ പള്ളികൾ എന്നാണ് ഇന്നും വിളിച്ചുവരുന്നത്. പാലി ഭാഷയിലാണ് ശ്രീ ബുദ്ധൻ തത്വോപദേശം ചെയ്തിരുന്നത്. പള്ളി മുതലായ മലയാളത്തിൽ പ്രചരിച്ചിട്ടുള്ള പല പാലി പദങ്ങളും ബുദ്ധമത സമ്പർക്കം മൂലം ലഭിച്ചിട്ടുള്ളവയാണ്. പള്ളി എന്ന സംജ്ഞ പല പ്രദേശങ്ങളുടെയും പേരിനോട് ചേർന്നും പ്രചാരത്തിലുണ്ട്. അങ്ങനെയുണ്ടായ സ്ഥല നാമങ്ങളിലൊന്നാണ് വാടാനപ്പിള്ളി എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഒരു പുരാതന ഗ്രന്ഥത്തിൽ വാടാനപ്പിള്ളിയെ മ്ലാന ഗജാപുരി എന്ന് സംബോധന ചെയ്തിട്ടുള്ളതായും പറയപ്പെടുന്നു.

വിദേശികളും സ്വദേശികളുമായ ഭരണാധികാരികൾ തന്ത്രപ്രധാനമായ മണപ്പുറം ദ്വീപിന്ന് വേണ്ടി പലപ്പോഴും പോരാടിയിട്ടുണ്ട്. അത് ഇവിടത്തെ പഞ്ചാര മണലിന്ന് ചോരയുടെ നിറം പകരാനും ഇട വരുത്തിയിട്ടുണ്ട്. സ്വാതന്ത്ര്യ സമര ചരിത്രത്തിലും മണപ്പുറത്തിന്ന് അതിന്റേതായ സ്ഥാനമുണ്ട്. ഡച്ചുകാരും ഫ്രഞ്ചുകാരും പോർത്തുഗീസുകാരും, ഇംഗ്ലീഷുകാരും ഈ മണ്ണിൽ ആധിപത്യം പുലർത്തിയിരുന്നവരാണ്. ഡച്ചുകാരെ തോൽപ്പിച്ച് മൈസൂർ സുൽത്താന്മാരായ ഹൈദറും ടിപ്പുവും ഇവിടെ ഭരണം നടത്തിയിട്ടുണ്ട്. അന്നത്തെ കയറ്റുമതി കേന്ദ്രങ്ങളിൽ അട്ടുകുഴി (നാട്ടിക) മാടായി (വാടാനപ്പിള്ളിക്ക് വടക്കുഭാഗം) എന്നിവ പ്രസിദ്ധങ്ങളായിരുന്നു.

ഒരുകാലത്ത് കപ്പലടുക്കുന്ന തുറമുഖമായിരുന്ന ചേറ്റുവായിൽ റോമക്കാർ കുടിയേറി പാർത്തിരുന്നുവത്രെ. അവർ ശവശരീരങ്ങൾ മൺഭരണികളിലാണ് മറവുചെയ്തിരുന്നത് ആ സമ്പ്രദായം പിന്നീട് നാട്ടുകാരും അനുകരിച്ച് പോന്നു കുഴിച്ചാടികൾ എന്ന പേരിൽ ഇപ്പോഴും മണപ്പുറത്തെ മണ്ണിനടി

യിൽനിന്നും കണ്ടെടുക്കുന്ന വലിയ മൺഭരണികൾ അത്തരത്തിലുള്ളവയാണ്.

മണപ്പുറത്തെ ജനങ്ങൾ എന്നും പ്രബുദ്ധരായിരുന്നു. എന്നാൽ രൂക്ഷമായ തൊഴിലില്ലായ്മയും നിത്യ ദാരിദ്ര്യവും മൂലം നിരവധിപേർ ജീവിതമാർഗ്ഗം തേടി അന്യനാടുകളെ ആശ്രയിക്കുവാൻ നിർബന്ധിതരായി 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തുടങ്ങിവെച്ച ഈ കുടിയേറ്റം ഇന്നും അനുസ്യൂതമായി തുടരുകയാണ്. ആദ്യകാലത്ത് വാടാനപ്പിള്ളിയിലും പരിസരത്തുമുള്ള ജനങ്ങൽ ജോലിതേടി ചെന്നത് സിലോൺ എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ ശ്രീലങ്കയിലായിരുന്നു. 1900ത്തിൽ തുടങ്ങിവെച്ച ഈ കുടിയേറ്റക്കാരിൽ ഭൂരിഭാഗവും കള്ള് ചെത്ത് തൊഴിലാളികളായിരുന്നു. 1937 കാലഘട്ടത്തിൽ മണപ്പുറം പ്രദേശത്ത് നിന്നും ഉദ്ദേശം കാൽലക്ഷത്തോളം പേർ സിലോണിലുണ്ടായിരുന്നുവത്രെ. കേരളത്തിലെ പല പ്രമുഖ നേതാക്കളും സിലോണിൽ ചെന്ന് ആശയപ്രചരണങ്ങൾ സംഘടിപ്പിച്ചിരുന്നു. അവർക്കൊക്കെ മണപ്പുറം കുടിയേറ്റക്കാർ താങ്ങും തണലുമായിരുന്നു. 1947ൽ ഇന്ത്യ സ്വതന്ത്രമായതോടെ സിലോണിൽ കുടിയേറ്റ നിയന്ത്രണങ്ങളുണ്ടായി. തുടർന്ന്, മറ്റു മേച്ചിൽ സ്ഥലങ്ങൾ കണ്ടുപിടിക്കാൻ മണപ്പുറത്തുകാർ നിർബന്ധിതരായി. 1950 കാലഘട്ടമായപ്പോൾ

870ൽ പരം വർഷങ്ങൾ പഴക്കമുള്ള ദുർഗ്ഗാദേവി ക്ഷേത്രമാണ്. വാടാനപ്പിള്ളിയിലെ പ്രശസ്തമായ ഹൈന്ദവക്ഷേത്രം. പഴയ കാലത്ത് 700ൽ പരം ഏക്കർ ഭൂമി പലരു ദാനം ചെയ്തത് വഴി ഈ ക്ഷേത്രത്തിന്നുണ്ടായിരുന്നു. എന്നാൽ ഇന്ന് ഏതാനും ഏക്കർ ഭൂമി മാത്രമെ ക്ഷേത്രത്തിന്റെ കൈവശമുള്ളു.

തൃത്തല്ലൂർ ശിവക്ഷേത്രവും വാടാനപ്പിള്ളി പഞ്ചായത്തിലെ മറ്റൊരു പുരാതനമായ ഹൈന്ദവ ക്ഷേത്രമാണ്.

ഇരുന്നൂറിലേറെ വർഷങ്ങൾപഴക്കമുള്ള തെക്കെ ജുമ അത്ത് പള്ളിയാണ് വാടാനപ്പിള്ളിയിലെ ഏറ്റവും പഴക്കമുള്ള മുസ്ലീം ദേവാലയം. വാടാനപ്പിള്ളി ദേവസ്വം സൗജന്യമായി വിട്ടുകൊടുത്ത ഭൂമിയിലാണ്. അന്ന് പള്ളിയുടെ ശിലാസ്ഥാപനം നടത്തിയത് എന്ന് പറയപ്പെടുന്നു. ഇരുന്നൂറോളം വർഷം പഴക്കമുള്ള വടക്കെ ജുമ അത്ത് പള്ളിയാണ് വാടാനപ്പിള്ളിയിലെ പ്രസിദ്ധമായ മറ്റൊരു മുസ്ലീം ദേവാലയം

1894ൽ ആണ് വാടാനപ്പിള്ളിയിൽ ഒരു കുരിശ് പള്ളി സ്ഥാപിക്കുന്നതിന് വേണ്ടിസ്ഥലമെടുത്തത്. 1899ലാണ് കുരശ് പള്ളി ഇടവക പള്ളിയായി ഉയർന്നത്. അതിന് മുമ്പ് കണ്ടശ്ശാംകടവ് പള്ളിയായിരുന്നു. വാടാനപ്പിള്ളി കൃസ്ത്യൻ കുടുംബങ്ങളും ഇടവക പള്ളി

1920ലാണ് വാടാനപ്പള്ളിയിൽ സബ് രജിസ്ട്രാർ ഓഫീസ്സ് പ്രവർത്തനം ആരംഭിച്ചതും.

പലരും മദ്രാസ്സിലേക്കും ബോംബെയിലേക്കും ജോലി തേടി പുറപ്പെടാൻ തുടങ്ങി. ഇത് മണപ്പുറത്ത് നിന്നുള്ള രണ്ടാം കുടിയേറ്റത്തിന്റെ ആരംഭമായിരുന്നു. 1960ൽ എത്തിയപ്പോൾ ബോംബെയിൽ ശിവസേനയുടെയും മദ്രാസ്സിൽ ഡി.എം.കെയയുടെയും പ്രാദേശിക വാദങ്ങൾ തലപൊക്കുകയും മലയാളികളെല്ലാം വിഷമവൃത്ത.ത്തിലാവുകയും ചെയ്തു. ഈ സന്ദർഭത്തിലാണ് അറബി രാജ്യങ്ങളിലേക്ക് ആളുകളെ ആവശ്യമുണ്ടെന്ന വാർാക്ക് പ്രചാരം ലഭിച്ചത്. പിന്നീടങ്ങോട്ട് ഗൾഫ് രാജ്യങ്ങളിലേക്കുള്ള ഒഴുക്കായിരുന്നു. ഇന്ന് ഗൾഫ് മേഖലയിലുള്ളവർ വാടാനപ്പള്ളിയുടെ വികസനത്തിന് നൽകുന്ന സംഭാവന വളരെ വലുതാണ്.

കൊടുങ്ങല്ലൂർ മുതൽ ചേറ്റുവ വരെയുള്ള മണപ്പുറം മേഖലയിൽ സമീപപ്രദേശങ്ങളെ അപേക്ഷിച്ച് ദ്രുതഗതിയിൽ വികസനം നടന്നു കൊണ്ടിരിക്കുന്നത്. വാടാനപ്പിള്ളിയിലാണ്.

ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ്സ് സംസ്ഥാനത്തിന്റെ ഭാഗമായ ഒരു അവികസിത ജില്ലയായിരുന്ന മലബാർ ഇന്നത്തെ കണ്ണൂർ, കോഴിക്കോട്, മലപ്പുറം,

പാലക്കാട് ജില്ലകളും തൃശൂർ ജില്ലയുടെ ഏതാനും ഭാഗങ്ങളും ഉൾപ്പെട്ടിരുന്ന മലബാറിനെ പണ്ടുകാലത്ത് മലയാം ജില്ല എന്നും പറഞ്ഞുവന്നിരുന്നു. അതിന്റെ ആസ്ഥാനം കോഴിക്കോടായിരുന്നു. ആയതിനാൽ മലബാർ കലക്ടറെ കോഴിക്കോട്. കലക്ടറെന്നും വിളിച്ചിരുന്നു. ഈകലക്ടറുടെ കീഴിൽ തുക്കിടി അഥവാ സബ്കലക്ടർ എന്ന ഉദ്യോഗസ്ഥന്റെ അധികാര പരിധിയിൽ മലബാറിനെ ചെറിയ ചെറിയ റവന്യൂ ജില്ലകളായി വിഭജിച്ചിരുന്നു. അന്ന് മണപ്പുറത്ത് തന്നെ മണപ്പുറം ആറ്റുപുറം എന്നിങ്ങനെ രണ്ട് ജില്ലകളുണ്ടായിരുന്നുവത്രെ. പൊന്നാനി താലൂക്കിൽ നാട്ടിക റവന്യൂ ഫർക്കയിലെ ഒരു അംശ( വില്ലേജ്) മായിരുന്നു, വാടാനപ്പിള്ളി. അതിന് മുമ്പ് കുറെ കാലം വാടാനപ്പിള്ളി ഏങ്ങണ്ടിയൂർ അംശത്തിന്റെ ഭാഗമായിരുന്നുവത്രെ. 1956 നവ ഒന്നിന് ഐക്യകേരളം യാഥാർത്ഥ്യമായതോടെ പൊന്നാനി താലൂക്ക് വിഭജിക്കപ്പെടുകയും പുതിയതായി രൂപം കൊണ്ട ചാവക്കാട് താലൂക്ക് തൃശൂർ ജില്ലയിൽ ഉൾപ്പെടുകയും ചെയ്തു.

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂർ പട്ടണത്തിൽനിന്നും 18 കി.മീറ്റർ പടിഞ്ഞാറ് മാറി വാടാനപ്പിള്ളി സ്ഥിതി ചെയ്യുന്നു. 1962 ജനുവരി 1-ാം തിയ്യതി യാണ് വാടാനപ്പിള്ളി പഞ്ചായത്ത് സ്ഥാപിച്ചത്. 1963 ഡിസംബർ മാസത്തിൽ ആദ്യ തിരഞ്ഞെടുപ്പ് നടന്നു. ആരംഭത്തിൽ 7 വാർഡുകളും 9 പ്രതിനിധികളുമാണ്. ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നത്. 9.12.63ൽ നിലവിൽ വന്ന ആദ്യ ഭരണ സമിതിയിൽ ഏ.കെ. മുഹമ്മദ് (1-ാം വാർഡ്) ശ്രീ. എൻ.പി. മാമൻ (2-ാം വാർഡ്) ശ്രീ. പി.യു. ശങ്കരനാരായണൻ (3-ാം വാർഡ്) ശ്രീ. സി.വി. മാധവൻ (4-ാം വാർഡ്) ശ്രീ. എസ്സ്. കെ. അഹമ്മദുണ്ണി (5-ാം വാർഡ്) ശ്രീ ഐ. വി. രാമനാഥൻ ശ്രീ സി.കെ. കുട്ടൻ (ദ്വയാംഗ വാർഡ്) ശ്രീ. പി.ആർ. കുമാരൻ (7-ാം വാർഡ്) ശ്രീ മൈഥിലി ശങ്കരനാരായണൻ (നോമിനേറ്റഡ് വനിതാ അംഗം) എന്നിവരായിരുന്നു അംഗങ്ങൾ.പ്രഥമ പ്രസിഡണ്ടായി ശ്രീ. പി. ആർ. കുമാരനും വൈസ് പ്രസിഡണ്ടായി ശ്രീ. എ.കെ.മുഹമ്മദുമാണ് തെരഞ്ഞെടുക്കപ്പെട്ടത്. 12.1.1973 മുതൽ എട്ടാമത് ഒരു വാർഡുകൂടി പഞ്ചായത്തിൽ രൂപം കൊണ്ടും 72-73ൽ സെക്കന്റ് ഗ്രേഡിലേക്ക് ഉയർത്തപ്പെട്ട വാടാനപ്പിള്ളി പഞ്ചായത്ത് ഇന്ന് സ്പെഷൽ ഗ്രേഡ് വിഭാഗത്തിലാണ്.

1979ലാണ് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത്. ഐ.വി.രാമനാഥൻ പ്രസിഡന്റായും. എം.കെ.കെ. മൗലവി വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ട ആ ഭരണസമിതിയിൽ 1 രുഗ്മിണി ജയതിലകൻ, 2. ഐ.ഐ. നാരായണൻ 3. എം.കെ.കെ.മൗലവി 4. കെ.കെ.വിനോദൻ 5. എ.കെ.പത്മനാഭൻ 6. വി.എച്ച്. മൂസ്സാമാസ്റ്റർ 7. ഐ.കെ. നാരായണൻ 8. ഐ.വി. രാമനാഥൻ 9. വി.എൻ. രാമചന്ദ്രൻ 10. കെ.വി. ചെറുകണ്ടൻകുട്ടി. എന്നിവരായുണ്ടായിരുന്നത്. അടുത്ത തെരഞ്ഞെടുപ്പിൽ 1 കെ.എ. വേണുഗോപാലൻ 2 കെ.എം.അബ്ദുള്ള 3. കെ.ബി. ധനജ്ഞയൻ 4. ഐ.വി. രാമനാഥൻ 5. ഹഫ്സാബി ടീച്ചർ 6. എം.എം. ഹനീഫ 7. ഐ.കെ. നാരായണൻ 8. സി കനകലത ടീച്ചർ 9. വിശ്വനാഥൻ വയക്കാട്ടിൽ 10. കെ.എ. വിശ്വംഭരൻ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. 1988ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് അധികാരമേറ്റ ഭരണസമിതിയിൽനിന്ന് ഐ.വി. രാമനാഥൻ പ്രസിഡന്റായും വിശ്വനാഥൻ വൈകാട്ടിൽ വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. 1995 ൽ സെപ്തംബർ 20നു നടന്ന ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 1 വി.എച്ച് ഷൗക്കത്തലി 2. കെ.എം. അബ്ദുള്ള 3. എ.എ. അബു 4. സി.കനകലതടീച്ചർ 5. എം.പി. ഭാസ്കരൻ 6. വി.എ. കറപ്പൻ മാസ്റ്റർ 7. കെ.ഐ.ഷക്കീല 8. എ.കെ. ഹേമലത 9. പി.വി.രവീന്ദ്രൻമാസ്റ്റർ 10 ഷീജടീച്ചർ 11. വി.ഡി. പ്രേം പ്രസാദ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡന്റായി പി.വി. രവീന്ദ്രൻ മാസ്റ്ററേയും വൈസ് പ്രസിഡന്റായി കെ.ഐ. ഷക്കീലയേയും സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൺ ആയി സി.കനകലതടീച്ചറേയും തെരഞ്ഞെടുത്തു.

1940കളുടെ അന്ത്യത്തോടെ അന്നത്തെ കൊച്ചി

രാജ്യത്തിന്റെ ഭാഗമായ മണലൂരിൽ നടന്ന ചെത്ത് തൊഴിലാളി സമരത്തെ തുടർന്ന് അതിരൂക്ഷമായ പോലീസ് നരനായാട്ടാണ് വാടാനപ്പിള്ളിയിലുണ്ടായത്. ചെത്ത് തൊഴിലാളി സമരകേസ്സുകളിലെ പ്രതികളെ 'വാടാനപ്പിള്ളിയിൽ ഒളിപ്പിച്ചിട്ടുണ്ടെന്നതിന്റെ പേരിലായിരുന്നു ഈ അതിക്രമങ്ങൾ നടമാടിയത്. ഇത് സ്വാഭാവികമായും ഒരു ഭരണ വിരുദ്ധവികാരം ജനങ്ങളിലുളവാക്കി 1950 ജനു. 26-ാം തിയ്യതി സർദാർ ഗോപാലകൃഷ്ണന്റെ രക്തസാക്ഷിത്വവും സർദാറിന്റെ ജാഥയിൽ പങ്കെടുത്ത വാടാനപ്പിള്ളിക്കാരനായ ശ്രീ പി.യു. ഗംഗാധരന് ഏൽക്കേണ്ടിവന്ന ക്രൂരമായ മർദ്ദനവും വാടാനപ്പിള്ളിയിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വിപുലമായ അടിത്തറയൊരുക്കി. 1970 ൽ നിലവിൽ വന്ന കുടികിടപ്പ് നിയമം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 10 സെന്റ് വളച്ച് കെട്ടൽ സമരം വാടാനപ്പള്ളിയിൽ നടന്നു. പൊക്കാഞ്ചേരി കടപ്പുറത്ത് ശ്രീ വാക്കാട്ട് വേലായുധനടക്കം നിരവധി പേർ അറസ്റ്റ് ചെയ്യപ്പെടുകയും ക്രൂരമായ പോലീസ് മർദ്ദനത്തിന് ഇരയാവുകയും ചെയ്തിട്ടുണ്ട്. തുടർന്നുണ്ടായ പോരാട്ടങ്ങളുടെ ഫലമായി നൂറ് കണക്കിന് കുടുംബങ്ങൾക്ക് തങ്ങളുടെ കുടികിടപ്പ് സ്വന്തമായി ലഭിക്കുകയും അതോടപ്പം പാട്ടകുടിയാൻ ഭൂപ്രഭുത്വ വ്യവസ്ഥ അവസാനിപ്പിക്കുകയും ചെയ്തു. 1959ലുണ്ടായ വർഗ്ഗീയ സംഘർഷം വാടാനപ്പിള്ളി പഞ്ചായത്തിന്റെ ചരിത്രത്തിൽ ഒരു കറുത്ത അദ്ധ്യായമാണ്. ജനങ്ങൾ രണ്ട് ചേരിയായി തിരിഞ്ഞ് അന്യോന്യം ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ഉണ്ടായിരുന്നു സമീപകാലത്തും വർഗ്ഗീയ സംഘർഷത്തോളമെത്തുന്ന ചില സംഭവങ്ങൾ വാടാനപ്പിള്ളിയിലുണ്ടാകാറുണ്ട്. വിപുലമായ ജനകീയ പ്രസ്ഥാനത്തിന്റെ കരുത്തുറ്റ അടിത്തറയാണ് ഈ സംഘർഷങ്ങളെ ആളിപ്പടരാതെ കാത്തുസൂക്ഷിക്കുന്നത്.

മത്സ്യബന്ധനം, കൃഷി, ബീഡിതെരുപ്പ് പായ നെയ്ത്ത് കയർപിരി, കള്ളി ചെത്ത്, കച്ചവടം മുതലായവയായിരുന്നു ജനങ്ങളുടെ ജീവിതമാർഗ്ഗങ്ങൾ ജാതിവ്യവസ്ഥ വളരെ ശക്തമായ നിലയിൽ തന്നെ നിലവിലുണ്ടായിരുന്നു. വാടാനപ്പിള്ളി, തൃത്തല്ലൂർ ദേവസ്വങ്ങളുടെ ഉടമസ്ഥതയിലായിരുന്നു. കൃഷിഭൂമിയിൽ ഏറിയ ഭാഗവും. അപൂർവ്വം ചില ഈഴവ ധീവര, മുസ്ലീം ഭൂപ്രഭുക്കളും ഉണ്ടായിരുന്നു. ഗുരുവായൂർ ക്ഷേത്ര പ്രവേശന സത്യാഗ്രഹത്തോടെയാണ്. വാടാനപ്പിള്ളിയിൽ ദേശീയ പ്രസ്ഥാനം സജീവമാകുന്നത്. 1937ലാണ് ഔപചാരികമായി വാടാനപ്പിള്ളിയിൽ കോൺഗ്രസ്സ് കമ്മിറ്റി രൂപം കൊണ്ടത് അതിന് മുമ്പ് തന്നെ സാമൂഹ്യ പരിഷ്ക്കരണ രംഗത്ത് എസ്സ്.എൻ. ഡി.പിയുടെയും ഉല്പതിഷ്ണുക്കളായ യുവാക്കളുടെയും നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്ര പ്രവേശന സത്യാഗ്രഹത്തിന്റെ ചുവടുപിടിച്ച് വാടാനപ്പിള്ളി ക്ഷേത്രത്തിലും പിന്നോക്ക ജാതിക്കാർക്ക് പ്രവേശനം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി ജാഥകൾ നടന്നിട്ടുണ്ട്. എസ്സ്.എൻ.ഡി.പി.യുടെ നേതൃത്വത്തിൽ ചെട്ടികാട് പ്രദേശത്ത് വേട്ടുവ സമുദായത്തിൽപെട്ട ഒരു പുരുഷനെ കൊണ്ട് ഈഴവ സ്ത്രീയെ മിശ്രവിവാഹം നടത്തിയ സംഭവവും അക്കാലത്തുണ്ടായിട്ടുണ്ട്. 1940 കളോടെ വാടാനപ്പിള്ളിയിൽ കർഷക പ്രസ്ഥാനം രൂപം കൊള്ളാൻ തുടങ്ങി. വിഷ്ണുഭാരതീയനെപോലുള്ള പ്രമുഖരായ കർഷക നേതാക്കൾ തൃത്തല്ലൂരിൽ നടന്ന കർഷക സമ്മേളനത്തിൽ പങ്കെടുത്ത് പ്രസംഗിക്കുകയുണ്ടായിട്ടുണ്ട്.

ഒരു നൂറ്റാണ്ടിന് മുൻപ് സ്ഥാപിക്കപ്പെട്ട ഈസ്റ്റ് എൽ.പി. സ്കൂളാണ്. വാടാനപ്പിള്ളി പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം. 1956 സെപ്തംബർ 27-ാം ശ്രീമതി ഇന്ദിരാഗാന്ധി ശിലാസ്ഥാപനം നടത്തുകയും ഒക്ടോബർ 30-ാം തിയ്യതി കേരളത്തിലെ പ്രഥമ ഗവർണ്ണർ ഡോ. ബി. രാമകൃഷ്ണറാവു ഉൽഘാടനം നിർവ്വഹിക്കുകയും ചെയ്ത തൃത്തല്ലൂർ നെഹ്രു മെമ്മോറിയൽ ഹൈസ്കൂൾ വിദ്യാഭ്യാസ രംഗത്തെ പ്രധാനപ്പെട്ട ഒരു മുന്നേറ്റമായിരുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്നുള്ള സൗകര്യവും സമീപകാലത്ത് ഈ സ്കൂളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

60കളുടെ തുടക്കത്തിൽ വാടാനപ്പിള്ളി പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിച്ചതോടെയാണ് പൊതു മേഖലയിൽ അലോപ്പതി ചികിത്സാസൗകര്യം നില വിൽ വന്നത്. അതിന് മുമ്പ് പ്രഗത്ഭനായ ഡോ. രാഘ വമേനോന്റെ സേവനം വാടാനപ്പിള്ളിയിലും പരിസര പ്രദേശത്തുമുള്ളവർക്ക് വില മതിക്കാനാവാത്തതാ യിരുന്നു. ഇപ്പോൾ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറി, പ്രൈമറി, ഹെൽത്ത് സെന്റർ എന്നിവ കൂടാതെ നിരവധി സ്വകാര്യ ആശുപത്രി കളും വാടാനപ്പള്ളിയിൽ പ്രവർത്തിച്ച് കൊണ്ടിരി ക്കുന്നുണ്ട്.

തെങ്ങോല ഉപയോഗിച്ചുണ്ടാക്കുന്ന ചെറ്റകുടി ലുകളും കളിമണ്ണ് വാരിപ്പൊത്തിയുണ്ടാക്കുന്ന ചുമ രുകളും മെടച്ചിൽ ഒലകൊണ്ടുള്ള മേൽപുരകളും എന്നതായിരുന്നു. ഒട്ടുമുക്കാലും വീടുകളുടെ പഴയ കാലത്തെ സ്ഥിതി. അപൂർവ്വം ചില സമ്പന്ന കുടു ബങ്ങൾക്ക് മാത്രമെ ചെങ്കല്ലുകൊണ്ടുള്ള ഭിത്തിയും ഓടുമേഞ്ഞ മേൽകൂരയുമുള്ള വീടുകൾ ഉണ്ടായി രുന്നുള്ളൂ. അധഃസ്ഥിത ജനവിഭാഗത്തിന് ഷർട്ട് ഇടാനോ മാറുമറയ്ക്കാനോ മുട്ടിറങ്ങുന്ന മുണ്ടുടു ക്കാനോ ഉള്ള അവകാശം പോലും അക്കാലത്ത് നിഷേധിക്കപ്പെട്ടിരുന്നു. ഇന്നത്തെ നേഷണൽ ഹൈവേ 17 പണ്ട് ആല ചേറ്റുവ റോഡ് എന്ന പേരി ലാണ് അറിയപ്പെട്ടിരുന്നത്. ഈ റോഡിന് സമാന്തര മായി പടിഞ്ഞാറെ ഭാഗത്ത് പടിഞ്ഞാറെ ടിപ്പു സുൽത്താൻ റോഡും കിഴക്ക് ഭാഗത്ത് കിഴക്കെ ടിപ്പു സുൽത്താൻ റോഡും ഉണ്ട്. ടിപ്പുവിന്റെ ചേറ്റുവ കോട്ടയും അവിടെനിന്ന് നടത്തിയ പടയോട്ടവും തിരിച്ചുവരവും ബന്ധപ്പെടുത്തിയാണ് ഈ രണ്ട് റോഡുകളും അറിയപ്പെടുന്നത്. റോഡു ഗതാഗതം രൂപപ്പെടുന്നതിന് മുമ്പ് വഞ്ചിമാർഗ്ഗമാണ് പ്രധാന യാത്രകളെല്ലാം നടത്തപ്പെട്ടിരുന്നത്. ഇന്ന് വാടാനപ്പി ള്ളിയിൽ 66.868 കി.മീ. റോഡുണ്ട്. നൂറ് കണക്കിന് ഓട്ടോ റിക്ഷകൾ ടാക്സികൾ, ഇരുചക്രവാഹനങ്ങൾ എന്നിവയും ദൈനം ദിനയാത്രക്കായി ഉപയോഗപ്പെ ടുത്തുന്നുണ്ട്. പൊള്ളാച്ചി, കോയമ്പത്തൂർ തൃശൂർ തുടങ്ങിയ വൻ നഗരങ്ങളുടെ ഏറ്റവും അടുത്ത കട ലോരമാണ് വാടാനപ്പിള്ളി ബീച്ച്. ഇത്രയേറെ പുരോ ഗതി വിവിധ മേഖലയിലുണ്ടായിട്ടും പഞ്ചായത്തിലെ അടിസ്ഥാന സമ്പത്തുല്പാദന മേഖലയായ കാർഷിക വ്യവസായിക രംഗങ്ങൾ അതിരൂക്ഷമായ മുരടിപ്പിനെയാണ് ഇന്ന് നേരിടുന്നത്. പ്രവാസികളായ വാടാനപ്പിള്ളിക്കാർ അയച്ചു തരുന്ന ഡ്രാഫ്റ്റുകളും മണിയോർഡറുകളുമാണ്. സമ്പദ്വ്യവസ്ഥയെ ജീവ ത്താക്കി നിലനിർത്തുന്നത്.

തെങ്ങ് കൃഷിയാണ് പഞ്ചായത്തിലെ മുഖ്യമായ കൃഷി, എന്നാൽ ഉൽപ്പാദന ചെലവ് വർദ്ധിക്കുകയും ഉൽപ്പന്നത്തിന്റെ വില ഇടിയുകയും ചെയ്തതിന്റെ ഫലമായി തെങ്ങുകൃഷിക്കാർ അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെയാണ് ഇന്ന് നേരിടു ന്നത്. പറമ്പുകളിൽ ഇടവിളകൾ ഒന്നും തന്നെ കൃഷി ചെയ്യപ്പെടുന്നില്ല. ഭൂരിപക്ഷം ആളുകൾക്കും കൃഷി ഒരു അനുബന്ധ തൊഴിൽ മാത്രമാണ്. നെൽകൃഷി പ്രായേണ ഇല്ലാതായി കഴിഞ്ഞു.

പരമ്പരാഗത വ്യവസായങ്ങളായ കയർ, ചെത്ത്, മത്സ്യബന്ധനം, ബീഡി, തുടങ്ങിയവ അതിരൂക്ഷമായ പ്രതിസന്ധിയിലാണിന്ന്. ആധുനീകരണം നടക്കാ ത്തതും വൈവിദ്ധ്യവൽക്കരണം ഇല്ലാത്തതുമാണ്. ഈ വ്യവസായങ്ങളുടെ തകർച്ചക്ക് പ്രധാന കാരണം.

പഴയകാല നാട്ടറിവുകൾ ഉപയോഗപ്പെടു ത്തിയും ശാസ്ത്ര സാങ്കേതിക രംഗത്തെ നേട്ടങ്ങൾ പരമ്പരാഗത വ്യവസായങ്ങളിലേക്കും സന്നിവേശി പ്പിച്ചും ഈ മുരടിപ്പിനെ മുറിച്ച് കടക്കാവുന്നതേ യുള്ളൂ.

12.9.64ൽ ഉൽഘാടനം ചെയ്ത കണ്ടശ്ശാംകടവ് പാലം വാടാനപ്പിള്ളിയുടെ സമഗ്ര വികസനത്തിന് വമ്പിച്ച മുതൽകൂട്ടായിരുന്നു. വാടാനപ്പിള്ളിയിൽ നിന്ന് തൃശൂർക്ക് നേരിട്ടുള്ള ബസ്സ് സർവ്വീസ് ആരം ഭിച്ചത് ഇതിനെ തുടർന്നാണ്.

# കൃഷിയും ജലസേചനവും

### കാർഷിക ചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഭൂപ്രഭുത്വസമ്പദ് വ്യവസ്ഥയാണ് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. വാടാനപ്പിള്ളി തൃത്തല്ലൂർ ദേവസ്വങ്ങളായിരുന്നു, മുഖ്യ ഭൂവുടമകൾ ക്ഷേത്രങ്ങളുടെ നടത്തിപ്പുകാരായിരുന്നു ഭൂവുടമകളുടെ സ്ഥാനത്ത് നിന്ന് പ്രവർത്തിച്ചിരുന്നത്. ദേവസ്വങ്ങളല്ലാതെ ഉള്ള ജന്മികളും ഉണ്ടായിരുന്നു. പൊക്കാഞ്ചേരി, വെള്ളൂർ, ഇത്തിക്കാട്ട്, കളപ്പുരയിൽ, പുലാക്കഴി, തുടങ്ങിയവയായിരുന്നു ജന്മികളിൽ പ്രധാനികൾ, ജന്മിത്വ സമ്പ്രദായത്തിന് അന്ത്യം കുറിച്ചത് ഐക്യകേരളത്തിൽ അധികാരത്തിൽ വന്ന പുരോഗമന സ്വഭാവമുള്ള ഗവർമേണ്ടുകളായിരുന്നു. ജന്മിത്വം അവസാനിച്ചിട്ടും മണ്ണിൽ പണിയെടുക്കുന്ന കർഷകതൊഴിലാളികൾ ഭൂരഹിതരായി തന്നെ തുടർന്നു. 70ൽ നിലവിൽവന്ന നിയമത്തോടെയാണ് തങ്ങളുടെ വീടിന് ചുറ്റുമുള്ള 10 സെന്റിന്റെ ഉടമകളായി കർഷകതൊഴിലാളികൾ മാറിയത്.

വാടാനപ്പള്ളി പഞ്ചായത്തിലെ കാർഷിക യോഗ്യമായ ഭൂമിയുടെ മൂന്നിൽ ഒന്നോളം ഭാഗങ്ങളിൽ നെൽകൃഷിയാണ് ഉണ്ടായിരുന്നത്. ഉയർന്ന മണൽ പ്രദേശത്തും ചെട്ടിക്കാട് പോലുള്ള കുന്നിൻ പ്രദേശങ്ങളിലും കശുമാവായിരുന്നു പ്രധാനപ്പെട്ട കൃഷി. മറ്റു ഭാഗങ്ങളിൽ തെങ്ങും കവുങ്ങും ഉണ്ടായിരുന്നു. ഇടവിളയായി, ചേന, ചേമ്പ്, കൊള്ളി, പച്ചക്കറികൾ, വാഴ, തുടങ്ങിയവ കൃഷി ചെയ്ത് വന്നിരുന്നു. എന്നാൽ ഇന്ന് ഈ സ്ഥിതിയാകെ മാറി. നെൽകൃഷി വിരലിലെണ്ണാവുന്ന ഏതാനും ഏക്കർ പ്രദേശത്ത് മാത്രമായി ചുരുങ്ങി. കുന്നുകളൊക്കെ നെൽപ്പാടങ്ങൾ നികത്തുന്നതിന് വേണ്ടി ഉപയോഗിക്കപ്പെട്ടു. കുന്നുകളിലെ മണ്ണെടുത്ത് പോയപ്പോൾ ഉണ്ടായ സമതല പ്രദേശത്തും കുന്നുകളിലെ മണ്ണിട്ട് നികത്തിയ നെൽപ്പാടങ്ങളിലും തെങ്ങ് കൃഷി ചെയ്യാൻ ആരംഭിച്ചു. കുന്നുകൾ പോയപ്പോൾ കശുമാവുകൃഷിയും കുറഞ്ഞു.

തെങ്ങ് കൃഷിയാണ് നമ്മുടെ പഞ്ചായത്തിലെ മുഖ്യ കൃഷിയെന്ന് മേൽപ്പറഞ്ഞ കണക്കുകളിൽനിന്ന് മനസ്സിലാവുമല്ലൊ. പ്രതിവർഷം ശരാശരി 40-50 നാളികേരമാണ് ഒരു തെങ്ങിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. ഒരു ഹെക്ടറിൽ നിന്ന് 1955-56ൽ 6919നാളികേരമാണ് ലഭിച്ചുകൊണ്ടിരുന്നതു എങ്കിൽ 1992-93ൽ 5843 നാളികേരമാണ് ശരാശരി തൃശൂർ ജില്ലയിൽ കിട്ടികൊണ്ടിരിക്കുന്നത്. എന്നാണ് ഔദ്യോഗിക കണക്കുകളിൽ കാണുന്നത്. വാടാനപ്പിള്ളി പഞ്ചായത്തിൽ 1210 ഹെക്ടറിലാണ് തെങ്ങു കൃഷി

യുള്ളത്. 210550 തെങ്ങുകൾ പഞ്ചായത്തിലുള്ളതായി കണക്കാക്കിയിരിക്കുന്നു സംസ്ഥാനത്തെ ശരാശരി നാളികേര ഉൽപ്പാദനക്ഷമതയേക്കാൾ കൂടുതലാണ് നമ്മുടെ പഞ്ചായത്തിലേത് കൂടുതലാണ്. എന്നിരിക്കിലും നാളികേര കർഷകനെ സംബന്ധിച്ചിടത്തോളം തെങ്ങുകൃഷി ലാഭകരമായി അനുഭവപ്പെടുന്നില്ല. 1970കൾക്ക് ശേഷം ഉണ്ടായ ഗൾഫ് പണത്തിന്റെ കുത്തൊഴുക്കുമൂലം കൃഷിയോഗ്യമായ ഭൂമിയുടെ വില വൻതോതിൽ വർദ്ധിച്ചു. വാടാനപ്പിള്ളി ടൗണിൽ ഒരു സെന്റിന് 21/2 ലക്ഷത്തിൽ കൂടുതൽ വിലയുണ്ട്. ഏത് പിന്നോക്ക പ്രദേശത്തും സെന്ററിന് 5000ത്തിൽ കൂടുതൽ വരും എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. തൻമൂലം കൃഷിയുടെ അടിസ്ഥാന ഘടകമായ ഭൂമിക്ക് വേണ്ടി വൻതോതിൽ മൂലധന മുടക്ക് നടത്തേണ്ടിവരുന്നു. താരതമ്യേന ഉയർന്ന കൂലിയാണ് കർഷകതൊഴിലാളിക്ക് കൊടുക്കേണ്ടി വരുന്നത്. മുൻപുണ്ടായിരുന്നത് പോലെ കുറഞ്ഞ വിലക്ക് ജൈവവളം കിട്ടാവുന്ന അവസ്ഥയും ഇന്നില്ല. പച്ചില വളം ഉപയോഗിക്കുന്ന കർഷകന്റെ എണ്ണം നാമമാത്രമാണ്. തന്മൂലം ഭൂമിക്ക് വേണ്ടി ഇറക്കിയ പണത്തിന്റെ പലിശപോലും നാളികേര കർഷകന്, ലഭിക്കുന്നില്ല. ഇതൊക്കെയാണെങ്കിലും ഭൂമിയുടെ കച്ചവടം അനുദിനം വർദ്ധിച്ചുവരുന്നുണ്ട്. കൃഷി നടത്തി ലാഭമുണ്ടാക്കാനല്ല മറിച്ച് ഒരു ക്രയവിക്രയോപാധിയാക്കി ലാഭമുണ്ടാക്കാവുന്ന ഒരു വസ്തുവായി കൃഷി ഭൂമി നമ്മുടെ നാട്ടിൽ മാറികഴിഞ്ഞിരിക്കുന്നു.

കൃഷി ബഹുഭൂരിപക്ഷത്തിന്റേയും ഒരു ഉപതൊഴിൽ മാത്രമാണ്. സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകന്റെ എണ്ണം നാമമാത്രമാണ്. കുടികിടപ്പ് കിട്ടിയവർപോലും കൃഷിപ്പണിക്ക് വേണ്ടി കർഷകതൊഴിലാളികളെ കൂലിക്കെടുക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്.

തെങ്ങ് കൃഷിയെ സംബന്ധിച്ചിടത്തോളം മുഖ്യ തൊഴിൽ വിഭാഗം തെങ്ങുകയറ്റത്തൊഴിലാളികളാണ്. എന്നാൽ തെങ്ങുകയറ്റ തൊഴിലാളികളുടെ എണ്ണം ആനുപാതികമായി കുറഞ്ഞുവരുന്നു എന്ന സ്ഥിതിയുണ്ട്. ഉൽപ്പാദനക്ഷമതയോ തൊഴിലാളി കർഷക ഐക്യത്തിന്റെ പ്രാധാന്യമോ സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ പൊതുതാല്പര്യമൊ കണക്കിലെടുക്കാതെ തൊഴിലാളി നിശ്ചയിക്കുന്നതാണ് കൂലി എന്ന അവസ്ഥ ഈ രംഗത്ത് അൽപ്പാല്പമായി കടന്നുവരുന്നുണ്ട്.

രാസവളങ്ങളുടെ വിലയിലുണ്ടാകുന്ന അമിതമായ വർദ്ധനവ് ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഒരു പ്രധാനപ്പെട്ട ഘടകമാണ്. ജൈവ വളങ്ങൾ ആവശ്യത്തിന് കിട്ടാനില്ല. ചെന്നീരൊലിപ്പ് കാറ്റുവീഴ്ച കൂമ്പുചീയൽ കീടശല്യം തുടങ്ങിയ രോഗങ്ങളും ഉൽപ്പാദനക്ഷമതയെ ബാധിക്കുന്നു.

നെൽകൃഷിയെ സംബന്ധിച്ചിടത്തോളം പൂർണ്ണമായിതന്നെ പഞ്ചായത്തിൽ ഇല്ലാതിയിരിക്കുന്ന സ്ഥിതിയാണ്. വളരെ അപൂർവ്വമായി ഏതാനും ഏക്കർസ്ഥലത്ത് മാത്രം നെൽകൃഷി ഒതുങ്ങിനില്ക്കുന്നു. പഴയകാലത്ത് വിരിപ്പ്, മുണ്ടകൻ, കൃഷിയിലൂടെ പാണ്ടി, ചിറ്റേനി, തവളക്കണ്ണൻ, ചീര, ചെമ്പാവ്, പൊക്കാച്ചി എന്നീ നാടൻ വിത്തിനങ്ങൾ കൃഷിചെയ്യപ്പെട്ടിരുന്നു. ശാസ്ത്രീയ കൃഷി രീതിയുടെ ആരംഭത്തിൽ. ഒരു ഘട്ടത്തിൽ തൈനാൻ കൃഷി നടപ്പിലാക്കിയതും പരാജയപ്പെട്ടതും ഓർത്ത് കർഷകൻ ഇന്നും ഊറിച്ചിരിക്കുന്നുണ്ടാകും. പിന്നീടുണ്ടായ പുതിയ പരീക്ഷണങ്ങളായിരുന്നു IR 8, കൾച്ചർ28, 10 0 തുടങ്ങിയവ, ഇവ സമൃദ്ധമായ വിളകൾ ലഭിക്കുന്നവയായിരുന്നു. എന്നാൽ ജനസംഖ്യ പെരുപ്പം മൂലം പുതിയ പുരയിടങ്ങൾ ഉണ്ടാക്കാനാണ് നെൽപ്പാടങ്ങൾ പ്രധാനമായും മണ്ണിട്ട് നികത്തിയത്. നെല്ലിനേക്കാൾ ഒരു കാലത്ത് തെങ്ങ് കൃഷി ലാഭകരമായിരുന്നതും ഇതിനൊരു കാരണമായി. ബാക്കിയുള്ള നെൽപ്പാടങ്ങൾ പലരും ഇപ്പോൾ തരിശിട്ടിരിക്കുകയാണ്. മത്സ്യകൃഷിക്ക് വേണ്ടി ഈ ഭൂവിഭാഗം ഉപയോഗപ്പെടുത്താവുന്നതാണ്.

വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത്

**3.5 നടീൽ വസ്തുവിതരണം**

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 140 | 167 | 450 |
| കശുമാവ് | NIl | NIL | NIl |
| കുരുമുളക് | NIl | 1170 | 4500 |
| കവുങ്ങ് | 200 | 500 | 300 |
| നേന്ത്രവാഴ | 1350 | - | - |
| ഗ്രാമ്പൂ | 100 | - | - |
| ജാതി | 100 | 100 | - |
| സപ്പോട്ട | 50 | - | - |
| മാവ് | 0 | 50 | 100 |
| ചാമ്പ | - | 50 | 50 |

വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത്

3.6 ദുരിതാശ്വാസ വിതരണം.

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | വെള്ളപ്പൊക്കം | - | - | - | 38 | 14738.00 |
| 1994-95 | | - | - | - | 52 | 13700-00 |
| 1995-96 | | - | - | - | 61 | 15556 .00 |

**ജലസേചന സൗകര്യം**

കുളങ്ങൾ, കിണറുകൾ, കുഴൽകിണറുകൾ, പന്ത്രണ്ടോളം വരുന്ന പ്രധാന തോടുകൾ കായലിന്റെ ശാഖകൾ, പടിഞ്ഞാറെ പുഴ, കനോലി കനാൽ, എന്നിവയാണ് നമ്മുടെ പഞ്ചായത്തിന്റെ ജലസമ്പത്ത്. കനോലികനാലും പടിഞ്ഞാറെ പുഴയും ഓർക്കായലിന്റെ ശാഖയും ഉപ്പുവെള്ളം കയറുന്നത് മൂലം കൃഷിക്ക് ഉപയുക്തമാക്കാൻ പറ്റുന്നവയല്ല. ഭൂരിഭാഗം തെങ്ങ് കൃഷി തോട്ടങ്ങളും ഡീസൽമോട്ടോർ പമ്പുസെറ്റുകളോ ഇലക്ട്രിക് മോട്ടോർ പമ്പുസെറ്റുകൾ ഉപയോഗിക്കുന്നവയാണ്.

**ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും**

മുഖ്യ കാർഷികോല്പന്നമായ നാളികേര വിപണനരംഗം പൂർണ്ണമായി സ്വകാര്യ വ്യാപാരികളുടെ കുത്തകയാണ്. മാർക്കറ്റിംഗ് സൊസൈറ്റികൾ ഒന്നും തന്നെ നിലവിലില്ല. കർഷകന് കിട്ടേണ്ട വിലയിൽ 10 ശതമാനം വരെ ഇടത്തട്ടുകാർക്ക് കിട്ടുന്ന സ്ഥിതിയുണ്ട്.

ഒരു ഹെക്ടറിൽ താഴെയുള്ള നാമമാത്ര കർഷകരുടെ എണ്ണം 1820ഉം, ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനുമിടയിലുള്ള ചെറുകിട കർഷകരുടെ എണ്ണം 760 ഉം രണ്ട് ഹെക്ടറിന് മുകളിൽ ഭൂമിയിലുള്ള വൻകിട കർഷകരുടെ എണ്ണം 224ഉം ആണ്. സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണം ഒന്നോ രണ്ടോ ശതമാനം മാത്രമാണ്.

പറമ്പ് കിളക്കലിന് പുരുഷന് ശരാശരി 80-100രൂപ

വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത്

3.3 രാസവള കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 1 | | | 994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | സ്വകാര്യം | 204 ടൺ | | | 215 ടൺ | | | 175.5 ടൺ | | |

ഗ്രാമപഞ്ചായത്ത്

3.4 ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതുജലസേചന കിണർ | കുഴൽകിണർ | കുളം | ക്രോസ്ബാർ | അയക്കെട്ട് (ഹെക്ടർ) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ഇല്ല | ഇല്ല | 100 | - | - |

കൂലിയുണ്ട്. ഇതിനേക്കാൾ കൂടുതൽ കൂലി കിട്ടുന്ന പ്രദേശങ്ങളുമുണ്ട്. സ്ത്രീകൾക്ക് 50-70 രൂപയാണ് കൂലിനിരക്ക്.

ഏകദേശം 215 ടൺ വളം പ്രതിവർഷം വാടാന പ്പിള്ളി പഞ്ചായത്തിൽ ചിലവാകുന്നുണ്ടെന്നാണ് കണക്ക്. രാസവളം കൂടാതെ ചേറ്, കല്ലുമ്മക്കായ, കക്ക, മത്സ്യം, തമിഴ്നാട്ടിൽനിന്ന് വരുന്ന കോഴി കാഷ്ഠം, ആട്ടിൻകാഷ്ഠം എല്ലുപൊടി, മറ്റ് കൂട്ടുവള ങ്ങൾ പിണ്ണാക്കുകൾ എന്നിവയും കൃഷിക്ക് ഉപയോ ഗിക്കാറുണ്ട്.

**പ്രശ്നങ്ങൾ**

നേഷണൽ ഹൈവേയുടെ ഇരുവശത്തുമുള്ള പ്രദേശങ്ങളിലെ മണ്ണിന് ഫലപുഷ്ടി കുറവാണ്. ഒന്ന് രണ്ട് വാർഡുകളിലൊഴികെ മറ്റു വാർഡുകളിലെല്ലാം അല്പാല്പമായിട്ടാണെങ്കിലും കൃഷിഭൂമി തരിശിട്ടി ട്ടുണ്ട്. നടുവിൽക്കര പ്രദേശത്ത് ചേടി മണ്ണുള്ളതി നാൽ ജലസേചനത്തിന് ആവശ്യമായ വെള്ളം കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. തെങ്ങിനുണ്ടാകുന്ന കീടബാധ ഉൽപ്പാദന ക്ഷമതയെ ബാധിക്കുന്നുണ്ട്. അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ ആവശ്യത്തിന് കിട്ടാനില്ലാത്തതും ഉൽപ്പാദനക്ഷമ തയെ ബാധിക്കുന്നുണ്ട്. ഓർക്കായൽ ശാഖകൾ പടി ഞ്ഞാറെ പുഴ, എന്നിവയിൽ ഉപ്പുവെള്ളം കയറുന്ന തുമൂലം നൂറ് കണക്കിന് ഹെക്ടർ പ്രദേശത്ത് ഉല്പാ ദനം കുറയുന്നുണ്ട്.

പരമ്പരാഗത ജലസ്രോതസ്സുകൾ പലതും നാമാ വശേഷമായിട്ടുണ്ട്. നെൽപ്പാടങ്ങളും തോടുകളും നികത്തി മണ്ണിട്ടത് മൂലമാണ് ഈ സ്ഥിതി വിശേഷം ഉണ്ടായത്. 3,5,6,7,8,9,10, 11 വാർഡുകളിൽ നീർക്കെട്ട് അനുഭവപ്പെട്ടുവരുന്നുണ്ട്. തെങ്ങുകൾക്കുണ്ടാകുന്ന കൂമ്പുചീയൽ രോഗത്തിനും പച്ചക്കറി കൃഷി നശി ക്കുന്നതിന്നും ഇത് ഇടയാക്കുന്നു. ഇടവിളകൾ ഇല്ലാ ത്തത് മൂലവും ജൈവവളങ്ങൾ ഉപയോഗിക്കാത്തത് മൂലവും മണ്ണിന്റെ ഉൽപ്പാദന ക്ഷമത കുറഞ്ഞുവ

രുന്നു. ഗൾഫ് പണം കർഷക തൊഴിലാളിയെ വ്യാപകമായി സ്വാധീനിച്ചിട്ടുണ്ട്. കർഷക തൊഴിലാളികളിൽ നല്ലൊരു വിഭാഗം നിർമ്മാണ തൊഴിലാളികളായി മാറി. സാമ്പത്തിക ശേഷിവർദ്ധിച്ചത് മൂലം കർഷക തൊഴിലാളികൾ പലരും നാമമാത്ര കർഷകരായിമാറി. ഇവയെല്ലാം മൂലം കർഷകതൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. ഇത് സ്വാഭാവികമായും കൂലി വർദ്ധനവിനും ഇടയാക്കുന്നുണ്ട്. യന്ത്രവൽക്കരണം ഈ രംഗത്ത് നാമമാത്രമായേ ഉണ്ടായിട്ടുള്ളൂ. 4 തെങ്ങു കയറ്റയന്ത്രങ്ങളും ഒരു ട്രില്ലറുമാണ് പഞ്ചായത്തിൽ ആകെയുള്ളത്.

കാർഷികോല്പന്നങ്ങൾക്ക് ഉൽപാദന ചെലവു വർദ്ധിക്കുന്നതിനനുസൃതമായി വിലവർദ്ധനവ് ഉണ്ടാകുന്നില്ല. കൃഷി ഭവനുകൾ ചട്ടപ്പടിയാണ് പ്രവർത്തിച്ചുവരുന്നത്. കൃഷി ഭവൻ മുഖാന്തിരം ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പലതും യഥാർത്ഥ കർഷകൻ അറിയുന്നില്ലെന്നാണ് സ്ഥിതി. ദേശസാൽകൃത ബാങ്കുകളുടെ നിരവധി ശാഖകൾ വാടാനപ്പിള്ളിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ കർഷകന് വായ്പ കൊടുക്കുന്നതിൽ ഇവർ വിമുഖരാണ്. ബെയ്ഡ് കമ്പനിക്കാരുടെ ആധിക്യം മൂലം സഹകരണ ബാങ്കുകൾക്ക് ആവശ്യത്തിന് നിക്ഷേപം സംഭരിക്കാൻ കഴിയുന്നില്ല. തന്മൂലം ആഗ്രഹിച്ചപോലെ കർഷകന് വായ്പ് കൊടുക്കാൻ പറ്റാത്ത അവസ്ഥയിലാണ് സഹകരണ ബാങ്കുകൾ.

നാളികേരം വെട്ടി കൊപ്രയാക്കുന്നതിന് ഉപയോഗപ്പെടുത്താവുന്ന ഡ്രയറുകളോ കൊപ്ര വെളിച്ചെണ്ണയാക്കാവുന്ന മില്ലുകളോ നമ്മുടെ പഞ്ചായത്തിൽ ആവശ്യത്തിനില്ല.

**സാധ്യതകൾ**

1. നമ്മുടെ പഞ്ചായത്തിൽ തരിശിട്ടിട്ടുള്ള നെൽപ്പാടങ്ങളിൽ ചെറിയ ചില മാറ്റങ്ങൾ വരുത്തിയാൽ ലാഭകരമായ തോതിൽ മത്സ്യകൃഷി നടത്താവുന്നതാണ്.

2. ചേറ്റുവ- അഴീക്കോട് എന്നിവിടങ്ങളിലെ അഴിമുഖങ്ങളിൽ റഗുലേറ്റർ കെട്ടി പുളിവെള്ളം തടഞ്ഞാൽ നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്ന നാട്ടിക കൊടുങ്ങല്ലൂർ, മാള, ചേർപ്പ്, മണലൂർ, ഗുരുവായൂർ എന്നീ പ്രദേശങ്ങലിലെ ഉപ്പുവെള്ളത്തിന്റെ ശല്യം ഒഴവാക്കി ശുദ്ധജലക്ഷാമം പൂർണ്ണമായി തടയാവുന്നതാണ്.

3. വാടാനപ്പിള്ളി പഞ്ചായത്തിലെ ഓർക്കായൽ തോടിന്റെ വടക്കെ അറ്റത്ത് ചീർപ്പ് കെട്ടി പുളിവെള്ളം കയറാതെ സംരക്ഷിച്ചാൽ, നൂറുകണക്കിന് ഏക്കർ പ്രദേശത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കാനും കാർഷിക ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാനും കഴിയും, ഈ ജലം ഉപയോഗിച്ചും ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയും.

4. നീർകെട്ടുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടുകൂടി പുതിയ തോടുകൾ നിർമ്മിച്ചു. ഉള്ളവ ആഴം കൂട്ടി സംരക്ഷിച്ചും നീർകെട്ട് പൂർണ്ണമായിട്ടും ഒഴിവാക്കാവുന്നതാണ്.

5. നാളികേരത്തിനെ എണ്ണക്കുരുവായി പ്രഖ്യാപിച്ച് എണ്ണക്കരു കർഷകർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ മുഴുവൻ നാളികേര കർഷകർക്ക് ലഭിയ്ക്കാവുന്ന അവസ്ഥ ഉണ്ടാക്കണം.

6. ജൈവവളങ്ങൾ ഉപയോഗിക്കുന്നവർക്ക് കൃഷി ഭവൻ മുഖേന സബ്സിഡി അനുവദിക്കണം, വളം, ജലസേചന സൗ കര്യം, കാർഷികോപകരണങ്ങൾ, എന്നിവക്ക് സബ്സിഡി അനുവദിക്കണം.

7. കാർഷികാവശ്യത്തിനുപയോഗിക്കുന്ന വൈദ്യുതി സൗജന്യമായി നൽകണം.

8. കാർഷിക ആവശ്യത്തിന് ഭൂപരിധി നോക്കാതെ പമ്പുസെറ്റുകളും വൈദ്യുതിയും നൽകണം.

9. ഭക്ഷ്യഎണ്ണ, കൊപ്ര എന്നിവയുടെ ഇറക്കുമതി തടയണം

10. കൊപ്രയുടെ, താങ്ങുവില കാലാനുസൃതമായി പുതുക്കി നിശ്ചയിക്കണം.

11. നാളികേരം സംസ്കരിച്ച് വിപണനം നടത്തു

വാൻ ആവശ്യമായ സൊസൈറ്റി സ്ഥാപിക്കണം.

12. സഹകരണ സംഘം കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് ദീർഘകാല വായ്പകൾ അനുവദിക്കണം

13. കശുമാവ്, കവുങ്ങ്, മാവ്, കുരുമുളക്, ജാതി, ഗ്രാംബൂ, ഔഷധചെടികൾ, തുടങ്ങിയവ കൃഷി ചെയ്യുന്നതിനാവശ്യമായ നല്ലയിനം നടീൽ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.

14. പച്ചക്കറി വിത്തുകൾ കൂൺവീത്ത്, തുടങ്ങിയവ പഞ്ചായത്ത് സൗജന്യമായി നൽകണം.

15. മുഴുവൻ വീടുകളിലും അടുത്ത 5 വർഷത്തിനകം അടുക്കള തോട്ടങ്ങൾ ആരംഭിക്കണം.

16. ഉദ്യാനകൃഷി യൂണിറ്റുകൾ വ്യാപകമായി ആരംഭിക്കണം.

17. വാർഡുകൾ തോറും കർഷകക്ലാസ്സുകൾ ആരംഭിക്കുകയും അവയോടു ബന്ധപ്പെടുത്തി കർഷകരെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ ക്ലാസ്സുകൾ നടത്തുകയും ചെയ്യണം.

18. പച്ചക്കറികൾ സംഭരിച്ചു വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക

19. കർഷക തൊഴിലാളികൾ ഉച്ചക്ക് വിശ്രമ സമയം എടുത്ത് എട്ട് മണിക്കൂർ ജോലി ചെയ്യുന്ന സ്ഥിതി ഉണ്ടാകണം ചില പ്രദേശങ്ങളിൽ ഇപ്പോൾ നിലനിൽക്കുന്ന രണ്ടരമണിവരെയുള്ള അശാസ്ത്രീയ തൊഴിൽ രീതി അവസാനിപ്പിക്കണം.

20. കനോലി കനാൽ ഓർക്കായലുമായി ബന്ധിപ്പിക്കുന്നവിധം ജലഗതാഗത സൗകര്യം ഉണ്ടാകണം.

21. കാർഷിക വൃത്തിയുടെ മഹത്വം ബോദ്ധ്യപ്പെടുത്താവുന്ന വിധത്തിൽ വിദ്യാഭ്യാസ സമ്പ്രദായം അഴിച്ചു പണിയണം.


22. പാതയോരങ്ങളിലും മറ്റ് വെളിമ്പ്രപ്രദേശങ്ങളിലും കടലോരത്തും വ്യാപകമായി സാമൂഹ്യവനവൽക്കരണം നടത്തിയാൽ ജൈവവള ലഭ്യത വർദ്ധിപ്പിക്കാൻ കഴിയും.

23. കേരകർഷക സമിതികളെ സജീവമാക്കുകയും കാർഷിക സംബന്ധമായ കാര്യങ്ങൾ കേരകർഷക സമിതികളിലൂടെ മാത്രമെ നടത്തു എന്ന് ഉറപ്പുവരുത്തുകയും വേണം.

24. ഇടവിളകൾ വ്യാപകമായി പ്രോത്സാഹിപ്പിക്കണം.

25. വിള വൈജാത്യം വർദ്ധിപ്പിക്കുന്നതിന് സംഘടിതമായ ബോധവൽക്കരണം നടത്തണം.

26. വിലകൊടുത്തുവാങ്ങുന്ന ഭക്ഷണസാധനങ്ങളിലെ ദോഷ വശങ്ങളെപ്പറ്റി സാധാരണ ക്കാരനെ ബോധവാനാക്കണം ബോധവാനാക്കുന്ന ക്ലാസ് നടത്തണം.



# വ്യവസായം

വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ വാടാനപ്പിള്ളി പഞ്ചായത്തിലില്ല. പരമ്പരാഗത വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളുമാണ് പേരിനെങ്കിലുമുള്ളത്. കള്ള് ചെത്ത്, കയർ, ബീഡി, മൺപാത്ര നിർമ്മാണം, കൊട്ട നെയ്ത്ത്, പായനെയ്ത്ത് തുടങ്ങിയവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ. തടി വ്യവസായം, ഐസ് വ്യവസായം ഐസ്ക്രീം, നിർമ്മാണ യൂണിറ്റുകൾ, എഞ്ചിനീയറിംഗ് വർക്സ്, ബേക്കറി ഉൽപ്പന്നങ്ങൾ, അലുമിനിയ പാത്ര നിർമ്മാണം, ഓയിൽമിൽ, റബ്ബർ പ്രോസസ്സിംങ്ങ്, ചന്ദനത്തിരി, സോഡനിർമ്മാണ യൂണിറ്റുകൾ, എന്നിവയാണ് ചെറുകിട വ്യവസായങ്ങളായി നിലവിലുള്ളത്.

**കള്ള് ചെത്ത്**

1967 മദ്യനിരോധനം എടുത്ത് കളയുന്നത് വരെ കള്ള് ചെത്ത് നിരോധിത മേഖലയായിരുന്നു വാടാനപ്പിള്ളി. അന്ന് ചക്കരചെത്താണ് നിലവിലുണ്ടായിരുന്നത്. 60 പേരോളമാണ് ഇപ്പോൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത് 360 തെങ്ങുകൾ ചെത്താനായി ഉപയോഗിക്കുന്നുണ്ട്. ലൈസൻസുള്ള 6 കള്ളുഷാപ്പുകളും നിലവിലുണ്ട്. പ്രതിമാസം ശരാശരി നൂറ് ലിറ്റർ കള്ളാണ് ഒരു തൊഴിലാളി ഉൽപ്പാദിപ്പിക്കുന്നത്. ഡിസംബർ മുതൽ ജൂൺവരെയുള്ള കാലങ്ങളിലാണ് കള്ളുൽപാദനം താരതമ്യേന വർദ്ധിക്കുന്നത്. 600-650 ലിറ്റർ കള്ള് പ്രതിദിനം വാടാനപ്പള്ളിയിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. അതിൽ പകുതിയോളം മാത്രമെ പ്രാദേശികമായി ഉൽപാദിപ്പിക്കപ്പെടുന്നുള്ളൂ. മറ്റു പ്രദേശങ്ങളിൽ അനധികൃതമായി ഉൽപാദിപ്പിക്കപ്പെടുന്ന കള്ളാണ് ആവശ്യം നിറവേറ്റുന്നത്. കൂടുതൽ തെങ്ങ് ചെത്താൻ അനുവദിക്കുകയും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുകയും ചെയ്താൽ അഭ്യന്തര ഉപഭോഗം നിറവേറ്റാനാവശ്യമായത്ര കള്ള് വാടാനപ്പള്ളിയിൽ ഉൽപ്പാദിപ്പിക്കാൻ പറ്റും.

ഒരു ലിറ്റർ കള്ള് 20 രൂപയ്ക്കാണ് ഇപ്പോൾ വിറ്റു വരുന്നത്. തൊഴിലാളിക്ക് കള്ളുവിലയായി ലിറ്ററിന് 5 രൂപയും മറ്റ് ആനുകൂല്യങ്ങളായി 4 രൂപയുമടക്കം ഒരു ലിറ്റർ കള്ളിന് ഏകദേശം 9 രൂപയോളം കിട്ടുന്നുണ്ട്. ചാരായനിരോധനം കള്ള് ചെത്ത് വ്യവസായത്തിന് ഗുണകരമായി ഭവിച്ചിട്ടുണ്ട്. വിദേശ മദ്യങ്ങളുടെ നികുതി വർദ്ധിപ്പിച്ചതും കള്ളിന്റെ ഉപഭോഗം വർദ്ധിപ്പിച്ചിട്ടുണ്ട്.

**കയർ**

ദശകങ്ങൾക്കുമുമ്പ് സാധാരണക്കാരന്റെ പ്രധാന തൊഴിൽ ചകിരി തല്ലും കയർ പിരിയുമായിരുന്നു. വണ്ണൻ കയറാണ് പ്രധാനമായും ഉൽപ്പാദിപ്പിക്കപ്പെട്ടിരുന്നത് 25ൽ താഴെ ചകിരി തല്ല് തൊഴിലാളികൾ മാത്രമെ ഇന്ന് ഈ രംഗത്ത് പ്രവൃത്തിക്കുന്നുള്ളൂ. കൈകൊണ്ട് വണ്ണൻ കയറ് പിരിക്കാൻ അറിയാവുന്ന സ്ത്രീ തൊഴിലാളികളുടെ എണ്ണം നാമമാത്രമാണ്. ചകിരി നാര് ആലപ്പുഴയിലേക്ക് നേരിട്ട് കയറ്റുമതി ചെയ്യുന്ന സ്ഥിതിയാണ് ഇന്നുള്ളത്. റാട്ടുപയോഗിച്ചുള്ള 5 കയർ നിർമ്മാണ യൂണിറ്റാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. നടിവിൽക്കര പ്രദേശത്ത് യന്ത്രം ഉപയോഗിച്ചു പച്ചത്തൊണ്ടടിച്ച് ചകിരിയാക്കുന്ന ഒരു വ്യവസായ യൂണിറ്റ് പ്രവൃത്തിച്ചുവരുന്നുണ്ട്. കയർ വ്യവസായ സഹകരണ സംഘം പ്രവർത്തന ക്ഷമ മല്ലാതായിരിക്കുകയാണ്. തെങ്ങിന്റെ കുല കെട്ടുന്നതിനുപയോഗിക്കുന്ന കൊലക്കയർ നിർമ്മിക്കുന്ന പത്തോളം യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലവിലുണ്ട്. 1-ാം വാർഡിൽ സഹകരണ അടിസ്ഥാനത്തിൽ റാട്ടുപയോഗിച്ച് കയർ ഉൽപ്പാദിപ്പിക്കുന്ന ഒരു .യൂണിറ്റ് നിലവിലുണ്ട്

### ബീഡി

പത്തിരുപത് വർഷം മുമ്പ് ഏകദേശം ഇരുപതോളം ചെറുകിട ബീഡി ഉൽപാദന യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുമുണ്ടായിരുന്നു. മെട്രോ സീത, ശാലി, ദിനമണി, 33, ജനത, ജയമണി, പീസ്സ് തുടങ്ങിയവയായിരുന്ന അന്നത്തെ പ്രധാന ബീഡി കമ്പനികൾ അഞ്ഞൂറിലേറെ തൊഴിലാളികൾ ബീഡി നിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് മൂന്നോ നാലോ യൂണിറ്റുകൾ മാത്രമെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. കൂലി കൂടുതൽ കിട്ടുന്നത്, മൂലം സമീപപഞ്ചായത്തുകളിൽ പ്രവൃത്തിക്കുന്ന കാജ മുതലായ വൻകിട ബീഡി ഉൽപാദന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുമുണ്ട്. മുമ്പ് ബീഡി തൊഴിലാളികൾ ഭൂരിപക്ഷവും പുരുഷന്മാരായിരുന്നുവെങ്കിൽ ഇന്നാ മേഖല ഏറെ കുറെ പൂർണ്ണമായും സ്ത്രീ തൊഴിലാളികളുടേതായി മാറി കഴിഞ്ഞിരിക്കുന്നു. കമ്പനികളിൽ ഒരുമിച്ചിരുന്നു. ഫേക്ടറി അടിസ്ഥാനത്തിൽ തൊഴിലെടുക്കുക എന്ന രീതി മാറി വീട്ടിലിരുന്ന് ബീഡി തെരുക്കുന്ന രീതിയാണ് ഇന്നുള്ളത്. തൊഴിലാളികളുടെ കൂട്ടായ്മക്കു സംഘടിത ശേഷിക്കും തന്മൂലം ഇടിവ് സംഭവിച്ചിട്ടുണ്ട്. ഇത് സ്വാഭാവികമായും ഈ രംഗത്തെ ചൂഷണത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നു.

മൺപാത്ര നിർമ്മാണം വൻ പ്രതിസന്ധിയെയാണ് ഇന്ന് നേരിടുന്നത്. അടുക്കള ഉപകരണങ്ങൾ മൺപാത്രത്തിൽനിന്ന് മാറി സ്റ്റീൽ, അലുമിനിയം എന്നിവ ആയതാണ് ഇതിനുപ്രധാന കാരണം. ആവശ്യകത അനുസരിച്ച് അസംസ്കൃത വസ്തു ലഭ്യമല്ലാത്തതും പ്രശ്നമാണ്.

പായനെയ്ത്ത് ഏറെകുറെ ഇല്ലാതായികൊണ്ടിരിക്കുകയാണ് സ്വന്തം ആവശ്യത്തിന് പായ നെയ്ത് ഉപയോഗിക്കുന്നു എന്നതൊഴികെ വില്പനക്ക് വേണ്ടി പായ നെയ്യുന്നവർ അപൂർവ്വമാണ്.

കൊട്ട നെയ്ത്ത് പഞ്ചായത്തിൽ നിന്ന് ഏറെകുറെഎടുത്ത് പോയ സ്ഥിതിയാണ്. ഓടയുടെ ദൗർലഭ്യവും തൊഴിൽ ചെയ്യാൻ ആളില്ലായ്മയും ആണ് ഇതിനു കാരണം.

**ബീഡി വ്യവസായം കൂലിനിരക്ക്**

| തൊഴിലാളികളുടെ എണ്ണം | | കൂലി | | |
|---|---|---|---|---|
| 1990 | 1996 | 1984 | 1990 | 1996 |
| | | രൂപ | രൂപ | രൂപ |
| 546 | 218 | 15–25 | 25–38 | 33–48 |

### ആധുനിക വ്യവസായങ്ങൾ

തടിമിൽ വ്യവസായ കേന്ദ്രങ്ങൾ 6 എണ്ണവും 4 ഐസ്സ് ഫാക്ടറികളും 12 എഞ്ചിനീയറിംഗ് വർക്സ് സ്ഥാപനങ്ങളും 2 ഫുഡ് സ്റ്റഫ് ഉൽപാദന സ്ഥാപന

ങ്ങളും 3 ഐസ്ക്രീം ഉൽപാദന സ്ഥാപനങ്ങളും 2 ബേക്കറി ഉൽപ്പന്ന നിർമ്മാണ സ്ഥാപനങ്ങളും 4 ഓയിൽ മില്ലുകളും 4 സോഡ നിർമ്മാണ യൂണിറ്റുകളും 2 റബ്ബർ പ്രോസസ്സിംഗ് സ്ഥാപനങ്ങളും ഒരു അലുമിനിയ പാത്രനിർമ്മാണ സ്ഥാപനവും ഒരു ചന്ദനത്തിരി നിർമ്മാണ യൂണിറ്റും ഒരു വല നിർമ്മാണ യൂണിറ്റും പത്തോളം സ്വർണ്ണാഭരണ നിർമ്മാണ യൂണിറ്റുകളും, അത്രത്തോളം തന്നെ ഫർണ്ണിച്ചർ നിർമ്മാണ യൂണിറ്റുകളും വാടാനപ്പിള്ളിയിലുമുണ്ട്.

ഓട്ടോ മോബയിൽ വർക്ക് ഷാപ്പുകളും ഫ്ളവർ മില്ലുകളും കൂടെ ആകെ 67 എണ്ണം വരും സ്ത്രീകളുടെ നേതൃത്വത്തിൽ നടക്കുന്ന 4 റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകളും ഒരു റബ്ബർ പ്രോസ്സസിങ്ങ് യൂണിറ്റും ഒരു കയർ നിർമ്മാണ യൂണിറ്റും നമ്മുടെ പഞ്ചായത്തിലുണ്ട്.

കയർ ബീഡി രംഗങ്ങളിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. ഓട്ടോമൊബയിൽ റിപ്പയറിംഗ് രംഗത്തും എഞ്ചിനീയറിങ്ങ് വ്യവസായ രംഗത്തും തൊഴിലാളികളുടെ എണ്ണം കൂടി വരുന്നതായി കാണാം. നേഷണൽ ഹൈവേ ബന്ധപ്പെട്ടാണ് വർക് ഷോപ്പുകളും എഞ്ചിനീയറിംഗ് വ്യവസായ സ്ഥാപനങ്ങളുടെയും എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നത്. ബീഡി വ്യവസായ രംഗത്ത് പുരുഷ തൊഴിലാളികൾ ഇല്ലാതാവുകയും സ്ത്രീ തൊഴിലാളികളുടെ തന്നെ എണ്ണം കുറഞ്ഞു വരുന്നതായും കാണുന്നുണ്ട്. 1000 ബീഡി തെരുക്കുന്നതിന് കാജാ കമ്പനിയിൽ 48 രൂപയും മറ്റ് പ്രാദേശിക കമ്പനികളിൽ 33-35 രൂപവീതവുമാണ് കിട്ടിവരുന്നത്. 5 വർഷം മുമ്പ് കാജ കമ്പനിയിൽ 38 രൂപയും മറ്റു കമ്പനികളിൽ 25 രൂപയുമാണ്. കൂലിയായി ലഭിച്ചുവന്നിരുന്നത്. 10 വർഷംമുമ്പ് കാജയിൽ 25 രൂപയും മറ്റു കമ്പനികളിൽ 15 രൂപയുമാണ് കിട്ടികൊണ്ടിരുന്നത്. പഞ്ചായത്തിനകത്തുനിന്ന് ചകിരിനാര് കയറ്റി അയക്കപ്പെടുകയാണ്. അത് കയറാക്കാനോ കയർ ഉൽപ്പന്നങ്ങളാക്കാനോ ഉള്ള പദ്ധതികളൊന്നും നിലവിൽ വന്നിട്ടില്ല. നാളികേരം കൊപ്രയാക്കുന്നുണ്ട് എങ്കിലും കൊപ്ര വെളിച്ചെണ്ണയാക്കാനോ വെളിച്ചെണ്ണയിൽ നിന്ന് മറ്റുൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കാനോ ആവശ്യമായവ മറ്റ് വ്യവസായങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ ഇല്ല. ചകിരിച്ചോറ്, തെങ്ങ്തടി, മത്സ്യം, എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു നാളികേരം ഉപയോഗിച്ചും ഉള്ള നിരവധി വ്യവസായങ്ങൾ ആരംഭിക്കാവുന്നതുമാണ്.

വാടാനപ്പിള്ളി പഞ്ചായത്തിൽ സ്ത്രീകൾ സഹകരണ അടിസ്ഥാനത്തിൽ നടത്തുന്ന ഒരു റബ്ബർ പ്രോസസ്സിങ്ങ് യൂണിറ്റ് ഒരു കയർ നിർമ്മാണ യൂണിറ്റ് മൂന്ന് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് എന്നിവ പ്രവൃത്തിക്കുന്നുണ്ട്.

ഭൂമിക്കുണ്ടായ വിലവർദ്ധനവ്, മൂലധന വായ്പാ സൗകര്യങ്ങളുടെ കുറവ്, വ്യവസായങ്ങൽ ആരംഭിക്കുന്നതിനും അവ മാനേജ് ചെയ്യുന്നതിനുള്ള അജ്ഞത ആധുനിക വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കളും യന്ത്രങ്ങളും ടെക്നിഷ്യന്മാരും എവിടെയൊക്കെ കിട്ടും എന്നതിനെ സംബന്ധിച്ചുള്ള അജ്ഞ ഇവയൊക്കെ വ്യവസായ വികസനത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളാണ്.

**പ്രശ്നങ്ങൾ**

1. ഭൂമിയുടെ വിലവർദ്ധനവ്, വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ഏറെ ബുദ്ധിമുട്ടാക്കുന്നുണ്ട്.

2.വൈദ്യുതി കണക്ഷൻ ലഭിക്കാനും കാലതാമസം നേരിടുന്നുണ്ട്.

3. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല

4.ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങളുടെ വിപണനം വലിയ പ്രശ്നമാണ്.

5.അസംസ്കൃത വസ്തുക്കൾ വേണ്ടത്ര കിട്ടാനില്ല

**സാധ്യതകൾ**

1 കള്ള് ചെത്ത് വ്യവസായത്തിൽ കൂടുതൽ തെങ്ങ് ചെത്താനും കൂടുതൽ തൊഴിലാളികളെ ഉൾക്കൊള്ളാനുമുള്ള സാധ്യതയുണ്ട്.

2. കള്ള് ഒരു ശീതള പാനീയമായും മറ്റു രീതികളിലും വിപണനം ചെയ്യാവുന്നവയാണ്.

3. ചകിരിനാരിൽ നിന്ന് കയറും കയറുൽപ്പന്നങ്ങളും ഉല്പാദിപ്പിക്കാവുന്നതാണ്.

4. മാംസ വിൽപ്പനക്ക് ശേഷം ബാക്കിവരുന്ന എല്ല് ഉപയോഗിച്ച് എല്ല് പൊടി വ്യവസായം ആരംഭിക്കാവുന്നതാണ്.

5. വൻബീഡി വ്യവസായ സ്ഥാപനങ്ങളുടെ ബ്രാഞ്ചുകൾ പഞ്ചായത്തിൽ ആരംഭിച്ചാൽ തൊഴിലാളികൾക്ക് കൂടുതൽ കൂലി ലഭിക്കും.

6. കോഴിത്തീറ്റ കാലിത്തീറ്റ നിർമ്മിക്കുന്ന ഫാക്ടറികൾ ആരംഭിക്കുകയും കോഴികളെ വിരിയിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യാവുന്നതാണ്.

7. ചകിരിച്ചോറും വെയിസ്റ്റും ഉപയോഗിച്ച് ജൈവവളം നിർമ്മിക്കുന്നതിനാവശ്യമായ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

8. മത്സ്യ സംസ്കരണ വ്യവസായം ആരംഭിക്കാവുന്നതാണ്.

9. നാളികേരത്തിൽ നിന്നുമുണ്ടാകുന്ന നാളികേരം പൊടിപാൽ, ക്രീം, വിനാഗിരി, ശീതളപാനീയം എന്നിവ ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ നിർമ്മാണ യൂണിറ്റുകൾ ഉണ്ടാക്കാവുന്നതാണ്.

10. കൊപ്ര ഡ്രയർ യൂണിറ്റുകൾ വ്യാപകമായി ആരംഭിക്കാം.

11. റെഡിമെയ്ഡ് വ്സത്രനിർമ്മാണം ഹോളോബ്രിക്സ് നിർമ്മാണ കുട നിർമ്മാണ സൗരോർജ്ജ വിളക്ക് നിർമ്മാണം എന്നിവ ആരംഭിക്കാവുന്നതാണ്.

12. ഇലക്ട്രോണിക്സ് ഡിവൈസ് അസ്സംബ്ലിങ്ങ് യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

13. സോപ്പ്, മെഴുകുതിരി, ചന്ദനത്തിരി, അച്ചാർ, സോപ്പ്, ജാം തീപ്പെട്ടി പപ്പടം തുടങ്ങിയവ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

14. ഓട്ടോമൊബൈൽ വർക്സ് സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്.

പ്രാദേശികമായി ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനാവശ്യമായ സംവിധാനം സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കണം.

16. വ്യവസായ സംരംഭകരെ പരിശീലിപ്പിക്കുന്നതിനും പുനർ വിദ്യാഭ്യാസം കൊടുക്കുന്നതിനും ആവശ്യമുള്ള ഏർപ്പാടുണ്ടാക്കണം.

17. സ്വർണ്ണപ്പണിയും, കാർപ്പെന്ററി പണികളും പഠിപ്പിക്കുന്നതിന് ആവശ്യമായ സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കണം.



# ഊർജ്ജം

ഗ്രാമത്തിൽ ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ പ്രധാനമായും താഴെ പറയുന്നവയാണ്

1. വൈദ്യുതി
2. പെട്രോളിയം ഉൽപ്പന്നങ്ങൾ
3. വിറക്
4. തെങ്ങിന്റെ ഉപോൽപ്പന്നങ്ങൾ
5. മനുഷ്യന്റേയും ജന്തുക്കളുടെയും പ്രയത്നം

മുൻകാലങ്ങളിൽ കൂടുതലായും പ്രാദേശികമായി ലഭ്യമായിരുന്ന ഊർജ്ജസ്രോതസ്സുകളായിരുന്നു. ജനങ്ങൾ പ്രധാനമായും ആശ്രയിച്ചിരുന്നത്. ആധുനിക ഉപകരണങ്ങളുടെ പ്രചാരണവും മാറുന്ന ജീവിതരീതികളും വാണിജ്യ ഊർജ്ജ ഇനങ്ങളായ വൈദ്യുതിയിലേയ്ക്കും പെട്രോളിയം ഉൽപ്പന്നങ്ങളിലേയ്ക്കും ജനങ്ങളെ സ്വാധീനിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഗൾഫ് രാജ്യങ്ങളുമായുള്ള സമ്പർക്കം ഈ മാറ്റത്തിന് ആക്കം കൂട്ടുന്നു. ഇതിന്റെ ഫലമായി വൈദ്യുതിയും പെട്രോളിയം ഉൽപ്പന്നങ്ങളും ലഭ്യമല്ലാതാവുകയോ അപ്രാപ്യമാവുകയോ ചെയ്യുകയെന്ന ദുരന്തത്തിലേയ്ക്ക് രാജ്യത്തോടൊപ്പം നമ്മുടെ പഞ്ചായത്തും വലിച്ചിഴയ്ക്കപ്പെടുകയാണ്. വിവിധ തലങ്ങളിലുള്ള ഏകോപിത ശ്രമങ്ങളിൽ കൂടെ മാത്രമേ ഇതിൽ നിന്നുമൊരു തിരിച്ചുപോക്ക് സാദ്ധ്യമാകൂ. ഇതിൽ പഞ്ചായത്തു തലങ്ങളിൽ ചെയ്യാവുന്ന കാര്യങ്ങൾ എന്തൊക്കെ എന്നു നോക്കാം.

വൈദ്യുതി: പ്രധാന സ്രോതസ്സ് എന്ന നിലയിൽ വൈദ്യുതിയുടെ കാര്യം തന്നെ ആദ്യം പരിശോധിക്കാം കണ്ടശ്ശാംകടവ് 66 k.v. സബ്സ്റ്റേഷനിൽ നിന്നുള്ള Town 11കെ.വി. ഫീഡറിൽ കൂടിയാണ് പഞ്ചായത്തിന്റെ മുഴുവൻ വൈദ്യുതാവശ്യങ്ങളും നിർവ്വഹിക്കപ്പെടുന്നത്. മണപ്പാട് മേഖലയിൽ പ്പെട്ട ഏതാനും വീടുകൾ മാത്രമാണ് മറ്റൊരു ഫീഡറുമായി ബന്ധപ്പെട്ടിരിക്കുന്നത്. പഞ്ചായത്തിലെ വൈദ്യുത ശൃംഖല സംബന്ധിക്കുന്ന വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

വൈദ്യുതി രംഗത്ത് പഞ്ചായത്തിന്റെ ഇപ്പോഴത്തെ നിലയും പരിഹാരമാർഗ്ഗങ്ങളും ചുരുക്കത്തിൽ താഴെ കൊടുക്കുന്നു.

*പ്രശ്നങ്ങൾ:* കുറഞ്ഞ വോൾട്ടേജ്, ഇടയ്ക്കുള്ള വൈദ്യുതി തടസ്സം, പരാതികൾ തീർക്കുന്നതിനുള്ള കാലവിളംബം, പുതിയ കണക്ഷനുവേണ്ടിയുള്ള കാത്തിരിപ്പ്, കത്താത്ത തെരുവുവിളക്കുകൾ, പണമടയ്ക്കുന്നതിനുള്ള ബുദ്ധിമുട്ട്, ഇവയാണ് പ്രധാന

പട്ടിക1

വൈദ്യുത ശൃംഖല (As on 9/96)

1. സബ്സ്റ്റേഷൻ : 66Kv കണ്ടശ്ശാംകടവ്

2. ട്രാൻസ്ഫോർമർ : 2 X8 MVA

3. 11KV ഫീഡർ

(a)നീളം : 10Km (അറ്റത്തേക്ക്)

(b) വഹിക്കാവുന്ന ലോഡ് : 197 Amps

(c) കാലപഴക്കം : 25 വർഷം

(d) സ്വഭാവം : റേഡിയൽ

(e) രാത്രിയിലെ കൂടി ലോഡ് : 148Amps

(g) സാധാരണ ലോഡ് : 60 Amps

4. ഡിസ്ട്രിബ്യൂഷൻ

| ട്രാൻസ്ഫോർമറുകൾ | എണ്ണം | കപ്പാസിറ്റി |
|---|---|---|
| ആകെ ഫീഡറിൽ | 39 | 3280 KVA |
| പഞ്ചായത്ത് ഏരിയയിൽ | 26 | 1910 KVA |

5. L.T. ലൈനുകൾ : കൃത്യമായ വിവരം ശേഖരിക്കണം.

6. തെരുവുവിളക്കുകൾ

40 W ബൾബ് : 293 എണ്ണം

2 X 40 W ട്യൂബ് : 53 എണ്ണം

പ്രശ്നങ്ങൾ

*കാരണങ്ങൾ:* ബാഹ്യം അപര്യാപ്തമായ ഉൽപാദനം ശേഷികുറഞ്ഞ സബ്സ്റ്റേഷൻ ഉയർന്ന വോൾട്ടതയിലുള്ള ട്രാൻസ്മിഷൻ, സബ്ട്രാൻസ്മിഷൻ . സബ്ട്രാൻസ്മിഷൻ ലൈനുകളുടെ അഭാവം റേഡിയൽ ഫീഡറുകൾ

*ആഭ്യന്തരം:* 11 കെ.വി. ലൈനുകളുടെ കുറവ് ട്രാൻസ്ഫോർമറുകളുടെ പോരായ്മ

ശേഷികുറഞ്ഞ വിതരണ ലൈനുകൾ

മരച്ചില്ലകൾ കൊണ്ടുള്ള തടസ്സങ്ങൾ

ആസൂത്രിത മല്ലാത്ത അറ്റകുറ്റപണികൾ

ആധുനിക നിയന്ത്രണോപകരണങ്ങളുടെ അഭാവം

സാധന സാമഗ്രികളുടെ ലഭ്യതകുറവ്

ഉപഭോക്താക്കളുടെ അജ്ഞത

ഉൽബുദ്ധരല്ലാത്ത തൊഴിലാളികൾ

പട്ടിക 1 ൽ പഞ്ചായത്തിലെ വൈദ്യുത സംവിധാനത്തിന്റെ പൊതുവിവരങ്ങൾ കൊടുത്തിരിക്കുന്നു. ഒരു സബ്സ്റ്റേഷനിൽനിന്നും വരുന്ന ഒറ്റ ഫീഡറിൽകൂടിയാണ് മുഴുവൻ ആവശ്യവും നിറവേറ്റുന്നത്. ഇതുകാരണം ലൈൻ തകരാറാവുകയോ, അറ്റകുറ്റപണികൾക്കായി ഓഫ് ചെയ്യുകയോ ചെയ്യുമ്പോൾ ഉപഭോക്താക്കൾക്ക് സപ്ലൈ കൊടുക്കാൻ പകരം സംവിധാനമില്ല.

ഇതുപരിഹരിക്കാൻ ഉടനെ സാധിക്കില്ലെങ്കിലും വലപ്പാട് 110 k.V. സബ്സ്റ്റേഷൻ വരുമ്പോഴെങ്കിലും

ഈ ദുഃസ്ഥിതിയ്ക്ക് മാറ്റം വരുത്താൻ വേണ്ട നടപടികൾ ഇപ്പോഴെ തുടങ്ങണം. പുതിയ സ്റ്റേഷനിൽനിന്നും ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് വഴി ഒരു മൾട്ടി സർക്ക്യൂട്ട് ലൈൻ വലിക്കാനുള്ള പ്രാരംഭ നടപടികൾ ഇപ്പോൾ തുടങ്ങാം. ഒരു 33 കെ.വി. ലൈൻ 15 MVA ഒരു 11 കെ.വി. ലൈൻ (5 MVA ഒരു L.T. 3 ലൈൻ എന്നിവ വഹിക്കാൻ ശേഷിയുള്ള ഗാൻവനൈസ്ഡ് മിനി ടവറുകൾ ഉപയോഗിച്ചുള്ളവയായിരിക്കണം ലൈനുകൾ. ഒപ്പം തന്നെ കണ്ടശ്ശാംകടവിൽ നിന്നും ഇപ്പോൾ വരുന്ന ലൈൻ മേൽപ്പറഞ്ഞ വിധം മാറ്റം വരുത്തുകയും രണ്ടു ലൈനുകളും Automatic sectioniersഉം Auto.. ഉപയോഗിച്ച് പരിമിത റിംഗ് മെയിൻ സർക്യുട്ട് ആയി രൂപാന്തരപ്പെടുത്തുകയും വേണം.

ഇതോടൊപ്പം തന്നെ ഉടനെ ചെയ്യാവുന്നതും അത്ഭുതകരമായ ഫലമുളവാക്കുന്നതും പഞ്ചായത്തിന്റെയും ബോർഡിന്റെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടത്താവുന്നതുമായ ചില കാര്യങ്ങൾ നോക്കാം.

വാടാനപ്പള്ളി ടൗണിലേയ്ക്ക് ഇപ്പോൾ ലൈൻ

| പരിഹാരമാർഗ്ഗങ്ങൾ | | | |
|---|---|---|---|
| ദീർഘകാലപരിപാടികൾ | | ഹ്രസ്വകാലപരിപാടികൾ | |
| പഞ്ചായത്തുതലങ്ങളിൽ ·ചെയ്യേണ്ടവ | ഉയർന്ന തലങ്ങളിൽ ചെയ്യേണ്ടവ | പഞ്ചായത്തു തലത്തിൽ | ഉയർന്ന തലത്തിൽ ചെയ്യേണ്ടവ |
| 1. 11K.V. ലൈൻ ഇരട്ടിപ്പിക്കുക<br>2.11 K.V. ലൈൻ Re.route ചെയ്യുക<br>3. ചുരുങ്ങിയ തോതിൽ ആട്ടോമോട്ടിക് സെക്ഷനൈസർ, ആട്ടോരീക്ലോസർ<br>4. ലോക്കൽ ജനറേഷൻ ഉയർന്ന തലങ്ങളിൽ | 1. ഉയർന്ന സബ്സ്റ്റേഷൻ ട്രാൻസ്ഫോർമറുകൾ<br>2.66K.V. സ്റ്റേഷൻ 110K.V. ആക്കുക<br>3. വലപ്പാട്ട് 110K.V. സ്റ്റേഷനിൽനിന്നും 33K.V. ലൈൻ<br>4. വാടാനപ്പിള്ളിയിൽ 33.K.V.സ്റ്റേഷൻ<br>5. പൂർണ്ണമായ ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ | 1. ലൈനുകളിലെ മരച്ചില്ലകൾ നീക്കം ചെയ്യുക<br>2. ലൈൻ റീഷാക്കിൾ ചെയ്യുക<br>3. ജംപറുകൾ ബലവത്താക്കുക<br>4. ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ പരിപാലനം എർത്തിംഗ്<br>5. സെക്ഷൻ ഫ്യൂസ് സ്പേസറുകൾ എന്നിവ വയ്ക്കുക<br>6. കേടുവന്ന മീറ്റർ മാറ്റൽ7. ഉപഭോഗനിയമന്ത്രണത്തിന്റെ പ്രചാരണം<br>7. ഉപഭോഗ നിയന്ത്രണത്തിന്റെ പ്രചാരണം<br>8. മറ്റു ഊർജ്ജത്തിലേയ്ക്കുള്ള മാറ്റം<br>9. ബോധവൽക്കരണം | 1. 11K.V. ലൈനുകൾ കൂട്ടിമുട്ടിക്കുക<br>2. S.P. ലൈനുകൾ 3 Phase ലൈനുകളാക്കുക<br>3. ലൈനിലെ അറ്റകുറ്റപണികൾ ഏകോപിപ്പിക്കുക<br>4. പരിമിത റിംഗ് മെയിൻ സിസ്റ്റം<br>5. രാത്രി ബ്രേക്ക് ഡൗൺ<br>6. തൊഴിലാളികൾക്ക് ബോധവൽക്കരണം<br>7. കമ്പ്യൂട്ടറൈസ് ക്യാഷ് കളക്ഷൻ<br>8. എല്ലാ ട്രാൻസ്ഫോർമറുകൾക്കും |

വരുന്നത് മാമ്പുള്ളി, നടുവിൽ കര നോർത്ത് കെ.ടി. ഐസ് കമ്പനി, ഗണേശമംഗലം ഫറൂക്ക് നഗർ കുമാരവീഥി. ചിലങ്ക തിയേറ്റർ, നസീർ ഐസ് പ്ലാന്റ് എന്നിങ്ങനെ ഉദ്ദേശം 9 കിലോ മീറ്റർ വളഞ്ഞിട്ടാണ് ഈ ലൈൻ തന്നെ കണ്ടശ്ശാംകടവ് താണാപാടത്തു നിന്നും പിരിഞ്ഞ് റോഡിൽ കൂടി ആത്മാവ് ജംഗ്ഷൻ വരെ എത്തിനിൽക്കുന്നുണ്ട്. ഈ ലൈൻ നസീർ ഐസ് ലൈനുമായി മുട്ടിച്ചാൽ വാടാനപ്പിള്ളി ടൗണിന് രണ്ടാമതൊരു ലൈനാകും, രണ്ടു ലൈനിലേയും ലോഡ് കുറയും, വോൾട്ടേജ് കൂടും. കൂടാതെ പാഴായി പോകുന്ന വൈദ്യുതി ലാഭിക്കുകയും ചെയ്യാം. ലാഭിക്കുന്ന വൈദ്യുതിയുടെ കണക്കുമാത്രം നോക്കിയാൽ ഈ ജോലി ഉടൻ ഏറ്റെടുക്കുന്നതിനുള്ള മതിയായ കാരണമാകും.

ടൗൺ ഫീഡറിന്റെ ലോഡ് : 148 Amps
ടൗൺ ഫീഡറിലെ ട്രാൻസ്ഫോർമറുകൾ : 3280 KVA
ശരാശരി കറണ്ട്/ 100KVA : 4.51 Amps
താനാപാടം മുതൽ നസീർവരെയുള്ള ലൈനിലെ ലോഡ് (7.5) : 2170 KVA - 25 Amps
താനാപാടം മുതൽ ആത്മാവുവരെയുള്ള ലോഡ് (3) : 520 KVA = 25 Amps
ഇപ്പോഴത്തെ പ്രസരണ നഷ്ടം

$$\frac{3\times 98^2 \times 0.454 \times 0.4 \times 0.4 \times 8760 \times 7.5}{2}$$

$$\frac{3\times 25^2 \times 0{,}454 \times 0.4 \times 8760 \times 3.0}{2}$$

2.84 lakh units

ലൈൻ കൂട്ടിമുട്ടിച്ച ശേഷം
(ഇന്റർലിങ്കിംഗ് കൂട്ടമുഖം) :

$$\frac{3\times 58^2 \times 0.454 \times 6 \times 0.4 \times 8760}{2}$$

1.09 lakh units

വാർഷിക മിച്ചം : 1.75 lakh units

ഇന്ത്യയിലെ ശരാശരി പ്ലാന്റ് ലോഡ് ഫാക്ടറും പ്രസരണ നഷ്ടവും വച്ചുനോക്കിയാൽ ഇത് 0.042 M.W. കപ്പാസിറ്റിയുള്ള ഒരു ജനറേറ്റർ സ്ഥാപിക്കുന്നതിന് തുല്യമാണ്. ഇതിന് വേണ്ട മുതൽ മുടക്ക് 16.8 ലക്ഷം രൂപയാണെന്ന് കാണുമ്പോഴാണ് ഇതിന്റെ പ്രാധാന്യം മനസ്സിലാവുന്നത്.

ഇതു തന്നെ മറ്റൊരു വിധത്തിൽ നോക്കിയാൽ പുതുതായി വലിക്കേണ്ട ലൈൻ 350 മീറ്റർ ഇത് സാധാരണ ഓവർ ഹെഡ് ലൈൻ വലിക്കാൻ വേണ്ടിവരുന്ന ചിലവ് 65000 രൂപാ മാത്രം. ഭൂമിക്കടിയിൽ കൂടിയിടുന്ന കേബിളാണെങ്കിൽപോലും ചിലവ് 3.5 ലക്ഷം മാത്രം. രണ്ടുവർഷം കൊണ്ട് മുടക്കുമുതൽ മടക്കികിട്ടും. ഇതുമാതിരി ചില്ലറ മുതൽ മുടക്കുകൊണ്ട് വലിയ ഫലം കിട്ടുന്ന ജോലികൾ L.T. രംഗത്തും ഉണ്ടാവും. അതിനു കൂടുതൽ സമയമെടുത്തുള്ള പഠനം നടത്തേണ്ടതുണ്ട്.

ലൈനിൽ മുട്ടികിടക്കുന്ന മരക്കൊമ്പുകളിൽ കൂടിയും മറ്റും ധാരാളം വൈദ്യുതി പാഴായി പോകുന്നുണ്ട്. കൃത്യമായി മരച്ചില്ലകൾ വെട്ടിമാറ്റി വൈദ്യുതി നഷ്ടം ഒഴിവാക്കുന്നതിനും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും വാർഡുതലത്തിൽ ഉദ്യോഗസ്ഥരുടേയും പൊതുജനങ്ങളുടെയും കൂട്ടായ പ്രവർത്തനം നടത്തേണ്ടതുണ്ട്. ചില ഉപഭോക്താക്കൾ ഉപയോഗിക്കുന്ന സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ ലൈനിലെ പൊതുവായ വോൾട്ടേജ് നിലവാരം കുറയ്ക്കാൻ ഉടയാക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ട്രാൻസ്ഫോർമറിന്റെ ഏരിയയിൽ മറ്റു വോൾട്ടേജ് മെച്ചപ്പെടുത്തുന്ന പരിപാടികൾ നടപ്പിലാക്കിയ ശേഷം ഇത്തരം ഉപകരണങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ എടുക്കാവുന്നതാണ്. മോട്ടോർ ലോഡുകൾക്ക് കപ്പാസിറ്റർ ഉപയോഗിക്കുന്നത് നിയമപരമായ ഒരനുഷ്ഠാനം എന്ന നിലയ്ക്കാണ് ഉപഭോക്താക്കൾ കാണുന്നത്. അതുമാറ്റി കപ്പാസിറ്റർ ഉപയോഗിക്കുന്നത് തങ്ങൾക്കും നാടിനും ഉപകാരപ്രദമാണെന്ന് മനസ്സിലാക്കാനുള്ള പ്രചാരവേല സംഘടിപ്പിച്ചാൽ വലിയൊരളവ് പാഴ്ചിലവ് ഒഴിവാക്കാൻ കഴിയും.

എല്ലാ ബ്രാഞ്ചുലൈനുകളിലും ഫ്യൂസ് യൂണിറ്റുകൾ വച്ചാൽ ഒരു ലൈനിലെ തകരാറുമൂലം മറ്റു ലൈനുകളിലെ ഉപഭോക്താക്കൾ കൂടി ബുദ്ധിമുട്ട് അനുഭവിക്കുന്നത് ഒഴിവാക്കാൻ കഴിയും. ഇതും പൊതുജനസഹകരണത്തോടെ നടപ്പിലാക്കാവുന്നതാണ്. ഇതുകൂടാതെ ചെയ്യാവുന്ന മറ്റൊരു കാര്യം ലൈനുകളുടെ ഭാരം തുല്യമായി ക്രമീകരിക്കുക എന്നതാണ്. പ്രത്യേക പ്രാധാന്യം കൊടുത്ത് ചെയ്യേണ്ട വേറൊരു ജോലി പഴക്കം ചെന്നലൈനും ഉപകരണങ്ങളും നവീകരിക്കുക എന്നതാണ്. ഇതിനുള്ള പരിപാടികളും പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിക്കാം.

പഞ്ചായത്തിലെ ഉപഭോക്താക്കളുടെ എണ്ണവും അവരുടെ ഉപഭോഗവും മറ്റും പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു. മൊത്തം ഉപഭോക്താക്കളിൽ 54% ഗാർഹികവും 17% വാണിജ്യ/ഗാർഹികേതരവും 27% കൃഷിയാവശ്യത്തിനുള്ളതുമാണ്. വെറും 11/2% മാത്രമാണ് വ്യാവസായികാവശ്യത്തിനുള്ളത്. ഇത് ആരോഗ്യകരമായ സ്ഥിതിയല്ല. വ്യവസായ കണക്ഷനുകൾ കൂടണം. വ്യാവസായിക ഉപഭോഗവും കൂടണം. പട്ടിക 1ൽ നോക്കിയാൽ 11KV ലൈനിന്റെ ഏറ്റവും കൂടിയ ലോഡ് 148 ആമ്പിയർ ആണെങ്കിലും സാധാരണ ലോഡ് 60 ആമ്പിയർ മാത്രമാണെന്നു കാണാം. കൂടിയ ലോഡും ശരാശരി ലോഡും തമ്മിലുള്ള വ്യത്യാസം കുറഞ്ഞിരുന്നാൽ മാത്രമേ ലാഭകരവും കാര്യക്ഷമവുമായി വൈദ്യുതി വിതരണം നടത്താൻ കഴിയുകയുള്ളൂ. ഡിമാന്റ് സൈഡ് മാനേജുമെന്റ് (D.S.M.) ൽ കൂടി വലിയൊരു പരിധിവരെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കാം.

ഏറ്റവും കൂടുതൽ ലോഡുവരുന്നത് വൈകുന്നേരം 61/2 മുതൽ 9മണിവരെയുള്ള സമയത്താണ്. ഈ സമയത്ത് ഒഴിച്ചുകൂടാൻ പാടില്ലാത്ത വൈദ്യുത ഉപകരണങ്ങൾ മാത്രമേ പ്രവർത്തിപ്പിക്കാവൂ. വ്യവസായങ്ങൾ കഴിയുന്നതും പ്രവർത്തിക്കാൻ പാടില്ല. കൃഷിക്കാരുടെ മോട്ടോറുകൾ തീരെ പ്രവർത്തിച്ചു

കൂട. കഴിയുന്നേടത്തോളവും ഫ്രിഡ്ജും മറ്റുപകരണങ്ങളും ഓഫ് ചെയ്തിടണം. ആവശ്യമില്ലാത്ത ഫാനും ലൈറ്റും മറ്റും ഓഫ് ചെയ്യുന്നത് ഒരു ശീലമാക്കി മാറ്റണം. പ്രത്യേകിച്ചും കുട്ടികളിൽ. കഴിയുന്നത്ര ബൾബുകൾ മാറ്റി ട്യൂബുകൾ കോമ്പാക്ട് ഫ്ലൂറസന്റ് ലാമ്പുകളും (C.F.L.) പിടിപ്പിക്കണം. കഴിവുള്ള ഉപഭോക്താക്കളുടെ

ഇലക്ട്രോ മാഗ്നറ്റിക്ക് മീറ്ററുകൾ ഇലക്ട്രോണിക്ക് മീറ്ററുകളായി മാറ്റണം.

പട്ടിക 2

**ഉപഭോക്താക്കൾ 9/96**

| | ഗാർഹികം | വാണിജ്യം | കൃഷി | വ്യവസായം | തെരുവു വിളക്കുകൾ |
|---|---|---|---|---|---|
| എണ്ണം | 3547 | 1122 | 1748 | 96 | 1 |
| ഉപയോഗിച്ച യൂണിറ്റ് | 232334 | 52572 | 16060 | 52263 | 5746 |
| റവന്യൂ | 202123 | 197957 | 11808 | 73831 | 5664 |
| റവന്യൂ യൂണിറ്റ് | 0.87 | 3.76 | 0.74 | 1.41 | 0.99 |

പഞ്ചായത്തിൽ മൊത്തം ഉപയോഗിക്കുന്ന വൈദ്യുതിയുടെ 65% ഗാർഹികാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഇതിന്റെ 10% എങ്കിലും പാചകത്തിനും വെള്ളം ചൂടാക്കുന്നതിനും ആണ് ഉപയോഗിക്കുന്നത്. ഇത് മുഴുവനുമായി ഒഴിവാക്കണം. നമ്മുടെ പഞ്ചായത്തിൽ 1 യൂണിറ്റു വൈദ്യുതി പോലും വെള്ളം ചൂടാക്കാൻ ഉപയോഗിക്കാൻ പാടില്ലെന്ന നില ബോധവൽക്കരണത്തിൽ കൂടി കൈവരിക്കാൻ കഴിയും. പകരം ഉപയോഗിക്കാവുന്ന സോളാർ ഹീറ്ററിന് വേണ്ടത്ര പ്രചാരം നൽകിയാൽ മതിയാവും. പാചകത്തിന് സോളാർ കുക്കർ കച്ചിപ്പെട്ടി. പകൽ സമയത്ത് ഫാനിന്റെ ഉപയോഗം കുറയ്ക്കുന്ന രീതിയിലുള്ള വീടുകളുടെ ഡിസൈൻ തുടങ്ങിയവയും ജനങ്ങളെ ബോധവാൻമാരാക്കി നടപ്പിൽ വരുത്തുവാൻ ധാരാളം സാധ്യതകൾ ഉണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം പട്ടിക 3 ൽ കൊടുത്തിരിക്കുന്നു. എല്ലാ ട്രാൻസ്ഫോർമറുകളുടേയും വൈദ്യുത ഭാര പഠനം നടത്തി വേണ്ട മാറ്റങ്ങൾ വരുത്തിയാൽ വോൾട്ടേജ് ക്ഷാമ പ്രശ്നത്തിന് ആശ്വാസമാവും. വാർഡ് തല സന്നദ്ധപ്രവർത്തകർ ഉദ്യോഗസ്ഥരുമായി ചേർന്ന് ഇത് ചെയ്യാവുന്നതാണ്.

വൈദ്യുതീകരിച്ച ഹരിജൻ കോളനികളുടെ ലിസ്റ്റ് പട്ടിക 4 ൽ കൊടുത്തിരിക്കുന്നു. ഈ കോളനികളിൽ ഇനിയും ബാക്കിയുള്ള വീടുകൾ കൂടി വൈദ്യുതീകരിക്കാനും കൊറ്റായി എ.കെ.ജി. കോളനിയിലേയ്ക്ക് വൈദ്യുതി എത്തിയ്ക്കാനുമുള്ള നടപടികൾ എടുക്കേണ്ടതുണ്ട്.

വൈദ്യുതി കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്നത് പെട്രോളിയം ഉല്പന്നങ്ങളാണ്. വാഹനങ്ങളിലെ ഇന്ധനത്തിന്റെ പാഴ്ച്ചെലവ് ഒഴിവാക്കാൻ വേണ്ട ബോധവൽക്കരണം പൊതുവേയും ഡ്രൈവർമാർക്ക് പ്രത്യേകിച്ചും നൽകിയാൽ ഫലം ഉളവാക്കുന്ന സാഹചര്യമാണ് പഞ്ചായത്തിലുള്ളത്. ബസ് സ്റ്റോപ്പിലും മറ്റും ആവശ്യമില്ലാതെ യന്ത്രം പ്രവർത്തിപ്പിക്കുക, ഡീസലിന്റെയും ഓയിലിന്റേയും ചോർച്ച നിയന്ത്രിക്കാതിരിക്കുക കാര്യക്ഷമത കുറഞ്ഞ സ്റ്റൗ ഉപയോഗിക്കുക ശാസ്ത്രീയമായി ഗ്യാസ് സ്റ്റൗ ഉപയോഗിക്കാൻ അറിയാതിരിക്കുക എന്നതുമൂലം സംഭവിക്കുന്ന ഊർജ്ജനഷ്ടം വാർഡുതലത്തിൽ നടത്തുന്ന പ്രചാരവേലകൊണ്ട് ഒഴിവാക്കാൻ കഴിയും. പ്രഷർ കുക്കറിന്റെ ഉപയോഗം. ഇന്ധനം ലാഭിക്കുന്നതിൽ അതിനുള്ള പങ്ക് എന്നിവയും പ്രചരിപ്പിക്കേണ്ടതുണ്ട്

പഞ്ചായത്തിലെ പ്രധാന കാർഷിക വിളതെങ്ങാണ്. തെങ്ങ് നല്ലൊരു ഊർജ്ജ ദായകനുമാണ്. പഞ്ചായത്തിലെ തെങ്ങുകളിൽ നിന്നും ഉദ്ദേശം 3000ടൺ വിറക് വർഷം തോറും ലഭിക്കുന്നുണ്ട്. ഇതിന്റെ ഒരംശം പോലും ഇപ്പോൾ വിറകിനായി ഉപയോഗിക്കുന്നില്ല. ഇതിന്റെ പ്രധാന കാരണം ദക്ഷത കുറഞ്ഞതും പഴഞ്ചനുമായ അടുപ്പുകളാണ്. 2000ത്തോളം പുകയില്ലാത്ത അടുപ്പുകൾ പുതുതായി

പട്ടിനം 3 ട്രാൻസ്ഫോർമറുകൾ

| | | | | | | |
|---|---|---|---|---|---|---|
| 1. നടുവിൽക്കര No.I | 1100 | KVA | 14. മൊയ്തീൻപള്ളി | 100 | " |
| 2. " II | 63 | " | 15. കടവ്പുറം | 100 | " |
| 3. " III | 63 | " | 16. ചെട്ടിക്കാവ് | 100 | " |
| 4. " IV | 100 | " | 17. ഒസ്സാൻ മുക്ക് | 100 | " |
| 5. വാടാനപ്പള്ളി ഓയിൽമിൽ | 50 | " | 18. ആശാൻ റോഡ് | 1 | " |
| 6. ഈസ്റ്റ് തൃത്തല്ലൂർ | 100 | " | 19. ബീച്ച് | 100 | " |
| 7. വാട്ടർ അതോറിറ്റി | 100 | " | 20. കുട്ടമുഖം | 160 | " |
| 8. പോലീസ് സ്റ്റേഷൻ | 160 | " | 21. പട്ടലങ്ങാടി | 100 | " |
| 9. K.T. ഐസ് | 250 | " | 22. രാജ No.I | 160 | " |
| 10. അൻ അമീൻ | 100 | " | 23. NoIII 100 | | |
| 11. മീഞ്ചന്ത | 160 | " | 24. ചിലങ്ക No.I | 160 | " |
| 12. ഗണേശമംഗലം I | 160 | " | 26. ചിലങ്ക NO.II | 100 | " |
| 13. " II | 100 | " | 26. ചിലങ്ക No.I | 160 | " |

പട്ടിക 4 ഹരിജൻ കോളനികൾ

| ഹരിജൻ കോളനിയുടെ പേര് | കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | പണമടക്കുന്നവർ എണ്ണം | റിമാർക്സ് |
|---|---|---|---|
| നടുവിൽക്കര<br>നടുവിൽക്കര നോർത്ത്<br>ചെത്തിക്കാട്<br>കടപ്പുറം<br>ഗണേശമംഗലം<br>കൊറ്റാടി | | | കോളം 3,4,5 എന്നിവ സ്ഥലത്തു പോയി പരിശോധിച്ച് എടുക്കണം. |

നിർമ്മിക്കുവാൻ പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്. ഇതുമൂലം 1500 ടൺ വിറക് ഇന്ധനമായി ഉപയോഗിക്കാൻ കഴിയും. തൽഫലമായി ലാഭിക്കുന്ന പെട്രോളിയം ഉല്പന്നങ്ങളുടെ വില പ്രതിമാസം 87500 രൂപ വരും

ഗോബർഗ്യാസ് പ്ലാന്റുകളുടെ ഉപയോഗമാണ് സാദ്ധ്യതയുള്ള മറ്റൊരു മേഖല. ഇതിൽനിന്നുള്ള വാതകം വെളിച്ചത്തിനും പാചകത്തിനും ഉപയോഗിക്കാം. വൈദ്യുതി ഒരു പകരം സ്രോതസ്സായി മാറ്റാൻ ഗോബർ ഗ്യാസ് പ്ലാന്റുടമകൾക്കു കഴിയും.

കാറ്റുകൊണ്ട് പ്രവർത്തിക്കുന്ന പമ്പുസെറ്റുകൾ മുമ്പ് ഇവിടെ നിലനിന്നിരുന്നു. വൈദ്യുതി യഥേഷ്ടം ലഭ്യമായതടെ അത് അപ്രത്യക്ഷമാവുകയാണുണ്ടായത്. ഇപ്പോഴത്തെ സാഹചര്യത്തിൽ അത്തരം പമ്പുകൾ പുനരുജ്ജീവിപ്പിക്കാനുള്ള സാദ്ധ്യതകൾ ധാരാളമാണ്. അതുപോലെ തന്നെ സോളാർ പമ്പുകൾക്കും കുറഞ്ഞ തോതിലെങ്കിലും ആവശ്യക്കാരെ കണ്ടെത്താൻ കഴിയും. പഞ്ചായത്തിന്റെ കടലോര പ്രദേശത്ത് വിന്റ് മില്ലുകൾ(കാറ്റാടിയന്ത്രം) സ്ഥാപിക്കാനുള്ള സാദ്ധ്യത പഠിക്കേണ്ടതുണ്ട്. പ്രത്യക്ഷത്തിൽ അസാദ്ധ്യമെന്ന് തോന്നാമെങ്കിലും പഞ്ചായത്തിന് സ്വന്തമായി വൈദ്യുത ഉല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനെക്കുറിച്ചുപോലും ആലോചിക്കാവുന്നതാണ്, പഞ്ചായത്തിലും നഗരങ്ങളിലും മറ്റും അടിഞ്ഞുകൂടുന്ന മാലിന്യം ഇന്നൊരു വലിയ പ്രശ്നമാണ്. ചപ്പുചവറുകളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന രീതി നമ്മുടെ നാട്ടിലും എത്തിക്കഴിഞ്ഞു. ഒറ്റയ്ക്കൊറ്റയ്ക്ക് സാധിക്കില്ലെങ്കിലും ജില്ലയിലെ എല്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൂടി ഇത്തരമൊരു പദ്ധതി നടപ്പിലാക്കാവുന്നതാണ്.

# മൃഗസംരക്ഷണം

A. ആമുഖം

കാർഷിക മേഖലയുമായി അഭേദ്യബന്ധം പുലർത്തുന്ന മൃഗസംരക്ഷണമേഖല ഇന്ന് വേണ്ടത്ര ശോഭിക്കപ്പെടാതെയാണിരിക്കുന്നത്. വമ്പിച്ച വികസന സാധ്യതയുള്ള ഈ രംഗത്ത് സജീവമായ ബഹുജനപങ്കാളിത്തവും ബോധവല്ക്കരണവും അത്യന്താപേക്ഷിതമാണ്. ഉല്പാദനരംഗത്ത് കുതിച്ചുചാട്ടം നടത്താവുന്ന രീതിയിൽ വിപണന സാധ്യതയും തൊഴിൽ ലഭ്യതയുമുള്ളതാണ് മൃഗസംരക്ഷണമേഖല.

വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ ദിനംപ്രതി ഏകദേശം 3000 ലിറ്റർ പാലും പ്രതിവർഷം ഏകദേശം 739000 മുട്ടയും ഉല്പാദിക്കപ്പെടുന്നുണ്ട്. മാംസവിപണനം ആഴ്ചയിൽ ഏകദേശം 20 ആടുകളും മറ്റിനത്തിൽപ്പെട്ട മുപ്പതോളം കന്നുകാലികളുടെ മാംസവും വിപണനം നടക്കുന്നുണ്ട്. ഇത് കടലോരപ്രദേശമായതിനാൽ തുകൽ സംസ്ക്കരണത്തിനും അതിനോടനുബന്ധിച്ച ബോൺമീൽ, ബ്ലഡ് മീൽ, ഹോർമോൺ എൻസൈം എന്നിവയുടെ ചെറിയ വ്യവസായശാലകളും തുടങ്ങാനുള്ള സാധ്യതകളും വേറെയുണ്ട്. കാർഷിക മേഖലക്കാവശ്യമായ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ഇവിടത്തെ കന്നുകാലി സമ്പത്ത് വലിയ പങ്കുവഹിക്കുന്നുണ്ട്. ഏകദേശം 40700 Kg ചാണകം ഒരു ദിവസം ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിൽനിന്ന് ബയോഗ്യാസ് ഉൽപാദിപ്പിക്കുനാനും സാധ്യതയുണ്ട്. ബയോഗ്യാസിൽ കൂടി ജനറേറ്റർ പ്രവർത്തിപ്പിക്കാനുള്ള വിദൂര സാധ്യതയും തള്ളിക്കളയാവുന്നതല്ല.

പഞ്ചായത്തിൽ ഭൂരിഭാഗം കന്നുകാലികളേയും വളർത്തുന്നത് ചെറുകിട നാമമാത്ര കർഷകരാണ്. ആയതുകൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പത്ത് വ്യവസ്ഥയെ ശക്തമാക്കും. ഈ മേഖലയിൽ 60% അധ്വാനം സ്ത്രീകളുടേതാണെന്നതിനാൽ വനിതകൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഇതിൽകൂടി കഴിയുന്നു.

ശുദ്ധമായ മാംസോല്പാദനം മാത്രമല്ല തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഗ്രാമീണ ജനതയുടെ ആരോഗ്യസംരക്ഷണത്തിനും ഇതു വഴിയൊരുക്കുന്നു.

നമ്മുടെ പഞ്ചായത്തിന് പലപ്പോഴും ഭീതിപരത്തുന്ന പേ വിഷബാധയെ ഉൻമൂലനം ചെയ്യുന്നതിനുള്ള ശ്രമവും ഇതിന്റെ ഭാഗമായി ഏറ്റെടുക്കേണ്ടതാണ്. വരുന്ന അഞ്ചുവർഷത്തിനകം നമ്മുടെ പഞ്ചായത്തിൽ പൂർണ്ണമായും പേ വിഷനിയന്ത്രണം നടക്കുമെന്ന് ഉറപ്പുവരുത്തണം. വളർത്തുനായ്ക്കളുടെ കണക്കെടുപ്പുമുതൽ ജനനമരണം വരെയുള്ള റിപ്പോർട്ടുണ്ടാക്കി നിർബന്ധമായും വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവയ്പ്പിനു വിധേയമാ

ക്കണം. അലഞ്ഞുനടക്കുന്ന തെരുവുനായ്ക്കളെ നശിപ്പിക്കണം. വളർത്തുനായ്ക്കൾക്ക് ലൈസൻസ് കർശനമാക്കണം. വർഷംതോറും നായ്ക്കളെ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കണം. പേവിഷബാധവൽക്കരണം വ്യാപകമാക്കുകയും ചപ്പുചവറുകളും ഭക്ഷണാവിശിഷ്ടങ്ങളും തെരുവീഥികളിൽ വലിച്ചെറിയുന്നതു വിലക്കുകയും വേണം.

**ചരിത്രം**

അരനൂറ്റാണ്ടിനുമുമ്പ് ഏറിയാൽ 2 ലിറ്റർ പാല് ഉൽപാദിപ്പിച്ചിരുന്ന നാടൻ പശുക്കളാണ് വാടാനപ്പള്ളി പഞ്ചായത്തിൽ ഉണ്ടായിരുന്നത് അവർക്ക് അന്ന് ഇവിടെ ധാരാളമായി ലഭിച്ചിരുന്ന വൈക്കോൽ, നെൽതവിട്, തേങ്ങാപിണ്ണാക്ക് എന്നിവയാണ് തീറ്റയായി നല്കിയിരുന്നത്.

കൃഷിപ്പണിക്കും ഭാരം വലിക്കുന്നതിനും വേണ്ടിയുള്ള കാളകളും പോത്തുകളും അപ്രത്യക്ഷമായി കഴിഞ്ഞിരിക്കുന്നു. നെൽകൃഷിയുടെ അഭാവവും മറ്റുവാഹനസൗകര്യവുമാണ് ഇതിനുകാരണം കാലിരോഗങ്ങൾക്ക് പഴയകാലത്ത് പ്രധാനമായും ആശ്രയിച്ചിരുന്നത് നാട്ടുചികിത്സാവിദഗ്ധരെയായിരുന്നു. എന്നാൽ ഇന്ന് ഒരു മൃഗാസ്പത്രി നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കുളമ്പുരോഗം പണ്ടുകാലത്ത് വ്യാപകമായിരുന്നു എങ്കിലും ആധുനിക ചികിൽസാ രീതിയെ തുടർന്നു ഏറെകുറെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മൃഗാസ്പത്രിയുടെ പ്രവർത്തനങ്ങളിൽ ഇനിയും കാലോചിതമായി മാറ്റങ്ങൾ വരുത്തുകയും ഊർജ്ജിതപ്പെടുത്തുകയും വേണം.

1996ലെ സെൻസസ് പ്രകാരം 99% പശുക്കളും സങ്കരയിനവിഭാഗത്തിൽ പെടുന്നവയാണ് പഴയ ഒരു കർഷകന്റെ ഭാഷയിൽ 20 കൊല്ലം മുമ്പ് രണ്ട് ഇടങ്ങഴി പാൽ ഉണ്ടെന്ന് പറഞ്ഞാൽ മീശയ്ക്ക് കൈവെക്കുമായിരുന്നു. എന്നാൽ ഇന്ന് ശരാശരി ഉല്പാദനം തന്നെ ആറ് ലിറ്ററിന് മേലെയാണ്. ഇന്ന് ക്ഷീരകർഷകർ പ്രധാനമായും വൈക്കോലിന്റെ കാര്യത്തിൽ പാലക്കാടിനെയാണ് ആശ്രയിക്കുന്നത്. അതുപോലെതന്നെ തേങ്ങാപിണ്ണാക്ക് തവിട് എന്നീ ഗുരുത്വാഹാര പദാർത്ഥങ്ങൾക്ക് പകരം വിപണിയിൽ ലഭിക്കുന്ന കാലിത്തീറ്റ മിശ്രിതങ്ങളാണ് കർഷകർ കൂടുതലായി ആശ്രയിക്കുന്നത്. ഒറ്റനോട്ടത്തിൽ പ്രധാനമെന്ന് തോന്നുന്ന ഉൽപാദനവർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും സാധാരണ കർഷകർക്ക് ഇന്ന് നിലനിൽക്കുന്ന സാഹചര്യങ്ങളിൽ പലപ്പോഴും ഉൽപാദന നിലവാരം പരീക്ഷണശാല നിലവാരത്തിന് അടുത്തേക്കൊന്നും ഉയരുന്നില്ല. ഇതിന് കാരണങ്ങൾ പലതാണ്. ഉയർന്ന ജനിതക ഗുണങ്ങളുള്ള സങ്കരയിനം കന്നുകാലികൾക്ക് ശാസ്ത്രീയമായ പരിപാലനവും പോഷക സമൃദ്ധമായ തീറ്റയും ആവശ്യമാണ്. പോഷക സമൃദ്ധമായ കാലിത്തീറ്റ ചിലവേറിയതാണ് എന്നുള്ളതുകൊണ്ട് സാധാരണക്കാർക്ക് ഈ കാലത്തീറ്റകൾ അപ്രാപ്യമാണ്. ഈ സാഹചര്യത്തിൽ പുതിയ സാങ്കേതിക വിദ്യയുടെ പ്രയോഗം മൃഗങ്ങളുടെ സംരക്ഷണചെലവ് വർദ്ധിപ്പിക്കുന്നു. ഇതിനാൽ ദുർബല വിഭാഗങ്ങൾ നാടൻ കന്നുകാ

**ഇന്നത്തെ സ്ഥിതി**

1991ലെ സെൻസസ്

| സങ്കരയിനം പശുക്കൾ | നാടൻ പശുക്കൾ | എരുമ | കോഴി, താറാവ് ഒഴികെയുള്ള വളർത്തു മൃഗങ്ങൾ | കോഴി, താറാവ് ടർക്കി-ഗിനി, വാത്ത തുടങ്ങിയവ |
|---|---|---|---|---|
| 372 | 409 | 139 | 4533 | 10679 |
| 1996ലെ സെൻസസ് | | | | |
| 1760 | 43 | 47 | 2037 | 12119 |

ലികളെ തന്നെ ആശ്രയിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ബഹുഭൂരിപക്ഷവും ചെറുകിടകർഷകരും കർഷക തൊഴിലാളികളുമാണ്. ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്താൻ സഹായിക്കുന്ന ഒരു സാമൂഹ്യപ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പത്ത് ഘടനയെ സമൃദ്ധിയാക്കും. പുത്തൻ സാങ്കേതികവിദ്യയുടെ പ്രയോഗം ഉദ്ദേശിച്ച ഫലങ്ങൾ നൽകണമെങ്കിൽ ഉയർന്ന ഉല്പാദനക്ഷമതയുള്ള മൃഗങ്ങളെ ഉല്പാദിപ്പിച്ചാൽമാത്രംപോരാ അനുബന്ധഘടകങ്ങളായ കാലിത്തീറ്റ ശരിയായ ചികിത്സ ശാസ്ത്രീയമായ പരിപാലനം എന്നിവ അത്യന്താപേക്ഷിതമാണ്. കുറച്ച് വർഷങ്ങൾക്കുമുമ്പ് നാടൻ കോഴികൾ മാത്രമെ നമ്മുടെ പ്രദേശത്ത് ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് ധാരാളം സങ്കരയിനം മുട്ടക്കോഴികളെ നമ്മുടെ പ്രദേശത്ത് വളർത്തുന്നുണ്ട്. പഞ്ചായത്തിൽ ഭൂരിഭാഗം വീടുകളിലും ആടു കൃഷി സാർവ്വത്രികമായി കാണുന്നുണ്ട്. ഇവയ്ക്ക് തീറ്റയായി കർഷകർ ആശ്രയിക്കുന്നത് തേങ്ങാപ്പിണ്ണാക്കും പ്ലാവിലയും മാത്രമാണ്. പഞ്ചായത്തിൽ രണ്ടുവീടുകളിൽ പന്നിവളർത്തൽ നിലവിലുണ്ട്. പന്നികളെ വളർത്താൻ താല്പര്യമുള്ളവർ നമ്മുടെ പ്രദേശത്തുണ്ട്. കോഴി, മുയൽ തുടങ്ങിയ കൃഷിനടത്തുവാൻ താല്പര്യമുള്ളവരും ഉണ്ട്. ലാഭകരമാണ് ഈ കൃഷി എന്ന അഭിപ്രായമുള്ളവരാണ് ഭൂരിപക്ഷം.

**C. പഞ്ചായത്തിലെ പ്രധാന മൃഗസംരക്ഷണ പ്രവർത്തനങ്ങൾ**

നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗാസ്പത്രിയാണ് നിലവിലുള്ളത്. ഈ ആസ്പത്രി നിലവിൽവന്നത് 21–11–1988 ലാണ്. പഞ്ചായത്ത് വാടക നൽകുന്ന വാടക കെട്ടിടത്തിലാണ് ഈ ആസ്പത്രി പ്രവർത്തിച്ചു വരുന്നത്. ഈ ആശുപത്രിയിൽ വെറ്ററിനറി സർജൻ ഒരാളും, അറ്റൻ്റർ ഒരാളും, പാർട്ട് ടൈം സ്വീപ്പർ ഒരാളുമാണ് ഉള്ളത്. നിലവിലുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഈ ആശുപത്രിയിൽ ചികിത്സക്കായി വന്ന കന്നുകാലികളുടേയും ആശുപത്രിയിൽ രജിസ്റ്റർ ചെയ്ത രോഗങ്ങളുടേയും വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

(പട്ടിക 2)

വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത് വളർത്തു മൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | – | – | – | 10 | – | – | 67 | 70 | 1 | 1 | – | 100 | 5 | – |
| 2 | – | – | – | 20 | – | – | 26 | 67 | 1 | 1 | – | 138 | 10 | – |
| 3 | – | – | – | 40 | – | – | 53 | 77 | 3 | 3 | – | 148 | 11 | – |
| 4 | – | – | – | 22 | – | – | 52 | 118 | 2 | 2 | – | 135 | 12 | – |
| 5 | – | – | – | 5 | – | — | 32 | 88 | 1 | 1 | – | 115 | 7 | – |
| 6 | – | – | – | 1 | – | – | 14 | 17 | 1 | 1 | 1 | 83 | 10 | – |
| 7 | – | – | – | 25 | – | – | 76 | 154 | 3 | 2 | – | 470 | 12 | – |
| 8 | – | – | – | 30 | – | – | 88 | 152 | 1 | 1 | – | 232 | 7 | – |
| 9 | – | – | – | 25 | – | – | 79 | 64 | 2 | 2 | – | 120 | 9 | – |
| 10 | – | – | – | 50 | – | – | 98 | 66 | 2 | 1 | – | 121 | 11 | – |
| 11 | – | – | – | 10 | – | – | 26 | 38 | 3 | 11 | – | 268 | 13 | – |

(പട്ടിക3)

വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പേ വിഷബാധ പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധകുത്തിവയ്പ് നൽകിയവരുടെ എണ്ണം | | | | 65 | | |
| കടിയേറ്റവതിനുശേഷം കുത്തിവയ്പ് നൽകിയവയുടെ എണ്ണം | | | | | | |

(പട്ടിക4)

വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്
കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 726 | 1195 | 150 |
| കിടാരി | 413 | 1000 | 229 |
| എരുമ | 48 | 123 | 10 |

(പട്ടിക5)

രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ Digestive Disorders | 491 | 85 | 201 | - | 50 | 200 | - | - | - | - |
| 2 | ശ്വാസകോശസംബന്ധം Respiratory diseares | 65 | 14 | 38 | - | - | 25 | - | - | - | - |
| 3 | ഉപാചയസംബന്ധം Metabolic disease | 117 | 19 | 6 | - | - | - | - | - | - | - |
| 4 | ത്വക്ക് രോഗങ്ങൾ Skin Disease | 108 | 17 | 4 | - | 20 | - | - | - | - | - |
| 5 | ധാതുലവണങ്ങളുടെ അഭാവം Deficiency disease | 38 | 11 | 6 | - | - | - | - | - | - | - |
| 6 | പരാദരോഗങ്ങൾ parasitic disease | 515 | 37 | 48 | - | 15 | 100 | - | - | - | - |
| 7 | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological Disease | 124 | 30 | 38 | - | - | - | - | - | - | - |
| 8 | വന്ധ്യത Infertlity | 375 | 39 | 16 | - | - | - | - | - | - | - |
| 9 | അകിടുവീക്കം Mastitis | 84 | 3 | 15 | - | - | - | - | - | - | - |
| 10 | മൂടന്തൻ പനിPhemeral Fever | 152 | | - | - | - | - | - | - | - | - |
| 11 | പകർച്ചവ്യാധികൾ Contagious Disease | - | 2 | - | - | - | - | - | - | - | - |

### മൃഗാസ്പത്രിമുഖേന നടപ്പിലാക്കിയ പദ്ധതികൾ

1991-92 ൽ അടുക്കള മുറ്റത്ത് കോഴിവളർത്തൽ എന്ന പദ്ധതിപ്രകാരം 88 ആളുകൾക്ക് 5 കോഴിവീതം 53 ദിവസം പ്രായമുള്ള 440 കോഴികളെ വിതരണം നടത്തിയിട്ടുണ്ട്.

92-93ൽ 10 ആടിനെ 5 പേർക്ക് 300 രൂപ വിലയുള്ളത് 200 രൂപ സബ്സിഡിയും 30 രൂപയുടെ മരുന്നും നലികിയിട്ടുണ്ട്.

1992-93ൽ 70 കോഴികൾ 2 മാസം പ്രായമുള്ളത് 14 പേർക്ക് 5 എണ്ണം വീതം 25% സബ്സിഡി കൊടുത്തുകൊണ്ട് നല്കിയിട്ടുണ്ട്. പ്രത്യേക ഘടകപദ്ധതിപ്രകാരം നടുവിൽക്കര കോളനിയിൽ 9500 രൂപ വിലവരുന്ന കറവപശുവിനെ 4500 രൂപ സബ്സിഡി നൽകി രണ്ടുപേർക്ക് നൽകിയിട്ടുണ്ട്.

1993-94 ൽ Massive Poultry Production Program മുഖേന 994 ആറ് ആഴ്ച പ്രായമുള്ള കോഴികളെ 50% സബ്സിഡി പ്രകാരം 30രൂപ നിരക്കിൽ 332 പേർക്ക് വിതരണം നടത്തിയിട്ടുണ്ട്. ഇതേവർഷം ഒരു വന്ധ്യതാ പരിശോധനക്യാമ്പും നടത്തിയിട്ടുണ്ട്. 1994-95 ൽ 249 കോഴികളെ 35 രൂപ വിലയുള്ള കോഴിയെ 15 രൂപ സബ്സിഡി നൽകി 83 പേർക്ക് നൽകിയിട്ടുണ്ട്.

എല്ലാവർഷവും 2 ഗോരക്ഷാ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ആ ക്യാമ്പിൽ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് ഏറ്റവും നല്ല പൂശുക്കളെ രജിസ്റ്റർ ചെയ്യലും ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സഹകരണ സ്ഥാപനമായി മിൽമ സൊസൈറ്റിമുഖേന 65 ഓളം പശുക്കുട്ടികൾക്ക് സൗജന്യ നിരക്കിൽ തീറ്റയും വിരമരുന്നും നൽകിയിട്ടുണ്ട്.

### D പാലുൽപ്പാദന രംഗം

നമ്മുടെ പഞ്ചായത്തിൽ 3000 ലിറ്റർ പൽ ഒരു ദിവസം ചിലവാകുന്നുണ്ട്. ഈ ഇനത്തിൽ കർഷകർക്ക് 36000 രൂപ വരുമാനമായിലഭിക്കുന്നുണ്ട്. വില്ക്കുന്ന പാൽ കൂടാതെ വീട്ടാവശ്യത്തിനായി കർഷകർ ഉപയോഗിക്കുന്ന പാൽ വേറെയും കാണും. അധികം പേരും പ്രാദേശികമായി വിപണിയിലാണ് പാൽ വിറ്റഴിക്കുന്നത്. മിൽമ സൊസൈറ്റിയിൽ ഒരു ദിവസം ശേഖരിക്കുന്ന പാൽ 25 ലിറ്ററിന് താഴെയാണ്. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. മിൽമ ബൂത്തവഴി ഏകദേശം 50 ലിറ്ററോളം പാൽ ദിവസവും വിറ്റഴിക്കുന്നുണ്ട്. കൂടാതെ അന്തിക്കാട് പാൽ സൊസൈറ്റിയിൽനിന്നും പാൽ തൈര് മോര് എന്നിവ ഈ പഞ്ചായത്തിൽ വിറ്റഴിക്കുന്നുണ്ട്.

കാലിവളർത്തൽ രംഗത്തെ കർഷകരുടെ പ്രധാന പ്രശ്നങ്ങളിൽ ഒന്ന് കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവ് ആണ്. അതോടൊപ്പം അകിടുവീക്കം, വന്ധ്യത എന്നീ രോഗങ്ങൾക്കുള്ള മരുന്നുകളുടെ ലഭ്യതക്കുറവും, വിലയും വലിയ പ്രശ്നമാണ്. ഇവയെല്ലാം പരിഹരിച്ചുകൊണ്ട് ഒരു വീട്ടിൽ ഒരു പശു എന്ന ലക്ഷ്യം വെച്ച്കൊണ്ട് വനിതസംരംഭകരെ സംഘടിപ്പിച്ചുകൊണ്ട് കൂടുതൽ മിനി ഡയറി യൂണിറ്റുകളും കിടാരി വളർത്തൽ കേന്ദ്രങ്ങളും പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകേണ്ടതുണ്ട്.

### E മാംസോത്പാദന രംഗം

വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ മാർക്കറ്റൊഴികെ 10 സ്ഥലത്ത് മാംസം വിതരണം നടത്തുന്നുണ്ട്. ഇതിൽ ആഴ്ചയിൽ 20 ആടും 30 ഓളം മറ്റിനത്തിൽ പെടുന്ന കന്നുകാലികളുടെയും മാംസം വിതരണം നടക്കുന്നുണ്ട്. 200 Kg ആട്ടിറച്ചി ഒരാഴ്ചയിൽ വിൽപ്പന നടക്കുന്നു. ഈ ഇനത്തിൽ 20000 ഉം മറ്റു കന്നുകാലികളുടെ 6000 Kg മാംസത്തിന് 240000 രൂപയുടെ ക്രയവിക്രയം നടക്കുന്നുണ്ട്. മാട്ടിറച്ചിക്കായി 90% കന്നുകാലികളേയും തമിഴ്നാട്ടിൽ നിന്നാണ് കൊണ്ടുവരുന്നത്. വഴിയോരങ്ങളിലുള്ള മാംസവിൽപ്പന തീർത്തും അവസാനിപ്പിക്കേണ്ടതാണ്. മാത്രമല്ല അംഗീകൃത അറവുശാലകളിൽ ഇന്നു കാണുന്ന വൃത്തിയില്ലായ്മ കൃത്യമായും ഒഴി

വാക്കുന്നതിന് അടിയന്തിര നടപടികൾ ആവശ്യമാണ്. മാംസ പരിശോദന മൃഗഡോക്ടർ മുഖേന നടത്തേണ്ടതാണ്. ശുദ്ധമായ ഇറച്ചി മിതമായ വിലക്ക് ഉപഭോക്താക്കൾക്ക് കിട്ടുന്നതിനാവശ്യമായ സംവിധാനം പഞ്ചായത്തിൽ നടപ്പാക്കണം ശാസ്ത്രീയമായ അറവുശാലകളും മാംസോല്പാദക സഹകരണ സംഘങ്ങളും ആരംഭിക്കുന്നതിന് ശ്രമം നടത്തേണ്ടതാണ്.

1. **ആടുവളർത്തൽ**

ആടുവളർത്തൽ വ്യാപകമായ തോതിൽ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. എന്നാൽ ശാസ്ത്രീയമായ കൂടുകളോ മെച്ചപ്പെട്ട ജനുസ്സുകളോ ഈ വിഭാഗത്തിൽ ഇല്ല. കെട്ടിയിട്ടു തീറ്റകൊടുക്കുന്ന അശാസ്ത്രീയമായി രീതിയാണ് ഇപ്പോഴും അവലംഭിക്കുന്നത്. വിര മരുന്നുകൾ നൽകുക തുടങ്ങിയ പതിവ് ഒട്ടും തന്നെ രംഗത്തില്ല. ആടുവളർത്തലിന്റെ ശാസ്ത്രീയമായ പരിശീലനം പ്രോത്സാഹിപ്പിക്കേണ്ടതാണ്. മാത്രമല്ല റോഡുപുറംമ്പോക്കിൽ പ്ലാവ്, മുരുക്ക്, ശീമക്കൊന്ന, പീലിവാക എന്നിവ നട്ടുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകേണ്ടതാണ്.

2. **പന്നിവളർത്തൽ**

താല്പര്യമുള്ള കർഷകർക്ക് പന്നിവളർത്തൽ ലാഭകരമായി നടത്തുവാൻ കഴിയും. നല്ലപന്നിക്കുട്ടികളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

3. **പോത്തിൻകുട്ടി/കാളകുട്ടി പരിപാലനം**

പോത്തിൻകുട്ടികളും/കാളകുട്ടികളും കർഷകർക്ക് വേണ്ടത്ര ലാഭകരമായി വളർത്തുവാൻ സാധിക്കാത്തതിനാൽ 70-90% വരെ ചത്തുപോകുകയാണ്. ആയതിനാൽ കർഷകരുടെ ഉരുക്കൾക്ക് നല്ല ഒരു വിപണന സൗകര്യം മാംസ ഉൽപാദനത്തിലൂടെ ഉണ്ടാക്കിയെടുക്കുകയും ശാസ്ത്രീയമായ പരിപാലനവും സബ്സിഡി നിരക്കിൽ തീറ്റയും വിരമരുന്നും നല്കി സഹായിക്കുകയും ചെയ്താൽ കർഷകർക്ക് ഇവയുടെ പരിപാലനം ലാഭകരമാക്കാനും കൂടാതെ മാംസം ഉൽപാദിപ്പിക്കുന്നതിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിക്കുകയും ചെയ്യും.

4. **മുയൽ, കാട, ടർക്കി, താറാവ്**

മുയൽ വളർത്തുന്നതിനെ താത്പര്യമുള്ള കർഷകരാണ് ഭൂരിപക്ഷവും. ആയതിനാൽ ഇവർക്ക് ആവശ്യമായ ഇറച്ചിമുയലുകളുടെ ലഭ്യത ഉറപ്പുവരുത്തണം. പുഴയോര പ്രദേശങ്ങളിൽ (നടുവിൽക്കര) താറാവുവളർത്തുന്നതിനെ പ്രോത്സാഹനം നല്കേണ്ടതാണ്.

F. ബ്രോയിലർ കോഴിവളർത്തൽ ബ്രോയിലർ കോഴിവളർത്തുകേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലെങ്കിലും പത്തു കേന്ദ്രങ്ങളിൽ ഇറച്ചി വില്പന നടക്കുന്നുണ്ട്. ഇവയിൽ പ്രതിദിനം ഏകദേശം 500 കിലോ വില്പന നടക്കുന്നുണ്ട്. കൂടാതെ വിവാഹ ആവശ്യങ്ങൾക്കും മറ്റും വേറെയും ചിലവാകുന്നുണ്ട്. ഈ ഇനത്തിൽ പ്രതിദിനം ഏകദേശം 20000 രൂപയുടെ ക്രയവിക്രയം നടക്കുന്നുണ്ട്. എല്ലാ ഗ്രാമസഭകളിലും ബ്രോയിലർ കോഴികളെ വളർത്തുവാൻ താത്പര്യമുള്ള കർഷകരുണ്ടായിരുന്നു. ഇത് ലാഭകരമാണ് എന്നാണ് എല്ലാവരുടേയും അഭിപ്രായം. ബ്രോയിലർ കുഞ്ഞുങ്ങളുടെ ലഭ്യതകുറവ് വർദ്ധിച്ച വില, തീറ്റയുടെ വലിയ വില, ശാസ്ത്രീയമായ പരിപാലനത്തിന്റെ അറിവില്ലായ്മ എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ.

**G. കാലിത്തീറ്റ - വൈക്കോൽ ഉത്പാദനം**

പഞ്ചായത്തിൽ ഏകദേശം 10000 കന്ന് വൈക്കോൽ ദിവസവും അന്യജില്ലകളിൽനിന്നു വരുന്നുണ്ട്. ഇതിനെ 2.25 രൂപ പ്രകാരം പഞ്ചായത്തിലെ ക്ഷീര കർഷകരിൽനിന്ന് 22500 രൂപ പുറത്തേയ്ക്ക് പോകുന്നുണ്ട്. ആടൊഴികെയുള്ള കന്നുകാലികൾക്കായി വാടാനപ്പിള്ളി പഞ്ചായത്തിൽ ഒരു ദിവസം ഏകദേശം 75 ചാക്ക് വിപണിയിൽ ലഭിക്കുന്ന കാലിത്തീറ്റ മിശ്രിതങ്ങൾ ചിലവാകുന്നുണ്ട്. ഈ ഇനത്തിൽ 22500 രൂപയോളം ദിനംപ്രതി ക്ഷീര കർഷകനെ കാലിത്തീറ്റയിനത്തിൽ ചിലവാകു

ന്നുണ്ട്. ധാതുലവണമിശ്രിതങ്ങൾക്കും മരുന്നുനും വേണ്ടി 601 കറവപശുകൾക്ക് 6100 രൂപ പ്രതിദിനം ചിലവാകുന്നുണ്ട്.

കാലത്തീറ്റ യൂണിറ്റുകൾ, കൂട്ടായ തീറ്റപൽകൃഷി വൈക്കോൽ സംഭരണവും സംസ്കരണവും ഗുണ നിലവാരനിയന്ത്രണം, സുലഭമായ പിണ്ണാക്കിൽനിന്ന് കാലത്തീററ നിർമ്മിക്കൽ എന്നിവയിലൂടെ ഈ പ്രശ്നങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാം.

### H മുട്ടയുൽപ്പാദനരംഗം

പ്രാദേശികമായി കോഴിമുട്ടയുടെ ഉൽപ്പാദനം ഏകദേശം പ്രതിദിനം 2500 ആണ്. എന്നാൽ വിപണിയിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് ഒരു ദിവസം പഞ്ചായത്തിൽ ഏകദേശം 10000 മുട്ടയോളം വിറ്റഴിക്കപ്പെടുന്നുണ്ട്. 12500 രൂപ ഈ ഇനത്തിൽ പഞ്ചായത്തിൽ നിന്ന് ദിനം പ്രതി അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. കോഴിവളർത്തൽ താല്പര്യമുള്ളവർക്ക് കോഴക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, കോഴത്തീറ്റയുടെ വർദ്ധിച്ച വില, പ്രതിരോധകുത്തിവയ്പുകളുടെ ലഭ്യതക്കുറവ് ശാസ്ത്രീയമായ പരിപാലനത്തിന്റെ അറിവില്ലായ്മ. സഹകരണ വിപണന ശൃംഖലയുടെ ആവശ്യകത എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ.

### I തുകൽ സംസ്ക്കരണം

വാടാനപ്പള്ളി പഞ്ചായത്ത് ഒരു കടലോര പ്രദേശമായതിനാൽ ഒരു തുകൽ സംസ്കരണ വ്യവസായ യൂണിറ്റിനെ എല്ലാവിധ സാധ്യതകളുമുണ്ട്. ഒരു ആഴ്ചയിൽ ഇവിടെ ഏകദേശം 20 ആട് – 30 പശു എന്നിവയുടെ മാംസം വിറ്റവിക്കുന്നു. ഇവയുടെ തുകൽ 30 പശുവിൽനിന്ന് 30 x 600 = 18000 രൂപയും ആട് 20 X 120 = 2400 രൂപ മൊത്തം ഒരാഴ്ചയിൽ 20400 രൂപയുടെ തുകൽ ലഭിക്കുന്നു. ഇവയുടെ സംസ്കരണത്തിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കർഷകനെ ഇടനിലക്കാരെ ഒഴിവാക്കി അവന്റെ ഉരുക്കൾക്ക് അനുയോജ്യമായ വിലയും ലഭിക്കുന്നു.

### J ജൈവവളം – ഊർജ്ജം

വാടാനപ്പള്ളിപഞ്ചായത്തിൽ പ്രതിദിനം ഏകദേശം 40700 kg ചാണകം ഉത്പാദിപ്പിക്കുന്നു. ഇതിനെ 20000 രൂപയോളം വിലമതിക്കുന്നു. ഈ ജൈവവളം ഇവിടത്തെ പ്രധാന കൃഷിയായ തെങ്ങിനെ ഏറ്റവും അനുയോജ്യമാണ്. ഈ പഞ്ചായത്തിൽ 5 ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. ബയോഗ്യാസ് പ്ലന്റുകൾക്ക് ഉയർന്ന സബ്സിഡി നല്കുകയും ഇവയിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികളും ആവിഷ്കരിക്കേണ്ടതാണ്.

### K. കർഷകന്റെ പരിശീലനം

കർഷകർക്ക് വാർഡുതലത്തിൽ പരിശീലനം അത്യന്താപേക്ഷിതമാണ്. ഇപ്പോൾ അതിനുള്ള സൗകര്യങ്ങൾ കുറവാണ്.

### L. വന്ധ്യതാനിവാരണം

കന്നുകാലികളുടെ വന്ധ്യത നിയന്ത്രിക്കുന്നതിനെ ക്യാമ്പുകൾ ആവശ്യമാണ്. ഇതിൽ വിദഗ്ധപരശോധനയും, സൗജന്യ ചികിത്സയും, ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തണം. (വന്ധ്യതയുള്ള പശുക്കൾക്ക്)

### M. പേ വിഷനിർമ്മാർജ്ജനം

സൗജന്യ പ്രതിരോധകുത്തിവയ്പ്, നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക എന്നിവ അത്യാവശ്യമാണ്.

### N. കന്നുകാലികൾക്ക് ഇൻഷ്വറൻസ്

സൗജന്യ നിരക്കിൽ ഇൻഷ്വറൻസ് ലഭ്യമാക്കുക. ചികിത്സയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുക.

### O. ക്ഷീരകർഷകനെ അംഗീകാരം

പഞ്ചായത്തിലെ ഏറ്റവും നല്ല ക്ഷീരകർഷകരെ അംഗീകരിക്കണം.

**പ്രധാന പ്രശ്നങ്ങൾ**

1. കന്നുകാലികളുടെ ഉല്പാതന ശേഷിക്കുറവ്
2. വർദ്ധിച്ച തീറ്റചിലവ്(വൈക്കോൽ പുല്ല്, ഗുരുത്വാഹാരങ്ങൾ)
3. തീററ സബ്സിഡി നിരക്കിൽ ലഭിക്കുന്നില്ല.
4. പാലിന്റെ വിലക്കുറവ്
5. കന്നുകാലകളുടെ രോഗങ്ങൾക്ക് വർദ്ധിച്ച ചികിൽസാ ചിലവ്
6. കറവറ്റിയ കന്നുകാലികളുടെ വിലക്കുറവ്. മൂരിക്കുട്ടികളുടെ വിലക്കുറവ്
7. കന്നുകാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് സൗകര്യം ലഭ്യമല്ല. ചികിത്സാചിലവിനെ ഇൻഷറൻസ് പരിരക്ഷയുടെ ആവശ്യം
8. ബാങ്ക് ലോൺ സൗകര്യക്കുറവ്. സബ്സിഡി നിരക്കിൽ കന്നുകാലികളെ ലഭിക്കുന്നില്ല.
9. കന്നുകുട്ടികളുടെ വർദ്ധിച്ച മരണനിരക്ക്, പോഷകക്കുറവ്
10. ശാസ്ത്രീയമായ പരിപാലനം, തൊഴുത്തുനിർമ്മിക്കൽ എന്നിവയിലുള്ള ബോധവൽക്കരണ കുറവ്
11. മൃഗാസ്പത്രികളിലെ സൗകര്യക്കുറവ്
12. സങ്കരയിനം മുട്ടക്കോഴികളുടെ ലഭ്യതക്കുറവ്
13. കോഴിത്തീറ്റയുടെ ദൗർലഭ്യം വർദ്ധിച്ചവില.
14. ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ഇല്ല

    അവയ്ക്കുവേണ്ട സാമ്പത്തികസഹായം - ശാസ്ത്രീയപരിപാലനത്തിന്റെ ബോധവല്ക്കരണം എന്നിവയുടെ കുറവ്. സഹകരണമേഖലയിൽ ഒരു വിപണശൃംഖല ഇല്ല.
15. കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ചെടുക്കാനുള്ള സൗകര്യം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ അത്യാവശ്യമാണ്.
16. ബ്രോയിലർ കോഴികുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, വർദ്ധിച്ച വില. ബ്രോയിലർ ഫാം തടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നില്ല.
17. കോഴികൾക്കുള്ള പ്രതിരോധ മരുന്നിന്റെ ലഭ്യതക്കുറവ്
18. മലബാറി ആടുകളുടെ ലഭ്യതക്കുറവ്, ഇറച്ചിക്ക് വേണ്ട ആടുകളുടെ ജനുസ്സിന്റെ ലഭ്യതക്കുറവ്.
19. ആടുവളർത്തുന്നതിനെ സാമ്പത്തിക സഹായത്തിന്റെ ലഭ്യത ഇല്ലായ്മ.
20. ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക, മാംസ പരിശോധന നിർബന്ധമാക്കുക. മാംസവിപണിയിൽ ഉത്പാദകന്റേയും ഉപഭോക്താവിന്റേയും നഷ്ടം.
21. നല്ലയിനം പന്നിക്കുട്ടികളുടെ ലഭ്യതക്കുറവ്
22. വഴിയോരങ്ങളിൽ പ്ലാവ്, പീലിവാക എന്നീ വൃക്ഷങ്ങൾ നടുക. യൂക്കാലി, അക്കേഷ്യ എന്നിവ ഒഴിവാക്കുക.
23. കാളക്കുട്ടി, പോത്തിൻകുട്ടി എന്നിവയ്ക്ക് സൗജന്യനിരക്കിൽ തീറ്റ ലഭിക്കുന്നില്ല.
24. ഇറച്ചി മുയലുകൾ ലഭിക്കുന്നില്ല. ശാസ്ത്രീയമായ പരിപാലനത്തിന്റെ അറിവില്ലായ്മ.
25. കാട, ടർക്കി എന്നിവയുടെ ലഭ്യത ഇല്ല.
26. സഹകരണ മേഖലയിൽ കാലിത്തീററ, കോഴിത്തീറ്റ എന്നിവ ഉത്പാദിപ്പിക്കുന്നതിനുവേണ്ട ചെറിയ വ്യവസായ സ്ഥാപനങ്ങളുടെ ഇല്ലായ്മ.
27. വൈക്കോൽ സംസ്ക്കരിക്കുന്നതിനും, ശേഖരിക്കുന്നതിനും സഹകരണ മേഖലയിൽ ചെറിയ യൂണിററുകൾ ഇല്ല.
28. തെങ്ങിൻതോപ്പിൽ തീറ്റപുൽ കൃഷിചെയ്യുന്നതിനുള്ള സാമ്പത്തിക സഹായത്തിന്റെ കുറവ്,

അറിവില്ലായ്മ.

29. തുകൽ സംസ്കരണ കേന്ദ്രം ഇല്ല.

30. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു വേണ്ട സാമ്പത്തിക സഹായത്തിന്റെ കുറവ്.

31. വന്ധ്യത പരിശോധന ക്യാമ്പുകളുടെ കുറവ്.

32. നായക്കൾക്ക് പ്രതിരോധ കുത്തിവയ്പിന്റെ ലഭ്യതകുറവ്. ലൈസൻസിന്റെ അപാകത, തെരുവ് നായ്ക്കളുടെ വർദ്ധനവ്.

33. ക്ഷീരകർഷകനെ ആദരിക്കുന്നതിന്റെ ആവശ്യകത.

**സാധ്യതകൾ**

1. ഇവിടെ ലഭ്യമായ കൊപ്ര ആട്ടി വെളിച്ചെണ്ണയാക്കുന്ന പ്രക്രിയ ഇവിടതന്നെ നടത്തുകയും ഇതിന്റെ ഉപോല്പന്നമായ പിണ്ണാക്ക് ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണം നടത്തണം. ഇതിനാവശ്യമായ ചെറിയ വ്യവസായശാലകൾ ആരംഭിക്കണം.

2. മരച്ചീനി കപ്പ എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുക ഇവയും തേങ്ങാ പിണ്ണാക്കും ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുക നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം വാർഡുകളിലും കപ്പ കൃഷി നടത്താൻ കഴിയും. ഇതിനാവശ്യമായ ഒരു ഉല്പാദന കേന്ദ്രം സ്ഥാപിക്കുക.

3. ക്ഷീരകർഷകരുടെ സൊസൈറ്റി രൂപീകരണം

സൊസൈറ്റി മുഖേന അന്യജില്ലകളിൽ വൈക്കോൽ സുലഭമായി ലഭിക്കുന്ന സമയത്ത് സംഭരിച്ചു യൂറിയ മൊളാസസ് ട്രീറ്റ്മെന്റ് നടത്തി പാക്കിംഗ് നടത്തി കർഷകർക്ക് വിതരണം ചെയ്യണം ഒരു ദിവസം ഏകദേശം 10000 കന്ന് വൈക്കോൽ എങ്കിലും സംഭരിക്കാൻ കഴിയണം. ഇതിലൂടെ വൈക്കോൽ പോഷക സമൃദ്ധമാക്കാനും Transportation cost കുറയ്ക്കുവാനു കഴിയും.

മേൽപറഞ്ഞ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തന്നെ ഓരോ വാർഡിലും രണ്ടാൾവീതം പാൽ ശേഖരിക്കുന്നതിനും, ആ വാർഡിലുള്ള ആവശ്യക്കാർക്ക് വിതരണം ചെയ്യുവാനും കഴിയണം. ഉല്പാദകൻ ഈ സൊസൈറ്റി മുഖാന്തിരം മാത്രമെ വിപണനം നടത്താൻ പാടുള്ളൂ. ഇങ്ങനെ ചെയ്യുന്നതുമൂലം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകമാത്രമല്ല കർഷകർക്ക് ന്യായമായ വിലയും ലഭിക്കുന്നു. കാലത്തും, വൈകീട്ടും കർഷകന്റെ പാലിന് മാർക്കറ്റും കിട്ടുന്നു. ഉപഭോക്താവിന് 365 ദിവസവും പാലും ലഭിക്കുന്നതാണ്. ഈ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാൽ സ്റ്റോർ ചെയ്യുന്നതിന് സംഭരണ ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കണം. വേനൽക്കാലങ്ങളിൽ ഐസ്ക്രീമും, സംഭാരവും, വർഷകാലങ്ങളിൽ നെയ്യും ഉല്പാദിപ്പിക്കുവാൻ ആവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കണം. ഇതേ രീതിയിലല്ലെങ്കിലും നമ്മുടെ പഞ്ചായത്തിൽ അൽ–ബക്കർ ഫാം എന്നപേരിൽ മൂന്നാം വാർഡിൽ നല്ല ഒരു ഫാം നടന്നുവരുന്നുണ്ട്.

4. സബ്സിഡി നിരക്കിൽ ഉരുക്കുളെ ഇൻഷ്വർ ചെയ്യുവാനും അതോടൊപ്പം ചികിൽസാ ചിലവിനും ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

5. നിലവിലുള്ള മൃഗാസ്പത്രിയിലെ Life stock inspector ടെ തസ്തിക നികത്തുക. മൃഗാസ്പത്രിയിൽ ടെലിഫോൺ സ്ഥാപിക്കുക മൈക്രോസ്കോപ്പ്, ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക. മൃഗാസ്പത്രി പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ സ്ഥാപിക്കുക. മൃഗാസ്പത്രിയോടനുബന്ധിച്ച് മോഡൽ ബ്രോയിലർ ഫാം മുയൽ ഫാം എന്നിവ സ്ഥാപിക്കണം. വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ അഭ്യസ്തവിദ്യരായവർക്ക് പരിശീലനം നല്കുവാനുള്ള സൗകര്യം ഉണ്ടാക്കണം. മൃഗാസ്പത്രികളിൽ വാഹന സൗകര്യം ഏർപ്പെടുത്തുക.

6. നല്ലയിനം ആടുകളെ (മലബാറി) ധോണി ഫാമിൽ നിന്ന് വാങ്ങിച്ച് 4 പെൺ ആടുകളെയും 1 ആൺ ആടിനെയും വിതരണം ചെയ്യണം. ഓരോ വാർഡിലും താത്പര്യമുള്ള വീട്ടമ്മമാരുടെയും കുട്ടികളുടെയും അദ്ധ്വാനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തണം. മേഖലാടിസ്ഥാനത്തിൽ മാംസസംസ്ക്കരണ വിപണന സഹകരണ സംഘങ്ങൾ ഉണ്ടാക്കണം

7. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപുൽകൃഷി നടത്തണം. റോഡ്സൈഡുകളിൽ പീലിവാക, പ്ലാവ് എന്നിവയും പുല്ലും വച്ചുപിടിപ്പിക്കുന്നവർക്ക് അതിൽനിന്നുണ്ടാകുന്ന ഉൽപന്നങ്ങൾ ശേഖരിക്കാനുള്ള അവകാശം നല്കണം.

8. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കോഴിമുട്ട വിരിയിക്കാനുള്ള ഇൻകുബേറ്റർ സ്ഥാപിക്കണം.

9. എഗ്ഗർ നാഴ്സറി

500 കോഴികളെ വളർത്തുവാൻ കഴിയുന്ന ഓരോ ഫാം ഓരോവർഡിലും സ്ഥാപിച്ച് ഓരോ ഫാമിലും 60 ദിവസം കൊണ്ട് ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിനെ തയ്യാറാക്കുകയാണ് പദ്ധതിയുടെ പ്രവർത്തനം. വീടുമുറ്റത്തെ കോഴി വളർത്തലുകൾക്ക്, സ്കൂൾ പൗൾട്രിക്ലബ്ബിനും ഈ കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യാം.

10 സ്കൂൾ പൗൾട്രി ക്ലബ്ബ്

60 ദിവസം പ്രായമായി 3 മുട്ടക്കോഴികളെ സൗജന്യമായി ഗുണഭോക്താക്കളായ കുട്ടികൾക്ക് നല്കാവുന്നതാണ്.

11. വീടുമുറ്റത്തെ കോഴിവളർത്തൽ

45 ദിവസം പ്രായമായ 5 മുട്ടകോഴികളെ വീതം നൽകാം ഒരു പഞ്ചായത്തിൽ ഓരോ വാർഡിലും 100 യൂണിറ്റ് വീതം എഗ്ഗർ നാഴസറികളിൽനിന്ന് കോഴികുഞ്ഞുങ്ങളെ വാങ്ങിക്കുന്നു.

12. ഇറച്ചിക്കോഴി യൂണിറ്റുകൾ സ്ഥാപിക്കണം. കുടുംബത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വീതം വില്പനയ്ക്ക് സജ്ജമാക്കുന്ന പദ്ധതി. ഗ്രാമീണ വനിതകൾക്കുള്ള ചെറുകിട ഇറച്ചിക്കോഴിയൂണിറ്റുകൾ ആരംഭിക്കാം. ഓരോ പഞ്ചായത്തിലും 20 ഗ്രാമീണ വനിതകൾ അടങ്ങിയ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ഗ്രാമീണ വനിതാ ശിശുവികസന പദ്ധതിയിൽ ലഭിക്കുന്ന ധനസഹായം ഉപയോഗപ്പെടുത്താവുന്നതാണ്. സ്ത്രീകളുടെ സൊസൈറ്റിമുഖേന കോഴിമുട്ടയുടെ വില്പനയും തീറ്റ ഉത്പാദനവും നടത്തണം.

13. ഉയർന്ന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഭ്രൂണമാറ്റം, പ്രീമിയം ബുൾ ബീജത്തിന്റെ ലഭ്യത മൃഗാസ്പത്രി മുഖേന നടപ്പിലാക്കണം

14. മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കണം.

15. വനിതാ സംരഭകർക്കുള്ള പശുവളർത്തൽ. പഞ്ചായത്തിൽ 15 വനിതകളാണ് ഗുണഭോക്താക്കൾ. DWCRA ധനസഹായം ലഭ്യമാക്കുകയും ചെയ്യണം.

16 കീടാരിവളർത്തൽ യൂണിണുകൾ സ്ഥാപിക്കണം.

17. കന്നുകുട്ടിപരിപാലന പദ്ധതി നടപ്പിലാക്കണം

കന്നുകുട്ടികൾക്ക് സൗജന്യനിരക്കിൽ തീറ്റ ലഭ്യമാക്കണം വിരമരുന്നും പ്രതിരോധകുത്തിവയ്പും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പുവരുത്തണം. എല്ലാകാലങ്ങളിലും കന്നുകുട്ടികളെ ഈ പദ്ധതിയിൽ ചേർക്കുവാൻ കഴിയണം. തീററയുടെ ലഭ്യത ഉറപ്പുവരുത്തണം.

18. അസംഘടിത മേഖലയിലുള്ള മാംസോല്പാദന സംസ്ക്കരണ വിപണനരംഗം സംഘടിത മേഖലയിലാക്കുക, മാംസോത്പാദന രംഗത്തെ ആശാസ്ത്രീയത ഒഴിവാക്കണം. അറവിനു മുൻപും പിൻപും മൃഗഡോക്ടറുടെ സഹായത്തോടെ പരിശോദന ഉറപ്പുവരുത്തുക.

തോൽ, മാംസം, രക്തം തുടങ്ങിയവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ കടലോര പ്രദേശങ്ങളിൽ സ്ഥാപിക്കുക. പഞ്ചായത്തിൽ ഫ്രീസർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾഉള്ള വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുക. ഇവയിലൂടെ ശുദ്ധമായ പാൽ, പാൽ ഉല്പന്നങ്ങൾ, മാംസം എന്നിവ ലഭ്യമാക്കണം.

19. മൂരിക്കുട്ടികളുടേയും പോത്തിൻകുട്ടികളുടേയും പരിപാലനത്തിനെ തീറ്റയും വിരമരുന്നും സൗജന്യനിരക്കിൽ ലഭ്യമാക്കുക. മാംസം ഉൽപാദനത്തിനായി ഉപയോഗിക്കുക.

20. പേ വിഷബാധ നിയന്ത്രിക്കാൻ പട്ടിപിടുത്ത പരിശീലനം നയ്ക്കളുടെ പഞ്ചായത്ത്-വാർഡ്തല സെൻസസ് വളർത്തുനായ്ക്കൾക്ക് പേ വിഷബാധക്കെതിരെ സൗജന്യ കുത്തിവെയ്പ്, നായ വളർത്തുന്നതിനെ ലൈസൻസ് എന്നിവ ഏർപ്പെടുത്തുക.


21. ബോധവൽക്കരണം.

കർഷകനെ പരിശീലനം നല്കുക . Eg. കറവ പരിശീലനം, തൊഴുത്ത് നിർമ്മിക്കുന്നതിന് പരിശീലനം. ചാണകമുപയോഗിച്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എന്നിവ ബോധവൽക്കരണ ക്ലാസ്സുകളിലൂടെ നടത്തണം.

22. ഏറ്റവും നല്ല ക്ഷീരകർഷകനെ അവാർഡ് കൊടുക്കുന്നത് നടപ്പിലാക്കുക.

23. മുയൽ വളർത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കണം. 10 പെൺമുയൽ - 2 ആൺ മുയൽ അടങ്ങുന്നതാണ് ഒരു യൂണിറ്റ്. സ്ക്കൂളുകളിൽ മുയൽ വളർത്തൽ നടപ്പിലാക്കാം. 8-ാം ക്ലാസ്സിൽ പഠിക്കുന്ന 50 കുട്ടികളെ വീതം തെരഞ്ഞെടുത്ത് 1 ആൺ മുയൽ 2 പെൺ മുയലും വീതം നല്കുക. 9-ാം ക്ലാസിലും 10-ാം ക്ലാസിലും എത്തുമ്പോൾ ഓരോ ജോഡി മുയലുകളെ തിരിച്ചു വാങ്ങി വീണ്ടും വിതരണം ചെയ്യണം

24. താറാവുവളർത്തൽ താത്പര്യമുള്ള ഓരോ കർഷകനും 20 താറാവുകളെ വിതരണം ചെയ്യുക.



# മത്സ്യബന്ധനം

വാടാനപ്പിള്ളിഗ്രാമപഞ്ചായത്തിൽ നാല് കിലോ മീറ്റർ കടലോരമുണ്ട്. കനോലി കനാലിന്റെ തീരപ്ര ദേശമായ മറ്റൊരു നാലു കിലോമീറ്റർ, പുഴയോര പ്രദേശമാണ്. ഏകദേശം ഒരു കിലോമീറ്റർ നീളം വരുന്ന പടിഞ്ഞാറെ പുഴയും ഓർക്കായലിന്റെ രണ്ട് ശാഖകളും മുട്ടുക്കായൽ തോടും ആണ് പ്രധാന മായും മത്സ്യം വളർത്തുന്നതിന് ഉപയോഗിക്കാ വുന്ന ജലശേഖരങ്ങൾ. അമ്പലകുളങ്ങൾ, പൊതുകു ളങ്ങൾ സ്വകാര്യകുളങ്ങൾ എന്നിവയും മത്സ്യം വളർത്തുന്നതിന് ഉപയോഗിക്കാവുന്നവയാണ്. ഏതാനും ദശകങ്ങൾ മുമ്പുവരെ അടിമ ഉടമ സമ്പ്ര ദായമാണ്. മത്സ്യബന്ധനരംഗത്ത് നിലവിലുണ്ടായി രുന്നത്. ഏടവം 15 ആയിരുന്നു കരാർ തുടങ്ങുന്ന തിയ്യതി. ആ ദിവസം ഒരു വള്ളം ഉടമയുമായി ഒരു തൊഴിലാളി കരാർ ഉണ്ടാക്കിയാൽ ആ വള്ളം ഉടമ യുടെ കീഴിൽ ഒരു വർഷക്കാലം അടിമയെപ്പോലെ ജോലി ചെയ്യണം എന്നതായിരുന്നു അന്നത്തെ രീതി. പൂർണ്ണമായും ഈ സമ്പ്രദായം ഇല്ലാതായി എന്നു പറയാനാവില്ല. യന്ത്രവത്ക്കരണവും ആധുനീകര ണവും നടന്നതിന്റെ ഭാഗമായാണ് ഒരടിമ സമ്പ്രദാ യവും ഇല്ലാതായത്.

അഞ്ച് പേരുള്ള വഞ്ചിയിൽ പോയി വടക്കൻ വല, അടക്കം കൊല്ലി, തെളിഞ്ഞ കൊട്ടി. സ്രാവ് വല തിരണ്ടിവല, ഒഴുക്കുവല എന്നിവ ഉപയോഗിച്ചാണ് അന്ന് മത്സ്യബന്ധനം നടത്തിയിരുന്നത്. 21/4 "മാറ്" വായ വട്ടമുള്ളതു മുതൽ 12 "മാറ്" വായവട്ടമുള്ള പരുത്തിനൂൽ, ചണനൂൽ എന്നിവകൊണ്ട് നിർമ്മിച്ച വലകളാണ് അന്ന് ഉപയോഗിച്ചിരുന്നത്. അയില, ചാള, സ്രാവ്, അറിക്ക,മുള്ളൻ, മാന്തൾ, ചെമ്മീൻ, തുടങ്ങി ഇന്ന് ലഭ്യമായ മത്സ്യങ്ങളൊക്കെ അന്ന് ലഭി ച്ചിരുന്നു. അമ്പതുകളുടെ അവസാനം വരെ ചാള (മത്തി) യുടെ ലഭ്യത കുറവായിരുന്നു. മത്സ്യ വിപ ണന രംഗത്ത് തരകൻമാർ എന്ന് പേരുള്ള ഇടത്ത ട്ടുകാർ അന്നും നിലവിലുണ്ടായിരുന്നു. സാമൂഹിക സാമ്പത്തിക രംഗത്ത് ഏറ്റവും പിന്നണിയിൽ നില്ക്കുന്നതായിരുന്നു മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം. 6 മാസം സുഭിക്ഷതയും 6 മാസം പട്ടിണിയും എന്നതായിരുന്നു അന്നത്തെ സ്ഥിതി.

150-ഓളം വരുന്ന കടലിൽ പണിയെടുക്കുന്ന മത്സ്യ തൊഴിലാളികളും അറുപതോളം വരുന്ന ഉൾനാടൻ മത്സ്യതൊഴിലാളികളുമാണ് ഈ രംഗത്ത് പണിയെടുക്കുന്നത്. പരമ്പരാഗത മത്സ്യതൊഴിലാളി കുടുംബങ്ങളിൽ ജനിച്ച നല്ലൊരു പങ്ക് ചെറുപ്പക്കാർ ഇന്ന് മറ്റ് മേഖലയിലാണ് പ്രവർത്തിക്കുന്നത്. അവ രിൽ നല്ലൊരു ഭാഗം പണമിടപാട് മേഖലയിലാണ് പ്രവർത്തിച്ചുവരുന്നത്. മത്സ്യവിപണന രംഗത്ത് 250-

നും 300നുമിടയ്ക്ക് തൊഴിലാളികളാണുള്ളത്. വാടാനപ്പള്ളിയിൽ ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രവർത്തിച്ചുവരുന്നുണ്ട്. ഏങ്ങണ്ടിയൂർ, വാടാനപ്പള്ളി, തളിക്കുളം, നാട്ടിക പഞ്ചായത്തുകൾ അധികാര പരിധിയായിട്ടുള്ള ഒരു മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം നാട്ടികയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

കടലിൽ നിന്നുള്ള മത്സ്യബന്ധനം യന്ത്രവത്കരിക്കപ്പെട്ടിട്ടുണ്ട്. പഴയകാലത്ത് 5 പേർ പോയിരുന്ന വഞ്ചിക്കുപകരം 50 പേർ പോകുന്ന യന്ത്രവത്കരിച്ച് ഇരട്ട വള്ളങ്ങളാണ് ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. വാടാനപ്പിള്ളി പഞ്ചായത്തുകാരുടെ മുഖ്യ പങ്കാളിത്തമുള്ള 3 വള്ളങ്ങളും ഭാഗിക പങ്കാളിത്തമുള്ള 2 വള്ളങ്ങളുമാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. യന്ത്രം ഉപയോഗിച്ച് വലനിർമ്മാണം നടത്തുന്ന ഒരു ഫാക്ടറി വാടാനപ്പള്ളി പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു വർഷം ശരാശരി 18 ലക്ഷം ഉറുപ്പികയുടെ മത്സ്യം വാടാനപ്പള്ളി പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾക്ക് പിടിച്ചെടുക്കുവാൻ കഴിയുന്നുണ്ടെന്നാണ് മതിപ്പ് കണക്ക്.

ഉൾനാടൻ മത്സ്യതൊഴിലാളികളുടെ മത്സ്യബന്ധനത്തിനെ മത്സ്യക്കേട് ബാധിക്കുന്നുണ്ട്. ജലശേഖരങ്ങളിലെ മലിനീകരണമാണ് ഇതിനുകാരണം. വരാൽ, കരിമീൻ, കണമ്പ്, പൂമീൻ, പ്രായ്, ചെമ്മീൻ, കൊഞ്ച്, തിലാപ്പിയ, വറ്റ, കോലാൻ, ഒറാൻ, പരൽ തുടങ്ങി നിരവധി ഇനം മത്സ്യങ്ങൾ ഉൾനാടൻ ജലശേഖരങ്ങളിൽനിന്ന് ലഭിച്ചുവരുന്നുണ്ട്. പടിഞ്ഞാറെ പുഴയിൽ നിന്നും കനോലി കനാലിൽ നിന്നും ചെമ്മീൻ കുഞ്ഞുങ്ങളെ ശേഖരിച്ച് ഹാച്ചറികളിലേക്ക് കടത്തികൊണ്ടുപോകുന്ന സമ്പ്രദായവും നിലവിലുണ്ട്. രോഹു, കട്ടില തുടങ്ങിയ വളർത്തുമത്സ്യങ്ങൾ വ്യാപകമായി വളർത്തുന്ന സമ്പ്രദായം നമ്മുടെ പഞ്ചായത്തിൽ ഇല്ല.

യന്ത്രവത്കരണത്തിന്റെ ഭാഗമായി അദ്ധ്വാനശേഷി ഉപയോഗത്തിൽ കുറവ് വന്നിട്ടുണ്ട്. ലഭിക്കുന്ന മത്സ്യത്തിന്റെ അളവ് ഓരോ വർഷം ചെല്ലുംതോറും കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. വാടാനപ്പള്ളി പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വള്ളങ്ങളെല്ലാം തൊഴിലാളികളുടെ കൂട്ടുടമസ്ഥതയിലുള്ളതാണ്. വള്ളങ്ങൾക്ക് ഉപയോഗിക്കുന്ന എഞ്ചിനുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ മണ്ണെണ്ണ സബ്സിഡി നിരക്കിൽ ആവശ്യമായത്ര തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. കരിഞ്ചന്തയിൽ മണ്ണെണ്ണ വാങ്ങിക്കുന്നതുമൂലം ഉല്പാദന ചിലവ് അമിതമായി വർദ്ധിക്കുന്നു. തരകൻമാരുടെ ചൂഷണം മൂലം ശരാശരി ഉത്പാദനത്തിന്റെ 5% ത്തോളം തൊഴിലാളികൾക്ക് നഷ്ടപ്പെടുന്നു എന്ന സ്ഥിതിയുണ്ട്.

വാടാനപ്പള്ളി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജലസ്രോതസ്സുകളും ഓരുജലം ഉള്ളവയാണ്. അമ്പലകുളങ്ങളും പൊതുകുളങ്ങളും മാത്രമെ ഇതിന് അപവാദമായിട്ടുള്ളൂ. പടിഞ്ഞാറെ പുഴ നികത്തി തെങ്ങ് കൃഷി ആരംഭിച്ചതിന്റെ ഭാഗമായി ജലസമ്പത്തിന്റെ അളവിൽ കുറവുണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ അവശേഷിക്കുന്ന നെൽപാടങ്ങൾ ചില രൂപഭേദങ്ങൾ വരുത്തിയാൽ ചെമ്മീൻ കൃഷിക്കും മത്സ്യകൃഷിക്കും ഉപയോഗപ്പെടുത്താവുന്നതാണ്. പടിഞ്ഞാറെ പുഴയുടെ വടക്കേ അറ്റത്ത് റഗുലേറ്റർ സ്ഥാപിച്ച് പടിഞ്ഞാറെ പുഴയിൽ മത്സ്യം വളർത്താവുന്നതാണ്.

ആധുനിക രീതിയിലുള്ള മത്സ്യസംസ്കരണ സംവിധാനങ്ങളൊന്നും നമ്മുടെ പഞ്ചായത്തിലില്ല. 3 ഐസ് പ്ലാന്റുകൾ വാടാനപ്പിള്ളി പഞ്ചായത്തിൽ ലാഭകരമായി പ്രവർത്തിച്ചുവരുന്നുണ്ട്. വാടാനപ്പിള്ളി സെന്ററിൽ പഞ്ചായത്ത് വക മാർക്കറ്റിനോട് അനുബന്ധിച്ചാണ് മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്നത്. ശരാശരി ഒരു ദിവസം 3000 കിലോ മത്സ്യം ഈ മാർക്കറ്റിൽ ലേലം ചെയ്ത് വില്ക്കുന്നുണ്ട്. എന്നതാണ്. മതിപ്പ് കണക്ക്. ഉൾനാടൻ മത്സ്യബന്ധനരംഗത്ത് നിന്ന് കിട്ടുന്ന മത്സ്യം വേറെയും വില്പന നടക്കുന്നുണ്ട്. ആന്ധ്രാപ്രദേശ്, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവ

## വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത് മത്സ്യബന്ധനം

| വാർഡ് നമ്പർ | കടൽമത്സ്യം | | | | | ഉൾനാടൻമത്സ്യം | | മത്സ്യബന്ധനോപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|---|---|
| | മത്സ്യബന്ധന തൊഴിലാളികൾ | | മറ്റുതൊഴിലാളികൾ | | | വിസ്തീർണ്ണം | കർഷകരുടെ എണ്ണം | യന്ത്രവൽകൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
| | മുഖ്യ തൊഴിൽ | ഭാഗിക തൊഴിൽ | മത്സ്യവിപണനം | വല നന്നാക്കൽ | മത്സ്യസംസ്കരണം | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 100 | 25 | 200 | 3 | 20 | – | – | – | 0 | 3 |
| 2 | 260 | 35 | 150 | 4 | 20 | – | – | – | 3 | 10 |
| 3 | 50 | 0 | 30 | – | 0 | – | – | – | 0 | – |
| 4 | 50 | 0 | 0 | – | 0 | – | – | – | 0 | – |
| 5 | 20 | 0 | 20 | – | 0 | – | – | – | 0 | – |
| 6 | 10 | 0 | 25 | – | – | – | – | – | 0 | – |
| 7 | 200 | 25 | 70 | 6 | 10 | – | – | – | 3 | 10 |
| 8 | 25 | 0 | 20 | – | 0 | – | – | – | 0 | – |
| 9 | 4 | 0 | 10 | – | 0 | – | – | – | 0 | – |
| 10 | 50 | 0 | 10 | – | – | – | – | – | – | – |
| 11 | 150 | 15 | 20 | 5 | 6 | – | – | – | 0 | – |

രുന്ന മത്സ്യം വാടാനപ്പള്ളിയിൽ ലേലം ചെയ്യപ്പെടുന്നുണ്ട്. മത്സ്യവിപണനരംഗവുമായി ബന്ധപ്പെട്ട് വാടാനപ്പള്ളി കേന്ദ്രമായി 300ലേറെ തൊഴിലാളികൾ പ്രവർത്തിച്ചുവരുന്നുണ്ട്. മുമ്പ് തലചുമടായും കൊട്ടയും കാവും ഉപയോഗിച്ചും മത്സ്യവിപണനം നടത്തിയിരുന്നതെങ്കിൽ ഇന്ന് സൈക്കിളുകളും, മൊപ്പെഡുകളുമാണ് ഈ രംഗത്ത് വ്യാപകമായി ഉപയോഗപ്പെടുത്തുന്നത്.

വാടാനപ്പിള്ളി കടലോരം പഴയകാലത്ത് വള്ളങ്ങൾ അടുപ്പിച്ച മത്സ്യവില്പന നടത്തിയിരുന്ന ഒരു കേന്ദ്രമായിരുന്നു. 1959-ലെ വർഗ്ഗീയ സംഘർഷത്തോടെയാണ് വാടാനപ്പിള്ളി കടലോരത്ത് വള്ളങ്ങൾ അടുക്കുന്നത് കുറഞ്ഞുവന്നതും തുടർന്ന് ഇല്ലാതായതും.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മത്സ്യവിപണിയിൽ ഇടനിലക്കാരുടെ ചൂഷണമുണ്ട്.

2. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ മണ്ണെണ്ണ ആവശ്യത്തിന് കിട്ടുന്നില്ല

3. മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾക്ക് മീതേയുള്ള ഉദ്യോഗസ്ഥമേധാവിത്വവും ജില്ലാ മത്സ്യഫെഡും അനാവശ്യമായ നിയന്ത്രണമാണ് പ്രാഥമിക സംഘങ്ങളുടെ മേൽ നടത്തുന്നത്.

4. തൊഴിലുപകരണങ്ങൾ ലോണായി ലഭിക്കുന്നതിന് നിരവധി സാങ്കേതിക ബുദ്ധിമുട്ടുകൾ നിലവിലുണ്ട്.

5. ആഴകടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് നൽകിയിട്ടുള്ള ലൈസൻസുകൾ പരമ്പരാഗത മത്സ്യതൊഴിലാളികളുടെ മത്സ്യലഭ്യത കുറക്കുന്നുണ്ട്.

6. തോട്, പുഴ, കായൽ എന്നിവ മണ്ണിട്ട് നികത്തുന്നത് മൂലം ഉൾനാടൻ മത്സ്യബന്ധന കേന്ദ്രങ്ങളുടെ പരിധി ചുരുങ്ങിവരുന്നുണ്ട്.

7. മത്സ്യസംസ്കരണത്തിനും, വിപണനത്തിനും

ആവശ്യമായ ആധുനിക സമ്പ്രദായങ്ങൾ നിലവിൽ ഇല്ലാത്തത് ഒരു പ്രധാന പോരായ്മയാണ്.

8. മത്സ്യ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ ചിലകാലങ്ങളിൽ മാത്രമാണ് ലഭിക്കുന്നത്. ഇതും തൊഴിലിന്റെ സുരക്ഷിതത്വകുറവും മത്സ്യബന്ധന തൊഴിലിൽ ഏർപ്പെടാൻ പുതിയ തലമുറയിൽ വിമുഖതയുണ്ടാക്കുന്നുണ്ട്.

9. വാടാനപ്പള്ളി പഞ്ചായത്തിലെ മത്സ്യതൊഴിലാളി സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല

10. ചെമ്മീൻ കുഞ്ഞുങ്ങളെ കടത്തികൊണ്ടുപോകുന്നതും വളർത്തു മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത കുറവും മത്സ്യഉല്പാദനക്ഷമതയിൽ കുറവ് ഉണ്ടാക്കുന്നുണ്ട്.

11. മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ ഉല്പാദനക്ഷമത കുറക്കുന്ന ഒരു ഘടകമാണ്.

**സാധ്യതകൾ**

1. മത്സ്യ വിപണയിൽ ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കാവുന്ന വിധം സഹകരണ സംഘങ്ങളെ കാര്യക്ഷമമാക്കാവുന്നതാണ്.

2. യന്ത്രങ്ങൾക്ക് ആവശ്യാനുസരണം മണ്ണെണ്ണ സബ്സിഡി നിരക്കിൽ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യണം.

3. മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യ വത്കരിക്കുകയും നിലനില്ക്കുന്ന ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വസമ്പ്രദായം ഒഴിവാക്കുകയും വേണം.

4. വായ്പയായി കൊടുക്കുന്ന തൊഴിലുപകരണങ്ങൾ തന്നെ ഈടായി സ്വീകരിച്ച് വായ്പനല്കുന്ന സമ്പ്രദായം ഉണ്ടാകണം.

5. വിദേശ ട്രോളറുകൾക്ക് നല്കിയിട്ടുള്ള ലൈസൻസുകൾ റദ്ദാക്കണം.

6. തോട്, പുഴ, കായൽ എന്നിവ മണ്ണിട്ട് നികത്തുന്നത് നിരോധിക്കണം.

7. മത്സ്യസംസ്കരണത്തിനും വിപണനത്തിനും ആവശ്യമായ ഏർപ്പാടുകൾ പഞ്ചായത്ത് തല മത്സ്യ സഹകരണസംഘങ്ങൾ നടത്തണം.


8. വാടാനപ്പള്ളി പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു മത്സ്യമാർക്കറ്റ് ഉണ്ടാക്കണം.


9. വളർത്തു മത്സ്യകുഞ്ഞുങ്ങളെ ആവശ്യാനുസരണം വിതരണം ചെയ്യുകയും മത്സ്യകർഷക സംഘങ്ങൾ രൂപീകരിച്ച് മത്സ്യ വളർത്തൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

10. നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ സ്വാഭാവികമായി വളർന്നു വരുന്ന മത്സ്യകുഞ്ഞുങ്ങളെ ശേഖരിച്ച് വിപണനം ചെയ്യാൻ ആവശ്യമായ ഏർപ്പാട് ഉണ്ടാക്കണം.

11. വാടാനപ്പള്ളി പഞ്ചായത്തിലെ പൊതുകുളങ്ങളിലും സ്വകാര്യകുളങ്ങളിലും, ജനപങ്കാളിത്തത്തോടെ മത്സ്യകൃഷി നടത്തുന്നതിനാവശ്യമായ ഏർപ്പാട് ഉണ്ടാകണം.

12. പഞ്ചായത്ത് അടിസ്ഥാനത്തിൽ മത്സ്യഭവനുകൾ സ്ഥാപിക്കണം.





# പാർപ്പിടം

വാടാനപ്പള്ളി പഞ്ചായത്തിൽ 4754 കുടുംബങ്ങളാണ് താമസിച്ച് വരുന്നത്. (1991 - ലെ സെൻസസ്) എന്നാൽ വിവിധ ഇനം ഷോപ്പ് ബിൽഡിങ്ങ്സ് ഉൾപ്പെടെ 7339 നമ്പർ കെട്ടിടങ്ങളാണ് നിലവിലുള്ളത്. പാർപ്പിട പ്രശ്നത്തിന്റെ രൂക്ഷതയെയാണ് വെളിവാക്കുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ള ആകെ കുടുംബങ്ങൾ 1439 ആണ്. ഇതിൽ 454 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ പെട്ടതാണ്. വാടാനപ്പള്ളി

## പട്ടിക - 1

## വാടാനപ്പള്ളി പഞ്ചായത്തിലെ വീടുകളുടെ എണ്ണം

| ആകെ വീടുകളുടെ എണ്ണം | രണ്ട് നിലയുള്ള വീടുകളുടെ എണ്ണം | ഒരു നിലയുള്ള വീടുകളുടെ എണ്ണം | | | മററുള്ളവ |
|---|---|---|---|---|---|
| | | ഓട് | ടെറസ് | ഓല | |
| 7339 | 347 | 2421 | 2403 | 1482 | 659 |

പഞ്ചായത്തിന്റെ വിവിധ നിർമ്മാണ പദ്ധതികളിലൂടെ വാടാനപ്പള്ളി പഞ്ചായത്തിൽ 80 മുതൽ 95 വരെ 104 വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. 1980 നു ശേഷം 2966 നമ്പർ വീടുകൾ പുതിയതായി പണിതിട്ടുണ്ട്. അവയിൽ 1932 ടറസ് വീടുകളാണ്. ഈ കാലയളവിൽ പുതിതായി നിർമ്മിക്കപ്പെട്ട കുടിലുകളുടെ എണ്ണം 586 ആണ്. 1970 ൽ കുടികിടപ്പ് നിയമം പാസ്സാക്കപ്പെട്ടതിനെ തുടർന്ന് ലഭിച്ച കുടികിടപ്പുകളിൽ പലതിലും ഒന്നിലേറെ വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിക്കപ്പെട്ടിട്ടുള്ള പലവീടുകളും കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതായി കാണാം. പല ലക്ഷം വീടുകളിലും ഇപ്പോൾ വാടകക്കാരും താമസിച്ചു വരുന്നുണ്ട്. കിഴക്കേ ടിപ്പു സുൽത്താൻ റോഡിൽ പുറം പോക്ക് കൈയ്യേറി വെച്ചിരുന്ന 40 ഓളം വരുന്ന വീടുകളും ഗണേശമംഗലം പുറംപോക്ക് കൈയ്യേറി വെച്ചിട്ടുള്ള വീടുകളും പഞ്ചായത്തിൽ 140 കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണ്. കുടിലുകളിൽ താമസിക്കുന്ന 1482 കുടുംബങ്ങളും ഉണ്ട്. സ്വന്തമായി വീടുണ്ടാക്കാൻ കഴിവില്ലാത്തവരാണ് ഇവർ.

വാടാനപ്പള്ളി പഞ്ചായത്ത് കൂടി അധികാര പരിധിയായി എടമുട്ടത്ത് ഒരു ഭവനനിർമ്മാണ സഹകരണസംഘം പ്രവർത്തിച്ചുവരുന്നുണ്ട്. കൊററായി, ചെട്ടിക്കാട് -2, ഗണേശ മംഗലം, വാടാനപ്പള്ളി ബീച്ച് എന്നിവിടങ്ങളിൽ ലക്ഷം വീട് കോളനികളുണ്ട്. കൊറ്റായി ഒന്നാം വാർഡ് എന്നിവിടങ്ങളിൽ രണ്ട് സെറ്റിൽമെന്റ് കോളനികളുമുണ്ട്. വാടാനപ്പള്ളി ബീച്ചിലുള്ള ചാപ്പ മൈതാനത്തിന് സമീപം ഒരു ഫിഷർമെൻ കോളനിയും ഉണ്ട്. ഫിഷർമെൻ കോളനികളിലെ വീടുകൾ കാലകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തവയാണ്. സെറ്റിൽമെൻ കോളനികളിലെ വീടുകൾ ഭൂരിപക്ഷവും

കുടിലുകൾ ആണ്. വൈദ്യുതി ഭാഗികമായേ ഈ വീടുകളിൽ എത്തിയിട്ടുള്ളു. എല്ലായിടത്തും ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക സൗകര്യങ്ങൾ പൂർത്തിയായിട്ടില്ല. റോഡ് പുറംപോക്കിൽ താമസിച്ചു വരുന്ന 41 കുടുംബങ്ങളെ മാററി പാർപ്പിക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു. 50-ൽ താഴെ പേർ കടത്തിണ്ണകളിൽ താമസിക്കുന്നവരാണ്. നിർമ്മാണരംഗത്തും കൂലിവേലക്കും കുടിയേറി താമസിക്കുന്ന തമിഴന്മാരുടെ എണ്ണം ക്രമമായി വർദ്ധിച്ചുവരുന്നുണ്ട്. കന്യാകുമാരി, നാഗർകോവിൽ , തൃശ്ശിനാപ്പള്ളി, കോയമ്പത്തൂർ, മധുര തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് വരുന്നവരാണ് ഇവരിൽ ഭൂരിപക്ഷവും. കരിങ്കൽ പണിരംഗം കുടിയേറ്റ ക്കാരായ ഇവരുടെ കുത്തകയായി മാറിയിട്ടുണ്ട്. വീടുകളും മുറികളും വാടകക്ക് എടുത്ത് കൂട്ടായി താമസിക്കുന്ന രീതിയാണ് ഇവർ അവലംബിച്ചുവരുന്നത്. ഇവിടെ നിന്ന് വിവാഹം കഴിഞ്ഞ് കുടുംബ ജീവിതം നയിക്കുന്നവരുടെ എണ്ണവും ചെറുതല്ല. ആക്രി കച്ചവടക്കാരായി വരുന്ന തമിഴർ മാരുമുണ്ട്. നാലുകെട്ടും നടുമുറ്റവും ഉള്ള വാസ്തുശില്പ മാതൃക നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഓടിട്ട പഴയ വീടുകൾ പൊളിച്ചു മാറ്റുകയും പകരം ബഹുനില കോൺക്രീറ്റ് മന്ദിരങ്ങൾ ഉയർന്നു വരികയും ചെയ്യുന്നുണ്ട്. 90 മുതൽ 95 വരെ 1932 കോൺക്രീററ് കെട്ടിടങ്ങൾ ഉയർന്ന് വന്നിട്ടുണ്ടെന്നാണ് പഞ്ചായത്തിലെ അസ്സസ്മെൻ രജിസ്സ്റ്ററുകൾ സൂചിപ്പിക്കുന്നത്.

ഒരച്ഛനും അമ്മയും രണ്ട് കുട്ടികളും അടങ്ങുന്ന കുടുംബങ്ങൾ താമസിക്കാൻ വേണ്ടി പോലും 4 ഉം 5 ഉം കിടപ്പു മുറികളുള്ള വൻ സൗധങ്ങൾ പണിതീർക്കുന്ന പ്രവണത ഗൾഫ് കുടുംബങ്ങൾക്കിടയിൽ വ്യാപകമാണ്. കെട്ടിടങ്ങൾ ആകർഷകമാക്കാനും വൻതോതിൽ സംഖ്യ ചിലവഴിക്കപ്പെടുന്നുണ്ട്. ദുർവ്യയം ഒഴിവാക്കികൊണ്ടുള്ള ചിലവ് കുറഞ്ഞ വീടുകൾ വളരെയേറെ കുറവാണ്. കെട്ടിട നിർമ്മാണ സാമഗ്രികൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഉല്പാദിക്കപ്പെടുന്നില്ല. കുടിലുകൾക്ക് ആവശ്യമായ തെങ്ങോല മാത്രമാണ് ഇവിടെ സുലഭമായി കിട്ടാനുള്ളത്. അത് ഉപയോഗിക്കുന്ന വീടുകളുടെ എണ്ണം ചുരുങ്ങി ചുരുങ്ങി വരുകയാണ്. ഹോളോ ബ്രിക്സ് നിർമ്മിക്കുന്ന 2 സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ വരുന്നുണ്ട്. ജൈവവേലികൾ ഇല്ലാതാകുകയും പകരം മതിലുകൾ ഉയർന്നു വരുകയും ചെയ്യുന്നുണ്ട്.

കെട്ടിട നിർമ്മാണ തൊഴിലാളികൾ ഏജന്റുമാരുടെയോ, കരാറുകാരുടെയോ കൂടെയാണ് മുഖ്യമായും പ്രവർത്തിച്ചു വരുന്നത്. കെട്ടിട നിർമ്മാണ തൊഴിലാളികളെ മറ്റു പഞ്ചായത്തുകളിലേക്ക് കയറ്റുമതി ചെയ്യുന്ന പഞ്ചായത്താണ് വാടാനപ്പള്ളി.

പട്ടിക 2

## വാടാനപ്പള്ളി പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം (വിവിധ വർഷങ്ങളിൽ)

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| 7339 | 6859 | 7017 | 7106 | 7240 | 7339 |

നിർമ്മാണരംഗത്തെ തൊഴിലാളികളുടെ വൈദഗ്ദ്യം തൃപ്തികരമാണ്. നിർമ്മാണ തൊഴിലാളി കൾക്കിടയിൽ ഇടനിലക്കാരും അതിന്റെ ഭാഗമായ ചൂഷണവും നിലവിലുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ഒന്നും തന്നെ ഉല്പാദിപ്പിക്കപ്പെടുന്നില്ല. സെന്റിന് 5000 രൂപ മുതൽ 21/2 ലക്ഷം വരെ ആണ് ഭൂമിയുടെ വില.

## പട്ടിക – 3

## നിർമ്മാണരംഗത്ത് പണിയെടുക്കുന്നവരുടെ കൂലി നിരക്ക്

| | 1980 | | 1990 | | 1995 | |
|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ. | പുരുഷൻ | സ്ത്രീ. | പുരുഷൻ | സ്ത്രീ. |
| മരാശാരി | 50 | – | 100 | – | 140 | – |
| കൽപ്പണി ക്കാർ | 40 | – | 75 | – | 140 | – |
| നിർമ്മാണ തൊഴിലാളികൾ | 50 | 30 | 80 | 50 | 120 | 80 |

കർഷക തൊഴിലാളികൾക്കും പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും സ്വന്തമായി ഭൂമി വാങ്ങി വീട് വയ്ക്കാൻ പറ്റാത്ത അവസ്ഥ ഇതുമൂലം സംജാത മാകുന്നുണ്ട്.

2. KSFE , ഭവനനിർമ്മാണ സഹകരണസംഘം, ഹൗസിങ്ങ് ബോർഡ് എന്നിവയാണ് ഭവനവായ്പ നൽകുന്ന പ്രധാനപ്പെട്ട ഏജൻസികൾ. ആവശ്യത്തിന് ഫണ്ടില്ലാത്തത് മൂലവും നിയമപരമായ നൂലാമാലകൾ കൊണ്ടും വായ്പ ലഭിക്കുക വളരെയേറെ ദുഷ്കര മാണ്. K.S.F.E. യ്ക്ക് ഒഴികെ മറ്റൊന്നിനും വാടാന പ്പള്ളി പഞ്ചായത്തിൽ ശാഖകളില്ല.

3. ഭൂരഹിതർക്ക് ഭൂമിയുടെ വിലക്കയറ്റം മൂലം സ്വന്തമായി ഭൂമിവാങ്ങിക്കുവാൻ പററുന്നില്ല. സർക്കാരിന്റെ സ്കീമുകൾ അനുസരിച്ച് സർക്കാർ ഏജൻസികൾക്ക് ഭൂമി വാങ്ങിക്കുന്നതിനുവേണ്ടി നിശ്ചയിച്ചിരിക്കുന്ന പരിധി നിലവിലുള്ള മാർക്കറ്റ് വിലയേക്കാൾ വളരെയേറെ താഴെയാണ്. തന്മൂലം ഭൂരഹിതർക്ക് സൗജന്യമായി ഭൂമി വാങ്ങി നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ പറ്റുന്നില്ല.

4. ലക്ഷം വീട് കോളനികളിൽ പലതും അറ്റകുറ്റ പണികൾ നടത്താത്തതുമൂലം ചോർന്ന് ഒലിക്കുന്നവ യാണ്. മേൽക്കൂരയ്ക്ക് കേട് സംഭവിച്ച വീടുകളുടെ എണ്ണവും കുറവല്ല. സെറ്റിൽമെന്റ് കോളനികളിൽ പകുതിയിലേറെ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല. കക്കൂസുകളുള്ള വീടുകളുടെ എണ്ണവും വളരെ കുറവാണ്.

5. ദുർവ്യയം ഇല്ലാത്ത വീടുകൾ നിർമ്മിക്കുന്നതിലുള്ള വിദഗ്ദരുടെ അഭാവമുണ്ട്. ഹൗസിങ്ങ് സൊസൈറ്റി കൾക്ക് ആവശ്യത്തിനനുസരിച്ച് ഫണ്ട് ലഭിക്കുന്നില്ല എന്നത് പ്രശ്നമാണ്.

6. മതിലുകൾ കൂടി കൂടിവരുകയാണ്. തന്മൂലം പല റോഡുകളിലും വെള്ളം കെട്ടിനിൽക്കുകയും റോഡ് തന്നെ കേടായി പോവുകയും ചെയ്യുന്നു. തോടുകൾ തൂർത്ത് മതിൽ കെട്ടിയതുമൂലം മുമ്പില്ലാത്ത പല പ്രദേശങ്ങളിലും നീർകെട്ട് ഉണ്ടായിട്ടുണ്ട്.

### സാധ്യതകൾ

1. പഞ്ചായത്തിന് ഒന്ന് എന്നവിധം ഹൗസിങ്ങ് സൊസൈറ്റികളുടെ പ്രവർത്തനം വികേന്ദ്രീകരിക്കു

കയോ നാഷണലൈസ്ഡ് ബാങ്കുകൾ ഹൗസിങ്ങ് ലോണുകൾ അനുവദിക്കുകയോ ചെയ്യണം.

2. ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

3. ഭവന നിർമ്മാണ രംഗത്ത് ആശാരിപണി, കല്പണി എന്നിവ ഹയർ സെക്കന്ററി തലത്തിൽ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് പഠിപ്പിച്ചുകൊടുക്കാൻ ആവും വിധം പാഠ്യപദ്ധതിയിൽ മാററം വരുത്തണം.

4. ഭൂരഹിതകുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീടുവെച്ചു കൊടുക്കുന്നതിനാവശ്യമായ ഭൂവിലയുടെ ഉയർന്ന പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കണം.

5. ഭവനനിർമ്മാണരംഗത്ത് ദുർവ്യയം അവസാനിപ്പിക്കാവുന്നവിധം നികുതി ഘടനയിൽ മാററം വരുത്തണം.

6. ആർഭാടപൂർണ്ണമായ വീടുനിർമ്മിക്കുന്നവർക്ക് പരമാവധി നികുതി ചുമത്തുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കണം.

7. പരമ്പരാഗത വാസ്തുശില്പ മാതൃകയിൽപെട്ട അപൂർവം ചില വീടുകളെ ഇനി ബാക്കിയുള്ളൂ. അവ രൂപഭേദംവരുത്താതെ നിലനിർത്തുന്നതിനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരണം.

8. കെട്ടിടങ്ങളുടെ മെയ്ന്റനൻസിനുവേണ്ടിയും നിർമ്മാണത്തിനുവേണ്ടിയും നിർമ്മാണതൊഴിലാളികളുടെ സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

9. ജൈവവേലികൾ പ്രചരിപ്പിക്കണം.

# ഗതാഗതം

തിരക്കേറിയ ഒരു ഗതാഗത മേഖലയായി വാടാനപ്പള്ളി പഞ്ചായത്ത് ഉയർന്നുവരാൻ തുടങ്ങിയിട്ട് കുറച്ചു നാളുകളേ ആയിട്ടുള്ളൂ. ടിപ്പുസുൽത്താൻ പടയോട്ടം നടത്തിയ രണ്ട് പാതകൾ (കിഴക്കേ ടിപ്പു സുൽത്താൻ റോഡ്, പടിഞ്ഞാറേ ടിപ്പുസുൽത്താൻ റോഡ്) ആയിരുന്നു രണ്ട് പ്രധാന ഗതാഗത മാർഗ്ഗങ്ങൾ. അതിനു ശേഷമാണ്. ദേശീയപാത 17 പഞ്ചായത്തിൽ കൂടി നിർമ്മിക്കപ്പെട്ടത്. ദേശീയ പാത വന്നതിനുശേഷം എല്ലാ രംഗത്തും വാടാനപ്പിള്ളി പഞ്ചായത്തിന്റെ വികസനത്തിന് അത് മുതൽക്കൂട്ടായിത്തീർന്നു. ഇന്ന് പഞ്ചായത്തിൽ ഏറ്റവും അധികം ഉപയോഗിക്കപ്പെടുന്ന പാതയും ദേശീയ പാത 17 ആണ്. പഞ്ചായത്തിൽ നടവഴികളായിരുന്ന ഭൂരിഭാഗം വഴികളും ഇപ്പോൾ പഞ്ചായത്ത് റോഡുകളായി മാറിയിട്ടുണ്ട്. ഈ മാറ്റങ്ങളെല്ലാം കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ പഞ്ചായത്തിൽ സംഭവിച്ചതാണ്. ഇപ്പോഴും അനുസ്യൂതമായ മാറ്റങ്ങൾ തുടർന്നു കൊണ്ടിരിയ്ക്കുന്നുമുണ്ട്. സ്വാതന്ത്ര്യത്തിനുമുമ്പ് ആല. ചേറ്റുവ റോഡിലൂടെ കൽക്കരിയിട്ട് കത്തിച്ച് ഓടിക്കുന്ന വാഹനങ്ങൾ ഉണ്ടായിരുന്നു.

ഇപ്പോൾ പഞ്ചായത്തിൽ മൊത്തം അൻപത്തി അഞ്ച് റോഡുകൾ ഉണ്ട്. ഇതിൽ അൻപത്തി രണ്ടെണ്ണം പഞ്ചായത്ത് റോഡുകളും, ഒരു പി.ഡബ്ല്യു. സി. റോഡും, ഒരു നാഷണൽ ഹൈവേയും, ഒരു ഫിഷറീസ് റോഡും ആണ് അടങ്ങിയിരുന്നത്.. ഇതിൽ ടാർ ചെയ്ത റോഡുകളുടെ എണ്ണം 11 ഉം നീളം 9.920 കിലോമീറ്ററും ആണ്. മെറ്റൽ റോഡുകളുടെ എണ്ണം. 3 ഉം നീളം 2.350 കിലോമീറ്ററും ആണ്. മൊത്തം 71.867 കിലോമീറ്റർ റോഡ് ഇപ്പോൾ പഞ്ചായത്തിൽ ഉണ്ട്. ധാരാളം പൊതുവഴികൾ ഇപ്പോഴും ജനങ്ങൾ സഞ്ചാരത്തിനായി ഉപയോഗിക്കുന്നുണ്ട്. ഇനി ജലഗതാഗതത്തിന്റെ കാര്യമെടുക്കാം. ഈ മേഖലയിലും പഞ്ചായത്തിന് തനതായ പാരമ്പര്യമുണ്ട്. കൊച്ചിയെ നേരിട്ടു ബന്ധിപ്പിക്കുന്നതും ചേറ്റുവ വരെ നീണ്ടു കിടക്കുന്നതുമായ

കനോലി കനാൽ പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽ കൂടിയാണ് ഒഴുകുന്നത്. കൂടാതെ പഞ്ചായത്തിലെ ഒന്നും നാലും വാർഡുകൾക്കിടയിലൂടെ മറ്റൊരു പുഴ കൂടി ഒഴുകുന്നുണ്ട്. ഇതിന്റേ പേര് പടിഞ്ഞാറെ പുഴ എന്നാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തി സമുദ്ര തീരവുമാണ്. പണ്ടുകാലത്ത് കനോലി കനാലിൽ കൂടി ചരക്കുവള്ളങ്ങളിൽ ചരക്കുകൾ കയറ്റി കൊച്ചിയിലേക്ക് കൊണ്ടുപോകാറുണ്ടായിരുന്നു. തിരികെ കൊച്ചിയിൽ നിന്നും സാധനങ്ങൾ കയറ്റി ഇങ്ങോട്ടും വരാറുണ്ടായിരുന്നു.

മറ്റു ഗതാഗത മാർഗ്ഗങ്ങൾ വികസിച്ചപ്പോൾ ഇതു നിലച്ചു. ഇപ്പോൾ ജല ഗതാഗതമെന്ന രീതിയിൽ പഞ്ചായത്തിൽ രണ്ട് കടത്തുകൾ മാത്രമാണ് ഉള്ളത്. കൂടാതെ കാർഷികാവശ്യങ്ങൾ നിറവേറ്റുന്നതിനായി വഞ്ചികൾ പോകാവുന്ന തരത്തിലുള്ള തോടുകളും ഉണ്ട്. കടത്തുകളിൽ ഒന്ന് പഞ്ചായത്തിലെ 11- ാം വാർഡിനേയും മണലൂർ പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. പുലത്തറ കടവ് എന്നാണ് ഇതിനു പേര്. ഇതു കൂടാതെ മണലൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന മറ്റൊരു കടത്തു കൂടി ഉണ്ടായിരുന്നു. ഇതിന്റെ പേര് ഇടത്തറ കടവ് എന്നായിരുന്നു. ഇത് നിലച്ചിട്ട് വർഷങ്ങളായി. പഞ്ചായത്തിൽ നിലവിലുള്ള രണ്ടാമത്തെ കടത്ത് ഒന്നാം വാർഡും നാലാം വാർഡും തമ്മിൽ ബന്ധിപ്പിക്കുന്ന പടിഞ്ഞാറെ പുഴയിലുള്ള കടത്താണ്. ഇതിനു പ്രത്യേകം പേരില്ല. ഈ രണ്ടു കടത്തിൽനിന്നും പഞ്ചായത്തിന് യാതൊരു തരത്തിലുമുള്ള വരുമാനവുമില്ല. പുലത്തറക്കടവിന് 950 രൂപയും പടിഞ്ഞാറെ പുഴയിലുള്ള കടത്തിന് 495 രൂപയും വീതം പഞ്ചായത്തിന് മൊത്തം 1445 രൂപ പ്രതിമാസം ചിലവുണ്ട്.

പഞ്ചായത്തിന്റെ കീഴിൽ സ്ഥിരമായ ബസ്സ്റ്റാന്റോ മറ്റു വണ്ടിത്താവളങ്ങളോ ഇല്ല. വാഹനങ്ങൾ ഏറെ വർദ്ധിക്കുകയും അതിനനുസരിച്ച സൗകര്യങ്ങൾ ഉണ്ടാകാതിരിക്കുകയും ചെയ്തതിനാൽ ഈ രംഗത്ത് അനേകം പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ടാക്സികൾ, ഓട്ടോറിക്ഷകൾ, വാനുകൾ, ലോറികൾ, ടെമ്പോകൾ, ട്രെയ്ലറുകൾ മറ്റു സ്വകാര്യ വാഹനങ്ങൾ ഇവയെല്ലാം ഇപ്പോൾ പാർക്കു ചെയ്യുന്നത് ദേശീയ പാതയുടെ ഓരത്തു തന്നെയാണ്. ഇത് ഏറെ ഗതാഗത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതുപോലെതന്നെ പൊതുവായ ഒരു ബസ് സ്റ്റാന്റ് ഇല്ലാത്തതും പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

കടത്തുകാരുടെ പൊതുസ്ഥിതി മെച്ചപ്പെടുത്താത്തതിനാലാണ് അവ കൂടുതൽ ആളുകളും ഉപയോഗിക്കാൻ മടിക്കുന്നത്. വാടാനപ്പിള്ളിയെ ഏനാമാവുമായി ബന്ധിപ്പിക്കുന്ന ഏറ്റവും സുഗമമായ മാർഗ്ഗമാണ് പുലത്തറക്കടവ്. ഇവിടെ ഇപ്പോൾ ഒരു ചെറു വള്ളം മാത്രമാണ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. അതുപോലെ തന്നെയാണ് കനോലിപുഴയിലെ കടത്തിന്റെ അവസ്ഥയും.

ചരക്കു ഗതാഗതത്തിന്റെ പ്രധാനമാർഗ്ഗം പണ്ട് കനോലി കനാൽ തന്നെയായിരുന്നു. റോഡുഗതാഗതം വർദ്ധിപ്പിച്ചപ്പോൾ ജലമാർഗ്ഗമുള്ള ചരക്കു ഗതാഗതം പൂർണ്ണമായും ഇല്ലാതായി. കാർഷികാവശ്യങ്ങൾ നിറവേറ്റാൻ ഇപ്പോഴും ചെറിയ തോതിൽ ഈ മാർഗ്ഗം പ്രയോജനപ്പെടുത്തുന്നുണ്ട്. ചരക്കുഗതാഗതം ഇപ്പോൾ റോഡുമുഖാന്തിരം ലോറി, ടെമ്പോ, ടെയ്ലർ എന്നീ വാഹനങ്ങളിലൂടെയാണ് നടത്തുന്നത്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ പല വാർഡുകളിലേയും എല്ലാ ഭാഗങ്ങളിലേക്കും ഇനിയും റോഡു സൗകര്യങ്ങൾ ഉണ്ടായിട്ടില്ല. ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ റോഡുകൾക്ക് അനിഷേധ്യമായ പങ്കുണ്ട്. റോഡുണ്ടെങ്കിലേ ആ പ്രദേശത്തേക്ക് ഏതു വികസന പ്രവർത്തനവും എളുപ്പത്തിൽ എത്തുകയുള്ളു. റോഡുകൾ അനിവാര്യമായ മേഖലകൾ മുൻഗണനാ ക്രമത്തിൽ കണ്ടെത്തി റോഡുകൾ നിർമ്മിക്കേണ്ടതാണ്.

ഇപ്പോൾ ഉള്ള റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. ദേശീയ പാത ഒഴിച്ചുള്ള മിക്കവാറും എല്ലാ പഞ്ചായത്ത് റോഡുകളുടെയും അവസ്ഥ മോശമാണ്. വർഷത്തിൽ ഒരിയ്ക്കൽ അറ്റകുറ്റപ്പണി നടത്തുന്ന റോഡുകൾ ഇപ്പോൾ ഇല്ലെന്നു തന്നെ പറയാം.

ദേശീയ പാതയിലൊഴികെ മറ്റു റോഡുകളിലൊന്നിലും കാന സൗകര്യങ്ങൾ ഇല്ല. ധാരാളം പ്രദേശങ്ങളിൽ റോഡുകളിൽ നീർക്കെട്ടുണ്ട്. ഇവ ഒഴിവാക്കാതിരിക്കുന്നതുമൂലമാണ് റോഡുകൾ പലതും

കേടുവരുന്നത്.

സ്ഥിരമായ വണ്ടിത്താവളങ്ങൾ ഇല്ലാത്തത് വാടാനപ്പിള്ളിയിൽ ഏറെ ഗതാഗത പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ വാഹനങ്ങൾ ദേശീയ പാതയോരത്താണ് പാർക്കു ചെയ്യുന്നത്. ഇതുമൂലം ധാരാളം അപടകങ്ങളും ഉണ്ടാകാറുണ്ട്.

ബസ് സ്റ്റാന്റ് സൗകര്യമില്ലാത്തത് ബസ് യാത്രക്കാരെ ഏറെ ബുദ്ധിമുട്ടിയ്ക്കുന്നു. ഗുരുവായൂരിനും കൊടുങ്ങല്ലൂരിനുമിടയിലുള്ള ഒരു പ്രധാന സ്ഥലമാണ് വാടാനപ്പിള്ളി . കൂടുതലും ബസ്സ് യാത്രക്കാരാണ്. പക്ഷേ സ്ഥിരമായ ബസ് സ്റ്റാന്റ് സൗകര്യം ഇതുവരെ ഇല്ല.

തീരെ അപര്യാപ്തമായ കടത്തു സൗകര്യങ്ങൾ ആണുള്ളത്. ഇപ്പോൾ കടത്തിന് ഉപയോഗിക്കുന്നത് ചെറു വള്ളങ്ങൾ മാത്രമാണ്.

വാടാനപ്പിള്ളി ബസ് സ്റ്റോപ്പുകളിൽ ഉള്ള ഷെൽറ്ററുകൾ ശരിയായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല

സ്വകാര്യ വ്യക്തികൾ കൈയ്യേറിയും വീടുകൾ വച്ചു കെട്ടിയും റോഡുകലുടെ പഴയ വീതി നഷ്ടമായിരിക്കുന്നു. പല റോഡുകളും നടവഴികൾ പോലെ ചുരുങ്ങിയിരിക്കുന്നു.

കടത്തുവള്ളങ്ങൾ അടുപ്പിക്കുന്നതിന് ജെട്ടി സൗകര്യങ്ങൾ ഇപ്പോൾ ഇല്ല

വാഹനഗതാഗതം ശരിയായി നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഇല്ല.

**സാധ്യതകൾ**

1. വ്യാവസായിക, കാർഷിക, തൊഴിൽ രംഗങ്ങളിൽ വൻകുതിച്ചു ചാട്ടം ഉണ്ടാക്കിയെടുക്കാൻ സഹായിക്കുന്ന മേഖലകളിലേക്ക് നല്ല റോഡു സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കാനാണ് പ്രധാനമായും ശ്രമിക്കേണ്ടത്. അങ്ങിനെ നോക്കുമ്പോൾ പഞ്ചായത്തിൽ പുഴയോര, സമുദ്രതീര റോഡുകളാണ് ഏറ്റവും പെട്ടെന്ന് ശരിയാക്കേണ്ടത്. തളിക്കുളം ഏങ്ങണ്ടിയൂർ പഞ്ചായത്തുകളെ ബന്ധപ്പെടുത്തിക്കൊണ്ട് കനോലി കനാൽ തീരത്തു കൂടിയുള്ള റോഡ് ചില സ്ഥലങ്ങളിൽ നാമമാത്രമായി ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അത് പൂർത്തീകരിച്ചിട്ടില്ല. കനാലുമായി ബന്ധപ്പെട്ട കാർഷിക തൊഴിൽ മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഈ റോഡ് അടിയന്തിരമായി പൂർത്തീകരിക്കണം. അതുപോലെ തന്നെ സമീപ പഞ്ചായത്തുകളെ ബന്ധപ്പെടുത്തുന്ന സമുദ്ര തീര റോഡ് പല ഭാഗങ്ങളിലും തകർന്നു കിടക്കുകയാണ്. ഏറ്റവും അടിയന്തിരമായി ഈ റോഡ് അറ്റകുറ്റപ്പണികൾ നടത്തി നന്നാക്കണം. മത്സ്യബന്ധനം തുടങ്ങി അനേകം പ്രവർത്തനങ്ങൽ നടക്കുന്ന ഭാഗമായതിനാൽ അടിന്തിര ശ്രദ്ധവേണം.

2. പുതുതായി നിർമ്മിക്കേണ്ട റോഡുകൾ ജനകീയ സഹകരണത്തോടെ നിർമ്മിക്കാൻ കഴിയും. അടിയന്തിരാവശ്യമായ ധനം, ഉപകരണങ്ങൾ തുടങ്ങിയവയെല്ലാം തന്നെ ജനങ്ങളിൽ നിന്നും സമാഹരിച്ച് ജനങ്ങളുടെ പ്രയത്ന ശേഷി ഉപയോഗപ്പെടുത്തി റോഡുകൾ നിർമ്മിക്കാനായി കഴിയും. ഇത്തരത്തിൽ നിർമ്മിക്കാൻ കഴിയുന്ന റോഡുകൾ ഏറ്റെടുത്തു നടത്തണം. ഇങ്ങനെ ഏറ്റെടുത്തു നടത്താവുന്ന അനേകം റോഡുകൾ നമുക്ക് പരിശോധിച്ചാൽ കണ്ടെത്താൻ കഴിയും. പതിനൊന്നാം വാർഡിലെ പുഴയോര റോഡ്, ഒൻപതാം വാർഡിലെ ഉപ്പുവടന്ന റോഡുമുതൽ തെക്കോട്ട് മുട്ടുകായലിനു സമാന്തരമായുള്ള റോഡ് പത്താം വാർഡിലെ ഹരിത നഗർ നടുവിൽക്കര റോഡ്, എട്ടാം വാർഡിലെ ശ്മശാന പരിസരത്തു നിന്നും കോഴിക്കുന്നു വഴി സ്കൂൾ പരിസരത്തേക്കുള്ള റോഡ് എന്നീ റോഡുകളെല്ലാം തന്നെ പാഴായി പോകുന്ന മനുഷ്യാധ്വാനം ക്രിയാത്മക പ്രവർത്തനങ്ങളിലേയ്ക്ക് വഴി തിരിച്ചുവിട്ട് പൂർത്തിയാക്കാൻ കഴിയുന്നവയാണ്.

മിക്കവാറും എല്ലാ റോഡുൾക്കും ഇന്ന് പഴയ വീതിയില്ല. ഇത് പുനഃസ്ഥാപിക്കാനാവശ്യമായ നടപടി കൈകൊള്ളണം. പല റോഡുകളും സ്വകാര്യ വ്യക്തികൾ കൈയ്യേറി വേലി കെട്ടിയിരിക്കുകയാണ്.

മറ്റു പല റോഡുകളിലും സ്വകാര്യവ്യക്തികൾ വീടു വച്ചു താമസിക്കുകയോ കടകൾ പണിയുകയോ മൂലം വീതി നഷ്ടമായിരിക്കുകയാണ്. കിഴക്കെ ടിപ്പു സുൽത്താൻ റോഡിൽ സ്വകാര്യവ്യക്തികൾ വീടു വച്ചിട്ടുള്ളതിനാൽ വീതി വളരെ കുറഞ്ഞു. ഇത്തരത്തിൽ റോഡരുകിൽ താമസിക്കുന്നവരെ പഞ്ചായത്ത് മുൻകയ്യിൽ ഭൂമിയെടുത്ത് പുനരധിവസിപ്പിക്കേണ്ടതാണ്. കൂടാതെ മുഴുവൻ റോഡുകളും റീ. സർവ്വെ നടത്തി അവയുടെ പഴയെ വീതി പുനസ്ഥാപിക്കണം. തുടർന്ന് അവ സംരക്ഷിക്കാനായി വാർഡു തലത്തിൽ ഗ്രാമ സഭകളുടെ കീഴിൽ റോഡു സംരക്ഷണ സമിതികൾ രൂപീകരിക്കേണ്ടതാണ്. റോഡുകൾ കയ്യേറിയാൽ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടാനപ്പിള്ളി സെന്ററിൽ ഒരു പഞ്ചായത്ത് ബസ് സ്റ്റാന്റ് സ്ഥാപിക്കണം. തൃശൂർ കൊടുങ്ങല്ലൂർ ഗുരുവായൂർ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന ഒരു പ്രധാന കേന്ദ്രമായതിനാൽ ധാരാളം ബസ് സർവ്വീസുകൾ ഇതിലൂടെ ഉണ്ട്. അതിനാൽ തന്നെ ഒരു ബസ് സ്റ്റാന്റ് അനിവാര്യമാണ്.

ഇതോടൊപ്പം തന്നെ യാത്രക്കാർക്ക് ആവശ്യമായ കംഫർട്ട് സ്റ്റേഷനുകളും സ്ഥാപിക്കണം. ഇപ്പോഴുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.

വർഷത്തിൽ ഒരിക്കലെങ്കിലും, റോഡുകൾ അറ്റകുറ്റ പണി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇതില്ലാത്തതിനാലാണ് റോഡുകൾ സഞ്ചാരയോഗ്യമല്ലാതായി തീരുന്നത്.

കാനസൗകര്യങ്ങൾ ഇല്ലാത്ത റോഡുകളിൽ അവ നിർമ്മിക്കണം. നീർക്കെട്ടാണ് പല റോഡുകൾക്കും ഭീഷണി. നീർക്കെട്ടുള്ള പ്രദേശങ്ങളിൽ ആ പ്രദേശങ്ങളിലെ ജനങ്ങളുടെ സഹകരണത്തോടെ കാനകൾ നിർമ്മിക്കാൻ കഴിയും.

ഏകദേശം 200-ഓളം ഓട്ടോറിക്ഷകളും, 100ഓളം ടാക്സികളും, 20ഓളം ലോറിടെമ്പോകളും, 50ഓളം ട്രെയ്ലറുകളും, അത്ര തന്നെ ടൂറിസ്റ്റ് വാഹനങ്ങളും വാടാനപ്പിള്ളി സെന്ററിൽ ദേശീയ പാതയോരത്തായി പാർക്കു ചെയ്യുന്നണ്ട്. ഇവയെക്കെല്ലാം സ്ഥിരമായ ഒരു പാർക്കിംഗ് സൗകര്യം ദേശീയ പാതയിൽ നിന്നും അൽപം മാറ്റി ഉണ്ടാക്കണം. ബസ് സ്റ്റാന്റ് നിർമ്മിക്കുമ്പോൾ അതിനോട് ചേർന്ന് ആകുന്നതായിരിക്കുന്നതും നല്ലത്

കടത്തു സൗകര്യങ്ങൾ വിപുലീകരിക്കണം.

ബസ് സ്റ്റോപ്പുകളിൽ ഇപ്പോഴുള്ള ഷെൽറ്റർ സംവിധാനങ്ങൾ ശരിയായി ഉപയോഗപ്പെടുത്തണം. ഇവ മാലിന്യങ്ങൾ കുന്നുകൂടാതെ സംരക്ഷിക്കണം.

അനുദിനം പെരുകി വരുന്ന വാഹനങ്ങളുടെ എണ്ണവും ഗതാഗത നിരക്കും പരിഹരിക്കാനാവശ്യമായ നടപടികൾ ആലോചിക്കുന്നതിന് സ്ഥിരമായി പഞ്ചായത്തു തലത്തിൽ ഒരി സമിതി സ്ഥാപിക്കുന്നത് നല്ലതായിരിക്കും.

ജല ഗതാഗത മാർഗ്ഗങ്ങൾ ടൂറിസം വികസനത്തെ സഹായിക്കുന്ന രീതിയിൽ പരിഷ്ക്കരിക്കണം.

ബസ് റൂട്ടുകൾ അനുവദിക്കാൻ പറ്റുന്ന മേഖലകളിലേക്ക് അത് ഉണ്ടാക്കാനാവശ്യമായ നടപടികൾ കൈകൊള്ളണം. നടുവിൽക്കര തൃത്തല്ലൂർ . തൃത്തല്ലൂർ പൊക്കഞ്ചേരി. ബീച്ചുകളിലേക്കുള്ള സർവ്വീസുകൾ, കിഴക്കെ, പടിഞ്ഞാറേ ടിപ്പുസുൽത്താൻ റോഡുകളിൽ കൂടിയുള്ള ബസ് സർവ്വീസുകൾ ഇവക്കെല്ലാം സാധ്യതയുണ്ട്.

ഒന്നാം വാർഡിനേയും നാലാം വാർഡിനേയും ബന്ധപ്പെടുത്തി ഒരു പാലം നിർമ്മിക്കുകയാണെങ്കിൽ ആ പ്രദേശങ്ങളിലുള്ള ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ ആശ്വാസം കണ്ടെത്താൻ കഴിയും.

ടൂറിസം വികസനത്തിന് സാധ്യതയുള്ള ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കാനാവശ്യമായ നടപടികൾ കൈകൊള്ളണം. ഇത്തരത്തിലുള്ള ധാരാളം ജലഗതാഗത മാർഗ്ഗങ്ങൾ പഞ്ചായത്തിലുണ്ട്.

പള്ളിയറ തോടിന് പണ്ട് ഉണ്ടായിരുന്ന വീതി ഇപ്പോഴില്ല അത് വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം.

ഇടപ്പള്ളി പറവൂർ, കൊടുങ്ങല്ലൂർ, തൃപ്രയാർ , ചേറ്റുവ, ഗുരുവായൂർ തുടങ്ങിയ തീരദേശ പ്രദേശങ്ങളെ ബന്ധിപ്പിക്കാവുന്ന വിധത്തിൽ ഒരു തീരദേശ റെയിൽവെ ലയിൻ ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പട്ടിക 1
ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

| റോഡിന്റെ സ്വഭാവം (നീളം) | | | | | | | |
|---|---|---|---|---|---|---|---|
| കച്ച | പക്ക | മെറ്റൽ | ടാർ | | | മറ്റുള്ളവ | ആകെ |
| | | | പഞ്ചായത്ത് | P.W.D. | N.H. | | |
| 9.920Km | 34.448Km | 2.350Km | 20.110Km | 1.100Km | 4Km | 3.500Km | 1.869Km |

പട്ടിക 2
കടത്തിനെ സംബന്ധിച്ച വിവരങ്ങൾ

| | കടത്തിന്റെ പേര് | വരുമാനം | മറ്റു വിവരങ്ങൾ |
|---|---|---|---|
| 1 | പുലത്തറക്കടവ് XI-ാം വാർഡിനേയും മണലൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്നു | ഇല്ല | പ്രതിമാസം 950 രൂപ ചിലവ് |
| 2 | I-ാം വാർഡിനേയും IV-ാം വാർഡിനേയും ബന്ധിപ്പിക്കുന്ന കടത്ത് കനോലിപുഴയിൽ പ്രത്യേകം പേരില്ല. | ഇല്ല | പ്രതിമാസം 495രൂപ ചിലവ്<br>മൊത്തം 1445രൂപ ചിലവ് |

പട്ടിക 4
റോഡ് സംബന്ധിച്ചുള്ള വിവരങ്ങൾ

| നമ്പർ | പേര് | നീളം | വീതി | ഇനം |
|---|---|---|---|---|
| 1. | ഭഗത്സിംഗ് റോഡ് | 0.750M | 4M | ടാർ |
| 2. | കിഴക്കേ ടിപ്പുസുൽത്താൻ റോഡ് | 1.1000Km | 8M | ടാർ |
| 3. | ശാന്തി റോഡ് | 0.600M | 6M | ടാർ |

പട്ടിക 6
റോഡ് സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | പേര് | നീളം | വീതി | ഇനം |
|---|---|---|---|---|
| 1. | രാഘവമേനോൻ റോഡ് | 0.220m | 5.40m | ചെങ്കൽ |
| 2. | മുട്ടുകായൽ ബണ്ട് റോഡ് | 0.700m | 2.40m | ചെങ്കൽ |
| 3. | ശങ്കരമംഗലം റോഡ് | 0.800m | 6.6m | ചെങ്കൽ |
| 4. | തെക്കേ ജുമാമസ്ജിദ് റോഡ് | 1.300km | 5.40m | ചെങ്കൽ |
| 5. | കൃഷ്ണപ്പിള്ള റോഡ് | 1.350 km | 3.60m | " |
| 6. | കായൽ റോഡ് | 1.00km | 3.60m | " |
| 7. | ചർച്ച് റോഡ് | 0.500 m | 6.6m | " |
| 8. | കണ്ണന്തറ റോഡ് | 0.500m | 5.40m | " |
| 9. | ഗണേശമംഗലം ബീച്ച് ലക്ഷം വീട് കോളനി റോഡ് | 0.225m | 3.20m | " |
| 10. | കൊറ്റായി ലക്ഷം വീട് കോളനി റോഡ് | 1.225km | 540m | " |
| 11. | വടക്കേ ജുമാമസ്ജിദ് റോഡ് | 1.500km | 5.40m | " |
| 12. | സുഭാഷ് റോഡ് | 0.800m | 540m | " |
| 13. | കൊറ്റായി ടെമ്പിൾ റോഡ് | 1.500 km | 5.40m | " |
| 14. | പൊക്കാഞ്ചേരി കടപ്പുറം റോഡ് | 2.500km | 5.40m | " |
| 15. | ദുബായ് റോഡ് | 2.500km | 5.40m | " |
| 16. | A.K.G.റോഡ് | 2.500km | 5.40m | " |
| 17. | മഹാത്മാഗാന്ധി റോഡ് | 0.800m | 5.40m | " |
| 18. | ഇടംപാടം റോഡ് | 0.300m | 4.2m | " |
| 19. | ഇടംപാടം മുത്തപ്പൻ റോഡ് | 0.245m | 3m | " |
| 20. | വാടാനപ്പള്ളി ബീച്ച് - ചിലങ്ക ബീച്ച് ലിങ്ക് റോഡ് | 0.700m | 5.4m | " |
| 21. | അഞ്ചങ്ങാടി റോഡ് | 1.200km | 4.2m | " |
| 22. | ആനവളവിൽനിന്നു കിഴക്കോട്ടുള്ള റോഡ് | 0.300m | 3.60m | " |
| 23. | റഹ്മത് നഗർ റോഡ് | 0.600m | 5.4m | " |
| 24. | ചെട്ടിക്കാട് കോളനി റോഡ് | 0.400m | 3.20m | " |
| 25. | P.V.വിജയൻ മെമ്മോറിയൽ റോഡ് | 0.800m | 3.6m | " |
| 26. | ശ്മശാനം റോഡ് | 1.800km | 5.40m | " |
| 27. | ഫ്രൻഡ്സ് റോഡ് | 0.350m | 5.4m | " |
| 28. | ഉപ്പുവടന്ന റോഡ് | 1.250km | - | " |
| 29. | ശാന്തി റോഡ് | 0.600m | 6m | " |
| 30. | തൃത്തല്ലൂർ ആശുപത്രി റോഡ് | 0.450 | 2.40m | " |
| 31. | ശാന്തി റോഡിൽ നിന്നും തുടങ്ങി ശാന്തി റോഡിൽ അവസാനിക്കുന്ന റോഡ് | 6.490 | 3.6m | " |
| 32. | ചിലങ്ക ബീച്ച് റോഡിൽനിന്ന് പുതിയ റോഡ് നിർമ്മാണം | 0.750m | 3m | " |
| 33. | ഹൈസ്കൂൾ റോഡ് | 0.120m | 1.80m | " |
| 34. | വടക്കേ ജുമാമസ്ജിദ് റേഡ് | 2.053km | 3.6m | " |
| 35. | പോലീസ് സ്റ്റേഷൻ റോഡ് | 0.220km | 2m | " |
| 36. | ഗണേശമംഗം പൊക്കഞ്ചേരി കടപ്പുറം റോഡിനെയും വാടാനപ്പള്ളി അഴിമുഖം റോഡിനേയും ബന്ധിപ്പിക്കുന്ന ലിങ്കി റോഡ് | 0.800m | 5.40m | " |
| 37. | ഗണേശമംഗലം ബീച്ച് റോഡിൽ നിന്ന് ആരംഭിച്ച് വടക്കേ ജുമാമസ്ജിദ് വരെയുള്ള റോഡ് | 1.450km | 5.40m | " |
| 38. | പടിഞ്ഞാറേ ടിപ്പുസുൽത്താൻ റോഡ് | 0.50m | 4m | " |
| 39. | മിനി സ്റ്റേഡിയം റോഡ് | 1.200m | 4m | " |

# പൊതുജനാരോഗ്യം

മൂന്ന് പതിറ്റാണ്ട് മുമ്പ് വാടാനപ്പിള്ളി ഗ്രാമപഞ്ചായത്തിൽ സർക്കാർ മേഖലയിലെ ആദ്യ സംരംഭമായ തൃത്തല്ലൂരിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കപ്പെടുന്നതിന് മുമ്പ് നാടൻ ചികിത്സാ രീതികളും ആയൂർവ്വേദം, വിഷചികിത്സ, യുനാനി എന്നിവയും സാർവത്രികമായും നിലനിന്നിരുന്നു. അലോപ്പതി ആരോഗ്യകേന്ദ്രം സ്ഥാപിക്കപ്പെട്ടതിന് ശേഷം കൂടുതൽ ജനങ്ങളും ചികിത്സക്കായി ഈ സ്ഥാപനത്തെ ആശ്രയിക്കാൻ തുടങ്ങി. എങ്കിലും നല്ലൊരു വിഭാഗം ജനങ്ങൾ ആയൂർവേദമടക്കമുള്ള പാരമ്പര്യ ചികിത്സാരീതിയേയും ആശ്രയിച്ചിരുന്നു. താരതമ്യേന ചിലവുകുറഞ്ഞ ഹോമ്യോപ്പതി ചികിത്സക്ക് അത്ര അധികം പ്രാധാന്യം ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നില്ല. തൊലിപുറമെ ഉണ്ടാകുന്ന രോഗങ്ങൾക്കും ചില പാരമ്പര്യ രോഗങ്ങൾക്കും ആളുകൾ കൂടുതലായി ആയൂർവ്വേദ ചികിത്സയെയാണ് ആശ്രയിച്ചിരുന്നത്.

ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കപ്പെടുന്നതിന് മുമ്പ് ജനങ്ങൾ ആയുർവേദ ചികിത്സക്കായി ആശ്രയിച്ചിരുന്നത് നാട്ടുവൈദ്യന്മാരെ ആയിരുന്നു. ആയുർവേദ വെട്ടിമരുന്ന് കടകളോട് ബന്ധപ്പെട്ട ഈ നാട്ടുവൈദ്യന്മാർ ചികിത്സ നടത്തിയിരുന്നു വളരെ പ്രഗത്ഭരായ പല ആയുർവ്വേദ വൈദ്യന്മാരും നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു.

സ്വകാര്യ ആശുപത്രികൾ രൂപം കൊടുക്കുന്നതിന് മുമ്പ് തന്നെ അലോപ്പതി ചികിത്സാരംഗത്ത് സ്വകാര്യ പരിശോധനക്ക് തുടക്കം കുറിച്ചിരുന്നു. പ്രഗത്ഭനായിരുന്ന Dr.രാഘവ മേനോന്റെ സേവനം വാടാനപ്പിള്ളിയിലും പരിസര പ്രദേശത്തുമുള്ളവർ എക്കാലത്തും അനുസ്മരിക്കുന്നതാണ്.

സ്വകാര്യ ആശുപത്രി രംഗത്ത് ആദ്യമായി സ്ഥാപിക്കപ്പെട്ടത് വാടാനപ്പിള്ളി സെന്ററിലെ ശാന്തിനികേതൻ ആശുപത്രിയാണ്. എന്നാൽ ഇപ്പോൾ കരുണ ആശുപത്രി, ധന്യആശുപത്രി, മേഴ്സി ആശുപത്രി എന്നീ സ്ഥാപനങ്ങളും സ്വകാര്യ മേഖലയിൽ പ്രവൃത്തിക്കുന്നുണ്ട്. ഗൾഫ് മേഖലയുടെ സ്വാധീനം വർദ്ധിച്ചുവന്നതോടെ സ്വകാര്യ ചികിത്സാരംഗവും തടിച്ചുകൊഴുത്തു. എങ്കിലു ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ആശാകേന്ദ്രം പ്രാഥമിക ആരോഗ്യകേന്ദ്രം തന്നെയാണ്. ഇതോടനുബന്ധമായിതന്നെ ആയുർവ്വേദ ചികിത്സാരംഗവും ഹോമിയോ ചികിത്സാരംഗവും വളർച്ചയുടെ വഴികളിലൂടെ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ആയുർവ്വേദ ക്ലിനിക്കുകളും മൂന്ന് ഹോമിയോ ക്ലിനിക്കുകളും കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

സ്വകാര്യ ചികിത്സാരംഗം ദ്രുതഗതിയിൽ വികാസം പ്രാപിച്ചുകൊണ്ടിരിക്കുമ്പോൾ ആരോഗ്യ രംഗത്ത് കൂടുതൽ സംഭാവന ചെയ്യാൻ കഴിവുള്ള, സാധാരണക്കാരുടെ ആശ്രയ കേന്ദ്രമായ നമ്മുടെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കാര്യമായ ചലനമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നത് നിർഭാഗ്യകരമാണ്. ഹെൽത്ത് സെന്ററിന്റെ പുതിയ കെട്ടിടവും വാർഡുകളും നിർമിക്കപ്പെട്ടു എങ്കിലും ചികിത്സാ രംഗത്ത് കൂടുതൽ ജനങ്ങളെ ആകർഷിക്കാനുള്ള സൗകര്യങ്ങൾ ഇന്നും ഈ സ്ഥാപനത്തിലില്ല. ഏകദേശം 7 വർഷങ്ങൾക്ക് മുമ്പ് ധാരാളം പ്രസവങ്ങൾ ഈ സ്ഥാപനത്തിൽ നടന്നിരുന്നുവെങ്കിലും വിരലിലെണ്ണാവുന്ന പ്രസവങ്ങളെ ഇപ്പോൾ ഇവിടെ നടക്കുന്നുള്ളൂ. ഒരു ലേഡീ ഡോക്ടറുടെ സേവനം ഇല്ലാതിരുന്നതാണ് ഈ ദുസ്ഥിതിക്ക് മുഖ്യകാരണമായിരുന്നത്.

ഗവ: ആയുർവ്വേദ ആശുപത്രിയുടെ സ്ഥിതിയും ഇതിൽ നിന്ന് ഒട്ടും വിഭിന്നമല്ല. വേണ്ടത്ര ജീവനക്കാരില്ലാത്തത്കൊണ്ടും, കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ലാത്തത്കൊണ്ടും ആയുർവ്വേദ കേന്ദ്രത്തിന്റെ സേവനം ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് ലഭ്യമാകുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ 6-ാം വാർഡിലാണ് പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിതി ചെയ്യുന്നത്. ഇതിനോടനുബന്ധിച്ച് തന്നെ കുടുംബക്ഷേമ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. വേണ്ടത്ര

ഡോക്ടർമാരുടെ സേവനം അടുത്തകാലംവരെ ഈ ആശുപത്രിയിൽ ലഭ്യമായിരുന്നില്ല എങ്കിലും ഇന്ന് ആ കുറവ് ഏറെകുറെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഒരു പീഡിയാട്രീഷന്റെ കുറവ് ഈ ആശുപത്രിയിൽ ഇന്ന് നിലനിൽക്കുന്നുണ്ട്. ആയത് ഉടനടി പരിശീലിപ്പിക്കപ്പെടേണ്ടതാണ്. കുടുംബക്ഷേമ കേന്ദ്രത്തിൽ ജീവനക്കാർ കാര്യക്ഷമതയോടെയുള്ള പ്രവർത്തനം കാഴ്ചവെക്കുകയും ഗൃഹസന്ദർശനം യഥാവസരം നടത്തുകയും വേണം. പ്രതിരോധ കുത്തിവെപ്പുകളും ആരോഗ്യ ക്ലാസ്സുകളും യഥാവസരങ്ങളിൽ സംഘടിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ആയുർവ്വേദ ആശുപത്രി പഞ്ചായത്തിലെ 9-ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. സ്വന്തമായി കെട്ടിടമില്ലാത്ത അവസ്ഥ ഈ ആശുപത്രിയുടെ വികസനത്തിന് പ്രധാന തടസ്സമാണ്. ഈ ആയുർവ്വേദ ഡിസ്പെൻസറിയെ 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതും വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്നതുമായ ശിശുവാഹാറിലേക്ക് മാറ്റി പത്ത് പെരെയെങ്കിലും കിടത്തി ചികിത്സിക്കാവുന്ന ഒരു ആശുപത്രിയാക്കി മാറ്റേണ്ടതാണ്. മാത്രമല്ല കൂടുതൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് പഞ്ചകർമ്മ ചികിത്സ, കായചികിത്സ, തുടങ്ങിയ പാരമ്പര്യ ചികിത്സകൾ നടത്താൻ കഴിയും.

വാടാനപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ പൊതു മരണനിരക്ക് 5.04ആണ്. കേരളത്തിലെ പൊതുമരണനിരക്ക് 5.9 ആണ്. പഞ്ചായത്തിലെ ശിശുമരണനിരക്ക് 11.6 ആണ്. കേരളത്തിലെ പൊതുശിശുമരണനിരക്ക് ആയിരത്തിന് 16 ആണ്. ശിശുമരണ നിരക്ക് താരതമ്യേന കൂടുതൽ കടലോരപ്രദേശത്താണ്. മാതൃമരണ നിരക്ക് 1000ത്തിന് 1ൽ താഴെയാണ്. പഞ്ചായത്തിലെ ജനന നിരക്ക് 23.48ാണ്. കേരളത്തിലെ ശരാശരി ജനന നിരക്കി 17 ആണ്. മറ്റ് പല പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിലെ ജനന നിരക്ക് കൂടുതലാണെന്ന് കാണാം. ബോധനിലവാരത്തിലെ കുറവ് ജനന നിയന്ത്രണ മാർഗ്ഗങ്ങളുടെ അപര്യാപ്തത എന്നിവ ജനന നിരക്കിൽ വർദ്ധനവുണ്ടാക്കുന്നുണ്ട്. ഒരു വയസ്സിന് താഴെയുള്ള കുട്ടികൾ 415 ഉം 12 വയസ്സിന് താഴെയുള്ളവർ 5067ഉം ആണ്. 60 വയസ്സിന് മുകളിലുള്ളവരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. കൂട്ടുകുടുംബങ്ങൾ തകരുകയും അണു കുടുംബ വ്യവസ്ഥ രൂപപ്പെടുകയും ചെയ്തതോടെ വൃദ്ധന്മാരെ സംരക്ഷിക്കാൻ ആളില്ലാത്ത സ്ഥിതിവിശേഷം അല്പാല്പമായി രൂപപ്പെട്ടി വരുന്നുണ്ട്. പഞ്ചായത്തിൽ അംഗവൈകല്യമുള്ളവരിൽ ഏറിയ പങ്കും പോളിയോ രോഗം ബാധിച്ചവരാണ്.

രോഗികളുടെ പട്ടിക

| രോഗം | എണ്ണം |
|---|---|
| ക്ഷയരോഗികൾ | 300 |
| കുഷ്ഠരോഗികൾ | 23 |
| ഹൃദ്രോഗികൾ | 150 |
| രക്തസമ്മർദ്ദ രോഗികൾ | ·900 |
| പ്രമേഹ രോഗികൾ | 600 |
| കേൻസർ രോഗികൾ | 25 |

വാടാനപ്പിള്ളി പഞ്ചായത്തിലെ സമീപ വർഷങ്ങളിലെ inpatient, out patient വിഭാഗത്തിൽ പെട്ട രോഗികളുടെ പട്ടിക താഴെ കൊടുക്കുന്നു.

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച് വിവരം | | | | |
|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷചികിത്സ | മറ്റുള്ളവ |
| 92-93 | 4050 | 16764 | 3010 | 88 | 718 | 12 | 16,986 |
| 93-94 | 4468 | 18043 | 4100 | 104 | 803 | 16 | 17, 488 |
| 94-95 | 1670 | 26318 | 4098 | 72 | 1191 | 15 | 22,612 |

ഓരോ വർഷം ചെല്ലും തോറും രോഗികളുടെ എണ്ണം കൂടിവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പഞ്ചായത്തിലെ ആശുപത്രികളിൽനിന്ന് ലഭിച്ച കണക്കുകളാണ് ഈ പട്ടികക്ക് ആധാരമായിട്ടുള്ളത്. ഈ പഞ്ചായത്തിൽനിന്നും മെഡിക്കൽ കോളേജുകൾ ജില്ലാ ആസ്പത്രി മറ്റ് സ്വകാര്യ ആശു

പത്രികൾ എന്നിവിടങ്ങളിൽ ചികിത്സിക്കുന്ന രോഗികളും പ്രൈവറ്റ് ക്ലിനിക്കുകളിൽ ചികിത്സിക്കുന്ന രോഗികളും കൂടെ കൂടുമ്പോൾ ഈ കണക്ക് കൂടുതൽ വിപുലമായിരിക്കും. 92-93ൽ തുടങ്ങി 94-95 ആയപ്പോഴേക്കും ജനസംഖ്യയുടെ 80% പേർ രോഗവുമായി ബന്ധപ്പെട്ട് വർഷത്തിൽ ഒരിക്കലെങ്കിലും ചികിത്സാ സഹായം തേടാറുണ്ട്, എന്നാണ് ഇത് കാണിക്കുന്നത്. വർഷക്കാലത്ത് അതിസാരം, ഗ്യാസ്ട്രോ എന്ററൈറ്റീസ്, കോളറ, എന്നിവ പിടിപെടാറുണ്ട്. മത്സ്യവളം ശരിയായ രീതിയിൽ ഉപയോഗിക്കാത്തത് പകർച്ച വ്യാധിക്ക് പ്രധാന കാരണമാകാറുണ്ട് കടലോര പ്രദേശത്താണ് അതിസാരം കൂടുതൽ കണ്ടുവരുന്നത്. പ്രായത്തിനനുസരിച്ചും തൂക്കമുള്ള കുട്ടികളുടെ എണ്ണം ക്രമേണ കൂടി വരുന്നുണ്ട്. അംഗൻ വാടികളിൽ പോഷക ആഹാരങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകളുണ്ട്. 7-ാം ക്ലാസ്സുവരെ സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനങ്ങളുമായി വൈസ് മെൻസ് ക്ലബ്, സായിട്രസ്റ്റ്, ലയൻസ് ക്ലബ്, മർച്ചൻസ് അസോസിയേഷൻസ് എന്നിവയാണ് മുഖ്യമായും സഹകരിക്കുന്നവർ

**പ്രശ്നങ്ങൾ**

1. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗികൾക്കു ഭക്ഷണം ലഭിക്കുന്നില്ല
2. ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമല്ല
3. ലബോറട്ടറി സൗകര്യകുറവുണ്ട്.
4. 1,3,4,8,11 വാർഡുകളിൽ സബ് സെന്ററുകളുടെ കുറവുണ്ട്
5. പ്രാഥമിക മരുന്നുകൾ സബ്സെന്ററുകളിൽ കൂടി വിതരണം ചെയ്യുന്നില്ല
6. എക്സ്-റേ യൂണിറ്റും ആംബുലൻസും ഇല്ല
7. ആയുർവ്വേദ മരുന്നുകൾ വേണ്ടത്ര ലഭിക്കുന്നില്ല
8. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ആയുർവ്വേദ ഡിസ്പെൻസറിയില്ല
9. വേണ്ടത്ര ജീവനക്കാർ ആയുർവ്വേദ ആശുപത്രികളിലില്ല

ഒരു ഹോമിയോ ഡിസ്പൻസറി പഞ്ചായത്തിലില്ല.

**നിർദ്ദേശങ്ങൾ**

1. പ്രൈമറി ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം.
2. ആശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം.
3. കുടുംബക്ഷേമ കേന്ദ്രത്തിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം.
4. കുട്ടികളുടെ സ്പെഷ്യലിസ്റ്റിനെ നിയമിക്കണം.
5. ആമ്പുലൻസ് ഏർപ്പെടുത്തണം
6. എക്സ്-റേ യൂണിറ്റ് സ്ഥാപിക്കണം
7. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമിക്കണം
8. ഹോമിയോ ഡിസ്പെൻസറി അനുവദിക്കണം
9. ആയുർവ്വേദ മരുന്നുകൾ വേണ്ടത്ര ലഭ്യമാക്കണം
10. എല്ലാ വാർഡുകളിലും സബ് സെന്ററുകൾ സ്ഥാപിക്കണം.

## കുടിവെള്ളം

വാടാനപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിന് വേണ്ടി പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെ തന്നെയാണ്. നമ്മുടെ പഞ്ചായത്തിലെ കിഴക്കും പടിഞ്ഞാറും പ്രദേശങ്ങളിലാണ് പ്രധാനമായും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. വേനൽകാലങ്ങളിൽ കിഴക്കും പടിഞ്ഞാറും പുഴകളിൽ ഉപ്പ് വെള്ളമാവുന്നതിനാൽ ശുദ്ധജല

തിന് വേണ്ടി ജനങ്ങൾ വളറെയേറെ ദൂരപ്രദേശങ്ങളിലേക്ക് പോകേണ്ടിവരുന്നുണ്ട്. നടുവിൽക്കരപ്പടക്കെ അറ്റത്തുള്ളവർ കനോലി കനാലിന്നപ്പുറത്ത് നിന്ന് പോലും ശുദ്ധജലം കൊണ്ടുവരാറുണ്ട്. ഡച്ചു ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നാട്ടിക ഫർക്ക സമഗ്ര ശുദ്ധജല വിതരണ പദ്ധതിയിൽ കൂടിയാണ് നമ്മുടെ മേഖലയിൽ പ്രധാനമായും ശുദ്ധജല വിതരണം നടക്കുന്നത്. എന്നിരുന്നാലും മുഖ്യ കുടിവെള്ള സ്രോതസ്സ് സ്വകാര്യകിണറുകൾ തന്നെയാണ്. പഞ്ചായത്തിൽ 1350 സ്വകാര്യ കിണറുകളും 21 പൊതുകിണറുകളുണ്ട്. ഇത് കൂടാതെ 92- 93ൽ കൃഷിഭവനുകളിൽകൂടി 28 കിണറുകളും 79 കുഴൽ കിണറുകളും അനുവദിച്ചിട്ടുണ്ട്. പ്രത്യേക ഘടകപദ്ധതി പ്രകാരം കൃഷിഭവനുകൾ മുഖേന പട്ടികജാതി വിഭാഗത്തിൽപെടുന്നവർക്ക് 25 കിണറുകളും അനുവദിച്ചിട്ടുണ്ട്. 1982ൽ ആരംഭിച്ച നാട്ടിക ഫർക്ക സമഗ്ര ശുദ്ധജലവിതരണം പദ്ധതി 1990 ഡിസംബറിൽ ഭാഗികമായി പ്രവർത്തനം ആരംഭിച്ചു ജലവിതരണശൃംഖല കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്ന പണികൾ 1995 സെപ്തംബറിൽ പൂർത്തിയാക്കിയിട്ടുണ്ട്. നാട്ടിക ഫർക്ക പദ്ധതിയുടെ ഉറവിടം കരുവന്നൂർ പുഴയിൽ ഇല്ലിക്കൽ റെഗുലേറ്ററിന്നടുത്താണ്. അവിടെ നിർമ്മിച്ചിട്ടുള്ള ഇൻടേക്ക് കിണറിൽനിന്നു 600 മില്ലിമീറ്റർ വ്യാസമുള്ള ഇരുമ്പ് പൈപ്പ് വഴി ദിവസം 20 ദശലക്ഷം ലിറ്റർ ശേഷിയുള്ള വെള്ളാനിയിലെ ശുദ്ധീകരണ ശാലയിലേക്ക് വെള്ളം പമ്പ് ചെയ്തതിന് ശേഷം 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂഗർഭ സംഭരണിയിൽ ശേഖരിക്കപ്പെടുന്നു. അവിടെനിന്ന് സമീപമുള്ള 8 ലക്ഷം ലിറ്റർ ശേഷിയുള്ള മാസ്റ്റർ ടാങ്കിലേക്ക് വീണ്ടും പമ്പ് ചെയ്യുന്ന മാസ്റ്റർ ടാങ്കിൽനിന്ന് ഗുരുത്വാകർഷണം കൊണ്ട് 200 മില്ലി മീറ്റർ മുതൽ 700 മില്ലിമീമീറ്റർ വരെ വ്യാസമുള്ള ഏകദേശം 45 കിലോമീറ്റർ നീളമുള്ള പൈപ്പുകൾ വഴിയാണ് സംഭരണിയിൽ എത്തുന്നത്. 151 പൊതുടാപ്പുകളിൽ കൂടിയാമ് ഈ ശുദ്ധജലം പഞ്ചായത്തിലെ പൊതുജനങ്ങൾക്ക് ലഭിക്കുന്നത്. ഇത് കൂടാതെ 376 സ്വകാര്യ കണക്ഷനുകളും ഇപ്പോൾ നിലവിലുണ്ട്. ഒരു പൊതു ടേപ്പ് ശരാശരി 10 കുടുംബങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. വെള്ളം എല്ലായ്പ്പോഴും ലഭിക്കുന്നുണ്ടെങ്കിലും വൈദ്യുത തകരാറു മൂലം അറ്റകുറ്റപണികളുമുള്ള സന്ദർഭങ്ങളിൽ ചിലപ്പോൾ വെള്ളം കിട്ടാതെ വരാറുണ്ട്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് ജലക്ഷാമം രൂക്ഷമാകാറുള്ളത്. പൊതുകിണറുകൾ വൃത്തിയാക്കിയും പൊതുകുളങ്ങൾ സംരക്ഷിക്കുകയും ചെയ്തുകൊണ്ട് ശുദ്ധജലക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കണ്ടെത്താൻ കഴിയുമെങ്കിലും രൂക്ഷമായ വരൾച്ചക്കാലത്ത് വണ്ടികളിൽ ശുദ്ധജലവിതരണം നടത്തേണ്ടത് ആവശ്യമായി തന്നെ തുടരുകയാണ്.

സോഷ്യോ എക്കണോമിക്ക് യൂണിറ്റിന്റെ നേതൃത്വത്തിൽ ഇപ്പോൾ നടന്നുവരുന്ന കക്കൂസ്സ് നിർമ്മാണത്തോടുകൂടി 80% ജനങ്ങൾക്കും കക്കൂസ്സ് ഉണ്ടാകുന്നതാണ്. ബാക്കി വരുന്നവർക്ക് കൂടി സാമ്പത്തിക സഹായം നൽകി കക്കൂസ്സ് നിർമ്മിച്ചാൽ പരിസര ശുചീകരണ പ്രശ്നത്തിനൊരു ശാശ്വത പരിഹാരമാകും.

വാടാനപ്പിള്ളി സെന്ററിൽ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിലവിലുണ്ട്. സ്ത്രീകൾക്ക് പ്രത്യേക സൗകര്യം ഏർപ്പെടുത്തി അത് കൂടുതൽ വിപുലീകരിക്കേണ്ടതാണ്. നേഷണൽ ഹൈവേയുടെ ഇരുപുറങ്ങളും വിശേഷിച്ച് വാടാനപ്പള്ളി സെന്ററും ശുചിയാക്കി വെയ്ക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമായി തുടരേണ്ടതാണ്. കച്ചവടക്കാരെ ബോധവൽക്കരിച്ചും ആവശ്യമെങ്കിൽ കൂടുതൽ കർശനനടപടികൾ സ്വീകരിച്ച ശുചീകരണ പ്രവർത്തനം കാര്യക്ഷമമാക്കണം നിയോഗിക്കപ്പെട്ട ജീവനക്കാരെകൊണ്ട് അർപ്പണ മനോഭാവത്തോടെ ജോലി ചെയ്യിക്കണം.


വാടാനപ്പള്ളി സെന്ററിലുള്ള കാനകളിൽ സ്ഥിരമായി ഈച്ച, കൊതുക്, നിവാരണ മരുന്നുകൾ ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

## പ്രധാന പ്രശ്നങ്ങൾ


1. പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള മേഖലകളിൽ വേനൽക്കാലത്ത് രൂക്ഷമായ ശുദ്ധജല ക്ഷാമം നിലനിൽക്കുന്നുണ്ട്.
2. കോളനി നിവാസികൾക്കും ആവശ്യത്തിന് ശുദ്ധജലം ലഭിക്കാത്ത സ്ഥിതിയുണ്ട്.
3. പൊതുകിണറുകളും കുളങ്ങളും കൃത്യമായി അടയാളപ്പെടുത്തി യഥാസമയങ്ങളിൽ ശുചീകരണം നടത്തണം.
4. ശുദ്ധജലക്ഷാമത്തെ തുടർന്ന് വേനൽക്കാലങ്ങളിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാൻ ഇടയാകുന്നുണ്ട്.
5. പൊതു ടാപ്പുകളിൽ വസ്ത്രം കഴുകിയും മറ്റു രീതിയിൽ മലിനമാകുന്നതും സർവ്വ സാധാരണയാണ്.
6. മലിനജലം ഒഴിഞ്ഞുപോകുന്നതിന് ആവശ്യമായ കാനകളുടെ കുറവ് നിലനില്ക്കുന്നുണ്ട്.
7. സ്വകാര്യ ആശുപത്രികളിൽനിന്ന് മാലിന്യവസ്തുക്കൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ സുരക്ഷാസംവിധാനങ്ങളുടെ കുറവുണ്ട്.

## നിർദ്ദേശങ്ങൾ

1. വാടാനപ്പള്ളി സെന്ററിൻ സ്ത്രീകൾക്ക് പ്രത്യേകമായി കംഫർട്ട് സ്റ്റേഷൻ ഏർപ്പെടുത്തണം.
2. കടലോരപ്രദേശത്തും കനോലികനാലിന്റെ തീരപ്രദേശത്തും ഉപ്പ് വെള്ളം കയറാതിരിക്കാനുള്ള നടപടികൾ കൈകൊള്ളണം
3. ശുദ്ധജലടേപ്പുകൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കണം.
4. നിലവിലുള്ള ടാപ്പുകളിലെ അറ്റകുറ്റപണികൽ നടത്തി വൃത്തിയാക്കണം
5. ടാപ്പുകളിലെ വെള്ളം ദുരുപയോഗം ചെയ്യുന്നതിന് തടയണം.
6. വള്ളിവട്ടം പദ്ധതി നടപ്പിലാക്കണം.
7. ജലസംരക്ഷണത്തെക്കുറിച്ചും, ജലജന്യരോഗങ്ങളെ കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
8. എല്ലാ വിദ്യാലയങ്ങളിലേക്കും സൗജന്യമായി പൊതുടാപ്പുകൾ അനുവദിക്കണം.
9. എല്ലാ വീടുകളിലും ശാസ്ത്രീയമായ കക്കൂസ്സുകൾ നിർമ്മിക്കണം



# വിദ്യാഭ്യാസം



സ്വാതന്ത്ര്യപൂർവ്വഘട്ടത്തിൽ തന്നെ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട പത്തോളം പ്രൈമറി സ്ക്കൂളുകൾ പ്രാഥമിക വിദ്യാഭ്യാസരംഗത്ത് ഗണ്യമായ മുന്നേററത്തിന് വഴിയൊരിക്കിയിരുന്നു. നൂറുവർഷം മുൻപ് സ്ഥാപിക്കപ്പെട്ട ഈസ്ററ് എൽ.പി.സ്ക്കൂളാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം 1930–ന് മുൻപ്തന്നെ ബോധാനന്ദവിലാസം എൽ.പി., ഫിഷറീസ് യു.പി., ആർ.സി.യു.പി., കടപ്പുറം. എൽ.പി, സൗത്ത് മാപ്പിള യു.പി. എന്നീ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഇതുമൂലം ആര നൂററാണ്ടിനു മുൻപുതന്നെ നമ്മുടെ പഞ്ചായത്തിൽ മററ് പ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്ന സാക്ഷരത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ദേശീയ പ്രസ്ഥാനവും സാമൂഹിക പരിഷ്ക്കരണ പ്രവർത്തനങ്ങളും പഞ്ചായത്തിലെ വിദ്യാഭ്യാസ ഉന്നമനത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആദ്യകാല അദ്ധ്യാപകവൃത്തിയെ ഒരു തപസ്യയായി കരുതിയിരുന്ന അദ്ധ്യാപകർ വഹിച്ച അഭിമാനകരമായ പങ്ക് എടുത്ത് പറയേണ്ട സംഗതിയാണ്. വെറും തുച്ഛമായ വേതനത്തിന് ജോലി ചെയ്തിരുന്ന ആദ്യകാല അദ്ധ്യാപകർ, രക്ഷിതാക്കളെ ബോധവാൻമാരാക്കി അവരുടെ കുട്ടികളെ വിദ്യാലയത്തിൽ എത്തിക്കാൻ ചെയ്ത ത്യാഗങ്ങൾ നിസ്സാരങ്ങളായിരുന്നില്ല.

1956 മെയ്മാസം 25–ാം തിയ്യതി സ്ഥാപിക്കപ്പെട്ട കമലാനെഹ്റു ഹൈസ്ക്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ. 1936ൽ സ്ഥാപിച്ച ബോർഡ് സ്കൂൾ സമീപകാലത്ത് ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്തതോടെ ഇപ്പോൾ പഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂളുകളുണ്ട്. വിദ്യഭ്യാസപരമായി പൊതുവെ പിന്നോക്കം നിൽക്കുന്ന വാടാനപ്പള്ളിയുടെ പടിഞ്ഞാറൻ മേഘലയിൽ ഹൈസ്ക്കൂൾ നിലവിൽ വന്നതോടെ പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നടത്താൻ സൗകര്യക്കുറവുമൂലം സംഭവിച്ചിരുന്ന വമ്പിച്ച കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അനഭിലക്ഷണിയമായ രീതിയിൽ വളർന്നുവരുന്ന വർഗ്ഗീയ ധ്രുവീകരണം ഈ സ്ക്കൂളിൻെറ സുഗമമായ നടത്തിപ്പിന് പലപ്പോഴും വിഘാതം സൃഷ്ടിക്കുന്നുണ്ട്.

സ്ഥാപനരംഗത്ത് പിന്നീടുണ്ടായ പുരോഗതി കമലാനെഹ്രു ഹൈസ്കൂൾ ഹയർസെക്കന്ററി സ്ക്കൂളായി വികസിപ്പിച്ചതാണ്. ഇപ്പോൾ പഞ്ചായത്തിനു പുറത്തുനിന്നുള്ളവരടക്കം ധാരാളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. ഭൗതീക സാഹചര്യങ്ങൾ കുറെ കൂടി മെച്ചപ്പെടുത്തിയാൽ സങ്കേതിക വിദ്യാഭ്യാസ രംഗത്ത് കാര്യക്ഷമമായി സംഭാവനചെയ്യാൻ കഴിയുന്ന ഒരു സ്ഥാപനമായി ഇത് ഉയർന്നുവരും.

നമ്മുടെ പഞ്ചായത്തിലെ S.S.L.C. റിസൽട്ട് കുറെകൂടിമെച്ചപ്പെട്ട അവസ്ഥയിലെത്തിക്കാൻ ജനകീയമായ ഇടപെടൽ ആവശ്യമാണ്. നിലവിലുള്ള രണ്ട് ഹൈസ്ക്കൂളിലെ 91 മുതൽ 96 വരെയുള്ള S.S.L.C. വിജയശതമാനം പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു.

**മുൻവർഷങ്ങളിലെ S.S.L.C. വിജയശതമാനം**

| സ്കൂളിൻെറ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| G.H.S.വാടാനപ്പള്ളി | 33.5 | 38 | 39 | 34 | 36 |
| K.N.M. H | 30 | 22 | 25 | 39 | 36 |

95–96ലെ കണക്കനുസരിച്ച് പതിനൊന്ന് സ്കൂളുകളിലായി ആകെ 5133 വിദ്യാർത്ഥികളാണ് ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ 2429 പേർ പെൺകുട്ടികളാണ്. ആകെ ജനസംഖ്യയിൽ പെൺകുട്ടികളാണ് കൂടുതലെങ്കിലും വിദ്യാലയങ്ങളിൽ അവരുടെ എണ്ണം ആൺകുട്ടികളുടേതിനേക്കാൾ കുറവാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയും ഇതിന് കാരണമായിതീരുന്നുണ്ട്. അമ്മയും അച്ഛനും പണിക്കുപ്പോകുമ്പോൾ ഇളയ കുട്ടിയെ സംരക്ഷിക്കാനുള്ള ചുമതല കുടുംബത്തിലെ പെൺകുട്ടികളിൽ വന്നു ചേരുന്നു. സ്വാഭാവികമായും ഈ കുട്ടികൾക്ക് പഠനം മുന്നോട്ടുകൊണ്ടു പോകാനാവുന്നില്ല.

ആകെ വിദ്യാർത്ഥികളിൽ 828 വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽപെട്ടവരാണ്. 95–96ൽ തോററു പഠിക്കുന്ന 509 കുട്ടികളിൽ 108 കുട്ടികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. അതുപോലെ അക്ഷരമുറക്കാത്ത കുട്ടികളിൽ ഭൂരിപക്ഷവും പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന വിദ്യാർത്ഥികളാണെന്ന് കണക്കുകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെടുന്നു. 95–96ൽ പഠനം നിർത്തിപോയവർ (Dropouts) 109 പേരാണ്. താഴ്ന്ന വരുമാനക്കാരായ രക്ഷിതാക്കളുടെ മക്കളാണ്, പഠനം നിറുത്തി പോകേണ്ടിവരുന്നതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ 11 വിദ്യാലയങ്ങളിലായി ആകെ 199 അദ്ധ്യാപകരാണ് ഉള്ളത്. ഇരുപത്തഞ്ച് വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപിക/അദ്ധ്യാപകൻ എന്ന അനുപാതത്തിൽ ആവശ്യത്തിന് അദ്ധ്യാപകർ ഉണ്ടെങ്കിലും ഓരോ സ്കൂളിലേയും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം വ്യത്യസ്ഥമാണെന്ന് കാണാവുന്നതാണ്. കണക്കുസൂചിപ്പിക്കുന്ന മററാരു രസകരമായ വസ്തുത 199 അദ്ധ്യാപകരിൽ 169 പേരും വനിതാ അദ്ധ്യാപകരാണെന്നുള്ളതാണ്. പതിനൊന്ന് സ്കൂളിലായി ആകെ ഉള്ളത് കേവലം 30 പുരുഷ അദ്ധ്യാപകരാണ്. തൊഴിൽ മേഘലയിൽ പൊതുവെ സ്ത്രീകളുടെ അദൃശ്യത ഉണ്ടെങ്കിലും അദ്ധ്യാപന രംഗത്ത് സ്ത്രീകളുടെ വമ്പിച്ച മുന്നേററമാണ് കാണുന്നത്. ഈ പ്രവണതമൂലം വിദ്യാഭ്യാസരംഗത്ത് ഉളവാകുന്ന ഗുണദോഷങ്ങൾ സൂക്ഷ്മമായി വിലയിരു ത്തേണ്ടതാണ്. വിദ്യാർത്ഥികളുടെയും അദ്ധ്യാപ കരുടേയും തിരിച്ചുള്ള പട്ടിക നോക്കുക.

**അദ്ധ്യാപക വിദ്യാർത്ഥി സ്ത്രീ പുരുഷ അനുപാതം**

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ഹൈസ്കൂളുകൾ | 17 | 57 | 74 | 915 | 775 | 1690 |
| യു.പി. സ്ക്കൂളുകൾ | 16 | 69 | 85 | 1353 | 1159 | 2512 |
| എൽ. പി. സ്കൂളുകൾ | 7 | 33 | 40 | 436 | 495 | 931 |

പട്ടിക 1

| ക്രമ നമ്പർ | സ്കൂളുകളുടെ പേര് | വിദ്യാർത്ഥികൾ | | | SC/ST കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവർ SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1. | ഫിഷറീസ് യു.പി. സ്കൂൾ | 188 | 160 | 348 | 33 | 28 | 61 | 5 | 2 | 7 | 12 | 15 | 27 | 2 | 2 | 4 | 10 | 6 | 16 | 20 |
| 2. | ടി.യു.പി. സ്കൂൾ, തൃത്തല്ലൂർ | 328 | 336 | 664 | 67 | 58 | 125 | 19 | 15 | 34 | 25 | 21 | 46 | — | — | — | 3 | — | — | — |
| 3. | St. Francis Xavier's R.C. UP സ്കൂൾ | 581 | 475 | 1056 | 111 | 99 | 210 | 15 | 3 | 18 | 64 | 26 | 90 | 1 | — | 1 | 3 | — | 3 | 4 |
| 4. | S.M.U.P. സ്കൂൾ | 256 | 188 | 444 | 35 | 25 | 60 | 7 | 3 | 10 | 18 | 8 | 26 | 1 | — | 1 | — | — | — | 1 |
| | ആകെ | 1353 | 1159 | 2512 | 246 | 210 | 456 | 46 | 23 | 69 | 119 | 70 | 189 | 4 | 2 | 6 | 13 | 6 | 19 | 25 |
| | എൽ.പി. സ്കൂൾ | — | — | — | — | — | — | — | — | — | — | — | — | — | — | — | — | — | — | — |
| 1. | ബി.വി. എൽ.പി. സ്കൂൾ | 62 | 46 | 108 | 20 | 17 | 37 | 3 | 4 | 7 | 3 | 3 | 6 | — | — | — | — | — | — | — |
| 2. | ഈസ്റ്റ് എൽ.പി. സ്കൂൾ | 52 | 65 | 117 | 11 | 19 | 30 | 1 | — | 1 | 3 | 4 | 7 | — | — | — | — | — | — | — |
| 3. | കടപ്പുറം എൽ.പി. സ്കൂൾ | 101 | 130 | 231 | 5 | 13 | 18 | 1 | — | 1 | 8 | 9 | 17 | — | — | — | — | — | — | — |
| 4. | എസ്.യു.പി.എൽ.പി. സ്കൂൾ | 125 | 116 | 241 | 33 | 23 | 56 | 8 | 4 | 12 | 5 | — | 5 | — | — | — | — | — | — | — |
| 5. | കെ.എം.എം.എൽ.പി. സ്കൂൾ | 96 | 138 | 234 | 14 | 18 | 32 | 1 | — | 1 | 7 | 10 | 17 | 1 | — | 1 | 3 | 8 | 11 | 12 |
| | ആകെ | 436 | 495 | 931 | 83 | 90 | 173 | 14 | 8 | 22 | 26 | 26 | 52 | 1 | — | 1 | 3 | 8 | 11 | 12 |
| | H.S | — | — | — | — | — | — | — | — | — | — | — | — | — | — | — | — | | | |
| 1. | G.H.S. | 594 | 487 | 1081 | 42 | 26 | 68 | — | — | — | 94 | 29 | 123 | — | — | — | — | — | — | — |
| 2. | K.N.M.V.H.S. | 321 | 288 | 609 | 64 | 67 | 131 | 10 | 7 | 17 | 23 | 14 | 37 | — | 1 | 1 | 1 | 1 | 2 | 3 |
| | ആകെ | 915 | 775 | 1690 | 106 | 93 | 199 | 10 | 7 | 17 | 117 | 43 | 160 | — | 1 | 1 | 1 | 1 | 2 | 3 |

പഞ്ചായത്തിലെ ആറ് വായനശാലകൾ അനൗപചാരിക വിദ്യഭ്യാസരംഗത്ത് പരിമിതമായ തോതിലെങ്കിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. 35 വർഷത്തോളം പഴക്കമുള്ള ജീവൻ കലാവേദി അംഗീകാരം നഷ്ടപ്പെട്ടിട്ടില്ലെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഗ്രന്ഥശാല അംഗികാരമുള്ള കിദ്വായി, യൂത്ത്ലീഗ്, കൃഷ്ണേട്ടൻ സ്മാരക റീഡിങ്ങ് റൂം എന്നിവയുടെ പ്രവർത്തനവും സജീവമല്ല. കുറെകൂടി സജീവമായി പ്രവർത്തിക്കുന്നത് പഞ്ചായത്തിന്റെ കീഴിലുള്ള രണ്ട് ലൈബ്രറികൾ ആണ്. ജനവിദ്യാകേന്ദ്രങ്ങൾ ഒന്നുംതന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. നവസാക്ഷരരായവരെല്ലാം വീണ്ടും നിരക്ഷരരുടെ പട്ടികയിലേക്കു തന്നെ പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പ്രൈമറിതലത്തിൽ ഇപ്പോൾ ഒരു ഇംഗ്ലീഷ് മീഡിയം (un-aided) സ്കൂളാണ് ഉള്ളത്. 9-ാം വാർഡിലുള്ള NSS ഇംഗ്ലീഷ് മീഡിയം സ്കൂളിൽ സമൂഹത്തിലെ മിഡിൽ ക്ലാസ്സ് വിഭാഗത്തിലെ 200 ഓളം വിദ്യാർത്ഥികളാണ് പഠിച്ചുകൊണ്ടിരിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളെ കുറിച്ച് വിലയിരുത്തുമ്പോൾ തീരെ തൃപ്തികരമല്ലെന്ന് കാണാവുന്നതാണ്. ശാസ്ത്രീയമായ പഠനത്തിന് ഏററവും അത്യന്താപേക്ഷിതമായ ലാബറട്ടറി സൗകര്യങ്ങൾ ഒരൊറ്റ സ്കൂളിലും കാര്യക്ഷമമായി ഏർപ്പെടുത്തിയിട്ടില്ല. പഠനഭാഗങ്ങളിലെ പരീക്ഷണനിരിക്ഷണങ്ങൾ ക്രമമായി കാണിച്ചു കൊടുത്ത് വിദ്യാർത്ഥികളെ ബോധ്യപ്പെടുത്താൻ കഴിയാതിരിക്കുന്നത് കൊണ്ടാണ് ശാസ്ത്രീയ വിഷയങ്ങളിൽ വിദ്യാർത്ഥികൾ വിമുഖത പ്രകടിപ്പിക്കുന്നത്. ലൈബ്രറി പുസ്തകങ്ങളുടെ വിതരണം കൃത്യമായി നടക്കുന്ന ഒരു വിദ്യാലയവും നമ്മുടെ പഞ്ചായത്തിലില്ലെന്നത് വളരെ വേദനാജനകമാണ്. ലൈബ്രറി ഹാളോ ഒരു ലൈബ്രറിയനോ ആവശ്യമാണെന്നുള്ള ധാരണ പോലും അദ്ധ്യപകർക്കോ അധികാരികൾക്കോ ബന്ധപ്പെട്ട P.T.A. കമ്മറ്റിക്കോ ഇല്ലെന്നതാണ് വസ്തുത.

ചാർട്ടുകളും പഠനോപകരണങ്ങളും വളരെ പരിമിതമായ തോതിലാണ് ഓരോ സ്കൂളിലുമുള്ളത്. ഉള്ളവതന്നെ കൃത്യമായി ഉപയോഗിക്കാനുള്ള സന്നദ്ധയും സംവിധാനങ്ങളും വിദ്യാലയങ്ങളിലില്ലെന്നതാണ് ഏറെ കഷ്ടം. ആവശ്യത്തിനുള്ള ഫർണിച്ചറുകൾ ഉള്ള സ്കൂളുകൾ നന്നേ ചുരുക്കമാണ്. മിക്ക U.P. L.P. സ്കൂളുകളിലും സ്റ്റാഫ്റൂംകൾ ഇല്ല. കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുവാനുള്ള പാചകമുറികൾ തീരെ സൗകര്യപ്രദങ്ങളല്ല. ഓലമേഞ്ഞ് വെറും മണ്ണിൽ അടുപ്പുകൾ പൂട്ടിയാണ് ഭക്ഷണം തയ്യാറാക്കുന്നത്. പല സ്കൂളുകൾക്കും കളിസ്ഥലങ്ങളേയില്ല. വൈദ്യുതി കണക്ഷനുകളില്ലാത്ത സ്കൂളുകൾ ഇപ്പോഴും നമ്മുടെ പഞ്ചായത്തിലുണ്ട് എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. പല സ്കൂളുകളിലും പേരിന് P.T.A. കൾ ഉണ്ടെങ്കിലും രണ്ടു ഹൈസ്കൂളുകളിൽ മാത്രമാണ് ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. നല്ല ഒരു വിഭാഗം വിദ്യാർത്ഥികൾ ഗുണമേന്മയുള്ള സ്കൂളുകൾ അന്വേഷിച്ച് അന്യപഞ്ചായത്തുകളിലേക്ക് പോകുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നും തന്നെ ആയിരത്തിനു മേലെ വിദ്യാർത്ഥികൾ അയൽ പഞ്ചായത്തുകളിലെ സ്കൂളുകളിലെയ്ക്ക് പേകുന്നവരാണ്. സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, കണ്ടശ്ശാംകടവ് ഗവ: ഹൈസ്കൂൾ ,കാരമുക്ക് സമാജം സ്കൂൾ, തളിക്കുളം ഗവൺമെന്റ് ഹൈസ്കൂൾ, ഏങ്ങണ്ടിയൂർ നാഷ്ണൽ സ്കൂൾ, സെന്റ് തോമാസ് ഹൈസ്കൂൾ എന്നിവിടങ്ങളിലേക്കാണ് ധാരാളമായി വിദ്യാർത്ഥികൾ ഒഴുകുന്നത്. പഠനനിലവാരവും യാത്രാസൗകര്യവുമാണ് വിദ്യാർത്ഥികളെ പുറം പഞ്ചായത്തുകളിലേക്ക് പോകാൻ പ്രേരിപ്പിക്കുന്നത്. വിദൂരസ്ഥങ്ങളായ പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർന്നു പഠിക്കുന്ന അപ്പർ മിഡിൽ ക്ലാസ്സ് വിദ്യാർത്ഥികൾ നമ്മുടെ പഞ്ചായത്തിലും ധാരാളം ഉണ്ടായിട്ടുണ്ട്. ചെന്ത്രാപ്പിന്നി S.N. ഇംഗ്ലീഷ് മീഡിയം സ്കൂൾ, എറവ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, തൃശൂർ NSS സ്കൂൾ, എടശ്ശേരി ഇംഗീഷ് മീഡിയം സ്കൂൾ എന്നീ സ്കൂളുകളിലേക്കായി 200 ഓളം വിദ്യാർത്ഥികൾ പേകുന്നുണ്ട്.

നാല് നേഴ്സറി വിദ്യാലയങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതിൽ രണ്ടെണ്ണം ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് നേഴ്സറികളാണ്. കണ്ടശ്ശാംകടവ് കോൺവന്റ് നഴ്സറിയിലേയ്ക്ക് കുറെ കുട്ടികൾ പേകുന്നുണ്ട്. 2-ാം വാർഡിൽ ഒഴികെ മറ്റെല്ലാ വാർഡുകളിലും അംഗൻവാടികൾ ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള 23 അംഗൻവാടികളിലായി 1000-ൽ താഴെ കുട്ടികളാണ് പഠിക്കുന്നത്. സ്വന്തമായ സ്ഥലമോ കെട്ടിടങ്ങളോ, കളിപ്പാട്ടങ്ങളോ ഇല്ലാത്ത അംഗൻവാടികളാണ് മിക്കവയും. സിമന്റിടാത്ത വെറും നിലമുള്ള അംഗൻവാടികളിലേക്ക് കുഞ്ഞുങ്ങളെ

പറഞ്ഞയക്കാൻ രക്ഷിതാക്കൾക്ക് വൈമുഖ്യ മുണ്ടാകുന്നത് സ്വാഭാവികമാണ്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ മൂന്ന് പാരലൽ കോളേജുകളും നിരവധി ട്യൂഷൻ സെന്ററുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. പുറത്ത് നിന്നുള്ള പഞ്ചായത്തുകളിൽ നിന്ന് കുറേ വിദ്യാർത്ഥി കൾ സമാന്തര കോളേജുകളിൽ പഠിക്കുന്നുണ്ട്. പത്തു കൊല്ലത്തിനിപ്പുറം പരിശോധിച്ചാൽ ട്യൂഷന് പോകുന്ന കുട്ടികളുടെ എണ്ണം വളരെയേറെ വർദ്ധിച്ചിട്ടുള്ളതായി കാണാവുന്നതാണ്. 'ജയിക്കണമെങ്കിൽ ട്യൂഷനു പോകണം'. എന്ന സ്ഥിതി വരുന്നത് നിലവിലുള്ള വിദ്യാലയങ്ങളുടെ നിലവാര തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. താഴ്ന്ന വരുമാനക്കാരെ സംബന്ധി ച്ചിടത്തോളം അവരുടെ കുട്ടികളെ സ്വകര്യ ട്യൂഷൻ ഫീസു നൽകി പഠിപ്പിക്കുക എന്നത് വിഷമകരമായ സംഗതിയാണ്. S.S.L.C. പാസ്സാവുന്ന വിദ്യാർത്ഥി കളിൽ 90% ട്യൂഷന് പോകുന്നുണ്ട് എന്ന് കാണാവു ന്നതാണ്.

14 സാങ്കേതിക പരിശീലന സ്ഥാപനങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇവയിലധികവും കമ്പ്യൂട്ടർ - ടൈപ്പ്റൈറ്റിങ്ങ് സെന്ററുകളാണ്. കമ്മ്യൂ ണിറ്റി പേളിടെക്നിക്ക് സ്കീം പ്രകാരം പ്രവർത്തിച്ചു വരുന്ന ശ്രീരാമ പോളിടെക്നിക്കിന്റെ ഉപകേന്ദ്രം തൃത്തല്ലൂർ P.U. സ്മാരക വായനശാലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വർഷത്തിൽ നൂറ് പേർക്ക് ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, പ്ലംബിങ്ങ്, ഗാർമെന്റ് മെയ്ക്കിങ്ങ് എന്നിവയിൽ പരിശീലനം നൽകുവാനുള്ള സൗകര്യമുണ്ട്. വിവിധ എൻജിനീയ റിംഗ് വിഷയങ്ങൾ പഠിപ്പിക്കുന്ന സ്വകാര്യ സ്ഥാപന മാണ് സിഗ്മ ഇൻസ്റ്റിററ്യൂട്ട് . അലൂമിനിയം ഫാബ്രി ക്കേഷൻ, തയ്യൽ എന്നിവ പഠിപ്പിക്കുന്ന ഏതാനും പരിശീലനകേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. സാങ്കേതിക പരിശീലന രംഗത്ത് വളരെ പരിമിതമായ സാഹചര്യങ്ങളെ ഈ പഞ്ചായത്തിലുള്ളു.

നമ്മുടെ പഞ്ചായത്തിലെ വിദ്യഭ്യാസ പ്രശ്നങ്ങളെ ചുരുക്കത്തിൽ ഇങ്ങനെ സംഗ്രഹിക്കാം.

പ്രശ്നങ്ങൾ :-

1. പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളിലേയും S.S.L.C. വിജയ ശതമാനം വളരെ കുറവാണ്.

2. പഞ്ചായത്തിലെ മിക്കവാറും സ്കൂളുകളുടെ പഠന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതല്ല.

a) കെട്ടിട സൗകര്യങ്ങളുടെ അഭാവം

b) ലൈബ്രറി സൗകര്യ കുറവ്

c) ലാബ്രട്ടറി സൗകര്യമില്ലായ്മ

d) ആവശ്യത്തിന് പഠനോപകരണങ്ങളുടെ അഭാവം.

e) ആവശ്യത്തനുള്ള കളിസ്ഥലമില്ലായ്മ

f) വേണ്ടത്ര ഫർണിച്ചറുകളുടെ അഭാവം

g) സ്റ്റാഫ് റൂം സൗകര്യമില്ലായ്മ

h) ശുചിത്വമുള്ള പാചകപുരകളുടെ അസാന്നിദ്ധ്യം.

i) സൗകര്യവും ശുചിത്വവുമുള്ള മൂത്രപുരക ളുടെയും കക്കുസുകളുടെയും അഭാവം.

3. മറ്റു പഞ്ചായത്തുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്കും കൊഴിഞ്ഞുപ്പോക്കും നിമിത്തം ഡിവിഷനുകൾ നഷ്ടപെടുന്ന അവസ്ഥ.

4. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് വിദ്യാർ ത്ഥികളെ പറഞ്ഞയക്കാനുള്ള രക്ഷിതാക്കളുടെ വർദ്ധിച്ചു വരുന്ന താൽപര്യം.

5. അക്ഷരം ഉറക്കാത്ത വിദ്യാർത്ഥികൾ U.P ക്ലാസു കളിൽ പോലും കാണാവുന്നതാണ്.

6. അദ്ധ്യപകർക്ക് കാലോചിതമായ അക്കാദമിക നിലവാരം നിലനിർത്താൻ കഴിയുന്നില്ല.

7. പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ട സൗക ര്യങ്ങൾ ഇല്ല. അംഗനവാടികൾക്ക് സ്വന്തമായ കെട്ടിടം, ഭൂമി, കളിക്കോപ്പുകൾ എന്നിവ ഇല്ല.

8. നിലവിലുള്ള സ്കൂളുകളിൽ പാര അക്കാദമിക പ്രവർത്തനങ്ങളോട് പെതുവേ വിമുഖതയുണ്ട് - അദ്ധ്യാപകരിൽ ഭൂരിപക്ഷവും വനിതകളാണെന്ന തിനാൽ പാഠ്യേതര പ്രവർത്തനങ്ങളെ ഇത് കാര്യമായി ബാധിക്കുന്നു.

9. സാങ്കേതിക പരിശീലനത്തിന് വേണ്ടത്ര സൗകര്യമില്ലാത്ത അവസ്ഥ.

10. കലാ പഠനത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.

### നിർദ്ദേശങ്ങൾ

1. ഹൈസ്ക്കൂൾ വിദ്യാർത്ഥികളെ കാലാകാലങ്ങളിൽ മോണിറ്ററിങ്ങ് നടത്തി ജനകീയ പങ്കാളിത്തത്തോടെ പ്രത്യേക കോച്ചിംഗ് നൽകിക്കൊണ്ട് എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്താനുള്ള ആസൂത്രിതമായ പഠനപദ്ധതി തയ്യാറാക്കണം.

2. യുദ്ധകാലാടിസ്ഥാനത്തിൽ പഞ്ചായത്തിലുള്ള സ്കൂളുകളിൽ ലാബററ്ററി, ലൈബ്രറി സൗകര്യങ്ങൾ ഉണ്ടാക്കണം. മററ് ഭൗതിക സൗകര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ക്രമേണ മെച്ചപ്പെടുത്തിക്കൊണ്ട് വരണം.

3. അദ്ധ്യാപകർക്ക് കാലോചിതമായ പഠന-പരിശീലനം നൽകി പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുളുടെ പഠന നിലവാരം മെച്ചപ്പെടുത്തണം.

4. പ്രൈമറി ക്ലാസുകളിലെ അക്ഷരം ഉറക്കാത്ത വിദ്യാർത്ഥികളെ വിദ്യാഭ്യാസ സർവ്വേയിലൂടെ കണ്ടെത്തി ജനകീയ പങ്കാളിത്തത്തോടെ അവർക്ക് പ്രത്യേക കോച്ചിംഗ് കൊടുക്കണം.

5. RCUP സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തുകൊണ്ട് കിഴക്കൻ മേഖലയിലുള്ള വിദ്യാർത്ഥികൾ അന്യപഞ്ചായത്തുകളിലേക്ക് ഒഴുുന്നത് തടയേണ്ടതാണ്. കടപ്പുറം LP സ്കൂൾ UP ആയി അപ്ഡ്രേ് ചെയ്യേണ്ടതാണ്.

6. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് trained teachers നെ തന്നെ നിയമിക്കണം.

7. പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികൾക്കും സ്വന്തമായ ഭൂമിയും കെട്ടിടവും ലഭ്യമാക്കാനുള്ള ജനകീയ പങ്കാളിത്തത്തോടുകൂടിയ പദ്ധതികൾ പഞ്ചായത്ത് നടപ്പാക്കണം.

8. പാരാ അക്കാദമിക പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് പ്രത്യേക ശില്പശാലകൾ സംഘടിപ്പിക്കണം. സ്പെഷലിസ്റ്റ് ടീച്ചേഴ്സ് തസ്തിക നിലനിർത്തേണ്ടത് അത്യാവശ്യമാണ്.

9. സാമ്പത്തികമായ പിന്നോക്കാവസ്ഥമൂലം പഠനം നിർത്തേണ്ടിവരുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവരെ പുനപ്രവേശിപ്പിക്കുന്നതിന് നാട്ടിലെ സമ്പന്നരുടേയും സന്നദ്ധസംഘടനകളുടേയും സഹായം ഉപയോഗപ്പെടുത്തണം.

10. എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം പി.എസ്.സി. വഴി നിർബന്ധമാക്കണം.

11. സെൻസസിനും, എന്യുമറേഷൻ പരിപാടികൾക്കും അദ്ധ്യാപകരെ നിയമിക്കുന്ന രീതി നിർത്തലാക്കി അവരെ വിദ്യാലയങ്ങളിൽ തന്നെ കേന്ദ്രീകരിപ്പിക്കണം.

12. സാങ്കേതിക പരിശീലനത്തിന് സൗകര്യമുണ്ടാകും വിധം തൊഴിൽ പരിശീലന വിദ്യാലയങ്ങൾ സ്ഥാപിക്കണം.

13. പഞ്ചായത്തു തലത്തിൽ നാടോടി ക്ലാസിക്ക് കലാപഠനത്തിന് സൗകര്യമുണ്ടാക്കും വിധം കലാപഠന ശാലകൾ ആരംഭിക്കണം.

14. കമ്മ്യൂണിററി പോളിടെക്നിക്ക് സ്കീം അനുസരിച്ചുള്ള സബ്സെന്ററുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കണം.

15. പഞ്ചായത്തിലുള്ള മുഴുവൻ സ്കൂളുകളേയും ഏകീകരിച്ചു കൊണ്ടുള്ള എഡ്യുക്കേഷൻ കോംപ്ലക്സ് ആരംഭിച്ച് സമഗ്രമായ വിദ്യാഭ്യാസ വികസനത്തിനു വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യണം.

പട്ടിക 2

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർ ഷിപ്പ് | ലംസംഗ്രാന്റ് | മുസ്ലീംവെൺ കുട്ടികളുടെ സ്കോളർ ഷിപ്പ് | വികലാംഗ സ്കോളർ ഷിപ്പ് | ജവാൻമാരു ടെ മക്കൾക്കു ള്ള വിദ്യാഭ്യാ സാനുകൂല്യം | ബീഡി തൊഴിലാളി സ്കോളർ ഷിപ്പ് | മത്സ്യത്തൊ ഴിലാളി കുട്ടികൾ ക്കുള്ള സ്കോ ളർ ഷിപ്പ | മററുള്ളവ |
|---|---|---|---|---|---|---|---|---|---|
| 1. | S.U.P.L.P SCHOOL | — | 66 | — | — | — | — | — | — |
| 2. | K.M.M.L.P. SCHOOL | — | 42 | — | — | — | — | — | — |
| 3. | കടപ്പുറം L.P. സ്കൂൾ | — | 33 | — | — | — | — | — | — |
| 4. | K.N.M.H.S | — | 161 | 31 | 3 | — | — | — | — |
| 5. | St. Francis Xzvier's R.C. UP School | 1 | 209 | 32 | 12 | — | — | — | — |
| 6. | S.M.U.P. SCHOOL | 3 | 64 | 28 | 5 | — | — | — | — |
| 7. | ഗവ: ഫിഷറീസ് U.P. സ്കൂൾ | — | 67 | 31 | — | — | — | — | — |
| 8. | T.U.P. സ്കൂൾ തൃത്തല്ലൂർ | 6 | 127 | 64 | 2 | — | — | — | — |
| 9. | G.H.S. Vadanappally | 6 | 105 | 55 | 15 | — | — | — | — |
| 10. | East L.P. സ്കൂൾ | — | 28 | — | — | — | 1 | 3 | — |
| 11. | B.V. L.P. സ്കൂൾ | — | 27 | — | — | — | — | — | — |
| 12. | ആകെ | 16 | 929 | 231 | 37 | — | 1 | 3 | — |

# സംസ്കാരം

കേരളത്തിലെ ബുദ്ധ ജൈനമത പ്രാഭവ കാലഘട്ടം മുതലുള്ള ഒരു സാംസ്കാരിക ചരിത്രം വാടാനപ്പള്ളിക്കുണ്ട്. വാടാനപ്പള്ളി എന്ന സ്ഥലം നാമം തന്നെ പാലി ഭാഷയുമായി ബന്ധപ്പെട്ടാണ് രൂപം കൊണ്ടിട്ടുള്ളത് എന്ന് കരുതേണ്ടിയിരിക്കുന്നു. വാടാനപ്പള്ളി എനാമാവ് പരിസരത്ത് നടത്തിയ ഖനനത്തിൽ കണ്ടെത്തിയ കുഴിച്ചാടികളും വിഗ്രഹങ്ങളും മറ്റും ബുദ്ധക്ഷേത്രാവശിഷ്ടങ്ങലായിരുന്നു. എന്നാണ് പറയപ്പെടുന്നത്. മ്ലാനഗജാപുരി എന്ന് ഒരു സംസ്കൃത കാവ്യത്തിൽ വാടാനപ്പള്ളിയെ പരാമർശിച്ചിട്ടുണ്ട്.

ഹിന്ദു, മുസ്ലിം, കൃസ്ത്യൻ മതവിഭാഗങ്ങളാണ് വാടാനപ്പള്ളിയിൽ പ്രധാനമായും ഉള്ളത്. വാടാനപ്പള്ളി തൃത്തല്ലൂർ ദേവസ്വങ്ങൾ ഗണേശമംഗലം ക്ഷേത്രം എന്നീ പൊതുക്ഷേത്രങ്ങൽ ഒട്ടനവധി കുടുംബക്ഷേത്രങ്ങളും ഹിന്ദുക്കളുടേതായുണ്ട്. വടക്കെ ജുമാ അത് പള്ളി, തെക്കെ ജുമാ അത് പള്ളി എന്നീ പുരാതന പള്ളികളും ഒട്ടനവധി കൊച്ചു കൊച്ചു പള്ളികളും മുസ്ലീംകൾ ആരാധനക്ക് വേണ്ടി ഉപയോഗിച്ചുവരുന്നു. കിഴക്കേ ടിപ്പുസുൽത്താൻ റോഡിലാണ് പഞ്ചായത്തിലെ ഏക കൃസ്തീയ ദേവാലയം നിലകൊള്ളുന്നത്.

പൊതുക്ഷേത്രങ്ങളിലും കുടുംബക്ഷേത്രങ്ങളിലും ആനകളെ എഴുന്നെള്ളിച്ചുകൊണ്ടുള്ള ഉത്സവങ്ങൾ നടക്കാറുണ്ട്. വാടാനപ്പിള്ളി ക്ഷേത്രത്തിൽ ജാതി തിരിഞ്ഞ് മൂന്ന് പ്രാവശ്യമായി ഉത്സവും നടത്തിവരുന്നത് എടുത്തു പറയാതെ തരമില്ല

ബക്രീദ്, റംസാൻ തുടങ്ങിയവയും നബിദിനവും ചന്ദനക്കുടം നേർച്ചയും ആണ്. മുസ്സീംകളുടെ പ്രധാനപ്പെട്ട ആഘോഷങ്ങൾ. പെസഹവ്യാഴാഴ്ച, ദുഃഖവെള്ളിയാഴ്ച, ഈസ്റ്റർ, അമ്പുപെരുന്നാൾ, തോറാന, കൃസ്തുമസ് തുടങ്ങിയവ പൊതു ആഘോഷങ്ങൾക്ക് പുറമെ പിണ്ടിപ്പെരുന്നാൾ കരിക്കുറി പെരുന്നാൾ എന്നിവയും കൃസ്ത്യാനികൾ ആഘോഷിക്കാറുണ്ട്.

ഉത്സവ ആഘോഷ പരിപാടികളിൽ ജനങ്ങൾ ജാതിമത വ്യത്യാസമെന്യെ പങ്കെടുക്കാറുണ്ട്. ഓണം കൃസ്തുമസ് എന്നിവയും മതഭേദ്യമന്യെ ആഘോഷിക്കപ്പെട്ടുവരുന്നുണ്ട്.

ഹിന്ദുവിഭാഗത്തിൽ നായർ, ഈഴവർ, മുക്കുവൻ, പറയൻ, പുലയൻ, കണക്കൻ, പാണൻ, കൽക്കുറുപ്പ്, ആശാരി, കരുവാൻ, തട്ടാൻ, വേട്ടുവൻ, കുശവൻ, പണിയൻ, വെളുത്തേടൻ, പണിക്കർ, തുടങ്ങിയതാണ് പ്രധാന ജാതി വിഭാഗങ്ങൾ.

വൻകിട കർഷകര്, ഇടത്തരം കർഷകർ നാമ മാത്ര കർഷകരർ ദരിദ്ര കർഷകർ കർഷകതൊഴി ലാളികൾ ചെറുകിട വ്യവസായികൾ, വ്യാപാരികൾ, എന്നീ സാമൂഹ്യ വിഭാഗങ്ങളാണ് നമ്മുടെ പഞ്ചാ യത്തിലുള്ളത്. ഭൂരിപക്ഷവും ഇടത്തരം നാമമാത്ര കർഷക വിഭാഗത്തിൽ പെട്ടവരാണ്. ദേശീയതല ത്തിലും സംസ്ഥാന തലത്തിലും അംഗീകാരമുള്ള നിരവധി രാഷ്ട്രീയ പാർട്ടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സ്വാതന്ത്ര്യത്തിന് മുമ്പ് നടന്ന ഐത്തോച്ചാടന പ്രസ്ഥാനത്തിന്റേയും മിശ്രഭോജന മിശ്ര വിവാഹ പ്രസ്ഥാനങ്ങളുടെയും ക്ഷേത്ര പ്രവേശന സമരങ്ങ ളുടെയും അലയൊലികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി കാർഷിക പരി ഷ്കാര നിയമങ്ങളുടെ ഭാഗമായും ജാതി മേധാ വിത്വം പൂർണ്ണമായും തകർന്നടിഞ്ഞു. എന്നാൽ ജാതിബോധം ഉപയോഗപ്പെടുത്തി ജാതി രാഷ്ട്രീയം രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നു വരുന്നതായി കാണാവുന്നതാണ്.

ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് ദാരികൻകാളി, കാളകളി, ഐവർകളി, തുടങ്ങിയ നാടൻ കലകൾ നടന്നു വന്നിരുന്നു. കാളി-ചാത്തൻ ക്ഷേത്രങ്ങളിൽ കളം പാട്ടിനോടനുബന്ധിച്ച് അരി പ്പൊടി , മഞ്ഞപ്പൊടി, വാകപ്പൊടി, ഉമിക്കരി എന്നിവ ഉപയോഗിച്ച് വരക്കുന്ന കളങ്ങൾ പഴയകാല ചിത്ര കലയുടെ ഉത്തമോദാഹരണങ്ങളാണ്. സർപ്പക്കാവു കളിൽ നാഗകളങ്ങളും നാഗത്താർപാട്ടും ഉണ്ടാ വാറുണ്ട്. അയ്യപ്പക്ഷേത്രങ്ങളോടനുബന്ധിച്ചും ചില ഭക്തന്മാരുടെ വീടുകളിലും നടത്തിവരുന്ന അയ്യപ്പൻ വിളക്കും അതിനോടനുബന്ധപ്പെട്ട് മുസ്ലീമായ വാവർക്കുണ്ടാക്കുന്ന പള്ളിയും മതസൗഹാർദ്ദ ത്തിന്റെ നിദർശനമായി ചൂണ്ടിക്കാണിക്കാവുന്നവ യാണ്.

ഓണത്തിന് മുന്നോടിയായി കർക്കിടക മാസ ത്തിൽ തുയിലുണർത്ത് പാട്ട് പാടുന്ന ഒരനുഷ്ടാനം നിലവിലുണ്ട്. പട്ടികജാതി വിഭാഗങ്ങളുടെ പ്രത്യേക ആഘോഷമാണ് വയിലി. മകരകൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ കൊടുങ്ങല്ലൂർ ഭഗവതിയെ പ്രകീർത്തി ക്കുന്ന പാട്ടുകളാണ് പാടാറുള്ളത്.

പഴയകാലത്ത് സിലോണിലും മലയായിലും സിങ്കപ്പൂരിലും, മറ്റും പോയി തിരിച്ചുവന്ന ഉൽപതി ഷ്ണുക്കളാണ്. ഇവിടെ സാംസ്കാരിക പ്രവർത്ത നത്തിന് തുടക്കം കുറിക്കുന്നത്. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെയും കർഷക പ്രസ്ഥാനത്തി ന്റെയും പ്രവർത്തനങ്ങളും നാട്ടിൽ നവോത്ഥാന പ്രസ്ഥാനത്തിന് പിന്തുണ നൽകി. തൃത്തല്ലൂർ സെന്റ രിൽ സിലോൺ മലയാളികൾ സ്ഥാപിച്ച ശ്രീ വിദ്യാ പോഷിണി സംഘവും ദേശാഭിമാനി വായന ശാലയും ഇതിന്റെ സന്തതികളാണ്.

സംഗീത നാടകങ്ങളുടെ പ്രചാരണ കാലഘട്ട ത്തിൽ ഓച്ചിറക്കാരുടെ കരുണ എന്ന നാടകം വാടാ നപ്പള്ളിയിൽ അരങ്ങേറി. അതിന് പിമ്പേ വന്ന ഗദ്യ നാടകങ്ങളുടെ തുടക്കം കുറിച്ചത് കെ.എസ്സ്.കെ. തളി ക്കുളമായിരുന്നു. ലോകപ്രശസ്ഥ സിനിമാ സംവിധാ യകനായ ശ്രീ രാമു കാര്യാട്ട് ആദ്യകാല നാടക പ്രവർത്തനവുമായി ബന്ധപ്പെട്ടിരുന്നവരിൽ പ്രമുഖ നാണ്. ഈ ഗ്രാമത്തിൽ തന്നെ ജനിച്ച് വളർന്ന് അന്ത രിച്ചുപോയ ശ്രീ ചാളിപ്പാട് വേലായുധനാശാൻ ശ്രീ സി. എ. കുമാരൻ എന്നിവർ നാടകരചന നടത്തു കയും അവതരിപ്പിക്കുകയും ചെയ്തിരുന്നു തൃത്ത ല്ലൂർ കേന്ദ്രമാക്കിയ ഇവരുടെ പ്രവർത്തനം ധാരാളം ജനശ്രദ്ധയാകർഷിച്ചിരുന്നു. ആ കാലഘട്ടത്തിൽ അന്തരിച്ച ശ്രീ ആറ്റക്കോയ തങ്ങൾ നമ്മുടെ നാട്ടിലെ പ്രിയങ്കരനായ ഗായകനായിരുന്നു.

നാടകപ്രവർത്തനവുമായി ബന്ധപ്പെട്ടിരുന്നവ രിൽ പ്രമുഖനാണ്. ബി.ടി.തിയ്യേറ്റേഴ്സ്, ടി.പി. എ.സി. തുടങ്ങിയ പഴയ കാലത്തെ സാംസ്കാരിക സംഘ ങ്ങളായിരുന്നു. നൃത്തനാടകങ്ങൾ, നിഴൽ നാടക ങ്ങൾ എന്നിവയും പ്രദർശനവേദി ഒതുക്കിയത് തൃത്തല്ലൂർ യു.പി. സ്കൂൾ വാർഷികങ്ങളാണ്.

മുസ്ലീം ജനവിഭാഗത്തിനിടയിൽ കൂടുതൽ പ്രചാ രമുള്ള കലകളാണ് അറവനമുട്ടും കോൽക്കളിയും.

സാഹിത്യരംഗത്ത് പഴയതലമുറയിലെ പ്രമുഖരായിരുന്നു. സരസകവി. ഐ അച്ചുതൻ നായരും. രാക്കുയിൽ എന്ന തൂലികാ നാമത്തിൽ ഹാസ്യ കവിതകളെഴുതിയിരുന്ന ഡോ. സി.കെ. ആർ. കെ. എന്നിവർ

ടാസ്കോ തൃത്തല്ലൂർ, യാസ്ക് തൃത്തല്ലൂർ, റെഡ് സ്റ്റാർ പൊക്കാഞ്ചേരി, ഫിഫ ആർട്സ് സ്പോർട്സ് ക്ലബ്ബ്, ഭാരതകലാവേദി പൗർണ്ണമി, ആർട്സ് ക്ലബ്ബ്, ദ്വാരക കൾച്ചറൽ സൊസൈറ്റി, യുവജന കലാസമിതി, യുഗദീപ്തി, ഭാവന, ബ്രദേഴ്സ് ക്ലബ്ബ്, യുവശക്തി ആർട്സ് സ്പോർട്സ് ക്ലബ്ബ്, മെഹമ്മദൻസ് സ്പോർട്സ് ... മിഡ്ലാന്റ് അസോസിയേഷൻ ഭാരത് സ്പോർട്സ് ക്ലബ്ബ്, പട്ടിലങ്ങാടി സ്പോർട്സ് ക്ലബ്ബ്, ശ്രീശൈലം, സാംസ്കാരികവേദി, ജനശക്തി, യുവഭാവന, സഹൃദയക്ലബ്, Y.M.C.A. തുടങ്ങിയവയാണ് ഈ പഞ്ചായത്തിലെ സാംസ്കാരിക സംഘടനകൾ. എന്നാൽ ഇതിൽ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്.

വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിൽ തൃത്തല്ലൂരിൽരാമുകാര്യാട്ട് മെമ്മോറിയൽ പഞ്ചായത്ത് ലൈബ്രറിയും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ മറ്റൊരു ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്. പി.യു.വിജയൻ സ്മാരക ലൈബ്രറി, ജീവൻകലാവേദി, കിദ്വായി സ്മാരക ലൈബ്രറി, കൃഷ്ണേട്ടൻ സ്മാരക ഗ്രാമീണ വായനശാല, എന്നിവയാണ് വാടാനപ്പിള്ളി പഞ്ചായത്തിലെ പ്രമുഖ ഗ്രന്ഥാലങ്ങൾ. ഇതിൽ ജീവൻ കലാവേദി ഒഴികെ മറ്റെല്ലാം സജീവമായി പ്രവൃത്തിച്ചുവരുന്നുണ്ട്. യുവതീയുവാക്കളാണ് മുഖ്യ വായനക്കാർ. ഗൗരവപ്പെട്ട് വായന നടത്തുന്നവർ എണ്ണത്തിൽ ചുരുക്കമാണ്. സാമാന്യം ഭേദപ്പെട്ട നിലവാരമുള്ള പുസ്തകങ്ങളാണ് ഗ്രന്ഥാലയങ്ങളിൽ ഏറിയകുറും വായന തുടങ്ങുന്നവർ ഇപ്പോഴും പൈങ്കിളി നോവലുകളും ഡിറ്റക്ടീവുകളുമാണ് കൂടുതലായി ഉപയോഗപ്പെടത്തുന്നത്. മാ പ്രസിദ്ധീകരണങ്ങൾക്ക് വായനാഭിരുചിയിൽ കാര്യമായ പങ്കുണ്ട്.

**വാടാനപ്പള്ളിയിൽ പ്രചാരമുള്ള**
**പ്രധാന പത്രങ്ങളുടെ പട്ടിക**

ദിനപത്രം

| | |
|---|---|
| മാതൃഭൂമി | 1826 |
| മനോരമ | 818 |
| ദേശാഭിമാനി | 226 |
| എക്സ്പ്രസ്സ് | 103 |
| കേരളകൗമുദി | 45 |
| മാധ്യമം | 228 |
| ചന്ദ്രിക | 70 |
| മംഗളം | 35 |
| ജന്മഭൂമി | 32 |

വാരിക

| | |
|---|---|
| മനോരമ | 1296 |
| മംഗളം | 1478 |
| മനോരാജ്യം | 50 |
| കലാകൗമുദി | 55 |
| മാതൃഭൂമി | 55 |
| വനിത | 676 |
| ഗൃഹലക്ഷ്മി | 132 |
| കേരളശബ്ദം | 108 |
| ആരാമം | 40 |

കൂടാതെ കുട്ടികൾക്കായുള്ള പ്രസിദ്ധീകരണങ്ങൾ വേറെയും ഉണ്ട്.

ഒരു പത്രം ശരാശരി അഞ്ച് പേർ വായിക്കുന്നുണ്ട് എന്ന് കണക്കാക്കിയാൽ 16915 പേർ പത്രം വായിക്കുന്നവരാണ്. പഞ്ചായത്തിലെ നല്ലൊരു ശതമാനം പേർ പത്രം വായിക്കുന്നുണ്ട് എന്നാണ് കണക്കാക്കുന്നത്.

പഞ്ചായത്തിൽ വാരികകളും മാസിക[illegible]ളും [illegible]ന്നി 3890 എണ്ണം വരുന്നുണ്ട്. ഇതിൽ ഭൂരിപ[illegible]ും [illegible] പ്രസിദ്ധീകരണങ്ങളാണ് നമ്മുടെ വ[illegible]തകളിൽ ബഹുഭൂരിപക്ഷത്തിന്റേയും പ്രിയപ്പെട്ട മാധ്യമം ഇതാണ്. ഒരു സമാന്തര സാംസ്കാരിക ധാര ഉയർത്തി കൊണ്ട് വരണമെങ്കിൽ സാംസ്കാരിക രംഗത്തെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തിയേ

മതിയാകൂ

600നും 700നും ഇടയിൽ ടെലിവിഷനുകൾ നമ്മുടെ പഞ്ചായത്തിലുണ്ടെന്നാണ് മതിപ്പ് കണക്ക്. ജനപ്രിയ കരങ്ങളായ സീരിയലുകൾക്ക് ടെലിവിഷൻ ഒന്നിന് ശരാശരി 25 പേർ കാണികളായി ഉണ്ടാകും. 10-15 ശതമാനത്തോളം വീടുകളിലാണ്. ടെലിവിഷനുള്ളത് ജനസംഖ്യയിൽ 60% പേർ ടെലിവിഷൻ കാണുന്നവരാണ്. 175 ഓളം വീടുകളിൽ കേബിൾ ടി.വി. കണക്ഷൻ എടുത്തിട്ടുണ്ട്. 3 സിനിമാ ശാലകളും വാടാനപ്പിള്ളി പഞ്ചായത്തിൽ പ്രവൃത്തിച്ച് വരുന്നുണ്ട്. 3 ,76,050 പേർ വർഷത്തിൽ ശരാശരി സിനിമാ കാണുന്നുണ്ട്. എന്നാണ് കണക്കാക്കുന്നത്.

മുൻകാലങ്ങളിൽ ഈ പ്രദേശത്തെ പ്രധാനമായ കായിക വിനോദങ്ങൾ സടുകുടു, മേഡാസ്, കോട്ട ചാടൽ, കിളിമാസ്, തലമപ്പന്ത്, ഏറ്പന്ത്, കുറ്റീം കോലും, കാറകളി, പുള്ളികുത്ത്, ഗോട്ടികളി, ചതുരംഗം, പകിടകളി മുതലായവയായിരുന്നു. വാഹന ഗതാഗതമില്ലാത്ത പൂഴി റോഡുകളായിരുന്നു അന്നത്തെ കളിസ്ഥലങ്ങൾ. പുതിയ കളികളിൽ വോളിബോളാണ് ആദ്യമായി കടന്നു വന്നത് പിന്നീട് ഫുട്ബോളും ബേഡ്മിന്റനും ഷട്ടിൽ ബേഡ്മിന്റനും കബഡിയും അവസാനമായി ക്രിക്കറ്റും ഈ നാട്ടിലെ പ്രധാന വിനോദങ്ങളായി മാറി. ഇതോടെ പഴയ കളികളെല്ലാം അപ്രത്യക്ഷമായി. ആധുനിക രീതിയിലുള്ള കളികൾക്ക് ആവശ്യമായ സ്ഥലസൗകര്യമില്ല. മുമ്പ് വിളവെടുപ്പ് കഴിഞ്ഞ പാടങ്ങളിൽ കളികൾ നടത്തുക പതിവായിരുന്നു. നെൽപ്പാടങ്ങൾ, തെങ്ങിൻതോപ്പുകളും പുരയിടങ്ങളുമായി മാറിയതോടെ ഫുട്ബോൾ, ക്രിക്കറ്റി മുതലായവ നടത്താൻ വേണ്ടത്ര സൗകര്യമില്ലാതായി. അമ്പലപറമ്പുകളും ചെട്ടിക്കാട്, കടപ്പുറം, ചാപ്പമൈതാനം എന്നിവിടങ്ങളിലുള്ള മൈതാനങ്ങളും എ.കെ.ജി. മിനി സ്റ്റേഡിയവുമാണ് നിലവിലുള്ള കളിസ്ഥലങ്ങൾ ഹൈസ്കൂളുകൾക്കും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സൗകര്യമുള്ള കളിസ്ഥലങ്ങളില്ല. തന്മൂലം വിദ്യാഭ്യാസരംഗത്ത് കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് വേണ്ടത്ര കഴിയുന്നില്ല. ഈ സാഹചര്യങ്ങൾ കായിക രംഗത്തെ മുരടിപ്പിന് കാരണമായിട്ടുണ്ട്. ശരീരസൗന്ദര്യ മത്സരത്തിൽ അഖിലേന്ത്യാ മത്സരങ്ങളിൽ പങ്കെടുക്കുകയും അംഗീകാരം നേടുകയും ചെയ്തിട്ടുള്ള കെ.എം. റഫീക്ക് വാടാനപ്പള്ളി പഞ്ചായത്ത് നിവാസിയാണ്. കബഡിയിൽ സംസ്ഥാനതലത്തിൽ അംഗീകാരം നേടിയവരാണ് ബ്രദേഴ്സ് ക്ലബ്ബ്

നടുവിൽക്കരയിൽ ഒരു കളരി സംഘവും 7-ാം കല്ലിൽ ഒരു ജിംനേഷ്യവും വിവിധ കേന്ദ്രങ്ങളിൽ കരാട്ടെ പരിശീലന കേന്ദ്രങ്ങളും നടന്നുവരുന്നുണ്ട്. കേരളോത്സവം സ്ഥിരമായി നടക്കുന്നത് കൂടാതെ ഷട്ടിൽ ബാഡ്മിന്റൽ, ക്രിക്കറ്റ്, ഫുട്ബോൾ, കബഡി, വോളീബോൾ, എന്നീ മത്സരങ്ങൾ നടത്താറുണ്ട്. സ്ത്രീകൾക്ക് പ്രത്യേകം കളിസ്ഥലങ്ങളില്ല.

വർഗ്ഗീയ സംഘർഷങ്ങൾക്ക് വാടാനപ്പള്ളി പഞ്ചായത്തിൽ ഒരു പഴയകാല ചരിത്രമുണ്ട്. 1989ലാണ് രൂക്ഷമായ ഒരു വർഗ്ഗീയ സംഘർഷം വാടാനപ്പള്ളിയിലുണ്ടായത്. അന്നത്തെ സർക്കാരിന്റേയും ബഹുജനപ്രസ്ഥാനങ്ങളുടെയും കൂട്ടായ ഇടപെടലിനെ തുടർന്ന് സംഘർഷം അതിവേഗം അവസാനിപ്പിക്കാൻ കഴിഞ്ഞു. അത്രയേറെ രൂക്ഷമല്ലെങ്കിലും 90കളിലും വർഗ്ഗീയ സംഘർഷത്തോളമെത്തുന്ന ചില സംഭവങ്ങൾ വാടാനപ്പള്ളിയിൽ ഉണ്ടായിട്ടുണ്ട്. ജനകീയ ഐക്യത്തിന് വിഘാതമാവുന്ന ഈ സംഭവങ്ങൾ വാടാനപ്പള്ളിയുടെ പുരോഗതിക്ക് കുറച്ചൊന്നുമല്ല തടസ്സമായിട്ടുള്ളത്. കൂട്ടായ സാംസ്കാരിക പ്രവർത്തനം നടക്കാത്ത മേഖലകളാണ് വർഗ്ഗീയ സംഘർഷത്തിന് അതിവേഗം ഇരയാവുന്നത്

**നടപ്പുപദ്ധതികൾ പ്രശ്നങ്ങൾ**

1. പുസ്തകങ്ങൾക്ക് ഉണ്ടാകുന്ന അമിതമായ വില വർദ്ധനവിന് അനുസരിച്ച് ഗ്രന്ഥാലയങ്ങളുടെ ഗ്രാന്റ് വർദ്ധിക്കുന്നില്ല. തന്മൂലം ഗ്രാന്റുപയോഗിച്ച് പുസ്തകം വാങ്ങിക്കുന്ന ഗ്രന്ഥാലയങ്ങൾക്ക് പുതിയ ഗ്രന്ഥങ്ങൾ സംഭരിക്കാനാവുന്നില്ല. സ്ഥിരമായി ലൈബ്രേറിയനെ വെക്കുന്നതിനും ചിട്ടയായ പ്രവർത്തനം നടത്തുന്നതിനും ഉള്ള പോരായ്മകൾ നിലവിലുണ്ട്.

# വനിതാക്ഷേമം

ഒരു പ്രദേശത്തിന്റെ വികസനത്തിൽ വനിതകളുടെ സജീവമായ ഇടപെടൽ അനിവാര്യമായ സംഗതിയാണ്. സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലൂടെ മറ്റ് ഉല്പാദന മേഖലകളിലും സ്ത്രീകളുടെ ആദൃശ്യത നിലനില്ക്കുന്നുവെന്ന കാര്യം അനിഷേധ്യമാണ്. വാടാനപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 14364 സ്ത്രീകളാണ് ഉള്ളത് ആകെയുള്ള പുരുഷന്മാർ 12639 ഉം. ഈ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 1725 സ്ത്രീകൾ കൂടുതലാണെന്ന് കാണാം. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ വികസന മുന്നേറ്റത്തിന് ഈ സ്ത്രൈണ ശക്തി വിനിയോഗിക്കാൻ ബോധപൂർവ്വവും ആസൂത്രിതവുമായ പരിശ്രമങ്ങൾ ആവശ്യമാണ്.

## വിദ്യാഭ്യാസ പദവി

95-96 ലെ സ്കൂൾ രജിസ്റ്റർ കണക്കനുസരിച്ച് ആകെയുള്ള 5133 വിദ്യാർത്ഥികളിൽ 2429 പെൺകുട്ടികളും 2704 ആൺകുട്ടികളുമാണുള്ളത്. ജനസംഖ്യയിൽ കൂടുതൽ സ്ത്രീകളായിരുന്നിട്ടും വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ കണക്ക് പരിശോധിക്കുമ്പോൾ ആൺകുട്ടികളെ അപേക്ഷിച്ച് 275 പെൺകുട്ടികൾ കുറവാണെന്നു കാണാം. ഉന്നത വിദ്യാഭ്യാസമേഖലയിലും ഈ പ്രവണത നിലനില്ക്കുന്നുണ്ട്. വിദ്യാലയങ്ങളിലെ പാര അക്കാദമിക പ്രവർത്തനങ്ങളിലും പെൺകുട്ടികളുടെ സജീവ സാന്നിദ്ധ്യം കാണുന്നില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ അവശേഷിക്കുന്ന നിരക്ഷരരിൽ അധികവും സ്ത്രീകളാണെന്ന് കാണാവുന്നതാണ്.

## ആരോഗ്യനിലവാരം

ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ മുന്നിലാണ് സ്ത്രീകൾ. എന്നാൽ പോഷക ആഹാരക്കുറവുമൂലവും കുടുംബത്തിനകത്തും പുറത്തുമുള്ള കഠിനാദ്ധ്വാനം നിമിത്തവും താഴ്ന്നവരുമാനക്കാരായ സ്ത്രീകളുടെ ആരോഗ്യസ്ഥിതി ശോചനീയമാണ്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് ആശ്രയിക്കാവുന്ന തൃത്തല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്ര കാര്യക്ഷമമല്ലാത്തതിനാൽ വേണ്ടത്ര പരിചരണം ലഭിക്കുന്നില്ല. ഒരു ഗൈനക്കോളജിസ്റ്റില്ലാത്തതിന്റെ കുറവ് വർഷങ്ങളായി ഇവിടെ നിലനില്ക്കുന്നുണ്ട്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം ഇനിയും വേണ്ടത്ര നമ്മുടെ പഞ്ചായത്തിൽ പ്രചരിക്കാത്തതുകൊണ്ട് പുകയൂതിയും ശ്വസിച്ചും സ്ത്രീകളിൽ ശ്വാസകോശ സംബന്ധിയായ

പട്ടിക 1

1996–97 ൽ വാടാനപ്പള്ളിയിലെ സ്കൂളുകളിലെ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും കണക്കുകൾ

| സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺകുട്ടികൾ |
|---|---|---|---|
| 1 കടപ്പുറം L.P സ്കൂൾ | 231 | 101 | 130 |
| 2 East L.P സ്കൂൾ | 117 | 52 | 65 |
| 3 K.M.M L.P സ്കൂൾ | 234 | 96 | 138 |
| 4 B.V.L.Pസ്കൂൾ | 108 | 62 | 46 |
| 5 S.M.U.Pസ്കൂൾ | 444 | 256 | 188 |
| 6. St. Francis Xavier's RC UP സ്കൂൾ | 1056 | 581 | 475 |
| 7 SVPL.Pസ്കൂൾ | 241 | 125 | 116 |
| 8 TUPസ്കൂൾ | 664 | 328 | 336 |
| 9 GFU.Pസ്കൂൾ | 348 | 188 | 160 |
| 10 KNMVHSസ്കൂൾ | 609 | 321 | 288 |
| 11 GHസ്കൂൾ | 1081 | 594 | 487 |
| ആകെ | 5133 | 2704 | 2429 |

അസുഖം കൂടുതലുള്ളതായി കാണുന്നുണ്ട്.

### സ്ത്രീകളുടെ തൊഴിൽ നിലവാരം

നെൽപാടങ്ങൾ നികത്തിയതുമൂലം നെൽകൃഷിയിൽ ഏർപ്പെട്ടിരുന്ന സ്ത്രീകളിൽ ഭൂരിപക്ഷത്തിനും തൊഴിൽ നഷ്ടമാവുകയും കുറെയധികം പേർ നിർമ്മാണ തൊഴിലിലേക്ക് മാറിപ്പോവുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിലെ തൊഴിലിന് കൂലി കുറവായതിനാൽ കൂലി കൂടുതൽ ലഭിക്കുന്ന മേഘലകളിലേക്ക് സ്ത്രീതൊഴിലാളികൾ മാറിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സ്ത്രീകളാണ് ഇത്തരം തൊഴിലുകളിൽ ഏർപ്പെടുന്നത്. ഈ വിഭാഗത്തിൽ പെടുന്ന കുടുംബങ്ങളിൽ അഭ്യസ്തവിദ്യരായ സ്ത്രീകൾ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിലും, വസ്ത്രാലയങ്ങളിലും വളരെ കുറഞ്ഞ വേതനത്തിന് ജോലി ചെയ്തുവരുന്നുണ്ട്. ഈ രംഗത്ത് സ്ത്രീകൾ വൻതോതിൽ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. സർക്കാർ ഉദ്യോഗങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടേതിനെ അപേക്ഷിച്ച് കുറവാണ്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുരുഷൻമാരുടേതിനെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതലായി ജോലി ചെയ്തു വരുന്നത്. സന്നദ്ധ സേവന മേഖലകളിൽ സ്ത്രീ പങ്കാളിത്തം നേരിയ തോതിൽ വർദ്ധിക്കുന്നതായി കാണാൻ കഴിയുന്നുണ്ട്.

തൊഴിലെടുക്കുന്നതിനനുസരിച്ച് സ്ത്രീകൾക്ക് അർഹമായ കൂലി ലഭിക്കുന്നില്ല. സ്വകാര്യസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ നേരെയുള്ള സമൂഹത്തിന്റെ മനോഭാവം അവജ്ഞ നിറഞ്ഞതാണ്. കുടുംബത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരുന്ന ഏകദേശം 20% സ്ത്രീകൾ

നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്നാണ് ഗ്രാമസഭക ളിൽനിന്ന് സമാഹരിച്ച കണക്കുകൾ സൂചിപ്പിക്കു ന്നത്.

വീട്ടുജോലികൾക്കുപുറമെ ആടുമാടുകളെ സംര ക്ഷിക്കൽ, അടുക്കളത്തോട്ടം വെച്ചു പിടിപ്പിക്കൽ, തുടങ്ങിയ പണികളും സ്ത്രീകൾ ചെയ്തുവരുന്നു.

പഞ്ചായത്തിൽ DWCRA പദ്ധതിയനുസരിച്ചുള്ള രണ്ട് വനിതാ വ്യവസായ സംരംഭങ്ങൾ പ്രവർത്തി ക്കുന്നുണ്ട്. ഒന്നാം വാർഡിലെ A.K.G. കോളനിയി ലുള്ള കയർ വ്യവസായ യൂണിറ്റും, നടുവിൽക്കര യിലെ റബർ വ്യവസായ യൂണിറ്റുകളുമാണിവ.

**സ്ത്രീകളുടെ സാമൂഹ്യ പദവി**

വനിതാസംഘടനകളിൽ ഒഴിച്ച് മറ്റു ബഹുജന സംഘടനകളിലൊന്നും തന്നെ സ്ത്രീകളുടെ നേതൃത്വം നിലവിലില്ല. ബഹുജന സംഘടനകളിൽ വനിതാ പങ്കാളിത്തം വളരെ കുറവായിട്ടാണ് കാണ പ്പെടുന്നത് ഇതിന് കാരണം പൊതുപ്രവർത്തന രംഗ ത്തേക്ക് ഇറങ്ങുന്ന സ്ത്രീകളെക്കുറിച്ച് സമൂഹത്തി നുള്ള മോശപ്പെട്ട അഭിപ്രായങ്ങളും അവജ്ഞത യുമാണ്.

സ്ത്രീകൾക്കുവേണ്ടി ബോധവൽക്കരണം നട ത്തേണ്ട മഹിളാ സംഘടനകൾ സജീവമല്ലാത്തത് പൊതുരംഗത്തേക്ക് സ്ത്രീകൾ കടന്നു വരുന്നതിന് വിഘാതമായി നിൽക്കുന്നു.

പുരുഷമേധാവിത്ത സമൂഹത്തിൽ സ്വാഭാവിക മായും സ്ത്രീ അനുഭവിക്കേണ്ടിവരുന്ന പീഢനങ്ങൾ മാറ്റി നിറുത്തിയാൽ സ്ത്രീക്കുനേരെ സംഘടിതമായ കടന്നാക്രമണങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്ന് പറയാനാവില്ല. എന്നാൽ സ്ത്രീധന സമ്പ്ര ദായം ഒരു സാർവ്വത്രിക സംഗതിയെന്ന നിലയിൽ നമ്മുടെ പഞ്ചായത്തിൽ നിലനില്ക്കുന്നുണ്ട്. ഈ സാമൂഹ്യവിപത്തിന്റെ പ്രത്യക്ഷവും പരോക്ഷവു മായ ഇരകളായി തീരുന്ന സ്ത്രീകൾ ഗ്രാമസഭകളിൽ തന്നെ എത്തിച്ചേർന്നിരുന്നു.

**നിർദ്ദേശങ്ങൾ**

1. സ്ത്രീകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിലൊ താല്പര്യമുള്ള വ്യക്തികളുടെ കൂട്ടായ്മയിലോ വാർഡിൽ ഒന്ന് വീതമെങ്കിലും അടിയന്തിരമായി ആരംഭിക്കേണ്ട താണ്. ഓരോ വാർഡിലും മഹിളാ സംഘങ്ങൾ സ്ഥാപിക്കുകയും ഇവയിൽ തൊഴിൽ പരിശീല നവും തൊഴിൽ പരിശീലനം സിദ്ധിച്ചവർക്കു തൊഴിലും നൽകാനുള്ള ഏർപ്പാട് ഉണ്ടാവുകയും വേണം. തൊഴിൽ സംരംഭങ്ങൾ വനിതാ സംഘങ്ങ ളോട് സംയോജിപ്പിക്കുക തന്നെയായിരിക്കും ഏറെ അഭികാമ്യം. അതാതിടങ്ങളിലെ തൊഴിൽ അവസര ങ്ങൾക്ക് ആവശ്യമായ inputs, സാങ്കേതികത, ഉൽപാ ദനത്തിന്റേയൊ തൊഴിലിന്റെയൊ സ്വഭാവം വിപ ണനം എന്നീ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ പഞ്ചായത്ത് തല വിദഗ്ധ സമിതി രൂപീകരിക്കണം. മുതൽമുടക്കു ആവശ്യമായ ചെറുകിട വ്യവസായ ങ്ങൾക്കുവേണ്ട fund അംഗീകരിച്ചു ശുപാർശ ചെയ്യു ന്നതും ഏർപ്പാടാക്കുന്നതും ഈ വിദഗ്ദ്ധ സമിതി തന്നെ ആയിരിക്കണം.

1-(a) നിർദ്ധനരായ വനിതാ തൊഴിലാളികൾക്ക് (വ്യക്തിപരമായി) തൊഴിൽ കൈതൊഴിൽ ഉപകരണ ങ്ങൾ സൗജന്യമായി വിതരണം ചെയ്യണം.

2. പാരമ്പര്യ തൊഴിൽ മേഖലയിൽ ധാരാളം സത്രീകൾ ജോലി ചെയ്യുന്നതിനാൽ ആ തുറയിലെ സഹകരണ സ്ഥാപനമായ വാടാനപ്പള്ളി കയർ വ്യവ സായ സഹകരണ സംഘം ആധുനീകരിച്ച് പ്രവർത്തനം പുനരുദ്ധരിക്കേണ്ടതാണ്. പ്രതിദിനം നൂറ് പേർക്കെങ്കിലും തൊഴിൽ ലഭിക്കാൻ ഇടയുള്ള ഈ സ്ഥാപനം ഒരു spinning Unit ആയി ഉയർത്തണം. മൂലധനമില്ലാത്തത്കൊണ്ടും ചില സാങ്കേതികകാരണങ്ങളാൽ പ്രവർത്തനരഹിത മായും കിടക്കുകയാണ് ഈ സ്ഥാപനങ്ങൾ.

3. സ്ത്രീകളുടെ വിദ്യാഭ്യാസം, സമത്വം, കുടുംബ ഭരണം, ശിശുക്ഷേമം സാമൂഹ്യ പ്രതിബദ്ധത എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കാവുന്ന ചർച്ചാക്ലാസ്സുകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ

അതാത് വാർഡിലെ ഗ്രാമസഭകളിലോ മഹിളാ സമാജങ്ങളിലോ വച്ചു നടത്തേണ്ടതാണ്.

4. സ്ത്രീകൾക്ക് നേരെയുള്ള കയ്യേറ്റം തടയുന്നതിന് ഗ്രാമസഭാ തലത്തിൽതന്നെ സന്നദ്ധ സംഘടനകൾ രൂപീകരിക്കേണ്ടതാണ്. അവർക്ക് നീതിലഭിക്കാനുള്ള ഏർപ്പാടുകൾ ഈ തലത്തിൽ തന്നെ ചെയ്ത് കൊടുക്കേണ്ടതാണ്.

5. മദ്യനിരോധനം പൂർണ്ണമാക്കണം. ആ മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കണം

6. സ്ത്രീ ഉപഭോഗവസ്തു വല്ല എന്ന അവബോധം സൃഷ്ടിക്കുന്ന പ്രചാരണങ്ങളും പ്രബോധനങ്ങളും പൊതുജനങ്ങളിൽ നടത്തണം


7. അഗതികളായ സ്ത്രീകൾക്കും കാർഷിക കാർഷികേതര മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കും അർഹരായവർക്ക് യഥാവസരം പെൻഷൻ ലഭിക്കാൻ ആവശ്യമായ ഏർപ്പാടുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന ചെയ്ത് കൊടുക്കേണ്ടതാണ്.

8. സ്ത്രീകളെ സഭ്യേതരമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ മറ്റു പരസ്യങ്ങൾ എന്നിവ തടയാൻ നിയമ നിർമ്മാണം തെന്നെ നടത്തേണ്ടതാണ്.

**ടൂറിസം**

വാടാനപ്പിള്ളി ബീച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി വികസന കേന്ദ്രം നിർമ്മിക്കുന്നതിനുള്ള തറക്കല്ലിടൽ 1989ൽ അന്നത്തെ ടൂറിസം വികസന മന്ത്രി പി.എസ്സ്. ശ്രീനിവാസൻ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഗവർമെണ്ട് മാറിയതോടെ പ്രസ്തുത വികസന പ്രവർത്തനങ്ങളുടെ തുടർ നടപടികളൊന്നും നടത്തപ്പെട്ടില്ല. വാടാനപ്പള്ളി ബീച്ചിൽ കടൽകാറ്റ് ഏൽക്കുന്നതിനും കടലിൽ കുളിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താനും ചേറ്റുവ അഴിമുഖം വരെ കുട്ടികളും ട്രെയിൻ ഓടിക്കാനും അന്നത്തെ മാസ്റ്റർ പ്ലാനിൽ പരിപാടി ഉണ്ടായിരുന്നു. പടിഞ്ഞാറെ പുഴയിൽ ഹണിമൂൺ കോട്ടേജുകളും പുഴയിൽ പൊന്തിക്കിടക്കുന്ന റസ്റ്റോറണ്ടും ഇളനീർ പാർലറുകളും ഇതിനോടനുബന്ധിച്ച് തുടങ്ങാവുന്നതാണ്. പടിഞ്ഞാറെ പുഴ മുതൽ ചേറ്റുവ വഴിയോര വിശ്രമകേന്ദ്രം വരെ സ്പീഡ് ബോട്ട് സർവ്വീസ് ഏർപ്പെടുത്താവുന്നതാണ്. കണ്ടശ്ശാംകടവും ചേറ്റുവ വഴിയോര വിശ്രമ കേന്ദ്രവും ബന്ധിപ്പിച്ച് സ്പീഡ് ബോട്ട് സർവ്വീസ് ഏർപ്പെടുത്തണം. ശിശു വിഹാർ ഒരു ആയുർവ്വേദ ഉഴിച്ചിൽ, പിഴിച്ചിൽ സുഖചികിത്സ. കേന്ദ്രമാക്കി രൂപപ്പെടുത്തുകയും. അതിനെ ബീച്ചുമായി ബന്ധപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

പൊള്ളാച്ചി, കോയമ്പത്തൂർ തൃശൂർ തുടങ്ങിയ നഗരങ്ങളുടെ ഏറ്റവും അടുത്ത കടലോരമായ വാടാനപ്പിള്ളി ബീച്ചിൽ ഇപ്പോൾ തന്നെ വിനോദ സഞ്ചാരികൾ ധാരാളം വന്നു പോകുന്നുണ്ട്. മേൽ പ്പറഞ്ഞ നിർദ്ദേശങ്ങൾ കൂടെ സാധിത പ്രായമാക്കിയാൽ ഒരു നല്ല വിനോദ സഞ്ചാര കേന്ദ്രമായി വാടാനപ്പിള്ളി ബീച്ചിനെ മാറ്റിയെടുക്കാൻ കഴിയും അതോടൊപ്പം പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനുള്ള വിഭവസമാഹരണം വർദ്ധിപ്പിക്കാനും കഴിയും.



# പട്ടികജാതി/വർഗ്ഗക്ഷേമം

91 ലെ സെൻസസ് അനുസരിച്ച് നമ്മുടെ ായത്തിൽ ആകെയുള്ള ജനസംഖ്യ 2703 ആണ്. പട്ടികജാതി വിഭാഗത്തിൽ 4889 പേരും, രണ്ട് വർഗ്ഗക്കാരുമാണ് ഉള്ളത്. ഇത് മൊത്തം ജന ്യയുടെ ഏകദേശം 16.71% വരും. പട്ടികജാതി ംഖ്യയിൽ 2421 പുരുഷന്മാരും 2438 സ്ത്രീക ണ് ഉള്ളത്. ഏകദേശം ആയിരത്തോളം പട്ടിക കുടുംബങ്ങളാണ് നമ്മുടെ പഞ്ചായത്തിലു ഇതിൽ മിക്ക കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് യാണ് നലകൊള്ളുന്നത്. കുടികിടപ്പവകാശം ഭൂമിയിലും ലക്ഷം വീട് കോളനികളിലുമാണ് പക്ഷം പേരും താമസിക്കുന്നത്.

## ...ഴിൽ

പട്ടികജാതി വിഭാഗത്തിലെ മിക്കവാറും പേരും ക തൊഴിലാളികളാണ്. മത്സ്യബന്ധനത്തിൽ പ്പെട്ട് ഉപജീവനം നടത്തുന്നവരും ഒരു ചെറു ന്യൂനപക്ഷം വരുന്ന കെട്ടിട നിർമ്മാണ തൊഴിലാളികളുമുണ്ട്. തൊഴിലാളികൾക്ക് ഭാഗികമായ തൊഴിൽ മാത്രമെ ലഭിക്കുന്നുള്ളൂ. അതുകൊണ്ട് തന്നെ ദാരിദ്ര്യം, തൊഴിലില്ലായ്മ, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ എന്നിവ മൂലം സമൂഹത്തിലെ മുഖ്യധാരയിലെത്തിപ്പെടാൻ ഇവർക്ക് കഴിയുന്നില്ല.

## *കോളനികളുടെ സ്ഥിതി*

നമ്മുടെ പഞ്ചായത്തിൽ നാല് പട്ടികജാതി കോളനികളും ചില O.L.H കോളനികളും ഉണ്ട്. കോളനികളായി അംഗീകരിക്കാവുന്ന ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഏഴോളം പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നിലവിലുള്ള കോളനികളിൽ തന്നെ കുടിവെള്ളം വൈദ്യുതി കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇനിയും തൃപ്തികരമായി നടപ്പാക്കിയിട്ടില്ല.

## പട്ടിക 1

## ഹരിജൻ കോളനികളിലെ സൗകര്യങ്ങൾ

| കോളനിയുടെ പേര് | കുടിവെള്ളം | കക്കൂസ് | വൈദ്യുതി | വീടുകൾ ഇല്ലാത്തവർ ഉണ്ടോ | ഭൂമിയില്ലാത്തവർ ഉണ്ടോ |
|---|---|---|---|---|---|
| AKG കോളനി | ഭാഗികം | ഭാഗികം | ഇല്ല | ഉണ്ട് | ഉണ്ട് |
| ലക്ഷം വീട് കോളനികൾ | ഭാഗികം | ഭാഗികം | ഭാഗികം | ഉണ്ട് | ഉണ്ട് |
| ചെട്ടിക്കാട് കോളനി | ഭാഗികം | ഭാഗികം | ഭാഗികം | ഉണ്ട് | ഉണ്ട് |
| കൊറ്റയി N. കോളനി | ഭാഗികം | ഭാഗികം | ഭാഗികം | ഉണ്ട് | ഉണ്ട് |
| കൊറ്റായി S. കോളനി | ഭാഗികം | ഭാഗികം | ഇല്ല | ഉണ്ട് | ഉണ്ട് |
| VI-ാം വാർഡ് കോളനി | ഉണ്ട് | ഭാഗികം | ഭാഗികം | ഉണ്ട് | ഉണ്ട് |

### *വിദ്യാഭ്യാസ നിലവാരം*

1996 ലെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള 5133 വിദ്യാർത്ഥികളിൽ 828 വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഇത് ആകെ വിദ്യാർത്ഥികളുടെ 16.13% ത്തോളം വരും. 95-96 ൽ തോറ്റുപോയ 509 വിദ്യാർത്ഥികളിൽ 108 പേരും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരാണ്. (21.21%) പഠനം നിർത്തിപോകുന്ന വിദ്യാർത്ഥികളിൽ അധികവും ഈ വിഭാഗത്തിൽപ്പെട്ടവരാണെന്ന് കാണാം. നമ്മുടെ പഞ്ചായത്തിൽ അവശേഷിക്കുന്ന നിരക്ഷരരിൽ അധികം പേരും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരാണെന്ന് കാണാവുന്നതാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥയും രക്ഷിതാക്കളുടെ അറിവില്ലായ്മയും ആണ് വിദ്യാഭ്യാസരംഗത്തുള്ള ഈ പിന്നോക്കാവസ്ഥക്ക് കാരണം. 96ലെ കണക്കനുസരിച്ച് ലംസം ഗ്രാന്റ് കിട്ടുന്ന 929 വിദ്യാർത്ഥികളിൽ 828 പേരും ഹരിജൻ വിദ്യാർത്ഥികളാണ്. സർക്കാർ ആനുകൂല്യങ്ങൾ ഉണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തും എത്തിപ്പെടുന്നവർ വിരളമാണ്.

## പട്ടിക 2

# പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 1996–97 വർഷത്തെ പഠനവിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നവർ | | തോറ്റു പഠിക്കുന്നവർ | |
|---|---|---|---|---|---|
| | | ആകെ | S.C | ആകെ | S.C |
| 1 | ഫിഷറീസ് U.P സ്കൂൾ | 348 | 61 | 34 | 7 |
| 2. | T.U.P സ്കൂൾ, തൃത്തല്ലൂർ | 664 | 125 | 80 | 34 |
| 3. | St. Francis Xaviers R.C U.P. School | 1056 | 210 | 108 | 18 |
| 4 | S.M.U.P സ്കൂൾ | 444 | 60 | 36 | 10 |
| 5 | B.V.L.P സ്കൾ | 108 | 37 | 13 | 7 |
| 6 | East L.P സ്കൂൾ | 117 | 30 | 8 | 1 |
| 7 | കടപ്പുറം L.Pസ്കൂൾ | 231 | 18 | 18 | 1 |
| 8 | S.V.P. L.P സ്കൂൾ | 241 | 56 | 17 | 12 |
| 9 | K.M.M.L.P സ്കൂൾ | 234 | 32 | 18 | 1 |
| 10 | G.H.S. Vatanappally | 1081 | 68 | 123 | – |
| 11 | K.N.M.V.H.S School | 609 | 131 | 54 | 17 |
| | | 5133 | 828 | 509 | 108 |

## സാമൂഹ്യപദവി

അതുപോലെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗത്ത് ഈ വിഭാഗത്തിൽപ്പെട്ടവരുടെ പങ്കാളിത്തം താരതമ്യേന കുറവാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജാതിപരമായ അടിച്ചമർത്തലുകളോ വിവേചനങ്ങളോ പ്രത്യക്ഷത്തിൽ പ്രകടമല്ലെങ്കിലും പലതരത്തിലുള്ള ചൂഷണങ്ങൾക്കും അസമത്വങ്ങൾക്കും ഇവർ വിധേയരാകുന്നുണ്ട്. പ്രായമേറെ ചെന്ന പട്ടികജാതി വൃദ്ധരെപ്പോലും ജാതിയിൽ ഉയർന്നവരെന്ന് കരുതുന്നവർ പേരെടുത്ത് വിളിക്കുന്ന രീതി ഇന്നും നിലവിലുണ്ട്.

അടിസ്ഥാന ആവശ്യങ്ങളായ പാർപ്പിടം, തൊഴിൽ, ആരോഗ്യം എന്നിവയുടെ കാര്യത്തിൽ പദ്ധതി വിഹിതത്തിന്റെ അനുപാതത്തിലുള്ള വളർച്ച നമ്മുടെ പഞ്ചായത്തിലുണ്ടായിട്ടില്ലെന്ന് കാണാവുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ തൊഴിൽദാന പദ്ധതിയിനത്തിൽ വരുന്ന ഫണ്ടുകൾ മിക്കവയും, റോഡുനിർമ്മാണങ്ങൾക്കാണ് ഉപയോഗിച്ചു പോരുന്നത്. ഭവന നിർമ്മാണത്തിനുവേണ്ടി പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കാതെ നിർധനരായവർക്ക് വീടുവെക്കുക ആസാധ്യായിതീരും. IRDP ആനുകൂല്യം ലഭിക്കുന്ന ഹരിജനങ്ങൾക്ക് ശരിയായ തൊഴിൽ പരിശീലനവും സാങ്കേതിക ഉപദേശങ്ങളും ലഭ്യമാകാത്തതുകൊണ്ട് പദ്ധതി ലക്ഷ്യമിടുന്നതുപോലെ ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ കഴിയുന്നില്ല. 1983ൽ നമ്മുടെ പഞ്ചായത്തിൽ ഒരു ഹരിജൻ സർവ്വീസ് സഹകരണ സംഘം സ്ഥാപിതമായിട്ടുണ്ട്. ഇപ്പോൾ 1050 അംഗങ്ങൾ ഉള്ള ഈ സംഘത്തിന് ആവശ്യത്തിന് വിഭവസമാഹരണ സാദ്ധ്യതയില്ലാത്തതിനാൽ ശരിയായവിധം ഹരിജനക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനാവുന്നില്ല. കാർഷികവും കാർഷികേതരവുമായ ചെറുവായ്പകൾ ഈ സംഘം നൽകിവരുന്നുണ്ട്. പദ്ധതികളെക്കുറിച്ചുള്ള യഥാർത്ഥമായ വിവരങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിൽ പോരായ്മകളുണ്ട്.

## ആരോഗ്യം

സാമ്പത്തികവും-സാമൂഹ്യവുമായ പിന്നോക്കാവസ്ഥ നിമിത്തം പട്ടികജാതി വിഭാഗത്തെ സംബന്ധിച്ചിടത്തോളം ആരോഗ്യപരിപാലനരംഗത്ത് ധാരാളം പോരായ്മകളുണ്ട്. പോഷകാഹാരകുറവു മൂലവും മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങൾ കൂടുതലുള്ളതുകൊണ്ടും പൊതുവെ ഇവരുടെ ആരോഗ്യസ്ഥി മോശമാണ്. കുടിവെള്ളത്തിന്റെ അഭാവവും എല്ലാ വീടുകളിലും കക്കൂസുകളില്ലാതിരിക്കുന്നതും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുയർത്തുന്നുണ്ട്. ജനങ്ങൾ തിങ്ങിപാർക്കുന്നതുകൊണ്ട് പരിസര മലിനീകരണ പ്രശ്നവും കോളനികളോടനുബന്ധിച്ച് ഉണ്ട്. താഴ്ന്നവരുമാനക്കാരായ പട്ടിക ജാതിക്കാർക്ക് ആശ്രയിക്കാവുന്ന ആശുപത്രിയാണ് തൃത്തല്ലൂർ ഹെൽത്ത് സെന്റർ. പക്ഷെ വേണ്ടത്ര സൗകര്യങ്ങളോ മരുന്നുകളോ ഇല്ലാത്തുകൊണ്ട് ഈ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നില്ല.

## പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. ഒന്നാം വാർഡിലെ തീരപ്രദേശത്ത് താമസിക്കുന്ന നിരവധി ഹരിജൻ കുടുംബങ്ങൾക്ക് ഇപ്പോഴും പട്ടയം കിട്ടാത്തതുകൊണ്ട് സർക്കാർ തലത്തിലുള്ള ആനുകൂല്യങ്ങൾ ഒന്നും തന്നെ ഇവർക്ക് ലഭിക്കുന്നില്ല. അതിനാൽ പട്ടയം കിട്ടാത്ത മുഴുവൻ പേർക്കും പട്ടയം നൽകാനുള്ള അടിയന്തിര നടപടി കൈക്കൊള്ളേണ്ടതുണ്ട്.

2. കോളനികളെ സ്പർശിച്ചുകൊണ്ടുള്ള റോഡുകളും പൊതുവഴികളും വർദ്ധിപ്പിക്കേണ്ടതുണ്ട്.

3. വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിന് സ്വകാര്യ ഭൂവുടമകൾ പ്രോപ്പർട്ടി ക്രോസ്സിങ്ങ് കൺസെന്റ് തരാതിരിക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ പൊതുറോഡുകൾ അത്യാവശ്യമാണ്.

4. രണ്ടായിരമാണ്ടോടെ കക്കൂസുകളില്ലാത്ത മുഴുവൻ ഹരിജൻ ഭവനങ്ങളിലും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കാനുള്ള യുദ്ധകാലടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

5. സ്വന്തമായി വീടും ഭൂമിയുമില്ലാത്ത പട്ടികജാതിക്കാരായ മുഴുവൻ പേർക്കും ഭൂമിയും ഭവന നിർമ്മാണ ഗ്രാന്റും അടിയന്തിരമായി അനുവദിക്കണം.

6. അറ്റകുറ്റപണികൾ ആവശ്യമായ നിരവധി വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നിർധനരായ മുഴുവൻ പട്ടികജാതിക്കാർക്കും തങ്ങളുടെ വീടുകൾ അറ്റകുറ്റ പണി ചെയ്യുന്നതിന് സഹായം നല്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

7. പട്ടികജാതി വിഭാഗത്തിലെ ചെറുകിട വ്യവസായ സംരംഭകർക്കും IRDP ഗുണഭോക്താക്കൾക്കും അവരുടെ ജീവനോപാധി കരുപിടിപ്പിക്കുന്നതിനാവശ്യമായ തൊഴിൽ പരിശീലനം നൽകാനുള്ള സ്ഥിരം ഏർപ്പാട് പഞ്ചായത്തിൻ കീഴിൽ ഉണ്ടാക്കണം.

8. പട്ടികജാതി വനിതകൾക്ക് DWCRA പോലുള്ള കൂട്ടായ വ്യവസായ സംരംഭം ആരംഭിക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊടുക്കണം. സഹകരണ സംഘങ്ങൾ മുഖേന ഇപ്രകാരം ഉൽപാദിപ്പിക്കുന്ന വസ്തുക്കൾക്ക് വിപണി കണ്ടെത്താനും കഴിയണം.

9. കർഷക തൊഴിലാളി പെൻഷൻ വാർദ്ധക്യ കാല പെൻഷൻ എന്നിവ അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

10. 'സിംഗിൾ പോയന്റ് വയറിങ്ങ്' കഴിഞ്ഞ് വർഷങ്ങളായി വൈദ്യുതി കണക്ഷൻ കിട്ടാതിരിക്കുന്ന പട്ടികജാതി ഗുണഭോക്താക്കൾക്ക് സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി കണക്ഷൻ കൊടുക്കാനുള്ള അടിയന്തര നടപടികൾ ഉണ്ടാകണം.

11. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളെ കുറിച്ച് വിവരം നൽകുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിൻ കീഴിൽ ഒരു ഇൻഫോർമേഷൻ സെന്റർ ആരംഭിക്കേണ്ടതുണ്ട്.

12. IAY, JRY, മില്യൻവെൽ പദ്ധതിപ്രകാരം ഹരിജനങ്ങൾക്ക് നൽകുന്ന ഭവന നിർമ്മാണ ഗ്രാന്റ് തുക ഇരട്ടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

13. ഹരിജൻ കോളനികളോട് ചേർന്ന് സാംസ്കാരിക കേന്ദ്രങ്ങൾ, ലൈബ്രറികൾ, കുട്ടികൾക്ക് വേണ്ടിയുള്ള ക്രഷെ, കുട്ടികളുടെ പാർക്ക്, T.V. സെറ്റുകൾ എന്നിവ സ്ഥാപിക്കാൻ വേണ്ട നടപടികൾ ആരംഭിക്കണം.

പട്ടികജാതി വിഭാഗക്കാരുടെ വിദ്യാഭ്യാസ സാംസ്കാരിക സാമൂഹ്യ പദവി ഉയർത്തിക്കൊണ്ടു വരാനുള്ള സവിശേഷ പദ്ധതികൾ ആവിഷ്കരിക്കണം.

# സാമൂഹ്യക്ഷേമം

നമ്മുടെ പഞ്ചായത്തിൽ ദരിദ്ര ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ സാമൂഹ്യ ക്ഷേമപദ്ധതി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഗൾഫ് നാടുകളിലേക്കുള്ള കുടിയേറ്റത്തെ തുടർന്ന് സാമ്പത്തികമായി ഉയർച്ചയുണ്ടായവരിൽ സമീപ പ്രദേശങ്ങളെയപേക്ഷിച്ച് നമ്മുടെ പഞ്ചായത്ത് മുൻനിരയിലാണെന്നു കാണാം. എങ്കിലും നല്ലൊരു പങ്ക് ജനങ്ങൾ ഇന്നും ദാദിദ്രരായിക്കഴിയുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി പരന്നു കിടക്കുന്ന ദരിദ്ര ജനവിഭാഗങ്ങളെ പരിശോധിച്ചാൽ എല്ലാ ജാതിമതത്തിലും പെട്ടവരുണ്ടെന്നു കാണാം. എങ്കിലും പട്ടികജാതിയിൽ പെട്ടവരിൽ നല്ലൊരു പങ്കും ദരിദ്രജനവിഭാഗത്തിൽ പെടുന്നു എന്നതാണ് വസ്തുത.

സർവ്വപ്രകാരം പഞ്ചായത്തിന്നകത്തെ ദാരിദ്ര്യ രേഖക്കുതാഴെയുള്ളവരുടെ പട്ടിക 1 താഴെ ചേർക്കുന്നു.

പഞ്ചായത്തിനകത്ത് നടത്തിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ഇനിയും ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തി വിവിധ സഹായ പദ്ധതികൾ നൽകുന്നുണ്ടെങ്കിൽ പോലും പരിമിതമായ കുടുംബങ്ങൾക്കുമാത്രമെ ഓരോ വർഷവും ഇതിന്റെ ഗുണഫലം ലഭിക്കുന്നുള്ളൂ. സാങ്കേതിക പരിശീലനം നൽകികൊണ്ട് വിവിധ തൊഴിലുകൾക്ക് ദരിദ്രജനവിഭാഗങ്ങളെ പ്രാപ്തരാക്കുന്ന ട്രൈസം പദ്ധതിയും നടന്നുവരുന്നുണ്ട്. ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ പട്ടിക 2 താഴെ ചേർക്കുന്നു.

കൂടാതെ സഹകരണാടിസ്ഥാനത്തിൽ തൊഴിൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളും പഞ്ചായത്തിൽ ഉണ്ട് (പട്ടിക 3)

വളരെ ജീർണ്ണിച്ച വീടുകളിൽ കഴിഞ്ഞുകൂടുന്ന ദരിദ്ര ജനവിഭാഗങ്ങൾക്ക് ഭവന നിർമ്മാണ വായ്പകൾ നൽകി സഹായിക്കുന്ന പദ്ധതികളും പഞ്ചായത്തിൽ തുടർന്നുവരുന്നുണ്ട്. (പട്ടിക 4)

സാങ്കേതിക പരിശീലനം ലഭിച്ച ദരിദ്രജനവിഭാഗത്തിൽപെടുന്നവർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുവാനോ ഉള്ളവ വികസിപ്പിക്കുവാനോ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ വേണ്ടത്ര ലഭ്യമാകുന്നില്ല. എന്ന സ്ഥിതിയുണ്ട്. പഞ്ചായത്തിനകത്തു പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾ ബാങ്കുകളും ഇവർക്കു വായ്പ നൽകുന്ന കാര്യത്തിൽ വിമുഖരാണ്. മാത്ര

മല്ല അനാവശ്യമായ സാങ്കേതികത്വം പറഞ്ഞു കൊണ്ടു അപേക്ഷകരെ തിരിച്ചയക്കുന്നതും പതിവാണ്.

ദരിദ്രജനവിഭാഗത്തിൽ പെട്ടവർ പ്രധാനമായും കാർഷിക മേഖലയിലാണ് പണിയെടുക്കുന്നത്. കെട്ടിടനിർമ്മാണരംഗത്തും നല്ലൊരു വിഭാഗം പ്രവർത്തിക്കുന്നുണ്ട്. മത്സ്യബന്ധനവും വിപണനവും അവരുടെ മറ്റൊരു മേഖലയാണ്.

ഗ്രാമീണ കൈത്തൊഴിലുകാരുടെ പട്ടിക താഴെ ചേർക്കുന്നു. (പട്ടിക 5)

അഗതി പെൻഷൻ വിധവാ പെൻഷൻ അംഗവൈകല്യപെൻഷൻ കർഷകതൊഴിലാളി പൻഷൻ എന്നിവകൂടാതെ മാരകരോഗം ബാധിച്ച പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ സഹായവും ഇപ്പോൾ പഞ്ചായത്തുകൾ മുഖേന നടത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.യ പുതിയ പെൻഷനുകൾക്കുവേണ്ടിയുള്ള അപേക്ഷകളിൽ തീർപ്പുകല്പിക്കുന്ന നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്.

ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ വിഭാഗക്കാരിൽ അനർഹരായവർ ആരും തന്നെയില്ല. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 23 അംഗൻ വാടികൾ പഞ്ചായത്തിൽ ഉണ്ട്. അവയിൽ പലതിന്നും വേണ്ടത്ര സ്ഥലമോ സ്വന്തമായ കെട്ടിടമോ ഇല്ല. ഈ കുറവുകൾ എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിന്നാവശ്യമായ വിധം സൗജന്യമായി ഭൂമി ലഭിക്കുന്നതിന്നും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. അർഹരായവരെ IRDP ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഉദ്യോഗസ്ഥന്മാരുടെ അലംഭാവം യഥാസമയം സഹായങ്ങൾ ലഭിക്കാൻ തടസ്സമാകുന്നുണ്ട്.

3. പദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കൾക്കുള്ള അറിവില്ലായ്മ

4. കിട്ടുന്ന ആനുകൂല്യങ്ങൾ യഥാസമയം സൂക്ഷ്മമായി വിനിയോഗിക്കാൻ കഴിയാതിരിക്കുക

നിർദ്ദേശങ്ങൾ

1. IRDP ലിസ്റ്റിൽ അർഹതയുള്ള മുഴുവൻ പേരെയും ഉൾപ്പെടുത്തണം.

2. പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കിടയിൽ പ്രചരണം നൽകണം.

3. സഹായധനം വേണ്ടത്ര രീതിയിൽ വിനിയോഗം നടത്തുന്നുണ്ടെന്നു ഉറപ്പുവരുത്തണം.

4. അർഹമായ അപേക്ഷകളിൽസത്വര നടപടി സ്വീകരിക്കണം.

5. അനർഹരായവർക്ക് സഹായധനം ലഭിക്കാനിടവരുന്നത് തടയണം.

6. സാമ്പത്തീക സ്ഥാപനങ്ങളുടെ വായ്പ നൽകുന്നതിന്നുള്ള സാങ്കേതികത്വം ലഘൂകരിക്കണം.

7. മഹിളാ സംഘങ്ങൾ- അംഗൻ വാടികൾ എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാരങ്ങൾ നൽകണം.

പട്ടിക 3

11.4 DWCA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 4 |
| 11 | Rubber Products | 1996 | 10 | - |
| 1 | Coir products | 1995 | 10 | - |

പട്ടിക 1

വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്

## 11.1 IRDP സർവ്വേ പ്രകാരം – ദരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 182 | 42 | 70 | 30 | 50 |
| 2 | 132 | 16 | 50 | 10 | 40 |
| 3 | 88 | 19 | 40 | 20 | 30 |
| 4 | 130 | 30 | 70 | 35 | 50 |
| 5 | 120 | 50 | 60 | 30 | 20 |
| 6 | 110 | 80 | 75 | 30 | 25 |
| 7 | 131 | 322 | 77 | 20 | 60 |
| 8 | 120 | 211 | 80 | 20 | 70 |
| 9 | 150 | 50 | 1110 | 55 | 30 |
| 10 | 107 | 40 | 90 | 40 | 60 |
| 11 | 169 | 71 | 100 | 60 | 70 |
| | 1439 | 454 | 822 | 350 | 505 |

പട്ടിക 4

## 11.5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് | വീട് ആവശ്യമുള്ള കുടുബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 80 | 20 | 5 | 15 | 65 |
| 2 | 60 | 15 | 6 | 9 | 45 |
| 3 | 40 | 10 | 4 | 6 | 30 |
| 4 | 45 | 10 | 7 | 3 | 35 |
| 5 | 50 | 18 | 16 | 2 | 40 |
| 6 | 30 | 12 | 10 | 2 | 30 |
| 7 | 50 | 10 | 5 | 5 | 35 |
| 8 | 60 | 17 | 11 | 6 | 43 |
| 9 | 70 | 16 | 13 | 3 | 30 |
| 10 | 62 | 10 | 6 | 4 | 52 |
| 11 | 80 | 30 | 20 | 10 | 50 |

## 11.2 ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | Book Binding | 1 | | - | - |
| | Handloom weaving | 2 | 3 | | |
| 2 | Book Binding | 1 | | | |
| | Handloom Weaving | 2 | 2 | | |
| 3 | Handloom Weaving | 2 | | | |
| | Spry painting | 1 | 3 | | |
| 4 | Handloom Weaving | 1 | | | |
| | Readymade unit | 2 | 3 | | |
| 5 | Plumbing | 1 | | | |
| | wiring | 1 | 2 | | |
| 6 | Spry painting | 2 | 2 | | |
| 9 | Handloom weaving | 2 | 2 | | |
| 11 | Printing and composing | 5 | 1 | 4 | |

പട്ടിക 5

## 11.9. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഇല്ല | ഇല്ല | ഇല്ല |
| 2 | ഇല്ല | ഇല്ല | ഇല്ല |
| 3 | 5 | 1 | 4 |
| 4 | ഇല്ല | ഇല്ല | ഇല്ല |
| 5 | 2 | 1 | 1 |
| 6 | ഇല്ല | ഇല്ല | ഇല്ല |
| 7 | 10 | 5 | 5 |
| 8 | 25 | 10 | 15 |
| 9 | 10 | 1 | 9 |
| 10 | 22 | 10 | 12 |
| 11 | 30 | 15 | 15 |

# സഹകരണം

വാടാനപ്പള്ളി പഞ്ചായത്തിൽ 1920ലാണ് സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ഐക്യനാണയസംഘം എന്ന പേരിലാരംഭിച്ച സഹകരണ സംഘം ഇപ്പോൾ 4000ത്തോളം മെമ്പർമാരുള്ള സഹകരണ ബാങ്കായി ഉയർത്തപ്പെട്ടിരിക്കുന്നു.

ഏതാണ്ട് സമാനസ്വഭാവമുള്ള വാടാനപ്പള്ളി കർഷക സഹകരണസംഘം, വാടാനപ്പള്ളി കയർ വ്യവസായസഹകരണസംഘം, വാടാനപ്പള്ളി പട്ടികജാതി സർവ്വീസ് സഹകരണസംഘം, ക്ഷീര വ്യവസായ സഹകരണസംഘം, മത്സ്യതൊഴിലാളി സഹകരണസംഘം, സ്കൂൾ സഹകരണസംഘങ്ങൾ എന്നിവയാണ്. വാടാനപ്പള്ളിയിലെ മറ്റു സഹകരണസ്ഥാപനങ്ങൾ.

സിലോൺ മലയാളികളുടെ നേതൃത്വത്തിലാണ് ആദ്യത്തെ സഹകരണസംഘത്തിന് തുടക്കം കുറിച്ചത്. കയർ വ്യവസായ സഹകരണസംഘവും അവരുടെ ആശിസ്സുകളോടെതന്നെയാണ് വളർന്നു വന്നത്.

ക്രെഡിറ്റ് സഹകരണസംഘങ്ങൾ ഇന്ന് വൻതോതിലുള്ള സാമ്പത്തിക പ്രതിസന്ധിയാണ് നേരിട്ടു കൊണ്ടിരിക്കുന്നത്. ഡെപ്പോസിറ്റ് സംഭരണ രംഗത്ത് വൻതോതിൽ പലിശ കൊടുക്കുന്ന സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളുമായി മത്സരിച്ചുനിൽക്കാൻ സഹകരണ പ്രസ്ഥാനത്തിന് കഴിയുന്നില്ല. 30% ഉം അതിലേറെയും ഡെപ്പോസിറ്റുകൾക്ക് പലിശ നൽകാൻ പല സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും തയ്യാറാകുന്നുണ്ട്. തൻമൂലം ഡെപ്പോസിറ്റുകൾ സ്വകാര്യ മേഖലയിലേക്ക് ആകർഷിക്കപ്പെടുന്നു.

വാടാനപ്പള്ളിയിൽ പ്രവൃത്തിച്ചുവരുന്ന ഏക വ്യവസായ സഹകരണസംഘം കയർവ്യവസായ സഹകരണസംഘമാണ്. തൊണ്ടിന്റെ ലെവി എടുത്ത് കളഞ്ഞതും ദൈനംദിന പ്രവർത്തനത്തിൽ ഉണ്ടായ അശ്രദ്ധയും ഈ സംഘത്തിനെ മൃതപ്രായമാക്കിതീർത്തു. ഉൽപാദിപ്പിച്ച ഉൽപ്പന്നത്തിന്റെ വിപണനവും ഒരു പ്രധാന പ്രശ്നമായിരുന്നു. അസംസ്കൃത കയർ ഉപയോഗിച്ച് ഉണ്ടാ യേക്കാവുന്ന കയർ ഉൽപ്പന്നങ്ങൾ ഒന്നും തന്നെ ഇവിടെ ഉൽപാദിക്കപ്പെടുന്നില്ല. 150–ൽ താഴെ മെമ്പർമാരാണ് ഈ സംഘത്തിൽ ഇപ്പോഴുള്ളത്. പച്ചചകിരി അഴുക്കുന്നതിന് ആവശ്യമായ സംവിധാനം ഇപ്പോൾ കുറഞ്ഞു കുറഞ്ഞു വരുകയാണ്. ഇതൊക്കെയാണെങ്കിലും ഈ സംഘം പുനരുദ്ധരിക്കാവുന്നവയാണ്. പട്ടികജാതി സർവ്വീസ് സഹകരണസംഘം 1983–ലാണ് പ്രവർത്തനം ആരംഭിച്ചത്. 150–ൽ താഴെ മെമ്പർഷിപ്പ് ആണ് തുടക്ക

ത്തിൽ ഉണ്ടായിരുന്നത്. ഇപ്പോൾ ആയിരത്തിലേറെ മെമ്പർമാരുണ്ട്. പ്രവർത്തനം വൈവിധ്യവത്ക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ നടന്നുവരുന്നുണ്ട്.

## ക്ഷീര വ്യവസായസഹകരണസംഘം

ക്ഷീര കർഷകർ ഏറെയുണ്ടെങ്കിലും 45 ലിറ്റർ പാൽ മാത്രമാണ് ക്ഷീരസംഘത്തിലൂടെ ശേഖരിക്കപ്പെടുന്നത്. സാധ്യതയുടെ വളരെ ചെറിയ ശതമാനം മാത്രമാണിത്. മിൽമ ക്ഷീരകർഷകർക്ക് പാൽ വില പൊതുമാർക്കറ്റിനേക്കാൾ കുറച്ച് നൽകുന്നതാണ് ഈ ദുരവസ്ഥയ്ക്ക് പ്രധാനം കാരണം. തീറ്റ പുൽകൃഷി വ്യാപകമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ക്ഷീര കർഷകർ നൽകുന്ന പാലിന് പൊതു മാർക്കറ്റിലെ വില ലഭ്യമാക്കണം. കന്നുകാലികൾക്ക് ആവശ്യമായ കാലിതീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. സങ്കരഇനം കന്നുകുട്ടികളെ വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടി പ്രീമിയം ബുൾ ബീജസങ്കലനം സൗജന്യമായി നടത്തിക്കൊടുക്കണം.

## മത്സ്യത്തൊഴിലാളി സഹകരണസംഘം

മത്സ്യത്തൊഴിലാളി രംഗത്ത് അടിമ ഉടമ സമ്പ്രദായത്തിന്റെ അംശങ്ങൾ ബാക്കിയുണ്ട്. ഇത് പൂർണ്ണമായി ഇല്ലാതാക്കണമെങ്കിൽ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന മത്സ്യസഹരകരണസംഘങ്ങൾ കൂടുതൽ ജനകീയമാക്കേണ്ടതാണ്. എന്നാൽ വളരെ കുറവ് മെമ്പർഷിപ്പും ഇടുങ്ങിയ പ്രവർത്തനരീതിയും മൂലം മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിക്കാൻ ഈ സംഘത്തിന് കഴിയുന്നില്ല.

വാടാനപ്പള്ളിയിൽ 5 സ്കൂൾ സഹകരണസംഘങ്ങൾ നിലവിലുണ്ട്. വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ, നോട്ടുപുസ്തകങ്ങൾ എന്നിവ ഈ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യപ്പെടുന്നു. ജൂൺ, ജൂലായ് മാസങ്ങളിൽ മാത്രമാണ് ഇതിന്റെ പ്രധാനപ്രവർത്തനം.

വാടാനപ്പള്ളി സെന്റർ കേന്ദ്രമായി ഒരു ഉപഭോക്തൃ സഹകരണസംഘം വാടാനപ്പള്ളിയിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ അത് പ്രവർത്തനക്ഷമമല്ല.

ഗ്രാമപഞ്ചായത്തുകൾ നേരിട്ട് ഉല്പാദന വ്യാപാരപ്രവർത്തനങ്ങൾ നടത്തണമെന്ന് വിഭാവനം ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ഗ്രാമസഭകളിൽ നടന്ന വികസന ചർച്ചകളുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ഒട്ടനവധി ഉൽപാദന വിപണന സഹകരണ സംഘങ്ങൾക്ക് സാധ്യതയുണ്ട്.

തെങ്ങ് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇടത്തട്ടുകാർ അവരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. നാളികേരം വെട്ടി കൊപ്രയാക്കാനും കൊപ്ര ആട്ടി വെളിച്ചെണ്ണയാക്കാനും വെളിച്ചെണ്ണ, പിണ്ണാക്ക് എന്നിവ ഉപയോഗപ്പെടുത്തി ഉപഭോക്തൃവസ്തുക്കൾ ഉൽപാദിപ്പിക്കാനും അവർക്ക് വിപണന ശൃംഖലയുണ്ടാക്കാനും സഹായകമായ വിധത്തിൽ നാളികേരകർഷകരുടെ ഉൽപാദന വിപണനപ്രശ്നങ്ങൾ കൈകാര്യം ചെയ്യാവുന്ന നടപടികൾ സർവ്വീസ്, സഹകരണസംഘങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. കാർഷികരംഗത്ത് നാം ആസൂത്രണം ചെയ്യുന്ന ഇടവിളകളും പച്ചക്കറികളും ശേഖരിച്ച് വിപണനം ചെയ്യുന്നതിനാവശ്യമായ നടപടികളും സഹകരണസംഘങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

വാടാനപ്പള്ളി പഞ്ചായത്തിൽ പ്രതിദിനം പതിനായിരത്തിലേറെ കോഴിമുട്ട മറ്റു പ്രദേശങ്ങളിൽ

നിന്ന് കൊണ്ട് വന്ന് വിപണനം ചെയ്യപ്പെടുന്നുണ്ട് എന്നാണ് കണക്ക്. പഞ്ചായത്തിലെ കുടുംബങ്ങളിലാകെ മുട്ടക്കോഴി വളർത്താനും മുട്ട ശേഖരിച്ച് വിപണനം ചെയ്യാനും ഉള്ള മുൻകൈ സഹകരണസംഘങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഉദ്യാനകൃഷി പ്രചരിപ്പിച്ചു അതിന്റെ ഭാഗമായി ഉൽപാദിപ്പിക്കപ്പെടുന്ന പൂക്കൾ വിപണനം ചെയ്യാനും സഹകരണസംഘങ്ങൾക്ക് കഴിയും.

പച്ചതൊണ്ട് അഴുക്കാതെ നാരാക്കി മാറ്റാവുന്ന സാങ്കേതിക വിദ്യ വികസിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് ബഹുഭൂരിപക്ഷം തൊണ്ടും ഇന്ധനമായാണ് ഉപയോഗിക്കപ്പെടുന്നത്. ഈ തൊണ്ട് മുഴുവൻ ശേഖരിച്ച് നാരാക്കാനും തൊണ്ട് കയറാക്കാനും, കയറുപയോഗിച്ച് കയറുൽപ്പന്നങ്ങൾ നിർമ്മിക്കാനും അവ വിവണനം ചെയ്യാനും ഉള്ള സാധ്യത കയർ വ്യവസായ സഹകരണസംഘത്തിനുമുണ്ട്.

കള്ള്ചെത്ത് രംഗം ഇന്ന് കോൺട്രാക്ട്മാരുടെ നിയന്ത്രണത്തിലാണ്. ചെത്ത് തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും കള്ള് വൈവിധ്യവത്ക്കരണം നടത്തി വിപണനം നടത്തുകയും ചെയ്യുന്നതായാൽ ഇന്ന് ചെത്ത് തൊഴിലാളികൾ അനുഭവിച്ചുവരുന്ന ഒരു പാട് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയും.

നിർമ്മാണ തൊഴിലാളികൾക്കിടയിൽ ഇടത്തട്ടുകാരുണ്ട്. ഇതൊഴിവാക്കണമെങ്കിൽ ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഹോളോ ബ്രിക്സ്, കുമ്മായം എന്നിവ ഇത്തരം സഹകരണ സംഘങ്ങൾക്ക് നിർമ്മിക്കാവുന്നതാണ്.

മത്സ്യവിപണന തൊഴിലാളികൾ 300-ൽ ഏറെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അംഗീകാരമുള്ളതും ഇല്ലാത്തതുമായ സ്വകാര്യപണമിടപാട് സ്ഥാപനങ്ങളാണ് ഇവരുടെ സാമ്പത്തിക സ്രോതസ്സ് രാവിലെ 90 രൂപ കടംകൊടുത്ത് വൈകുന്നേരം പലിശയടക്കം 100 രൂപ തിരിച്ചുവാങ്ങിക്കുന്ന നിരവധി സ്വകാര്യ പണമിടപാടുകാർ ഈ രംഗത്തുണ്ട്. മത്സ്യവിതരണത്തൊഴിലാളികളുടെ അദ്ധ്വാനം വൻ തോതിലാണ്. ഈ രംഗത്ത് കൊള്ളയടിക്കപ്പെടുന്നത്. ഒരു വർഷത്തിൽ എല്ലാ ദിവസവും ഈ വിധത്തിൽ ഇടപാട് നടന്നാൽ വെറും 90 രൂപയ്ക്ക് 3650 രൂപ പലിശയായി കിട്ടും. മത്സ്യ വിപണന തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിച്ച് ഈ പ്രശ്നപരിഹരിക്കാവുന്നതാണ്.

## വനിതാസഹകരണസംഘം

വനിതകളിൽ ഒരു വലിയ വിഭാഗം തൊഴിൽ രഹിതരാണ്. വാർഡ് അടിസ്ഥാനത്തിലോ പ്രാദേശികാടിസ്ഥാനത്തിലോ ഇവരെ സംഘടിപ്പിച്ചാൽ ഒട്ടനവധി ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ആരംഭിക്കാൻ പറ്റും.

## പ്രശ്നങ്ങൾ

1. സാമ്പത്തിക ഇടപാടുകൾ നടത്താനും മേൽനോട്ടം നിർവഹിക്കുവാനും ആവശ്യമായത്ര പരിജ്ഞാനം നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ബഹുജനസംഘടനാ പ്രവർത്തകർക്ക് ഇല്ല. ഇപ്പോൾ ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് പരിശീലനം നൽകുന്നതുപോലെ സഹകരണസംഘം ഭരണസമിതി അംഗങ്ങൾക്ക് പരിശീലനം നൽകണം.

2. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നു കയറാതെയുള്ള ചട്ടപടി പ്രവർത്തനമാണ് സഹകരണസംഘങ്ങൾ ഇന്ന് നടത്തി വരുന്നത്. ഇതിൽനിന്നും വ്യത്യസ്തമായി പുത്തൻ സംരംഭങ്ങൾക്കു സംവിധാനമൊരുക്കണം.

3. ഡെപ്പോസിറ്റ് സംഭരണ രംഗത്ത് ഭയാനകമായ തിരിച്ചടിയാണ് ഇന്ന് സഹകരണസംഘങ്ങൾ

അനുഭവിച്ചുവരുന്നത്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ആധിക്യവും കൂടുതൽ പലിശ കൊടുക്കുവാൻ അവർക്ക് കഴിയുന്നതും സാങ്കേതിക നൂലാമാലകളില്ലാത്തതും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ കൂടുതൽ ആകർഷകമാക്കുന്നു. ഇത് സഹകരണ പ്രസ്ഥാനത്തിന്റെ കടക്കൽ കത്തിവെക്കുന്ന വിധം വളർന്നു വരുകയാണ്.

## സാധ്യതകൾ

1. നാളികേരത്തിന്റെ വിപണനത്തിനും സംസ്കരണത്തിനും, സംസ്കരിച്ച വസ്തുക്കളുടെ വൈവിധ്യവത്ക്കരണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കണം.

2. കാർഷിക വികസനത്തിന്റെ ഭാഗമായി ആരംഭിക്കുന്ന പച്ചക്കറി തോട്ടങ്ങൾ, ഇടവിളകൾ എന്നിവയിലെ ഉൽപ്പന്നങ്ങൾ സംഭരിക്കാനും വിതരണം ചെയ്യുവാനും ആവശ്യമായ മുൻകൈ സഹകരണ സംഘങ്ങൾ എടുക്കണം.

3. ചകിരി ഉപയോഗിച്ചുള്ള കയറുൽപ്പന്നങ്ങൾ നിർമ്മിക്കാനും വിപണനം ചെയ്യാനും ആവശ്യമായ പദ്ധതികൾ കയർ വ്യവസായ സഹകരണസംഘം പ്ലാൻ ചെയ്യണം.

4. ചെത്ത് നിർമ്മാണ തൊഴിൽ മേഖലകളിൽ പുതിയ സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

5. മത്സ്യ വിപണനതൊഴിലാളികൾക്ക് സഹകരണസംഘം രൂപീകരിക്കുകയും പ്രവർത്തനമൂലധനവും ഉപകരണങ്ങളും വായ്പയായി വിതരണം ചെയ്യുകയും വേണം.

6. സഹകരണസംഘം ഭരണസമിതി അംഗങ്ങൾക്ക് സഹകരണനിയമത്തിലും മാനേജ്മെന്റിലും ആവശ്യമായ പരിശീലനം കൊടുക്കണം.

7. വനിതകൾക്ക് പ്രത്യേക സഹകരണസംഘങ്ങൾ ആരംഭിക്കുകയും അവയുടെ നേതൃത്വത്തിൽ ചെറുകിട കുടിൽ വ്യവസായങ്ങൾ ആരംഭിക്കുകയും വേണം.

8. ജനറൽ ബോഡികൾ വിപുലമായ ജനപങ്കാളിത്തത്തോടെ നടത്തണം.

9. യഥാസമയങ്ങളിൽതന്നെ സഹകരണസംഘങ്ങളിലെ കണക്കുകൾ ഓഡിറ്റ് ചെയ്ത് ന്യൂനതകൾ കണ്ടെത്തി പരിഹരിക്കാനുള്ള സത്വരനടപടികൾ കൈക്കൊള്ളണം.

10. ബൈലോ അനുസരിച്ച് ഓരോ സംഘവും യഥാസമയം ജനറൽബോഡി യോഗങ്ങൾ കൃത്യമായി ചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തണം.

11. അർഹരായമുഴുവൻ ആളുകളേയും അതാതു സഹകരണസംഘങ്ങളിൽ മെമ്പർമാരായി ചേർക്കുന്നതിനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.

12. ചെറുതും വലുതുമായ നിക്ഷേപസംഖ്യകൾ സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കാനുള്ള ബോധവൽക്കരണവും ആസൂത്രിതശ്രമങ്ങളും നടത്തണം.

| | സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഒരു ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം | സർക്കാർ ഓഹരി ഉണ്ടോ | പരമാവധി കടം എടുക്കാവുന്നതുക |
|---|---|---|---|---|---|---|---|---|---|---|
| 1 | വാടാനപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | വാടാനപ്പള്ളി വില്ലേജ് | ക്രെഡിറ്റ് | 11-3-1919 | 4422 | Rs-10/- | Rs: 702000/- | Rs: 156733/- | Rs:55000/- | Rs: 54,85,655 |
| 2 | വാടാനപ്പള്ളി പട്ടികജാതി സർവ്വീസ് സഹകരണ സംഘം | വാടാനപ്പള്ളി പഞ്ചായത്ത് | ക്രെഡിറ്റ് | 20-6-1983 | 1048 | Rs-10/- | | | Rs:75,000/- | Rs: 2000/- |
| 3 | വാടാനപ്പള്ളി കയർ വ്യവസായ സഹകരണ സംഘം | വാടാനപ്പള്ളി വില്ലേജ് | ക്രെഡിറ്റ് | 1949 | 342 | Rs-10/- | Rs: 12670/- | Rs: 78100/- | ഇല്ല | Rs: 40,000/- |
| 4 | വാടാനപ്പള്ളി കർഷക സഹകരണ സംഘം | വാടാനപ്പള്ളി ഒമ്പത്, പത്ത്, പതിനൊന്ന് വാർഡുകൾ | ക്രെഡിറ്റ് | 26-12-1975 | 432 | Rs-10/- | Rs: 2,00,000/- | Rs: 9570/- | ഇല്ല | Rs: 9,57,000/- |
| 5 | ഈസ്റ്റ് സോൺ സ്കൂൾ സഹകരണ സംഘം | R.C.U.P. സ്കൂൾ, B.V.L.P സ്കൂൾ,ഈസ്റ്റ് L.P. സ്കൾ | ക്രെഡിറ്റ് | 1976 | 956 | Rs-5/- | Rs: 1756/- | Rs: 1756/- | ഇല്ല | Rs: 25,000/- |
| 6 | വെസ്റ്റ് സോൺ സ്കൂൾ സഹകരണസംഘം | S.M.U.P സ്കൂൾ, K.M.M.LP സ്കൂൾ | ക്രെഡിറ്റ് | 1976 | 416 | Rs-5/- | Rs: 1226/- | Rs: 1226/- | ഇല്ല | Rs: 25,000/- |
| 7 | പ്രാഥമിക വിദ്യാലയ സഹകരണ സംഘം | തൃത്തല്ലൂർ U.P.സ്കൂൾ S.V.P.IP സ്കൂൾ K.L.P. സ്കൂൾ | ക്രെഡിറ്റ് | 1976 | 403 | Rs-5/- | Rs: 10,000/- | Rs: 6132/- | Rs:5000/- | Rs: 25,000/- |
| 8 | ഗവൺമെന്റ് ഹൈസ്ക്കൂൾ സഹകരണ സംഘം | G.H.S. വാടാനപ്പള്ളി,G.F.U.P.S. വാടാനപ്പള്ളി | ക്രെഡിറ്റ് | 1976 | 2481 | Rs-5/- | Rs: 10,000/- | Rs: 3210/- | ഇല്ല | Rs: 10,00/- |

| | സ്ഥാപനത്തിന്റെ പേര് | പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച് നിക്ഷേപങ്ങൾ | നൽകിയിട്ടുള്ള വായ്പകൾ കാർഷിക | മറ്റുള്ള വായ്പകൾ | പ്രത്യേക വായ്പകൾ | സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ | നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ |
|---|---|---|---|---|---|---|---|
| 1 | വാടാനപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | Rs: 586340/- ( സ്ഥിര നിക്ഷേപം) Rs. 245982/- (ഹ്രസ്വ കാല നിക്ഷേപം) | Rs: 8923/- ( ദീർഘ കാല വായ്പാ കിണർ) Rs. 214747/- (ഹ്രസ്വ കാല വായ്പ) | Rs: 24863/- (സാധാരണ വായ്പ) Rs. 1852/- (ദീർഘ കാല വായ്പ. Rs. 918602/- പണ്ടം പണയം | Rs: 9299/- (I.R.D.P.) | തൃശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പ Rs: 127256/- ഓവർ ഡ്രാഫ്റ്റ് Rs: 739283/- | കാർഷിക വായ്പ Rs: 131443/- ദീർഘകാലം (കിണർ) Rs: 923/- സാധാരണ വായ്പ Rs: 24863/- ദീർഘകാലം Rs: 1852/- പണ്ടം പണയം Rs: 67490/- |
| 2 | വാടാനപ്പള്ളി കാർഷിക സഹകരണ സംഘം | Rs:9,96,984/- ( സ്ഥിര നിക്ഷേപം) Rs. 1,90,074/- (ഹ്രസ്വ കാല നിക്ഷേപം) | സാധാരണ വായ്പ Rs. 98,000/- | പണ്ടം പണയം Rs. 6,03610/- | WDS ലോൺ Rs: 817700/- MDs Ist ലോൺ Rs. 5,40,000/- MDS IInd ലോൺ Rs: 1,60,000/- | ജില്ലാ സഹകരണ ബാങ്ക് വാടാനപ്പള്ളി ശാഖയിൽ നിന്ന് Rs: 35,000/- സിമ്പിൾ ലോൺ | സാധാരണ വായ്പ Rs: 19741/- |

# വിഭവസമാഹരണം

കേരളത്തിന്റെ ഗൾഫ് മേഖലയായി അറിയപ്പെടുന്ന പ്രദേശമാണ് ചാവക്കാട് താലൂക്ക് ഗൾഫ് മലയാളികൾ കൂടുതലുള്ള പഞ്ചായത്തുകളിൽ ഒന്നാണ് വാടാനപ്പള്ളി പഞ്ചായത്ത്. ഗൾഫ് പണത്തിന്റെ സ്വാധീനം നമ്മുടെ കാർഷിക വ്യവാസിക ഉപഭോക്തൃ മേഖലകളിൽ വളരെയേറെ പ്രകടമാണ്. കർഷക തൊഴിലാളികളിൽ ഒരു വിഭാഗം നിർമ്മാണതൊഴിലാളികളായി മാറി. കാർഷിക രംഗത്ത് തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടായി. ഇത് കാർഷികരംഗത്ത് മുരടിപ്പുണ്ടാക്കിയിട്ടുണ്ട്. വ്യവസായങ്ങളിൽ നിക്ഷേപിക്കാതെ പണം ഭൂമിയിൽ നിക്ഷേപിച്ചതുമൂലം ഭൂവില പല മടങ്ങായി വർദ്ധിച്ചു. കൃഷിഭൂമി കാർഷികവൃത്തിക്ക് വേണ്ടിയല്ല. മറിച്ച്, ക്രയവിക്രയത്തിന്നും ലാഭമുണ്ടാക്കുന്നതിനും വേണ്ടിയുള്ള ഒരു മാധ്യമമായി മാറി. ഗൾഫിൽ നിന്നയക്കുന്ന പണം മുഴുവൻ കൃഷിഭൂമിയിലും കെട്ടിടങ്ങളിലും നിക്ഷേപിക്കപ്പെടുകയാണുണ്ടായത്. തന്മൂലം അടിസ്ഥാന സമ്പത്തുൽപാദന മേഖലയിൽ മുന്നേറ്റമുണ്ടാക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞില്ല. ഗൾഫിൽനിന്നും വരുന്ന ഡ്രാഫ്റ്റുകളും മറ്റു പ്രദേശങ്ങളിൽനിന്ന് വരുന്ന മണിയോർഡറുകളും ചെലവഴിക്കുന്നവർ മാത്രമായി നമ്മുടെ ജനസംഖ്യയിലെ ഒരു വിഭാഗം മാറി. വീട്ടമ്മമാർ ഇടവിളകളും പച്ചക്കറി കൃഷികളും കോഴിവളർത്തലും കൈത്തൊഴിലുകളും ഒക്കെ മറന്നു. ഉപഭോഗസംസ്കാരത്തിന്റെ പിടിയിൽ അവർ പെട്ടുപോയി.

കൃഷി നിലങ്ങൾ കുടിയിരുപ്പുകളായി മാറികൊണ്ടിരിക്കുകയാണ്. ഉൽപ്പാദന ക്ഷമത അനുദിനം ഇടിയുന്നു. കർഷകർ പലരും കർഷക തൊഴിലാളികളായി മാറിയിരിക്കുന്നു. രാസവളത്തിന്റെ വിലവർദ്ധനവ് ജൈവവള നിർമ്മാണ സാധ്യത ഉപയോഗപ്പെടുത്താത്തതും കാർഷിക രംഗത്തെ മുരടിപ്പിൽ ആക്കം കൂട്ടിയിരിക്കുന്നു. മുഖ്യമായും കാർഷിക മേഖലയിലെ നമ്മുടെ പഞ്ചായത്തിന് വിഭവ സമാഹരണം വർദ്ധിപ്പിക്കണമെങ്കിൽ കാർഷികരംഗത്തെ മുരടിപ്പ് മുറിച്ച് കടന്നേ മതിയാവൂ.

പതിനായിരത്തോളം കോഴിമുട്ട ഒരു ദിവസം വാടാനപ്പിള്ളിയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നുണ്ടെന്നാണ് മതിപ്പ് കണക്ക്. ആ ഒരിനത്തിൽ മാത്രം പ്രതിദിനം പതിനായിരത്തോളം രൂപ നമ്മുടെ പഞ്ചായത്തിൽനിന്ന് പുറത്തുപോകുന്നുണ്ട്. പച്ചക്കറി, മാംസം. മത്സ്യം ഇവയുടെ സംഖ്യകൂടി ചേർത്താൽ ഒരു വൻതുക ഈ ഇനങ്ങളിൽ മാത്രം പുറത്തേയ്ക്കൊഴുകുന്നുണ്ടെന്ന് കാണാൻ പറ്റും. ചെറിയ ചില സംവിധാനങ്ങൾ ഏർപ്പെടുത്തിയും ജനങ്ങളെ സന്നദ്ധരാക്കുകയും ചെയ്താൽ ഇത് മുഴുവൻ നമുക്ക് നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിയും. നാം ഉൽപാദിപ്പിക്കുന്ന നാളികേരത്തിൽ

നിന്നുണ്ടാക്കിയ സംസ്കൃത വസ്തുക്കൾ വൻതോതിലാണ്, ഈ പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നത്.. ഇരുപതിനായിരത്തിലധികം കട്ട കുളിക്കുന്ന സോപ്പ് ശരാശരി നമ്മുടെ പഞ്ചായത്തിൽ ഒരു മാസം വിറ്റഴിക്കപ്പെടുന്നുണ്ട്. ഷാംബൂ ഹെയർ ഓയിൽ തുടങ്ങി വെളിച്ചെണ്ണ അധിഷ്ഠിദ ഉൽപ്പന്നങ്ങൾ വേറെയുമുണ്ട്. പക്ഷേ ഇത്രയേറെ നാളികേരം ഉൽപാദിപ്പിക്കുന്ന നമ്മൾക്ക് ഒരു കട്ട സോപ്പ് ഉൽപ്പാദിപ്പിക്കാനുള്ള വ്യവസായം പോലുമില്ല. നാളികേരാദിഷ്ഠിത വ്യവസായങ്ങൾ വൻ സാധ്യതയാണ് നമ്മുടെ പ്രദേശത്ത്. പവർകട്ട് ഇതിനെ കാര്യമായി ബാധിക്കുകയുമില്ല. ഇങ്ങിനെ നോക്കിയാൽ വ്യാവസായിക രംഗത്ത് ഇടപെടാവുന്ന ഒട്ടനവധി മേഖലകളുണ്ടെന്ന് കണ്ടെത്താൻ പറ്റും വ്യാവസായിക വളർച്ച സ്വാഭാവികമായും വിഭവസമാഹരണം വർദ്ധിപ്പിക്കും. സർക്കാർ ഗ്രാന്റുകൾ അതാതു മേഖലയിൽ വെച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാനാവശ്യമായ നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് വിഹിതം തുടങ്ങിയവ ഒന്ന് രണ്ട് വർഷം കഴിഞ്ഞാണ് പഞ്ചായത്തുകളിലേക്കെത്തുന്നത്. വിൽപ്പന നികുതി വരുമാന നികുതി, എന്നിവയിൽ നിന്നും ന്യായമായ വിഹിതം പഞ്ചായത്തുകൾക്ക് കിട്ടാവുന്ന വിധം നിയമ ഭേദഗതി വരുത്തണം.

പട്ടികകൾ പരിശോധിച്ചാൽ പഞ്ചായത്തിന്റെ വരവ് ചിലവുകളെ സംബന്ധിച്ച് ഒരേകദേശ ധാരണ ലഭിക്കും. കഴിഞ്ഞ പത്ത് കൊല്ലക്കാലത്തിനിടയിൽ കെട്ടിട നികുതി വരുമാനത്തിൽ 400 ശതമാനത്തോളം വർദ്ധനവുണ്ടായിട്ടുണ്ട്. തൊഴിൽ നികുതിയിൽ 650 ശതമാനമാണ് വർദ്ധനവ്. വസ്തുകൈമാറ്റ നികുതിയിൽ 233 ശതമാനം വർദ്ധനവ് ഉണ്ടയിട്ടുണ്ട്. വിനോദനികുതിയിൽ 290 ശതമാനം വർദ്ധനവാണുണ്ടായിട്ടുള്ളത്. വിവിധ മേഖലകളിൽ ഉണ്ടായിട്ടുള്ള വരുമാന വർദ്ധനവിൽ വ്യത്യസ്ത തോതിലുള്ള വർദ്ധനവാണുണ്ടായിട്ടുള്ളത് എന്നാണിത് കാണിക്കുന്നത്. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് ഈ കാലയളവിൽ 340 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ട്. ആകെ വരവ് വർദ്ധിച്ചത് 388 ശതമാനമാണ് എന്ന് കാണാം. വരവിന്റെ ആനുപാതികമായ തോതിൽ തന്നെ എസ്റ്റാബ്ലിഷ്മെന്റ് ചിലവ് വർദ്ധിച്ചിട്ടുണ്ട് എന്നാണിത് കാണിക്കുന്നത്. മൊത്തം വരുമാനത്തിന്റെ വർദ്ധനവ് പരിശോധിക്കുമ്പോൾ തനത് വരുമാനവും മൊത്തം വരുമാനത്തിനനുസരിച്ച് വർദ്ധിക്കുന്നുണ്ടെന്ന് കാണാം.

ഏന്നാൽ കെട്ടിടങ്ങളുടെ വർദ്ധനവനുസരിച്ച് കെട്ടിട നികുതിയിൽ വർദ്ധനവുണ്ടായിട്ടില്ല. ഈ മേഖലയിൽ ഇനിയും സാദ്ധ്യതകൾ ഉണ്ട്. എന്നാണ് മനസ്സിലാകുന്നത്. ഒരു നിശ്ചിത സംഖ്യ കണക്കാക്കി അതിൽ കൂടുതൽ ചെലവു ചെയ്യുന്ന ആഢംബര പൂർണ്ണമായ വീടുകൾക്ക് സർചാർജ്ജ് ചുമത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

അൺ ടൈഡ് ഫണ്ട് ഓരോ വർഷവും വർദ്ധിച്ചു വരുന്നുണ്ട് ഇതിന്റെ അളവ് വർദ്ധിപ്പിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മൊ ത്തം വരുമാനത്തിനാനുപാതികമായി അൺ ടൈയ്ഡ് ഫണ്ട് അനുവദിക്കണം. ജെ.ആർ.വൈ. പോലുള്ള ഫണ്ടുകളും പല വിധ സാങ്കേതിക നൂലാമാലകൾ കൊണ്ട് കുറഞ്ഞു കുറഞ്ഞു വരുന്നുണ്ട്. അടിസ്ഥാന പരമായ മാനദണ്ഡമുണ്ടാക്കി ഫണ്ടു തുക വർദ്ധിപ്പിക്കണം. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് അടുത്ത കാലത്തൊന്നും ലഭിച്ചതായി കണക്കുകളിൽ കാണുന്നില്ല.

പൊതുമരാമത്ത് ചെലവ് ക്രമമായി വർദ്ധിച്ചു വരുന്നതായി കാണാം. മറ്റ് വികസന ചെലവുകളെ അപേക്ഷിച്ച്, ഏകദേശം പകുതിയാണ് പൊതുമരാമത്ത് ചെലവ് വരുന്നത്. റോഡുപോലുള്ള മരാമത്ത് പണികൾ ഭൂരിഭാഗവും കോൺട്രാക്ടർമാരാണ് നടത്തുന്നത്. നോമിനി വർക്കുകളും ഫലത്തിൽ കോൺട്രാക്ടർമാർ തന്നെയാണ് ചെയ്യുന്നത്.

പുതിയ പഞ്ചായത്തീരാജ് സംവിധാനത്തിന്റെ ഗുണഫലം പ്രയോജനപ്പെടുത്തി വിവിധ വികസന പ്രവർത്തനങ്ങൾ ജനകീയ സഹകരണത്തോടൊ അധ്വാനശക്തികൂടി പ്രയോജനപ്പെടുത്തി നടത്തുന്നതിന് ശ്രമിക്കണം.

പ്രത്യക്ഷ ഉൽപ്പാദന മേഖലകളിൽ പഞ്ചായത്ത് ഫണ്ട് കാര്യമായി വിനിയോഗിക്കപ്പെടുന്നില്ല. കടം തിരിച്ചടവിനും ഉപയോഗിക്കപ്പെടുന്ന പണം അതി

നുള്ള വരുമാനത്തിനേക്കാൾ കുറവാണ്. കെട്ടിട നിർമ്മാണത്തിന് വേണ്ടിയാണ് ഈ വായ്പ എടുത്തിട്ടുള്ളത്.

വാടാനപ്പിള്ളി പഞ്ചായത്തിൽ ധാരാളമായി കുഴൽപ്പണവും കള്ളപ്പണവും പ്രചരിക്കുന്നുണ്ട്. കുഴൽ പ്പണമിടപാടുകാരെ ചൂണ്ടിക്കാണിക്കാനും അവരിൽനിന്ന് ഈടാക്കുന്ന പണം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാനും കഴിയണം.

തൊഴിൽ ചെയ്യുന്ന മുഴുവൻ പേർക്കും തൊഴിൽ നികുതി ഏർപ്പെടുത്തണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷറൻസ് പദ്ധതി ഏർപ്പെടുത്തുകയും തൊഴിലാളികളെ മുഴുവൻ അതിന്റെ കീഴിൽ കൊണ്ടുവരികയും വേണം. വ്യാപാരസ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെ മുഴുവൻ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാവുന്ന വിധം തൊഴിൽ നിയമത്തിൽ മാറ്റം വരുത്തണം. എല്ലാ തൊഴിലാളികളിൽനിന്നു തൊഴിൽ നികുതി പിരിക്കാൻ ഇത് സഹായകമാവും.

പൊതുകുളങ്ങൾ മത്സ്യം വളർത്താൻ ലീസിന്ന് കൊടുത്തും പടിഞ്ഞാറെ പുഴയിൽ റഗുലേറ്റർ നിർമ്മിച്ചും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

വാടാനപ്പിള്ളി ബിച്ച് ടൂറിസം വികസന കേന്ദ്രമാക്കി ഉയർത്തികൊണ്ടുവന്നാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

കനറാ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബേങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, നാട്ടിക ഫർക്ക റൂറൽ ബാങ്ക്, രണ്ട് സഹകരണ ബാങ്കുകൾ 200ലേറെ സ്വകാര്യപണ ഇടപാടുസ്ഥാപനങ്ങൾ എന്നിവ നമ്മുടെ പഞ്ചായത്തിൽ പ്രവൃത്തിച്ച് വരുന്നുണ്ട്. നേഷണലൈസ്ഡ് ബാങ്കുകളിലെ നിക്ഷേപത്തിന് ആനുപാതികമായി വായ്പകൾ ലഭിക്കുന്നില്ല. നിക്ഷേപത്തിന്റെ 80-90 ശതമാനമെങ്കിലും വായ്പയായി ലഭിക്കാനാവശ്യമായ ഏർപ്പാടുണ്ടാക്കണം. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് നേഷണലൈസ്ഡ് ബാങ്കുകളിൽനിന്നു വായ്പ ലഭിക്കാനാവശ്യമായ നിയമ നിർമ്മാണം നടത്തണം.

ചെലവുകൾ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് പ്രത്യുല്പാദനപരമായ മേഖലയിലല്ല. കാർഷിക വ്യാവസായിക രംഗങ്ങളിൽ യാതൊരു ഇടപെടലും പഞ്ചായത്ത് നടത്താറില്ല. റോഡ്, പാലം എന്നിവയുടെ വർദ്ധനവാണ് വികസനമെന്ന പരമ്പരാഗത ധാരണയാണ് നമ്മെ നയിച്ചിരുന്നത്.

പിരിവു ഡി& ഓ ലൈസൻസ് ഫീസ് രീതിയിൽ മാറ്റം വന്നിട്ടുണ്ട്. അതിന്റെ ഭാഗമായി വരുമാനം വർദ്ധിപ്പിക്കുന്നതിന് കച്ചവടക്കാരുടെ അംഗീകരിക്കപ്പെട്ട ബാലൻസ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ പിരിവ് കൂടുതൽ ശാസ്ത്രീയമായി നടപ്പിലാക്കാവുന്നതാണ്.

ഇന്ദിരാ വികാസ് പത്രികയിൽ ശേഖരിക്കപ്പെടുന്ന പണത്തിന്റെ വിവിതം യഥാ സമയം പഞ്ചായത്തു കൾക്കു ലഭിക്കണം. വിപുലമായ ജനകീയ ഇടപെടലിലൂടെ ഈ വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതയുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവം മനുഷ്യ വിഭവം തന്നെയാണ്. ജാതി മത രാഷ്ട്രീയ ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനരംഗത്തിന് അദ്ധ്വാനം സംഭാവന ചെയ്യാനുള്ള ആശയം മഹത്തരമാണ്. വികസനോന്മുഖപ്രവർത്തനത്തിന് ഈ അദ്ധ്വാനത്തെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്താൻ കഴിയണം.

ബഹുജന സംഘടനകൾക്ക് ഈ രംഗത്ത് നിർണായക ഇടപെടൽ നടത്താനാവും.

കാർഷിക വ്യവസായ രംഗങ്ങളിൽ ഒരു പുതിയ തൊഴിലധിഷ്ഠിത അവബോധം വളർത്തിയെടുക്കാൻ ബഹുജന പ്രസ്ഥാനങ്ങൾക്ക് ബാധ്യതയുണ്ട്. ഈ ബാധ്യത നിറവേറ്റപ്പെടുകയും നമ്മുടെ സമ്പത്തിനെ ആസൂത്രിതമായി ഉപയോഗപ്പെടുത്തുകയും ചെയ്താൽ വാടാനപ്പിള്ളിയുടെ സാമ്പത്തിക വ്യവസ്ഥയിൽ അടുത്ത അഞ്ചു വർഷക്കാലംകൊണ്ട് കൃയാത്മകമായ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിയും.

## വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത്

| വരുമാന ഇനം | 84-85 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| കെട്ടിടനികുതി | 1,50,000 | 348298.00 | 372351.00 | 527022.00 | 544783.00 | 598189.00 |
| തൊഴിൽനികുതി | 35,000 | 112036.00 | 121532.00 | 149940.00 | 191221..00 | 229688.00 |
| കാഴ്ചനികുതി | 32.00 | 2686.00 | 3200.00 | 4633.00 | 7840.00 | 10710.00 |
| കൈമാറ്റനികുതി | 15000 | 243401.00 | 284147.00 | 587954.00 | 220693.00 | 350034.00 |
| വിനോദനികുതി | 3,20.00 | 436622.00 | 554264.00 | 638127.00 | 799970.00 | 936561.00 |
| കെട്ടിടവാടക | 28000 | 238325.00 | 241227.00 | 247108.00 | 280660.00 | 291660.00 |
| മാർക്കറ്റ് വരവ് | 12000 | 18500.00 | 11279.00 | 21252.00 | 19245.00 | 19745.00 |
| ലൈസൻസ് | 4200 | 8365.00 | 8560.00 | 8696.00 | 9994.00 | 10959.00 |
| വി.ആർ.എം. ഗ്രാന്റ് | 1000 | 13011.00 | 18272.00 | 17750.00 | 17840.00 | 16510.00 |
| വെഹിക്കിടാക്സ് | 8000 | 21008.00 | 55070.00 | 15974.00 | 23000.00 | 80365.00 |
| അടിസ്ഥാന നികുതി ഗ്രാന്റ് | | 19094.00 | 12893.00 | 12893.00 | 16906.00 | 17597.00 |
| മൈനർ ഇറിഗേഷൻ | 500 | 7715.00 | 7714.00 | 7714.00 | 7714.00 | 7714.00 |
| അൺ .... | - | 1110000 .00 | 193525.00 | 207450.00 | 269700.00 | 299700.00 |
| മറ്റു വരവുകൾ | 80100 | 595508.00 | 640651.00 | 827587.00 | 204630.00 | 259878.00 |
| ആകെ | 805500 | 2245569.00 | 2524685.00 | 3274100.00 | 2614696.00 | 3129292.00 |

| ചില ഇനം | 84-85 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| ഭരണചിലവ് | 222000 | 500313.00 | 569680 | 641696 | 639925 | 759403 |
| പൊതുമരാമത്ത് | 300000 | 554656 | 541600 | 1758131 | 551754 | 710601 |
| മറ്റ് വികസന ചിലവുകൾ | 328000 | 872850 | 816063 | 546292 | 811797 | 1735733 |
| കടം തിരിച്ചടവ് | 20000 | 176250 | 176250 | 172588 | 169295 | 155385 |
| ആകെ | 870000 | 2104069 | 2129458 | 3118707 | 2182771 | 336[illegible] |





എന്റെ ജീവിതമാണ്

എന്റെ സന്ദേശം


MKGandhi






# ജനകീയ പ്രസ്ഥാനം

പുനർസമർപ്പണ ദിനത്തിൽ വാർഡുകളിൽ നടന്ന ശ്രമദാന പ്രവർത്തനങ്ങൾ



ഒമ്പതാം പദ്ധതി
ജനങ്ങളുടെ പദ്ധതി





# തളിക്കുളം ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട്

# തളിക്കുളം ഗ്രാമപഞ്ചായത്ത്

## ഒറ്റ നോട്ടത്തിൽ

| | | |
|---|---|---|
| ജില്ല | - | തൃശ്ശൂർ |
| താലൂക്ക് | - | ചാവക്കാട് |
| വില്ലേജ് | - | തളിക്കുളം |
| ബ്ലോക്ക് പഞ്ചായത്ത് | - | തളിക്കുളം |
| അസംബ്ലി മണ്ഡലം | - | നാട്ടിക |
| വിസ്തീർണ്ണം | - | 10.89 ച.കി.മീ. |
| ജനസംഖ്യ | - | 22491 (1991 സെൻസസ്) |
| ജനസാന്ദ്രത | - | 2065 |
| സാക്ഷരത | - | 17526 |
| വാർഡുകൾ | - | 10 |
| അതിരുകൾ | | |
| കിഴക്ക് | - | കനോലികനാൽ, നാട്ടിക പഞ്ചായത്ത് |
| വടക്ക് | - | വാടാനപ്പിള്ളി- പഞ്ചായത്ത് |
| പടിഞ്ഞാറ് | - | അറബിക്കടൽ |
| തെക്ക് | - | നാട്ടിക പഞ്ചായത്ത് |
| പ്രസിഡണ്ട് | - | ശ്രീമതി. എ. മിനിടീച്ചർ |
| വൈ. പ്രസിഡണ്ട് | - | ശ്രീ. പി.വി. ഉസ്മാൻ |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | - | ശ്രീ. ഇ.പി. ശശികുമാർ |

# പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

| വാർഡ് | അംഗത്തിൻെറ പേര് |
|---|---|
| 1. | ശ്രീ. കെ.പി. രാമകൃഷ്ണൻ |
| 2. | ശ്രീ. പി.വി. ഉസ്മാൻ |
| 3. | ശ്രീ. ഇ.പി. ശശികുമാർ |
| 4. | ശ്രീമതി. ഇ.പി.കെ. രമണി |
| 5. | ശ്രീ. എ.എം. ജമാലുദ്ദീൻ |
| 6. | ശ്രീമതി. ഇ.വി.രമ |
| 7. | കുമാരി. പി.കെ. അജിത |
| 8. | ശ്രീ. സി.കെ. പരശുരാമൻ |
| 9. | ശ്രീമതി. എ. മിനിടീച്ചർ |
| 10. | ശ്രീ.വി.പി. രഞ്ജിത്. |

# പഞ്ചായത്ത് ജീവനക്കാർ

ശ്രീ.എൻ.ആർ. ജയൻ, സെക്രട്ടറി

ശ്രീ. എം.എസ്. ബാലകൃഷ്ണൻ, ജൂനിയർ സൂപ്രണ്ട്

ശ്രീ. വി.ആർ. രാമചന്ദ്രൻ

ശ്രീമതി. വി. അംബിക

ശ്രീമതി. വി.ആർ.നളിനി

ശ്രീ. വി.എസ്. പ്രഭാകരൻ

ശ്രീ. പി.വി. സൂര്യാസ്ബാബു

ശ്രീമതി. പി. സുഷമ

ശ്രീമതി. എ.വി. വത്സല

# ഉള്ളടക്കം

*I ആമുഖം*

*II ചരിത്രപശ്ചാത്തലം*

*III ഭൂപ്രകൃതിയും വിഭവങ്ങളും*

*IV വികസന മേഖലകൾ*

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം
3. മത്സ്യബന്ധനം
4. വ്യവസായം
5. ഊർജ്ജം
6. ഗതാഗതം
7. പാർപ്പിടം
8. ആരോഗ്യം
9. കുടിവെള്ളം, പരിസരശുചിത്വം
10. വിദ്യാഭ്യാസം
11. സംസ്ക്കാരം
12. വനിത
13. പട്ടികജാതിക്ഷേമം
14. സാമൂഹ്യക്ഷേമം
15. സഹകരണ മേഖല
16. വിഭവസമാഹരണം

ഉപസംഹാരം

ഗ്രാമതലവികസനത്തെപ്പറ്റി

# തളിക്കുളം ഗ്രാമപഞ്ചായത്ത്

## വികസനസെമിനാർ 1996 നവംബർ ~~16~~ 21

*സ്ഥലം: എസ്.എൻ.വി.യു.പി.സ്ക്കൂൾ, തളിക്കുളം*

***കാര്യപരിപാടി***

| | | | |
|---|---|---|---|
| 9.00 | - | 9.30 AM | രജിസ്ട്രേഷൻ |
| 9.30 | - | 10.30 | ഉൽഘാടനസമ്മേളനം |
| 10.3 | - | 10.45 | ഒമ്പതാം പദ്ധതി സമീപനം |
| 10.45 | - | 11.00 | വികസന റിപ്പോർട്ട് അവതരണം. |
| 11.00 | - | 3.00 PM | ഗ്രൂപ്പ് ചർച്ച |
| 3.00 | - | 4.00 | ചർച്ചക്രോഡീകരണം |
| 4.00 | - | 5.30 | പൊതുസഭ ഗ്രൂപ്പ് ചർച്ച റിപ്പോർട്ട് |
| 5.30 | - | 5.45 | കർമ്മസമിതികളെ തെരഞ്ഞെടുക്കൽ |
| 6.00 PM | | | സമാപനപൊതുയോഗം<br>തളിക്കുളം സെൻററിൽ |

# ആമുഖം

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്ത് - ഓരോ പഞ്ചായത്തിലും ആയിരക്കണക്കിനു വരുന്ന സാധാരണ ജനങ്ങളും അവരിൽ നിന്നുതന്നെയുള്ള നൂറുക്കണക്കിനുള്ള സന്നദ്ധ പ്രവർത്തകരും വിദഗ്ധർക്കൊപ്പം ആസൂത്രണ പ്രക്രിയയിൽ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ എട്ടുപഞ്ചവത്സരപദ്ധതികൾക്കും രൂപം നൽകിയതിൽ നിന്നു വ്യത്യസ്തമായ സമീപനമാണിത്. ഓരോ പ്രദേശത്തിൻെറയും ഭൂപ്രകൃതിക്കും ജനകീയാവ്ശ്യങ്ങൾക്കും അനുസൃതമായി താഴെ തട്ടിൽ നിന്ന് പദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യനിർവ്വഹണത്തിനായി നമ്മുടെ പഞ്ചായത്തിൻെറ വികസനാവശ്യങ്ങൾക്ക് ഈ റിപ്പോർട്ടിലൂടെ രൂപം നൽകിയിരിക്കുകയാണ്. ആസൂത്രണം തന്നെ അനാവശ്യമെന്ന ഉദാരവൽക്കരണ ചിന്താഗതിയുടെ പശ്ചാത്തലത്തിലാണ് ഈ ജനകീയാസൂത്രണ പ്രസ്ഥാനം മുന്നേറുന്നതെന്ന വസ്തുത ഈ നേട്ടങ്ങൾക്ക് തിളക്കമേകിയിരിക്കുന്നു.

കഴിഞ്ഞ കാല പഞ്ചവത്സര പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ പല മാറ്റങ്ങൾക്കും അടിത്തറയിട്ടുവെന്നത് അനിഷേധ്യമാണ്. എന്നാൽ രാജ്യത്തൊട്ടാകെ പദ്ധതിക്കുവേണ്ടി ചിലവാക്കിയ തുകയുടെ അഞ്ചിലൊന്നുപോലും ഗുണഭോക്താക്കളിലെത്തിയില്ല എന്ന വിലയിരുത്തൽ ഏവരുടേയും കണ്ണു തുറപ്പിക്കേണ്ടതുതന്നെയാണ്. പ്രാദേശിക യാഥാർത്ഥ്യങ്ങൾക്കനുസൃതമായ പദ്ധതികൾക്ക് ഗ്രാമസഭകളും ഈ വികസന സെമിനാറും പഞ്ചായത്ത് ഭരണസമിതിയും ചേർന്ന് രൂപം കൊടുത്ത്, ചെലവഴിക്കുന്ന തുകയ്ക്കു പറമെ അതിൻെറ അഞ്ചിലൊന്നും കൂടി കൂടുതൽ പ്രയോജനം നാടിനു ലഭിക്കത്തക്ക രീതിയിൽ നടപ്പാക്കാനാണ് നാം ലക്ഷ്യമിടുന്നത്.

ആവേശകരമായ പങ്കാളിത്തമാണ് പൊതുവെ നമ്മുടെ ഗ്രാമസഭകളിൽ കണ്ടത്. 741 സ്ത്രീകളും 986 പുരുഷൻമാരും കൂടി മൊത്തം 1727 പേർ 43 ഉദ്യോഗസ്ഥർക്കൊപ്പം ഗ്രാമസഭകളിൽ പങ്കെടുത്തു. ഗ്രാമസഭകൾ വ്യത്യസ്ഥ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്തു തയ്യാറാക്കിയ റിപ്പോർട്ടുകൾ വ്യത്യസ്ഥ ആപ്പീസുകളിൽ നിന്നും, അനുഭവ സമ്പന്നരായ വ്യക്തികളിൽ നിന്നും സംഭരിച്ച കണക്കുകളുടെയും, വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയാണ് ഈ വികസന റിപ്പോർട്ട് തയ്യറാക്കിയിട്ടുള്ളത്. ഈ ലക്ഷ്യത്തോടെ പഞ്ചായത്തു തലത്തിൽ നടത്തിയ പരിശീലനത്തിൽ പങ്കെടുത്തവർ 13 ഗ്രൂപ്പുകളായി തിരിഞ്ഞു നടത്തിയ ചർച്ചകളും തയ്യാറാക്കിയ രേഖകളും പഞ്ചായത്തു ഭരണസമിതി ചർച്ചചെയ്തു ക്രോഡീകരിച്ച് അംഗീകരിച്ച് ഈ വികസന റിപ്പോർട്ട് അവതരിപ്പിക്കുന്നു.

പഴയ മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന മലബാർ ജില്ലയുടെ തെക്കേ അറ്റത്ത് അവഗണിക്കപ്പെട്ടു കിടന്നിരുന്ന നാട്ടിക ഫർക്കയിലെ ഒരു വില്ലേജാണ് തളിക്കുളം. 1964 ഡിസംബർ 31 വരെ തളിക്കുളം വില്ലേജ് മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ ഭരണത്തിലായിരുന്നു.

തളിക്കുളം പഞ്ചായത്ത് രൂപീകൃതമായത് 1962 ജനുവരി 1നാണ്. (28 - 12 - 61ലെ MS 196/61 നമ്പ്ര് സർക്കാർ ഉത്തരവു പ്രകാരം) തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഭരണസമിതി 1964 ജനുവരി 1നും രണ്ടാമത്തേത് 1979 ഒക്ടോബർ 1നും മൂന്നാമത്തേത് 1988 ഫെബ്രുവരി 1നും ഇപ്പോൾ നിലവിലുള്ള നാലാമത്തെ ഭരണ സമിതി 1995 ഒക്ടോബർ 1നും ചുമതലയേറ്റു. 1 - 10 - 1984 മുതൽ 31 - 1 - 1988 വരെയുള്ള കാലം സ്പെഷ്യൽ ആപ്പീസറാണ് പഞ്ചായത്തു ഭരണം നടത്തിയിരുന്നത്. ശ്രീ. കെ.എ. രാമൻ പ്രസിഡണ്ടായുള്ള ആദ്യ ഭരണസമിതിയിൽ ശ്രീ. പി.എം. അബ്ദുൾ ഖാദർ, ഇ. പി.കെ. ശങ്കരനാരായണൻ, എ.ബി. അബ്ദുൾ റഹിമാൻ, എം.സി. രാമൻ. പി.കെ. കോയ, കെ.കെ. അർജ്ജുനൻ, സി. കണ്ടുണ്ണിനായർ എന്നിവരായിരുന്നു അംഗങ്ങൾ. പിന്നീട് ശ്രീ ഇ.പി.കെ. ശങ്കരനാരായണൻ രാജിവെച്ച ഒഴിവിൽ ശ്രീ. കെ.വി.ആർ. കൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീമതി വി.എൻ. സരോജിനി വനിതാ മെമ്പറായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

ശ്രീ. ഇ.പി.ഐ. മോഹനൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട രണ്ടാമത്തെ ഭരണസമിതിയിൽ ശ്രീ. പി.എം. അബ്ദുൾ ഖാദർ, പി.ബി. മുഹമ്മദ്, കെ.സി. കൊച്ചു ചെറുകണ്ഠൻ, കെ.എ. സുബ്രഹ്മണ്യൻ, സി.എ. ലക്ഷ്മി, കെ.എം. ബാലൻ, വട്ടപ്പിള്ളി ഗോപാലകൃഷ്ണൻ, പി.കെ. അശോകൻ എന്നി

അംഗങ്ങളാണുണ്ടായിരുന്നത്. പിന്നീടുവന്ന ഭരണസമിതിയുടെ പ്രസിഡണ്ട് ശ്രീ. ഇ.പി.ഐ. മോഹനൻ തന്നെയായിരുന്നു. ശ്രീ. പി.എം. അബ്ദുൾ റഹിമാൻ, പി.ബി. മുഹമ്മദ്, ഇ.പി. ശശികുമാർ, ടി.കെ. കുട്ടൻ, ടി.എൻ. പ്രതാപൻ, ഇ.വി. പ്രേമൻ, സി.എ. ലക്ഷ്മി, വി.കെ. രാധാകൃഷ്ണൻ, കെ.ആർ. സീത എന്നിവർ അംഗങ്ങളും

വിപുലമായ റോഡു ശൃംഖല, സ്വന്തമായി പണിയിച്ച പഞ്ചായത്തു ആപ്പീസുകെട്ടിടം, മൃഗാശുപത്രി, ആയുർവ്വേദ ആശുപത്രി, പ്രൈമറി ഹെൽത്ത് സെൻറർ, കലാഞ്ഞി – പുലാമ്പുഴ – പുളിയന്തിരുത്തി ചീപ്പുകൾ, 4 ലക്ഷം വീടുകോളനികൾ, പുനരധിവാസ കോളനി, പുളിയന്തുരുത്ത് മേഖലയിലെ കുടിവെള്ളക്ഷാമത്തിനു പരിഹാരമുണ്ടാക്കിയ ശുദ്ധജലവിതരണ പദ്ധതി, പഞ്ചായത്തിലൊട്ടാകെ ജലമെത്തിച്ച സമഗ്ര ശുദ്ധജലവിതരണ പദ്ധതി, പഞ്ചായത്തു ഗ്രന്ഥശാല മുതലായവ ഈ കാലത്താണ് പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടത്. 92.5% സാക്ഷരത നേടിയ സമ്പൂർണ്ണ സാക്ഷരതായജ്ഞവും എടുത്തുപറയത്തക്ക നേട്ടമാണ്.

പുതിയ പഞ്ചയാത്തീരാജ് നിയമം നിലവിൽ വന്നതിനുശേഷം അധികാരത്തിലെത്തിയ നിലവിലുള്ള ഭരണസമിതിയിൽ ഒരു പട്ടികജാതി അംഗം, ഒരു പട്ടികജാതി വനിതാ അംഗം, മൂന്നു വനിതാ അംഗങ്ങൾ എന്നിവരും മറ്റു അഞ്ചു പേരും കൂടി 10 പേരാണുള്ളത്. ശ്രീമതി എ. മിനി ശിവരാമൻ പ്രസിഡണ്ടായുള്ള ഈ ഭരണ സമിതിയിൽ ശ്രീ. കെ.പി. രാമകൃഷ്ണൻ, പി.വി. ഉസ്മാൻ, ഇ.പി. ശശികുമാർ, ഇ.പി.കെ. രമണി, എ.എം. ജമാലുദ്ദീൻ, ഇ.വി. രമ, പി.കെ അജിത, സി.കെ. പരശുരാമൻ, വി.പി. രഞ്ജിത് എന്നിവരാണ് അംഗങ്ങൾ. നേരത്തെ 8-ാം വാർഡിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പി.കെ. മോഹനൻ രാജിവെച്ച ഒഴിവിലേക്കാണ് ശ്രീ. സി.കെ. പരശുരാമൻ തെരഞ്ഞെടുക്കപ്പെട്ടത്.

പഞ്ചായത്തു സംബന്ധിച്ച പൊതു വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്ത് | : | തളിക്കുളം |
| വാർഡുകളുടെ എണ്ണം | : | 10 |
| ഉൾക്കൊള്ളുന്ന റവന്യൂ വില്ലേജ് | : | തളിക്കുളം |
| അതിരുകൾ : | | |
| കിഴക്ക് | : | കനോലി കനാൽ, നാട്ടിക പഞ്ചായത്ത് |
| വടക്ക് | : | വാടാനപ്പിള്ളി പഞ്ചായത്ത് |
| പടിഞ്ഞാറ് | : | അറബിക്കടൽ |
| തെക്ക് | : | നാട്ടിക പഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | : | തളിക്കുളം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | തളിക്കുളം, പുത്തൻതോട് (ഭാഗികം) |
| താലൂക്ക് | : | ചാവക്കാട് |
| ജില്ല | : | തൃശ്ശൂർ |
| അസംബ്ലി മണ്ഡലം | : | നാട്ടിക |
| വിദ്യാഭ്യാസ ഉപജില്ല | : | വലപ്പാട് |
| വിസ്തീർണ്ണം | : | 1,088.82 ഹെക്ടർ<br>10.89 ച.കി.മീ. |
| ജനസംഖ്യ | : | 22,491 (1991 സെൻസസ്) |
| | | പുരുഷൻമാർ - 10,456<br>സ്ത്രീകൾ - 12,035 |
| 6 വയസ്സിനു താഴെ കുട്ടികൾ | : | 2,787 |
| | | ആൺ - 1,490<br>പെൺ - 1,397 |
| ജനസാന്ദ്രത | : | 2065 |
| പട്ടികജാതി ജനസംഖ്യ | : | 3979 |
| | | പുരുഷൻമാർ - 1945<br>സ്ത്രീകൾ - 2034 |
| സാക്ഷരർ | : | 17,526 |
| | | പുരുഷൻാർ - 8372<br>സ്ത്രീകൾ - 9154 |

എക്കാലത്തും ജനങ്ങളുടെ വരുമാനത്തിൻെറ പ്രധാനഭാഗം പുറംനാടുകളിൽ നിന്നായിരുന്നു - അമ്പതുകൾവരെ സിലോണിൽ നിന്നും എഴുപതുകൾക്കുശേഷം ഗൾഫു നാടുകളിൽ നിന്നും. മുഖ്യ തൊഴിൽ തെങ്ങുകൃഷി. പരമ്പരാഗത വ്യവസായങ്ങൾ നാമമാത്രം. മറ്റു മുഖ്യതൊഴിൽ മേഖലകളായ മത്സ്യബന്ധനവും തൊണ്ടുതല്ലലും സ്തംഭനത്തിലാണ്. തൊഴിലില്ലാത്തവർ ധാരാളം. എന്നാൽ കാർഷിക മേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യം. എല്ലാ രംഗത്തും ജാതിമതവ്യത്യാസം കൂടാതെ ജനങ്ങൾ ഒരുമയോടെ വർത്തിക്കുന്നു.

## സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

പഴയ മലബാർ ജില്ലയുടെ തെക്ക് ഭാഗത്ത് അറബിക്കടലിനോട് ചേർന്നുകിടക്കുന്ന ശരാശരി 3 കി.മീറ്ററോളം വീതിയുള്ള സമതലമാണ് ചേറ്റുവ

മണപ്പുറം. ഇത് പഴയ പൊന്നാനി താലൂക്കിൽ ഉൾപ്പെട്ട പ്രദേശമായിരുന്നു. ചേറ്റുവ മണപ്പുറത്ത് വടക്ക് നിന്ന് മൂന്നാമത് റവന്യൂ വില്ലേജായി തളിക്കുളം സ്ഥിതി ചെയ്യുന്നു. 1790ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ചേറ്റുവ പ്രദേശം ഹൈദരാലിയിൽ നിന്ന് പിടിച്ചെടുത്ത സമയത്ത് വാടാനപ്പിള്ളി, നാട്ടിക, പള്ളിപ്പുറം, എടത്തിരുത്തി, കയ്പമംഗലം, പാപ്പിനിവട്ടം, പനങ്ങാട് എന്നീ റവന്യു വില്ലേജുകൾ ഉണ്ടായിരുന്നതായി "ലോഗൻെറ മലബാർ മാന്വലി"ൽ പറയുന്നുണ്ട്. അതിനാൽ 1790നു ശേഷമേ തളിക്കുളം റവന്യു വില്ലേജ് രൂപം കൊണ്ടിരിക്കാൻ സാദ്ധ്യതയുള്ളൂ.

1881ലെ കാനേഷുമാരി കണക്കനുസരിച്ച് മലബാർ ജില്ലയുടെ തീരദേശത്തായിരുന്നു കൂടുതൽ ജനവാസം. ജില്ലയിലെ ജനസംഖ്യ ചതുരശ്ര നാഴികയ്ക്ക് ശരാശരി 272 ആയിരുന്നപ്പോൾ തീരപ്രദേശങ്ങളിൽ അത് 974 ആയിരുന്നു. (മലബാർ മാന്വൽ, മലയാളം പതിപ്പ് പേജ് 75) തളിക്കുളത്തെ സംബന്ധിച്ചും ജനസംഖ്യയുടെ ചിത്രം മറ്റൊന്നാവാൻ വഴിയില്ല. ഫലഭൂയിഷ്ടമായ സമതലം, മത്സ്യബന്ധനത്തിനുള്ള സൗകര്യങ്ങൾ, അറബികളെപ്പോലുള്ള വിദേശീയരുമായുള്ള വ്യാപാര വിണിജ്യ ബന്ധങ്ങൾ മുതലായവയായിരിക്കാം തീരപ്രദേശത്ത് ജനസാന്ദ്രത വർദ്ധിക്കാനുള്ള കാരണം.

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിലുണ്ടായ രൂക്ഷമായ കടലാക്രമണം മൂലം തളിക്കുളത്തിൻെറ ഫലഭൂയിഷ്ടമായ തീരപ്രദേശത്തിൻെറ വലിയൊരു ഭാഗം നഷ്ടപ്പെടാനിടയായിട്ടുണ്ട്. തളിക്കുളത്തെ പ്രധാന കൃഷി നെല്ലും തെങ്ങുമായിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം മുഴുവനും ജൻമിമാരിൽ നിക്ഷിപ്തമായിരുന്നു. ചെറിയേടത്ത്, പുറക്കോട്ട്, കോങ്ങാട്ടിൽ, വട്ടപ്പിള്ളി, നടുവിലേടത്ത്, കൊല്ലാപറമ്പത്ത് എന്നിവയായിരുന്നു പ്രമുഖ ജൻമികുടുംബങ്ങൾ. ഇതിൽ ഭൂവിസ്തൃതി കൊണ്ടും ആഢ്യത്വം കൊണ്ടും ഏറ്റവും മുൻപന്തിയിൽ നിന്നവർ ചെറിയേടത്ത്കാരായിരുന്നു. അക്കാലത്ത് സാമൂതിരി കോവിലകത്തിന് തളിക്കുളം വില്ലേജിൽ ധാരാളം ഭൂസ്വത്തുണ്ടായിരുന്നു. ഇവയുടെ നടത്തിപ്പിനും ഭരണത്തിനുമായി കോഴിക്കോട് തളിയിൽ നിന്ന് സാമൂതിരിയുടെ സാമന്തൻമാരായി ഇവിടെയെത്തി സ്ഥിര താമസമാക്കിയവരാണ് ചെറിയേടത്ത് തറവാട്ടുകാർ. ഇവരെ ജനങ്ങൾ യജമാനൻമാർ എന്നാണ് ആദരപൂർവ്വം സംബോധന ചെയ്തിരുന്നത്.

ജൻമിമാരിൽ രണ്ടാം സ്ഥാനം പുറക്കോട്ട് തറവാട്ടുകാർക്കായിരുന്നു. ആയിരം ഏക്കറോളം ഭൂമിയിൽ സ്വന്തമായി നെല്ലും തെങ്ങും കൃഷി ചെയ്തിരുന്നതിനു പുറമെ ധാരാളം ഭൂമി പാട്ടമായും കാണമായും ഇവർ ചാർത്തിക്കൊടുത്തിരുന്നു. മറ്റു ജൻമിമാർ അവരുടെ ഭൂസ്വത്തിൽ ഭൂരിഭാഗവും കുടിയാൻമാർക്ക് പാട്ടത്തിന് നൽകിയിരുന്നു. ഇതിനു പുറമെ തളിക്കുളത്തിനു പുറത്തുള്ള തൃപ്രയാർ ദേവസ്വം, ഒളനാട്ട്, തരണനെല്ലൂർ പടിഞ്ഞാറെ മന എന്നിവർക്കും ഇവിടെ ജൻമസ്വത്തുണ്ടായിരുന്നു. ഒളനാട്ടുകാരുടെ സ്വത്തുഭരണത്തിനായി അവരുടെ ഒരു താവഴി തളിക്കുളത്തിന് വടക്ക് ഭാഗത്ത് പള്ളിയറത്തോടിന് സമീപം അടുത്ത കാലഘട്ടം വരെ ഉണ്ടായിരുന്നു.

തദ്ദേശവാസികളായ ജൻമിമാർ നെൽകൃഷിയുടെ പാട്ടം നെല്ലായിട്ടും കര ഭൂമിയുടേത് പണമായിട്ടും സ്വീകരിച്ചിരുന്നപ്പോൾ ദൂരപ്രദേശത്തുള്ള ജൻമിമാർ നെൽകൃഷിയുടെ പാട്ടവും പണമായിട്ടാണ് കൈപ്പറ്റിയിരിക്കുന്നത്. ഈ പാട്ടത്തിന് പുറമെ പുറംവക എന്ന നിലയിൽ മറ്റ് ചില അവകാശങ്ങളും വസൂലാക്കിയിരുന്നു. 1910ൽ റജിസ്ട്രാക്കിയ ഒരു പാട്ടശീട്ടിൽ നിന്ന് പ്രസക്തഭാഗങ്ങൾ ഉദ്ധരിക്കുന്നത് മേൽപറഞ്ഞ വസ്തുതകൾ വ്യക്തമാക്കാൻ സഹായിക്കും. "...... വെറും പാട്ടവകാശമായി നടന്നു വരേണ്ടും മേൽ പറഞ്ഞ പാട്ടത്തിൽ 4 ക 12 അണ വീതം ധനു മുതൽ മീനം കൂടി നാല് അവുധിയായി 19 ഉറുപ്പികയും 8 അണ വിലയുള്ള ഒരു വാഴക്കുല ചിങ്ങമാസത്തിൽ ഓണത്തിനും അഞ്ചണ വിലയുള്ള 10 നാളികേരവും 11 അണ വിലയുള്ള 72 മടൽ മുടഞ്ഞ ഓലയും ധനുമാസത്തിലും കോട്ടത്തുകാവിലേക്കുള്ള 8 അണ മേടമാസത്തിലും മേലാൽ കൊല്ലംതോറും തന്ന് അതാത് സമയം അച്ചടി ഫോറം രശീതി വാങ്ങിച്ചിരിക്കേണ്ടതാണ്."

പൊതുവേ നെൽകൃഷിക്ക് 3 മുതൽ 5 വരെ പാട്ടം ഈടാക്കിയിരുന്നു. ഗുണമേൻമ കുറഞ്ഞ നെൽകൃഷി സ്ഥലത്തിന് വിത്തിരട്ടി പാട്ടവും ഭൂമിയുടെ ഫലഭൂയിഷ്ടി അനുസരിച്ച് 1 പറ വിത്ത് വിതയ്ക്കുന്ന സ്ഥലത്തിന് 3, 4, 5 പറ നെല്ല് എന്നീ ക്രമത്തിലാണ് പാട്ടം നിശ്ചയിച്ചിന്നത്. അന്നത്തെ കാർഷിക ഉല്പന്നങ്ങളുടെ വില നിലവാരവുമായി താരതമ്യം ചെയ്യുമ്പോൾ പാട്ടവ്യവസ്ഥ അങ്ങേയറ്റം അക്രമ സ്വഭാവം നിറഞ്ഞ ഒന്നായിരുന്നു എന്ന് മനസ്സിലാക്കാം.

939

മലബാറിലെ ജൻമിമാരുടെ ആർഭാടകരമായ ജീവിതരീതിയെക്കുറിച്ച് ലോറൻസ് മാന്വലിൽ വിശദീകരിക്കുന്ന കാര്യങ്ങൾ തളിക്കുളത്തെ സംബന്ധിച്ചും പ്രസക്തമായിരുന്നു. ജൻമിതറവാടുകളെ കുറിച്ച് ലോഗൻ പറയുന്നത് ശ്രദ്ധിക്കൂ "പടി കടന്ന് വീട്ടു മുറ്റത്തേക്ക് നടന്നാൽ ആദ്യം ശ്രദ്ധിക്കുക, വീടിനെ പുൽകി നിൽക്കുന ഫലവൃക്ഷങ്ങളും സസ്യലതാദികളും വീട്ടുപറമ്പിനെ മുഴുവൻ ആശ്ലേഷിച്ചുകൊണ്ട് വാരിച്ചൊരിയുന്ന സുഖശീതളിമയാണ്. തെങ്ങ്, ഇരുണ്ട് മിനുത്ത ഇലകൾ മുറ്റിത്തഴച്ച് നിൽക്കുന്ന പിലാവ്, രണ്ടും ചേർന്ന് വിരിച്ചുതരുന്ന സമൃദ്ധമായ തണൽ, നീണ്ട് മെലിഞ്ഞ അടക്കാമരങ്ങൾ, നീണ്ട് വിശാലമായ ഇലകൾ പച്ചില പന്തലിടുന്ന വാഴകൾ ഇതൊക്കെ ചേർന്ന് ഗൃഹാന്തരീക്ഷത്തിൽ ആസ്വാദ്യത പകരുന്നു. കാൽക്കീഴിലുള്ള ഭൂമിക്ക് നിതാന്തമായ ഒരു കുളിർമ്മ. ഏപ്രിൽ, മെയ് മാസങ്ങളിലെ കത്തിക്കാളുന്ന വേനൽച്ചൂടിലും സുഖദായകരമായ ഒരു ഉണർവ്വ്" (മലബാർ മാന്വൽ പേജ് 77)

തളിക്കുളത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് മത്സ്യത്തൊഴിലാളികളാണ് അധിവസിച്ചിരുന്നത്. മത്സ്യബന്ധനത്തിനു പുറമെ ഇവർ കാർഷിക വൃത്തിയിലും ഏർപ്പെട്ടിരുന്നു. അവരുടെ കൂട്ടത്തിൽ ധാരാളം ഭൂമി കൈവശമുള്ളവരും ഉണ്ടായിരുന്നു. മാളിക വീടും നെല്ലറകളുമുള്ള കുടുംബക്കാരായിരുന്നു പലരും. എന്നാൽ നാലഞ്ച് തലമുറകൾക്കുമുമ്പ് മറ്റു സമുദായത്തിൽ പെട്ട ധനികർ നിഷ്കളങ്കരും കാപട്യമില്ലാത്തവരുമായ ഇവരിൽ നിന്ന് പ്രലോഭനങ്ങൾ കൊണ്ടും പ്രേരണകൊണ്ടും ഭൂമി തട്ടിയെടുത്തതിൻെറ ഫലമായി ഇവരിൽ പലരും ഭൂരഹിതരായിത്തീർന്നു.

നിരന്തരമായുണ്ടായ കടലാക്രമണം മൂലം ഇവരുടെ താമസസ്ഥലം നഷ്ടപ്പെടാനിടയാവുകയും തൽഫലമായി വളരെ പേർ വില്ലേജിൻെറ കിഴക്കു ഭാഗത്ത് കുടിയേറാൻ നിർബന്ധിതരാകുകയും ചെയ്തു. മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും ഹിന്ദുമതത്തിൽ ഉൾപ്പെട്ടിരുന്നവരായിരുന്നെങ്കിലും മത്സ്യക്കച്ചവടത്തിൻെറ കുത്തക മുസ്ലീങ്ങൾക്കായിരുന്നു. കുത്തക കച്ചവടക്കാരായ മുസ്ലീങ്ങൾ മത്സ്യത്തൊഴിലാളികളെ ക്രൂരമായി ചൂഷണം ചെയ്തതിനെതിരെ മുക്കുവർക്കിടയിൽ നിന്ന് എതിർപ്പ് രൂപപ്പെട്ടുതുടങ്ങി. എന്നാൽ ഈ എതിർപ്പ് ക്രമേണ മതവൽക്കരിക്കപ്പെടുകയും വർഗ്ഗീയ ചിന്താഗതി വളരുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്തു.

സാമ്പത്തിക രംഗത്തെ ചൂഷണത്തിനു പുറമെ സാമൂഹ്യരംഗത്തെ ഉച്ചനീചത്വങ്ങളും അനാചാരങ്ങളും ഈഴവരുടേയും മുക്കുവരുടേയും പട്ടികജാതിക്കാരുടേയും ജീവിതം ദുരിതപൂർണ്ണമാക്കി. അയിത്തം, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ അനാചാരങ്ങൾ മൂലം താഴ്ന്ന ജാതിയിൽപ്പെട്ടവർ സമൂഹത്തിൽ നിന്ന് അന്യവത്കരിക്കപ്പെടുകയും വിദ്യാഭ്യാസത്തിനുള്ള അവകാശം പോലും നിഷേധിക്കപ്പെടുകയും ചെയ്തു.

ജൻമി കുടുംബങ്ങളിൽ നിന്ന് വളരെ അകലെയായിരുന്നു ഈ വിഭാഗക്കാരുടെ താമസം. ജൻമിമാർ ഇവരുടെ മേൽ മതപരമായ ആധിപത്യവും നിലനിർത്തിയിരുന്നു. സവർണ്ണ ജൻമിമാരുടെ കുട്ടികൾ പഠിച്ചിരുന്ന സ്ക്കൂളുകളിൽ ഇവർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. കീഴ്ജാതിക്കാരായ സ്ത്രീകളെ മാറ് മറയ്ക്കാൻ അനുവദിച്ചിരുന്നില്ല. കാർഷിക രംഗത്തെ തൊഴിലാളികളിൽ ഭൂരിഭാഗവും പട്ടികജാതിക്കാരായിരുന്നു. ഭൂവുടമകൾക്ക് വേണ്ടി പണിയെടുക്കുന്നത് ഒരു സാമൂഹ്യ ബാധ്യതയായി കരുതിയിരുന്നു. ജൻമിമാരിൽ നിന്നും കൈവശകൃഷിക്കാരിൽ നിന്നും ഇവർക്ക് കടുത്ത മർദ്ദനവും പീഢനവും ഏൽക്കേണ്ടിവന്നിരുന്നു. പട്ടികജാതിക്കാർ പൂർണ്ണമായും ജൻമിമാരുടെ ഉടമസ്ഥതയ്ക്ക് കീഴിലായിരുന്നു. സ്വന്തമായി ഒരു മേൽവിലാസമില്ലാത്ത ഇവരെ പുറക്കോട്ടെ പണിയിൽ വട്ടപ്പിള്ളി പണിയിൽ എന്നിങ്ങനെ ജൻമികുടുംബങ്ങളുടെ പേരിനോട് ചേർന്നാണ് വിശേഷിപ്പിച്ചിരുന്നത്. പ്രതിഫലം വാങ്ങി ഇവരുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. ഭൂവുടമകളുടെ സമ്മതമില്ലാതെ മറ്റാർക്കെങ്കിലും പണിക്ക് പോയാൽ അവരെ തിരിച്ച് വിളിച്ച് ക്രൂരമായി മർദ്ദനത്തിന് വിധേയമാക്കിയിരുന്നു.

അന്ന് നിലനിന്നിരുന്ന സാമൂഹ്യ ഉച്ച നീചത്വങ്ങളെക്കുറിച്ച് വില്യം ലോഗൻ പറയുന്നു, "താഴ്ന്ന ജാതിക്കാർക്ക് എന്തായാലും തങ്ങളുടെ വീടിനെ തനതുപേരിൽ നമ്പൂതിരി മേധാവികളുടെ മുമ്പിൽ ഉച്ചരിച്ചുകൂടാ. സ്വയം നിന്ദിച്ചുകൊണ്ട്, അധ:കൃതനാണെന്ന് സമ്മതിച്ചുകൊണ്ട് മേലാളൻമാരുടെ മുമ്പിൽ സ്വന്തം വസതിയെ ചാണകകുണ്ട എന്ന് അവൻ പറയണം. സ്വയം വിളിക്കുന്നതിനും തങ്ങളുടെ മേലാളരുടെ മുന്നിൽ സംസാരിക്കുന്നതിനും കീഴ്ജാതിക്കാർക്ക് പ്രത്യേകം ശൈലികളുണ്ട്. സ്വയം നിന്ദിക്കാനും അധമനാണ് താനെന്ന് ഏറ്റു പറയാനും " (ലോഗൻെറ മലബാർ മാന്വൽ, പേജ് 80)

പട്ടികജാതിക്കാരായ കർഷകതൊഴിലാളികൾക്ക് ജൻമി തറവാടുകളിൽ പണിക്ക്പോയാൽ കഞ്ഞി കൊടുത്തിരുന്നത് പാത്രങ്ങളിലായിരുന്നില്ല. നിലത്ത് കുഴിയുണ്ടാക്കി അതിൽ ചേമ്പിലയോ, വാഴയിലയോ വെച്ചാണ് കഞ്ഞി വിളമ്പിക്കൊടുത്തിരുന്നത്. കർഷകതൊഴിലാളികൾക്ക് കൂലിയായി നൽകിയിരുന്നത് നെല്ലായിരുന്നു. 1942ഓടുകൂടി രണ്ടാം ലോകമഹായുദ്ധ കാലഘട്ടത്തിൽ കാർഷികോൽപ്പന്നങ്ങൾക്ക് വില വർദ്ധിച്ചതിനെ തുടർന്നാണ് കൂലിയായി നെല്ല് നൽകുന്ന സമ്പ്രദായം അവസാനിപ്പിച്ച് പകരം പണം നൽകാൻ തുടങ്ങിയത്. പുരുഷന് 3 അണ (ഒരു അണ ഉറുപ്പികയുടെ 16ൽ ഒന്ന്) യും സ്ത്രീകൾക്ക് ഒന്നര അണയും ആയിരുന്നു കൂലി.

ധനികരായ ഭൂവുടമകളിൽ ചെറിയ ഒരു വിഭാഗം മുസ്ലീങ്ങളായിരുന്നു. മാളിയേക്കൽ, ചിറക്കുഴി, ചന്ദനപറമ്പിൽ, സ്രാമ്പിയേക്കൽ, പണിക്കവീട്ടിൽ എന്നിവരായിരുന്നു മുസ്ലീം സമുദായത്തിലെ സമ്പന്ന കൃഷിക്കാർ. ചെറുകിട കർഷകരും കച്ചവടക്കാരും വ്യാപാരികളും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. സാധാരണ മുസ്ലീങ്ങൾ പ്രായേണ ദരിദ്രരായിരുന്നു. ചില്ലറ മത്സ്യവ്യാപാരം, ചുമട് ചുമക്കൽ എന്നീ തൊഴിലുകളിലാണ് പ്രധാനമായും അവർ ഏർപ്പെട്ടിരുന്നത്. അന്നുണ്ടായിരുന്ന സാമൂഹ്യ അനാചാരങ്ങളൊന്നും മുസ്ലീങ്ങളെ ബാധിച്ചിരുന്നില്ല.

ക്രിസ്ത്യാനികൾ തളിക്കുളത്ത് വളരെ ചെറിയ ന്യൂനപക്ഷമായിരുന്നു. അവരിൽ വൻകിട ഭൂവുടമകളോ കൃഷിക്കാരോ ഉണ്ടായിരുന്നില്ല. എന്നാൽ അതേസമയം ചെറുകിട കൃഷിക്കാരും വ്യാപാരികളും ഉണ്ടായിരുന്നു. കൊപ്ര വ്യാപാരം എണ്ണയാട്ടു വ്യവസായം എന്നിവയിൽ അവർ മാത്രമാണ് ഏർപ്പെട്ടിരുന്നത്. തളിക്കുളത്തെ ക്രിസ്ത്യാനികൾ വാടാനപ്പള്ളി ഇടവകയിൽ പെട്ടവരായിരുന്നു. അടുത്തകാലത്ത് മാത്രമാണ് ഒരു ചർച്ച് ഇവിടെ ഉണ്ടായത്.

അക്കാലത്തെ മറ്റു പ്രധാന തൊഴിലുകൾ ബീഡി തെറുപ്പും ചകിരി വ്യവസായവും ചെത്തുമായിരുന്നു. കനോലി കനാൽതീരത്തു താമസിക്കുന്ന നിരവധി ജനങ്ങൾ കയറുപിരി, തൊണ്ടുതല്ലൽ തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ട് ജീവിച്ചുപോന്നു. കഠിനമായ അദ്ധ്വാനവും കുറഞ്ഞ വേതന വ്യവസ്ഥയും മൂലം ഈ വിഭാഗം ജനങ്ങൾ നിത്യദാരിദ്ര്യത്തിലായിരുന്നു. കയർ വ്യവസായത്തിൽ മൂലധനമിറക്കിയ പലരും പിന്നീട് സമ്പന്നരായി ത്തീർന്നു.

ബീഡി വ്യവസായത്തിൽ നിരവധിപേർ ജോലി ചെയ്തിരുന്നു. ധാരാളം തൊഴിലാളികൾ ബീഡി തെറുത്തിരുന്ന സ്ഥാപനമായിരുന്നു അക്കാലത്തെ രാജ ബീഡി കമ്പനി. കൂടാതെ വീടുകളിൽ തനിച്ച് ലൈസൻസെടുത്തും പലരും ബീഡി തെറുപ്പിലേർപ്പെട്ടിരുന്നു. ബീഡി തൊഴിലാളികൾ വളരെ രാഷ്ട്രീയ ബോധമുള്ളവരും, തളിക്കുളത്തെ രാഷ്ട്രീയ ജീവിതത്തിൽ മുഖ്യമായ പങ്ക് വഹിച്ചവരുമാണ്. ഇടതുപക്ഷ രാഷ്ട്രീയരംഗത്തേക്ക് പല നേതാക്കൻമാരേയും ഈ പ്രസ്ഥാനം സംഭാവന ചെയ്തു. വേതന നിരക്ക് വളരെ മോശമായിരുന്നു. നിരന്തരമായ സമരത്തിലൂടെ വേതന വ്യവസ്ഥ പുതുക്കിയെടുക്കുവാൻ ബീഡി തൊഴിലാളികൾക്ക് സാധിച്ചു. ഇപ്പോൾ ഈ വ്യവസായത്തിലെർപ്പെട്ടിട്ടുള്ളത് 100%വും സ്ത്രീ തൊഴിലാളികളാണെന്നു പറയാം. മെച്ചപ്പെട്ട വേതനം പ്രൊവിഡൻറ് ഫണ്ട്, ക്ഷേമനിധി എന്നിവ തൊഴിലാളികൾക്ക് ഇപ്പോൾ ലഭ്യമാണ്.

ജാതി വ്യവസ്ഥയും ഉച്ചനീചത്വങ്ങളും കൊടികുത്തി വാണ 19-ാം നൂറ്റാണ്ടിൻെറ ഉത്തരാർദ്ധത്തിൽ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനം അവശ ജാതിക്കാർക്കിടയിൽ ഒരു പുതിയ ആശയും ആവേശവുമായി മാറി. ജാതി വ്യവസ്ഥക്കെതിരായി പ്രത്യക്ഷത്തിൽ തന്നെ പല സമര പരിപാടികളും അരങ്ങേറി. ശ്രീ നാരായണാദർശങ്ങൾ പിന്നോക്ക ജാതിക്കാരുടെ ഇടയിൽ വലിയ സ്വാധീനം ചെലുത്തി. ഡോ. പൽപ്പു, സഹോദരൻ അയ്യപ്പൻ എന്നിവർ നേതൃത്വം നൽകിയ പരിഷ്കരണ പ്രസ്ഥാനത്തിന് നമ്മുടെ നാട്ടിലും നിർണ്ണായകമായ സ്വാധീനം ചെലുത്താൻ സാധിച്ചു. കീഴ്ജാതിക്കാർക്കിടയിൽ സാമൂഹ്യ മാറ്റത്തിനുള്ള ത്വര വർദ്ധിച്ചു വരുവാനുള്ള മറ്റൊരു കാരണം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ പ്രചാരമാണ്.

ഉയർന്ന സമുദായങ്ങളുമായി എല്ലാ മേഖലകളിലും തുല്യത കൈവരിക്കുക എന്നതായിരുന്നു നവോത്ഥാന പ്രസ്ഥാനത്തിൻെറ ലക്ഷ്യം. എന്നാൽ തങ്ങളേക്കാൾ പിന്നോക്കാവസ്ഥയിലുള്ള ജനതയുമായി ബന്ധപ്പെടുന്നതിന് ശ്രീനാരായണ ഭക്തരായി സ്വയം കരുതിപ്പോന്നവർ തയ്യാറുണ്ടായിരുന്നില്ല. തീണ്ടലും തൊട്ടുകൂടായ്മയും മാറ്റണമെങ്കിൽ ഈഴവർ തങ്ങളേക്കാൾ താണവരുമായി തുല്യത സ്ഥാപിക്കണമെന്ന ആശയവുമായാണ് സഹോദരൻ

അയ്യപ്പൻ കടന്നു വന്നത്. 1917ൽ ചെറായിൽ വെച്ച് 'മിശ്രഭോജനം' സംഘടിപ്പിച്ചു. ജാതി വ്യവസ്ഥ കളുടെ പൈശാചിക രീതികളെ കഠിനമായി വിമർ ശിച്ചുകൊണ്ട് അതിനെ നശിപ്പിക്കുവാനുള്ള പ്രായോഗിക നടപടിയായി മിശ്രഭോജനത്തെ അദ്ദേഹം വിശേഷിപ്പിച്ചു. ഇതിൻെറ ചുവടുപിടിച്ച്, കൈതയ്ക്കൽ പരിസരത്തുണ്ടായിരുന്ന സ്ക്കൂളിൽ നടന്ന മിശ്രഭോജനം ഏറെ കോളിളക്കം സൃഷ്ടിച്ചു. ഏങ്ങൂര് രാമൻ മാസ്റ്റർ, തൊഴുത്തുംപറമ്പിൽ ഉണ്ണീരി മാസ്റ്റർ തുടങ്ങിയവർ ഈ പ്രക്ഷോഭത്തിനു നേതൃത്വം നൽകി. ഇത്തരം പ്രക്ഷോഭങ്ങളുടെ ഫല മായി ഈ രംഗങ്ങളിൽ ഗണ്യമായ പുരോഗതി ഉണ്ടാ യെങ്കിലും ക്ഷേത്രപ്രവേശനാവകാശം നേടിയെടുക്കുവാനോ, അയിത്തം തുടച്ചു നീക്കു വാനോ കഴിഞ്ഞില്ല.

നവോത്ഥാന പ്രസ്ഥാനത്തെ തുടർന്ന് ദേശീയ പ്രസ്ഥാനവും തളിക്കുളത്തിൻെറ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു. 1927ൽ തളിക്കുളത്ത് ഒരു കോൺഗ്രസ് കമ്മിറ്റി ആദ്യമായി രൂപീകരിക്കപ്പെട്ടു. നാട്ടിക മേഖലയിൽ ആദ്യമായി രൂപീകരിക്കപ്പെട്ട കോൺഗ്രസ് കമ്മിറ്റി ഇതായിരുന്നുവെന്നാണ് സ്ഥാപകരുടെ അവകാശ വാദം. ഈ കമ്മിറ്റിയിൽ കളപ്പുരയ്ക്കൽ രാഘവൻ മാസ്റ്റർ, എരണേഴുത്ത് രാഘവൻ, ടി.കെ. രാമൻ, ഇ.എസ്. കുഞ്ഞിക്കളവൻ മാസ്റ്റർ, പുറക്കോട്ട് ഗോപാലൻ നായർ, ശങ്കുണ്ണി നായർ എന്നിവർ ഉൾ പ്പെട്ടിരുന്നു. കോങ്ങാട്ടിൽ കുഞ്ചുണ്ണിനായരെന്ന കോൺഗ്രസ് നേതാവാണ് ഈ കമ്മിറ്റി രൂപീകരി ക്കുവാൻ മുൻകൈയ്യെടുത്തത്.

നവോത്ഥാന പ്രസ്ഥാനത്തിലും ദേശീയ പ്രസ്ഥാനത്തിലും നേതൃത്വപരമായ പങ്കുവഹിച്ച ഒരാളാണ് സ്മരണീയനായ വി.കെ. കുമാരൻ മാസ്റ്റർ. അന്നത്തെ ജൻമി കുടുംബങ്ങളിലെ അംഗങ്ങളാണ് സംഘടിതമായി ദേശീയ പ്രസ്ഥാനത്തിൽ അണി നിരന്നത്. അയിത്താചരണം പോലുള്ള അനാചാ രങ്ങൾ നിലനിന്നിരുന്ന സമയമായിരുന്നതുകൊണ്ട് കോൺഗ്രസ് പ്രവർത്തനത്തിൻെറ ആദ്യനാളുകളിൽ ഈഴവ സമുദായക്കാർ സംഘടിതമായി പങ്കെടുക്കു കയുണ്ടായില്ല. 1937ൽ മദിരാശി അസംബ്ലിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർ ത്ഥിയായിരുന്നത് കോങ്ങാട്ടിൽ രാമൻ മേനോനാണ്. ഈഴവരുടെ സ്ഥാനാർത്ഥിയായി ഒരു ബാലകൃ ഷ്ണനെയാണ് നിർത്തിയിരുന്നത്. ഈഴവർ ബാലകൃ ഷ്ണനാണ് പിന്തുണ നൽകിയത്. കോൺഗ്രസ് പ്രവർത്തനത്തിൽ മുൻനിരയിലുണ്ടായിരുന്ന ടി.കെ. രാമൻ മുതൽ പേർ മേനോനു വേണ്ടിയാണ് പ്രവർ ത്തിച്ചത്. രാമൻ മേനോൻ തിരഞ്ഞെടുക്കപ്പെടുകയും മദിരാശിയിൽ മന്ത്രിയാവുകയും ചെയ്തു.

ഈ കാലഘട്ടം രൂക്ഷമായ സാമ്പത്തിക പ്രതി സന്ധിയുടേതായിരുന്നു. കാർഷിക വിഭവങ്ങളുടെ വിലയിടിഞ്ഞു. നൂറു നാളികേരത്തിൻെറ കൂടിയ വില ഒന്നേമുക്കാൽ രൂപയായിരുന്നു.

പല കൃഷിക്കാർക്കും പാട്ടം തീർക്കാനാവാതെ കൈവശഭൂമി നഷ്ടപ്പെട്ടു. പഴയ ധനിക കൃഷിക്കാർ പോലും കടക്കെണിയിൽ പെട്ടുപാപ്പരായി. ഈ സാമ്പത്തിക ക്ലേശം ഒരു ഒറ്റപ്പെട്ട സംഭവമായിരു ന്നില്ല. പൊതുവെ മുഴുവൻ ജനങ്ങളേയും ബാധിച്ച പ്രശ്നമായിരുന്നു. കണ്ടശ്ശാംകടവ് ക്രിസ്ത്യൻ പള്ളി നടത്തിയിരുന്ന ചിട്ടിയിൽ കുടിശ്ശിക വന്നതുമൂലം തളിക്കുളത്തെ നിരവധി കർഷകരുടെ വസ്തുവകകൾ പള്ളിയുടേതായി തീർന്നു. ഈ കാലഘട്ടത്തിൽ മദി രാശി ഗവർമെൻറ് പാസാക്കിയ കടാശ്വാസ നിയ മമാണ് കൃഷിക്കാരെ കടക്കെണിയിൽ നിന്ന് ഒരു പരിധിവരെ രക്ഷപ്പെടുത്തിയത്.

ഈ കാലഘട്ടത്തിൽ കോൺഗ്രസ്സിനകത്ത് ഇടതുപക്ഷചിന്താഗതി വളർന്നു വരികയും അത് കോൺഗ്രസ്സിനുള്ളിൽ തന്നെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിൽ എത്തി ച്ചേരുകയും ചെയ്തു. പിന്നീട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ആവിർഭാവത്തിന് ഇത് കാരണ മായി. മാർക്സിസ്റ്റ് സിദ്ധാന്തത്തിനും ഇക്കാലത്ത് പ്രചാരം ലഭിച്ചു. 1938ലാണ് തളിക്കുളത്ത് ആദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗ്രൂപ്പ് രൂപീകൃ തമായത്. ഇ.കെ. അപ്പു മാസ്റ്റർ, ടി.കെ. രാമൻ എന്നിവരാണ് ഇതിനു നേതൃത്വം നൽകിയത്. ശ്രീമാൻ ടി.കെ. രാമൻ ദേശീയ പ്രസ്ഥാനത്തിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേയ്ക്ക് വരികയും പാർ ട്ടിയുടെ നേതൃത്വനിരയിൽ എത്തിച്ചേരുകയും ചെയ്തു. നിരവധി തവണ പോലീസ് മർദ്ദനങ്ങളും ജയിൽവാസവും അനുഭവിച്ചിട്ടുള്ള അദ്ദേഹം കമ്മ്യൂ ണിസ്റ്റ് പാർട്ടിക്ക് കരുത്തുറ്റ നേതൃത്വം നൽകി എന്ന വസ്തുത തളിക്കുളത്തെ ജനങ്ങൾ ആദരപൂർവ്വം സ്മരി ക്കുന്ന ഒന്നാണ്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തെ തുടർന്ന് വിവിധ മേഖലകളിൽ ബഹുജനസംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഏറ്റവും പ്രബലമായ ബഹുജനപ്രസ്ഥാനം ആരംഭിച്ചത് കാർഷിക മേഖ ലയിലായിരുന്നു. അക്രമമായ പാട്ടത്തിനും കുടിയൊ ഴിപ്പിക്കലിനുമെതിരെ കിസാൻ സഭയിലൂടെ

ജനങ്ങൾ സംഘടിച്ചുമുന്നേറി. 1942ൽ ചേർക്കര അയ്യപ്പൻകുള മൈതാനിയിൽ അഖിലേന്ത്യാ കിസാൻ സഭയുടെ സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ ചെയ്തിരുന്നു. അവസാന നിമിഷത്തിൽ ഗവർമ്മെണ്ട് സമ്മേളനം നിരോധിക്കുകയാണുണ്ടായത്.

ഈ കാലഘട്ടത്തിൽ അദ്ധ്യാപക പ്രസ്ഥാനവും ശക്തി പ്രാപിച്ചു. മലബാർ എയിഡഡ് ടീച്ചേഴ്സ് യൂണിയൻെറ ശാഖയാണ് തളിക്കുളത്ത് പ്രവർത്തിച്ചിരുന്നത്. മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾക്കു വേണ്ടിയുള്ള പ്രക്ഷോഭത്തോടൊപ്പം തന്നെ ഇടതുപക്ഷ - ദേശീയ പ്രസ്ഥാനങ്ങളോട് ഒത്തുപോകുന്ന ഒരു നയമാണ് അദ്ധ്യാപക യൂണിയൻ കൈക്കൊണ്ടത്.

സ്ത്രീ വിമോചന പ്രസ്ഥാനങ്ങളും ഇക്കാലത്ത് വളർന്നു വരുവാൻ തുടങ്ങി. സ്ത്രീ പുരുഷ സമത്വം ഒരു അവകാശമായി അവതരിപ്പിക്കപ്പെട്ടു. വിദ്യാഭ്യാസം, തൊഴിൽ, സ്വത്തവകാശം, വിവാഹം, വിവാഹമോചനം, പിൻതുടർച്ച, ദത്തെടുക്കൽ എന്നീ മേഖലകളിൽ നിലനിൽക്കുന്ന ലിംഗപരമായ വിവേചനം അവസാനിപ്പിക്കുവാനും, സ്ത്രീധനം നിരോധിക്കുക എന്നീ ആവശ്യങ്ങൾ മുന്നോട്ടു വെച്ചുകൊണ്ട് നിരവധി പ്രക്ഷോഭ സമരങ്ങൾക്ക് മഹിളാ സംഘടന നേതൃത്വം നൽകി. സ്ത്രീകളുടെ ഈ വക അവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയുള്ള സംഘടനാ പ്രവർത്തനങ്ങളിലും തങ്ങൾ മറ്റാരുടേയും പിന്നിലല്ലെന്ന് സ്ത്രീകൾ തെളിയിച്ചിട്ടുണ്ട്.

നമ്മുടെ വില്ലേജിനെയാകെ നാശത്തിലാഴ്ത്തിക്കൊണ്ട് 1941ൽ (കൊല്ലവർഷം 1116 എടവം 13) കൊടുങ്കാറ്റു വീശുകയുണ്ടായി. കാർഷിക വിളകൾക്ക് വമ്പിച്ച നാശനഷ്ടം സംഭവിച്ചു. ഇതു പരിഹരിക്കുന്നതിനാവശ്യമായ യാതൊരു സഹായവും സർക്കാരിൻെറ ഭാഗത്തു നിന്നുണ്ടായില്ല. ജനങ്ങൾ ദുരിതത്തിൽ നിന്നും ദുരിതത്തിലേക്ക് കൂപ്പുകുത്തി. നാടെങ്ങും പട്ടിണി നടമാടി. കൊച്ചിയിൽ നിന്നും അരി, പഞ്ചസാര, പരിപ്പ് മുതലായ സാധനങ്ങൾ കയറ്റി വന്ന ഒരു വലിയ വള്ളം മുറ്റിച്ചൂർ കടവിൻെറ പരിസരത്തു വെച്ച് ജനങ്ങൾ തടഞ്ഞുനിർത്തി സാധനങ്ങൾ പിടിച്ചെടുത്തു. ഇതിനെതുടർന്ന് അതിക്രൂരമായ പോലീസ് മർദ്ദനം തളിക്കുളത്ത് നടമാടി.

തളിക്കുളത്തിൻെറ പടിഞ്ഞാറെ തീരപ്രദേശത്തു താമസിക്കുന്ന കൃഷിക്കാർ വർഷക്കാലത്തു വെള്ളം ഒഴിഞ്ഞുപോകുവാൻ മാർഗ്ഗമില്ലാത്തതിനാൽ വളരെ നാശനഷ്ടങ്ങൾ അനുഭവിച്ചിരുന്നു. വർഷക്കാലത്തുണ്ടാകുന്ന അധികജലം കടലിലേയ്ക്ക് ഒഴുക്കി വിടുന്നതിനു വേണ്ടി തമ്പാൻ കടവിൻെറ തെക്കുഭാഗത്തുകൂടി കടലിലേക്ക് ഒരു അറപ്പ പൊളിക്കുവാൻ തീരുമാനിച്ചു. ഔദ്യോഗികമായി യാതൊരു സഹായവുമില്ലാതെ പൂർണ്ണമായ ജനപങ്കാളിത്തത്തോടെയാണ് ആ പ്രവൃത്തി നടന്നത്. അതിൻെറ വിജയകരമായ പരിസമാപ്തിക്കു വേണ്ടി അദ്ധ്വാനിക്കുകയും നേതൃത്വം നൽകുകയും ചെയ്തവരിൽ ശ്രീമാൻ ടി.കെ. രാമൻ, എരണേഴത്ത് ജയചന്ദ്രൻ എന്നിവരുടെ പേരുകൾ മുൻപന്തിയിൽ നിൽക്കുന്നു.

രണ്ടാം ലോകമഹായുദ്ധം നടന്നിരുന്ന കാലത്ത് നിത്യോപയോഗ സാധനങ്ങൾക്ക് വലിയ ദൗർലഭ്യം നേരിട്ടു. അരിയ്ക്ക് റേഷൻ ഏർപ്പെടുത്തിയിരുന്നു. ലഭ്യമായ വിഭവങ്ങളുടെ നീതിപൂർവ്വമായ വിതരണത്തിനുവേണ്ടി ജനകീയ കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിക്കുകയുണ്ടായി. ധാന്യസംഭരണം, കരിഞ്ചന്ത തടയൽ എന്നീ കാര്യങ്ങളിൽ ഈ കമ്മറ്റികൾ സ്തുത്യർഹമായ സേവനം കാഴ്ച വെച്ചു.

1942 ആഗസ്റ്റ് 9ന് ക്വിറ്റ് ഇന്ത്യാ സമരം ആരംഭിച്ചു. ബ്രിട്ടൻ ഇന്ത്യ വിടുക എന്ന ആഹ്വാനത്തെതുടർന്ന് ഗാന്ധിജിയും മറ്റു ദേശീയ നേതാക്കളും അറസ്റ്റ് ചെയ്യപ്പെട്ടു. അതിനെതുടർന്നാണ് അക്രമാസക്തമായ വിധത്തിൽ ക്വിറ്റ് ഇന്ത്യാ സമരം നടന്നത്. ഈ സമരത്തോടനുബന്ധിച്ച് തളിക്കുളത്തെ പല കോൺഗ്രസ് നേതാക്കളും അറസ്റ്റ് ചെയ്യപ്പെടുകയും ഭീകരമായ പോലീസ് മർദ്ദനത്തിന് വിധേയരാവുകയും ചെയ്തു. തളിക്കുളത്തെ ഈച്ചരനാശാരിയുടെ മകൻ പീതാംബരൻ അതിക്രൂരമായ പോലീസ് മർദ്ദനത്തിനിരയാവുകയും അദ്ദേഹം മനസ്സിൻെറ സമനിലതെറ്റി അധികം വൈകാതെ മരണമടയുകയും ചെയ്തു.

രണ്ടാം ലോക മഹായുദ്ധത്തിൽ വിജയം വരിച്ചെങ്കിലും ഇന്ത്യയെപ്പോലെയുള്ള ഒരു വലിയ രാജ്യത്തെ അടക്കിഭരിക്കുവാനുള്ള കരുത്ത് ബ്രിട്ടനു നഷ്ടപ്പെട്ടിരുന്നു. ഈ കാലഘട്ടത്തിൽ ഇന്ത്യക്കു സ്വാതന്ത്ര്യം നൽകുവാനുള്ള ആലോചനകൾ ബ്രിട്ടനിൽ നടന്നു. മുൻപേ തന്നെ ആരംഭിച്ചിരുന്ന വിഭജനവാദം കൂടുതൽ ശക്തിപ്പെട്ടു. നമ്മുടെ പ്രദേശത്തും പാക് അനുകൂല മുദ്രാവാക്യങ്ങൾ മുഴക്കി. ഈ വാദം നമ്മുടെ പ്രദേശത്തും മുസ്ലീം സമുദായത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തി. എന്നിരുന്നാലും നിരവധി മുസ്ലീങ്ങൾ ദേശീയ പ്രസ്ഥാനത്തിൽ ഉറച്ചു

നിന്നു. തളിക്കുളത്തെ എം.കെ. കുഞ്ഞിബാപ്പു, ഒ.കെ. കുഞ്ഞിമോൻ, മൊയ്തീൻഷാ എന്നീ ദേശീയ മുസ്ലീങ്ങളുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്. പാക്കിസ്ഥാൻ വാദം പ്രബലപ്പെട്ടുവന്ന കാലത്തും തളിക്കുളത്ത് മതസൗഹാർദ്ദത്തിന് പോറലേൽക്കുകയുണ്ടായില്ല.

1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രയായി. തളിക്കുളത്തെ ജനങ്ങളും സ്വാതന്ത്ര്യപ്പിറവി ആഘോഷപൂർവ്വം കൊണ്ടാടി. 1956 നവ. 1ന് കേരള സംസ്ഥാനം ഉടലെടുത്തതിനെ തുടർന്ന് നമ്മുടെ വില്ലേജ് ഉൾക്കൊള്ളുന്ന പൊന്നാനി താലൂക്ക് പാലക്കാട് ജില്ലയുടെ ഭാഗമായി. പിന്നീടാണ് ചാവക്കാട് താലൂക്ക് രൂപീകരിച്ച് ഈ പ്രദേശം തൃശൂർ ജില്ലയുടെ ഭാഗമായി മാറിയത്.

മലബാർ മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായി നിലനിന്നിരുന്ന കാലത്ത് കേരള സംസ്ഥാന രൂപീകരണത്തിനു കുറച്ചു മുൻപായി മലബാർ ജില്ലാ ബോർഡിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഭൂരിപക്ഷം നേടുകയും ശ്രീമാൻ പി.ടി. ഭാസ്കരപ്പണിക്കർ ജില്ലാ ബോർഡ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. വിദ്യാഭ്യാസ – ആരോഗ്യ രംഗങ്ങളിൽ വളരെ പിന്നോക്കം നിന്നിരുന്ന മലബാർ പ്രദേശത്തിന് ആ രംഗങ്ങളിൽ ഒരു കുതിച്ചുചാട്ടത്തിന് പുതിയ ഭരണം കളമൊരുക്കി. ഭാസ്കരപ്പണിക്കർ പ്രസിഡണ്ടായിരിക്കെ ജില്ലാ ഭരണത്തിൽ വരുത്തിയ ആരോഗ്യപരമായ മാറ്റങ്ങളുടെ ഗുണാനുഭവങ്ങൾ തളിക്കുളത്തിനുമുണ്ടായി. തളിക്കുളത്ത് ഇന്നു കാണുന്ന ഹൈസ്ക്കൂൾ അക്കാലത്ത് സ്ഥാപിതമായതാണ്. സ്ക്കൂൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ശ്രീ. കരുവത്ത് വേലപ്പൻ എന്നവരും കെട്ടിടം നാട്ടുകാരും സംഭാവന ചെയ്തതാണ്. തളിക്കുളത്ത് ജനപങ്കാളിത്തത്തോടുകൂടി നടന്ന രണ്ടാമത്തെ വിജയപ്രദമായ മുഖ്യസംരംഭമാണിത്.

1957ൽ ഇ.എം.എസ്സിൻെറ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിലെത്തി. മന്ത്രിസഭയുടെ ആദ്യത്തെ തീരുമാനം, കുടിയിറക്ക് നിരോധിച്ചുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുവാനായിരുന്നു. നൂറ്റാണ്ടുകളായി അന്യരുടെ ഭൂമിയിൽ അടിമകളെ പോലെ താമസിച്ചിരുന്നവരായിരുന്നു കുടികിടപ്പുകാർ. ഭൂവുടമയുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയമായാണ് കുടികിടപ്പുകാർ നിത്യജീവിതം തള്ളിനീക്കിയിരുന്നത്. കുടിയൊഴിയ്ക്കൽ ഭീഷണി എക്കാലത്തും അവരുടെ തലയ്ക്കുമുകളിൽ തൂങ്ങിനിന്നിരുന്നു. വ്യപാകമായ ഒഴിപ്പിക്കലും നടന്നിരുന്നു. ഒഴിപ്പിക്കൽ നിരോധിച്ചു കൊണ്ടുള്ള ഓർഡിനൻസ് കുടികിടപ്പുകാർക്ക് ആശ്വാസമേകി. തുടർന്ന് ഗവർമ്മെൻറ് കാർഷിക വിദ്യാഭ്യാസരംഗങ്ങളിൽ വമ്പിച്ച മാറ്റങ്ങൾക്ക് നാന്ദികുറിച്ചുകൊണ്ടുള്ള നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു.

സമഗ്രമായ ഭൂപരിഷ്ക്കരണ ഭേദഗതി നിയമം 1967ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. സർക്കാർ പാസാക്കി. 1970 ജനുവരി 1 മുതൽ ഈ നിയമം നിലവിൽ വന്നു. ഇത് കാർഷിക രംഗത്ത് വളരെ മാറ്റം കുറിച്ച ഒരു നിയമമാണ്. നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി കേരളത്തിൽ ജൻമിത്വം അവസാനിച്ചു. കൈവശ കുടിയാൻമാർ ഭൂമിയുടെ ഉടമസ്ഥരായി മാറി. കുടികിടപ്പുകാർക്കും അവർ താമസിക്കുന്ന സ്ഥലത്ത് 10 സെൻറ് ഭൂമി ലഭിച്ചു. ഇത് പൂർണ്ണമായും നടപ്പിലാക്കുന്നതിനുവേണ്ടി തളിക്കുളത്ത് ശക്തമായ പ്രക്ഷോഭം നടന്നു.

സംസ്ഥാന അസംബ്ലികൾക്കു താഴെ ജില്ലകളിലോ, ഗ്രാമങ്ങളിലോ ജനാധിപത്യ ഭരണക്രമം നടപ്പായിരുന്നില്ല. ഗ്രാമഭരണം റവന്യൂവകുപ്പിൻെറ കീഴിൽ അധികാരിമാരാണ് നടത്തിയിരുന്നത്. അധികാരി സർക്കാരുദ്യോഗസ്ഥനായിരുന്നില്ല. വില്ലേജിലെ സമ്പത്തും സ്വാധീനവുമുള്ള കുടുംബത്തിലെ കാരണവൻമാരെയാണ് ബ്രിട്ടീഷുകാർ നിയമിച്ചിരുന്നത്. ഈ സ്ഥാനം പരമ്പരാഗതമായ് തുടർന്നു പോന്നു. തളിക്കുളത്തെ അധികാരികൾ പുറക്കോട്ടെ തറവാട്ടുകാരായിരുന്നു. ആദ്യത്തെ അധികാരി പി. നീലകണ്ഠൻ നായരും അവസാനത്തെ അധികാരി പി. കൃഷ്ണൻ നയാരുമായിരുന്നു. അധികാരിമാർ നികുതി പിരിവ്, ജനന മരണ രജിസ്ട്രേഷൻ എന്നീ ചുമതലകൾ നിർവ്വഹിച്ചിരുന്നു. അധികാരിമാർക്ക് വില്ലേജ് മുൻസിഫ്, വില്ലേജ് മജിസ്ട്രേട്ട് എന്നീ സ്ഥാനങ്ങളുമുണ്ടായിരുന്നു. 50 രൂപവരെ പിഴയിടാവുന്ന സിവിൽ ക്രിമിനൽ കേസുകൾ വിചാരണ ചെയ്ത് വിധികൽപ്പിക്കുവാനുള്ള അധികാരമുണ്ടായിരുന്നു. 1962ൽ അധികാരി സ്ഥാനം നിർത്തലാക്കി. വില്ലേജിൻെറ റവന്യൂ ഭരണം വില്ലേജ് ഓഫീസിൽ നിക്ഷിപ്തമായി.

1962ൽ പഞ്ചായത്തുകൾ രൂപീകൃതമായി. 1963ൽ തളിക്കുളം പഞ്ചായത്തിലേക്കുള്ള തെരെഞ്ഞെടുപ്പു നടന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നൽകിയ മുന്നണി പഞ്ചായത്തിൽ ഭൂരിപക്ഷം ലഭിച്ച്

അധികാരത്തിൽ വന്നു. 1979, 1988, 1995 എന്നീ കാലഘട്ടങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിലും സി. പി.എം. നേതൃത്വത്തിലുള്ള മുന്നണി തന്നെ തെരഞ്ഞെടുക്കപ്പെട്ടു. നാളിതുവരെ നടന്ന പഞ്ചായത്തിൻെറ കാര്യക്ഷമമായ പ്രവർത്തനഫലമായി ഗതാഗതം, വൈദ്യുതി വിതരണം, ശുദ്ധജല വിതരണം, സൗജന്യ ഭവന നിർമ്മാണം, ആരോഗ്യം മുതലായ മേഖലകളിൽ അത്ഭൂതപൂർവ്വമായ പുരോഗതി ഉണ്ടായി.

വലപ്പാട് ശ്രീരാമ പോളി ടെക്നിക്, നാട്ടിക ശ്രീനാരായണ കോളേജ് എന്നിവ സ്ഥാപിക്കപ്പെട്ടതിനെ തുടർന്ന് തളിക്കുളത്ത് ധാരാളം കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചു. ഇത് പല പുതിയ മേഖലകളിലും തൊഴിലുകൾ തേടിപ്പിടിക്കുവാൻ അവസരമുണ്ടാക്കി. തൊഴിൽരഹിതരായ അഭ്യസ്ഥവിദ്യരുടെ എണ്ണം വർദ്ധിച്ചു.

1970കളിൽ തൊഴിൽ തേടിക്കൊണ്ട് ഗൾഫുകളിലേയ്ക്കുള്ള പ്രയാണമാരംഭിച്ചു. വിദഗ്ദ്ധരും, അവിദഗ്ധരുമായ തൊഴിലാളികളും അഭ്യസ്ഥവിദ്യരും ഇതിലുൾപ്പെട്ടിരുന്നു. ഗൾഫ് നാടുകളിൽ നിന്ന് ഒഴുകിയെത്തിയ പണം നമ്മുടെ സമ്പദ്വ്യവസ്ഥയെ മാറ്റിമറിച്ചു. വ്യവസായരംഗത്ത് കാര്യമായ നിക്ഷേപം നടന്നില്ലെങ്കിലും വ്യാപാര രംഗത്ത് ഗണ്യമായ വർദ്ധനവുണ്ടായി. ഒരു പുതിയ ഉപഭോഗ സംസ്കാരം നിലവിൽ വന്നതിൻെറ പിന്നിലും ഗൾഫ് പണത്തിൻെറ സ്വാധീനമുണ്ടെന്നു കാണാം. ബാങ്ക് ഡെപ്പോസിറ്റുകൾ ഗണ്യമായി വർദ്ധിച്ചു. ഭൂമിയുടെ മുഖച്ഛായ തന്നെ മാറി. കെട്ടിട നിർമ്മാണരംഗത്ത് വലിയ കുതിച്ചുചാട്ടമുണ്ടായി. നിർമ്മാണരംഗത്ത് തൊഴിവലസരങ്ങൾ വർദ്ധിച്ചു. തൊഴിലാളികളുടെ വേതന നിരക്കിലും വമ്പിച്ച വർദ്ധനവുണ്ടായി. പാവപ്പെട്ട നിരവധി കുടുംബങ്ങൾക്ക് സാമ്പത്തിക അഭിവൃദ്ധിയുണ്ടായി. ഇത് സാമൂഹ്യബന്ധങ്ങളിൽ വലിയ മാറ്റമുണ്ടാക്കി. വിദ്യാഭ്യാസം, ആരോഗ്യം എന്നീ തുറകളിലുണ്ടായ പുരോഗതിക്കും ഗൾഫ് പണം സഹായകരമായി. ഗൾഫ് രാജ്യങ്ങളിലെ പുതിയ തൊഴിൽ നിയമം നമ്മുടെ സാമ്പത്തിക രംഗത്ത് കരിനിഴൽ വീഴ്ത്തുമോ?

## ഭൂപ്രകൃതിയും വിഭവങ്ങളും

### 1.ഭൂപ്രകൃതി

തൃശൂർ പട്ടണത്തിൽ നിന്ന് 15 കി.മീ. WSW ആയി തളിക്കുളം സ്ഥിതിചെയ്യുന്നു. നാഷണൽ ഹൈവേ 17ൽ പ്രസിദ്ധമായ ഗുരുവായൂരിൽ നിന്ന് 20 കി. മീ തെക്കുഭാഗത്ത്. കേരളത്തിലെ തീരദേശ പഞ്ചായത്തുകളിലൊന്നാണിത്. സമുദ്ര നിരപ്പിൽ നിന്ന് കിഴക്കോട്ട് ഹൈവേ കടന്നുപോകുന്ന പ്രദേശത്തെ 10 മീറ്റർ ഉയരത്തിലേക്ക് ചരിവു തോന്നാത്ത വിധത്തിലാണ് ഭൂമിയുടെ കിടപ്പ്

കടൽതീരത്തിനു സമാന്തരമായി ഇടവിട്ടുകിടക്കുന്ന ഉയർന്ന മണൽപ്പരപ്പുകളാണ് ഒരു പ്രത്യേകത. നെരത്തേ കടലോരമണൽപ്രദേശം കഴിഞ്ഞാൽ കടലിനു സമാന്തരമായി ചതുപ്പുപ്രദേശം കിടന്നിരുന്നു. ചതുപ്പിനോടുചേർന്ന് ജലഗതാഗത്തിനു കൂടി ഉപയോഗിച്ചിരുന്ന ജലാശയമായിരുന്നു. മുറിഞ്ഞാം പുഴ, താമരപ്പുഴ, തിട്ടക്കുഴി പുഴ, കുത്തറപ്പ എന്നിങ്ങനെ ഈ ജലാശയത്തിൻെറ ഭാഗങ്ങൾ അറിയപ്പെട്ടു. ജലാശയത്തിനു കിഴക്കു ഭാഗം കര സ്ഥലവും മേൽപുറവും കിടന്നു. അതിനു കിഴക്കുഭാഗം നെൽപാടങ്ങൾ. ഭൂരിഭാഗം സ്ഥലവും നെൽപാടങ്ങളായിരുന്നു. നെൽപാടങ്ങളും അവയോട് ചേർന്ന് കരസ്ഥലം, മേൽപറമ്പ്, ഉയർന്ന മണൽപ്പരപ്പുകൾ (കുന്നുകൾ) എന്നിങ്ങനെ കിഴക്ക് കനോലി കനാൽ വരെ ആവർത്തിക്കുന്നതായിരുന്നു നമ്മുടെ ഭൂപ്രകൃതി. ആ സ്ഥിതിക്കിന്നു മാറ്റം വന്നിരിക്കുന്നു.

പടിഞ്ഞാറ് അറബിക്കടലും കണ്ടൽ കാടുകൾ വളർന്ന ചതുപ്പും പടിഞ്ഞാറൻ ജലാശയവും വെള്ളം നിറഞ്ഞും, നെല്ലുവളർന്നു പച്ചപിടിച്ചും കിടന്ന പാടങ്ങളും വിവിധ വിളകളാൽ സമൃദ്ധമായ കരസ്ഥലങ്ങളും നാനാവൃക്ഷസമൃദ്ധമായ മേൽപറമ്പുകളും ചെറുകുന്നുകളും കിഴക്ക് കനോലി കനാലുമായി കിടന്നിരുന്ന ഈ ഗ്രാമത്തിൻെറ സുന്ദരദൃശ്യം പുതു തലമുറക്ക് വിശ്വസിക്കാനാവില്ല.

കേരളത്തിലെ വ്യത്യസ്ഥ കാർഷിക കാലാവസ്ഥാ മേഖല (Agroclimaticzones)കളിൽ തീരദേശ മണൽമേഖല (Costal sandy zone)യിലാണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നത്. ഈ മേഖലയിലെ മുഖ്യവിള നെല്ല്, തേങ്ങ എന്നിവയാണെന്നു നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇവിടെ നെൽകൃഷി പ്രായോഗികമായി ഇല്ലാതായി കഴിഞ്ഞിരിക്കുന്നു.

### കാലാവസ്ഥ

ഈർപ്പം കൂടിയ ഉഷ്ണമേഖലാ മഴവനകാലാവസ്ഥയാണ് നമ്മുടേത്. മൺസൂൺ കാലങ്ങളിൽ കനത്ത മഴയും, സുഖകരമായ മഞ്ഞുകാലവും വരണ്ട വേനലും നമുക്കു ലഭിക്കുന്നു.

കഴിഞ്ഞ 75 വർഷത്തെ കണക്കുകളിൽ നിന്നും നമുക്കു ലഭിക്കുന്ന ശരാശരി വാർഷികമഴ 2856 മി. മീറ്റർ ആണെന്നു കാണാം. ശരാശരി വ്യതിയാനം 707 മി. മീ ആണ്. 1994ൽ 3480 മി. മീറ്റർ മഴ നമുക്ക് ലഭിച്ചിട്ടുണ്ട്. (സംസ്ഥാന ശരാശരി 3063 മി. മീ) ഈ മഴയിൽ 69%വും ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ നിന്നും 18% വടക്കുകിഴക്കൻ തുലാവർഷത്തിൽ നിന്നും ലഭിക്കുന്നു. തെക്കുപടിഞ്ഞാറൻ മൺസൂണിനു മുൻപായി മെയ്മാസത്തിൽ മൊത്തം മഴയുടെ 6%വും ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലങ്ങളിൽ 6%വും ലഭിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വടക്കുനിന്നും വടക്കുകിഴക്കുനിന്നും രാവിലേയും പടിഞ്ഞാറുനിന്നും വടക്കുപടിഞ്ഞാറുനിന്നും വൈകീട്ടും നമുക്ക് നല്ല കാറ്റു ലഭിക്കുന്നു. മണിക്കൂറിൽ ശരാശരി 9 കി. മീ വേഗതയിൽ. ഈർപ്പത്തിന്റെ തോതും ഉയർന്നതാണ്. വാർഷിക ശരാശരി രാവിലെ (08.30 മണിക്കൂർ) 79ഉം വൈകീട്ട് (17.30 മണിക്കൂർ) 67ഉം ആണ്. അന്തരീക്ഷം ഉയർന്ന ഈർപ്പമുള്ളതും വരണ്ടതുമാണെങ്കിലും താപനില സുഖപ്രദമാണ്.

**കഴിഞ്ഞ 10 വർഷം നമുക്കു ലഭിച്ച മഴ** (മി.മി.)

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1986 | 1987 | 1988 | 1989 | 1990 | 1991 | 1992 | 1993 | 1994 | 1995 |
| 2357 | 2626 | 2771 | 2450 | 2532 | 3006 | 3274 | 2930 | 3339 | 2959 |

**ജലലഭ്യത**

ശരാശരി മഴയുടെ അടിസ്ഥാനത്തിൽ നമുക്ക് ഒരു വർഷത്തിൽ 31.72 എം.സി.എം. (മില്യൺ ക്യൂബിക് മീറ്റർ) ജലം ലഭിക്കുന്നതായി കണക്കാക്കിയിരിക്കുന്നു. എന്നാൽ അതിൽ 19.46 എം.സി.എം. ജലം കടലിലേക്ക് ഒഴുകിപ്പോവുക വഴി പാഴാവുകയാണ് ചെയ്യുന്നത്. ഭൂഗർഭത്തിലേക്ക് കിനിഞ്ഞിറങ്ങുന്നത് 4.90 എം.സി.എം. ജലം മാത്രമാണ്

കരുവന്നൂർ പുഴയുടെ തുടർച്ചയായ കാനോലി കനാൽ, ഉറവറ്റാത്ത ജലസാന്നിദ്ധ്യമാണ്. നൂറുകണക്കിനു കുളങ്ങൾ, കിണറുകൾ, ചിറകൾ തുടങ്ങിയവുയും ജലം സംഭരിക്കുന്നു. സമീപകാലമാറ്റങ്ങൾ ഭൂഘടനയിലും, കൃഷിരീതിയിലും ഉണ്ടാകുന്നതുവരെ നമ്മുടെ ഗ്രമമാകെ ഒരു ജലസംഭരണിയായിരിക്കും വിധമാണ് സംവിധാനം ചെയ്യപ്പെട്ടിരുന്നത്.

പടിഞ്ഞാറു ചതുപ്പും ജലസംഭരണിയും അനുബന്ധ തോടുകളും എല്ലാ പ്രദേശത്തും വ്യാപിച്ചുകിടന്ന നെൽപാടങ്ങളും വലിയ കുളങ്ങളും തോടുകളും വർഷകാലജലം നഷ്ടമാകാതെ സംരക്ഷിക്കുന്ന വിസ്തൃത സംഭരണിയായിരുന്നു. കുന്നുകളും വൃക്ഷലതാദികളും ഈർപ്പം സംഭരിച്ചു നിർത്തുവാൻ സഹായിച്ചു.

ഭൂഘടനയിലുണ്ടായ മാറ്റം ഈ ജലസംഭരണിയെയാകെ നഷ്ടപ്പെടുത്തി. ഏറെ കുളങ്ങളും ചിറകളും നാം നികത്തി. ജലസേചനത്തിനായി വൈദ്യുത യന്ത്ര സംവിധാനങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ ഉപയോഗിച്ചു തുടങ്ങിയപ്പോൾ ഭൂഗർഭജലത്തിന്റെ വിതാനം താഴുന്നതിനും ശേഷിക്കുന്ന കുളങ്ങളും കിണറുകളും ശുഷ്കമാകുന്നതിനും ഇട വന്നു.

കടലിലേക്കൊഴുകുന്ന പുതിയറപ്പയും തെക്കേ അറപ്പയും കാനോലി കനാലിലേക്കൊഴുകുന്ന പുത്തൻ തോട്, കലാഞ്ഞിതോട്, പള്ളിയറതോട് എന്നിവയുമാണ് നമ്മുടെ പ്രധാന തോടുകൾ. ഈ പ്രധാന തോടുകളുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വിവിധ തോടുകളും ചിറകളും ധമനികൾപോലെ പടർന്നുകിടക്കുന്നു. തട്ടത്തോട്, അറപ്പത്തോട്, കുത്തറപ്പ, ഏട്ടക്കാപ്പ് തോട്, പുനരധിവാസ കോളനി തോട്, പൂച്ചാടി തോട്, കോഴിപ്പാടം തോട്, തട്ടാരക്കുന്ന് തോട്, പുഴുപ്പിള്ളി പാടം തോട്, തണ്ണിറ്റി തോട്, പത്രാൻ തോട്, കട്ടിലപ്പാടം തോട്, തരിശി തോട്, ആര്യംപാടം തോട്, കുന്നംകുളങ്ങര തോട്, തിട്ടക്കുഴി തോട്, അറപ്പതോട്, പെരുംതോട്, ഒഴുക്കൻ തോട്, പുളിയന്തിരുത്തി തോട്, പൂക്കൈത തോട് തുടങ്ങിയവയാണവ. ഇവയിൽ പലതും പല ഭാഗങ്ങളിലും മണ്ണിടിഞ്ഞും സംരക്ഷണമില്ലാതെയും നികന്നുപോയിരിക്കുന്നു.

**മണ്ണ്**

പൊതുവെ മണൽതരികളും പൊടിമണലും ചേർന്നതാണ് നമ്മുടെ മണ്ണ്. താഴ്ന്ന ഭൂപ്രദേശങ്ങളിലും കാനോലി കനാലിന്റെ തീരത്തും പശിമയുള്ള എക്കൽ മണ്ണ് കലർന്ന മണൽ കാണുന്നു. നീർവാർച്ചയുള്ളതാണ് മണ്ണിന്റെ സ്വഭാവം. പടിഞ്ഞാറ് ഭാഗത്തെ മണ്ണിന്റെ നീർവാർച്ച കൂടുതലാണ്.

മഴവെള്ളം ഊർന്നിറങ്ങുന്നതിന്റെ * അളവ് കൂടുതലായതിനാൽ മണ്ണ് പൊതുവെ അമ്ലതയുള്ളതാണ്.

ചില പ്രദേശങ്ങളൊഴികെ പൊതുവെ മണ്ണ് ഫലഭൂയിഷ്ടത കുറഞ്ഞതാണ്. എന്നാൽ വള പ്രയോഗം ഫലഭൂയിഷ്ടിയെ സഹായിക്കുന്നുണ്ട്.


ഭൂവിനിയോഗം


1089 ഹെക്ടർ ആണല്ലോ നമ്മുടെ പഞ്ചായത്തിൻെറ ഭൂവിസ്തൃതി. പൊതുവെ പറഞ്ഞാൽ മുഴുവൻ വിസ്തൃതിയും വീടുകളും ഫലവൃക്ഷങ്ങളുമായി നിറഞ്ഞുകിടക്കുന്നു. വനഭൂമിയോ കണ്ടൽ ക്കാടുകളോ ഇവിടെയില്ല. മൂന്നിലൊന്നു പ്രദേശം വനഭൂമിയായിരിക്കണമെന്ന പാരിസ്ഥിതികാവശ്യകത പരോക്ഷമായി ഫലവൃക്ഷങ്ങളുടെ സമൃദ്ധിമൂലം പരിഹരിക്കപ്പെട്ടിരിക്കുന്നു. 52 ഹെക്ടറോളം വരുന്ന പുറമ്പോക്ക് ഭൂമി കടൽത്തീരത്തുടനീളമായാണ് കിടക്കുന്നത്. സാമൂഹ്യ വനവൽക്കരണ പദ്ധതിയനുസരിച്ച് ഇവിടെ പ്രധാനമായും കാറ്റാടി മരങ്ങൾ വെച്ചു പിടിപ്പിക്കപ്പെട്ടിരിക്കുന്നു.

മൊത്തം 785 ഹെക്ടർ ഭൂമിയിലായാണ് തെങ്ങ്, കവുങ്ങ്, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുന്നത്. നെൽകൃഷി ഇപ്പോൾ 2 ഹെക്ടർ സ്ഥലത്തായി ചുരുങ്ങിയിരിക്കുന്നു. അതും ഒരു പൂവു മാത്രം.

വീടുകൾ മറ്റു കെട്ടിടങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവ 74 ഹെക്ടർ ഭൂമിയിലാണെന്നു കണക്കാക്കിയിരിക്കുന്നു. റോഡുകൾക്ക് 21 ഹെക്ടർ സ്ഥലവും തോടുകൾ കുളങ്ങൾ മറ്റു ജല നിർഗമന മാർഗങ്ങൾ എന്നിവക്കായി 62 ഹെക്ടറും ഉപയോഗിക്കപ്പെട്ടിരിക്കുന്നു. ഒരു വെള്ളമുള്ള തോടുകളും ജലാശയങ്ങളും 43 ഹെക്ടർ വരും. ശേഷിക്കുന്ന 50 ഹെക്ടർ തരിശുഭൂമിയാണ്. നമ്മുടെ ഗ്രാമത്തിൻെറ തീരദേശ മേഖലയിൽ തെങ്ങുകൃഷിയാണ് പ്രധാനം. കനോലിക്കനാലിൻെറ തീരവും അപ്രകാരം തന്നെ. ഇടയിലുള്ള ഭൂമിയിലാണ് തെങ്ങുകളോടൊപ്പം വ്യത്യസ്തഫല വൃക്ഷങ്ങളും ഇടകലർന്ന് കൃഷി ചെയ്യപ്പെട്ടിരിക്കുന്നത്. ഓരോ മുഖ്യവിളയ്ക്കും ഉപയോഗിക്കപ്പെട്ടിരിക്കുന്ന ഭൂമിയുടെ വിസ്തൃതി അന്യത്ര ചേർത്തിരിക്കുന്നു.

നമ്മുടെ ഭൂമിയുടെ ആദ്യകാല വിനിയോഗം കാണിക്കുന്ന ഒരു മാപ്പ് ഇതുസഹിതം കാണാം. വ്യത്യസ്ത പ്രദേശങ്ങളും നെൽപാട ശേഖരങ്ങളും പ്രത്യേക പേരുകളിൽ അറിയപ്പെടുന്നു.





ആദ്യത്തെ ആദ്യകാല കൃഷിനിലങ്ങളുടെ കിടപ്പ്

1. കുത്തറപ്പ പുഴയും പറമ്പും
2. തിട്ടക്കുഴിപുഴ
3. തമ്പാങ്കടവ് പറമ്പ്
4. താമരപുഴ
5. മുറിഞ്ഞാംപുഴ
6. വാളറപ്പ
7. പള്ളിക്കര കടപ്പുറം
8. മേടന്തടം
9. ആര്യംപാടം
10. പടിഞ്ഞാറ്റമ്പാടം
11. പറമ്പിത്താഴം
12. കുന്നംകുളങ്ങര
13. കണ്ണംകുളങ്ങര
14. ചന്ദനത്താട്
15. കാട്ടിലപാടം
16. കൈനകണ്ടം
17. മണലിപാടം
18. പനനിലം
19. നരിക്കുന്ന്
20 ചക്കാട് നിലം
21. പൂഞ്ഞത്താട്
22. കൊങ്ങനംകാട്
23. തരിശ്
24. ധർമങ്കണ്ടം
25. തട്ടാരകുന്ന്
26. ചേലറപ്പ
27. താണപാടം
28. പാണ്ടോളിപാടം
29. മാറഞ്ചേരി അകായിനിലം
30. പുഴുപ്പുള്ളിപ്പാടം
31. കണിയരുപടിനിലം
32. തളിക്കുളങ്ങര പടിനിലം
33. അയ്യപ്പാടം
34. ചേന്നോടിക്കുന്ന്
35. പുറക്കോട്ട് പടിനിലം
36. അണ്ടിപ്പുരനിലം
37. വട്ടപ്പിള്ളി പടിനിലം
38. പൂങ്കുളം
39. പൂക്കൈത
40. കേറമ്പത്തുപടി
41. വെള്ളുപാടം
42. പ്രാന്തൻകണ്ടം
43. ആലയിൽ പടിനിലം
44. അയ്യങ്കരപ്പാടം
45. പെരുന്നിക്കുളം
46. ചെറിയേടത്ത് പടിനിലം
47. പുതുക്കുളങ്കര
48. മാനങ്ങത്തുപടിനിലം
49. ഞറ്റൊളി
50. നെടുങ്കുളം
51. ഓണികുളം
52. ചോരക്കുന്ന്നിലം
53. കോഴിപ്പാടം
54. താമരച്ചാൽ
55. ചേർക്കരതാഴം
56. മണ്ണാറക്കാട്
57. കണ്ടങ്കുഴി
58. വിരുതുകുളം
59. കലാഞ്ഞികുന്ന്
60. കരുവന്താഴം നിലം
61. പുളിയന്തുരുത്ത്

ഇതിനുപുറമെ

കരിമ്പനിലം, എടയിൽ പടിനിലലം, പാലോളി നിലം, രാമങ്കണ്ടം, എലവങ്കുഴി, മുത്തേടി, ചെന്നേടി, വിഷാരത്തകായി നിലം, വെള്ളാങ്കുളത്തെ പടിനിലം, പുതുക്കാട് നിലം, നെടുങ്കുളം, മാറാഞ്ചേരി അകായി നിലം തുടങ്ങി അപ്രത്യക്ഷമായ കൃഷിനിലങ്ങൾ ഇനിയുമുണ്ട്.

**ജൈവസമ്പത്ത്**

നാനാവിധ സസ്യലതാദികളാൽ സമ്പന്നമാണ് നമ്മുടെ കൊച്ചുഗ്രാമം. മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ ജീവിതരീതിയും ഭൂപ്രകൃതിയും നിരവധി സസ്യങ്ങളെ നാമാവശേഷമാക്കുന്നതിനോ കുറ്റിയറ്റു പോകുന്നതിനോ വഴിവെച്ചിരിക്കുന്നു. പക്ഷിമൃഗാദികളുടെ സ്ഥിതിയും മറിച്ചല്ല. നാടിൻെറ സ്വച്ഛതയിൽ പ്രകൃതിയിലേക്കൊന്നു തിരിഞ്ഞു നോക്കിയാൽ അപൂർവ്വമായവയടക്കം എത്രയോ ഇനം പക്ഷികളുടെ കളകൂജനം നമ്മെ ആനന്ദതുന്ദിലരാക്കുന്നുണ്ട്.

എന്നാൽ ഇവയെക്കുറിച്ചുള്ള വിവരങ്ങളൊന്നും ശേഖരിക്കപ്പെട്ടിട്ടില്ല. കുറ്റിയറ്റുപോകുന്ന ഔഷധ സസ്യങ്ങളടക്കുമുള്ള സസ്യലതാദികളേയും പക്ഷി മൃഗാദികളേയും സംരക്ഷിക്കാൻ ഇവയെ സംബന്ധിച്ച വിശദമായ പഠനം നടത്തി ഒരു ജൈവ വൈവിധ്യ രജിസ്റ്റർ നാം തയ്യാറാക്കുകയും തുടർന്നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

**മനുഷ്യവിഭവം**

1991ലെ സെൻസസ് പ്രകാരം 22491 ആണ് നമ്മുടെ ജനസംഖ്യ. 1961ലെ കണക്കുപ്രകാരം ഇത് 13,513 ആയിരുന്നു. 1971ൽ 16751 ഉം 1981ൽ 19550ഉം 1981 - 91ലെ വർദ്ധന നിരക്ക് 15.04% ആണ്. പൊതുവർദ്ധനാനിരക്കിനേക്കാൾ നമ്മുടെ പഞ്ചായത്തിലെ പ്രത്യേകത ശ്രദ്ധിക്കുക

ജനസംഖ്യാവർദ്ധന നിരക്ക് (1981 - 91)

| ഇന്ത്യ | കേരളം | തൃശൂർ ജില്ല | തളിക്കുളം |
|---|---|---|---|
| 23.35% | 14.32% | 12.2% | 15.04% |

ഓരോ കുടുംബത്തിൻേറയും ശരാശരി വലിപ്പവും ശ്രദ്ധേയമാണ്.

| ഇന്ത്യ | കേരളം | തൃശൂർ ജില്ല | തളിക്കുളം |
|---|---|---|---|
| 5.6 | 5.3 | 5.24 | 5.47% |

സ്ത്രീപുരുഷ അനുപാതം താഴെ കൊടുക്കുന്നു

(1000 പുരുഷൻ എന്ന കണക്കിൽ)

| ഇന്ത്യ | കേരളം | തൃശൂർ ജില്ല | തളിക്കുളം |
|---|---|---|---|
| 927 | 1036 | 1085 | 1151 |

സാക്ഷരതയിലും നമ്മുടെ ഗ്രാമം മുന്നിൽ തന്നെയാണ്. സ്ത്രീ സാക്ഷരത പ്രത്യേകം ശ്രദ്ധിക്കൂ.

| | ഇന്ത്യ | കേരളം | തൃശൂർ ജില്ല | തളിക്കുളം |
|---|---|---|---|---|
| ആകെ | 52.21% | 89.81% | | 93.5% |
| പുരുഷൻമാർ | 64.13% | 93.62% | | 91.71% |
| സ്ത്രീകൾ | 39.29% | 86.17% | | 92.83% |

കേരളത്തിലെ ജനസംഖ്യയുടെ 9.92% ആണ് പട്ടികജാതിക്കാർ. തൃശൂർ ജില്ലയിൽ ഇത് 12.22%വും നമ്മുടെ പഞ്ചായത്തിൽ 17.69% വും ആണ്. പട്ടികവർഗ്ഗക്കാർ നമ്മുടെ പഞ്ചായത്തിലില്ല.

**പഠനപര്യടനം**

നമ്മുടെ പഞ്ചായത്തിറെ ഭൂപ്രകൃതി പ്രകൃതി വിഭവങ്ങൾ, ഭൂവിനിയോഗ വിവരങ്ങൾ, ജലലഭ്യതയുടെ വിശദാംശങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നതിനായി നമ്മുടെ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിൻേറയും ശ്രീ. പി.കെ. അശോകൻേറയും നേതൃത്വത്തിൽ വ്യത്യസ്ത മേഖലകളിൽ പരിചയമുള്ള വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പഠനപര്യടനം (Transect walk) നടത്തുകയുണ്ടായി. പഞ്ചായത്തിൽ [illegible] വിലങ്ങും നടത്തിയ ആവേശകരമായ ഈ പഠനപര്യടനത്തിൽ ശേഖരിക്കപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രാൻസെക്ട് മാപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.




# പഠനപര്യടനം

## ഒന്നാമത് യാത്ര




| | | | | | | |
|---|---|---|---|---|---|---|
| ഭൂപ്രകൃതി | കടലിനോടു ചേർന്ന സമതലം | നിലം നികത്തിയ താഴ്ന്ന പ്രദേശം | നിലം നികത്തിയ താഴ്ന്ന പ്രദേശം | അല്പം ഉയർന്ന മേൽപ്പുറം | പുഞ്ചനിലം തൂർത്ത പ്രദേശം തുടങ്ങുന്നു | പുഞ്ചനിലം തൂർത്ത പ്രദേശം |
| മൺതരം | തീരത്തെ തരിയും പൊടി മണലും ചേർന്നത് | നിലം തൂർത്തത്. നിലത്ത് കിഴക്കോട്ട് തരിയും കളിയും കുറഞ്ഞ മണ്ണ് | എക്കലും തരിയും കലർന്ന സാധാരണ മണ്ണ് | സാധാരണ മണ്ണ് | ഫലപുഷ്ടി കൂടുതലുള്ള തരി കലർന്ന മണ്ണ് തുടങ്ങുന്നു | ഫലപുഷ്ടിയുള്ള കളിയുള്ള പൊടി മണ്ണ് |
| സസ്യാവരണം | തെങ്ങ് ഇടവിള | തെങ്ങ് കവുങ്ങ് വാഴ ( കുറച്ച് ) | തെങ്ങ് | തെങ്ങ് | തെങ്ങ് കവുങ്ങ് | തെങ്ങ് കവുങ്ങ് |
| ജലസ്രോതസ് | കുളം തോട് ഫിൽറ്റർ | കുളം തോട് ഫിൽറ്റർ | കുളം തോട് | കുളം തോട് | കുളം തോട് | തോട് കനോലിപുഴ |
| പരിസ്ഥിതി പ്രശ്നങ്ങൾ | തോടു തൂർത്തു | പാടങ്ങൾ തൂർത്തു | വെള്ളക്കെട്ട് | വെള്ളക്കെട്ട് മലിനജലം | പാടം തൂർത്തു | കനോലികനാൽ കയ്യേറ്റം |

## രണ്ടാമത് യാത്ര




| | | | | | | |
|---|---|---|---|---|---|---|
| ഭൂപ്രകൃതി | സമതലം | സമതലം | സമതലം | സമതലം | സമതലം | സമതലം |
| മൺതരം | സാധാരണ തരിമണ്ണ് | തരികൂറവുള്ള വളക്കൂറുള്ള മണ്ണ് | നെൽകൃഷിനിലം എക്കൽ കലർന്ന മണ്ണ് | സാധാരണ പൂഴിമണ്ണ് | സാധാരണ പൂഴിമണ്ണ് | |
| സസ്യാവരണം | തെങ്ങ് കവുങ്ങ് മാവ് | തെങ്ങ് കവുങ്ങ് ഇടവിള | തെങ്ങ് കവുങ്ങ് മാവുകൾ | തെങ്ങ് കവുങ്ങ് നാടൻമരങ്ങൾ | തെങ്ങ് കവുങ്ങ് ഇടവിള | |
| ജലസ്രോതസ് | കുളം തോട് ഫിൽറ്റർ | കുളം തോട് | കുളം | കുളം തോട് | കുളം തോട | |
| പരിസ്ഥിതി പ്രശ്നങ്ങൾ | പാടം നികത്തി | പാടം നികത്തി | പാടം നികത്തി | പാടം നികത്തി | പാടം നികത്തി | |

# കൃഷി, ജലസേചനം

കാർഷിക വൃത്തിയിലും ഭൂവിനിയോഗത്തിലും ഉടമസ്ഥതയുടെ സ്വഭാവത്തിലുമെല്ലാം ഭാവനാതീതമായ ത്വരിതമാറ്റങ്ങളുടെ ഒരു നൂറ്റാണ്ടാണു കടന്നുപോകുന്നത്. സാമൂഹ്യഘടനയെയും ജീവിതക്രമത്തെയും വിപ്ലവകരമായി മുന്നോട്ടു നയിക്കുന്നതിനിടയിൽ, ഭൂമിയുടെ അമൂല്യവും നഷ്ട മായാൽ തിരിച്ചെടുക്കാൻ പ്രയാസമേറിയതുമായ ജൈവഘടനകൂടി സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും വഴികാട്ടിയാവണം.

നമ്മുടേത്, താമസത്തിനും മറ്റാവശ്യങ്ങൾക്കുമായുള്ള നിർമിതികൾ ഒഴികെ പൊതുവിൽ കൃഷിസ്ഥലമാണെന്നു പറയാം. തരിശായി കിടക്കുന്ന സ്ഥലങ്ങൾ വളരെ കുറവാണ്.

ആദ്യകാലത്തെ വിളകളുടെ ചേരുവയും സ്വഭാവവും വളരെ വ്യത്യസ്തമായിരുന്നു. കടലോരത്ത് വ്യാപകമായി ചുള്ളിയും ചിന്നയും വളർന്നിരുന്നത് ഇപ്പോൾ ഇല്ലാതായി വരികയാണ്. കടലോരത്ത് കാറ്റിനെതിരെ ആവരണമായി വളർന്ന ഇരിങ്കണയും കാണുന്നില്ല. ചുള്ളിക്കിഴങ്ങ് പരുത്തിത്തുണി സംസ്കരിക്കുന്നതിനായി ശേഖരിച്ചുവില്പന നടത്തിയിരുന്നു. ചീന്ന, ചുള്ളി ഇലകൾ ധാന്യ - പയറു വിത്തുകൾ കേടുവരാതെ സൂക്ഷിക്കുന്നതിന് ഉപയോഗിച്ചിരുന്നു. കടലോരത്ത് തെങ്ങുകൃഷിയും ഉണ്ടായിരുന്നു.

കടലോരം കഴിഞ്ഞുള്ള ചതുപ്പ് വൃക്ഷങ്ങളടക്കമുള്ള സസ്യാവരണം കൊണ്ടു വനസ്വഭാവം ആർജിച്ചിരുന്നു. മണ്ണിൽ വേരുകളാഴ്ത്തി ഭൂഗർഭജലം ശേഖരം സമ്പുഷ്ടമാക്കിയ ഈ കണ്ടൽ സസ്യശേഖരം നമുക്കു പൂർണ്ണമായി നഷ്ടം വന്നുപോയി. (ഒഴുക്കു വലക്ക് പൊന്ത് ഇട്ടിരുന്ന ഓവുമരം ഇതിൽപെടും)

നെല്ലായിരുന്നു പഞ്ചായത്തുപ്രദേശത്തെ പ്രധാന വിള. നെൽകൃഷിയെ കേന്ദ്രീകരിച്ച കാർഷിക പ്രവർത്തനങ്ങളും ജീവിതരീതിയുമായിരുന്നു. മേടത്തിൽ വിതച്ച് ചിങ്ങത്തിൽ കൊയ്യുന്ന വട്ടൻ, നുവ്വൽ (ചുവന്ന വട്ടൻ), ചീര, മേടത്തിൽ വിതച്ച് മകരത്തിൽ കൊയ്യുന്ന കൊടിയൻ, കുളപ്പാണ്ടി, ഞാറുവിതച്ച് പറിച്ചു നട്ട് മകരത്തിൽ 2-ാം വിളയെക്കുന്ന ചുവന്ന ചിറ്റേനി, കറുത്ത ചിറ്റേനി, പുഴയോരത്തെ നിലങ്ങളിൽ കൃഷി ചെയ്യുന്ന എരുമപ്പാണ്ടി, ചുവന്ന പാണ്ടി തുടങ്ങിയവയായിരുന്നു പ്രധാന നെല്ലിനങ്ങൾ. 5 മുതൽ 15 പറ വരെ വിളവാണു ലഭിച്ചിരുന്നത്. 60കളുടെ ആരംഭത്തോടെ പുതിയ വിത്തിനങ്ങൾ വന്നുതുടങ്ങി. തൈനാൻ, തവളക്കണ്ണൻ, ഐ.ആർ. - 8, തുടങ്ങി കൾച്ചർ 3, ത്രിവേണി, അന്നപൂർണ്ണ, ജ്യോതി എന്നിവ പ്രചരിച്ചു. നമ്മുടെ പ്രദേശത്ത് ജ്യോതിയാണു പൊതുവെ സ്വീകരിക്കപ്പെട്ടത്. ഇപ്പോൾ നെൽകൃഷി നാമമാത്രമാണ്. കൃഷി ചെയ്യാവുന്ന സ്ഥലങ്ങൾതന്നെ മേൽവെള്ളം ഒഴിഞ്ഞുപോകാൻ മാർഗ്ഗമില്ലാതെ ചീഞ്ഞുപോകുന്നതുകൊണ്ടും ലാഭകരമല്ലാതെ വന്നും തരിശിട്ടിരിക്കുന്നു.

മകരക്കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ 3-ാം വിളയായി എള്ളു വിതച്ച് അധികവരുമാനവും പോഷക സമൃദ്ധമായ ഭക്ഷണവും ലഭിച്ചു. അതോടൊപ്പം കൊണ്ടൽ കൃഷി സമൃദ്ധമായിരുന്നു. ഇവ സംസ്കരിച്ചും നേരിട്ടും വർഷം മുഴുവൻ ഉപയോഗിച്ചു.

കരസ്ഥലങ്ങളിൽ തെങ്ങായിരുന്നു പ്രധാനം. ഇടവിളയായി കവുങ്ങുംവാഴയും കൃഷിചെയ്തു. ഋതുക്കൾക്കനുസരിച്ച വിളവുകളും വളർത്തി. പയറും ഉഴുന്നും വ്യാപകമായിരുന്നു. കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധ വസ്തുക്കൾ എന്നിങ്ങനെ വിവിധ വിളചേരുവയുടെ ജൈവ സമൃദ്ധി പ്രകടമായിരുന്നു. കഞ്ഞിപുൽകൃഷി (മുത്താറി)യും എടുത്തു പറയാവുന്നതായിരുന്നു.

മേൽ പറമ്പുകളിൽ കൊള്ളിയും കൂർക്കയും മറ്റു കിഴങ്ങു വർഗ്ഗങ്ങളും പയറുവർഗ്ഗങ്ങളും സമൃദ്ധമായി വിളഞ്ഞു. കപ്പ പ്രധാന ആഹാരമായിരുന്നു. കരപറമ്പിലും മേൽപറമ്പിലും കുന്നുകളിലും നാടൻ മരങ്ങളുടെ വൻശേഖരമുണ്ടായിരുന്നു. തടിയുടെ വിലവർദ്ധനവും വർദ്ധിച്ച ഗൃഹനിർമ്മാണവും മരങ്ങൾ വെട്ടി ഉപയോഗിക്കുന്നതിനിടവരുത്തി.


കുന്നുകളിൽ എല്ലായിടത്തും വളർന്ന കശുമാവ് ഒരു വരുമാനമാർഗ്ഗമായിരുന്നു. നാരിന്റെ ആവശ്യത്തിന് വക്ക് (ചണം) വിതച്ചിരുന്നു. ഇതിന്റെ നാര് പിരിച്ച് മത്സ്യബന്ധനവല നിർമ്മിച്ചു. ഉയർന്ന സ്ഥലങ്ങളിൽ രാമച്ചവും വളർത്തിയിരുന്നു.


പാടശേഖരങ്ങൾ, ജലനിർഗമന തോടുകൾ എന്നിവയുടെ അരികു ചേർന്ന് ഓല കൈത സമൃദ്ധമായി വിളഞ്ഞു. പായനെയ്ത്ത് സ്വന്താവശ്യത്തിനും അധിക വരുമാനത്തിനായി എല്ലാവരും ശീലിച്ചു.

| ഫലവൃക്ഷങ്ങൾ | ധാന്യങ്ങൾ | പയർ | കിഴങ്ങ് | പച്ചക്കറി | സുഗന്ധവിള | വൃക്ഷങ്ങൾ | ഔഷധികൾ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| തെങ്ങ്<br>കവുങ്ങ്<br>നല്ലമാവ്<br>വിവിധയിനം<br>കശുമാവ്<br>പ്ലാവ്<br>മുരിങ്ങ<br>നെല്ലി<br>പേര<br>പപ്പയ<br>കൊടപ്പുളി<br>കോൽപ്പുളി | നെല്ല്<br>എള്ള്<br>മുത്താറി | നാടൻ - പയറിനങ്ങൾ<br><br>ചെറുപയർ<br>ഉഴുന്ന്<br>മുതിര | കപ്പ<br>കൂർക്ക<br>ചേമ്പ്<br>ചേന<br>കാവിത്തുകൾ<br>ചെറുകിഴങ്ങ്<br>വലിയകിഴങ്ങ്<br>മധുരക്കിഴങ്ങ്<br>കൂവ | മത്ത<br>കുമ്പളം<br>വെള്ളരി<br>പഴഫലം<br>കയ്പ<br>തണ്ണിമത്തൻ<br>കക്കരി<br>തക്കാളി<br>വെണ്ട<br>വഴുതിന<br>മുളക്<br>വിവിധയിനം | ഇഞ്ചി<br>മഞ്ഞൾ<br>കുരുമുളക് | അയനി<br>ആര്യവേപ്പ്<br>ഞാവൽ<br>താണി<br>മഞ്ചാടി<br>പുന്ന<br>വീട്ടി | ലിസ്റ്റിൻെറ<br>പരിധിയേ<br>ക്കാൾ<br>കൂടുതൽ | വക്ക്<br>രാമച്ചം<br>തീറ്റപുൽ |

ഇന്നു നമ്മുടെ കാർഷിക ഘടനയാകെ മാറിക്കഴിഞ്ഞു. ജൻമിത്തം അവസാനിച്ചതിനെ തുടർന്നുണ്ടായ മാറ്റങ്ങൾ ഇതിനടിത്തറയൊരുക്കി. വിസ്തൃതസ്ഥലങ്ങൾ ചെറു ഉടമകളുടേതാവുകയും ഭൂവിനിയോഗ നിയന്ത്രണം നീങ്ങുകയും ചെയ്തു. ജനസംഖ്യയിലെ വളർച്ച ഭൂവിനിയോഗ സങ്കൽപങ്ങൾ മാറ്റിമറിക്കുകയും താമസസ്ഥലമായി ഭൂമി ചുരുങ്ങുകയും ചെയ്തു. വിദേശങ്ങളിലെ ജോലിക്കാർ വർദ്ധിച്ചതും കൃഷിയുടെ പ്രാധാന്യം കുറച്ചു. ഭൂമി ഒരു ധനസൂക്ഷിപ്പും ലാഭകരമായ വിനിമയ വസ്തുവുമായി മാറി. മണ്ണും മനുഷ്യനുമായി ബന്ധമില്ലാത്ത വിദ്യാഭ്യാസത്തിൻെറ ആന്തരിക ഘടന ഓഫീസ്, വിദേശ ജോലികൾ ആഗ്രഹിക്കുന്ന അഭ്യസ്ത വിദ്യരായ തൊഴിൽരഹിതരെയാണു വളർത്തിയത്. ഇതിനെല്ലാം മകുടം ചാർത്തി കൃഷി ലാഭകരമായ ഉപജീവനമാർഗ്ഗമല്ലാതായി. ഉല്പന്നങ്ങളുടെ വിലക്കുറവും കൃഷി ചെലവുകളുടെ വർദ്ധനവും സ്വന്തം അദ്ധ്വാനം ഉപയോഗിക്കാതെ വന്നതും ഇതിനു കാരണമായി. കാർഷിക മേഖലയിലെ തൊഴിലാളികളുടെ ലഭ്യത കുറവും ഇതിനു കാരണമായിട്ടുണ്ട്.

ഇപ്പോൾ മുഖ്യകൃഷി തെങ്ങാണ്. അവശേഷിക്കുന്ന നെൽപാടങ്ങൾ കൂടി തെങ്ങുവെച്ചു വരികയാണ്. എല്ലാ തുണ്ടുഭൂമിയിലും തെങ്ങുണ്ട്. തെങ്ങിനിടവിളയായി കുറെയൊക്കെ കവുങ്ങുകൃഷി ചെയ്യുന്നു. പയറു വർഗ്ഗങ്ങൾ ചില കൃഷിയിടങ്ങളിൽ സീസൺ അനുസരിച്ചു വിളയുന്നുണ്ട്. വാഴ കൃഷിയിടങ്ങളിൽ ചെറിയ തോതിൽ കാണുന്നു. പഴ വർഗ്ഗങ്ങൾ, ഫലവൃങ്ങൾ എന്നിവ വ്യാപകമായുണ്ട്. കശുമാവ് പുരയിടങ്ങളിൽ വളരുന്നു. കപ്പയും കൂർക്കയും വളരെ കുറഞ്ഞു. മറ്റു കിഴങ്ങുവർഗ്ഗങ്ങളും ചുരുങ്ങിയ തോതിലുണ്ട്. സുഗന്ധവിളകളും ഔഷധ ചെടികളും കുറഞ്ഞ തോതിൽ കാണാം. നെൽകൃഷി വളരെ കുറഞ്ഞു.




തെങ്ങിൻെറ ഉല്പാദനക്ഷമത പ്രാദേശികമായി വ്യത്യസ്തമായിരിക്കുന്നു. 1996ലെ കേരസർവ്വെ പ്രകാരം ഇത് വാർഡുകളിൽ 88 മുതൽ 30 വരെയാണ്. മണ്ണിൻെറ ഗുണവും തരവും നോക്കാതെ നിലം തൂർത്ത് തെങ്ങുവെച്ചിടങ്ങളിൽ ഉല്പാദനം കുറ

ഞ്ഞിരിക്കുന്നു. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ പ്രതി വർഷം സംരക്ഷണ ചെലവു നിർവഹിച്ച് ഒന്നും ലഭിക്കാതിരിക്കുന്നതും കാണുന്നുണ്ട്. പൊലികൂട്ടി തൈവെച്ച് സംരക്ഷിക്കാതിരിക്കുന്നതും കുറവല്ല. ശരാശരി 45 തേങ്ങ (കേരള ശരാശരി 29 ) ലഭിക്കുന്നു എന്ന കണക്കുപിഴയുണ്ടാകാനിടയില്ല. ഉല്പാദനം തീരെ കുറഞ്ഞിരിക്കുന്നതും തൈകളും ഒഴിവാക്കി കണക്കാക്കിയാൽ ഒരു തെങ്ങിൽ നിന്നും ശരാശരി 75 തേങ്ങ കിട്ടും. ശരാശരി ഉല്പാദനം 200 വരെ വർദ്ധിക്കുന്ന ചില ചെറുപുരയിടങ്ങളെങ്കിലുമുണ്ട്. ശരാശരി കൃഷിയിടങ്ങളിൽ വളപ്രയോഗം പരമാവധി ഉല്പാദനത്തിനു വേണ്ടത്രയില്ല.

കവുങ്ങിൻെറ ഉല്പാദനം 445 അടക്ക എന്ന് ഔദ്യോഗിക കണക്കുണ്ടെങ്കിലും 300ഉം കുറവും എന്നാണനുഭവങ്ങൾ കാണിക്കുന്നത്. നല്ല പരിചരണത്തിൻെറ കുറവുണ്ട്.

നെല്ലിന് 10 മുതൽ 15 പറ വരെ വിളവുകിട്ടുന്നുണ്ട്. ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആധുനിക ശാസ്ത്രീയ രീതികൾ അവലംബിക്കണം.

മറ്റു വിളവുകളുടെ ഉല്പാദന ക്ഷമത സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. ലാഭനഷ്ടം പരിഗണിക്കാതെ വളർത്തുന്ന രീതിയാണുള്ളത്. മിക്ക വിളവുകളും ശരിയായ പരിചരണവും വളപ്രയോഗവുമുണ്ടെങ്കിൽ മികച്ച ഫലം തരും എന്നാണനുഭവങ്ങൾ കാണിക്കുന്നത്.

പടിഞ്ഞാറ് കടലും കിഴക്ക് പുഴയുമായി വേനലറുതിയിൽ പോലും 8 മുതൽ 12 അടിവരെ കുഴിച്ചാൽ വെള്ളം കിട്ടുന്ന ജലസമൃദ്ധിയുടെ കരയാണു നമ്മുടേത്. എന്നാൽ ജലസംഭരണം കുറഞ്ഞ് ഓരോ വർഷവും വേനലിൽ ജലവിതാനം കുറഞ്ഞു വരുന്നത് ഈർപ്പം നിലനിർത്തുന്നതിനു ശേഷി കുറവായ നമ്മുടെ മണ്ണിൽ കൃഷിയെ ദോഷകരമായി ബാധിക്കുകയും ജലസേചനത്തിൻെറ ആവശ്യകതയും ചിലവുകളും വൻതോതിൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്. കാലവർഷത്തിലും തുലാവർഷത്തിലും പുഴയും അറപ്പകളും വഴി കടലിലേക്കൊഴുകുകയും വേനൽക്കാലത്ത് പുഴയും അനുബന്ധ തോടുകളും വഴി തിരിച്ചൊഴുകുകയും വേലിയേറ്റത്തിലും വേലിയിറക്കത്തിലുമായി ചാഞ്ചാടുകയും ചെയ്യുന്ന ജലവിതാനമാണ് നമ്മുടേത്. പ്രധാന ജലസ്രോതസ്സ് കാലവർഷവും അതുകഴിഞ്ഞാൽ തുലാവർഷവുമാണ്. കനോലി പുഴയും നൂറുകണക്കിനു കുളങ്ങൾ, കിണറുകൾ, ചിറകൾ തുടങ്ങിയവും ജല സാന്നിദ്ധ്യം നൽകുന്നുണ്ട്. മുൻ കാലങ്ങളിൽ കൃഷി മഴയെ ആശ്രയിച്ചും പറമ്പുകളിൽ കോരി നനച്ചും ആയിരുന്നു തളിക്കുളത്തിൻെറ ഭൂഘടന മഴജലം പാഴാകുന്നത് പരമാവധി കുറക്കുംവിധമായിരുന്നു. ഇതിന് ഭൂമി നിരപ്പായതോടെ മാറ്റം വന്നു. മഴജലം അധികവും പാഴാവുന്നു. വെള്ളക്കെട്ടൊഴിവാക്കാൻ അറപ്പ കീറി കടലിലേക്കു വെള്ളമൊഴിവാക്കേണ്ടി വന്നതുതന്നെ ഒരു സമീപകാല സംഭവവികാസമായിരുന്നു.

കാൽ നൂറ്റാണ്ടു മുമ്പുവരെ വെള്ളം പുറത്തേക്കൊഴുകുന്ന 5 തോടുകളിലും അതുമായി ബന്ധപ്പെട്ടു ഗ്രാമത്തിലാകെ പടർന്നു കിടന്നിരുന്ന നിർഗമന മാർഗങ്ങളിലുമാകെ തുലാവർഷ വെള്ളം ചട്ടം കെട്ടി സംഭരിച്ചിരുന്നു. ഇത് മകരവിള ഉണങ്ങാതെയും വേനലിലെ 3-ാം വിളക്ക് ഈർപ്പവും സംരക്ഷിച്ചിരുന്നു.

കുന്നുകളും സസ്യാവരണവും താഴെ സ്ഥലങ്ങൾക്ക് ഈർപ്പം നൽകിയിരുന്നു. കിഴക്കേ പുഴയോരമൊഴികെ പറമ്പ് ജലസേചനം നിലവിലുണ്ട്. ആദ്യകാലത്ത് എണ്ണ ഉപയോഗിക്കുന്ന എൻജിനുകളും വൈദ്യുതിയുടെ വരവോടെ മോട്ടോറുകളും വന്നു. ചാലിട്ടാണ് വെള്ളം ഒഴുക്കിയിരുന്നത്. കുളങ്ങളും തൂർത്തതോടെ ഫിൽറ്റർ താഴ്ത്തി ഭൂഗർഭത്തിൽ നിന്നു ജലമെടുത്താണു നനക്കുന്നത്. കുളങ്ങളിൽ നിന്നും നനയുണ്ട്. പുഴയോരത്തൊഴികെ നനയില്ലാതെ കൃഷിയില്ല. ഇപ്പോൾ അധികം കൃഷിയിടങ്ങളിൽ മണ്ണിനടിയിലൂടെ കുഴലിട്ട് ചില പോയൻറുകളിൽ നിന്ന് കുഴൽവഴിയാണു നനക്കുന്നത്. ഡ്രിപ് ഇറിഗേഷനും സ്പ്രിംഗ്ളറും ചിലതുണ്ട്. സ്ഥലനഷ്ടവും അദ്ധ്വാന നഷ്ടവും കണക്കിലെടുത്ത് ചാൽ ജലസേചനം നിരുത്സാഹപ്പെടുത്താവുന്നതാണ്. പൈപ്പ് ഇടുന്നതും ചെറു ചെടികൾക്കനുയോജ്യമല്ല. ഡ്രിപ്പ് ഇറിഗേഷനോ, സ്പ്രിംഗ്ളറോ വിളകൾക്കനുയോജ്യമായി ഉപയോഗിക്കുന്നതായിരിക്കും നല്ലത്. ഇതിന് ന്യായമായ ധനസഹായത്തോടെ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണം.

വിപണനം ആവശ്യമായി വരുന്നത് നാളികേരത്തിനും പുറമെ അടക്ക, കശുവണ്ടി, മാങ്ങ എന്നിവക്കുമാണെന്നു പറയാം. ജീവിത ചിലവുകളും കൃഷിച്ചിലവുകളും ഇരട്ടിയിലേറെ വർദ്ധിച്ച കഴിഞ്ഞ പത്തു വർഷക്കാലം തേങ്ങയുടെ വില കുറഞ്ഞുനിന്നു ചാഞ്ചാടുകയായിരുന്നു എന്നത് വിചിത്രവും അസഹനീയവുമായ വസ്തുതയാണ്. ഈ കുറഞ്ഞ വില കൃഷിയുടെ സംരക്ഷണവും അതുവഴി ഉല്പാദനക്ഷമതയും കുറയുന്നതിനിടവരുത്തിയിട്ടുണ്ട്. സംഭരണവും സംസ്കരണവും സ്വകാര്യ മേഖലയിലാണു നടക്കുന്നത്. സർക്കാർ സംവിധാനങ്ങൾക്ക്

ഈ പ്രദേശത്ത് ഒന്നും ചെയ്യാനായിട്ടില്ല. ആവശ്യത്തിന് വിപണന സൗകര്യമില്ലാത്ത പ്രശ്നമില്ലെങ്കിലും ലഭ്യമാകുന്ന വില മെച്ചപ്പെടുത്താൻ ഔദ്യോഗിക ഇടപെടൽ സഹായിക്കും.

അടക്കക്ക് സ്വകാര്യ മേഖലയിലാണ് വിപണിയുള്ളത്. കശുവണ്ടി സ്വകാര്യമായും സഹകരണ സംഘം മുഖാന്തിരവും സംഭരിക്കപ്പെടുന്നുണ്ട്. മാങ്ങയും കച്ചവടക്കാരാണ് സംഭരിക്കുന്നത്. ഇവ പ്രധാന വിളകളല്ലാത്തതുകൊണ്ട് കൃഷിക്കാർക്ക് വളരെ ഗൗരവമായി അനുഭവപ്പെടാറില്ല.

ഇന്ന് കൃഷിയിടങ്ങളുടെ വലിപ്പം വളരെ ചുരുങ്ങിയിരിക്കുന്നു. 4691 ഭൂഉടമകളിൽ 2 ഏക്കറിലധികമുള്ളവർ 129 മാത്രമാണ്.

| 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1 - 2 ഏക്കർ | 2 - 5 ഏക്കർ | 5ൽ അധികം |
|---|---|---|---|---|---|---|
| 1133 | 1270 | 1075 | 708 | 376 | 104 | 25 |

കുറച്ചു പേരേ ഭൂമിയിൽ സ്വന്തമായി ജോലി ചെയ്യുന്നവരായുള്ളൂ. അധികം പേരും തൊഴിലാളികളെ ആശ്രയിക്കുന്നു. വേണ്ടത്ര തൊഴിലാളികൾ പലയിടങ്ങളിലും ലഭ്യമല്ല. തൊഴിലാളികളുടെ എണ്ണം വളരെ ഏറെ ചുരുങ്ങിയിരിക്കുന്നു. നെൽകൃഷി ഇല്ലാതായത് തൊഴിലാളികളുടെ ആവശ്യം വളരെ കുറച്ചിട്ടുണ്ട്.

തൊഴിലാളികൾക്ക് പൊതുവിൽ മെച്ചപ്പെട്ട കൂലി ലഭ്യമാവുന്നുണ്ട്. പുരുഷന് 80 - 100കയും സ്ത്രീക്ക് 60 - 75 കയും കൂലി ലഭിക്കുന്നതായാണറിയുന്നത്. തെങ്ങു കയറ്റത്തിന് 100 തെങ്ങിന് 200 രൂപയിലധികം കൂലി ലഭിക്കുന്നുണ്ട്.

കുറഞ്ഞ കൃഷിയിടങ്ങളിൽ മാത്രമാണ് സമയാസമയങ്ങളിൽ പരിചരണവും ആവശ്യമായത്ര വളപ്രയോഗവും നടക്കുന്നത്. ചെയ്യുന്നിടങ്ങളിൽ തന്നെ മണ്ണിൻെറ ഘടനയും ആവശ്യവും കണക്കിലെടുക്കുന്നില്ല. പ്രധാനമായും ജൈവവളപ്രയോഗമാണു നടത്തുന്നത്. രാസവളങ്ങളും ഉപയോഗിക്കുന്നു. കാലിവളം പ്രധാനമാണ്. തമിഴ്നാട്ടിൽ നിന്നും വന്ന് ഓർഡർ എടുത്ത് ജൈവവളം എത്തിക്കുന്നവരുണ്ട്. മീൻവളം, പിണ്ണാക്ക് എന്നിവയുമുണ്ട്. തളിക്കുളം സർവ്വീസ് ബാങ്ക്, 3 സ്വകാര്യ ഏജൻസികളും വളം വില്പന നടത്തുന്നു. 1993 - 94ൽ 29690 കിലോ, 94 - 95 ൽ 29820 കിലോ, 95 - 96ൽ 29671 കിലോ എന്നിങ്ങനെയാണ് പഞ്ചായത്തിലെ സ്ഥാപനങ്ങളിലെ രാസവള വില്പന. ജൈവവിള വില്പന ഇതിലും വളരെയേറെയാണ്.

വർഷക്കാലത്ത് കഴിയുന്ന എല്ലായിടവും നടത്തിയിരുന്ന പയറു വിളകളും ജലാശയ സസ്യങ്ങളും മറ്റു സസ്യ സമൃദ്ധിയും നഷ്ടമായത് മണ്ണിൻെറ ഫലപുഷ്ടി കുറയുന്നതിനിടയാക്കി. നെൽകൃഷിക്കാണു കൃത്യമായി രാസവള പ്രയോഗം നടത്തുന്നത്. വളത്തിൻെറ (വിശിഷ്യാ ജൈവവളം) ലഭ്യതയും ഉപയോഗവും വൻതോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്.

മുൻപു ചില പദ്ധതികൾ നടപ്പാക്കുന്നതായി അറിഞ്ഞിരുന്നെങ്കിലും കാർഷികരംഗത്തെ ഫലപ്രദമായ ഇടപെടലിന് അടിസ്ഥാനമായത് കൃഷിഭവനുകളുടെ സ്ഥാപനമാണ്. അല്പം ചില വിത്തുകളും, തൈകളും, വളങ്ങളും സബ്സിഡിയോടെയും അല്ലാതെയും വിതരണം ചെയ്യുകയും പമ്പ് സെറ്റുകൾക്ക് ചില സൗകര്യങ്ങളൊരുക്കിയതിനും പുറമെ ക്രിയാത്മകമായ ചുവടുവെപ്പുകൾക്ക് കൃഷിഭവൻ ഉപകരിച്ചതായി കാണുന്നില്ല. കൃഷിയുടെ എല്ലാ മേഖലയിലും ഒരു ശാസ്ത്രീയ ഇടപെടലിന് ഇതാവശ്യമാണ്. സമഗ്ര നാളികേര വികസന പദ്ധതിയിൽ 6 കിണറും 13 പമ്പ്സെറ്റും 61 ഫിൽറ്റർ കിണറുകളും ഒരു തെങ്ങുകയറ്റയന്ത്രവും 1995ൽ നൽകിയിട്ടുണ്ട്. യുവജന തൊഴിൽ പദ്ധതിയിൽ 2 റോക്കർ സ്പ്രെയർ, 1 പച്ചക്കറിത്തോട്ടം, ഘടകപദ്ധതിയിൽ 3 കിണർ, 3 ബയോഗ്യാസ്, പ്രകൃതി ക്ഷോഭ ദുരിതാശ്വാസം 13 പേർക്ക്, കമ്പോസ്റ്റ് കുഴി 105, വളപയർ 400 കിലോ, വിള ഇൻഷൂറൻസ് 105 പേർ എന്നിങ്ങനെ പ്രവർത്തനം പരിമിതപ്പെട്ടിരിക്കുന്നു. ഘടകപദ്ധതിപ്രകാരം നിർദ്ദേശിക്കുന്ന ചില പദ്ധതികൾ ഒട്ടും ഉപകരിക്കാത്തവയാണ്. ചേറിനും, രാസവളത്തിനും, പണി ഉപകരണങ്ങൾക്കും നൽകുന്ന സഹായങ്ങൾ ഉപകാരപ്രദമാണ്.

1. പ്രധാന വിളയായ തെങ്ങിൻെറ ഉല്പാദനം സാദ്ധ്യമായതിലും വളരെ കുറഞ്ഞിരിക്കുന്നു.
2. പാടം തൂർത്ത കൃഷിയിടങ്ങളിൽ പലതിലും ഉല്പാദനം ശോചനീയമാണ്. ചിലതിൽ ഓരുള്ള മണ്ണാണുള്ളത്. വളപ്രയോഗം ഫലം ചെയ്യാതെ പോകുന്ന ഇടങ്ങളുമുണ്ട്.
3. പരമ്പരാഗത തോടുകൾ അടഞ്ഞത് വെള്ളക്കെട്ടിനും അതുവഴി കൃഷികൾ അസാദ്ധ്യമാകുന്നതിനും ഇടവരുത്തുന്നു.
4. തെങ്ങുകൾ വർഗഗുണം കുറഞ്ഞവ വളരെയേറെ കാണുന്നു.
5. നെൽകൃഷി സ്ഥലങ്ങൾ തരിശിട്ടിരിക്കുന്നു. ഉള്ളതിൻെറ വിളവ് കാര്യക്ഷമമല്ല.
6. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൾ വളരെ ശുഷ്കമാണ്.

7. നാടൻ മരങ്ങളുടെ വൻശേഖരം നഷ്ടം വന്നു പോയി.

8. പച്ചക്കറികളും കിഴങ്ങു വർഗ്ഗങ്ങളും കൃഷി വളരെ കുറഞ്ഞിരിക്കുന്നു.

9. തെങ്ങുകൾ ഏക്കറിന് അനുവദനീയമായതിൽ നിന്നും വളരെ കൂടുതലാണ്.

10. കൃഷിഭവൻ സഹായം ലഭ്യമല്ല.

11. ഫലപ്രദമായ കൃഷിരീതികളെക്കുറിച്ച് വേണ്ടത്ര ധാരണയില്ല.

12. കൃഷിപ്പണിയിൽ താല്പര്യം കുറവായിരിക്കുന്നു.

13. ആവശ്യമായത്ര ഗുണമേൻമയുള്ള വിത്തുകളും തൈകളും ലഭ്യമാക്കണം.

14. കൃഷി ലാഭകരമായ തൊഴിലല്ലാതായിരിക്കുന്നു.

15. കൃഷി തൊഴിലാളികൾ കുറഞ്ഞു വരുന്നു. (പ്രത്യേകിച്ച് തെങ്ങുകയറ്റത്തിന്)

16. വളപ്രയോഗം പരമാവധി ഉല്പാദനത്തിനു പര്യാപ്തമല്ല.

17. ജൈവവള ഉല്പാദനം വളരെ കുറഞ്ഞിരിക്കുന്നു.

18. സമൃദ്ധമായിരുന്ന സസ്യാവരണം ശുഷ്കമായത് ഫലപുഷ്ടി കുറച്ചിരിക്കുന്നു.

19. വർഷകാല ജലസംഭരണം വളരെ കുറഞ്ഞിരിക്കുയും ജലവിതാനം താഴുകയും ചെയ്യുന്നു.

20. ഭൂഗർഭജല സംഭരണം കുറയുന്നു.

21. ജലസേചനത്തിന് വൈദ്യുതി എല്ലാവർക്കും ലഭ്യമായിട്ടില്ല.

22. പറമ്പുജലസേചനത്തിന് മോട്ടോറുകൾ ഇനിയും ലഭ്യമാക്കണം.

23. കടലോരത്തെ സസ്യപ്രതിരോധം നഷ്ടം വരികയും വെച്ചുപിടിച്ചവ മുറിച്ചു നശിപ്പിക്കുകയും ചെയ്യുന്നു.

24. ഭൂഗർഭജല ശേഖരം വർദ്ധിപ്പിക്കുന്നതിനുതകുന്ന കണ്ടൽ വനങ്ങൾ പൂർണമായി നശിച്ചു.

**സാധ്യതകൾ**

1. തെങ്ങിൻെറ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഒരു സമഗ്ര പദ്ധതി നടപ്പിലാക്കാനാവും.

2. പഞ്ചായത്തിലാകെ മണ്ണു പരിശോധന നടത്തി വിളവുകളും വളപ്രയോഗവും നിർദ്ദേശിക്കുക

3. പഞ്ചായത്തിൽ നിന്നുള്ള ജലനിർഗമന തോടുകൾ ആഴം കൂട്ടുകയും തൂർന്നവ തുറക്കുകയും എല്ലാ ഭാഗങ്ങളും ഇതുമായി ബന്ധിപ്പിക്കുകയും ചെയ്യുക. തുലാവർഷ ജലം സംഭരിക്കുന്നതിന് ഇതിൽ വിവിധ ഭാഗങ്ങളിൽ ചട്ടം കെട്ടുക. അറപ്പയിൽ ജലാശയമൊരുക്കി മത്സ്യബന്ധനത്തിനും ഉപയോഗിക്കാം.

4. തെങ്ങുകൾ ലളിതവും ശാസ്ത്രീയവുമായി പുനസ്സംവിധാനം ചെയ്യുക

5. തരിശിട്ടിരിക്കുന്ന നെൽപാടങ്ങൾ നിർബന്ധമായും കൃഷി ചെയ്യുകയും ശാസ്ത്രീയമായി ഉല്പാദനം മെച്ചപ്പെടുത്തുകയും ചെയ്യുക

6. നെൽപാടങ്ങളിൽ 3-ാം വിളയായി എള്ളും കൊണ്ടലും കൃഷി ചെയ്യുക

7. തെങ്ങിന് ഇടവിളകളും കാലാനുസൃതമായി മറ്റു വിളകളും കൊണ്ട് ഭൂവിനിയോഗം പൂർണമാക്കുക (കവുങ്ങ്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, മൾബറി, പയറുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ)

8. കൃഷിയിടങ്ങളുടെ അതിരുകൾ ജൈവവള ശേഖരത്തിനുതകും വിധം ചെടികൾ വെക്കുക

9. മഴക്കാലാരംഭത്തിൽ കഴിയുന്ന മുഴുവൻ സ്ഥലവും പയറു വർഗ്ഗങ്ങൾ കൃഷിചെയ്ത് മണ്ണിനെ മെച്ചപ്പെടുത്തുക

10. തെങ്ങും ഇടവിളകളും കണക്കിലെടുത്ത് വൃക്ഷശേഖരം ഉണ്ടാക്കുക (ഫലവൃക്ഷങ്ങൾ പ്രധാനം)

11. പരമ്പരാഗതവും പുതിയവയുമായ പഴവർഗ്ഗങ്ങൾ സ്വന്തം ആവശ്യത്തിനെങ്കിലും എല്ലാ വളപ്പിലും വളർത്തുക

12. ഭൂവിനിയോഗത്തിൽ ഔഷധസസ്യസംരക്ഷണം പ്രധാന ഇനമായി ഉൾപ്പെടുത്തുക. (പുറമ്പോക്കുകൾ പ്രത്യേകം ഉപയോഗിപ്പെടുത്തണം)

13. കടൽത്തീരത്ത് കാറ്റിനും കടലാക്രമണത്തിനും പ്രതിരോധമായും വിറകിനും തടിക്കുമായി വൃക്ഷനിര വളർത്തി ജനപങ്കാളിത്തത്തോടെ സംരക്ഷിക്കുക

14. പുതുവിളകൾ പ്രോത്സാഹിച്ച് പ്രചരിപ്പിക്കുന്നതിന് അനുകൂല അന്തരീക്ഷമുണ്ട്. (ഓർക്കിഡ്, അന്തൂറിയം, കുറ്റിമുല്ല, കൂൺകൃഷികൾ)

15. സുഗന്ധവിളകൾ (ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ജാതി) പ്രോത്സാഹിപ്പിക്കുന്നതിനു കഴിയും

16. സസ്യാവരണം സമൃദ്ധമാക്കുന്നതിനും ഭൂഗർഭജല സംഭരണത്തിനും പുഴയോരത്തും ജലസംഭരണ കേന്ദ്രങ്ങളിലും കണ്ടൽ വൃക്ഷങ്ങളും ചെടികളും വളർത്താൻ കഴിയും

17. പ്രാദേശികമായും മറ്റു തരത്തിലും ഗുണമേൻമയുള്ള വിത്തുകളുടെ സംഭരണവും വിതരണവും ഫലപ്രദമായി നടത്താനാവും.

18. വൈദ്യുതി എത്തിച്ച് പറമ്പ് ജലസേചനം പൂർത്തീകരിക്കാനാവും. ഇപ്പോൾ ഉപയോഗിച്ചു വരുന്ന പമ്പ് സെറ്റുകളുടെ ഉപയോഗം വർദ്ധിപ്പിക്കുംവിധം സഹകരിച്ച് ഉപയോഗിക്കാനാവും. ഇതിനു കഴിയാത്തിടങ്ങളിൽ എണ്ണ എഞ്ചിനും ഉപയോഗപ്പെടുത്തണം.

19. മിശ്രവിളകൾക്ക് കൂടുതൽ അനുയോജ്യമായി കാണുന്ന തുള്ളി ജലസേചനവും സ്പ്രിംഗ്ളറും പ്രചരിപ്പിക്കുന്നതിനു ശ്രമിക്കുക

20. അഭ്യസ്ഥ വിദ്യർ, പുതുജീവൻ നേടുന്ന കാർഷി കവൃത്തിയിൽ തൊഴിൽ കണ്ടെത്തുന്ന സ്ഥിതി വരണം.

21. തേനീച്ച വളർത്തൽ കാർഷിക മേഖലയിലെ അധികവരുമാനം സമാഹരിക്കുന്നതിന് പ്രചരിപ്പി ക്കാനാവും.

കൃഷിക്കാർ തമ്മിലുള്ള പരസ്പര ബന്ധത്തില ധിഷ്ഠിതമായ കാർഷിക സംഘാടനമായിരുന്നു നിലനിന്നത്. ഇന്ന് കാർഷിക വൃത്തിയെ സംബ ന്ധിച്ച് ഭൂരിപക്ഷത്തിനും ധാരണ തന്നെയില്ല. ഈ സംഘാടനം പുതിയ രൂപത്തിൽ കൊണ്ടുവരുന്നതിന് 1989ൽ വാർഡുതലത്തിൽ കേരസംരക്ഷണ സമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്യുകയും വ്യാപകമായി വരി സംഖ്യ ശേഖരിക്കുകയും പ്രവർത്തനം ആരംഭി ക്കുകയും ചെയ്തു. 1991 സംസ്ഥാന ഭരണത്തിൽ മാറ്റമുണ്ടായതിനെ തുടർന്ന് ഈ സമിതികൾ നിർജീ വമാക്കപ്പെടുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ കേരവികസനസമിതി രൂപീകരിച്ച് തെരഞ്ഞെടു ക്കപ്പെട്ട കമ്മിറ്റി പ്രവർത്തനം ആരംഭിക്കുയും ചെയ്തു. ഇപ്പോൾ ഒരു കാർഷിക ഉപദേശക സമി തിയും രൂപീകരിച്ചിട്ടുണ്ട്. കൃഷിഭവൻ പഞ്ചായ ത്തിൻെറ അധികാരപരിധിയിൽ വരുന്നതായി പറയുന്നുണ്ടെങ്കിലും ഫലത്തിൽ മാറ്റമൊന്നും വന്നി ട്ടില്ല.

തെങ്ങിൻെറ ഉല്പാദനക്ഷമത വർദ്ധിപ്പിക്കു ന്നതിന് വമ്പിച്ച പ്രാധാന്യം നൽകുന്ന ഒരു പദ്ധതി പ്രധാനമാണ്. തെങ്ങും ഇടവിളകളും വിവിധ കാല വിളകളും ഉൾപ്പെടുത്തിയ ഓരോ കൃഷിയിട ത്തിലേയും അവസാനപിടിമണ്ണും ഉപയോഗപ്പെടു ത്തുന്ന ഒരു വിളചേരുവ പരിചയസമ്പന്നരായ കൃഷി ക്കാരുടെയും കൃഷിശാസ്ത്രജ്ഞരുടെയും സഹാ യത്തോടെ കൃഷി ചെയ്യുന്നതിനു കഴിയും. കാർഷിക അവശിഷ്ടങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന മൃഗസംര ക്ഷണവും കൃഷിയും പരസ്പരപൂരകമായിരിക്കണം. പുൽകൃഷിക്ക്, ഇടക്കുള്ള സ്ഥലങ്ങൾ വിനിയോ ഗിക്കാം.

നാളിതുവരെ ഫലപ്രദമായി കഴിഞ്ഞിട്ടില്ലാത്ത കൃഷിഭവൻ വഴി ലഭ്യമാകുന്ന ശാസ്ത്രജ്ഞാനവും, കൃഷിക്കാരുടെ അനുഭവസമ്പത്തും നഷ്ടമായ ഒരു കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിന് ഉപയോ ഗപ്പെടുത്തുവാനും ഹരിതസമൃദ്ധിയുടെ ഒരു തളി ക്കുളം വീണ്ടും സൃഷ്ടിക്കുവാനുമാകും. കാർഷിക അവബോധവും പുതിയ കൃഷിരീതികളും വളർത്തു ന്നതിനു വമ്പിച്ച പ്രചരണത്തോടെ സമൂഹ ത്തിൻെറയാകെ മുൻകൈ വളർത്തേണ്ടതുണ്ട്.

# മൃഗപരിപാലനം

കൃഷിക്കു പ്രഥമ സ്ഥാനമുണ്ടായിരുന്ന തളിക്കുളത്ത് ഒഴിവാക്കാൻ വയ്യാത്ത ഘടകമായിരുന്നു കാലിവളർത്തൽ. പാൽ ഉൽപാദനത്തോടൊപ്പം തന്നെ കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. കൃഷിയോട് അനുബന്ധമായിട്ടായിരുന്നു അന്ന് കാലികളെ വളർത്തിയിരുന്നത്.

കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ ആദ്യകാലങ്ങളിൽ കാലികളെ മേയ്ക്കാൻ വിട്ടിരുന്നത് നിത്യക്കാഴ്ചയായിരുന്നു. ഈ രീതിയിൽ മേയ്ക്കാൻ അനുവദിച്ചിരുന്നത് വഴി പാടത്തെ ജൈവവളാവശ്യം നിറവേറ്റാൻ ഒരു പരിധിവരെ കർഷകർക്കു കഴിഞ്ഞിരുന്നു.

ഉഴവിനു വേണ്ടി ആദ്യകാലത്ത് കാളകളെയാണ് ഉപയോഗിച്ചിരുന്നത്. ഉഴവുനടത്തി ഉപജീവനം നടത്തിയിരുന്ന കുടുംബങ്ങൾ ഉണ്ടായിരുന്നു. അടുത്തകാലത്തായി കൃഷിയോടുള്ള വൈമുഖ്യം കാലിവളർത്തലിനേയും സാരമായി ബാധിച്ചിട്ടുണ്ട്.

പശു, എരുമ, ആട് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. മുൻകാലങ്ങളെ അപേക്ഷിച്ച് പരമ്പരാഗതമായി വളർത്തി വന്നിരുന്ന മൃഗങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

വളർത്തുമൃഗ സംഖ്യ

(1995-96 കന്നുകാലി സെൻസസ്)

| പശു നാടൻ | പശു സങ്കരം | കാള സങ്കരം | എരുമ | ആട് | പോത്ത് | നായ |
|---|---|---|---|---|---|---|
| 224 | 1008 | 49 | 117 | 1040 | 12 | 443 |

നെൽകൃഷിയേക്കാൾ ആദായകരാണ് മറ്റുകൃഷികൾ എന്ന ധാരണ നെൽപാടങ്ങൾ നികത്താൻ കാരണമായി. നെൽകൃഷിയുടെ കുറവ് അനബന്ധ ഘടകമായിരന്ന കാലിവളർത്തലിനെ പ്രതികൂലമായി ബാധിച്ചു. ഉഴവിനുപയോഗിച്ചുരുന്ന മൃഗങ്ങളുടെ എണ്ണത്തിൽ വൻതോതിൽ കുറവു വരാൻ ഇടയാക്കി. പശുക്കളും എരുമകളും എണ്ണത്തിൽ കുറഞ്ഞെങ്കിലും ആ കുറവ് പാലുൽപാദന രംഗത്ത് അനുഭവപ്പെടുന്നില്ല. അതിനുകാരണം ഇപ്പോഴുള്ള കറവുമാടുകളിൽ 75%ത്തിലധികം അത്യുത്പാദന ശേഷിയുള്ളവയാണെന്നതാണ്.

മൃഗപരിപാലനവുമായി ബന്ധപ്പെട്ട് വളരെ ചുരുങ്ങിയ അളവിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നുണ്ട്. 2 ഹെക്ടർ സ്ഥലത്താണ് പുല്ല് കൃഷി ചെയ്യുന്നത്. വളരെയധികം വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണിത്. ബോധപൂർവ്വമായ ഇടപെടൽ നടത്തിയാൽ ഈ രംഗത്ത് വലിയ അളവിൽ പുരോഗതി ഉണ്ടാക്കാവുന്നതാണ്. 59 ചെറിയ പുൽകൃഷി സ്ഥലങ്ങൾക്കു പുറമെ ഒരാൾ 10 സെൻറിലും മറ്റൊരാൾ 80 സെൻറിലും പുൽകൃഷി ചെയ്യുന്നു.

6 ഗോബർഗ്യാസ് പ്ലാൻറുകളുണ്ട്. ചെലവു കുറഞ്ഞ രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഈ പ്ലാൻറുകളുടെ വ്യാപനം ഇന്ധനക്ഷാമത്തിന് പരിഹാരമാണ്. പാചകവാതകത്തിന് ക്ഷാമം അനുഭവപ്പെടുന്ന ഇക്കാലത്ത് ജൈവാംശം നഷ്ടപ്പെടാതെതന്നെ ഉപയോഗപ്പെടുത്താൻ കഴിയുന്നു എന്നതാണ് ഇതിൻെറ പ്രത്യേകത. മാംസത്തിനുവേണ്ടി മാത്രം കാലികളെ വളർത്തുന്ന പതിവില്ല. ഇവിടെ അറവുശാലകളില്ല.

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുണ്ട്. മൃഗങ്ങളെ ചികിത്സിക്കാൻ മറ്റു സ്ഥാപനങ്ങളില്ല. പരമ്പരാഗത ചികിത്സാരീതി നിലവിലുണ്ടായിരുന്നു. മൃഗാസ്പത്രി പഞ്ചായത്തു കെട്ടിടത്തിൽ പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നു. കന്നുകാലികളെ കെട്ടാൻ സ്ഥലസൗകര്യമില്ല. ലാബററ്ററി സൗകര്യങ്ങളില്ല. എല്ലാവിധ സൗകര്യങ്ങളോടു കൂടിയ സ്ഥലത്തേക്ക് മൃഗാസ്പത്രി മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

1232 പശുക്കളിൽ 966 എണ്ണത്തിനാണ് കൃത്രിമ ബീജ സങ്കലനം നടത്തിയത്. ഇതുമൂലം 593 പശുക്കുട്ടികളും 323 കാളക്കുട്ടികളുമാണ് ജനിച്ചത്. എരുമകുട്ടികളിൽ ഇത് 86 എരുമക്കുട്ടികളും 31 പോത്തുകുട്ടികളുമാണ്.

വളർത്തുപക്ഷികളിൽ പ്രധാനം കോഴിയും താറാവുമാണ്. 1995-96ലെ സെൻസസ് അനുസരിച്ച് ഇവയുടെ എണ്ണം താഴെ ചേർക്കുന്നു.

പൂവൻകോഴി 1163, പിടക്കോഴി 9137

ആൺതാറാവ് 150, പെൺതാറാവ് 342

ആദ്യകാലങ്ങളിൽ ബഹുഭൂരിപക്ഷം വീടുകളിലും നാടൻകോഴികളെ വളർത്തിയിരുന്നു. ഉല്പാദിപ്പിക്കപ്പെട്ട മുട്ടകൾ സ്വന്താവശ്യം കഴിച്ച് ബാക്കിയുള്ളവ വിറ്റിരുന്നവരുമുണ്ട്. കോഴിവളർത്തൽ ഗണ്യമായി കുറയുകയും മുട്ടയുടെ ഉപ

ഭോഗം വർദ്ധിക്കുകയും ചെയ്തു. ഇന്ന് കോഴിമുട്ടയുടെ വിപണി പൂർണ്ണമായും തമിഴ്നാട്ടുകാരായ കച്ചവടക്കാർ കയ്യടക്കിയിരിക്കുന്നു.

മുട്ടക്കോഴിവളർത്തൽ വിപുലമായി വികസന സാദ്ധ്യതകളുള്ള മേഖലയാണ്. വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴികളെ വളർത്തുന്ന ഒരു യൂണിറ്റുപോലും ഇവിടെയില്ല. ഇറച്ചിക്കോഴി വളർത്തനൽ ലാഭകരമാണെങ്കിലും ഇത്തരം യൂണിറ്റുകളും ഇല്ല എന്നുതന്നെ പറയാം.. വളർച്ചയെത്തിയ കോഴികളെ വില്പന നടത്തുന്ന കേന്ദ്രങ്ങളാണുള്ളത്.

ഇടശ്ശേരി, കൈതക്കൽ, തളിക്കുളം സൗത്ത് എന്നീ മൂന്നു ക്ഷീരസഹകരണ സംഘങ്ങളാണുള്ളത്. പാലുൽപാദകർക്ക് ന്യായമായ വില ലഭിക്കുന്നില്ല. മിൽമ നിശ്ചയിക്കുന്ന തോതിലുള്ള വിലയാണു കാലാകാലങ്ങളിൽ നൽകുന്നത്. പൊതുമാർക്കറ്റിലെ വിലയും ഇതും തമ്മിൽ വലിയ വ്യത്യസമാണുള്ളത്.

ഇതുമൂലം സംഘങ്ങളിൽ പാൽ നൽകാൻ ക്ഷീര കർഷകർ വൈമുഖ്യം കാണിക്കുന്നു. വൈക്കോൽ പുറമെ നിന്നുകൊണ്ടുവരുന്നു. വൈക്കോൽ വിപണനം കൊണ്ട് ഉപജീവനം കഴിക്കുന്നവരുമുണ്ട്.

443 വളർത്തുപട്ടികളാണുള്ളത്. നായ്ക്കൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നവർ വിരളമാണ്. ലൈസൻസുള്ളവ 10 എണ്ണം മാത്രമാണ്. പഞ്ചായത്ത് കാലാകാലങ്ങളിൽ അലഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കാറുണ്ട്. പട്ടിപിടുത്തക്കാരെ ലഭിക്കാൻ പ്രയാസമുണ്ട്.

അപൂർവ്വം ചിലർ മുയലുകളെ വളർത്തുന്നുണ്ട്. വ്യാപാരടിസ്ഥാനത്തിൽ വളർത്തുന്ന ഏർപ്പാടില്ല.

**പ്രശ്നങ്ങൾ ഗ്രാമസഭകളിൽ നിന്ന്**

1. കാലിത്തീറ്റ കുറഞ്ഞ വിലക്കു കിട്ടുന്നില്ല
2. ക്ഷീരവിപണനത്തിന് സൗകര്യങ്ങളുണ്ടെങ്കിലും വില കുറവാണ്.
3. മൃഗസംരക്ഷണത്തിനുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.
4. പേപ്പട്ടിശല്യം പൂർണ്ണമായി ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല.
5. കോഴിത്തീറ്റയുടെ വില കൂടുതൽ, കോഴിവളർത്തിലിനെ സാരമായി ബാധിച്ചിട്ടുണ്ട്.
6. വായ്പ നൽകുന്നതിൽ ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത
7. ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം
8. അശാസ്ത്രീയമായ മാംസശേഖരണവും വിപണനവും
9. ഇൻഷൂറൻസ് പരിരക്ഷയുടെ അപര്യാപ്തത.
10. തീറ്റപ്പുല്ലിൻേറയും ശുദ്ധീകരണ സൗകര്യമുള്ള തൊഴുത്തുകളുടേയും അപര്യാപ്തത.

**സാദ്ധ്യതകൾ**

1. കോഴിയുടെ കാര്യത്തിൽ കുഞ്ഞുങ്ങളെ സംഭരിച്ചു നൽകി കുടുംബബന്ധിതമായി വളർത്തുന്നതിന് വേണ്ട പരിശീലനം നൽകേണ്ടതാണ്. കേന്ദ്രീകൃത വിപണന സൗകര്യം ഉണ്ടാക്കേണ്ടതാണ്.
2. വളർത്തുപട്ടികൾക്ക് ലൈസൻസ് നിർബന്ധമാക്കണം. അലഞ്ഞുനടക്കുന്നവയേയും, ലൈസൻസെടുക്കാതെ വളർത്തുന്നവയേയും നശിപ്പിക്കണം.
3. ജൈവസമ്പത്തു നിലനിർത്തുന്നതിൻെറ ഭാഗമായി നാടൻ പശുവളർത്തലും പ്രോത്സാഹിപ്പിക്കേണ്ടതാണ്.
4. ആടുവളർത്തലിന് പ്രോത്സാഹനം നൽകണം. നല്ലയിനം ആടുകളെ ലഭ്യമാക്കണം.
5. കൃഷിയും മൃഗസംരക്ഷണവും പരസ്പര പൂരകമായി നടപ്പാക്കുന്നതാണ്.
6. പകർച്ചവ്യാധികൾക്കെതിരെ കുത്തിവെയ്പ്പ്
7. ഉല്പാദനച്ചെലവനുസരിച്ച് പാൽവില നിശ്ചയിക്കണം.
8. പുൽകൃഷി വ്യാപകമാക്കണം.
9. മാംസത്തിനായുള്ള മൃഗപരിപാലനം പ്രോത്സാഹിപ്പിക്കണം.

# മത്സ്യബന്ധനം

നാലുകിലോമീറ്റർ കടൽത്തീരവും 2 കിലോ മീറ്ററോളം പുഴയോരവുമുള്ള പഞ്ചായത്തിൽ പ്രധാന ഉല്പാദനമേഖലകളിൽ ഒന്നും വലിയൊരു വിഭാഗത്തിൻെറ ഉപജീവനമാർഗ്ഗവുമാണ് മത്സ്യബ ന്ധനം. മത്സ്യത്തൊഴിലാളികൾ കടൽത്തീരത്തു തിങ്ങിപ്പാർക്കുന്നു.

ആദ്യകാലങ്ങളിൽ വിവിധയിനം വഞ്ചികളും വലകളും ഉപയോഗിച്ച് കാലാവസ്ഥാമാറ്റങ്ങൾക്കനു സൃതമായി പലവിധ മത്സ്യബന്ധനരീതികൾ അവ ലംബിച്ചിരുന്നു. ചൂടയും മത്തിക്കുഞ്ഞും പിടിക്കാൻ ചൂടവല ഉപയോഗിച്ചു. വടക്കൻ വല വേനൽ ക്കാലത്ത് തീരക്കടൽ മത്സ്യബന്ധനത്തിനും വർ ഷത്തിൽ സാധാരണ 'പെയ്ത്തിനും' ഉപയോഗിച്ചുവന്നു. പറ്റുംകൊല്ലിവല ചെമ്മീൻ, കെളമീൻ (വിവിധയിനം മത്സ്യങ്ങൾ) പെലപ്പുകൾ (വലിയകൂട്ടം) പെയ്യു (പിടിക്കുക)ന്നതിന് ഉപയോ ഗിച്ചു. തെളിഞ്ഞകൊല്ലി പ്രധാനമായും അയില പിടി ക്കുന്ന വലയാണ്. ചെറിയ വക്കുവല ഏട്ടപിടിക്കുന്നതിനു മാത്രമായാണുനിർമ്മിച്ചിരു ന്നത്. സന്ധ്യക്ക് വഞ്ചിയിറക്കി പുങ്കടലിലെ നീരൊ ഴുക്കിൽ വലവെച്ചുവലിയമീനുകൾ പിടിച്ച് പുലർച്ചെ തിരിച്ചെത്തുന്നതിനു ഉപയോഗിക്കുന്ന ഒഴു ക്കുവലയും 'വക്കു'പയോഗിച്ചു നിർമ്മിക്കു.

സാധാരണയായിരുന്ന വലപെയ്ത്തിന് 2 വഞ്ചികളിലായി 11-12 പേർ വരെ പോയിരുന്നു. ഇത് പ്രധാനമായി മഴക്കാലവുമായി ബന്ധപ്പെട്ട മത്സ്യബന്ധന സീസണിലായിരുന്നു. ഇക്കാ ലത്താണ് കൂടുതൽ മത്സ്യങ്ങൾ തീരത്തോടടുത്തു കാണപ്പെടുന്നത്. മറ്റുകാലങ്ങളിൽ ഒഴുക്കിൽ വലവെ ക്കുന്നത് സാധാരണമായിരുന്നു. പുറങ്കടലിൽ 30 പാം വരെ ആഴത്തിൽ സാദ്ധ്യത നോക്കി കരിപ്പിനും വെളുപ്പിനും വലവെക്കും. നീട്ടിയിടുന്ന വലയിൽ കുരുങ്ങുന്ന വലിയ മത്സ്യങ്ങളെയാണ് പിടിക്കുന്നത്.

മീൻപിടുത്തം കഴിഞ്ഞ് അഴിയും മരങ്ങളും നക്ഷത്രങ്ങളും നോക്കി ദിശനിർണ്ണയിച്ച് തിരിച്ചെ ത്തും. വേനലിൽ ഒഴുക്കുവല വെക്കാൻ ആളുകൾ തെക്കൻ പ്രദേശത്തും (ആലപ്പുഴ വരെ) വടക്കൻ പ്രദേശത്തും (കോഴിക്കോടുവരെ) താമസിച്ചു മത്സ്യം പിടിച്ചിരുന്നു. ഏട്ടക്കൂട്ടം കണ്ടെത്തിയാൽ ആപരിസരത്തു കടലിലുള്ള എല്ലാ വഞ്ചിക്കാരും അന്യോന്യം സഹായിച്ച് അവ പിടിച്ചെടുക്കുകയും പങ്കുവെച്ച് എടുക്കുയും ചെയ്യും. (ഏട്ടക്കു പങ്കുകൊ ടുക്കാതിരിക്കുന്നത് ദൈവദോഷമായി കരുതി യിരുന്നു) അയിലവല ഉപയോഗിച്ച് സന്ധ്യയടുപ്പിച്ച് ധാരാളം അയില പിടിച്ചിരുന്നു (എരിവിനുതള്ളുക). അയിലവലയും ചാളവലയും നൂൽകനം കുറച്ചു നെയ്തിരുന്നു.

ചിങ്ങം - തുലാമാസങ്ങളിൽ കോര "പൊട്ടി കേൾക്കുന്നത്" കണക്കാക്കി കോരപിടിക്കാൻ പോകു ന്നതു സാധാരണമായിരുന്നു. മീനുണ്ടാക്കുന്ന ശബ്ദം കേട്ടാണ് ഇങ്ങിനെ വലിയ ചേളാവു കോരപിടിച്ചിരു ന്നത്. തീരത്തുവലവെച്ച് ചെറുമീനുകൾ വലിച്ചു കേറ്റുന്ന രീതിയുമുണ്ടായിരുന്നു. പറ്റുംകൊല്ലി വല ഉപയോഗിച്ച് മീൻ പെലപ്പുകൾ പങ്കുവലക്കാർ (അ ങ്ങിനെ ധാരണയുണ്ടായിരിക്കും) എല്ലാവരും ചേർന്ന് പിടിച്ചിരുന്നു. രണ്ടു വഞ്ചിക്കാർ വല നീട്ടിയിട്ടു കാവൽ നിൽക്കുകയും മറ്റു വലക്കാർ മീൻകൂട്ടത്തെ വളഞ്ഞു നിന്നു കെടകൊട്ടി (കോൽകൊണ്ട് വഞ്ചിയിൽ തട്ടി ശബ്ദമുണ്ടാക്കുക) വലയിലേക്ക് ഓടിച്ചുകയറ്റി മത്സ്യംപിടിക്കുന്നരീതിയാണിത്"

എല്ലാ തൊഴിലാളികളും തനിക്കുള്ള വല നൂൽനൂറ്റ് നെയ്തെടുത്തിരുന്നു. നൂലുകെട്ടകൾ വാങ്ങി ഇഴപിരിച്ച് തിരിയാടുകെട്ടി നുറുക്കി നീള ത്തിൽ കെട്ടിയിട്ട് തളർത്തി വലകെട്ടാൻ ഉപയോഗി ച്ചിരുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കഴുത്തിൽ ഓലഞാത്തി അതിൽ തിരിയാടുകെട്ടി "നൂൽനുറുക്കു"ന്നത് തീരപ്രദേശത്തെ പതിവുദൃശ്യ മായിരുന്നു. സ്വന്തം വലകേടുവന്നാൽ അതു നന്നാ ക്കുന്നതും (കീറ്റുകൂട്ടുക) തൊഴിലാളിയുടെ ചുമതലയായിരുന്നു.

വക്കുവലക്കും ഒഴുക്കുവലക്കും ആവശ്യമായി വരുന്ന വക്ക് ഇവിടെതന്നെ വളർത്തിയിരുന്നു. വക്കു വിതച്ചു വളർന്നാൽ പറിച്ച് തണ്ടു കളഞ്ഞ് നാര് പിരിച്ചാണ് വല കെട്ടിയിരുന്നത്.

മീൻപിടിക്കുന്നതിന് വലക്കാരെ നയിക്കുന്നത് അമരക്കാര (പങ്കായക്കാരൻ) നായിരിക്കും. കടൽ നോക്കി മീൻ എവിടെയുണ്ടെന്ന് നിർണയിക്കുന്നതും അവിടേക്കു നയിക്കുന്നതും പിടിക്കുന്നതിന് അനുയോജ്യമായി വഞ്ചി നിയന്ത്രിക്കുന്നതും അമര ക്കാരനാണ്. ഓരോ കാലത്തും എത്തുന്ന മീൻത രങ്ങൾ കണക്കാക്കി നിശ്ചിത ദൂരങ്ങളിലും സ്ഥലങ്ങളിലും വലവെക്കുന്നതിന് നാട്ടറിവിൻെറ സമ്പന്നതയാണുപയോഗിച്ചിരുന്നത്.

ഒരു വഞ്ചിയിൽ നാലോ അഞ്ചോ പേർ പോയി മത്സ്യംപിടിക്കാൻ ഉപയോഗിച്ചിരുന്ന ലൂപ്പു വലകൾ മത്സ്യ സമൃദ്ധി കുറഞ്ഞതോടെ അപ്രത്യക്ഷമായി.

വഞ്ചിയുടെ രണ്ടരികിലും പിടിപ്പിച്ച കാലുകളിൽ പങ്കായങ്ങൾ കെട്ടി തൊഴിലാളി പുറംതിരിഞ്ഞിരുന്ന് ആഞ്ഞുവലിച്ചാണ് "വഞ്ചിയോടിക്കുന്നത്".

എട്ടൊന്ന് കണക്കിനാണ് മത്സ്യത്തൊഴിലാളിക്ക് കൂലി ലഭിച്ചിരുന്നത്. എല്ലാവർഷവും എടവം പതിനാറിന് തൊഴിലാളികളും വലക്കാരനുമായി കരാറുണ്ടാക്കിയിരുന്ന രീതി ഇനിയും തുടരുന്നതുകാണാം. എടവം 16ന് ഇടപാടുകൾ സംസാരിച്ച് 1 വർഷത്തേക്ക് കരാറുണ്ടാക്കുന്നു. കരാറിൽ തന്നെ തൊഴിലാളിയുടെ പങ്കും നിശ്ചയിക്കും. 2 എട്ടൊന്ന് 1 1/2 എട്ടൊന്ന്, 1 എട്ടൊന്ന് എന്നിങ്ങനെ തൊഴിലാളികളുടെ സാമർത്ഥ്യത്തിനനുസരിച്ചായിരുന്നു കൂലി. വലക്കാരൻെറ പങ്കും നിശ്ചയിച്ചിരിക്കും. വലക്കാരനും തൊഴിലാളികൾക്കും കൂടി ആകെ വരുന്ന എട്ടൊന്നുകളുടെ എണ്ണത്തിനനുസരിച്ച് മീൻവില പങ്കുവെക്കും. ഒരു ഭാഗം ആരാധനാമൂർത്തിക്കു നീക്കിവെച്ചു. വലക്കാരന് എപ്പോഴും പ്രധാന പങ്കുലഭിച്ചു.

ഒഴുക്കുവല വെക്കുന്നതിൽ ഓരോ തൊഴിലാളിയുടേയും വലയിൽ കുടുങ്ങുന്ന മീൻ അതാതു തൊഴിലാളിക്ക് അർഹതപ്പെട്ടിരിക്കുന്നു. സ്വന്തം സ്വാതന്ത്ര്യത്തിന് മീൻ വില്ക്കാനും "കുറ്റിക്കാരെ" കണ്ടെത്തി എത്തിക്കാനും തൊഴിലാളിക്ക് അധികാരമുണ്ട്. വീതംവെപ്പിൽ അധികമായികാണുന്ന പങ്ക് ധർമം ചെയ്യുന്നതിന്, ക്ഷാമകാലത്ത് കഞ്ഞിവീത്ത്, അരിവാരി കൊടുക്കൽ തുടങ്ങിയ കാര്യങ്ങൾക്കാണുപയോഗിച്ചത്.

കടൽപ്രവർത്തിക്കാർ തമ്മിലുള്ള പരസ്പര ബന്ധവും സഹകരണവും പ്രവർത്തിയിലെ സത്യസന്ധതയും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. മനുഷ്യൻെറ നിയന്ത്രണത്തിനുപുറത്ത് കടലിൻെറ ദാക്ഷിണ്യത്തിനുവിധേയമായി കരകാണാദൂരത്ത് തൊഴിൽ ചെയ്യുന്നവർക്ക് ഈ പരസ്പര ബന്ധം സൂക്ഷിക്കാതെ വയ്യ.

സമൃദ്ധമായ മത്സ്യ സമ്പത്തുകൊണ്ട് നമ്മുടെ കടൽ അനുഗൃഹീതമായിരുന്നു. ചാള നാലുതരം (കതിരാൻ, കന്നിച്ചാള, വട്ടച്ചാള, സാധാരണ), അയില, ചെറുചൂട, വെള്ളച്ചൂട, മെത്തൽ, അറിഞ്ഞിൽ, കണ്ടമ്പാര, കോരകൾ (കല്ലൻ, കുട്ടൻ, ചുവപ്പുകോര, പൊതളപ്പൻ, പല്ലിക്കോര, മാപ്പിളക്കോര, ചേളാവ്), തോടി, മണങ്ങ്, വെള്ളടു, മുള്ളൻ, (പന്നിമുള്ളൻ, പറമുള്ളൻ, മോടൻ, ഓണമുള്ളൻ) മാന്തൾ (വാളുറി, പല്ലൻ, പട്ടത്തി) വെളൂരി, താട, ചൂരക്കണ്ണി, ചെമ്മീൻ, (കുഴി, കരിക്കണ, പൂവാലൻ, വെള്ള, നാരൻ, കൊഞ്ച്, പണിക്കൻ), അയിലപ്പാര, കണാൻ, കൊത്തമ്പ് (തളാൻ) കണവ (പെട്ടിക്കൂന്തൾ, നീളൻ, വട്ടക്കൂന്തൾ), വളോടി, ആവോലി (കറുത്തത്, വെളുത്തത്), മൊന്തൻ, വരാൽ, ചെമ്പാൻ, വരിമീൻ, ഓളിച്ചെമ്പാൻ, വെള്ളിക്കണ്ണൻ, അറക്ക (നെയ്മീൻ) വാള, സ്രാവ്, (കുട്ടിസ്രാവ്, പിള്ളസ്രാവ്, തുമ്പൻ, പച്ചക്കണ്ണൻ, കരിസ്രാവ്, കള്ളൻ സ്രാവ്, ചെടയൻ, കൊമ്പൻ), ഏട്ട (കൂരി, നല്ലേട്ട, നായേട്ട), തിരണ്ടി, വെള്ളിമീൻ, വാമീൻ, പൂമീൻ, പലാമീൻ, നരിമീൻ, മലിഞ്ഞീൻ, ആരൽ, എളക്കുമീൻ, കോലാൻ, തുടങ്ങിയവ ലഭിച്ചിരുന്നു.

പുഴയിൽ നിന്നും പ്രധാനമായി വീശി മത്സ്യം പിടിച്ചുവരുന്നു. ചെമ്മീൻ (മുണ്ടോചെമ്മീൻ, ഞാരൻ, പണിക്കൻ, കരിമീൻ, പള്ളത്തി, കണമ്പ്, എളമീൻ, പ്രായി, ആണിക്കോൽ, കരിപ്പിടി, വരാൽ, കടു, മുശു, പുഴാൻ, കോലാൻ, മുണ്ടത്തി, കൊഴുപ്പ, ആരൽ, ചെമ്പല്ലി, തിരുത, നരിമീൻ, വറ്റ, വാള, ഏട്ട, കൂരി, കളാഞ്ചി തുടങ്ങിയ മത്സ്യ ഇനങ്ങൾ പുഴയിലും ഉൾനാടൻ ശുദ്ധജലത്തിലും വളർന്നു..

കുറച്ചുകാലം മുമ്പുവരെ കടലിൽ മത്സ്യ സമ്പത്ത് സമൃദ്ധമായിരുന്നു. ഓരോ കാലത്തും അതിനനുസരിച്ച മത്സ്യങ്ങൾ ലഭിച്ചുവന്നു. ഇന്ന് മത്സ്യ ലഭ്യതയാകെ മാറിയിരിക്കുന്നു. ചെറുവഞ്ചികളിൽ തണ്ടുവലിച്ചിരുന്നതിനുപകരം യമഹ എഞ്ചിൻ ഘടിപ്പിച്ച വലിയ വള്ളങ്ങൾ വന്നു. ഒരു വള്ളത്തിൽ 20 മുതൽ 50 പേർവരെ ജോലിചെയ്യുന്നു. ചെറുതും വലുതുമായ എല്ലാ വഞ്ചികൾക്കും എഞ്ചിൻ ഘടിപ്പിച്ചു കഴിഞ്ഞു. എന്നാൽ മത്സ്യ ലഭ്യതകുറഞ്ഞു. പരമ്പരാഗതമായി മത്സ്യം പിടിക്കുമ്പോൾ മീൻ പെലപ്പുകൾ എല്ലാവർക്കും പിടിക്കാനായപ്പോൾ വള്ളക്കാർ സ്വന്തമായിതന്നെ മീൻ പെലപ്പുകൾ പിടിച്ചെടുത്തു. വലകൾ നൈലോൺ കൊണ്ടു നിർമ്മിച്ചവ മാർക്കറ്റിൽ നിന്നുവാങ്ങി ഉപയോഗിക്കുന്നു. വലിയമത്സ്യക്കൂട്ടങ്ങൾ തീരത്തെത്തിയിരുന്നത് ഇപ്പോൾ കാണുന്നില്ല. പുറം കടലിൽ വെച്ചുതന്നെ മത്സ്യക്കൂട്ടങ്ങൾ കണ്ടെത്തി പിടിക്കുന്നത് ഇതിനു കാരണമാണ്. അടക്കം കൊല്ലികൾ എന്നറിയപ്പെടുന്ന ബോട്ടുകളുടെ മത്സ്യബന്ധനം തീരത്തെയാകെ വറുതിയിലാഴ്ത്തുന്നു. വീണ്ടും വള

രുന്നതിനുവെണ്ടത്ര തീരദേശമത്സ്യങ്ങൾ പോലും പിടിക്കാതെ വരുന്നില്ലെന്നു കരുതണം. കക്ക (ഭക്ഷണത്തിനും വളത്തിനും) ഞണ്ടുകൾ തുടങ്ങിയവയും കടലിൽ നിന്നും പുഴയിൽ നിന്നുമായി ലഭിച്ചിരുന്നു.

മത്സ്യബന്ധനരംഗത്ത് സമീപകാലത്ത് ദ്രുതഗതിയിലുള്ള മാറ്റങ്ങൾ ദൃശ്യമാണ്. യന്ത്രവൽകൃത രീതിവന്നു. വലിയ വള്ളങ്ങൾ ഫൈബർ ബോട്ടുകൾ എന്നിവയും വന്നു. ബോട്ടുകൾ തീരദേശത്തുവരെ മത്സ്യം പിടിക്കുന്നു. കാലവർഷാരംഭത്തിലെ നിരോധനം പര്യാപ്തമല്ല. ആധുനികരീതികൾ തൊഴിലാളികളുടെ അദ്ധ്വാനഭാരം നിർണാകമായി കുറച്ചിട്ടുണ്ട്.

ഉൾനാടൻ ശുദ്ധ മത്സ്യശേഖരം തന്നെ ശോഷിച്ചിരിക്കുന്നു. അവശേഷിക്കുന്നവയെ മത്സ്യരോഗം ബാധിക്കുന്നതായും കണ്ടുവരുന്നുണ്ട്. ജലാശയങ്ങൾ തൂർത്തത് മത്സ്യലഭ്യതയെ മോശമായി ബാധിച്ചു. പുതിയ ഇനം മത്സ്യങ്ങൾ വളർത്തുന്നത് പ്രചരിച്ചുവരുന്നുണ്ട്. ജലാശയങ്ങൾ മത്സ്യം വളർത്തുന്നതിന് ഉപകരിക്കുന്നതായി കാണുന്നില്ല. മത്സ്യഫെഡ് ഓഫീസ് കൈതക്കൽ പ്രവർത്തിക്കുന്നു. ചേറ്റുവ - ചാപള്ളിപ്പുറം മത്സ്യ വ്യവസായ സഹകരണസംഘവും പ്രവർത്തിക്കുന്നു. പരമ്പരാഗതവ്യവസായത്തിന്റെ ആധുനികവൽക്കരണത്തിൽ ഈ ഏജൻസികൾ സജീവമാണ്. വഞ്ചിയും വലയും ലഭ്യമാക്കുന്നുണ്ട്. എഞ്ചിനുള്ള മണ്ണെണ്ണ ആവശ്യത്തിന് റേഷൻ വഴി ലഭിക്കുന്നില്ല. അപകട ധനസഹായം, പെൻഷൻപദ്ധതി, കുടുംബങ്ങളെ തൊഴിലിൽ ഏർപ്പെടാൻ സഹായിക്കൽ, വിപുലമായ ഭവനിർമ്മാണപദ്ധതി തുങ്ങി ഈ മേഖലയിൽ സർക്കാർ ഏജൻസികൾ സജീവമാണ്. ആനുകൂല്യങ്ങളും സഹായങ്ങളും യഥാർത്ഥ അവകാശികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഉപകരണം വാങ്ങുന്നതിനും ചികിത്സക്കും മറ്റും സഹായിക്കുന്ന സൗത്ത് മുക്കുവ സഹകരണസംഘം ചെറിയതോതിൽ പ്രവർത്തിക്കുന്നു.

28 വർഷംമുമ്പ് നീണ്ട ചാകര ഈ പ്രദേശത്ത് ഉണ്ടായിരുന്നു. ഇതിനോടനുബന്ധിച്ച വിപണസൗകര്യങ്ങൾ പിന്നീട് അപ്രത്യക്ഷമായി. മത്സ്യസംസ്കരണത്തിന്റെ പ്രാദേശികമാർഗ്ഗങ്ങളും തൊഴിലും അപ്രത്യക്ഷമായി. ഇന്ന് മത്സ്യം മുഴുവനും ഭക്ഷണാവശ്യത്തിന് വിറ്റഴിക്കുകയോ കയറ്റിക്കൊണ്ടുപോവുകയോ ചെയ്യുന്നു.

ഒരു ശുദ്ധജല മത്സ്യഹാച്ചറിയുണ്ട്. ആധുനികമായ ഒരു ചെമ്മീൻ ഹാച്ചറി പണിതീർന്നുവരുന്നു.

**പ്രശ്നങ്ങൾ**

1. കടൽ മത്സ്യലഭ്യത കുറഞ്ഞിരിക്കുന്നു. ഇത് ഭാഗികമായി തൊഴിലില്ലായ്മയുണ്ടാകുന്നു.
2. തീരത്ത് ഗൈഡ് ലൈറ്റ് ഇല്ല.
3. മത്സ്യവിപണനകേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുന്നില്ല.
4. ഉൾനാടൻ മത്സ്യകൃഷി സാധ്യത ഉപയോഗിക്കുന്നില്ല.
5. മത്സ്യരോഗം വരുന്നു.
6. ഐസ്പ്ലാൻറും അനുബന്ധന സൗകര്യങ്ങളുമില്ല.
7. അഭ്യസ്തവിദ്യർക്ക് തൊഴിൽ താല്പര്യം കുറഞ്ഞുവരുന്നു.

**സാധ്യതകൾ**

1. ഉൾനാടൻ ജലസംഭരണികളെ സമഗ്രമായി ഉപയോഗപ്പെടുത്തുന്ന ശുദ്ധജലമത്സ്യകൃഷി നടത്തുന്നതിനു കഴിയും. (നാടൻ ഇനങ്ങൾ സംരക്ഷിക്കണം).
2. കടൽമത്സ്യങ്ങളുടെ പ്രജനനത്തിനും വളർച്ചക്കും ശാസത്രീയ പഠനത്തിലൂടെ സാഹചര്യം സൃഷ്ടിക്കാനാവും.
3. പുഴയോരത്ത് വ്യാപകമായി ചെമ്മീനും മറ്റു മത്സ്യങ്ങളും കൃഷിചെയ്യാം. മീൻ വളപ്പുകൾ മികച്ച സാദ്ധ്യതയാണ്.
4. മത്സ്യാഹാരമായി വളം നിർമ്മിക്കുന്നതിന് സാങ്കേതിക സാമ്പത്തികസഹായം നൽകി ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിക്കണം.
5. തീരദേശകടലിൽ കക്ക, കടുക്ക തുടങ്ങിയവ കൃഷിചെയ്യുന്നതിന് സാദ്ധ്യതകളാരായാം.
6. മത്സ്യബന്ധനം ഒരു ആധുനിക വ്യവസായമായി മാറിക്കൊണ്ടിരിക്കുന്ന സ്ഥിതിയിൽ അഭ്യസ്ഥവിദ്യർക്ക് ഈ മേഖലയിൽ കടന്ന്വന്ന് വികസനപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്.

# വ്യവസായം

തളിക്കുളം ഗ്രാമപഞ്ചായത്തിൻെറ വ്യവസായിക വികസനചരിത്രത്തെകുറിച്ചുള്ള ആധികാരിക രേഖകളൊന്നും ഇന്ന് ലഭ്യമല്ല. സംസ്ഥാനത്തിൻേറയും ജില്ലയുടേയും വ്യവസായിക ഭൂപടത്തിൽ അർഹമായ സ്ഥാനം ലഭിക്കാതെ പോയ അപൂർവ്വം ചില ഗ്രാമ പഞ്ചായത്തുകളിൽ ഒന്നാണ് തളിക്കുളം. അതിന് ഉപോൽബലകമായ വസ്തുതകൾ ഈ ആസൂത്രണ പ്രക്രിയയുടെ ഭാഗമായി വിലയിരുത്തുന്നത് അനിവാര്യമാണ്. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം മൊത്തത്തിൽ ഇന്ത്യയിലും ഭാഗികമായി കേരളത്തിലും ഉണ്ടായ വ്യവസായിക വളർച്ചയുമായി ഗ്രാമപഞ്ചായത്തിൻെറ വളർച്ച തുലനം ചെയ്യുമ്പോൾ ലഭിക്കുന്ന ചിത്രം തീരെ ആശാവഹമല്ല.

സംസ്ഥാനത്തിൻെറ കായലോരങ്ങളിലും കടൽ തീരങ്ങളിലും നിലനിന്നിരുന്ന പരമ്പരാഗത വ്യവസായങ്ങൾ തന്നെയാണ് ഇവിടെയും നിലനിന്നിരുന്നത്. ഇവ കുടിൽ വ്യവസായങ്ങളായി തന്നെ നിൽക്കുകയും പിന്നീടുണ്ടായ സാമ്പത്തിക സാമൂഹിക മാറ്റങ്ങളിൽ വളർച്ച മുരടിക്കുകയുമാണ് ഉണ്ടായത്. പഞ്ചവത്സര പദ്ധതികൾ പലത് കഴിഞ്ഞെങ്കിലും നമ്മുടെ വ്യവസായ മേഖലയിൽ കാര്യമായ ഒരു ചലനവും അവ സൃഷ്ടിച്ചില്ല.

ഭൂമിശാസ്ത്രപരമായ കിടപ്പാണ് ഒരു പരിധിവരെ ഈ പിന്നോക്കാവസ്ഥയ്ക്ക് കാരണം. ബ്രിട്ടീഷ് ഇന്ത്യയിൽ മലബാറിൻെറ ഭാഗമായ ഈ പ്രദേശത്തേക്ക് കരമാർഗ്ഗം ഗതാഗത സൗകര്യങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അടുത്ത വ്യവസായിക കേന്ദ്രമായ കൊച്ചിയുമായി ബന്ധപ്പെടുവാൻ മുഖ്യമായും ആശ്രയിച്ചിരുന്നത് ജല ഗതാഗതത്തെയാണ്. അടുത്ത പഞ്ചായത്തുകളായ നാട്ടിക, വാടാനപ്പിള്ളി എന്നിവയിൽ കനോലികനാലിന് കുറുകെ പാലങ്ങൾ നിർമ്മിച്ചതിനുശേഷം ഗതാഗതസൗകര്യം ഒരു പരിധിവരെ മെച്ചപ്പെട്ടു. എന്നാൽ പിൽക്കാലത്ത് കോട്ടപ്പുറം, ചേറ്റുവ പാലങ്ങളുടെ നിർമ്മാണത്തോടുകൂടി ഗതാഗതപ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടു. ആധുനിക വ്യവസായ വളർച്ചയുടെ മുഖ്യഘടകമായ വൈദ്യുതി ഇവിടെ ലഭ്യമായതം എഴുപതുകൾമുതലാണ്. വിദ്യാഭ്യാസ പരമായും വളരെ പിന്നോക്കാവസ്ഥയിലായിരുന്നു ഈ പ്രദേശം. അറുപതുകളിൽ നിലവിൽവന്ന തളിക്കുളം ഗവൺമെൻറ് ഹൈസ്ക്കൂൾ, വലപ്പാട് ശ്രീരാമ പോളിടെക്നിക്ക് എന്നിവ വിദ്യാഭ്യാസരംഗത്ത് ഒരു പുത്തനുണർവ് സൃഷ്ടിച്ചു. ഇപ്പോൾ വ്യവസായ വളർച്ചയ്ക്കുതകുന്ന അടിസ്ഥാനസൗകര്യങ്ങൾ വാർത്താവിനിമയടക്കം എല്ലാം ലഭ്യമാണെങ്കിലും, ഈ സാഹചര്യങ്ങളെ ചൂഷണം ചെയ്യാനുള്ള പ്രവണതകളൊന്നും വ്യവസായിക രംഗത്ത് ഉണ്ടായിട്ടില്ല.

ഇവിടെ നിലനിന്നിരുന്ന പരമ്പരാഗത വ്യവസായങ്ങൾ താഴെ പറയുന്നവയാണ്.

(1) പായനെയ്ത്ത്

(2) കൊട്ടനെയ്ത്ത്

(3) കയർ

(4) ഇത്തിൾചൂള

(5) കളിമൺ ഇഷ്ടിക

(6) എണ്ണയാട്ട്

(7) മത്സ്യസംസ്ക്കരണ കേന്ദ്രം (ചാപ്പ)

(8) ബീഡി

(9) കൈത്തറി

(10) പപ്പടം.

മേൽപറഞ്ഞവയിൽ പ്രധാന ഇനങ്ങളായ പായനെയ്ത്ത്, കൊട്ടനെയ്ത്ത് എന്നിവ നശിക്കാനുണ്ടായ കാരണം അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യമാണ്. ജനസാന്ദ്രതയേറിയതുമൂലം താമസസൗകര്യത്തിനുവേണ്ടി കൃഷിഭൂമികളും തോടുകളും നികത്തുകയും ഗതാഗതസൗകര്യത്തിനുവേണ്ടി പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്തതിൻെറ ഫലമായി കൈത, മുള എന്നിവ കാര്യമായി വെട്ടി നശിപ്പിക്കപ്പെട്ടു.

കയർ നിർമ്മാണത്തിൻെറ അസംസ്കൃതവസ്തുവായ ചകിരി കയർബോഡിൻെറ കീഴിലുള്ള സഹകരണസംഘത്തിൻെറ കുത്തകസംഭരണത്തിലാക്കുകയുണ്ടായി. അക്കാലത്ത് ചകിരിമൂടിയിരുന്ന സ്വകാര്യ വ്യക്തികൾക്ക് ഉല്പന്നം ലഭിക്കാതെ വരുന്നു. ആ മേഖലയിലുള്ള തൊഴിലാളികൾ മറ്റുമേഖലകൾ തേടി പോയി. പിൽക്കാലത്ത് ഈ സഹകരണ

സംഘങ്ങൾ ശിഥിലമാകുകയും ചകിരി വിറകായി പ്രധാനമായും ഇപ്പോൾ ഉപയോഗിച്ചു വരികയും ചെയ്യുന്നു.

ഇത്തിൽ ചൂളയുടെ തകർച്ചയ്ക്ക് പ്രധാന കാരണം പരിസ്ഥിതിമലിനീകരണമാണ്. കളിമൺ ഇഷ്ടികവ്യവസായത്തിൻെറ തകർച്ചയ്ക്ക് നിദാനം അസംസ്കൃതവസ്തുവിൻെറ അപര്യാപ്തതയാണ്. പരമ്പരാഗത രീതിയിലുള്ള എണ്ണയാട്ട് വ്യവസായത്തിൻേറ തായ്‌വേര് യന്ത്രവത്കരണത്തിൻെറ ഭാഗമായി നാമാവശേഷമായി.

മത്സ്യസംസ്കരണ വ്യവസായത്തിൻെ (ചാപ്പയുടെ) പ്രവർത്തനം മന്ദീഭവിക്കുവാനുള്ള പ്രധാന കാരണം തീരപ്രദേശങ്ങളിലെ പ്രാദേശിക മത്സ്യസമ്പത്തിൻെറ കുറവും ഐസ് ഫാക്ടറികളുടെ വളർച്ചയുമാണ്.

ബീഡിവ്യവസായത്തിൽ ജോലിചെയ്തിരുന്ന പുരുഷതൊഴിലാളികൾ വേതന കൂടുതലുള്ള പുതിയ തൊഴിൽ മേഖലകൾ തേടി പോകുകയും കൂടുതൽ സ്ത്രീതൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നുവരികയും ചെയ്തു.

പാമ്പരാഗത കുടിൽ വ്യവസായങ്ങളിലൊന്നായ കൈത്തറി ആധുനിക വസ്ത്രവ്യവസായത്തിൻേറ വളർച്ചയുടെ ഫലമായി നാമാവശേഷമായി. അത്ഭുതമെന്നുപറയട്ടെ പപ്പടവ്യവസായം ഇന്നും ഒരു കുടിൽ വ്യവസായമായി നിലനിൽക്കുന്നു.

താഴെ പറയുന്നവയാണ് ഇപ്പോൾ നിലനിൽക്കുന്ന വ്യവസായങ്ങൾ. Refer chart A

A

**പരമ്പരാഗതവ്യവസായം**


| വ്യവസായം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|
| | സ്ത്രീകൾ | പുരുഷന്മാർ | ആകെ | |
| കുടിൽ 12 | 57 | 11 | 68 | 12.29% |
| ചെറുകിട 14 | 346 | 22 | 368 | 66.55% |
| ഫാക്ടറി | – | – | – | – |

**ആധുനിക വ്യവസായം**

| | | | | |
|---|---|---|---|---|
| ചെറുകിട 20 | 47 | 70 | 117 | 21.16 |
| ഫാക്ടറി | – | – | – | – |
| 46 | 450 | 103 | 553 | 100 |
| % | 81.37 | 18.63 | | |

അവലംബം - സംരംഭകരിൽനിന്ന് നേരിട്ട് ലഭിച്ച വിവരങ്ങൾ


**ഗ്രാമപഞ്ചായത്തിലെ വ്യവസായങ്ങൾ**




**ഗ്രാമപഞ്ചായത്തിലെ ഇനം തിരിച്ചുള്ള വ്യവസായങ്ങൾ**




**തൊഴിലാളികളുടെ സ്ത്രീ-പുരുഷ ആനുപാതം**




പരമ്പരാഗതവ്യവസായങ്ങളിൽ പന്ത്രണ്ട് കുടിൽ വ്യവസായങ്ങളും പതിനാല് ചെറുകിട വ്യവസായങ്ങളുമുണ്ട്. കുടിൽ വ്യവസായങ്ങളിൽ ബേക്കറി, പപ്പടനിർമ്മാണം, കയർ, പായനെയ്ത്ത്,

കൊട്ടനെയ്ത്ത് തുടങ്ങിയവയാണ്. പരമ്പരാഗത തൊഴിലിനോടു ബന്ധപ്പെട്ടും സ്വയം തൊഴിലിൻെറ ഭാഗമായും മുകളിൽ പറഞ്ഞ വ്യവസായങ്ങൾ തുടർന്നുവരുന്നു. ഇവയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ഉപജീവനത്തിനുവേണ്ടിയുള്ള ഒരു മാർഗ്ഗമായി മാത്രമേ ഈ കിടിൽ വ്യവസായങ്ങളെ കണക്കാക്കാൻ സാധിക്കൂ. ഇതിൽ ഏതാനും ചില യൂണിറ്റുകൾ ഗവൺമെൻറിൻെറ ധനസഹായത്തോടെ (പലിശയില്ലാത്ത ലോൺ, സബ്സിഡിയുള്ള ലോൺ, ബാങ്ക് ലോൺ) നടത്തി വരുന്നവയാണ്. അറുപത്തെട്ടുപേർ ജോലി ചെയ്യുന്ന ഈ മേഖലയിൽ മൊത്തം വാർഷിക വിറ്റുവരവ് ഏകദേശം പതിനഞ്ചുലക്ഷം രൂപ വരും. വ്യക്തമായ കണക്കുകളൊന്നും ഈ മേഖലയിൽ നിന്ന് ലഭ്യമല്ല.

ചെറുകിട വ്യവസായങ്ങൾ ബീഡി, കൊപ്രസംസ്കരണം, കൈത്തറി തുടങ്ങിയവയാണ്. മുന്നൂറ്റി അറുപത്തെട്ടുപേർ ജോലി ചെയ്യുന്ന ഈ മേഖലയിൽ തൊണ്ണൂറ്റിയഞ്ചുശതമാനത്തോളം പേർ സ്ത്രീകളാണ്. അവരിൽ ഭൂരിഭാഗവും ബിഡിതൊഴിലാളികളാണ്. ഏകദേശം മുപ്പത്തിയഞ്ചു രൂപയാണ് ഇവരുടെ ദിവസ വരുമാനം. ഈ മേഖലയിൽ മൊത്തം വാർഷികവിറ്റുവരവ് ഏകദേശം ഇരുപത്തിയൊന്ന് ലക്ഷം രൂപ വരും. മറ്റൊരു പ്രധാന വ്യവസായമായ കൊപ്രസംസ്കരണത്തിൻെറ മൊത്തം വാർഷിക വിറ്റുവരവ് രണ്ടുകോടി രൂപയാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് ആകെ 4 തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. സ്ഥാപനത്തിൻെറ ലാഭനഷ്ടങ്ങളെ കുറിച്ച് വ്യക്തമായ കണക്കുകളൊന്നും ലഭ്യമല്ല.

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിലെ ഏക വ്യവസായ സ്ഥാപനമാണ് തളിക്കുളം ഹരിജൻ കൈത്തറി നെയ്ത്തു വ്യവസായ സഹകരണ സംഘം. ഇത് പൂർണ്ണമായും പട്ടികജാതിക്കാർക്ക് വേണ്ടി സംവരണം ചെയ്തിട്ടുള്ള സ്ഥാപനമാണ്. പതിനാറ് സ്ത്രീ തൊഴിലാളികളാണ് ഇപ്പോൾ ഇവിടെ ജോലി ചെയ്യുന്നത്. കഴിഞ്ഞ രണ്ടുവർഷമായി ശരിയായ പ്രവർത്തനം നടക്കുന്നില്ല. സാമ്പത്തിക ക്രമക്കേടും നല്ല മാനേജ്മെൻറിൻെറ അപര്യാപ്തതയുമാണ് മുഖ്യമായ കാരണങ്ങൾ. നല്ല വിപണന സാധ്യതയുള്ള ഉല്പന്നങ്ങളാണ് ഇവിടെ നിർമ്മിക്കുന്നത്. ഏകദേശം മുപ്പത് ലക്ഷം രൂപ വിലമതിക്കുന്ന സ്ഥാവരജംഗമവസ്തുക്കൾ ഈ സ്ഥാപനത്തിൻേറതായിട്ടുണ്ട്. കാര്യമായ ലോണുകളൊന്നും തിരിച്ചടക്കാനില്ല. തിരഞ്ഞെടുത്ത ഒരു ഭരണസമിതിയുടെ കിഴിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇവിടെ അമ്പതോളം സ്ത്രീകൾക്ക് ട്രെയിനിംഗ് കൊടുക്കുവാനുള്ള സൗകര്യങ്ങളുണ്ടെങ്കിലും അത് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

നിലവിലുള്ള ആധുനികവ്യവസായങ്ങളിൽ മുഖ്യമായവ ചെറുകിട വ്യവസായങ്ങളാണ് അവയിൽ പ്രധാനമായവ ഇലക്ട്രോണിക് ചോക്ക്, ഫർണീച്ചർ, സ്ക്രീൻ പ്രിൻറംഗ്, കോൺക്രീറ്റ് ഉല്പന്നങ്ങൾ, ചകിരി ഫൈബർ നിർമമ്മാണം, ഐസ് ഫാക്ടറി, സോഡാ ഫാക്ടറി എന്നിവയാണ്.

ചെറുകിട വ്യവസായങ്ങളിൽ ഒന്നായ ഇലക്ട്രോണിക് ചോക്ക് നിർമ്മാണത്തിൽ ഒമ്പത് സ്ത്രീകളും ആറു പുരുഷൻമാരും ജോലി ചെയ്യുന്നു. കേരളം മുഴുവൻ വിതരണ ശ്രംഖലയുള്ള ടെലിഡയൻ എന്ന ഈ സ്ഥാപനത്തിൻെറ വാർഷിക വിറ്റുവരവ് പതിനാറ് ലക്ഷം രൂപയാണ്. ഇതിൻെറ ഉല്പാദനത്തിനുവേണ്ട അസംസ്കൃതവസ്തുക്കൾ പ്രധാനമായും ഡൽഹി, ബാംഗ്ളൂർ എന്നിവിടങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. അമ്പതിനായിരം രൂപ ബാങ്ക് ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൻെറ പ്രവർത്തന മൂലധനം മൂന്നരലക്ഷം രൂപയാണ്. സബ്സിഡിയായി ഒന്നും തന്നെ ലഭിച്ചിട്ടില്ല. ലാഭനഷ്ടങ്ങളെ കുറിച്ചുള്ള വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

ചകിരി അസംസ്കൃതവസ്തുവായി ഉപയോഗിച്ച് ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്ന ചകിരി ഫൈബർ നിർമ്മാണശാലയായ വാലത്ത് ഫൈബർ ഇൻഡസ്ട്രീസിൻെറ വാർഷികവിറ്റുവരവ് പത്ത് ലക്ഷം രൂപയാണ്. സ്ത്രീ തൊഴിലാളികൾക്ക് പ്രാമുഖ്യമുള്ള ഈ സ്ഥാപനത്തിൽ ഇരുപത് സ്ത്രീകളെ കൂടാതെ ആറ് പുരുൻമാരുണ്ട് ഇവരിൽ സ്ത്രീകളുടെ ദിവസക്കൂലി മുപ്പത്തിയഞ്ച് രൂപ.ആണ്. 1994-ൽ പ്രവർത്തനമാരംഭിച്ച് ഈ സ്ഥാപനം ഇന്ന് നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രാദേശികമായി അസംസ്കൃതവസ്തുക്കൾ സംഭരിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൻെറ പ്രധാന വിപണനമേഖല കായംകുളമാണ്. ഈ വ്യവസായത്തിൻെറ ഉപോൽപന്നമായ ചകിരിചോറ് ചോറിയതോതിൽ പരിസരമലിനീകരണം സൃഷ്ടിക്കുന്നു.

പഞ്ചായത്തിലെ ഏക ഐസ് നിർമ്മാണശാലയായ ഹൈവേ ഐസ് ഫാക്ടറി ആരംഭിക്കുന്നത് 1992 ലാണ്. പ്രതിദിനം 200 ടൺ ഐസ് ഉൽപാദനശേഷിയുള്ള ഈ സ്ഥാപനത്തിൽ മൂന്ന് തൊഴിലാളികളുണ്ട്. മൊത്തം ഉല്പാദനം പ്രാദേശികമായി തന്നെ മൽസ്യ ഉല്പാദനവുമായി ബന്ധപ്പെട്ട്

വിറ്റഴിക്കാൻ കഴിയുന്നുണ്ട്. ഏകദേശം 5 ലക്ഷം രൂപ വാർഷിക വിറ്റു വരവുള്ള ഈ സ്ഥാപനത്തിന് 25,000 രൂപ സബ്സിഡി ലഭിച്ചിട്ടുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനം പ്രതിക്ഷിക്കുന്ന മറ്റു ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രധാന വിപണന കേന്ദ്രം പ്രാദേശിക മാർക്കറ്റു തന്നെ. ഇവയ്ക്കുവേണ്ട അസംസ്കൃത ഉല്പന്നങ്ങളായ മരം, സിമൻറ്, പെയിൻറ് എന്നിവ സംസ്ഥാനത്തിൻെറ വിവിദഭാഗങ്ങളിൽ നിന്ന് കൊണ്ടുവരുന്നു. ഇവരുടെ പ്രവർത്തനം ആശാവഹമായി മുന്നോട്ടുപാകുന്നുണ്ട്. സ്വകാര്യമേഖലയിലുള്ള ഈ സംരംഭകരുടെ പ്രവർത്തന മൂലധനം പ്രധാനമായും ബാങ്ക് വായ്പകളെ ആശ്രയിച്ചിരിക്കുന്നു.

മേൽപറഞ്ഞ വ്യവസായങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ കണക്കുകൾ ജനസംഖ്യാനുപാതികമായി താഴെ കൊടുക്കുന്നു.

| | സ്ത്രീ | പു | ആകെ |
|---|---|---|---|
| പഞ്ചായത്തിലെ മൊത്തം ജനസംഖ്യ | 12035 | 10456 | 22491 |
| വ്യവസായിക തൊഴിലാളികൾ | 450 | 103 | 553 |
| ശതമാനം (%) | 3.74 | 0.98 | 2.46 |

*അവലംബം*

- *1991ലെ സെൻസസ്*
- *സംരംഭകരിൽനിന്ന് നേരിട്ട് ലഭിച്ചവിവരങ്ങൾ*

കൊപ്ര സംരഭകർക്കും ചകിരി മൂടുന്നവർക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല. പരമ്പരാഗത മേഖലയിൽ ഇപ്പോൾ പുതിയ തൊഴിലാളികൾ കടന്നുവരുന്നില്ലെന്നത് ഇന്നൊരു വലിയ. പ്രശ്നമായി അവശേഷിക്കുന്നു. പുതിയ വിപണനമേഖലകൾ കണ്ടെത്താനുള്ള പ്രയാസവും ആധുനിക യന്ത്രസാമഗ്രികളെ കിറിച്ചുള്ള അജ്ഞതയും സംരംഭകർ നേരിടുന്ന പ്രശ്നങ്ങളാണ്. മറ്റു പ്രശ്നങ്ങൾ പ്രധാനമായവ താഴെ കൊടുക്കുന്നു.

1. ഗവൺമെൻറ് ഏജൻസികളുടെ സഹകരണ കുറവ്

2. പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തത

ഇന്ന് വ്യവസായ മേഖലയിലെ പ്രവണതകൾ വിശകലനം ചെയ്യുമ്പോൾ പല സാധ്യതകളും തെളിഞ്ഞുകാണുന്നുണ്ട്. വ്യവസായങ്ങളുടെ വളർച്ചയ്ക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാണ്. പരമ്പരാഗതവ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള സാധ്യതകൾ തള്ളിക്കളയാനാവില്ല. ചകിരി (കയർ), കൈതോല, മൽസ്യം എന്നിവ അസംസ്കൃതസാധനങ്ങളായി ഉപയോഗിക്കാവുന്നതാണ്. കൊല്ലം മാതൃകയിലുള്ള ഇൻഫർമേഷൻ സെൻററുകൾ ജില്ലാതലത്തിൽ ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനുവേണ്ടി ഗവൺമെൻറ് തലത്തിൻ രൂപപ്പെടുത്തേണ്ടതാണ്. കൂടാതെ സ്ഥലപരിമിതി പരിഹരിക്കുന്നതിനുവേണ്ടി ക്ളസ്റ്റർ ബെയ്സ്ഡ് സംവിധാനം പ്രോൽസാഹിപ്പിക്കും. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുകയും അവയിൽ മൊഡ്യൂൾ സമ്പ്രദായം ഏർപ്പെടുത്തുകയയും ആവാം. മാനേജ്മെൻറ് വൈദഗ്ധ്യവും സ്വന്തമായ സ്ഥലവും ഉള്ളവർക്ക് ആനുപാതികമായി കുറഞ്ഞ പലിശയിൽ കൂടുതൽ ലോണുകൾ കൊടുക്കാനുള്ള പദ്ധതി ആവിഷ്കരിക്കാം. ഗൾഫ് മലയാളികളെ മുതൽമുടക്കുവാൻ പ്രേരിപ്പിക്കണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വിദഗ്ദ സമിതി രൂപീകരിക്കുകയും സംരംഭകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനോടൊപ്പം തന്നെ നല്ല മാനേജ്മെൻറിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, ഗവൺമെൻറ് ഏജൻസികളുമായി ബന്ധപ്പെട്ട് ലോണുകൾ, സബ്സിഡികൾ എന്നിവ ലഭ്യമാക്കുകയും വേണം. അതോടൊപ്പം തന്നെ ഉല്പാദന ക്ഷമത ഉറപ്പുവരുത്തുക, ലോണുകൾ യഥാസമയങ്ങളിൽ തിരിച്ചടയ്ക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ പരിശോധിക്കുക എന്നിവയും ഈ വിദഗ്ദ്ധ സമിതിയുടെ പ്രവർത്തന പരിധിയിൽ അവശ്യം ഉലഉൾപ്പെടുത്തേണ്ടതാണ്. കൃഷി ആസൂത്രണത്തിൻെറ ഭാഗമായി വ്യവസായ ഉല്പാദനത്തിൻെറ അവിഭാജ്യ ഘടകമായ ചില ജൈവസമ്പത്തുക്കളുടെ (കൈത,മുള മുതലായവ) നശീകരണം തടയുകയും, ഔഷധസസ്യങ്ങൾ, പഴർഗ്ഗങ്ങൾ എന്നിവ ഊർജ്ജിതകൃഷിയായി പ്രോത്സാഹിപ്പിക്കുന്നതും നന്നായിരിയ്ക്കും.

തൊഴിലാളികൾക്ക് മാനേജ്മെൻറിൽ അർഹമായ പങ്കാളിത്തം നൽകാൻ കഴിയണം. അവരുടെ തൊഴിലിനെക്കുറിച്ച് അഭിമാനം തോന്നത്തക്കവിധത്തിൽ ബോധവൽക്കരണം നടത്തുകയും ആകാം. വിദഗ്ദ്ധ-അവിദഗ്ദ്ധ തൊഴിലാളിക്ക് അവരവരുടെ

തൊഴിൽ മേഖലകളിൽ ആവശ്യമായ പരിശീലനങ്ങൾ കാലാകാലങ്ങളിൽ കൊടുത്ത് ആധുനിക ഉപകരണങ്ങളെ കുറിച്ചുള്ള അറിവും പരിചയവും വർധിപ്പിക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്നവരെയും തുടർവിദ്യാഭ്യാസത്തിന് ശേഷിയില്ലാത്തവരെയയും കണ്ടത്തി അടിസ്ഥാനമേഖലയിൽ ഉള്ള തൊഴിലുകൾക്ക് വേണ്ടി പരിശീലിപ്പിയ്ക്കാം. തൊഴലാളി യൂണിയനുകൾക്കും സന്നദ്ധസംഘടനകൾക്കും ഈ പ്രവർത്തനത്തിൽ സജീവപങ്കാളിത്തം നൽകാനാകും. അടിസ്ഥാന തൊഴിൽ പരിചയവും ആരോഗ്യവുമുള്ള ഒരു തൊഴിലാളി സമൂഹം വ്യവസായ വളർച്ചയുടെ അവിഭാജ്യ ഘടകമാണ്.

വ്യവസായങ്ങൾ തുടങ്ങാനുള്ള ചില നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ താഴെ കൊടുക്കുന്നു.

1. പീഡിത വ്യവസായമായ കൈത്തറി സഹകരണസംഘത്തെ പുനർജ്ജീവിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ.

എ. പുതിയ മെമ്പർഷിപ്പ് നൽകൽ - യഥാർത്ഥതൊഴിൽ വാസനയുള്ളവരെയും വിദ്യാഭ്യാസ യോഗ്യതയുള്ള ചിലരെയും ചേർക്കുക.

ബി. സർക്കാർ ധനസഹായം.- ഷേയർ ക്യാപിറ്റൽ, (ഗ്രാൻറ്) ലോൺ മുതലായവ.

സി. ഭരണസമിതി പുനസംഘടിപ്പിക്കുക. ജനറൽ ബോഡി വിളിച്ചുകൂട്ടണം.

ഡി. ഹാൻറ്ടെക്സുമായി ബന്ധപ്പെട്ട് പുതിയ വിപണനമേഖലകൾ കണ്ടെത്തുകയും ആവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുകയും ചെയ്യുക.

ഇ. ഒരു പെയ്ഡ് സെക്രട്ടറിയെ നിയമിക്കുക.

എഫ്. ഇപ്പോഴുള്ള സ്ഥലസൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഈ യൂണിറ്റിൽ തന്നെ പുതിയ ചില സംരഭങ്ങൾ തുടങ്ങാം.

ജി. കൂടുതൽ പേർക്ക് പരിശീലനം കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

എച്ച്. ആവശ്യമെങ്കിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക.

ഐ. കൂടുതൽ പേർക്ക് പൊഴിൽ നൽകാനും ഉല്പാദനം വർദ്ധിപ്പിക്കാനും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്താവുന്നതാണ്. (ഇപ്പോൾ ഏകദേശം 40 പേർക്ക് തൊഴിലും 50 പേർക്ക് ട്രെയിനിംഗും ഒരേ സമയം കൊടുക്കാവുന്ന സ്ഥാപനമാണ്.)

**2.0 ആധുനിക വ്യവസായങ്ങൾ**

**എ. റെഡിമെയ്ഡ് വ്യവസായം (റെഡിമെയ്ഡ് ഗാർമെൻറ്സ്)**

ഒരു ക്ളസ്റ്റർ ബെയ്സ്ഡ് യൂണിറ്റ് തുടങ്ങാം. കൂടുതൽ മുതൽമുടക്കില്ലാതെ വളരെയധികം പേർക്ക് തൊഴിൽ നൽകാനുള്ള സാധ്യതയുണ്ട് പ്രത്യേകിച്ചും സ്ത്രീകൾക്ക്.

**ബി. ഇലക്ട്രിക്ക് & ഇലക്ട്രോണിക് ഉപകരണങ്ങൾ.**

സഹകരണ അടിസ്ഥാനത്തിലും, കുടിൽ വ്യവസായങ്ങളായും നടപ്പിലാക്കാവുന്നതാണ്.

a) ഇലക്ട്രോണിക് ചോക്ക് നിർമ്മാണം.

b) " സ്റ്റെബിലൈസർ നിർമ്മാണം.

c) " ഇൻവർട്ടർ

d) ഇലക്ട്രിക്കൽ മിക്സി, ഗ്രൈൻഡർ

e) കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ

**2.3 ആയുർവേദ മരുന്നു നിർമ്മാണശാല**

സഹകരണ സംഘം രൂപീകരിച്ച് നടപ്പിലാക്കാവുന്നതാണ്. (ഔഷധസസ്യങ്ങൾ കൃഷി ആസൂത്രണത്തിൻെറ ഭാഗമായി വ്യവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുക.)

**2.4 കറി പൗഡർ നിർമ്മാണം.**

ഒരു ക്ളസ്റ്റർ ബെയ്സ്ഡ് യൂണിറ്റ് തുടങ്ങിയാൽ ധാരാളം വനിതകൾക്കും ജോലി ലഭിക്കും.

**2.5 ഫർണീച്ചർ നിർമ്മാണം.**

പ്രധാനമായും തെങ്ങിൻ തടി ഉപയോഗിക്കാം. കൂടാതെ മറ്റു മരത്തടികളും ഉപയോഗിക്കാം. കരകൗശലവസ്തുക്കളുടെ നിർമ്മാണവും ഇതിനോടൊപ്പം തുടങ്ങാവുന്നതാണ്.

**2.6 ചകിരി ചോറിൽ നിന്ന് വളം നിർമ്മിക്കുന്ന വ്യവസായം.**

ഈ വ്യവസായം തുടങ്ങുന്നതിന്നുവേണ്ട സാങ്കേതിക വിവരങ്ങൾ കയർബോർഡിൽനിന്നും ലഭ്യമാണ്.

**2.7 റബ്ബർ ബെയ്സ്ഡ് ഇൻഡസ്ട്രി**

റബ്ബർ ബോർഡിൻെറ സഹകരണത്തോടുകൂടി വ്യവസായിക ആവശ്യത്തിന് ഉപയാഗിക്കാവുന്ന റബ്ബർ ഉല്പന്നങ്ങളുടെ ഉല്പാദനം.

**2.8 ഇൻഡസ്ട്രിയൽ പ്ലാസ്റ്റിക് നിർമ്മാണം.**

**2.9 കയറുല്പന്നങ്ങളുടെ നിർമ്മാണം.**

2.10 മൽസ്യസംസ്കരണം.(കോഴിത്തീറ്റ, കാലി ത്തീറ്റ നിർമ്മാണം.)

2.11 Drier ഉപയോഗിച്ച് നാളികേരം ഉണ ക്കുവാനും കൊപ്ര സംഭരിച്ച് വെളിച്ചെണ്ണ ഉല്പാദനവും വിതരണവും നടത്തുവാനും സഹകരണമേഖലയിൽ ഒരു യൂണിറ്റ്.

3.0 കുടിൽ വ്യവസായം. (eg: കേരഫെഡ്)

3.1 പായനെയ്ത്ത് (refer page)

3.2 കയർ നിർമ്മാണം.

3.3 ജാം, സ്കാഷ്, അച്ചാർ മുതലായവ

3.4 കാറ്ററിംഗ് വ്യവസായം.

3.5 നോട്ടുബുക്ക് നിർമ്മാണം.

3.6 ചന്ദനത്തിരി നിർമ്മാണം

3.7 മെഴുകുതിരി നിർമ്മാണം

3.8 കരകൗശരവസ്തു നിർമ്മാണം

ഇന്നത്തെ കമ്പോള വ്യവസ്ഥിതിയിൽ ബഹുരാഷ്ട്രകുത്തകകൾ മുതൽ ഇന്ത്യയിലെ വൻകിട, ചെറുകിട വ്യവസായ സംരഭകർ വരെയുള്ളവരുമായി വിപണിയിൽ മത്സരിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി ചില പ്രയോഗിക നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ബോധവത്കരണ കാംമ്പെയ്ൻ പഞ്ചായത്തും സന്നദ്ധസംഘടനകളും ചേർന്ന് സംഘടിപ്പിക്കണം.

2. ഓരോ പ്രദേശത്തും അവിടെതന്നെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യാനുള്ള ഒരു മാതൃകാ വിപണനകേന്ദ്രം നിർബ്ബന്ധമായും നിർമ്മിക്കണം. ഇതിന്നാവശ്യമായി ഫണ്ട് ഗവൺമെൻറിൽ നിന്നോ വിവിധ ഏജൻസികളിൽ നിന്നോ സ്വരൂപിക്കാവുന്നതാണ്.

3. ജില്ലാ അടിസ്ഥാനത്തിൽ ഉലപന്നങ്ങളെ ഉയർത്തികൊണ്ടുവരാനുള്ള പ്രദർശനങ്ങൾ സംഘടിപ്പിക്കുക.

4. വിവിധ പഞ്ചായത്തുകളിലെ ഏകീകൃത സ്വഭാവമുള്ള യൂണിറ്റുകളെ ഒന്നിച്ച് ചേർത്ത് മാർക്കറ്റിംഗ്, ക്വാളിറ്റി കൺട്രോൾ, പ്രൈസിംഗ്, എന്നിവയ്ക്ക് വേണ്ടിയുള്ള ഒരു യൂണിയൻ രൂപീകരിക്കുക. ഇതിന്നാവശ്യമായ നേതൃത്വം ജില്ലാ പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും നൽകേണ്ടതാണ്.

5. ഗ്രാമീണ ഉല്പന്നങ്ങൾക്ക് വിദേശമാർക്കറ്റിൽ വിപണി കണ്ടെത്താൻ വ്യവസായവകുപ്പിൻെറയും ജില്ലാപഞ്ചായത്തിൻെറയും ആവശ്യമായ സഹകരണം ഉറപ്പുവരുത്തുന്നത് നന്നായിരിക്കും.

സമഗ്രമായ ഒരു വ്യവസായ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുമ്പോൾ, ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച മുഴുവൻ ജനങ്ങളെയും അതിൻെറ പുരോഗതി കാലാകാലങ്ങളിൽ അറിയിക്കേണ്ടതാണ്.

# ഊർജ്ജം

നമ്മുടെ പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സ് വിറകായിരുന്നു. പാവപ്പെട്ടവർ ചവറും, ചകിരിപ്പോള തുടങ്ങിയവയും വിറകിനു പകരം ഉപയോഗിച്ചുവന്നു. ചകിരി, ചിരട്ട, ഓല എന്നിവയും മറ്റു വൃക്ഷഭാഗങ്ങളും വിറകിന്റെ പട്ടികയിൽ പെടുന്നു. മണ്ണെണ്ണ, അറക്കപ്പൊടി, വൈദ്യുതി, ഗ്യാസ്, എന്നിവ കാലക്രമേണ നമ്മുടെ ഊർജ്ജ വിഭാഗത്തിൽ ഉൾപ്പെട്ടു.

1966 - 67ൽ തളിക്കുളം പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിലും 1971 - 72ൽ തളിക്കുളം സെൻറർ പരിസരങ്ങളിലും കാട്ടൂർ ഫീഡറിൽ നിന്ന് വൈദ്യുതി ആദ്യമായി വിതരണം ചെയ്തു. ഇപ്പോൾ, തളിക്കുളം പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്നത് മണലൂർ പഞ്ചായത്തിലെ തൃക്കുന്നം 66 KV സബ് സ്റ്റേഷനിൽ നിന്ന് , പെരിങ്ങോട്ടുകര, കാട്ടൂർ, കണ്ടശ്ശാംകടവ് ഫീഡറുകളിൽ വഴിയാണ്.

ഗാർഹിക ആവശ്യത്തിനും കൃഷിക്കുമാണ് 90% പേരും വൈദ്യുതി ഉപയോഗിക്കുന്നത്. ആകെയുള്ള 5130 ഉപഭോക്താക്കളിൽ 3030 പേർ ഗാർഹിക ആവശ്യത്തിനും 1585 പേർ കൃഷിക്കും, 468 പേർ വ്യാപാരത്തിനും, 47 പേർ വ്യവസായത്തിനുമാണ് വൈദ്യുതി ഉപയോഗിക്കുന്നത്. 273 പേരുടെ അപേക്ഷകൾ ഇനിയും പരിഗണിക്കേണ്ടതുണ്ട്. തൻവർഷം 94 പേർക്ക് പുതുതായി കണക്ഷൻ നല്കിയിട്ടുണ്ട്.

പഞ്ചായത്തിലെ 5992 കെട്ടിടങ്ങളിൽ 2962 വീടുകൾക്ക് (49%) വൈദ്യുതി ലഭ്യമല്ല. കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി ഇപ്പോൾ നല്കുന്നില്ല.

വൈദ്യുതീകരിച്ച 6 കോളനികൾ പഞ്ചായത്തിലുണ്ട്.

16 എൽ.ടി. ട്രാൻസ്ഫോർമറുകളും 214 k.m. ദൈർഘ്യമുള്ള എൽ.ടി. ലൈനുകളും വൈദ്യുതി വിതരണത്തിനായി പഞ്ചായത്തിൽ ഉപയോഗിക്കുന്നു. ഇപ്പോഴും ഭൂരിഭാഗം സ്ഥലത്തും വോൾട്ടേജ് വളരെ കുറവാണ്.

**ട്രാൻസ്ഫോർമർ സ്ഥാപിച്ച സ്ഥലം**

| ക്രമനമ്പർ | കപ്പാസിറ്റി | സ്ഥലം |
|---|---|---|
| 1 | 100 KVA | പുത്തൻതോട് |
| 2 | 100 ,, | കൊപ്രക്കുളം |
| 3 | 160 ,, | തളിക്കുളം സെൻറർ |
| 4 | 100 ,, | തളിക്കുളം വെസ്റ്റ് |
| 5 | 160 ,, | കൈതക്കൽ |
| 6 | 100 ,, | കൈതക്കൽ നോർത്ത് |
| 7 | 160 ,, | നമ്പിക്കടവ് |
| 8 | 100 ,, | നമ്പിക്കവ് സൗത്ത് |
| 9 | 160 ,, | തമ്പാൻ കടവ് |
| 10 | 100 ,, | തമ്പാൻ കടവ് ഈസ്റ്റ് |
| 11 | 160 ,, | 10-ാം കല്ല് |
| 12 | 100 ,, | എടശ്ശേരി |
| 13 | 100 ,, | തൃവേണി |
| 14 | 100 ,, | പുലാമ്പുഴ |
| 15 | | പുതുക്കുളങ്ങര |
| 16 | | തളിക്കുളം നോർത്ത്എ |

പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റിന് വേണ്ടി 50 ട്യൂബും 60Wന്റെ 190 ബൾബുകളുമാണ് ഉപയോഗിക്കുന്നത്. എന്നാൽ വോൾട്ടേജ് കുറവുമൂലം ഭൂരിഭാഗം ട്യൂബുകളും പ്രകാശിക്കുന്നില്ല. കേടുവന്ന ബൾബുകൾ യഥാസമയം മാറ്റുന്ന പതിവുമില്ല. ചുരുക്കത്തിൽ, സ്ട്രീറ്റ് ലൈറ്റ് കൊണ്ടുള്ള പ്രയോജനം പൊതുജനങ്ങൾക്ക് വേണ്ടത്ര ലഭ്യമല്ല. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് 48396 ക പ്രതിവർഷം ചിലവാക്കുന്നു.

തളിക്കുളം പഞ്ചായത്തിൽ 2,000 വീടുകളിൽ ഗ്യാസ് വിതരണം ചെയ്യുന്നു. അത്ര തന്നെ അപേക്ഷകർ നിലവിലുണ്ട്. 1,54,586 ലിറ്റർ മണ്ണെണ്ണ 95 - 96ൽ ഗാർഹിക ആവശ്യത്തിനായി വിതരണം ചെയ്തിട്ടുണ്ട്. നൂറിൽ താഴെ മാത്രമേ ദക്ഷത കൂടിയ പരിഷത്ത് അടുപ്പ് ഉപയോഗിക്കുന്നവരുള്ളൂ. ബയോ ഗ്യാസ് ഉപയോഗിക്കുന്നത് ആറ് വീടുകളിൽ മാത്രമാണ്.

90% വീടുകളിലും പരമ്പരാഗത വിറക് അടുപ്പുകളാണ് ഉപയോഗിക്കുന്നത്. ഗ്യാസ് കണക്ഷനുള്ള വീടുകളിൽ പോലും ഗ്യാസിന്റെ ലഭ്യതയിലുള്ള കാലതാമസം മൂലം, പഴയതരം വിറക് അടുപ്പുകൾ ഉപയോഗിക്കുന്നു.

കാട്ടുവിറകുകൾ ഇവിടെ ലഭ്യത കുറവായതിനാൽ, ഇന്ധനമായി ചകിരി, ചിരട്ട, മടൽ തുടങ്ങിയവ ബഹുഭൂരിഭാഗം പേരും ഉപയോഗിക്കുന്നു. വ്യാവസായിക ആവശ്യത്തിനായി ചകിരിയുടെ ഉപഭോഗം വർദ്ധിച്ചാൽ, ഊർജ്ജ പ്രതിസന്ധി രൂക്ഷമാകും.

ഗ്രാമസഭാ റിപ്പോർട്ട് പ്രശ്നങ്ങൾ

1.നമ്പിക്കടവിൽ ഒരു ഗൈഡ് ലൈറ്റ് സ്ഥാപിക്കണം

2.ആസാദ് നഗർ കോളനി പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല.

3.ഏഴാം വാർഡിൻെറ കടലോര പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല.

4. AMUP സ്ക്കൂൾ മുതൽ ഇടശ്ശേരി ബീച്ച് റോഡ് വരേയുള്ള പ്രദേശത്ത് വൈദ്യുതി എത്തിക്കണം.

5.പട്ടിക ജാതിക്കാർ, മത്സ്യത്തൊഴിലാളികൾ മറ്റു സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നിവർക്ക് വൈദ്യുതി ലഭിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.

6.കൃഷിക്ക് ആവശ്യമായ വൈദ്യുത കണക്ഷൻ നല്കണം

7.വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

8.പഞ്ചായത്തിലെ എല്ലാ റോഡുകളിലും തെരുവുവിളക്ക് സ്ഥാപിക്കണം

9.സെൽഫ് റീഡിംഗ് നടപ്പാക്കണം

10.ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ വ്യാപകമാക്കുക

സാദ്ധ്യത

1.പ്രസരണ നഷ്ടം കുറക്കുന്നതിന് ബഹുജന പങ്കാളിത്തത്തോടെ, വൈദ്യുതി ലൈനിൽ മുട്ടിനില്ക്കുന്ന വൃക്ഷത്തലപ്പുകൾ, കാലാകാലങ്ങളിൽ വെട്ടിമാറ്റണം. ആവശ്യത്തിന് വേണ്ടിടത്തെല്ലാം ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഓവർ - ലോഡ് കുറക്കണം

2.കോംപാക്ട് ഫ്ലൂറസൻറ് ലാംപ്സ് പഞ്ചായത്തിൽ വ്യാപകമാക്കണം. അതിന്, അർഹതപ്പെട്ടവർക്ക് സബ്സിഡി നൽകണം.

3.പഞ്ചായത്ത് അംഗീകരിച്ച റോഡുകളിൽ പൊതുജനപങ്കാളിത്തത്തോടെ തെരുവുവിളക്കുകൾ സ്ഥാപിക്കുകയും പരിരക്ഷിക്കുകയും ചെയ്യാവുന്നതാണ്.

4.അനാവശ്യ വൈദ്യുതി ഉപഭോഗം ഒഴിവാക്കാൻ, വൈദ്യുതി അലങ്കാരങ്ങൾ കഴിവതും നിയന്ത്രിക്കേണ്ടതാണ്. അതിന് ബഹുജന ബോധവൽക്കരണം അനിവാര്യമാണ്.

5.പഞ്ചായത്തിൽ നിലവിലുള്ള 'സ്ലാബ്' സമ്പ്രദായം' നിർത്തലാക്കി സെൽഫ് റീഡിംഗ് സമ്പ്രദായം നടപ്പിലാക്കിയാൽ, ഉപഭോഗത്തിന് അനുസരിച്ച് മാത്രം ചാർജ് കൊടുക്കേണ്ടതുള്ളൂ എന്നതിനാൽ ഉപയോഗം കുറക്കാൻ സാധിക്കും.

6.ദക്ഷത കൂടുതലുള്ള വിറക് അടുപ്പുകളുടെ വ്യാപനവും ബോധവൽക്കരണവും പഞ്ചായത്തിൽ ഊർജ്ജിതമാക്കണം

7.ദക്ഷത കൂടിയ അടുപ്പുകളുടെ നിർമ്മാണ പരിശീലനം പഞ്ചായത്തിൽ ലഭ്യമാക്കിയാൽ തൊഴിലില്ലാത്തവർക്ക് അത് ഒരു വരുമാനമാർഗ്ഗമാക്കാം.

8.ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ, പ്രഷർ കുക്കർ എന്നിവ നിലവിലുള്ള സബ്സിഡിയോടെ വ്യാപകമാക്കണം

9.വിറകിൻെറ ലഭ്യത ഉറപ്പ് വരുത്താൻ വേലി അരുകിലും, പുറംപോക്കിലും വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കണം.

10.സ്വകാര്യ വാഹന ഉടമകൾക്ക് പെട്രോൾ, ഡീസൽ റേഷനിംഗ് ഏർപ്പെടുത്തണം

11.ഘർഷണം കുറഞ്ഞ ഫൂട്ട്വാൽവ്, പമ്പ് സെറ്റുകളിൽ ഘടിപ്പിക്കാൻ പ്രേരിപ്പിക്കുക

12.കച്ചിപ്പെട്ടി, സോളാർ എനർജി എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുക

13.ബയോ-ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുക

14.പ്രഷർ കുക്കറുകൾ ഉപയോഗപ്പെടുത്തുക

# ഗതാഗതം

സ്വാതന്ത്ര്യത്തിന് മുമ്പ്തന്നെ നമ്മുടെ ഗ്രാമത്തിൽ തെക്ക്, വടക്ക് സമാന്തരമായി രണ്ട് റോഡുകൾ ഉണ്ടായിരുന്നു. ടിപ്പുസുൽത്താൻെറ പടയോട്ടക്കാലത്ത് നിർമ്മിച്ചതെന്ന് കരുതുന്ന ഈ റോഡുകൾ സഞ്ചാരയോഗ്യമായിരുന്നു.

തളിക്കുളത്തിൻെറ കിഴക്കുഭാഗത്തുകൂടെ കനോലി കനാലിനെയായിരുന്നു യാത്രക്കും, ചരക്ക് ഗതാഗതത്തിനും മുഖ്യമായും ആശ്രയിച്ചിരുന്നുത്. മോട്ടോർ ബോട്ടുകളും, കമ്പനി വഞ്ചികളും യാത്രക്കായി ഉപയോഗിച്ചിരുന്നു. ഇവിടെ ലഭ്യമായിരുന്ന ചകിരി, കയർ, കശുവണ്ടി, കൊപ്ര തുടങ്ങിയവ കൊച്ചി, തൃശ്ശൂർ, കണ്ടശ്ശാംകടവ്, കാട്ടൂര്, കോട്ടപ്പുറം, കൂട്ടുങ്ങൽ മാർക്കറ്റുകളിലേക്ക് എത്തിച്ചിരുന്നതും, അവിടെ നിന്ന് ഇവിടേക്ക് ആവശ്യമായ അരി, പലവ്യഞ്ഞ്ജനങ്ങൾ എന്നിവ കൊണ്ടുവന്നിരുന്നതും "കെട്ടുവള്ളങ്ങൾ" എന്ന് വിളിക്കുന്ന വലിയ വഞ്ചികളിലായിരന്നു.

മറ്റുഗതാഗത സൗകര്യങ്ങൾ പരിമിതമായിരുന്നു. സമ്പന്നർ മഞ്ചലുകൾ ഉപയോഗിച്ചിരുന്നു. കുതിരവണ്ടികളോ, കാളവണ്ടികളോ ഉണ്ടായിരുന്നില്ല. കാൽ നടയാത്രയായിരുന്നു പ്രധാനം. ആലചേററുവറോഡും, ചേറ്റുവയിൽ ചങ്ങാടവും വന്നതോടെ വാഹനഗതാഗതം ആരംഭിച്ചെങ്കിലും 1951ലാണ് ആദ്യമായി ബസ്സ് സർവ്വീസാംരഭിച്ചത്. അമ്പതുകളിൽ ദുരിതാശ്വാസപ്രവർത്തനത്തിൻെറ ഭാഗമായാണ് തളിക്കുളം സെൻറർ നമ്പിക്കടവ് റോഡിൻെറ പണി ആരംഭിച്ചിത്. ഒരു ഭൂവുടമയുടെ തടസ്സം മൂലം ആ ഭാഗത്തുമാത്രം റോഡുണ്ടാക്കാൻ കഴിഞ്ഞില്ല. ഈ റോഡ് നിർമ്മാണത്തിനുവേണ്ടി സന്നദ്ധപ്രവർത്തനം നടത്തിയവർ നിരവധിയാണ്. ഇവരിൽ രണ്ടുപേരുകൾ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. പരേതനായ ശ്രീ. എ.ആർ. കുഞ്ഞികോന്തുമേനേജർ, ഡോ. ഇ.ആർ. ബാലകൃഷ്ണൻ. രണ്ടാം പഞ്ചവത്സരപദ്ധതികാലത്താണ് ആല-ചേറ്റുവ റോഡ് ടാർ റോഡായത്.

കനോലി കനാലിന് കുറുകേ കണ്ടശ്ശാംകടവിലും ...പ്രയാറും പാലങ്ങൾ വന്നതോടെ, വാഹനഗതാഗതത്തിൽ ഈ മേഖല വമ്പിച്ച കുതിച്ചുകയറ്റം നടത്തി. N.H.17 ൻെ ഭാഗമായി മാറിയ റോഡ്, ചേറ്റുവാ, കോട്ടപ്പുറം പാലങ്ങൾ വന്നതോടെ ഗതാഗതത്തിരക്ക് വൻതോതിൽ വർദ്ധിച്ചു.

N.H. 17 കിഴക്ക് ഭാഗത്തുക്കൂടെ സമാന്തരമായി പോകുന്ന കിഴക്കേ ടിപ്പുസുൽത്താൻ റോഡ് കാലക്രമത്തിൽ പുറമ്പോക്ക് കയ്യേറ്റക്കാരുടെ പിടിയിലമർന്നു. തളിക്കുളം പഞ്ചായത്തിലെ റോഡ് കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ടാറിംഗ് നടത്തി.

1962ൽ തളിക്കുളം പഞ്ചായത്ത് രൂപീകൃതമായതിന്ശേഷം റോഡുകളുടെ കാര്യത്തിൽ വമ്പിച്ച പുരോഗതി കൈവന്നു. ഇന്ന് പഞ്ചായത്തിൽ മൊത്തം 66.745 കി.മീ. റോഡുണ്ട്. അതിൽ 4.6 കി.മീ. എൻ.എച്ചും 2 കി.മീ P.W.D.യും 60.145 കി.മീ പഞ്ചായത്തും വക റോഡുകളാണ്. എന്നാൽ 24.190 കി.മീ ടാർ റോഡുകൾ മാത്രമാണിന്നുള്ളത്.

NH കൂടാതെ തമ്പാൻകടവ്, പുതിയങ്ങാടി എന്നിവിടങ്ങളിലേക്ക് ബസ് സർവ്വീസ് ഉണ്ട്. എന്നാൽ NH, PWD റോഡുകളിലൊഴികെ മറ്റുറോഡുകൾക്ക് വേണ്ടത്ര വീതിയില്ല. റോഡുകളുടെ ഗുണനിലവാരം ഏറെ പരിതാപകരമാണ്. റോഡിൽ കാനകളില്ല. പല റോഡുകളും ജലനിർഗമന മാർഗത്തെ തടയുന്നു. മഴക്കാലത്ത് വെള്ളം കെട്ടി നില്ക്കുന്നതുമൂലം യാത്രാസൗകര്യം ഇല്ലാത്തതാവുന്നു. റോഡുകൾ വേഗം കേടാവുന്നു.

യാത്രക്കാർക്ക് നില്ക്കാൻ ഷെൽട്ടറുകളില്ല. വാഹനങ്ങൾ പാർക്ക്ചെയ്യാൻ പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽപ്പോലും വേണ്ടത്ര സൗകര്യമില്ല. രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ് തളിക്കുളം പഞ്ചായത്തിൽ വിരലിലെണ്ണാവുന്നവർക്ക് മാത്രമായിരുന്നു സ്വന്തം വാഹനം ഉണ്ടായിരുന്നത്. ഇന്ന് സ്വന്തമായി മോട്ടോർ വാഹനങ്ങളുള്ളവർ 700ൽ അധികം വരും.

റോഡുകളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കും മാത്രമായി 1995-96ൽ 16,09,260 ക ചെലവ് ചെയ്തു. 42.555കി. മീ. നിലവിലുള്ള റോഡുകൾ ടാർ ചെയ്യാത്തവയുണ്ട്.

**പ്രശ്നങ്ങൾ - ഗ്രാമസഭാറിപ്പോർട്ടിൽ നിന്ന്**

1. തളിക്കുളം - ബീച്ച് റോഡ് ബഹുജനപങ്കാളിത്തത്തോടെ വീതിക്കൂട്ടി P.W.D. റോഡാക്കണം.

**ടാറിംഗ് നടത്തേണ്ടത്**

1. പുതിയങ്ങാടി - പള്ളിമുക്ക് റോഡ്
2. നമ്പിക്കടവ് - തെക്കോട്ടുള്ള ബിച്ച് റോഡ്
3. ആര്യംപാടം - തമ്പാൻകടവ് റോഡ്
4. പുന്നച്ചോട് - പുലാമ്പുഴക്കടവ് റോഡ്
5. എടശ്ശേരി ബീച്ച് - ചിലങ്ക ബീച്ച് - ലിങ്ക് റോഡ്

**പൂർത്തിയാക്കേണ്ടതും പുതിയതുമായ റോഡുകൾ**

1. പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡിൽ നിന്ന് GMLP സ്ക്കൂൾ - ജുമാമസ്ജിത് വഴി.
2. ഒന്നാം കല്ലിൽ നിന്ന് തെക്കോട്ട് - നാട്ടികയിൽ നിന്ന് വരുന്ന റോഡുമായി ബന്ധിപ്പിക്കുന്നത്.
3. പുതിയങ്ങാടി - പുത്തൻതോട് കിഴക്കേപാലം (താന്നപാടം വഴി)
4. പുത്തൻതോട് വടക്ക് - പുതുശ്ശേരിപ്പടി
5. സഹൃദയ കോളേജ് വഴി
6. P.H.C. റോഡ്
7. S.N.V.U.P. സ്ക്കൂളിന് പടിഞ്ഞാറ് ഭാഗം വടക്കോട്ടുള്ള വഴി.
8. കച്ചേരി പടിഞ്ഞാറ് ഭാഗത്തുനിന്നും ഇത്തിക്കൂട് വഴി അമ്പലം - ആത്മാവ് റോഡിൽ മുട്ടുന്ന വിധം.
9. കൈതക്കൽ കിഴക്ക് ഭാഗത്ത് വടക്കോട്ട്
10. SNKLP സ്ക്കൂളിന് മുൻവശത്തുകൂടി പോകുന്ന സ്വകാര്യ റോഡ് 10-ാം കല്ല് റോഡുമായി ബന്ധിപ്പിച്ച പൊതുറോഡാക്കണം.
11. ഭഗവാൻ നഗറിൽ നിന്ന് പടിഞ്ഞാറോട്ടുള്ള വഴി.
12. ജവഹർ റോഡിൽ നിന്നും ത്രിവേണി ലിങ്ക് റോഡ് വരെയുള്ള ഭാഗം
13. ജനതാ ഫണ്ട്സിൻെറ പടിഞ്ഞാറോട്ടുള്ള വഴി

**കാനനിർമ്മാണം - വെള്ളക്കെട്ട് ഒഴിവാക്കൽ**

1. രാമുകോർണറിൽ നിന്ന് തെക്കോട്ട് പോകുന്ന റോഡ്
2. നാലാം വാർഡിൻെറ പടിഞ്ഞാറെ അതിരിലൂടെ പോകുന്ന റോഡ്.
3. കുന്നത്ത് പള്ളിക്ക് കിഴക്കുഭാഗം അമ്പലപ്പറമ്പ് മേഖല.
4. അമ്പലം ആത്മാവ് റോഡ്
5. കൈതക്കൽ കിഴക്ക്
6. ജവഹർ റോഡ്
7. കൈതക്കൽ ഭഗവാൻ നഗർ
8. എടശ്ശേരി ബീച്ച് - ചിലങ്ക ബീച്ച് ലിങ്ക് റോഡ്

**പുതുക്കി പണിയേണ്ടത്**

1. അമ്പലം - ആത്മാവ് റോഡ്
2. തീരദേശ റോഡ്
3. ത്രിവേണി - ബീച്ച് റോഡ് (പള്ളിക്കടവ്)

**ചരൽ ഇടേണ്ടത്**

1. തളിക്കുളങ്ങര - എരണേഴത്ത് അമ്പലം റോഡ്
2. എരണേഴത്ത് അമ്പലം - ഭഗവാൻ നഗർ വരെ.

**പലവക**

1. CMS സ്ക്കൂളിൻെറ പടിഞ്ഞാറ് CSI പള്ളിക്ക് പുറകിൽ നിലവിലുണ്ടായിരുന്ന വഴി പുനഃസ്ഥാപിക്കണം.
2. പാംനഗർ - ഹെൽത്ത് സെൻറർ റോഡിൻെറ തെക്കെ അറ്റം വാഹന ഗതാഗതത്തിന് ഉതകും വിധം വീതിക്കൂട്ടണം.
3. കൈതക്കാൽ - തമ്പാൻ കടവ് റോഡിൽ കെ.കെ. അശോകൻെറ കുളം സൈഡ് കെട്ടി വളവ് നികത്തണം.
4. ബീച്ച് റോഡിലൂടെ ബസ് സർവ്വീസ് വേണം
5. കനോലി കനാലിലൂടെയുള്ള ജലഗതാഗതം പരിപോഷിപ്പിക്കണം.
6. കോളനികളിലെ വീടുകൾക്ക് ഇടയിലുള്ള വഴിയുടെ വീതി നിലനിർത്തണം.

**സാദ്ധ്യത**

1. റോഡുകളുടെ ഗുണഭോക്താക്കളിൽ നിന്ന് സംഭാവന ശേകരിച്ചും സന്നദ്ധസേവനം മൂലവും റോഡുകളുടെ ഗുണനിലവാരം ഉയർത്താനാവും. വെള്ളം ഒഴുകിപ്പോകാനുള്ള കാനകൾ, കർവെർട്ടുകൾ എന്നിവ നിർമ്മിക്കാനും ഇത്തരത്തിൽ സാധിക്കും.
2. പഞ്ചായത്ത് അംഗീകരിച്ച റോഡുകൾക്ക് ഇരുവശത്തുമുള്ള മതിലുകൾ കാരണം വെള്ളം കെട്ടി നില്ക്കുന്നില്ലായെന്ന് ഉറപ്പുവരുത്തണം.
3. പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഒരു സ്ഥിരം സംവിധാനമെന്ന നിലക്ക് റോഡുസംരക്ഷണസമിതികൾ രൂപീകരിക്കണം.

# പാർപ്പിടം

അമ്പതുവർഷങ്ങൾക്കുമുമ്പ് തളിക്കുളത്തെ ബഹുഭൂരിപക്ഷം വീടുകളും കുടിലുകളോ മൺതറകളോടുകൂടിയവയോ ആയിരുന്നു. ഗൃഹനിർമ്മാണവസ്തുക്കൾ എത്തിക്കുന്നതിനുള്ള പ്രയാസവും സാമ്പത്തിക പിന്നോക്കാവസ്ഥയുമായിരുന്നു ഇതിനു പ്രധാനകാരണം. മരപ്പലകകളും ചുമരുകളായി ഉപയോഗപ്പെടുത്തിയിരുന്നു. ഗതാഗത സൗകര്യം വർദ്ധിച്ചപ്പോൾ ഗൃഹനിർമ്മാണവസ്തുക്കൾ പുറമെ നിന്നു കൊണ്ടുവരുന്നതിനു സൗകര്യം വർദ്ധിച്ചു. ചെറുതും വലുതുമായ വീടുകൾ സാർവ്വത്രികമായി. കുടിലുകളുടെ എണ്ണം കുറഞ്ഞുവന്നു. കോൺക്രീറ്റുവീടുകളോടുള്ള ആഭിമുഖ്യം വർദ്ധിച്ചുവരുന്നു. ഗൾഫ് പണത്തിന്റെ വരവോടുകൂടിയാണ് ഈ പ്രവണതക്ക് ആക്കം കൂടിയത്. ചെറുവീടുകൾ മുതൽ മണിമന്ദിരങ്ങൾ വരെ ഇക്കൂട്ടത്തിലുണ്ട്. കുടിലുകൾ ഭേദപ്പെട്ട വീടുകളാക്കി മാറ്റേണ്ടതുണ്ട്. വർഷം തോറും ശരാശരി 300 വീടുകൾ നിർമ്മിക്കപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ 5992 കെട്ടിടങ്ങളാണുള്ളത്. കോൺക്രീറ്റ് 1720, ഓട് 2013, ഓല 2259. ഇതിൽ വീടുകൾ 4886ആണ്. ഓലമേഞ്ഞ വീടുകളിൽ ഭൂരിപക്ഷവും നല്ലരീതിയിൽ സംരക്ഷിക്കപ്പെടുന്നവയല്ല. ഇരുനിലകെട്ടിടങ്ങൾ 306 എണ്ണമുണ്ട്.

ശില്പങ്ങളും കൊത്തുപണികളുമുള്ള ഗൃഹങ്ങൾ നിർമ്മിക്കുന്നത് കുറഞ്ഞുവരുന്നു. വീടിന്റെ വലിപ്പം പ്രമാണിത്തത്തിന്റെ പ്രതീകമാണ് ചിലർക്ക്. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നവരുമുണ്ട്. ഇതിൽ വിദഗ്ദ്ധരുടെ ദൗർലഭ്യമുണ്ട്.

ലക്ഷം വീട് പദ്ധതിയനുസരിച്ച് 1973ൽ ഭൂരഹിതർക്ക് സ്ഥലവും വീടും കൊടുക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് പഞ്ചായത്തിന്റെ 4 ഭാഗങ്ങളിലായി 4.95 ഏക്കർ സ്ഥലം വാങ്ങി 112 പേർക്ക് നൽകി. ഇതിൽ 26 വീടുകൾ (13 ഇരട്ട വീടുകൾ) മാത്രമേ നിർമ്മിച്ചുനൽകാൻ കഴിഞ്ഞുള്ളു. ഇപ്പോൾ ഇതിൽ 6 വീടുകൾ പുതുക്കിപണിതുവരുന്നു. സ്ഥലം ലഭിച്ചവരിൽ നല്ലൊരു ഭാഗം ഉറപ്പുള്ള വീടുകളുണ്ടാക്കിയിട്ടുണ്ട്. ബാക്കിയുള്ളവർക്കും വീടുകളുണ്ടാവണം.

പഞ്ചായത്തിലെ റോഡുപുറമ്പോക്കിൽ താമസിച്ചിരുന്ന മുഴുവൻ വീട്ടുകാരും അർഹരായ ഭൂരഹിതകർഷകത്തൊഴിലാളികളും അടക്കം 61 പേർക്ക് 3 സെൻറ് വീതം സ്ഥലം നൽകി പുനരധിവാസ കോളനി സ്ഥാപിച്ചു. ഇതനായി 2.79 ഏക്കർ സ്ഥലം വാങ്ങുകയാണുണ്ടായത്. വിവധ പദ്ധതികളിലായി 135 വീടുകൾ ഇതിനുപുറമെ നൽകിയിട്ടുണ്ട്.

കൈരളി ഭവനനിർമ്മാണപദ്ധതി പ്രകാരം 38 വീടുകൾ പണിതിട്ടുണ്ട്. തളിക്കുളത്തുകാരനായ ശ്രീ. മുഹമ്മദാലി (ഗൾഫാർ) 25000 രൂപ വീതം ചെലവുവരുന്ന 25 വീടുകളും സന്നദ്ധസംഘടന വഴി നിർമ്മിച്ചു കൊടുത്തിട്ടുണ്ട് പഞ്ചായത്തിൽ നിന്ന് പല പദ്ധതികളിലായി അനുവദിച്ച വീടുകളിൽ ഇനിയും 97 എണ്ണം പണിപൂർത്തിയാക്കേണ്ടതുണ്ട്. ഇവയുടെ ഗുണഭോക്താക്കൾക്ക് വിവധ ഘട്ടങ്ങളിലായി അഡ്വാൻസുകൾ നൽകിയിട്ടുണ്ട്.

നാട്ടിക ഫർക്കാ ഭവനനിർമ്മാണ സഹകരണ സംഘത്തിന്റെ പരിധിയിലാണ് ഈ പഞ്ചായത്ത്. സംഘം മുഖേന 10 പേർക്കാണ് വായ്പ ലഭ്യമായിട്ടുള്ളത്. ബാങ്കുകളിൽ നിന്നും മറ്റു പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തു വീടു പണിത് കടംവീട്ടാൻ ബുദ്ധിമുട്ടുന്നവരുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ചില സ്വകാര്യ സ്ഥാപനങ്ങളുണ്ട്. തൊഴിലാളികളുടെ ദൗർലഭ്യം ഗൃഹനിർമ്മാണരംഗത്തുണ്ട്. നമ്മുടെ ജില്ലയുടെ പുറത്തുനിന്നുള്ളവരാണ് ഭൂരിപക്ഷം.

**പ്രശ്നങ്ങൾ**

1. കാലാവസ്ഥ അനുസരിച്ചല്ല വീടുകളുണ്ടാക്കുന്നത്.
2. താഴ്ന്നവരുമാനക്കാർക്ക് വീടുനൽകാനുള്ള പദ്ധതികളുടെ കുറവ്
3. സന്നദ്ധപ്രവർത്തനത്തിന്റെ കുറവ്
4. തൊഴിലാളികളുടെ ദൗർലഭ്യം
5. നിർമ്മാണവസ്തുക്കളുടെ വിലവർദ്ധന
6. ഭൂമിയുടെ വിലവർദ്ധന
7. പകുതിയോളം ജനങ്ങൾ ചെറുകുടിലിലാണ് താമസിക്കുന്നത്.

**സാദ്ധ്യതകൾ**

1. വിവിധ പദ്ധതികളിലായി നൽകുന്ന വീടുകൾ നിർദ്ദിഷ്ട വലിപ്പത്തിൽ മാത്രമേ പണിയൂ എന്ന് ഉറപ്പുവരുത്തണം.
2. പട്ടിക ജാതിക്കാർക്കുപുറമേ മറ്റു താഴ്ന്നവരുമാനക്കാർക്കും വീടുകൾ നൽകണം.
3. സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തി നിർമ്മാണച്ചെലവുകുറക്കണം.

4. 1500 ച. അടിയിലധികം വിസ്തീർണ്ണമുള്ള ലക്ഷങ്ങൾ ചെലവഴിച്ചുപണിയുന്ന മണിമന്ദിരങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി ചുമത്തണം.

5. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന രീതി പ്രോത്സാഹിപ്പിക്കണം.

6. കാലാവസ്ഥക്ക് അനുയോജ്യമായ നിർമ്മാണ രീതികൾ നടപ്പാക്കാൻ ശ്രമിക്കണം.

7. വീടുനിർമ്മിക്കാൻ കടം നൽകുന്ന ഏജൻസികളെക്കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്തിൽ നിന്നു ലഭിക്കണം.

8. ഗൃഹനിർമ്മാണത്തിൽ പരിശീലനം നേടാൻ യുവാക്കളെ പ്രേരിപ്പിക്കണം.

9. എല്ലാവർക്കും സ്ഥിരസ്വഭാവത്തിലുള്ള വീടുകളുണ്ടാകണം.

# ആരോഗ്യം

വർഷംതോറും കാലാവസ്ഥമാറ്റങ്ങൾക്ക് അനുസൃതമായി കോളറ, രക്താതിസാരം, വസൂരി, ചിക്കൻപോക്സ്, വയറുകടി തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപകമായിരുന്നു. ഫലപ്രദമായ ചികിത്സ ലഭിക്കാത്തതുമൂലം ധാരാളം പേർ മരണമടയേണ്ടി വന്നിരുന്നു. പാരമ്പര്യ ചികിത്സാരീതിയായിരുന്നു നടപ്പിലായിരുന്നത്. ആധുനിക ചികിത്സാസമ്പ്രദായത്തെക്കുറിച്ച് കേട്ടറിവ് മാത്രമാണ് ഉണ്ടായിരുന്നത്. പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർഡ് ഒരു അലോപ്പതി ഡിസ്പെൻസറി വലപ്പാട് സ്ഥാപിച്ചു. ഒരു ഡോക്ടറുടെ സേവനം വാടാനപ്പിള്ളിയിലും ലഭ്യമായി. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും ഇവിടെയുള്ളവർക്ക് മറ്റു പ്രദേശങ്ങളിലെ ഡോക്ടർമാരെ ആശ്രയിക്കേണ്ട സ്ഥിതിയാണുണ്ടായിരുന്നത്. ഇവിടുത്തുകാരായ ഡോക്ടർമാരുടെ സേവനം ലഭ്യമായിരുന്നില്ല. വളരെ കാലങ്ങൾക്കുശേഷമാണ് സ്വകാര്യ ഡോക്ടർമാരുടെ സേവനം ലഭ്യമാകാൻ തുടങ്ങിയത്.

പഞ്ചായത്തിലെ ശരാശരി മരണനിരക്ക് വർഷത്തിൽ 125 ആണെങ്കിൽ ജനനനിരക്ക് 269 ആണ്. വൈകല്യമുള്ളവർ 251 പേരാണ്.

| വൈകല്യസ്വഭാവം | എണ്ണം |
|---|---|
| ചലനവൈകല്യം | 111 |
| കാഴ്ച വൈകല്യം | 28 |
| കേൾവി സംസാര വൈകല്യം | 54 |
| മന്ദബുദ്ധി | 53 |
| മറ്റിനം | 5 |
| ആകെ | 251 |

5% ക്ഷയരോഗികളും, അപൂർവ്വം കുഷ്ഠരോഗികളും മലമ്പനിബാധിച്ച ചിലരും ഉണ്ട്. ലഭ്യമായ കണക്കുകളനുസരിച്ച് 60% ആളുകളും വിവിധ രോഗങ്ങളുടെ ചികിത്സക്കായി ആശുപത്രികളിലെത്തിയതായി കാണുന്നു. സാധാരണ കണ്ടുവരുന്ന രോഗങ്ങളെ പഠന വിധേയമാക്കിയതിൽ പോഷകാഹാരക്കുറവും ശുദ്ധജലത്തിൻെറ ലഭ്യതക്കുറവും ആധുനിക കക്കൂസ് സംവിധാനത്തിൻെറ അപര്യാപ്തതയും, ശുചീകരണത്തിൻെറ പോരായ്മയും ആരോഗ്യപരിപാലനത്തെക്കുറിച്ചുള്ള അജ്ഞതയുമാണ് രോഗകാരണങ്ങളായി പൊതുവെ കാണുന്നത്.

വയറിളക്കരോഗങ്ങൾ മഴക്കാലത്തും ചിക്കൻപോക്സും, ചെങ്കണ്ണും ഉഷ്ണക്കാലത്തും സ്ഥിരമായി കണ്ടുവരുന്നു. ഇവക്കുപുറമെ മഞ്ഞുകാലത്ത് ശ്വാസകോശ സംബന്ധിയായ രോഗങ്ങൾ കൂടുതലാണ്. കാലഭേദമെന്യേ മറ്റു പലരോഗങ്ങളും കണ്ടുവരുന്നു.

**കുട്ടികളുടെ ആരോഗ്യപോഷണനിലയാൽ**

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | *2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആ | പെ | ആ | പെ | ആ | പെ | ആ | പെ |
| 1 വയസ്സിന് താഴെ | 100 | 96 | 39 | 41 | 41 | 2 | - | - |
| 1 - 3 | 188 | 96 | 103 | 111 | 12 | 15 | - | - |
| 3 - 6 | 243 | 184 | 96 | 90 | 10 | 12 | - | - |

ഗ്രേഡ് 1 - ലഘുവായ. 2. മിതമായ 3. ഗുരുതരമായവ പോഷണക്കുറവുകൾ.

തളിക്കുളം നമ്പിക്കടവിൽ സ്ഥിതിചെയ്യുന്ന P.H. സെൻററും അതിൻെറ കീഴിൽ പ്രവർത്തിക്കുന്ന 3 സബ്ബ്സെൻററുകളും ഒരു ആയുർവ്വേദ ഡിസ്പെൻസറിയുമാണ് ഈ പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം. ഇതിൽ PH സെൻററും 1 സബ്ബ് സെൻററും വാടക കെട്ടിടത്തിലും രണ്ട് സബ്സെൻറുകൾ സ്വന്തമായ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിലൊന്നിലും കൃത്യമായി ജീവനക്കാർ ഇല്ല. മാത്രവുമല്ല ഇവക്കൊന്നിനും ആവശ്യമായ ഭൗതിക സാഹചര്യങ്ങളും ഇല്ല.

ഇവ കൂടാതെ സ്വകാര്യം മേഖലയിൽ രണ്ട് അലോപ്പതി ആശുപത്രികളും ഒരു ആയുർവ്വേദ ആശുപത്രിയുമാണ് ഉള്ളത്.

**നിഗമനം**

മേൽകാണിച്ച കാര്യങ്ങൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന നിഗമനങ്ങളിൽ എത്തുന്നു.

1. പോഷകാഹാര കുറവും, ശുദ്ധജല ലഭ്യതയുടെ കുറവും, കക്കൂസ് സംവിധാനം ഇല്ലാത്തതും, ശുചീകരണത്തിൻെറ കുറവും, ആരോഗ്യകാരണങ്ങളെ കുറിച്ചുള്ള അറിവി

ല്ലായ്മയും ആണ് സാധാരണ ജനങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് കാരണമായി കാണുന്നത്.

2. ആരോഗ്യ പ്രശ്നങ്ങളിൽ അത്യന്താപേക്ഷിതമായ പൊതു ജന ബോധവത്ക്കരണം സ്വകാര്യ ആശുപത്രികളിൽ കാണുന്നില്ല.

3. അതിനാൽ ഔദ്യോഗികപൊതുജനാരോഗ്യ സംവിധാനത്തെ അടിന്തിരമായി ശക്തിപ്പെടുത്തേണ്ടതാണ്.

4. പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ശുദ്ധജലം എത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

5. എല്ലാ വീടുകൾക്കും കക്കൂസ് സംവിധാനം ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. പരിസര ശുചിത്വം ഉണ്ടാക്കുന്നതിനുള്ള ബോധവൽക്കരണവും സുരക്ഷിതത്വ മാർഗ്ഗങ്ങളും സ്വീകരിക്കണം.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ 60% ജനങ്ങളും പലരോഗക്കാരണങ്ങളാൽ വിവിധ ആശുപത്രികളിൽ എത്തുന്നു.
2. ഓരോ വർഷത്തിലും സ്ഥിരമായി ഉണ്ടാകുന്ന രോഗങ്ങളുണ്ട്. (വയറിളക്കം, ചെങ്കണ്ണ് തുടങ്ങിയവ.)
3. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ സേവനം ഔദ്യോഗിക സംവിധാനം ശരിയാകാത്തതുകൊണ്ടും ആവശ്യമായ ജീവനക്കാരുടെ അഭാവവും മൂലം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ലഭിക്കുന്നില്ല.
4. ആയുർവ്വേദ ഡിസ്പൻസറിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളില്ല.
5. തളിക്കുളം സെൻററിൽ പൊതുകക്കൂസുകൾ ഉണ്ടാക്കണം. തളിക്കുളം സെൻററിലെ ശുചീകരണത്തിന് പ്രത്യേകം ശ്രദ്ധവേണം.
6. ശ്മശാനമില്ലാത്തതുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്.
7. കൊതുകുശല്യം ബുദ്ധിമുട്ടുണ്ടാക്കുന്നു.

**സാധ്യതകൾ**

1. പഞ്ചായത്തിലെ ജനസംഖ്യാനുപാതികമായി നിലവിലുള്ളതു P.H. സെൻററിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ട് വിപുലീകരിക്കുക.

(a) ഇതിനാവശ്യമായ കെട്ടിടം പണി പൂർത്തി ആയിട്ടില്ല. ഈ കെട്ടിടത്തിൻെറ പണി പൂർത്തിയാക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കി പണി പൂർത്തിയാക്കുക.

(b) ഓപ്പറേഷൻ തിയ്യേറ്ററിലേക്ക് ആവശ്യമായ ഉപകരണങ്ങൾ നിലവിലുള്ള P.H.Cയിൽ തീരദേശ ആരോഗ്യപദ്ധതി അനുസരിച്ച് കൈവശമുണ്ട്. ആയത് ഉപയോഗിക്കുന്നതിനുള്ള ഒരു മിനി ഓപ്പറേഷൻ തിയ്യേറ്റർ സ്ഥാപിക്കുക.

(c) ഒരു വനിത ഡോക്ടറെ പ്രത്യേകിച്ച് ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.

(d) ഡോക്ടർമാർക്കും, സ്റ്റാഫ് നേഴ്സിനും, ഫാർമസിസ്റ്റിനും ക്വാർട്ടേഴ്സ് പണിയുക.

(e) P H Cയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി 10 കിടക്കകൾ ഇടാവുന്ന സൗകര്യമുള്ള വാർഡ് പണിയുക. വാർഡുപണിയുന്നതിന് തല്പരരായ പൊതു ജനങ്ങളിൽ നിന്നും വാർഡ് പണിത് വാങ്ങാവുന്നതാണ്.

1. ഹോസ്പിറ്റൽ വെയ്സ്റ്റ് നശിപ്പിച്ചുകളയുന്നതിന് ഇൻസിനറേറ്റർ സ്ഥാപിക്കണം.
2. P.H.C ക്ക് കീഴിൽ നിലവിലുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ രണ്ട് വാർഡുകൾക്ക് ഒന്ന് എന്ന നിലയിൽ 10 വാർഡുകൾക്ക് 5 സബ്സെൻററുകൾ സ്ഥാപിക്കുക. ഇതിൽ 3 എണ്ണം നിലവിലുള്ളതിനാൽ രണ്ട് എണ്ണം കൂടി സ്ഥാപിക്കുക. 3 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കേണ്ടതുണ്ട്. ഇതിൽ പഞ്ചായത്തിൻെറ തെക്കുഭാഗത്ത് പുത്തൻതോടിനടുത്ത് സർവ്വെനമ്പർ/373 Bയിൽ V.E.O. ഓഫീസ് പ്രവർത്തിക്കുന്ന 10 സെൻറ് സ്ഥലത്ത് ഒരു സബ്സെൻറർ കേന്ദ്ര ഗവൺമെൻറ് ധനസഹായ പദ്ധതി അനുസരിച്ച് പണിയാവുന്നതാണ്. മറ്റൊന്ന് ചിലങ്ക ബീച്ചിൽ ഫിഷറീസ് ഡിപ്പാർട്ടുമെൻറ് വക സർവ്വെനമ്പർ 7/1B അനുസരിച്ച് 14 1/4 സെൻറ് പുറമ്പോക്ക് ഭൂമിയിൽ പണിയാവുന്നതാണ്. മൂന്നാമത്തേത് പഞ്ചായത്തിൻെറ അധീനതയിലുള്ളതും കച്ചേരി കോളനിയിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്ത് പണിയാവുന്നതാണ്.
3. ഇടശ്ശേരിയിലുള്ള ആയുർവ്വേദ ഡിസ്പെൻസറി ആയുർവ്വേദ ആശുപത്രിയായി ഉയർത്തുകയും രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യത്തോടുകൂടി ആശുപത്രി കെട്ടിടം നിർമ്മിക്കുകയും ചെയ്യുക. ഇതിനുള്ള സ്ഥലം തളിക്കുളം പത്താം കല്ലിന് കിഴക്കുവശത്ത് സ്ഥിതി ചെയ്യുന്ന PHC സബ്സെൻറർ പറമ്പിൽ കണ്ടെത്താവുന്നതാണ്.

**കുറിപ്പ്:-**

കച്ചേരി കോളനിയിൽ സ്ഥലം ലഭ്യമാക്കാൻ സാങ്കേതിക പ്രശ്നമുണ്ടാകുന്ന പക്ഷംPHCയുടെ സബ്ബ്സെൻറർ എടശ്ശേരിയിലെ ആയുർവ്വേദ ഡിസ്പെൻസറി മാറ്റുന്നപക്ഷം ആ കെട്ടിടത്തിലേക്ക് മാറ്റാവുന്നതാണ്.

4. പഞ്ചായത്തിൻെറ കടൽത്തീരത്ത് ധാരാളം പുറമ്പോക്ക് ഭൂമി കിടപ്പുണ്ട്. അനുയോജ്യ സ്ഥലത്ത് ഒരു പൊതു ശ്മശാനം സ്ഥാപിക്കാവുന്നതാണ്.
5. കൊതുകുനിവാരണത്തിനാവശ്യമായ ഉപകരണങ്ങളും, അതിൻെറ വിദഗ്ദ്ധരെയുംP.H.Cയോടു ബന്ധപ്പെടുത്തി ഏർപ്പെടുത്തുക.
6. തളിക്കുളം സെൻററിൽ ഒരു പൊതു മൂത്രപ്പുരയും, കക്കൂസ്സും സ്ഥാപിക്കുക.
7. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി തുടങ്ങണം.

## കുടിവെള്ളം

പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി പൊതുകിണർ, ടാപ്പ്, കിണറുകൾ, ചാമ്പ് പൈപ്പ് എന്നിവയെ ആണ് ആശ്രയിക്കുന്നത്. കൂടുതൽ പേരും സ്വന്തം കിണറുകളെയും ചാമ്പ് പൈപ്പുകളെയും ആണ് ഉപയോഗപ്പെടുത്തുന്നത്. എങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളുണ്ട്. ഈ പ്രദേശത്തുകാർ അയൽപക്ക കിണറുകളെയും, പൊതുടാപ്പുകളെയുമാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ പൊതു ടാപ്പുകൾ 127 എണ്ണവും പൊതു കിണറുകൾ 18 എണ്ണവുമാണുള്ളത്.

**പൊതുടാപ്പുകൾ**

| | | |
|---|---|---|
| വാർഡ് നമ്പർ 1 | ടാപ്പുകൾ | 13 |
| 2 | ,, | 9 |
| 3 | ,, | 9 |
| 4 | ,, | 8 |
| 5 | ,, | 11 |
| 6 | ,, | 9 |
| 7 | ,, | 22 |
| 8 | ,, | 11 |
| 9 | ,, | 9 |
| 10 | ,, | 26 |
| | ആകെ | 127 |

**പൊതുകിണറുകൾ**

| | | |
|---|---|---|
| വാർഡ് നമ്പർ | 1 | കിണറുകൾ3 |
| | 2 | ,, 2 |
| | 3 | ,, 2 |
| | 4 | ,, 3 |
| | 5 | ,, 2 |
| | 6 | ,, 1 |
| | 9 | ,, 1 |
| | 10 | ,, 4 |
| | | ആകെ 18 |

ശുദ്ധജലവിതരണം കേരള വാട്ടർ അതോറിറ്റിയാണ് ഇപ്പോൾ നടത്തുന്നത്. പഞ്ചായത്തിൽ 4 വാട്ടർ ടാങ്കുകൾ ഉണ്ടെങ്കിലും ഒന്നുമാത്രമേ ഉപയോഗിക്കുന്നുള്ളൂ.

**ടാങ്കുകളുടെ വിവരം**

| സ്ഥലപേർ | എണ്ണം |
|---|---|
| പുതുകുളം | 1 ഉപയോഗിക്കുന്നില്ല കിണർ മോട്ടോർ എന്നിവ ഉണ്ട്. |
| കച്ചേരിപരിസരം | 2 ഒന്ന്മാത്രമേ ഉപയോഗിക്കുന്നുള്ളു മോട്ടാർ ഉണ്ട് |
| തളിക്കുളം സെൻറർ | 1 ഉപയോഗിക്കുന്നില്ല. മോട്ടോർ ഇല്ല |

മേൽ കാണിച്ച സൗകര്യങ്ങളെല്ലാം ഉണ്ടെങ്കിലും ശുദ്ധജല വിതരണം വേണ്ടത്ര വിജയിക്കുന്നില്ല.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് കടലോരത്തും കനോലി കനാലിൻെറ തീരത്തും കുടിവെള്ളക്ഷാമം രൂക്ഷമാണ്.
2. പൊതുകിണറുകൾ വൃത്തിയാക്കുന്നില്ല.
3. പൊതുടാപ്പുകൾ 127 എണ്ണമുണ്ടെങ്കിലും അവയിൽ കൂടി കൃത്യമായി വെള്ളം ലഭിക്കുന്നില്ല.
4. ഒരു ടാപ്പിന് 875 രൂപ വെച്ച് 127 ടാപ്പുകൾക്ക് പ്രതിവർഷം 1,02,125 രൂപ പഞ്ചായത്ത് ചെലവഴിക്കുന്നു. എന്നിട്ടും ആവശ്യമായത്ര ജലവിതരണം നടക്കുന്നില്ല.

## പരിസരശുചിത്വം

പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങൾക്കും കക്കൂസുകളുമട്. 148 പേർക്കുമാത്രമാണ് തീരെ കക്കൂസില്ലാത്തത്. പഞ്ചായത്തനുവദിച്ച ഇ.എസ്.പി. കക്കൂസുകൾ ആധുനിക രീതിയിൽ പുനഃനിർമ്മിക്കേണ്ടതുണ്ട്. വീടും പരിസരവും ശുചിയാക്കി വെയ്ക്കാൻ പഠിപ്പിക്കണം. പൊതു സ്ഥലങ്ങൾ വൃത്തികേടാക്കുന്ന രീതി അവസാനിപ്പിക്കണം.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിൽ 148 കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസില്ല.
2. തളിക്കുളം സെൻററിൽ പല ആഗങ്ങളിലും ചപ്പുചവറുകൾ കൂട്ടിയിടുന്നതിനാൽ ദുർഗന്ധവും കൊതുകുശല്ല്യവും ഉണ്ടാകുന്നു.

3. സെൻററിലുള്ള സ്വകാര്യ ആശുപത്രിയിലെ മാലിന്യങ്ങൾ ശരിയാം വിധം സംസ്ക്കരിക്കാത്തതിനാൽ പരിസരവാസികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുന്നു.

4. തളിക്കുളം സെൻററിൽ ഹൈവേക്ക് പടിഞ്ഞാറുവശത്ത് പഞ്ചായത്ത് ആഫീസിനു മുൻവശം മുതൽ കാർത്തിക തിയ്യേറ്റർ വരെയുള്ള പ്രദേശത്ത് വെള്ളക്കെട്ടുണ്ടാകുന്നു.

5. മാർക്കറ്റിനുള്ളിൽ മാലിന്യങ്ങൾ കുന്നുകൂടി കിടന്ന് പരിസരശുചിത്വമില്ലായ്മ സൃഷ്ടിക്കുന്നു.

6. ആരോഗ്യ സുരക്ഷിതത്വമുള്ള ഒരു അറവുശാല ഇല്ല.

**സാധ്യതകൾ**

1. സ്വന്തമായി കക്കസൂസുകൾ ഇല്ലാത്ത വീടുകൾക്ക് അവ നല്കണം.

2. തളിക്കുളം സെൻറർ പ്രദേശത്ത് കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് പൊതു ചൂളകൾ നിർമ്മിക്കുകയും പ്രവർത്തിപ്പിക്കുന്നതിന് ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.

3. വെള്ളക്കെട്ടുനീക്കുന്നതിന് കാനകെട്ടുക.

4. മൂന്നാം വാർഡിൽ ആസാദ് നഗറിന് തെക്ക് ഭാഗത്ത് ജനങ്ങൾ തിങ്ങി താമസിക്കുന്ന സ്ഥലത്തുള്ള വെള്ളക്കെട്ട് കൈതൊട് കെട്ടി ഒഴുക്കിക്കളയുക.

5. 8-ാം വാർഡിത കളാംപറമ്പിലെ വെള്ളക്കെട്ടു കാനനിരപ്പിച്ചു പരിഹരിക്കാം.

6. ആരോഗ്യത്തിന് ഹാനികരമല്ലാത്ത രീതിയിൽ ഒരു അറവുശാല നിർമ്മിക്കേണ്ടതാണ്.

# വിദ്യാഭ്യാസം

മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന മലബാർ ജില്ലയിൽ ഏറ്റവും പിന്നോക്ക പ്രദേശമായ നാട്ടിക ഫർക്ക വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും വളരെ പിന്നിലായിരുന്നു. എന്നാൽ 1880ൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിൻെറ കീഴിൽ റവ. ബാവർ എന്ന മഹാൻ ഈ പഞ്ചായത്തിൽ സ്ഥാപിച്ച സ്ക്കൂളാണ് ഇന്നത്തെ C.M.S.U.P. സ്കൂൾ - മണപ്പുറത്തെ ആദ്യത്തെ സ്ക്കൂൾ. ഈ ഫർക്കയുടെ മറ്റു സ്ഥലങ്ങളിൽ നിന്നും തളിക്കുളത്ത് വന്ന് താമസിച്ച് പഠിച്ചിരുന്നവർ പലരും ഉണ്ടായിരുന്നു. കോഴിക്കോട് അശോക ഹോസ്പിറ്റൽ സ്ഥാപകനായ ഡോ. വി. ഐ. രാമൻ ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ തളിക്കുളത്തുവന്ന് താമസിച്ച് പഠിച്ചിരുന്ന പ്രമുഖവ്യക്തികളിൽ ഒരാളാണ്. പിന്നീട് ഈ പഞ്ചായത്തിൽ L.P., U.P. സ്ക്കൂളുകൾ പലതും ഉണ്ടായി എങ്കിലും ഒരു ഹൈസ്ക്കൂളിനുവേണ്ടി ഇവിടുത്തെ ജനങ്ങൾ വളരെ കൊല്ലങ്ങൾ കാത്തിരിക്കേണ്ടിവന്നു. 1957ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ കാലത്താണ് മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ കീഴിൽ ഗവ. ഹൈസ്ക്കൂൾ, തളിക്കുളം സ്ഥാപിതമായത്. അന്നത്തെ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ട് ശ്രീ. പി.ടി. ഭാസ്ക്കരപണിക്കർ വളരെ താല്പര്യമെടുത്തതിൻെറ ഫലമായാണ് ഈ സ്ക്കൂൾ അനുവദിച്ച് കിട്ടിയത്. അതുവരെ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ 5ഉം 6ഉം കി.മീ ദൂരം നടന്നാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നടത്തിയിരുന്നത്. ഗവ. ഹൈസ്ക്കൂൾ ഇന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തപ്പെട്ടിട്ടുണ്ട്.

ഈ ഹയർ സെക്കണ്ടറി സ്ക്കൂളിനു പുറമെ 3 U.P. സ്ക്കൂളുകളും 4 L.P. സ്ക്കൂളുകളും ഈ പഞ്ചായത്തിൽ ഉണ്ട്. L.P. സ്ക്കൂളുകളിൽ 2 എണ്ണം സർക്കാർ വകയാണ്. ഇവ കൂടാതെ 2 ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും ഒരു പാരലൽകോളേജും ഇവിടെ പ്രവർത്തിക്കുന്നു. ഇവ മൂന്നും അടുത്തകാലത്ത് ഉണ്ടായവയും അൺഎയിഡഡും ആണ്. പഞ്ചായത്ത് അതിർത്തിയിൽ 20 ബാലവാടികളിലായി 638 കുട്ടികൾ ഉണ്ട്.

സ്ക്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. സമീപപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്കും പെൺകുട്ടികൾ കോൺവെൻറ് സ്ക്കൂളുകളിലേക്കും പോകുന്നതുകൊണ്ടാണ് ഈ കുറവ് വരുന്നത്.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| 1991 - 92 | 4,536 |
| 92 - 93 | 4,559 |
| 93 - 94 | 4,526 |
| 94 - 95 | 4,649 |
| 95 - 96 | 4,592 |
| 96 - 97<br>നടപ്പുവർഷം | 4,480 |

ആകെയുള്ള 4480 വിദ്യാർത്ഥികളിൽ 2408 ആൺകുട്ടികളും 2072 പെൺകുട്ടികളുമാണ്. പട്ടികജാതിപട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 812 ആണ്. 18%




ആകെയുള്ള 166 അധ്യാപകരിൽ പുരുഷന്മാർ 24ഉം, സ്ത്രീകൾ 142ഉം ആണ്.




സ്ക്കൂളുകളിലെ ഭൗതിക സൗകര്യങ്ങളെക്കുറിച്ച് നോക്കിയാൽ ആദ്യമായി ഗവ.ഹയർ സെക്കണ്ടറി സ്ക്കൂളിൻെറ കാര്യമാണ് ശ്രദ്ധയിൽ വരിക. നാഷണൽ ഹൈവേയിൽ വേണ്ടത്ര സ്ഥലവും ഒരു നല്ല കളിസ്ഥലവും ഈ സ്ഥാപനത്തിനുണ്ട്. മറ്റു ഗവ. ഹൈസ്ക്കൂളുകളിൽ ഡിവിഷനുകൾ വളരെ കുറഞ്ഞുകൊണ്ടിരിക്കുമ്പോഴും ഇവിടെ ഹൈസ്ക്കൂൾ ക്ലാസ്സുകൾക്ക് കാര്യമായ കുറവുവരുന്നില്ല. എന്നാൽ ക്ലാസ്സുമുറികളുടെ കുറവുമൂലം അനവധി വർഷങ്ങളായി sessional സമ്പ്രദായത്തിലാണ് ഈ സ്ക്കൂൾ പ്രവർത്തിക്കുന്നത്. ഫർണീച്ചറിൻെറ കാര്യം വളരെ പരിതാപകരമാണ്. ജില്ലയിലെ തന്നെ ഏറ്റവും കൂടുതൽ എൻഡോവ്മെൻറുകൾ ഉള്ള സ്ക്കൂളുകളിൽ ഒന്നാണിത്.

U.P. സ്ക്കൂളുകളിൽ (എയിഡഡ്) രണ്ടെണ്ണത്തിന് കളിസ്ഥലം തീരെ കുറവാണ്. L.P. സ്ക്കൂളുകളിൽ G.L.P.S. നോർത്ത് വാടകക്കെട്ടിത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിൻെറ നില തീരെ ശോചനീയമാണ്.

വിദ്യാഭ്യാസനിലവാരം ഏറെക്കുറെ ഈ പഞ്ചായത്തിലെ എല്ലാ വിദ്യായങ്ങളിലേയും മോശമാണ്.

(ഈ വർഷത്തെ ഫസ്റ്റ് ടേം മാർക്ക്)

| ശതമാനം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| 30% - ൽ താഴെ | 1,365 |
| 30% - 40% | 602 |
| 40% - 50% | 577 |
| 50% - 60% | 322 |
| 60% ന് മുകളിൽ | 679 |




ആകെവിദ്യാർത്ഥികളുടെ എണ്ണത്തിൽ 18% വരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ തോൽവി 28% വരുന്നു.

S.S.L.C വിജയശതമാനം തികച്ചും മോശമാണ്.

| വർഷം | വിജയശതമാനം |
|---|---|
| 1993 മാർച്ച് | 41 |
| 94 ,, 41 | |
| 95 ,, 32 | |
| 96 ,, 28.2% | |

2 അൺഎയിഡഡ് സ്ക്കൂളുകളിൽ ഒന്ന് വാടക കെട്ടിടത്തിലാണ് നടക്കുന്നത്. വിദ്യാർത്ഥികളുടെ എണ്ണം 69 ഉം അധ്യാപകരുടെ എണ്ണം 25ഉം ആണ്. രണ്ടാമത്തേത് ഒന്നാം തരം കെട്ടിടത്തിൽ 1 മുതൽ 10 വരെ നടക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം 416ഉം അധ്യാപകരുടെ എണ്ണം 21മാണ്.

വൊക്കേഷണൽ ഹയർ സെക്കൻററി ക്ലാസ്സുകളിൽ ആകെ 89 വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

| Year of Study | Ist Year | | | IInd Year | | |
|---|---|---|---|---|---|---|
| subjects | B | G | Total | B | G | Total |
| 1. Data Processing and Computer Operation | 14 | 11 | 25 | 16 | 7 | 23 |
| 2. Maintanance and Repair of Radio and Television | 12 | 11 | 23 | 14 | 4 | 18 |

ഇസ്ലാമിക വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു പാരലൽ കോളേജുള്ളത് സ്വന്തമായ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. നല്ലകെട്ടിടവും ചുറ്റും മതിലും ഉണ്ട്. ഹോസ്റ്റൽ സൗകര്യവുമുണ്ട്. പ്രീഡിഗ്രിക്ക് (3 Year Course) 215 വിദ്യാർത്ഥികളും ഡിഗ്രിക്ക് 65 വിദ്യാർത്ഥികളും ഉണ്ട്. അധ്യാപകരുടെ എണ്ണം 8.

പാഠ്യേതര പ്രവർത്തനങ്ങൾ മിക്കവാറും സ്ക്കൂളുകളിൽ നടക്കുന്നുണ്ട്. സബ് ജില്ലാ തലത്തിൽ മുൻപന്തിയിൽ എത്തുന്നുണ്ടെങ്കിലും റവന്യൂ ജില്ലാ തലത്തിൽ സമ്മാനം നേടുന്നവർ വിരളമാണ്.

ഉച്ചക്കഞ്ഞി എല്ലാ വിദ്യാലയങ്ങളിലും മുടക്കം കൂടാതെ നടക്കുന്നുണ്ട്. 1995-96 വർഷത്തിൽ ഇതിലേക്കായി പഞ്ചായത്ത് 13,234 രൂപ സ്ക്കൂളുകൾക്ക് നല്കിയിട്ടുണ്ട്. കൂടാതെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡും പാവപ്പെട്ടവർക്ക് സൗജന്യ യൂണിഫോറവും നല്കുന്നു.

ഈ പഞ്ചായത്ത് അതിർത്തിയിലുള്ള 4480 വിദ്യാർത്ഥികളിൽ 1391 പേർക്ക് ലംപ്സംഗ്രാൻറും 281 പേർക്ക് മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പും ലഭിക്കുന്നു. വികലാംഗ സ്കോളർഷിപ്പ് ലഭിക്കുന്നവരുടെ എണ്ണം 20 ആണ്.

**നിർദ്ദേശങ്ങൾ**

സ്ക്കൂളുകൾ ആകർഷണീയമായിരിക്കണം. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകതന്നെ വേണം. ആവശ്യത്തിന് ക്ലാസ്സ്മുറികളും വേണ്ടത്ര ഫർണിച്ചറും ഉണ്ടായിരിക്കണം. മറ്റു പഠനോപകരണങ്ങളും ആവശ്യത്തിന് വേണം. പി.ടി.എ. ഊർജ്ജിതമായി പ്രവർത്തിക്കുകയാണെങ്കിൽ ഈ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാനാകും. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാനും പി.ടി.എ യുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. പി.ടി.എയിൽ വിദ്യാർത്ഥി പ്രതിനിധികളും ഉണ്ടാകുന്നത് അഭികാമ്യമാണ്.

പി.ടി.എ. എല്ലാ സ്ക്കൂളുകളിലും ഉണ്ടെങ്കിലും പലതും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ക്ലാസ്സ് പി.ടി.എ. ഒരിടത്തും ഇല്ല. ഇത് സംഘടിപ്പിക്കുകയും മാസത്തിൽ ഒരു തവണ ചേരുകയും വേണം. രക്ഷിതാക്കൾ നിരന്തരം അധ്യാപകരുമായി സമ്പർക്കം പുലർത്തുന്നത് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. മാതൃസംഗമം പ്രൈമറി ക്ലാസ്സുകളിൽ നിർബന്ധമായും നടപ്പിലാക്കണം. ഫലപ്രദമായി പ്രവർത്തിക്കുകയും വേണം.

20 അംങ്കണവാടികൾ ഉണ്ടെങ്കിലും മിക്കവാറും ഒന്നിനും തന്നെ സ്ഥലസൗകര്യമോ, കുട്ടികൾക്കുവേണ്ട ഉപകരണങ്ങളോ ഇല്ല. ഇതിന് ചുറ്റുപാടുമുള്ള ആളുകളുടെ സഹകരണം തേടുകയും പഞ്ചായത്തിൻെറ ശ്രദ്ധ ഉണ്ടാകുകയും വേണം. സാക്ഷരത നേടിയവരിൽ തന്നെ വലിയ ഒരു വിഭാഗം ഇന്ന് പുറകോട്ടു പോയിരിക്കുന്നു എന്നത് ഒരു സത്യമാണ്. അതുകൊണ്ട് തുടർ സാക്ഷരതാ പദ്ധതി നടപ്പാക്കണം. തളിക്കുളം പബ്ലിക് ലൈബ്രറിയും പഞ്ചായത്ത് ലൈബ്രറിയും കൂടതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം. പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കിയാൽ സ്ത്രീകളുടെ വായനാശീലം വർദ്ധിക്കുമെന്നതിൽ സംശയമില്ല. വരിസംഖ്യ അല്പം കൂടുതൽ വാങ്ങി കുറച്ചുപേർക്ക് ജോലി കൊടുക്കുവാനും കഴിയുന്നതാണ്.

സ്ക്കൂൾ സമയം 9മുതൽ 3 വരെ എന്നാക്കി മാറ്റിയാൽ ബസ്സിലെ തിരക്ക് ലഘൂകരിക്കാനാകും. ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന G.M.L.P.S. ഒരു U.P. സ്ക്കൂളായി ഉയർത്തുന്നത് അഭികാമ്യമായിരിക്കും. ഒരു മോഡൽ നഴ്സറി ഇവിടെ തുടങ്ങാവുന്നതാണ്. സ്ക്കൂളിന് ചുറ്റും ഒരു മതിൽ നിർമ്മിക്കുകയും ശുദ്ധജലം ലഭിക്കാനായി പൈപ്പ് കണക്ഷൻ നല്കുകയും വേണം. അതേപോലെ സ്ക്കൂൾ വൈദ്യുതീകരിക്കേണ്ടതുമാണ്. അറ്റകുറ്റപണികൾ നടത്തണം. GMLPS, Northന് ഒരു മൂത്രപ്പുരയെങ്കിലും ഉടനെ നിർമ്മിക്കണം.

ക്ലാസ്സുമുറികളുടെ കുറവുമൂലം sessional സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നG.V.H.S.Sൽ ആവശ്യത്തിനുള്ള മുറികൾ പണി ചെയ്യേണ്ടതാണ്. സ്ക്കൂൾ കളിസ്ഥലത്തിന് ഒരു തരത്തിലും കുറവുണ്ടാകാതെ നോക്കണം. പണിയുന്ന മുറികളിൽ മൂന്നോ നാലോ 30' x 20'യിൽ ആയാൽ പ്രീഡിഗ്രി ക്ലാസ്സുകൾ നടത്താൻ എളുപ്പമായിരിക്കും. S.S.L.C വിജയശതമാനം കുറഞ്ഞുകൊണ്ടുവരുന്നു. 96 മാർച്ചിലെ വിജയം വളരെ മോശമായിരിക്കുന്നു. അത് ഉയർത്തി കൊണ്ടുവരാൻ അധ്യാപകരും രക്ഷിതാക്കളും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകം ക്ലാസ്സുകൾ സ്ക്കൂൾ സമയത്തിനു പുറമെ നടത്തണം. ഇവിടെ ഫർണിച്ചറിൻെറ പോരായ്മ വളരെ രൂക്ഷമാണ്. ഇതിന്ന് പരിഹാര നടപടികൾ സ്വീകരിക്കണം. സ്ക്കൂളുകളിൽ ലൈബ്രറി വായന പ്രോത്സാഹിപ്പിക്കണം.

കുട്ടികൾക്ക് വായിക്കാൻ പറ്റിയ പുസ്തകങ്ങൾ ഉണ്ടാകണം. വെണ്ടത്ര മൂത്രപ്പുരകളും കക്കൂസും ഈ വിദ്യാലയത്തിലില്ല. അതിനും പരിഹാരം ഉണ്ടാകണം. രണ്ടുകൊല്ലമായി അറ്റകുറ്റപണികൾ നടക്കുന്നില്ല. അതിനുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ ഏർപ്പെടുത്തണം.

ഈ സ്ക്കൂളിലെ U.P. ക്ലാസ്സുകൾ ക്രമേണ നിറുത്തലാക്കാവുന്നതാണ്. ഇപ്പോൾ 5-ാം ക്ലാസ്സിൽ 2 കുട്ടികളും 6-ാം ക്ലാസ്സിൽ 9 കുട്ടികളുമാണുള്ളത്. ഇതിന്ന് ക്ലാസ്സുമുറികളും അധ്യാപകരും വേണ്ടി

വരുന്നു എന്നത് തീർച്ചയായും അധികപ്പറ്റുതന്നെ യാണ്.

Tagore L.P.സ്ക്കൂളിൽ മൂത്രപ്പുരയും കുടിവെള്ളത്തിന് ഒരു പൈപ്പ്കണക്ഷനും ഉണ്ടാകണം.

S.N.V.U.P സ്ക്കൂളിലും മൂത്രപ്പുരകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഉച്ചക്കഞ്ഞി തയ്യാറാക്കുന്നതിന് മിക്ക സ്ക്കൂളുകളിലും താല്ക്കാലിക സംവിധാനമാണുള്ളത്. ആരോഗ്യകരമായ രീതിയിൽ ഭക്ഷണം പാകം ചെയ്യുവാനുള്ള പുരകൾ എല്ലാ സ്ക്കൂളുകളിലും നിർമ്മിച്ചു കൊടുക്കണം.

7-ാം വാർഡിൽ ഫിഷറീസ് വകുപ്പിൻെറ സ്ഥലം വെറുതെ കിടക്കുന്നുണ്ട്. അതിൽ ഒരു അംങ്കണവാടി ഉണ്ടാക്കാവുന്നതാണ്. ഇപ്പോൾ ഈ വാർഡിൽ അംങ്കണവാടിയില്ല.

പഞ്ചായത്തിലെ ഏതെങ്കിലും ഒരു വാർഡിൽ പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ പ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും യോജിച്ച് എല്ലാ വിദ്യാർത്ഥികളുടേയും രക്ഷിതാക്കളെ നേരിട്ടുകണ്ട് ബോധവല്ക്കരണം നടത്തി കുട്ടികളുടെ വിദ്യാഭ്യാസപുരോഗതി നേടിയെടുക്കുവാൻ ഒരു ശ്രമം നടത്തിനോക്കണം.

പഞ്ചായത്ത് തലത്തിൽ സ്ക്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കുകയും ഫലപ്രദമായി പ്രവർത്തിക്കുകയും വേണം. G.V.H.S.S ഒരു ന്യൂക്ലിയസ്സ് സ്ക്കൂളായും പഞ്ചായത്തിലെ മറ്റുവിദ്യാലയങ്ങളെ ചേർത്തുകൊണ്ടും ഒരു യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. V.H.S.S. ലെ പ്രിൻസിപ്പാൾ കൺവീനറായും ഒരു വിദ്യാഭ്യാസ പൊതുപ്രവർത്തകൻ ജോ.കൺവീനറായും മറ്റു സ്ക്കൂളിലെ പ്രധാന അധ്യാപകൻമാർ അംഗങ്ങളുമായി ഒരു കമ്മറ്റി രൂപീകരിക്കാം. ഇതിൻെറ കീഴിൽ അധ്യാപകർക്ക് പരിശീലനം നല്കുവാനും മൂല്യനിർണ്ണയത്തിൽ ആധുനിക സങ്കേതങ്ങൾ പരിചയപ്പെടുത്തികൊടുക്കാനും കഴിയും. തൃശ്ശൂർ ഡയറ്റിൻേറയും ശാസ്ത്രസാഹിത്യ പരിഷത്തിൻെറ ലോക്കൽ യൂണിറ്റിൻേറയും സഹകരണം തേടാവുന്നതാണ്. ഇത്തരം പരിപാടികൾ മറ്റു ചില ജില്ലകളിൽ പരീക്ഷിക്കുകയും വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

# സംസ്ക്കാരം

സാമൂതിരിയുടെ പടയോട്ടങ്ങൾക്കും, സ്വാതന്ത്ര്യത്തിനായുള്ള രാഷ്ട്രീയ പോരാട്ടങ്ങൾക്കും സമ്പുഷ്ടമായ സാഹിത്യരചനകൾക്കും വേദിയായിട്ടുണ്ട് തളിക്കുളം പഞ്ചായത്ത്. കനോലി കനാലിനും അറബിക്കടലിനും ഇടയിൽ മണപ്പുറത്തിൻെറ സാംസ്ക്കാരിക കേന്ദ്രമായി നിലകൊള്ളുന്ന ഈ പഞ്ചായത്ത് മതമൈത്രിയുടെ കേളീരംഗമാണ്. കെ.എസ്.കെ. തളിക്കുളത്തിൻെറ 'അമ്മുവിൻെറ ആട്ടിൻകുട്ടിയും' എടശ്ശേരി മൗലവിയുടെ 'സ്വാതന്ത്ര്യഗീതകങ്ങളും'. ഈ മണ്ണിൻെറ സർഗ്ഗ ചേതനയുടെ വെട്ടം പരത്തിയപ്പോൾ ശ്രീ. ഇ. കെ. അപ്പുമാസ്റ്റർ, ടി.കെ. രാമൻ, തോട്ടുംപുര കുമാരസ്വാമി, ഇ.പി.കെ. രാമകൃഷ്ണൻ എസ്.കെ. മുഹമ്മദ് എന്നിവരുടെ രാഷ്ട്രീയ പ്രവർത്തനം ഇവിടത്തെ വിപ്ലവ ചേതനയുടെ വിജയഗാഥകളായിരുന്നു. തൊഴുത്തും പറമ്പിൽ രാഘവൻെറ പരിശ്രമ ഫലമായി 1932ൽ രൂപംകൊണ്ട പബ്ലിക് ലൈബ്രറിയും എരണേഴത്ത് ക്ഷേത്രവുമായി ബന്ധപ്പെട്ട് രൂപപ്പെട്ടുവന്ന കലാസംഘടനയായ ഭജനസംഘവും തളിക്കുളത്തിൻെറ സാംസ്ക്കാരിക ചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

അകാലത്തിൽ പൊലിഞ്ഞുപോയ പ്രശസ്തകഥാകൃത്ത് ഇ.പി. സുഷമ തളിക്കുളത്തിന് എന്നെന്നും അഭിമാനിക്കാവുന്ന എഴുത്തുകാരിയാണ്.

മണപ്പുറത്തെ ഏറ്റവും മികച്ച സാക്ഷരതാ പ്രവർത്തനം കാഴ്ചവെച്ച ഗ്രാമം, അഖിലേന്ത്യാ വോളിബോൾ ടൂർണമെൻറ് നടത്തിയ ഗ്രാമം, മണപ്പുറത്തെ ആദ്യത്തെ സ്ക്കൂളുണ്ടായ ഗ്രാമം, മണപ്പുറത്തെ ഏറ്റവും മികച്ച സിനിമാതിയ്യറ്ററുള്ള ഗ്രാമം എന്നിങ്ങനെ അഭിമാനിക്കാൻ ഏറെയുണ്ട് ഈ ഗ്രമത്തിനു സ്വന്തമായി.

ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുമത വിശ്വാസികളാണ്. തൊട്ടുപുറകെ മുസ്ലീങ്ങളും, പരിമിതമായി കൃസ്ത്യാനികളുമുണ്ട്. എരണേഴത്ത് ഭഗവതി ക്ഷേത്രത്തിലെ ഉത്സവവും ശ്രി ധർമ്മശാസ്താ ക്ഷേത്രത്തിലെ ഉത്രം വിളക്കും ശ്രീ ശങ്കരനാരായണ ക്ഷേത്രത്തിലെ ഉത്സവവുമാണ് പ്രധാന ക്ഷേത്രോത്സവങ്ങൾ. വലിയ പെരുന്നാളും ചെറിയ പെരുന്നാളും ബദരിങ്ങളുടെ ആണ്ടും മുസ്ലിംങ്ങൾ പ്രധാനമായി കൊണ്ടാടുന്നു. പത്താംകല്ലിൽ സ്ഥിതിചെയ്യുന്ന കൃസ്ത്രീയ പള്ളിയിലെ അമ്പുപെരുന്നാൾ കൃസ്ത്യാനികളുടെ പ്രധാന ഉത്സവമാണ്. പൊതു ആഘോഷാവസരങ്ങളായ ഓണം, വിഷു, ക്രിസ്തുമസ്, പുതുവത്സരദിനം, സ്വാതന്ത്ര്യദിനം ഗാന്ധി ജയന്തി തുടങ്ങിയവ ജാതിമത ഭേദമെന്യേ ഗ്രാമീണരെല്ലാം ഒന്നുപോലെ ആഘോഷിച്ചുവരുന്നു.

സാമൂഹ്യമായ ഒട്ടേറെ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും ജാതിഘടന ഇപ്പോഴും പ്രബലമാണ്. വിവാഹം, ശവസംസ്ക്കാരം, ആരാധനാലയത്തോടു ബന്ധപ്പെട്ട ആഘോഷങ്ങൾ എന്നിവ നിയന്ത്രിക്കുന്നത് ഇപ്പോഴും പരമ്പരാഗത ജാതി നിയമങ്ങളാണ്. ഹിന്ദുക്കളിലും സുസ്ലീങ്ങളിലും,ക്രിസ്ത്യാനികളിലും വിവിധ ജാതികളും വിഭാഗങ്ങളുംമായുള്ള വേർത്തിരിവ് ദൃശ്യമാണ്. ജാതിമതങ്ങളിലെല്ലാം പൊതുവായി കണ്ടുവരുന്ന അനാചാരമാണ് സ്ത്രീധന സമ്പ്രദായം. ഇതുമൂലം ധാരാളംപാവപ്പെട്ട കുടുംബങ്ങൾ കണ്ണീരുകുടിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൻേറതെന്നു മാത്രം അവകാശപ്പെടാവുന്ന ആചാരങ്ങളോ അനുഷ്ഠാനങ്ങളോ നാടൻ കലകളോ ഒന്നും തന്നെ എടുത്തുപറയത്തക്കതായിട്ടില്ല.

എങ്കിലും മൂക്കൻചാത്തൻ കളി, ഐവർകളി, അറവനമുട്ട്, കോൽക്കളി, തിരുവാതിരക്കളി, ഓണക്കളി, മകംപാട്ട്, കാളകളി, ദാരികനും കാളിയും, പുള്ളുവൻപാട്ട്, സർപ്പംപാട്ട്, കളമെഴുത്ത്പാട്ട് തുടങ്ങിയ നാടൻ കലാരൂപങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. ഇവയിൽ പലതും ഇന്നപ്രത്യക്ഷമായിരിക്കുന്നു.

പണ്ട് സജീവമായിരുന്ന പല സാംസ്ക്കാരിക സംഘടനകളും ഇന്ന് മൃതാവസ്ഥയിലാണ്. തനതു കലകളെയും, കായികവിനോദങ്ങളെയും പരിപോഷിപ്പിക്കുന്നതോടൊപ്പം ആധുനിക കലാകായിക രംഗങ്ങൾക്ക് ഊന്നൽ നൽകി തളിക്കുളം പഞ്ചയാത്തിൻെറ മുഴുവൻ സംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകാവുന്ന ഒരു കേന്ദ്രകലാസാംസ്ക്കാരിക സംഘടന ഇന്ന് നമുക്കാവശ്യമുണ്ട്.

കേന്ദ്രകലാസമിതിയിലൂടെ തളിക്കുളത്തിൻെറ നാനാഭാഗങ്ങളിലുള്ള കലാസമിതികളെ സജ്ജമാക്കി വർഗ്ഗീയ വിഷശക്തികൾക്കെതിരെ ജനങ്ങളെ

ഉണർന്നിരിക്കുവാൻ പ്രാപ്തരാക്കുക, അവശ്യഘട്ടങ്ങളിൽ ജനങ്ങളിലേക്ക് ഇറങ്ങിചെല്ലുവാൻ തയ്യാറുള്ള ചുറുചുറുക്കുള്ള ചെറുപ്പക്കാരുടെ സന്നദ്ധസേന രൂപീകരിച്ച് അവരുടെ കർമ്മശേഷിയെ ഗ്രാമത്തിന്റെ ദൈനംദിന വികസനത്തിനായി പ്രയോജനപ്പെടുത്തുകയെന്നിവയെല്ലാം ചെയ്യുവാൻ കഴിയും. വർഷം തോറും എല്ലാകലാസമിതികളേയും ഒത്തുചേർത്തു കൊണ്ട് ഒരു വാർഷികാഘോഷം സംഘടിപ്പിക്കാവുന്നതുമാണ്.

തളിക്കുളത്ത് അഞ്ച് ലൈബ്രറികളാണുള്ളത്. ഇവയുടെ വിശദ വിവരം ഇതൊടൊപ്പം ചേർക്കുന്നുണ്ട് (ചാർട്ട് - A) "പുസ്തകം മരിക്കുന്നു" എന്ന സാഹിത്യപ്രേമികളുടെ വിലാപത്തെ ബലപ്പെടുത്തുന്ന അവസ്ഥയാണ് ഇവയുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ തെളിയുന്ന വസ്തുത. ഗൗരവമായ വായന വളരെ കുറഞ്ഞിരിക്കുന്നു. വർഷാവർഷം കിട്ടുന്ന ഗ്രാൻറുകൾ വഴി പുതിയപുസ്തകങ്ങൾ വരുന്നുണ്ടെങ്കിലും അവയൊന്നും വേണ്ടരീതിയിൽ അംഗങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. വിരലിലെണ്ണാവുന്ന വനിതകളെ അംഗങ്ങളായുള്ളൂ. പകലന്തിയാവോളം അടുക്കള ചുമരുകൾക്കിടയിൽ ഒതുങ്ങി പോകുന്ന അവരുടെ ലോകത്തിലേക്ക് പുസ്തകങ്ങളെത്തിച്ചുകൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകുന്നത് നന്നായിരിക്കും. വായനയുടേതായ ഒരു പുത്തൻ സംസ്ക്കാരം വളർത്തുന്ന പരിപാടികൾ സംഘടിപ്പിക്കണം. വീട് വീടാന്തരം കയറിയിറങ്ങി നല്ല പുസ്തകങ്ങൾ വായിക്കുവാൻ യുവതീയുവാക്കളെ വ്യക്തിപരമായി പ്രേരിപ്പിക്കുവാനുള്ള ഒരു പരിപാടിയും ആസൂത്രണം ചെയ്യണം.

തളിക്കുളം പബ്ലിക് ലൈബ്രറിയാണ് താരതമ്യേന നന്നായി പ്രവർത്തിക്കുന്നത്. യങ്ങ്മെൻസ് ലൈബ്രറി നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ഇടശ്ശേരിയിലെ ഇക്റഅ ലൈബ്രറി ഇന്ന് മൃതാവസ്ഥയിലാണ്. വിവേകാനന്ദ ലൈബ്രറിയിൽ ഗ്രന്ഥങ്ങളുടെ വിഷയവൈവിധ്യം വർദ്ധിപ്പിയ്ക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് ലൈബ്രറിയെ മറ്റുള്ളവർക്കെല്ലാം മാതൃകയാവുംവണ്ണം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്. പകൽ മുഴുവൻ സമയം പ്രവർത്തിക്കുന്ന ഒരു റീഡിംഗ് റൂമും, വിദ്യാർത്ഥികൾക്ക് വന്ന് റഫർ ചെയ്യാവുന്നതും അവർക്ക് സൈ്വര്യമായിരുന്ന് വായിക്കുവാൻ പറ്റുന്നതുമായ സൗകര്യവും ഉണ്ടാകണം. ഗ്രാമത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന ഒരു സാംസ്ക്കാരിക കേന്ദ്രമാവണം പഞ്ചായത്ത് ലൈബ്രറി. വിവിധമത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാകുന്ന മുഴുവൻ റഫറൻസ് ഗ്രന്ഥങ്ങളും ആനുകാലികങ്ങളും അവിടെയുണ്ടാകണം. അതുപോലെ പ്രധാന മത്സരപരീക്ഷകളുടെ അപേക്ഷഫോറങ്ങളും ലൈബ്രറിയിൽ ലഭ്യമാക്കണം. ലൈബ്രറിയിലെ നോട്ടീസ്സ് ബോർഡിൽ അത്തരം വിവരങ്ങളോടൊപ്പം കർഷകർക്കും വ്യവസായികൾക്കും വിവിധമേഖലകളിലെ തൊഴിലാളികൾക്കും മറ്റു ജനവിഭാഗങ്ങൾക്കും ലഭിക്കേണ്ട പൊതുസഹായങ്ങളെക്കുറിച്ചും മറ്റു വിവരം നൽകുവാൻ കഴിയണം. പഞ്ചായത്ത് പിരിച്ചെടുക്കുന്ന സെസ്സ് മേലോട്ടയക്കാതെ ഇവിടെയുള്ള ലൈബ്രറികൾക്ക് നേരിട്ട് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

ദിനപ്പത്രങ്ങളിൽ മാതൃഭൂമിയും, മലയാള മനോരമയും, ദേശാഭിമാനിയും, കേരളകൗമുദിയും, മാധ്യമവും, എക്സ്പ്രസ്സും മുൻപന്തിയിൽ നില്ക്കുന്നു. ഇവയിൽ മാതൃഭൂമി ദിനപ്പത്രത്തിനാണ് കൂടുതൽ വായനക്കാരുള്ളത്.

വാരികകളിൽ മംഗളം, മലയാളമനോരമ ആഴ്ചപ്പതിപ്പുകൾ മുന്നിട്ടുനിൽക്കുന്നു.

കലാകൗമുദി, മാതൃഭൂമി ആഴ്ചപ്പതിപ്പുകൾക്കു തരക്കേടില്ലാത്ത വായനക്കാരുണ്ട്. ഇൻഡ്യ ടുഡേയുടെ മലയാളപ്പതിപ്പും ഇവിടെ പ്രചരിക്കുന്നുണ്ട്.

സ്പോർട്ടസ് രംഗത്ത് ജില്ലാതലത്തിൽ ശ്രദ്ധേയമായ പുളിയന്തുരുത്തിയിലെ യുവശക്തി സ്പോർട്ട്സ് ക്ലബ്ബും, ത്രിവേണി കളിയരങ്ങും ഐഡിയൽ ക്ലബ്ബും, വിവേകാനന്ദക്ലബ്ബും പ്രത്യേകം പ്രശംസ അർഹിക്കുന്നവയാണ്. ജീവകാരുണ്യപ്രവർത്തനങ്ങളിലും ഒപ്പം കലാകായിക രംഗങ്ങളിലും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെക്കുന്ന മികച്ചൊരു ക്ലബ്ബാണ് നമ്പിക്കടവ് കലാസമിതി. ജില്ലാതല സ്പോർട്ട്സ് സംഘടിപ്പിച്ച ഐഡിയൽ ക്ലബ്ബ്, കണ്ടശ്ശാംകടവ് വള്ളംകളിയിൽ മൂന്നു വർഷം ഒന്നാമതെത്തി ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ പുതുയന്തുരുത്തിയുടെ ശക്തി സ്പോർട്ട്സ് ക്ലബ്ബ് എന്നിവ പഞ്ചായത്തിന് അഭിമാനകരമായി നിലകൊള്ളുന്നു. പഞ്ചായത്തിലെ പല ക്ലബ്ബുകളും രക്തദാന ഫോറങ്ങളുള്ളവയും സൗജന്യമെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളവയുമാണ്. പല ക്ലബ്ബുകളും വാർഷികാഘോഷങ്ങളിൽ നാടകം സ്വയം കളിക്കാറുണ്ട്. കേരളോത്സവത്തിലും സജീവമായി പങ്കെടുക്കാറുണ്ട്. കലാസമിതികളുടെ പേരുവിവരം താഴെകൊടുക്കുന്നു.

### കലാസമിതികൾ

1. നവവത്സര കലാസമിതി കച്ചേരി
2. വിവേകാനന്ദ കലാസമിതി തമ്പാൻ കടവ്
3. താളം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് ഇടശ്ശേരി (പുതുക്കുളം)
4. അലൈൻഡ് ക്ലബ്ബ് പുതുക്കുളം
5. നമ്പിക്കടവ് കലാസമിതി നമ്പിക്കടവ്
6. യുവശക്തി സ്പോർട്ടസ് ക്ലബ്ബ് ഇടശ്ശേരി
7. ത്രിവേണി കളിയരങ്ങ്
8. ഐഡിയൽ കലാകേന്ദ്ര
9. സർഗ്ഗം ഇടശ്ശേരി ബീച്ച്
10. യുവശക്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്
11. കലാസാംസക്കാരിക വേദി ഇടശ്ശേരി
12. ഗ്രാൻമ കൈതയ്ക്കൽ
13. സർദാർ സ്പോർട്ട്സ് ക്ലബ്ബ് കൊപ്രക്കളം
14. യുവജനകലാസമിതി അയിനിച്ചോട്
15. ടാസ്ക് ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്
16. ഓസ്കാർ
17. എ.കെ.ജി. യൂത്ത്സെൻെറർ
18. വിബ്ജിയോർ തമ്പാൻകടവ്
19. വില്ലേജ് യൂത്ത് ക്ലബ്ബ് നമ്പിക്കടവ്
20. ദേശബന്ധു ആർട്സ്ക്ലബ്ബ്.
21. മാസ്റ്റേഴ്സ് ആർട്സ് & സ്പോർസ് ക്ലബ്ബ്
22. പ്രിയദർശിനി നമ്പിക്കടവ്
23. കാളിദാസ കലാഭവൻ നമ്പിക്കടവ്
24. പ്രേരണ കലാസമിതി തമ്പാൻക്കടവ്
25. ഫൈൻ ആർട്സ് സൊസൈറ്റി തളിക്കുളം

യുവാക്കളെ കർമ്മോൻമുഖരാക്കുന്ന കാരാട്ടെ, കളരി എന്നീ കായികാഭ്യാസങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ പ്രത്യേക പ്രോത്സാഹനം നൽകേണ്ടതാണ്. വോളിബോൾ, ബാറ്റ്മിൻറൻ, കബഡി, ഫുട്ബോൾ, ക്രിക്കറ്റ് എന്നിവ പ്രോത്സാഹനമുണ്ടെങ്കിൽ ഈ പഞ്ചായത്തിൽ തഴച്ചുവളർന്നുവരേണ്ട കായികവിനോദങ്ങളാണ്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ ആക്രമണം ആശങ്കാകുലമായ തലത്തിലേക്ക് വളർന്നിരിക്കുന്നു. സൈനിക ആക്രമണത്തേക്കാൾ ഗുരുതരമാണ് സാംസ്കാരിക ആക്രമണം എന്നതിരിച്ചറിവ് ടി.വി തുടങ്ങിയ ഇലക്ട്രോണിക്മാദ്ധ്യമങ്ങളിലേക്ക് അന്ധമായി തിരിയുന്ന ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

വിവാഹാദിചടങ്ങുകൾ തങ്ങളുടെ പൊങ്ങച്ചം പ്രദർശിപ്പിക്കുവാനുള്ള അവസരമായി ചിലർ കരുതുന്നു. പല ഇടത്തരം കുടുംബങ്ങളും കടക്കെണിയിൽ വീഴാൻ ഇതുകാരണമായിട്ടുണ്ട്. നാടുമുഴുവൻ ഊട്ടി രണ്ടുനാൾ കഴിയുമ്പോൾ അടുപ്പിൽ കഞ്ഞിവെക്കാൻ അന്യരിൽ നിന്നും കടമിരക്കേണ്ട ഗതികേട് പല വീടുകളുടേയും സ്ഥിതിയാണ്. സ്ത്രീധനവും നമുക്ക് സങ്കൽപ്പിക്കാവുന്നതിലുമപ്പുറം എത്തിയിരിക്കുന്നു. ആദർശവാൻമാരായ യുവതിയുവാക്കൾ ഇതിനെതിരായി രംഗത്തിറങ്ങേണ്ടതാണ്. അങ്ങിനെയുള്ളവരെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കാൻ ഔദ്യോഗിക സംവിധാനം തന്നെ തെയ്യാറാകേണ്ടതാണ്.

ബഹുജനപങ്കാളിത്തത്തോടെ ലൈബ്രറി വിപുലീകരിക്കുന്നതിന് സാധിക്കണം. പുസ്തകം തേടി വായനക്കാർ ചെല്ലാത്ത സാഹചര്യത്തിൽ വായനക്കാരെ തേടി പുസ്തകം ചെല്ലുന്ന സാഹചര്യം ഉണ്ടാക്കണം.

വിദ്യാലയങ്ങളിൽ അത്‌ലറ്റിക്സ് പോലെ തന്നെ പ്രാധാന്യത്തോടെ ഗെയിംസിലും വിദ്യാർത്ഥികളെ താല്പര്യപൂർവ്വം വളർത്തിയെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ വിദ്യാലയങ്ങളുമായി ബന്ധപ്പെടുത്തി ശാസ്ത്രീയകലാരൂപങ്ങളിൽ വിദ്യാർത്ഥികൾക്കും താല്പര്യമുള്ള ഗ്രാമീണർക്കും ശിക്ഷണമേർപ്പെടുത്തണം. ക്ലാസ്സുകൾതോറും മുമ്പ് നിലവിലിരുന്ന സാഹിത്യ സമാജം പരിപാടികൾ വീണ്ടും തുടങ്ങാൻ വിദ്യാലയങ്ങളിൽ നടപടിയുണ്ടാകണം. നമ്മുടെ സാമൂഹ്യ രംഗം ചുരുക്കം ചില ദുഷ്ടശക്തികളുടെ ചതുരംഗക്കളമായി മാറിക്കൊണ്ടിരിക്കയാണ്. എന്നാൽ നൻമയും സമാധാനവും ആഗ്രഹിക്കുന്ന ഭൂരിപക്ഷം വരുന്ന സാത്വിക ശക്തി ഇവിടെ നിസ്സഹായരായി,

അസംഘടിതരായി കഴിയുകയാണ്. ഈ അവസ്ഥ മാറാൻ ക്രിയാത്മകമായി ചിന്തിക്കുന്ന എല്ലാവരുടേയും കൂട്ടായൊരുവേദി ഉരുത്തിരുഞ്ഞാൽ നാടിനെ നശിപ്പിക്കാൻ കച്ചമുറുക്കുന്ന നിഷേധ ശക്തികളെ തുരത്തുവാൻ നമുക്ക് കഴിയും. ധാർമ്മികമായ ആ സമരത്തിനു വേദിയാകണം രൂപീകൃതമാകുന്ന കേന്ദ്രകലാസമിതി.

സാമൂതിരിയുടെ പടയാളികളായ തളിയാതിരിമാർ പടയോട്ടകാലത്ത് കുഴിച്ച കുളമാണ് തളിക്കുളമായതെങ്കിൽ നൻമയുടേയും, സ്നേഹത്തിൻെറയും അഭിവൃദ്ധിയുടേയും തെളിനീരുറവകൾ കണ്ടെത്താനുള്ള കുളങ്ങൾ നാം ഇന്നു കുഴിക്കേണ്ടിയിരിക്കുന്നു.

# വനിത

"Life of an Indian Women is an unspoken saga of misery and sorrow"എന്ന് ഒരു വിദേശ വനിത ഒരിക്കൽ പറയുകയുണ്ടായി. ഈ സാഹചര്യത്തിൽ നിന്ന് വ്യത്യസ്ഥമല്ല നമ്മുടേതും.

പുരുഷനും സ്ത്രീക്കും ഭരണഘടന തുല്യ അവകാശങ്ങൾ വിഭാവനം ചെയ്യുന്നുണ്ടെങ്കിലും, സ്ത്രീകൾക്ക് ആവശ്യമായ പരിരക്ഷ ഇന്നു ലഭിക്കുന്നുണ്ടോയെന്ന് സംശയമാണ്. നാടിന്റെ പല ഭാഗങ്ങളിലും സത്രീ പീഢനങ്ങളുടെ പരമ്പരകൾ അരങ്ങേറുന്നു. നമ്മുടെ പഞ്ചായത്തിലും ഒററപ്പെട്ട സംഭവങ്ങളെങ്കിലും ഉണ്ടാകാറുണ്ട്. സ്ത്രീയാണ് സമൂഹത്തിന്റെ നട്ടെല്ല്. അവരുടെ ഉന്നമനത്തിൽ ഊന്നി മാത്രമേ സമൂഹ പുരോഗതിയെ കുറിച്ച് ചിന്തിക്കാനാകൂ.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 53.5% സ്ത്രീകളാണെങ്കിലും പൊതു രംഗത്ത് അവരുടെ പങ്കാളിത്തം പരിമിതമാണ്. പുതിയ പഞ്ചായത്ത് രാജ് നിയമത്തിന്റെ ആവിർഭാവത്തോടെ തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളുടെ ഭരണ സമിതികളിൽ സ്ത്രീകൾക്ക് മൂന്നിൽ ഒന്ന് പ്രാതിനിധ്യം ലഭിച്ചു. ഗ്രാമ പഞ്ചായത്ത് സമിതിയിൽ ഒരു പട്ടിക ജാതി വനിത അടക്കം നാലു പേരുണ്ട്. ബ്ലോക്ക് പഞ്ചായത്ത് മെമ്പറായി ഒരു വനിതയെ ഇവിടെ നിന്ന് തെരഞ്ഞെടുത്തിട്ടുണ്ട്. നമ്മുടെ ജില്ലാപഞ്ചായത്ത് അംഗവും വനിതയാണ്.

വിവിധ മഹിളാ സംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ത്രീകളുടെ സജീവ പങ്കാളിത്തം തുലോം പരിമിതമാണ്. സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന പുരുഷമേധാവിത്വമാണ് ഒരു പരിധി വരെ ഇതിനു കാരണം. സ്ത്രീക്ക് ഏതു സമയവും യാത്ര ചെയ്യാനുള്ള സുരക്ഷിതത്വമില്ലായ്മയാണ് മറെറാരു കാരണം ഭാരിച്ചവീട്ടുജോലികളിൽ പുരിഷന്റെ സഹകരണമില്ലായ്മയും, സ്ത്രീകളുടെ ആത്മാഭിമാനക്കുറവ്, വിദ്യാസമ്പന്നരെങ്കിലും സാമൂഹ്യ ബോധമില്ലായ്മ എന്നിവയും കാരണങ്ങളിൽ ചിലതാണ്. പൊതു പ്രവർത്തകരായ വനിതകളെ വിമർശിക്കുന്നവരിൽ സ്ത്രീ പുരുഷഭേദമില്ല.

സ്ത്രീധനസമ്പ്രദായം ഇപ്പോഴും സാർവ്വത്രികമായി നിലനിൽക്കുന്നു. സ്ത്രീകളുടെ ഭാഗത്തുനിന്ന് കാര്യമായ ചെറുത്തു നിൽപ്പ് കാണുന്നില്ല. സ്ത്രീധനത്തിന്റെ പേരിലുള്ള പീഢനങ്ങൾ ഇല്ലായെന്ന് പറയാമെങ്കിലു സമൂഹം സ്ത്രീധന രഹിതമായ വിവാഹങ്ങളെക്കുറി ചിന്തിക്കുന്നില്ല. മററു സ്ഥലങ്ങളിൽ കണ്ടുവരുന്നത് പോലെ ആഡംബര ഭ്രമവും ആഭരണ ഭ്രമവും സ്ത്ര കളിൽ കൂടുതലായികണ്ടുവരുന്നു.

വിദ്യഭ്യാസരംഗത്ത് പെൺകുട്ടികൾ വള മുൻപന്തിയിലാണ്. അവരെ, കോൺവെൻറ് സ്കൂളുകളി ചേർത്ത് പഠിപ്പിക്കാനുള്ള പ്രവണത സാമ്പത്തികമാ മുന്നിൽ നിൽക്കുന്ന കുടുംബങ്ങളിൽ കണ്ടുവരുന്നു.

പരമ്പരാഗതമായി കാർഷിക മേഖലയിൽ ജോല ചെയ്തിരുന്ന സ്ത്രീ തൊഴിലാളികൾ ഇന്നു മററ മേഖലകളിലാണ് തൊഴിൽ ചെയ്യുന്നത്. പാടങ്ങ നികത്തിയതുമൂലം നെൽകൃഷി മേഖലയിൽ ജോല ചെയ്തിരുന്നവർക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഇപ്പോ പ്രധാന തൊഴിൽ മേഖലകൾ ബീഡി വ്യവസായം, കെട്ട് നിർമ്മാണം, റോഡ് നിർമ്മാണം എന്നിവയാണ്. 60 മുത 75രൂപ വരേയാണ് ഇവരുടെ കൂലി നിരക്ക്. ഇപ്പോഴ സ്ത്രീയും പുരുഷനും തമ്മിൽ കൂലി നിരക്കി പ്രകടമായ വ്യത്യാസം നിലനിൽക്കുന്നു.

പട്ടികജാതി സ്ത്രീകൾക്ക് ജോലിയും എല്ല വിഭാഗം സ്ത്രീകൾക്ക് പരിശീലനവും നൽകാനുദ്ദേശി നടപ്പിലാക്കിയ ഒരു കൈത്തറി നിർമ്മാണ യൂണിറ പഞ്ചായത്തിൽ നിലവിലുണ്ട്. 16 സ്ത്രീകൾ ജോല ചെയ്യുന്നുണ്ടെങ്കിലും ഏകദേശം 40 പേർക്ക് ജോല നൽകാനുള്ള സാദ്ധ്യത ഇവിടെ യുണ്ട്.

ചകിരി ത്തൊഴിലാളികളായും പലരും ജോല ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ ഈ മേഖലയുമാ ബന്ധപ്പെട്ട് ഏതാനും പേർ മാത്രമേ ജോലിചെയ്യുന്നുള്ള

ബീഢിത്തൊഴിലാളി മേഖലയിൽ 280 സ്ത്രീക ജോലിചെയ്യുന്നുണ്ട്. ഇവർ വീട്ടിലിരുന്നാ ജോലിനിർവ്വഹിക്കുന്നത്. ഭൂരിഭാഗം പേർക്കും, ലീ പ്രോവിഡണ്ട്ഫണ്ട് എന്നീ ആനുകൂല്യങ്ങൾ ലഭിക്ക ന്നുണ്ട്. ഇവരുടെ ശരാശരി ദിവസ വരുമാനം ~~3540~~ 35-40 ര വരും.

വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിചെയ്യു അനേകം പെൺകുട്ടികൾ ഇവിടെയുണ്ട്. ഇവരി

ാഫീസ് ജോലി ചെയ്യുന്നവർ, നേഴ്സ്മാർ, സെയിൽസ് ഗൾസ് എന്നിങ്ങനെ തരം തിരിക്കാം. അസംഘടിതരായ വർക്ക് ഏകദേശം 400 മുതൽ 600 രൂപ വരെ മാത്രമെ പതിമാസ വേതനം ലഭിക്കുന്നുള്ളു.

പഞ്ചായത്തിൽ വീട്ടുജോലി തൊഴിലായി ധീകരിച്ചവരെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. രുവലിയ വിഭാഗം സ്ത്രീകൾ വീട്ടമ്മമാരാണ്. ത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് പണ്ടു ാലത്ത് ചാപ്പകളുമായബന്ധപ്പെട്ട് ജോലിയുണ്ടാ ിരുന്നുവെങ്കിലും, ഇപ്പോൾ തൊഴിൽ രഹിതരാണ്. ത്സ്യഉൽപ്പാദനസംസ്ക്കരണ രംഗത്തെ മുരടിപ്പാണ് ാരണം.

പെൺകുട്ടികൾക്കുള്ള പ്രത്യേക വിദ്യഭ്യാസ ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. ിദ്യാഭ്യാസ നിലവാരത്തിൽ സ്ത്രീ പുരുഷനേക്കാൾ യർന്നുതന്നെ നിൽക്കുന്നു. വിദ്യാലയങ്ങളിൽ,166 ദ്ധ്യാപകരിൽ 142 പേരും വനിതകളാണ്.

ഇവിടെ 20 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഈ ഥാപനങ്ങളിലെ മേൽനോട്ടം പൂർണ്ണമായും നിതകൾക്കാണ്. അവർ, സ്ത്രീകളുടേയും, കുട്ടികളു ടയും ആരോഗ്യം പോഷകാഹാരം മുതലായ ാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്നു. ഇവിടെ ജോലി ചയ്യുന്നവരുടെ വേതനം വളരെ കുറവാണ്. അംഗൻ ാടികളുടെ ഭൗതിക സാഹചര്യങ്ങളും വളരെ പരിമി മാണ്.

ആരോഗ്യപരിപാലനരംഗത്ത് മൊത്തം ജനങ്ങൾക്ക് ഭിക്കുന്ന സൗകര്യങ്ങൾതന്നെ സ്ത്രീകൾക്കും ഭിക്കുന്നു. അംഗൻവാടികളിലൂടെ ഗർഭിണികൾക്കും ലയൂട്ടുന്ന അമ്മമാർക്കും പരിരക്ഷ ലഭിക്കുന്നുണ്ട്. ാധമിക ആരോഗ്യ കേന്ദ്രത്തിൽ സ്ത്രീജന്യമായ ാഗങ്ങൾ ചികിത്സിക്കുന്ന പ്രത്യേക ഡോക്ടർമാരില്ല.

വായനാശീലം പെതുവെ കുറവാണെങ്കിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ തുടർക്കഥകൾ ായിക്കുന്നവർ വളരെ ഏറെയാണ്. ഇലക്ട്രോണിക് ാധ്യമമായി ബന്ധപ്പെട്ട പരിപാടികൾ ആസ്വദി ുന്നവരാണ്. ഭുരിപക്ഷവും. കായികകലാരംഗങ്ങളിൽ ്യക്തിമുദ്ര പതിപ്പിച്ച വനിതകളാരും തന്നെ ഞ്ചായത്തിലില്ല. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ംസ്ഥാനത്തെ രാഷ്ട്രീയ രംഗത്ത് പ്രശസ്തയായ ളിക്കുളം പഞ്ചായത്തിലെ ഒരു വനിതയാണ്. ഈയിടെ ിര്യാതയായ കുമാരി ഇ. വി. സുഷമ മലയാളത്തിൽ ാറിയപ്പെടുന്ന സാഹിത്യകാരിയാണ്.

കുടുംബനാഥമാരായി സ്ത്രീകൾ ഉത്തരവാദി ത്വങ്ങൾ നിറവേററുന്ന ഏതാനും കുടുംബങ്ങൾനമ്മുടെ പഞ്ചായത്തിലുണ്ട്. പുരുഷൻെറ ക്രിയാത്മക സഹ കരണം അവർക്ക് ലഭിക്കുന്നില്ല.

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ ഇടയിൽ രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്നു.
2. ബഹുജന സംഘടനകളിൽ കൂടുതൽ പേർ പ്രവർത്താക്കുന്നില്ല:
   നേതൃസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നില്ല.
3. സ്ത്രീജന്യ രോഗങ്ങൾക്ക് ആവശ്യമായ ചികിത്സ ല ഭിക്കാനുള്ള സാഹചര്യം പഞ്ചായത്തിലില്ല.
4. സ്ത്രീധന നിരോധന നിയമം ശരിയായ നിലയിൽ നടപ്പാക്കാൻ കഴിയുന്നില്ല.
5. കലാസാംസ്കാരിക രംഗങ്ങളിൽ മതിയായ പ്രാധിനിധ്യമില്ല.
6. ലൈബ്രറികൾവേണ്ടരീതിയിൽ ഉപയോഗടു ത്തുന്നില്ല.

മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്തിനും സന്നദ്ധ സംഘടനകൾക്കും വളരെ യേറെ കാര്യങ്ങൾ ചെയ്യാനാവും. തുന്നൽ, പായ് നെയ്ത്ത്, കൈത്തറി നിർമ്മാണം, കരകൗശല നിർമ്മാണം എന്നീ മേഖലകളിൽസ്ത്രീകൾക്ക് പരിശീലനം നൽ കണം. പഞ്ചായത്തുകളിലെ വിവധ വാർഡുകൾ കേന്ദ്രകരിച്ച് സ്ത്രീകൾതന്നെ ഇക്കാര്യത്തിൽ നേതൃത്വം നൽകണം. ഇങ്ങനെ പരിശീലനം ലഭിക്കുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ഏറെറടുത്ത് നടത്താനകും. വ്യവസായ വകുപ്പ് അതിൽവേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. കൃഷി വികസനത്തിൻെറ ഭാഗമായി സ്ത്രീകൾക്ക് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്താനാവും. എല്ലാ വീട്ടമ്മമാരും അടുക്കള ത്തോട്ടം വെച്ചു പിടിപ്പിക്കുന്നത് അഭികാമ്യമാണ്. മത്സ്യ തൊഴിലാളിമേഖലയിലെ സ്ത്രീകളുടെ തൊഴി ലില്ലായ്മ വളരെ പഠനാർഹമായ വിഷയമാണ്. അവർക്ക് മററു മേഖലകളിൽ തൊഴിൽ കണ്ടെത്താൻ വേണ്ട പരിശീലനവും സഹായവും നൽകണം.

സ്ത്രീകൾക്ക് മാത്രമായി വിദ്യഭ്യാസ സ്ഥാപനങ്ങൾ ആവശ്യമില്ല. ഇപ്പോൾ അദ്ധ്യാപികമാരായി ഈ പഞ്ചാ യത്തിലെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന വനിതകൾ അതാതു വിദ്യാലയങ്ങളിലെ പെൺകുട്ടി കൾക്ക് ആത്മാഭിമാനം ാഹമൂഹിക ഉന്നമനം എന്നിവയെ കുറിച്ച് പ്രത്യേക ക്ലാസുകൾ കൊടുക്കണം. വായനാശീലം

വളർത്തുവാനുംവായിക്കുന്ന വിഷയങ്ങൾ തെരഞ്ഞെടുക്കുവാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകണം. സഞ്ചരിക്കുന്ന ഒരു ലൈബ്രറി സംവിധാനം ഫലപ്രദമായിരിക്കും.

സ്ത്രീജന്യരോഗങ്ങൾ കണ്ടെത്താനും വേണ്ട ചികിത്സകൾ നിർദ്ദേശിക്കാനും സന്നദ്ധ ക്ലാസുകൾ വഴി മെഡിക്കൽക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്. ഇതേ സംവിധാനത്തിൽ കൗൺസിലിങ്ങും ഉൾപ്പെടുത്തണം. ശുചിത്വത്തെക്കുറിച്ചും, പെൺകുട്ടികളെ ബോധവതികളാക്കണം. അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും അവിടെ ജോലി ചെയ്യുന്നവരുടെ തൊഴിൽ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുകയും അത്യാവിശ്യമാണ്.

വനിതകൾക്ക് നിയമസഹായം നല്കാൻ പഞ്ചായത്തുതലത്തിൽ ഒരു സൗജന്യ നിയമസഹായ സെൽ രൂപികരിക്കണം. സ്ത്രീകളുടെ അയൽ കൂട്ടങ്ങൾ സംഘടിപ്പിക്കുകയും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുകയുമാവാം. പഞ്ചായത്ത് കമ്മറ്റിയിലെ വനിതാ അംഗങ്ങൾക്ക് ഈ മേഖലയിൽ നല്ല സഹായം നല്കാതാകും.

സ്തീകൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരു കൈത്തറി യൂണിറ്റ് ഇന്ന് പഞ്ചായത്തിൽ നിലനില്ക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ വ്യവാസായ വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭമായി തുടങ്ങാവുന്ന എതാനും വ്യവസായങ്ങൾ താഴെ ചേർക്കുന്നു.

1. നോട്ടുപുസ്തക നിർമ്മാണം
2. അച്ചാറുകൾ, കറിപൌഡറുകൾ, ജാം, സ്ക്വാഷ് എന്നിവ.
3. കാറ്ററിംഗ് സർവ്വീസ്
4. ചന്ദനത്തിരി നിർമ്മാണം.
5. മെഴുക് തിരി നിർമ്മാണം.
6. ഇലക്ട്രോണിക്ക് ഉല്പന്നങ്ങളുടെ ഭാഗങ്ങൾ
7. കളിക്കോപ്പ് നിർമ്മാണം.
8. കര കൗശല വസ്തുക്കൾ
9. ചൂല് നിർമ്മാണം.
10. ഹോം നേഴ്സ്മാരുടെ സൊസൈറ്റി

മേൽപറഞ്ഞ വ്യവസായങ്ങൾ ചെറുകി വ്യവസായങ്ങളായും സഹകരണമേഖലയിലും തുടങ്ങാ DWCRA ൽ നിന്ന് സാമ്പത്തികവും സാങ്കേതികവുമാ സഹായം ലഭ്യമാണ്.

പരമ്പരാഗത വ്യവസായങ്ങളായ കയർ, പാ നിർമ്മാണ മേഖലകളിൽ പുത്തൻ ഉണർവ്വ് ഉണ്ടായാ സ്തീകളുടെ തൊഴിൽ സാദ്ധ്യതകൾ വളരെ വർദ്ധിക്കു

പുരുഷനോടൊപ്പം സമൂഹത്തിന്റെ എല്ല മേഖലകളിലും അർഹമായ സ്ഥാനം ലഭിക്കാനുള സ്ത്രീയുടെ ന്യായമായ അവകാശത്തെ, പുരുഷ അംഗീകരിക്കുകയും അതു നേടിക്കൊടുക്കേണ്ടത് സ്വ കടമായായി സ്വീകരിക്കുകയും വേണം. ജന്മസിദ്ധമാ ശാരീരികമാനസ്സിക പരിമിതികളെ സ്വ വിമർശനാത്മകമായി വിലയിരുത്തി സമൂഹത്തി നിലനില്പിനും നന്മയ്ക്കും വേണ്ടി സ്ത്രീ-പുരുഷന്മ അവരുടെ പ്രവർത്തനം പരസ്പര പൂരകമാക്കേ യിരിക്കുന്നു.

**കഴിഞ്ഞ നാല് പതിറ്റാണ്ട് കാലത്തെ അനുഭവങ്ങളിൽ നിന്ന് പാഠം പഠിച്ച്, ഇന്നത്തെ സാഹചര്യത്തിൽ ആവശ്യവും പ്രായോഗികവുമായ ഭേദഗതികളോടെ പൊതുമേഖലക്ക് പ്രാമാണ്യം നൽകിക്കൊണ്ടുള്ള വ്യവസായവൽക്കരണവും കാർഷിക പുരോഗതിയും പ്രാവർത്തികമാക്കലാണ് ദേശീയതലത്തിൽ വികസനരംഗത്ത് ആവശ്യമായിട്ടുള്ളത്. അതിൻെറ ഭാഗമായി വേണം കേരളത്തിൻെറ വികസനം രൂപപ്പെടുത്താൻ.**

**ഇ.എം.എസ്.**

**ചെയർമാൻ,**

**ജനകീയ ആസൂത്രണ വികസന സമിതി**

# പട്ടികജാതി ക്ഷേമം

പഞ്ചായത്തിൽ പട്ടിക ജാതിക്കാർ ഉണ്ടെങ്കിലും പട്ടിക വർഗ്ഗക്കാർ ആരുംതന്നെയില്ല. വർഷങ്ങളായി കർഷകത്തൊഴിലാളികളായിരുന്ന ഇവർ പഴയകാലങ്ങളിൽ ഓരോ ജന്മികുടുംബങ്ങളുടേയും പണിക്കാരായി മാത്രം ജോലി ചെയ്തിരുന്നു. ഇന്നും ബഹുഭൂരിപക്ഷം പേരും കർഷക തൊഴിലാളികളാണെങ്കിലും അവർക്ക് ഇഷ്ടമുള്ള തൊഴിലുകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. കഴിഞ്ഞ അരനൂറ്റാണ്ടിനുള്ളിൽ വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ ഇവർക്ക് വളരെ പുരോഗതി ഉണ്ടായിട്ടുണ്ട്. കൃഷിത്തൊഴിലാളികൾക്ക് പുരുഷന് ഏകദേശം 80 രൂപയും സ്ത്രീക്ക് 50 രൂപയും കൂലിയായി ലഭിക്കുന്നുണ്ട്. എങ്കിലും ഇവരുടെ മൊത്തം ജീവിത സാഹചര്യങ്ങൾ മറ്റു ജാതിമത വിഭാഗങ്ങളോടൊപ്പം എത്തിച്ചേർന്നിട്ടില്ല. ഈ അവസ്ഥക്കുള്ളപ്രധാന കാരണങ്ങൾ സാമ്പത്തിക പരാധീനതയും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും തന്നെ. പട്ടികജാതി മേഖലയിൽ ഗവർമ്മെണ്ട് രൂപ കല്പന ചെയ്ത പദ്ധതികളൊന്നും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കാറില്ല എന്നതാണ് പ്രശ്നം.

1991ലെ സെൻസസ് പ്രകാരം പട്ടിക ജാതിക്കാരുടെ നസംഖ്യ 3979 ആണ്. ഇവരിൽ 1945 പേർ പുരുഷന്മാരും 2034 പേർ സ്ത്രീകളുമാണ്. ഇപ്പോൾ നടത്തിയ അനൗദ്യോഗിക സർവ്വേ അനുസരിച്ച് ഇവരുടെ ജനസംഖ്യ 4239 ആണ്. ഇവർ പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ താമസിക്കുന്നു. താഴെ പറയുന്നവയാണ് നമ്മുടെ പഞ്ചായത്തിലെ കോളനികൾ.

1. പുനരധിവാസ കോളനി - ഒന്നാം വാർഡ്
2. കൈതക്കൽ ലക്ഷം കോളനി - മൂന്നാം വാർഡ്
3. അണ്ടിപ്പുര കോളനി - അഞ്ചാം വാർഡ്
4. കച്ചേരിപ്പടി കോളനി - നാലാംവാർഡ്
5. കലാഞ്ഞി കോളനി - പത്താംവാർഡ്
6. പുതിയങ്ങാടി ലക്ഷം വീട് കോളനി - ഒന്നാം വാർഡ്
7. കളാംപറമ്പ് കോളനി - എട്ടാം വാർഡ്
8. പുളിയന്തുരുത്ത് കോളനി - പത്താംവാർഡ്

ഈ കോളനികളിലെ ഭൂരി ഭാഗം താമസക്കാരും പട്ടിക ജാതിക്കാരാണ്. അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഒരു പരിധിവരെ ഇവിടെ ലഭ്യമാണ്. വൈദ്യുതി, ശുദ്ധജല വിതരണം എന്നിവ നിലവിലുണ്ട്. 1989 മുതൽ 96 വരെ ജെ.ആർ.വൈ. പദ്ധതി പ്രകാരം 84 കുടുംബങ്ങൾക്കും അൺടൈഡ് ഫണ്ടു പ്രാരം 7 കുടുംബങ്ങൾക്കും വീടുകൾ നൽകിയിട്ടുണ്ട്. ഭൂരിഭാഗം കുടുംബങ്ങളും കുടിലുകളിലാണ് താമസിക്കുന്നത്.

1991 - '96 കാലഘട്ടത്തിൽ സമഗ്രഗ്രാമവികസനപദ്ധതിയുടെ ഗുണഭോക്താക്കളായി ആകെ 158 കുടുംബങ്ങളെയാണ് തെരഞ്ഞെടുത്തത്. ഇവരിൽ 64 പേർക്ക് ആനുകൂല്യം ലഭിക്കുകയും 26 പേർ ദാരിദ്ര്യരേഖക്കു മുകളിലായിട്ടുമുണ്ട്. 1996ലെ സർവെ പ്രകാരം 98 പേർ ആനുകൂല്യങ്ങൾക്ക് അർഹരാണെന്നു കാണുന്നു.

പരമ്പരാഗത തൊഴിൽ മേഖലകളിൽ നിന്ന് മറ്റുമേഖലകളിലേക്ക് പോകാനുള്ള പ്രവണത പൊതുവെ കാണുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്താനുള്ള പ്രവണത കുറവാണെന്നു പറയാം. വിദ്യാഭ്യാസം ലഭിച്ചവർ സർക്കാർ മേഖലയിൽ വെള്ളക്കോളർ ജോലികൾ നേടുന്നുമുണ്ട്. ആനുപാതികമായി ഇവരുടെ എണ്ണം കുറവാണ്. ഗൾഫ്മേഖല, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ ജോലിയുള്ളവരും കുറവാണ്. കർഷകത്തൊഴിലാളികളായ സ്ത്രീകൾ ഇന്നു മറ്റുമേഖലകളിലാണ് ജോലി ചെയ്യുന്നത്. പ്രധാനമായും റോഡുനിർമ്മാണവും കെട്ടിടനിർമ്മാണവും. സർക്കാർ ഉദ്യോഗം വഹിക്കുന്ന സ്ത്രീകൾ കുറവാണ്.

വിദ്യാഭ്യാസരംഗത്ത് ഇപ്പോഴും പിന്നോക്കാവസ്ഥ നിലനിൽക്കുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകലാണ് പ്രധാന പ്രശ്നം. പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം 812 ആണ്. ഇത് മൊത്തം വിദ്യാർത്ഥികളിൽ 18% വരും. മൊത്തം തോൽക്കുന്നവരുടെ 28% പട്ടികജാതി വിദ്യാർത്ഥികളാണ്. വിദ്യാഭ്യാസത്തിനാവശ്യമായ സ്ക്കൂളുകളും മറ്റു സാഹചര്യങ്ങളും ഇപ്പോൾ നിലവിലുണ്ടെങ്കിലും വിദ്യാസമ്പന്നരുടെ എണ്ണം പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടില്ല.

ആരോഗ്യപരിപാലനരംഗത്ത് പ്രത്യേക ക്ഷേമ പരിപാടികളൊന്നും നിലവിലില്ല. പൊതുവെയുള്ള

ആരോഗ്യപരിപാടികളുടെ ഭാഗമായി ഇവരിൽ ഗർഭി ണികൾക്കും കുട്ടികൾക്കും പരിരക്ഷ നൽകുന്നുണ്ട്. പരിസര ശുചീകരണത്തിന് സമഗ്രമായ പരിപാടിക ളൊന്നും ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല.

പഞ്ചായത്തിൽ ഗതാഗത സൗകര്യങ്ങൾ സാർ വ്വത്രികമായി നടപ്പാക്കിയിട്ടുള്ളതിനാൽ പട്ടിജാതി ക്കാർക്കുവെണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരി ച്ചിട്ടില്ല.

പട്ടികജാതിക്കാർക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ള ഏക ചെറുകിട വ്യവസായ സ്ഥാപനമാണ് തളി ക്കുളം ഹരിജൻ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം. 40 പേർക്കു ജോലി ചെയ്യാ വുന്ന ഈ യൂണിറ്റ് ഇപ്പോൾ നല്ല നിലയിൽ പ്രവർ ത്തിക്കുന്നില്ല.

സ്ത്രീപുരുഷന്മാർ പല സംഘടനകളിലും പ്ര വർത്തിക്കുന്നുണ്ടെങ്കിലും നേതൃത്വ പരമായി കാര്യ മായ പങ്ക് വഹിക്കുന്നില്ല. സാംസ്ക്കാരിക സംഘട നകളിലും സന്നദ്ധസംഘടനകളിലും പ്രവർത്തിക്കു ന്നവരുടെ എണ്ണവും വളരെ കുറവാണ്. കലാകായി കരംഗങ്ങളിൽ ചുരുക്കം ചിലർ പ്രവർത്തിക്കുന്നുണ്ടെ ങ്കിലും അവർക്കുവേണ്ട പ്രോത്സാഹനം ലഭിക്കുന്നി ല്ല.

**ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ**

1. പുനരധിവാസക്കോളനിയെ അംബേദ്ക്കർ കോളനിയായി പ്രഖ്യാപിക്കുക

2. വാർഡടിസ്ഥാനത്തിൽ സഹകരണസംഘ ങ്ങൾ സ്ഥാപിക്കുക.

3. ഭവന നിർമ്മാണത്തിന് കൂടുതൽ ലോൺ നൽകുക.

4. പട്ടിക ജാതിക്കാർക്കു ലഭിക്കേണ്ട ആനുകൂ ല്യങ്ങളെക്കുറിച്ചു ബോധവൽക്കരണം

5. IRDP/ലോൺ കർഷകത്തൊഴിലാളി പെൻ ഷൻ എന്നിവ - കാലതാമസം കൂടാതെ ലഭ്യമാക്കാ നുള്ള സാഹചര്യം ഉണ്ടാക്കണം.

6. കലാസാംസ്ക്കാരിക സംഘടനകൾ ഉണ്ടാ കണം.

7. IRDP പദ്ധതിയിൽ ചെറുകിട വ്യവസായ ങ്ങൾ തുടങ്ങുക.

8. ഫർണീച്ചർ നിർമ്മാണ തൊഴിൽ സംരംഭ കരുടെ സൊസൈറ്റി രൂപീകരിക്കുക.

9. പൊതു ശ്മശാനം ആവശ്യമാണ്

10. വീടുകൾ പുതുക്കി പണിയാൻ ധനസ ഹായം

11. പട്ടിക ജാതിക്കാർക്ക് പ്രത്യേകം കോളനി ആവശ്യമില്ല എന്നാണ് പൊതുവെ അഭിപ്രായം. എ തിരഭിപ്രായമുള്ളവരുമുണ്ട്.

12. സാമ്പത്തികമായി ഉയർന്നവർക്ക് ആനുകൂ ല്യങ്ങൾ നൽകാതെ അവ താഴെയുള്ളവർക്ക് ലഭ്യമാ ക്കണം.

13. സാക്ഷരതാപ്രവർത്തനവും തുടർവിദ്യാ ഭ്യാസവും

**നിർദ്ദേശങ്ങൾ**

പട്ടികജാതിക്കാർക്കായി ക്ഷേമപ്രവർത്തന ത്തിനുവേണ്ടി പഞ്ചായത്തു തല സെൽ രൂപീകരിക്കു ക.

2. ഇപ്പോൾ പ്രവർത്തിക്കുന്ന കൈത്തറി സഹ കരണ സംഘം പുനരുജ്ജീവിപ്പിക്കുക (വിശദ റി പ്പോർട്ട് വ്യവസായത്തിൽ കൊടുത്തിട്ടുണ്ട്)

3. കലാകായിക പ്രതിഭകളെ കണ്ടെത്തി പ ഞ്ചായത്ത് ദത്തെടുത്ത് അവർക്കുവേണ്ടി സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കണം.

4. കലാസാംസ്ക്കാരിക രംഗങ്ങളിലും ബഹു ജനസംഘടനകളിലും പ്രവർത്തിക്കാനും നേതൃത്വപ രമായ പങ്ക് വഹിക്കാനും പ്രേരിപ്പിക്കുക.

5. കുട്ടികളെ നിലവിലുള്ള പ്രത്യേക സ്കീ മിൽ സ്ക്കൂളുകളോട് ബന്ധപ്പെട്ട് ട്യൂഷൻ നൽകാൻ രക്ഷിതാക്കളെ കൂടി സഹകരിപ്പിക്കുക.

6. സ്ക്കൂളിൽ നിന്നു കൊഴിഞ്ഞുപോകുന്ന വരെ കൈത്തൊഴിലുകൾ പഠിപ്പിക്കുക.

7. സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാ ഹിപ്പിക്കുക.

8. പരിസര ശുചീകരണത്തിന് സന്നദ്ധസംഘ ടന രൂപീകരിക്കുക.

9. മിശ്രവിവാഹങ്ങൾ സംഘടിപ്പിക്കുക

10. സമൂഹത്തിൻെറ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ മറ്റു സംഘടനകളും സന്നദ്ധപ്രവർ ത്തനം നടത്തേണ്ടതാണ്.

11. സാമ്പത്തിക സമ്പാദ്യപദ്ധതികളിൽ പണം നിക്ഷേപിക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുക.

# സാമൂഹ്യക്ഷേമം

ഉച്ചനീചത്വങ്ങളും ജാതിമതവ്യത്യാസങ്ങളും കൊടികുത്തി വാണിരുന്ന ഒരു സാമൂഹ്യാന്തരീക്ഷമാണ് ഇവിടെ നിലനിന്നിരുന്നത്. താഴ്ന്ന ജാതിക്കാർക്ക് വഴിനടക്കാനുള്ള സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ടിരുന്നു. ആരാധനാ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഈ പ്രവണതകൾക്ക് മാറ്റംവരുവാൻ തുടങ്ങിയത് നവോത്ഥാന പ്രസ്ഥാനങ്ങളുടെ വരവോടെയാണ്. ജാതി ഭ്രാന്തിനെതിരായ ശക്തമായ പ്രചരണം നടത്തുന്നതോടൊപ്പം അത് പ്രായോഗികമാക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ അയിത്തം നിയമവരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. ആരാധനാസ്വാതന്ത്ര്യം അനുവദിച്ചു.

അവർണ്ണർക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടിരുന്നു; ഉദ്യോഗങ്ങളും. ജാതി വ്യത്യാസം കണക്കിലെടുക്കാതെ വിദ്യാഭ്യാസ സൗകര്യങ്ങളും ഉദ്യോഗങ്ങളും വിദേശഭരണത്തിൽ ലഭ്യമാകാൻ തുടങ്ങി. സാമൂഹ്യരംഗത്തെ സമത്വത്തിനും വളർച്ചയ്ക്കും ഇത് ഒരു നിമിത്തമായി തീർന്നു. തുടർന്ന് നടന്ന പലതരത്തിലുള്ള പ്രക്ഷോഭ പ്രവർത്തനങ്ങളുടെ ഫലമായി വമ്പിച്ച മാറ്റങ്ങൾ ഈ രംഗത്ത് ഉണ്ടാക്കാൻ കഴിഞ്ഞു. ജാതി മത വ്യത്യാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്ന സ്ഥിതി ഇന്നില്ല.

ദാരിദ്ര്യരേഖയ്ക്കുതാഴെ '2' സർവ്വേകളിലായി 756 കുടുംബങ്ങളുള്ളതായാണ് ഗ്രാമവികസന വകുപ്പിന്റെ കണക്കിൽ കാണുന്നത്. ഇത് ശരിയല്ല. യഥാർത്ഥത്തിൽ അർഹരായ ധാരാളം പേർ ഒഴിവാക്കപ്പെട്ടിരുന്നു. 239 കുടുംബങ്ങളെയാണ് ധനസഹായത്തിനുവേണ്ടി തിരഞ്ഞെടുത്തത്. ഇതിൽ 51 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മേലെ വന്നിട്ടുണ്ട്.

ഇപ്പോഴത്തെ IRDP സർവ്വേയനുസരിച്ച് 919 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്കു താഴെയുള്ളത്. ട്രൈസം പദ്ധതിയനുസരിച്ചു വിവിധ തുറകളിൽ പരിശീലനം ലഭിച്ചവർ 97 പേരാണ്. ഇതിൽ 10 പേർക്കുമാത്രം തൊഴിലിനു ധനസഹായം ലഭിച്ചിട്ടുണ്ട്.

D.W.C.R.A പദ്ധതി പ്രകാരം ചുരുക്കം പേർക്ക് ധനസഹായം ലഭിക്കുകയും ചില യൂണിറ്റുകൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഈ രംഗത്തെ പ്രവർത്തനം തൃപ്തികരമല്ല.

താഴെ പറയുന്നരീതിയിൽ പെൻഷൻ നൽകുന്നു. വിധവ - 92, വാർദ്ധക്യകാലം - 43, വികലാംഗർ - 46, കർഷകത്തൊഴിലാളി - 65. ഇതിനുപുറമെ 78 പേർക്ക് തൊഴിലില്ലായ്മ വേതനവും 20 വികലാംഗ വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥി വേതനവും ലഭിക്കുന്നു.

20 അങ്കണവാടികൾ ഉണ്ട്. 9 അംങ്കണവാടികൾക്ക് സ്വയം കെട്ടിടമുണ്ട്. പ്രതിരോധ ചികിത്സ, പോഷകാഹാര വിതരണം എന്നിവ നല്ലനിലയിൽ നടക്കുന്നു.

**നിർദ്ദേശങ്ങൾ**

1. I.R.D.P സർവ്വെയിൽ അർഹരായവരെ തിരഞ്ഞെടുക്കുന്നത് ഗ്രാമസഭകളായിരിക്കണം.
2. ട്രൈസം പരിശീലനം നൽകുന്നർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തണം.
3. എല്ലാ ധനസഹായവും ഏകീകരിച്ച് പഞ്ചായത്ത് വഴി വിതരണം ചെയ്യൽ.
4. പെൻഷനുകൾ അനുവദിക്കുന്നത് ഗ്രാമസഭകളുടെ ശുപാർശയനുസരിച്ച് പഞ്ചായത്തായിരിക്കണം. കൃത്യത പാലിക്കാൻ ഇതു സഹായിക്കും.
5. ആനുകൂല്യങ്ങളെക്കുറിച്ച് എല്ലാവർക്കും അറിയാൻ സാഹചര്യം ഉണ്ടാക്കണം.
6. 7-ാം വാർഡിൽ അംങ്കണവാടികൾ സ്ഥാപിക്കണം.
7. അംങ്കണവാടികൾക്ക് സ്ഥലസൗകര്യം വർദ്ധിപ്പിക്കണം. ആവശ്യമായ ഉപകരണങ്ങൾ നൽകണം.
8. ജീവനക്കാർക്ക് ജീവിക്കാനവശ്യമായ വേതനം നൽകണം. മെച്ചപ്പെട്ട പരിശീലനം നൽകണം.
9. സംരക്ഷകരില്ലാത്ത വൃദ്ധജനങ്ങൾക്കുവേണ്ടി വൃദ്ധസദനം സ്ഥാപിക്കണം.
10. പൊതുശ്മശാനം സ്ഥാപിക്കണം.
11. മദ്യവർജ്ജന ബോധവൽക്കരണം നടത്തണം.
12. പഞ്ചായത്തുതല സന്നദ്ധസംഘടന രൂപീകരിച്ച് പ്രവർത്തനം സജ്ജീവമാക്കണം.

## സാധ്യതകൾ

കമ്മേഴ്സ്യൽ ബാങ്കുകൾ ഈ പഞ്ചായത്തിൽ നിന്നു ശേഖരിക്കുന്ന നിക്ഷേപത്തുകയുടെ ഗണ്യമായ ഭാഗം സംസ്ഥാനത്തിനു പുറത്തേക്കു കൊണ്ടുപോകുന്ന സാഹചര്യം ഒഴിവാക്കി കഴിവതും അതാതു പഞ്ചായത്തിൽ തന്നെ പ്രത്യുൽപാദനമേഖലയിലേക്ക് ഊന്നൽ കൊടുത്തുകൊണ്ട് വായ്പകൾ കൊടുക്കുന്ന സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

സഹകരണമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും., വായ്പാവ്യവസ്ഥകൾ ഉദാരമാക്കുകയും ജനങ്ങളുടെ വ്യത്യസ്ഥ ആവശ്യങ്ങൾക്ക് വായ്പകൾ ലഭ്യമാക്കുകയും ചെയ്യണം.

## ഗൾഫ്

പഞ്ചായത്തിലെ ആയിരത്തോളം പേർ കേരളത്തിനു പുറത്ത് ജോലിചെയ്യുന്നുണ്ട്. ഇതിൽ ഗണ്യമായ ഒരു വിഭാഗം ഗൾഫിലാണ്. 70 കളുടെ ആദ്യത്തിലാണ് ഗൾഫ് കുടിയേറ്റം ആരംഭിച്ചത്. വളരെ താഴ്ന്ന സാമ്പത്തിക സ്ഥിതിയിൽ ഉണ്ടായിരുന്നവർ പോലും ഗൾഫിൽ ജോലിചെയ്ത് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

ഗൾഫ് മേഖലയിൽ നിന്നുള്ള പണം പ്രധാനമായും കെട്ടിട നിർമ്മാണങ്ങൾക്കാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ഉൽപാദനമേഖലയിൽ മുതൽ മുടക്കിയിട്ടുള്ളവർ ദുർലഭമാണ്.

സ്വന്തമായി നല്ലൊരു വീട് സ്വപ്നത്തിൽ മാത്രം കണ്ടിരുന്നവർ, അവർക്ക് ഗൾഫിൽ നിന്ന് ലഭ്യമായ സാമ്പത്തിക സൌകര്യങ്ങൾ ഉപയോഗിച്ച് വീടുകൾ പണിയുന്നതിന്ന് ഒരിക്കലും കുറ്റം പറയാനാവില്ല. എന്നാൽ സ്വന്തം വരുമാനത്തിനും ആവശ്യകതക്കും നിരക്കാത്ത രീതിയിൽ വൻതോതിൽ പണം ചെലവഴിക്കുന്നു എന്നതാണ് ഈ രംഗത്തെ ന്യൂനത.

വീടു നിർമ്മാണം കഴിഞ്ഞാൽ പിന്നെ ഗൾഫ് പണം ഉപയോഗിക്കപ്പെടുന്നത്, ഭൂമി വാങ്ങാനാണ്. ഇങ്ങനെ ഭൂമി വാങ്ങുന്നത് കൃഷി ചെയ്യാൻ വേണ്ടിയല്ല, മറിച്ച് വിൽപ്പനയിൽക്കൂടി ലാഭമുണ്ടാക്കാനാണ്. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ ഗൾഫ് പണമാണ് നിക്ഷേപമായി വരുന്നത്.

ഇതിനുപുറമേ ഗൾഫ് പണം പൊതുവേ എല്ലാ ധനകാര്യ സ്ഥാപനങ്ങളിലും കുറഞ്ഞ തോതിലെങ്കിലും നിക്ഷേപമായി ലഭിക്കുന്നുണ്ടെങ്കിലും NRE അക്കൌണ്ടുകൾക്ക് സൌകര്യമുള്ള കമ്മേഴ്സ്യൽ ബാങ്കുകൾക്കാണ് ഈ നിക്ഷേപം കൂടുതൽ ലഭ്യമാകുന്നത്. വിദേശ ഇന്ത്യക്കാർക്ക് ഇന്നു ലഭിക്കുന്ന ആനുകൂല്യങ്ങളിൽ ഒട്ടും കുറവു വരുത്താതെ തന്നെ NRE അക്കൌണ്ടുകൾ കൈകാര്യം ചെയ്യാൻ സഹകരണബാങ്കുകൾക്കും സൌകര്യം കൊടുക്കാൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇത് സഹകരണബാങ്കുകളെ ശക്തിപ്പെടുത്തുക എന്നതിലുപരി ഗ്രാമീണ വായ്പാമേഖലയെ വവപുലമാക്കാനും അതുവഴി ഹുണ്ടികക്കാരുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കാൻ സഹായിക്കുകയും ചെയ്യും.

മത, രാഷ്ട്രീയ, സാംസ്ക്കാരിക സംഘടനകൾക്ക് നമ്മുടെ ഗൾഫ് സുഹൃത്തുക്കളിൽ നിന്നും ഉദാരമായ സാമ്പത്തിക സഹായം ലഭിക്കാറുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഇവരേയും പങ്കാളികളാക്കാൻ വേണ്ട ശ്രമങ്ങൾ ഇനിയും നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെൻററിന് കെട്ടിടം നിർമ്മിക്കുന്നതിന്ന് മറ്റുള്ളവർക്കൊപ്പം ഗൾഫ് സുഹൃത്തുക്കളിൽ നിന്നും ലഭിച്ച സഹായം പ്രത്യേകം എടുത്തു പറയാവുന്നതാണ്.

പഞ്ചായത്തിന്റെ വരുമാനത്തിലെ ഗണ്യമായ ഒരു ഭാഗം ചെലവഴിക്കപ്പെടുന്നത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ്. JRY പോലുള്ള തൊഴിൽ ദാന പദ്ധതികൾ നടപ്പാക്കുമ്പോൾ അതിലെ കൂലി സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതുണ്ട്. അതാകട്ടെ, നമ്മുടെ നാട്ടിലെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതുമല്ല. ഈ സ്ഥിതിവവശേഷം മുറിച്ചുകടക്കണമെങ്കിൽ ഗണ്യമായ പൊതുജന സാമ്പത്തിക പങ്കാളിത്തം ഉണ്ടായേ പറ്റൂ. ഇതിൽ തന്നെ ഓരോ റോഡിൻേറയും ഉപഭോക്താക്കളായി വരുന്ന, ഗൾഫ് മേഖലയിൽ തൊഴിലെടുക്കുന്നവരുടെ സാമ്പത്തിക സഹായങ്ങൾ സംഭരിക്കാൻ ശ്രമം നടത്തേണ്ടതാണ്.

## സന്നദ്ധപ്രവർത്തനങ്ങൾ

പൊതുകാര്യങ്ങൾക്കായി സന്നദ്ധസേവനം സംഘടിപ്പിച്ച് വിജയിപ്പിച്ചതിന്റെ സമ്പന്നമായ പാരമ്പര്യം ഉള്ളവരാണ് നമ്മൾ. ഏകദേശം 50 വർഷങ്ങൾക്കുമുമ്പ് ഉണ്ടാക്കിയ അറപ്പ തോടുതന്നെ ഉദാഹരണം. വിപുലമായ ഒരു പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കി വെള്ളം കടലിലേക്ക് ഒഴുക്കുന്നതിന്നും ജലസംഭരണത്തിനും വേണ്ടി അനേകം സന്നദ്ധപ്രവർത്തകരുടെ ഏതാനും ദിവസങ്ങളിലെ പ്രവർത്തനഫലമായാണ് ഇന്നു കാണുന്ന അറപ്പത്തോട് ഉണ്ടായത്. ആ മാതൃക ഇന്നും പ്രസക്തമാണ്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന ജലനിർഗ്ഗമനമാർഗ്ഗങ്ങളായിരുന്നു തോടുകൾ, ഇന്ന് വേണ്ടത്ര പരിരക്ഷിക്കപ്പെടാതെയും പല കാരണങ്ങളാലും പരസ്പര ബന്ധം നഷ്ടപ്പെട്ടു കിടക്കുകയാണ്. യഥാർത്ഥത്തിൽ ഈ തോടുകൾക്ക് നമ്മുടെ ജീവിതത്തിലുള്ള പ്രാധാന്യം നാം മറന്നുപോയിരിക്കുന്നു. ഈ തോടുകൾക്ക് ആഴം കൂട്ടിയും ഇടക്കിടെ തടയണകൾ കെട്ടിയും നിലനിർത്തിയെങ്കിലെ ഇന്ന് പഞ്ചായത്തിലെ പലഭാഗങ്ങളിലും അനുഭവപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കാനും വേനൽക്കാലത്തെ വരൾച്ച തടയാനും സാധിക്കുകയുള്ളൂ. ഈ ജോലി സന്നദ്ധപ്രവർത്തനങ്ങളിൽക്കൂടി ചെയ്യുൻ നമുക്ക് കഴിയേണ്ടതാണ്. നമ്മുടെ സ്കൂളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന്നായി സ്ക്കൂൾ കോംപ്ലക്സുകളും വിദ്യാജ്യോതി തുടങ്ങിയ പദ്ധതികളും നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ പദ്ധതികൾ വിജയിപ്പിക്കുന്നതിന്നു വേണ്ടി നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായ ആളുകളുടെ സന്നദ്ധസേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പഠനകാര്യങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ നൽകിയും പഠനസാമഗ്രികൾ നിർമ്മിക്കുന്നതിന്ന് അധ്യാപകരെ സഹായിച്ചും ഇവർക്ക് ഈ രംഗത്ത് സന്നദ്ധസേവനം നടത്താവുന്നതാണ്.

അതാത് സ്ക്കൂളുകളിലെ വിദ്യാഭ്യാസ സൌകര്യങ്ങൾ വർദ്ധപ്പിക്കുന്നതിന്നും കാര്യക്ഷമമാക്കുന്നതിന്നും PTA കൾ നടത്തുന്ന സന്നദ്ധപ്രവർത്തനം എടുത്തു പറയത്തക്കതാണ്. കൂടുതൽ പങ്കാളിത്തം ഈ കാര്യത്തിൽ ഉണ്ടാക്കാൻ ഇനിയും ശ്രമം നടത്തേണ്ടതുണ്ട്.

# സഹകരണമേഖല

ഹുണ്ടിക കച്ചവടക്കാരുടെ നീരാളിപിടുത്തത്തിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുകയും ന്യായമായ പലിശക്ക് ലളിതമായ വ്യവസ്ഥകളിന്മേൽ അവർക്ക് വായ്പ ലഭ്യമാക്കുകയും ചെയ്യുന്നതിനാണല്ലോ 1904ൽ ഇന്ത്യയിൽ സഹകരണപ്രസ്ഥാനം രൂപമെടുത്തത്. ഇതേ ലക്ഷ്യത്തിൽ നമ്മുടെ വില്ലേജിൽ സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ചത് 1924ൽ ആയിരുന്നു.

തളിക്കുളത്തിൻെറ മൂന്നു വിവിധഭാഗങ്ങളിലായി രൂപീരിക്കപ്പെട്ട ഐക്യനാണയ പരസ്പര സഹായ സഹകരണ സംഘങ്ങൾ ആണ് ഈ സംഘങ്ങൾ. സർവ്വശ്രീ എം.എ. മുഹമ്മദ് , ഒ.കെ. കുഞ്ഞിമോൻ, ടി.വി. ഗോപാലൻ എന്നിവർ ഈ സംഘങ്ങൾക്ക് ദീർഘകാലം നേതൃത്വം കൊടുത്തവരാണ്. രാജ്യമൊട്ടാകെ സഹകരണമേഖലക്ക് അന്നുണ്ടായിരുന്ന ദൗർബ്ബല്യങ്ങൾ പ്രധാനമായും ജനാധിപത്യപരമായ പ്രവർത്തനത്തിലുള്ള കുറവുകൾ, സഹകരണാവബോധത്തിൻെറ കുറവുകൾ - നമ്മുടെ സംഘങ്ങൾക്കും അന്യമായിരുന്നില്ല. അതുകൊണ്ടുതന്നെ ഈ സംഘങ്ങളുടെ പ്രവർത്തനം വില്ലേജിലെ സാമ്പത്തിക ജീവിതത്തെ സ്വീധീനിച്ചുവെന്നു പറയാനാവില്ല.

കേരളത്തിനാകെ ബാധകമായ കേരള സഹകരണനിയമം നടപ്പിലായത് 1967ലാണ്. രാജ്യവ്യാപകമായി വായ്പാസഹകരണസംഘങ്ങളെ വില്ലേജടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച് സേവന സംഘങ്ങളായി രൂപാന്തരം ചെയ്യുക എന്ന നയം രൂപീകരിക്കപ്പെട്ടതും ഇതേ കാലഘട്ടത്തിലാണ്. ഈ നയത്തിനനുസൃതമായി നമ്മുടെ പഞ്ചായത്തിലെ ഐക്യനാണയസംഘങ്ങളെ ലയിപ്പിച്ചാണ് ഇന്നു നാം കാണുന്ന തളിക്കുളം സർവ്വീസ് സഹകരണ ബാങ്ക് രൂപീകരിച്ചത്.

ഐക്യനാണയ സംഘങ്ങളുടെ കാലഘട്ടത്തിൽത്തന്നെ രൂപീകരിക്കപ്പെട്ട മറ്റു രണ്ടു സംഘങ്ങളാണ് തളിക്കുളം സൗത്ത് മുക്കുവ സഹകരണ സംഘവും തളിക്കുളം മത്സ്യോല്പാദന സഹകരണസംഘവും. കുറച്ചുകാലത്തെ പരിമിതമായ പ്രവർത്തനത്തിനു ശേഷം മത്സ്യോല്പാദന സഹകരണസംഘം അസ്തമിച്ചു. ചെറിയ തോതിലെങ്കിലും ബിസിനസ്സ് നടത്തി ഇന്നും നിലനിൽക്കുന്ന സംഘമാണ് തളിക്കുളം സൗത്ത് മുക്കുവ സഹകരണസംഘം.

വായ്പാമേഖലയിൽ ഇപ്പോൾ നമ്മുടെ പഞ്ചായത്തിലുള്ളത് മേൽപറഞ്ഞ സർവ്വീസ് സഹകരണബാങ്കും മുക്കുവ സഹകരണ സംഘവുമാണ്. 12-13 പേർ ജോലിക്കാരായുള്ള തളിക്കുളം സർവ്വീസ് സഹകരണബാങ്കിൽ 7328 അംഗഹ്ങളുണ്ട്. 1,37,14,544 രൂപ നിക്ഷേപവും 67,65,558 രൂപ വായ്പയും നിലവിലുണ്ട്.

തളിക്കുളം സൗത്ത് മുക്കുവ സഹകരണ സംഘത്തിൽ 180 അംഗങ്ങൾ മാത്രമേയുള്ളു. നിക്ഷേമമൊന്നുമില്ല. 15,500/- രൂപ വിവിധയിനങ്ങളിലായി വായ്പ നൽകിയിരിക്കുന്നു.

വായ്പേതര സംഘങ്ങളിൽ ക്ഷീരോല്പാദന - ഉപഭോക്തൃ - വ്യവസായ സഹകരണ സംഘങ്ങളാണ് ഇവിടെയുള്ളത്. മൂന്നു ക്ഷീര സഹകരണസംഘങ്ങൾ താഴെ പറയുന്നവയാണ്.

1. തളിക്കുളം സൗത്ത് ക്ഷീരോല്പാദക സഹകരണ സംഘം
2. കൈതക്കൽ ക്ഷീരോല്പാദക സഹകരണ സംഘം
3. ഇടശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം

മൂന്നു സംഘങ്ങളിലുമായി 762 അംഗങ്ങളുണ്ട്. പ്രതിവർഷം 83,215.7 ലിറ്റർ പാൽ സമാഹരിക്കുകയും 25,672.4 ലിറ്റർ പാൽ പഞ്ചായത്തുതലത്തിലും 57,543.3 ലിറ്റർ പാൽ പുറത്തു വില്പന നടത്തുന്നുണ്ട്.

തളിക്കുളം കൺസ്യൂമർ സ്റ്റോർ ആണ് ഉപഭോക്തൃമേഖലയിൽ പ്രവർത്തിക്കുന്ന സംഘം. 1974ൽ പ്രവർത്തനമാരംഭിച്ചു. സമീപപ്രദേശങ്ങളിൽ ഇക്കാലത്ത് ആരംഭിച്ച കൺസ്യൂമർ സംഘങ്ങൾ പലകാരണങ്ങളാൽ നാമാവശേഷമായിട്ടും പ്രയാസങ്ങളെ അതിജീവിച്ചു സാമാന്യം മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന സംഘമാണിത്. 550 പേർ അംഗങ്ങളാണ്. സ്ഥാപനത്തിൽ 2 ജീവനക്കാരുമുണ്ട്.

രേഖകളിൽ നമ്മുടെ പഞ്ചായത്തിൽ 1992ൽ ആരംഭിച്ച മറ്റൊരു കൺസ്യൂമർ സ്റ്റോർ കൂടിയുണ്ട് എന്നു കാണുന്നുണ്ടെങ്കിലും സമഗ്രമായ അന്വേ

ഷണം നടത്തിയിട്ടും അത്തരമൊരു സംഘത്തെ കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഹരിജൻ കൈത്തറി നെയ്ത്തു സഹകരണ സംഘത്തെക്കുറിച്ചു വ്യവസായം എന്ന ഭാഗത്തു പരാമർശിച്ചിട്ടുണ്ട്.

| | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ജീവനക്കാർ | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി |
|---|---|---|---|---|---|
| 1 | 1968 തളിക്കുളം സർവ്വീസ് സഹകരണബാങ്ക് | 7328 | 12 | 4,04,88 | 36,100 |
| 2 | 1942 തളിക്കുളം സൗത്ത് മുക്കുവ സഹകരണസംഘം | 180 | 1 | 3,743.50 | – |
| 3 | 1991 തളിക്കുളം സൗത്ത് ക്ഷീരോല്പാദക സഹകരമസംഘം | 263 | 1 | 2,760 | – |
| 4 | 1992 കൈതക്കൽ ക്ഷീരോല്പാദക സഹകരണസംഘം | 147 | 1 | 1,470 | – |
| 5 | 1988 ഇടശ്ശേരി ക്ഷീരോല്പാദക സഹകരണസംഘം | 352 | 1 | 3,520 | – |
| 6 | 1974 തളിക്കുളം കൺസ്യൂമർ സഹകരണസംഘം | 550 | 3 | 17,440 | 50,000 |
| 7 | 1980 തളിക്കുളം ഹരിജൻ കൈത്തറി നെയ്ത്തുവ്യവസായ സഹകരണസംഘം | 173 | 16 | 86,500 | 8,00,000 |

ഇതിനുപുറമെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ഒരു വ്യവസായ സഹകരണസംഘമാണ് തളിക്കുളം-നാട്ടിക കയർ വ്യവസായ സഹകരണസംഘം. ഈ സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്.

നാട്ടിക ഫർക്ക സഹകരണ റൂറൽ ബാങ്കിൻെറ ഒരു ബ്രാഞ്ചും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 90 ലക്ഷം രൂപയുടെ നിക്ഷേപവും 73 ലക്ഷം രൂപയുടെ വായ്പയുമാണ് ഈ ബാങ്കിനുള്ളത്.

വായ്പാ സഹകരണസംഘങ്ങൾ നൽകുന്ന വായ്പ സംബന്ധിച്ച വിശകലനം ചേർത്തിട്ടുണ്ട്.

പഞ്ചായത്തിൻെറ പ്രാദേശിക പദ്ധതിയിൽ വളരെ നിർണ്ണായകമായ ഒരു പങ്ക് സഹകരണസംഘങ്ങൾക്ക് നിർവ്വഹിക്കാനാവും. തളിക്കുളം സർവ്വീസ് സഹകരണബാങ്കിൻെറ പ്രവർത്തനപരിപാടിയിൽ തേങ്ങാസംഭരണവും ആധുനിക സൗകര്യങ്ങളുപയോഗിച്ചുള്ള ഒരു ഡ്രയറും സ്ഥാപിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ തെങ്ങുകൃഷിക്കാർക്ക് തേങ്ങക്ക് കൂടുതൽ മെച്ചപ്പെട്ട വില ലഭിക്കാനും ബാങ്കിന് ആദായമുണ്ടാക്കാനും കഴിയുമെന്ന നിർദ്ദേശം പരിശോധിക്കപ്പെടേണ്ടതാണ്. വ്യത്യസ്ത മേഖലകളിൽ സഹകരണസംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിക്കണമെന്ന നിർദ്ദേശവും ഗ്രാമസഭകൾ ഉയർത്തിയിട്ടുണ്ട്. ആ മേഖലകൾ താഴെ കൊടുക്കുന്നു.

1. മസാല-കറിപൗഡർ നിർമ്മാണം. (സ്ത്രീകൾക്ക് പ്രാമുഖ്യം)
2. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
3. ഔഷധ സസ്യകൃഷി
4. കയർ വ്യവസായം
5. തഴപായ നെയ്ത്ത്
6. ചന്ദനത്തിരി നിർമ്മാണം
7. മെഴുകുതിരി നിർമ്മാണം
8. സോപ്പ് നിർമ്മാണം

9. ബലൂൺ നിർമ്മാണം

10. കോഴി-ആടുമാടുവളർത്തൽ

11. ബീഡി തെറുപ്പു വ്യവസായം

12. മത്സ്യസംസ്ക്കരണ കേന്ദ്രം

14. നാളികേര സംസ്ക്കരണ കേന്ദ്രം

15. സാങ്കേതിക വിദ്യപരിശീലന കേന്ദ്രം

16. പ്ലാസ്റ്റിക് നിർമ്മാണകേന്ദ്രം

17. ടൂറിസം കേന്ദ്രം

**സാധ്യതകൾ**

വ്യത്യസ്ത തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കാം.

അയൽക്കൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സംഘടിപ്പിക്കാം.

സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനം വൈവിധ്യവൽക്കരിക്കാം.

സഹകരണ അവബോധം യുവജനങ്ങളിൽ വളർത്തിയെടുക്കണം.

# വിഭവ സമാഹരണം

ആസൂത്രണ പ്രക്രിയ വികേന്ദ്രീകൃതമാകുമ്പോൾ വിഭവ സമാഹരണം ഗ്രാമപഞ്ചായത്തു തലത്തിലും നടക്കേണ്ടിയിരിക്കുന്നു. വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ഇതാവശ്യമാണ്. വിഭവ സമാഹരണത്തെക്കുറിച്ച് ചിന്തിക്കുന്നതിനുമുമ്പായി നമ്മുടെ പഞ്ചായത്തിൻെറ നിലവിലുള്ള സാമ്പത്തിക സ്ഥിതിയൊന്നു പരിശോധിക്കാം.

പഞ്ചായത്തിൻെറ വരുമാനത്തെ നികുതി വരുമാനമെന്നും നികുതിയേതര വരുമാനമെന്നും രണ്ടായി തിരിക്കാം.

തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദ നികുതി എന്നിവയിൽനിന്നാണ് തനതു നികുതി വരുമാനം. നികുതിയേതര വരുമാനത്തിൽ സർക്കാർ ഗ്രാൻറുകൾ തന്നെ പ്രധാനം. ഇതിൽ നിർബന്ധമായും ലഭിക്കേണ്ടവയും സർക്കാരിൻെറ വിവേചനാധികാരം ഉപയോഗിച്ച് നൽകുന്നവയും ഉണ്ട്. ഇവക്കുപുറമെ പഞ്ചായത്തുവക സ്വത്തിൽ നിന്നുള്ള വരുമാനവും ലൈസൻസ് ഫീസ് മുതലായവയും ഉണ്ട്.

## A തനതുനികുതി വരുമാനം

### (a) കെട്ടിട നികുതി

31-3-96-ൽ 5992 കെട്ടിടങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇവയിൽ 4878 എണ്ണം താമസത്തിന് ഉപയോഗിക്കുന്നവയും 1114 എണ്ണം താമസേതര കാര്യങ്ങൾക്കുമാണ് (പട്ടിക 1). ഇവയിൽ 2563 കെട്ടിടങ്ങൾ നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടവയാണ്. കുടിലുൾ, മതപരമായ ആവശ്യത്തിനുള്ളവ, ചാരിറ്റബിൾ കാര്യങ്ങൾക്കുപയോഗിക്കുന്നവ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയാണ് നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ. ശേഷിക്കുന്ന 3421 കെട്ടിടങ്ങളിൽനിന്നാണ് നികുതി ഈടാക്കുന്നത്. ഇവയിൽ 2424 എണ്ണം മാത്രം വീടുകളും 1005 എണ്ണം മറ്റു കെട്ടിടങ്ങളുമാണ്. അതായത് പഞ്ചായത്തിലെ 57% കെട്ടിടങ്ങൾക്കു മാത്രമാണ് കെട്ടിട നികുതി ഇന്നു നിലവിലുള്ളത്.

ഇവയിൽ പ്രതിവർഷം 500 രൂപയിൽ കൂടുതൽ കെട്ടിടനികുതി അടക്കുന്നവർ (95 - 96 വർഷം) 25 മാത്രമാണ്. ആകെ വീടുകളുടെ 1%ൽ താഴെയാണ്. വ്യത്യസ്ഥ നിരക്കിൽ കെട്ടിടനികുതി കൊടുക്കുന്ന കെട്ടിടങ്ങളുടെ തരം തിരിവ് പട്ടിക (2)ൽ കൊടുത്തിരിക്കുന്നു. കെട്ടിടങ്ങളുടെ മേൽപുരയുടെ സ്വഭാവം കാണിക്കുന്ന പട്ടികയാണ് (3).

കെട്ടിടത്തിൻെറ പ്രതിവർഷവാടക മൂല്യത്തിൻെറ 6% മുതൽ 10% വരെയാണ് കെട്ടിടനികുതിയായി പിരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ ഈ നിരക്ക് 7% മാത്രമാണ്. പഞ്ചായത്തിലെ പ്രധാന വരുമാനമാർഗ്ഗമായിരിക്കേണ്ട ഈ മേഖലയിലെ കഴിഞ്ഞ 7 വർഷത്തെ കണക്ക് പട്ടികയായി ചേർത്തിരിക്കുന്നു. 95 - 96 വർഷത്തെ കണക്കനുസരിച്ച് 31.6% ആണ് കെട്ടിടനികുതി.

| | 89-90 | 90-91 | 91-92 | 92-93 | 93-94 | 94 -95 | 95-96 |
|---|---|---|---|---|---|---|---|
| കെട്ടിട നികുതി | 1,36,063 | 1,44,049 | 1,59,101 | 1,86,568 | 2,26,583 | 2,46,130 | 2,67,754 |

കെട്ടിടനികുതി വിവരങ്ങൾ (പട്ടിക 1)

| വീടുകൾ | | | മറ്റു കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| നികുതി ചുമത്തിയവ | നികുതി ഒഴിവാക്കിയവ | ആകെ | കച്ചവട സ്ഥാപനം | മത സ്ഥാപനം | വിദ്യാഭ്യാസ സ്ഥാപനം | ആകെ |
| 2424 | 2454 | 4878 | 1005 | 75 | 34 | 1114 |

- പുതുക്കിപ്പണിത കെട്ടിടങ്ങളുടെനികുതിയും പരിഷ്ക്കരിക്കണം.
- ഉദ്യോഗസ്ഥരിൽ നിന്നും കച്ചവടക്കാരിൽനിന്നും ആണ് തൊഴിൽ നികുതി പിരിക്കുന്നത്. ഉയർന്ന കാർഷിക വരുമാനമുള്ള കൃഷിക്കാർ, മറ്റു തൊഴിലുകൾ ചെയ്യുന്നവർ എന്നിവരേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.
- നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലും മറ്റു പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കപ്പെടുന്ന പരസ്യബോർഡുകൾ നികുതി വിധേയമാക്കാവുന്നതാണ്.
- കേബിൾ നെറ്റ്‌വർക്ക് ഓപ്പറേറ്റർമാർ ഉപഭോക്താക്കൾക്കുള്ള കേബിളുകൾ പഞ്ചായത്ത് റോഡുകളിൽകൂടിയാണ് സ്ഥാപിച്ചിട്ടുള്ളത്. ഇങ്ങനെ പൊതുസ്ഥലങ്ങളിൽ ഉപയോഗിക്കുന്ന കേബിളിന്റെ നീളത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.
- D & O ലൈസൻസ് പൂർണ്ണമായി പിരിച്ചെടുക്കുവാൻ നടപടിൾ സ്വീകരിക്കണം.
- വിവാഹങ്ങൾ പഞ്ചായത്ത് ഓഫീസിൽ റജിസ്റ്റർ ചെയ്യുമ്പോൾ ഫീസ് ഏർപ്പെടുത്തണം.
- ഗ്രാമവികസന ബോർഡിൽനിന്ന് ലോൺ എടുത്തായാൽപോലും കമ്മ്യൂണിറ്റിഹാളും, ഷോപ്പിങ്ങ് കോംപ്ലക്സും പണിയാവുന്നതാണ്.

### പഞ്ചായത്തുചെലവുകൾ

പഞ്ചായത്തിന്റെ 95 - 96 വർഷത്തെ ചെലവുകളുടെ വിവരം പട്ടിക 7-ൽ കൊടുത്തിട്ടുണ്ട്. കഴിഞ്ഞ 6 വർഷങ്ങളിലെ ചെലവിന്റെ കണക്ക് പട്ടിക 8-ൽ നിന്ന് ലഭിക്കും.

ചെലവുകളിൽ സ്ഥാപനച്ചെലവ് ഗണ്യമായി കുറക്കാൻ പ്രയാസമാണ്. ടെലഫോൺ ഉപയോഗം നിയന്ത്രിക്കേണ്ടതാണ്.

പൊതുമരാമത്ത് പണികൾക്ക് പ്രത്യേകിച്ച് റോഡുപണികൾക്കാണ് വരുമാനത്തിന്റെ പ്രധാന പങ്കും ചെലവഴിക്കേണ്ടത്. അത് വേണ്ടതുതന്നെ. എന്നാൽ പൊതുമരാമത്തുപണികളിൽനിന്ന് ഇടത്തട്ടുകാരെ പരമാവധി ഒഴിവാക്കാനുള്ള സംവിധാനം ഉണ്ടാകണം. കണക്കുകൾ ജനങ്ങൾക്ക് ബോധ്യമാകത്തക്കവണ്ണം പ്രസിദ്ധീകരിക്കണം.

പട്ടിക 5

വരവ് 1995 - 96

| ഇനം | രൂപ |
|---|---|
| കെട്ടിക നികുതി | 2,67,754.75 |
| തൊഴിൽ നികുതി | 1,15,806.00 |
| വിനോദ നികുതി | 4,54,390.75 |
| പ്രദർശന നികുതി | 3,720.00 |
| മാർക്കറ്റ് വരവ് | 2,729.00 |
| ലൈസൻസ് ഫീസ് | 3,983.00 |
| ഗ്രാൻറുകൾ | 4,83,694.00 |
| വസ്തു കൈമാറ്റ നികുതി | 1,85,478.00 |
| മറ്റുവരവുകൾ | 3,33,072.55 |
| ആകെ | 18,47,828.05 |

പട്ടിക 6

ചെലവ് 1995 - 96

| ഇനം | രൂപ |
|---|---|
| സ്ഥാപന ചെലവ് | 5,22,849.00 |
| പൊതുമരാമത്ത് | 9,30,752.00 |
| വിദ്യാഭ്യാസം | 56,291.00 |
| ശുദ്ധജലവിതരണം | |
| പൊതുജനാരോഗ്യം | 57,894.00 |
| തെരുവു വിളക്ക് | 48,734.00 |
| മറ്റു ചെലവുകൾ | 7,07,845.40 |
| ആകെ | 23,24,365.40 |

ബിൽഡിങ്ങ് ടാക്സ് 95 --96 (പട്ടിക 2)

നികുതികൊടുക്കുന്ന കെട്ടിടങ്ങളുടെ എണ്ണം

| 10 രൂ | 11-50 | 51-100 | 101-200 | 201-300 | 301-400 | 401-500 | 501-1000 | 1001-1300 | 1301-1700 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 580 | 1256 | 694 | 635 | 137 | 67 | 25 | 23 | 1 | 1 | 3421 |

മേൽപ്പുരയുടെ സ്വഭാവം (പട്ടിക 3)

| കോൺക്രീറ്റ് | ഓട് | ഓല |
|---|---|---|
| 1720 | 2013 | 2259 |

**(b)** തൊഴിൽ നികുതി

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. എന്നാൽ ഈ പഞ്ചായത്തിൽ പുറമേ നിന്ന് വന്ന് തൊഴിൽ ചെയ്യുന്നവരടക്കം തൊഴിൽ നികുതി കൊടുക്കുന്നവർ 405 ആണ്. ഇവരിൽതന്നെ അർധവാർഷികമായി 100 രൂപയിൽ കൂടുതൽ തൊഴിൽ നികുതി കൊടുക്കുന്നത് 130 പേരാണ് -- പട്ടിക 12.4.

തൊഴിൽ നികുതിയിനത്തിൽ പ്രതിവർഷവരുമാനം 97,100 രൂപ മാത്രമാണ്. ആകെ വരുമാനത്തിന്റെ 7% -ൽ താഴെയാണ്.

95 - 96 വർഷത്തെ തൊഴിൽ നികുതി പട്ടിക (4)

| അർദ്ധവർഷ നിരക്ക് | എണ്ണം |
|---|---|
| 10 രൂപ വരെ | 60 |
| 11 - 50 | 80 |
| 51 - 100 | 147 |
| 101 - 200 | 101 |
| 201 - 400 | 7 |
| 401 - 750 | 4 |
| 751 - 1250 | 6 |
| ആകെ | 405 |

**(c)** മറ്റു നികുതികൾ

നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ നെടുംതൂണായി വർത്തിക്കുന്നത് വിനോദ നികുതിയാണ്. മൊത്തം നികുതി വരുമാനത്തിന്റെ ഏതാണ്ട് മൂന്നിലൊന്ന് ഈ ഇനത്തിൽ ലഭിക്കുന്നു. ഇവിടെയുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ ഏക സിനിമാ തിയ്യേറ്ററിൽനിന്നാണ് ഈ വരുമാനം.

## B നികുതിയേതരവരുമാനം

ഇതിൽ വസ്തു കൈമാറ്റനികുതിയുടെ വിഹിതം (75%), അടിസ്ഥാന ഭൂനികുതിയിൽ നിന്നുള്ള വിഹിതം, വെഹിക്കിൾ ടാക്സ് കോംപൻസേഷൻ, മൈനർ ഇറിഗേഷൻ ഗ്രാൻറ്, എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്, വസ്തു കൈമാറ്റനികുതി വിഹിതം, IVP ഗ്രാൻറ്, സ്പെഷ്യൽ ഗ്രാൻറുകൾ, JRY, അൺടൈഡ് ഫണ്ട് എന്നിവ ഉൾപ്പെടുന്നു.

ഇതിനുപുറമേ പഞ്ചായത്തുവക സ്വത്തുക്കളിൽ നിന്നുള്ള ആദായം, ലൈസൻസ് ഫീസുകൾ എന്നിവയും ഉണ്ട്.

95 - 96 വർഷത്തിൽ JRY പദ്ധതിയിൽ 407300 രൂപയും അൺടൈഡ് ഫണ്ടായി 196800 രൂപയും ലഭിച്ചിട്ടുണ്ട്. ഇതിൽ JRY മൊത്തം വരുമാനത്തിന്റെ 19.67%വും അൺടൈഡ് 11.8%ഉം ആണ്.

### സാദ്ധ്യതകൾ

- ഇപ്പോൾ നികുതിയിൽ നിന്നൊഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ പുനഃപരിശോധിച്ച്, നികുതി ഏർപ്പെടുത്തേണ്ടവയെ ഉൾപ്പെടുത്തണം. നികുതി ഏർപ്പെടുത്തിയ കെട്ടിടങ്ങളുടെ തന്നെ അസ്സെസ്സ്മെൻറ് കാര്യക്ഷമമാക്കണം. അസ്സെസ്സ്മെൻറ് നടത്താൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങളെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്.

പട്ടിക 7

## വാർഷിക വരവ് ചെലവ് കണക്ക്

| കൊല്ലം | വരവ് | ചെലവ് |
|---|---|---|
| 1990 - 91 | 13,69,700 | 12,55,200 |
| 1991-92 | 14,00,200 | 15,55,400 |
| 1992-93 | 16,97,000 | 17,82,000 |
| 1993-94 | 16,97,400 | 15,62,600 |
| 1994-95 | 16,25,767 | 17,96,888 |
| 1995-96 | 18,47,828 | 23,24,365 |

### ധനകാര്യ അവകാശങ്ങൾ, ചട്ടങ്ങൾ

പദ്ധതി വിഹിതമായാലും, പദ്ധതിയേതര വിഹിതമായാലും സർക്കാരിൽനിന്ന് അവ ലഭിക്കുന്നതിന് ഇന്ന് നിലവിലുള്ള സാങ്കേതികതകൾ കാലോചിതമായി ലളിതവൽക്കരിക്കേണ്ടിയിരിക്കുന്നു. സർക്കാർ ഗ്രാൻറുകൾ ലഭിക്കുന്നതിനുള്ള കാലതാമസവും ഒഴിവാക്കേണ്ടതാണ്.

ഭൂമി കൈമാറ്റങ്ങൾക്കുള്ള കരത്തിന്മേൽ ഈടാക്കുന്ന സർചാർജ്ജ് ഒരു ഉദാഹരണമാണ്. രജിസ്ട്രേഷൻ വകുപ്പ് ഈടാക്കുന്ന ഈ തുക, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ താലൂക്ക് അടിസ്ഥാനത്തിൽ കണക്കാക്കി സർക്കാരിന് നൽകുകയും ഈ തുകയിൽനിന്ന് 75% ഗ്രാമ പഞ്ചായത്തുകൾക്ക് നിർബന്ധിത ഗ്രാൻറായും 25% വിവേചനാധികാരത്തോടെ നൽകുന്ന ഗ്രാൻറായും പഞ്ചായത്ത് ഡയറക്ടർ നൽകുകയും ചെയ്യുക എന്നതാണ് നിലവിലുള്ള സമ്പ്രദായം. ഈ ക്രമത്തിന് ചില ഗുണവശങ്ങളുണ്ടെങ്കിലും അതിലേറെ ദൂഷ്യങ്ങളാണുള്ളതെന്നു കാണുന്നു.

വിവേചനാധികാരത്തോടെ നൽകുന്ന 25% തുക പലപ്പോഴും ന്യായമായി വിഭജിക്കപ്പെടുകയും ലഭിക്കുകയും ചെയ്യുന്നില്ല. 89 – 90 മുതലുള്ള കാലഘട്ടത്തിൽ 3 വർഷം മാത്രമേ നമുക്ക് ഈ തുകയിൽ നിന്ന് ചെറുതെങ്കിലും പങ്കുവഹിച്ചിട്ടുള്ളൂ. പഞ്ചായത്തിന് അർഹതപ്പെട്ട പണം ലഭിക്കുന്നില്ലെന്നുമാത്രമല്ല അധികാരവികേന്ദ്രീകരണം ലക്ഷ്യമാക്കുന്ന ഈ സമയത്ത് അധികാര കേന്ദ്രീകരണവും ഉദ്യോഗസ്ഥമേധാവിത്വവും ഇക്കാര്യത്തിലെങ്കിലും നിലനിർത്താനേ ഇതു സഹായിക്കുകയുള്ളൂ.

രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് സർക്കാരിൽക്കൂടി പഞ്ചായത്തുകളിലേക്ക് ഈ പണം എത്തുന്നതിനിടയിൽ വേണ്ടി വരുന്ന സ്ഥാപനച്ചെലവുകളെക്കുറിച്ച ചിന്തിക്കുന്നതു നന്നായിരിക്കും. എത്രയോ മനുഷ്യാധ്വാനവും വ്യയവും ഇക്കാര്യത്തിനു മാത്രമായി ബന്ധപ്പെട്ട സർക്കാർ ആപ്പീസുകളിൽ ചെലവാക്കുന്നു. ഇതു കുറക്കാനും രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് നേരിട്ട് ഈ പണം അതാതു പഞ്ചായത്തുകളിലേക്കു നൽകുന്നതിന്ന് വ്യവസ്ഥകൾ ചെയ്യാവുന്നതേയുള്ളൂ. ഇതിനുള്ള നടപടികൾ സർക്കാരിൽ നിന്നുണ്ടാകണം.

വെഹിക്കിൾ ടാക്സ് കോംപൻസേഷൻ ഗ്രാൻറിൻെറ കാര്യത്തിലും ഈ രീതിയിൽ മാറ്റം വരുത്തുന്നത് നടപടികൾ ലഘൂകരിക്കാനും അനാവശ്യ വ്യയം കുറയ്ക്കാനും സഹായിക്കും.

പഞ്ചായത്തുകൾ നേരിട്ടു പിരിക്കുന്ന നികുതിയാണല്ലോ കെട്ടിടനികുതി. ഇതോടൊപ്പം ലൈബ്രറി സെസ്സ് ആയി 5% കൂടി പിരരക്കുന്നുണ്ട്. എന്നാൽ ഈ സെസ്സ് പിരിക്കുന്നതു വഴി ജനങ്ങൾക്ക് പഞ്ചായത്തിൽ നന്നും പ്രത്യേക സേവനമൊന്നും ലഭിക്കുന്നില്ല. അതിനാൽ ഈ സെസ്സ് പിരിക്കുന്നത് ശരിയായ നടപടിയാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

ഈ തുക പൂർണ്ണമായും സർക്കാരിൽ അടക്കാനുള്ളതാണ്. ഇത് പിരിക്കുന്നതിനുള്ള ചുമതല പഞ്ചായത്തിൽ നിന്നും ഒഴിവാക്കുകയും ലൈബ്രറി അടക്കമുള്ള സാംസ്ക്കാരക മേഖലയിൽ ചെലവഴിക്കുന്നതിന്നു വേണ്ടി സെസ്സുപിരിക്കാൻ പഞ്ചായത്തിന് അധികാരം നൽകുകയും വേണം.

വിനോദനികുതി പിരിക്കുന്ന നിലവിലുള്ള സമ്പ്രദായം റവന്യൂ നഷ്ടത്തിന് അവസരം കൊടുക്കുന്നതാണെന്ന കാര്യം പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. നമ്മുടെ പഞ്ചായത്തിൽ ഈ നികുതി താരതമ്യേന മെച്ചപ്പെട്ട രീതിയിൽ ലഭിക്കുന്നുണ്ടെങ്കിലും കുറവുകൾ നികത്തിയേ പറ്റൂ. ബസ്സുകളിൽ നിന്ന് സീറ്റിൻെറ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ നികുതി പിരിക്കുന്ന അതേ രീതി ഈ മേഖലയിലും പ്രായോഗികമാക്കാവുന്നതേയുള്ളൂ. ആന്ധ്ര പോലുള്ള പല സംസ്ഥാനങ്ങളിലും ഈ സമ്പ്രദായം നിലനിൽക്കുന്നു. 1981–82 ലെ കേരള ബഡ്ജറ്റ് പ്രസംഗത്തിൽ ഈ നടപടി സ്വീകരിക്കുന്നതിനെപ്പറ്റി പറഞ്ഞിരുന്നെങ്കിലും ഫലത്തിൽ തുടർനടപടികൾ ഉണ്ടായിട്ടില്ല. നഹ കമ്മിറ്റിയും ഈ നിർദ്ദേശം ആവർത്തിച്ചിട്ടുള്ളതാണ്. (നഹ കമ്മിറ്റി റിപ്പോർട്ട് ഖണ്ഡിക 3.59)

പഞ്ചായത്തുകളുടെ അധികാരപരിധിയിൽപെട്ട

പട്ടിക 8

## ബാങ്ക് ഡെപ്പോസിറ്റ്, വായ് (രൂപ ലക്ഷത്തിൽ)

| ബാങ്ക് | ആകെ ഡെപ്പോസിറ്റ് | NRE ഡെപ്പോസിറ്റ് | ആകെ വായ്പ | വായ്പാ നുപാതം | കാർഷിക വായ്പ | പ്രായോറിറ്റി ലോണുകൾ | IRDP |
|---|---|---|---|---|---|---|---|
| ലോഡ്കൃഷ്ണ | 450 | 250 | 200 | 44% | 1.78 | 40 | 1.68 |
| കാത്തലിക് സിറയൻ | 564 | 312 | 168 | 30% | 12.5 | 64 | 2.14 |
| നെടുങ്ങാടി | 140 | 50 | 50 | 36% | 6 | 30 | 4 |
| തളിക്കുളം SCB | 137 | - | 71 | 52% | 71 | - | 2.8 |
| റൂറൽ ബാങ്ക് ബ്രാഞ്ച് | 90 | - | 73 | 81% | 73 | - | - |

സ്ഥാപനങ്ങൾക്കുള്ള പദ്ധതിയേതര വിഹിതം പഞ്ചായത്തുകളിൽ കൂടി കൈകാര്യം ചെയ്യപ്പെടേണ്ടവയാണല്ലോ. സെൻ കമ്മീഷൻ റിപ്പോർട്ട് ഈ ദിശയിലുള്ളതാണ്. ഇതിനുള്ള നടപടികൾ സർക്കാരിൽ നിന്നും അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

## ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ സഹകരണമേഖലയിൽ രണ്ട് ധനകാര്യ സ്ഥാപനങ്ങളുണ്ട്. തളിക്കുളം സർവ്വീസ് സഹകരണബാങ്കും, നാട്ടിക ഫർക്കാ സഹകരണ റൂറൽ ബാങ്കിൻെറ ഒരു ബ്രാഞ്ചും, കാർഷിക മേഖലയുമായി ബന്ധപ്പെട്ട വായ്പകളാണ് രണ്ടു ബാങ്കുകളിൽ നിന്നും ലഭ്യമാകുന്നത്. തളിക്കുളം സർവ്വീസ് സഹകരണബാങ്കിൽ കിടിശ്ശിക നിരക്ക് ഉയർന്ന തോതിലാണ് (58%). എന്നിട്ടും നിക്ഷേപത്തിൻെറ 52% വായ്പ നൽകിയിട്ടുണ്ട്.

റൂറൽ ബാങ്ക് ബ്രാഞ്ചിൽ മൊത്തം നിക്ഷേപത്തിൻെറ 81% വായ്പയായി നൽകിയിരിക്കുന്നു.

ലോഡ് കൃഷ്ണാ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, നെടുങ്ങാടി ബാങ്ക് എന്നിവയുടെ ഓരോ ശാഖയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കാർഷികേതര വായ്പകളാണ് ഈ ബാങ്കുകളിൽ പൊതുവെ നൽകപ്പെടുന്നത്.

സംസ്ഥാനത്തെ വായ്പാനുപാതം കമ്മേഴ്സ്യൽ ബാങ്കുകളിൽ 40% ആണ്. ഇതിലും താഴെയാണ് നമ്മുടെ പഞ്ചായത്തിൽ

നിലവിലുള്ള ചില കൊമേഴ്സ്യൽ ബാങ്കുകളിൽ, ലോഡ് കൃഷ്ണാ 44%, കാത്തലിക് സിറിയൻ ബാങ്ക് 30% , നെടുങ്ങാടി ബാങ്ക് 36%.

## സ്വകാര്യധനകാര്യ സ്ഥാപനങ്ങൾ

56 സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്ക്. ഇതിനു പുറമെ 100 ൽ പരം വ്യക്തികളും ഹുണ്ടികക്കച്ചവടം നടത്തുന്നുണ്ട്. ഭീകരമാണ് ഈ മേഖലയിലെ പലിശ നിരക്ക്, 60% മുതൽ 180 % വരെ പലിശയാണ് ഇക്കൂട്ടർ വാങ്ങുന്നത്. ജനങ്ങളുടെ സാമ്പത്തിക ജീവിതത്തിൻെറ തകർച്ചയുടെ സൂചനയായി ഇതിനെ കണക്കാക്കാം. ബ്ലേഡുപലിശയുടെ നീരാളിപ്പിടുത്തത്തിൽനിന്നും രക്ഷപ്പെടാനാവാതെ ആത്മഹത്യ ചെയ്ത വ്യക്തികളുടേയും, സ്ഥലവും വീടും നഷ്ടപ്പെട്ട് വഴിയാധാരമായ കുടുംബങ്ങളുടേയും എണ്ണം വർധിച്ചുവരികയാണ്.

## സാധ്യതകൾ

കമ്മേഴ്സ്യൽ ബാങ്കുകൾ ഈ പഞ്ചായത്തിൽ നിന്നു ശേഖരിക്കുന്ന നിക്ഷേപത്തുകയുടെ ഗണ്യമായ ഭാഗം സംസ്ഥാനത്തിനു പുറത്തേക്കു കൊണ്ടുപോകുന്ന സാഹചര്യം ഒഴിവാക്കി കഴിവതും അതാതു പഞ്ചായത്തിൽ തന്നെ പ്രത്യുൽപാദനമേഖലയിലേക്ക് ഊന്നൽ കൊടുത്തുകൊണ്ട് വായ്പകൾ കൊടുക്കുന്ന സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

സഹകരണമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും, വായ്പാവ്യവസ്ഥകൾ ഉദാരമാക്കുകയും ജനങ്ങളുടെ വ്യത്യസ്ഥ ആവശ്യങ്ങൾക്ക് വായ്പകൾ ലഭ്യമാക്കുകയും ചെയ്യണം.

## ഗൾഫ്

പഞ്ചായത്തിലെ ആയിരത്തോളം പേർ കേരളത്തിനു പുറത്ത് ജോലിചെയ്യുന്നുണ്ട്. ഇതിൽ ഗണ്യമായ ഒരു വിഭാഗംഗൾഫിലാണ്. 70 കളുടെ ആദ്യത്തിലാണ് ഗൾഫ് കുടിയേറ്റം ആരംഭിച്ചത്. വളരെ താഴ്ന്ന സാമ്പത്തിക സ്ഥിതിയിൽ ഉണ്ടായിരുന്നവർ പോലും ഗൾഫിൽ ജോലിചെയ്ത് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

ഗൾഫ് മേഖലയിൽ നിന്നുള്ള പണം പ്രധാനമായും കെട്ടിട നിർമ്മാണങ്ങൾക്കാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ഉൽപാദനമേഖലയിൽ മുതൽ മുടക്കിയിട്ടുള്ളവർ ദുർലഭമാണ്.

സ്വന്തമായി നല്ലൊരു വീട് സ്വപ്നത്തിൽ മാത്രം കണ്ടിരുന്നവർ, അവർക്ക് ഗൾഫിൽ നിന്ന് ലഭ്യമായ സാമ്പത്തിക സൌകര്യങ്ങൾ ഉപയോഗിച്ച് വീടുകൾ പണിയുന്നതിന് ഒരിക്കലും കുറ്റം പറയാനാവില്ല. എന്നാൽ സ്വന്തം വരുമാനത്തിനും ആവശ്യകതക്കും നിരക്കാത്ത രീതിയിൽ വൻതോതിൽ പണം ചെലവഴിക്കുന്നു എന്നതാണ് ഈ രംഗത്തെ ന്യൂനത.

വീടു നിർമ്മാണം കഴിഞ്ഞാൽ പിന്നെ ഗൾഫ് പണം ഉപയോഗിക്കപ്പെടുന്നത്, ഭൂമി വാങ്ങാനാണ്. ഇങ്ങനെ ഭൂമി വാങ്ങുന്നത് കൃഷി ചെയ്യാൻ വേണ്ടിയല്ല, മറിച്ച് വിൽപ്പനയിൽക്കൂടി ലാഭമുണ്ടാക്കാനാണ്. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ ഗൾഫ് പണമാണ് നിക്ഷേപമായി വരുന്നത്.

ഇതിനുപുറമേ ഗൾഫ് പണം പൊതുവേ എല്ലാ ധനകാര്യ സ്ഥാപനങ്ങളിലും കുറഞ്ഞ തോതിലെങ്കിലും നിക്ഷേപമായി ലഭിക്കുന്നുണ്ടെങ്കിലും NRE അക്കൌണ്ടുകൾക്ക് സൌകര്യമുള്ള കമ്മേഴ്സ്യൽ ബാങ്കുകൾക്കാണ് ഈ നിക്ഷേപം കൂടുതൽ ലഭ്യമാകുന്നത്. വിദേശ ഇന്ത്യക്കാർക്ക് ഇന്നു ലഭിക്കുന്ന ആനുകൂല്യങ്ങളിൽ ഒട്ടും കുറവു വരുത്താതെ തന്നെ NRE അക്കൌണ്ടുകൾ കൈകാര്യം ചെയ്യാൻ സഹകരണബാങ്കുകൾക്കും സൌകര്യം കൊടുക്കാൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇത് സഹകരണബാങ്കുകളെ ശക്തിപ്പെടുത്തുക എന്നതിലുപരി ഗ്രാമീണ വായ്പാമേഖലയെ വിപുലമാക്കാനും അതുവഴി ഹുണ്ടികക്കാരുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കാൻ സഹായിക്കുകയും ചെയ്യും.

മത, രാഷ്ട്രീയ, സാംസ്ക്കാരിക സംഘടനകൾക്ക് നമ്മുടെ ഗൾഫ് സുഹൃത്തുക്കളിൽ നിന്നും ഉദാരമായ സാമ്പത്തിക സഹായം ലഭിക്കാറുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ ഇവരേയും പങ്കാളികളാക്കാൻ വേണ്ട ശ്രമങ്ങൾ ഇനിയും നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെൻററിന് കെട്ടിടം നിർമ്മിക്കുന്നതിന്ന് മറ്റുള്ളവർക്കൊപ്പം ഗൾഫ് സുഹൃത്തുക്കളിൽ നിന്നും ലഭിച്ച സഹായം പ്രത്യേകം എടുത്തു പറയാവുന്നതാണ്.

പഞ്ചായത്തിൻെറ വരുമാനത്തിലെ ഗണ്യമായ ഒരു ഭാഗം ചെലവഴിക്കപ്പെടുന്നത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ്. JRY പോലുള്ള തൊഴിൽ ദാന പദ്ധതികൾ നടപ്പാക്കുമ്പോൾ അതിലെ കൂലി സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതുണ്ട്. അതാകട്ടെ, നമ്മുടെ നാട്ടിലെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതുമല്ല. ഈ സ്ഥിതിവിശേഷം മുറിച്ചു കടക്കണമെങ്കിൽ ഗണ്യമായ പൊതുജന സാമ്പത്തിക പങ്കാളിത്തം ഉണ്ടായേ പറ്റൂ. ഇതിൽ തന്നെ ഓരോ റോഡിൻേറയും ഉപഭോക്താക്കളായി വരുന്ന, ഗൾഫ് മേഖലയിൽ തൊഴിലെടുക്കുന്നവരുടെ സാമ്പത്തിക സഹായങ്ങൾ സംഭരിക്കാൻ ശ്രമം നടത്തേണ്ടതാണ്.

## സന്നദ്ധപ്രവർത്തനങ്ങൾ

പൊതുകാര്യങ്ങൾക്കായി സന്നദ്ധസേവനം സംഘടിപ്പിച്ച് വിജയിപ്പിച്ചതിൻെറ സമ്പന്നമായ പാരമ്പര്യം ഉള്ളവരാണ് നമ്മൾ. ഏകദേശം 50 വർഷങ്ങൾക്കുമുമ്പ് ഉണ്ടാക്കിയ അറപ്പ തോടുതന്നെ ഉദാഹരണം. വിപുലമായ ഒരു പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കി വെള്ളം കടലിലേക്ക് ഒഴുക്കുന്നതിന്നും ജലസംഭരണത്തിനും വേണ്ടി അനേകം സന്നദ്ധപ്രവർത്തകരുടെ ഏതാനും ദിവസങ്ങളിലെ പ്രവർത്തനഫലമായാണ് ഇന്നു കാണുന്ന അറപ്പത്തോട് ഉണ്ടായത്. ആ മാതൃക ഇന്നും പ്രസക്തമാണ്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന ജലനിർഗ്ഗമനമാർഗ്ഗങ്ങളായിരുന്നു തോടുകൾ, ഇന്ന് വേണ്ടത്ര

പരിരക്ഷിക്കപ്പെടാതെയും പല കാരണങ്ങളാലും പരസ്പര ബന്ധം നഷ്ടപ്പെട്ടു കിടക്കുകയാണ്. യഥാർത്ഥത്തിൽ ഈ തോടുകൾക്ക് നമ്മുടെ ജീവിതത്തിലുള്ള പ്രാധാന്യം നാം മറന്നുപോയിരിക്കുന്നു. ഈ തോടുകൾക്ക് ആഴം കൂട്ടിയും ഇടക്കിടെ തടയണകൾ കെട്ടിയും നിലനിർത്തിയെങ്കിലെ ഇന്ന് പഞ്ചായത്തിലെ പലഭാഗങ്ങളിലും അനുഭവപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കാനും വേനൽക്കാലത്തെ വരൾച്ച തടയാനും സാധിക്കുകയുള്ളൂ. ഈ ജോലി സന്നദ്ധപ്രവർത്തനങ്ങളിൽക്കൂടി ചെയ്യാൻ നമുക്ക് കഴിയേണ്ടതാണ്. നമ്മുടെ സ്കൂളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന്നായി സ്ക്കൂൾ കോംപ്ലക്സുകളും വിദ്യാജ്യോതി തുടങ്ങിയ പദ്ധതികളും നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ പദ്ധതികൾ വിജയിപ്പിക്കുന്നതിന്നു വേണ്ടി നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായ ആളുകളുടെ സന്നദ്ധസേവനം ഉപഗയാഗപ്പെടുത്താവുന്നതാണ്. പഠനകാര്യങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ നൽകിയും പഠനസാമഗ്രികൾ നിർമ്മിക്കുന്നതിന്ന് അധ്യാപകരെ സഹായിച്ചും ഇവർക്ക് ഈ രംഗത്ത് സന്നദ്ധസേവനം നടത്താവുന്നതാണ്.

അതാത് സ്ക്കൂളുകളിലെ വിദ്യാഭ്യാസ സൌകര്യങ്ങൾ വർദ്ധപ്പിക്കുന്നതിന്നും കാര്യക്ഷമമാക്കുന്നതിന്നും PTA കൾ നടത്തുന്ന സന്നദ്ധപ്രവർത്തനം എടുത്തു പറയത്തക്കതാണ്. കൂടുതൽ പങ്കാളിത്തം ഈ കാര്യത്തിൽ ഉണ്ടാക്കാൻ ഇനിയും ശ്രമം നടത്തേണ്ടതുണ്ട്.

# ഉപസംഹാരം

വികസനമെന്നാൽ റോഡും പാലവും തെരുവുവിളക്കുകളും എന്നു മാത്രമാണർത്ഥമെന്ന മൂഢ വിശ്വാസം എങ്ങനെയോ നമ്മിൽ ആണ്ടുപോയിരുന്നു. എന്നാൽ അതിലുപരി നമ്മുടെ ദൈനംദിന ജീവിതത്തിനാവശ്യമായ കാര്യങ്ങളിൽ കഴിയാവുന്നത്ര സ്വയം പര്യാപ്തമാവാൻ ശ്രമിക്കലാണ് വികസനം എന്നു നാമിപ്പോൾ തിരിച്ചറിയുന്നു. വേണ്ടത്ര കൃത്യമായ ധാരണയോടെയല്ലെങ്കിലും ഗ്രാമസഭകളിലും മറ്റു തുടർപ്രവർത്തനങ്ങളിലും ഉണ്ടായ വിപുലമായ ജനപങ്കാളിത്തം ഇതിന്റെ തെളിവാണല്ലോ.

ലക്ഷ്യബോധത്തോടെയുള്ള ഈ പ്രവർത്തനം ഇനിയും കാര്യക്ഷമമായി നാം മുന്നോട്ടുകൊണ്ടു പോകേണ്ടതുണ്ട്. ഈ വികസനറിപ്പോർട്ടിൽ നാം സമാഹരിച്ചിട്ടുള്ള നമ്മുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പദ്ധതികളായി മാറ്റി പ്രായോഗികമാക്കുന്ന ഘട്ടമാവുമ്പോൾ മുൻകാലങ്ങളിലെപ്പോലെ നാം കാഴ്ചക്കാരല്ല, നടത്തിപ്പുകാരാണ് എന്ന യാഥാർത്ഥ്യം നമ്മുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു.

ഈ ഉത്തരവാദിത്തം ആത്മവിശ്വാസത്തോടെ നമുക്കേറ്റെടുക്കാം. വികസനം സർക്കാരിന്റെ വിവിധ തലങ്ങളിലെ വികസനേതര താല്പര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നില മാറ്റിയെടുക്കാം. ജനപങ്കാളിത്തവും ജനജാഗ്രതയും ഇതിനായി കൂടുതൽ സമാഹരിക്കുമെന്ന് നമുക്ക് പ്രതിജ്ഞചെയ്യാം.

# ഗ്രാമതല വികസനത്തെപ്പറ്റി

ഇന്നു നിലവിലുള്ള പഞ്ചായത്തു ഭരണ സമിതി 1995 ഒക്ടോബർ 2-ാംനു യാണല്ലോ അധികാരത്തിലെത്തിയത്. ഒമ്പതാം പദ്ധതിയെക്കുറിച്ച് അന്നു ചർച്ച തുടങ്ങിയിട്ടില്ല. എന്നാൽ പുതിയ പഞ്ചായത്തിരാജ് നിയമപ്രകാരം പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും കൂടുതൽ വിഭവവും ലഭ്യമാകുമെന്ന പ്രതീക്ഷ നമുക്കുലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമതലത്തിൽ വികസന പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതിനായി പ്രശസ്ത സാമ്പത്തിക വിദഗ്ദ്ധൻ ഡോ. പി.പി. പിള്ള. പഞ്ചായത്തു ധനകാര്യവിദഗ്ദ്ധൻ ഡോ. വി.കെ. ഗോപി, ശ്രീ ടി.ആർ. ചന്ദ്രദത്ത്. കാർഷിക വ്യവസായിക വിദഗ്ദ്ധർ ഗ്രാമതലത്തിൽ വ്യത്യസ്ത വിഭാഗങ്ങളിൽ നിന്നു നിർദ്ദേശിക്കപ്പെട്ട വ്യക്തികൾ എന്നിവർ ചേർന്ന ഒരു ഗ്രാമതല ആസൂത്രണ സമിതിക്ക് തളിക്കുളം ഗ്രാമപഞ്ചായത്ത് രൂപം നൽകി.

ഈ സമിതിയുടെ പ്രവർത്തനം പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനപരമായി ഗ്രാമതല വികസന ലക്ഷ്യങ്ങൾക്ക് ഞങ്ങൾ രൂപം നൽകിയിരുന്നു. അതിപ്രാകാരമാണ്.

"റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതു മാത്രമാണു വികസനമെന്ന കാഴ്ചപ്പാട് ഉല്പാദനപ്രവർത്തനത്തിനു കൂടി വഴി മാറേണ്ടതുണ്ട്. ഓഫീസുകളിലെ ഗുമസ്തപ്പണി മാത്രമല്ല തൊഴിൽ. വഴിമുട്ടി നിൽക്കുന്ന കാർഷിക-വ്യവസായിക ഉല്പാദനം പൊട്ടിത്തഴച്ചു വളരണം. സേവനത്തുറകൾ ശാസ്ത്രീയമായി പോഷിപ്പിക്കണം. ബുദ്ധിപരവും കായികവുമായ കഴിവുകൾ വികസിപ്പിക്കണം. പഞ്ചായത്തുകൾക്കു പരിമിതമായി ലഭിക്കുന്ന അധികാരങ്ങളെ ഒരു പുതിയ ഗ്രാമതല വികസനപദ്ധതി ഫലത്തിലെത്തിക്കുന്നതിന് ഉപയോഗപ്പെടുത്തണെന്നു ഞങ്ങളാഗ്രഹിക്കുന്നു. ലഭ്യമായവ ഉപയോഗിച്ചും കൂടുതൽ നേടുന്നതിനു പരിശ്രമിച്ചും താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനു ശ്രമിക്കുമെന്നു ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**കാർഷികമേഖല**

1. കാർഷികോല്പാദനം ഇരട്ടിയാക്കുക. പ്രധാനവിളയായ തെങ്ങിന്റെ ഉല്പാദനക്ഷമത ശാസ്ത്രീയ മാർഗങ്ങളുപയോഗിച്ച് വർദ്ധിപ്പിക്കുക

• കവുങ്ങ് തുടങ്ങിയ ദീർഘകാല ഇടവിളകൾ കഴിയുന്ന എല്ലാ സ്ഥലത്തും വ്യാപിപ്പിക്കുക.

• കൃഷികാർക്ക് പ്രോത്സാഹനം നൽകി ഒരു വാർഡിൽ ചുരുങ്ങിയത് 5 പച്ചക്കറിത്തോട്ടങ്ങൾ വളർത്തുകയും മാറിവരുന്ന ആഹാരരീതികളുമായി ബന്ധപ്പെട്ട് പച്ചക്കറി-പഴവർഗകൃഷി വ്യാപിപ്പിക്കുകയും ചെയ്യുക.

• പൂച്ചെടി കൃഷിത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

2. പ്രാദേശിക ഉപഭോഗത്തിനെങ്കിലും ആവശ്യമായ മുട്ടക്കോഴി വളർത്തുന്നതിനു പ്രോത്സാഹനം നൽകുക.

3. പുഴയോരത്ത് ചെമ്മീൻ കൃഷിക്കും, ഉൾനാടൻ മത്സ്യകൃഷിക്കും സാദ്ധ്യതകൾ കണക്കിലെടുത്ത് പരിപാടി തയ്യാറാക്കുക.

4. മണ്ണിൻെറ നഷ്ടമാകുന്ന ഫലപുഷ്ടി പുനഃസൃഷ്ടിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ ശാസ്ത്രീയപദ്ധതി നടപ്പിലാക്കുക. കാലാകാലങ്ങളിൽ ചെയ്യേണ്ട സംരക്ഷണ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക.

* കാർഷികവൃത്തിയെ ബാധിക്കും വിധം അടഞ്ഞുപോയ പരമ്പരാഗത നീർച്ചാലുകൾ ജനങ്ങളുടെ സഹകരണത്തോടെ പുനഃസ്ഥാപിച്ചു സംരക്ഷിക്കുക.

* ജലവിതാനം താഴാതെ സംരക്ഷിക്കുന്നതിന് പൊതുകുളങ്ങളും തോടുകളും വൃത്തിയാക്കി ആഴം കൂട്ടി സംരക്ഷിക്കുക.

5. ഔഷധസസ്യഗ്രാമം - ഔഷധസസ്യങ്ങൾ നഷ്ടമാവാതെ സംരക്ഷിക്കുന്നതിനും ദൈനംദിന ഉപയോഗത്തിനും, നാണ്യവിള എന്ന നിലയിലും അവയുടെ കൃഷി വൻതോതിൽ വികസിപ്പിച്ച് ഔഷധസസ്യഗ്രാമം സ്ഥാപിക്കുക.

6. കടലോരത്തും പുഴയോരത്തും കണ്ടൽകാടുകൾ വെച്ചുപിടിപ്പിച്ചു സംരക്ഷിക്കുക.

7. തടിക്കും വിറകിനുമായി വൃക്ഷങ്ങൾ നടുന്നതിനു പ്രോത്സാഹനം നൽകുക.

8. ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിത്തുകളും തൈകളും സുലഭമായി ലഭ്യമാക്കുന്നതിന് നഴ്സറികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക.

9. മേൽ പറഞ്ഞ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ വിജയിപ്പിക്കുന്നതിനും കാർഷികബോധം വളർത്തുന്നതിനും വൻ പ്രചരണം സംഘടിപ്പിക്കുക.

10 കൃഷിഭവനേയും കേരവികസനസമിതിയേയും ഉപയോഗപ്പെടുത്തിയും വാർഡുതലകർഷകസമിതികൾ രൂപീകരിച്ചും പദ്ധതി നടപ്പിലാക്കും.

11. കന്നുകാലി വളർത്തൽ മാറിയ സാദ്ധ്യതകൾക്കനുസൃതമായി വികസിപ്പിക്കുന്നതിനും തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനും നടപടി എടുക്കും.

**വ്യവസായ മേഖല**

1. വ്യവസായ സംരംഭങ്ങളുടെ സംഘാടനവും സൗകര്യങ്ങളും ലക്ഷ്യമാക്കി വ്യവസായകേന്ദ്രം സ്ഥാപിക്കുക.

2. ഇലക്ട്രോണിക്സിൻെറയും ഉന്നതസാങ്കേതിക വിദ്യകളുടേയും നേട്ടങ്ങൾ ഉപയോഗപ്പെടുത്തി 50 കുടുംബ ബന്ധിത വ്യവസായ യൂണിറ്റുകളെങ്കിലും സ്ഥാപിച്ച് വ്യവസായവൽക്കരണത്തിനു തുടക്കം കുറിക്കുക.

3. കയർ ഉല്പന്നങ്ങളുടെ ആവശ്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ആധുനിക സാങ്കേതിക വൈദഗ്ദ്ധ്യം കൂടി ഉപയോഗിച്ച് വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനു പരിശ്രമിക്കുക.

4. ഖാദി ബോർഡുമായി ബന്ധപ്പെട്ട ഉല്പാദന യൂണിറ്റുകൾ തുടങ്ങി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

5. പ്രാദേശിക ആവശ്യങ്ങളെങ്കിലും നിറവേറ്റാവുന്നത്ര ഉപഭോഗവസ്തുക്കളുടെ ഉല്പാദനയൂണിറ്റുകൾ സ്ഥാപിക്കുക.

6. വിദേശത്തു ജോലിചെയ്യുന്നവർക്ക് ഈ സംരംഭങ്ങളിൽ തങ്ങളുടെ സമ്പാദ്യം മുടക്കി വ്യവസായങ്ങൾ തുടങ്ങുന്നതിനും ബാങ്കുകളിലെ സമ്പാദ്യങ്ങൾ പ്രാദേശികമായി ഉപയോഗിക്കുന്നതിനും നേതൃത്വം നൽകുക. വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ സഹായവും സ്വകാര്യ സംരംഭകരുടെ മുൻകയ്യും ഉപയോഗപ്പെടുത്തിയാണ് കാർഷിക-വ്യവസായിക പദ്ധതി നടപ്പിലാക്കുന്നതിനു ശ്രമിക്കുക.

**സേവന മേഖല**

1. റോഡുകളുടെ അറ്റകുറ്റപ്പണികൾ പ്രഥമ ചുമതലയായെടുത്ത് ഫണ്ടുകൾ ലഭ്യമാക്കുകയും, ജനപങ്കാളിത്തോടെ സംരക്ഷിക്കുകയും ചെയ്യും.

2. ആധുനിക ജീവിതത്തിൻെറ ആവശ്യങ്ങൾക്കുതകും വിധം വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്ക്കൂൾ കോംപ്ലക്സ് സമ്പ്രദായം ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുക.

3. കുട്ടികളുടെ സ്വാഭാവിക വളർച്ചക്കനുസൃതമല്ലാത്ത പ്രീപ്രൈമറി വിദ്യാഭ്യാസം തിരുത്തുന്നതിനുമാതൃകയാകും വിധം, വിദഗ്ദ്ധ ഏജൻസികളെ സഹകരിപ്പിച്ച് ഒരു മാതൃക ശിശുവിദ്യാലയം സ്ഥാപിക്കുകയും അംഗൻവാടികളെ തദനുസൃ

തമായി മാറ്റിയെടുക്കുന്നതിനു ശ്രമിക്കുകയും ചെയ്യു ക.

4. പ്രൈമറി ഹെൽത്ത് സെൻറർ, കെട്ടിടം പണിപൂർത്തിയാക്കി മാറ്റി സ്ഥാപിക്കുക.

5. 5 വയസ്സിൽ താഴെയുള്ള മുഴുവൻ കുട്ടികൾക്കും പ്രതിരോധ കുത്തിവെപ്പുകൾക്കു സ്ഥിരം സംവിധാനമുണ്ടാക്കുക.

6. മന്ത്, കുഷ്ഠരോഗങ്ങളുടെ നിവാരണത്തിന് ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ നടക്കുന്ന പ്രവർത്തനം പൂർത്തിയാക്കുക.

7. അന്ധതാനിവാരണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

8. കമ്പ്യൂട്ടർ വിദ്യാഭ്യാസം വ്യാപിപ്പിക്കുക. നമ്മുടെ പ്രദേശത്തുലഭ്യമാകുന്ന തൊഴിലുകളിൽ ചെറുപ്പക്കാർക്കു പരിശീലനം നൽകുക.

**സാമൂഹ്യക്ഷേമം**

1. കുടുംബക്ഷേമസമിതി: ആധുനിക കുടുംബ ജീവിതത്തിലെ പ്രശ്നങ്ങളും സംഘർഷങ്ങളും ലഘൂകരിക്കുന്നതിനു സഹായിക്കാവുന്ന തരത്തിൽ, പഞ്ചായത്തു പ്രസിഡണ്ടിൻെറ അദ്ധ്യക്ഷതയിൽ, കുടുംബക്ഷേമ സമിതി രൂപീകരിക്കുകയും രണ്ടാഴ്ചയിലൊരിക്കൽ ആവലാതികൾ കേൾക്കുകയും ചെയ്യുക.

2. കുടുംബ ക്ഷേമവുമായി ബന്ധപ്പെട്ട് ദുർബലർക്ക് (സ്ത്രീകൾക്ക്) നിയമസഹായം ലഭിക്കുന്നതിനു സാഹചര്യമൊരുക്കുക.

3. ഹരിജനങ്ങൾക്കും, നിർദ്ധനർക്കും ഭവന നിർമ്മാണത്തിനു സർക്കാർ പദ്ധതികൾ കൂടി ഉപയോഗപ്പെടുത്തി സഹായം നൽകുക.

**കലാസാംസ്കാരിക-കായികരംഗം**

1. വായനാശീലം വളർത്തുന്നതിനു ശ്രമിക്കും. ഗ്രന്ഥശാലകളേയും വിദ്യാലയങ്ങളേയും സംയോജിപ്പിച്ച് ഇതിനു സഹായകമായി ചർച്ചകളും ക്ലാസ്സുകളും സംഘടിപ്പിക്കും.

2. കെ.എസ്.കെ. തളിക്കുളത്തിൻെറ സ്മരണക്കായി പ്രതിവർഷം സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കും.

3. തല്പരരായ കുട്ടികൾക്ക് സുകുമാരകലകളിൽ ഒഴിവുകാലപരിശീലന സംവിധാനമുണ്ടാക്കും.

4. കായികരംഗത്ത് കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കു ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനും നടപടി എടുക്കും.

5. മണപ്പുറത്തിൻെറ കായി വിനോദങ്ങളായ വോളിബോളും ഫുട്ബോളും പ്രത്യേകം പ്രോത്സാഹിപ്പിക്കും.

**ആസൂത്രണസമിതി**

പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി നിർദ്ദേശങ്ങൾ ഉണ്ടാക്കുന്നതിന് വിദഗ്ദ്ധരേയും, സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ഗ്രാമതല ആസൂത്രണ സമിതി രൂപീകരിക്കും.

**ഗ്രാമസഭ**

ആറുമാസത്തിലൊരിക്കൽ വാർഡിലെ മുഴുവൻ ജനങ്ങളേയും പങ്കെടുപ്പിച്ച് ഗ്രാമസഭ ചേർന്ന് നിർദ്ദേശങ്ങൾ വെയ്ക്കാനും പുരോഗതി വിലയിരുത്താനും ഗുണദോഷവിചിന്തനത്തിനും അവസരം നല്കും.

പഞ്ചായത്തിൻെറ അധികാര പരിധിയിൽ നിന്നുകൊണ്ട് ജനപങ്കാളിത്തത്തോടെ നമ്മുടെ സാമ്പത്തിക-സാമൂഹ്യ ഘടനയിൽ പുത്തനുണർവു സൃഷ്ടിക്കാനുതകുന്ന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത് ".

നാം നേരത്തെ ലക്ഷ്യമിട്ട ഈ പ്രവർത്തനങ്ങൾ കൂടുതൽ ഉൾക്കാഴ്ചയോടേയും വൈദഗ്ദ്ധ്യത്തോടെയും കൂടുതൽ വിപുലപ്പെടുത്തി വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ നമുക്കു ഇന്ന് അവസരം കൈവന്നിരിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്.

**എ. മിനി ശിവരാമൻ**

പ്രസിഡണ്ട്
തളിക്കുളം ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

*സാമൂഹ്യ സാംസ്കാരിക ചരിത്രം*

സർവ്വശ്രീ. പി.കെ. അശോകൻ മാസ്റ്റർ
വി.വി. മോഹിതമോഹനൻ
എൻ.കെ. ഷനിൽ
ഇ.എം. ജോയ്

*കൃഷി, ജലസേചനം*

ടി.എൽ. സന്തോഷ്
ലീനഷെല്ലി (കൃഷി ഓഫീസർ)
ഇ.എ. സുഗതകുമാർ
തേറമ്പിൽ ചന്ദ്രശേഖരൻ
അബ്ദുൾ സത്താർ
ടി.ആർ. വിശ്വംഭരൻ
എം. എ. കുട്ടൻ
പി. എ. അബ്ദുള്ള
എ.കെ. സന്തോഷ്
കെ.എസ്. ഹൈദ്രോസ്

*മത്സ്യ മേഖല, മൃഗപരിപാലനം*

എൻ. രാമകൃഷ്ണൻ
എ. എം. ജമാലുദ്ദീൻ
ഡോ. കെ. കെ. അരവിന്ദാക്ഷൻ(വെറ്ററിനറി)
ബാബു (ഡയറി എക്സ്റ്റൻഷൻ ഓഫീസർ)
കെ. കെ. ജാനകി
ഇ.കെ ധർമ്മരത്നം

*വിദ്യാഭ്യാസം*

എ.യു. രവീന്ദ്രൻ
കുഞ്ഞുമുഹമ്മദ് മാസ്റ്റർ
ഗിരിജ ടീച്ചർ
പി. കെ. ജയാനന്ദൻ
ടി. എം. ബിനോയ്
എ. ആർ. ഉൻമേഷ്
സി. കെ. അദ്ബുൾ മജീദ് (പ്രിൻസിപ്പൾ ജി. വി.എച്ച്. എസ്. എസ്)
കെ. എസ്. ദേവൻ
ഷിബിപ്രസാദ്

*ആരോഗ്യം,കുടിവെള്ളം, പരിസരശുചിത്വം*

ടി. കെ. വിനോദൻ
വി.പി. രഞ്ജിത്
ഡോ. മാഹിൻ (പി. എച്ച്. സി. തളിക്കുളം)
ഡോ. ശാന്തകുകുമാരി (ആയുർവേദ ഡിസ്പെൻസറി)
ഡോ. ഇ. ആർ. ബാലകൃഷ്ണൻ
ഇ. വി. ഹരിലാൽ
എം. ആർ. അപ്പു
എ. ആർ. കുട്ടപ്പൻ

*വ്യവസായം*

വി. കെ. യതീന്ദ്രൻ
സി. കെ. പരശുരാമൻ
ടി. എ. രാമചന്ദ്രൻ
ഇ. എച്ച്. വിജയ്
പി. ആർ. രാമകൃഷ്ണനൻ
എൻ. ബി. ബിനേഷ്
ടി. എസ്. സുരേഷ്
എ. ജി. സുരേഷ്

*ഗതാഗതം-ഊർജ്ജം*

എ. ജി. ധർമ്മരത്നം
ഇ. പി. കെ. രമണി
എം. സി. താജുദ്ദീൻ
എ. എം. ജമാലുദ്ദീൻ
എം. എസ്. ഭാസ്കരൻ

*ഭവനനിർമ്മാണം-ക്ഷേമപ്രവർത്തനങ്ങൾ*

പി. ബി. മുഹമ്മദ്
ഇ. വി. രമ
സരോജിനി. ടി. കെ
ലീല നായർ
കെ. ജനാർദ്ദനൻനായർ
പി. കെ. അബ്ദുൾഖാദർ
വി.എം. ഭവ്യൻ
കെ. എസ്. മുരളീധരൻ
ഇ.എ. അംബിക.

*സംസ്കാരം*

ടി. ആർ. ഹാരി
പി. കെ. അജിത
ഇസ്കന്തർ മിർസ
ഐ. ഡി. രഞ്ജിത്

*വനിത*

ആർ. യു. മുഹമ്മദാലി
എ. മിനിടീച്ചർ
കെ. വി. കമലം
മിനി. പി. കെ
കെ. കെ. മീനാക്ഷി
ഹണി. സി. എ.
ജിജി. ടി.. എ.
പ്രോജക്ട് ഓഫീസർ, ഐ സി ഡി എസ്

*സഹകരണം*

ടി. യു. സുഗതൻ
കെ. ആർ. ഗോകുലൻ
ടി. വി. വേണുഗോപാലൻ
എം. കെ. ഗോപാലൻ.

പട്ടികജാതി ക്ഷേമം

പി. വി. ഉസ്മാൻ
കെ. പി. രാമകൃഷ്ണനൻ
എം. വി. ശേഖരൻ
പി. കെ. മോഹനൻ

*വിഭവസമാഹരണം*

എ. പി. പ്രേംലാൽ
ഇ. പി. ശശികുമാർ
എൻ. ആർ. ജയൻ (ഗ്രാ. പ. സെക്രട്ടറി)
ടി. ജി. ധർമ്മരത്നം
പി. ഡി. ഷൈലേഷ്
ഹോചിമിൻ. വി. ജി.
ഷൈജു. പി. സി.
എം. എസ്. ബാലകൃഷ്ണൻ (ജെ. എസ്)
വി. ആർ. രാമചന്ദ്രൻ

ഇ.പി.കെ. മോഹനൻ
ജോ: കൺവീനർ

# അനുബന്ധം

## 21-11-96ൽ ചേർന്ന വികസന സെമിനാറിന്റെ ഭാഗമായി നടന്ന ഗ്രൂപ്പുചർച്ചയിൽ അംഗീകരിച്ച കാര്യങ്ങൾ.

### 1 കൃഷി, ജലസേചനം

പ്രശ്നങ്ങൾ : കൂമ്പ് ചീയൽ, കൊമ്പൻചെല്ലി, ചെന്നീര് ഒലിപ്പ്, മച്ചി കൊഴിച്ചിൽ, വേര്ചീയൽ, ഓല മഞ്ഞളിപ്പ്, തേങ്ങയിൽ കാമ്പ് ഇല്ലാതെ വരിക എന്നീ രോഗങ്ങൾ തെങ്ങിലും ചെറിയ തോതിൽ മഹാളിരോഗം കവുങ്ങിലും കണ്ടുവരുന്നു. വാഴക്ക് കുമ്പടപ്പ്, കുരുമുളകിനു ദ്രുതവാട്ടം, പച്ചക്കറികൃഷിക്ക് വിവിധ കീടബാധകൾ എന്നിവയും കാണുന്നു.

സാധ്യതകൾ : i നാട്ടറിവിന്റെ അടിസ്ഥാനത്തിലുള്ളതും പുതിയതരത്തിൽപ്പെട്ടവയുമായ കീടനാശിനികൾ രോഗ പ്രതിരോധത്തിനു് ആവശ്യാനുസരണം ഉപയോഗിക്കാൻ കഴിയണം.

ii കാർഷിക രംഗത്തു വായ്പാസൗകര്യം വൻതോതിൽ വദ്ധിപ്പിക്കണം.

### 2 മൃഗപരിപാലനം

സാധ്യതകൾ : i ഗോബർ ഗ്യാസിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം.

ii എല്ലാ സൗകര്യങ്ങളോടുകൂടിയ മൃഗാശുപത്രി സ്ഥാപിക്കുകയും അതിനു ഒരു ഉപകേന്ദ്രം തുടങ്ങുകയും വേണം.

### 3 മത്സ്യബന്ധനം

പ്രശ്നങ്ങൾ : i ഇടത്തട്ടുകാരുടെ ചൂഷണം ഈ മേഖലയിൽ വ്യാപകമാണ്.

ii മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനം കുറവാണ്.

സാധ്യതകൾ : i മത്സ്യബന്ധനസാധ്യതകൾ കുറവായ സമയത്ത് തൊഴിലാളികൾക്ക് അനുബന്ധ തൊഴിലുകളിൽ ഏർപ്പെടുന്നതിനുള്ള സാഹചര്യമുണ്ടാക്കണം.

### 4 വ്യവസായം

സാധ്യതകൾ : i ചിരട്ടക്കരി ഉപയോഗിച്ച് ആക്ടിവേറ്റഡ് കാർബൺ, ചിരട്ടയിൽ നിന്നും ഓയിൽ, ഗ്ലാളിക്കേഷത്തിന്റെ ക്രീം, പൗഡർ, ചിരട്ടപ്പൊടി ഉപയോഗിച്ച് ഹൈലം ഷീറ്റുകൾ എന്നിവ നിർമ്മിക്കാം.

ii കയർ നിർമ്മാണവും കയർ ഉല്പന്നങ്ങളുടെ ഉല്പാദനവും ചകിരിച്ചോറുകൊണ്ട് ജൈവവള നിർമ്മാണവും സാധ്യമാണ്.

### 5 ഗതാഗതം

i താമരച്ചാൽ റോഡ്, ത്രിവേണി–തമ്പാൻകടവ് റോഡ്, കൊപ്രസൊസൈററി–ചേനോടിക്കുന്ന് റോഡ്, മഹാത്മ ലിങ്ക്റോഡ് എന്നിവ ടാർ ചെയ്യണം.

ii ത്രിവേണി - തമ്പാൻകടവ് റോഡ് ത്രിവേണി ഭാഗത്ത് സൈഡ് കെട്ടി സംരക്ഷിക്കണം.

iii പുളിയംതുരുത്ത് റോഡ് പള്ളിയാറതോടുവരെ പഞ്ചായത്തു ഏറ്റെടുത്തു സഞ്ചാരയോഗ്യമാക്കണം.

iv ജവഹർറോഡ് ചരൽവിരിച്ച് ഉയർത്തണം.

### 6 പാർപ്പിടം, സാമൂഹ്യക്ഷേമം

i തറപോലുമില്ലാത്ത ഓലവീടുകൾക്ക പകരം ചെറിയ വീടുകൾ പ്രതിവർഷം 200 വീതം നിർമ്മിച്ചുകൊടുക്കണം.

ii വീടു നിർമ്മാണത്തിനാവശ്യമായ സിമൻറുകൊണ്ടു നിർമ്മിക്കുന്ന ഹോളോബ്രിക്സ്, ജനൽ, കട്ടിള മുതലായവ നിർമ്മിക്കുന്ന യൂണിററ് ആരംഭിക്കണം.

iii കുറഞ്ഞ പലിശയിൽ താമസം കൂടാതെ ഭവന നിർമ്മാണ വായ്പ ലഭിക്കാൻ സൗകര്യമുണ്ടാകണം.

### 7 ആരോഗ്യം

സഹകരണാടിസ്ഥാനത്തിൽ ഒരു മെഡിക്കൽ ഷോപ്പു തുടങ്ങണം.

### 8 കുടിവെള്ളം, പരിസര ശുചിത്വം

i ശുദ്ധജല ലഭ്യത വദ്ധിപ്പിക്കാൻ കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിക്കുക.

ii ഹോട്ടലുകളിൽനിന്നും സ്വകാര്യ ആശുപത്രികളിൽനിന്നും പുറത്തുവിടുന്ന മാലിന്യങ്ങൾ കൃത്യമായി സംസ്കരിച്ചുകളയുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

iii ജൈവവളപ്രയോഗം ശാസ്ത്രീയമായി നടത്തുന്നതിനും അതുവഴി ഈച്ചശല്യം ഒഴിവാക്കുന്നതിനും കർഷകരെ ബോധവൽക്കരിക്കുക.

## 9 വിദ്യാഭ്യാസം

നിർദ്ദേശങ്ങൾ

i ക്ലാസ്സുകൾക്കിടയിൽ പാർട്ടീഷ്യൻ ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതാണ്.

ii ഒരു ക്ലാസ് ഡിവിഷനിലെ വിദ്യാർത്ഥികളുടെ എണ്ണം മുപ്പത് ആയി പരിമിതപ്പെടുത്തണം.

iii ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും സ്കൂളുകളും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

iv സെക്കൻററി സ്കൂൾതലംവരെ വിദ്യാർത്ഥികൾക്ക് നൽകുന്ന ബസ്കൺസെഷന് ദൂരപരിധി നിശ്ചയിക്കാവുന്നതാണ്. സമീപത്തുള്ള സ്കൂളുകളിൽ ചേരുവാൻ പ്രേരണ ചെലുത്തേണ്ടതാണ്.

v S.S.L.C ക്ക് നിശ്ചിത ശതമാനം മാർക്കുവാങ്ങുന്ന വിദ്യാർത്ഥികൾക്ക്മാത്രം കോളേജ് പ്രവേശനം നൽകിയാൽമതി. മററുള്ളവർക്ക് തൊഴിൽ പരിശീലനം ലഭിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തണം.

vi G.M.L.P.S. ന് സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ടാകണം.

## 10 സംസ്കാരം

നിർദ്ദേശങ്ങൾ

i പഞ്ചായത്തു ലൈബ്രറിയിൽ മത്സരപരീക്ഷകൾക്കുള്ള അപേക്ഷാഫോറങ്ങളും മററും ലഭ്യമാക്കാനും അപൂർവ്വ ഗ്രന്ഥങ്ങളുടെ ഫോട്ടോസ്റ്റാററ് എടുത്തു സൂക്ഷിക്കുന്നതിനും മററുമായി ഒരു ഫോട്ടോസ്റ്റാററ് മെഷീൻ സ്ഥാപിക്കണം.

ii സ്കൂളുകളിൽ സാഹിത്യ സമാജങ്ങൾ പുനരുദ്ധരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകണം.

iii മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും അതിനു സന്നദ്ധരായവർക്ക് വേണ്ട സാമ്പത്തിക സഹായവും സാമൂഹ്യ അംഗീകാരവും നേടിക്കൊടുക്കണം.

iv പഞ്ചായത്തിൽ കമ്യൂണിററിഹാളോടുകൂടിയ ഒരു സാംസ്കാരികകേന്ദ്രം ഉണ്ടായിരിക്കണം.

v പ്രാദേശിക പ്രസിദ്ധീകരണങ്ങൾക്ക് പ്രോത്സാഹനവും സഹായവും നൽകണം.

## 11 വനിത

നിർദ്ദേശങ്ങൾ

i അയൽക്കൂട്ടങ്ങളും അവയുടെ വാർഡുകമ്മററിയും ഘടനയായി പഞ്ചായത്തു വനിതാ വികസനവേദി രൂപീകരിക്കണം. പഞ്ചായത്തിലെ വനിതകളുടെ മൊത്തം പ്രശ്നങ്ങൾ ഈ സമിതിയുടെ പരിധിയിൽ വരണം.

ii വനിതകൾക്കായുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.

iii സഞ്ചരിക്കുന്ന ലൈബ്രറികൾ തുടങ്ങണം.

iv ആഡംബര വിവാഹങ്ങളിൽ ചെലവഴിക്കപ്പെടുന്ന അധിക ചിലവിനെ നിയന്ത്രിക്കാൻ പഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാകണം. നികുതി ഏർപ്പെടുത്താം.

v PH സെൻററിൻെറ കീഴിലുള്ള സബ് സെൻററുകളുടെ ഭാഗമായി ക്രെഷെ സംവിധാനം ആരംഭിക്കണം.

vi സ്ത്രീകളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് പഞ്ചായത്തുതലത്തിൽ യോഗാഭ്യാസ ക്ലാസ്സുകൾ, സൈക്കിൾസവാരി പരിശീലനം എന്നിവ നൽകേണ്ടതാണ്.

## 12 പട്ടികജാതിക്ഷേമം

i ഓരോ വാർഡിലും 5 പേരെയെങ്കിലും തെരഞ്ഞെടുത്ത് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുക.

ii ജാമ്യവ്യവസ്ഥകൾ ലഘൂകരിച്ച് കാലതാമസം കൂടാതെ IRDP ലോൺ അനുവദിക്കുക.

iii പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി പഞ്ചായത്തുതല സെല്ലും വാർഡുകളിൽ ഉപസമിതികളും രൂപീകരിക്കുക.

iv വിദ്യാർത്ഥികൾക്ക് സൗജന്യട്യൂഷൻ ഏർപ്പെടുത്തുക. സാമ്പത്തിക ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും കാലതാമസം കൂടാതെ ലഭ്യമാക്കുകയും ചെയ്യുക.

v പ്രാചീന കലകൾ പ്രോത്സാഹിപ്പിക്കുക.

vi മാരകരോഗങ്ങൾക്ക് ചികിത്സക്കായി ധനസഹായം ഏർപ്പെടുത്തുക.

vii സാക്ഷരതാപ്രവർത്തനം തുടരുക.

## 13 സാമൂഹ്യക്ഷേമം

i IRDP ധനസഹായത്തിൻെറ വിനിയോഗം പരിശോധിച്ച് ഉപയോഗം ശരിയെന്ന് ഉറപ്പുവരുത്തുക.

ii DWCRA പ്രകാരമുള്ള യൂണിററുകൾ മുഴവൻ വാർഡുകളിലും ആവശ്യമായിടത്തു് ആരംഭിക്കുക.

iii സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലമെടുത്തുകൊടുക്കുക. ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകുക.

iv മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം നടത്താൻ പഞ്ചായത്തുതല ബോധവൽക്കരണ സമിതി രൂപീകരിക്കുക.

## 14 സഹകരണം

i സഹകരണ മേഖലയിൽ നോട്ടുബുക്ക നിർമ്മാണം നടത്തുക.

## 15 വിഭവസമാഹരണം

i കെട്ടിടനികുതിയുടെ 5% വാട്ടർസെസ്സ് പിരിക്കണം.

ii വിവാഹ രജിസ്ട്രേഷൻ 50രൂപ രജിസ്ട്രേഷൻ ഫീ ഈടാക്കാം.

iii കേബിൾ ഓപ്പറേറ്റർമാർ വരിക്കാരിൽ നിന്നുപിരിക്കുന്ന തുകക്ക് E.T.യും A.E.T.യും ഈടാക്കുക.

iv വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഫീ പത്തുരൂപയായി ഉയർത്തുക.

v ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ള കൃഷിക്കാരിൽനിന്നു തൊഴിൽ നികുതി പിരിക്കുക.

vi പഞ്ചായത്തു വാടകക്ക് കൊടുക്കുന്ന മുറികൾക്ക് 25,000/-രൂപ പലിശയില്ലാത്ത കാഷ് സെക്യൂരിററിയായി വാങ്ങേണ്ടതാണ്.

vii പ്രൈവററ് ഹോസ്പിററൽ, പാരലൽ കോളേജ് എന്നിവക്ക് ലൈസൻസ് ഫീ ഈടാക്കുക.

viii ഭൂമി കൈമാററത്തിൽ കൈമാററവില കണക്കാക്കുന്നതിൽ അണ്ടർ വാലേഷൻ ഒഴിവാക്കാൻ പ്രാദേശികമായി വില നിർണ്ണയിക്കാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകുക.

ix സാധ്യതയുള്ള സ്ഥലങ്ങളിൽ ചാമ്പ പൈപ്പുകൾ സ്ഥാപിച്ചുകൊടുത്ത് പൊതുടാപ്പുകളുടെ എണ്ണം കുറച്ച് ചിലവു ചുരുക്കാൻ കഴിയുന്നതാണ്.

x ബേസിക് ടാക്സ് പഞ്ചായത്തിനു് നേരിട്ട ലഭ്യമാക്കുക.

xi പുറമ്പോക്ക് ഭൂമികൾ അളന്നു തിട്ടപ്പെടുത്തി പഞ്ചായത്തിനെ ഏല്പിക്കുക. ഇതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.


xii IRDP, JRY, IAY, MWS, ട്രൈസം മുതലായ കേന്ദ്ര സഹായ പദ്ധതികളുടെ സഹായധനം പഞ്ചായത്ത്‌രാജ് സംവിധാനത്തിലൂടെ ലഭ്യമാക്കുക

xiii നികുതി സംവിധാനത്തെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

●●

# LOCATION MAP OF TALIKKULAM

## TALIKKULAM BLOCK, CHAVAKKAD TALUK, KERALA



## നാട്ടിക ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

*വികസന റിപ്പോർട്ട് തയ്യാറാക്കിയവർ*

**ടി.കെ.പ്രസാദ്** (കൺവീനർ)
**പി.കെ.സുഭാഷ് ചന്ദ്രൻ**
**സി.ശങ്കരനാരായണൻ**

മുഖ്യസംഘാടകർ
**സത്യഭാമ ജയപാലൻ**
**ശിവൻ മഞ്ചറമ്പത്ത്**
**ജോഷി ബ്ലാങ്ങാട്ട്**
**പി.രാംകുമാർ**
**യു.കെ.ഗോപാലൻ**
**കെ..ആർ.സുബ്രഹ്മണ്യൻ**


കവർ ഡിസൈൻ
**ഐറിസ്, തൃപ്രയാർ**
പ്രിന്റിംഗ്
**പ്രിന്റോടെക് ഓഫ്സെറ്റ്**
വാടാനപ്പള്ളി
ഫോൺ : 630095

# മുഖക്കുറിപ്പ്

കേരളത്തിന്റെ ഒൻപതാം പദ്ധതി ജനകീയമായ നടത്തിപ്പിലൂടെ മഹത്തരവും, ചരിത്രപരവുമാക്കാൻ ഇറങ്ങിത്തിരിച്ച കേരളത്തിന്റെ ഭരണാധികാരികൾ എക്കാലവും സ്മരിക്കപ്പെടുകതന്നെ ചെയ്യും. ഈ ദൗത്യത്തിൽ പങ്കാളികളായും പങ്കെടുപ്പിച്ചും നിലയുറപ്പിച്ച നാട്ടിക യിലെ ഗ്രാമവാസികൾക്കും അഭിമാനിക്കാം. ചരിത്രത്തിൽ അപൂർവ നിമിഷങ്ങളിലേ ഇത്തരം സംഭവങ്ങളുണ്ടാകൂ.. പിൻതള്ളപ്പെട്ടവരുടെ ശബ്ദം സംഗീതം പോലെ ആസ്വദിക്കാൻ കഴിയുന്ന സന്ദർഭം.. മനുഷ്യാധ്വാനത്തിന്റെ കൂട്ടായ്മയിലൂടെ പുതിയൊരു കേരളത്തിന്റെ സൃഷ്ടിക്കുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമത്തിലാണ് നാം. ഈ സന്ദർഭത്തിൽ തയ്യാറാക്കുന്ന ഗ്രാമപഞ്ചായത്തിന്റെ വികസനറിപ്പോർട്ട് ചരിത്ര വിദ്യാർഥികൾക്കും വികസന കുതുകികൾക്കും പ്രചോദനമാകുമെന്ന പ്രതീക്ഷയോടെ സമർപ്പിക്കുന്നു.

ടി.കെ. പ്രസാദ്
കൺവീനർ
വികസന റിപ്പോർട്ട് **രൂപീകരണ സമിതി**

## ഉള്ളടക്കം


അഭ്യർത്ഥന ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്


മുൻ പ്രസിഡണ്ടുമാർ നാട്ടികയിലെ ജനങ്ങളോട്

1. ആമുഖം
2. പൊതു വിവരങ്ങൾ
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭരണചരിത്രം
5. ഭൂപ്രകൃതി
6. ജനപ്രകൃതി
7. കൃഷിയും ജലസേചനവും
8. മൃഗസംരക്ഷണവും മത്സ്യബന്ധനവും
9. വ്യവസായം
10. വിദ്യാഭ്യാസം
11. പൊതുജനാരോഗ്യവും കുടിവെള്ളവും
12. ഗതാഗതം, ഊർജം, മാർക്കറ്റ്
13. പാർപ്പിടവും സാമൂഹ്യക്ഷേമവും
14. സംസ്കാരം
15. വനിത
16. സഹകരണം
17. പട്ടികജാതിക്ഷേമം
18. വിഭവസമാഹരണം
19. ഉപസംഹാരം

ധനകാര്യമേഖല

ഗ്രാമപഞ്ചായത്ത് ഭൂപടം

ബർതോൾഡ്ബ്രഹ്ത്തിന്റെ കവിത



## അഭ്യർത്ഥന

കഴിഞ്ഞ ചിങ്ങം ഒന്നാം തിയ്യതിയോടെ ആരംഭിച്ച ജന കീയാസൂത്രണ പ്രസ്ഥാനം, കേരളത്തിന്റെ ചരിത്രത്തിൽ മറ്റൊരദ്ധ്യായം കുറിക്കുകയാണ്. സമ്പൂർണ സാക്ഷരതായ ജ്ഞത്തിലൂടെ ലോകത്തിനു മാതൃക സൃഷ്ടിച്ച നമ്മുടെ കൊച്ചുകേരളം ഇതാ വീണ്ടും മാതൃകയാകുകയാണ്.

നമ്മുടെ പഞ്ചായത്തിനകത്തെ വിഭവങ്ങൾ കണ്ടെത്തി, ജനത യുടെ ആവശ്യത്തിനനുസരിച്ച് പദ്ധതികൾ തയ്യാറാക്കു ന്നതിന് ഇതിനകംതന്നെ തയ്യാറായി കഴിഞ്ഞവരാണ് നമ്മൾ. വിദഗ്ദ്ധരുടെ സാങ്കേതിക സഹായവും പ്രതിബദ്ധതയുള്ള സാമൂഹ്യ പ്രവർത്തകരുടെ മഹായത്നവും ഒത്തു ചേർന്നാലെ നമ്മുടെ ഒമ്പതാം പദ്ധതി യാഥാർത്ഥ്യമാകൂ. ഓരോരുത്തരുടേയും മനസ്സറിഞ്ഞ പ്രവർത്തനം ഗ്രാമപഞ്ചാ യത്തിന്റെ വികസനത്തിനുവേണ്ടി സമർപ്പിക്കുമെന്ന പ്രതീക്ഷ യോടെ


നിങ്ങളുടെ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്

സത്യഭാമ ജയപാലൻ


## മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ നാട്ടികയിലെ ജനങ്ങളോട്

നാട്ടിക ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂത്രണ പരിപാടികൾ വളരെ ഭംഗിയായി മുന്നേറുന്നുണ്ടെന്ന റിയുന്നതിൽ സന്തോഷം രേഖപ്പെടുത്തുന്നു. വികസന സെമിനാറിൽ ഫലപ്രദമായ ചർച്ചകൾ നടക്കട്ടെയെന്നും ഒമ്പതാം പദ്ധതി ഒരു വൻ വിജയമായി നാട്ടികയിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടക്കുമാറാകട്ടെ യെന്നും ആശംസിക്കുന്നു.

എന്ന്
(ഒപ്പ്)
**ഇ.എസ്. കുഞ്ഞിക്കളവൻ**
15.11.96



1964–65




1979–85

പുതിയ പഞ്ചായത്ത് തല സംവിധാനത്തിലൂടെ ജനകീ യാസൂത്രണപരിപാടികൾ നടപ്പിലാക്കാൻ തീരുമാനിച്ചി രിക്കുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. നാട്ടിക പഞ്ചായത്ത് ജനകീയാസൂത്രണത്തോടനുബന്ധിച്ചുള്ള എല്ലാ പരിപാടികളിലും പങ്കെടുത്ത് വിജയപ്രദമാക്കാൻ അഭ്യർത്ഥിക്കുന്നു.


ആശംസകളോടെ
(ഒപ്പ്)
**പി.ഐ.ബാലകൃഷ്ണൻ**
15-11-96

ദീർഘവീക്ഷണത്തോടുകൂടിയുള്ള ജനകീയാസൂ ത്രണ പ്രവർത്തനങ്ങൾ വഴി നമ്മുടെ ഗ്രാമപഞ്ചായ ത്തിന്റെ സർവതോന്മുഖമായ വികസനമായിരിക്കട്ടെ ലക്ഷ്യം. കഴിഞ്ഞകാലങ്ങളിൽനിന്നും വ്യത്യസ്തമായി കൂടുതൽ അധികാരങ്ങളോടുകൂടിയ ഗ്രാമപഞ്ചായത്തു കൾക്ക് ഇത്തരം പ്രവർത്തനങ്ങൾവഴി കൂടുതൽ കാര്യ ങ്ങൾ ചെയ്യാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

എന്ന്
(ഒപ്പ്)
**സി.കെ.നാരായണൻ**
13.11.96



~~1964–65~~ 1988–95



# ആമുഖം

കേരളം ഇന്ന് ഒട്ടേറെ സാമ്പത്തിക സാമൂഹിക പ്രശ്ന ങ്ങളെ നേരിട്ടുകൊണ്ടിരിക്കുന്നു. കാർഷികോത്പാദനം കുറയുന്നു. ഗ്രാമീണ വ്യവസായങ്ങൾ തകരുന്നു. തൊഴി ലില്ലായ്മ വർധിക്കുന്നു. ഭൂമിയുടെ തുണ്ടവൽക്കരണം, കൃഷിഭൂമിയിൽ പണിയെടുക്കുവാൻ ആളില്ലായ്ക, വന നശീകരണവും കൃഷിയിടങ്ങൾ നികത്തലും എന്നിവ യൊക്കെ കാരണം കൃഷി ഒട്ടും ലാഭകരമല്ലാത്ത ഒന്നാ യിരിക്കുന്നു. നിക്ഷേപത്തിന്റെ സിംഹഭാഗവും ഉൽപാ ദനക്ഷമമല്ലാത്ത ഭൂമിയിലും കെട്ടിടത്തിലുമായിരിക്കുന്നു. പൊതുജനാരോഗ്യസംവിധാനങ്ങളിൽ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെടുന്നു. സമ്പന്നർക്ക് മാത്രമുള്ള ഒരേർപ്പാടായിരിക്കുന്നു സ്വകാര്യ ആശുപത്രികൾ. അടി സ്ഥാന മൂല്യങ്ങളേയും ലക്ഷ്യങ്ങളേയും മറന്നുകൊ ണ്ടുള്ള ഒരു വിദ്യാഭ്യാസരീതി പിൻതുടരുന്നതിനാൽ അദ്ധ്വാനവിമുഖരായ കച്ചവട സംസ്കാരത്തിനടിമക ളായ ഒരു പുതിയ തലമുറ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ഗൾഫ് പണത്തിന്റെ പുറംമോടിയിലും ധൂർത്തിലും എല്ലാ പ്രശ്നങ്ങളും മൂടപ്പെട്ടുകിടക്കുന്നു.

ഇതുവരെ നാം നടത്തിയ വികസന പ്രവർത്തനങ്ങൾ മുകളിൽനിന്നും താഴോട്ടായിരുന്നു . ഉദ്യോഗസ്ഥ മേധാ വിത്തവും, അഴിമതിയും കേന്ദ്രീകൃത ആധികാരികരീതി കളും വികസന പ്രവർത്തനങ്ങളുടെ ഏറിയ പങ്കിനേയും നിഷ്ഫലമാക്കി. ജനങ്ങളുടെ ആവശ്യങ്ങളെ മനസ്സിലാ ക്കാതെ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിയ പ്പോൾ, യഥാർത്ഥത്തിൽ ഫലം നുകർന്നവർ ഒരു പിടി ഇടത്തട്ടുകാരായി മാറി.

സ്ഥായിയായ സാമ്പത്തിക വളർച്ചക്കും, അതിന്റെ നീതിപൂർവ്വമായ വിതരണത്തിനും ഉതകുന്ന രീതിയിൽ വികേന്ദ്രീകൃതവും ജനപങ്കാളിത്തം ഉറപ്പാക്കുന്നതുമായ ഒരു വികസന രീതിയുടെ പ്രസക്തി ഉയരുന്നത് ഇവിടെ യാണ്. ഉൽപാദന മേഖലകളിൽ വളർച്ചയുണ്ടാക്കാനും അതിന്റെ നീതിപൂർവ്വമായ വിതരണത്തിലൂടെ സാധാരണ ജനങ്ങളുടെ ജീവിതനിലവാരമുയർത്തുവാനും ലക്ഷ്യമി ട്ടുകൊണ്ട് കേരളത്തിന്റെ ൯-ാം പഞ്ചവത്സരപദ്ധതിയെ ജനകീയ പദ്ധതിയാക്കുവാനാണ് നാം ഉദ്ദേശിക്കുന്നത്. ഗ്രാമങ്ങളിലെ മനുഷ്യ വിഭവശേഷിയെ ക്രിയാത്മകമായി ഉപയോഗിക്കുന്നതിനായി അധികാരം താഴെതലങ്ങളി ലേക്ക് നൽകാനും, വികസന പ്രവർത്തനങ്ങൾ മുൻഗ ണനാക്രമത്തിൽ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു പുതിയ പ്രവർത്തനരീതി അവലംബി ക്കുവാനും കേരള ആസൂത്രണബോർഡ് നിശ്ചയിച്ചിരി ക്കുന്നു. ൯- ാം പദ്ധതിയിലെ മൊത്തം ബഡ്ജറ്റിന്റെ 35-40% വരെ ത്രിതലപഞ്ചായത്ത് സംവിധാനത്തിലൂടെ യുള്ള വികസന പ്രവർത്തനങ്ങൾക്ക് നീക്കി വെക്കുക വഴി അധികാരവികേന്ദ്രീകരണത്തിലധിഷ്ഠിതമായ ഒരു ജനകീയ പദ്ധതി നടപ്പിലാക്കുവാൻ പോവുകയാണ്.

ശക്തമായ പഞ്ചായത്ത് സംവിധാനം വർഷങ്ങളായി നിലവിലുള്ള സംസ്ഥാനമാണ് കേരളം. തുടർച്ചയായ അധികാരവികേന്ദ്രീകരണശ്രമങ്ങളും ഇവിടെ നടന്നി ട്ടുണ്ട്. 1991ൽ നടന്ന ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ്

കളും തുടർന്ന് ജില്ലാ അടിസ്ഥാനത്തിൽ തുടക്കമിട്ട വികസന പ്രവർത്തനങ്ങൾ അധികാര വികേന്ദ്രീകരണത്തിന് ഏറെ സഹായകമായിരുന്നു. അതിന് തൊട്ടുമുമ്പ് തുടങ്ങിവെച്ചതും ആദ്യഘട്ടം വിജയകരമായി പൂർത്തിയാക്കിയതുമായ സാക്ഷരതാ പ്രസ്ഥാനം ജനപങ്കാളിത്തത്തിന്റെ മഹത്വം വിളിച്ചറിയിക്കുന്ന ഒന്നായിരുന്നു. ജില്ലാ കൗൺസിലുകളുടെ നിർദ്ദേശത്തിലും നിയന്ത്രണത്തിലും നടന്ന വിഭവ ഭൂപട നിർമാണം ഗ്രാമ വികസന പ്രവർത്തനങ്ങൾക്കുള്ള ആദ്യപടിയായിരുന്നു. ഈ രണ്ട് പ്രവർത്തനങ്ങളിലും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയ ജനകീയ സംഘടനകളും കോളേജ് നാഷണൽ സർവ്വീസ് സ്കീം സന്നദ്ധ സംഘടനകളും പൊതുപ്രവർത്തകരും സജീവമായി പങ്കെടുത്തു. 1995ൽ പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് ഈ ദിശയിലുള്ള ശക്തമായ ഒരു കാൽവെപ്പാണ്. ഒമ്പതാം പദ്ധതിയെ ഒരു ജനകീയ പദ്ധതിയാക്കി മാറ്റാനുള്ള ഒരുക്കം വളരെ മുമ്പ് തന്നെ തുടങ്ങിവെച്ചിരുന്നു എന്നതാണ് വസ്തുത. 1996 ൽ നടന്ന ഭരണമാറ്റം ഒരു ധീരമായ പരീക്ഷണം എന്ന നിലയിൽ സർക്കാർ, പ്രതിപക്ഷം, രണ്ടിലും പെടാത്ത സാമൂഹ്യ സാംസ്കാരിക സംഘടനകൾ എല്ലാം ചേർന്നുള്ള ഒരു പ്രവർത്തന ശൈലിക്ക് തുടക്കം കുറിച്ചു.

ഒമ്പതാം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് വേണ്ടി വിപുലമായ മുന്നൊരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ജനപ്രതിനിധികളേയും റിസോഴ്സ് പേഴ്സണുകളേയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാന-ജില്ല-പഞ്ചായത്ത് തല പരിശീലനങ്ങളുടെ രണ്ടു ഘട്ടങ്ങൾ നടന്നുകഴിഞ്ഞു. ഗ്രാമങ്ങളിലെ വികസന പ്രശ്നങ്ങളെ തിരിച്ചറിയുന്നതിനും മുൻഗണനാക്രമത്തിൽ പദ്ധതി നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ള വിശേഷാൽ ഗ്രാമസഭകളും നടന്നുകഴിഞ്ഞു. ഒന്നാം ഘട്ടത്തിൽ ജില്ലാ തലത്തിൽ പഞ്ചായത്തിൽനിന്നും 14പേരും രണ്ടാംഘട്ടത്തിൽ 15 പേരും പങ്കെടുത്തു. പഞ്ചായത്ത്തല ശില്പശാലയിൽ ഒന്നാം ഘട്ടത്തിൽ 102പേരും രണ്ടാംഘട്ടത്തിൽ 85പേരും പങ്കെടുത്തു. ഗ്രാമസഭകളിലെ ശരാശരി പങ്കാളിത്തം 210 പേരാണ്. ഗൗരവമായി പരിഗണിക്കേണ്ടതും പ്രവർത്തന സാദ്ധ്യതയുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പല വിഷയങ്ങളിലായി ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതിയുടെ വിജയത്തിനും മുന്നൊരുക്കപ്രവർത്തനങ്ങൾക്കുമായി ഒരു അഞ്ചംഗ സബ്കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമസഭ ഗ്രൂപ്പ് ലീഡർമാരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ദ്വിതീയ വിവര സമാഹരണവും പഠന പര്യടനങ്ങളും ഏറെ വിജയകരമായിരുന്നു. 1996 ഒക്ടോബർ 22ന് നടത്തിയ ഏകദിന ദ്വിതീയ വിവര ശേഖരണത്തിൽ 65 പേർ പങ്കെടുത്തു. ഒക്ടോ.3ന് നടന്ന പഠനപര്യടന യാത്രയിൽ വനിതകളടക്കം 48 പേർ പങ്കെടുത്തു. ജനപങ്കാളിത്തവും ഉദ്യോഗസ്ഥ പിന്തുണയും ഉറപ്പാക്കിക്കൊണ്ട് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വളരെ തൃപ്തികരമാണ്.



# പൊതു വിവരങ്ങൾ

പഞ്ചായത്തിൻെറ പേർ - നാട്ടിക

ഉൾപ്പെടുന്ന റവന്യൂ വില്ലേജ് - നാട്ടിക വില്ലേജ്

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ -

1, 2, 3, 8, 9 വാർഡുകൾ തളിക്കുളം ബ്ലാക്കിൻെറ പുത്തൻതോട് ഡിവിഷനിലും 4, 5, 6, 7, 10 വാർഡുകൾ വലപ്പാട് ഡിവിഷനിലും ഉളപ്പെടുന്നു.

ബ്ലോക്ക് പഞ്ചായത്ത് - തളിക്കുളം
താലൂക്ക് - ചാവക്കാട്

ജില്ല - തൃശൂർ

അസംബ്ലി മണ്ഡലം - നാട്ടിക


വിസ്തീർണ്ണം - 9.608 സ്ക്വ. കി. മീറ്റർ
അതിരുകൾ -

വടക്ക് - പുത്തൻതോട്, കലാഞ്ഞിതോട്, തളിക്കുളം പഞ്ചായത്ത് ഭാഗങ്ങൾ
കിഴക്ക് - കനോലികനാൽ
തെക്ക് - അങ്ങാടിതോടും, കുഴിക്കൽ കടവ് റോഡും, വലപ്പാട് പഞ്ചായത്ത് ഭാഗങ്ങൾ
പടിഞ്ഞാറ് - അറബിക്കടൽ.

ജനസംഖ്യ - 19192 (1991 കാനേഷുമാരി)
വാർഡുകളുടെ എണ്ണം - 10
പ്രസിഡണ്ട് - ശ്രീമതി സത്യഭാമ ജയപാലൻ.
വൈസ് പ്രസിഡണ്ട് - ശ്രീ. യു.കെ.ഗോപാലൻ.
സ്റ്റാൻറിങ്ങ് കമ്മിറ്റി
ചെയർമാൻ - കെ.ആർ. സുബ്രഹ്മണ്യൻ

## പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങളും ജീവനക്കാരും

| നമ്പർ | സർക്കാർ ആഫീസുകൾ | ജീവനക്കാർ ആൺ | ജീവനക്കാർ പെൺ | നമ്പർ | ധനകാര്യ സ്ഥാപനങ്ങൾ | ജീവനക്കാർ ആൺ | ജീവനക്കാർ പെൺ |
|---|---|---|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് | 13 | 03 | 1 | നാട്ടിക സർവ്വീസ് സഹ. ബാങ്ക് | 03 | 03 |
| 2 | വില്ലേജ് | 04 | 01 | 2 | എസ്. ബി. ടി., തൃപ്രയാർ | 12 | 04 |
| 3 | കൃഷിഭവൻ | 05 | 02 | 3 | സൗത്ത് ഇന്ത്യൻ ബാങ്ക് | 06 | 0 |
| 4 | പ്രാഥമിക ആരോഗ്യ കേന്ദ്രം | 06 | 08 | 4 | കാത്തലിക് സിറിയൻ ബാങ്ക് | 05 | 05 |
| | | | | 5 | ജില്ലാ സഹകരണ ബാങ്ക് | 05 | 04 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 13 | 03 | 6 | നാട്ടിക ഫർക്കാ റൂറൽ ബാങ്ക് | 04 | 0 |
| 6 | സബ്. റജി. ആഫീസ് | 06 | 08 | | | | |
| 7 | പി. ഡബ്ലിയു. ഡി. | 09 | 02 | | | | |
| 8 | ടെലഫോൺ എക്സ്ചേഞ്ച് | 04 | 01 | | | | |
| 9 | മൃഗാശുപത്രി | 01 | 01 | | | | |
| 10 | KWA ഡിവിഷൻ ആഫീസ് | 29 | 09 | | | | |
| 11 | പോസ്റ്റ് ഓഫീസ് | 08 | 02 | | | | |



# സാമൂഹ്യ സാംസ്കാരിക ചരിത്രം

ബ്രിട്ടീഷ് ഇന്ത്യൻ മദിരാശി സംസ്ഥാനത്തിലെ മലബാർ ജില്ലയുടെ ഏറ്റവും തെക്കേ അറ്റത്തുള്ള ഗ്രാമങ്ങളിലൊന്നാണ്. നാട്ടിക. മണപ്പുറം എന്ന പേരിൽ ചരിത്രപ്രസിദ്ധമായ ഈ ഭൂപ്രദേശം നാട്ടിക നിയോജക മണ്ഡലത്തിന്റെ മധ്യഭാഗത്താണ്. കിഴക്ക് കാനോലി കനാലും. പടിഞ്ഞാറ് അറബിക്കടലും അതിരിടുന്ന ഈ ഗ്രാമത്തിന്റെ തിലകക്കുറിയായി അതിപുരാതനവും ചരിത്രപ്രസിദ്ധവുമായ ശ്രീരാമസ്വാമി ക്ഷേത്രം സ്ഥിതിചെയ്യുന്നു.

കോഴിക്കോട് സാമൂതിരിയുടെ നിയന്ത്രണത്തിൽ കൊടുങ്ങല്ലൂർ രാജവംശത്തിന്റെ ഒരു ശാഖയായിരുന്ന 'അയിരൂർ' എന്നും 'പാപ്പിനിവട്ടം' എന്നും അറിയപ്പെട്ടിരുന്നതുമായ ഭൂപ്രദേശത്തിൽ പെട്ടതായിരുന്നു നാട്ടിക.

1710 ൽ ഡച്ചുകാർ നാട്ടിക അടക്കമുള്ള ഈ പ്രദേശം സാമൂതിരിയിൽനിന്നു പിടിച്ചെടുത്തു. പഴഞ്ചേരി (ബ്ലാഹയിൽ) നായരായിരുന്നു ഈ പ്രദേശത്തെ പ്രധാന ജന്മി. 1789 ലെ ടിപ്പുവിന്റെ പടയോട്ടമാണ് എടുത്തു പറയത്തക്ക ഒരു ചരിത്രസംഭവം. അക്കാലത്ത് ടിപ്പു സഞ്ചരിച്ച വഴികളും. പീരങ്കിപ്പടയുടെ സഞ്ചാരത്തിനുവേണ്ടി തയ്യാറാക്കിയ വീഥികളും പിൽക്കാലത്ത് ടിപ്പുസുൽത്താൻ റോഡുകൾ എന്ന നാമത്താൽ അറിയപ്പെട്ടു. 1792 ലെ ശ്രീരംഗപട്ടണം ഉടമ്പടിയിലൂടെ ബ്രിട്ടീഷുകർക്കു ലഭിച്ച മലബാർ 1800 ൽ മദിരാശി പ്രവിശ്യയിൽ ലയിപ്പിക്കപ്പെട്ടു. 1850 കളുടെ ആദ്യത്തിൽ അന്നത്തെ മലബാർ ഡിസ്ട്രിക്ട് മജിസ്ട്രേറ്റായിരുന്ന ശ്രീ.എച്ച്.വി.കാനോലി ആഴവും വീതിയും കൂട്ടി ഗതാഗതയോഗ്യമാക്കിയതാണ് നാട്ടികയുടെ കിഴക്കു ഭാഗത്തുകൂടെ ഒഴുകുന്ന കാനോലി കനാൽ.

സാമൂഹികമായും. സാമ്പത്തികമായും പിന്നണിയിൽ കിടന്നിരുന്ന ഈ ഗ്രാമത്തിന്റെ ആദ്യകാല ചരിത്രം ആത്യന്തം ദയനീയമായിരുന്നു. ബ്രിട്ടീഷുകാരിൽനിന്ന് പതിച്ചെടുത്ത്, കൃഷിഭൂമികൾ ജന്മികൾ അവരുടെ കീഴിലാക്കി. ഈ പ്രദേശത്തെ വെളിമ്പറമ്പുകളും വയലുകളും മേൽപ്പാട്ടം ചാർത്തി നാട്ടുകാർക്കു കൊടുത്തു. പാട്ടക്കുടിയാൻമാർ പലതരക്കാരായിരുന്നു. വെറും പാട്ടക്കാർ. മുൻപാട്ടക്കാർ, പങ്കുപാട്ടക്കാർ, കാണക്കുടിയാന്മാർ, കുഴിക്കാണക്കുടിയന്മാർ എന്നിങ്ങനെ പലതരം.

1887 ൽ ആണ് കുടിയാൻ കുഴിക്കൂർ ആക്ട് നിലവിൽ വന്നത്. എന്നാൽ ഇത് കർഷകർക്ക് യാതൊരു വിധ ആശ്വാസവും നൽകിയില്ല. കുടി ഒഴിപ്പിക്കലും പാട്ടം പൊളിച്ചെഴുത്തും തുടർന്നും നടന്നുകൊണ്ടിരുന്നു. 1930ലെ മലബാർ കുടിയായ്മ നിയമവും ഫലവത്തായില്ല. 1957 ൽ നിലവിൽവന്ന കമ്യൂണിസ്റ്റ് സർക്കാർ കൊണ്ടുവന്ന കുടിഒഴിപ്പിക്കൽ നടപടി നിരോധന ആക്ടും. കുടിയാന്മാരുടെ ദേഹണ്ഡത്തിന് നഷ്ടപരിഹാരം നൽകാനുള്ള നിയമവുമാണ് കർഷകർക്കാശ്വാസമേകിയത്. 1971 ൽ നടപ്പാക്കിയ 4-ാം ഭൂപരിഷ്കരണ ഭേദഗതിനിയമമാണ് നാട്ടികയിലും ജന്മിത്തം അവസാനിക്കാൻ ഇടയാക്കി

യത്. ഈ നിയമം നടപ്പാക്കി കിട്ടുന്നതിനുവേണ്ടി ചെമ്മാപ്പിള്ളിയിൽ നടന്ന മിച്ചഭൂമി പിടിച്ചെടുക്കൽ സമരം എടുത്തു പറയേണ്ടതാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളിൽതന്നെ ദേശീയ രാഷ്ട്രീയത്തിന്റെ പുത്തൻ കാറ്റുകൾ നമ്മുടെ പ്രദേശത്തും വീശിത്തുടങ്ങി. നാട്ടികയിലെ ആദ്യകാല സ്വാതന്ത്ര്യ സമര പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിന്നിരുന്നത് ശ്രീ. T.V. രാമസ്വാമിഅയ്യരായിരുന്നു. പാലക്കാട് സ്വദേശി ആയിരുന്നെങ്കിലും തൃപ്രയാർ അമ്പലനടയിലുള്ള തെക്കേ മഠത്തിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. ദേശിയ രാഷ്ട്രീയരംഗം ചൂടുപിടിച്ചതോടെ ഒട്ടേറെ യുവാക്കൾ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലേക്ക് എടുത്തു ചാടി. ശ്രി. എം.സി.ഗോവിന്ദൻ, ശ്രീ.വി.വി.രാമൻ, ശ്രീ. തളിക്കുളങ്ങര പീതാംബരൻ, ശ്രീ. വി.ടി.സെയ്തുമുഹമ്മദ് തുടങ്ങിയവരായിരുന്നു അവരിൽ പ്രമുഖർ.

വിദേശ വസ്ത്ര ബഹിഷ്കരണം, മദ്യവർജ്ജനം, അയിത്തോച്ചാടനം, നികുതി നിഷേധം, നിസ്സഹകരണ പ്രസ്ഥാനം എന്നീ സമരമുറകളിൽ ഇന്നാട്ടുകാർ പങ്കാളികളായിട്ടുണ്ട്.

1928 ൽ മലബാർ ഡിസ്ട്രിക്ട് ബോഡിലേക്കു നടന്ന തെരഞ്ഞെടുപ്പ് രാഷ്ട്രീയ അടിസ്ഥാനത്തിലായിരുന്നില്ല. രാഷ്ട്രീയ അടിസ്ഥാനത്തിൽ നടന്ന ആദ്യ തെരഞ്ഞെടുപ്പു ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് 1936ൽ നടന്ന തെരഞ്ഞെടുപ്പായിരുന്നു. ഈ തെരഞ്ഞെടുപ്പിൽ മദ്രാസ് നിയമസഭയിലേക്ക് മലബാർ ജില്ലയുടെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടത് കോൺഗ്രസ്സ് സ്ഥാനാർത്ഥി ആയിരുന്ന ശ്രീ. കോങ്ങാട്ടിൽ രാമൻ മേനോനായിരുന്നു. നാട്ടികക്കാരനായ ഇദ്ദേഹം മദ്രാസ് സംസ്ഥാനത്തിലെ നിയമ-ജയിൽ കാര്യ മന്ത്രിയാവുകയും ചെയ്തു.

1936 ൽ തിരവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായെങ്കിലും, തൃപ്രയാർ ക്ഷേത്രത്തിലേക്ക് അവർണർക്ക് പ്രവേശനം ലഭിച്ചത് വീണ്ടും ഒരു ദശകം കൂടി കഴിഞ്ഞിട്ടായിരുന്നു. ക്ഷേത്ര പ്രവേശന നിഷേധത്തിനും, അയിത്താചാരങ്ങൾക്കെതിരായും സവർണമേധാവികളെ പരിഹസിക്കുന്നതിന് വേണ്ടി അരങ്ങേറിയതാണ് രസകരമായ "കുറുക്കൻകുളം സംഭവം" തൃപ്രയാർ തേവരുടെ ആറാട്ടിനിടയിൽ, സവർണ പ്രമാണിമാരെ പേരെടുത്തുവിളിച്ച് "കുറുക്കാ കുറുക്കാ" എന്ന് വിളിച്ച് ഒാലിയിട്ട് ആക്ഷേപിച്ചതാണ് ഇതിനാധാരമായ കഥയായി അറിയപ്പെടുന്നത്. ഏതാനും അവർണരായ യുവാക്കളാണ് ഇതിന് നേതൃത്വം നൽകിയത്.

നാട്ടികയുടെ പടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്ന മുസ്ലിം ആരാധനാലയത്തിന് സമീപമുള്ള റോഡിൽകൂടി സഞ്ചരിച്ചിരുന്ന വിവാഹപാർട്ടിയിലെ സ്ത്രീകൾ മാറ് മറച്ചിരുന്നതിനെതിരെ, സവർണ പ്രമാണിമാരുടേയും, ഗുണ്ടകളുടേയും നിഷ്ഠൂരമായ മർദ്ദനമാണ് ഹരിജനമർദ്ദനത്തിലെ എടുത്തു പറയേണ്ട സംഭവം.

ഇതിനെതുടർന്നാണ് മണപ്പുറം ഹരിജൻ സംഘം രൂപികൃതമായത്

1930കളുടെ അവസാനത്തോടെയാണ് കമ്യൂണിസ്റ്റ് സ്വാധീനം നാട്ടികയിൽ അനുഭവപ്പെട്ടുതുടങ്ങിയത്. വടക്കേ മലബാറിലെ കർഷക സംഘങ്ങൾ ജന്മിമാർക്കെതിരെ നയിച്ച വീരസമരങ്ങളും, പോലീസ് മർദ്ദനത്തിനു വിധേയമായി രക്തസാക്ഷിത്വം വരിച്ചവരുടെ ചരിത്രങ്ങളും ജനങ്ങൾക്കിടയിൽ പ്രചരിക്കുവാൻ തുടങ്ങി. അങ്ങിനെ കമ്മ്യൂണിസ്റ്റാശയങ്ങളിലേക്ക് ആളുകൾ ആകർഷിക്കപ്പെട്ടു.

തൃപ്രയാർ എ.യു.പി.സ്കൂളാണ് നാട്ടികയിലെ സ്കൂൾ ചരിത്രത്തിൽ ആദ്യത്തേത്. ചർച്ച് മിഷൻ സൊസൈറ്റി (CMS) 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സ്ഥാപിച്ചതാണ് ഈ സ്കൂൾ. 1901-ഓടെ സ്കൂളിന്റെ നടത്തിപ്പ് സ്ഥലത്തെ സാമൂഹ്യ പ്രമുഖരെ ഏൽപ്പിച്ചു. മന്ത്രിയായിരുന്ന കോങ്ങാട്ടിൽ രാമൻമേനോന്റെ അമ്മാവൻ ശ്രീരാമൻ മേനോൻ, മനയിൽ ചെറിയ പുരക്കൽ കുഞ്ഞമ്മായൻ ബ്ലാഹയിൽ കണ്ടുണ്ണിനായർ എന്നിവരടങ്ങിയ ഒരു കമ്മറ്റിയാണ് പ്രസ്തുത സ്കൂൾ ഏറ്റെടുത്തത്.

1929 ൽ സ്ഥാപിച്ച നാട്ടിക-തൃപ്രയാർ സഹോദരപരിപാലനയോഗമാണ് പ്രദേശത്തെ ആദ്യത്തെ സാമൂഹിക പ്രസ്ഥാനം. 1918ൽ സ്ഥാപിതമായ ഐക്യനാണയ സംഘമാണ് നാട്ടികയിൽ സഹകരണപ്രസ്ഥാനത്തിന് ആരംഭം കുറിച്ചത്. പിന്നീടുണ്ടായ 3 ഐക്യനാണയസംഘങ്ങൾ ചേർന്നാണ് -1969ൽ നാട്ടിക സർവ്വീസ് സഹാസംഘം രൂപീകരിച്ചത്, ആദ്യത്തെ ഐക്യനാണയസംഘം നാട്ടിക 'മൾട്ടിപർപസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ ഇന്നും പ്രവർത്തിക്കുന്നുണ്ട്.

തൃപ്രയാറിൽ പ്രവർത്തിച്ചരുന്നു നെയ്തുപരിശീലന കേന്ദ്രവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന സോപ്പു നിർമാണയൂണിറ്റ്, കൈത്തൊഴിലുകളായ, ചകിരി, ബീഡി, പായനെയ്ത്ത്, മത്സ്യബന്ധനവും, സംസ്കരണവും എന്നീ മേഖലകളിലാണ് ഭൂരിപക്ഷംപേരും തൊഴിലെടു

ത്തിരുന്നത്.

1963 ൽ സ്ഥാപിതമായ ട്രിച്ചൂർ കോട്ടൺ മിൽ പ്രവർത്തനമാരംഭിച്ചതോടെ സംഘടിത വ്യവസായ ഭൂപടത്തിലേക്ക് നാട്ടികയും ഉൾപ്പെട്ടു.


ആതുര ശുശ്രൂഷാരംഗത്ത് നാട്ടികയുടെ അവസ്ഥ തികച്ചും ദയനീയമായിരുന്നു. 1929 ൽ വലപ്പാട് ആരംഭിച്ച ഡിസ്പൻസറി ആയിരുന്നു നാട്ടിക ഗ്രാമവാസികളുടെ അലോപ്പതിരംഗത്തെ ഏക ആശ്രയം. നാട്ടുവൈദ്യൻമാരുടെ പാരമ്പര്യ ആയുർവേദ ചികിത്സയെയായിരുന്നു ഭൂരിപക്ഷംപേരും അവലംബിച്ചിരുന്നത്. 1940-41 കാലഘട്ടത്തിൽ ഉണ്ടായ വെള്ളപ്പൊക്കവും കൊടുംകാറ്റും ഈ പ്രദേശത്തെ യഥാർത്ഥത്തിൽ പിടിച്ചുലക്കുകതന്നെചെയ്തു. ഇതനെതുടർന്ന പടർന്നു പിടിച്ച കോളറയും വസൂരിയും അനേകം പേരുടെ ജീവൻ അപഹരിച്ചു. ഈ പകർച്ചവ്യാധിക്കെതിരെ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ സന്നദ്ധ സാമൂഹ്യ പ്രവർത്തകർ നടത്തിയ ആശ്വാസപ്രവർത്തനം എടുത്തുപറയേണ്ടതാണ്. തൃപ്രയാർ കേന്ദ്രീകരിച്ച് രൂപീകൃതമായ സൈക്ലോൺ റിലീഫ് കമ്മറ്റിയുടെ പ്രവർത്തനം ശ്ലാഘനീയവും മാതൃകാപരവുമായിരുന്നു. 1945ൽ നാട്ടിക ബീച്ചിലെ കസ്തൂർബാ ട്രസ്റ്റിന്റെ കീഴിൽ ഒരു മാതൃശുശ്രൂഷാ കേന്ദ്രം പ്രവർത്തിച്ചിരുന്നതും സ്മരണീയമണ്. 1970ൽ സംസ്ഥാനത്ത് 10 ഡിസ്പൻസറികൾ അനുവദിക്കുകയും അതിൽഒന്ന് നാട്ടികയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. നാട്ടിക മണപ്പുറത്തെ ആദ്യത്തെ അലോപ്പതി ഡോക്ടറായിരുന്ന ശ്രീ. വി.നാരായണമേനോനാണ് 1966ൽ നമ്മുടെ പഞ്ചായത്ത പ്രസിഡണ്ടായത്. അദ്ദേഹത്തിന്റെ ആതുരസേവനരംഗത്തെ പ്രവർത്തനങ്ങൾ മാതൃകാപരവും എന്നും സ്മരിക്കപ്പെടേണ്ടതുമാണ്.

1964 ൽ പണിപൂർത്തിയാക്കിയ തൃപ്രയാർ പാലം, നാട്ടികയുടെ സിരാകേന്ദ്രമായി തൃപ്രയാറിനെ വളർത്താൻ സഹായിച്ചു. 1980കളിൽ നിലവിൽവന്ന ചേറ്റുവാ-കോട്ടപ്പുറം പാലങ്ങൾ തൃപ്രയാറിന്റെ മുഖച്ഛായതന്നെ മാറ്റി. 1970കളിൽ ആരംഭിച്ച ഗൾഫ് പണത്തിന്റെ സ്വാധീനം ഈ ഗ്രാമത്തിന്റെ സാമ്പത്തികനിലയെ സമ്പുഷ്ടമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ശ്രീരാമ പോളിടെക്നിക്കും, നാട്ടിക ശ്രീനാരായണ കോളേജും ഈ നാടിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു.

സാമൂഹിക സാംസ്കാരിക കായികരംഗത്ത് പണ്ടുമുതലേ അറിയപ്പെടുന്ന പ്രദേശമാണിത്. നാട്ടിക മൂന്നു പീടികയും, ഗോഖലെ മൈതാനവും കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഗ്രാമീണ വായനശാലകൾ സാംസ്കാരിക രംഗത്തെ പ്രധാന സ്രോതസ്സുകളായിരുന്നു. നാട്ടികയുടെ ആദ്യത്തെ പഞ്ചായത്തു പ്രസിഡണ്ടായിരുന്ന ശ്രീ. ഇ.എസ്.കുഞ്ഞിക്കളവൻ മാസ്റ്റർ കേരളത്തിന്റെ എണ്ണപ്പെട്ട വോളീബോൾ താരങ്ങളിലൊരാളായിരുന്നു.

സമ്പന്നമായിരുന്ന ഒരു സാംസ്കാരിക പൈതൃകത്തിന്ന് ഉടമകളാണെന്നതിൽ നമുക്കഭിമാനിക്കാം. വളർച്ചയുടെ പടവുകൾ ഏറെത്താണ്ടി. ആധുനികതയുടെ മുഖംമൂടികളണിഞ്ഞിരിക്കുന്ന നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് തനതായ ജീവിതരീതികളും കൂട്ടായ്മയുമാണ്. കൈകോർത്തുപിടിച്ച് ഒന്നിച്ചടരാടി നേടിയെടുത്തവ നഷ്ടപ്പെടുവാൻ അവുവദിച്ചുകൂടാ. പഴമയുടെ പാഠങ്ങൾ ഉൾക്കൊണ്ട് ഒരു പുതിയ യുഗപ്പിറവിയിലേക്ക് നമുക്കൊന്നിച്ചു മുന്നേറാം.






# ഭരണചരിത്രം

1963 ഡിസംബർ മാസത്തിൽ പഞ്ചായത്തിലേക്ക് നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ അന്നുണ്ടായിരുന്ന വാർഡുകളിൽനിന്നും ഹരിജൻ സംവരണമടക്കം താഴെപറയുന്നവർ വിജയികളായി ആദ്യ പഞ്ചായത്ത് ഭരണ സമിതി രൂപീകരിച്ചു.

ശ്രീ. ഇ.എസ്. കുഞ്ഞിക്കളവൻ
ഡോ. വി. നാരായണമേനോൻ
ശ്രീ. സി.കെ. നാരായണൻ
ശ്രീ. പി.ആർ. കറപ്പൻ
ശ്രീ. എ.കെ. സുബ്രഹ്മണ്യൻ
ശ്രീ. സി.യു. കൃഷ്ണൻകുട്ടി
ശ്രീ. കെ.കെ. കുഞ്ഞയ്യപ്പൻ

ഭരണ സമിതിയുടെ ആദ്യയോഗത്തിൽ ശ്രീ. ഇ.എസ്. കുഞ്ഞിക്കളവനെ പ്രസിഡണ്ടായും ശ്രീ. കെ.കെ. കുഞ്ഞയ്യപ്പനെ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുത്തു. ഒരു വോട്ട് അസാധുവാകുകയും രണ്ടു സ്ഥാനാർത്ഥികൾക്കും തുല്യ വോട്ട് കിട്ടുകയും ചെയ്തതിനാൽ നറുക്കെടുപ്പിലൂടെയാണ് നാട്ടികയിലെ ആദ്യ പ്രസഡണ്ടിനെ തെരഞ്ഞെടുത്തത്. ശ്രീമതി പി.കെ. കുഞ്ഞിക്കാവ് പിഷാരസ്യരെ വനിതാ മെമ്പറായി പിന്നീട് നോമിനേറ്റ് ചെയതു. 1965 മെയ് മാസത്തിൽ ശ്രീ. ഇ.എസ്. കുഞ്ഞിക്കളവൻ തൊഴിൽപരമായ കാരണങ്ങളാൽ പ്രസിഡൻറ് സ്ഥാനവും പഞ്ചായത്ത് മെമ്പർ സ്ഥാനവും രാജിവെച്ചു. പുതിയ പ്രസിഡണ്ടായി ഡോ. വി. നാരായണമേനോൻ തെരഞ്ഞെടുക്കപ്പെടുകയും ഉപതെരഞ്ഞെടുപ്പിൽ ശ്രീ എ.കെ ചക്രപാണി വിജയിച്ച് പഞ്ചായത്ത് മെമ്പറാകുകയും ചെയതു. 1978 ജുലായിൽ പ്രസിഡണ്ട് ശ്രീ. വി. നാരായണ മേനോൻ അന്തരിച്ചു; സെപ്തംബറിൽ പുതിയ പ്രസിഡണ്ടായി ശ്രീ സി.കെ. നാരായണൻ വരുകയുംചെയ്തു.

1979-ൽ നടന്ന രാണ്ടാമത് തെരഞ്ഞെടുപ്പിൽ വാർഡുകളുടെ എണ്ണം 9 ആയി വർധിച്ചു. രണ്ടാമത്തെ ഭരണസമിതിയിൽ ശ്രീ. പി.ഐ. ബാലകൃഷ്ണൻ പ്രസിഡൻറും ശ്രീ. കെ.ആർ. രാമകൃഷ്ണൻ വൈസ് പ്രസിഡൻറായും തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ പ്രകാശൻ ഇയ്യാനി, ശ്രീ വല്ലത്ത് ഗോപാലകൃഷ്ണമേനോൻ, ശ്രീ. പി. രാംകുമാർ മാസ്റ്റർ, ശ്രീമതി പുഷ്പാർജനി ടീച്ചർ, ശ്രീ കെ.വി. പീതാംബരൻ, ശ്രീ. കെ.എസ്. പരീത് ശ്രീ. സി.ആർ. ശങ്കരൻ എന്നിവരായിരുന്നു മെമ്പർമാർ.

1988 ൽ പഞ്ചായത്തിലേക്ക് നടന്ന മൂന്നാമത് തെരഞ്ഞെടുപ്പിലൂടെ ശ്രീ. സി.കെ. നാരായണൻ പ്രസിഡണ്ടായും, ശ്രീ. ഇ.എൻ.ആർ. കൃഷ്ണൻ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ടി.കെ. വേണുഗോപാലൻ, ശ്രീ. സക്കീർ ഹുസൈൻ, ശ്രീ. സി.കെ.ജി. വൈദ്യർ, ശ്രീമതി ബേബി സദാനന്ദൻ, ശ്രീ. പി.കെ. മൃത്യുഞ്ജയൻ, ശ്രീ. പി.എച്. അബ്ദുൾ റഹിമാൻ, ശ്രീമതി രജനാഭായി സദാനന്ദൻ എന്നിവരായിരുന്നു മെമ്പർമാർ.

1995 സെപ്തംബറിൽ നടന്ന നാലാമത് തെരഞ്ഞെടുപ്പിനു മുമ്പായി വാർഡുകളുടെ എണ്ണം 10 ആയി വർദ്ധിച്ചതല്ലാതെ പഞ്ചായത്തിൻെറ അതിരുകൾ പുനർനിർണ്ണയിക്കുകയോ, വിസ്തീർണ്ണത്തിൽ മാറ്റം വരുത്തുകയോ ചെയ്തിട്ടില്ല.

## പുതിയ ഭരണസമിതി അംഗങ്ങൾ

| വാർഡ് നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീമതി സത്യഭാമ ജയപാലൻ | പ്രസിഡണ്ട് |
| 2 | ശ്രീ. വി.ആർ. വിജയൻ | മെമ്പർ |
| 3 | ശ്രീ. പി.കെ. സുഭാഷ് ചന്ദ്രൻ | " |
| 4 | ശ്രീമതി വി.പി. ഷൈന | " |
| 5 | ശ്രീ. സി.കെ.ജി. വൈദ്യർ | " |
| 6 | ശ്രീ. കെ. ആർ. സുബ്രഹ്മണ്യൻ | സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ |
| 7 | ശ്രീമതി പ്രസന്ന മനോഹരൻ | മെമ്പർ |
| 8 | ശ്രീ. യു.കെ. ഗോപാലൻ | വൈസ് പ്രസിഡണ്ട് |
| 9 | ശ്രി. സി. ജയൻ | മെമ്പർ |
| 10. | ശ്രീമതി ലീല കൃഷ്ണൻകുട്ടി | " |
| | കെ.കെ. സച്ചിദാനന്ദൻ | സെക്രട്ടറി |

**വിത്തില്ലേ വളമില്ലേ...**
**വിതച്ചു കൊയ്യാനാളില്ലേ...**
**എന്നിട്ടെന്തേ നമ്മൾക്കിന്നും**
**വെച്ചുവിളമ്പാനരിയില്ല**

# 5

# ഭൂപ്രകൃതി

കിഴക്കുഭാഗം തെക്കുവടക്ക് നീളം കൂടിയും പടിഞ്ഞാറുഭാഗം തെക്കുവടക്ക് നീളം കുറഞ്ഞും കിടക്കുന്ന കുന്നും ചരിവുകളും താഴ്വരകളുമില്ലാത്ത പരന്നുകിടക്കുന്ന ഒരു മണൽ പ്രദേശമാണ് ഈ പഞ്ചായത്ത്.


കനോലി കനാലിനോട് ചേർന്ന് കിടക്കുന്ന 0.3 ച.കി മീറ്റർ മാത്രം വരുന്ന കളിമൺ പ്രദേശവും അതിനോട് ചേർന്ന് കിഴക്കേ ടിപ്പുസുൽത്താൻ റോഡുവരെയുള്ള ഏകദേശം 2. ച.കി. മീറ്റർ വരുന്ന പൊടിമണലും കലർന്ന മൺപ്രദേശമൊഴിച്ചാൽ ബാക്കിവരുന്ന പ്രദേശം മുഴുവൻ പൂർണമായും മണൽ മാത്രമുള്ളതും നീർവാർച്ച കൂടിയതുമായ തീരപ്രദേശമാണ്.

മുഖ്യമായും നടത്തുന്ന തെങ്ങുകൃഷിയും ഇടവിളയായി നടത്തുന്ന കവുങ്ങ് കൃഷിയുമാണ് ഇവിടുത്തെ കൃഷിമേഖല. ബോധപൂർവ്വം നികത്തികൊണ്ടിരിക്കുന്ന നാടൻ പാടശേഖരങ്ങളിലെ അശാസ്ത്രീയമായ തെങ്ങുകൃഷിയും, ഭവന നിർമ്മാണവും നീർക്കെട്ട് സൃഷ്ടിച്ചിരിക്കുകയാണ്. പാടം നികത്തി തെങ്ങുകൃഷി നടത്തിയ പ്രദേശങ്ങളിലെ ഉത്പാദന ക്ഷമത 20–25 തേങ്ങ മാത്രമാണ്. വേണ്ടത്ര മണ്ണ് ഇല്ലാത്തതും നീരൊഴുക്കുതോടുകൾ നികത്തപ്പെട്ടതുമാണ് ഇതിനുകാരണം. കടലിനോടും, പുഴയോടും ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ തോടും ചിറകളും ധാരാളമായി കണ്ടുവരുന്നു. ഇവിടുത്തെ തെങ്ങുകൃഷിക്ക് കൃത്രിമജല സേചനം പലപ്പോഴും ആവശ്യമായി വരാറില്ല.

മാവ്, പ്ലാവ്, അയനി, കുടംപുളി, മുരിങ്ങ, ആര്യവേപ്പ്, ആൽമരം തുടങ്ങിയ നാട്ടുമരങ്ങളും, ജൈവവേലിയായി ഉപയോഗിക്കുന്ന കരിങ്ങോട്ട, ശീമക്കൊന്ന, കൈത, നീരൊലി എന്നിവയും സസ്യാവരണങ്ങളിൽ പ്രധാനപ്പെട്ടതാണ്.

## പഠനപര്യടനയാത്ര

| 1. ഭൂപ്രകൃതി | തീരസമതലം | ചെറിയ ചരിവ് | ചെറിയ ഉയർച്ച | ചെറിയ താഴ്ച | സമതലം | ചെറിയ താഴ്ച | ചെറിയ ചരിവ് | താഴ്ച | ചെറിയ ഉയർച്ച | ചെറിയ താഴ്ച | ചെറിയ ഉയർച്ച | താഴ്ച | ചെറിയ ഉയർച്ച | താഴ്ച | ചെറിയ ഉയർച്ച | താഴ്ച | ഉയർച്ച |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2. മൺതരം | മണൽ | മണൽ | മണൽ | മണൽ | മണൽ | മണൽ | മണൽ | ചളി+ മണൽ | ചളി കലർന്ന മണൽ | ച+മണൽ | ച+മണൽ | ച+മണൽ | ചളിചേർന്ന മണൽ | കളിമണ്ണ് | ചളി+പൂഴി | കളിമണ്ണ് | ചളി+പൂഴി |
| 3. സസ്യാവരണം | തെങ്ങ് | തെങ്ങ് | തെങ്ങ് ഫലവൃക്ഷങ്ങൾ | തെങ്ങ് | തെങ്ങ് കവുങ്ങ് കശുമാവ് കുടംപുളി ഫല വൃക്ഷങ്ങൾ | തെങ്ങ് | തെങ്ങ് | | തെങ്ങ്-കവുങ്ങ് നാട്ടുമരങ്ങൾ | തെങ്ങ് | തെങ്ങ് ഫലവൃങ്ങൾ | തെങ്ങ് | തെങ്ങ് കശുമാവ് | തെങ്ങ് | തെങ്ങ് ഫലവൃക്ഷങ്ങൾ | തെങ്ങ് | തെങ്ങ് |
| 4. പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | വെള്ളക്കെട്ട് | - | വെള്ള ക്കെട്ട് | - | വെള്ള ക്കെട്ട് | - | വെള്ള ക്കെട്ട് | മണ്ണൊലിപ്പ് | വെള്ള ക്കെട്ട് | മണ്ണൊലിപ്പ് | വെള്ള ക്കെട്ട് | |



# ജനപ്രകൃതി

1991ലെ കാനേഷുമാരി കണക്കുപ്രകാരം നാട്ടിക പഞ്ചായത്തിലെ ആകെ ജനസംഖ്യ19192 ആണ്. ഇതിൽ 9072 പുരുഷൻമാരും 10120 സ്ത്രീകളുമാണ് ഉള്ളത്. ജനസംഖ്യയുടെ 52.74% സ്ത്രീകളാണ്. സ്ത്രീ സാക്ഷരത 78%ഉം പുരുഷസാക്ഷരത 82.95%ഉം ആണ്. പഞ്ചായത്തിലെ ശരാശരി ജനസാന്ദ്രത ച.കി.മീറ്ററിന് 2000പേരാണ്.

അംഗൻ വാടികളിൽനിന്നും PHCയിലെ ആരോഗ്യ സന്ദർശകരിൽനിന്നും ലഭിച്ച കണക്കുപ്രകാരം 5 വയസ്സിൽ താഴെപ്രായമുള്ള 1390 കുട്ടികളാണുള്ളത്. ആകെ വരുന്ന 3894 പട്ടികജാതി ജനസംഖ്യയിൽ 1979 സ്ത്രീകളാണ്. പട്ടികജാതിക്കാരിൽ അധികംപേരും കൂലിപ്പണിക്കാരും കർഷകത്തൊഴിലാളികളുമാണ്.

അഭ്യസ്ഥവിദ്യരായവരുടെ തൊഴിലില്ലായ്മയാണ് ഏറ്റവും രൂക്ഷമായ പ്രശ്നം. യുവാക്കളിൽ അധികവും അലസരും, സാമൂഹ്യ പ്രതിബദ്ധത കുറഞ്ഞവരുമാണ്. വിദഗ്ദ്ധരും, അവിദഗ്ദ്ധരുമായ യുവാക്കൾക്ക് ഗൾഫ് കുടിയേറ്റത്തിനാണ് ഇപ്പോഴും താല്പര്യം. അമിത പലിശക്ക് പണം നൽകുന്ന ബ്ലേയ്ഡ് കമ്പനികളിലേക്ക് ആകർഷിക്കുന്നവരുടെ എണ്ണവും കുറവല്ല.

സാക്ഷരതാ പ്രവർത്തനത്തിന്റെ ഒന്നാംഘട്ടം അവസാനിക്കുമ്പോൾ പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 84% ആണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നാട്ടിക വളരെ മുന്നിലാണ്. ബിരുദധാരികളുടെയും, സാങ്കേതിക വൈദഗ്ധ്യം ലഭിച്ചവരുടേയും എണ്ണം ലഭ്യമല്ലെങ്കിലും, നാട്ടിക ശ്രീനാരായണ കോളേജ്, അഥീന, വ്യാസ തുടങ്ങിയ പാരലൽ കോളേജുകൾ, ശ്രീരാമ പോളിടെക്നിക്ക്, അനവധി സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും പരിശീലനം നേടിയവർ ഈ പ്രദേശത്ത് ധാരാളമുണ്ട്.


ജാതീയമായ ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്നില്ലെങ്കിലും, കൂലിപ്പണിക്കും,. കാർഷികരംഗത്തെ തൊഴിലാളികൾക്കും സമൂഹത്തിൽ വേണ്ടത്ര മാന്യത ലഭിക്കുന്നില്ല. എന്നാൽ ജാതി അടിസ്ഥാനത്തിലുള്ള മരണാനന്തര സഹായ സമിതികൾ രൂപീകരിക്കുന്നതും, ഉത്സവങ്ങൾക്കും, ആചാരങ്ങൾക്കും മതേതര സ്വഭാവം ഇല്ലാതാകുന്നതും ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളാണ്.

തൊഴിലില്ലായ്മ രൂക്ഷമാണെന്നു പറയുമ്പോഴും കായികാധ്വാനം വേണ്ടിവരുന്ന പലമേഖലകളും തമിഴു നാട്ടുകാർ കൈയടക്കി കൊണ്ടിരിക്കയാണ്.

| ആകെ ജനസംഖ്യ | പു. | സ്ത്രീ | സാക്ഷരർ | | പട്ടികജാതി | | 6 ന് താഴെ | |
|---|---|---|---|---|---|---|---|---|
| | | | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ |
| 19192 | 9072 | 10129 | 7526 | 7898 | 1915 | 1979 | 1138 | 1118 |

വിറകുവെട്ടൽ, മരംമുറിക്കൽ, ടെലഫോൺ കേബിളിനും ശുദ്ധജലവിതരണത്തിനുമുള്ള പൈപ്പിടുന്ന ജോലിയിലും ഇത്തരക്കാരുടെ സാന്നിദ്ധ്യം പ്രകടമാണ്. കായിക അധ്വാനത്തിന് മഹത്വവും, അംഗീകാരവും കൽപ്പിക്കുന്ന ഒരു സമൂഹത്തിനുമാത്രമെ ഇന്നത്തെ ഈ തൊഴിലില്ലായ്മയേയും, മുരടിപ്പിനേയും മുറിച്ചുകടക്കാൻ കഴിയൂ.

7



# കൃഷി ജലസേചനം

പഞ്ചായത്തിലെ കൃഷി സ്ഥലങ്ങളിൽ പകുതിയിലേറെ നെൽപാടങ്ങളായിരുന്നു. ഏകദേശം 25 വർഷങ്ങൾക്കു മുൻപുവരെ സജീവമായിരുന്ന നെൽകൃഷി എൺപതുകൾ ആയപ്പോഴേക്കും ഏറെക്കുറെ ഇല്ലാതാവുകയും, തൊണ്ണൂറുകൾ ആയപ്പോഴെക്കും പൂർണമായും നിലക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ ഒറ്റ വിള മാത്രം നടത്തിയിരുന്ന നെൽ പാടങ്ങളിൽ എള്ള്, കപ്പലണ്ടി, പച്ചക്കറികൾ തുടങ്ങിയവ ഇടക്കാല വിളകളായി നടത്തിയിരുന്നു.

നെൽകൃഷി ഏറിയ ഭാഗവും പാട്ടവ്യവസ്ഥയിലും, പങ്കുവ്യവസ്ഥയിലുമായിരുന്നു. പൂർണ്ണമായും കാലാവസ്ഥയെ ആശ്രയിച്ച് കൃഷി ചെയ്തിരുന്ന കാലങ്ങളിൽ കൂട്ടിവിള/കൂട്ടിവിത എന്നറിയപ്പെട്ടിരുന്ന രീതി നിലവിലുണ്ടായിരുന്നു. കളപാണ്ടിയും, വട്ടനും ആയിരുന്നു ഇത്തരത്തിൽ കൂട്ടിവിതച്ചിരുന്ന വിത്തിനങ്ങൾ. ദീർഘ ഹ്രസ്വകാല വിത്തിനങ്ങൾ ഇത്തരത്തിൽ വിതയ്ക്കുന്നത് ഇരട്ട വിളക്ക് തുല്യമായിരുന്നു. കാലാവസ്ഥ വ്യതിയാനങ്ങളേയും കൃമികീടങ്ങളേയും അതിജീവിക്കാൻ കഴിവുള്ള ചിറ്റേനി, പാൽ, ചമ്പാൻ, വൻകൊടിയൻ, കൊടിയൻ എന്നിവയായിരുന്നു മറ്റിനങ്ങൾ. പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ തെങ്ങും ഇടപ്രദേശത്ത് നെല്ലും ആയിരുന്നു പ്രധാനകൃഷി. 15 മേനിയോളം വിളവ് കിട്ടിയിരുന്ന നെൽകൃഷി, പാട്ടം കൊടുത്തു കഴിഞ്ഞാൽ അധ്വാനം മിച്ചം എന്ന രീതിയിലായിരുന്നു. നാളികേരം 100 എണ്ണത്തിന് 5 രൂപയിൽ താഴെയാണ് വില കിട്ടിയിരുന്നത്. 1920 കളോടെ തുടങ്ങിയ സിലോൺ കുടിയേറ്റവും, മദിരാശി സർക്കാർ കൊണ്ടുവന്ന കുടിയായ്മ നിയമവുമാണ് നാട്ടിൻപുറങ്ങളിൽ കാർഷിക രംഗത്ത് ചില ചലനങ്ങൾ സൃഷ്ടിച്ചത്. അറുപതുകളിൽ നിലവിൽവന്ന ഭൂപരിഷ്കരണ നിയമവും, നാളികേരത്തിന് കൂടുതൽ വില കിട്ടി തുടങ്ങിയതും നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചു. എഴുപതുകളിൽ ആരംഭിച്ച് എൺപതുകളോടെ വർധമാനമായ ഗൾഫ് പണം പാടം നികത്തി തെങ്ങുവെക്കുന്നതിന്റേയും കെട്ടിടം വെക്കുന്നതിന്റേയും ആക്കം കൂട്ടി. സമ്പന്നരായിരുന്ന കൃഷിക്കാരും, പുതിയ പണക്കാരും കോൾപാടങ്ങളിലേക്ക് ശ്രദ്ധ തിരിച്ചതോടെ നാടൻ നെൽ പാടങ്ങൾ തീരെ അവഗണിക്കപ്പെടുകയും. ഇന്നത് ഒരു സെന്റ് നെൽകൃഷിപോലും ഇല്ലാത്ത അവസ്ഥയിലേക്ക് എത്തിക്കുകയും ചെയ്തു.

എന്നാൽ സമീപകാലത്ത് തെങ്ങ് കൃഷി ഏറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. ആവശ്യമായ സംരക്ഷണം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകാതിരുന്നതും, ഉത്പാദകർക്ക് വില നിശ്ചയിക്കാൻ കഴിയാത്ത രീതിയിൽ വെളിച്ചെണ്ണ വ്യാപാരം സോപ്പുകുത്തകകൾ കൈയ്യടക്കിയതുമാണ് പ്രധാന കാരണങ്ങൾ. തെറ്റായ പ്രചരണങ്ങളിലൂടെ വെളിച്ചെണ്ണയെ അടുക്കളയിൽ നിന്നൊഴിപ്പിക്കാനുള്ള ശ്രമവും, പകരം എണ്ണകളെ പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങളും കേരകർഷകന്റെ നട്ടെല്ലൊടിക്കുന്ന പ്രവണതകളായിരുന്നു.

| വിളകൾ | കൃഷിചെയ്യുന്ന സ്ഥലം | ഉത്പാദനക്ഷമത |
|---|---|---|
| തെങ്ങ് | 900ഹെക്ടർ | 36 നാളികേരം |
| കൗങ്ങ് (ഇടവിള) | 25 ഹെക്ടർ | 2 കിലോ |
| പച്ചക്കറികൾ പയർ | 10 ഹെക്ടർ... | |
| വാഴ | 70 ഹെക്ടർ | 1 ന് 5 കിലോ |
| മരച്ചീനി | 6 ഹെക്ടർ | 1ന് 3.5 കി |
| കശുമാവ് | 8 ഹെക്ടർ | 1ന് 25 കി. |
| മാവ് | 6 ഹെക്ടർ | 1 ന് 300 എണ്ണം |
| കുടംപുളി | 3 ഹെക്ടർ | 1ന് 50 കിലോ |

മുഖ്യകൃഷിയായ തെങ്ങും, ഇടവിളയായ കവുങ്ങുമല്ലാതെ എടുത്തുപറയത്തക്ക കൃഷിയൊന്നും നിലനിൽക്കുന്നില്ല. നാടൻ കൊള്ളിയും, കൂർക്കയും, പയറും ധാരാളമായി ഉണ്ടായിരുന്നു. കാച്ചിൽ, ചേന, ചേമ്പ്, മധുരക്കിഴങ്ങ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും ഇന്ന് നാമമാത്രമായി ചുരുങ്ങിയിട്ടുണ്ട്. മാർക്കറ്റിലൂടെ പുറം പച്ചക്കറികൾ ധാരാളം ലഭ്യമായതും, കൃഷി രംഗത്തേക്ക് തിരിയാനുള്ള യുവാക്കളുടെ താല്പര്യക്കുറവും കൂടിയായപ്പോൾ പച്ചക്കറി കൃഷിയും നാടു നീങ്ങിക്കൊണ്ടിരിക്കുന്നു.

1987ൽ നിലവിൽ വന്ന കേരള സർക്കാർ പഞ്ചായത്തുകൾ തോറും കൊണ്ടുവന്ന കൃഷി ഭവനുകളും, വാർഡുകളിലെ കേരസംരക്ഷണ സമിതികളും തെങ്ങു കൃഷിക്ക് പുതിയ ഉണർവുണ്ടാക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും, ലക്ഷ്യബോധമുള്ള കൃഷിക്കാരെ സൃഷ്ടിക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ ഇനിയും നടത്തേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. കൃഷിക്കാരുടേതായ ഉത്പന്ന സമാഹരണ വിപണന സൗകര്യങ്ങൾ ഇല്ല

2. തെങ്ങുകയറ്റത്തിനും, കൃഷിപ്പണിക്കും തൊഴിലാളികളുടെ ദൗർലഭ്യം

3 കൃഷിയിടങ്ങളുടെ തുണ്ട് വൽക്കരണം.

4. അടുത്തടുത്തു വെക്കുന്ന തെങ്ങുകൾ കീടശല്യം വർദ്ധിപ്പിക്കും ഇടവിളകൾക്ക് സൗകര്യം ഇല്ലാതാക്കുകയും ചെയ്യുന്നു

5. അശാസ്ത്രീമായ വിത്തുശേഖരണം

## സസ്യപ്രകൃതി

| വൃക്ഷങ്ങൾ | കിഴങ്ങുവർഗങ്ങൾ | പച്ചക്കറികൾ |
|---|---|---|
| 1 നാട്ടുമാവുകൾ | 1 മരച്ചീനി നാടൻ | 1 മത്തൻ |
| a മയിൽ പിരിയൻ | 2. ചേമ്പ് | 2. കുമ്പളം |
| b പ്ലിയൂർ | 3. കാച്ചിൽ | 3. വെള്ളരി |
| c മൂവാണ്ടൻ | 4. ചേന | 4. പടവലം |
| d ഞെട്ടിക്കുഴിയൻ | 5 കൂർക്ക (നാടൻ) | 5 പാവക്ക( കൈപ്പ) |
| e തത്തമ്മചുണ്ടൻ | 6. മധുരക്കിഴങ്ങ് | 6. കോവക്ക |
| f കോമാവ് | 7. കൂവ്വ | 7. പീച്ചിങ്ങ |
| g ഒട്ടുമാവുകൾ | 8. മഞ്ഞൾ | |
| 2 പ്ലാവ് | 9. മധുരക്കിഴങ്ങ് | **വാഴ** |
| 3 അയനി | | |
| 4 കുടംപുളി | **പയർ** | 1. പാളയം കോടൻ |
| 5. ഞാവൽ | | 2. നേന്ത്ര വാഴ |
| 6. പുന്ന | 1 ചെറുപയർ | 3 വണ്ണൻ |
| 7. കശുമാവ് | 2 ചക്കപ്പയർ | 4. മണിയില്ലാകുന്നൻ |
| 8. കോൽപുളി | 3. അമര | 5. കദളി |
| 9. കാഞ്ഞിരം | 5. കുരുത്തോലപ്പയർ | 6. ചാരാപടച്ചി |
| 10. പൂവ്വോത്ത് | | |
| 11. അത്തി | | |
| 12. അരയാൽ | | |
| 13. അരളി ആര്യവേപ്പ് | | |

6. ജൈവവളങ്ങളുടെ അപര്യാപ്തതയും, രാസവളങ്ങളുടെ കൃത്യതയില്ലാത്ത ഉപയോഗവും മണ്ണിന്റെ ഫലഭൂയിഷ്ടത കുറയ്ക്കുന്നു.

7. മണ്ണുപരിശോധനയും, അതിനെ അടിസ്ഥാനമാക്കിയുള്ള കൃഷിയും നടക്കുന്നില്ല

8. കൃഷിയെ ഒരു ഉപജീവനമാർഗമായി കരുതുന്നവർ ദുർലഭം.

9. നീർവാർച്ച കൂടുതലുള്ള മൺപ്രദേശമായതിനാൽ ജലസേചനത്തിന് കൂടുതൽ പണം ചിലവിടേണ്ടിവരുന്നു.

10. ഗുരുതരമായ വോൾട്ടേജ് ക്ഷാമം

11. പ്രധാനരോഗങ്ങൾ

1. ചെന്നിനീരൊലിപ്പ് 2. കാറ്റുവീഴ്ച 3. കൊമ്പൻ ചെല്ലി, 4. എലി, തുടങ്ങിയവയുടെ ആക്രമണം.

**കുളങ്ങൾ തോടുകൾ**

| വാർഡ് | പൊതുകുളങ്ങൾ സ്വകാര്യകുളങ്ങൾ/ തോടുകൾ | എണ്ണം |
|---|---|---|
| 1. | പൊതുകുളം. | 01 |
| | സ്വകാര്യകുളങ്ങൾ | 16 |
| | പൊതുതോടുകൾ | 3 |
| 2. | പൊതുകുളം. | 4 |
| | സ്വകാര്യകുളങ്ങൾ | |
| 3. | പൊതുകുളം | 5 |
| | സ്വകാര്യകുളം | |
| | തോട്. | 2 |
| 4. | പൊതുകുളം | 2 |
| | സ്വകാര്യകുളങ്ങൾ. | |
| | തോടുകൾ. | 2 |
| 5. | കുളങ്ങൾ | 27 |
| 6. | കുളങ്ങൾ (സ്വകാര്യം) | 28 |
| 7. | " " | 34 |
| 8. | " " | 30 |
| | തോടുകൾ (പൊതു/സ്വകാര്യം) | 6 |
| 9. | പൊതുകുളങ്ങൾ | 3. |
| | സ്വകാര്യകുളം | 36 |
| 10. | പൊതുകുളങ്ങൾ | 3 |
| | സ്വകാര്യകുളം | 16 |

**ജലസേചനം**

ജലസേചന സൗകര്യമുള്ള ഭൂമിയാണ് പഞ്ചായത്തിലേറെയും

കുളങ്ങളും ഫിൽട്ടർ പോയിന്റുകളുമാണ്. ജലസേചന സൗകര്യങ്ങൾ പുഴയോരത്തും കടലോരത്തുമുള്ള ചിറകൾ നിറഞ്ഞ പ്രദേശങ്ങൾ മാറ്റി നിർത്തിയാൽ മുഴുവൻ പ്രദേശത്തും ഏകദേശം ജലസേചന സൗകര്യങ്ങൾ ഉണ്ട്. വൈദ്യുതിയും, ഡീസലും, മണ്ണെണ്ണയും ഉപയോഗിച്ചുള്ള പമ്പുസെറ്റുകളാണ് സാധാരണക്കാർ ഉപയോഗിച്ചിരുന്നത്.

**സാധ്യതകൾ**

1. പൊതുകുളങ്ങളും, തോടുകളും ബഹുജനപങ്കാളിത്തത്തോടെ സംരക്ഷിക്കുകയും ഗ്രൂപ്പ് ജലസേചനത്തിനുള്ള മാർഗ്ഗങ്ങൾ ആരായാവുന്നതുമാണ്.

2. സ്വകാര്യ കുളങ്ങൾ ചിറകുകളും മാടി സംരക്ഷിക്കുന്നതിന് കൃഷി ഭവൻ വഴി സബ്സിഡികൾ നൽകുക.

3. 1-ാം വാർഡിലെ പുഴ രണ്ടായി പിരിയുന്നിടത്ത് ചെക്ഡാം നിർമ്മിച്ചു പുത്തൻ തോടുവഴി ജലസേചന സൗകര്യം ഉണ്ടാക്കാവുന്നതാണ്.

4.പുഴയിൽനിന്നും കടലിനോട് ചേർന്ന് കിടക്കുന്ന അറപ്പയിൽനിന്നും തുടങ്ങുന്ന തോടുകൾക്ക് ചീപ്പ് കെട്ടുക

5. 5,9,10 എന്നീ വാർഡുകളിലെ നീർക്കെട്ട് ഒഴിവാക്കുന്നതിന് തെക്കെ അറ്റത്തുനിന്നും പുത്തൻ തോടുമായി ബന്ധിപ്പിക്കുന്നതിന് പഴയതോടുകളെ കോർത്തിണക്കി ഒരു തോട് നിർമ്മിക്കുക

6. മൂടികിടക്കുന്ന കൽവർട്ടുകൾ തുറക്കുന്നതിനും, തണ്ണീർ തോട്, അങ്ങാടിത്തോട് എന്നിവ പുനർനിർമ്മിക്കുന്നതിനും നടപടികളെടുക്കുക

7. തെങ്ങു രോഗങ്ങൾക്കുള്ള പ്രതിവിധികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.


8. ഗൾഫ് കുടിയേറ്റക്കാരുടെ സമ്പാദ്യവും, കർഷകരുടെ ഓഹരിയും കൂട്ടിച്ചേർത്ത് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും, സംസ്കരിച്ച് വിപണനം നടത്തുന്നതിനുമുള്ള സഹകരണ സംഘം സ്ഥാപിക്കുക

9.. വീട്ടുവളപ്പിൽ കമ്പോസ്റ്റു കുഴി ഉണ്ടാക്കുന്നതിനുള്ള പ്രചാരണവും സഹായകവും വർദ്ധിപ്പിക്കുക

10. കിണറുകൾ നിർമ്മിക്കുന്നതിനുള്ള സബ്സിഡി ഒഴിവാക്കാവുന്നതും അവ മറ്റു ആവശ്യങ്ങൾക്ക് നൽകാവുന്നതുമാണ്.

11. നീർവാർച്ച കുറയ്ക്കുന്നതിന് ചളിയും ചളിചേർന്ന വളങ്ങളും ഇടുന്നതിന് സബ്സിഡി അനുവദിക്കാവുന്നതാണ്.

# 8



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

പകുതിയിലധികം നെൽപാടങ്ങളും കൃഷിസ്ഥലങ്ങളുമായിരുന്ന കാലത്ത് മിക്കവാറും വീടുകളിൽ രണ്ടോ അധിലധികമോ കന്നുകാലികളുണ്ടായിരുന്നു. പാലിനു വേണ്ടി പശു, എരുമ, ആട് എന്നിവയും, കൃഷിപ്പണിക്കും, ഇറച്ചിക്കുമായി പോത്ത്, മൂരി എന്നിവയും ആയിരുന്നു പ്രധാന വളർത്തുമൃഗങ്ങൾ

നെൽപാടങ്ങൾ നികത്തപ്പെടുകയും, ശാസ്ത്രീയമല്ലാത്ത തെങ്ങുകൃഷിയും, കെട്ടിടനിർമ്മാണവും മാത്രമായി ഭൂമി പരിമിതപ്പെടുകയും ചെയ്തപ്പോൾ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കിട്ടാതായി. പുതിയ സാഹചര്യത്തിൽ കന്നുകാലി വളർത്തൽ ഭാരിച്ച സാമ്പത്തിക ചിലവുള്ളതും ലാഭകരമല്ലാത്തതുമായി മാറി. അത്യുല്പാദനശേഷിയുള്ള പുതിയ ഇനങ്ങളുടെ വരവോടെ കർഷകർ അതിന്റെ പുറകേപോവുകയും നാടൻ ഇനങ്ങൾ പേരിനുപേലും കാണാൻ കഴിയാത്ത അവസ്ഥയിലുമായി. വർധിച്ച തോതിൽ തീറ്റകൊടുക്കേണ്ടിവരുന്ന സങ്കരയിനം പശുക്കളെ വളർത്തൽ കാലിത്തീറ്റയുടെയും വൈക്കോലിന്റെയും അമിതമായ വില വർധനവിനെത്തുടർന്ന് അസാധ്യമായിരിക്കുകയാണ്. മിക്കവാറും വീടുകളിൽ ഉണ്ടായിരുന്ന 5ഉം 10ഉം വരുന്ന നാടൻ കോഴി വളർത്തലും, കോഴിക്കൂടും ഇന്ന പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കോഴികളെ അഴിച്ചിട്ടു മാത്രം വളർത്തുന്ന രീതിയാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഉത്പാദന ക്ഷമത തീരെ കുറഞ്ഞ നാടൻ കോഴികളാണ് ഏറെയും. കോഴിമുട്ടയും, താറാവ് മുട്ടയും മാർക്കറ്റിൽ നിന്നും യഥേഷ്ടം കിട്ടിത്തുടങ്ങിയതോടെയും, കൃഷിപ്പണിയിൽ ഉള്ള താല്പര്യം സമൂഹത്തിൽ കുറഞ്ഞുവന്നതും ഈ രംഗത്ത് പ്രതിസന്ധിക്ക് കാരണമായി.

**പ്രശ്നങ്ങൾ**

1. കാലിത്തീറ്റകളുടെ അമിതമായ വിലവർധന
2. ക്ഷീരസംഘങ്ങളുടെയും, ബോധവൽക്കരണത്തിന്റേയും അഭാവം
3. മൃഗസംരക്ഷണത്തിനുവേണ്ടിയുള്ള ആശുപത്രിക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും ഇല്ലാത്തതും, സ്ഥലം മാറിക്കൊണ്ടിരിക്കുന്നതുമായ അവസ്ഥ
4. ഇറച്ചിക്കുവേണ്ടി കന്നുകാലികളെ വളർത്തുന്ന രീതിനിലവിലില്ല.
5. ആധുനിക സൗകര്യങ്ങളുള്ളതും ലൈസൻസുള്ളതുമാടും അറവുശാലകളുടെ അഭാവം
6. ശുചിത്തമില്ലായ്മ മൂലമുണ്ടാകുന്ന രോഗങ്ങളും, ഉത്പാദനക്കുറവും
7. വൈക്കോലിന്റേയും, പുല്ലിന്റേയും ദൗർലഭ്യം
8. കന്നുകാലി വളർത്തലിനുള്ള വായ്പകൾ അപര്യാപ്തമാണ്.
9. ഇൻഷുറൻസ് സൗകര്യങ്ങളുടെ കുറവ്

## പ്രധാനരോഗങ്ങൾ – ചികിത്സ നടത്തിയ എണ്ണം

| ക്ര.ന | രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|---|
| 1. | ദഹനസംബന്ധമായ രോഗങ്ങൾ | 323 | 17 | 214 | 161 |
| 2. | ശ്വാസകോശസംബന്ധം | 17 | – | 24 | 2 |
| 3. | ഉപാചയ സംബന്ധം | 25 | – | 1 | – |
| 4. | ത്വക് രോഗം | 46 | – | 10 | – |
| 5. | ധാധുലവണങ്ങളുടെ അഭാവം | 24 | 5 | 17 | 5 |
| 6. | പരാദ രോഗങ്ങൾ | 394 | 15 | 46 | 14 |
| 7. | പത്യുൽപാദന വ്യവസ്ഥ സംബന്ധമായവ | 80 | 6 | 19 | – |
| 8. | വന്ധ്യത | 82 | 6 | 8 | – |
| 9. | അകിടുവീക്കം | 63 | 1 | 11 | – |
| 10. | മുടന്തൻ പനി | 66 | 1 | – | – |

### സാധ്യതകൾ

1. എല്ലാവാർഡുകളിലേയും കൃഷിക്കാർക്കും പ്രയോജനപ്പെടുമാറ് ക്ഷീരസഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

2. സഹകരണമേഖലയിൽ കൊപ്രപ്പിണ്ണാക്ക് ഉപയോഗിച്ചുള്ള കാലിത്തീറ്റ യൂണിറ്റ് തുടങ്ങാവുന്നതാണ്.

3. തീറ്റപുൽകൃഷിക്ക് സഹായങ്ങൾ നൽകുന്നതിനും, യുവാക്കൾ ക്കിടയിൽ കൃഷിപ്പണിക്ക് പ്രോത്സാഹനം നൽകുന്നതിനും ഉള്ള നടപടികൾ

4. ഇറച്ചിക്കുവേണ്ടിയുള്ള കാലികളെ വളർത്താൻ പ്രോത്സാഹിപ്പിക്കുക

5. ബ്ലോക്കുപഞ്ചായത്തുതലത്തിൽ അത്യുല്പാദനശേഷിയുള്ള കോഴിക്കുഞ്ഞ് ഉല്പാദന കേന്ദ്രം തുടങ്ങാവുന്നതാണ്.

6. കന്നുകാലികളെ വാങ്ങുന്നതിനും, തൊഴുത്തുകൾ നിർമ്മിക്കുന്നതിനുമുള്ള വായ്പകൾ ലഭ്യമാക്കുന്നതിനും, ആവശ്യമായ സബ്സിഡികൾ നൽകാവുന്നതാണ്.

7. കന്നുകാലി ഇൻഷുറൻസ് ക്ഷേമനിധികൾ മോഡലിൽ വ്യാപകമാക്കാവുന്നതാണ്.

### മത്സ്യബന്ധനം

രണ്ടേകാൽ കി.മീറ്റർ കടൽതീരവും, ആറ് കി.മീറ്റർ പുഴയും വലുതും ചെറുതുമായ നൂറുകണക്കിന് പൊതു സ്വകാര്യകുളങ്ങളുമുള്ള, മത്സ്യകൃഷിക്ക് സംപുഷ്ടമായ ഒരു പ്രദേശമാണ് നാട്ടിക

മത്സ്യബന്ധനത്തിനും ചാകരയ്ക്കും പേരുകേട്ട കടൽത്തീരമാണ്. നാട്ടിക ബീച്ച്. 3 മത്സ്യബന്ധനകേന്ദ്രങ്ങളാണ് നാട്ടികയുടെ കടൽത്തീരത്തുണ്ടായിരുന്നത്. 8-ാംവാർഡിലെ പള്ളം ബീച്ച്, 7-ാം വാർഡിലെ നാട്ടിക ബീച്ച്, 6-ാം വാർഡിലെ തൃപ്രയാർ ബീച്ച് ഇപ്പോൾ നാട്ടിക ബീച്ചുമാത്രമാണ് മത്സ്യബന്ധന തുറമുഖമായി നിലനിൽക്കുന്നത്. ബ്രിട്ടീഷുകാർ തുടങ്ങിവെച്ച് ഉപ്പുസംഭരണകേന്ദ്രം ബംഗ്ലാവുകടവ് എന്നപേരിൽ ആരും ശ്രദ്ധിക്കപ്പെടാതെ കിടക്കുകയാണ്. ഏറെ നാളായി കടലാക്രമണമില്ലാത്ത തീരമാണ് നാട്ടികയുടെതെങ്കിലും, മത്സ്യബന്ധനം നടത്താവുന്ന സമയം തുലോം കുറവാണ്. പരമ്പരാഗത രീതിയിൽ ഉള്ള ചെറുവള്ളങ്ങളിൽ തണ്ടും, പങ്കായവും സ്വയം നിർമ്മിത വലകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം ഇന്നു തീരെ കുറഞ്ഞിട്ടുണ്ട്. 40-50 ആളുകൾക്ക് ഒന്നിച്ച് പണിയെടുക്കാവുന്നതും, യന്ത്രസാമഗ്രികളാൽ മാത്രം പോകാവുന്നതുമായ വലിയവള്ളങ്ങളിലാണ് മത്സ്യത്തൊഴിലാളികളധികവും ജോലി ചെയ്യുന്നത്. അടുത്ത കാലത്ത് കടലിൽ വെച്ചുണ്ടായ കാറ്റിലും തിരമാലയിലും പെട്ട് 30 ലക്ഷത്തോളം രൂപയുടെ നാശനഷ്ടമുണ്ടായി. വൻതുക മുടക്കി നടത്തുന്ന ഇത്തരം മത്സ്യബന്ധനരീതിക്ക് ആവശ്യമായ സംരക്ഷണം നൽകുന്ന പദ്ധതികൾ നിലവിലില്ല.

ആധുനിക എൻജിനുകളും ചെറിയ കണ്ണികളുള്ള കൂറ്റൻ വലകളും ഉപയോഗിച്ച് നടത്തുന്ന ഇപ്പോഴത്തെ

മത്സ്യബന്ധനത്തിന്റെയും ഗുണഫലങ്ങൾ അനുഭവിക്കുന്നത്. തൊഴിലാളികളല്ല. തൊഴിലാളികളുടേതായ സംഭരണവിതരണ ശൃംഗലകളും, സംസ്കരണ കേന്ദ്രങ്ങളും ഇല്ലാത്തത് ഇടത്തട്ടുകാർക്ക് തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനുള്ള അവസരമുണ്ടാക്കി കൊടുക്കുകയാണ്. ധാരാളം പേർ മത്സ്യതൊഴിലാളി സംഘങ്ങളിൽ അംഗങ്ങളാണെങ്കിലും കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിനുള്ള യാതൊരു വിധ സംവിധാനങ്ങളോ, ശ്രമങ്ങളോ ഉണ്ടായിട്ടില്ല. നാടൻ മത്സ്യങ്ങളായ വരാൽ, കണമ്പ്, കരിമീൻ, പിലോപ്പിയ തുടങ്ങിയ തീരെ ചിലവില്ലാതെ തന്നെ വളർത്താവുന്നവയാണ്. കൃഷിക്ക് ഫിൽട്ടർ പോയിന്റുകൾ കൂടുതൽ ആശ്രയിച്ചു തുടങ്ങിയതോടെയും, കുളങ്ങൾ തീരെ ശ്രദ്ധിക്കാതായതോടെയും അത്തരം ശ്രമങ്ങൾ ഇപ്പോൾ നടക്കുന്നില്ല.

**പ്രശ്നങ്ങൾ**

പ്പെടുത്തുകയും ചെയ്യുക

2. മത്സ്യബന്ധനം ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള കേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

3. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയും, സംസ്കരണം, മാർക്കറ്റിംഗ് എന്നിവ നടത്താവുന്നവുമാണ്.

4. ആവശ്യമായ സ്ഥലം കണ്ടെത്തി മത്സ്യമാർക്കറ്റ് ആരംഭിക്കാവുന്നതാണ്.

5. പുഴയിൽനിന്നു മത്സ്യം പിടിക്കുന്നവരേയും, ശുദ്ധജല മത്സ്യകൃഷിക്ക് തയ്യാറാവുന്നവരേയും ഉൾപ്പെടുത്തി സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

6. ദേവസ്വം ബോർഡിന്റേയും, പഞ്ചായത്തിന്റെയും അധീനതയിലുള്ള കുളങ്ങൾ ബഹുജനപങ്കാളിത്തത്തോടെ വൃത്തിയാക്കി സംരക്ഷിക്കാവുന്നതും മത്സ്യകൃഷി കരാർ അടിസ്ഥാനത്തിൽ നടത്താവുന്നതാണ്.

7. പ്രജനനകാലത്തെ ട്രോളിംഗ് നിരോധനം പൂർണ്ണമായും നടപ്പാക്കുക.

| ഇനം | മുഖ്യ തൊഴിൽ | ഭാഗിക തൊഴിൽ | വിപണനം | സംസ്കരണം | യന്ത്ര ബോട്ടുകൾ | യന്ത്രംപിടിപ്പിച്ച നാടൻ വള്ളം | യന്ത്ര മില്ലാത്തത് |
|---|---|---|---|---|---|---|---|
| കടൽ | 442 | 50 | 67 | 20 | 2 | 30 | 23 |
| പുഴ | 15 | 50 | 2 | – | – | – | 6 |
| ആകെ | 457 | 100 | 69 | 20 | 2 | 30 | 29 |

1. മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാസംവിധാനങ്ങൾ നിലവിലില്ല.

2. ഉത്പാദിപ്പിക്കുന്ന മത്സ്യം സംഭരിക്കുന്നതിനും സംസ്കരിച്ച് വിപണനം ചെയ്യുന്നതിനുള്ള സ്ഥാപനങ്ങൾ നിലവിലില്ല.

3. മത്സ്യമാർക്കറ്റ് നിലവിലില്ല

4. കടപ്പുറത്തെ ഗൈഡ് ലൈറ്റ് പ്രവർത്തിക്കുന്നില്ല

5. മത്സ്യബന്ധന ഉപകരണങ്ങളുടെ അമിതവിലയും സാമ്പത്തിക സഹായത്തിന്റ ബുദ്ധിമുട്ടും.

6. ആവശ്യത്തിന് ഇന്ധനം ലഭിക്കുന്നില്ല

7. ഉൾനാടൻ ശുദ്ധജല മത്സ്യകൃഷിക്ക് ഉത്പാദനശേഷിയുള്ള കുഞ്ഞുങ്ങളുടെ ദൗർലഭ്യം.


8. ശുദ്ധജല മത്സ്യങ്ങൾക്ക് രോഗം പിടിപെടുന്നു.

**സാദ്ധ്യതകൾ**

1. നാട്ടിക ബീച്ചിൽ കൺട്രോൾ റൂം സ്ഥാപിക്കുകയും മത്സ്യതൊഴിലാളികളുടെ സുരക്ഷാസംവിധാനങ്ങൾ മെച്ച

1987 ലെ കണക്കെടുപ്പു പ്രകാരം നാട്ടികയിലെ മൃഗസമ്പത്ത്

| ക്ര.ന | ഇനം | എണ്ണം ആണ് | എണ്ണം പെണ്ണ് | ബ്രീഡർ |
|---|---|---|---|---|
| 1 | പശു | 60 | 691 | 398 |
| 2 | എരുമ | 32 | 282 | 142 |
| 3 | ആട് | 202 | 839 | ലഭ്യമല്ല |
| 4 | പന്നി | – | 1 | |
| 5 | നായ | 511 | | |
| 6 | കോഴി നാടൻ | 8867 | | |
| 7 | കോഴി സങ്കരം | 1177 | | |
| 9 | താറാവ് | 246 | | |



# വ്യവസായം

1963ൽ നാട്ടികയിൽ ആരംഭിച്ച ട്രിച്ചൂർ കോട്ടൺമിൽ നാട്ടികയുടെ വ്യവസായ ചരിത്രത്തിൽ പുതിയൊരധ്യായം കുറിക്കുകയുണ്ടായി. എന്നാൽ സംഘടിതമായ മറ്റ് ചെറുകിടയോ, വൻകിടയോ ആയ ഫാക്ടറികളൊന്നും കാര്യമായില്ലാത്ത ഒരു പ്രദേശമാണ് നാട്ടിക. ചകിരി, ബീഡി, പായ, ഓല തുടങ്ങിയ പരിമ്പരാഗത വ്യവസായങ്ങളിൽ പണിയെടുത്തിരുന്ന അനേകം ആളുകൾ നാട്ടിൻ പുറങ്ങളിൽ ഉണ്ടായിരുന്നു. പുതിയ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകളിൽ പരമ്പരാഗത വ്യവസായ രംഗത്ത് പണിയെടുക്കുന്ന ആളുകളുടെ എണ്ണം കുറഞ്ഞുവരുന്നു. പുതിയ ഉദാരവൽക്കരണത്തിന്റേയും സാമ്പത്തിക നയത്തിന്റേയും ഫലമായി നമ്മുടെ മാർക്കറ്റുകൾ വൻകിട ബഹുരാഷ്ട്രകുത്തകകൾ കയ്യടക്കി കഴിഞ്ഞിരിക്കുകയാണ്. വ്യവസായ സംരംഭകർക്കുള്ള പ്രോത്സാഹനകുറവും, കാര്യക്ഷമമായി യൂണിറ്റുകൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ടുകളും വ്യവസായ വ്യാപനത്തെ കാര്യമായി ബാധിക്കുന്നു.

അസംസ്കൃതവസ്തുക്കളുടെ ലഭ്യത കുറവും ഏറ്റവും കുറഞ്ഞ വൈദ്യുതി വോൾട്ടേജുമാണ് രൂക്ഷമായി അനുഭവപ്പെടുന്ന തടസ്സങ്ങൾ

ട്രിച്ചൂർ കോട്ടൺമില്ലിലുണ്ടായിരുന്ന ധാരാളം തൊഴിലാളികളെ മാറ്റി നിർത്തിയിട്ടും ഇപ്പോഴുള്ള 533 തൊഴിലാളികളെ നിലനിർത്തുന്നതിനും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായിട്ടാണ് ഔദ്യോഗിക ഭാഷ്യം

നാട്ടികയുടെ കണ്ണായ പ്രദേശത്ത് ഇത്രയും സ്ഥലം വളരെ കുറഞ്ഞ വിലക്കാണ് നാട്ടുകാർ കോട്ടൺമിൽ ആരംഭിക്കുന്നതിനുവേണ്ടി നൽകിയത്. പകുതിയോളം സ്ഥലം മില്ലുടമകൾ മറ്റാവശ്യങ്ങൾക്കാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. കോട്ടൺ മില്ലിന്റെ വടക്കുഭാഗം തെങ്ങിൻതോപ്പാക്കി മാറ്റുന്നതും തെക്കുഭാഗം തരിശാക്കി മാറ്റിയിട്ടിരിക്കുന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പ്രത്യേകിച്ചും വ്യവസായ സംരംഭകർക്ക് ഒരു തുണ്ടു ഭൂമി പോലും കിട്ടാതിരിക്കുന്ന ഈ അവസ്ഥയിൽ

പഞ്ചായത്തിലെ മറ്റു ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ കൂടുതലായി കണ്ടുവരുന്നത് ഓട്ടോ- മോട്ടോർ വാഹനവർക് ഷോപ്പുകളും, വെൽഡിംഗ് സെന്ററുകളുമാണ്. ഭവനനിർമ്മാണ ഉപകരണങ്ങളും ഇഷ്ടികകളും സിമന്റിൽ നിർമ്മിക്കുന്ന രണ്ട് സ്ഥാപനങ്ങളും ഒരു അലുമിനിയം പാത്രനിർമ്മാണ യൂണിറ്റും, ഒരു പ്രസ് ടൂൾസ് നിർമ്മാണ യൂണിറ്റുമാണ് എടുത്തുപറയാവുന്ന മറ്റു ചെറുകിട വ്യവസായങ്ങൾ. ഇലക്ട്രോണിക് വ്യവസായ രംഗത്ത് ഒട്ടേറെ സാധ്യതകൾ നിലനിൽക്കുന്നുണ്ടെങ്കിലും മുതൽ മുടക്കാൻ തയ്യാറില്ലാത്തതും, ഗൾഫിലേക്കുള്ള കുടിയേറ്റവും ഈ സാധ്യതയെ പ്രതികൂലമായി ബാധിക്കുന്നു.

ചകിരി വ്യവസായ രംഗത്ത് ആധുനിക വൽക്കരണത്തിലൂടെയും, മത്സ്യ സംസ്കരണ രംഗത്ത് പുത്തൻ മാതൃകകൾ സൃഷ്ടിച്ചും നാട്ടികയുടെ വ്യവസായ പുരോ

ഗതിക്കുവേണ്ടി ശ്രമിക്കേണ്ടതാണ്.

കൃഷി ഒരു വ്യവസായമായി പ്രഖ്യാപിച്ചെങ്കിലും അത്തരത്തിലുള്ള ഒരു നീക്കവും കാർഷിക രംഗത്ത് ചല നങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. കാർഷിക ഉത്പ ന്നങ്ങൾ സംസ്കരിച്ച് ഉണ്ടാക്കുന്നതും കേന്ദ്രീകരിച്ചുള്ള തുമായ ഒട്ടേറെ വ്യവസായസംരംഭങ്ങൾക്ക് സാധ്യത യുണ്ട്. തെങ്ങും, തെങ്ങുൽപ്പന്നങ്ങളും ഉപയോഗപ്പെ ടുത്തി നടത്താവുന്ന ഫർണിച്ചർ, സോഫ്ട്റ്റ് ഡ്രിംഗ്സ്, വെളിച്ചെണ്ണ, സോപ്പ്, പെർഫ്യൂമുകൾ, തുടങ്ങി എത്ര യെത്ര സാധ്യതകൾ ആവശ്യമായ അന്വേഷണവും, മാർക്കറ്റുമില്ലാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതു കൊണ്ട് ഉണ്ടാകുന്ന നഷ്ടങ്ങളും വ്യവസായ സംരംക്ഷ ഭകരെ പിന്നോട്ടു പോകൻ പ്രേരിപ്പിക്കുന്നു.

**പ്രശ്നങ്ങൾ**

നാളികേരം, മറ്റു തെങ്ങുൽപ്പനങ്ങൾ കേന്ദ്രീകരിച്ചുള്ള വ്യവസായങ്ങൾക്ക് വേണ്ട സഹായങ്ങൾ ഇല്ല

2. ചെറുകിട വ്യവസായികൾക്ക് ആവശ്യമായ സാമ്പ ത്തിക സഹായങ്ങൾ ലഭിക്കുന്നില്ല

3. വകുപ്പ് തലങ്ങളിലെ സങ്കീർണതയും അഴിമതികളും നിലനിൽക്കുന്നു.

4. വൈദ്യുതി കമ്മി മുഖ്യ പ്രശ്നം

5. ആധുനികരീതിയിൽ കയർ, ചകിരി ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം ഇല്ല

6. ആവശ്യമായ സാങ്കേതിക വിദ്യകളും,, ഉപകരണ ങ്ങളും ഇല്ല

7. സർക്കാർ പദ്ധതികൾ സുതാര്യമല്ല

8. ഇലക്ട്രോണിക്ക് ഉപകരണനിർമ്മാണ യൂണിറ്റു കൾക്കാവശ്യമായ Componantsന്റെ ദൗർലഭ്യം

9. ചെറുകിട വ്യവസായികൾക്ക് മാർക്കറ്റിങ്ങിന് സഹാ യങ്ങൾ ഇല്ല.

10.സ്ത്രീകളെ കൂടുതൽ കുടിൽ വ്യവസായരംഗ ത്തേക്ക് ആകർഷിക്കുന്ന പരിപാടികളുടെ അപര്യാപ്തത

11. സഹകരണ സ്ഥാപനങ്ങളിലെ അമിത കക്ഷിരാ ഷ്ട്രീയവൽക്കരണം

12. ഗൾഫ് മലയാളികൾക്കാവശ്യമായ സഹായങ്ങൾ നല്കുന്നില്ല

**സാധ്യതകൾ**

1. നളികേരം സംഭരിക്കുന്നതിനും, സംസ്കരിച്ച് വിപ ണനം ചെയ്യുന്നതിനുമുള്ള യൂണിറ്റുകൾ തുടങ്ങാവുന്ന താണ്.

b) ഇതിലേക്ക് ആയി ഗൾഫ് മലയാളികളുടെ നിക്ഷേ പങ്ങൾ സ്വീകരിക്കാവുന്നതാണ്.

2. വലപ്പാട് പവർ സബ്ബസ്റ്റേഷൻ പണി എത്രയും വേഗം പൂർത്തിയാക്കുക

3. ട്രിച്ചൂർ കോട്ടൺമില്ലിലെ പ്രശ്നങ്ങൾ പരിഹരിക്കു കയും തൊഴിലാളി മാനേജുമെന്റ് സഹകരണം വർധി പ്പിക്കേണ്ടതുമാണ്.

4. ചെറുകിട വ്യവസായങ്ങൾക്കാവശ്യമായ സാമ്പ ത്തിക സഹായങ്ങൾക്കുവേണ്ടി പഞ്ചായത്തുകൾക്ക് ബാങ്കുകളെ നിർബന്ധിക്കാവുന്നതും ആവശ്യമായ റെക്ക മെന്റേഷൻ നടപടികൾ നടത്താവുന്നതുമാണ്.

5. ചകിരി

സംഭരണത്തിനും, ആധുനിക രീതിയിൽ സംസ്കരി ക്കുന്നതിനുമുള്ള സംവിധാനങ്ങൾ സഹകരണ മേഖല യിൽ ആരംഭിക്കുക

2.ബീഡി മേഖലയിലേതുപോലെ അനുബന്ധ കുടിൽ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

6. SISI യുടെ മാതൃകയിലുള്ള ഒരു പഠനകേന്ദ്രം ബ്ലോക്കു പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കാവുന്നതാണ്.

7. ശ്രീരാമ പോളി ടെക്നിക്കിലെ സങ്കേതിക സൗക ര്യങ്ങളും മറ്റും ഉപയോഗപ്പെടുത്തി ട്രൈസം പൂർത്തി യാക്കിയവർക്കായുള്ള ചെറുകിട യൂണിറ്റുകൾ ഉണ്ടാ ക്കുക

8. സർക്കാരിന്റെ വിവിധ അധികാര മേഖലകളുടെ പ്രവർത്തനം സുതാര്യവും, പ്രാദേശിക ഭാഷയിലും ആക്കേണ്ടതാണ്.

10. കെൽട്രോണിന്റെ നേതൃത്വത്തിലുള്ള ഇലക്ട്രോ ണിക് കമ്പോണന്റ് നിർമ്മാണ കേന്ദ്രം തുടങ്ങാവുന്ന താണ്.

11. ആവശ്യമായ സ്ഥലം എടുത്തുകൊണ്ട് മിനി വ്യവ സായ എസ്റ്റേറ്റ് സ്ഥാപിക്കാവുന്നതാണ്.

12. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിൽ കെട്ടിടം നിർമ്മിച്ച് യന്ത്രങ്ങളാവശ്യമില്ലാത്ത വ്യവസായ ങ്ങളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

13. മത്സ്യസമ്പത്ത് ചൂഷണം ചെയ്തുകൊണ്ടുവ ന്നാൽ കേടുകൂടാതെ സംസ്കരിച്ച് വിപണനം നടത്തു ന്നതിനുവേണ്ടി ഒരു ഫ്രീസിംഗ് പ്ലാന്റ് സ്ഥാപിച്ചാൽ


ചെമ്മീൻ അടക്കമുള്ള മത്സ്യങ്ങൾ സംസ്കരിക്കുന്നതിന് ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാം.

ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| ഇനം | എണ്ണം | തൊഴിലാളികൾ |
|---|---|---|
| 1. മെറ്റൽ ഇൻഡസ്ട്രീസ് | 5 | 16 |
| 2. സ്റ്റീൽ ഇൻഡ്രട്രീസ് | 2 | 8 |
| 3. അലുമിനിയം ഫേബ്രിക്കേഷൻ | 2 | 6 |
| 4. ഓട്ടോ. ബോഡി വർക് ഷോപ്പുകൾ | 12 | 36 |
| 5. ഐസ് പ്ലാന്റ് & ക്രീം | 2 | 18 |
| 6. വളം നിർമാണം | 1 | 2 |
| 7. ചെറുകിട ഹോട്ടലുകൾ | 26 | 138 |
| 8. സ്ക്രീൻ പ്രിന്റിംഗ് | 3 | 5 |
| 9. പ്രിന്റിംഗ് പ്രസ്സുകൾ | 6 | 20 |
| 10. സ്റ്റുഡിയോ | 12 | 24 |
| 11. ഇലക്ട്രോണിക് വ്യവസായ യൂണിറ്റ് | 4 | 6 |
| ആകെ | 71 | 279 |

14 മത്സ്യ വളം ഉണ്ടാക്കുവാൻ ഒരു കേന്ദ്രം സ്ഥാപിക്കുക (ധാരാളം ഉപയോഗ്യമല്ലാത്ത കടൽമത്സ്യങ്ങൾക്ക് ലഭ്യത ഉണ്ട്)






# വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനത്തിൻെറ അലയടികൾ ഉയരുന്നതിനേറെ മുമ്പുതന്നെ നാട്ടികയിലെ ആദ്യവിദ്യാലയം ഉയർന്നിരുന്നു. 19-ാം നൂറ്റാണ്ടിൻെറ അവസാനത്തിൽ ചർച്ച് മിഷൻ സൊസൈറ്റിയാണ്, (CMS) ബ്ലാഹിയിൽ മൂപ്പിൽ കണ്ടുണ്ണിനായരുടെ സഹായത്തോടെ ഈ വിദ്യാലയത്തിനു തുടക്കമിട്ടത്. ഈ പ്രദേശത്ത് ആരംഭിച്ച സ്കൂളാണ് ഇന്ന് ഏ.യൂ.പി. സ്കൂൾ എന്നറിയപ്പെടുന്നത്. ഈ വിദ്യാലയത്തിൻെറ ആവിർഭാവവും തുടർന്നുള്ള പ്രവർത്തനങ്ങളും, ഈ പ്രദേശത്തെ കേന്ദ്രീകരിച്ചുള്ള ഒരു സാംസ്കാരിക കേന്ദ്രംവളർന്നു വരുവാൻ സഹായിച്ചു. ദേശീയ-രാഷ്ട്രീയ പ്രസ്ഥാനത്തോട് കൂറുപുലർത്തിയ ചെറുപ്പക്കാർ വളർത്തിയെടുത്ത വായനശാലക്ക് 'ഗോപാലകൃഷ്ണ ഗോഖലെ വായനശാല' എന്നു പേരിട്ടു. വായനശാല യോടനുബന്ധിച്ചുള്ള മൈതാനം ഇന്നും ഗോഖലെ മൈതാനം എന്നറിയപ്പെടുന്നു. 1936-ൽ പ്രശസ്ത സ്വാതന്ത്ര്യസമര നായകൻ സി. രാജഗോപാലാചാരി ഈ മൈതാനത്ത് പ്രസംഗിച്ചിട്ടുള്ളതും സ്മരണീയമാണ്.

ചേർക്കരയിലെ എരണേഴത്തു് കുടുംബക്കാരുടെ കയ്യാലയിൽ ചെറിയതോതിൽ ചാക്കു മാസ്റ്ററുടെ ഉത്സാഹത്തിൽ തുടങ്ങിയ അക്ഷരഭ്യാസ കേന്ദ്രമാണ് നാട്ടികയിലെ രണ്ടാമത്തെ സ്കൂളായി 1918-ൽ ആരംഭിച്ചത് ഇന്നത് നാട്ടിക ഈസ്റ്റ് യു.പി. സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. തുടർന്നു നാട്ടിക വെസ്റ്റിൽ, കെ.എം.യു.പി. സ്കൂളും, നാട്ടിക മൂന്നു പീടികയിൽ സെൻട്രൽ യൂ.പി. സ്കൂളും സ്ഥാപിതമായി.

സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങൾ സജീവമായതോടെ അക്ഷരം പഠിക്കാനും പഠിപ്പിക്കാനുമായി കൂടുതൽ ചെറുപ്പക്കാർ രംഗത്തെത്തി. കൂടുതൽ സ്കൂളുകൾ ഉയർന്നുവന്നു. ഈ കാലഘട്ടത്തിലാണ് സംഗീത, നാടക സംഘങ്ങൾ രൂപപ്പെട്ടു വന്നത്. വായനശാലകളും, സാഹിത്യ ചർച്ചാ സംഘങ്ങളും ഉയർന്നു വന്നതോടെ ഒരു സാംസ്കാരിക നവോത്ഥാനംതന്നെ രൂപപ്പെട്ടു തുടങ്ങി എന്നു പറയാം.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ഫിഷറീസ് ഹൈസ്കൂൾ സ്ഥാപിച്ചു. ഇതു കൂടാതെ ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ മാത്രമെ സർക്കാർ ഉടമയിലുള്ളു. ബാക്കിയുള്ള എല്ലാ വിദ്യാലയങ്ങളും ഓരോ കാലഘട്ടത്തിൽ സാമൂഹ്യ പ്രവർത്തകരുടെ പ്രവർത്തനങ്ങൾവഴി ഉണ്ടായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ശ്രീനാരായണ പ്രസ്ഥാനത്തിൻെറ പങ്കു് സ്മരിക്കേണ്ട വസ്തുതയാണ്.

**ശ്രീരാമ പോളിടെക്നിക്, തൃപ്രയാർ.**

തുടക്കത്തിൽ സ്വകാര്യ മേഖലയിൽ ആരംഭിച്ച ശ്രീരാമ പോളിടെക്നിക് 1958-ൽ സർക്കാർ ഏറ്റെടുത്തതോടെ കൂടുതൽ സൗകര്യങ്ങളും, കോഴ്സുകളും എർപ്പെടുത്തി.

ഇപ്പോൾ കനഡാ സർക്കാരിൻെറ സഹായത്തോടെ പ്രവർത്തിക്കുന്ന ഇന്ത്യ-കനഡ വിദ്യാഭ്യാസ സഹകരണ പരിപാടി (CIICP) യുടെ ഭാഗമായി ഒട്ടേറെ തൊഴിലധിഷ്ടിത കോഴ്സുകളും ഇവിടെ നടത്തിപ്പോരുന്നുണ്ട്. കേന്ദ്ര സർക്കാരിൻെറ ധനസഹായത്തോടെ കമ്മ്യൂണിറ്റി ഡെവലപ്മെൻറ് സെല്ലിൻെറ (CDC)പ്രവർത്തനവും നടന്നു വരുന്നു. 612 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സാങ്കേതിക വിദ്യാലയം സംസ്ഥാനത്തിലെത്തന്നെ സാങ്കേതിക വിദ്യാലയങ്ങളുടെ പട്ടികയിൽ ഒന്നാംകിടയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്.

1993-ൽ ആരംഭിച്ച കമ്പ്യൂട്ടർ കോഴ്സിൽ 100 ശതമാനം വിജയമാണ് തുടർന്നു കൊണ്ടിരിക്കുന്നത്. 175 ആൺകുട്ടികളും 112 പെൺകുട്ടികളും പഠിക്കുന്ന സിവിൽ ബ്രാഞ്ചിൽ 1992-ൽ 72 ശതമാനമായിരുന്നു വിജയമെങ്കിൽ 1996 ആയപ്പോൾ അതു് 51 ശതമാനമായി കുറഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ ബ്രാഞ്ചിൽ അത് 92.5 ശതമാനമെന്നത് 67.2 ശതമാനമായപ്പോൾ ഇലക്ട്രിക്കലിൽ 85.4 ശതമാനത്തിൽനിന്നും 61.6 ശതമാനമായി കുറഞ്ഞു. ഭൗതിക സൗകര്യങ്ങൾ വർദ്ധിച്ചുവരികയും, കുട്ടികളുടെ വിജയശതമാനം കുറഞ്ഞുവരികയും ചെയ്യുന്നത് ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളാണ്.

സെമിനാറുകൾ, പ്രോജക്ടുകൾ എന്നിവക്കുവേണ്ടി പ്രവർത്തിക്കുന്ന സി.ഡി.ആർ.ടി. എന്ന ഒരു പ്രത്യേക വിഭാഗവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യ-കനഡ വിദ്യാഭ്യാസ സഹകരണ പരിപാടിയുടെ ഭാഗമായി ആയിരത്തിലധികംപേർക്ക് ഇതിനകം തൊഴിൽ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനെല്ലാം പുറമെ ശ്രീരാമ പോളിടെക്നിക്കിലെ നാഷണൽ സർവ്വീസ് സ്കീം നടത്തുന്ന പ്രവർത്തനങ്ങളും പ്രശംസനീയമാണ്. സാക്ഷരതാ പ്രവർത്തനം, വിഭവ ഭൂപട നിർമ്മാണം, പുകയേൽക്കാത്ത അടുപ്പ് വ്യാപന പരിപാടി എന്നിവയിലൂടെ ഇതിനകം തന്നെ ഏറെ ശ്രദ്ധയാകർഷിച്ച ഈ എൻ.എസ്.എസ്. യൂണിറ്റ് മറ്റു യൂണിറ്റുകൾക്കും വിദ്യാർത്ഥി-യുവജനങ്ങൾക്കും മാതൃകയാണെന്നതിൽ സംശയമില്ല.

**ശ്രീനാരായണ കോളേജ്, നാട്ടിക**

1965-ൽ എസ്. എൻ. ട്രസ്റ്റ്കാർ നാട്ടികയിൽ ആരംഭിച്ച ശ്രീനാരായണ കോളേജ് ഉപരി വിദ്യാഭ്യാസരംഗത്ത് ഏറെ സൗകര്യങ്ങൾ വളർത്തുവാൻ സഹായകമായി. 2700-ാളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പഠിക്കുന്ന ഈ സ്ഥാപനം നാട്ടിക മണപ്പുറത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ സ്ഥാപനമാണ്. 46 അധ്യാപകരും 47 അധ്യാപികമാരുമടങ്ങിയതാണ് ഈ കലാലയത്തിലെ അധ്യാപന വൃന്ദം. ഹോസ്റ്റൽ സൗകര്യമില്ലാത്തതും, തകർന്നുകൊണ്ടിരിക്കുന്ന കളിസ്ഥലവും ഈ സ്ഥാപനത്തിൻെറ കുറവുകളാണ്. ബി.എ., ബി.കോം., ബി.എസ്.സി. എന്നീ ബിരുദ കോഴ്സുകളും, എം.കോം., എം. എസ്.സി. എന്നീ ബിരുദാനന്തര കോഴ്സുകളിലുമായി 1061 പേരും, പ്രീഡിഗ്രി കോഴ്സുകളിൽ 1727 പേരുമാണ് ഇവിടെ പഠിക്കുന്നത്. 60 ശതമാനത്തോളം പെൺകുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൻെറ പടിഞ്ഞാറുഭാഗം മതിൽകെട്ടുകളില്ലാതെ കിടക്കുകയാണ്. സാമൂഹ്യദ്രോഹികളും മറ്റും കയറി വിദ്യാലയാന്തരീക്ഷം കലശലമാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി രക്ഷിതാക്കളും വിദ്യാർത്ഥികളും അധ്യാപക വൃന്ദത്തോടൊപ്പം മുന്നോട്ടു വരേണ്ടതാണ്.

**സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം**

| തരം | ശരാശരി ദൂരം കി. മീ. | പരമാവധി ദൂരം കി. മീ. |
|---|---|---|
| ലോവർ പ്രൈമറി സ്കൂൾ | 0.8 കി.മീ. | 1.5 കി.മീ. |
| അപ്പർ പ്രൈമറി സ്കൂൾ | 1.0 കി.മീ. | 1.75 കി.മീ. |
| ഹൈസ്കൂൾ | 2.5 കി.മീ | 3 കി.മീ. |

ഒരു ഇംഗ്ലീഷ് മീഡിയം എൽ.പി. സ്കൂളടക്കം 12 സ്കൂളുകളും 3 ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറി സ്കൂളുകളും, 17 അംഗൻ വാടികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ശ്രീനാരായണ കോളേജിനു പുറമെ രണ്ടു പാരലൽ കോളേജുകളും, 4 കോളേജ് ട്യൂഷൻ സെൻററുകളും, 2 സ്കൂൾ ട്യൂഷൻ സെൻററുകളുമടക്കം അമ്പതോളം വിദ്യാഭ്യാസ-സാങ്കേതിക വിദ്യാഭ്യാസ സംവിധാനങ്ങൾ ഈ പഞ്ചായത്തിനകത്തു പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഏഴു കമ്പ്യൂട്ടർ സെൻററുകളും, 2 ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളും, 3 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, ഉൾപ്പെടും.

അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണം വർധിച്ചു വരുന്നു. അഭ്യസ്ഥ വിദ്യരുടെ എണ്ണം വർധിക്കുന്നുണ്ടെങ്കിലും അധ്യയന നിലവാരത്തിൻെറ ഗതി താഴോട്ടാണെന്നു പറയാതിരിക്കാൻ നിർവാഹമില്ല. തൊഴിലില്ലാത്തവരുടെ എണ്ണവും ശതമാനവും ദ്രുതഗതിയിൽ വർധിച്ചുവരുന്നു. അതേ സമയം ശാരീരിക അധ്വാനം കൂടുതലായി വേണ്ടിവരുന്ന കൃഷിയിലേക്കും, അനുബന്ധമേഖലകളിലേക്കും ആവശ്യത്തിനു് തൊഴിലാളികളെ ലഭിക്കുന്നുമില്ല. സ്വകാര്യ വിദ്യാലയങ്ങളിൽ കോഴക്കും, അഴിമതിക്കും വിധേയമായിട്ടാണ് പലപ്പോഴും

**സ്കൂളുകളിലെ അധ്യാപക-വിദ്യാർഥി അനുപാതം**

| വിഭാഗം | അധ്യാപകർ | | | വിദ്യാർഥികൾ | | |
|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആകെ | ആണ് | ൾപെണ്ണ് | ആകെ |
| ഹൈസ്കൂൾ | 4 | 19 | 23 | 314 | 271 | 585 |
| യു.പി. | 10 | 55 | 65 | 767 | 731 | 1449 |
| എൽ.പി. | 4 | 24 | 28 | 364 | 395 | 759 |
| ആകെ | 18 | 98 | 116 | 1445 | 1397 | 2793 |

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ഏറിയപങ്കും വലപ്പാട്ട്, തളിക്കുളം, കഴിമ്പ്രം ഹൈസ്കൂളുകളിലേക്കും, പെരിങ്ങോട്ടുകര കോൺവെൻറിലേക്കും പോകുന്നതുകൊണ്ട് നാട്ടിക GFSH-ലെ ഹൈസ്കൂൾ വിദ്യാർത്ഥികൾ 585 മാത്രമെയുള്ളു. 250-ാളം വിദ്യാർത്ഥികൾ വിവിധ ക്ലാസ്സുകളിലായി പുറമെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും പഠിക്കുന്നതായും കാണുന്നു.

നമ്മുടെ വിദ്യാഭ്യാസ രംഗം രൂക്ഷമായ ഒട്ടേറെ പ്രശ്നങ്ങളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രത്യേകിച്ച് സ്വകാര്യ പ്രവേശനങ്ങളും, നിയമനങ്ങളും നടക്കുന്നത്. അതുകൊണ്ടു തന്നെ അർഹരായ പലർക്കും പുറത്ത് നിൽക്കേണ്ടിവരുന്നു. അധ്യാപന വൃത്തിയിൽ താല്പര്യമോ, സാമൂഹ്യമായ പ്രതിബദ്ധതയോ ഇല്ലാത്തവർ ഈ മേഖലയിൽ കടന്നുകൂടുമ്പോൾ തീർച്ചയായും ഇത് അധ്യയന നിലവാരത്തെ ബാധിക്കും.

കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദമായ രീതിയിൽ നമ്മുടെ കുട്ടികൾ വിദ്യ അഭ്യസിക്കണമെന്നും വളരണമെന്നും നാം ആഗ്രഹിക്കുന്നു. സമൂഹത്തിലെ ഉല്പാദനപരവും

സാമൂഹ്യവും സാംസ്കാരികവുമായ ഉന്നതിക്കായി വരും തലമുറകളെ സജ്ജരാക്കുക എന്നതാവണം വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. പ്രകൃതിയും സമൂഹവുമായി ബന്ധപ്പെട്ട് നാടിൻെറ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരങ്ങൾ തേടാനും അവർക്ക് കഴിയണം. പക്ഷെ പുസ്തക കേന്ദ്രീകൃതമായ ഇന്നത്തെ പാഠ്യക്രമം അവരെ സമൂഹത്തിൽനിന്നും പ്രകൃതിയിൽനിന്നും അകറ്റുന്നു. പരീക്ഷക്കുള്ള ചോദ്യങ്ങളെ നേരിടലാണ് പഠനം എന്ന ബോധം സൃഷ്ടിക്കപ്പെടുന്നു. അങ്ങിനെ കുട്ടികളുടെ നിരീക്ഷണ-പരീക്ഷണ നിഗമന പാടവവും നശിച്ച് ദിശാബോധം നഷ്ടപ്പെട്ട് അലസരും സ്വാർത്ഥരുമായ ഒരു കൂട്ടമായി അവർ മാറുന്നു.

ഏറ്റവും കൂടുതൽ ശ്രദ്ധയും അടിയന്തിര പ്രവർത്തനങ്ങളും ആവശ്യമായ ഒരു മേഖലയാണ് വിദ്യാഭ്യാസം. സ്കൂളുകളിലെ ഭൗതിക സാഹചര്യം ഉയർത്തുന്നതോടൊപ്പം അധ്യയന നിലവാരം ഉയർത്തുവാനും കൂട്ടായ ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിലെ എല്ലാ സ്കൂളുകളും ഏതാണ്ട് ഒരുപോലെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പി.ടി.എ.കൾ സജീവമാകുന്നതിനോടൊപ്പംതന്നെ വിദ്യാഭ്യാസരംഗത്ത് തൽപരരായവരെ കൂട്ടിച്ചേർത്ത് പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യേണ്ടതാണ്. അധ്യാപകരും, രക്ഷിതാക്കളും, നാട്ടുകാരും ചേർന്ന് ഒത്തൊരുമിച്ച് ശ്രമിച്ചാൽ ഈ രംഗത്ത് ഒട്ടേറെ മുന്നേറാൻ കഴിയും. പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും സാമൂഹ്യ പ്രശ്നങ്ങളിലും ശ്രദ്ധിക്കുവാൻ വിദ്യാർത്ഥികളെ നിർബന്ധിക്കേണ്ടതാണ്.

സർക്കാർ ഉടമയിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളും എൽ.പി. സ്കൂളുകളും ഒട്ടേറെ പരാധീനതകൾ നേരിടുന്നവയാണ്. തൃപ്രയാർ എസ്.എൻ.ഡി.പി. എൽ.പി., എ.എം.എൽ.പി., നാട്ടിക സെൻട്രൽ യൂ.പി., സി.എൽ.പി. എന്നീ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വളരെ മോശമാണ്. കെട്ടിമേയാൻ ഏറെ പണം ചെലവിടേണ്ടിവരുന്നു. ഈസ്റ്റ് യൂ.പി. സ്കൂളിൻെറയും മറ്റും കാര്യത്തിൽ ജനശ്രദ്ധ തിരിയേണ്ടതാണ്.

ഫിഷറീസ് സംബന്ധമായ വൊക്കേഷണൽ അധ്യയനം ഹൈസ്കൂളിൽ തുടങ്ങാവുന്നതാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രസംഗങ്ങളിൽ ഒതുക്കാതെ പ്രാദേശിക സാധ്യതകളനുസരിച്ച് നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. ഏഴാം ക്ലാസ്സ് കഴിഞ്ഞിട്ടും മലയാള അക്ഷരങ്ങൾ അറിയില്ലെന്നു വരുന്നത് ഖേദകരമാണ്. ഇത്തരക്കാരെ പ്രത്യേകം സംവിധാനങ്ങളിലൂടെ മറ്റുള്ളവരുടെ ഒപ്പമെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കണം.

വായനശാലകൾ ഗ്രന്ഥശാലകൾ എന്നിവക്ക് അനൗപചാരിക വിദ്യാഭ്യാസരംഗത്തുള്ള പങ്ക് എടുത്ത് പറയേണ്ടതാണ്. സ്കൂൾ ലൈബ്രറികളും വായനശാലകളും സജീവമല്ലാത്തതും കലാ-സാസ്കാരിക സംഘടനകളുടെ ഗ്രന്ഥശാലകൾ കാര്യക്ഷമമല്ലാത്തതും അനൗപചാരിക വിദ്യാഭ്യാസരംഗത്ത് പലതും നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ട്. പഞ്ചായത്ത് ലൈബ്രറിയും, വായനശാലയുമാണ് പഞ്ചായത്തതിർത്തിയിൽ സജീവമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് കൊടുങ്കാറ്റുയർത്തിക്കൊണ്ട് സാക്ഷരത പ്രസ്ഥാനം അകാലത്തിൽ ചരമമടയുകയാണ് ഉണ്ടായത്. തുടർ വിദ്യാഭ്യാസത്തിനുവേണ്ടി ഉണ്ടാക്കിയ ജനവിദ്യാകേന്ദ്രങ്ങൾ ബോർഡുകൾ മാത്രമായി അവശേഷിക്കുകയാണ്. പുത്തൻ ഇലക്ട്രോണിക് മീഡിയകളുടെ വ്യാപനത്തോടെ അനൗപചാരിക വിദ്യാഭ്യാസം മറ്റൊരു ദിശയിലേക്ക് തിരിഞ്ഞിരിക്കുകയാണ്.

ബോധപൂർവമായ ശ്രമത്തിലൂടെ ഇതേ മാധ്യമങ്ങളെത്തന്നെ ഉപയോഗപ്പെടുത്തി കാലഘട്ടത്തിനനുസൃതമായ ദിശാബോധം സൃഷ്ടിക്കാവുന്നതാണ്.

## പഞ്ചായത്തിലെ വിദ്യാലയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂൾ പേര് | മാനേജ് മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ |
| 1 | GFHS നാട്ടിക | സർക്കാർ | 553 | 455 | 1008 | 6 | 32 | 38 |
| 2 | NEUPS ചേർക്കര | എയ്ഡഡ് | 203 | 190 | 393 | 2 | 16 | 18 |
| 3 | SVUPS തൃപ്രയാർ | എയ്ഡഡ് | --- | 272 | 272 | 1 | 13 | 14 |
| 4 | AUPS തൃപ്രയാർ | എയ്ഡഡ് | 268 | --- | 268 | 4 | 9 | 13 |
| 5 | KMUPS നാട്ടിക(W) | എയ്ഡഡ് | 410 | 381 | 791 | 5 | 21 | 26 |
| 6 | CUPS നാട്ടിക | എയ്ഡഡ് | 89 | 78 | 167 | 0 | 12 | 12 |
| 7 | CLPS നാട്ടിക(N) | എയ്ഡഡ് | 70 | 49 | 119 | 1 | 4 | 5 |
| 8 | SNDF.LPS | എയ്ഡഡ് | 62 | 73 | 135 | 0 | 5 | 5 |
| 9 | SNDPLPS നാട്ടിക(S) | എയ്ഡഡ് | 103 | 103 | 206 | 1 | 7 | 8 |
| 10 | GFLPS നാട്ടിക | സർക്കാർ | 155 | 169 | 324 | 3 | 8 | 11 |
| 11 | AMLPS നാട്ടിക | എയ്ഡഡ് | 98 | 134 | 232 | 1 | 8 | 9 |
| 12 | കാർമൽ LPS | അൺ എയ്ഡഡ് | 44 | 94 | 138 | 0 | 4 | 8 |

### അനൗപചാരിക സാങ്കേതിക വിദ്യാഭ്യാസം

നാട്ടിക പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അനൗപചാരികവും സാങ്കേതികവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് ഈ റിപ്പോർട്ടിൽ പ്രതിപാതിക്കാതിരിക്കാൻ കഴിയില്ല. കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങളും, ഇലക്ട്രോണിക്-ഇലക്ട്രിക് ഉപകരണ നിർമ്മാണ പരിശീലന കേന്ദ്രങ്ങളുമായ പത്തോളം സ്ഥാപനങ്ങൾ ഇന്നാട്ടിൽ പ്രവർത്തിക്കുന്നുണ്ട് അഭ്യസ്ഥവിദ്യരായവർ തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി തുടങ്ങിയ ഈ സ്ഥാപനങ്ങൾ പ്രശംസനീയമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വർഷത്തിൽ ആയിരത്തിലധികം യുവതി യുവാക്കൾ ഈ സ്ഥാപനങ്ങൾവഴി പരിശീലനം നേടി പുറത്തുവരുന്നുണ്ട്. കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ആഗമനത്തോടെ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനം ക്ഷയിച്ചു തുടങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർ പരിശീലനം നേടുന്നവരിലധികവും ഗൾഫ് നാടുകളിലേക്ക് കുടിയേറുകയാണ്. നമ്മുടെ ഭരണ-വാണിജ്യ രംഗങ്ങളിൽ കമ്പ്യൂട്ടർ വ്യാപകമാവാത്തിതാണ് ഇതിനു കാരണം. ഇൻസ്റ്റിറ്റ്യൂട്ടുകൾ വ്യാപകമായിട്ടുണ്ടെങ്കിലും പഠനം ഇനിയും കൂടുതൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. അമിതമായ ട്യൂഷൻഫീസ്മൂലം പാവപ്പെട്ട കുട്ടികൾക്ക് ഇത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയാത്തതും, നിലനിൽക്കുന്ന സ്ഥാപനങ്ങൾക്കു്

നൽകേണ്ടിവരുന്ന വമ്പിച്ച റൂം അഡ്വാൻസും, വാടകയും ഈ മേഖലയെ തളർത്താവുന്ന കാര്യങ്ങളാണ്.

### പ്രീഡിഗ്രി വിദ്യാഭ്യാസം

| ക്രമ നമ്പർ | കോളേജ് | വിദ്യാർത്ഥികൾ | |
|---|---|---|---|
| | | ആൺ | പെൺ |
| 1 | SNC നാട്ടിക | 787 | 942 |
| 2 | അഥീന, തൃപ്രയാർ (പാരലൽ) | 300 | 210 |
| 3 | വ്യാസ, തൃപ്രയാർ (പാരലൽ) | 16 | 16 |

**പ്രശ്നങ്ങൾ**

1. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.
2. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നു, ഡിവിഷനുകൾ നഷ്ടപ്പെടുന്നു.
3. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽനിന്നും മറ്റുസ്ഥലങ്ങളിലെ വിദ്യാലയങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ മാറ്റം.
4. പി.ടി.എ.കൾ, ക്ലാസ്സ് പി.ടി.എ.കൾ എന്നിവ കാര്യക്ഷമമല്ല.
5. കൂടുതൽ അൺ എയ്ഡഡ് വിദ്യാലയങ്ങൾ തുറക്കപ്പെടുന്നു.
6. അന്ധമായ ഇംഗ്ലീഷ് ഭാഷാ മീഡിയത്തോടുള്ള രക്ഷിതാക്കളുടെ ഭ്രമം.
7. വേണ്ടത്ര അക്കാദമിക് കഴിവോ താത്പര്യമോ ഇല്ലാത്ത അധ്യാപകർ.
8. പാഠ്യേതര വിഷയങ്ങളോടും കലാ-കായിക രംഗത്തോടുമുള്ള താത്പര്യക്കുറവ്.
9. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള അപര്യാപ്തത.
10. ശാസ്ത്ര-ഗണിത ശാസ്ത്ര മേളകളുടെ അശാസ്ത്രീയമായ നടത്തിപ്പ്.

### ഉന്നത-സാങ്കേതിക വിദ്യാഭ്യാസം

| കോളേജ് | വിദ്യാർത്ഥികൾ | | അധ്യാപകർ | |
|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ |
| SNC നാട്ടിക | 246 | 715 | 46 | 47 |
| അഥീന തൃപ്രയാർ | 40 | 30 | | |
| വ്യാസ തൃപ്രയാർ | | | | |
| ശ്രീരാമ പോളിടെക്നിക് | 434 | 178 | 36 | 8 |

**സാധ്യതകൾ**

1. താത്പര്യമുള്ള നാട്ടുകാരേയും വിദ്യാഭ്യാസ പ്രവർത്തകരേയും ചേർത്ത് പി.ടി.എ.കൾ വിപുലീകരിച്ച് സ്കൂളുകളുടെ ഉന്നമനത്തിനായി യത്നിക്കുക.
2. കുട്ടികളെ തൊട്ടടുത്തുള്ള സ്കൂളുകളിൽ പഠിപ്പിക്കുന്നതിനായുള്ള ബോധവല്ക്കരണം.
3. പഠനം പാഠപുസ്തകങ്ങളിൽമാത്രം ഒതുങ്ങിപ്പോകാതിരിക്കുന്നതിനുള്ള ഇടപെടലുകൾ.
4. അധ്യാപകർക്കായുള്ള, പഞ്ചായത്തുതല പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
5. പ്രഗത്ഭരായ റിട്ടയേർഡ് അധ്യാപകർ, ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ എന്നിവരുടെ സേവനം സ്കൂളുകളിൽ ലഭ്യമാക്കുക.

6. പഞ്ചായത്ത്തല വിദ്യാഭ്യാസ കോംപ്ലക്സിൽ പി.ടി.എ. പ്രസിഡണ്ടുമാരേയും പഞ്ചായത്ത് ജനപ്രതിനിധികളേയും തല്പരരായ വിദ്യാഭ്യാസ പ്രവർത്തകരേയും ഉൾപ്പെടുത്തി വിപുലീകരിക്കാവുന്നതാണ്.

7. ശ്രീരാമ പോളിടെക്നിക്കിൻെറ ഭൗതിക സാഹചര്യങ്ങൾ ഉപയോഗിച്ചുകോണ്ട് കൂടുതൽ തൊഴിൽ സാധ്യതകളുള്ള പുതിയ ട്രേഡുകളും കോഴ്സുകളും ആരംഭിക്കുക.

8. എല്ലാ മാസങ്ങളിലും പി.ടി.എ. കമ്മിറ്റികൾ കൂടാവുന്നതാണ്.

8 a എല്ലാ സ്കൂളു കളിലും ക്ലാസ് പി.ടി.എ. നിർബന്ധമാക്കണം.


8b മാതൃസംഗമങ്ങളുടെ പ്രവർത്തനം സജീവമാക്കുക.

9. സ്കൂൾ വാർഷികങ്ങളിലൂടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാവുന്നതാണ്.

10. പണച്ചെലവേറിയതും വിദ്യാർത്ഥികളുടേതല്ലാത്തതുമായ ശാസ്ത്ര-ഗണിത ശാസ്ത്ര പ്രദർശനങ്ങൾ ഒഴിവാക്കാവുന്നതും, പഞ്ചായത്തുതലത്തിൽ കുട്ടികളുടേതായ ശാസ്ത്ര-ഗണിത ശാസ്ത്ര പ്രദർശനങ്ങൾ നടത്താവുന്നതുമാണ്.

11. സമ്പന്നരായ രക്ഷിതാക്കൾമാത്രം കുട്ടികളെ പങ്കെടുപ്പിക്കാവുന്ന തരത്തിലുള്ള വൻ കലോത്സവങ്ങൾക്കു് മാറ്റം വരുത്തേണ്ടതാണ്.

12. പഞ്ചായത്തിനകത്തെ അംഗീകൃതമല്ലാത്ത സ്കൂളുകൾ നിർത്തൽ ചെയ്യുക.




## സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ

| ക്രമ നമ്പ്ര് | പേര് | വിദ്യാർത്ഥികൾ | | അധ്യാപകർ | | ഏതു വിഭാഗത്തിൽ |
|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | |
| 1 | ഓറാക്ൾ | 52 | 22 | 2 | 2 | കമ്പ്യൂട്ടർ പരിശീലനം |
| 2 | IRS | 65 | 36 | 4 | 2 | " " |
| 3 | കമ്പ്യൂ കോൺസ് | 26 | 20 | 1 | 2 | " " |
| 4 | കാഡ് | 23 | 4 | 3 | - | " " |
| 5 | ഇൻഫോകോം | 23 | -- | 3 | - | " " |
| 6 | SN കമ്പ്യൂട്ടേഴ്സ് | 51 | 4 | 2 | - | " " |
| 7 | കമ്പ്യൂട്ടർ പോയൻറ് | 36 | 14 | 3 | 1 | " " |
| 8 | മാക്സ് ഇൻസ്റ്റിറ്റ്യൂട്ട് | 69 | -- | 5 | 1 | ടെക്നിക്കൽ |
| 9 | പുലരി | -- | 91 | 4 | 2 | ഹിന്ദി |
| 10 | സ്വാതി | 7 | 22 | 2 | 2 | " |
| 11 | കുമാർ | 11 | 21 | 1 | - | ടൈപ്പ്റൈററിങ്ങ് |
| 12 | കമ്പയിൻറ് | -- | 36 | - | 1 | " " |
| 13 | മാസ്റ്റേഴ്സ് | 5 | 15 | - | 1 | " " |
| | ആകെ | 379 | 284 | 30 | 14 | |

## സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | സ്റ്റാഫ് മുറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണ പൈപ്പ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവഃ ഫിഷറീസ് ഹൈസ്കൂൾ, നാട്ടിക ബീച്ച് | 2 ഏ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 എണ്ണം | ഉണ്ട് | താല്കാലികം | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | നാട്ടിക ഈസ്റ്റ് യു.പി. സ്കൂൾ, ചേർക്കര | 0.75ഏ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | ശ്രീ വിലാസ് യു.പി. സ്കൂൾ, തൃപ്രയാർ | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | എയ്ഡഡ് യു.പി. സ്കൂൾ, തൃപ്രയാർ | 0.82ഏ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 എണ്ണം | 1 എണ്ണം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5 | കെ.എം. യു.പി. സ്കൂൾ, നാട്ടിക വെസ്റ്റ് | 1 ഏ. | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | 1 എണ്ണം | 1 എണ്ണം | താല്കാലികം | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | നാട്ടിക സെൻട്രൽ യു.പി. സ്കൂൾ | 1.56ഏ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 7 | സെൻട്രൽ എൽ.പി. സ്കൂൾ, നാട്ടിക നോർത്ത് | 0.50ഏ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | താല്കാലികം | ഇല്ല | ഇല്ല | ഇല്ല |
| 8 | എസ്.എൻ.ഡി.പി. എൽ.പി. സ്കൂൾ, തൃപ്രയാർ | 0.29ഏ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 9 | എസ്.എൻ.ഡി.പി. എൽ.പി. സ്കൂൾ, നാട്ടിക (S) | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 10 | ഗവഃ ഫിഷറീസ് എൽ.പി. സ്കൂൾ, നാട്ടിക ബീച്ച് | വാടക | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | പൈപ്പ് |
| 11 | ഏ.എം. എൽ.പി. സ്കൂൾ, നാട്ടിക. | 0.20ഏ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |



# പൊതുജനാരോഗ്യവും കുടിവെള്ളവും

**കുടിവെള്ളവും ശുചീകരണവും**

കടലിനും പുഴയ്ക്കും ഇടയിൽ കിടക്കുന്ന കേവലം 9.6 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഈ പ്രദേശത്ത് കുടിവെള്ളത്തിന് പൊതുവെ ക്ഷാമം അനുഭവപ്പെടുന്നില്ല. വളരേ വളരേ വർഷങ്ങൾക്കുമുമ്പേ നിർമിക്കപ്പെട്ടിട്ടുള്ള ശ്രീരാമ ക്ഷേത്രവുമായി ബന്ധപ്പെട്ടിട്ടുള്ളതും മറ്റ് ആരാധനാലയങ്ങളോടനുബന്ധിച്ചതുമായ വലിയ കുളങ്ങളും സ്വകാര്യ വ്യക്തികളുടെ കാർഷികാവശ്യത്തിനുള്ള ചെറിയ കുളങ്ങളും ധാരാളമുള്ളതുകൊണ്ട് ഭൂഗർഭ ജല സംരക്ഷണം വളരെ കൂടുതലാണ്. അര നൂറ്റാണ്ട് മുൻപ് ഈ കുളങ്ങളായിരുന്നു ശുദ്ധജല ഉറവിടങ്ങളെങ്കിൽ ഇന്ന് കിണറുകളും ഫിൽറ്റർ പോയിന്റുകളുമാണ് ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന കുടിവെള്ള സ്രോതസ്സ്. വളരെ കുറച്ചു കുടുംബങ്ങൾ മാത്രമെ പൊതുടാപ്പുകളിൽനിന്നും പൊതു വിതരണ (K.W.A) ശൃംഖലയിൽനിന്നും വെള്ളം ഉപയോഗിക്കുന്നവരായുള്ളൂ.

50ലധികം വരുന്ന പൊതു കിണറുകൾ നിലനില്ക്കുന്നുണ്ടെങ്കിലും സ്ഥിരമായി ഉപയോഗപ്പെടുന്നവ വിരലിലെണ്ണാവുന്നതുമാത്രമാണ്. കുടിവെള്ളത്തിന് വേണ്ടി കാത്തു നിൽക്കേണ്ടിവരികയോ ദൂരേക്ക് പോകേണ്ടിവരികയോ ചെയ്യുന്ന സന്ദർഭങ്ങൾ അത്യപൂർവ്വമാണ്. എന്നാൽ പഞ്ചായത്തിലെ പുഴയോടു ചേർന്നു കിടക്കുന്ന 1,2,3,4 വാർഡുകളിൽ പുഴയിൽനിന്നുള്ള ഒരു വെള്ളം മൂലം കുടിവെള്ളത്തിന് ക്ഷാമം അനുഭവിക്കേണ്ടിവരുന്നുണ്ട്. ആ പ്രദേശങ്ങളിൽ പൊതുജല വിതരണശൃംഖല കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്. മാത്രമല്ല K.W.A വിതരണം ചെയ്യുന്ന വെള്ളത്തിൽ അമിതമായ ക്ലോറിനേഷൻ തടയേണ്ടതും ജലവിതരണത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ഒരു വർഷത്തിൽ 152250 രൂപയാണ് പൊതുടാപ്പുകൾക്ക് വേണ്ടി പഞ്ചായത്ത് നല്കുന്നത്. ആവശ്യമില്ലാത്ത സ്ഥലങ്ങളിൽനിന്നും പൊതുടാപ്പുകൾ മാറ്റി വെള്ളക്ഷാമമുള്ള സ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്. ശുദ്ധജല വിതരണത്തിന്റെ ചുമതല പഞ്ചായത്തിന് കൈമാറുകയും കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുമാവശ്യമായ നടപടികളുമാണ് വേണ്ടത് പഴയ .P.H.D. പദ്ധതി പ്രകാരം സ്ഥാപിച്ച ടാങ്കും ശുദ്ധീകരണ സംവിധാനങ്ങളും ഓഫീസ് കെട്ടിടവും നശിച്ചുകൊണ്ടിരിക്കുകയാണ്. ഡച്ചു സഹായത്തോടെ 60കളിൽ തുടങ്ങിവച്ച നാട്ടിക ഫർക്ക ശുദ്ധജല പദ്ധതി ഇതുവരെയും കമ്മീഷൻ ചെയ്തു കഴിയാത്തതും ആ രംഗത്തെ അനാസ്ഥതയുടെയും കെടുകാര്യസ്ഥതയുടെയും സ്മാരകങ്ങളായി അവശേഷിക്കുന്നു.

**പ്രശ്നങ്ങൾ**

1. പുഴയോര വാർഡുകളിൽ പുളിവെള്ളം കയറുന്നു.
2. പുഴയോര വാർഡുകളിൽ കാണുന്ന ഉറവയില്ലാത്ത ചേർമണ്ണ്
3. KWA വിതരണം ചെയ്യുന്ന വെള്ളത്തിലെ അമിതമായ ക്ലോറിനേഷൻ

4. KWA യുടെ ചിട്ടയില്ലാത്ത ജലവിതരണം

5. നാട്ടിക ഫർക്കാ ശുദ്ധജല വിതരണ പദ്ധതി കമ്മീഷൻ ചെയ്യാതിരിക്കൽ

6. നാട്ടിക GFHS പരിസരത്തുള്ള വാട്ടർ ടാങ്കും ഉപകരണങ്ങളും ഉപയോഗിക്കാതിരിക്കൽ

7. കടലിനോടു ചേർന്നുള്ള വാർഡുകളിലെ ഉപ്പു വെള്ളം

8. കൃഷി ആവശ്യത്തിന് അമിതമായി ഉപയോഗിക്കുന്ന ഭൂഗർഭജലം

നിർദ്ദേശങ്ങൾ

1. 1,2,3,4, വാർഡുകളിലെ പുഴയിൽനിന്നും തുടങ്ങുന്ന തോടുകളിലെ ചീപ്പ് സംവിധാനം മെച്ചപ്പെടുത്തുക.

2. 8-ാം വാർഡിലെ അറപ്പയിൽനിന്നും തുടങ്ങുന്ന തോടിന് ചീപ്പ് ഉണ്ടാക്കുക.

3. 1-ാം വാർഡിൽ പുഴ രണ്ടായി തിരിയുന്നിടത്ത് ചെക് ഡാം നിർമ്മിച്ചു പുത്തൻ തോട്ടിലൂടെ ശുദ്ധജലം കയറ്റി നിർത്തുക

4. ജലസംഭരണികൾ സംരക്ഷികകുക.

5. ശുദ്ധജലത്തിനല്ലാത്ത ഫിർട്ടർ പോയിന്റുകൾ ഉപയോഗിക്കുന്നത്. നിരുത്സാഹപ്പെടുത്തുക.

6. സ്കൂളുകൾ ആശുപത്രിപോലുള്ള സ്ഥാപനങ്ങൾക്ക് ശുദ്ധജലം സൗജന്യമായി നൽകുക

**ശുചീകരണം**

കിഴക്കേ ടിപ്പുസുൽത്താൻ റോഡിലെ പുറംപോക്കിൽ താമസിക്കുന്നവരുടെ മലമൂത്രവിസർജ്ജനമാണ് കിഴക്ക് ഭാഗത്തെ രൂക്ഷമായ പ്രശ്നമെങ്കിൽ തീരദേശ വാർഡുകളായ 6,7,8,9 എന്നീ വാർഡുകളിലെ പിന്നോക്കാവവസ്ഥയാണ് കക്കൂസില്ലായ്മയുടെ പ്രശ്നങ്ങൾ. കഴിഞ്ഞ 10വർഷത്തിന്നുള്ളിൽ 300ലധികം ESP കക്കൂസുകൾ പഞ്ചായത്തിൽനിന്നും നൽകിയിട്ടുണ്ട്. ഇനിയും കക്കൂസില്ലാത്ത വീട്ടുകാർക്ക് സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കക്കൂസ് നിർമാണ പരിപാടി പഞ്ചായത്തിൽ ഇതുവരെയും നടപ്പാക്കാൻ സാധിച്ചിട്ടില്ല. മണൽ പ്രദേശ മായതിനാൽ ESP കക്കൂസ് മഴക്കാലങ്ങളിൽ വല്ലാത്ത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇരട്ടക്കുഴി കക്കൂസ് പ്രോത്സാഹിപ്പിക്കുകയാണ് അഭികാമ്യം പാഴ്ജലം ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനങ്ങളൊന്നും ഇല്ലാത്തതിനാൽ അടുക്കള മുറ്റത്തേക്കൊഴുകുന്ന പതിവാണ് ഉള്ളത്. മത്സ്യവളങ്ങളും മറ്റ് ജൈവവളങ്ങളും അശാസ്ത്രീയമായി ഉപയോഗിക്കുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ രൂക്ഷമാണ്. പ്രത്യേകിച്ചു മത്സ്യവളം, കോഴിക്കാഷ്ഠം, എല്ലുപൊടി പിണ്ണാക്ക് തുടങ്ങിയവ ഉപയോഗിക്കുമ്പോൾ വേണ്ടത്ര മണ്ണിട്ട് മൂടാതിരിക്കുന്നത് രോഗങ്ങൾക്ക് കാരണമാകാറുണ്ട്. തൃപ്രയാർ സെന്ററിലെ അഴുക്ക് ചാൽ പ്രശ്നമാണ് ഏറ്റവും രൂക്ഷമായ മറ്റൊരു പരിസ്ഥിതി പ്രശ്നം. ഹോട്ടൽ ഉടമകളും കച്ചവടക്കാരും കാനയിൽ നിക്ഷേപിക്കുന്ന ചപ്പുചവറുകളാണ് ഇതിന് കാരണം. സെന്ററിലൂടെ ഒഴുകിയിരുന്ന തോട് ശൃംഗലക്ക് പുതിയ നിയന്ത്രണമില്ലാത്ത കെട്ടിട നിർമ്മാണ രീതികൊണ്ട് തടസങ്ങൾ നേരിട്ടതും കൽവർട്ടുകൾ മൂടപ്പെട്ടതും കാരണങ്ങളാണ്. തൃപ്രയാർ സെന്ററിനോട് ചേർന്നുള്ള ശ്മശാനം അശ്ലാസ്ത്രീയമായ രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്.

അതിൽനിന്നുമുണ്ടാകുന്ന ദുഷിച്ച പുക പരിസരവാസികൾക്ക് ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

**നിർദ്ദേശങ്ങൾ**

1. കിഴക്കേ ടിപ്പുസുൽത്താൻ റോഡിലെ പുറമ്പോക്ക് നിവാസികളെ മാറ്റിപ്പാർപ്പിക്കുവാൻ നടപടി എടുക്കുക

2. SEu സഹായത്തോടെയോ അല്ലാതെയോ ഉള്ള ഇരട്ടക്കുഴി കക്കൂസ് നിർമ്മാണ പരിപാടി വ്യാപിപ്പിക്കുക.

3. ജൈവവളങ്ങളുടെ ഉപയോഗക്രമത്തിൽ PHC യെ ഉപയോഗപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കൽ

4. പുരയിട കൃഷിയിൽ പാഴ്ജലം ഉപയോഗപ്പെടുത്തുന്നതിനുള്ള ബോധവത്കരണം.

5. കട ഉടമകളുടെ പേരിൽ മലിനീകരണത്തിനെതിരെയുള്ള നടപടികൾ കർശനമാക്കുക

6. തൃപ്രയാർ അഴുക്ക് ചാൽ പുത്തൻ തോടുമായി ബന്ധപ്പിക്കുക.

7. മൂടികിടക്കുന്ന കൽവർട്ടുകളും തോടുകളും വൃത്തിയാക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുക.

**ആരോഗ്യമേഖല**

ഒരേ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ ആരോഗ്യ സേവന മേഖലയിൽ ഉള്ള ഏക സ്ഥാപനം. ഇതാണെങ്കിൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ഒതുങ്ങി നിൽക്കുന്നതിനാൽ മുഴുവൻ ഭാഗത്തേയ്ക്കും സേവനമെത്തിക്കുന്നതിന് സാധിക്കുന്നില്ല.

വലപ്പാട് സർക്കാർ ആശുപത്രിയും തൃപ്രയാർ (താന്ന്യം പഞ്ചായത്ത്) സർക്കാർ ആശുപത്രിയുമാണ് കൂടുതൽപേരും ആശ്രയിക്കുന്ന പൊതുജനാരോഗ്യ സേവനകേന്ദ്രങ്ങൾ. പാരമ്പര്യ ആയൂർവ്വേദ രംഗത്തെ ഒരു ആശുപത്രി ഈ നാട്ടുകാർ ഏറെകാലമായി ആവശ്യപ്പെടുന്നതാണ്. എന്നാൽ ആവശ്യമായ നടപടിക

ളൊന്നും തന്നെ ഇതുവരെ ഉണ്ടായിട്ടില്ല.

നാട്ടിക പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് നാട്ടുകാർ ഉണ്ടാക്കി കൊടുത്ത ഒരേക്കർ സ്ഥലവും അതിൽ 12 കിടക്കകളുള്ള ഒരു വാർഡും ഉണ്ട്. 1 ഡോക്ടറടക്കം 14 ആരോഗ്യ പ്രവർത്തകർ ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആവശ്യമായ ക്വോർട്ടേഴ്സ് സൗകര്യമില്ലാത്തതിനാൽ പലപ്പോഴും തുടങ്ങിവെച്ച I.P. പ്രവർത്തനം ഇടക്ക് വെച്ച് നിർത്തേണ്ടിവരുന്നു. കമ്യൂണിറ്റി PHC ആയി ഉയർത്താത്തിനാലും കൂടുതൽ സ്റ്റാഫ് നേഴ്സ് തസ്തിക ഇല്ലാത്തതിനാലും I.P. പ്രവർത്തനം പ്രതിസന്ധികളെ നേരിടാറുണ്ട്.

കഴിഞ്ഞ 10–15 വർഷങ്ങളായി ഈ പ്രദേശത്ത് സമ്പന്നരോഗങ്ങൾ ധാരാളമായി കണ്ടുവരുന്നുണ്ട്.

അവയെ ആശ്രയിച്ചുള്ള സ്വകാര്യ ചികിത്സാ കേന്ദ്രങ്ങളിൽ സമീപപ്രദേശങ്ങളിൽ ഉയർന്നു വരാൻ തുടങ്ങിയിട്ടുണ്ട്. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പേപ്പട്ടികളെ നശിപ്പിക്കുന്നതിനുള്ള സംവിധാനം തീരെ കുറവാണ്.

തീരദേശ ആരോഗ്യ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ പേരിന് മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അംഗൻവാടികൾക്ക് സ്ഥലമോ കെട്ടിടമോ ഇല്ലാത്തതിനാൽ മാതൃശിശു സംരക്ഷണ പരിപാടി മാതൃകാപരമായി നടത്താൻ സാധിക്കാറില്ല.

കഴിഞ്ഞ 2 വർഷത്തിനുള്ളിൽ മാതൃമരണങ്ങൾ തീരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. P.H.C. യുടെ പ്രവർത്തനത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുകയും ഗ്രാമ പഞ്ചായത്തിന് നൽകിയിരിക്കുന്ന അധികാരങ്ങളിലെ അവ്യക്തത നീക്കുകയും വേണം. പഞ്ചായത്തിന്റെ 1,2,3,4,10 വാർഡുകളിലേക്ക് ആവശ്യമായ ഫേമിലി വെൽഫെയർ സെന്ററുകൾ ഉണ്ടാക്കുകയും കുട്ടികളുടേയും ഗർഭിണികളുടേയും ആരോഗ്യപരിപാലനത്തിന് മാസത്തിലൊരിക്കലെങ്കിലും ഡോക്ടറുടെ സേവനം ഉറപ്പാക്കുകയും വേണം. സ്കൂളുകളിൽ കടലാസ്സിൽ മാത്രമായി ഒതുങ്ങി കിടക്കുന്ന ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മാതൃകാ പരമാക്കുകയും അധ്യാപകരെ ആരോഗ്യ പ്രവർത്തകരാക്കുകയും വേണം. നഷ്ടപ്പെട്ടുപോയ അവരുടെ സാമൂഹ്യ ബന്ധം വളർത്താനും ഇത് ഉപകരിക്കും.

രക്തദായകരുടെ എണ്ണം ധാരാളമുണ്ടെങ്കിലും അതിനുള്ള സംഘടനാസംവിധാനം തീരെ കുറവാണ്. എസ്.എൻ. കോളേജ് പോളിടെക്നിക് എന്നിവിടങ്ങളിലെ NSS, NCC എന്നീ സംഘടനകളെ ഉപയോഗപ്പെടുത്തികൊണ്ടുള്ള രക്തദാന ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാവുന്നതാണ്.

**പ്രശ്നങ്ങൾ**

1. ആകെയുള്ള പി.എച്ച്.സി.പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്താണ്.

2. മറ്റു ആശുപത്രി സംവിധാനങ്ങൾ പഞ്ചായത്തിൽ ഇല്ല.

3. ഒരു ഡോക്ടർ മാത്രമുള്ളതുകൊണ്ട് ഐ.പി.പ്രവർത്തനം കാര്യക്ഷമമല്ല.

4. ആവശ്യമായ സ്റ്റാഫ് ക്വാർട്ടേഴ്സ് ഇല്ല.

5. ജലജന്യരോഗങ്ങൾ പടർന്നുപിടിക്കുന്ന സമയത്ത് പ്രതിരോധ പ്രവർത്തനങ്ങൾ വൈകുന്നു.

6. ധാരാളം വീടുകളിലും വൃത്തിയില്ലാത്ത മലമൂത്ര വിസർജന സംവിധാനങ്ങളാണ് നിലവിലുള്ളത്.

7. ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനക്കുറവ്

8. പൊതു നിരത്തുകളിൽ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നു.

9. പൊതു കുളങ്ങളും കിണറുകളും സമൂഹ്യ ദ്രോഹികൾ നശിപ്പിക്കൽ

**നിർദ്ദേശങ്ങൾ**

1. നാട്ടിക PHC യെ കമ്മ്യൂണിറ്റി PHC ആക്കി ഉയർത്തുക

2. ക്വാർട്ടേഴ്സ് സൗകര്യം ഉടൻ ഉണ്ടാക്കുക

3. പാരമ്പര്യആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക

4. ഡോക്ടറും, ആവശ്യമായ പാരാമെഡിക്കൽ സ്റ്റാഫും ഉണ്ടായിരിക്കുക.

5. ആശുപത്രി വികസന സമിതി കൂടുതൽ ആളുകളെ ഉൾപ്പെടുത്തി വിപുലീകരിക്കുകയും ചെയ്യുക


6. മുഴുവൻ 18 വയസ്സ് പൂർത്തിയായവരേയും ഉൾപ്പെടുത്തിയുള്ള വാർഡ് തല രക്തദായകസംഘം രൂപീകരിക്കുകയും. കേന്ദ്രീകൃത ലിസ്റ്റ് PHCയിൽ സൂക്ഷിക്കുകയും ചെയ്യുക

7. അധ്യാപകർക്ക് 1 അധ്യാപികമാർക്ക് 1 വർഷത്തിലൊരിക്കൽ തങ്ങളുടെ പ്രദേശത്ത് ആരോഗ്യ ബോധവൽക്കരണക്ലാസ്സ് നടത്തുന്നതിനുള്ള പ്രോത്സാഹനം നല്കുക

8. അലഞ്ഞു നടക്കുന്ന പട്ടികളെ പിടിക്കുന്നതിന് പരിശീലനവും അംഗീകാരവും നല്കുക

9. ശ്രീരാമ ക്ഷേത്രത്തോട് ചേർന്നുള്ള പ്രദേശത്ത് പൊതുകംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക

12



# ഗതാഗതം ഊർജ്ജം മാർക്കറ്റ്

നാട്ടിക പഞ്ചായത്തിലെ മൊത്തം ഊർജ്ജ ഉപഭോഗത്തിൽ പ്രധാനഭാഗവും ഗാർഹികാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ചൂടാക്കൽ പ്രക്രിയക്കും, വെളിച്ചത്തിനും വേണ്ടിയാണ് ഇതിൽ സിംഹ ഭാഗവും ഉപയോഗിക്കുന്നത്. 78% ആളുകൾ പൂർണ്ണമായും വിറകിനെ മാത്രം ആശ്രയിച്ചു പാചകം ചെയ്യുമ്പോൾ 13% പേർ പാചകഗ്യാസും 9% പേർ മണ്ണെണ്ണയും, വൈദ്യുതിയും മുഖ്യ ഇന്ധനങ്ങളായും ഉപയോഗിക്കുന്നു. ആധുനിക ഇന്ധനങ്ങൾ മാത്രം ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്.

വിറകിന് പ്രധാനമായും തെങ്ങിനെയാണ് ആശ്രയിക്കുന്നത്. ചകിരി, ചിരട്ട, മടൽ, കൊതുമ്പ് ചെറിയ തോതിൽ ഓലയും വിറകിനായി ഉപയോഗിക്കുന്നു. മുൻകാലങ്ങളിൽ വൃക്ഷങ്ങളുടെ പൊഴിയുന്ന ഇലകൾ അടിച്ചുകൂട്ടി (ചവറ്) ഉപയോഗിച്ചിരുന്നു. അതിനാൽ ചപ്പുചവറുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാനും കഴിഞ്ഞിരുന്നു. വിറകിനുവേണ്ടി കശുമാവിനേയും മറ്റു പാഴ്മരങ്ങളേയും ഇന്നു ആശ്രയിച്ചുവരുന്നു. 100 ചകിരിക്ക് 25 രൂപയും ഒരു കിലൊ വിറകിന് ഒരു രൂപയും 60 പൈസയും വിലയുണ്ട്. പക്ഷെ ഇത്തരം വിറകുകളുടെ മൊത്തം ഊർജ്ജത്തിന്റെ 10% മാത്രമെ സാധാരണ വിറകടുപ്പുകൾ വഴി ലഭ്യമാകുന്നുള്ളൂ

ഇന്നത്തെ വിറകടുപ്പുകളുടെ സ്ഥാനത്ത് ഇന്ധനക്ഷമത കൂടിയ പുകയേൽക്കാത്ത അടുപ്പുകൾ സ്ഥാപിക്കുകയാണെങ്കിൽ പ്രതിദിനം വിറകിനത്തിൽ തന്നെ 20,000 രൂപയോളം ഈ പഞ്ചായത്തതൃത്തിയിൽനിന്നും ലാഭിക്കുവാൻ കഴിയും. ഇതു പഞ്ചായത്തിന്റെ പ്രതിവർഷവരുമാനത്തിന്റെ 123% ത്തോളം വരും. ഇതിന്റെ നിർമ്മാണ ചിലവ് കേവലം 300 രൂപയിൽ താഴെ മാത്രമാണ്. ഇതിൽ 200 രൂപയോളം ANERT സബ്സിഡിയായി നൽകുന്നുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് , അനെർട്ട്, കോസ്റ്റ് ഫോർഡ്, കോളേജ് NSS യൂണിറ്റുകൾ എന്നിവ ഉപയോഗപ്പെടുത്തി ഇതിന്റെ പ്രചരണവും നിർമ്മാണവും വർദ്ധിപ്പിക്കാവുന്നതാണ്. ഇത്തരം അടുപ്പുകൾ സ്ഥാപിക്കാവുന്ന 2500 വീടുകളെങ്കിലും ഈ പഞ്ചായത്തിലുണ്ട്.

മറ്റു ചില ഏജൻസികൾ പ്രചരിപ്പിക്കുന്ന പുകയേൽക്കാത്ത അടുപ്പുകൾ വേറെയും നിലവിലുണ്ടെങ്കിലും അവ ഭാരിച്ച നിർമ്മാണചിലവും സാധാരണ വിറകടുപ്പിനേക്കാൾ കുറഞ്ഞ ഇന്ധന ക്ഷമതയും ഇതിന്റെ രണ്ടു ന്യൂനതകളാണ്.

ഇന്ധന ലാഭത്തിനു പുറമെ വൃത്തിയുള്ള അടുക്കളയും ആരോഗ്യവും ശുചിത്വവുമുള്ള വീട്ടമ്മയും എന്ന ആശയം കൂടി പ്രാവർത്തികമാക്കുന്നു.

വാണിജ്യാവശ്യങ്ങൾക്ക് വിറക് വളരെ കുറച്ചു മാത്രമെ ഉപയോഗിക്കുന്നുള്ളൂ. ഹോട്ടലുകളിലും, സദ്യക്കും കൂടാതെ സ്കൂളുകളിൽ ഉച്ചക്കഞ്ഞി ഉണ്ടാ

ക്കുന്നതിനും വേണ്ടിയാണ് ഇത്തരം ഉഭഭോഗം കൂടുതൽ നടക്കുന്നത്. പഞ്ചായത്തിനകത്ത് ആകെയുള്ള 11 സ്കൂളുകളിൽ 6 എണ്ണത്തിൽ അനർട്ടിന്റെ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് 40% ഇന്ധനക്ഷമത യുണ്ട്. ബാക്കിയുള്ള 5 സ്കൂളുകളിൽ കൂടി അനെർട്ടിന്റെ സാമ്പത്തിക സഹായത്തോടെ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കാവുന്നതാണ്.

വൈദ്യുതി- പഞ്ചായത്തിൽ ആകെ ഗാർഹിക ഉപ ഭോക്താക്കളുടെ എണ്ണം 2615 ഉം കാർഷിക ഉപഭോക്താക്കളുടെ എണ്ണം 1905 ഉം ആണ്. കൂടാതെ 843 വ്യാപാര കണക്ഷനും 85 വ്യാവസായിക കണക്ഷനും ഉണ്ട്. 250 അപേക്ഷകർക്ക് ഇനിയും കണക്ഷൻ ലഭിച്ചിട്ടില്ല. നടപ്പു വർഷം ആകെ 64 കണക്ഷനുകളാണ് വൈദ്യുതി ബോർഡ് നാട്ടിക പഞ്ചായത്തിൽ നൽകിയിട്ടുള്ളത്.

**പ്രശ്നങ്ങൾ**

1. നിലവിലുള്ള വൈദ്യുത ലൈനുകൾ ശാസ്ത്രീയമായ രീതിയിലല്ല വലിച്ചിട്ടുള്ളത്

2. വഹിക്കാവുന്നതിനേക്കാൾ കൂടുതൽ ലോഡുള്ള ട്രാൻസ്ഫോർമറുകൾ

3. തീരെ കുറഞ്ഞ വോൾട്ടേജും, അപ്രഖ്യാപിതമായ വൈദ്യുതി കട്ടും.

4. സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള വീഴ്ച

5. വൈദ്യുത ഉപകരണങ്ങൾ ആർഭാടമായി ഉപയോഗിക്കുന്നു.

6. പ്രചാരത്തിലുള്ള അടുപ്പുകളുടെ ദക്ഷതകുറവ്

**ഗതാഗതം**

സാമാന്യം മെച്ചപ്പെട്ട ഒരു റോഡ് ശൃംഖല ഇതിനകം തന്നെ പഞ്ചായത്തിന്നകത്ത് ഉണ്ടാക്കിയെടുക്കാൻ മുൻപഞ്ചായത്ത് ഭരണ സമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിനകത്ത് 56.64 കിലോമീറ്റർ റോഡുണ്ട്. ഇതിന് 4 കി.മീറ്റർ നാഷണൽ ഹൈവേ 17ഉം, 1.5 കി.മീറ്റർ P.W.D. റോഡുമാണ്. 51.14 കി.മീറ്റർ പഞ്ചായത്ത് റോഡിൽ 45.877 കി.മീറ്റർ ടാർ ചെയ്തതും 5.27കി.മീറ്റർ ടാർ ചെയ്യാത്തതുമാണ്. 6-ാം വാർഡിലെ 725 മീറ്റർ നീളമുള്ള മൂത്തകുന്നം ബീച്ച് റോഡാണ് മെറ്റൽ ചെയ്തു ടാർ ചെയ്യാൻ ബാക്കിയുള്ള റോഡ്. പഞ്ചായത്തിൽ ശരാശരി ഒരു ച.കി.മീറ്ററിന് 5.9 കി.മീറ്റർ റോഡുകളുണ്ട്. ഇത് സംസ്ഥാന ശരാശരി യേക്കാൾ വളരെ കൂടുതലാണ്.

ടാർ ചെയ്യാത്ത റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | നീളംx വീതി മീറ്ററിൽ |
|---|---|---|
| I | 1. ഇ.ആർ.കൃഷ്ണൻകുട്ടിമാസ്റ്റർ റോഡ് | |
| | 2. ഗ്രൗണ്ട് പരിസരത്തുകൂടിയുള്ള റോഡ് | |
| II | 3. ഏ.കെ.ജി. കോളനി റോഡ് | |
| III | 4. ചെട്ടിക്കടവ് റോഡ് | 200X5മി. |
| IV | 5. കാക്കനാട്ട് കോളനി റോഡ് | 300X4മി. |
| | 6. വെണ്ണക്കൽ കടവ് റോഡ് ബാക്കി | 200 X6മി. |
| | 7. ചന്തക്കടവ് റോഡ് ബാക്കി | 208മി.X6മി |
| | 8. ചന്തക്കടവ് -കുഴിക്കൽ കടവ് റോഡ് | 1-000 കി.മീ. |
| | 9. പാണ്ടികശാല കടവ് റോഡ് | 780മി.X5മി |
| V | 10. വാഴക്കുളം അമ്പലം റോഡ് | 640X3.6മി |
| | 11. എടമന റോഡ് | |
| | 12. ടി.പി.രാമൻ റോഡ് | 400X5 മി. |
| | 13 ആലപ്പുഴ രാമൻ റോഡ് | |
| | 14. സി.യു. കൃഷ്ണൻകുട്ടി റോഡ് | 750X 41/2മി |
| VII | 15. കസ്തൂർ ബാ റോഡ് | |
| | 16. അട്ടാക്കുഴി ബന്തർ റോഡിൽ ബാക്കി | 200X 4മി |
| | 17. ബീച്ച് നാട്ടിക ബീച്ച് ലിങ്ക് റോഡ് | 200X 5മി. |
| VIII | 18. നേതാജി റോഡ് | 530X 5മി |
| | 19. വ്യാസ റോഡ് | 400X 3.6 |
| IX | 20 പീതാബരൻ റോഡ് | 620 X 41/2 മി |
| | 21 വെള്ളാഞ്ചേരി റോഡ് | 600 X 4 മി |
| | 22. സലിൽമെമ്മോറിയൽ റോഡ് | |
| | 23. ദാമോദരൻ റോഡ് | 450 X 4 മി |
| | 24. കാഞ്ചി കുഞ്ഞിമുഹമ്മദ് റോഡ് | |
| | 25. ബാബുമാസ്റ്റർ മെമ്മോറിയൽ റോഡ് | 1500മി. 41/2മി |
| X | 26. ചെമ്പിപ്പ്പറമ്പിൽ ക്ഷേത്രം റോഡ് | 500 X 4 മി |
| | 27. N.H. 17 കി.ടിപ്പുസുൽത്താൻ ലിങ്ക് റോഡ് | 3000 X 4 മി |
| | 28. രാമൻകുളം റോഡ് | 400 X 3.6 മി |
| | 29. വല്ലത്ത് റോഡ് | 460 X 4 മി |

ഈ റോഡുകൾക്ക് പുറമെ ജനകീയമായ ശ്രമഫലത്താൽ ഒട്ടേറെ റോഡുകൾ നിർമ്മാണ ഘട്ടത്തിലാണ്. റോഡുകൾക്ക് പുറമെ ശ്രദ്ധിക്കപ്പെടേണ്ടതാണ് കനോലി കനാലിലൂടെയുള്ള ജലഗതാഗതം. ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ യാതൊരു നടപടിക്രമങ്ങളും നടന്നതായി കാണുന്നില്ല

നിലവിലുള്ള റോഡുകൾ പരിസരവാസികൾ കയ്യേറുന്നതുകൊണ്ട് ഏറ്റെടുത്ത പല റോഡുകൾക്കും തുടക്കത്തിലെ വീതി ഇപ്പോഴില്ല. നാട്ടിക ബീച്ച് റോഡ് വേണ്ടത്ര വീതിയും കാനകളും ഇല്ലാത്തതിനാൽ ഗതാഗതം ഏറെ ദുഷ്കരമായിരിക്കയാണ്. കരാറു പണിയുടെ ആധിക്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന മേഖലയാണ് റോഡു നിർമ്മാണം സർക്കാർ കൂലി കുറവായതിന്റെ പേരിൽ അമിത സംഖ്യക്ക് ലേലം കൊള്ളുന്നതുകൊണ്ടുള്ള നഷ്ടങ്ങൾ.




ഗവർമെണ്ടിൽ നിന്നു കിട്ടുന്ന ധനസഹായത്തെ മാത്രം ആസ്പദമാക്കി വികസന പ്രവർത്തനം സംഘടിപ്പിക്കുന്നതിനു പകരം വികസന പ്രവർത്തനത്തിനാവശ്യമായ മൂലധനം പണമായോ സാധനങ്ങളായോ ശ്രമദാനത്തിന്റെ രൂപത്തിലോ നൽകുക എന്ന പുത്തൻ കാഴ്ചപ്പാട് കേരളത്തിൽ പ്രാവർത്തികമായി വരാൻ പോവുകയാണല്ലോ.

ഈ പ്രവർത്തനത്തിന് രാഷ്ട്രീയമായ ഒരർഥം കൂടിയുണ്ട്. ഭരണപക്ഷവും പ്രതിപക്ഷവും രണ്ടു വിരുദ്ധശക്തികളായി അന്യോന്യം ഏറ്റുമുട്ടുന്നതിനുപകരം സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യോജിക്കുക എന്ന സമീപനം പ്രയോഗത്തിൽ വരും.

നയപരമായ കാര്യങ്ങളിൽ അഭിപ്രായവ്യത്യാസം നിലനിർത്തിക്കൊണ്ടു തന്നെ ജനക്ഷേമത്തിനുവേണ്ടി ഒന്നിച്ച് നിൽക്കുന്നതിന്റേതായ ഒരു പുതിയ സംസ്കാരം ഉയർന്നുവരും. അതു കേരള രാഷ്ട്രീയത്തിന്റെ മുഖച്ഛായയാകെ മാറ്റും.

ജാതിമതകക്ഷി ഭേദങ്ങൾക്കതീതമായി ജനസേവനത്തിന് സ്വയം അർപ്പിക്കാൻ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ രാഷ്ട്രീയക്കാരും അണിനിരക്കാൻ പോവുകയാണ്.

ഇ.എം.എസ്.നമ്പൂതിരിപ്പാട്



# പാർപ്പിടവും സാമൂഹ്യക്ഷേമവും

സാമൂഹ്യക്ഷേമപരിപാടികൾ ദാരിദ്ര്യ നിർമാർജ്ജനത്തിനും, ദരിദ്രജന വിഭാഗത്തിന്റെ ഉന്നതിലക്ഷ്യമാക്കിക്കൊണ്ടുമാണ് നടപ്പാക്കികൊണ്ടിരിക്കുന്നതെങ്കിലും, പലപ്പോഴും ഇടത്തട്ടുകാരുടെ കയ്യിലകപ്പെട്ടുപോകുന്ന അവസ്ഥയാണ് പദ്ധതികൾക്കുണ്ടാകുന്നത്.

ആർക്കുവേണ്ടിയാണോ പദ്ധതി ലക്ഷ്യമിടുന്നത്, അവരറിയാതെയാണ് അവ നടപ്പാക്കികൊണ്ടിരിക്കുന്നത്. തൊഴിൽ മേഖല വികസിപ്പിക്കുന്നതിനും, പ്രാദേശിക തൊഴിൽദിനങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന JRY പോലുള്ള പദ്ധതികളുടെ നടത്തിപ്പിലൂടെ മറ്റൊരു ഇടനിലക്കാർകൂടി രംഗപ്രവേശം ചെയ്യുകയല്ലാതെ മറ്റെന്താണ് നടക്കുന്നത്.

വികലാംഗർ, വിധവകൾ, കർഷകതൊഴിലാളികൾ, വൃദ്ധരായവർ മത്സ്യതൊഴിലാളികൾ എന്നിവർക്കായുള്ള വിവിധ പെൻഷനുകളും മറ്റും നിലനൽക്കുന്നുണ്ടെങ്കിലും സത്യസന്ധമായ അന്വേഷണങ്ങളും തെളിവെടുപ്പുകളും നടക്കാത്തതുകൊണ്ട് അർഹരായ അനേകം പേർക്ക് അവ ലഭിക്കാതിരിക്കുകയും അനർഹർക്ക് ലഭിക്കുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. ദരിദ്ര വിഭാഗങ്ങളിലെ അജ്ഞതയും, നിരക്ഷരതയുമാണ് തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള വിലങ്ങുതടികളായി നിലകൊള്ളുന്നത്. തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി കാത്തുനിൽക്കുന്ന യുവാക്കളിൽപോലും സാമൂഹ്യ പ്രതിബദ്ധത തീരെ കുറഞ്ഞുവരുന്നത് ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്.

സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങൾക്കു വേണ്ടി നീക്കിവെക്കുന്ന സമയം ജനങ്ങൾക്കിടയിൽ പ്രത്യേകിച്ചും യുവാക്കളിൽ കുറഞ്ഞുവരുന്നതും സാമൂഹ്യ അവസ്ഥയുടെ പിന്നോടിയായിട്ടാണ് കാണേണ്ടത്.

ഓരോ അംഗനവാടികൾക്കൊപ്പം ഓരോ മഹിളാസമാജം പ്രവർത്തിക്കേണ്ടിടത്ത് നാട്ടികയിലെ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളുടെ എണ്ണം രണ്ടുമാത്രമാണ്. അതിൽതന്നെ നാമമാത്രമായ വനിതകൾ മാത്രമേ പങ്കെടുക്കുന്നുള്ളൂ. 17 ഐ.സി.സി.എസ് അങ്കനവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്വന്തം കെട്ടിടവും, സ്ഥലവുമുള്ളവയുടെ എണ്ണം വളരെകുറവാണ്. 6 എണ്ണത്തിന് കെട്ടിടവും രണ്ടെണ്ണത്തിന് സ്ഥലവും ഉണ്ടെങ്കിലും ബാക്കി 9 എണ്ണത്തിന് വാടകസ്ഥലത്തുള്ള താല്കാലിക ഷെഡ്ഡുകൾ മാത്രമാണ് അഭയകേന്ദ്രം.

അങ്കനവാടികളുടെ പ്രവർത്തനം, നിർദ്ദേശങ്ങൾക്കപ്പുറത്തേക്ക് പോകുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. കുട്ടികൾക്കുവേണ്ടിയുള്ള പോഷണ- മാനസികോല്ലാസകേന്ദ്രങ്ങൾക്കുപരിയായി അവ അക്ഷരങ്ങളും അക്കങ്ങളും പഠിപ്പിക്കുന്ന കേന്ദ്രങ്ങൾ ആയി മാറിക്കൊണ്ടിരിക്കയാണ്. രക്ഷിതാക്കളുടെ അന്ധമായ വിദ്യാഭ്യാസ സങ്കല്പങ്ങൾമൂലം ഇത്തരം സ്ഥാപനങ്ങൾ കുട്ടികൾക്കുള്ള പീഠന കേന്ദ്രങ്ങളായി മാറാതിരിക്കാൻ അമ്മമാർക്ക് പ്രത്യേക ബോധവൽക്കരണം നടത്തേണ്ടതാണ്.

റേഷൻകാർഡിലെ അപാകതകൾ പിരഹരിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കുന്നതിന് ഗുണഭോക്താക്കളെ സഹായിക്കാൻ പഞ്ചായത്തു പ്രസിഡണ്ടിന് അധികാരം നൽകിയിട്ടുണ്ടെങ്കിലും ഇനിയും സങ്കീർണതകൾ നിലനിൽക്കുന്നു.

പൊതു വിതരണശൃംഗലയിലൂടെ വിതരണംചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾ ഗുണനിലവാരം കുറഞ്ഞതും അളവിലും തൂക്കത്തിലും കൃത്യതയില്ലാത്തതുമാണ്.

നാട്ടിക ഗ്രാമപഞ്ചായത്തിൽ 10 വാർഡുകളിലായി 11 റേഷൻകടകളിൽ 3842 കാർഡുടമകൾ ഉണ്ട്.

ഇത്തരം സംരഭങ്ങൾ ഉപയോഗപ്പെടുത്തി വനിതാരംഗത്ത് ഒരു പുത്തനുണർവ് സൃഷ്ടിക്കാനും, അവരെ സാമൂഹ്യ രംഗത്തേക്ക് കൊണ്ടുവരാനും സാധിക്കും.

പ്രശ്നങ്ങൾ

1. അങ്കനവാടികൾക്ക് സ്ഥലമോ കെട്ടിടമോ ഇല്ല.

2. അങ്കനവാടി പ്രവർത്തകർക്കു നൽകുന്ന കുറഞ്ഞ വേതനം

3. ജനകീയ കമ്മറ്റികളുടെ പ്രവർത്തന രാഹിത്യം

4. അങ്കനവാടികൾ പ്രീ സ്കൂളാണെന്ന തെറ്റായ ധാരണ

5. മാതൃ സംഗമങ്ങളുടെ അഭാവം

6. മഹിളാ സമാജങ്ങളുടെയും, സന്നദ്ധ പ്രവർത്തനങ്ങളുടെയും അഭാവവും പ്രവർത്തന രാഹിത്യവും.

1. ഇതിനുള്ള പ്രധാന കാരണം ഈ പദ്ധതിയുടെ വിഹിതം പ്രധാനമായും റോഡ് നിർമ്മാണത്തിനുമാത്രം ചിലവഴിക്കുന്നു എന്തുകൊണ്ടാണ്. ഇത്തരം സ്കീമുകൾ ഉപയോഗിച്ച് ദരിദ്ര ജന വി ഭാ ഗ ങ്ങ ൾ ക്കി ട യിൽതന്നെ സ്ഥിരം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതേയുള്ളൂ.

2. ഇത്തരത്തിൽ വേതനംകൊടുക്കുമ്പോൾ തന്നെ അവരെ ഉൾപ്പെടുത്തി സമൂഹ നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാനും കഴിയണം.

3. താഴന്ന വരുമാനത്തിൽപ്പെട്ട വനിതാ സംരഭകരെ ഉൾപ്പെടുത്തി ആരംഭിക്കാവുന്ന DWCRA യൂണിറ്റുകൾക്ക് ഗുണഭോക്താക്കളെ ലഭിക്കാത്ത അവസ്ഥയാണുള്ളത്. 4-ാം വാർഡിൽ മാത്രമാണ് അത്തരത്തിലുള്ള ഒരു യൂണിറ്റ് നിലനിൽക്കുന്നത്. കേവലവായ്പയെമാത്രം ലക്ഷ്യമാക്കി സാമൂഹ്യക്ഷേമപരിപാടികളിൽ ചെന്നുചാടുന്നവരും കുറവല്ല. ടൈലറിംഗ്, റെഡിമെയ്ഡ്, ചെറുകിടകച്ചവടം എന്നിവക്കുവേണ്ടി വായ്പയെടുത്തു തകർന്നുപോയവരും ഇക്കൂട്ടത്തിലുണ്ട്.

18 മുതൽ 35 വരെ വയസ്സുള്ള യുവതീയുവാക്കൾക്കു വേണ്ടി നടത്തുന്ന ഹ്രസ്വകാല സ്വയംതൊഴിൽ പരിശീലന പരിപാടികളിലും(ട്രൈസം) വേണ്ടത്ര ഗുണഭോക്താക്കളെ ലഭിക്കാറില്ല.

സാമൂഹ്യക്ഷേമ പരിപാടികളുടെ അടിസ്ഥാന ശിലയായി പ്രവർത്തിക്കുന്ന റേഷൻ കാർഡ് സാധാരണ ജനങ്ങൾക്ക് ഒരുപാട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

7. ദാരിദ്ര്യ നിർമാർജനത്തിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികളുടെ അപാകതകൾ.

8. നിരാലംബരായവർക്ക് വേണ്ടിയുള്ള പെൻഷൻ പദ്ധതികളുടെ സങ്കീർണതകളും, അപാകതകളും.

9. റേഷൻ സാധനങ്ങളുടെ ഗുണനിലവാരമില്ലായ്മ.

10. റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

11. റവന്യു ഓഫീസുകളിൽനിന്നും നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ.

സാധ്യതകൾ

1. പഞ്ചായത്ത് ധനസഹായത്തോടെ അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും നിർമ്മിച്ചുകൊടുക്കുക.

2. അംഗൻവാടികളോടനുബന്ധിച്ചുള്ള ജനകീയ കമ്മറ്റികൾ കാര്യക്ഷമമാക്കുക.

3. ഉത്പാദന വിപണന മേഖലകളെ ബന്ധപ്പെടുത്തി മഹിളാ സമാജങ്ങൾ രൂപീകരിക്കാവുന്നതാണ്.

4. VEO മാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ജനകീയ ഇടപെടലുകൾ, പൂർണമായ അധികാരങ്ങൾ പഞ്ചായത്തുകൾക്കു നൽകുക.

പാർപ്പിടം

പഴയ മാതൃകയിൽ തീർത്തതും ഉയർന്ന നിലവാരം പുലർത്തുന്നതുമായ കുറച്ചു വീടുകൾ ഭാഗികമായി നിൽക്കുന്നുണ്ടെങ്കിലും കൂട്ടുകുടുംബങ്ങൾ ഇല്ലാതാവുകയും പുതിയ നിർമാണ രീതികൾക്ക് പ്രീതി വർധിക്കുകയും ചെയ്തതോടെ അവക്കും ഭീഷണി നേരിടുകയാണ്. തെങ്ങും വെട്ടുകല്ലും കുമ്മായവും ഉപയോഗിച്ചാണ് ഏറെ വീടുകളും നിർമ്മിച്ചിരിക്കുന്നത്. ചൂടാത്ത

മണ്ണിഷ്ടിക ഉപയോഗിച്ച് പണിയുന്ന വീടുകളും ദരിദ്രർക്കിടയിൽ നിലനിന്നിരുന്നു. എന്നാൽ അത്തരം വീടുകൾ ഇപ്പോൾ തീരെ ഇല്ലെന്നു പറയാം. അയനി, പ്ലാവ്, തുടങ്ങിയ നാട്ടുമരങ്ങൾ വീടുനിർമ്മാണത്തിന് ധാരാളമായി ഉപയോഗിച്ചു വരുന്നുണ്ട്. ഓലമേഞ്ഞ വീടുകൾ ധാരാളമുണ്ടായിരുന്നു. ഈ പ്രദേശത്ത് ഇപ്പോൾ ഏറ്റവും കൂടുതലുള്ളത് ഓടുമേഞ്ഞ വീടുകളാണ്. പുതിയ ഗൾഫ് കുടിയേറ്റത്തിന്റെ പിൻബലത്തിൽ നടന്ന ഏറ്റവും വലിയ നിർമ്മാണപ്രവർത്തനം വീട് പണിയൽ ആയിരുന്നു. അതിന്റെ ഫലമായി തന്നെ പട്ടണത്തിലെ മണിമാളികകളെപ്പോലും വെല്ലുന്ന ഭവനങ്ങൾ നാട്ടികയിൽ ധാരാളമായി കാണും. ഇത് വീടുവെക്കുകയെന്നാൽ കോൺക്രീറ്റ് വീടുവെക്കുക എന്ന സമവാക്യത്തിലേക്ക് ജനങ്ങളെകൊണ്ട് ചെന്നെത്തിച്ചിരിക്കുകയാണ്. നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം ഭവന നിർമ്മാണ രംഗത്ത് സൃഷ്ടിക്കുന്ന പ്രതിസന്ധികൾ ചെറുതൊന്നുമല്ല. ഇവിടെയാണ് ചെലവ് കുറഞ്ഞതും, ഉറപ്പേറിയതുമായ ഭവന നിർമ്മാണ രീതിക്ക് പ്രസക്തിയേറുന്നത്. പാവങ്ങളുടെ പെരുന്തച്ചൻ എന്നറിയപ്പെടുന്ന ലാറി ബേക്കർ തന്റെ നിർമ്മാണ രീതികൾക്ക് ഇടം കണ്ടെത്തിയ പ്രദേശവും ഇതായിരുന്നു എന്ന് നമുക്കഭിമാനിക്കാം. ശ്രീരാമ പോളി ടെക്നിക്ക് കേന്ദ്രീകരിച്ചു ആരംഭിച്ച സെന്റർ ഫോർ ഡവലപ്മെന്റ് ആന്റ് റൂറൽ ടെക്നോളജി (കോസ്റ്റ് ഫോർഡ്) യുടെ തുടക്കം ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയ പഞ്ചായത്തുകളിലൊന്ന് നാട്ടികയായിരുന്നു. കോസ്റ്റ് ഫോർഡിന്റെ ജനസമ്പർക്കപരിപാടി വിജയിപ്പിക്കുന്നതിന് വേണ്ടി തുടക്കം മുതൽ പ്രവർത്തിക്കുന്ന ശ്രീ. ടി. ആർ. ചന്ദ്രദത്തിന്റെ ഈ രംഗത്തെ പ്രവർത്തനം പ്രശംസനീയമാണ്.

കെട്ടിട നിർമ്മാണ രംഗത്ത് ദ്രുതഗതിയിലുള്ള വളർച്ച നടക്കുന്ന ഈ പ്രദേശത്ത് നിർമ്മാണ സാമഗ്രികളുടെയും നിർമ്മാണ തൊഴിലാളികളുടേയും ദൗർലഭ്യം നിലനിൽക്കുന്നു. നിർമ്മാണതൊഴിലാളികളിൽ ഭൂരിപക്ഷവും തിരുവിതാം കൂറുകാരും പറവൂർ നിന്നെത്തുന്ന തൊഴിലാളികളുമാണ്. പുരുഷതൊഴിലാളികൾക്ക് 150 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 80 രൂപയുമാണ് കൂലി പുതിയ രീതിയിലുള്ള സിമന്റുല്പന്നങ്ങളുടെ നിർമ്മാണം മരത്തിന്റെ ഉപയോഗത്തെ കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള രണ്ട് നിർമ്മാണ കേന്ദ്രങ്ങൾ സ്വകാര്യ വ്യക്തികളുടേതായി പഞ്ചായത്തിലുണ്ട്. പരമ്പരാഗതമായി കൽപണി ചെയ്തിരുന്നവരല്ലാ ആ രംഗത്ത് പണിയെടുക്കുന്നവർ അത്തരത്തിലുള്ള ഒരു കുടുംബം മാത്രമാണ് ഇന്ന് നിലനിൽക്കുന്നത്. ഉടമസ്ഥർ നേരിട്ട് പണിയിക്കുന്ന രീതിയാണ് കൂടുതലായി നിലനിൽക്കുന്നതെങ്കിലും ഗൾഫ് കുടിയേറ്റക്കാരിൽ ചെറിയ ശതമാനം വീടു നിർമ്മാണം കോൺട്രാക്ട് കൊടുക്കുന്ന രീതിയും കണ്ടു വരുന്നുണ്ട്. എന്നാൽ വിശ്വസ്തത കൂടുതൽ സ്വയം നിർമ്മാണ രീതിക്കാണ്. എടമുട്ടത്ത് സ്ഥിതി ചെയ്യുന്ന ഹൗസിങ്ങ് സൊസൈറ്റിയും മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളുമാണ് ഈ പ്രദേശത്ത് ഭവന നിർമ്മാണ വായ്പ നൽകുന്ന സ്ഥാപനങ്ങൾ. ഇതുതന്നെ സാങ്കേതിക കാരണങ്ങളാൽ ഏറേ നേരം വൈകുന്നതിൽ സമീപിക്കുന്ന ഗുണഭോക്താക്കൾ എണ്ണത്തിൽ വളരെ കുറവാണ്. 1,2,3,4 വാർഡുകളിലെ റോഡ് പുറമ്പോക്കിൽ താമസിക്കുന്നവരും 7,8 വാർഡുകളിൽ കടപ്പുറത്ത് കുടിൽ വെച്ച് താമസിക്കുന്നവരുടേയും പ്രശ്നങ്ങളാണ് അടിയന്തിര പ്രാധാന്യമുള്ള ഭവന നിർമ്മാണ പ്രശ്നങ്ങൾ J.R.Y. I.A.Y എന്നീ പദ്ധതികൾ പ്രകാരം ഇപ്പോൾ ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പരിപാടികൾ നടന്നു വരുന്നുണ്ടെങ്കിലും സംഖ്യ പരിമിത മായതിനാൽ മുൻകാലങ്ങളിൽ അനുവദിച്ചതിൽ തന്നെ പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. ലക്ഷംവീടുകൾ കേടുപാടുവന്നതും പരിഹരിക്കപ്പെടേണ്ട വിഷയങ്ങളാണ്.

പ്രധാന പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ സഹായങ്ങൾ പരിമിതമാണ്.
2. അനധികൃതമായ റോഡു പുറമ്പോക്ക് കുടിയേറ്റം
3. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം
4. നിർമാണ വസ്തുക്കളുടെ വില വർദ്ധനവ്
5. കെട്ടിട നിർമ്മാണത്തിന് യാതൊരു വിധ നിയന്ത്രണങ്ങളും ഇല്ലായ്മ
6. പാടങ്ങൾ അശാസ്ത്രീയമായ രീതിയിൽ നികത്തി വീടുവെക്കൽ
7. കെട്ടിടനിർമ്മാണ പരിശീലനത്തിന്റെ അപര്യാപ്തത
8. ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മൂലമുണ്ടാകുന്ന സമയനഷ്ടം
9. ചേർക്കര ഒന്നാം വാർഡിലെ പ്രിയദർശിനി കോളനിയിലെ ഹരിജൻ വീടുകൾ
10. 2-ാം വാർഡിലെ AKG കോളനിയിലെ വീടുകൾ
11. മൂന്നാം വാർഡിലെ കേടുവന്നുകൊണ്ടിരിക്കുന്ന

ലക്ഷം വീടുകോളനി

12. നടപ്പുപദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിനുള്ള ഏജൻസികളുടെ കുറവ്

13. സ്വന്തമായി സ്ഥലമില്ലാത്ത ധാരാളം കുടുംബങ്ങൾ

14. അനുവദിക്കപ്പെട്ട കോളനികളിൽനിന്നും മറ്റും മറ്റാവശ്യങ്ങൾക്കായി വീടുകൾ വിൽക്കുന്ന പ്രവണത

15. ഭവനനിർമ്മാണത്തിനാവശ്യമായ പുറമ്പോക്കുകൾ ഇല്ലാത്തതും, ഭൂമിയുടെ അമിതമായ വിലക്കയറ്റവും

16. പുറമ്പോക്കുകൾ കയ്യേറി കുടിൽകെട്ടി വാടകക്കു കൊടുക്കുന്ന സാമൂഹ്യദ്രോഹ സംഘങ്ങൾ

**സാദ്ധ്യതകൾ**

1 വാർഡ് വികസന സമിതികൾ വഴി സമഗ്രമായ സർവ്വേയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ മുൻഗണനക്രമത്തിൽ നിശ്ചയിക്കാവുന്നതാണ്.

2. റോഡുപുറംമ്പോക്കിൽ താമസിക്കുന്നവർക്ക് നിശ്ചിത സംഖ്യ നൽകി ഒഴിപ്പിക്കാവുന്നതാണ്.

3. റോഡുപുറംമ്പോക്കും, തീരദേശപുറംമ്പോക്കും നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ച് സംരക്ഷിക്കാവുന്നതാണ്

4. പോളിടെക്നിക് കമ്യൂണിറ്റി ഡവലപ്പ്മെന്റ് സ്കീമിന്റേയും കോസ്റ്റ് ഫോഡിന്റേയും സഹകരണത്തോടെ കെട്ടിട നിർമ്മാണത്തിൽ പരിശീലനം നൽകൽ


5. പണച്ചിലവേറിയ കെട്ടിടനിർമ്മാണത്തിന് സ്ലാബ് അടിസ്ഥാനത്തിൽ സെസ്സ് പിരിച്ചെടുക്കാം.

6. പദ്ധതികളുടെ മോണിറ്ററിങ്ങിന് വേണ്ടി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിദഗ്ധ സമിതി രൂപീകരിക്കാം.

7. കെട്ടിടത്തിന്റേയും പറമ്പിന്റേയും ഈടിൽ ലോണുകൾ നൽകുന്നതിന് സാമ്പത്തിക സ്ഥാപനങ്ങളെ പ്രേരിപ്പിക്കാവുന്നതാണ്.



14



# സംസ്ക്കാരം

ഒട്ടേറെ ജാതികളും ഉപജാതികളും വേഷ-ആചാരഭി ന്നതകളും നിലനിൽക്കുമ്പോഴും ഒരു സമൂഹം എന്നതിന് കെട്ടുറപ്പ് നൽകിയ നമ്മുടെ സംസ്ക്കാര പൈതൃക ത്തിന്റെ കണ്ണികൾ ഈടുറ്റതാണ്. ഏറെ സമ്പന്നവും തനി മയാർന്നതുമായ ആദ്യകാലത്തെ അനുഷ്ഠാനങ്ങളും കല കളും കായിക മത്സരങ്ങളും സംഗീത നാടകാദികളും നാടിന്റെ കാലാവസ്ഥക്കും കൃഷിരീതികൾക്കും അനു സൃതമായിരുന്നു.

ദാരുകനും കാളിയും (മൂക്കൻ ചാത്തൻ) കുമ്മാട്ടി, പൂതാമുരി, പൊറോട്ട്നാടകം, ഐവർകളി, കൈകൊട്ടി ക്കളി, കോൽക്കളി, അറവനമുട്ട്, തുകിലുണർത്തുപാട്ട്, ഉടുക്ക്കൊട്ട്, വില്ലടിച്ചാൽപാട്ട് തുടങ്ങിയവയൊക്കെയാ യിരുന്നു ആദ്യകാല കലാസംഗീതരൂപങ്ങൾ. ഇവയിൽ മിക്കതും ജാതിഅടിസ്ഥാനത്തിലും ആരാധനാലയങ്ങളു മായി ബന്ധപ്പെട്ടുമാണ് നിലനിന്നിരുന്നത്. അമ്പലങ്ങ ളുടെ മതിൽകെട്ടിനകത്ത്മാത്രം നടത്തിയിരുന്നവയായി രുന്നു ചാക്യാർകൂത്ത്. പാഠകം, പറയൻ, കഥകളി, ഓട്ടം തുള്ളൽ തുടങ്ങിയവ. കാലക്രമത്തിൽ ഇവയും പുറം സ്റ്റേജുകളിലേക്ക് മാറ്റി പ്രതിഷ്ടിക്കപ്പെടാൻ തുടങ്ങി. യാഥാസ്ഥിതികവും പുരോഗമനപരവുമായ ആശയങ്ങൾ സമൃദ്ധമായി ഇത്തരം കലാരൂപങ്ങളിൽ ആവിഷ്കരിക്ക പ്പെട്ടിരുന്നു. നാട്ടുകാരുടെ ഒത്തുചേരൽ അവസരങ്ങളായ ഉത്സവപറമ്പുകളായിരുന്ന പ്രധാനപ്പെട്ട അരങ്ങുകൾ. മുഴുവൻ ജനങ്ങളും ഒത്തൊരുമിക്കുന്ന ഇത്തരം അവ സരങ്ങൾ കൂട്ടായ്മയുടേയും ഉണർവിന്റേയും വേദിക ളായിരുന്നു.

തൃപ്രയാർ ഏകാദശിയാണ് നാട്ടികയിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്സവം. പൂരം പുറപ്പാടിൽ തുടങ്ങി ഉത്രം വിളക്കിൽ അവസാനിക്കുന്ന അമ്പലത്തിലെ ചടങ്ങു കൾക്കിടയിലുള്ള ആറാട്ടുകളും തൃപ്രയാർ തേവരുടെ യാത്രകളും മതപരമായ ചടങ്ങുകൾക്കുപരി ജാതിമത ഭേദമന്യേ ജനങ്ങൾ ഒന്നിക്കുകയും ആരാധിക്കുകയും ചെയ്യുന്ന അവസരങ്ങളാണ്. പള്ളം ബീച്ചിൽ നടത്തുന്ന വാവുബലി, കർക്കിടകമാസത്തിൽ കടപുറത്തെ നാഗ ദേവത ക്ഷേത്രത്തിൽനിന്നും തൃപ്രയാർ ക്ഷേത്രത്തി ലേക്ക് നടത്തുന്ന 'അമ്പും വില്ലും' ഘോഷയാത്രയും ഭക്തിനിർഭരമായ ചടങ്ങുകളായി ഇപ്പോഴും ആചരിക്കാ റുണ്ട്.

സ്ഥിരമായി ഉത്സവങ്ങൾ നടത്തുകയും ദിവസപൂജ കൾക്ക് ഏർപ്പാടുള്ളവയുമായ വലുതും ചെറുതുമായ 25 ക്ഷേത്രങ്ങൾ പഞ്ചായത്തതിർത്തിക്കുള്ളിലുണ്ട്. ഏഴ് മുസ്ലീം ആരാധനാലയങ്ങളും ഒരു കൃസ്ത്യൻ ദേവാല യവും കൂടി ഇവിടെയുണ്ട്. വ്യത്യസ്ത മതവിശ്വാസികൾ വളരെ സ്നേഹത്തോടും വിശ്വാസത്തോടും സഹ വർത്തിക്കുന്ന ഒരു പ്രദേശമാണ് നാട്ടിക. മൊത്തം ജന സംഖ്യയിൽ 30 ശതമാനത്തോളം മുസ്ലീം സമുദായക്കാ രുള്ളപ്പോൾ കൃസ്ത്യൻ സമുദായക്കാർ രണ്ടുശതമാന ത്തിൽ താഴെ മാത്രമെയുള്ളു.

സ്വാതന്ത്ര്യവും പുതിയ ജനാധിപത്യബോധവും ശാസ്ത്ര സാങ്കേതിക രംഗത്തെ കുതിച്ചുചാട്ടവും സാംസ്കാരിക രംഗത്ത് ഒട്ടേറെ ചലനങ്ങൾ സൃഷ്ടിച്ചു. ജന്മികുടിയാൻ വ്യവസ്ഥയുടെ അന്ത്യവും കൂട്ടുകുടും ബങ്ങളിൽനിന്നും അണു കുടുംബങ്ങളിലേക്കുള്ള മാറ്റവും ഗ്രാമീണകൂട്ടായ്മയെ കുറച്ചുകൊണ്ടുവന്നു. പുതിയ വിദ്യാഭ്യാസ രീതികളും, ജീവിതസങ്കൽപ്പങ്ങളും അതിവേഗം നമ്മെ ഒരു ഉപഭോഗസംസ്ക്കാരത്തിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു. ഇലക്ട്രോണിക് മാധ്യമ രംഗത്തെ പരസ്യപ്രധാനങ്ങളായ സീരിയലുകളും അമി തമായ പാശ്ചാത്യ സംസ്ക്കാര കടന്നുകയറ്റങ്ങളും നമ്മുടെ യുവതലമുറയെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ഇനിയും വൈകാതെ ഇടപെട്ടില്ലെങ്കിൽ ഒരു വലിയ സംസ്ക്കാര ജീർണ്ണതയിലേക്ക് നാം വലിച്ചിഴക്കപ്പെടും. മാധ്യമരംഗത്തെ പുതിയ സാധ്യതകളെ, നമ്മുടെ സമ്പ ന്നമായ സംസ്ക്കാര രീതികളെ പരിപോഷിപ്പിക്കുന്ന രീതിയിലേക്ക് തിരിച്ചുവിടാനുള്ള ബോധപൂർവ്വമായ ശ്രമ ങ്ങൾ ഉടനെ തുടങ്ങേണ്ടിയിരിക്കുന്നു.

ഒരു കാലത്ത് നമ്മുടെ നാട്ടിൻപുറങ്ങളെ സജീവമാ ക്കിക്കൊണ്ടിരുന്ന ഗ്രന്ഥശാലകളും കലാസമിതികളും നൃത്തനാടക സംഘങ്ങളും ഇന്ന് ഏറെക്കുറെ അപ്രത്യ ക്ഷമായിരിക്കുന്നു. 1977 ൽ ആരംഭിച്ച് പ്രവർത്തിക്കുന്ന

പഞ്ചായത്ത് ഗ്രന്ഥശാല കൂടാതെ ഇപ്പോൾ 6-ാം വാർഡിലെ യുഗഭാവനയും 4-ാം വാർഡിലെ പുരോഗമ നവേദിയും 10-ാം വാർഡിലെ ശ്രീനാരായണ ലൈബ്രറിയും മാത്രമെ ഗ്രന്ഥശാലകളായി അവശേഷിക്കുന്നുള്ളൂ. ഇവകൂടാതെ 3 വായനശാലകളും 11 സ്പോർട്ട്സ് ക്ലബ്ബുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. തൃപ്രയാർ കേന്ദ്രീകരിച്ച് തെക്കൂട്ടകുട്ടനാശാന്റെ നേതൃത്വത്തിലുണ്ടായിരുന്ന നാടക സംഘമാണ് നാടക രംഗത്തെ ആദ്യ സംരംഭം.

### കായികരംഗം

നാട്ടികയിലെ കായികരംഗം പ്രധാനമായും വോളിബോളിനെ ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. കൊയ്തു കഴിഞ്ഞ് ഒഴിഞ്ഞുകിടക്കുന്ന പാടങ്ങൾ മഴക്കാലം വരെ വോളിബോൾ കോർട്ടുകളും ഫുട്ബോൾ കോർട്ടുകളുമായി മാറുമായിരുന്നു. വോളിബോൾ രംഗത്തെ അതികായനായ കുഞ്ഞികളവൻ മാസ്റ്റർ നാട്ടിക പഞ്ചായത്തിലെ ആദ്യ പ്രസിഡന്റായിരുന്നു. കേരള സംസ്ഥാന ടീമിലും മറ്റു പ്രമുഖ സ്ഥാപനങ്ങൾ സംഘടനകൾ, ഇതരസംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ ടീമംഗങ്ങളായ ഒട്ടേറെപേർ നാട്ടികക്കാരായുണ്ട്. മണപ്പുറത്തെ ഒരു പ്രധാന കായിക ഉത്സവമായിരിക്കുന്ന ഒന്നാണ് ടി.എസ്.ജി.എ നടത്തുന്ന അഖിലേന്ത്യാ വോളിബോൾ മത്സരങ്ങൾ. കൂടുതൽ യുവതാരങ്ങളെ രംഗത്തെത്തിക്കുന്ന ചെറുകിട പ്രാദേശിക മത്സരങ്ങളും അങ്ങിങ്ങായി നടന്നുവരുന്നുണ്ട്. യൂണിവേഴ്സിറ്റി/സംസ്ഥാന സെലക്ഷൻ കിട്ടുന്നവർക്ക് ഇപ്പോഴും ജോലി സാധ്യതയുള്ള വോളിബോൾകളിയെ ഇനിയും ഏറെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ഈ രംഗത്തെ പുതിയ പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കോച്ചിംഗ് സൗകര്യങ്ങളുണ്ടാക്കാൻ കഴിയേണ്ടതാണ്. സ്കൂളുകളിലും എസ്.എൻ.കോളേജിലും നല്ല ടിമുകളെ നിലനിർത്തുന്നതിനായുള്ള ശ്രമങ്ങൾക്ക് തയ്യാറാവണം.

തിരുവോണദിവസം നടത്താറുള്ള തൃപ്രയാർ ജലോത്സവമാണ് മറ്റൊരു പ്രധാനപ്പെട്ട കായിക മത്സരം. ഓണം, വാർഷികങ്ങൾ എന്നിവയോടനുബന്ധിച്ച് ക്ലബ്ബുകൾ നടത്തുന്ന കലാകായിക മത്സരങ്ങളും കലാപരിപാടികളും ഈ നാടിനെ ആഹ്ലാദിപ്പിക്കുന്ന അവസരങ്ങളാണ്. എന്നാൽ ഇവക്കിടയിലെല്ലാം നമ്മുടെ പഴമയുടെയും സംസ്ക്കാരതനിമയുടേയും പ്രതിഫലനങ്ങളായ കലാരൂപങ്ങൾ വിസ്മരിക്കപ്പെടുന്നു എന്നത് ഖേദകരമാണ്.

മനുഷ്യദ്ധാനത്തിലും ജനപങ്കാളിത്തത്തിലും ഊന്നിക്കൊണ്ടുള്ള ഒരു വികസന പ്രക്രിയയിൽ സാംസ്ക്കാരിക മലിനീകരണവും മാധ്യമങ്ങളുടെ തെറ്റായ സ്വാധീനവും ഒഴിവാക്കിക്കൊണ്ടുള്ള ഒരു രീതി സ്വീകരിക്കേണ്ടിയിരിക്കുന്നു. ഒരു സാംസ്ക്കാരിക നവോത്ഥാനത്തിനായി ഇനിയും വൈകാതെ നമുക്കൊരുമിച്ച് പ്രവർത്തനം ആരംഭിക്കാം.


### പ്രശ്നങ്ങൾ

1. അതിവേഗത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന യുവാക്കളുടെ വായനാശീലം
2. നശോന്മുഖവും പ്രവർത്തനരഹിതവുമായിട്ടുള്ള വായനശാലകൾ
3. T.V., VCR, കേബിൾ ടി.വി. തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം
4. മദ്യം മയക്കുമരുന്ന്, അശ്ലീല സിനിമ എന്നിവയുടെ സ്വാധീനം
5. നാടൻ കലകളുടെ തിരോധാനം
6. കലാകായിക വിനോദങ്ങളോട് പൊതുവെ കാണപ്പെടുന്ന വിരക്തി
7. മതപരമായ ആഘോഷങ്ങളുടേയും വിവാഹങ്ങളുടേയും ആർഭാടവും ധൂർത്തും
8. കായികരംഗത്തേക്ക് യുവതലമുറ കടന്നുവരുന്നില്ല. അതുവഴി നഷ്ടപ്പെടുന്ന കായിക സംസ്ക്കാരം
9. വനിതകൾ കലാകായികരംഗത്ത് നിന്നും വിട്ടുനിൽക്കുന്നു.
10. കേരളോത്സവം നടത്തിപ്പിന്നും മറ്റുമുണ്ടാകുന്ന സമയക്കുറവും ജനപങ്കാളിത്തക്കുറവും


### സാധ്യതകൾ

ഗ്രന്ഥശാലകളുടെയും വായനശാലകളുടേയും പുനരുദ്ധാരണം.

2. പൊതുകളിസ്ഥലങ്ങൾ സംരക്ഷിക്കുക, പുതിയവ ഉണ്ടാക്കുക.
3. സ്പോർട്സ് ക്ലബ്ബുകൾക്കും, സ്കൂളുകൾക്കും ധനസഹായം നൽകി കളികളെ പ്രോത്സാഹിപ്പിക്കുക.
4. ഏറ്റവും കൂടുതൽ സാധ്യതകളുള്ള വോളിബോളിന് പ്രത്യേകം പ്രോത്സാഹനം നൽകുക, കോച്ചിങ്ങ് സൗകര്യങ്ങളുണ്ടാക്കുക.
5. ഇലക്ട്രോണിക് മാധ്യമങ്ങളെ നല്ലരീതിയിൽ ഉപയോഗിക്കുന്നതിനായി വീഡിയോ ക്ലബ്ബുകൾ, ഫിലിംസൊസൈറ്റികൾ തുടങ്ങുക.
6. സ്കൂളുകളിൽ ലൈബ്രറികൾ തുടങ്ങുവാൻ സഹായിക്കുക
7. മതേതരസ്വഭാവമുള്ള ആഘോഷങ്ങൾക്ക് പ്രാമുഖ്യം നൽകുക.
8. ചെറുപ്പക്കാരുടെ പ്രത്യേകിച്ച് വനിതകളുടെ വായനാസംഘങ്ങൾ, ചർച്ചാവേദികൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക
9. നാടൻ കലാസംഗീതരൂപങ്ങളെ സംരക്ഷിക്കുക - കലാകാരന്മാർക്ക് ധനസഹായം നൽകുക.
10. കേരളോത്സവം നടത്തിപ്പിന് കൂടുതൽ സമയം അനുവദിക്കുകയും, ജനങ്കാളിത്തം വർധിപ്പിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുക.


അറബിക്കടൽ
നാട്ടിക ബീച്ച്
തൃപ്രയാർ
കനോലി കനാൽ

## 15



# വനിത

കാണാപ്പണിയിൽ കുടുങ്ങിക്കിടക്കുന്ന അമ്മമാരുടേയും സഹോദരിമാരുടേയും പ്രശ്നങ്ങൾ തന്നെയാണ് നാട്ടികയിലെ സ്ത്രീ സമൂഹത്തിന്റേയും പ്രശ്നങ്ങൾ. ആകെ ജനസംഖ്യയിൽ പകുതിയിലധികംപേരും സ്ത്രീകൾ തന്നെയാണ്. 1991 ലെ കാനേഷുമാരി കണക്കുപ്രകാരം നാട്ടിക പഞ്ചായത്തിലെ 19192 പേരിൽ 10120 പേരും സ്ത്രീകളാണ്. അതായത് 1000 പുരുഷന് 1115 സ്ത്രീകളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. സാക്ഷരതയുടെ കാര്യത്തിൽ പുരുഷൻമാർ 83% ആണെങ്കിൽ 78% പേരാണ് സ്ത്രീകളിൽ സാക്ഷരർ എന്നാൽ പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത് 14 വയസ്സിനു താഴെയുള്ളവരിൽ 1000ത്തിന് 1032 പെൺകുട്ടികളേ ഉള്ളൂവെന്നാണ്. ഇത് വനിതാശതമാനം ജനസംഖ്യയിൽ കുറഞ്ഞു വരുന്നതായാണ് സൂചിപ്പിക്കുന്നത്.

സ്ത്രീകളുടേതായ സംഘടനകൾക്ക് എണ്ണത്തിൽ കുറവില്ലെങ്കിലും, പ്രവർത്തനശേഷിയും പങ്കാളിത്തവും പരിശോധിക്കുമ്പോൾ ഈ സംഘടനകൾക്ക് കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നുതോന്നലാണ് സൃഷ്ടിക്കുന്നത്. അഖിലേന്ത്യ തലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തിക്കുന്ന മഹിളാസംഘടനകളുടെ ശാഖകൾ സജീവമല്ലാത്ത പ്രവർത്തനങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്.

തൊഴിലെടുക്കാനുള്ള അവസരങ്ങളിലൂടെ മാത്രമെ സ്ത്രീകളെ സമൂഹമധ്യത്തിലേക്ക് ഉയർത്തികൊണ്ടുവരാൻ കഴിയൂ. സ്വയം തൊഴിൽ പദ്ധതികളിലൂടെയുംമറ്റും ലഭിക്കുന്ന അവസരങ്ങൾ പലപ്പോഴും ഉപയോഗിക്കപ്പെടാതെ പോകാറാണ് പതിവ്. 3-ാം വാർഡിലെ ഒരു DWCRA യൂണിറ്റാണ് അത്തരം പദ്ധതികൾ ഉപയോഗപ്പെടുത്തിയ ഒരു യൂണിറ്റ്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിനുവേണ്ടി 9-ാംവാർഡിൽ പ്രവർത്തിക്കുന്ന MSM - ITI വനിതകൾക്ക് വേണ്ടി തൊഴിൽ പരിശീലനം നടത്തുന്നുണ്ട്. വേതനം ലഭിക്കാതെയുള്ള വീട്ടുപണികളിൽ ഏർപ്പെടുന്ന ഭൂരിപക്ഷം വനിതകളും 10-14 മണിക്കൂർ പ്രതിദിനം പണിയെടുക്കേണ്ടിവരുന്നുണ്ടെങ്കിലും, അവരെ തൊഴിൽ രഹിതരുടെ പട്ടികയിലാണ് ഉൾപ്പെടുത്തുക പതിവ്. വീട്ടുപണി ഒരു പണിയായിതന്നെ കണക്കാക്കുകയും, അവരോടൊപ്പം പുരുഷന്മാരും പങ്കുചേരുകയും വേണം. സ്ത്രീപുരുഷസമത്വം ഭരണഘടനയിൽ എഴുതിചേർക്കാൻ തയ്യാറായ ഭരണകൂടത്തിന്, അത് നടപ്പിൽ വരുത്താൻ ഇനിയും സാധിച്ചിട്ടില്ല. 73-74 ഭരണഘടനാഭേദഗതിയിലൂടെ പ്രാദേശിക ഭരണകൂടങ്ങളിലേക്ക് മൂന്നിലൊന്ന് വനിതകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനത്തേക്കും സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. പാർലമെന്റ് - നിയമസഭാവേദികളിലേക്കും സ്ത്രീകൾക്ക് സംവരണമേർപ്പെടുത്താൻ ആലോചനകൾ നടക്കുന്നുണ്ട്. ഇതൊക്കെയുണ്ടെങ്കിലും വനിതകളുടെ തനതായ പ്രശ്നങ്ങൾ പഠിക്കാനോ, സാമൂഹ്യ മാറ്റത്തിന് വനിതാ പങ്കാളിത്തം അനിവാര്യമാക്കുന്നതിനോ ഉള്ള അടിസ്ഥാനപ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ലെന്നുവേണം പറയാൻ.

പ്രസംഗങ്ങൾക്കും, പ്രവർത്തനങ്ങൾക്കുമപ്പുറം

സ്ത്രീകളെ അവരുടെ സ്വന്തം കാലിൽ നിൽക്കാനുള്ള പ്രാപ്തിയുണ്ടാക്കുകയാണ് വേണ്ടത്. സ്ത്രീകളെ കെട്ടിയൊരുക്കി സൗന്ദര്യമത്സരങ്ങൾ നടത്തുന്നതിനും, സൗന്ദര്യവർധക വസ്തുക്കൾ വിൽക്കുന്നതിനുള്ള ഉപാധികളാക്കുന്നതിനുമാണ് കൂടുതലായി ഉപയോഗിച്ചുവരുന്നത്. ഇത്തരം ശ്രമങ്ങൾ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ കച്ചവട താല്പര്യങ്ങൾക്കുപരിയായി മറ്റൊന്നും സംരക്ഷിക്കാനുള്ളതല്ല. പരമ്പരാഗതരീതിയിൽ നിലനിന്നിരുന്ന പല തൊഴിൽ മേഖലകളും ഇല്ലാതായതോടെ ആ രംഗത്ത് പ്രവർത്തിച്ചിരുന്ന വനിതകൾക്കാണ് ഏറെയും തൊഴിൽ നഷ്ടമായത്.

നെൽപാടങ്ങൾ ഇല്ലാതായതോടെ കാർഷിക രംഗത്തുനിന്നും സ്ത്രീതൊഴിലാളികളും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. നാട്ടികയിലെ സ്ത്രീകളിൽ കൂടുതൽപേരും കുടുംബിനികളാണ്. ബന്ധപ്പെടുന്ന മറ്റുതൊഴിൽ മേഖലകളിൽ, വാണിജ്യരംഗത്ത് പണിയെടുക്കുന്നവർ, ബീഡി, ആർടിസാൻസ്, പായനെയ്ത്ത്, തയ്യൽ എന്നിവയാണ് മുഖ്യം. വാണിജ്യരംഗങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ശരാശരി പ്രതിമാസ ശമ്പളം 350–500 രൂപ മാത്രമാണ്. 9–10 മണിക്കൂറുകളോളം ഇത്തരക്കാർക്ക് പ്രതിദിനം പണിയെടുക്കേണ്ടിവരുന്നുണ്ട്. അവരുടെതായ സംഘടനകളൊന്നും നിലവിലില്ല.

സ്ത്രീധന സമ്പ്രദായം ഏറെ ശക്തിയായികൊണ്ടിരിക്കുന്ന ഒരു പ്രദേശമായി നാട്ടിക മാറികഴിഞ്ഞു. ഗൾഫ് പണത്തിന്റെ ആധിക്യത്തോടെ വിവാഹം ഏറ്റവും ആർഭാടകരമാക്കുക എന്ന പ്രവണതയാണ് കണ്ടുവരുന്നുത്. ഇതിന്റെ അളവും തൂക്കവും വർധിച്ചുകൊണ്ടേയിരിക്കുന്നു. സ്ത്രീധന പീഠനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടവ പഞ്ചായത്തിനടുത്ത് കുറവാണെങ്കിലും, അത്തരം സംഭവങ്ങൾ തീരെ കുറവല്ലെന്നാണ് ഗ്രാമസഭാ ചർച്ചകളും മറ്റും സൂചിപ്പിക്കുന്നത്.

സാധ്യതകൾ

1. വിപുലമായ ബോധവൽക്കരണത്തിലൂടെ സ്ത്രീ–പുരുഷ സമത്വം ഉറപ്പിക്കുക

2. പരമ്പരാഗത കൈതൊഴിൽ രംഗത്തെ സാധ്യതകളെ നവീകരിച്ച് പ്രായോഗികക്ഷമമാക്കുക.

3. സ്ത്രീകൾക്ക് തൊഴിൽ സാധ്യതകളുള്ള ആധുനിക തൊഴിൽ മേഖലകൾ കണ്ടെത്തുക

4 ഉൽപാദന – വിപണരംഗത്ത് ആവശ്യമുള്ള പരിശീലനങ്ങൾ നൽകി വനിതകളുടെ തൊഴിൽ സാധ്യത വർധിപ്പിക്കുക.

5. സ്ത്രീ വിദ്യാഭ്യാസത്തിനു വായനക്കും പ്രോത്സാഹനം നൽകുക

6. മഹിളാ സമാജങ്ങൾ രൂപീകരിച്ച് സ്ത്രീകളുടെ കൂട്ടായ്മയും പൊതുരംഗത്തേക്കുള്ള പ്രവേശനവും ഉറപ്പാക്കുക.

7. പൊതു പരിപാടികളിൽ സ്ത്രീപങ്കാളിത്തം ഉറപ്പാക്കുക. അതിനായി പരിപാടികൾക്കാവശ്യമായ സമയക്രമീകരണം നടത്തുക.


8. സ്ത്രീകൾക്ക് മാത്രമായി ഭരണ – നേതൃത്വ പരിശീലനങ്ങൾ കൊടുക്കുക.

9. സ്ത്രീകളെ അംഗീകരിക്കുന്നതിനും ബഹുമാനിക്കുന്നതിനുമായി പ്രത്യേക പരിപാടികൾ പ്രാദേശികമായി നടപ്പിലാക്കുക.

സ്ത്രീ പീഠനത്തിനെതിരെ പ്രതികരിക്കുന്നതിനും, ശിക്ഷാനടപടികൾ എടുക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുക.



16



# സഹകരണം

നാട്ടികയിലെ സഹകരണസംഘങ്ങളുടെ ആദ്യ രൂപങ്ങൾ പരസ്പരസഹായിക ഐക്യ നാണയ സംഘങ്ങൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇത്തരത്തിലുള്ള ആദ്യസംഘം 1981ൽ തൃപ്രയാറിൽ 'ഗോഖലെ' യെ കേന്ദ്രീകരിച്ചാണ് രൂപീകരിച്ചത് 1912ലെ 2-ാം നമ്പർ (ഇന്ത്യ) ആക്ട് പ്രകാരമാണ് ഈ സംഘം റജിസ്റ്റർ ചെയ്യപ്പെട്ടത്. തുടർന്ന് നാട്ടിക വെസ്റ്റ്, ഈസ്റ്റ് നോർത്ത് എന്നിങ്ങനെ മൂന്ന് സ്ഥലങ്ങളിലും ഐക്യനാണയ സംഘങ്ങളുണ്ടായി. ആദ്യസംഘം ഇപ്പോഴും നാട്ടിക മൾട്ടി പർപസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ 4-ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ളവ പിന്നീട് കൂട്ടിചേർത്താണ് 1969 ൽ നാട്ടക സർവ്വീസ് സഹസംഘം രൂപീകരിച്ചത്.

അന്ന്കാലത്ത് ജനങ്ങൾക്കാശ്രയം ഹുണ്ടികക്കാരും ഭൂമിയോ, ജംഗമസ്വത്തുക്കളോ പണയം വാങ്ങി കടം നൽകുന്ന ജന്മികളുമായിരുന്നു. ആദ്യകാല സംഘങ്ങളിൽ സാധാരണക്കാരേക്കാൾ ഇടത്തരക്കാരെ ഉദ്ദേശിച്ചുകൊണ്ടാണ് രൂപീകരിക്കപ്പെട്ടത്. 100/-രൂപയായിരുന്നു അന്നത്തെ വലിയ വായ്പ തുക. പ്രവർത്തനം കൂടുതൽ ജനങ്ങളിലേക്ക് വ്യാപിപ്പിക്കാനോ, സംഘം വളർത്താനോ കാര്യമായ ശ്രമത്തിൽ ഒന്നും നടന്നില്ല. അതുകൊണ്ട് തന്നെ സഹകരണമേഖലക്ക് നാട്ടികയിൽ കാര്യമായ ചലനങ്ങൾ ഉണ്ടാക്കാനോ, വളരാനോ കഴിഞ്ഞതുമില്ല.

1969ൽ രൂപീകരിച്ച്, നാട്ടിക സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങി പ്രവർത്തനം ആരംഭിച്ചതിന് ശേഷമാണ് സാധാരണക്കാരന് വായ്പാ സൗകര്യങ്ങൾ ലഭ്യമായത്. ഇപ്പോൾ തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റേയും, നാട്ടിക ഫർക്ക സഹകരണ ബാങ്കിന്റേയും ഓരോ ശാഖകളടക്കം 7 സഹകരണ സ്ഥാപനങ്ങളിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘം പ്രവർത്തന രഹിതമാണ്.

സഹകരണ മേഖലയിൽ ഒട്ടേറെ പ്രശ്നങ്ങൾ നിൽക്കുന്നുണ്ട്- നാട്ടികയെ സംബന്ധിച്ചേടത്തോളം വളർച്ചക്കും വികസനത്തിനും ഏറെ സാദ്ധ്യതയുള്ളതാണ് ഈ മേഖല. വേണ്ടത്ര ശ്രദ്ധയോടെ പരിപാലിക്കപ്പെടുന്നില്ല എന്നതാണ് പ്രശ്നങ്ങളുടെ കാതൽ

മത്സ്യ ബന്ധന വിപണന രംഗത്ത് പ്രവർത്തിക്കുന്നതിനായി രണ്ടു സഹകരണ സംഘങ്ങളുണ്ടെങ്കിലും മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൽക്ക് പരിഹാരം കണ്ടെത്താൻ അവർക്കാവുന്നില്ല. മത്സ്യ ഫെഡിൽനിന്നും വായ്പയെടുത്താണ് അംഗങ്ങൾക്ക് നൽകിയിട്ടുള്ളത്. തിരിച്ചടവിൽ വീഴ്ചയുണ്ടാകുന്നതിനാൽ തുടർപ്രവർത്തനംതന്നെ തടയപ്പെട്ടിരിക്കുന്ന അവസ്ഥയിലാണ് പഞ്ചായത്ത് മുഴുവനും പ്രവർത്തന മേഖലയായിട്ടുള്ള നാട്ടിക സർവ്വീസ് സഹകരണ ബാങ്ക് കൊടുത്തിട്ടുള്ള വായ്പയിൽ 7%ൽ താഴെയാണ് കാർഷിക വായ്പ. മറ്റു സഹകരണ സ്ഥാപനങ്ങളുടെ

**പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹ. സംഘങ്ങളുടെ വിവരങ്ങൾ**

| സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | നിക്ഷേപങ്ങൾ | വായ്പ | സംഘം എടുത്തിട്ടുള്ള വായ്പ | തിരിച്ചുകിട്ടാനുള്ള കുടിശിക |
|---|---|---|---|---|---|---|---|
| 1. നാട്ടിക മൾട്ടി പർപസ് കോർപറേറ്റീവ് സൊസൈറ്റി നമ്പർ എഫ്. 208 | 1918 | 526 | 77980 | 141000 | 310000 | - | 80000 |
| 2. നാട്ടിക സർവ്വീസ് സഹകരമ ബാങ്ക് ലിമിറ്റഡ് ആർ. 308 | 1969 | - | 784500 | 7452000 | 7596000 | 1707000 | 12,86116 |
| 3. നാട്ടിക എങ്ങണ്ടിയൂർ മത്സ്യതൊഴിലാളി വികസന ക്ഷേമസഹകരണ സംഘം ലിമിറ്റഡ് No.F(R) 18/87/E | 1987 | 1505 | 71700 | - | 3731000 | 3533000 - | 273119 |
| 4. പട്ടികജാതി സർവ്വീസ കോ ഓപറേറ്റീവ് സൊസൈറ്റി No.R.769 | 1966 | 485 | 4850 | ഇപ്പോൾ പ്രവർത്തിക്കുന്നില്ല | | - | |
| 5. നാട്ടിക മത്സ്യ തൊഴിലാളി വികസനക്ഷേമ സഹകരണസംഘം DF(R) 107/92 | 1995 | 453 | 47640 | - | 113000 | 170000 | 7000 |
| 6. തൃശൂർ ജില്ലാ സഹ. ബാങ്ക് തൃപ്രയാർ ശാഖ | 1967 | - | - | 35000000 | 41796000 | - | |
| 7. നാട്ടിക ഫർക്ക കോ. ഓപറേറ്റീവ് റൂറൽ ബാങ്ക് - തൃപ്രയാർ ശാഖ | 1993 | 4437 | 87185 | 2295000 | 4250000 | - | |

സ്ഥിതിയും വ്യത്യസ്തമല്ല. കൃഷി, കുടിൽ വ്യവസായ രംഗത്തേക്ക് ആവശ്യത്തിനുള്ള ധനസഹായം എത്തിച്ചേരുന്നില്ല.

കാലത്തിനനുസരിച്ച് പുതിയ മേഖലകളിലേക്ക് കടക്കുവാൻ സംഘങ്ങൾ മടിച്ചുനിൽക്കുന്നു. ഭാവനയും ആത്മാർത്ഥതയുമുള്ള പ്രവർത്തകരുടേയും ഉദ്യോഗസ്ഥന്മാരുടെയും അഭാവം ഈ രംഗത്ത് അനുഭവപ്പെടുന്നുണ്ട്. വാണിജ്യ ബാങ്കുകളുമായി ഏറെ മത്സരിക്കുവാൻ നിർബന്ധിതമാകുന്ന സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾക്ക് പലശ കൂടിയാൽ മാത്രം പോര. വ്യത്യസ്ത നിക്ഷേപകരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള വൈവിധ്യമാർന്ന നിക്ഷേപപദ്ധതികളുണ്ടാകേണ്ടിയിരിക്കുന്നു. പുതിയ സാമ്പത്തിക നയങ്ങളുടെ മറവിൽ വാണിജ്യ ബാങ്കുകൾ കുറഞ്ഞ പലിശ ഈടാക്കേണ്ട ചെറുകിട വായ്പക്കാരെ ഒഴിവാക്കുന്ന ഒരവസ്ഥ ഇപ്പോഴുണ്ട് ഇത് സഹകരണ സംഘങ്ങളുടെ ഉത്തരവാദിത്വം വർധിപ്പിക്കുന്നു.

അവശ്യക്കാരന്റെ വാതിൽ പടിയിലേക്ക് ചെല്ലുന്ന ഒട്ടേറെ സ്വകാര്യ പണമിടപാടുകാർ പ്രവർത്തിക്കുന്ന ഒരു പ്രദേശമാണ് നമ്മുടേത്. കഴുത്തറപ്പൻ പലിശയാണെങ്കിലും വളരെ ലളിതമായ രീതികൾ പിൻതുടരുന്നതിനാൽ ഇടപാടുകാർ, നിക്ഷേപക്കാരായാലും വായ്പാക്കാരായാലും ഇത്തരക്കാരെ സമീപിക്കുന്നു. ബാങ്കുകളുടേയും ബ്ലയിഡ് കമ്പനികളുടെയും ഇടയിൽ സഹകരണ സംഘങ്ങൾ ഞെരിയുന്ന ഒരവസ്ഥയാണിന്നുള്ളത്. സംഘം ഭരിക്കുന്നവരും സഹകരണ വകുപ്പും കൂടുതൽ യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങളെ സമീപിക്കേണ്ടിയിരിക്കുന്നു.

വായ്പ തിരിച്ചടവിനായാലും നിക്ഷേപങ്ങൾക്കായാലും ദിവസവും പണം അങ്ങോട്ട് ചെന്ന് സ്വീകരിക്കുന്ന രീതി സംഘടിപ്പിക്കാവുന്നതാണ്. പുതിയ ചെറുകിട നിക്ഷേപക്കാരെകണ്ടെത്താനും കിട്ടാകടങ്ങളുടെ തിരിച്ചടവിനും ഇതുപകരിക്കും കൂട്ടത്തിൽ രണ്ടോ മൂന്നോ പേർക്ക് കമ്മീഷൻ വ്യവസ്ഥയിൽ ജോലിയും

ലഭിക്കും. ബന്ധവും പരിചയവും മാത്രം കണക്കാക്കി, തിരിച്ചടവിനുള്ള സാദ്ധ്യതകൾ വിലയിരുത്താതെ വായ്പകൾ നൽകുന്നത് സംഘങ്ങളുടെ നില നിൽപ്പ്തന്നെ അപകടപ്പെടുത്തുന്നു. രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വാശിയേറിയ തെരഞ്ഞെടുപ്പുകൾ ഈ മേഖലക്ക് ഒരു ബാദ്ധ്യതയായി മാറുന്നുണ്ട്. സഹകരണത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെ മറന്നുകൊണ്ടുള്ള ഇത്തരം പ്രവർത്തനങ്ങൾ കുറച്ചുകൊണ്ടുവരണം.

നമ്മുടെ പ്രധാനകൃഷിതെങ്ങാണ്. എന്നാൽ നാളികേരം വിപണന സംസ്ക്കരണ രംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങൾ ഒന്നും തന്നെയില്ല. ക്ഷീരവ്യവസായരംഗത്തെ സ്ഥിതിയും വ്യത്യസ്തമല്ല. പണ്ടം പണയം, ഓണം വില്പന, തുടങ്ങിയ ചില പ്രവർത്തനങ്ങളല്ലാതെ പുതിയ മേഖലകളിലേക്ക് കടക്കാർ ഇപ്പോഴും സംഘങ്ങൾ തയ്യാറല്ല. ഉൽപാദന- വിപണന രംഗത്ത് പുതിയ കാഴ്ചപ്പാടോടെ ക്രിയാത്മകമായി സംഘങ്ങൾ ഇടപെടേണ്ടിയിരിക്കുന്നു. രാഷ്ട്രീയ ദുർവിധികളോടും കാഴ്ചപ്പാടോടും കൂടിയ പ്രവർത്തനങ്ങൾ നിറുത്തിയില്ലെങ്കിൽ ഏറെ സാദ്ധ്യതകളുള്ള ഈ മേഖല തകർന്നുപോകനും സാദ്ധ്യതയുണ്ട്.


**പ്രശ്നങ്ങൾ**

1. വായ്പകൾ ശരിയാംവണ്ണം തിരിച്ചടക്കുന്നില്ല
2. നിക്ഷേപ-വായ്പ രംഗത്ത് പുതിയ സ്കീമുകളുണ്ടാകുന്നില്ല
3. ഉൽപാദന വിപണനരംഗത്ത് ഇടപെടുന്നില്ല
4. നൂതന മേഖലകളിലേക്ക് കടന്നുചെല്ലുന്നില്ല
5. സഹകരണ പ്രസ്ഥാനത്തിലേക്ക് കഴിവുള്ളവർ വരുന്നില്ല
6. രാഷ്ട്രീയത്തിന്റെ അതിപ്രസരം അനുഭവപ്പെടുന്നു.
7. നാട്ടിക പട്ടികജാതി സർവ്വീസ് സഹകരണസംഘം പ്രവർത്തനം നിറുത്തിവെച്ചിരിക്കുന്നു.
8. പ്രത്യേകാവശ്യങ്ങൾക്കായി പുതിയ സംഘങ്ങൾ രൂപീകരിക്കപ്പെടുന്നില്ല
9. തൻചെലവിനുള്ള ആധിക്യം

**സാദ്ധ്യതകൾ**

1. പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കുക
2. ഉൽപാദന -വിപണന രംഗത്ത് സംഘങ്ങളെ ഇടപെടുവിക്കുക
3. പുതിയ നിക്ഷേപ വായ്പ സ്കീമുകൾ ഉണ്ടാക്കുക
4. ആധുനിക ബാങ്കിങ്ങ് സൗകര്യങ്ങളിൽ പ്രാപ്യമായവ സ്വീകരിക്കുക
5. അതത് രംഗത്ത് പ്രവർത്തിക്കുന്നവരെ അംഗങ്ങളാക്കിക്കൊണ്ട് സംഘം പ്രവർത്തനം വൈവിധ്യവൽക്കരിക്കുക
6. സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരമാക്കുക
7. ജീവനക്കാർക്ക് പ്രത്യേകം പരിശീലനങ്ങൾ ഏർപ്പെടുത്തുക
8. ചെലവുകൾ കുറച്ചും ഉൽപാദനക്ഷമത കൂട്ടിയും സംഘടനകളുടെ ലാഭം കൂട്ടുക
9. പ്രവർത്തന രഹിതമായിരിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തെ പുനരുദ്ധീകരിക്കുക.
10. ജനകീയാസൂത്രണ പദ്ധതിയുമായി സഹകരിച്ച് പുതിയ പ്രവർത്തനങ്ങൾക്കുള്ള സാദ്ധ്യത ആരായണം.

17



# പട്ടികജാതിക്ഷേമം

നാട്ടികപഞ്ചായത്തിൽ പട്ടികജാതിയിൽ ഉൾപ്പെട്ട 600 ഓളം വീടുകളാണുള്ളത്. 3844പേരാണ് ഈ വിഭാഗത്തിലെ ആകെ ജനസംഖ്യ ഇതിൽ 1979 പേർ സ്ത്രീകളാണ്. പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾ ഒന്നും നിലവിലില്ല.

ആകെയുള്ള 11 കോളനികളിൽ 9 എണ്ണത്തിലും പട്ടിക ജാതിക്കാരാണ് ഭൂരിഭാഗവും. ഒന്നാം വാർഡിലെ പ്രിയദർശിനി കോളനിയും, രണ്ടാം വാർഡിലെ AKG കോളനിയും ഏറ്റവും മോശമായ അവസ്ഥയിലാണ്. ഇവിടുത്തെ വീടുകൾ ഓടുമേയാത്തതും വൈദ്യുതി എത്താത്തവയുമാണ്. ആവശ്യത്തിനുള്ള ശുദ്ധജല സൗകര്യവും ശുചീകരണസംവിധാനങ്ങളും മിക്ക കോളനികളിലും അപര്യാപ്തമാണ്. പ്രിയദർശിനി കോളനിയിലേക്കും AKG കോളനിയിലേക്കുമുള്ള റോഡു ഗതാഗതം വളരെ മോശമാണ്.

കർഷകത്തൊഴിലാളികളും, കൂലി പണിക്കാരുമാണ് ഈ വിഭാഗത്തിലധികവും. ഭവനരഹിതരായിട്ടുള്ളവരിൽ ഭൂരിഭാഗവും പട്ടികജാതിയിൽ ഉൾപ്പെട്ടവരാണ്. റോഡ് പുറമ്പോക്കിൽ താമസിക്കുന്നവരിൽ 85% വും പട്ടികജാതിയിൽ പെട്ടവരാണ്.

സാമൂഹ്യ പദവിയിൽ ഒട്ടേറെ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും, സാമൂഹ്യ സംഘടനാ നേതൃത്വങ്ങളിലേക്കുയർന്നവരുടെ എണ്ണം വളരെ കുറവാണ്. പട്ടികജാതിക്കാരുടെതായി ഒരു സർവ്വീസ് സഹകരണസംഘവും ഒരു മരണാനന്തര സഹായ സമിതിയുമാണ് നിലവിലുള്ളത്. ഭരണ രംഗങ്ങളിൽ സംവരണങ്ങളിലൂടെയല്ലാത്ത സാന്നിദ്ധ്യം പ്രകടമല്ലെന്നു വേണം പറയാൻ ജാതിപരമായ ഉച്ചനീചത്വങ്ങൾ മാറിവരുന്നുണ്ടെങ്കിലും പഴയതിന്റെ തുടർച്ചയെന്നോണം നിലനിൽക്കുന്ന അംഗീകാരക്കുറവ് പരിഷ്കൃത സമൂഹത്തിന് മാറ്റിയെടുക്കാവുന്നതേയുള്ളൂ.

**പ്രശ്നങ്ങൾ**

1. പുതിയ കോളനികൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമല്ല

2. സാമ്പത്തികമായ പിന്നോക്കാവസ്ഥ വിദ്യാഭ്യാസത്തേയും ഭവന നിർമ്മാണത്തേയും ബാധിക്കുന്നു.

3. ക്ഷേമ പദ്ധതികളെപറ്റിയുള്ള അറിവില്ലായ്മ

4. പട്ടികജാതി വികസന കോർപ്പറേഷന്റെ പ്രവർത്തനം വളരെ പരിമിതമാണ്.

5. ഭവനനിർണത്തിനുള്ള സാമ്പത്തിക സഹായം വളരെ കുറവാണ്.

6. അനുവദിക്കുന്ന കോളനികൾ മറ്റുള്ളവർക്ക് വിൽക്കുന്നു.

7. കോളനികൾക്കടുത്തുള്ള മദ്യഷാപ്പുകൾ

| വാർഡ് | ആകെ കുടുംബം | പുറംമ്പോക്കിൽ താമസിക്കുന്നവർ | സ്വന്തം സ്ഥലമുള്ളവർ | കോളനിയിൽ താമസിക്കുന്നവർ | വീടില്ലാത്തവർ |
|---|---|---|---|---|---|
| 1 | | 13 | | 38 | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | 31 | | | |
| 6 | | | | | |
| 7 | | | | | |
| 8 | 37 | 0 | 35 | 0 | 10 |
| 9 | | | | | |
| 10 | | | | | |
| ആകെ | | | | | |

**സാദ്ധ്യതകൾ**

1. പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും, ഭൂരി ഭാഗം പട്ടികജാതിക്കാരിലേക്ക് എത്തിക്കുകയും ചെയ്യുക.

2. പട്ടിക ജാതിക്കാർക്കുവേണ്ടിയുള്ള കേന്ദ്രീകൃത കോളനികൾ ഉണ്ടാക്കാതെ സ്ഥലമെടുത്തു വീടുവെക്കുന്നതിനുള്ള സംവിധാനങ്ങളും സഹായങ്ങളും നൽകാവുന്നതാണ്.

റോഡുപുറമ്പോക്കിലും, കടപ്പുറത്തും വീടുവെച്ചു താമസിക്കുന്നവർക്ക് ഇത്തരം സഹായങ്ങൾ നൽകാവുന്നതാണ്.

3. ഭവനിർമ്മാണ സഹായം വർധിപ്പിക്കാവുന്നതും, നേരിട്ട് നിർമ്മിച്ചു നൽകാവുന്നതുമാണ്.

4. പായനെയ്ത്ത്, കൈതവെച്ചു പിടിപ്പിക്കൽ എന്നിവക്ക് സഹായം നൽകാവുന്നതാണ്.

5. IRDPയിൽ ഉൾപ്പെട്ടവരെ മാത്രം ഉപയോഗിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സഹായം ചെയ്യുന്ന രീതിയിൽ മാറ്റമുണ്ടാകണം.

6. 2-ാം വാർഡിലെ ലക്ഷംവീട്, A.K.G. കോളനി എന്നിവിടങ്ങളിലേക്കാവശ്യമായ ശുദ്ധജല സംവിധാനം ലക്ഷം വീട് കോളനിയിലെ കിണറുകളിൽനിന്നും നടത്താവുന്നതാണ്.


**സാദ്ധ്യതകൾ**

1. ജനപങ്കാളിത്തത്തോടുകൂടി വൈദ്യുത ലൈനുകൾ ശാസ്ത്രീയമായി പുനർ നിശ്ചയിക്കുക

2. ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കുക

3. സ്ട്രീറ്റ് ലൈറ്റുകൾക്ക് കോംപാക്ട് ഫ്ളൂറസന്റ് ലാമ്പുകളും, ഇലക്ട്രോണിക് ചോക്കുകളും ഉപയോഗിക്കുക

4. അമിതമായി വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കെതിരെ നടപടിയെടുക്കാവുന്നതും, മിതമായ നിലയിൽ വൈദ്യുതി ഉപയോഗിയ്ക്കാനുള്ള ക്രമീകരണങ്ങൾ ഉണ്ടാവുകയും ചെയ്യുക




# വിഭവസമാഹരണം

ഏതൊരു സ്ഥാപനത്തിന്റെയും പ്രസ്ഥാനത്തിന്റെയും സുഗമമായ പ്രവർത്തനത്തിനും വിജയത്തിനും ആവശ്യമായ വിഭവങ്ങൾ കണ്ടത്തുക എന്നത് വളരെ പ്രാധാന്യമേറിയ ഒരു കാര്യമാണ്. ശരിയായ ആസൂത്രണത്തിലൂടെ വരവ് ചെലവിനങ്ങളെ ക്രമീകരിക്കുകയും പുതിയ വിഭവസ്രോതസ്സുകളെ കണ്ടെത്തുകയും വേണം. ശരിയായ രീതിയിൽ ഉപയോഗിക്കാതെയിരിക്കുന്നതും എന്നാൽ ലഭ്യമായതുമായ അസംസ്കൃത വസ്തുക്കളെ സംസ്കരിച്ച് ഉൽപന്നങ്ങളാക്കുകയും വിപണനം നടത്തുകയും വഴി പുതിയ വിഭവ സമാഹരണത്തിനുള്ള സാധ്യതകൾ ആരായണം.

നാട്ടികയെ സംബന്ധിച്ചേടത്തോളം. നമ്മുടെ കടൽതീരത്തുനിന്നും പിടിക്കുന്ന മത്സ്യം വേണ്ടരീതിയിൽ സംസ്ക്കരിക്കുന്നതിനോ വിപണനം ചെയ്യുന്നതിനോ സാധിക്കാറില്ല. ഭക്ഷ്യയോഗ്യമല്ലാത്ത കടൽജീവികളും മത്സ്യഭാഗങ്ങളും ഉപയോഗിച്ച് മീൻവളം ഉൽപാദിപ്പിക്കുന്നതിനോ. കക്ക. ശംഖ് മുതലായവ കൊണ്ടുള്ള ഉൽപന്നങ്ങളുണ്ടാക്കാനോ ഇതുവരെ നാം ശ്രമിച്ചിട്ടില്ല. നാട്ടികയിലെ പ്രധാനകൃഷിയും വരുമാനമാർഗ്ഗവും തെങ്ങാണ്. എന്നാൽ തെങ്ങിൽ നിന്നുമുള്ള വിവിധ വിഭവങ്ങളുപയോഗിച്ച് വൈവിധ്യമാർന്ന ഭക്ഷ്യയോഗ്യമായതും അല്ലാത്തതുമായ ഉൽപന്നങ്ങൾക്കുള്ള സാധ്യതകളെ കണ്ടെത്താനും നാം ശ്രമിച്ചിട്ടില്ല. സ്വകാര്യമേഖലയിലും സഹകരണമേഖലയിലും ഉൽപാദന - വിപണന ശൃംഖലകൾക്ക് തന്നെയുള്ള സാധ്യതകൾ നമുക്ക്മുന്നിൽ തുറന്നു കിടക്കുന്നുണ്ട്. വേണ്ട രീതിയിൽ ആലോചിച്ച് ധാരാളമായി ലഭ്യമായ മനുഷ്യവിഭവശേഷിയുപയോഗിച്ച് ഇത്തരം നൂതനമേഖലകളിലേക്ക് നമുക്ക് കടന്നു ചെല്ലാം.

നാട്ടികയിൽ ഇന്നുകാണുന്ന ഭൗതിക പുരോഗതിക്ക് പ്രധാനമായും കടപ്പെട്ടിരിക്കുന്നത് ഗൾഫ് പണത്തോടാണ്. ഏതാണ്ട് 800 പേർ ഈ പഞ്ചായത്തിൽനിന്നു ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്നുണ്ട്. 50 ലക്ഷം രൂപയോളം ഇവർ പ്രതിമാസം നാട്ടിലേക്കയക്കുന്നുണ്ട്. എന്നാൽ ഈ പണത്തിന്റെ സിംഹഭാഗവും ഭൂമിയിലും കെട്ടിടത്തിലുമായി നിക്ഷേപിക്കപ്പെടുന്നു. ഉൽപാദനമേഖലകളെ ഇവർ തിരഞ്ഞുനോക്കുന്നില്ല. അതിനുള്ള കാരണങ്ങൾ തിരക്കി പുതിയ സംരംഭകരെ കണ്ടെത്താനും അതുവഴി പുതിയ വിഭവസ്രോതസ്സുകളെ ഉണ്ടാക്കികൊടുക്കാനും നമുക്ക് കൂട്ടായി ശ്രമിക്കാം.

പഞ്ചായത്തിന്റെ സ്വയംപര്യാപ്തതക്ക് ആവശ്യമായ വിഭവം സമാഹരിക്കുവാൻ നിലവിലുള്ള ധനാഗമമാർഗ്ഗങ്ങൾകൊണ്ട് കഴിയാത്ത അവസ്ഥയാണുള്ളത്. മൊത്തം വരുമാനത്തിന്റെ 36% ഭരണ ചിലവായി വരുന്നുണ്ട്. അതുകൊണ്ട്തന്നെ വികസനപ്രവർത്തനങ്ങളിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുവാൻ കഴിയുന്നില്ല. സർക്കാർ ഗ്രാന്റുകൾ കൃത്യസമയത്ത് തന്നെ ലഭിച്ചില്ലെങ്കിൽ വികസനപ്രവർത്തനങ്ങൾ നിലക്കുന്ന ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് തന്നെ പുതിയ വിഭവ സ്രോതസ്സുകളെ കണ്ടെത്തുവാനും മനുഷ്യവിഭവശേഷിയെ കൂടു

തലായി ഉപയോഗിക്കുന്നതിനും മാർഗ്ഗങ്ങളാരായണം.

സർക്കാരിൽനിന്നും പഞ്ചായത്തുകൾക്ക് കിട്ടാനുള്ള നികുതി വിഹിതങ്ങൾ യഥാകാലത്ത് ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. വാഹനനികുതിയിന ത്തിൽ ലഭിക്കാനുള്ള കുടിശ്ശിക നൽകുകയും അടി സ്ഥാന നികുതി വിഹിതം വൈകാതിരിക്കുകയും വേണം. പ്രാദേശിക സാധ്യതകൾക്കനുസരിച്ച് പുതിയ നികുതികൾ നിശ്ചയിക്കുന്നതിന് പഞ്ചായത്തുകൾക്കധി കാരം നൽകുകയാണ് വിഭവസമാഹരണത്തിനുള്ള അടി സ്ഥാനമാർഗ്ഗം.

പഞ്ചായത്തിന്റെ പ്രധാന ധനാഗമമാർഗ്ഗങ്ങളെ പ്രത്യേ കമായി നമുക്കൊന്നു പരിശോധിക്കാം.

തൊഴിൽനികുതി: പഞ്ചായത്തിലെ സർക്കാർ സ്ഥാപ നങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, സ്വകാര്യവാണിജ്യസ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്നവരിൽനിന്നുമാണ് തൊഴിൽ നികുതി പിരിക്കു ന്നത്. 388941 രൂപയാണു ഈ ഇനത്തിൽ കഴിഞ്ഞവർഷം പിരിഞ്ഞത്. എന്നാൽ ഒട്ടേറെ സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാർ ഇനിയും ഈ നികുതിക്ക് കീഴിൽ വരാത്ത വരായുണ്ട്. പെട്ടികടയടക്കം എല്ലാ കച്ചവടസ്ഥാപനങ്ങ ളേയും തൊഴിൽ നികുതിയുടെ പരിധിയിലേക്ക് കൊണ്ടു വരേണ്ടതാണ്. ഒട്ടേറെ മേഖലകളിൽ ഇടത്തട്ടുകാരായും സഹായികളായും ജോലിചെയ്യുന്നവരെ ഇനിയും തൊഴിൽനികുതിക്ക് കീഴിൽ കോണ്ടുവരേണ്ടിയിരി ക്കുന്നു. ഈ നികുതി കുറഞ്ഞത് 50%വും കൂടി വർധിപ്പി ക്കുവാൻ കഴിയുന്നതാണ്.

### കെട്ടിടനികുതി

കെട്ടിട നികുതി കണക്കാക്കുന്നതിൽ ഒട്ടേറെ പാക പിഴകൾ വരുന്നുണ്ട്. ഉടമസ്ഥർ നിർമ്മാണചെലവായി കാണിക്കുന്നത് വളരെ ചെറിയ ശതമാനം സംഖ്യായാണ്. അടുത്തകാലത്തായി ലക്ഷങ്ങൾ ചെലവാക്കിയുള്ള ഒട്ടേറെ വീടുകൾ ഉയർന്നുവന്നിട്ടുണ്ട്. ലക്ഷങ്ങൾ ചെല വാക്കുമ്പോഴും പഞ്ചായത്തിന് വീട്ടുനികുതിയായി ഒരു ചെറിയ സംഖ്യകൊടുക്കുന്നതിൽ എതിർപ്പ് കാണിക്കു ന്നവരാണ് ഏറിയ പങ്കും. പഞ്ചായത്തധികൃതരുടെ ഭാഗ ത്തുനിന്നു നല്ല രീതിയിലുള്ള ഇടപെടലുകൾ നടത്തി അവരെ ബോധ്യപ്പെടുത്തി വീട്ടുനികുതി ശാസ്ത്രീയ മായി നിശ്ചയിക്കുന്നതിനും ഈടാക്കുന്നതിനും ശ്രമി ക്കണം. 438400 രൂപയാണ് ഈ ഇനത്തിൽ ഒരു വർഷം പിരിയുന്നത്. ഇത് ഒരിരട്ടിയെങ്കിലും വർദ്ധിപ്പിക്കാൻ കഴി യുന്നതാണ്.

### വിനോദനികുതി

തൃപ്രയാർ ശ്രീരാമതിയ്യറ്ററിൽനിന്നും ലഭിക്കുന്ന വിനോദനികുതി മാത്രമാണു പഞ്ചായത്തിന് ഈ ഇന ത്തിൽ ലഭിക്കുന്നത്. പ്രസ്തുത തിയ്യറ്ററിലും പ്രിയദർശിനി ഓഡിറ്റോറിയത്തിലും ടിക്കറ്റ് വെച്ചു നടത്തുന്ന എല്ല കലാപരിപാടികൾക്കും വിനോദ നികുതി ഈടാക്കേണ്ടാ താണ്. 90565 രൂപയാണ് ഈ ഇനത്തിൽ കഴിഞ്ഞ വർഷം ലഭിച്ചത്.

### നികുതിയേതര വരുമാനങ്ങൾ

| | | |
|---|---|---|
| 1. പഞ്ചായത്ത് ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ല ക്സിൽനിന്നും വാടകയിനത്തിലുള്ള വരുമാനം | | 224585 രൂപ |
| 2. മുറ്റിച്ചൂർ കടവ് - ലേല തുക | | 13080 രൂപ |
| 3. അൺ ടൈഡ് ഫണ്ട് | | 246606 |
| 4 | a) VRM ഗ്രാന്റ് | 8210 രൂപ |
| | b) M.T ഗ്രാന്റ് | 1200 രൂപ |
| | c) JRY | 404400 രൂപ |
| 5. വസ്തുകൈമാറ്റ നികുതി വിഹിതം | | 265501 രൂപ |

### ചെലവുകൾ(1995-96)

| | |
|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 596574 |
| പൊതുമരാമത്ത് | 581094 |
| റോഡ്, പഞ്ചായത്ത് ഫണ്ട് | 391202 |
| തോട് | 6686 |
| നടപ്പാലം | 155796 |
| വിദ്യാഭ്യാസം | 54060 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 137943.70 |
| തെരുവ് വിളക്കുകൾ | 81786 |
| മറ്റുള്ളവ | 354018 |
| ആകെ | 2359159.70 |


### സാദ്ധ്യതകൾ

നിലവിലുള്ള നികുതികളെ ശാസ്ത്രീയമായി നിജപ്പെ

ടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനൊപ്പം പുതിയ നികുതി സാധ്യതകളെ കണ്ടെത്തേണ്ടതാണ്. ആഡംബര വസ്തുക്കൾ ഉപയോഗിക്കുന്നവരിൽ നിന്നും പുതിയ നികുതികൾ പിരച്ചെടുക്കാവുന്നതാണ്. TV. VCR. കേബിൾ TV എന്നിവ ഉപയോഗിക്കുന്നവരിൽനിന്നും ഒരു നിശ്ചിത തുക പ്രതിവർഷം പഞ്ചായത്തിന് പിരക്കുവാൻ കഴിയും. മോട്ടോർ വാഹനങ്ങൾ സ്വന്തമായുള്ളവർക്ക് അതിന്റെ പേരിൽ നികുതിചുമത്താൻ കഴിയും. ഇന്നു പഞ്ചായത്തിൽ വളരെയധികം സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ ഉയർന്നുവരുന്നുണ്ട്. അവരിൽനിന്നും ഒറ്റപ്രാവശ്യം ഒരു നിശ്ചിത തുക എന്നരീതിയിൽ നികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യബോർഡുകൾ, ചുമർപരസ്യങ്ങൾ എന്നിവക്കും നികുതി ഈടാക്കേണ്ടതാണ്.

വിഭവസമാഹരണത്തിൽ ഏറ്റവും പ്രധാനമായത് നാം ഇതുവരെ കാര്യമായി ശ്രദ്ധിച്ചിട്ടില്ലാത്ത മനുഷ്യ വിഭവശേഷിയാണ്. ഒട്ടേറെപേർ സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ളവരാണ്. പക്ഷെ അവരെ സംഘടിപ്പിച്ച് ഭാവനാപൂർണ്ണമായ ഒരു പദ്ധതിക്ക് വേണ്ടി ഉത്സാഹിപ്പിക്കുന്നതിനായി ആരും ശ്രദ്ധിക്കുന്നില്ല. കൂടുതൽ മഹിളാസമാജങ്ങളും കലാകായിക സമിതികളും വായനശാലകളും ഉയർന്നുവന്നു നാട്ടുംപുറത്ത് ഒരു കൂട്ടായ്മ സൃഷ്ടിച്ചെടുക്കണം. ഗ്രാമസഭകളിലൂടെ ഉയർന്നുവന്നിട്ടുള്ള ആവേശവും കർമ്മോന്മുഖതയും നിലനിർത്തുന്നതിനായി അയൽക്കൂട്ടങ്ങളെ സജീവമായി നിലനിർത്തണം. പൊതുപ്രശ്നങ്ങൾ നമ്മൾ ഓരോരുത്തരുടെയും പ്രശ്നങ്ങളാണെന്നും അവക്ക് പരിഹാരം കണ്ടെത്തുവാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണെന്നുമുള്ള ബോധം നാട്ടിൽ ഉയർന്നുവരട്ടെ. ഒരു കാലത്ത് നമ്മുടെ പ്രദേശത്ത് സന്നദ്ധപ്രവർത്തനങ്ങൾവഴി ഉയർന്നുവന്നിട്ടുള്ള പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ നമുക്ക് ആവേശവും മാർഗ്ഗദർശനവുമാകട്ടെ.







# ഉപസംഹാരം

ജനകീയാസൂത്രണ പരിപാടികളുടെ രണ്ടാംഘട്ടത്തിന്റെ സമാപനമായ വികസനസെമിനാറിൽ അവതരിപ്പിച്ച് ചർച്ചചെയ്യുന്നതിനായിട്ടാണ് ഈ രേഖ തയ്യാറാക്കിയിട്ടുള്ളത്. പതിമൂന്ന് വിഷയങ്ങളും ഒട്ടേറെ അനുബന്ധ വിഷയങ്ങളും ഇതിൽ പരാമർശിച്ചിട്ടുണ്ട്. നാട്ടിക പഞ്ചായത്ത് നേരിടുന്ന വകസന പ്രശ്നങ്ങളേയും അവക്കുള്ള പരിഹാരമാർഗങ്ങളേയും ഒരു ജനകീയ കാഴചപ്പാടിലൂടെ വിലയിരുത്തുന്നതിനും ആരായുന്നതിനും ഈ റിപ്പോർട്ടിലൂടെ ശ്രമിച്ചിട്ടുണ്ട്. ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളും, വിവിധ ഡിപ്പാർട്ട്മെന്റുകളിൽനിന്നും ശേഖരിച്ചിട്ടുള്ള ദ്വിതീയ വിവരങ്ങളുമാണ് ഇതിന് പ്രധാനമായും ആധാരമാക്കിയിട്ടുള്ളത്. ഈ റിപ്പോർട്ട് പൂർണ്ണമായ ഒന്നല്ലെന്ന് ഞങ്ങൾക്കറിയാം. സമഗ്രമായ ചർച്ചകളിലൂടേയും വരുംനാളുകളിൽ നടക്കാനിരിക്കുന്ന പഞ്ചായത്ത് തല പ്രവർത്തനങ്ങളിലൂടേയും ഈ റിപ്പോർട്ട് കൂടുതൽ സമ്പുഷ്ടമാകുമെന്ന് ആശിക്കുന്നു.

ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ നടപ്പാക്കേണ്ട സ്കീമുകൾ വിദഗ്ദ്ധന്മാരുടെ സഹായത്തോടെ രൂപപ്പെടുത്തലാണ് മൂന്നാം ഘട്ടം. നാലാംഘട്ടത്തിൽ പദ്ധതികൾ മുൻഗണനാക്രമത്തിൽ ജനപങ്കാളിത്തത്തോടെ പ്രാവർത്തികമാക്കും. അടുത്ത അഞ്ച് വർഷങ്ങളിൽ നീണ്ടുനിൽക്കുന്ന ഒരു ബൃഹത് പരിപാടിയുടെ തുടക്കമാണിവിടെ കുറിച്ചിട്ടുള്ളത്. അതി വിപുലമായ ജനകീയ ഇടപെടലുകളിലൂടെയും പങ്കാളിത്തത്തിലൂടെയും മാത്രമെ ഇത് വിജയിപ്പിക്കുവാൻ കഴിയുകയുള്ളൂ.

ഈ വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കുന്നതിന് നേരിട്ടും അല്ലാതെയും ഒട്ടേറെപേർ ഞങ്ങളെ സഹായിച്ചിട്ടുണ്ട്. അവരെല്ലാവരോടും നാട്ടിക പഞ്ചായത്ത് ജനകീയാസൂത്രണ സമിതിയുടെ പേരിൽ ഞാൻ അകൈതവമായ നന്ദി പ്രകാശിപ്പിക്കുന്നു. സജീവമായി രംഗത്തുണ്ടായിരുന്ന പഞ്ചായത്ത് മെമ്പർമാരെ കൂടാതെ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനും സംഘാടക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും വേണ്ടി പ്രവർത്തിച്ച ജില്ലാ റിസോഴ്സ് പേഴ്സൺമാരായ ശ്രീ. ടി.കെ.പ്രസാദ്, ശ്രീ.സി.ശങ്കരനാരായണൻ, ശ്രീ.ശിവൻ മഞ്ചറമ്പത്ത്, ശ്രീ.പി.രാംകുമാർ, ശ്രീ.ജോഷി ബ്ലാങ്ങാട്ട് എന്നിവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. തിരക്കുപിടിച്ച ഒരു പ്രവർത്തനമായിരുന്നു ഇതിനുവേണ്ടി നടന്നത്. അതുകൊണ്ടുതന്നെ പലവിവരങ്ങളും വേണ്ടത്ര ശേഖരിക്കാൻ കഴിഞ്ഞില്ല. ദ്വിതീയ വിവരങ്ങൾ തന്നെ പൂർണ്ണമല്ലാത്ത അവസരത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പുരോഗതിക്കും, ജനതയുടെ സർവ്വതോന്മുഖമായ വളർച്ചക്കും വേണ്ടി ഇനിയും ഒരുപാടുവിവരങ്ങൾ ശേഖരിക്കേണ്ടതും, കൂടുതൽ ശരിയായ നിഗമനത്തിൽ എത്തിച്ചേരേണ്ടതുമുണ്ട്. അതുകൊണ്ടുതന്നെ 9-ാം പദ്ധതിയുടെ നടപ്പുകാലത്ത് നമ്മുടെ വിപുലമായ വിഭവഭൂപടം നിർമ്മിക്കേണ്ടതും, പ്രാഥമിക വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. മഹത്തായ ഈ സംരഭത്തിലെന്നപോലെ വരും പ്രവർത്തനങ്ങളിലും നാട്ടികയിലെ മുഴുവൻ ജനങ്ങളും ഉത്സാഹത്തോടെ അണിനിരക്കുമെന്ന് പ്രത്യാശിക്കുന്നു.

സത്യഭമ ജയപാലൻ
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, നാട്ടിക




നാട്ടിക ഗ്രാമ പഞ്ചായത്ത്

# ബർതോൾഡ് ബ്രഹ്ത്

## പട്ടിണിക്കാരോട്

ഒഴിഞ്ഞ ചട്ടിയിൽ നിന്നും
എങ്ങിനെ കഞ്ഞി കുടിക്കും നീ
എങ്ങിനെ കഞ്ഞി കുടിക്കും നീ

നാടിൻ ഭരണം പിടിച്ചെടുത്തത്
കീഴ്മേൽ മാറ്റിമറിക്കൂ
നിന്നുടെ ചട്ടിയിൽ കഞ്ഞി നിറക്കാൻ
നീ മാത്രം പോരും
ഇനിയൊരു നിമിഷം കാത്തിരിക്കേണ്ട

പണിയില്ലാത്തോൻ നീയെങ്കിൽ
പാവപ്പെട്ടോൻ നീയെങ്കിൽ
എങ്ങിനെ വയറു നിറക്കും നീ..
എങ്ങിനെ വയറു നിറക്കും നീ..

നാടിൻ ഭരണം പിടിച്ചെടുത്തത്
കീഴ്മേൽ മാറ്റിമറിക്കൂ
അതിൻെറ നായകനാകൂ
എല്ലാവർക്കും പണികിട്ടും
പാവപ്പെട്ടവരില്ലാതാകും

ദുർബലനെന്ന് വിളിച്ചവർ നിന്നെ
കളിയാക്കുന്നില്ലേ.. ഇല്ലേ
കാലം പാഴിൽ കളയാതെ
മുന്നേറുക നീ വേഗം

മിണ്ടാപ്രാണികളായി കഴിയുന്നോർ-
ക്കാവേശം പകരാൻ
കൊണ്ടു വരൂ നീ.. കൊണ്ടു വരൂ നീ
പുതിയൊരു സങ്കര പരിപാടി

വരുമൊരു കാലം മിണ്ടാപ്രാണികൾ
സംസാരിക്കും കാലം
ദുർബലരായോർക്കിടയിൽ നിന്നും
ചിരിപൊട്ടും കാലം..ചിരിപൊട്ടും കാലം

# വലപ്പാട് ഗ്രാമ പഞ്ചായത്ത്

VALAPAD GRAMA PANCHAYAT OFFICE
★P.O. VALAPAD★

# ജനകീയാസൂത്രണം

## ഒമ്പതാം പദ്ധതി

# സമഗ്ര വികസനരേഖ



ഇന്ത്യയിലെ അസംസ്കൃത വിഭവങ്ങൾ വിദേശത്തേക്ക് കയറ്റി അയച്ച് അവിടെ നിന്നും ഉല്പന്നങ്ങൾ വലിയ വില കൊടുത്ത് വാങ്ങുന്നതിനല്ല, മറിച്ച് ഇന്ത്യയിലെ മനുഷ്യ ശക്തിയെ മുഴുവനായും ശരിയായവിധം ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ അസംസ്കൃത വസ്തുക്കളെ ഇവിടുത്തെ അനേകായിരം ഗ്രാമങ്ങളിലെത്തിക്കുന്നതിലാണ് യഥാർത്ഥ ആസൂത്രണത്തിന്റെ സാരം കുടികൊള്ളുന്നത്.

# പഞ്ചായത്ത് ഭരണ സമിതി

| | | | | |
|---|---|---|---|---|
| 1. | ശ്രീ. എ.പി. മണികണ്ഠൻ | (പ്രസിഡന്റ്) | | |
| 2. | ശ്രീമതി. എ.കെ. കൈരളി | (വൈ.പ്രസിഡന്റ് ) | | |
| 3 | ശ്രീമതി. കെ.കെ.വിശ്വംഭരൻ | (സ്റ്റാൻസിങ്ങ് കമ്മറ്റി ചെയർമാൻ | | |
| 4. | കെ.കെ.മാധവി | മെമ്പർ | വാർഡ് | I |
| 5. | ശ്രീ.മതി. പി.എം. ഷെറീഫബാവ | " | " | II |
| 6. | ശ്രീ. പി.കെ. ഷൗക്കത്തലി | " | " | III |
| 7. | ശ്രീ.ടി.എ. പ്രേം ദാസ് | " | " | IV |
| 8. | ശ്രീ. ഇ.കെ. തോമസ് മാസ്റ്റർ | " | " | V |
| 9. | ശ്രീ. പി.സി. വേലായുധൻ | " | " | VI |
| 10. | ശ്രീ. പി.എം. അശോകൻ | " | " | VII |
| 11. | ശ്രീമതി.കെ.എ. സൈനബ | " | " | VIII |
| 12. | ശ്രീ രാജീവ് ചേലയിൽ | " | " | X |
| 13. | ശ്രീമതി തങ്കമണികുമാരൻ | " | " | XII |

## ഉള്ളടക്കം

സന്ദേശം

ആമുഖം

ചരിത്രം

ഭൂപ്രകൃതി ,ജനപ്രകൃതി,

ജലപ്രകൃതി

കൃഷിയും, ജലസേചനവും

മൃഗസംരക്ഷണം

മത്സ്യബന്ധനം

വ്യവസായം

വിദ്യാഭ്യാസം

ആരോഗ്യം

ഗതാഗതം

ഊർജ്ജം

പാർപ്പിടം

സാമൂഹ്യക്ഷേമം

സംസ്കാരം

വനിത

സമാഹരണം

പട്ടികജാതി ക്ഷേമം

വിഭവ സമാഹരണം

എ.പി. മണികണ്ഠൻ
പ്രസിഡണ്ട്.വലപ്പാട് ഗ്രാമ പഞ്ചായത്ത്.

മാന്യരെ,

ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത് എന്ന് കണ്ടെത്തിയ ഗാന്ധിജിയുടെ സ്വപ്നമായിരുന്നുവല്ലോ ഗ്രാമസ്വരാജ്.

ഗ്രാമീണ വികസനത്തിന് പഞ്ചായത്തുകൾക്ക് നൽകുന്ന സംഖ്യയുടെ സിംഹ ഭാഗവും ഇടത്തട്ടുകളിൽ ചോർന്ന് പോകുന്നു എന്ന് ബോധ്യപ്പെട്ട രാജീവ് ഗാന്ധിയുടെ സ്വപ്നവും മറ്റൊന്നായിരുന്നില്ല. ഇന്നത് യഥാർത്ഥ്യമായിരിക്കുന്നു. 73 -ാം ഭരണഘടനാഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നിലവിൽവന്നതോടെ ഗ്രാമ സഭകൾ നിർബന്ധമ ായിരിക്കുന്ന. അവർക്ക് ഭരണഘടനാ പരമായ പിൻബലമുണ്ടായിരിക്കുന്നു.

കഴിഞ്ഞുപോയ ഏഴ് പദ്ധതികളും നടപ്പുപദ്ധതിയായ എട്ടാം പദ്ധതിയും വിവിധ മേഖലകളിൽ രാജ്യത്തുണ്ടാക്കിയ നേട്ടങ്ങൾ എടുത്തുപറയാതിരിക്കുവാനാകില്ല .വർദ്ധിച്ചുവരുന്ന വെല്ലുവിളികളെ നേരിടാൻ ഒൻപതാം പദ്ധതി ജനകീയ പദ്ധതി ആക്കുവാനാണെല്ലോ. സംസ്ഥാന പ്ലാനിംഗ് ബോർഡ് തീരുമാനിച്ചിരിക്കുന്നത് ഇതിന്റെ രണ്ടാംഘട്ടം ഈ വികസന സെമിനാറോടെ പൂർത്തിയാകുകയാണ്.

കഴിഞ്ഞ കാല പ്രവർത്തനങ്ങളിൽ പഞ്ചായത്തു സമിതിയെ ഏറെ സഹായിച്ച മുഴുവൻ ആളുകളോടും അകമഴിഞ്ഞ നന്ദി പ്രകാശിപ്പിക്കട്ടെ, കക്ഷി രാഷ്ട്രീയ സംഘടനാ ചിന്തകൾക്കധീതമായി വികസനത്തിനായി പഞ്ചായത്ത് തലത്തിൽ ഒത്ത് ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾ ഒരു പുതിയ വികസന സംസ്കാരത്തിന്റെ തുടക്കം തന്നെയാണ്. വിവിധ രാഷിട്രീയ മത സംഘടനാ നേതാക്കളുടെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ രണ്ട് മേഖലകളിൽനിന്ന് ആഘോഷപൂർവ്വം ആരംഭിച്ച വികസന ജാഥകളിലെ പങ്കാളിത്തം ഇതിന്റെ പ്രഥമ ഉദാഹരണമാണെല്ലോ. ജനങ്ങൾക്ക് ലഭിച്ച ഈപുതിയ അനുഭവം നമ്മുടെ ഗ്രാമ സഭകളുടെ സജീവപങ്കാളിത്തത്തിന് മുതൽകൂട്ടായി മുരിയാം തോട് സെന്ററിൽ ചേർന്ന ജാഥകളുടെ സംഗമത്തിൽ വികസന ദീപം കൊളുത്തിയ മലയാളത്തിന്റെ പ്രിയപ്പെട്ടകവി കുഞ്ഞുണ്ണി മാഷു ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് വിശാലാക്ഷി ടീച്ചറും ഈ സമാഗമത്തെ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ സുവർണകിരീടത്തിലെ ഒരു പൊൻതുവലായി വിശേഷിപ്പിച്ചു.

നാടിന്റെ ഉൽസവമായി മാറിയ ഗ്രാമസഭകൾ. നിരവധിസംഘാടന. സമിതികൾ ദ്വിദീയ വിവരശേഖരണ ഗ്രൂപ്പുകൾ, റിപ്പോർട്ട് തയ്യാറാക്കുന്നതിനും എഴുതുന്നതിനും രൂപംകൊണ്ട വിവിധഗ്രൂപ്പുകൾ ഇവയെല്ലാം പ്രദേശത്തിന്റെ വിത്യസ്ത വിഭാഗങ്ങളുടെ കൂട്ടായ്മയുടെ പ്രതീകങ്ങളായി . ഇവർക്കാണിച്ച ആവേശവും ആത്മാർത്ഥതയും പഞ്ചായത്തിന്റെ വികസനങ്ങൾക്ക്



158

മുതൽകൂട്ടാകും എന്നത് തീർച്ചതന്നെ. കക്ഷി രാഷ്ട്രീയത്തിന്റെ പരസ്പര വൈരങ്ങളും വിദ്വേഷങ്ങളും മറന്ന് വികസനമെന്ന കേന്ദ്ര ബിന്ദുവിലേക്കൊഴുകിയെത്തിയ ഈ ആവേശം അരണി കടഞ്ഞെടുത്ത അഗ്നിയെ പോലെ നമ്മുക്ക് മനസ്സിൽ കാത്തുസൂക്ഷിക്കാം. നീണ്ട ദിനങ്ങളിലെ തീവ്രമായ പ്രവർത്തനങ്ങൾക്കുശേഷം ഗ്രാമസഭാ റിപ്പോർട്ടുകളും, നടപ്പുപദ്ധതികളും ശേഖരിച്ച ദ്വിദീയ വിവരങ്ങളും കൂട്ടിച്ചേർത്ത് നമ്മുടെ പഞ്ചായത്തിന്റെ വികസന റിപ്പോർട്ടിന് രൂപം കൊടുത്തിരിക്കുന്നു. ലഭ്യമായ ദ്വിദീയ വിവരങ്ങളിൽ ഏറെയും കലാഹരണപ്പെട്ടവയും യഥാർത്ഥ്യങ്ങളുമായി ബന്ധമില്ലാത്തവയുമാണ്. എന്നുള്ളതിനാൽ അവയിൽ പലതും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. നമ്മുടെ സെമിനാറിൽ വെച്ച് നമ്മുക്കിനിയും പുതിയ നിർദ്ദേശങ്ങളെ കൂട്ടിയോജിപ്പിക്കാം. വികസനത്തിന്റെ ഒരു പുതിയ പാത നിർമ്മിക്കുവാൻ പങ്കാളികളായ ഏവർക്കും ഒരിക്കൽ കൂടി നന്ദിപറഞ്ഞുകൊണ്ട് ഈ വികസന റിപ്പോർട്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.

ഒപ്പ്
എ.പി. മണികണ്ഠൻ

# പഞ്ചായത്ത് ഭരണ സമിതി

| | | | | |
|---|---|---|---|---|
| 1. | ശ്രീ. എ.പി. മണികണ്ഠൻ | (പ്രസിഡന്റ്) | | |
| 2. | ശ്രീമതി. എ.കെ. കൈരളി | (വൈ.പ്രസിഡന്റ് ) | | |
| 3 | ശ്രീമതി. കെ.കെ.വിശ്വംഭരൻ | (സ്റ്റാൻസിങ്ങ് കമ്മറ്റി ചെയർമാൻ | | |
| 4. | കെ.കെ.മാധവി | മെമ്പർ | വാർഡ് | I |
| 5. | ശ്രീ.മതി. പി.എം. ഷെറീഫബാവ | " | " | II |
| 6. | ശ്രീ. പി.കെ. ഷൗക്കത്തലി | " | " | III |
| 7. | ശ്രീ.ടി.എ. പ്രേം ദാസ് | " | " | IV |
| 8. | ശ്രീ. ഇ.കെ. തോമസ് മാസ്റ്റർ | " | " | V |
| 9. | ശ്രീ. പി.സി. വേലായുധൻ | " | " | VI |
| 10. | ശ്രീ. പി.എം. അശോകൻ | " | " | VII |
| 11. | ശ്രീമതി.കെ.എ. സൈനബ | " | " | VIII |
| 12. | ശ്രീ രാജീവ് ചേലയിൽ | " | " | :X |
| 13. | ശ്രീമതി എ. ആർ. തങ്കമണികുമാരൻ | " | " | XII |



159

# പൊതുവിവരണം

ഗ്രാമ പഞ്ചായത്ത് - വലപ്പാട്

വില്ലേജ് - വലപ്പാട്

ബ്ലോക്ക് പഞ്ചായത്ത് - തളികുളം

താലൂക്ക് - ചാവക്കാട്

ജില്ല - തൃശൂർ

അസംബ്ലി മണ്ഡലം - നാട്ടിക

## അതിരുകൾ

കിഴക്ക്- നാട്ടിക പഞ്ചായത്ത്, എടത്തിരുത്തി പഞ്ചായത്ത്, കനോലി കനാൽ

പടിഞ്ഞാറ് - അറബികടൽ

തെക്ക് - എടത്തിരുത്തി പഞ്ചായത്ത്

വടക്ക് - നാട്ടിക പഞ്ചായത്ത്


വിസ്തീർണ്ണം - 16.33 ച.കി.മി.

വാർഡുകൾ - 13

ജനസംഖ്യ -33078

പുരുഷൻമർ - 15695

സ്ത്രീകൾ - 17383



.ശ്രീ. എ.പി. മണികണ്ഠൻ
(പ്രസിഡന്റ്)



ശ്രീമതി. എ.കെ. കൈരളി ധർമ്മൻ
(വൈ.പ്രസിഡന്റ് )



ശ്രീമതി. കെ.കെ.വിശ്വംഭരൻ
(സ്റ്റാൻസിങ്ങ് കമ്മറ്റി ചെയർമാൻ



കെ.കെ.മാധവി
ഒന്നാം വാർഡ് മെമ്പർ



ശ്രീ.മതി. പി.എം. ഷെറീഫബാവ
രണ്ടാം വാർഡ് മെമ്പർ



ശ്രീ.ടി.എ. പ്രേംദാസ്
നാലാം വാർഡ് മെമ്പർ



ശ്രീ. ഇ.കെ. തോമസ് മാസ്റ്റർ
അഞ്ചാം വാർഡ് മെമ്പർ




ശ്രീ. പി.സി. വേലായുധൻ
ആറാം വാർഡ് മെമ്പർ



ശ്രീ. പി.എം. അശോകൻ
ഏഴാം വാർഡ് മെമ്പർ



ശ്രീമതി.കെ.എ. സൈനബ
എട്ടാം വാർഡ് മെമ്പർ



ശ്രീ രാജീവ് ചേലയിൽ
ഒമ്പതാം വാർഡ് മെമ്പർ



ശ്രീമതി എ.ആർ തങ്കമണികുമാരൻ
പത്താം വാർഡ് മെമ്പർ

# ആമുഖം

അധികാര വികേന്ദ്രി കരണം എന്ന സ്വപ്നം സാഫ ല്യമാക്കികൊണ്ട് 73 -ാം ഭരണ ഘടനാ ഭേദഗതിയിലൂടെ ത്രിത ല പഞ്ചായത്ത് ഭരണ സംവി ധാനം നമ്മുടെ രാജ്യത്ത് നില വിൽ വന്നിരിക്കുകയാണെല്ലോ. സാമൂഹ്യജീവിതത്തിന്റെ പലമേഖലകളിലും ലോക രാഷ്ട്രങ്ങളോട് കിടപിടിക്കാൻ കഴിയുന്നു എന്നഭിമാനിക്കുന്ന വരാണെല്ലോ നാം. എന്നാൽ പ്രതിശീർഷ വരുമാനത്തിൽ മറ്റു സംസ്ഥാനങ്ങളെക്കാൾ ഏറെ പുറകിൽ നിൽക്കുന്ന കേരളീ യർ ജീവിത നിലവാരത്തിൽ ഏറെ മുന്നിലാണെന്നത് ഒരത്ഭുതം മാത്രം .

ഈ അത്ഭുതത്തിന്റെ പ്രധാ നകാരണങ്ങളിൽ ഒന്നാണെല്ലോ ഗൾഫ് പണം. എന്നാൽ ഈ പൊൻമുട്ടയിടുന്ന താറാവി ന്റെയും ദീർഘകാല നിലനില്പ് പ്രതിസന്ധിയിലാണ്. മറ്റു പല മേഖലകളിലും വർദ്ധിച്ചു കൊണ്ടിരിക്കുന്ന മൂല്യശോ ഷണം കൂടി കണക്കിലെടു ക്കുമ്പോൾ പുതിയ ഒരു പാത കണ്ടെത്തേണ്ടത് അനിവാര്യ മായിരിക്കുന്നു. ഇവിടെ യാണ് ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ പങ്കാളിത്തത്വത്തോടെ നടപ്പിലാക്കുവാനുള്ള തീരുമാന ത്തിന്റെ പ്രസക്തി. ഈ പദ്ധതി യുടെ 40% തോളം തുക ( 4,000 കോടി) പഞ്ചായത്തുകൾ മുഖേനയുള്ള വികസന ത്തിനായി ചെലവഴിക്കും എ ന്നത് ഈ രംഗത്തെ കൃത്യമായ പ്ലാനിംഗിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഇതിനായി സംസ്ഥാന തല പരിശീലന ത്തിനുശേഷം ജില്ലാ തല പരി ശീലനം തളികുളം, ചാവക്കാട് ബ്ലോക്കുകൾക്ക് സംയുക്തമായി ചാവക്കാട് വെച്ച് നടക്കു കയുണ്ടായി പഞ്ചായത്തിലെ ഓരോ വാർഡുകളിൽനിന്ന് 8 പ്രതിനിധികളെയും ഉദ്യോഗസ്ഥൻമാരെയും 150 ആളുകൾ അടങ്ങുന്ന 1-ാം ഘട്ട പഞ്ചായത്തു തല പരിശീ ലനം നാം സംഘടിപ്പിച്ചു അതി നുശേഷം 13 വാർഡികളിലായി നടന്ന ഗ്രാമ സഭകളിൽ 3,000 ത്തിലധികം ആളുകൾ പങ്കെടുത്തു. പട്ടികജാതിക്കാരും, സ്ത്രീകളും ആവേശപൂർവ്വം ചർച്ചകളിൽ പങ്കാളികളായി എന്നത് എടുത്തുപറ യേണ്ടിയി രിക്കുന്നു. ഗ്രാമസഭകൾക്കു ശേഷം ദ്വിദീയ വിവര ശേഖരണ ത്തിനായി പഞ്ചായത്തു തലത്തി ൽ 8 കമ്മറ്റികൾ ഉണ്ടാക്കുകയും അവർ ശേഖരിച്ച വിവരങ്ങളും പഞ്ചായത്തിലെ പഠന പര്യടന ത്തിൽ നിന്ന് ലഭിച്ച അറിവും, ഗ്രാമ സഭാ ചർച്ചകളിൽനിന്ന് ലഭിച്ച റിപ്പോർട്ടും, നടപ്പുപദ്ധ തികളും കൂട്ടിച്ചേർത്ത് നമ്മുക്ക് മന്നുടെ വികസന റിപ്പോർട്ട് നിർ മ്മിക്കുവാൻ കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ തന്നെ രണ്ടാം ഘട്ട ജില്ലാതല പരിശീലനത്തിൽ പങ്കെടു ക്കുവാനും രണ്ടാംഘട്ട പഞ്ചായത്ത് പരിശീലനം സംഘടിപ്പി ക്കുവാനും നമ്മുക്ക് കഴിഞ്ഞു. നിലനിൽക്കുന്ന പ്രശ്നങ്ങളെ മനസ്സിലാക്കുവാനും അവക്കുള്ള പരിഹാരങ്ങൾ കണ്ടെത്തുവാനും പരമാവധി ശ്രമിച്ചു കൊണ്ടാണ് നമ്മുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇനിയും വികസന സെമിനാറിലെ കൃത്യ മായ ചർച്ച ഈ കരട് റിപ്പോർ ട്ടിനെ പൂർണ്ണമാക്കുമെന്ന് തന്നെ നമ്മുക്ക് പ്രതീക്ഷിക്കാം,



161

## വലപാട് ഗ്രാമ പഞ്ചായത്ത് ജീവനക്കാർ.

ശ്രീ. സി.വി. ധർമരാജൻ - സെക്രട്ടറി

ശ്രീമതി.കെ.വി.മോനിക്ക - ജോ.എസ്.

ശ്രീമതി . കെ.കെ. അമ്മിണി- യു.ഡി.സി.

ശ്രീ.കെ.വേണുഗോപാലൻ - യു.ഡി.സി.

ശ്രീമതി. എം.ആർ. ശാന്ത - യു.സി.സി.

ശ്രീ. എം.പി. ഷാജി. - യു,സി.സി.

ശ്രീ. ആർ.വെള്ളിയാൻഗിരി - ഒവർസീയർ

ശ്രീ. കെ.എ. ജോൺ - എൽ.ഡി.സി.

ശ്രീമതി. പി.വൈ. സാജിത - എൽ.ഡി.സി.

ശ്രീ. വി.കെ. സുബ്രമുണ്യൻ - ജെ.ബി.സി.

ശ്രീ.കെ.ജെയിംസ് ജോബ്സൻ - എൽ.ഡി.സി.

ശ്രീ. പി.വി. ബാലൻ - പ്യൂൺ

ശ്രീമതി ഇ. ആമിന - പ്യൂൺ

ശ്രീമതി പി,വി, സീത - എഫ്. ടി. എസ്.

ശ്രീമതി ടി.സി. മിനാക്ഷി - എഫ് . ടി.എസ്.

ശ്രീ. എ.എ. ഇമ്പ്രായി - പി.ടി.എൽ.

## റിപ്പോർട്ട് തയ്യാറാക്കിയവരും സഹായിച്ചവരും

എ.പി. മണിക്കണ്ഠൻ
ശശികരുവത്തിൽ
എൻ.എസ്. ധർമ്മൻ മാസ്റ്റർ
എം.എ. മുഹമ്മദാലിമാസ്റ്റർ
ഇഹാസ് കരിയാറ്റിൽ
ഗോപി പുളിക്കൽ
പി.എൻ. പ്രോവിന്റ്
ഇ.കെ. തോമാസ് മാസ്റ്റർ
എം.വി. ജ്യോതിസ്
കെ.വി. അജിത്
എം. ബി. ദിനേശൻ മാസ്റ്റർ
എന്. കെ. ഹരിചന്ദ്രൻ
ഇ.വി. സുകുമാരൻ
വി.എസ്. മോഹനൻദാസ്
വി.വി. ചിദംബരൻ മാസ്റ്റർ
സി.വാസുദേവൻ
വി.വി. ഇല്ലാസ്
വി.വി. വിജയൻ
ഹരികുമാർ
(കൃഷി ഓഫീസർ)
സെയ്തുമുഹമ്മദ്
കെ.കെ. വിശ്വംഭരൻ
പി.യെ അശോകൻ
പി.കെ. ഷൗക്കത്തലി
എ.എം. മാധവൻ
വിലാസിനി ടീച്ചർ
കെ.കെ. അരവിന്ദൻ
കെ.വി. ജയരാജൻ മാസ്റ്റർ
വി.ആർ. ശങ്കരനാരായണൻ
കൺവീനർമാർ:-
ടി.എ. പ്രേംദാസ്
എം.ബി. ദിനേശൻ മാസ്റ്റർ



162

# ചരിത്രം

പഴയ ബ്രിട്ടീഷ് മലബാറിലെ ചേറ്റുവ മുതൽ ആലവരെ പരന്നുകിടന്നിരുന്ന നാട്ടിക ഫർക്കയിലെ ഏറ്റവും വലിയ വില്ലേജ് ആയിരുന്നു വലപ്പാട് പ്രദേശം. ഇപ്പോൾ ഫർക്കയുടെ പരിധി ചേറ്റുവ മുതൽ കൈപമംഗലം വരെയായി ചുരുങ്ങിയെങ്കിലും വലപ്പാട് വില്ലേജ് കഴിമ്പ്രം, എടമുട്ടം പള്ളിപ്രം എന്നീ മൂന്ന് ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പഴയ പ്രതാപത്തൊടെ തന്നെ നിലകൊള്ളുന്നു. വലപ്പാട് എന്ന പേരിന് പിന്നിൽ ഒരു ഐതിഹ്യം നിലകൊള്ളുന്നു. എ.ഡി. 1500 നോടടുത്ത് ഈ പ്രദേശത്തെ ഏറ്റവും വലിയ ജന്മിയും നാട്ടുപ്രമാണിയു മായിരുന്ന ബ്ലാഹയിൽ മൂപ്പിൽ നായരെ സമീപിച്ച ക്രിസ്ത്യൻ മത വിശ്വസികൾ, അവർക്ക് ദേവാലയം പണിയുന്നതിനായി ഒരു 'വല വട്ടപാട് ' ചുറ്റളവിൽ ഭൂമി ആവശ്യപ്പടുകയും അത് അനുവദിക്കപ്പെട്ടപ്പോൾ പള്ളി പണിയുകയും ചെയ്തു. പള്ളി പരിസരത്ത് താമസ മാക്കിയ ക്രിസ്ത്യൻ സമുദായ ക്കാർ അവിടെ കൊച്ചുകൊച്ചു കച്ചവടങ്ങൾ സ്ഥാപിക്കുകയും കാലാന്തരത്തിൽ വലവട്ടപ്പാട് ചുറ്റളവിൽ പണിത പള്ളിയ്ക്ക് വലപ്പാട് പള്ളി എന്ന് പേര് വന്നുചേർന്നപ്പോൾ ഈ ഭാഗം വലപാട് അങ്ങാടിയായി രൂപാന്തരപ്പെടുകയും കാലക്രമേണ ഈ പ്രദേശം മൊത്തമായി വലപ്പാട് എന്ന പേരിൽ ഔദ്യോഗിക രേഖകളിൽ സ്ഥാനം പിടിക്കുകയും ചെയ്തതായി അറിയപെടുന്നു ബഹുജനങ്ങളിൽ നിന്ന് നികുതി പിരിച്ച് ഖജനാവ് നിറച്ചിരുന്ന ബ്രിട്ടീഷുകാർ അതാതു പ്രദേശങ്ങളിലെ സമ്പന്ന കുടുംബങ്ങളിലെ പ്രമാണിമാർക്ക് സർവ്വവിധ അധികാരങ്ങളും നൽകികൊണ്ട് വില്ലേജ് അധികാരിമാരെ നിയമിച്ചിരുന്നു. പാരമ്പര്യമായി ഈ അവകാശം

നില നിർത്തി യരുന്ന അധികാരിമാരാണ് പ്രദേശ ത്തിന്റെ ഭരണത്തിന്റെ ചുക്കാൻ പിടിച്ചിരുന്നത്. ഇപ്പോൾ തൃശൂർ ജില്ലയിൽ പെടുന്ന ഈ പ്രദേശം ആദ്യകാലങ്ങളിൽ മലബാർ ജില്ലയിൽപെടുന്നതായിരുന്നു. ഇപ്പോൾ ചാവക്കാട് താലൂക്ക് എന്നുള്ളത് അന്ന് പൊന്നാനി താലൂക്കായിരുന്നു.

പഴയ നാട്ടിക ഫർക്ക യുടെ തലസ്ഥാനമായിരുന്നു വലപ്പാട് പ്രദേശം. ഗവൺമെന്റ് ഡിസ്പെൻസറി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആശുപത്രി, പോലീസ് സ്റ്റേഷൻ, പോസ്റ്റ് & ടെലഗ്രാഫ് ആഫീസ്, ഹൈ സ്ക്കൂൾ, റവന്യൂ ഇൻ സ്പെക്ടർ ആഫീസ്, ട്രാവലേഴ്സ് ബം ഗ്ലാവ്, പൊതുചന്ത, അരിവിത രണം നടത്തിയിരുന്ന പി.സി.സി. എന്നിവയുടെ സാന്നിദ്ധ്യവും സമീപപ്രദേശത്തെ റജിസ്ട്രാർ ആഫീസും യഥാർത്ഥത്തിൽ വലപ്പാടിന് ഒരു തീരദേശ തലസ്ഥാനം എന്ന പേർ നൽകിയിരുന്നു. പൊന്നാനി മുതൽ കൊച്ചിവരെ നീണ്ടു കിടക്കുന്ന വാണിജ്യ സഞ്ചാര ജല ഗതാഗത മാർഗ്ഗമായിരുന്നു ഈ പ്രദേശത്തോട് ചേർന്നൊ ഴുകുന്ന കനോലികനാൽ. ഈ കനാലിലെ പ്രധാന കേന്ദ്രവു മായിരുന്നു കുഴിക്കൽ കടവ്. കനാ ലിൽ നിന്നുള്ള ജലഗതാഗത ചാലുകളും ഇന്ന് അവിടെ സ്ഥി തിചെയ്യുന്ന ചരക്ക് ഗോഡൗ ണുകളും ഇതിന് സാക്ഷ്യം വഹിക്കുന്നു.

പണ്ട് ജന്മിത്വത്തിന്റെ എല്ലാപാതകങ്ങളും ഇവിടു ത്തെ ജനങ്ങൾ അനുഭവിച്ചി ട്ടുണ്ട്. ഇവിടെ നടമാടിയിരുന്ന അക്രമങ്ങൾക്കും അനീതി കൾക്കും സാക്ഷ്യംവഹിച്ചിട്ടുള്ള പഴമക്കാർ ഇന്നും ജീവിച്ചിരി ക്കുന്നു. സ്ത്രീകൾക്ക് മാറു മറക്കാനും അധ:കൃതർക്ക് കുടചൂടാനും വഴിനടക്കാനും അന്നത്തെ അയിത്താചാരങ്ങൾ വിലക്ക് കല്പിച്ചിരുന്നു. വില ക്കിനെ ധിക്കരിച്ചിരുന്നവർക്ക് കനത്ത ശിക്ഷയായിരുന്നു ലഭിച്ചിരുന്നത്. നാടുവാഴും പ്രഭുക്കൻമാർക്ക് കൊല്ലിനും കൊലയ്ക്കുമുള്ള അധികാരം ഉണ്ടായിരുന്നു. ഇന്നും ഈ പഞ്ചായത്തിൽ നിലകൊള്ളുന്ന ചാലുകുളവും (ചാലുകുളം പള്ളിയ്ക്കുമസീപം) കൊല നിലവും (കുഴിക്കൽ കടവിന് സമീപം) ഇതിന്റെ മൂകസ്മാര കങ്ങളാണ്.

പാലപ്പെട്ടി അയിരൂർ കോവിലകത്തിന്റെ പാരമ്പര്യം ഇതിൽനിന്നും തികച്ചും വ്യത്യസ്ഥമായിരുന്നു. അവിടെ ജന്മി-കുടിയാൻ ബന്ധം ഏറെ സൗഹൃദപൂർണ്ണമായിരുന്നു. പലരാലും ചൂഷണത്തിന് വിധേയരായി കോവിലകം ക്ഷയിച്ചപ്പോൾ അവരെ സഹാ യിക്കാൻ കുടിയാൻമാർ മു ന്നോട്ടുവന്ന ചരിത്രമുണ്ടവിടെ . ആ കോവിലകത്തുനിന്ന് ദേശീയ പ്രസ്ഥാനത്തിലൂടെ ഉയർന്നു വന്ന നേതാവാണ് 'ഗോദവർമ്മ രാജ.' ഇദ്ദേഹം പിന്നീട് ഖിലാഫത്ത് തമ്പുരാൻ എന്ന പേരിൽ പ്രശസ്തനായി. ഈ പ്രദേശത്തിന്റെ സിംഹ ഭാഗവും ഒരു കാലഘട്ടത്തിൽ അവരുടെ അധീനതയിലായി രുന്നു.

സമൂഹത്തിലെ ഏത് ചലനങ്ങളും ഗ്രഹിക്കാനും ഉൾക്കൊള്ളാനും കഴിവുള്ള ഒരു ജനതയാണിവിടെയുള്ളത്. ശ്രീനാരായണ പ്രസ്ഥാനമാണ് ഇവിടെ ആദ്യമായി വേരൂന്നി യത്. ഗുരുദേവന്റെ പാദസ്പർശ മേൽക്കാൻ ഭഗ്യം ലഭിച്ച ഒരു ഗ്രാമമാണിത്. മൂന്നു തവണ ഗുരുദേവൻ ഇവിടം സന്ദർ ശിച്ചിട്ടുണ്ട്. മഹാകവി കുമാ രനാശാ നോടൊത്ത് സന്ദർശ നത്തിന് എത്തിയപ്പോൾ കവി എഴുതിയ പന്ത്രണ്ടുവരികൾ ഇന്നും അടിപറമ്പിൽ തറ വാട്ടിൽ സൂക്ഷിക്കപ്പെടുന്നു. ഗുരുദേവന്റെ അന്ത്യനാളുകളിൽ എടമുട്ടം ചോലയിൽ കുഞ്ഞു മാമിവൈദ്യരുടെ വസതിയിൽ താമസിച്ചു ചികിത്സ നേടിയി ട്ടുണ്ട്.

ഇന്ത്യയൊട്ടുക്കും ദേശീയ



163

പ്രസ്ഥാനം അലയടിച്ചുയർന്ന പ്പോൾ ഈ മണപ്പുറവും അതിനോടൊപ്പം ഉയർന്നിരുന്നു. സി.പി.മൊയ്തീൻകുട്ടി സാഹിബ്, വി.ബി. പണിക്കർ, വി.കെ. ക്കോരുണ്ണി മാസ്റ്റർ, ഗോദവർമ്മ രാജ എന്നിവരായി രുന്നു ഇതിന് നേതൃത്വം നൽകി യിരുന്നത്. വീറും വാശിയും മേറിയ ശൈലിയായിരുന്നു അവരുടേത് അന്ന് വലപ്പാട് സ്റ്റേഷനിലെ കൈക്കൂലിക്കാര നായിരുന്ന റബ്ബേറ എന്ന പോലീസ് സബ് ഇൻസ്പെക്ടർ ക്കെതിരായി പ്രകടനവും പൊ തുയോഗവും സംഘടിപ്പിക്കാൻ ഇവർ തയ്യറായി. 1933 ൽ വലപ്പാട് മീൻ ചന്തയുടെ പടിഞ്ഞാറ് ഭാഗത്തുണ്ടായിരുന്ന കള്ള്ഷാപ്പ് പിക്കറ്റ്ചെയ്തതിന് നേതൃത്വം നൽകിയത് മുൻ പറഞ്ഞ നേതാക്കളായിരുന്നു. ഇ ക്കാലത്തു തന്നെ കോൺഗ്രസ്നേതൃത്വത്തിൽ ഉജ്ജ്വലമായ ഒരു കർഷസ മ്മേളനം നടത്തുകയും പ്രസിദ്ധമായ "പാട്ടബാക്കി" എന്ന നാടകം അവതരിപ്പി ക്കുകയും ഉണ്ടായി . അതിന്റെ പ്രത്യാഘാതമായി ബ്രിട്ടീഷ് സർക്കാർ ഒരു നരനായാട്ടു തന്നെ നടത്തുകയുണ്ടായി. കോൺഗ്രസ് പ്രവർത്തനത്തി ന്റെ ഭാഗമായി ശ്രീ.എ.കെ.ജി. വലപ്പാട് സന്ദർശിക്കുകയും സവ്വർണ മേധാവിത്വം നിലനിന്നിരുന്ന ബ്ലാഹയിൽ കുളത്തിൽ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് ഇന്നാട്ടുക്കാരനായ ശ്രീ. ഇ. വി. ജിയോടൊപ്പം കുളി ക്കുകയും ചെയ്തത് പഴമ ക്കാർക്ക് രോമാ ഞ്ചതോടെയേ സ്മരിക്കാൻ കഴിയൂ.

സ്വാതന്ത്ര്യസമര പ്രസ്ഥാ ന ത്തിന്റെ ഭാഗമായി 1938 ൽ വെന്നിക്കൽ ക്ഷേത്രമൈതാ നിയിൽ നടന്ന നാട്ടിക ഫർക്ക ദ്വിദിന രാഷ്ട്രീയ സമ്മേളന ത്തിൽ സർവ്വ ശ്രീ. കോങ്ങാട്ടിൽ രാമൻ മേനോൻ, കെ.കേളപ്പൻ, എ.കെ.ജി. ,എം.പി. ദാമോദരൻ കുട്ടിമാളുഅമ്മ എന്നിവർ സംബന്ധിച്ചിട്ടുണ്ട്. വ്യാപകമായ തോതിൽ പടർന്നുപിടിച്ച നടപ്പുദീനവും 1941 ലെ കൊടും ക്കാറ്റും വെള്ളപൊക്കവും ജനങ്ങ ളുടെ ജീവിനും സ്വത്തും അപഹരിച്ചും നാട്ടിൽ പട്ടിണി വിതച്ച കാലഘട്ടത്തിൽ കനോ ലികനാലിലൂടെ പൊന്നാ നിഭാഗത്തേയ്ക്ക് കൊണ്ടു പോയിരുന്ന ഒരു വള്ളം അരി ചന്തകടവിൽവെച്ച് തളികുളം ടി.കെ.രാമന്റെ നേതൃത്വത്തിൽ ഒരു സംഘം തടഞ്ഞെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്തു. അനേകം പ്രമുഖ പൊതുപ്രവർത്തകർ ഇതിൽ പങ്കെടുത്തിരുന്നു. ഈ സംഭവത്തിന്റെ പേരിൽ ശ്രീ.ടി.കെ രാമനടക്കമുള്ള പലരേയും പോലീസ് അറസ്റ്റു ചെയ്ത് ക്രൂരമായി മർദ്ദിച്ചു. ഈകാലഘട്ടത്തിൽ തന്നെ യാണ് വടക്കേ മലബാറുക്കാ രാനായൊരു ശ്രീ.വി. ആർ. നായനാരുടെ ദാരിദ്ര്യ നിർ മാർജ്ജന പ്രവർത്തനങ്ങൾ നടന്നതും ശ്രീ.പി.സി. രാമ കൃഷ്ണൻ വൈദ്യർ, വി. എൻ. അപ്പുകുട്ടൻ മാസ്റ്റർ, പൊഴേ കടവിൽ ഗോപാലൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ ജനങ്ങൾ മുന്നോട്ട് വന്ന് രാഷ്ട്രീയ സമൂഹിക സാംസ്കാരിക സംഘടനകളെ ഏകോപിപിച്ച് പ്രവർത്തനങ്ങൾ നടത്തിയതും. കേരളത്തിൽ പത്രങ്ങൾ വിരള മായിരുന്ന ഈ കാലഘട്ടത്തിൽ ഇഴവ പ്രമാ ണിയും സാമൂഹിക സാംസ് കാരിക പ്രവർത്ത കനുമാ യിരുന്ന ശ്രീ. എ.പി. രാമന്റെ പത്രാധിപത്യത്തിൽ 'നീതിമാൻ' എന്നപേരിൽ ഒരു പത്രം പ്രസിദ്ധീകരിച്ചിരുന്നു.

1948 ൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇവിടെ വളർന്നു. ദാരിദ്ര്യവും ദുരിതവും പോലീസ് മർദ്ദനങ്ങളുമായിരുന്നു അതിന്റെ പ്രധാനകാരണങ്ങൾ. 1950 ജനുവരി 26. അന്നാണ് സർദാർ ഗോപാലകൃഷ്ണൻ വലപ്പാട് പോലീസ് സ്റ്റേഷനിൽ വെച്ച് രക്തസാക്ഷിയായത്. അദ്ദേഹ ത്തിന്റെ മൃതദേഹം പോലീസ് അടക്കംചെയ്തത് കോതകുളം ബീച്ചിന് തെക്കുവശത്തുള്ള

'കഴുനായകുന്ന്' എന്ന സ്ഥല ത്താണ്. ശവം അടക്കം ചെയ്തി ടത്ത് ചെങ്കൊടി ഉയർത്തി യെന്നാരോപിച്ച് നിരവധി കമ്മ്യൂണിസ്റ്റ് പ്രവർത്തകരുടെ പേരിൽ പോലീസ് കേസുകളു ണ്ടാക്കുകയും നാട്ടിൽ ഉടനീളം മർദ്ദനം അഴിച്ചുവിടുകയു മുണ്ടായി. അന്നത്തെ പട്ടിണി യുടെയും മർദ്ദനത്തിന്റെയും ഭീകരതയോർത്ത് പഴമക്കാർ ദു:ഖത്തോടെ ചൊല്ലി സ്മരി ക്കാറുള്ള രണ്ടുവരി കവിത തന്നെ നിലവിലുണ്ട് " കപ്പലണ്ടി പിണ്ണാക്കില്ലെങ്കിൽ പണ്ടേ ചത്തേന്നെ അതിലൊരു കല്ലുണ്ടെങ്കിൽ പല്ലും പോയേ നേ" ഇന്ന് ഗൾഫ് സമ്പന്ന തയിൽ ഈ കപ്പലണ്ടിപ്പിണ്ണാക്ക് കൃഷി ക്ക് വളമായി മാറ്റപ്പെട്ടിരു ക്കുന്നു.

മണപ്പുറത്തെ ആദ്യത്തെ ഹൈസ്ക്കൂളാണ് വലപ്പാട് ഹൈസ്ക്കൂൾ... ആദ്യം ഇതിന്റെ മാനേജുമെന്റ് വലപ്പാട് സെന്റ് സബാസ്റ്റ്യൻ പള്ളിക്കായിരു ന്നെങ്കിലും പിന്നീട് മലബാർ ഡിസ്ട്രിക് ബോർഡും കാല ക്രമേണ ഗവൺമെന്റ് സ്ക്കൂ ളുമായി മാറുകയാണ് ഉണ്ടായത്. ആയുർവേദ വൈദ്യശാ സ്ത്രരംഗത്ത് വിപ്ലവം സൃഷ്ടിച്ച ചോലയിൽ കുഞ്ഞുമാമി വൈദ്യർ ഈ പ്രദേശത്തു ക്കാരനാണ്. 'ചോലയിൽ അറ' എന്ന് അറിയപ്പെട്ടിരുന്ന ഇപ്പോഴത്തെ എടമുട്ടത്ത് ഗുരുകുല മാതൃകയിലായിരു ന്നു വൈദ്യ വിദ്യാഭ്യാസം നൽകിയിരുന്നത്. കേരളത്തിന്റെ നാനാഭാഗത്ത് നിന്നും രോഗി കൾ ഇവിടെ താമസിച്ച് രോഗമു ക്തിനേ ടിയിരുന്നു. അലോപ്പതി ഡോക്ട ർമാർ വിരളമായിരുന്ന കാലത്ത് ഡോ.വി. നാരാ യണമേനോൻ വലപ്പാടിന് നൽകിയ സേവനങ്ങൾ സ്തു ത്യർഹമാണ്.

എങ്ങിനെ ചങ്ങമ്പുഴ കവി തകൾ അന്നത്തെക്കാലത്ത് മല യാളികളുടെ നാവിൻതുമ്പിൽ അലിഞ്ഞു കിടന്നിരുന്നുവോ അപ്രകാരം യുവഹൃദയങ്ങളിൽ കഥകളുടെ സൗന്ദര്യധാര പൊഴിച്ച് വിപ്ലവത്തിന്റെ ചുടു ചോര ഞരമ്പുകളിൽ ത്രസിപ്പിച്ച മലയാളികളുടെ പ്രിയങ്കരനാ യിരുന്ന കഥാകാരൻ ഡി.എം. പൊറ്റേക്കാട്ടിന്റെ പ്രവർത്ത നമേഖല വലപ്പാടായിരുന്നു. സമീപപ്രദേശിയായിരുന്ന പ്ര ശസ്തചലചിത്രകാരൻ രാമു കാര്യാട്ട് തന്റെ പ്രവർത്തന മേഖ ലയായി തിരഞ്ഞെടുത്തത് ഈ പ്രദേശമായിരുന്നു. കലാസാ ഹിത്യ സാംസ്ക്കാരിക മേഖല യിൽ നിരവധി ചെറുപ്പക്കാർക്ക് അക്കാലത്ത് പ്രോത്സാഹനം കൊടുക്കാൻ ഇവർക്ക് കഴിഞ്ഞു. മൺമറഞ്ഞുപോയ സാഹിത്യ കാരൻ ഇ. വി.ജി. പത്ര പ്രവർ ത്തകനും നോവലിസ്റ്റുമായി രുന്ന കെ.എസ്.കെ. കഴിമ്പ്രം, സിനിമ സംവിധായകൻ, കഥാ കൃത്ത്, ഫിലിം.ജേർണലിസ്റ്റ്, എന്നീനിലകളിൽ അറിയപ്പെട്ടി രുന്ന എ.സി.ബാബു, നടനും നാടകകൃത്തും അവാർഡ് ജേതാവുമായിരുന്ന കഴിമ്പ്രം വിജയൻ എന്നിവർ ഈ നാടി ന്റെ അഭിമാന ഭാജനങ്ങളായി രുന്നു.

കുട്ടികളുടെയും വലിയ വരുടേയും 'മഹാകവി'യായ അതിയാരാത്ത് കുഞ്ഞുണ്ണി മാസ്റ്റർ ഈ നാടിന്റെ കണ്ണിലു ണ്ണിയായി ഇവിടെ ജീവിക്കുന്നു. ഒരു പുണ്യാത്മാവിനെ എന്ന പോലെ ജനം അദ്ദേഹത്തെ ആരാധിക്കുകയും ബഹുമാനി ക്കുകയും ചെയ്തുപോരുന്നു.

ശ്രീമാൻമാർ സി.പി. മൊയ്തീൻകുട്ടി സാഹിബും, വി.ബി. പണിക്കർ, വി.കെ. കോരുണ്ണിമാർ, ഗോദവർമ്മ രാജ, ഇ.എം. ശങ്കുണ്ണി മാസ്റ്റർ, ഇ.എം. ശങ്കരൻ മാസ്റ്റർ, സി.എ. കൊച്ചാപ്പു, കരിയാട്ടിൽ വർഗ്ഗീസ്, തട്ടിൽ മണ്ടി ജോസഫ്, കെ.പി. ഗോപാലൻ എന്നിവർ ഈ പ്രദേശത്തെ സ്വാതന്ത്ര്യ സമര സേനാ നികളാണ്. ശ്രീമാൻമാർ എ.ആർ. ദിവാകരൻ വി.ആർ. ധർമ്മരാജൻ കെ.സി. വാസു.

വി.കെ. ശ്രീധരൻ, ഇ.എസ്. ശങ്കരനാരായണൻ എന്നിവർ മുൻപഞ്ചായത്ത് പ്രസിഡ ണ്ടുമാരായിരുന്നു. പ്രഥമ പ്രസി ഡണ്ടായിരുന്ന എ.ആർ. ദിവാകരന്റെ നേതൃത്വത്തിൽ സംഭാവന നൽകിയ സ്ഥല ത്താണ് ഇന്നത്തെ പഞ്ചാ യത്തുകെട്ടിടം നിലകൊ ള്ളുന്നത്. ശ്രീ. എ.പി. രാമൻ നാടിനുവേണ്ടി ചെയ്ത സേവ നങ്ങളുടെ ശാശ്വത സ്മരണ ക്കായി വലപ്പാട് ആശുപത്രിക്ക് ശ്രീ. എ.പി. രാമൻ മെമ്മോറിയൽ ആശുപത്രി എന്ന് ഈയിടെ നാമകരണം ചെയ്യുകയുണ്ടായി കോതകുളം ബീച്ചിൽ വി.ആർ. ശ്രീനിവാസൻ വൈദ്യരുടെ സേവനങ്ങളെ മുൻനിറുത്തി അദ്ദേഹത്തിന്റെ പേരിൽ ആയുർവേദ ആശുപത്രിയും നിലവിലുണ്ട്. അരനൂറ്റാണ്ടിനു മുമ്പ് തീരദേശത്തെ ഏക പോസ്റ്റ് ആഫീസ് ആയ വലപ്പാട് പോസ്റ്റാഫീസ് സ്ഥലവും കെട്ടിടവും നൽകുകയും പിൽക്കാത്ത് മൃഗാശുപത്രിക്ക് സ്ഥലം സംഭാവനചെയ്യുകയും ചെയ്ത വലപ്പാട് സ്വദേശി എൻ.ടി.ആർ.ശങ്കരന്റെ പേര് പ്രത്യേകം സ്മരിക്കേണ്ടതാണ്. വലപ്പാട് ഗവൺമെന്റ് പോളിടെക്കനിക്കിന്റെ സ്ഥാപക കമ്മറ്റി പ്രസിഡണ്ടായിരുന്ന അടിപറമ്പിൽ ശ്രീ.എ.സി. ശങ്കരനാരായണന്റെ പേര് ജനങ്ങളിന്നും സ്മരിക്കുന്നു.

മുൻ കോഴിക്കോട് സർവ്വ കലാശാല വൈസ്ചാൻസലറും പിന്നോക്ക സമുദായ കമ്മീഷൻ മെമ്പറുമായ ഡോ.ടി.കെ. രവീന്ദ്രൻ, ദേശീയ അദ്ധ്യാപക അവാർഡുജേതാവായ ശ്രീ.കെ. ഗോവിന്ദൻ, എസ്.എൻ.ട്രസ്റ്റ് ചെയർമാൻ ഡോ.കെ.കെ. രാഹുലൻ, മദ്രാസിലെ മുൻ ശ്രീലങ്കൻ ഡെ. ഹൈകമ്മീഷ ണർ ആയിരുന്ന വി.കെ. വത്സൻ എന്നിവർ വലപ്പാടിന്റെ പ്രിയ പുത്രൻമാരിൽ പെടുന്നു.

ഒട്ടേറെ ആരാധനാലയ ങ്ങൾ വ്യത്യസ്ത മതവിഭാ ഗങ്ങൾക്കായി ഈ ഗ്രാമ പഞ്ചാ യത്തിൽ മത സൗഹാർദത്തിന്റെ പ്രതീകങ്ങളായി വിശുദ്ധിയോടെ നിലകൊള്ളുന്നു. മൈസൂർ ടിപ്പുസുൽത്താൻ തിരുവിതാ കൂർ ആക്രമിക്കുവാൻ തന്റെ സേനാവ്യൂഹങ്ങളുമായി മണ പ്പുറത്തിനെ കിടിലം കൊള്ളിച്ചുകൊണ്ട് പടനയി ച്ചതും ഈ പ്രദേശത്തുകൂടെ യാണ്. കിഴക്കെ ടിപ്പുസുൽ ത്താൻ റോഡും പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡും അതി ന്റെ മാസ്മര സ്മരണയുമായി നീണ്ടുകിടക്കുന്നു.

തെ.ഇന്ത്യയിലെ ഏക ശ്രീരാമ ക്ഷേത്രമായ തൃപ്രയാർ ക്ഷേത്രം കനോലികനാലിന്റെ കരയിൽ കണ്ണിനും മനസ്സിനും കുളിരും ഇമ്പവും ഏകികൊണ്ട് നിലകൊള്ളുന്നത് വലപ്പാട് ദേശത്തിന്റെ ഒരു വിളിപാട കലെയാണ് . ആറാട്ടുപുഴ ഉത്സ വത്തോടനുബന്ധിച്ച് തന്റെ പ്രജകളെ കാണാനായി ആനപുറത്ത് നൂറ്റിയൊന്ന് വാദ്യ ക്കാരുടെ അകമ്പടിയോടെ എഴു ന്നെള്ളുന്ന ശ്രീരാമചന്ദ്രരാജൻ വലപ്പാട് കോതകുളത്തിൽ നീരാട്ടിനെത്തുന്ന കാഴ്ച അപൂർവ്വസുന്ദരമാണ്. രണ്ട് ദിവസം നീണ്ടു വലപ്പാട് ക്രസ്ത്യൻ പള്ളി അമ്പ് പെരു നാൾ ഈ പ്രദേശത്ത് ഉത്സവചരായപരത്തുന്നഒന്നാണ്. സമീ പ്രദേശമായ തൃപ്രയാറിലെ ഏകാദശി മഹോത്സവം വല പ്പാട്, വെന്നിക്കൽ ഉത്സവം എടമുട്ടം തൈപൂയം മുതലായവ ഈനാട്ടിന്റെ തനതായ കൈ നീട്ടമാണ്. ഇവിടെ എല്ലാജാതി മതവിഭാഗങ്ങളും ഒന്നിച്ചു ഒറ്റകെട്ടായി ജീവിക്കുന്നു. ഒരി ക്കലും വർഗ്ഗീയ സംഘട്ടനങ്ങൾ ചെറിയതോതിൽ പോലും ഉണ്ടായിട്ടില്ല. കക്ഷി രാഷ്ട്രീ യത്തിനതീതമായി ആസൂത്രണ തന്ത്രം സ്വീകരിച്ചാൽ ഏറെ വികസനസാധ്യതയുള്ള സ്ഥമാണ് വലപ്പാട് ഗ്രാമ പഞ്ചായത്ത്.

# ഭൂപ്രകൃതി

തൃശൂർ ജില്ലയുടെ പടിഞ്ഞാറ് ഭൂരിഭാഗവും അറബിക്കടലിനെ പുണർന്നുകിടക്കുന്ന പ്രകൃതി മനോഹരമായ ഒരു പ്രദേശമാണ് വലപ്പാട് പഞ്ചായത്ത്. കിഴക്ക് കനോലി കനാൽ. പ്രാചീന കാലം മുതൽ പൊന്നാനി- മുതൽ കൊച്ചി വരെ എല്ലാവിധ കച്ചവടങ്ങൾക്കും യാത്രകൾക്കും ഉപയോഗിച്ചുപോന്നിരുന്ന ഏറ്റവും പ്രാധാന്യമേറിയ ഒരു ജലഗതാഗതമാർഗ്ഗം കൂടിയായിരുന്നു കനോലികനാൽ. പടിഞ്ഞാറ് കടൽ കിഴക്ക് പുഴയെന്ന് ഓമനപേരിട്ട് വിളിക്കുന്ന കനോലികനാൽ തെക്ക് എടത്തിരുത്തി പഞ്ചായത്തും, വടക്ക് നാട്ടിക പഞ്ചായത്തും നിലകൊള്ളുന്നു. പഞ്ചാര മണൽ കൊണ്ട് സമൃദ്ധമായി കിടന്നിരുന്ന വലപ്പാട്, നാട്ടിക ഫർക്കയുടെ സാംസ്കാരിക സിരാകേന്ദ്രം കൂടിയായിരുന്നു. പുരോഗതിയുടെ പടവുകൾതാണ്ടി ഈ ഭൂവിഭാഗം ഇന്ന് എത്രമാത്രം വികസ്വരമായികഴിഞ്ഞുവെന്ന് പറഞ്ഞറിയിക്കാൻ വാക്കുകൾക്കൊണ്ടാവില്ല .

നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ പ്രദേശം കടലായിരുന്നുവെന്നും. പിന്നീട് കരവെച്ച് ഭൂപ്രദേശമായതാണെന്നുമുള്ളത് ഖനനം ചെയ്തപ്പോൾ ലഭിച്ച കടൽക്കാക്കകളിൽനിന്നും മറ്റു പ്രാചീന നഗരാവശി ഷ്ടങ്ങളിൽനിന്നും തക്കതായ തെളിവുകൾ ലഭിച്ചിട്ടുണ്ട്. ഭൂമിയുടെ ഉപരിതലം ജലസംഭരണ ശേഷിയില്ലാത്ത തീരദേശമണൽകൊണ്ട് നിറഞ്ഞതാണ്. അടിയിലേക്ക് പോകുംതോറും തരിമുഴുപ്പുള്ള മണൽ, കളിമണ്ണ്, കട്ടികൂടിയ ചേടിമണ്ണ് എന്നിവയാണ്.

എവിടെ തിരിഞ്ഞ് നോക്കിയാലും പച്ചവിരിച്ച് നിൽക്കുന്ന തെങ്ങിൻ തോപ്പുകളും സമൃദ്ധമായ മറ്റു വൃക്ഷങ്ങളും കൊണ്ടുനിറഞ്ഞ അതിമനോഹരമായ ഈ ഭൂപ്രദേശം പ്രകൃതി സ്നേഹികളുടെ മനം കവരുന്ന ഒന്നാണ്. വേനലിൽ ജലദൗർലഭ്യം കാര്യമായി ബാധിക്കാത്ത ഈ പ്രദേശം എല്ലാ കാലവും മനുഷ്യന് തണലും കുളിരുമേകുന്നു. ജില്ലയുടെ കിഴക്കൻ ഭാഗങ്ങളിൽ നിന്നും കടലും കടലോരവും കാണാനെത്തുന്നവർക്ക് കഴിമ്പ്രം ബീച്ച്, എടമുട്ടംബീച്ച്, കോതകുളം ബീച്ച്,വലപ്പാട് ബീച്ച്, എന്നിവ കണ്ണിനും കരളിനും ആനന്ദം പകരുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറ് അതിർത്തിയിലൂടെയും കിഴക്കൻ അതിർത്തിയിലൂടെയും ടിപ്പുസുൽത്താൻ റോഡുകളും മദ്ധ്യഭാഗത്തുകൂടെ എൻ.എച്ച്. 17 ഉം കടന്നു പോകുന്നു. തീരദേശ റെയിൽ കൂടി വന്നു കഴിഞ്ഞാൽ ഇത്രമാത്രം ഗതാഗതയോഗ്യതയുള്ള ഒരു പഞ്ചായത്ത് അപൂർവ്വമായിരിക്കും ഭൂപ്രകൃതിയനുസരിച്ച് വലപ്പാടിന് വിവിധ മേഖലകളായി തരംതിരിക്കാം നാഷണൽ ഹൈവെക്ക് കിഴക്ക് ഭാഗം ഉയർന്ന സമതലവും പടിഞ്ഞാറ് താഴ്ന്ന സമതലവും എന്ന് വിളിക്കാമെങ്കിലും ഏകദേശം ഇരുനൂറ്മിറ്റർ ഇടവിട്ട് ചിറകളും തോടുകളും വയലുകളും കൊണ്ട് ഇടകലർന്ന് കിടക്കുന്നു. വയലുകൾ നികത്തി തെങ്ങിൻ തോപ്പുകളാക്കിമാറ്റിയതിനാൽ നെൽപാടങ്ങൾ വളരെ കുറഞ്ഞുപോയിരിക്കുന്നു.

ആകെ വിസ്തീർണ്ണം

1616.5ഹെക്ടർ ആണ്

| Sundy Loam | Loam/Sundy | Sundy Loam | Loam/Sundy | Sundy Loam | Sundy Loam | Fine Sand | Fine Sand | Fine Sand | Crose Sand |
|---|---|---|---|---|---|---|---|---|---|
| തെങ്ങ്<br>കവുങ്ങ്<br>(Homested) | തെങ്ങ് | തെങ്ങ്<br>കവുങ്ങ് | തെങ്ങ് | തെങ്ങ്<br>കവുങ്ങ് | തെങ്ങ് | തെങ്ങ്,<br>കവുങ്ങ്<br>വാഴ | തെങ്ങ് | തെങ്ങ്<br>കവുങ്ങ് | തെങ്ങ് |
| സസ്യാവരണം<br>മാവ്<br>അയന്നി<br>ശീമക്കൊന്ന<br>വെള്ളക്കുറുന്തോട്ടി<br>നീലക്കുറുന്തോട്ടി<br>കമ്മ്യൂണിസ്റ്റ് പച്ച<br>ബലി പൂവ്<br>കറുവ<br>മുക്കുറ്റി<br>കശുമാവ്<br>തെറ്റി.<br>ബോക്കേറിയ<br>നീതോലി<br>കൊട്ടപുളി<br>പുന്ന<br>കല്ലൻ പുളി<br>കൊടുപുളി<br>സുബാബൻ | വയൽ പുള്ളി<br>കാട്ട് ചേമ്പ്<br>കൈത<br>കമ്മ്യൂണിസ്റ്റ് പച്ച<br>അനിച്ചം<br>കിലുക്കി<br>കോര<br>ബ്രാക്കേറിയ<br>കാട്ട്കൂവ<br>ആമ്പൽ<br>പായൽ | ഒടിച്ചുകുത്തി<br>അമണി<br>കൊടുപുളി<br>കോൽപുളി<br>ശീമചക്ക<br>ബദാംകായ്<br>അരശ്<br>ശീമക്കൊന്ന<br>മാവ്<br>കാട്ട്പിച്ചി<br>പെരുവല<br>കറുവ<br>പുന്ന | Brochana<br>കുഴവാഴ<br>വയൽപുള്ളി<br>കൈത | കല്ലൻമുള<br>പേരാൽ<br>അത്തി<br>കാഞ്ഞിരം<br>അയനി<br>ശീമച്ചക്ക<br>പെരുവലു<br>കററുവ<br>ഉള്ളികുത്തി<br>പുന്ന | ബ്രാകേറിയ<br>പായൽ<br>അക്കികറുക<br>കിലുക്കി<br>കൈത | മുരിങ്ങ<br>കൂർക്ക<br>കശുമാവ്<br>അയനി<br>ശീമക്കൊന്ന്<br>ശീമച്ചക്ക<br>കൊടുംപുളി<br>ശവംനാറി<br>പ്ളാവ്<br>വാഴ<br>വീട്ടി<br>പേര<br>മുരുക്ക്<br>കറുവ<br>പുന്ന | ബ്രോകേറിയ<br>പായൽ<br>ആകികറുക<br>കൈത | ഞാറ<br>ഞാവൽ<br>കോൽപുളി<br>കൊപുളി<br>കിലുക്കി<br>കറുവ<br>ശീമക്കൊന്ന<br>ശവുന്നളി<br>മാവ്<br>പ്ലാവ്<br>മുട്ടപ്പഴം<br>സപ്പോട്ട<br>വാള<br>മന്ദാരം | പായൽ<br>ബ്രോക്കേറിയ |

# ജലപ്രകൃതി

കാലവർഷം തകർത്തു പെയ്യുന്ന ജൂൺജൂലായ് ആഗസ്റ്റ് മാസങ്ങളിൽ മാത്രമാണ് ഈ പ്രദേശത്തിന്റെ താഴ്ന്ന പ്രദേശങ്ങളിലെ ജലസംഭരണികളായ തോടും ചിറകളും കുളങ്ങളും നിറയുക അറബികടലിലെ ന്യൂനമർദത്തിനനുസരിച്ച് രൂപംകൊള്ളുന്ന തുലാം വർഷം പലപ്പോഴും താളം തെറ്റി പെയ്യാറാണ് പതിവ് കാലംതെറ്റി വരുന്ന കാലവർഷം രൂപംകൊള്ളുന്നതിനാൽ തുലാവർഷവും സ്ഥിരമായി ലഭിക്കാറില്ല. അപൂർവ്വമായി മാത്രം ലഭിക്കുന്ന തുലാവർഷം മൂലം ലഭിക്കുന്ന ജലം കുളങ്ങളും മറ്റും ജലാശയങ്ങളും സംഭരിക്കുന്നു. പക്ഷെ കാലം തെറ്റാതെ വരുന്ന വരണ്ട വൃശ്ചികക്കാറ്റ് ഭൂമിയെയും ജലസംഭരണികളേയും പെട്ടെന്ന് ഉണക്കുന്നു. അതോടെ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ ജലദൗർലഭ്യം ബാധിക്കുന്നു.

ഈ പ്രദേശത്തിന്റെ വിവധ ഭാഗങ്ങളിൽനിന്ന് കൈതോടുകൾവഴി ലഭിക്കുന്ന ജലം പടിഞ്ഞാറെ ഭാഗത്തുള്ള മൂന്ന് 'അറപ്പ്'കൾ വഴി അറബിക്കടലിലും പഞ്ചായത്തിന്റെ കിഴക്കൻ ഭാഗത്തും താഴ്ന്ന പ്രദേശങ്ങളിലുള്ള ജലം മുരിയാം തോട് പള്ളിതോട് എന്നിവ വഴി കിഴക്ക് കനോലി കനാലിലും എത്തിചേരുന്നു. അതോടെ കിഴക്ക് പുഴയും പടിഞ്ഞാറ് കടലുമുള്ള ഈ പ്രദേശവും കുടിനീർക്ഷാമത്തിനിരയാകുന്നു.

ശുദ്ധജലക്ഷാമം നിർമാർജ്ജനം ചെയ്യുന്നതിനുവേണ്ടി ചാമ്പപൈപ്പുകളും പൈപ്പു ലൈനുകളും കൂടാതെ ഡച്ചുഗവൺമെന്റന്റെ സഹകരണത്തോടെ കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണ സംവിധാനം ഉണ്ടെങ്കിലും ഈപ്രദേശത്ത് അത് വേണ്ട വിധത്തിൽ ഉപയോഗപെടുത്തിയിട്ടില്ല. കുടിനീർ പ്രശ്നം പഞ്ചാത്തിലെ അപൂർവ്വ ഭാഗങ്ങളിൽ പ്രശ്നമുണ്ടാക്കുന്നു കനോലികനാലിന്റെ ഏറ്റമിറക്കങ്ങളിൽ ഉപ്പ് വെള്ളം ഉണ്ടാവുമെങ്കിലും ഒരു ജലപ്രശ്നം ഇവിടെ പ്രശ്ന മാകാറില്ല.

# ജനപ്രകൃതി

91 ലെ സെൻസസ് പ്രകാരം33078 ആണ് പഞ്ചായത്തിലെ മൊത്തമ ജനസംഖ്യ

സ്ത്രീ. ജനസംഖ്യ 17383 (53%)

പുരുഷ ജനസംഖ്യ

15695 (47%) ആണ്

പട്ടികജാതി ജനസംഖ്യ

5345 (16%) ഉണ്ട്

സാക്ഷരതാ തിവ്രയത്ന പരിപാടികളുടെ ഭാഗമായി നിരക്ഷരതപാടെ മായ്ച്ചുകളയാൻ കഴിഞ്ഞിട്ടില്ലങ്കിലും സാക്ഷരതയുടെ നിരക്ക് ഗണ്യമായി ഉയർന്നിട്ടുണ്ട്.



166

കലാ-സാംസ്കാരിക രംഗങ്ങളിലും വിദ്യാഭ്യാസരംത്തും ഈ പ്രദേശം പണ്ടേ നല്ല നിലവാരംപുലർത്തിയിരുന്നതിനാൽ മണപ്പുറത്തിന്റെസാംസ്കാരിക കേന്ദ്രം എന്ന ഖ്യാതിനില നിർത്തുവാൻ ഈ പ്രദേശത്തിനുകഴിഞ്ഞിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസത്തിന് സമീപപ്രദേശങ്ങളിലെ കോളേജുകളെ ആശ്രയിക്കുന്നുവെങ്കിലും കുട്ടികളിൽ പഠന നിലവാരം എത്രമാത്രം ഉയർത്തുവാൻ കഴിയുന്നുവോ അത്രമാത്രം അക്കാര്യത്തിൽ ശ്രദ്ധാലുക്കളാണ് ജനങ്ങൾ, അതുകൊണ്ടു തന്നെ ഈ പ്രദേശം വിദ്യാഭ്യാസപരമായി ഒരു പടിമുകളിൽതന്നെ നില്ക്കുന്നു. അഭ്യസ്ഥ വിദ്യരുടെ തൊഴിലില്ലായ്മാ പ്രശ്നം ഭീമമാണെങ്കിലും 1970 കൾക്കുശേഷം വന്നു ചേർന്ന ഗൾഫ് ആകർഷണവും തൊഴിൽ സാധ്യതയും ഈ പ്രശ്നത്തിന്റെ രൂക്ഷത വളരെ കുറച്ചിട്ടുണ്ട്.

അക്ഷരാർത്ഥത്തിൽ കാർഷിക മേഖലയല്ലെങ്കിലും മുഖ്യ വരുമാനം തെങ്ങിൽനിന്നുതന്നെയാണ്. തീരദേശ നിവാസികളിൽ വലിയൊരു പങ്ക് മത്സ്യബന്ധനത്തിലേർപ്പെട്ട് ജീവിക്കുന്നു. ഒരു കാലഘട്ടത്തിൽ കയർ വ്യവസായം ഈ പ്രദേശത്തിന്റെ ഒരു നല്ല വരുമാനമാർഗ്ഗമായിരുന്നുവെങ്കിലും ആധുനിക സാങ്കേതിക യന്ത്രവൽക്കരണം ഈ രംഗത്ത് ഇവിടെ കടന്നുവരാത്തതു മൂലം കയർ വ്യവസായം നശിച്ചമട്ടാണ്. താഴെക്കിടയിലുള്ളവർ കാർഷിക വൃത്തിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. മത്സ്യ വിപണനം, ചെറുകിട കച്ചവടം, അദ്ധ്യായന വൃത്തി സർക്കാർ - അർദ്ധക്കാർ ജോലികൾ എന്നിവയും ഫാക്ടറികൾ, കച്ചവട സ്ഥാപനങ്ങളിലെ തൊഴിലുകൾ എന്നിങ്ങനെ വിവിധമേഖലകളിലായി ജനങ്ങൾ തൊഴിൽ ചെയ്തുപോരുന്നു.

'ബ്രിട്ടീഷ്- മലബാറിന്റെ ' ഒരു ഭാഗമായിരുന്ന ഈ പ്രദേശത്ത് സ്വാതന്ത്ര്യത്തിനുമുമ്പ് ജാതിയുടെയും മതത്തിന്റെയും പേരിൽ പോരും വൈരാഗ്യവും തീണ്ടലും തൊടിലും ജാത്യാചാരങ്ങളുടെ ഉച്ച നീചത്വങ്ങളും നിലനിന്നിരുന്നുവെങ്കിലും ഇപ്പോൾ എല്ലാസമുദായങ്ങളും ജാതിമത ചിന്തകൾ മറന്ന് ഒരുമയോടും ഐക്യത്തോടും സമാധാനപരമായി ജീവിക്കുന്ന പ്രദേശത്തെ ജനവിഭാഗങ്ങളിൽ അധികവും പിന്നോക്കസമുദായത്തിൽ പെട്ടവരായ ഈഴവ-തിയ്യ, മുസ്ലീം, അരയ - മുക്കുവ, വിഭാഗക്കാരും പട്ടിക വർഗ്ഗത്തിൽ പുലയ-വേട്ടുവ, സമുദായക്കാരുമാണ്. ക്രൃസ്ത്യാനികളായി റോമൻ- സമുദായക്കാരും മുന്നോക്ക വിഭാഗത്തിൽ നായർ നമ്പ്യാർ വിഭാഗ ക്കാരുമാണ് കൂടുതലുള്ളത്. സവർണ്ണ വിഭാഗത്തിൽ പെട്ടവരായ ബ്രാഹ്മണർ, നമ്പൂതിരിമാർ വിരലി ലെണ്ണാവുന്നവരേകാണൂ - കാരണം ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മതം മാറാൻ ഭീഷണിയെ ഭയന്ന് അവർ കൊച്ചിയിലേക്ക് പാലായനം ചെയ്യപ്പേടുകയാണുണ്ടായതത്രെ. □

# കൃഷി - ജലസേചനം

കാടുകളിൽ കായ്കനികളും പച്ചിലകളും തിന്ന് ജീവിച്ചിരുന്ന ആദിമ മനുഷ്യർ ഏതോ പരിണാമസന്ധിയിൽ നദീതടങ്ങളിൽ വാസമുറപ്പിച്ച് കൃഷിചെയ്യാനും സ്വന്തം ആവശ്യങ്ങൾക്കായി അവ ഉപയോഗിക്കുവാനും തുടങ്ങി. മനുഷ്യന്റെ സംസ്കാരം തന്നെ കൃഷി യുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ഈ പ്രദേശം നൂറ്റാണ്ടുകളായി ജന്മി-കുടിയാൻ സമ്പ്രദായത്തിൽ നിലനിന്നു പോന്നതാണ്. വിരലിലെണ്ണാവുന്ന ചില ജന്മികുടുംബങ്ങൾക്കായിരുന്നു ഭൂമിയുടെ ഭൂരിഭാഗഅവകാശവും. കർഷകൻ ഭൂവുടമകളുടെ അടിമകളായിരുന്നു എന്ന്തന്നെ പറയാം. പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചാൽ പോലും അവർ പാട്ടവും കരവും കൊടുക്കുവാൻ വിധിക്കപ്പെട്ടവരായിരുന്നു.

1970 ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്നതോടെ ഈ നെറിവുകേടിന് അറുതി വന്നു. കൃഷി ഭൂമി കൃഷിക്കാരന്റേതായി – ഇന്ന് ഭൂമിയുടെ അവകാശം കൃഷിക്കാരന്നുതന്നെ യാണ്.

അറബിക്കടലിനും കനോലികനാലിനും നടുവിൽ ഒതുങ്ങിക്കിടക്കുന്ന ഒരു പഞ്ചായത്താണിത്. കിഴക്ക് ഭാഗത്തോടടുത്തായി കാനോലിക്കനാൽ എന്ന് പ്രശസ്തമായ ജലഗതാഗതമാർഗ്ഗം കൊച്ചിയേയും പൊന്നാനിയേയും ബന്ധിപ്പിക്കുന്ന രീതിയിൽ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിൽ ഉടനീളം കാണുന്നത് പശിമയില്ലാത്ത തീരദേശ 'മണൽ മണ്ണാണ്' അതുകൊണ്ടുതന്നെ ജലസംഭരണ ശേഷിയും കുറവാണ്. മണ്ണിന് കളിയും ജൈവാംശവും കുറവാണ്. കടലിനോടുരുമികിടക്കുന്നതിനാൽ അമ്ലതയോടൊപ്പം ലവണാംശങ്ങളും കൂടുതലാണ് . അതുകൊണ്ട് തെങ്ങാണ് ഏറ്റവും യോചിച്ച വിള –കവുങ്ങും കരുത്തുറ്റ വിളയാണ്.

മുൻകാലങ്ങളിൽ ഉയർന്ന പ്രദേശങ്ങളിൽ തെങ്ങ് , കവുങ്ങ് 'ഫലവൃക്ഷങ്ങൾ,' കശുമാവ്, നാടൻമാവ്, എന്നിവ കൃഷി ചെയ്തിരുന്നതിനോടൊപ്പം താഴ്ന്നപ്രദേശങ്ങളിൽ ഇരുപ്പു നെൽകൃഷി ചെയ്തിരുന്നു. ആര്യൻ, കൊടിയൻ തവളക്കണ്ണൻ, ചിറ്റേനി, ചീര, വട്ടൻ, ചുവന്നവൻ, പൊക്കാളി, നുവൽ എന്നീനാടൻ ഇനങ്ങളായിരുന്നു കൃഷിക്കുപയോഗിച്ചു പോന്നിരുന്നത്. മുണ്ടകൻ കൃഷിക്കു ശേഷം ഡിസംബർ –ജനുവരി മാസങ്ങളിൽ ഈ താഴ്ന്ന പ്രദേശങ്ങളിൽ വിവിധയിനം



പച്ചക്കറികൾ –വെള്ളരി, മത്തൻ, കുമ്പളം, പടവലം, കയ്പ പച്ചമുളക് ചീര എന്നിവയും കൃഷി ചെയ്തു പോന്നിരുന്നു. ഇന്നവയെല്ലാം ഓർമ്മകളായി അവശേഷിക്കുന്നു. ഭൂപരിഷ്കരണം വന്നതോടെ കുടിയാന്മാർ ഭൂവുടമകളായതോടെ ഭൂരിഭാഗം താഴ്ന്ന പ്രദേശങ്ങളും അവർ താമസ സൗകര്യത്തിനു വേണ്ടി നികത്തിയെടുക്കുകയും തെങ്ങുകൃഷിക്ക് പ്രാമുഖ്യം കൊടുത്ത് അവ നട്ടുവളർത്തുകയും ചെയ്തു. വേനലിൽ ജലസേചന സൗകര്യമില്ലാതിരുന്നതിനാലും വർഷത്തിൽ വെള്ളക്കെട്ട് കെടുതിവന്നതിനാലും കൃഷിനാശം ഒരു തുടർക്കഥയായി . നെൽകൃഷി ഉപേക്ഷിക്കാൻ

അത് കർഷകനെ പ്രേരിപ്പിച്ചു. അതോടെ നാണ്യവിളകളായ തെങ്ങും കവുങ്ങും വാഴയും മറ്റു ഫലവൃക്ഷങ്ങളും കൃഷി ചെയ്യുന്നതിന്ന് കർഷകൻ പ്രേരിതരായി. അതിൽ നിന്ന് നല്ല അദായം ലഭിച്ചു തുടങ്ങിയതോടെ വലപ്പാട് പഞ്ചായത്തിലെ നെൽകൃഷി നാമാവശേഷമായി. നെൽ കൃഷി നഷ്ടത്തിൽ കലാശിക്കുവാനുള്ള പ്രധാനകാരണങ്ങൾ ഇവയാണ്: കാർഷികതൊഴി ലാളികളുടെ ദൗർലഭ്യം, പുതിയ തലമുറക്കു നെൽകൃഷി യോടുള്ള താല്പര്യമില്ലായ്മ. അശാസ്ത്രീയമായ കൂലി വർദ്ധനവ്. കൂടി കൂടിവന്ന ജനസാന്ദ്രത മൂലം നെൽ പാടങ്ങളോട് ചേർന്ന് വാസ സ്ഥലങ്ങൾ പെരുകി. അതിനോടു ചേർന്നുള്ള നെൽ വയലുകളിൽ വെള്ളക്കെട്ടും സൂര്യപ്രകാശം ലഭിക്കുവാനുള്ള തടസ്സവും രൂക്ഷമായി. അതോടെ നെൽ കൃഷി നശിച്ചു. തെങ്ങുപോലെ ഈ പ്രദേശത്തെ ഏറ്റവും വലിയവരു മാനമായിരുന്ന കശുമാവ് കൃഷി. വയലുകൾ നികത്തിയെടുക്കു വാൻ ഉയർന്ന പ്രദേശത്തെ മണ്ണ് ഉപയോഗിക്കേണ്ടിവന്നതോടെ ആപ്രദേശങ്ങളിലെ കശുമാവ് കൃഷിയും അന്യംനിന്നു.

സമൂഹത്തിലെ താഴെക്കിടയിലുള്ള സ്ത്രീതൊഴിലാളികളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്നതു പായ നെയ്തു കൃഷിയിടങ്ങളുടെ അതിരുകളിലും താഴ്ന്ന പ്രദേശങ്ങളിലും പ്രകൃതി കനിഞ്ഞനു ഗ്രഹിച്ചവയായിരുന്നു - തഴപ്പായ കൈതകൾ.പ്രദേശത്തിന്റെ സാമ്പത്തി കമായ ഉന്നമനത്തോടെ വേലികളും പറമ്പതിരുകളും മതിലുകളായി മാറിയപ്പോൾ കൈതകൾ വെട്ടിമാറ്റപ്പെട്ടു. പൂക്കൈതകതിരിട്ടുനിന്ന പറമ്പുകളും വയലേലകളും നാടിന്റെ മാനോഹാരിതയായിരുന്നു. ഇന്ന് അപൂർവ്വമായി മാത്രം ചിലയിടങ്ങലിൽ കൈതകൾ വളരുന്നുണ്ട്.

എയർ കണ്ടിഷനിംഗ് യന്ത്രം സർവവ്യാപിയാകുന്നതിനുമുമ്പ് ഉത്തരേന്ത്യൻ രമ്യഹർമ്മങ്ങളിൽ കുളിരും സുഗന്ധവും മേകിയിരുന്ന രാമച്ച നിർമിതമായ കർട്ടനുകൾ നിർമ്മിക്കുന്നത് ഈ പ്രദേശത്ത് സമൃദ്ധിയായി വളർന്ന് നിന്നിരുന്ന രാമച്ചവേരുകളിൽ നിന്നായിരുന്നു. അവ നട്ടുവളർത്തിയിരുന്ന മണൽതിട്ടകൾ നിരത്തി തെങ്ങിൻ തോപ്പുകൾ വെച്ചുപിടിപ്പിച്ചതോടെ ആ കൃഷിയ്ക്കും അറംപറ്റി. പഴയ തലമുറയിൽ പെട്ടവരുടെ ഓർമകളിൽ രാമച്ചം ഒരു സുഗന്ധമായി അവശേഷിക്കുന്നു. എന്തിനേറെ- 'രാമച്ചവിശറി പനിനീരിൽമുക്കി തോഴിയെ ക്കൊണ്ടോമൽ കൈവള കിലുങ്ങെ തറ്റുവീശിച്ചു' കുമാരനാശന്റെ ഈ വരികൾ രാമച്ചത്തെ അനശ്വരമാക്കുന്നു.

കവുങ്ങ് വിവിധയിനം വാഴകൾ, ജാതി, കൊക്കോ, നാടൻ മാവുകൾ ഒട്ടുമാവുകൾ മറ്റുഫലവൃക്ഷങ്ങൾ എന്നിവ ധാരാളമായി കൃഷി ചെയ്തു വരുന്നുണ്ട്. പതിറ്റാണ്ടുകൾക്ക് മുമ്പ് മഹാളിരോഗം നിമിത്തം കവുങ്ങ് നശിച്ചുപോകുകയും ഉള്ള വിളയ്ക്ക് വിലക്കുറവ് അനുഭവപ്പെട്ടതോടെ കവുങ്ങ് കൃഷി നാശത്തിന്റെ വക്കിലെത്തി. പിന്നീട് അതിൽ കർഷകൻ ശ്രദ്ധയൂന്നാതെ പോകുകയും ചെയ്തു. എന്നാൽ സമൃദ്ധമായി കവുങ്ങ് കൃഷി ചെയ്തിരുന്ന ആസാമിൽ കവുങ്ങിന് ഭീമമായ നാശം സംഭവിച്ചതോടെ അടക്കയുടെ വില കുതിച്ചുയരുകയും ചെയ്തപ്പോൾ ഇവിടത്തെ കൃഷിക്കാർ വീണ്ടും അത്യുത്പാദന ശേഷിയുള്ള കവുങ്ങുകളും നാടാൻ കവുങ്ങുകളും കൃഷിചെയ്യാൻ തുടങ്ങിയിട്ടുണ്ട്.

കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ തെങ്ങിന് നാശം വിതച്ചുകൊണ്ട് കൊടും ക്കാറ്റുപ്പോലെ കടന്നുവന്ന കാറ്റുവീഴ്ചയെന്ന മാരാക രോഗഭീഷണി ഈ പ്രദേശത്തെയും ആക്രമിച്ചുതുടങ്ങിയിരിക്കുന്നു. അത് കർഷകന്റെ നെഞ്ചിൽ തീവിതറികഴിഞ്ഞിരിക്കുകയാണ്.

മൊത്തം ഭൂമിയിലെ പ്രധാന വിള തെങ്ങാണ് നാമമാത്രമായെ പുറംപോക്കും

തരിശുഭൂമിയും ഇവിടെയുള്ളൂ. മറ്റുവിളകളിൽ പ്രധാനം കവുങ്ങുതന്നെ വാഴ, ജാതി, കുരുമുളക്, മരച്ചീനി എന്നിവയാണ് മറ്റു വിളകൾ ഇവ കൂടാതെ പച്ചക്കറി- പയ്യറു വർഗ്ഗങ്ങൾ കൈതച്ചക്ക, ഫലവൃക്ഷങ്ങൾ എന്നിവ പേരിനു മാത്രം കൃഷി ചെയ്യുന്നു.

ജീവിതസൂചികയിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി കൂലിയിൽവന്ന വർദ്ധനവും ജൈവവളങ്ങളുടെ ദൗർലഭ്യവും രാസവളങ്ങളുടെ വിലകയറ്റവും മൂലം കൃഷി ചെലവ് കർഷകന് താങ്ങാനാവാത്തവിധം ഭാരമായി കഴിഞ്ഞു . അതിന നുസൃതമായി ഉത്പാദന ക്ഷമത വർദ്ധിച്ചിട്ടുമില്ല. ഉണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് വിലകുറവും.

പഞ്ചായത്ത് കൃഷിഭവൻ നിലവിലുണ്ടെങ്കിലും കർഷകന്റെ പരാതികൾക്ക് പരാധീനതകൾക്കും വേണ്ടവിധം തക്കസമയത്ത് പരിഹാരമുണ്ടാക്കുവാൻ അവർക്ക് കഴിയുന്നില്ല. ഗവൺമെന്റ് സഹായങ്ങൾ യഥാസമയം കൃഷിക്കാർക്ക് എത്തിക്കുവാൻ കഴിയുന്നില്ല. മണ്ണു പരിശോധന. വിളരോഗം എന്നിവക്ക് തൽസമയ പ്രതിവിധി നിശ്ചയിക്കൽ പ്രകൃതി ക്ഷോപത്തിനിരയാവുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകൽ, വിള ഇൻഷ്വറൻസ് വ്യാപകമായി നടപ്പാക്കൽ ഇവയൊക്കെ ധ്രുതഗതിയിൽ ചെയ്യേണ്ട കാര്യങ്ങളാണ്. അതത് പ്രദേശങ്ങളാലെ കർഷകരുടെ പ്രശ്നങ്ങളും വിളക്രമങ്ങളേയും കുറിച്ച് പഠിച്ച് അറിവുനേടാൻ വേണ്ടി കൃഷിവ കുപ്പുദ്യോഗസ്ഥർക്ക് ഒരേസ്ഥലത്തുതന്നെ ദീർഘകാല സേവനം ചെയ്യാൻ അനുവദിക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും. കൃഷിഭവനിലൂടെ രോഗപ്രതിരോധശക്തിയുള്ള തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും വിതരണം ചെയ്യുന്നത് ഏറെ ഉപകാരപ്രദമായിരിക്കും. ഇതിനോടൊപ്പംതന്നെ ഇടവിളയായി വാഴ, ചേന,ചേമ്പ്, കാച്ചിൽ കുരുമുളക് എന്നിവയും പച്ചക്കറിവിത്തുകളും സൗജന്യനിരക്കിൽ വിതരണം ചെയ്തു കർഷകന് പച്ചക്കറി കൃഷിരീതിയെക്കുറിച്ച് വിദഗ്ദോപദേശം നൽകേണ്ടതുമാണ്. കർഷകർക്ക് ഡ്രിപ് ഇറിഗേഷൻ/ കണിക ജലസേചനം നടപ്പിലാക്കുന്നതിന് സബ്സിഡി അനുവദിച്ചിട്ടുണ്ടെങ്കിലും ഈ പ്രദേശത്ത് ഈ നടപടി പരാജയമായതിനാൽ അവർ ഈ സൗജന്യം ഏറ്റുവാങ്ങാൻ തയ്യാറല്ല. മണൽ ഭൂമിക്ക് അനുയോജ്യമായ സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം നടപ്പി ലാക്കുന്നതിന് സബ്സിഡി അനുവദിച്ചാൽ ഒരു പരിധിവരെ ജലദൗർലഭ്യത്തിൽനിന്ന് മോചനം നേടാനും ഇടവിളകളെ പ്രോത്സാഹിപ്പിക്കാനും സാധിക്കും.

കാർഷിക പ്രതി രോധ നടപടികൾ , പ്രത്യേകിച്ച് തെങ്ങ് കൃഷിയിലുള്ള കാറ്റുവീഴ്ച രോഗം പരിഹരിക്കുവാൻ സ്റ്റേറ്റ് അടിസ്ഥാനത്തിൽ മൊത്തമായും ജില്ലാടിസ്ഥാനത്തിലും പ്രാദോശികാടിസ്ഥാനത്തിലും രോഗപ്രതിരോധ നടപടികൾ പെട്ടെന്ന് നടപ്പിലാക്കുവാൻ കർഷകന് സാമ്പത്തിക സഹായം അടിയന്തിരമായി നൽകിയാൽ മാത്രമേ കാറ്റുവീഴ്ചക്കെതിരായുള്ള കർഷന്റെ പോരാട്ടത്തിന് കരുത്തുകിട്ടുകയുള്ളൂ. ഇതോടൊപ്പം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവൻ ശാസ്ത്രീയവും സമീകൃതവുമായ ജൈവ വളപ്രയോഗവും കീടനാശിനിപ്രയോഗവും നടത്തുവാൻ കർഷകർക്ക് ബോധവൽകരണക്ലാസുകൾ കൊടുക്കേണ്ടതുമാണ്.

പ്രത്യേക ഘടക പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ ഹരിജനങ്ങൾക്ക് കിണർ, കാർഷികോപകരണങ്ങൾ പമ്പ്സെറ്റുകൾ ബയോഗ്യാസ് പ്ലാന്റുകൾ എന്നിവക്ക് ധനസ ഹായം



168

ലഭിക്കുന്നുണ്ടെങ്കിലും എല്ലാം ഹരിജനങ്ങളേയും ഈ സ്കീമിൽ കൊണ്ടുവരേണ്ട താ ണ്.

നാമമാത്രമായേ ഇവിടെ വിള ഇൻഷുറൻസ് നടപ്പിലാക്കിയിട്ടുള്ളൂ. സ്കീമിൽ പെട്ട വർക്ക്പോലും നഷ്ടപരിഹാരം കിട്ടുന്നില്ല. യഥാസമയം നഷ്ട പരിഹാരം നൽകിയും ബോധവത്കരണം നടത്തിയും എല്ലാ കർഷകരെയും ഈ പദ്ധതിയിൽ കൊണ്ടുവരാൻ വേണ്ട നടപടികൾ അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടാ കേണ്ടതാണ്. ഇതോടൊപ്പം രാസവളത്തിന്റെ സബ്സിഡി ഉയർത്തേണ്ടതും യഥാസമയത്ത് അവ കർഷകന് അത് ലഭിക്കുവാൻ വേണ്ട നടപടി കൈക്കൊള്ളേണ്ടതുമാണ്.

ജല നിർഗമനച്ചാലുകൾ, വയലുകൾ എന്നിവ മണ്ണിട്ട് നികത്തി കൃഷിയിടങ്ങളും പുരയിടങ്ങളും ആക്കിമാറ്റുന്നതുകൊണ്ടുണ്ടാവുന്ന പരിസ്ഥിതി പ്രശ്നങ്ങളും നാശനഷ്ടങ്ങളും കണക്കിലെടുത്ത് ഒരു വിദഗ്ദ് സമിതിയുടെ അനുവാദത്തോടെ മാത്രമെ കൃഷിക്കാരൻ നിലവിലുള്ള ഭൂമി സംവിധാനത്തിന് മാറ്റം വരുത്തുവാൻ പാടുള്ളൂ എന്ന ഒരു കർശന നിർദ്ദേശം നൽകുന്നത് നന്നായിരിക്കും

കാലവർഷത്തിൽ വെള്ളക്കെട്ട് മൂലം ഉണ്ടാകുന്ന കൃഷി നാശമാണ് ഈ പ്രദേശത്തെ കർഷകന് നേരിടേണ്ടിവരുന്ന പ്രധാന ഭീഷണി. വെള്ളക്കെട്ടുകൾ ഉണ്ടാകുന്ന പ്രദേശത്തെ കൈത്തോടുകൾ വെട്ടി വെടിപ്പാക്കി വർഷാധികൃത്തിൽ ഉണ്ടാകുന്ന അമിതജലം പഞ്ചായത്തിലെ പൊതു തോടുകളായ പാലാംത്തോട്, പള്ളിത്തോട്, പുതുവട്ടംതോട്, കാര്യറപ്പത്തോട് ഇല്ലിക്കുഴിത്തോട്, പനങ്ങാട്ടുപടിത്തോട് മുതലായ തോടുകൾ വീതികൂട്ടി കയ്യേറ്റങ്ങൾ ഒഴിവാക്കി വിടാവുന്നതാണ്. മുളങ്ങൻ അറപ്പ, കഴിമ്പ്രം അറപ്പ ,കരയാവട്ടം അറപ്പ എന്നിവ ശരിയായ രീതിയിൽ വീതികൂട്ടി ഇരുകരകളും സംരക്ഷിച്ച് ചിർപ്പുകൾ സ്ഥാപിച്ച് തുലാവർഷത്തിന്റെ അവസാനനാളുകളിലെ വെള്ളം സംഭരിക്കുവാൻ കഴിഞ്ഞാൽ പടിഞ്ഞാറൻ മേഖലകളിലെ കിണറുകളിലേയും കുളങ്ങളിലേയും വേനൽക്കാലത്തുണ്ടാകുന്ന ' ജലനിരപ്പ് താഴ്ച' ഒരു പരിധിവരെ പിടിച്ചു നിർത്താൻ കഴിയുന്നതാണ്. ഈയൊരു ബൃഹത്തായ പദ്ധതിപ്രകാരം വെള്ളക്കെട്ടു ശല്യവും വേനലിലെ വരൾച്ചയും ഒരു പരിധിവരെ നിയന്ത്രണാധീനമാക്കാം. കാലാവസ്ഥയിൽ ഉണ്ടായിട്ടുള്ള വ്യതിയാനം

ഇവിടെയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കാലംതെറ്റിവരുന്ന കാലവർഷവും താളം തെറ്റി വരുന്ന തുലാവർഷവും ഉണ്ടാക്കുന്ന ദുരിതങ്ങൾക്ക് ഈ സ്കീം നടപ്പിൽ വരുന്നതുമൂലം ഒരു പരിഹാര മുണ്ടാക്കാവുന്നതാണ്.

തെങ്ങുകൃഷി വികസന പദ്ധതിപ്രകാരം - എല്ലാവർഷവും പുതിയ തെങ്ങുകൾ വെക്കുവാനും കേടുവന്നവയും ഉത്പാദനക്ഷമതയറ്റതും മാറ്റുവാനുള്ള സഹായധനം കൃത്യസമയത്തുതന്നെ നൽകേണ്ടതാണ്. മഹാമാരിയായ കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുവാൻ കൃഷിക്കാരെ പ്രേരിപ്പിക്കുവാൻ വേണ്ടി, മുറിച്ചുമാറ്റുന്ന തെങ്ങുകൾക്ക് സഹായധനം നൽകുകയും പകരം വക്കുവാൻ രോഗപ്രതിരോധശക്തിയുള്ള തെങ്ങിൻ തൈകൾ നൽകുന്നതോടൊപ്പം ഈ തെങ്ങ് കായ്ഫലം തരുന്ന കാലയളവുവരെ, കർഷകർക്ക് സഹായധനമായി ഒരു വർഷത്തിൽ നിശ്ചിതതുകയും കൊടുക്കുവാനുള്ള നടപടികൾ ഉണ്ടായാൽ മാത്രമേ മുറിച്ചുമാറ്റുവാൻ വിമുഖതകാണിക്കുന്ന കർഷകരെ കൂടി ഈ പാതയിലേക്ക കൊണ്ടുവരാൻ കഴിയുള്ളൂ.

നാളികേരബോഡിൽ നിന്ന് കൃഷിക്കാർക്ക് സഹാ

യധനം ഈ പ്രദേശക്കാർക്കി ന്നും ഒരു മരീചീകയാണ്. നിലവിലുള്ള നിയമപ്രകാരം വില്ലേജ് ഓഫീസിൽ നിന്നുള്ള ഒരു സർട്ടിഫിക്കറ്റ് ഇതിന്നാ യുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ സർട്ടിഫിക്കറ്റിൽ കർഷകൻ തെങ്ങു കൃഷി ചെയ്യാനുദ്ദേശി ക്കുന്ന സ്ഥലം നെൽവയൽ അല്ല എന്നുള്ള സത്യവാങ് മൂലംമാണ് ഉണ്ടായിരിക്കേണ്ടത്. വില്ലേജ് ഓഫീസിലെ രേഖകൾ പ്രകാരം ഈപ്രദേശത്തെ ഭൂരിഭാഗം ഭൂമിയും നെൽവയ ലുകൾ ആയിരുന്നതിനാൽ ഉദ്യോഗസ്ഥർ ഈതരത്തിലുള്ള സർട്ടിഫിക്കറ്റുകൾ കൊടു ക്കുവാൻ വിമുഖത കാണി ക്കുന്നു. കുട്ടനാടൻ വയലുകൾ, പാലക്കാടൻ വയലുകൾ കോൾ പ്രദേശങ്ങൾ എന്നിവക്ക് യോജിച്ച ഈ നിയമം തീരദേശ ത്തിന്റെ പ്രത്യേകത കണക്കി ലെടുത്ത് മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്.

കടൽതീരഭൂമിയിൽ അമ്ല ത കൂടുതലുള്ളതിനാൽ തെങ്ങു കൃഷി ലാഭകരമാക്കുവാൻ ശാ സ്ത്രീയമായ വളപ്രയോഗം കർഷകരെ പരിശീലിപ്പി ക്കുന്നതിനോടൊപ്പം കൃഷി ഭൂമിയിൽ കുമ്മായമിട്ട് മണ്ണിന്റെ ഘടന നിലനിർത്തുവാൻ വേണ്ടസഹായധനം കൂടി അവർക്ക് നൽകേണ്ടതാണ്. എലികൾ വഴി വിളനാശം സംഭവിക്കുന്നത് മൂർദ്ധന്യത്തിൽ എത്തിയിരിക്കുന്നതിനാൽ എലി നശീകരണത്തിന് തീരദേശാടി സ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കാർഷി കാവശ്യത്തിന് മാത്രമാ യി ഉപയേഗിക്കുന്ന വൈദ്യുതി ലഭിക്കാനുള്ള തടസ്സങ്ങളും കാലതാമസവും ഒഴിവാക്കുവാൻ വേണ്ട നടപടികൾ കൈകൊ ള്ളേണ്ടതാണ്.

മൂന്ന് അറപ്പ ത്തോടു കളിലും ചീർപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞാൽ അവയുടെ കൈ ത്തോടുകളിലും ചീർപ്പു കൾ തീർക്കുകയാണെങ്കിൽ വേനൽ ക്കാലത്ത് ഒരുജല മത്സ്യം (ചെമ്മീൻ) വളർത്തി പഞ്ചായ ത്തിന് വരുമാനമു ണ്ടാക്കുന്ന തോടൊപ്പം കടൽ വെള്ളം ഉള്ളിലേക്കു കയറി നാശ നഷ്ടങ്ങൾ വരുന്നത് തടയു വാനും കഴിയുന്നതാണ്.

കാർഷികോല്പന്നങ്ങളുടെ സംഭരണന വിപണനത്തിന് സഹകരണാടിസ്ഥാനത്തിൽ പുതിയ സംവിധാ നമുണ്ടാ ക്കേണ്ടത് അനിവാര്യമാണ്. നാളികേരം കൃഷിക്കാരനിൽ നിന്ന് നേരിട്ട് വാങ്ങി കൊപ്ര യാക്കുവാനും കൊപ്രയിൽനിന്ന് വെളിച്ചെണ്ണയെടുത്ത് വിപണനം നടത്തുവാനുമുള്ള ഏർപാടുകൾ ഈ സൊസൈറ്റികൾക്കുണ്ടായിരി ക്കണം. ഉപയേഗ്യശൂന്യമാക്കി ക്കളയുന്ന തേങ്ങാവെള്ളം സംസ്കരിച്ച് ശീതളപാനീ യമാക്കി വിറ്റഴിക്കുവാനുള്ള ശാസ്ത്ര സാങ്കേതികവിദ്യ പ്രായോഗികമാക്കുക. തെങ്ങിൻ കരിക്കുകൾ സംഭരിച്ച് വിപണനം നടത്തുക, കർഷകർക്ക് പച്ചതൊണ്ടിന് നല്ല വിലലഭിക്കുവാൻ പച്ചതൊണ്ട് മിൽ സ്ഥാപിക്കുകയും തദ്വാ രചകിരി ചീഞ്ഞ് ഉണ്ടാകുന്ന പരിസരമലിനീകരണം ഒഴിവാ ക്കാൻ കഴിയുന്നതും അതോ ടൊപ്പം പച്ചതൊണ്ടിൽ നിന്ന് കിട്ടുന്ന നാരിനോടൊപ്പം ഉപ യോഗ്യശൂന്യമാക്കിക്കളയുന്ന ചകിരിച്ചോർ ആധുനിക വിദ്യകൾ വഴി കമ്പോസ്റ്റ് ആക്കി മാറ്റി ജൈവവളക്ഷാമം പരി ഹരിക്കുക, മറ്റൊരു ആധുനിക വിദ്യയായ വാഴയിലയിൽ നിന്നും വാഴപോളകളിൽനിന്നും കോഴിതീറ്റയുണ്ടാക്കുന്ന സംവി ധാനം ഉണ്ടാക്കുക. നാളികേരവെള്ളം സംസ്കരിച്ച് കിട്ടുന്ന പിണ്ണാക്കിൽ നിന്ന് നല്ലയിനം ബിസ്ക്കറ്റുകൾ ഉണ്ടാക്കുക എന്നിങ്ങനെ വിവിധ സ്കീമുകൾ ഈ സൊസൈറ്റികൾ മുഖാന്തരം ചെയ്യാവുന്നതാണ് വനിതാ സഹകരണസംഘങ്ങൾ തഴപായ നിർമാണത്തിനും വിപണ നത്തിനും രൂപംകൊടുക്കു കയാണെങ്കിൽ അനന്തസാധ്യതകളുള്ള ഒരു



1684

പഞ്ചായത്താണിത്. ഇതോടൊപ്പം നവീന കൃഷി യായ കുറ്റിമുല്ല, അന്തൂറിയും ഓർക്കിഡ് , ഔഷധചെടികൾ എന്നിവ നട്ടുവളർത്തുന്നതിനും പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഈ സംഘങ്ങൾ വഴി പച്ചക്കറി കൃഷിക്കും പ്രോൽസാഹനം കൊടുക്കാവുന്നതും നല്ലയിനം വിത്ത് നടീലിനങ്ങൾ , വളങ്ങൾ ജൈവകീടനാശിനികൾ എന്നിവ സബ്സിഡി നിരക്കിൽ കൊടുക്കുന്നതോടൊപ്പം ആധുനിക കൃഷി രീതികളെ ക്കുറിച്ച് പരിശീലനവും കൊടുത്താൽ കൃഷിക്കാർക്ക് അത് അനുഗ്രഹമായിരിക്കും .

കൃഷി ഭവന്റെ സേവനം വിപുലവും വിശാലവും ആക്കുന്നതോടൊപ്പം ഈ പ്രദേശത്തിന്റെ വ്യാപ്തിക്കനുസൃതമായി കൃഷി അസിസ്റ്റന്റ് മാരെ നിയോഗിക്കേണ്ടതും അവർക്ക് കാലോചിതമായി ആധുനിക രീതിയിലുള്ള കൃഷിയെക്കുറിച്ച് അഗ്രി: യൂണിവേഴ്സിറ്റിയിൽനിന്ന് പരിശീലനം ലഭിച്ചാൽ മാത്രമെ കർഷകന് ആവശ്യാനുസരണം അവ പകർന്നുകൊടുക്കുവാൻ കഴിയുകയുള്ളൂ.

കാർഷിക തൊഴിലാളികളുടെ ദൗർലഭ്യം കണക്കിലെടുത്ത് പ്രത്യേകിച്ച് തെങ്ങുകയറ്റതൊഴിലാളികൾ, പഞ്ചായത്തടിസ്ഥാനത്തിൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ സ്ഥാപിക്കണം.

പഞ്ചായത്തിൽ ഏകീകരിച്ച കൂലിസമ്പ്രദായം നിലവിലില്ല ഇത് അടിയന്തിരമായി നടപ്പിലാക്കുന്നതോടൊപ്പം കാർഷിക മേഖലയിലെ സംഘർഷം ഒഴിവാക്കുവാൻ പഞ്ചായത്തടിസ്ഥാനത്തിൽ കർഷകർ/തൊഴിലാളികൾ/ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ /പഞ്ചായത്ത് അധികൃതർ എന്നിവരുടെ ഒരു സമിതി രൂപികരിക്കുകയും അവ ഇടക്കിടെ ചേർന്ന് സ്ഥിതിഗതികൾ നിയന്ത്രിക്കുകയും ചെയ്യുന്നത് നന്നായിരിക്കും .


ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് കൃഷിക്കാർക്ക് ബോധവത്കരണക്ലാസുകൾ നൽകുന്നതോടൊപ്പം വിദ്യാലയങ്ങളിൽ കൃഷി ഒരു പാഠ്യ വിഷയമാക്കുവാൻ വേണ്ട നടപടികൾ ഉണ്ടാക്കേണ്ടതും രാസവളപ്രയോഗം, കീടനാശിനി പ്രയോഗരീതികൾ , ജൈവ വളനിർമാണം എന്നിവയ്ക്ക് മുൻതൂക്കം കൊടുക്കുന്നതും വരും തലമുറയക്ക് ഉപകാരപ്രദമായിരിക്കും. സർവ്വീസ് സഹകരണ ബാങ്കുകൾ കാർഷിക വികസന ബാങ്കുകൾ കമ്മേഴ്സ്യൽ ബാങ്കുകൾ എന്നിവ കൃഷി വായ്പ കൊടുക്കുവാൻ കാണിക്കുന്ന വിമുഖത അവസാനിപ്പിക്കുകയും കൃഷിക്കാരനിൽനിന്ന് ഈടാക്കുന്ന പലിശ നാമ മാത്രമാക്കി മാറ്റേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതുകുടാതെ വിളവായ്പയുടെ കാലാവധി മൂന്നു വർഷമായും തെങ്ങുകൃഷിക്കുള്ള വായ്പയുടെ കാലവധി 15 വർഷമായും ദീർഘിപ്പിക്കുവാൻ വേണ്ട നടപടികൾ വരുത്തുന്നതും ഉചിതമായിരിക്കും. കൃഷിക്കാർക്കായി നൽകുന്ന ലോണുകൾക്കുള്ള ജാമ്യവ്യവസ്ഥ ലഘൂകരിച്ചാൽ മാത്രമെ കൂടുതൽ കൃഷിക്കാർക്ക് അതുകൊണ്ടുള്ള പൂർണ്ണ പ്രയോജനം ലഭ്യ മാകുകയൊള്ളൂ.

# മൃഗസംരക്ഷണം

**കാർഷിക** ഗ്രാമമായിരുന്ന വലപ്പാട് കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു. കന്നുകാലിവളർത്തൽ ഉഴവുമാടുകൾ എന്നനിലയിലും വണ്ടി വലിക്കുന്നതിനും, പാലുൽപാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവ വളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികൾ ആയിരുന്നു. കാലി വളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധികുംടുംബങ്ങൾ അന്ന് പഞ്ചായത്തിൽ ഉണ്ടായിരുന്നു.ഒന്നാം വിള നെൽകൃഷി കഴിഞ്ഞാൽ വിശാലമായ പാടശേഖരങ്ങൾ കാലി മേക്കാനുള്ള ഇടങ്ങളായിരുന്നു. പാടങ്ങൾ നികത്തി അതിൽ കെട്ടിടം പണിയാൻ തുടങ്ങിയതോടെയും നികത്തിയ സ്ഥലങ്ങളിൽ തെങ്ങുകൃഷി വ്യാപകമായ തോടെയും കാലിവളർത്തൽ വീട്ടുവളപ്പിൽ ഒതുങ്ങി തുടങ്ങി .

പശു, ആട്, എരുമ, കാള, പന്നി, എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ വളർത്തു പക്ഷികളിൽ പ്രധാന്യം കോഴികൾക്കും താറാവു കൾക്കു മാണ്. എന്നാൽ ഇവയുടെയെല്ലാം എണ്ണം ക്രമത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ തന്നെ കാളകളുടെയും എരുമകളുടെയും എണ്ണം നാമമാത്രമായി കഴിഞ്ഞു. നെൽകൃഷി കുറഞ്ഞതുമൂലം കാർഷികവൃത്തിയാൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞതും ഈ രംഗത്ത് ഉപയോഗിച്ചിരുന്ന കാള തുടങ്ങിയവയുടെ എണ്ണം കുറയുവാൻ കാരണമായിട്ടുണ്ട്. കാലിതിറ്റയുടെ ദൗർലഭ്യം പഞ്ചായത്തിൽ ഏറെ അനുഭവപെടുന്നുണ്ട് . നെൽകൃഷി യില്ലാതയതോടെ മേച്ചിൽ പുറം ഒട്ടും ഇല്ലാതായതിനാൽ ഇന്ന് പഞ്ചായത്തിൽ പുറമെനിന്ന് വരുന്ന വൈക്കോലിനെ മാത്രമാണ് ആശ്രയിക്കുന്നത്. പാലക്കാട്ടുനിന്നും മറ്റും ഇവിടെ ഇറക്കുമതി ചെയ്യുന്ന വൈക്കോലിന് അനുദിനം വർദ്ധിച്ചു വരുന്ന വിലമൂലം കാലിവളർത്തൽ ഒരു പ്രതിസന്ധിഘട്ടത്തിൽ എത്തിയിരിക്കുന്ന. വൈക്കോൽ പാലക്കാട്ടുനിന്ന് ഇവിടെ എത്തിക്കുന്ന ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി ആളുകൾ പഞ്ചായത്തതിർത്തിയിൽ തന്നെയുണ്ട്. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള പശുക്കളിൽ അത്യുൽപാദനശേഷിയുള്ള സങ്കര ഇനങ്ങളാണ് ഏറെയും തീറ്റ പുൽകൃഷി പഞ്ചായത്തിൽ ശാസ്ത്രീ യമായി നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ മൃഗസംരക്ഷണ രംഗത്തെ ഏറ്റവും പ്രധാന പ്രശ്നങ്ങളിൽ ഒന്ന് പഞ്ചായത്തിൽ നല്ലരീതി യിൽ പ്രവർത്തിക്കുന്ന ഒരു ക്ഷീരോൽപാദന സഹകരണ സംഘം ഇല്ലാഎന്നുള്ളതാണ്. പേരിനു മാത്രമായി ഒരെണ്ണം കരയാമുട്ടത്ത് പ്രവർത്തിക്കുന്നുണ്ട്. എങ്കിലും അതിന്റെ പ്രവർത്തനം കൊണ്ട് ക്ഷീരോൽപാദകർക്ക് പറയത്തക്ക ഗുണങ്ങൾ ഒന്നു തന്നെ കിട്ടുന്നില്ല. പഞ്ചായത്തിലെ ചില വാർഡുകളിൽ ധാരാളം പാൽ ഉൽപാദി



പ്പിക്കുകയും അതിന് വിപണിയില്ലാതെ ബുദ്ധിമുട്ടുകയും ചെയ്യുമ്പോ മറ്റുചില വാർഡു

കളിൽ ആവശ്യത്തിന് പാൽ ലഭിക്കാതെ ബുദ്ധിമുട്ടനുഭവപ്പെടുകയും ചെയ്യുന്നു. ഇതിന് പരിഹാരം കാണണമെങ്കിൽ പഞ്ചായത്തിൽ രണ്ട് പ്രദേശങ്ങളിലായി രണ്ട് ക്ഷിരോല്പാദന സഹകരണസംഘങ്ങൾ ഉണ്ടാക്കേണ്ടത് അനിവാര്യമാണ്.

പഞ്ചായത്തിലെ കാലികളിൽ കാണപ്പെടുന്ന പ്രധാന രോഗങ്ങൾ,അകിടുവീക്കം, കുളമ്പ് രോഗം,വയറിളക്കം മുതലായവയാണ്. മറ്റു ചില മാരകരോഗങ്ങളും മൃഗങ്ങളിൽ കണ്ട് വരാറുണ്ട് ഇതിനുള്ള കാരണങ്ങളായി കാണുന്നത് യഥാസമയത്ത് നടത്തേണ്ട പ്രതിരോധകുത്തിവെപ്പുകൾ നടത്തുവാനും രോഗലക്ഷണങ്ങൾ പ്രകടമാവുമ്പാൾ തന്നെവേണ്ട ചികിത്സ നൽകുവാനുമുള്ള സഹചര്യങ്ങൾ ഇല്ലാത്തതിനാലാണ്. പഞ്ചായത്തിന്റെ വടക്കുകിഴക്കൻ അതിർത്തിയിലാണ് പഞ്ചായത്തിലെ ഏക മൃഗാശുപത്രി സ്ഥിതിചെയ്യുന്നത് . ഇതുകൊണ്ട്തന്നെ പഞ്ചായത്തിന്റെ മറ്റുമേഖലകളിലുള്ള ആളുകൾക്ക് കനത്ത ട്രാഫിക്കുള്ള റോഡുകളിലൂടെ മൃഗങ്ങളെ ഇവിടെ എത്തിക്കുന്നത് ഏറെ ബുദ്ധിമുട്ടായതിനാൽ ചികിത്സക്കും കൃത്രിമ ബീജ സങ്കലനത്തിനും ഏറെ ബുദ്ധിമുട്ടനുഭവപെടുന്നു. ഇതിനു പരിഹാരമായി ഗ്രാമസഭകളിലുയർന്നുവന്ന നിർദ്ദേശങ്ങൾ വളരെ വിലപ്പെട്ട വയാണ്. (a) വലപ്പാട് മൃഗാശുപത്രി പോളിക്ലീനിക്കായി ഉയർത്തുവാൻ സംവിധാനം ഉണ്ടാക്കണം. (B) കഴിമ്പ്രത്തും വലപ്പാട് ബീച്ച് ഭാഗത്തും ഓരോ സബ സെന്റർ സ്ഥാപിക്കണം. (c) മൃഗഡോക്ടറുടെ നേതൃത്വത്തിൽ ഒരു മോബൈയിൽ സെൽ രൂപികരിക്കുകയും പഞ്ചായത്തിന്റെ വിത്യസ്ത പ്രദേശങ്ങളിൽ നിശ്ചിത ദിവസങ്ങളിൽ എത്തി അവിടെയുള്ള മൃഗങ്ങൾക്ക് ചികിത്സ നൽകുന്നതിനുള്ള അവസരമുണ്ടാകണം.

പഞ്ചായത്തിൽ ആട്, മുയൽ. പന്നി, ഇറച്ചികോഴി എന്നിവക്ക് നല്ല സാധ്യതയാണുള്ളത് പ്രാഥമിക വിവരശേഖരണ ത്തിൽനിന്നും ലഭിച്ച കണക്കനുസരിച്ച് 25 ഓളം ഇറച്ചി കോഴികളെ വില്ക്കുന്ന സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട് ഇവയിലധികവും കുഞ്ഞുങ്ങൾ വരുന്നത് തമിഴ്നാട്ടിൽനിന്നും പാലക്കാട്നിന്നുമാണ്. ഈ കുഞ്ഞുങ്ങളെ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കിയാൽ ഒരു വലിയ സംഖ്യയുടെ പഞ്ചായത്തിൽനിന്നുമുള്ള ഒഴുക്ക് തടയാവുന്നതാണ്. പഞ്ചായത്തതിർത്തിയിൽ ഉപയോഗിക്കുന്ന കോഴിമുട്ടയുടെ അളവ് കൃത്യമായി കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും അതും വലിയ ഒരു സംഖ്യയുടെതാകും . എന്നതിൽ സംശയമില്ല. മുൻകാലങ്ങളിലെല്ലാം നമ്മുടെ വീടുകളിൽ തന്നെ ആവിശ്യമുള്ള മുട്ടലഭിക്കുവാൻ തക്ക കോഴികളെ വളർത്തിയിരുന്നു. ഇപ്പോഴും നല്ലയിനം കോഴികുഞ്ഞുങ്ങളേയും, അവക്കുവേണ്ട തീറ്റയും ആവശ്യമായ മരുന്നുകളും സബ്സിഡി നിരക്കിൽ നൽകുവാൻ കഴിഞ്ഞാൽ ഈ രംഗത്ത് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കുവാൻ ശ്രമിക്കാം എന്നാൽ ഈ രംഗത്ത് മറ്റൊരു പ്രശ്നം ആവശ്യത്തിനുള്ള കോഴികുഞ്ഞുങ്ങളെ ലഭിക്കുവാനില്ലഎന്നതാണ്. ഇതിന് പരിഹാരം കാണുവാൻ പഞ്ചായത്തിൽ ഒരു കോഴികുഞ്ഞുല്പാദനകേന്ദ്രം നിർമ്മിക്കണം.

പഞ്ചായത്തിലെ മൃഗാശുപത്രിയുടെ സ്ഥിതി ഏറെ ശോചനീയ മാണ്. ആശുപത്രിയിലെ ഫ്രിഡ്ജ് ഏറെ നാളായി കേടുവന്നിരിക്കുന്നതിനാൽ

ശീതീകരിച്ച് സൂക്ഷിക്കേണ്ട പലമരുന്നുകളും സൂക്ഷിക്കുന്നത് അയൽ പക്കങ്ങളിലെ വീടുകളിലാണ് ഇതിന് പരിഹാരം കണ്ടുകൊണ്ട് ഫ്രിഡ്ജ് അടിയന്തിരമായി പ്രവർത്തന സജ്ജമാക്കേണ്ടിയിരിക്കുന്നു.


പഞ്ചായത്തിന്റെ പരിസരങ്ങളിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരികയാണ്. ഇത് പലപ്പോഴും ജനങ്ങളുടെ സ്വൈര വിഹാരത്തിന് ഒരു ഭീഷണിയായി മാറികൊണ്ടിരിക്കുന്നു. നായയെ പിടിക്കുവാനുള്ള തീരുമാനം പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടുപേലും ആവശ്യമായ നായ പിടുത്തക്കാരെ ലഭിക്കാത്തതിനാൽ ഇപ്പോഴും അവയെ നശിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ജില്ലയിൽ തന്നെ വിരലിലെണ്ണാവുന്നവർക്കെ ഇതിന് ലൈസൻസ്ഉള്ളൂ എന്നാണ് അറിയുന്നത്. കൂടുതൽ ആളുകൾക്ക് ലൈസൻസ് നൽകി ആവശ്യമുള്ള സ്ഥലങ്ങളിൽ പട്ടിപിടുത്തക്കാരെ ലഭിക്കുവാനുള്ള സാദ്ധ്യതയുണ്ടാക്കുവനും അതിലൂടെ പ്രദേശത്തെ നായശല്യം ഒഴിവാക്കുവാനും ജില്ലാഭരണകൂടം ശ്രദ്ധിക്കേണ്ടതുണ്ട്. വീടുകളിൽ ഒമനിച്ചുവളർത്തുന്ന പലനായകൾക്കും സമയാസമയം കുത്തിവെപ്പുകൾ നടത്തുന്നില്ല. ഇത് പ്രത്യേക ഗൗരത്തോടെയെടുത്ത് കുത്തിവെപ്പ നിർബ്ധമാക്കുവാനും, ലൈസൽസ് നിർബന്ധമാക്കുവാനും പഞ്ചായത്ത് സമിതി ശ്രമിക്കേണ്ടതാണ്. □



17

# മത്സ്യബന്ധനം

**ഈ** മേഖല പരമ്പരാഗതമായി അനവധി കുടുംബങ്ങളുടെ വരുമാനമാർഗ്ഗവും തൊഴിൽ മേഖലയുമാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ തീരപ്രദേശത്തുടനീളം ആയിര



ക്കണക്കിന് തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടു വരുന്നു. ആധുനിക ട്രോളിംഗ് രീതികളും കാലാവസ്ഥ പ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും മത്സ്യലഭ്യതയെ ദോഷകരമായി ബാധിച്ചുവരുന്നു. തീരപ്രദേശത്തെ ചാകര ആഹ്ലാദങ്ങളും ഇല്ലാതാകുന്നു. ശാസ്ത്രീയമായ പഠനങ്ങളും ബോധപൂർവ്വമായ ഇടപെടലുകളും നടത്തി മാത്രമെ ഈ രംഗത്തെ അനിശിതത്വം പരിഹരിക്കാനാകൂ. അസൂത്രിതമായ സംഘടിത സംരംഭങ്ങൾ ആരംഭിച്ചില്ലെങ്കിൽ നമ്മുടെ പഞ്ചായത്തിന്റെ പൊൻമുട്ടയിടുന്ന താറാവ് നഷ്ടപെടും. ഇത് നമ്മുടെ ആഹാരക്രമത്തിലും തൊഴിൽ മേഖലയിലും വിനോദത്തിലും സംമ്പദ്ക്രമത്തിലും വിപൽകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും .

## മത്സ്യബന്ധനം

**ഈ** മേഖലയിൽ 1980 നു ശേഷമാണ് യന്ത്രവൽകൃത മത്സ്യബന്ധനം നിലവിൽവന്നത് അതിനുമുമ്പ് ശാരീരിക അധ്വാനം വളരെ കൂടുതലായിരുന്നു. തന്നെയുമല്ല ദൂരപ്രദേങ്ങളിൽ പോയി മത്സ്യബന്ധനം നടത്തുവാനും കഴിഞ്ഞിരുന്നില്ല എന്നാൽ 1980 നുശേഷം ദൂരപ്രദേശങ്ങളിൽ പോയി മത്സ്യബന്ധനം നടത്തുവാനും കൂടുതൽ മത്സ്യം പിടിക്കുവാനും സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമായ ഈ രംഗത്തെ വളർച്ചയെ എടുത്തുകാണിക്കുന്നു. ഇതൊക്കെ ഉണ്ടെങ്കിലും ആധുനിക മത്സ്യബന്ധനരംഗത്ത് പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തെ കുറിച്ച് വേണ്ടത്ര പരിഞ്ജാനം ലഭിച്ചിട്ടില്ല. അതിനു ബന്ധപ്പെട്ടവർ തയ്യാറായിട്ടുമില്ല. വിദേശകപ്പലുകൾക്ക് നമ്മുടെ രാജ്യത്തിന്റെ സമുദ്ര പരിധിയിൽ വന്ന് മത്സ്യസമ്പത്ത് കൊള്ളയടിക്കാൻ കേന്ദ്രഗവൺമെന്റ് അവസരം നൽകിയിരിക്കുകയാണ്. അത് അടിയന്തിരമായി നിർത്തുകയും ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗതതൊഴിലാളികൾക്ക് പരിശീലനം നൽകി അവർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകേണ്ടതാണ്. ഇല്ലെങ്കിൽ സമീപകാലത്തുതന്നെ മത്സ്യസമ്പത്ത് നശിക്കുയും അതുവഴി കോടികണക്കിനുള്ള വിദേശനാണ്യം നേടിതരുന്ന ഈ രംഗം നാമാവശേഷമാകുകയും ചെയ്യും

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

**മ**ത്സ്യങ്ങളുടെ പ്രജനനം നടക്കുന്ന ജൂൺ, ജൂലായ് ആഗസ്റ്റ് മാസങ്ങളിൽ ട്രോളിംഗ് നടക്കുന്നത് നിയമം മൂലം തടഞ്ഞാൽ മത്സ്യങ്ങളുടെ മുട്ടകൾ കൂട്ടത്തോടെ കേടുവരുന്നത് തടയാൻ കഴിയുന്നതാണ്. ഈ മൂന്ന് മാസങ്ങളിലും ട്രോളിംഗ് പൂർണ്ണമായും നിരോധിക്കുകയും മറ്റുമാസങ്ങളിൽ ഇരിപതു കിലോമീറ്ററിനുള്ളിൽ

ട്രോളിംഗ് അനുവദിക്കാതിരിക്കുകയും ചെയ്യുക.

ഇളം പ്രായത്തിലുള്ള മത്സ്യങ്ങളെ പിടിക്കുന്നതുമൂലം മത്സ്യസമ്പത്ത് നശിക്കാൻ ഇടയാകുന്നു. ചാള, അയില മുതലായ മത്സ്യങ്ങളിൽ 10 സെറ്റിമീറ്ററിൽ താഴെ വലിപ്പമുള്ള മത്സ്യകുഞ്ഞുങ്ങളെ പിടിക്കുന്നതും വില്പന നടത്തുന്നതും നിയമം മൂലം തടയുക സ്വന്തം വീട്ടു വളപ്പുകളിലെ കുളങ്ങളിൽ മത്സ്യ കൃഷി നടത്താൻ കർഷകരെ പ്രേരിപ്പിക്കുയും കൃഷിക്കാർക്ക് ആവശ്യമായ മത്സ്യകുഞ്ഞുങ്ങൾ തീറ്റ ചികിത്സാസൗകര്യം എന്നിവ ലഭ്യമാക്കുക. മത്സ്യം കൂടുതലുണ്ടാകുന്ന കാലങ്ങളിൽ അവ കേടുവരാതെ സൂക്ഷിക്കുന്നതിനുവേണ്ട ഒരു മത്സ്യ സംസ്കരണ ശീതീകരണ ശാല സ്ഥാപിക്കുകയും അതുവഴി മത്സ്യകൂടുതൽ –കുറവുകാലങ്ങളിലെ വരുമാനം തുലനപ്പെടുത്തുകയും ചെയ്യുക – മാത്രമല്ല മത്സ്യം ലഭിക്കാത്ത കാലങ്ങളിലും മത്സ്യ വില്പന നടത്താൻ സാധിക്കുകയും ചെയ്യും. പഞ്ചായത്തിലെ നാല് ബീച്ച് റോഡുകളും കടൽ തീരത്തിന്റെ 100 മീറ്ററെങ്കിലും അകലെ അവസാനിക്കുന്നതിനാൽ മത്സ്യം, ബന്ധനോപകരണങ്ങൾ എന്നിവ വാഹനങ്ങളിൽ കയറ്റി കടൽ തീരത്ത് എത്തിക്കാൻ സാധിക്കുന്നില്ല . ആയതിനാൽ റോഡുകൾ കടൽ തീരം വരെ ദീർഘിപ്പിച്ച് മേൽ അസൗകര്യം ഒഴിവാക്കുക.

രാത്രികാലങ്ങളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് കരയെ ലക്ഷ്യ മാക്കാൻ ഇവിടെ സംവിധാന മൊന്നുമില്ല. ചാവക്കാട് കടപ്പുറം പഞ്ചായത്തിലും തെക്ക് അഴിക്കോട് ഓരോ സെർച്ച് ലൈറ്റുകൾ പ്രവർത്തിക്കുന്നുണ്ട് കൂടാതെ കൊച്ചിയിലും, പൊന്നാനി യിലും ഇത്തരം ലൈറ്റുകൾ പ്രവർത്തിക്കുന്നു.

ഇവയുടെ പ്രവർത്തനരീതി ഒരു പോലെ ആകയാൽ ലക്ഷ്യം കണ്ടെത്താൻ പ്രയാസമാണ്. ആയതിനാൽ നമ്മുടെ പഞ്ചായത്തിൽ ഒരു ഗൈഡ് ലൈറ്റ് സ്ഥാപിക്കുക (25 കി.മിറ്ററെങ്കിലും അകലെ കാണാവുന്ന ശേഷിയുള്ളതായിരിക്കണം) രണ്ടായിരത്തിൽ പരം മത്സ്യതൊഴിലാളികൾക്ക് പ്രയോജനകരമായ മത്സ്യതൊഴിലാളി ക്ഷേമനിധി ആഫീസ് (ഫിഷറീസ് ഓഫീസ്) പെരിഞ്ഞനം പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്– നടക്കാനോ യാത്ര ചെയ്യാനോ കഴിയാത്ത വൃദ്ധൻമാർ ഉൾപെടെയുള്ള ആളുകൾക്ക് ദൂര യാത്ര ഒഴിവാക്കുന്നതിനുവേണ്ടി മേൽപടി ആഫീസിന്റെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലേക്ക് മാറ്റുക.

മത്സ്യഫെഡ് ജില്ല ആഫീസ്, ക്ഷേമനിധിബോർഡ് ആഫീസ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കര്യാലയം ഫിഷറീസ് കൺട്രോൾ റൂം എന്നിവ തൃശൂർ പട്ടണത്തിൽ നിന്ന് 2–3 കി.മിറ്റർ അകലെ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. ഈ ആഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് വളരെയേറെ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഈ ആഫീസുകൾ N,H.17 നോട് ചേർന്ന ഒരു കെട്ടിടത്തിലോ ഒരു കോമ്പൗണ്ടിലോ പ്രവർത്തിപ്പിക്കുവാനും കഴിയുമെങ്കിൽ നമ്മുടെ പഞ്ചായത്തിൽ തന്നെ സ്ഥാപിക്കാനും നടപടി സ്വീകരിക്കുക.

ചേറ്റുവ അഴിമുഖം ആഴംക്കൂട്ടി ഗതാഗത യോഗ്യമാക്കു കയും പ്രവർത്തിക്കാതെ കിടക്കുന്ന ചേറ്റുവ ഫിഷ് ലാറ്റിംഗ് സെന്റർ പ്രവർത്തന ക്ഷമമാക്കുകയും.

മത്സ്യതൊഴിലാളികളുടെ യന്ത്രങ്ങൾക്ക് ആവശ്യമായ

മണ്ണെണ്ണ ലഭിക്കുന്നതിന് മത്സ്യ ഫെഡ് നേരിട്ട് കോർപ്പറേഷനിൽനിന്നും മണ്ണെണ്ണ വാങ്ങി വിതരണം ചെയ്യുക. മത്സ്യബന്ധനത്തിനാവശ്യമായ എഞ്ചിൻ, വല, മുതലായ മത്സ്യബന്ധനോപകരണങ്ങൾ നിർദ്ദിഷ്ഠ മത്സ്യഭവൻ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. എഞ്ചിനുകൾ റിപ്പെയർ ചെയ്യാൻ ആവശ്യമായ റിപ്പെയർ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

മത്സ്യതൊഴിലാളി വികസന ക്ഷേമസഹകരണ സംഘം മുഖേന തൊഴിലാളികൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക. കൂടാതെ മത്സ്യ തൊഴിലാളികൾക്ക് റിട്ടയർമെന്റ് അനുകൂല്യം ഏർപ്പെടുത്താൻ ശുപാർശ ചെയ്യുക.

കേന്ദ്രഗവൺമെന്റിന്റെ തീരദേശ പരിപാലന നിയമം മൂലം മത്സ്യതൊഴിലാളി മേഖലയിൽ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമില്ലാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക. മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്കുള്ള ലംസ്സം ഗ്രാന്റ് വർദ്ധിപ്പിക്കുവാനുള്ള നടപടി കൈകൊള്ളുക.

മത്സ്യ ബന്ധനത്തിൽ ഏർപ്പെടാൻ കഴിയാത്ത മാസങ്ങളിൽ തൊഴിൽ രഹിതരാകുന്ന മത്സ്യതൊഴിലാളികൾക്ക് ഉപതൊഴിൽ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുക.

പഞ്ചായത്തിന്റെ അതീനതയിലുള്ള കുളങ്ങളിൽ പഞ്ചായത്ത് നേരിട്ടോ, പാട്ടവ്യവസ്ഥയിലൊ ചെമ്മീൻ കൃഷി നടത്താനുള്ള ഏർപാടുകൾക്ക് രൂപം നൽകി പ്രാവർത്തികമാക്കുക സ്വന്തം വീട്ടുവളപ്പിലെ കുളങ്ങളിൽ ചെമ്മീൻ വളർത്താനുള്ള പ്രോൽസാഹനം നൽകുക. മത്സ്യരോഗ നിവാരണമാർഗ്ഗങ്ങൾ പ്രായോഗികമാക്കുക.

കരവെക്കുന്ന കടൽഭാഗങ്ങൾ പൊതുജനം കയ്യേറുന്നത് തടയുകയും അത്തരം ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുകയും ചെയ്യുക.

അലങ്കാര മത്സ്യകൃഷിക്ക് ആവശ്യമായ പ്രോൽസാഹനം നൽകുക.

ഔട്ട്ബോർഡ് എഞ്ചിൻ, സ്പെയർപാർട്ടുകൾ ഇന്ധനം വല മുതലായവ മത്സ്യഫെഡ് വഴി വിതരണം ചെയ്യുക,.

നല്ലയിനം മത്സ്യങ്ങളെ ഉൽപാദിപ്പിക്കുന്നതിന് പഞ്ചായത്ത് കുളം ഉപയോഗപ്പെടുത്തുകയും , മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ചെയ്യുക. ■

# വ്യവസായം

ഒരു പ്രദേശത്തിന്റെ സ്ഥായിയും, സമഗ്രവും ദ്രുതഗതിയിലുള്ളതുമായ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ് വ്യവസായരംഗത്തെ വളർച്ച.

സാമ്പത്തികമായും, സാമൂഹികമായും, പുറകിലല്ലാത്ത വലപ്പാട് പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. തളികുളം ബ്ലോക്കിൽ തന്നെ ആകെയുള്ള ഒരു വ്യവസായമായ 'തൃശൂർ കോട്ടൺ മിൽസ്'. തൊട്ടടുത്ത നാട്ടിക പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. വലപ്പാട് പഞ്ചായത്തിൽ നിന്നും നാമമാത്രമായ ആളുകൾക്ക് ഇവിടെ തൊഴിൽ ലഭിച്ചിട്ടുണ്ട്. പ്രാദേശിക വിഭവങ്ങൾ, കാർഷികോല്പന്നങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ചെറുകിട യൂണിറ്റുകളും, കുടിൽ വ്യവസായങ്ങളും ചേർന്ന ഒരു പുതിയ വ്യവസായ സങ്കല്പം വളർത്തിയെടുക്കാനാകണം. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ചെറുകിട വ്യവസായങ്ങൾ വളർന്നുവരുന്നത് ശുഭോദർക്കമാണ്. അതോടോപ്പം പരമ്പരാഗത വ്യവസായങ്ങൾ വൻ തകർച്ചയിലേക്ക് കൂപ്പുകുത്തുന്ന അവസ്ഥയാണ് നിലവിലുള്ളത്.

നാളികേരം പ്രധാന കാർഷികോല്പന്നമായ പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങളായ നാളികേരവുമായി ബന്ധപ്പെട്ട, കൊപ്രയാട്ടലും വെള്ളിച്ചെണ്ണമില്ലുകൾ വഴി വെള്ളിച്ചെണ്ണയുണ്ടാക്കലും, മറ്റു ആധുനിക വിദ്യകൾ ലഭ്യമാക്കാൻ വൈകിപോയതായി മനസിലാക്കാം–വ്യവസായിക രീതിയിൽ വെളിച്ചെണ്ണ ഉൽപാദിപ്പിച്ച് വില്പന നടത്താനും മറ്റു രീതിയിൽ വെളിച്ചെണ്ണ ഉപയോഗിച്ച് ഉണ്ടാക്കുന്ന മറ്റുല്പന്നങ്ങൾ ഉണ്ടാക്കാനും, ഉള്ള സാങ്കേതിക വിദ്യകളും മറ്റു ലഭ്യമാക്കാനും ശ്രദ്ധിച്ചുകാണുന്നില്ല.

വ്യവസായിക, കാർഷിക രംഗങ്ങളിൽ ഏറെ പുറകിലായിട്ടും ആഡംബരോപയോഗാനുപാതത്തിൽ പഞ്ചായത്ത് ഏറെ മുന്നിലാണ്.സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ വളർച്ചക്കൊപ്പം ഗൾഫ് നാടുകളിൽ നിന്നുള്ള പണത്തിന്റ സ്വാധീനം ഇതിനൊരു കാരണമായി കണക്കാക്കാം.

താഴപായ നെയ്ത്ത്, ചകിരിതല്ലൽ തുടങ്ങിയ പലകാരണങ്ങളാൽ ചുരുങ്ങി വരുന്നുവെങ്കിലും നിരവധി ലെയ്ത്ത് വർക്ഷോപ്പുകളും, അനുബന്ധ സ്ഥാപനങ്ങളും, തടികറക്കുന്ന നിരവധി മില്ലുകളും ഇവിടെ നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിലെ ഒരു പ്രധാന വ്യവസായമായ സോഡിയം സിലിക്കേറ്റ് നിർമ്മാണംവേണ്ടത്ര പുരോഗമിച്ച് കാണുന്നില്ല. വനിതകൾക്ക് തൊഴിൽ നൽകികൊണ്ട്. ഒരു ഖാദി യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നു. ബീഡി തെറുപ്പ്, ഓലമിടച്ചിൽ, തെങ്ങ് ചെത്ത്, തുന്നൽ, മരപണി, സ്വർണപണി, കൊട്ട, കയിൽ, മുറം, മുതലായ ഉൽപന്നങ്ങളും ഇവിടെ നിലവിലുണ്ട്.

അച്ചാറുകൾ പലഹാരങ്ങൾ കറിമസാലകൾ തുകലുപയോഗിച്ച് ബാഗ്,ചെരുപ്പ് മുതലായവ നിർമ്മിക്കുകയും വിതരണം ചെയ്ത് വരുന്നവരും ഇവിടെ നിലവിലുണ്ട്.

## പഞ്ചായത്തിലെ പരമ്പരാഗത വ്യവസാങ്ങൾ:–

### 1. താഴപായ നെയ്ത്

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ത്രീ തൊഴിലാളികൾ സ്വന്തം വീടുകളിൽ

തന്നെ പണിയെടുത്തിരുന്ന ഒരു രംഗം ഇതാണ്. ഇന്ന് തഴ ലഭിക്കാനുള്ള ബുദ്ധിമുട്ടും, മുടക്കുന്ന മുതലിലും ജോലിക്കും തക്ക വിലകിട്ടാത്തതും ഈ രംഗത്ത് മുരടിപ്പ് അനുഭവപ്പെടുവാൻ കാരണമായി.

### 2. ചകിരിനാര് സംസ്കരണം.(പച്ചതൊണ്ട് തല്ലുന്നത് )

ഒരു കാലത്ത് പ്രത്യേകിച്ച് തീര ദേശങ്ങളിൽ നിരവധി ആളുകൾക്ക് തൊഴിൽ നൽകിയിരുന്ന ഒരു മേഖലയായിരുന്നുവെങ്കിലും, മെച്ചപ്പെട്ട കൂലി ലഭ്യമാകാത്ത ഒരവസ്ഥയിൽ ഈ വ്യവസായം തീരെ അന്യംനിന്ന പോലെയാണ് ഇന്നത്തെ സ്ഥിതി. ഈ സ്ഥിതിയിൽ നിന്ന് വ്യത്യസ്തമായി ശാസ്ത്രീയരീതി ഉപയോഗിച്ചാൽ കൂടുതൽ പേർക്ക് തൊഴിലും പ്രത്യേകിച്ച് സ്ത്രീകൾക്ക്, വരുമാനം കൂടുതലും അതോടൊപ്പം പുരോഗതിയും കൈവരിക്കാൻ കഴിയുമെന്നതിൽ തർക്കമില്ല.

### 3. മത്സ്യബന്ധനം.

പഞ്ചായത്തിന്റെ ഒരു വലിയഭാഗം കടലോര പ്രദേശമാകയാൽ അവിടെ ജീവിക്കുന്ന ജനങ്ങളുടെ മുഖ്യവരുമാനവും മത്സ്യബന്ധനം വഴിയാണ്. വർഷത്തിൽ കുറച്ചുമാസങ്ങളിലെ ഈ പ്രദേശത്ത് സുലഭമായി മത്സ്യം ലഭിക്കുന്നുള്ളൂ. മറ്റു സമയങ്ങളിൽ ഇവർതൊഴിൽ രഹിതരാണ്. ഈ കാലഘട്ടത്തിൽ മത്സ്യ സംസ്കരണവും നൂതന രീതിയിലുള്ള ഉണക്ക മത്സ്യ വില്പനയും ഇവരെ സഹായിക്കും.

### 4. ബീഡി തെറുപ്പ്.

പഞ്ചായത്തിൽ ഗൾഫ് മേഖലയിൽ തൊഴിൽ സുലഭമാകുന്നതിന് മുൻകാലങ്ങളിൽ ഒട്ടനവധി പേർ ഏർപ്പെട്ടിരുന്ന തൊഴിലാണിത് പലപല സംഘങ്ങളായി പല ബീഡി കമ്പനികൾക്ക് വേണ്ടിയും, സ്വന്തമായി ലേബലിലും ബീഡി നിർമ്മാണം ഇവിടെ വേരൂന്നിയിരുന്നു. ഇപ്പോൾ നാമ മാത്രമായി മാത്രം ആളുകൾ ഈ തൊഴിൽ ചെയ്യാൻ തയ്യാറാകുന്നുള്ളു.

### 5. മരപ്പണി, സ്വർണ്ണ പണി, കെയിൻ വർക്സ് .

മരപ്പണിയിലും മറ്റും മുമ്പത്തെക്കാൾ കൂടുതൽ തൊഴിൽ സാധ്യതകൾ ഉണ്ടെങ്കിലും നാട്ടിൽ പണിയെടുക്കുന്നവരെ കിട്ടാൻ ബുദ്ധിമുട്ടുണ്ട് സ്വർണ്ണം പണിയുന്നവർ വീടുകളിലും പ്രത്യേക മുറികളിലും ചെയ്ത് വരുന്നു. കെയിൻ വർക്കുകൾ ചെയ്ത് ജീവിക്കുന്നവരും ഈ പഞ്ചായത്തിലുണ്ട്.

### 6 ഓലമെടച്ചിൽ

പഞ്ചായത്തിൽ അധികവും ഓലപുരകളായിരുന്ന കാലഘട്ടത്തിൽ ഓല മെടച്ചിൽ ഒരു തൊഴിലായി സ്വീകരിച്ച് നിരവധി സ്ത്രീകൾ ഉപജീവനം കഴിച്ചിരുന്നു- ഇന്ന് പല വീടുകളും ടെറസ്സ് വീടുകളും ഓടിട്ടവീടുകളും മായ്തിനാലും മറ്റും ഈ തൊഴിലിൽ നിന്ന് സ്ഥിരമായ വരുമാനം കിട്ടാൻ ബുദ്ധിമുട്ടായി തീർന്നിരിക്കുന്നു.

### 7. കള്ള് ചെത്ത്.

പഞ്ചായത്തിൽ ഭൂരിപക്ഷം വാർഡുകളിലും കള്ള് ചെത്ത് തൊഴിലാളികൾ ഉണ്ട്. ഒരു വിധം നല്ലവരുമാനമുള്ള തൊഴിലായി മാറിയിരിക്കുകയാണ്. ഇനിയും ഈ രംഗത്ത് പുരോഗമനവും തൊഴിൽ സാധ്യതയും നിലനിൽക്കുന്നു. പക്ഷെ ഈ രംഗം തകർച്ചയെ നേരിടുകയാണ്.

### 8. തുന്നൽ, എംബ്രോയഡറി റെഡിമെയിഡ് വസ്ത്രങ്ങൾ

ഈ രംഗങ്ങളിൽ വൻ സാധ്യതകളുണ്ട്. പണ്ടത്തെപ്പോലെ പുതിയ പുതിയ ഡിസൈനുകളു മറ്റും ഇവിടെ നിലവിലുള്ളതിനാൽ ഈ മേഖല സംപുഷ്ടമാണ്.

### 9. കൊട്ട, കയിൽ, മുറം, മുതലായവ

വീടുകളിൽ അത്യാവശ്യ ഉപയോഗമുള്ള കൊട്ട കയിൽ മുറം മുതലായവ ഇന്ന് പണ്ടത്തെപ്പോലെ ഉപയോഗിക്കുന്നില്ല.- ആധുനിക രീതിയിൽ ഫാഷൻ ഉല്പന്നങ്ങളാക്കി മാറ്റിയാൽ ഇന്നത്തേതിൽ വളരെ കൂടുതൽ സാധ്യതകൾ ഉണ്ടാക്കാൻ പറ്റുന്നതാണ്.

### 10. അച്ചാറ്, പലഹാരങ്ങൾ , കറിമസാലകൾ, ഫ്ളവർമിൽ

വീടുകളിൽ ഇവ ഉല്പാദിപ്പിച്ച് പലപല കടകളിലായി വില്പന നടത്തി പോരുന്ന നിരവധി ആളുകൾ ഈ രംഗത്തുണ്ട്. ഒപ്പം ഫ്ള വർ മില്ലുകൾ വഴി കറിമസാലപൊടികൾ ഉണ്ടാക്കി വില്പന നടത്തുന്നവരും മുണ്ട്. ഇത് തൊഴിൽ സാധ്യതകൾ വർദ്ധിപ്പി ക്കാനുതകുന്ന ഒരു മാർഗ്ഗമാണ്.

### 11. തുകൽ ശേഖരണം,

സംസ്കരണം. ചെരുപ്പ് , ബാഗ്,തുണികൊണ്ടുള്ള സഞ്ചികൾ നോട്ടുപുസ്തക നിർമ്മാണം തുടങ്ങി. ഈ രംഗത്ത് നിരവധി പേർ ജോലിയെടുത്ത് വരുന്നു ണ്ട്. കൂടുതൽ വിദഗ്ദ തരുമായി അവരുടെ ഉപദേശങ്ങൾ സ്വീകരിച്ച് ഈ മേഖലയിൽ വൻ പുരോഗതി യുണ്ടാ ക്കാൻ കഴിയുമെന്നത് ഉറപ്പാണ്.

### വ്യവസായിക വളർച്ചക്ക് ആവശ്യപ്പെട്ടേക്കാവുന്ന നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് ചെറുകിട സംരംഭകർക്ക് പരിപൂർണ്ണ സ്വാതന്ത്ര്യത്തോടെ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഒരു മിനി ഇന്റസിട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നത് അത്യാവശ്യമാണ്. സാമ്പത്തികമായും കായികമായും മുതൽ കൂട്ടുള്ള ഈ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റിമറിക്കാനും വൻ വ്യവസായങ്ങൾക്ക് വഴിവിളക്കായും ഇത് മാറും, മാറ്റണം !!. ഈ പഞ്ചായത്തിൽ 7-ാം വാർഡിൽ സൗകര്യമുള്ള പഞ്ചായത്ത് സ്ഥലമുണ്ടെന്ന് അറിയുന്നു,. ബന്ധപ്പെട്ടവർ ഇടപ്പെട്ട് നടപടികൾ എത്രയും എളുപ്പം എടുക്കേണ്ടതാണ്.

അതിനോടൊപ്പം പുതിയ തൊഴിൽ സംരംഭകർക്ക്, പരമ്പരാഗത തൊഴിലാളികൾക്കും വിദഗ്ദരാ യവരിൽനിന്നും. പരിശീലനം ലഭ്യമാക്കാൻ ഒരു പരിശീലന കേന്ദ്രവും തുടങ്ങി യാൽ നന്നായിരിക്കും. പ്രത്യേ കിച്ച് സ്ത്രീകൾക്ക് വീട്ടിലിരുന്ന് ചെയ്യാവുന്ന ജോലികൾ ക്രമപ്പെടുത്തി അതിനുവേണ്ട പ്രത്യേക ട്രയിനിംഗും സഹായങ്ങളും നൽകണം. വിവിധ തുറകളിൽ വിദഗ്ദരും മറ്റു പരശീലനം ലഭിച്ചിട്ടുള്ളവരുടെയും, പുതിയ വ്യവസായ രംഗത്ത് തുടങ്ങാനുദ്ദേശിക്കുന്ന പരിപാടികളുടെ ഇനംതിരിച്ചുള്ളതും, വിദഗ്ദരുടെയും ആയ പ്രത്യേക ലിസ്റ്റും തയ്യാറാക്കാവുന്നതാണ്. വേണ്ട സന്ദർഭങ്ങളിൽ ഇവരുടെ സേവനം ലഭ്യമാക്കാൻ എളുപ്പവുമായിതീരും.

ഇതിൽ നിന്ന് പഞ്ചായത്തിലേക്ക് എല്ലാ മേഖലയിലേക്കും വേണ്ട വിദഗ്ദതൊഴിലാളികളുടെ ലിസ്റ്റും ഉണ്ടാക്കാവുന്നതാണ് എല്ലാ വിവിധ മേഖലകളിലും വിദഗ്ദരുടെതായ പ്രത്യേകം പ്രത്യേകം ക്ലാസ്സുകൾ അത്യാവശ്യമുള്ളവർക്ക് ലഭ്യമാകേണ്ടതാണ്. ഈ മിനി ഇന്റസിട്രിയൽ എസ്റ്റേറ്റിൽ , പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ പാർട്സുകൾ നിർമ്മിക്കുവാൻ പ്രത്യേകം സ്ത്രീകൾക്ക് പരിശീലനം നൽക്കുകയും മെറ്റീരിയൽ എത്തിച്ച്കൊടുത്ത് അവ നിർമ്മിക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുവാൻ വേണ്ട പദ്ധതികൾ ആവിഷ്കരി ക്കുകയും, നടപ്പാക്കുകയും ചെയ്യുക.

മത്സ്യബന്ധനത്തിലേർപ്പെട്ടിര ിക്കുന്നവർക്കുവേണ്ടി വലയും, ബോട്ടു നിർമ്മാണ



173

ത്തിന്റെ സാധ്യതകളും കണ്ടെത്തി വിദഗ്ദതരുമായി ആലോചിച്ച് ഇതിനായി ഒരു പ്രത്യേക യൂണിറ്റ് തന്നെ സ്ഥാപിക്കണം, ഒപ്പം മത്സ്യ സംസ്കരണത്തിനുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.

2. തെങ്ങു കൃഷിയെ രക്ഷിക്കാൻ സഹകരണാടിസ്ഥാനത്തിൽ ഒരു വെളിച്ചെണ്ണമില്ല് പഞ്ചായത്തിൽ സ്ഥാപിക്കുകയും വെളിച്ചെണ്ണ ചെറിയ പ്ലാസ്റ്റിക്ക് ഡെപ്പികളിലും വലിയ പ്ലാസ്റ്റിക്ക് കുപ്പികളിലുമാക്കി കേരളത്തിലും പുറത്തും വിൽക്കാൻ പുതിയ ഏജൻസികളെ ക്ഷണിച്ചു വരുത്തി ഡെപ്പോസിറ്റുകൾ സ്വീകരിച്ച് ഏജൻസികൾ നൽകുക. ഹെയർ ഓയിൽ പെർഫ്യൂംസ് എന്നിവയും ഉൽപാദിപ്പിക്കാം കൊപ്ര ഉപയോഗിച്ച് മിഠായികളും ബിസ്ക്കറ്റും നാളികേര പീരയിൽ നിന്ന് ബിസ്ക്കറ്റുകളും, പിണ്ണാക്കുപയോഗിച്ച് കാലിതീറ്റ നിർമ്മാണം തുടങ്ങിയവയും ചെയ്യാൻ കഴിയും എല്ലാവാർഡുകളിൽനിന്നും ശേഖരിക്കുന്ന കൊപ്രയും വെളിച്ചെണ്ണയും പിണാക്കും , കോ-ഒപറേറ്റീവ് സൊസൈറ്റി അടിസ്ഥാനത്തിൽ ശേഖരിച്ച് വ്യവസായികമായി നിർമ്മാണ പ്രവർത്തനവും, വിതരണവും നടത്താവു. ഇതിലേക്കായി സൊസൈറ്റികൾ പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാക്കേണ്ടതാണ്. ലാഭത്തിൽ നിന്നും കമ്മീഷൻ അടിസ്ഥാനത്തിൽ തൊഴിൽ അവസരങ്ങൾ നിർബന്ധമാക്കേണ്ടതാണ്. ഇതിൽ ഗൾഫ് മലയാളികളുടെ പങ്ക് നിർബന്ധമായും ഉറപ്പാക്കേണ്ടതും കയറ്റുമതി സാധ്യതകൾ അവർ മുഖാന്തിരമാകാവുന്നതുമാണ്. നാളികേരവെള്ളം കേടുവരാതെ ബോട്ടിലുകളിലാക്കി വിൽക്കുവാൻ കഴിഞ്ഞാൽ സാധാരണ DISTLLED WATER ന് 10 -12 ക കൊടുത്തു വാങ്ങുന്നവർക്ക് ഇതൊരു ആശ്വാസവും, ഉൻമേഷത്തിന് വക നൽകുകയും ചെയ്യുന്നതാണ്. ഒപ്പം കരിക്കിൻ വെള്ളവും ഈ രീതിയിൽ വിപണിയിൽ ഇറക്കാവുന്നതാണ്. തെങ്ങിൻ തടിയിൽ നിന്നും ചിരട്ടയിൽ നിന്നും മനോഹരങ്ങളായ മരസമാഗ്രികൾ, കരകൗശല സാധനങ്ങളും നിർമ്മിച്ച് വൻ തോതിൽ വിൽപനക്കും കയറ്റുമതിക്കും ഇടനൽകാവുന്നതാണ്.

ഈ രംഗത്ത് കൃത്യമായ സാങ്കേതിവിദ്യ, വിപണി കണ്ടെത്തൽ ധന സമാഹരണ മാർഗ്ഗങ്ങൾ എന്നിവക്ക് വിദഗ്ദമായ ഇടപെടലും, ഉപദേശങ്ങളും വിദഗ്ദരിൽ നിന്ന് പഞ്ചായത്തിന്റെ മേൽനോട്ടത്തിലും ആവശ്യമാണ്.

ഇതോടൊപ്പം നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന കാർഷികോൽപന്നമായ അടക്കയിൽന്നും നൂതന രീതിയിലുള്ള പാക്കറ്റുകളിൽ പാക്ക് നിർമ്മിച്ച് വിതരണം ചെയ്താൽ നല്ലവിലപന സാധ്യതയുണ്ട്.

3. ഈ പഞ്ചായത്തിലെ പൊതു മേഖലസ്ഥാപനങ്ങളുടെയും മറ്റു സഹകരിക്കാൻ താൽപര്യമുള്ള സ്വകാര്യ മേഖലാ സ്ഥാപനങ്ങളുടെ യും സഹായത്തോടെ സോപ്പ് നിർമ്മാണവും , നോട്ടുപുസ്തക നിർമ്മാണവും, വൻ തോതിൽ നടത്താവുന്നതാണ്.-വിദ്യാർത്ഥികളുടെ സഹകരണത്തോടെ നോട്ടുപുസ്തക വിതരണവും ഒപ്പം, നിത്യോപയോഗ വസ്തുവായ സോപ്പ് വിതരണവും നടത്താൻ വേണ്ട നടപടികൾ ചെയ്യാവുന്നതാണ്. ഈ നടപടിമൂലം , പുസ്തകങ്ങൾ കടയിൽനിന്ന് വാങ്ങിക്കുന്നതിലും ലാഭകരവും ഒപ്പം ഈ വ്യവസായത്തിന് ഒരു താങ്ങുമായി ഇത് ഭവിക്കുന്നതാണ്.

## മറ്റു വ്യവസായ സാധ്യതകൾ .

ഒന്നാമതായി വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ഇവിടെ നിലവിലുള്ള ബ്ങ്കുകൾ കയ്യയച്ച് സഹായിക്കുകയും അവരോട് സഹകരിക്കുകയും വേണം. ദേശ സൽക്യ ബാങ്കുക

ൾ , ഈ മേഖലയിൽ നിന്ന് പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന മൊത്തം വരുമാനത്തിന്റെ 25 % മെങ്കിലും പഞ്ചായത്തിന്റെ വ്യവസായിക വികസനത്തിന് ഉപയോഗിക്കാവുന്ന വിധത്തിൽ നീക്കിവെക്കണം. അതിലേക്കായി വ്യവസായിക സംരംഭകർ, വിദഗ്ദ പരിശീലകർ, പൊതു പ്രവർത്തകർ പഞ്ചാത്തധികാരികൾ തുടങ്ങിയവരുടെ നിയന്ത്രണത്തിലുള്ള കമ്മറ്റികൾ പ്രത്യേകം ഏർപ്പടുത്തി നൂലാമാലകളകറ്റുകയും കണക്കുകൾ പരിശോധിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും നിക്ഷേപ തുകയുടെ 50 % വ്യവസായ സംരംഭകർക്ക് കിട്ടുന്നുണ്ടോ എന്ന് സത്യസന്ധ മായി തീർപ്പ് കൽപിക്കുകയും വേണം. എല്ലാ സം രംഭങ്ങളും പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളിലും വേരുകളുണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരവും, വിദ്യാഭ്യാസപരവുംമായ പ്രത്യേകതകൾ കണക്കിലെടുത്ത് മേൽകാണിച്ച രീതിയിൽ സഹകരണ ത്തിന്റെ ഒരു മാതൃക വളർത്തിയെടുത്തേ പറ്റൂ. കിഴക്ക് കനോലികനാലും പടിഞ്ഞാറ് അറബികടലും, ഇതിനേറെകുറേ മദ്ധ്യേ പോകുന്ന NH17 ഇവിടുത്തെഏതു വ്യവസായത്തിനും മുതൽകൂട്ടായി രിക്കുകയും ചെയ്യും ഇപ്പോൾ ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടരിക്കുന്ന തീരദേശ റെയിൽവെ മണപ്പുറത്തുകൂടി കടന്നുപോകുകയാണെങ്കിൽ ഈ പഞ്ചായത്തിന്റെ വ്യവസായി കവും ,സാംസ്കാരികവുമായ വളർച്ച എന്തായിരിക്കുമെന്ന് ഓർത്ത് നമുക്ക് സന്തോഷിക്കാം.

കനോലികനാൽ ദേശീയ ജലപാതയായി തീരുകയും NH.17 അതിന്റെപൂർണ്ണ വികാസം പ്രാപിക്കുയും ഒപ്പം റെയിൽവെ നിലവിൽ വരികയും ചെയ്യുമ്പോൾ കൊച്ചി തുറമുഖത്തിനും നിർദ്ദിഷ്ട അന്താരാഷ്ട്ര വിമാനത്താവളത്തിനും ഏറെ അകലെയല്ലാത്ത മണപ്പുറം കേരളത്തിന്റെ വ്യവസായിക ഭൂപടത്തിൽ സ്ഥാനം പിടിക്കുമെന്ന് നമ്മുക്കഭിമാനിക്കാം .

## 2. ടൂറിസം

മേൽകാണിക്കുന്ന പുരോഗതിക്കുമുന്നായി വ്യവസായികമായി അംഗീകരിച്ചുകഴിഞ്ഞ ടൂറിസം വികസിപ്പിക്കേണ്ടെ ചുമതലകൂടി സർക്കാരിനോടൊപ്പം ജനങ്ങളും ഏറ്റെടുക്കേണ്ടതായിവരുന്നു. ചരിത്ര പ്രസിദ്ധമായ ഉത്സവങ്ങളുടെയും ക്ഷേത്രങ്ങളുടെയും നടുവിലൂടെ പതഞ്ഞൊഴുകുന്ന കനോലി കനാലിന്റെ മനോഹരിത നുകരാൻ, പ്രകൃതി രമണീയങ്ങളായ ഭൂപ്രകൃതി അസ്വദിക്കാനും അതോടെ ഈ നാടിന്റെ സംസ്കാരം കാത്തുസൂക്ഷിക്കാനും കഴിഞ്ഞാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഈ തീരപ്രദേശം ധാരാളം മതി ഇവിടെ താമസസൗകര്യങ്ങളും നൂതന രീതികളിലുള്ള ഭക്ഷണങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. പഞ്ചായത്തുകളുടെ കൂട്ടായ നേതൃത്വത്തിൽ കൊടുങ്ങല്ലൂർ മുതൽ ഗുരുവായൂർ വരെ ഇടവിട്ട് ഇടവിട്ട് ടൂറിസ്റ്റുകൾക്ക് താമസിക്കാനുള്ള ആധുനികവും അല്ലാത്തതുമായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാൻ മുൻകയ്യെടുക്കണം. ടൂറിസം പ്രമോഷൻ കൗൺസിലി ന്റെയും. ITDC.യുടെയും സഹകരണവും ഉറപ്പ് വരുത്തണം.

ഇതിനുവേണ്ടി ഇപ്പോൾ തന്നെ മണപ്പുറം ടൂറിസം വികസന സമിതി രൂപികരിച്ച് വിദഗ്ത്തരുടെ സഹായത്തോടെ പ്രവർത്തനം ആരംഭിക്കണം. അതിലേക്കാവശ്യമായ തൊഴിലാളികളെ അതാതു പ്രദേശങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത് അർഹരായവർക്ക് ട്രയിനിംഗ് കൊടുത്ത് സജ്ജരാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ പ്രകൃതി രമണീയ കടലോര പ്രദേശങ്ങൾ ഏതൊരു സൗന്ദര്യ അരാധകരെയും ഇവിടെക്ക് ആകർഷി ക്കുന്നതാണെന്ന് പറയേണ്ട തില്ലെല്ലോ.?

3, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ റെഡിമെയിഡ് വസ്ത്രങ്ങൽ നാട്ടിൽനിന്ന് കയറ്റി അയക്കപ്പെടുന്ന തുകൽ, സ്പോർട്ടസ് ഐറ്റംസ് തുടങ്ങിയവ നിർമ്മിച്ച് വിതരണം ചെയ്യുകയും, കയ്യറ്റുമതിക്കുള്ള സാധ്യതകൾ ആരായുന്നതും നന്നായി രിക്കും. ഇതിനു മാത്രമായി കയറ്റുമതിയിൽ വിദഗ്ദരായവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപികരിക്കുന്നത് അത്യന്താപേക്ഷിതമാണ്.

4. കയറ്റുമതി ഉൽപന്നങ്ങളും, ചവിട്ടി മുതലായവയും ഉണ്ടാക്കാൻ വൻ സാധ്യതകൾ നിലനിൽക്കുന്നുണ്ട്- ഇതിനു വേണ്ട ചകിരി ഇവിടെ സുലഭമായി കിട്ടുന്നതുമാണ്.

വിപണി. വ്യവസായിക സംരംഭങ്ങളിൽ മുഖ്യഘടകം സാമ്പത്തികമാണെങ്കിലും, അതോടൊപ്പം , ഏറ്റവും പ്രയാസമനുഭവപ്പെടുന്ന ഒരു രംഗമാണ് വിപണികണ്ടെത്തൽ .

ആഗോളവൽക്കരണവും, സാമ്പത്തിക ഉദാര വൽകരണവും ഒരു ഭാഗത്ത് കയറ്റുമതിയും മറ്റും കൂടിയിട്ടുണ്ടെങ്കിലും (ഉദാ:) കോട്ടൻ ചെറുകിട വ്യവസായങ്ങളിൽ നിർമ്മിക്കുന്ന വസ്തുക്കൾക്ക് വിദേശ നിർമ്മിത വസ്തുക്കളോടും, വൻകിട വ്യവസായങ്ങൾ വഴി നിർമ്മിക്കുന്ന വസ്തുക്കളോടും കിടപിടിച്ച് പ്രൊഡക്റ്റ് വിറ്റഴിക്കാ നുള്ള പ്രയാസം ഏറുകയും, തകർച്ചയെ അഭിമുഖീകരിക്കുയും മാണ്.

ഉദാഹരണത്തിന് T.V. Hording പത്രമാധ്യമങ്ങളിലൂടെ ദൈനം ദിന പരസ്യങ്ങൾ തുടങ്ങി ധാരാളം അനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തി, നൂതന രീതികൾ ആവിഷ്കരിച്ചും. പരിശീലനം ലഭിച്ച സെയിൽസ് റപ്രസെന്റേറ്റീവുകളുലൂടെയും സെയിൽസ് എക്സിക്യൂട്ടീവുകളുടെയും സഹായത്തോടെ വിറ്റഴിക്കുന്ന വസ്തുക്കൾ നിരവധിയുണ്ട്. ഇതിനോടെല്ലാം ഏറ്റുമുട്ടി വിപണികൾ കണ്ടെത്താൻ പ്രയാസം തന്നെ പിന്നെ പരിശുദ്ധമായതും വില കുറഞ്ഞതുമായ സാധനങ്ങൾ മാത്രമെ വിപണിയിൽ ഒരു പരിധിവരെ പിടിച്ചുനിൽക്കാൻ കഴിയൂ.

ഈ പരിമിതികൾ കണക്കിലെടുത്ത് ചെറുകിട വ്യവസായങ്ങളിലൂടെ നിർമ്മിക്കുന്ന വസ്തുക്കൾ ,പഞ്ചായത്തു വാർഡുകൾ മുതൽ പഞ്ചായത്തിലൂടെയും, ജില്ലകളിലൂടെയും, സ്റ്റേറ്റിൽ മൊത്തമായും പഠന ക്ലാസുകളും , വിപണന സാധ്യത ക്ലാസ്സുകളും സംഘടിപ്പി ച്ചിട്ട് വില്പന സാധ്യത ബോധവൽ ക്കരണത്തിലൂടെ ജന ഹൃദയ ങ്ങളിൽ എത്തിക്കാൻ കഴിയണം. അതിനായി വിപ ണന രംഗത്തെ വിദഗ്ധൻ മാരുടെ സേവനം കഴിയുന്നത്ര പ്രയോജനപ്പെടുത്തണം.

ഇതിലേക്കായി വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും രക്ഷിതാക്കളെയും, അതുവഴി മുഴുവൻ ജനങ്ങളെയും ബന്ധപ്പെടുത്തി ഒരു പൊതു വിപണന ശൃംഖല വളർത്തിയെടുക്കണം.

പരസ്യങ്ങളിലും മറ്റു പ്രലോഭനങ്ങളിലും ആകൃഷ്ഠരാവാതെ നിത്യ ഉപയോഗ വസ്തുക്കൾ നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്നവ ഗുണ നിലവാരത്തിൽ മെച്ചപ്പെട്ടതാണെന്ന ഭോതം വളരുകയും അവ മാത്രമെ ഉപയോഗിക്കൂവെന്നും വന്നുചേരണം. അപ്പോൾ മാത്രമെ നമ്മുടെതായ ഒരു വിപണന മേഖല ഉയർന്നു വരൂ!!.

പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു വില്പന കേന്ദ്രം ഉണ്ടാക്കുകയും, അതിലൂടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നതും മറ്റു പഞ്ചാ

യത്തിൽ ഉൽപാദി പ്പിക്കുന്നതു മായ ഉൽപന്നങ്ങൾ പ്രത്യേകിച്ച് കരകൗശല വസ്തുക്കൾ, കയറു ല്പന്നങ്ങൾ ഭക്ഷ്യഉല്പന്നങ്ങൾ എന്നിവയുടെ വില്പന ഉറപ്പാ ക്കാനാവും., ഇതിലൂടെ ഇന്നക പ്പെട്ടിരിക്കുന്ന ദൂഷിത വിപണന തലത്തിൽ നിന്ന് പുറത്ത് കടക്കാനും നമ്മുക്ക് പരിശ്രമി ക്കാനാവും. ഇതിലേക്ക് സഹായ കമായ ഒരു സ്വദേശി പ്രസ്ഥാനം തന്നെ വ്യാപകമായി ഉയരേണ്ട തുണ്ട്, അതിനായി കൂട്ടായ ശ്രമം ആവശ്യം തന്നെ.

**പരിസ്ഥിതി പ്രശ്നം.**

സോഡിയം സിലിക്കേറ്റ് കമ്പനിയിലെ പ്രവർത്തന ഫല മായി ഉണ്ടാകുന്ന വെയിസ്റ്റ് വാട്ടർ സെഫിറ്റി ടാങ്കിൽ സൂക്ഷിക്കുന്ന തിനു പകരം ഭൂമിയിലേക്ക് നേരിട്ടൊ ഴുക്കുന്നതിനാൽ സമീപ വാസികൾക്ക് കുടി വെള്ളത്തിൽ ഇതിന്റെ അംശ ങ്ങൾ കണ്ടുവരുന്നു. ഇത് ഇല്ലാ താക്കുന്നതിന് ഈ അഴുക്ക് ജലം സംഭരിക്കുന്നതിന് പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യണം. പുക കുഴലിന്റെ ഉയരം കൃത്യമല്ലാ ത്തതിനാൽ അന്തരീക്ഷ മലിനീകരണം സമീപവാ സികൾക്ക് പ്രശ്നമാണ്. കത്തി ക്കുവാനുപയോഗിക്കുന്ന എണ്ണ നിലവാരഗുണമില്ലാത്തതിനാൽ കൂടുതൽ പുക ഉണ്ടാകുന്നുണ്ട്. അത് തടയാനുള്ള മാർഗ്ഗ ങ്ങൾ കണ്ടെത്തി നടപ്പിൽ വരു ത്തണം.

ആത്മാവിനടുത്ത് പ്രവർ ത്തി ക്കുന്ന പ്രതിഭാസർവ്വീസ് സ്റ്റേഷനിൽ നിന്ന് പുറത്തേ ക്കൊഴുക്കുന്ന മലിന ജലം ചുറ്റുപാടുമുള്ള വീടുകളിലെ കുടിവെള്ളം മലിനമാക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗ സ്ഥൻമാർ ക്ക് പലതവണ പരാതി നൽകി യിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

ഈ അത്മാവിനടുത്ത് പ്രവർ ത്തി ക്കുന്ന വർക്ഷോപ്പ് രാത്രി വളരെ വൈകി പ്രവർത്തി ക്കുന്നതു മൂലം പരിസര പ്രദേശ ത്തുള്ള ഒട്ടനവധി വീട്ടുകാരുടെ സുഖ നിദ്രനഷ്ടപ്പെടുത്തുന്നു. ഇത് കഴിയുന്നതും ഒഴിവാക്കാൻ ശ്രമിക്കാവുന്നതാണ്.



175

# വിദ്യാഭ്യാസം

ആധുനിക വിദ്യാഭ്യാസത്തിന്റെ ഭൂപടത്തിൽ നമ്മുടെ പഞ്ചായത്ത് 19 –ാം നൂറ്റാണ്ടിൽ തന്നെ സ്ഥാനം പിടിച്ചിട്ടുണ്ട്. ശതാബ്ദി ആഘോഷിച്ചു കഴിഞ്ഞ വലപ്പാട്. SSRCLP സ്ക്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം 1917 ലോവർ സെക്കണ്ടറി സക്കൂളായി തുടങ്ങുകയും 1926 ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെടുകയും ചെയ്ത ഇന്നത്തെ വലപ്പാട് G. V.H.S. സ്ക്കൂളാണ്. മണപ്പുറത്തെ ആദ്യത്തെ ഹൈസ്ക്കൂൾ ഈ സ്ഥാപനം 1989 ൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തപ്പെട്ടു. വലപ്പാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളി സ്ഥാപിച്ച മേൽ ഹൈസ്ക്കൂൾ പിന്നീട് മലബാർ ഡിസിട്രിക്റ്റ് ബോർഡിന് കൈമാറി, പ്രസ്തുത സ്ഥാപനം മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനെ കൊണ്ട് എടുപ്പിക്കുന്നതിൽ ശ്രീ. എ.പി. രാമൻ നിസ്തുലമായ പങ്കാണ് വഹിച്ചത്. കേരള സംസ്ഥാന രൂപികരണത്തോടെ സ്ക്കൂൾ കേരളസർക്കാർ സ്ഥാപനമായി തീരുകയും ചെയ്തു.

വിദ്യാഭ്യാസത്തിന്റെ വ്യാപനത്തോടെ ഈ പഞ്ചായത്തിൽ കൂടുതൽ സ്കൂളുകൾ സ്ഥാപിതമാകുകയും വിദ്യാഭ്യാസ സൗകര്യം ഏവർക്കും ലഭ്യമാകുന്ന സ്ഥിതി വന്നു ചേരുകയും ചെയ്തു. ഇപ്പോൾ പഞ്ചായത്തിൽ 10 എൽ.പി സ്ക്കൂളുകളും 4 യു.പി. സ്ക്കൂളുകളും 2 ഹൈസ്ക്കൂളും പ്രവർത്തിക്കുന്നു. കഴിമ്പ്രം ജി.എഫ്. എൽ.പി. സ്ക്കൂളും വലപ്പാട് ഹൈസ്ക്കൂളും ഒഴിച്ച് ബാക്കി സ്ക്കൂളുകൾ മാനേജ്മെന്റ് സ്ക്കൂള്ളുകളാണ്. മുമ്പ് മുരിയാംതോട് സെന്ററിൽ ഉണ്ടായിരുന്ന പള്ളിപ്രം ബോർഡ് മാപ്പിള എൽ.പി. സ്ക്കൂൾ, പാലപ്പെട്ടിയിലെ എയിഡഡ് മാപ്പിള . എൽ.പി. സ്ക്കൂൾ. എന്നിവ പിന്നീട് നിർത്തലാക്കപ്പെടുകയാണ് ഉണ്ടായത് ഇന്നുള്ള സ്ക്കൂളുകൾ എല്ലാംതന്നെ സ്വാതന്ത്ര്യ ലപ്തിക്കുമുമ്പ് സ്ഥാപിച്ചവയാണ്.

സ്ക്കൂൾ വിദ്യാഭ്യാസം സൗജന്യ മാക്കുന്നതിന് മുമ്പ് ഭൂരിഭാഗം വിദ്യാർത്ഥികളും ഫീസ് കൊടുത്ത് പടിക്കേണ്ട സ്ഥിതിയായിരുന്നു. ആയതുകൊണ്ട്. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസം ഏറെകുറെ അപ്രാഭ്യമായിരുന്നു. ഈ സാഹചര്യങ്ങളെയെല്ലാം നേരിട്ട് കൊണ്ട്. വിദ്യാഭ്യാസം നേടി ഉന്നത നിലയിൽ എത്തി ച്ചേരുവാൻ പലവ്യക്തികൾക്കും സാധിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ പുരാതന സ്ഥാപനമായ വലപ്പാട് ഹൈസ്ക്കൂൾ വിജയ നിലവാരത്തിലും കായികരംഗത്തും വളരെ ഉയർന്ന സ്ഥാനങ്ങൾ നേടിയ ചരിത്രമുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള സ്ക്കുളുകളുടെ വിശദവിവരങ്ങൾ അടങ്ങിയ പട്ടിക താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഏറെകുറെയുണ്ടെങ്കിലും ചില സ്ഥാപനങ്ങളിൽ സ്ഥിതി വളരെ ശോചനീയമാണ്. അൺ എയ്ഡഡ് മേഖലയിൽ ഭാരത് വിദ്യാമന്ദിറിന്റെ സ്ക്കൂൾ പഞ്ചായത്തിലെ 4 –ാം വാർഡിൽ പ്രവർത്തിക്കുന്നു. ഈ സ്ക്കൂളിൽ 2025 വിദ്യാർത്ഥികൾ പഠിക്കുന്നു. I.C.D.S. പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള 30 അംഗൻവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്

ഉന്നത വിദ്യാഭ്യാസത്തിന് നാട്ടിക എസ്.എൻ. കോളേജും ശ്രീ രാമ പോളി ടെക്കനി ക്ക് എന്നീ സ്ഥാപനങ്ങളാണ് ആശ്രയം, പഞ്ചായത്തിൽ ഒരു പാരൽ കോളേജും 3 ട്യൂട്ടോറിയലുകളും 4 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും 2 കമ്പ്യൂട്ടർ സെന്ററും പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിലെ സ്ക്കൂളുകളുടെ ചരിത്രം പരിശോധിച്ചാൽ ഇവയെല്ലാം വളരെ യധികം വർഷങ്ങൾക്ക് മുൻപ് സ്ഥാപിതമായ താണെന്ന് കാണാം. ആയതിനാൽ സ്ക്കൂൾ കെട്ടിടങ്ങളുടേയും ഫർണീച്ചറുകളുടേയും സ്ഥിതി വളരെ മോശമായ അവസ്ഥയിലാണ്. സർക്കാർ സ്ക്കൂളുടെ സ്ഥിതിയാണ് ഏറെ കഷ്ടം വലപ്പാട് സർക്കാർ ഹൈസ്ക്കൂളിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്താറില്ല. സ്ക്കൂളിന് ചുറ്റും മതിൽ ഇല്ലാത്തതുകൊണ്ട് സാമൂഹ്യ വിരുദ്ധരുടെ കേളീരംഗമാണ് സ്ക്കൂൾ പരിസരം. ആയതിന് ഒരു പരിഹാരം ഉണ്ടാക്കാൻ സ്ക്കൂളിന്ന് ചുറ്റും മതിൽ നിർമ്മിക്കണം. എയ്ഡഡ് സ്ക്കൂളുകളിൽ നല്ല ഫർണീച്ചറുകളും, പഠനോപകരണങ്ങളും ലഭ്യമാക്കാനുള്ള നടപടികൾ വേണം. എല്ലാ സ്ക്കൂളുകളിലും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. നിർധനരായ സ്ക്കൂൾ കുട്ടികൾക്കുള്ള ഉച്ച ഭക്ഷണ പരിപാടി വളരെയധികം കുട്ടികൾക്ക് പ്രയോജന പ്പെടുന്നു. ഈ പരിപാടിക്ക് പഞ്ചായത്ത് ധന സഹായം നൽകുന്നുണ്ട്.

SSLC വിജയശത മാനത്തിൽ ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളുടെയും താരതമ്യ പഠന ഗ്രാഫ് താഴെ കൊടുത്തിരിക്കുന്നു.

ഗ്രാഫ് –ചിത്രം 2.

സർക്കാർ സ്ഥാപനമായ വലപ്പാട് VHSS ലെ വിജയശതമാനം ക്രമമായി കുറഞ്ഞു കൊണ്ടിരിക്കുന്നതായും കഴിമ്പ്രം ഹൈ സ്ക്കൂൾ ഉന്നതവിജയം നിലനിർത്തുന്നതായും കാണാം. വലപ്പാട് ഹൈസ്ക്കൂളിലെ വിജയശതമാനം ഉയർത്തികൊണ്ടുവരുവാൻ അസൂത്രിതമായ നടപടികൾ വേണം. കുട്ടികളുടെ എണ്ണ കുറവ് പലസ്ക്കൂളുടെയും പ്രവർത്തനത്തെ ബാധിച്ചു കൊണ്ടിരിക്കുകയാണ്. ഹൈസ്ക്കൂൾ വിഭാഗത്തിലെ വിദ്യാർത്ഥി കളുടെ പട്ടിക താഴെകൊടു ക്കുന്നു.

പട്ടിക A1

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ അക്കാദമിക് നിലവാരം താഴെ കൊടുക്കുന്നു.

പട്ടിക 2.

വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുവാൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്.

1. P.T.A.യുടെ പ്രവർ



176

ത്തനം കൂടുതൽ കാര്യ ക്ഷമ മാക്കുക.

2. അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.

3. സ്ക്കൂൾ മാതൃ സംഘങ്ങൾ സജീവമാക്കുക.

4. അഭ്യസ്തവിദ്യരായ വരുടെ സേവനം പ്രയോജ നപ്പെടുത്തി കുട്ടികൾക്ക് സ്പെഷൽ റ്റ്യൂഷൻ നൽക്കുക.

5. സ്ക്കൂൾ കോളേജ്ജുകൾ കൂടുതൽ സജീവമാക്കുക.

6. കലാകായി രംഗങ്ങളിൽ പ്രാവീണ്യം നൽക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പരിശീലനം നൽക്കുക.

7. ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

8. പ്രൈമറി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പോക്ഷകാഹാരപരിപാടിനടപ്പി ലാക്കുക.

9. ഈ പഞ്ചായത്തിലെ 30 അംഗൻവാടികളിൽ 6 എണ്ണത്തിന് മാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. മറ്റു സ്ഥാപനങ്ങൾ വാടക കെട്ടിടത്തിലോ, സ്ക്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗത്തോ പ്രവർത്തിക്കുന്നു. ഈ അംഗൻ വാടികൾക്ക് സ്വന്തമായ കെട്ടിടം ഉണ്ടാക്കണം. അംഗൻവാടികളിലെ കുട്ടികൾക്ക് ആവശ്യമായ ഭക്ഷണം പഠനോപകരണങ്ങൾ കളിക്കോപ്പുകൾ എന്നിവ കൊടുക്കാനുള്ള നടപടികൾ വേണം, സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ ഇടക്ക് വെച്ച് പഠനം നിർത്തുന്നവർ പഞ്ചായത്തിൽ വളരെ കുറവാണ്. ഇത് സാമ്പന്ധിച്ച സ്ഥിതി വിവരകണക്ക് താഴെ കൊടുക്കുന്നു.

പട്ടിക 3.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളും പഠന നിലവാരവും ഉയർത്തി വിദ്യാഭ്യാസ രംഗത്ത് ഇന്ന് നിലനിൽക്കുന്ന മൂല്യചതിയും പിന്നോക്കവാസ്ഥയും, പരിഹരിക്കുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

പട്ടിക 1.

## വിദ്യാലയങ്ങളെ അക്കാദമിക് നിലവാരം

| നമ്പർ | സ്ക്കൂളുകൾ | 4 – ാം തരം | | | | 7 – ാം തരം | | | | 10 – ാം തരം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ കുട്ടികൾ | 30% താഴെ | 30 To 60 ശതമാനം | 60% മേലെ | ആകെ കുട്ടികൾ | 30% താഴെ | 30 To 60 ശതമാനം | 60% മേലെ | ആകെ കുട്ടികൾ | 30% താഴെ | 30 To 60 ശതമാനം | 60% മേലെ |
| 1 | സെന്റ്. മേരീസ്.ആർ.സി. എൽ.പി. എസ്. | 31 | 3 | 23 | 5 | | | | | | | | |
| 2 | എസ്.എസ്.ആർ.സി.എൽ.പി.എസ്. | 68 | 5 | 48 | 15 | | | | | | | | |
| 3 | അംശയോഗം എൽ.പി.എസ്. | 16 | 1 | 12 | 3 | | | | | | | | |
| 4 | ജി.ടി.യം.എൽ.പി.എസ്. | 61 | 8 | 30 | 23 | | | | | | | | |
| 5 | ഡി.വി. സൗത്ത്. എൽ.പി.എസ് | 25 | 5 | 15 | 5 | | | | | | | | |
| 6 | ഡി.വി. നോർത്ത്. എൽ.പി.എസ് | 36 | 2 | 10 | 24 | | | | | | | | |
| 7 | ജി.എഫ്.എൽ.പി.എസ് | 24 | 3 | 13 | 8 | | | | | | | | |
| 8 | കെ.എം.എം.എൽ.പി.എസ്. | 26 | 3 | 20 | 3 | | | | | | | | |
| 9 | എസ്.എ.എൽ.പി.എസ്. | 28 | 2 | 15 | 11 | | | | | | | | |
| 10 | എസ്.എൻ എസ്.എൽ.പി.എസ്. | 55 | 8 | 24 | 23 | | | | | | | | |
| 11 | എടമുട്ടം യു.പി.എസ്. | 32 | 5 | 19 | 8 | 63 | 7 | 42 | 14 | | | | |
| 12 | കരയാമുട്ടം യു.പി.എസ്. | 22 | 4 | 15 | 3 | 55 | 5 | 42 | 8 | | | | |
| 13 | എസ്.വി.യു.പി.എസ്. | 54 | 13 | 30 | 11 | 39 | 2 | 37 | | | | | |
| 14 | വി.വി.യു.പി.എസ്. | 71 | 22 | 35 | 14 | 60 | 5 | 23 | 32 | | | | |
| 15 | ജി.വി.എച്ച്.എസ്. | | | | | 148 | 65 | 63 | 20 | 187 | 76 | 102 | 9 |
| 16 | വി.വി.എം.എസ്.എൻ.ഡി.പി. എച്ച് എസ്. | 83 | - | 40 | 43 | 245 | 20 | 145 | 80 | 240 | 13 | 173 | 54 |

പട്ടിക A3

1995 - 96 ഹൈസ്ക്കൂൾ തലത്തിൽ

| നമ്പർ | സ്കൂളിന്റെ പേർ | SC/.ST. | | ആകെ | മറ്റുള്ളവർ | | ആകെ | മൊത്തം |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | | ആൺ | പെൺ | | എണ്ണം |
| 1 | G.V.H.S.Valapad | 22 | 8 | 30 | 9 | 3 | 12 | 42 |
| 2 | Kazhibram | 4 | 2 | 6 | 2 | 3 | 5 | 11 |

ആകെ 53



177

പട്ടിക 1.

## വലപ്പാട് പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ സ്ഥിതി വിവരക്കണക്ക്

| നമ്പർ | സ്ക്കൂളുകളുടെ പേര് | മാനേജ്മെന്റ് | സ്ഥാപിച്ച വ്യക്തിയുടെ / സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ആകെ വിദ്യാർത്ഥികൾ | SC/ST.വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | ക്ലാർക്ക് | കുടിവെള്ളം | വൈദ്യുതി | കളിസ്ഥലം | സ്റ്റാഫ് മുറി | വായന മുറി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ST.M.R.C.L.P.S. | എയിഡഡ് | സെൻസെബാസ്റ്റ്യൻ ചർച്ച് | 1890 | 121 | 19 | 5 | | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 2 | S.S.R.C.L.P.S. | " | സെൻസെബാസ്റ്റ്യൻ ചർച്ച് | 1893 | 261 | 68 | 9 | | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 3 | അംശയോഗം എൽ.പി.എസ്. | " | | 1919 | 75 | 10 | 5 | | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | G.D.M.L.P.S. | " | എ.പി. രാമൻ | 1923 | 255 | 72 | 9 | | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5 | ഡി.വി. സൗത്ത് എൽ.പി.എസ്. | " | വാലിപറമ്പിൽഗോപാലൻ | 1936 | 175 | 29 | 5 | | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 6 | ഡി.വി. നോർത്ത്. എൽ.പി.എസ്. | " | വാലിപറമ്പിൽഗോപാലൻ | 1936 | 161 | 31 | 7 | | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 7 | G.F.L.P.S. | സർക്കാർ | വിദ്യഭൂഷണ സഭ | 1942 | 130 | 18 | 5 | | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല് | ഇല്ല |
| 8 | K.M.M.L.P.S. | എയിഡഡ് | സി.പി. മുഹമ്മദ് സാഹിബ് | 1936 | 109 | 13 | 5 | | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 9 | S.I.L.P.S. | " | സി.പി. മുഹമ്മദ് സാഹിബ് | 1944 | 112 | 20 | 5 | | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 10 | S.N.SL.P.S | " | വലിപറമ്പിൽ ഉണ്ണി പാറൻ | 1924 | 178 | 38 | 8 | | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 11 | എടമുട്ടം യു.പി.എസ്. | " | ടി.വി. വേലപ്പൻ മാസ്റ്റർ | 1912 | 345 | 46 | 16 | | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12 | കരയാം മുട്ടം യു.പി.എസ്. | " | ടി.വി. നാരായണൻ മാസ്റ്റർ | 1925 | 248 | 57 | 13 | | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13 | S.V.U.P.S. | " | കിഴക്കേടത് നാരായണൻനായർ | 1926 | 289 | 43 | 14 | | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14 | V.V.U.P.S. | " | വി.ആർ ശങ്കരൻ നായർ | 1933 | 494 | 67 | 20 | | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15 | G.V.H.S. | സർക്കാർ | സെൻസെബാസ്റ്റ്യൻ ചർച്ച് | 1917 | 1144 | 354 | 41 | | 5 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 16 | V.P.M.SNDP.H.S. | എയിഡഡ് | വാലിപറമ്പിൽ ഗോപാലൻ | 1917 | 1996 | 376 | 76 | | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |


178

## ഹൈസ്ക്കൂൾ വിഭാഗം വിദ്യാർത്ഥികൾ

### പട്ടിക A1

| നമ്പർ | സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | ജി.വി. എച്ച് എസ്.വലപ്പാട്. | 694 | 450 | 1144 | 194 | 160 | 354 |
| 2. | വി.പി.എം. എസ്. എൻ.ഡി.പി.എച്ച്.എസ്. | 1226 | 770 | 1996 | 204 | 172 | 376 |

ചിത്രം – 2
S.S.L.C. വിജയ ശതമാനം



# ആരോഗ്യം

ആരോഗ്യരംഗത്ത് നമ്മുടെ സംസ്ഥാനം കൈവരിച്ച 'കേരള മാതൃക'– കുറഞ്ഞ ജനന നിരക്കും കുറഞ്ഞ മരണ നിര ക്കും – നമ്മുടെ പഞ്ചായത്തിലും നല്ല ഒരു അനുഭവമാണെങ്കിലും ദരിദ്രരോഗങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്ന പകർച്ചവ്യാധികൾ ഒരു ഭാഗത്തും സമൃദ്ധിയുടെതെന്ന് വിശേഷിപ്പിക്കപ്പെടുന്ന രോഗങ്ങൾ മറുഭാഗത്തുമായി ഇന്നൊട്ടനവധി ആരോഗ്യപ്രശ്നങ്ങളെ നേരിടുന്നുണ്ട് ഇത് നമ്മുടെ ആരോഗ്യ പരിപാലനരംഗത്തെ ഒരു പ്രതിസന്ധിയിലെത്തിച്ചിരിക്കു കയാണ്.

വർഷക്കാലത്തും വരൾച്ചക്കാലത്തും പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ വയറിളക്കം ചിക്കൻപോക്സ് തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നു പിടിക്കുക സാധാരണമാണ്, ഹൃദ്രോഗം, പ്രമേഹം, രക്തസമ്മർദ്ദം, വാത സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ രോഗങ്ങൾ പഞ്ചായത്തു പ്രദേശത്തെ പ്രായമായവരിൽ വ്യാപകമായി കാണുന്നുണ്ട്.

ആരോഗ്യ രംഗത്ത് ആയുർവേദം ആലോപതി ഹോമിയോപതി പ്രകൃതി ചികിത്സ എന്നീ ചികിത്സാരീതികളാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത് ആധുനിക ചികിത്സാ രീതി ഇവിടെയെത്തുന്നതിന് മുമ്പ് പാരമ്പര്യ കുടുംബങ്ങളാണ് ചികിത്സാരംഗത്ത് പ്രവർത്തിച്ചിരുന്നത്.

സേവനമേഖലയിൽ സർക്കാർ തലത്തിലുള്ള ഒരു ആശുപത്രിയും മൂന്ന് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും ഒരു ആയുർവേദ ഡിസ്പെൻസറിയുമാണ് പ്രവർത്തിക്കുന്നത്.

പ്രാഥമിക ആരോഗ്യ സേവ ന മേഖലയിലെ മൂന്ന് ഉപകേന്ദ്ര ങ്ങൾ പഞ്ചായത്തിലെ 2, 8, 10 എന്നീ വാർഡുകളിലാണ് പ്രവർ ത്തിക്കുന്നത് രോഗപ്രതിരോധ ത്തിനുള്ള കേന്ദ്ര ങ്ങളായി പ്രവർ ത്തികേണ്ട ഈ സ്ഥാപന ങ്ങളി ൽ ഓരോ 5000 ജനങ്ങൾ ക്കും ഒരു ജൂനിയർ പബ്ലിക്ക് നേഴ്സും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുമാണ് നിയമിക്കപ്പെടുന്നത് മാസത്തിലൊരിക്കലെങ്കിലും തന്റെ പ്രവർത്തന പരിധിയിൽ വരുന്ന വീടുകളിൽ സന്ദർശിക്കേണ്ട ഇത്തരം ആരോഗ്യ പ്രവർത്തകരെ കുറിച്ച് ചെറിയൊരു വിഭാഗം ജനങ്ങൾക്കു മാത്രമെ അറിവുള്ളു. പ്രാഥമിക ചികിത്സക്കാവശ്യമായ അത്യാവശ്യമരുന്നുകൾ അതാത് കേന്ദ്രങ്ങളിൽ ലഭിക്കുന്നില്ല. പഞ്ചായത്തു പ്രദേശത്തിന്റെ ഒരറ്റത്തായി സ്ഥിതിചെയ്യുന്ന സർക്കാർ ആശുപത്രി 1925 ലാണ് രൂപികരിച്ചത്. കുട്ടികളടക്കം 61 പേരെകിടത്തി ചികിത്സിക്കാനാവുന്ന സൗകര്യമുള്ള ആശുപത്രിയിൽ 3 ഡോക്ടർമാരും 22 പാരാമെഡിക്കൽ സ്റ്റാഫുകളും പ്രവർത്തിക്കുന്നു ണ്ട്. അടുത്ത കാലത്തായി പ്രസവവാർഡും ജനപങ്കാളിത്തത്തോടെ നിർമ്മിച്ച ഓപ്പറേഷൻ തിയ്യറ്ററും പ്രവർത്തിക്കുന്നുണ്ട്.

സർക്കാർ ആശുപത്രിയിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടു വരികയാണ്. സ്വകാര്യ ആശുപത്രികൾ ഒന്നുമില്ലാത്ത ഈ പഞ്ചായത്തിലെ ഏക ആതുരശുശ്രൂഷാ സ്ഥാപനമായ സർക്കാർ ആശുപത്രി

രൂപികരിക്കണം. നിർണ്ണയക്യാമ്പുകളുടെ സാമ്പത്തിക ചെലവുകൾ സ്പോൺസർഷിപ്പിലൂടെ ശേഖരിക്കാനാവും.

## ശുചിത്വം

പരിസരശുചിത്വം പാലിക്കുന്നതിന് കക്കൂസുകളുടെ പങ്ക് അതിപ്രധാനമാണ്. ഡച്ചു സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ S.E.U വിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തു ഭരണസമിതി കഴിഞ്ഞ ആറു വർഷമായി നടത്തിവരുന്ന കക്കൂസ് നിർമ്മിച്ചു നൽകുന്ന പദ്ധതി നിർധനകുടുംബങ്ങളിൽ ആശ്വാസമായെങ്കിലും ഇന്ന് 10% വീടുകളിലെങ്കിലും കക്കൂസിന്റെ പ്രശ്നം പരിഹൃതമായിട്ടില്ല. സാമ്പത്തിക പരാധീനതയും കോളനികളിലുള്ള സ്ഥല പരിമിതികളും ഇതിനു കാരണങ്ങളാണ്. വേണ്ടത്ര ബോധവൽക്കരണം. ഇല്ലാത്ത കുറവും ഉണ്ട്.

പഞ്ചായത്തു വിഭവത്തിനു പുറമേ, മറ്റു സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയിൽനിന്നുള്ള സാമ്പത്തിക സമാഹരണത്തിലൂടെ തയും ഒന്നിൽ കൂടുതൽ വീടു കൾക്കു പയോഗിക്കാവുന്ന വിധ ത്തിലുള്ള പൊതുവായ സെപ്റ്റിക് ടാങ്കുകൾ നിർമ്മിച്ചു ബോധവൽക്കരണ ക്ലാസുകളിലൂടെയും എല്ലാവീടുകൾക്കും കക്കൂസ് എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയണം.

പ്രധാന പൊതുസ്ഥലങ്ങളിലെ മലമൂത്രവിസർജനം വഴിയുണ്ടകുന്ന മലിനീകരണം ഒഴിവാക്കുന്നതിലേക്കായി വലപ്പാട് ചന്തപടിയിലും എടമുട്ടം സെന്ററിലും കംഫർട്ടു സ്റ്റേഷനുകൾ സ്ഥാപിക്കണം.

പഞ്ചായത്തു പ്രദേശത്തെ പ്രധാന വ്യാപാര കേന്ദ്രങ്ങളായ വലപ്പാട് ചന്തപടി, മീൻചന്ത, ഹൈസ്ക്കൂൾ, കോതകുളം, മുരിയാംതോട്, എടമുട്ടം സെന്റർ എന്നിവിടങ്ങളിലും മാല്യന്യം കെട്ടികിടക്കുന്ന പ്രദേശങ്ങളിലും കൊതുക് ശല്യവും മാല്യന്യം കൊണ്ടു ണ്ടാകുന്ന ദുർഗന്ധങ്ങൾ എന്നിവ ഉണ്ടാകാറുണ്ട് ദ്രവരൂപത്തിലുള്ള മാലിന്യങ്ങൾ ഒഴുക്കി കളയുന്നതിന് ഓടകൾ നിർമ്മിച്ചും മറ്റുള്ള വർക്ക് കുപ്പതൊട്ടികൾ (DUST BIN) കൾ സ്ഥാപിച്ചും പരിഹാരം കാണാൻ കഴിയണം അവയിൽ മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള നിർദ്ദേശവും നൽകണം നിക്ഷേപിക്കപ്പെടുന്ന ചപ്പുചവറുകൾ കമ്പോസ്റ്റ് വളം ആക്കിമാറ്റാനും കഴിയണം, ആവശ്യാനുസരണം സ്വീപർമാരെ നിയമിച്ച് ഫലപ്രദമായ വിധത്തിൽ വഴിയോര ശുചീകരണം നടത്തുന്നതിനും കുപ്പതൊട്ടികൾ വൃത്തിയാക്കുന്നതിനും കഴിയണം .

പഞ്ചായത്തു പ്രദേശത്ത് മത്സ്യം,മാംസം എന്നിവയുടെ വിപണനം വൃത്തി ഹീനമായാണ് നടത്തുന്നത്, മീൻചന്തയിലെ പഞ്ചായത്തു മാർക്കറ്റിൽ തന്നെ മത്സ്യം വിപണനം നടത്തുന്നതിന് കെട്ടിടം അഭിവൃദി പെടുത്തേണ്ടതുണ്ട്. റോഡരുകിൽതന്നെ വിപണനം നടത്തുന്ന എടമുട്ടം സെന്ററിലെ മത്സ്യ കച്ചവടം പ്രത്യേകം മാർക്കറ്റിലേക്ക് മാറ്റണം.

പഞ്ചായത്തിൽ മൃഗങ്ങളുടെ കശാപ്പും മാംസ വിപണവും തികച്ചും അശാസ്ത്രീയമായാണ് നടക്കുന്നത് വലപ്പാട് മീൻചന്ത, പയച്ചോട് പാലപ്പെട്ടി വളവ്, ചാലുകുളം പള്ളി സെന്റർ എന്നിവിടങ്ങളിലാണ് കശാപ്പും വിപണവും നടക്കുന്നത്. കശാപ്പു ചെയ്യപെടുന്നവയെ മൃഗഡോക്ടറുടെ പരിശോധനക്ക് വിധേയമാക്കണമെന്ന വ്യവസ്ഥ

യിൽ ആത്യാവശ്യ പരിശോധ നകൾക്കായുള്ള ലാബറട്ടറി സൗകര്യമോ അത്യാവശ്യമരു ന്നുകളുടെ ലഭ്യതയോ ഇല്ല. ഡോക്ടറുടെ സ്വകാര്യ പ്രാക്ടീ സ് ആശുപത്രിയിൽ രോഗികളെ ഉദാസീനതയോടെ ചികിത്സി ക്കുന്നതിന് ഇടവരുത്തുന്നുണ്ട്. വിദഗ്ദ ഡോക്ടറുടെ അഭാവം 25 ലധികം കി.മീ. അകലെ ചികി ത്സക്കായി നമുക്ക് സഞ്ചരിക്കേ ണ്ടിവരുന്നുണ്ട്. അനുവദിക്കപ്പെ ടുന്ന ഡോക്ടർ മാരിൽ ഒരു വനി താ ഡോക്ടറെങ്കിലും ഉണ്ടായി രക്കണം എന്ന് നിയമവ്യവ സ്ഥയില്ല. പ്രവർത്തി സമയത്തി നുശേഷം ഡോക്ടറുടെ സേവ നം ലഭ്യമാക്കും വിധം ആശു പത്രി സമീപത്ത് ക്വാർട്ടേഴ്സ് തുടങ്ങിയ ഭൗതിക സൗകര്യ ങ്ങളില്ല. ത്രീഫേസ് കണക്ഷനോ ജനറേറ്റർ സംവിധാനമോ ആശു പത്രിയിൽ ഇല്ല.

കോതകുളം ബീച്ചിൽ VII-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ആയുർവ്വേദ ഡിസ് പെൻസറി 1986 ലാണ് പ്രവർത്തനമാരം ഭിച്ചത്. ഒരു ഡോക്ടറക്കം 4 പേരാണ് പ്രവർത്തിക്കുന്നത്. അത്യാവശ്യ മരുന്നുകളല്ല പല പ്പോഴും ഡോക്ടറുടെ കാര്യാ ലയത്തിൽ നിന്നും വിതരണം ചെയ്യുന്നത് ഉള്ളതു തന്നെ ആവശ്യാനു സരണം ലഭിക്കുന്നു മില്ല, ഇവിടെ കിടത്തി ചികിത്സി ക്കുന്നതിന് സൗകര്യമില്ലാ ത്തതിനാൽ 15 കി. മീറ്ററിലധികം സഞ്ചരിക്കേണ്ടിവരുന്നുണ്ട്.

## സാധ്യതകളും നിർദ്ദേശങ്ങളും:

(1) വിവിധമേഖലകളിൽ വിദഗ്ദ ചികിത്സാസേവനം ലഭിക്കുന്നതിനും ലാബറട്ടറി, എക്സറെ സൗകര്യങ്ങൾ ഉണ്ടാ ക്കുന്നതിനും ആശുപത്രിയെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ കഴിയണം

(2) നിയമിക്കപ്പെടുന്ന ഡേക്ടർമാരിൽ ഒരാളെ ങ്കിലും വനിതാഡോക്ട റായിരിക്കണ മെന്ന് നിയമ വ്യവസ്ഥയുണ്ടാ യിരിക്കണം.

(3) ഡോക്ടർമാരുടെ താമസ സൗകര്യത്തിനുള്ള ക്വാർട്ടേഴ്സ് സ്ഥാപിക്കണം. P.W.D. ഓഫീസ് കോമ്പൗണ്ടിന്റെ ഒരു ഭാഗം ഇ ക്കാര്യത്തിലേക്കായി ഉപയോഗി ക്കാം.

(4) രണ്ടു വാർഡുകൾക്ക് ഒരു കേന്ദ്രമെന്ന നിലയിൽ പ്രാഥമി കാരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാ പിക്കേണ്ടതുണ്ട്. ആവശ്യമാ യത്ര ആരോഗ്യ പ്രവർത്ത കരേയും നിയമിക്കേണ്ടതാണ്.

(5) പഞ്ചായത്തിലെ പ്രാഥമി കാരോഗ്യ പ്രവർത്തന ങ്ങൾക്കാ യി ഒരു PHC. സ്ഥാപിക്കണം. VIII-ാംവാർഡിലുള്ള ഉപകേന്ദ്ര ത്തെ PHC. ആയി ഉയർത്താൻ കഴിയും.

(6) ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശന പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഒരു Health visit card സമ്പ്രദായം ആവിഷ്ക്കരിക്കണം . പ്രവർത്ത കന്റെ സന്ദർശനവും കുടുംബാം ഗങ്ങളുടെ ആരോഗ്യ സംബന്ധ മായ വിവരങ്ങളും കാർഡിൽ രേഖപ്പെടുത്താൻ കഴിയണം

(7) താരതമ്യേന ചെലവുകുറ ഞ്ഞ ചികിത്സാരീതിയായ ഹോ മിയോപതിയിൽ ഒരു ഡിസ് പെൻസറി വലപ്പാട് ചന്തപ്പടി കേന്ദ്രമായി സ്ഥാപിക്കാൻ കഴിയണം.

(8) പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും രക്തഗ്രൂപ്പ് നിർണ്ണയിക്കുന്നതിനും രോഗി കൾക്ക് രക്തദാനം ചെയ്യാനും താല്പര്യമുള്ളവരുടെ ഒരു ഡോണേഴ്സ് ഫോറം രൂപികരി ക്കുന്നതിനുംസാധിക്കണം. നേത്രദാനകർമ്മസംഘങ്ങളും

പാലിക്കപ്പെടുന്നില്ല.

ശാസ്ത്രീയ മായി മൃഗങ്ങളുടെ കശാപ്പു ഉറപ്പ് വരുത്തുന്നതിനും ശുചിയായി മാംസം വിപണനം നടത്തുന്നതിനും നടപടികൾ സ്വീകരിക്കണം. ഒരു ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുകയും മാംസവിപണനത്തിനായി മീൻചന്തയിലെ മാർക്കറ്റ് കെട്ടിടം സൗകര്യപെടുത്തുകയും വേണം. അമിതമായ പണചെലവ് ആവശ്യമാകുന്ന അറവ് ശാലയുടെ നിർമ്മാണം പഞ്ചായത്ത് രാജിലെ മേൽതട്ട് സംവിധാനങ്ങളുടെ ആഭ്യമുഖ്യത്തിൽ നടത്തുകയായിരിക്കും ഉചിതം . തളികുളം മതിലകം ബ്ലോക്കുകളുടെ ഏകദേശം മധ്യഭാഗത്തുള്ള വലപ്പാട് അറവുശാലക്കായി വാങ്ങിയിട്ടുള്ള സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ശീതള പാനീയ ശാലകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളും സ്ഥാപനങ്ങളിലെ പാചക മുറികളും ആരോഗ്യ നിയന്ത്രണങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്.

കൃഷി ഭൂമികളിൽ വളംചെയ്യുന്നതിനായി മത്സ്യം ഇട്ട്മൂടുന്നത് ചിലകാലങ്ങളിൽ തീരപ്രദേശത്ത് വ്യാപകമാണ്. ഈച്ചകൾ പെരുകുന്നതിനും തദ്വാര പകർച്ചവ്യാധികൾ പകരുന്നതിനും ഇത് കാരണമാകുന്നു. ,ആരോഗ്യ ശീലങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം കൊണ്ട് ഈച്ച ശല്യം ഫലപ്രദമായി തടയാൻ ആകും.

## കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യപരമായ കാര്യങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തുന്ന ഘടകമാണ് കുടിവെള്ളം.

കിണറുകൾ, ചാമ്പു പൈപ്പുകൾ, പൊതുടാപ്പുകൾ എന്നിവയാണ് ശുദ്ധജല സ്രോതസുകൾ കിണറുകളും ചാമ്പുപൈപ്പുകളും സ്വകാര്യ വ്യക്തികളുടെയും പഞ്ചായത്ത് - NES. ബ്ലോക്ക് എന്നിവകളുടെ ഉടമസ്ഥതയിലാണ്. കൃഷി വകുപ്പിൽനിന്നും ധന സഹായം ലഭിച്ചകിണറുകളും പഞ്ചായത്തിലുണ്ട്. ടാപ്പുകൾ പൂർണ്ണമായും പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ്.

കുടിവെള്ളത്തിന്റെ രൂക്ഷമായ ക്ഷാമം നമ്മുടെ പഞ്ചായത്തിൽ അനുഭവപെടുന്നില്ല എങ്കിലും വേനൽകാലങ്ങളിൽ തീരദേശങ്ങളിലെ കിണറുകളിലും ചാമ്പു പൈപ്പുകളിലും ഉപ്പുകൾ കലർന്നതും മഞ്ഞ നിറത്തിലുള്ളതുമായ വെള്ളമാണ് ലഭിക്കുന്നത് III,IV, V, VIII, വാർഡുകളിലെ ചില പ്രദേശത്ത് വെള്ളത്തിന് നിറവിത്യാസവും ഉപ്പുരസവും ഉണ്ടാവുന്നുണ്ട്. സ്ഥലപരിമിതിയുള്ള കോളനികളിൽ താഴ്ത്തിയിരിക്കുന്ന ചാമ്പുപൈപ്പുകളിൽ മലിന ജലവും ലഭിക്കുന്നുണ്ട്. വെള്ളകെട്ട് അനുഭവപ്പെടുന്ന പ്രദേശത്ത് മലിനജലമാണ് ലഭിക്കുന്നത് ഡച്ച് സർക്കാറിന്റെ സഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി ശുദ്ധ ജല വിതരണ പദ്ധതിയിലൂടെ പഞ്ചായത്തതിർത്തിയിൽ 105 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.സാമ്പത്തിക പരാധീനതയും സ്ഥലപരിമിതിയും ഉള്ള ആളുകൾ പൊതു ടാപ്പുകളാ ണ് ആശ്രയിക്കുന്നത് . വീടുകൾക്കും K.W.A. പൈപ്പുകണക്ഷൻ നൽകി വരുന്നുണ്ട്. ■



181

# ഗതാഗതം

വലപ്പാട് പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും തിരക്കേറിയതുമായ റോഡ് N.H. 17 ആണ്. എങ്കിലും ഈ റോഡ് സ്ഥാപിതമാ കുന്നതിനേക്കാൾ ഏറെമുമ്പ് ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് നിർമ്മിച്ച പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും പ്രദേശങ്ങളെ ബന്ധപ്പെടുത്തി കടന്ന് പോകുന്ന കിഴക്കെ ടിപ്പുസുൽത്താൻ റോഡും പടിഞ്ഞാറ് ടിപ്പുസുൽത്താൻ റോഡും പഞ്ചായത്തിന്റെ ബൃഹത്തായ റോഡ് സൃംഘലയിൽ പ്രാധാന്യം കുറച്ച് കാണാവുന്നവയല്ല. ഇതിൽതന്നെ കിഴക്കെ ടിപ്പുസുൽത്താൻ റോഡിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതുണ്ട്. ഈ റോഡിനെ അടിസ്ഥാനമാക്കിയാണ് മണപ്പുറത്തിന്റെ തലസ്ഥാനമായി വലപ്പാടിനെ വിശേഷിപ്പിക്കാവു ന്നതരത്തിൽ അന്ന് ഈ പ്രദേശത്തെ ഏറ്റവും പ്രധാനമർഹിച്ചിരുന്ന റജിസ്ട്രാഫീസ്, പോസ്റ്റോഫീസ്, ആശുപത്രി ,പോലീസ് സ്റ്റേഷൻ, റേഷൻ ഗോഡൗൺ, ഇൻസ്പെക്ഷൻ ബംഗ്ലാവ് , സമീപത്തുള്ള ഗവൺമെന്റ് സ്ക്കൂൾ എന്നിവ ഉയർന്നുവന്നത്. ഈ റോഡിനും പ്രദേശത്തിനും ഇത്രമാത്രം പ്രാധാന്യം ഉണ്ടാകുവാനുള്ള മറ്റൊരു കാരണം പുഴവഴിയുള്ള ഗതാഗതത്തെ ജനങ്ങൾ കൂടുതൽ ആശ്രയിച്ചിരുന്ന ആകാലത്ത് കൊച്ചിയിലേക്കും, ചാവക്കാട്ടെക്കും ബോട്ടുസർവ്വീസുകൾ ഉണ്ടായിരുന്ന കനോലി കനാലിന്റെ ഒരു പ്രധാനകടവ് ആയിരുന്നു. ഈ റോഡിനടുത്തുള്ള കുഴിക്കൽ കടവ് . ഈ പ്രദേശത്തെ ആളുകൾ അന്ന് കൊച്ചിയി ലേക്ക് കച്ചവടത്തിന് പോകു വാൻ ബോട്ട് യാത്രക്ക് ഈ കടവാണ് ഉപയോഗിച്ചിരുന്നത് .

ഒരു കാലത്ത് നെൽവയലുകളും, തോടുകളും, ഉയർന്ന പ്രദേശങ്ങളും സമിശ്രമായി കിടന്നിരുന്ന പഞ്ചായത്തിൽ ഇന്നു കാണുന്ന ശാസ്ത്രീയമായ, പഞ്ചായത്തിന്റെ എല്ലാ പ്രദേശവും പരസ്പരം ബന്ധപെടുത്തികൊണ്ടുള്ള ദേശീയ പാതയേയും , രണ്ട് ടിപ്പുസുൽത്താൻ റോഡുകളേയും ബന്ധിപ്പിക്കുന്ന ചെറിയ റോഡുകൾ പഞ്ചായത്തിലെ മുൻ ഭരണ കർത്താക്കളുടെ ദീർഘ വീക്ഷണത്തെയാണ് പ്രകടമാക്കുന്നത്. ഇവയിൽ ബഹുഭൂരിപക്ഷം റോഡുകളും ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ചതാണ് എന്നത് ഈ പ്രദേശത്തിന്റെ ജനകീയ മുന്നേറ്റത്തെ പ്രകടമാക്കുന്നു. ഇതിന് നേതൃത്വം കൊടുത്തവരിൽ പ്രമുഖർ ശ്രീ. എ. എസ്. ഗോപിനാഥൻ, വി. എൻ. അപ്പുകുട്ടൻ മാസ്റ്റർ തുടങ്ങിയവരായിരുന്നു. ഇന്നത്തെ N.H. ആയ മുൻ ആല ചേറ്റുവ റോഡിന്റെ നിർമ്മാണത്തെക്കുറിച്ചോർക്കുമ്പോൾ ശ്രീ. എ.പി. രാമനെ സ്മരിക്കാതിരിക്കാനാകില്ല. ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്തിൽ ആദ്യമായി നിർമ്മിച്ച റോഡ് വലപ്പാട് ബീച്ച് റോഡാണ്.

ഇന്ന് പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ മൊത്തം റോഡ് 104 കിലോമിറ്ററാണ്. പഞ്ചായത്തിലെ റോഡുകളുടെ ഏകദേശ രൂപം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു. N.H. 17 , വെസ്റ്റ് ടിപ്പു സുൽത്താൻ റോഡ്, വലപ്പാട് ചന്തപ്പടി, വലപ്പാട് കോതകുളം, മുരിയാംതോട്, എടമുട്ടം എന്നീ നാല് ബീച്ച് റോഡിൽ കൂടിയും എടമുട്ടം കാട്ടൂർ റോഡിലൂടെയും ബസ് ഗതാഗതം മുണ്ട്. പഞ്ചായത്തിന്റ വിവിധ പ്രദേശങ്ങളിലായി 10 ഓട്ടോറിക്ഷ സ്റ്റാന്റുകളും, എടമുട്ടം സെന്റർ, കോതകുളം, വലപ്പാട് മീൻചന്ത, വലപ്പാട് സെന്റർ, തുടങ്ങിയ സ്ഥലങ്ങളിലായി 4 ടാക്സി സ്റ്റാന്റുകളും ഉണ്ട്. ഈ വാഹനങ്ങളെല്ലാം ഉപയോഗി ക്കുന്ന

തോടൊപ്പം നിരവധി സ്വകാര്യ കാറുകളും, ഇരുചക്ര വാഹന ങ്ങളും പഞ്ചായത്തിലുണ്ട്.

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും, റോഡുകളുടെ അവസ്ഥ പൊതുവെ തൃപ്തികരമല്ല. സമയാസമയങ്ങളിൽ അറ്റ കുറ്റ പണികൾ നടക്കാത്തതിനാൽ മഴക്കാലത്ത് മിക്കവാറും റോഡുകളിലും വെള്ളക്കെട്ട് അനുഭവപ്പെടുന്നുണ്ട് . മുൻകാലങ്ങളിൽ വെള്ളം ഒഴികിപ്പോയിരുന്ന പല തോടുകളു മാണ് പിന്നീട് റോഡുകളായി മാറിയത് എന്നതിനാലും പല സ്ഥലങ്ങളിലും പറമ്പുകൾ റോഡിനേക്കാൾ ഉയർന്നാണ് നിൽക്കുന്നത് എന്നതിനാൽ മഴക്കാലത്ത് പറമ്പുകളിൽ നിന്നും വെള്ളം റോഡിലേക്ക് എത്തുന്നു. ഈ വെള്ളം ഒഴുകിപോകുവാൻ തക്ക കാനകൾ റോഡുകൾക്കിരുവശത്തും ഇല്ല എന്നതിനാൽ ഈ വെള്ളം റോഡിൽ തന്നെ കെട്ടി നില്ക്കുകയും റോഡ് ശോചനീയമാവുകയും ചെയ്യുന്നു. ഇതിന് പരിഹാരം കാണണമെങ്കിൽ റോഡുകൾ ഉയർത്തുകയും വശങ്ങളിൽ ഓടകൾ നിർമ്മിച്ച് വെള്ളം ഒഴുക്ക് തോടുകളിലേക്ക് എത്തിക്കുകയും വേണം. മാത്രമല്ല നിലവിലുള്ള ഗ്രാവൽ റോഡുകളുടെയും, മെറ്റൽ റോഡുകളുടെയും അറ്റകുറ്റ പണികൾ കാലാകാലങ്ങളിൽ നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകുകയും വേണം. ഗ്രാമ സഭകളിൽ നിന്നു ഉയർന്നു വന്ന പരാതികളും, നിർദ്ദേശങ്ങളും ഈ രംഗത്തെ പ്രശ്നങ്ങളുടെ ഗൗരവം ചൂണ്ടിക്കാട്ടുന്നു.

പുതിയ സ്കീമുകളിൽ പെടുത്തി നടപ്പിലാക്കുന്ന പണികളിൽ കൂടുതലും പ്രത്യേകിച്ച് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ റോഡുകളുടെ വീതി കൂടി കണക്കാക്കിയിട്ടാണ്. എന്നതിനാൽ പുതിയ റോഡുകൾ നിർമ്മിക്കുമ്പോഴും നില വിലുള്ളവ അറ്റകുറ്റ പണി നടത്തുമ്പോഴും റോഡുകളുടെ വീതി വർദ്ധിപ്പിക്കുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാകണം. വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം ഇത് അനിവാര്യമാക്കിയിരിക്കുന്നു. ഇപ്പോൾ തന്നെ സംസ്ഥാന ശരാശരിയെക്കാൾ കൂടുതൽ റോഡുകളുള്ള പഞ്ചായത്തിൽ ഇനിയും പുതിയ റോഡുകൾക്ക് പഞ്ചായത്ത് ഫണ്ട് ചിലവഴിക്കുന്നതിനേക്കാൾ മുൻതൂക്കം നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിനാണ് നൽകേണ്ടത് .

പഞ്ചായത്തിലെ നിലവിലുള്ള റോഡ് റജിസ്റ്റർ അശാസ്ത്രീയമായതിനാലും കാര്യക്ഷമമായി സൂക്ഷിക്കാതിരുന്നതിനാലും റോഡുകളുടെ വികസന പ്രവർത്തനത്തിന് അടിസ്ഥാന രേഖയായി കണക്കാകുവാൻ ആകുന്നതല്ല. NH.,P.W.D., ജില്ലാ പഞ്ചയത്ത്, ഗ്രാമ പഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന റോഡുകളുടെ യഥാർത്ഥ വിവരങ്ങൾ ഉൾകൊണ്ട ശാസ്ത്രീയമായി തയ്യാറാക്കിയ ഒരു റോഡ് റജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടത് വളരെ അനിവാര്യമാണ്.

നിലവിലുള്ള റോഡുകൾ പലതും യഥാസമയങ്ങളിൽ ചെറിയ കേടുകൾ ഉണ്ടാകുമ്പോൾ തന്നെ ജനകീയ പങ്കാളിത്തതോടെ ഇടപെടുവാൻ കഴിഞ്ഞാൽ ഒരു പരിധി വരെ ആ റോഡുകൾ വലിയ തകർച്ചയില്ലാതെ രക്ഷപ്പെടുത്താം. ഇതിനു കഴിയണമെങ്കിൽ വാർഡുതലത്തിൽ ഓരോ റോഡ് സംരക്ഷണ സമതിയും അതിൽനിന്നുള്ള പ്രതി നിധികളെ ഉൾക്കോള്ളിച്ചുകൊണ്ട് പഞ്ചായത്തു തലത്തിൽ ഒരു റോഡ് സംരക്ഷണ സമിതിയും രൂപികരിക്കണം. ഈ സമതിയുടെ നേതൃത്വത്തിൽ വളരെ ജാഗ്രതയോടെ റോഡുകളുടെ സംരക്ഷണ ചുമതല ഏറ്റെടുക്കുകയും പഞ്ചായത്തിന്റെ സഹായത്തോടെ, ജനകീയ പങ്കാളിത്തത്തോടെയും ആവശ്യമായ ചെറിയ ചെറിയ പണികൾ ഏറ്റെടുത്ത് നടത്തുകയും വേണം. പഞ്ചായത്തു തലത്തിൽ വിദഗ്ദൻ മാരെ യും നിർമാണ പ്രവർത്ത നങ്ങളിൽ താൽപര്യമുള്ളവ രെയും കൂട്ടിചേർത്ത് ഒരു കമ്മറ്റി

ഉണ്ടാക്കുകയും പഞ്ചായത്തിൽ വരുന്ന 'നോമിനി' വർക്കുകൾ പ്രത്യേകിച്ചും മറ്റു പൊതു വർക്കുകളും ഈ കമ്മറ്റി ഏറ്റെടുക്കുകയും കാര്യക്ഷമമായി ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. ഇത്തരം പണികളിൽ വരുന്ന ഇടത്തട്ടുകാരുടെ ചൂഷ്ണം അവസാനിപ്പിക്കുവാനും മറ്റു ചോർച്ചകൾ തടയുവാനും കഴിയും. മാത്രമല്ല പഞ്ചായത്തിൽ തന്നെയുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുവാനും, സന്നദ്ധ പ്രവർത്തനം എന്ന രീതിയിൽ കഴിയാവുന്ന ചെറുപ്പക്കാരുടെ അധ്വാന ശക്തി ഉപയോഗിച്ച് ഇത്തരംപ്രവർത്തനങ്ങൾ ശക്തി പെടുത്തുവാനും തദ്വാര നിർമ്മാണ പ്രവർത്തനങ്ങളിൽ യുവാക്കളെ പങ്കാളികളാക്കുവാനും കഴിയും.

മറ്റേതൊരു രംഗത്തേക്കാളും കൂടുതൽ ജനങ്ങളുടെ ആവശ്യങ്ങൾ ഉയർന്ന് വരുന്നതും ഈ രംഗത്തെ ക്കുറിച്ചാണ് എന്നത് കൊണ്ട്. വികസനമെന്നാൽ റോഡും, തോടും, മാത്രമല്ല എന്ന പുതിയ സങ്കല്പം ഉൾകൊള്ളുമ്പോൾ തന്നെ ഈ രംഗത്തിന്റെ ഗൗരവം കുറച്ചുകാണു വാനാവുകയുംമില്ല. ■

# ഊർജ്ജം

നമ്മുടെ പഞ്ചായത്തു പ്രദേശത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ തൃപ്രയാർ മേജർ സെക്ഷൻ ഓഫീസും എടമുട്ടത്ത് ഒരു സെക്ഷൻ ആഫീസും പ്രവർ ത്തിക്കുന്നുണ്ട്. വടക്കുഭാഗത്തെ ചെറിയൊരു പ്രദേശമൊഴികെ ഭാക്കി ഭാഗം കയ്പമംഗലം മേജർ സെക്ഷന്റെ പരിധി യിലാണ്.

1960 കളിൽ വൈദ്യൂതീകരണം ആരംഭിച്ച നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 4699 ഗാർഹിക ,715 വ്യാപാര 87 വ്യവസായകം, 3011 കാർഷികം കണക്ഷനുകളിലൂടെ യാണ് വൈദ്യുതി ഉപയോഗിക്കുന്നത്. കാട്ടൂർ സബ്സ്റ്റേഷനിൽ നിന്നും കാട്ടൂർ, തൃപ്രയാർ ഫീഡറുകൾ വഴിയാണ് വൈദ്യുതി വിതരണം ചെയ്യു ന്നത്. 300 ഓളം പേരുടെ അപേക്ഷകൾ ഇനിയും വൈദ്യൂതി കണക്ഷൻ ആയി പരിഗണിക്കേണ്ടതുണ്ട്. സാധാരണ വിഭാഗത്തിലെ അപേക്ഷകളിൽ കണക്ഷനായ അനുവധിച്ചിട്ട് രണ്ട് വർഷത്തില്ലധികമായിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്തുള്ള കോളനികളിൽ പുതുകുളങ്ങര ഹരിജൻ കോളനി മാത്രമാണ് വൈദ്യുതീ കരിച്ചിട്ടുള്ളത്.

23 LT. ട്രാൻസ്ഫോമറുകളാണ് വൈദ്യതതീകരണത്തിനായി ഉപയോഗിക്കുന്നത് ഇവയിൽ ഒന്നും തന്നെ അധിക ഭാരം വഹിക്കുന്നില്ലെന്നാണ് ബോർഡ് അതികൃതരുടെ കണക്കുകളെങ്കിലും ഭൂരിഭാഗം പ്രദേശത്തും വോൾട്ടേജ് വളരെ കുറവാണ്

| ട്രാൻസ്ഫോർമർ സ്ഥാപിച്ച സ്ഥലം | | |
|---|---|---|
| ക്രമ നമ്പർ | കപ്പാസിറ്റി | സ്ഥലം |
| 1 | 250 K.V. | എടമുട്ടം സെന്റർ |
| 2 | 250 K.V. | പാലപെട്ടി ബീച്ച് |
| 3 | 160 K.V. | എടമുട്ടം സെന്റർ |
| 4 | 250 K.V. | കഴിമ്പ്രം |
| 5 | 160 K.V. | കഴിമ്പ്രം |
| 6 | 100 K.V. | കഴിമ്പ്രം ഹൈസ്ക്കൂൾ |
| 7 | 100K.V. | സലിമ്പ്രം പ്രീതി |
| 8 | 100K.V. | കഴിമ്പ്രം നോർത്ത് |
| 9 | 160 K.V. | കരയാമുട്ടം |
| 10 | 100K.V. | കരയാവട്ടം |
| 11 | 160 K.V. | കോതകുളം കോതകുളം |
| 12 | 100K.V. | കോതകുളം |
| 13 | 160 K.V. | കോതകുളം ബീച്ച് |
| 14 | 100 K.V. | അഞ്ചങ്ങാടി ബാച്ച് |
| 15 | 160 K.V. | അഞ്ചങ്ങാടി |
| 16 | 160 K.V. | കൂരിത്തറ |
| 17 | 60 K.V. | വലപാട് |
| 18 | 100 K.V. | വലപാട് ഐസ്പ്ലാന്റ് |
| 19 | 150 K.V. | പോലീസ് ക്വാർട്ടേഴ്സ്. |
| 20 | 250 K.V. | കോതകുളം |
| 21 | 160 K.V. | പുല്ലൂർ |
| 22 | 160 K.V. | മുരിയാംതോട് |
| 23 | 100 K.V. | വലപാട് ഡിസ്കോ. |



183

പഞ്ചായത്തിൽ 187 ബൾബുകളും 124 റ്റ്യൂബുകളുമാണ് സ്ട്രീറ്റ് ലൈറ്റുകൾക്കായി ഉപയോഗിക്കുന്നത് കേടുവന്നവ പലതും യഥാസമയം മാറ്റുന്ന പതിവില്ലാത്തതിനാൽ സ്ട്രീറ്റ് ലൈറ്റുകളുടെ പ്രയോജനം വേണ്ടത്ര ലഭിക്കുന്നില്ല. വോൾട്ടേജ് കുറവ് ലൈറ്റുകൾ കത്താതിന് കാരണമാണ്. സ്ട്രീറ്റ് ലൈറ്റുകളുടെ ഇനത്തിൽ പഞ്ചായത്ത് പ്രതിമാസം 3993/ ക ബോർഡിൽ കൊടുക്കുന്നുണ്ട്.

നമ്മുടെ പ്രധാന ഊർജ്ജ സ്രോതസായ വിറക് തന്നെയാണ് ഭൂരിഭാഗം വീടുകളിലും പാചകത്തിനായി ഉപയോഗിക്കുന്നത് മരകൊമ്പുകൾ, ചകിരി, ഓല, ചിരട്ട അറക്കപ്പൊട്ടി എന്നിവയാണ് വിറകിന്റെ പട്ടികയിൽ ഉൾപെടുന്നത്.

വിറകിന്റെ ക്ഷാമം ഭൂരിഭാഗം വീട്ടുക്കാർക്കും അനുഭവപ്പെടുന്നുണ്ട്. ദക്ഷത കൂടിയ പുകയേൽക്കാത്ത പരിഷത് അടുപ്പുകളുടെ വ്യാപനത്തിലൂടെ വീട്ടുകാർ അനുഭവിക്കുന്ന വിറകു ക്ഷാമം ലഘൂകരിക്കാനാകും. പഞ്ചായത്തു പ്രദേശത്ത് ഇതിനകം 500 ലധികം വീടുകളിൽ ഇത്തരം അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട് പഞ്ചായത്തി ന്റെ നേതൃത്വത്തിൽ നടന്നുകൊ ണ്ടിരിക്കുന്ന അടുപ്പുവ്യാപന പ്രവർത്തനത്തിൽ കൂടുതൽ വീട്ടുകാർക്കുകൂടി പ്രയോജനം ലഭിക്കേണ്ടതുണ്ട്.


എൽ.പി. ജി. ഗ്യാസ് ഉപയോഗിക്കുന്ന വീടുകളുടെ എണ്ണം കൂടി വരുന്നുണ്ട്. എന്നാൽ അപേക്ഷ നൽകി ദീർഘ നാൾ കാത്തിരിക്കേണ്ട അവസ്ഥയുണ്ട്.

## നിർദ്ദേശങ്ങൾ

1. വലപ്പാട് പഞ്ചായത്ത് പ്രദേശം ഇന്ന് കയ്പ മംഗലം , തൃപ്രയാർ മേജർ സെക്ഷൻ ഓഫീസുകൾക്ക് കീഴിലാണ്. അതുകൊണ്ട് ഒരു ഓഫീസിനു കീഴിൽ - തൃപ്രയാർ മേജർ സെക്ഷൻ ഓഫീസിനു കീഴിലാക്കിയാൽ ഉചിതമായിരിക്കും.

2. ഗാർഹിക, കാർഷിക കണക്ഷനുകൾ നൽകുന്നതിന് കൺസന്റ് ആവശ്യമാകുന്ന വ്യവസ്ഥ നിയമ നടപടികളിലൂടെ ഒഴിവാക്കണം.

3. എല്ലാ പഞ്ചായത്ത് റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. കൃഷി ഭൂമികളിലൂടെ വലിച്ചിട്ടുള്ള കമ്പികൾ റോഡുകളിലൂടെ മാറ്റി സ്ഥാപിച്ചുകൊണ്ട് റോഡുകളിൽ ലൈനുകൾ സ്ഥാപിക്കാനാകും



4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും മുഴുവൻ അപേക്ഷകർക്കും കണക്ഷൻ അനുവദിക്കുന്നതിനും, സബ സ്റ്റേഷൻ (വലപ്പാട് 110 KV.) നിർമ്മാണം എത്രയും വേഗ. പണിപൂർത്തീകരിക്കണം. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുവാനും കഴിയണം.

5. വിറക് ക്ഷാമം നേരിടുന്ന മുഴുവൻ വീടുകൾക്കും പുകയില്ലാത്ത അടുപ്പുകൾ ലഭിക്കുന്നതിന് സഹചര്യം ഉണ്ടാകണം.

6. ഗ്യാസ് കണക്ഷനുകൾ വേഗം ലഭിക്കുന്നതിനും. ഉപഭോക്താക്കൾക്ക് സിലിണ്ടറുകൾ വേഗം ലഭിക്കുന്നതിനും വലപ്പാട് കേന്ദ്രമാക്കി ഒരു ഏജൻസി അനുവദിക്കണം.

# ഭവന നിർമ്മാണം

വിസ്തൃതിയിലും ജന സംഖ്യയിലും സമീപപഞ്ചായത്തുക്കളെക്കാൾ വളരെ മുന്നിൽ നിൽക്കുന്ന വലപ്പാട് പഞ്ചായത്തിൽ സാധാരണക്കാരന്റെ ഉയർന്ന സ്വപ്നങ്ങളിൽ ഒന്നായ സ്വന്തമായ ഒരു വീട് എന്ന സങ്കല്പത്തിന്റെ സാക്ഷാത്കാരത്തിനായുള്ള തിവ്രശ്രമം ഒരു ഭാഗത്തുണ്ടെങ്കിലും ഇന്നും പഞ്ചായത്ത് കണക്കുകളിൽ മൊത്തം വീടുകളുടെ 20% കുടിലുകളാണ് എന്നാണ് പ്രാഥമിക വിവരങ്ങളിൽ നിന്നും ബോദ്ധ്യപ്പെടുന്നത്.

സാമ്പത്തികവും സാമൂഹികവും ആയ രംഗങ്ങളിൽ ശക്തമായ് സ്വാധീനം ചെലുത്തുന്ന ഗൾഫ് പണത്തിന്റെ പ്രവാഹം ഈ പ്രദേശത്ത് പ്രത്യേകമായി ഉയരുന്ന കോൺക്രീറ്റ് സൗധങ്ങൾ പ്രകടമാക്കുന്നു. ഏകദേശം 3,000 -ൽ അധികം ആളുകൾ ഈ പഞ്ചായത്തിൽനിന്നും ഗൾഫ് നാടുകളിലുണ്ട്. ക്രിയാത്മകമായി ഇവരുടെ വരുമാനം ഉപയോഗപെടാതെ പോകുന്നതിന്റെ ഒരു പ്രധാനകാരണം ഈ മത്സരിച്ചുള്ള കെട്ടിടനിർമാണമാണ്. നിർമ്മിക്കപെടുന്ന കെട്ടിടങ്ങളുടെ സ്വഭാവം പരിശോധിക്കുമ്പോൾ കടൽ തീരത്തുള്ളതിനേക്കാൾ ഹൈവെ യുടേയും മറ്റു റോഡുകളുടെയും പാർശ്വഭാഗങ്ങളിലാണ് . ആയതു കൊണ്ടുതന്നെ ഈ പ്രദേശങ്ങളിൽ ഭൂമി വില വളരെയധികമാണ് ഇങ്ങനെയൊക്കെയാണെങ്കിലും. ഒരു വലിയ ശതമാനം ആളുകൾ സ്വന്തമായ ഒരു വീട് എന്ന സ്വപ്നവുമായി അവശേഷിക്കുന്നവരാണ് പഞ്ചായത്തിലെ 5% കുടുംബങ്ങൾ സ്വന്തമായി ഭൂമി പോലും ഇല്ലാത്തവരാണ്. എന്ന വസ്തുത ഇവിടെ ഓർക്കേണ്ടതുണ്ട്.

കടലുമായി ബന്ധപ്പെട്ട് കിടക്കുന്ന തീരദേശവാർഡുകളിലാണ് ഈ അവസ്ഥ ഏറ്റവും രൂക്ഷം. കൂട്ടുകുടുംബങ്ങൾ ഒരു ഓർമമാത്രമായി മാറികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ പുതിയ വീടുകൾ ഉയരുന്നതിനനുസരിച്ച് വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഭൂമി വില സാധാരണക്കാരന് ഒരു വിലങ്ങ് തടിയാകുന്നു. റിയൽ എസ്റ്റേറ്റ് എന്നപേരിൽ നാട്ടിൽ പെരുകുന്ന ഭൂമി കച്ചവടവും ഭൂമിവിലകുതിച്ചുയരുന്നതിന് കാരണമാകുന്നുണ്ട്.

പഞ്ചായത്തിലെ ലക്ഷം വീട് കോളനി മറ്റുകോളനികൾ എന്നിവയിലെ വീടുകളുടെ സ്ഥിതി ശോചനീയമാണ്. പലതും നിലംപൊത്തിയും നിലം പൊത്താറായും തീർന്നിട്ടുണ്ട്. മുൻകാലങ്ങളിൽ ഇവിടെത്തന്നെയുള്ള കല്ലാശാരിമാരും കനോലികനാലിന് അപ്പുറമുള്ള പഴയ കൊച്ചി സ്റ്റേറ്റ് ഭാഗത്തുനിന്നുള്ള വിദഗ്ദരായ കൽപണിക്കാരും അടക്കമുള്ളവരും മരാശാരിമാരുമാണ് വീടുപണികളിൽ നേതൃത്വം നൽകിയിരുന്നതെങ്കിൽ ഇന്ന് വർദ്ധിച്ചുവരുന്ന കെട്ടിട നിർമാണ ആവശ്യങ്ങളിൽ ഈ ന്യൂനപക്ഷത്തിന്റെ സ്വാധീനം നഷ്ടപ്പെട്ടിരിക്കുന്നു. ഇപ്പോൾ



തെക്കൻ ജില്ലകളിൽ നിന്നും തമിഴ് നാട്ടിൽ നിന്ന് വന്നിട്ടുള്ള തൊഴിലാളികളാണ് ഈ രംഗം കീഴടക്കിയിരിക്കുന്നത് ഇവർ തന്നെ ഇടത്തട്ടുകാരുടെ ചൂഷ്ണത്തിന് വിധേയരാ

കുന്നുണ്ട്. അന്യരാജ്യങ്ങളിൽനിന്ന് ഇവിടെ താമസ മാക്കിയവരാകായാൽ കരാറുക്കാർക്ക് ഇവരെ രാവും പകലും പണിയെടുപ്പിക്കാൻ കഴിയും എന്നത് ജനങ്ങൾക്കിടയിൽ ഇവരുടെ സ്വാധീനംഉറപ്പിക്കാൻ സഹായകരമായിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു ഭവനനിർമാണ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും ചേറ്റുവ മുതൽ ആല വരെ നീണ്ടുകിടക്കുന്ന നാട്ടികഫർക്കയാണ് ഇതിന്റെ പ്രവർത്തന പരിധി യെന്നതിനാൽ പഞ്ചായത്തുപ്രദേശത്ത് ഇതിന്റെ അനുകൂല്യം ലഭിച്ച വർവിരളമാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നും ലഭിക്കുന്ന വിവിധ സാമ്പത്തിക സഹായങ്ങൾ ഭവന നിർമ്മാണ മേഖലയിൽ തീർത്തും അപര്യാപ്തമാണ് എന്നത് ഈ രംഗത്ത് പ്രശ്നങ്ങളുടെ ആഴംകൂട്ടുന്നു. J.R.Y. തുടങ്ങിയ പദ്ധതികളിൽ നിന്നും ലഭിക്കുന്നതുക യഥാർത്ഥ ചിലവുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കുറവായതിനാൽ ഈ പദ്ധതിയുടെ ഉദ്ദേശശുദ്ധിയെതന്നെ കളങ്കപെടുത്തുന്നവിധം പണിയുന്ന വീടുകൾ പൂർത്തിയാക്കാൻ കഴിയാത്തവിധം നിൽക്കുകയാണ് കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഉണ്ടായ കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് പരിശോധിച്ചാൽ ഈ രംഗത്തെ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അതാണെന്ന് ബോധ്യമാകും. ഓലവീടുകളുടെയും ഓട് വീടുകളുടെയും പഴയ കാലം മാറി ഭൂരിപക്ഷവും കോൺക്രീറ്റ് കൂടാരങ്ങളിലേക്ക് ചേക്കേറുന്ന ഈ കാലഘട്ടത്തിൽ സിമന്റിന് 1986 -ൽ ചാക്കിന് 65 രൂപയായിരുന്നുവെങ്കിൽ 1996 -ൽ 180 രൂപയായിരിക്കുകയാണ്. കമ്പിയുടെയും ഇഷ്ടിക യുടെയും മറ്റെല്ലാക കാര്യങ്ങളിലേയും ഇത്തരത്തിലുള്ള ക്രമാതീതമായ വർദ്ധനവിന് പുറമെ നിർമ്മാണ തൊഴിലാളികളുടെ കൂലിയുടെ കാര്യത്തിലും ഗണ്യമായവർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് കാണാം.

ഭവനനിർമ്മാണരംഗത്തുണ്ടായിട്ടുള്ള അനാരോഗ്യപരമായ കിടമത്സരം നമ്മുടെ സാമ്പത്തിക ഘടനയെ തന്നെ തകരാറിലാക്കിയിരിക്കുന്നു ഏറെ വർഷം ഗൾഫ് നാടുകളിൽ കഷ്ടപ്പെട്ട് ജോലിചെയ്ത് ലഭിക്കുന്ന മുഴുവൻ സമ്പാദ്യവും വീട് നിർമ്മാണത്തിനുവേണ്ടി ചിലവഴിച്ച് കഴിയുമ്പോൾ അവരുടെ സാമ്പത്തിക ഭദ്രത തന്നെ തകരുകയും പിന്നീട് ജീവിത ചെലവുകൾക്കുപോലും ബുദ്ധിമുട്ട് അനുഭവപെടുകയും ചെയ്യുന്നു നാട്ടിൽ ഉല്പാദപരമായ മേഖലകളിൽ ഉപയോഗിക്കേണ്ട പണം കെട്ടിടനിർമ്മാണങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതിനാൽ വ്യക്തികളുടെയും പ്രദേശത്തിന്റയും സാമ്പത്തി കവളർച്ചക്ക് ഇത് തടസ്സമാകുന്നു. ഈ പ്രവണതക്കെതിരെ ജനങ്ങൾക്കിടയിൽ ഒരു ബോധ വൽക്കരണം നടത്തേണ്ടത് അത്യാവിശ്യമായി തീർന്നിരിക്കുന്നു.

പഞ്ചായത്തിൽനിന്നും വിവിധ ഭവനനിർമ്മാണ വായ്പകളിലും റവന്യൂവകുപ്പിന്റെ പ്രകൃതി ക്ഷോഭദുരിതാശ്വാസ ഭവന നിർമ്മാണ വായപ കളുടെയും കണക്കെടുത്ത് പരിശോധിച്ചാൽ സ്ഥിതി വളരെ ശോചനീയമാണ് എന്ന് ബേധ്യപെടും വീടില്ലാത്ത ആളുകളുടെ എണ്ണം അനുദിനം വർദ്ധിക്കുമ്പോൾ പോലും ഇത്തരം വായ്പകൾ ലഭിക്കുന്ന ആളുകളുടെ എണ്ണം പരിമിതമാണ് എന്ന് കാണിക്കുന്നത്, ഈ വായ്പകൾ ലഭിക്കുവാൻ നേരിടേണ്ടിവരുന്ന പ്രതിബന്ധങ്ങളെയാണ് സങ്കീർണ്ണമായ നിയമ നൂലാമാലകളാൽ സാധാരണക്കാരന്റെ മുമ്പിൽ ബാങ്കുകാർ വായ്പയുടെ വാതിലുകൾ അടക്കുമ്പോൾ സ്വന്തമായി ഒരു കൂരയുണ്ടാക്കുവാൻ അവരുടെ മുമ്പിൽ മറ്റു മാർഗ്ഗങ്ങൾ ഇല്ലാതാകുന്നു.

സമൂഹത്തിലെ ഒരു വിഭാഗം അനാവശ്യ ആർഭാടങ്ങളിലൂടെ വീടുകൾക്കായി ലക്ഷങ്ങൾ തുലയ്ക്കുമ്പോൾ പ്രാഥമിക സൗകര്യങ്ങളോട് കൂടിയ ഒരു പാർപിടം തലചായ്ക്കുവനായി ഉണ്ടാക്കുവാൻ

ഒരു ഭൂരിപക്ഷ വിഭാഗത്തിന് കഴിയുന്നില്ല. ഇത് അവരെ പുരോഗമന പ്രവർത്തനങ്ങളുടെയും സന്നദ്ധപ്രവർത്തനങ്ങളുടെയും മുൻനിരയിലേക്ക് വരുവാൻ പോലും വിമുഖരാക്കുന്നു.

വയലും ഉയർന്ന ഭൂമിയും സമിശ്രമായി കിടന്നിരുന്ന പഞ്ചായത്തു പ്രദേശം വില്ലേജ് ആഫീസിലെ പഴയ രേഖകളിൽ ഇപ്പോഴും ഏറെ ഹെക്ടറുകൾ ഭൂമി വയലുകളായാണ്. കാണുന്നത് എന്നാൽ വർഷങ്ങൾക്കുമുമ്പ് തന്നെ അവയെല്ലാം മണ്ണടിച്ച് നികത്തി പോയതിനാൽ ഇന്നി പ്പോൾ കൃഷിയിടങ്ങളായ നെൽ പാടങ്ങൾ പഞ്ചായത്തിൽ പേരിനു മാത്രമെയുള്ളൂ എന്നിരുന്നാലും അത്തരം സ്ഥലങ്ങളിൽ വീടുവെക്കുവാനായ ആവശ്യത്തിനായി വില്ലേജ് ആഫീസിനെ സമീപിക്കുമ്പോൾ പഴയ രേഖകളുടെ അടിസ്ഥാനത്തിൽ ഏറെ നിയമകുരുക്കുകൾ ഉണ്ടാകുന്നു. ഈ സ്ഥലങ്ങൽ വർഷങ്ങളായി പറമ്പുകളാണ് എന്നതിനാലും ഇനി പാടമാകില്ലഎന്നതിനാലും ഈ നിയമങ്ങളിൽ അയവ് വരുത്തേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്നെ നിലവിലുള്ള നിലങ്ങൾ നികത്തു ന്നതിനെ തിരെ കർശന നടപടികൾ എടുക്കുകയും വേണം

## നിർദ്ദേശങ്ങൾ

1. കെട്ടിട നിർമ്മാണ തൊഴി ലാളികളുടെ ക്ഷാമം ഇല്ലാതാ ക്കുന്നതിന് ഈരംഗത്ത് കൂടു തൽ ആളുകൾക്ക് പരിശീലനം കൊടുക്കണം.

2. ചിലവ് കുറഞ്ഞ വീടുകൾ പണിയുന്ന തിലേക്കായി കോസ്റ്റ് ഫോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ വിപുലപെടുത്തുകയും ഈ രംഗത്തേക്ക് പഞ്ചായത്തിൽ തന്നെയുള്ളവർക്ക് പരിശീലനം കൊടുക്കുകയും വേണം

3. ഭവന നിർമ്മാണ സഹ കരണ സംഘങ്ങളിൽ ബന്ധപ്പെടുന്നവർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ നിയമവ്യവസ്ഥകൾ ലളിതമാക്കണം.

4. പഞ്ചായത്തതിർത്തി മാത്രം പരിധിയായിട്ടുള്ള ഒരു ഭവന നിർമ്മാണ സഹകരണസംഘം പഞ്ചായ ത്തിനുള്ളിൽ സ്ഥാപിക്കണം.

5. സഹകരണ സംഘങ്ങൾ വഴി ദീർഘകാല ഭവന നിർമ്മാണവായ്പകൾക്ക് സംവിധാനമുണ്ടാക്കണം

6. ഹരിജൻ കോളനികളിലെ തകർന്നുകൊണ്ടിരിക്കുന്ന വീടുകളുടെ ശോചനീയ അവസ്ഥ പരിഹരിക്കുവാൻ നടപടി യുണ്ടാക്കണം

7. ലക്ഷംവീട് കോളനികളിലെ ഒരു വീട്ടിൽ രണ്ട് കുടുംബം എന്ന രീതി മാറ്റി ഒറ്റ വീടുകളാക്കി മാറ്റണം

8. കെട്ടിട നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ പഞ്ചായത്തിൽ തന്നെ സുലഭമായി ലഭിക്കാനുള്ള സഹചര്യമുണ്ടാക്കണം.

9. വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുത്തോറു ഓരോ സന്നദ്ധസംഘങ്ങൾ ഉണ്ടാക്കി സർക്കാർ അനുകൂല്യങ്ങളാൽ പണിയുന്ന വീടുകൾക്ക് മേൽനോട്ടം വഹിക്കുകയും സന്നദ്ധ പ്രവർത്തനങ്ങളിലൂടെ അവരെ സഹായിക്കുകയും വേണം

10. പഞ്ചായത്തിന്റെ പുറംപോക്കിൽ താമസിക്കുന്ന ആളുകൾക്ക് സ്വന്തമായി വീട് വെക്കുവാനുള്ള സഹചര്യമുണ്ടാക്കുവാൻ ശ്രമിക്കണം.


11. സർക്കാർ അനുകൂല്യങ്ങൾ നേടി വീട് വെച്ചതിനുശേഷം അവ വിറ്റ് വീണ്ടും അനുകൂല്യങ്ങൾക്ക് ശ്രമിക്കുന്നത് ഫലപ്രഥമായി തടയണം.

ചെറിയചെറിയ സ്ഥലത്ത് തൊട്ട്തൊട്ട് വീടുകൾ വെച്ച് താമസിക്കുന്നത് യഥാർത്ഥത്തിൽ പല ആരോഗ്യപ്രശ്നങ്ങൾക്കും വഴിവെക്കുന്നുണ്ട്. അതും ആരോഗ്യകാര്യങ്ങളിലും



165

പരിസരം ശചീകരണങ്ങളിലും ശ്രദ്ധകുറവുള്ള പാവങ്ങളാണ് എന്നുള്ളത് വികസനത്തിന് നേരെയുള്ള ഒരു വലിയ വെല്ലുവിളിയാണ്. ഒറ്റയടിക്ക് ഇതിനെയെല്ലാം ഒരു പ്രതിവിധി കാണാൻ പഞ്ചായത്തിനാകില്ല എങ്കിലും സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കീഴിൽ വരുന്ന പദ്ധതികളിലൂടെ കൂടുതൽ ആളുകൾക്ക് പ്രയോജനം എത്തിച്ചു അവർക്ക് വീട് നിർമ്മിക്കുവാനുള്ള സഹചര്യങ്ങൾ ഒരുക്കികൊടുത്തും ഒരു പരിധിവരെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതുമാണ്




1992 മുതൽ
4 വർഷക്കാലം
പഞ്ചായത്തിൽ നിന്നും
നമ്പർ കൊടുത്ത
കെട്ടിടങ്ങളുടെ
എണ്ണം.

## പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണം ഇനം തിരിച്ച്

| കെട്ടിടങ്ങളുടെ ആകെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ | | ഒറ്റ നിലമാത്രം ഉള്ള കെട്ടിടങ്ങൾ | | |
|---|---|---|---|---|---|
| | കോൺക്രീറ്റ് | ഓട്. | കോൺക്രീറ്റ് | ഓട്. | ഓല |
| 9234 | 237 | 278 | 2575 | 3599 | 2615 |

# സാമൂഹ്യക്ഷേമം

സമൂഹത്തിന്റെ അടിത്തട്ടിൽ ദു:ഖങ്ങളുടെയും ദുരിതങ്ങളുടേയും പ്രതീകങ്ങളായ പാവപ്പെട്ടവരെ മുഖ്യശ്രേണിയിലേക്ക് ഉയർത്തുക എന്നതാണെല്ലോ ഒരു പുരോഗമന സമൂഹത്തിന്റെ അടിസ്ഥാന ലക്ഷ്യം. ദാരിദ്യം എന്ന ദുർഭൂതം അത്രയൊന്നും ശക്തമല്ലെങ്കിലും ദാരിദ്ര്യരേഖക്ക് താഴെയുള്ള പാവങ്ങൾ ഇന്നും പഞ്ചായത്തിൽ ഏറെയുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പുണ്ടായിരുന്ന ക്ഷാമക്കാലങ്ങളിൽ ഒരു കുടുംബത്തിന് 'റേഷൻ' ആയി ലഭിക്കുമായിരുന്ന ഒരു നാഴി അരിക്കുവേണ്ടി പഞ്ചായത്തിലെ ഏക അരിവിതരണ കേന്ദ്രത്തിനു മുന്നിൽ നേരം പുലരുന്നതിനു മുമ്പേ ഏറെ നീണ്ട നിരകൾ ഉണ്ടായിരുന്നുവെന്നതും ചരിത്രത്തിന്റെ ഒരു ഭാഗം.

ഇത്തരം ക്ഷാമങ്ങൾ ഓർമകളുടെ ഭാഗമാക്കിമാത്രം മാറ്റുവാൻ കഴിഞ്ഞതിൽ നമ്മുടെ സർക്കാറുകൾക്ക് ഒഴിവാക്കാനാവാത്ത പങ്കുണ്ട്, ഇന്നിപ്പോൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നേതൃത്വത്തിലുള്ള ചില ക്ഷേമ പ്രവർത്തനങ്ങളും പാവപ്പെട്ടവർക്കായുള്ള ചില പരിശീലന പരിപാടികളും IRDP. തുടങ്ങിയ സാമ്പത്തികാനുകൂല്യങ്ങളും വിവിധ തരം പെൻഷനുകളും ആണ് ഇവയുടെ പരിധിയിൽ വരുന്ന പ്രധാനപ്പെട്ട പദ്ധതികൾ, ഇവയിൽ ഏറിയപങ്കും V.E.O. വിന്റെ കീഴിൽ വരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് വഴിയാണ് ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുന്നത്.



വലപ്പാട് പഞ്ചായത്തിൽ ഇപ്പോൾ രണ്ട് V.E.O. ഓഫീസുകളാണ് നിലവിലുള്ളത് ഒന്ന് വലപ്പാട് ബീച്ച് ചിത്രാമുവിസിന് മുമ്പിലും, മറ്റൊന്ന് കഴിമ്പ്രം പാട്ടുകുളങ്ങര സെന്ററിനു സമീപവും ഇവ വഴിയാണ് ഇത്തരം ദരിദ്രനിർമാർജ്ജനക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്നത് 73 -ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നടപ്പിലായതിന്റെ ഭാഗമായി ഇത്തരം സേവന പ്രവർത്തനങ്ങളിലെല്ലാം പഞ്ചായത്തിന്റെ സ്വാധീനവും വർദ്ധിച്ചിരിക്കുന്നു.

വലപ്പാട് പഞ്ചായത്തിൽ ഇപ്പോഴുള്ള 13 വാർഡുകളിലായി 2000-ൽ ലധികം കുടുംബങ്ങൾ I.R.D.P. ലിസ്റ്റിലുണ്ട് ഈ ലിസ്റ്റ് തെയ്യാറാക്കിയിട്ടുള്ളത് പോലും അശാസ്ത്രീയമാണെന്ന് പറയാതെവയ്യ. നിശ്ചിതവരുമാനപരിധിക്കത്തുള്ള പലരും ലിസ്റ്റിൽ പെട്ടിട്ടില്ല. അതോടൊപ്പം തന്നെ മുൻകാലങ്ങളിൽ എടുത്ത ലിസ്റ്റനുസരിച്ചുള്ള പല കുടുംബങ്ങളും ഇന്ന് സാമ്പത്തികമായി ഏറെ മുന്നിൽ വന്നിട്ടും ലിസ്റ്റിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുമില്ല. 1992 -93 കാലഘട്ടം മുതൽ 95-96 കാലഘട്ടം വരെ പഞ്ചായത്തിലെ 472 കുടുംബങ്ങൾക്ക് I.R.D.P. ധന സഹായം ലഭിച്ചിട്ടുണ്ട് എന്ന് ദ്വിതീയ വിവരങ്ങൾ സൂചിപ്പിക്കുന്നതെങ്കിലും പ്രാഥമിക വിവരങ്ങളുടെ കണക്കനുസരിച്ച് ഈ അനുകൂല്യങ്ങൾ ഉപയോഗിച്ച് ജീവിതനിലവാരം ഉയർന്നവർ നാമമാത്രമാണ് എന്നുകാണാം. ആവശ്യക്കാരനു വേണ്ടുന്ന രീതി യില്ല. ഈ സഹായങ്ങൾ ലഭിക്കു ന്നത് എന്നതിന് ഇതൊരു നല്ല സൂചികയാണ്.

വിവധങ്ങളായ കാരണങ്ങളാൽ മുൻകാലങ്ങളിൽ ഇത്തരം സർക്കാർ അനുകൂല്യങ്ങൾ ഫലപ്രഥമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇവയെല്ലാം വിവിധ തലത്തിലുള്ളവർ ദുരുപയോഗം ചെയ്തു എന്നത് കൊണ്ടുതന്നെ I.R.D.P. വായ്പ എടുത്തവരിൽ ബഹുഭൂരിപക്ഷവും ബാങ്കുകളിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയിരിക്കുന്നു. ഈ മേഖലയിലേക്ക് കൂടുതൽ പണം നൽക്കുവാൻ ബാങ്കുകൾ വിമുഖതകാണിക്കുന്നതിന്റെയും കാരണം മറ്റൊന്നല്ല.

പാർപ്പിടരംഗത്ത് നടത്തിയ ഒരു സർവ്വെയിൽ നിന്നും പഞ്ചായത്തിലെ20% ത്തിലധികം ആളുകൾ കുടിലുകളിലാണ് താമസിക്കുന്നത് എന്ന് മനസിലായി. പഞ്ചായത്തടിസ്ഥാനത്തിൽ അടിയന്തിരമായി മുൻഗണനനൽകി ഏറ്റെടുക്കേടണ്ട ഒരു മേഖലയും ഇതു തന്നെയാണ്. സർക്കാർ തലത്തിൽ വിവിധ പദ്ധതികളിലൂടെ വർഷങ്ങളായി ഈ മേഖലയിൽ വീടുകൾ നിർമ്മിക്കാനുള്ള സാമ്പത്തികസഹായം നൽകിയിട്ടുണ്ട്.

N.R.E.P., R.L.E.G.P., M.W.S., J.R.Y., I.A.Y. എന്നീ സ്കീമുകളിലൂടെയാണ് സർക്കാർ തലത്തിൽ വീടുകൾക്ക് സഹായങ്ങൾ നല്കിയിട്ടുള്ളത് ഇതിൽ 65 വീടുകൾ പഞ്ചായത്ത് J.R.Y. പദ്ധതിയനുസരിച്ചാണ് നൽകിയിട്ടുള്ളത്. ഇതുകൂടാതെ പഞ്ചായത്ത് UNTIED FOUND. ഉപയോഗിച്ചും മത്സ്യ തൊഴിലാളി ക്ഷേമനിധിബോർഡ്, പട്ടിക ജാതി വികസന ബോർഡ് എന്നിവിടങ്ങളിൽ നിന്ന് വീടില്ലാത്തവർക്ക് വീടുകൾ ലഭിച്ചിട്ടുണ്ട്,

## D.W.C.R.A.

ഗ്രാമീണ സ്ത്രീകൾക്ക് തൊഴിൽ ലഭ്യതക്കും അതിലൂടെ വരുന്ന വർദ്ധനക്കും ലക്ഷ്യമിട്ടുകൊണ്ട് തുടങ്ങിയിട്ടുള്ള ഒരു പദ്ധതിയാണെല്ലോ D.W.C. R.A. പത്തോ അതിലധികമോ സ്ത്രീകൾക്ക് ചേർന്ന് രൂപം കൊടുക്കാവുന്ന ഒരു യൂണിറ്റാണ് ഇത് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിന്റെ മേൽനോട്ടത്തിൽ നടക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് തുടക്കം കുറിക്കുവാനുള്ള ചിലശ്രമങ്ങൾ വാർഡുകളിൽ നടക്കുന്നുണ്ടെങ്കിൽ തന്നെ, നിലവിലുള്ളവയുടെ പ്രവർത്തനങ്ങൾ ആശാവഹമല്ല. കരയാമുട്ടം VII- –ാം വാർഡിൽ സ്ഥിതിചെയ്യുന്ന വീനസ് എന്ന പേരിലുള്ള റെഡിമെയിഡ് ഗാർമെൻറ് നിർമ്മാണസ്ഥാപനം ഇപ്പോൾ സുഖമമായ വളർ ച്ചയിലല്ല. ഈ രംഗത്ത് വരുന്ന നൂതനമായ മാറ്റങ്ങൾ ഉൾ കൊള്ളാൻ കഴിയാതെ വരുന്നതും കാര്യക്ഷമമായ മാനേജുമെന്റിന്റെ കുറവും വിപണിയിലെ മത്സരങ്ങളും ഇതിനു കാരണങ്ങളാണ്. തന്നെയുമല്ല രാത്രികാലങ്ങളിലുള്ള സാമൂഹ്യ വിരുദ്ധരുടെ നശീകരണ പ്രവർത്തനങ്ങളും സ്ഥാപന ത്തിന്റെ തളർച്ചക്ക് വഴിവെച്ചിട്ടുണ്ട്.

### ട്രൈസം :

കേരളത്തിലെ രൂക്ഷമായ തൊഴിലിലായ്മക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുന്നതിനായി ഗുണ പരമായ ഉപയോഗത്താൽ ആവിഷ്കരിച്ച ഒരു തൊഴിൽ പരിശീലന പരിപാടിയാണിത് 18 നും 35 നും മിടയിൽ പ്രായമുള്ള ആളുകൾക്ക് വിവിധ കൈതൊഴിലുകളിൽ പരിശീലനം നൽകുകയാണ്. ഇതുകൊണ്ടുദ്ദേശിക്കുന്നത് .മാത്രമല്ല. ഈ പദ്ധതിയിൽ തൊഴിൽ പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽപദ്ധതികളിൽ മുൻഗണന നൽകുന്നുമുണ്ട്. എന്നിരിക്കിലും ഈ രംഗത്തിലേക്ക് താല്പര്യപൂർവ്വം അധികം പേർ എത്തുന്നില്ല. ഇതിനുള്ള കാരണങ്ങളിൽ ഒന്ന് ഇത്തരം പദ്ധതികൾ പൊതുജനങ്ങളിൽ എത്തുന്നില്ലായെന്നതുതന്നെയാണ്. തളികുളം ബ്ലോക്കിൽ 1992 –96 കാലത്തി

നുള്ളിൽ കൽപണി ഇഞ്ചിനിയറിംഗ്, വർക്ക്സ് ഇലക്ട്രിക്കൽ, വയറിംഗ്, നെയ്ത് പ്രിന്റിങ്ങ് & കമ്പോസിങ്ങ്, തയ്യൽ, എംബ്രോയഡറി തുടങ്ങി തൊഴിൽ ലഭ്യതക്ക് സാധ്യതയുള്ള നിരവധി മേഖലഖളിൽ പരിശീലനം നൽകുകയുണ്ടായിട്ടുണ്ട്. എങ്കിലും ഇത്തരം പരിശീലനങ്ങളിൽ പങ്കെടുത്തശേഷം ആ തൊഴിലിൽ തന്നെ ഉറച്ച് നിന്നവരുടെയും വൈദഗ്ദ്യം പ്രകടിപ്പിച്ചവരുടെയും എണ്ണം വളരെ കുറവാണ്. താല്പര്യമുള്ള തൊഴിലുകളിൽ പരിശീലനം നേടാനും അതുപയോഗിച്ച് പുതിയ തൊഴിൽ സംരംഭങ്ങളിൽ ഏർപെടാനും നമ്മുടെ ചെറുപ്പക്കാരെ ബോധവത്കരിക്കുകയും അങ്ങനെ തയ്യാറാകുന്നവർക്ക് ആവശ്യമായ വായ്പകളും വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളും എത്രയും വേഗം ലഭ്യമാക്കാനുള്ള സഹചര്യങ്ങൾ ഔദ്യോഗിക തലത്തിൽ ഏർപെടുത്തുകയും ചെയ്യണം. ഇവ കൂടാതെ തൊഴിൽ ചെയ്യുന്ന ഗ്രാമീണ തൊഴിലാളികൾക്ക് നവീന ഉപകരണങ്ങൾ നൽകുന്ന പദ്ധതികളും ആരോഗ്യ പരിപാലനം ലക്ഷ്യ മാക്കികൊണ്ട് C.R.S.P.ലാട്രിനുകൾ നിർമ്മിച്ചുകൊടുക്കുന്ന പദ്ധതികളും നിലവിലുണ്ട്. ഈ പദ്ധതികളിലായി നിരവധി കുടുംബങ്ങൾക്ക് പ്രയോജനങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും ഈ പദ്ധതികളെല്ലാം വിഭാവനം ചെയ്യുമ്പോൾ ലക്ഷ്യമിട്ടിരുന്നതിന്റെ അരികി ലൊന്നും ഫലത്തിൽ ഇവക്ക് എത്തുവാൻ കഴിഞ്ഞിട്ടില്ല ചർച്ച നടത്തേണ്ടതും അവയുടെ അടിസ്ഥാനത്തിലുള്ള ഒരു ആസൂത്രിത ബോധവൽക്ക രണത്തിലൂടെ ഇത്തരം പദ്ധതികളിലെ ചോർച്ച തടയുവാൻ ഗുണഭോക്താക്കളെ സജ്ജരാക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്.

സമൂഹത്തിലെ നിർദ്ദനരായവർക്കുവേണ്ടി സർക്കാർ നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളിലൊന്നാണ് വിവിധ പെൻഷൻ പദ്ധതികൾ. ഇവയെ കുറിച്ചുള്ള ചർച്ചയിൽനിന്നു ഉരുത്തിരിഞ്ഞ വികാരം ഏറെ ഗൗരവം അർഹിക്കുന്നവയാണ്. സമൂഹത്തിന്റെ അതിദ്രുതമായ ഒഴിക്കിനൊപ്പം വിവിധങ്ങളായ കാരണങ്ങളാൽ എത്തുവാൻ കഴിയാത്ത അശരണർക്ക് ലഭിക്കുന്ന നാമമാത്രമായ പെൻഷനുകൾ പോലും, സമയത്തിനു അർഹരായ ഭൂരിപക്ഷത്തിന് ലഭിക്കുന്നില്ലായെന്നത് പ്രതിഷേധാർഹവു അടിയന്തിര ശ്രദ്ധ അർഹിക്കുന്നതുമാണ്. വർഷങ്ങളായി ഇത്തരം പെൻഷനുകൾക്ക് അപേക്ഷിച്ചിട്ടും നിരാശരായി ജീവിതം തള്ളിനീക്കുന്നവരുടെ ദു:ഖം ഗ്രാമസഭകൾ ഒന്നായി ഏറ്റെടുത്തുകഴിഞ്ഞു. പെൻഷൻ നൽകുന്ന വ്യവസ്ഥയിൽ കുടുംബവരുമാനത്തെകൂടി മാനദണ്ഡമാക്കിയിട്ടുള്ളത് മാറ്റണം എന്ന ശക്തമായ അഭിപ്രായം ഗ്രാമസഭകളിൽ ഉയരുകയുണ്ടായി.

## വിധവാപെൻഷൻ

ഈ അനുകൂല്യം ലഭിക്കുന്നവർ ഇന്ന് പഞ്ചായത്തിൽ ആകെ 138 പേർ മാത്രമാണ്. ഇതിൽനിന്നുതന്നെ അർഹതയുള്ളവരിൽ ഒരു ചെറിയ ശതമാനത്തിനു മാത്രമെ ഇത് ഉപകരിച്ചിട്ടുള്ളു എന്ന് ബോധ്യമാകുന്നു. ഈ നിയമത്തിന്റെ മറ്റൊരു ന്യൂനത ഇത് പ്രായപൂർത്തിയായ ആൺമക്കളുള്ള വിധവകൾക്ക് ലഭിക്കില്ല എന്നതാണ് .എന്നാൽ പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടായിട്ടും അവരുടെ സംരക്ഷണം ലഭിക്കാത്ത വിധവകളെകൂടി ഈ പെൻഷന്റെ പരിധിയിൽ പെടുത്തണമെന്ന് ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യം പരിഗണിക്കപെടേണ്ടതാണ്.

## വികലാംഗപെൻഷൻ

പഞ്ചായത്തിൽ ഇപ്പോൾ 180 ആളുകൾക്ക് വികലാംഗ പെൻഷൻ നൽകുന്നുണ്ട്. ഇവരിൽ പലർക്കും തങ്ങളുടെ



187

വികലാംഗത്വം സ്ഥിതീകരി ക്കുവാൻ ആവശ്യമായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇതിന് ഒരു പരിഹാരം കാണേണ്ടിയിരിക്കുന്നു.

വാർദ്ധക്യകാല പെൻഷൻ 64 പേർക്കും ക്ഷയരോഗി പെൻഷൻ 80 പേർക്കും കർഷക തൊഴിലാളി പെൻഷൻ 86 പേർക്കും പഞ്ചായത്തിൽനിന്ന് ലഭിക്കുന്നുണ്ട്.

കേന്ദ്ര ഗവ: പ്രഖ്യാപിച്ചിട്ടുള്ള നിർദ്ധനരായ ഗ്രാമീണജനതയെ സഹായിക്കുന്നതിനുവേണ്ടിയുള്ള വാർദ്ധക്യകാലപെൻഷനും കുടുംബനാഥന്റെ സ്വാഭാവിക മരണത്താൽ ലഭിക്കുന്ന 5000 രൂപ സാമ്പത്തിക അനുകൂല്യവും അപകടമരണമാണെങ്കിൽ ലഭിക്കുന്ന10000 രൂപയുടെ സാമ്പത്തിക സഹായവും പ്രസവത്തിനു മുമ്പും, പിമ്പും സ്ത്രീകൾക്ക് ലഭിക്കുന്ന 300 രൂപ സാമ്പത്തിക സഹായവും ഏറെ ഗുണകരമാണ്.

## അംഗൻവാടികൾ

സാമൂഹികരംഗത്ത് പുതിയ മാറ്റങ്ങൾക്ക് കളമൊരുക്കാവുന്ന 30 അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിലെ 13 വാർഡുകളിലായുണ്ട്. ഇവയിൽ സ്വന്തമായി കെട്ടിടമുള്ളവ വളരെ കുറച്ച് മാത്രമെയുള്ളൂ. കുട്ടികളുടെ മാനസികവളർച്ചക്ക് ഉപകരിക്കാവുന്ന കളിക്കോപ്പുകളുടെയും പോഷകാഹാരങ്ങളുടെയും കുറവ് ശ്രദ്ധിക്കപെടേണ്ടതാണ്. വളർന്നു വരുന്ന പുതിയ തലമുറക്ക് പുറംലോകത്തിന്റ അർത്ഥങ്ങൾ ആവാഹിക്കുവാനുള്ള സങ്കേതങ്ങളായ ഇവ കൂറെകൂടി ശാസ്ത്രീയമാക്കേണ്ടതാണ്. അംഗൻവാടികൾ കുട്ടികൾക്കെന്നപോലെ അമ്മമാർക്കും ഒത്തുചേരാനുള്ള വേദിയാണ്. സ്വന്തമായി സ്ഥലം നൽകുന്ന അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ തുക സർക്കാർ നൽകുന്നുണ്ട്. കൂടാതെ കെട്ടിടം പണിയുന്നതിന് പരമാവധി 5000 രൂപവരെ അനുവദിക്കാൻ പഞ്ചായത്തുകമ്മറ്റിയും തീരുമാനമെടുത്തിട്ടുണ്ട്. പൊതുജനപങ്കാളിത്തത്തോടെ പല സ്ഥലങ്ങളിലും അംഗൻവാടികൾക്ക് സ്ഥലമെടുക്കുന്നതിനായി കഴിയുന്നു എന്നത് ജനങ്ങൾക്ക് ഇതിനോടുള്ള താല്പര്യമാണ് കാണിക്കുന്നത്. കുട്ടികളെ യഥേഷ്ടം കള്ളിക്കാനുവദിച്ച് അതിലൂടെ മാനസികവളർച്ച് ലഭിക്കേണ്ടതിനായി ഉദ്ദേശിച്ചിട്ടുള്ള അംഗൻവാടികളിൽ ഒരിക്കലും കുട്ടികളെ അക്ഷരവും അക്കവും മറ്റും പഠിപ്പിക്കുവാൻ രക്ഷിതാക്കളും അദ്ധ്യാപകരും നിർബന്ധം പിടിക്കരുത്. ശാസ്ത്രീയമായ കാഴ്ചപാടിൽ അക്ഷരം പഠിപ്പിക്കാൻ പാടില്ലാത്ത പ്രായ ത്തിലാണ് കുട്ടികൾ അംഗൻ വാടിയിൽ വരുന്നത് .

പഞ്ചായത്തിൽ മൊത്തം 18 റേഷൻ കടകളും ഒരു മാവേലി സ്റ്റോറും ആണ് നിലവിലുള്ളത്. എടമുട്ടം സെന്ററിൽ ഏറെകാലം പ്രവർത്തിച്ചിരുന്ന റേഷൻകട ഇന്നിപ്പോൾ പാലപ്പെട്ടി വളവിലാണ്. ഇത് മൂലം എടമുട്ടം പ്രദേശത്തുള്ള വർക്ക് വളരെ ബുദ്ധിമുട്ടനുഭവ പെടുന്നുണ്ട് എന്ന അഭിപ്രായം ഗ്രാമസഭകളിൽ ഉയർന്നു വന്നു ഇതു. പരിഹരിക്കുന്നതിന് പ്രസ്തുത റേഷൻ ഷോപ്പ് എടമുട്ടം സൊസൈറ്റി ഏറ്റെടുത്ത് മേൽനോട്ടം വഹിച്ച് നടത്തേണ്ടതാണ്. റേഷൻ ഷോപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ചാവക്കാട് സപ്ലൈ ഓഫീസിൽ പോകേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി ഇത്തരം പ്രവർത്തനങ്ങൾക്കുള്ള അധികാരം പഞ്ചായത്തിന്ന് വിട്ടുകൊടുക്കണം പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ളവർക്ക് വലപ്പാട് സ്ക്കൂളിനടുത്തുള്ള മാവേലി സ്റ്റോറിൽ എത്തിപെടുക ശ്രമകരമായതിനാൽ എടമുട്ടം സെന്ററിൽകൂടി ഒരു മാവേലി സ്റ്റോർ തുടങ്ങുവാനുള്ള നടപടികൾ ഉണ്ടാ

കണം.

പഞ്ചായത്തിലെ ഉപഭോക്താക്കളെ ചൂഷ്ണ ത്തിൽ നിന്നും മോചിതരാക്കുന്നതിനായി നിലവിലുള്ള ഉപഭോക്തൃ സംരക്ഷണ സംഘടനകളെ ശക്തി പെടുത്തണം.

വിത്യസ്ത മേഖലകളിൽ ബന്ധപെട്ട് നിൽക്കുന്ന സാമൂഹ്യക്ഷേമപ്രവരത്തനങ്ങളെ കോർത്തിണക്കുകയും ചോർച്ചകൾക്കിടവരാത്ത വിധം ജനകീയ പങ്കാളി ത്തത്തോടെയും മേൽനോട്ടത്തോടെയും ഈ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്താൽ തീർച്ചയായും മാറി വരുന്ന സാഹചര്യങ്ങൾക്കൊപ്പം നിൽക്കുവാൻ ദാരിദ്രരേഖക്ക് താഴെയുള്ളവരെ പ്രാപ്തരാക്കുവാൻ കഴിയും .

| | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയരോഗ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ |
|---|---|---|---|---|---|---|
| 90 – 91 വരെ | 154 | 169 | 154 | 80 | 5 | 38 |
| 91 - 92 | 9 | 8 | 9 | 9 | 1 | 9 |
| 92 - 93 | 8 | 4 | 8 | 5 | 2 | 4 |
| 93 - 94 | 1 | - | 1 | 1 | - | 1 |
| 94 - 95 | 3 | 9 | 3 | 3 | - | 4 |
| 95 - 96 | 5 | 2 | 5 | 2 | - | 30 |
| ഇപ്പോൾ ലഭിക്കുന്നവർ | 180 | 138 | 180 | 64 | 8 | 86 |

1992 മുതൽ 96 വരെ 4 വർഷം പഞ്ചായത്തിൽ അനുവദിച്ച I.R.D.P. വായ്പകളുടെ വിവരം

| | ഗുണഭോക്താക്കളുടെ എണ്ണം | | | ആകെ ലോൺ | ആകെ സബ്സിഡി | S.C.ലോൺ | S.C. സബ്സിഡി |
|---|---|---|---|---|---|---|---|
| | മൊത്തം | S.c | Women | | | | |
| 92 - 93 | 79 | 48 | 37 | 4,98,211 | 2,71,888 | 2,27,012 | 1,80,041 |
| 93 - 94 | 77 | 45 | 50 | 6,03, 008 | 3,77,140 | 2,84,163, | 2,38,850 |
| 94 - 95 | 83 | 36 | 39 | 8,62,823 | 3,31,094 | 36,416 | 1,86,544 |
| 95- 96 | 70 | 40 | 43 | 13,92,738 | 3,63,161 | 7,79,910, | 2,69,723 |
| Total | 309 | 169 | 169 | 31,56,780 | 13,46,283 | 16,27,521 | 8,75,158 |

# സംസ്കാരം

ഒരു ജനതയുടെ സർവ്വതോന്മുഖമായ ജീവിത രീതികളുടെ അളവുകോലാണ് സംസ്കാരം. ഇതിനെ നിർണ്ണയിക്കുന്നതും, രൂപപ്പെടുത്തുന്നതും, നിരന്തരം നവീകരിക്കുന്നതും പുനർനിർമ്മിക്കുന്നതും നിരവധിയായ മണ്ഡലങ്ങളുടെ പ്രവർത്തനത്തിലൂടെയാണ്. സംഘർഷങ്ങളും സമന്വയങ്ങളും കൊള്ളകൊടുക്കലിലൂടെയുമാണ് സംസ്കാരം സമ്പന്നമാക്കപ്പെടുന്നത് .

പരമ്പരാഗത മൂല്യങ്ങൾ, ധാർമ്മികത, പരമ്പരാഗത തൊഴിലുകൾ, കൃഷിയും, കൊയ്ത്തുത്സവങ്ങളും, പാട്ടുകൾ, കളികൾ, കഥകൾ, മത്സ്യബന്ധനം, മതാചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിവാഹരീതികൾ, ആഹാരക്രമങ്ങൾ, വസ്ത്ര ധാരണം, സൗന്ദര്യ സങ്കല്പങ്ങൾ, ധാർമ്മികത, സദാചാര സങ്കല്പങ്ങൾ, കലാരൂപങ്ങൾ കായികരൂപങ്ങൾ,സാഹിത്യം എന്നിവയിലൂടെയെല്ലാം കിട്ടിയ ആർജ്ജിത സഞ്ചയമാണ് നമ്മുടെ ഗ്രാമീണ സാംസ്കാരിക തനിമ.

എല്ലാ ജാതി–മതസ്ഥരും ഇടതിങ്ങി ജീവിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ജാതി മത വിശ്വാസങ്ങൾ ഒരിക്കലും പൊതു കൂട്ടായ്മക്ക് തടസ്സം നിന്നിട്ടില്ല. മതസൗഹാർദ്ദം ശക്തമാണ്. നാളിതുവരെ നമ്മുടെ പഞ്ചായത്തിൽ വർഗ്ഗീയ സംഘട്ടനം നടന്നിട്ടില്ല.

ദേശീയ പ്രസ്ഥാനത്തിലേക്ക് നമ്മുടെ സംഭാവനയും പങ്കാളിത്തവും ഉണ്ടായത് ഈ പശ്ചാത്തലത്തിൽനിന്നാണ്. എങ്കിലും ശ്രദ്ധേയമായ സാംസ്കാരിക സ്ഥാപനങ്ങൾ രൂപം കൊണ്ടതായി കാണുന്നില്ല.

ഗൾഫ് പണത്തോടൊപ്പം ഒഴികിയെത്തിയ പുതിയ സാംസ്കാരിക പ്രശ്നങ്ങളും സ്വാധീനങ്ങളും ഗൗരവത രമാണ്. ആധുനിക ഉപഭോഗ സംസ്കാരവും പശ്ചാത്യ സാംസ്കാരിക മേധാവിത്വവും അപകടകരമായ വ്യതിയാനങ്ങൾ സൃഷ്ടിക്കുകയും -സാമൂഹ്യ സമാധാനവും, ബന്ധങ്ങളും, കുടുംബ പശ്ചാതലങ്ങളും, മത സാഹോദര്യവും, കൂട്ടായ്മയും, സദാചാരവും മെല്ലാം അപകട പെടുത്താൻ തുടങ്ങിയിട്ടുണ്ട്. ഇത്തരത്തിലുള്ള വിഭ്രാത്മകമായ അവസ്ഥയിൽ വളർന്നു വരുന്ന അരക്ഷിതബോധം, പുനഃരുത്ഥാന ചിന്തകൾ എന്നിവ കാണാതിരുന്നുകൂടാ. ക്ഷേത്രങ്ങളുടെ പുനഃരുത്ഥാരണവും, വലിയപള്ളികൾ പണി തീർക്കലു മെല്ലാം ഇതി ന്റെ പ്രതിഫലനമാണ്.

മോസ്ക്കുകളും, പള്ളികളും, ഹിന്ദു ക്ഷേത്രങ്ങളും, കുടുംബക്ഷേത്രങ്ങളും, പഞ്ചായത്തിലാകെ നിറഞ്ഞു നില്ക്കുന്നുണ്ട്. ഇവിടെയെല്ലാം തനതായ ഉത്സവങ്ങളും, ആഘോഷങ്ങളും നാനാവിഭാഗങ്ങളുടെ പങ്കാളിത്തത്തിൽ നടന്ന് വരുണ്ട്. ഇത്തരം ഉത്സവാഘോഷങ്ങൾ കൂടുതൽ സെക്കുലർ



ആകുന്നത് നല്ലതാണ്. നവോത്ഥാന ധാരകളെ ശക്തിപ്പെടുത്താൻ ഇത് സഹായ കമാകും,

അത്ഭുതകരമായ മാറ്റങ്ങ



189

ൾക്ക് വഴിതുറന്ന 20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ടെലിവിഷൻ, കമ്പ്യൂട്ടർ ഇന്റർനെറ്റ്, സിനിമ, അച്ചടി, വാർത്താവിനിമയം തുടങ്ങി ഇൻഫർമേഷൻ ടെക്കനോളജിയുടെ സ്ഫോടനാൽമകമായ വികാസം സമസ്ത സാംസ്കാരിക മണ്ഡലങ്ങളും അതിവേഗം അഴിച്ചുപണിയുകയാണ്.

പ്രാദേശികമായ സവിശേഷതകളിലും തനിമയിലും രൂപംകൊള്ളുന്ന സർഗ്ഗാവിഷ്കാരങ്ങൾ അന്യമാവുകയാണ്. ഉടുക്ക്, ചെണ്ട, നന്തുണിപാട്ട്, ഓടകുഴൽ, വീണ തുടങ്ങിയ ഉപകരണവാദ്യങ്ങളും, കുറത്തിയാട്ടവും, തിരുവാതിരകളിയും വിൽപാട്ടും, കളമെഴുത്ത്, ഐവർകളി, കോൽകളി, ചവിട്ടുനാടകം, മാർഗ്ഗം കളി, അറവനമുട്ട്, കുട്ടികളുടെ നാടൻ കളികൾ എല്ലാം അന്യം നിന്ന് പോകുകയാണ്. ഇതെല്ലാം ഒരു ജനതയുടെ സാംസ്കാരിക ത്വം നിലനിർത്താനുള്ളതും, മനുഷ്യബന്ധങ്ങൾ ശക്തിപെടുത്താനുള്ള അനിവാര്യ ഘടകങ്ങളും മാണ്.

നിരവധി പത്രങ്ങളും പ്രസിദ്ധീകരണങ്ങളും പഞ്ചായത്ത് പ്രദേശത്തുനിന്ന് പ്രചരിക്കുന്നുണ്ട്. അൽഹിന്ദ് എന്ന സായാഹ്ന പത്രം പഞ്ചായത്തിൽ നിന്ന് പ്രസിദ്ധീകരിക്കുന്നുണ്ട്.

കോതകുളം ബീച്ചിലെ സംസ്കാര സർഗ്ഗവേദി, വലപ്പാട് ബീച്ചിലെ ഭാരത് പാലപ്പെട്ടി ബീച്ചിലെ ന്യൂ വിജയകേരള, കഴിമ്പ്രത്തെ ടാസ്ക്, അഞ്ചങ്ങാടിയിലെ ലിഖിത,വലപ്പാട് നവധാര, ഭാവന, ആനവിഴുങ്ങിയിലെ എ.ബി.സി. , കരയാംവട്ടം മഹാത്മ, എടമുട്ടം കോതകുളത്തെ നാട്ടുകൂട്ടം, കഴിമ്പ്രം S.N.A.C.,വലപ്പാട് ഗ്രൗണ്ട് പ്രദേശത്തെ സരിമ എന്നിങ്ങനെ ധാരാളം കലാസാംസ്കാരിക സമതികൾ നിലവിലുണ്ട്. പലതിനും സ്വന്തമായ സ്ഥലവും കെട്ടിടവും ഉള്ളതാണ്.

വലപ്പാട് പഞ്ചായത്തു ലൈബ്രറി , സംസ്കാര ലൈബ്രറി, ന്യൂ വിജയ കേരള ലൈബ്രറി, ശ്രീനാരായണ ലൈബ്രറി എന്നിവയുടെ പ്രവർത്തനം നാമമാത്രമായി ചുരുങ്ങുകയാണ് . ശ്രീനാരയണ ലൈബ്രറിക്ക് അഫിലിയേഷൻ ഉണ്ടെങ്കിലും പ്രവർത്തന രഹിതമാണ്.

കഴിമ്പ്രം തിയ്യറ്റേഴ്സ് പ്രൊഫഷണൽ സംഘമാണ്-തകർച്ചയെ നേരിടുന്നു. ശാന്തിനഗർ നാടക സംഘം ഒരു അമേചർ നാടകസംഘമാണ്.

കായികമേഖലയും ജീർണ്ണാവസ്ഥയിലാണ്. ഫുഡ് ബോളേഴ്സ്, ഷട്ടിൽ ടൂർണ്ണമെന്റുകളും, പരിശീലന കേമ്പുകളും നിര ന്തരം സംഘടിപ്പിച്ചുവരുന്ന വലപ്പാട് ഫുഡ്ബോൾ അസോസിയേഷൻ, V.F.A. ക്ഷീണത്തിലാണ്. സംസ്ഥാന യുവജന മേളയിൽ വോളിബോൾ റണ്ണർ അപ്പ് ആയ കഴിമ്പ്രം സ്റ്റാർ ക്ലബിന്റ നിലയും ദുസ്ഥിതിയിലാണ്.

ക്രിക്കറ്റുമേളകൾ മാത്രമാണ് കൊണ്ടാടപ്പെടുന്നത് പടിഞ്ഞാറെൻ സ്വാധീനത്തിന്റെ കുത്തിയൊഴുക്ക് അത്രമാത്രം ശക്തമാണ്. ഇതു നമ്മുടെ സംഘബോധത്തെയും ഇഛാശക്തിയെയും കടപുഴക്കുകയാണ്.

കല-സാംസ്കാരി രംഗത്തെ ഈ അനാഥത്വത്തിന്റെ കാരണങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ലൈബ്രറികളും, വായനശാലകളും, ദുർബലപ്പെടുത്തുന്നതും തിരിച്ചറിയണം. കലാ സമതികൾ നാടിന്റെ ആത്മാവുകളാണ് . സംവാദങ്ങളും ചർച്ചകളും, ബോധവൽകരണ സംരംഭങ്ങളും, വാർഷികങ്ങളും, കവിയരങ്ങുകളും, നാടക ഉത്സവങ്ങളും, വീണ്ടും തുടങ്ങേണ്ടതിന്റെ ആവശ്യകത ഇവിടെ ഉദിക്കുന്നു. നവ സിനിമയും ക്ലാസിക്കുകളും നിരന്തര പ്രദർശിപ്പിക്കാനും സംവിധാനം വേണം.

മലയാള സാഹിത്യ ചെറുകഥാ പ്രസ്ഥാനത്തിലും ചലചിത്ര പ്രസ്ഥാനത്തിനും ഏറെ സംഭാവനകൾ നൽകിയ ഡി.എം. പോറ്റേക്കാട്, കുഞ്ഞുണ്ണി മാഷ്, സുരേഷ് പട്ടാലി, സുധീർ കാര്യാട്ട്, സിദ്ധിഖ് ഷെമീർ, പ്രേംകുമാർ മാരത്ത് ഹബീബ് വലപ്പാട് തുടങ്ങിയവർ

നമ്മുടെ പഞ്ചായത്തിൽ നിന്നു ഉദിച്ചുയർന്ന പ്രഗൽഭരാണ്. എങ്കിലും എ.സി. സാബുവും, തരംഗമുരളിയും, K.S.K. കഴിമ്പ്രവും, കഴിമ്പ്രം വിജയന്റെയും മെല്ലാം വേർപാട് വരുത്തിവെച്ച വിടവ് നികത്താനാവാത്തതാണ്.

കേരളോൽസവം പോലുള്ള മേളകൾ കൂടുതൽ ബോധപൂർവ്വം വിപുലമായി സംഘടിപ്പിക്കണം.

കലാസമിതികളുടെ പരാജയത്തിലേക്ക് ഒന്ന് വിരൽ ചുണ്ടാം. ഇവയെ പൊതു വെ ഇങ്ങനെ പറയാം .

1. ✿ സംഘങ്ങളിലെ ഐക്യമില്ലായ്മ .
   - ✿ തന്മൂലം ഗ്രൂപ്പ്തിരിഞ്ഞ് പോകൽ.
   - ✿ ഒരേ സ്ഥലത്ത് ഒന്നിലേറെ സംഘങ്ങൾ ഉടലെടുക്കും.
   - ✿ അവയൊക്കെ ഏറെ താമസിക്കാതെ യില്ലാതാവുന്നു.
2. ✿ ചെറുപ്പക്കാരിലുണ്ടായ അരക്ഷിതത്വബോധം
   - ✿ ഒന്നും നേരെ യാവില്ലെന്ന തോന്നൽ
   - ✿ തനിക്കൊന്നും ചെയ്യാനില്ലെന്ന ധാരണ
3. ✿ പുതിയ തലമുറയുടെ രുചി മാറ്റം
   - ✿ പഴമയെകുറിച്ചും പൈതൃകത്തെ കുറിച്ചുമുള്ള പഠനമില്ലായ്മയ.
   - ✿ സാമൂഹ്യബോധ മില്ലായ്മ.
4. ✿. തൊഴിൽപരമായ പ്രശ്നങ്ങൾ.
   - ✿ നിലനിൽപിന്റെ പ്രശ്നങ്ങൾ
5. ✿ അന്ധമായ രാഷ്ട്രീയ ഏറ്റുമുട്ടൽ
   - ✿ തിരിച്ചറിവിന്റെ അഭാവം
6. ✿ സമൂഹത്തിന്റെ ഇടപെടലില്ലായമ.
   ലക്ഷ്യബോധത്തിലേക്കുള്ള നായകത്വമില്ലായ്മ.
   - ✿ ഇലക്ട്രോക് മാദ്ധ്യമങ്ങളുടെ സ്വാധീനം .
   - ✿ സർവ്വോപരി സമൂഹത്തിന്റെ സ്വന്തം
   - ✿ ഭാഗദേയമെന്തെന്നറിയാത്തതു കൊണ്ടുള്ള ദുരന്തങ്ങൾ

## നിർദ്ദേശങ്ങൾ

1. കലാ സാംസ്കാരികം

✿ ഒരോ ഗ്രാമ സഭയിൽ ഒരോ സാംസ്കാരികസംഘടനക്ക് നേതൃത്വംനൽകുക.നിലവിലുള്ള ഒന്ന് ഏറ്റെടുക്കുയോ ചെയ്തു കൊണ്ട് അത് ഗ്രാമ സഭയുടെ അനിവാര്യതയാക്കി മാറ്റുക.

ഒരോസ്ഥലത്ത് ഓരേ സ്വഭാവമുള്ള ഒന്നിൽ കൂടുതൽ സംഘടനകൾ വരുന്നതിന് നിരുൽസാഹപെടുത്തുക.

✿ പഞ്ചായത്തിന്റ തെക്കു ഭാഗം കേന്ദ്രീകരിച്ച ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.

നിരന്തരം ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുക.

വിവിധ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് സാധ്യമായ സാമ്പത്തിക സഹായം നൽകുക. ഇങ്ങനെ ചെയ്യുമ്പോൾ കൃത്യമായ മോണിട്ടറിങ്ങ് നടത്താവുന്നതാണ്.

അന്യം നിന്നുപോയ കലകളും കളികളും പുനരാവിഷ്കരിക്കണം.

### ഗ്രന്ഥശാല-വായനശാല

✿ ഒരോ ഗ്രാമസഭയുടെ കീഴിൽ ഒരോ വായനശാല പ്രവർത്തിപ്പിക്കുക.

✿ സ്ക്കൂളുകളിൽ വായനശാല ഉണ്ടാക്കുകയും പ്രവർത്തന സജ്ജമാക്കുകയും ചെയ്യുക. P.T.A. യെ ഇതിനായി പ്രേരിപ്പിക്കാം.- ചുമതല ഏൽപ്പിക്കാം.

✿ പഞ്ചായത്ത് സാംസ്കാ രിക നിലയം മുഴുവൻ സമയം പ്രവർത്തിക്കുന്ന സ്ഥിതിയുണ്ടാക്കുക- ഫുൾ ടൈം ലൈബ്രറിയനെ നിയമിക്കു ക-പുതിയ പുസ്തകൾ വാങ്ങുക -ചർച്ചകൾ, സെമിനാറുകൾ, ബോധവൽകരണക്ലാസുകൾ തുടങ്ങിയവ നിരന്തരം സംഘടിപ്പിക്കുക.



190

✿ പഞ്ചായത്ത് ലൈബ്രറി നടത്തിപ്പിന് സബ് കമ്മറ്റി രൂപികരിക്കുക.

✿ വലപ്പാട് ചന്തയിൽ സ്ഥിതിചെയ്യുന്ന വാട്ടർ അതോറിറ്റി കെട്ടിടം പഞ്ചായത്ത് ഏറ്റിടുക്കയും സാംസ്കാരിക നിലയം-ലൈബ്രറിയും വായനശാലയും ഇതിലേക്ക് മാറ്റുകയും ചെയ്യുക. കെട്ടിടത്തിന് പുറത്ത് സിമന്റ് ബഞ്ചുകൾ സ്ഥാപിച്ചും. മറ്റും വായനക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുക.

✿ പഞ്ചായത്തിലെ എല്ലാ വായനശാലകൾക്കും രണ്ടു പത്രങ്ങൾ, ആനുകാലികങ്ങളും പഞ്ചായത്തിൽ നിന്ന് അനുവദിക്കുക.

✿ പഞ്ചായത്തിലെ ലൈബ്രറികൾക്ക് വർഷം തോറും 500 ക.യെങ്കിലും പുസ്തക ഫണ്ടായി നൽകുക.

## സിനിമ രംഗം

✿ പഞ്ചായത്ത് തലത്തിൽ ഒരു ഫിലിം സൊസൈറ്റി രൂപീകരിക്കുക.

✿ സിനിമ ശാലകളിൽ ബോധവൽക്കരണ ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കുക.

✿ ഒരു16 M.M. പ്രോജക്ടർ വാങ്ങി ക്ലാസിക്ക് സിനിമകളും പബ്ലിക്ക് റിലേഷൻ വകുപ്പിന്റെ സിനിമകളും പ്രദർശിപ്പിക്കുക.

✿ ബ്ലോക്ക് തലത്തിൽ മിനി തിയ്യറ്റർ സ്ഥാപിച്ച് നല്ല സിനിമകൾ പ്രദർശിപ്പിക്കാൻ ശ്രമിക്കണം.

# വനിത

പ്രതീക്ഷാനിർഭരമായ പങ്കാളിത്തവും ഉത്സാഹപൂർവ്വം നടത്തിയ ചർച്ചകളും കൊണ്ട് സമ്പന്നമായിരുന്നു. പഞ്ചായത്തിലെ വനിതാ ഗ്രൂപ്പ് ചർച്ചകൾ.

നല്ലരീതിയിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ ഇല്ലാത്തതിനാൽ വനിതകളുടെ പ്രശ്നങ്ങൾ മനസിലാക്കാനോ ചർച്ചചെയ്യാനോ കഴിയുന്ന ഒരു സംവിധാനവും ഇന്ന് നിലവിലില്ല. പൊതുവെ കരുതിവന്നിരുന്നതിൽനിന്നും വിത്യാസ്തമായി സ്ത്രീകൾ നേതൃത്വം നൽകുന്ന കുടുംബ ങ്ങളെകുറിച്ചുള്ള അറിവ് വിസ്മയം ജനിപ്പിക്കുന്നതായിരുന്നു പകുതിയിലേറെ വീടുകളിലെയും ഭരണ സാരഥ്യം സ്ത്രീക ൾക്കാണ്.

സ്ത്രീകളുടെ സാമൂഹികവും സംഘടനാപരവുമായ പ്രവർത്തനങ്ങൾ പൊതുവെ കുറവാണ്. എന്നുമാത്രമല്ല സംഘടനാ നേതൃത്വത്തിൽ സ്തീകൾക്കിന്ന് നാമമാത്രമായ പങ്കാളിത്തം മാത്രമാണുള്ളത്. സാമൂഹിക ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള ധാരണയില്ലായ്മ ,സ്ത്രീകൾ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപെടുന്നത് ആശാസ്യമല്ല എന്ന പരമ്പരാഗത ധാരണ, ഇത്തരം പ്രവർത്തനങ്ങൾക്ക് ഇറങ്ങാൻ കഴിയാത്തവിധം കാണാപണി കളുമായി കെട്ടുപിണഞ്ഞ കുടുംബാന്തരീക്ഷങ്ങൾ, സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഇറങ്ങുന്നവരെകുറിച്ച് അപവാദം പറയുന്ന സമൂഹത്തിന്റെ തെറ്റായ പ്രവണത, സ്വന്തമായി വരുമാനമില്ലായ്മ വിവേചനപരമായി കാര്യങ്ങൾ മനസിലാക്കുവാനും തീരുമാനമെക്കുവാനും നേതൃത്വപരമായ പങ്കുവഹിക്കുന്നതിനും , അഭിപ്രായങ്ങൽ രൂപപെടുത്തി മറ്റുളവർക്കുമുമ്പിൽ സമർപ്പിക്കുന്നതിനുള്ള കഴിവ്കുറവും സങ്കോചവും എന്നിവയാണ് ഇതിനുള്ള പ്രധാനകാരണങ്ങൾ.

പായ നെയ്ത്ത്, തയ്യൽ വേല, കൂലിവേല, ചകിരി തല്ലൽ, കെട്ടിടനിർമ്മാണം എന്നിങ്ങനെയുള്ള പലതൊഴിലുകൾ ചെയ്യുന്നുണ്ടെങ്കിലും എല്ലാകാലങ്ങളിലും തൊഴിലില്ലായെന്നുള്ളതും, ചില മേഖലകളിൽ ചെയ്യുന്ന തൊഴിലിന്ന് ശരിയായ കൂലി ലഭിക്കുന്നില്ലായെന്നുള്ളതും സത്യമാണ്. ഇതിനാൽ സ്ത്രീ കൾ പരമ്പരാഗത തൊഴിലുകൾ ഉപേക്ഷിച്ച് അധികം കൂലി ലഭിക്കുന്ന കെട്ടിട നിർമ്മാണത്തിലേക്കും മറ്റും തിരിഞ്ഞിരിക്കുന്നു.

വീടിനകത്തും പുറത്തും സ്ത്രീപുരുഷസമത്വമില്ല. കോളേജിൽ പോകുന്നത് കൂടുതലും പെൺകുട്ടികളാണ്. റെഡിമെയ്ഡ്, പ്രസ്സ്, ബേക്കറി, കുറികമ്പനികൾ, എന്നിവിടങ്ങളിൽ തൊഴിലെടുക്കുന്നത് മുഖ്യമായും സ്ത്രീകളാണ്. സാധനങ്ങൾ വാങ്ങാനും റേഷൻ കടകളിലും മാവേലി സ്റ്റോറുകളിലും ആശുപ ത്രിയിലും പോകാൻ നിർബന്ധിക്കപ്പെടുന്നത് കൂടുതലും സ്ത്രീകളാണ്. അധ്യാപന രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം നിർണ്ണായകമാണ്.

സ്ത്രീകളുടെ ഇടയിലുള്ള



തൊഴിലില്ലായ്മ പരിഹരിക്കാൻ സ്ത്രീകളുടെതായ കൂടുതൽ

തൊഴിൽയൂണിറ്റുകളും സഹകരണസംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള സാധ്യതകൾ ഏറെയാണ്. കയർ രംഗത്ത് സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും നാളികേരം ഉപയോഗിച്ച് സ്ത്രീകൾക്ക് നടത്താവുന്ന ചെറുകിട സ്ഥാപനങ്ങൾ തുടങ്ങുന്നതിനും പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

ഭർത്താവോ, ആൺമക്കളോ ഇല്ലാതെ നിരാലംബരായ സ്ത്രീകൾക്കും, ജന്മനാ രോഗികളായ കുട്ടികളെ ചികിത്സിക്കാൻബുദ്ധിമുട്ടുന്ന അമ്മമാർക്കും സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. .

വനിതകളുടെ സ്വയം തൊഴിൽസംരംഭം ഒരെണ്ണം മാത്രമാണ് പഞ്ചായത്തിൽ നിലവിലുള്ളത്. അത് 11 -ാം വാർഡിലാണ്. മദ്യപാനം മൂലംദുരിതമനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. ചാരായ നിരോധനം മൂലം അവർക്ക് ആശ്വാ സമുണ്ടെങ്കിലും സമ്പൂർണ്ണ മദ്യനിരോധനം ആവശ്യമാണ്. സ്ത്രീകൾക്ക് നേരെ അതിക്രമങ്ങൾ നടക്കുന്നു, സ്ത്രീധ നത്തിന്റെ പേരിൽ പീഢന മനുഭവിക്കുന്നു. നാണക്കേട് മൂലം സത്യം പുറത്തുപറയുന്നില്ല എന്നതാണ് സത്യം. സ്ത്രീധനം കർശനമായി നിരോധിക്കുകയും ആൺമക്കൾക്ക് സ്ത്രീധനം കണക്കുപറഞ്ഞു വാങ്ങുന്ന രീതിക്ക് മാറ്റം വരുത്തുകയും വേണം.

അംഗൻവാടികളുടെ പ്രവർത്തനങ്ങൽ നല്ലരീതിയിൽ നടത്തുന്നുണ്ടെങ്കിലും സ്വന്തം കെട്ടിടങ്ങളില്ലാത്തവ ധാരാള മുണ്ട്. എല്ലാ അംഗൻവാടികളിലും കുട്ടികൾക്ക് കളിക്കുന്നതിനും ബുദ്ധിവികസനത്തിനു തകുന്ന ഉപകരണങ്ങളും ലഭ്യമാക്കണം. എറെമുമ്പുതന്നെ ഇൻഡോർ കേന്ദ്രമാക്കിയുള്ള കസ്തൂർബാ കേന്ദ്ര പഞ്ചായത്തിലെ മൂന്നാംവാർഡിൽ സ്തുത്യർഹമായ പ്രവർത്തനം നടത്തിപോരുന്നു അവിടെയുള്ള ബാലവാടിയും സ്ത്രീകൾക്ക് വേണ്ടിയുള്ള മറ്റു പ്രവർത്തനങ്ങളും പ്രത്യേകം സ്മരിക്കപെടേണ്ടതാണ്.

## നിർദ്ദേശങ്ങൾ

സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രധാനമായി ചെയ്യേണ്ടത് സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുകയാണ് ഇതിനായി എല്ലാവാർഡിലും സ്ത്രീകൾക്ക് പ്രത്യേകമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം ഇതിനുപുറമെ പഞ്ചായത്തിലെ പട്ടികജാതിയിൽപെട്ടസ്ത്രീകളെ ഉൾകൊള്ളിച്ചുകൊണ്ട് പ്രത്യേകമായി തൊഴിൽസംരംഭങ്ങൾ ആരംഭിക്കണം സ്ത്രീകളുടെ നിയമപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേക വനിതാ സെൽ രൂപികരിക്കണം. അശ്ലീല പോസ്റ്ററുകൾ ഇല്ലാതാക്കുന്നതിനുവേണ്ട നിയമനടപടികൾ കൈക്കൊള്ളണം.

സ്ത്രീകളുടെ കർമ്മശേഷിയും സംഘടനാപാഠവവും വളർത്തിയെടുക്കാൻ വിദ്യാലയങ്ങളിലും കോളേജുകളിലും പുരോഗമനോഭാവ അധ്യാപകരെയും ഉൾപെടുത്തി ചെറുഗ്രൂപ്പുകൾ ഉണ്ടാക്കണം വാർഡുകൾ തോറും മഹിളാസമാജങ്ങൾ സംഘടിപ്പിക്കുയും അവയുടെ നേതൃത്വത്തിൽ താല്പര്യമുള്ളവർക്ക് പച്ചക്കറിവിത്തുകളും പൂകൃഷിക്കാവശ്യമായ ചെടികളും വളവും സബ്സിഡി നിരക്കിൽ നൽകുകയും അതിനായി ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽ വേണ്ടതായ നിർദ്ദേശങ്ങൾ കൊടുക്കുകയും വേണം. ബന്ധപ്പെട്ട ഉൽപ്പന്ന വിപണനത്തിന് സഹകരണസംഘങ്ങളും മാർക്കറ്റിംഗ് സംവിധാനവും രൂപികരിക്കണം.

പഞ്ചായത്തിലെ സ്ത്രീകൾക്ക് വിധവപെൻഷൻ, വാർദ്ധക്യപെൻഷൻ, വികലാംഗപെൻഷൻ എന്നിവ കൃത്യമായി നൽകുന്നതിനുള്ള സംവിധാനമുണ്ടായിരിക്കണം കുടുംബ ത്തിന്റെ ഉത്തരവാദിത്വം പൂർണ്ണമായി ഏറ്റെടു

ക്കേണ്ടിവരുന്ന വിധവകളുടെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണം

തൊഴിൽ രംഗത്ത് വ്യത്യസ്ത അഭിരുചിയുള്ളവരാണ്. ഇവരുടെ അഭിരുചിക്കനുസരിച്ച് ഇവർക്ക് തൊഴിലോ തൊഴിൽ പരിശീലനമോ നൽകേണ്ടത് അത്യാവിശ്യമാണ്. ഗ്രാമസഭകളിലെ സ്ത്രീ പങ്കാളിത്തം ഈ രംഗത്ത് പ്രത്യാശയുടെ സൂചനയാണ്.

മഹിളാസമാജങ്ങൾ ഇല്ലാത്തവാർഡുകളിൽ മഹിളാ സമാജങ്ങൾ രൂപികരിക്കുകയും അവയുടെ നേതൃത്വത്തിൽ സോപ്പ് നിർമ്മാണം മെഴുക് തിരി നിർമ്മാണം തുടങ്ങിയവ പ്രചരിപ്പിക്കുകയും വേണം.

വിവാഹബന്ധം വേർപ്പെടുത്തിയിട്ടുള്ള സ്ത്രീകളുടെ സുരക്ഷിതത്വത്തിന് പ്രത്യേക പദ്ധതികൾ വേണം.അവർക്ക് നിയമ പരീക്ഷ ഏർപ്പെടുത്തുകയും വേണം നിയമങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണം. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനും നേതൃത്വശേഷി മെച്ചപെടുത്തുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്ത് ശില്പശാലകളും ക്യാമ്പുകളും നിരന്തരം സംഘടിപ്പിക്കണം.

സ്ത്രീകൾ നേരിടുന്ന ഇന്നത്തെ പ്രധാനപ്രശ്നം വർദ്ധിച്ചുവരുന്ന സ്ത്രീധന സമ്പ്രദായമാണ്. ഇത് പാടെ ഇല്ലാതാക്കുന്നതിന് കർക്കശമായ നിയമനടപടികൾ രൂപപെടുത്തുകയും വിവാഹ ചിലവിന്റെ നിശ്ചിതശതമാനം പഞ്ചായത്ത് ഫീസായി ചുമത്തുകയും ഈ തുക സ്ത്രീകളുടെ ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടി മാത്രം ഉപയോഗിക്കുയും ചെയ്യണം.

ബ്ലോക്ക് ജില്ലാ പദ്ധതികളുമായി ബന്ധപെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ സംഘടിപ്പിക്കണം.

പപ്പടം കൊണ്ടാട്ടം, പരഹാരങ്ങൾ, അച്ചാറുകൾ എന്നിവയുടെ ഉൽപാദനം റെഡിമെയിഡ് തുകൽ ഉൽപന്നങ്ങൾ പേപ്പർകവർ, ബുക്ക് ബൈന്റിംഗ്, ഇലക്ട്രോണിക്, അസംബ്ലിങ്ങ്, സോപ്പുനിർമ്മാണയൂണിറ്റുകൽ, കോഴി വളർത്തൽ ,ആടുവളർത്തൽ, ക്ഷിരോൽപാദനങ്ങൽ ബാക്കറി തുടങ്ങിയ രംഗത്ത് ഒറ്റക്കും കൂട്ടായും സഹകരണാടിസ്ഥാനത്തിൽ സംരംഭങ്ങൾ ഉണ്ടാകണം.

ഓർക്കിഡ്, കുറ്റിമുല്ല, പച്ചക്കറി, പച്ചമരുന്നുകൾ, എന്നിവ വൻകിട രീതിയിൽ ഉൽപാദിപ്പിക്കാൻ സഹകരണപ്രസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കണം. ■



192

# സഹകരണ മേഖല

നമ്മുടെ പഞ്ചായത്തിൽ വളരെ കൊല്ലങ്ങൾക്കു മുമ്പു തന്നെ സഹകരണ മേഖലയുടെ സ്വാധീനം പല പ്രവർ ത്തനങ്ങ ളിലും കാണാവുന്നതാണ്. പ്രഥമ സഹകരണ സ്ഥാപന മായ വലപ്പാട് ഐക്യ നാണയസംഘം 1919 ലാണ് സ്ഥാപിതമായത്, പഴയ തലമു റയിലെ നാട്ടുപ്രമാണികളും ഉൽബുദ്ധകൃഷിക്കാരുമായ 25 ഓളം ആദ്യകാല സഹകാരി കളാണ് ഈ സംഘം സ്ഥാപി ക്കുന്നതിനും പ്രവർത്തനം സംഘടിപ്പിക്കുന്നതിനും നേതൃത്വം കൊടുത്തത്. എടമുട്ടം കേന്ദ്രമായുള്ള സംഘം 1921 ലും, കരയാംവട്ടം സംഘം 1927 ലു മാണ് നിലവിൽവന്നത്. ഈ സംഘങ്ങളാണ് പിന്നീട് കേരള സഹകരണ നിയമ മനുസരിച്ച് പ്രവർത്തിച്ചുവരുന്ന സർവ്വീസ് ബാങ്കുകളായി മാറിയത്. ഇതോ ടു കൂടി പ്രവർത്തന മേഖലകൾ വിപുലീകരിക്കപ്പെടുകയും അംഗങ്ങൾക്ക് കൂടുതൽ സേവ നം ലഭ്യമാകുകയും ചെയ്തു.

പഞ്ചായത്തിൽ വായ്പ, ഉൽപാദന, വിപണന, സംസ് കരണസർവ്വീസ് മേഖല കളി ലായി പത്തോളം സഹകരണ സംഘങ്ങൾ റജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തിവരുന്നു. അവയിൽ വായ്പ-സർവ്വീസ് മേഖലകളിൽ വലപ്പാട്, എടമുട്ടം, കരയാംവട്ടം എന്നീ സഹകരണ ബാങ്കുകളും , മത്സ്യ ക്ഷേമ സഹകരണസംഘം, മത്സ്യ തൊഴിലാളി സഹകരമ സംഘം, പട്ടികജാതി സഹക രണ സംഘം, സ്ക്കൂൾ കൺസ്യൂമർ സഹകരണ സംഘം എന്നിവ വിവിധ പ്രവർത്തന മേഖലയിൽ നിലനിൽക്കുന്ന സഹകരണ സ്ഥാപനങ്ങളാണ്. കരയാം വട്ടത്തുള്ള ക്ഷീരോൽപാദക സഹകരണസംഘം, കയർ വ്യവസായ സഹകരണസംഘം എന്നിവ ഇപ്പോൾ പ്രവർത്തന രഹിതങ്ങളാണ്, പട്ടിക ജാതി വനിത സഹകരണസംഘം എന്ന പേരിൽ റജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ പ്രവർത്തനം ഇനിയും ആരം ഭിച്ചിട്ടില്ല.

1946 – ൽ രൂപികൃതമായ നാട്ടിക ഫർക്ക. റൂറൽ ബാങ്ക്, 1986 ൽ രൂപംകൊണ്ട നാട്ടിക ഫർക്ക ഹൗസിങ്ങ് സൊസൈറ്റി എന്നിവയുടെ ആസ്ഥാനങ്ങൾ വലപ്പാട് പഞ്ചായത്തിൽ യഥാ ക്രമം വലപ്പാടും എടമുട്ടത്തു മാണ്.

വലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് പഞ്ചായ ത്തിന്റെ 1,2,3,4, 5, വാർഡു കളിലായി പ്രവർത്തിക്കുന്നു. കാർഷിക കാർഷികേതര ഹ്യ സ്വ-മദ്ധ്യ കാല വായ്പകൾ സ്വർണ്ണ പണ്ടപണയം ഗൃഹോപ കരണ വായ്പ ഓവർ ഡ്രാഫ്റ്റ് എന്നീ വായ്പകളും വിതരണം ചെയ്യുന്നു. ബാങ്കിന്റെ കീഴിൽ മൂന്ന് വിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. വളം കീടനാശിനികൾ എന്നിവയുടെ വിതരണവും കേരാഫെഡ്, കാപെക്സ് എന്നിവക്കുവേണ്ടി കൊപ്ര, കശുവണ്ടി എന്നിവ നിർദേശാനുസരണം സംഭരി ക്കാറുമുണ്ട്. ഓണചന്തയും ആ കാലയളവിൽ തുണി വ്യാപാ രവും നടത്താറുണ്ട്. ബാങ്കിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഉൾപെടു ത്തിയിരിക്കുന്ന പ്രവർത്ത നങ്ങൾ സാമാന്യം മെച്ചപെട്ട നിലയിൽ നടത്തിവരുന്നു. താലൂക്കിലെയും,ജില്ലയിലെയും ലാഭകരമായി പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കു കളിലൊന്നാണ് ഈ ബാങ്ക്.

കരയാം വട്ടം സർവ്വീസ് സഹകരണ ബാങ്ക് 6,7,8,13, വാർഡുകളിലായി പ്രവർത്തി ക്കുന്നു. വായ്പകളായി സാധാ രണ ഹൃസ്വമദ്ധ്യ കാല വായ്പ

കൾ, ഓവർഡ്രാഫ്റ്റ്, ഗൃഹോപകരണ വായ്പ, സ്വർണ്ണപണ്ട പണയം വളം കീടനാശിനി വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു. ഓണചന്തയും തുണിവ്യാപാരവും ബാങ്ക് നടത്തുന്ന മറ്റു പ്രധാനപെട്ട പ്രവർത്തനങ്ങളാണ്. കഴിഞ്ഞ കുറെകൊല്ലങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നതെങ്കിലും ഇപ്പോൾ ലാഭത്തിലാണ്.

എടമുട്ടം സർവ്വീസ് സഹകരണ ബാങ്ക് 9,10,11, 12, എന്നീ വാർഡികളിലാണ് പ്രവർത്തിക്കുന്നത് മധ്യകാല ഹൃസ്വകാല വായ്പകൾ ,ഓവർഡ്രാഫ്റ്റ്, സ്വർണ്ണ പണ്ട പണയം ,വളം കീടനാശിനി വിതരണം ഓണചന്ത തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സാമാന്യം ഭേദപ്പെട്ടനിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ഥാപനം ഇപ്പോൾ നഷ്ടത്തിലാണ്.

നാട്ടിക ഫർക്ക PCC ആയി രൂപം കൊള്ളുകയും പിന്നീട് നാട്ടിക ഫർക്ക സഹകരണ റൂറൽ ബാങ്കായി ഉയർത്തപ്പെടുകയും ചെയ്ത മണപുറത്തെ ഏറ്റവും പ്രധാനപ്പെട്ട സഹകരണസ്ഥാപനത്തിന് ഇപ്പോൾ പത്ത് പഞ്ചായത്തുകളിലായി പത്ത് ശാഖകളുണ്ട്. യുദ്ധാനന്തരകാലഘട്ടത്തിൽ ഈ പ്രദേശത്ത് ഉണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമകാലത്ത് റേഷൻ വിതരണ രംഗത്ത് വളരെ സ്തുത്യർഹമായസേവനമാണ് കാഴ്ചവെച്ചിട്ടുള്ളത്. ഈ പ്രദേശത്തിന്റെ (വികാസത്തിന്) അനിവാര്യമായിരുന്ന ചേറ്റുവ പാലം പണിക്കുവേണ്ടി P.CC. നടത്തിയ ശ്രമങ്ങൾ സ്ലാഘനീയമാണ്. അരി വ്യാപാരത്തിൽനിന്നുള്ള ലാഭം മദ്രാസ് ഗവൺമെന്റിൽ അടക്കുകയും, ഈ തുക ചേറ്റുവ പാലംപണിക്കുപയോഗിക്കണമെന്ന കരാർ ഗവൺമെന്റിനെ കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾക്കെല്ലാമാണ് നേതൃത്വം കൊടുത്തിരുന്നത് പ്രസിഡണ്ടായിരുന്ന ശ്രീ. എ.പി. രാമൻ അവർകളായിരുന്നു. ഇന്ന് പ്രസ്തുത അരി വ്യാപാരം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും പൊതു വിതരണ രംഗത്ത് സുപ്രധാനമായ പ്രവർത്തനം നടത്തുന്ന ഈവ്യാപരത്തെ നഷ്ടത്തിൽനിന്ന് കരകയറ്റുന്നതിനുള്ള കൂട്ടായ ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. ഹൃസ്വകാല മധ്യകാല വായ്പകൾക്ക് പുറമെ ഓവർഡ്രാഫ്റ്റ് എന്നിവയും വിതരണം ചെയ്തുകൊണ്ട് മെച്ചപ്പെട്ട പ്രവർത്തനം നടത്തുകയും ലാഭത്തിൽ പ്രവർത്തിക്കുകയും ചെയ്യണം.

1986 ൽ ആരംഭിച്ച നാട്ടിക ഫർക്ക ഹൗസിങ്ങ് സൊസൈറ്റി ദുർബല, താഴ്ന്ന ഇടത്തര വരുമാനക്കാരുടെ ഭവന നിർമ്മാണത്തിനായി വായ്പകൾ നല്കി വരുന്നു. പഞ്ചായത്ത് പരിധിയിലാണ് സ്ഥാപനത്തിന്റെ ആസ്ഥാനം എന്നതുകൊണ്ട് പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൽ സമീപിക്കു ന്നുണ്ടെങ്കിലും അപേക്ഷയും ആവിശ്യവും മതിയായ രീതിയിൽ നിറവേറ്റപെടുന്നില്ല.

1984 ൽ ആരംഭിച്ച പട്ടിക ജാതി സഹകരണസംഘം ഹൃസ്വകാല മധ്യകാല വായ്പകൾകുപുറമെ ബീഡി നിർമ്മാണവും കാർഷിക ഉപകരണ മായ ട്രില്ലറിന്റെ സേവനവും നടത്തിയിരുന്നു. വായ്പ കുടിശിക കൊണ്ട്, സാമ്പത്തിക സഹായത്തിന്റെ പരിമിതി കൊണ്ടും ഇന്ന് അത്തരം പ്രവർത്തനങ്ങൾ നടക്കുന്നില്ല . തൊഴിൽ പരിശീലന രംഗത്ത് ഒരു പുതിയ കർമ്മ പദ്ധതിക്ക് ഇപ്പോൾ തുടക്കം കുറിച്ചിട്ടുണ്ട്.

**പട്ടിക :-**

**പ്രാഥമിക സഹകരണ സർവ്വീസ് ബാങ്കുകൾ**

| ബാങ്ക് | അംഗങ്ങൾ | പ്രവർത്തന മൂലധനം | ജീവനക്കാർ |
|---|---|---|---|
| വലപാട് | 6000 | 150 ലക്ഷം | 9 |
| കരയാംവട്ടം | 4269 | 101 ലക്ഷം | 6 |
| എടമുട്ടം | 5885 | 75 ലക്ഷം | 6 |



193

## പ്രശ്നങ്ങൾ

വിവിധ ഉല്പാദന നിർമാണ, സേവന മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. തന്മൂലം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാമ്പത്തികാഭി വൃദ്ധി കൈവരിക്കുന്നതിനും കഴിയുന്നില്ല.

വായ്പാകുടിശ്ശിക ബാങ്കുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നു.

സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ നിക്ഷേപകർ ആകർഷിക്കപ്പെടുന്നതിനാൽ സഹകരണ ബാങ്കുകളിൽ നിക്ഷേപം വർദ്ധിക്കുന്നില്ല .

ചിട്ടി നിയമതിന്റെ വ്യവസ്ഥകൾ കുറി ലാഭകരമാക്കാൻ കഴിയുന്നില്ല.

കാർഷിക വായ്പകൾ കുറഞ്ഞ പലിശയിൽ നല്കുന്നതിനായി കഴിയുന്നില്ല.

കർശന മായ നിയമവ്യവസ്ഥകൾ മൂലം സഹകരണ കാരിക്ക് സമയ ദൈർഘ്യവും ചെലവുകളും സഹകരണ സ്ഥാപനങ്ങളിൽ നേരിടുന്നു.

## സാധ്യതകളും നിർദേശങ്ങളും

കാർഷിക ആവശ്യങ്ങൾക്കായി ദീർഘകാല വായ്പകൾ വിവിധ കേന്ദ്ര ഏജൻസികളിൽ നിന്നും ലഭിക്കുന്നതിലേക്കായി പ്രാഥമിക സർവ്വീസ് ബാങ്കുകളെ സംയോജിപ്പിച്ച് ഒരു കാർഷിക വികസന ബാങ്കായി ഉയർത്തേണ്ടതാണ്.

നാളികേര ഉല്പന്നങ്ങൽ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി കോക്കനട്ട് ഗ്രോവേഴ്സ് സഹകരണ സംഘം രൂപികരിക്കേണ്ടതാണ്.

സ്ത്രീകളുടെയും കുടുംബത്തിന്റെയും, വരുമാനം വർദ്ധിപ്പിക്കുന്നത്തിന് കോഴി ,താറാവ്, തുടങ്ങിയ പക്ഷികളെ വളർത്തുന്നവർക്കായി വനിതാ പൗൾട്രി സഹകരണ സംഘം രൂപികരിക്കണം.

ഉൾനാടൻ മത്സ്യ ഉല്പാദക സഹകരണ സംഘം രൂപികരിച്ച് കുളം, തോട്, തുടങ്ങി യ ജലാശയങ്ങളിൽ മത്സ്യ കൃഷി നടത്തണം.

ചുരുങ്ങിയ ചെലവിൽ വീടുകൾ നിർമ്മിക്കുന്നതിന് വായ്പകൾ അനുവദിക്കുന്നതിനും, മറ്റു ഏജൻസികളിൽനിന്ന് വായ്പ സൗകര്യപെടുത്തുന്നതിനും ഒരു ഭവന നിർമ്മാണ സഹകരണ സംഘം പഞ്ചായത്തു പരിധിയായി രൂപികരിക്കേണ്ടതാണ്.

അസംസ്കൃത വസ്തുക്കളും, തൊഴിലും കരാർ വ്യവസ്ഥയിൽ വിതരണം ചെയ്യുന്നതിന് മെറ്റിരിയൽ & ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രൂപികരിക്കാൻ കഴിയണം ഇത്തരം സഹകരണ സ്ഥാപനത്തിന്റെ ക്വട്ടേഷനുകൾ മറ്റുളവരുടതിൽ നിന്ന് 5% വരെ കൂടുതലായാലും പഞ്ചായത്തി രാജ് സ്ഥാപനങ്ങളും മറ്റു സർക്കാർ സ്ഥാപനങ്ങളും അത് അംഗീകരിക്കേണ്ടതാണ്.

ഇലക്ട്രീഷൻമാർ, പ്ലമ്പർമാർ, കാർപെന്റർമാർ, മോട്ടോർവൈന്റിങ്ങ് & റിപ്പയറിങ്ങ്, തുടങ്ങിയ വിധഗ്ത തൊഴിലാളികളെ സംഘടിപ്പി ക്കുന്നതിന് തല്പരരായ യുവാ ക്കാളെ പരിശീലി പ്പിക്കാനും ഒരു വില്ലേജ് ടെക്ക്നീ ഷൻസ് സഹകരണസംഘം രൂപികരിക്കാൻ കഴിയണം.

ഗ്രാമീണ യുവതികൾക്ക് തൊഴിലുണ്ടാക്കുന്നതിന്റെ ഭാഗമായി അച്ചാറുകൾ, ഉപ്പേരികൾ, മറ്റു വറവു വസ്തുക്കൾ എന്നിവ ഉണ്ടാക്കുന്നവർക്കു വേണ്ടി ഒരു വനിതാ സഹകരണ സംഘം രൂപികരിക്കാൻ കഴിയണം.

ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും സംഭരണ-സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്തു പ്രദേശത്ത് വിപുലമായ

അംഗത്വത്തോടുകൂടി രണ്ട് ക്ഷീരോല്പാദക സഹകരണ സംഘം സ്ഥാപിക്കണം.

ജില്ലാബാങ്ക്, ഭൂപണയ ബാങ്ക് മുതലായ കേന്ദ്ര സഹകരണ ബാങ്കുകളും മറ്റു വായ്പാ ബാങ്കുകളും നൽകുന്ന വായ്പാ സംബന്ധമായ പ്രമാണങ്ങളുടെ പരിശോധനയും റിപോർട്ടിങ്ങും പ്രാഥമിക സർവ്വീസ് സഹകരണ സ്ഥാപനങ്ങളെ നിയോഗിക്കണം. തന്മൂലം ഗുണഭോക്താക്കളുടെ സമയവും അനാവശ്യ ചെലവുകളും ലഘൂകരിക്കാൻ കഴിയും .

വായ്പാ ആവശ്യങ്ങൾക്കായി പ്രമാണങ്ങൾ റജിസ്റ്റർ ചെയ്യുന്നതിനുപകരം ദേശാൽകൃത ബാങ്കുകളേതുപോലെ പ്രത്യേകം നിയോഗിക്കുന്ന സമീപത്തുള്ള കേന്ദ്ര സംഘങ്ങളിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കണം.

ചിട്ടിനിയമത്തിന്റെ പരിധിയിൽനിന്നും സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന രണ്ട് ലക്ഷം വരെ സാലയുള്ള കുറികളെ ഒഴിവാക്കേണ്ടതാണ്. അതേ സമയം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന പണമിടപാടുസ്ഥാപനങ്ങളിൽ ചിട്ടിനിയമം കർശനമാക്കണം.

പഞ്ചായത്തു പ്രദേശത്ത് വിവിധ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ സഹകരണ സംഘങ്ങളെയും മോണിറ്റർ ചെയ്യുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തു തലത്തിൽ സഹകരണ സർക്കിൾ/സെൽ രൂപികരിക്കാൻ കഴിയണം.

സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങൾ സ്റ്റേഷനറികൾ, യൂണിഫോം എന്നിവ വിതരണം ചെയ്യാൻ കഴിയുന്ന രീതിയിൽ സ്കൂൾ സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയണം. സംഘത്തിന്റെ പ്രവർത്തനം ഇല്ലാത്ത സ്കൂളുകളിൽ സമയബന്ധിത മായി സംഘങ്ങൾ സ്ഥാപിക്കാൻ കഴിയണം.

സ്ത്രീകൾക്ക് സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഓർക്കിഡ്, അന്തൂറിയം, കുറ്റിമുല്ല എന്നിവയുടെ ഉല്പാദനം വിപണനം എന്നിവ നടത്തുന്നതിനായി ഫ്ളോറികൾച്ചർ സൊസൈറ്റി രൂപികരിക്കേണ്ടതാണ്.

വികേന്ദ്രീകരണത്തിനും ഇടത്തട്ടുക്കാരുടെ അനിയന്ത്രിതമായ ചൂഷ്ണത്തിനുമുള്ള പ്രതിവിധിയായി വിഭാവനം ചെയ്യപ്പെട്ട ഒരു സംഘടനാ സംവിധാനമാണ് സഹകരണ പ്രസ്ഥാനം. അതേ സമയം പലമേഖലകളുലും സഹകരണ പ്രസാഥാനം ഇന്ന് വഴിമുട്ടി നില്ക്കുകയാണ് എന്നതാണ് യഥാർത്ഥ്യം. അസംഘടിത തൊഴിൽ മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലും കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന്. സഹകരണ സംഘങ്ങൾ രൂപീകരിക്കുകവഴി പ്രത്യക്ഷവും പരോക്ഷവുമായ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുകയും സാമ്പത്തികാഭിവൃദ്ധി കൈവരിക്കുകയും എന്നുള്ളതായിരിക്കണം ലക്ഷ്യം.

# പട്ടികജാതി ക്ഷേമം

**പ**ഞ്ചായത്തിൽ ആകെ 1262 പട്ടികജാതി കുടുംബങ്ങൾ താമസിച്ചുവരുന്നു. ജനസംഖ്യയുടെ 16% പട്ടികജാതി വിഭാഗക്കാരാണ് ഒരു വലിയ ശതമാനം കുടുംബങ്ങളും ഈ വിഭാഗക്കാരുടെ കോളനികളിലാണ് താമസിക്കുന്നത്. പട്ടിജാതി വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ നമ്മുടെ പഞ്ചായത്തിന്റെ പൊതു സ്ഥിതിയിൽ അടിയന്തിരഇടപെടൽ ആവശ്യമായ ഘടകമാണ്. സാമൂഹ്യ സാമ്പത്തിക മേഖലകളിലും വിദ്യാഭ്യാസരംഗത്തും വേണ്ടത്ര പുരോഗതികൈവരിച്ചിട്ടില്ല. ജീവിതത്തിന്റെ പുറം പോക്കുകളിൽ ജാതി അപമാനങ്ങളും ദുരിതങ്ങളും സഹിച്ചുതന്നെ ഇപ്പോഴും കഴിയേണ്ടിവരുന്ന ഈ വിഭാഗക്കാർ കുടികിടപ്പവകാശവും, മിച്ചഭൂമിയും, ലക്ഷം വീടുകളും വന്നതിനുശേഷം മാത്രമാണ്. ഇന്നത്തെ നിലയിലേക്കുതന്നെ ഉയർന്നത് .

വേണ്ടത്ര അറിവില്ലാത്തതിനാലും പദ്ധതികളുടെ നിബന്ധനകളും നിയന്ത്രണങ്ങളും കാരണത്താലും ഈ വിഭാഗത്തിന്റെ പദ്ധതി ലക്ഷ്യം നേടാറില്ല. ആസൂത്രണത്തിലും വിഭവങ്ങളിലും ഇടപെടാൻ കൈവന്ന ജനകീയാസൂത്രണസംവിധാനം ഈ വിഭാഗത്തിന് പുതിയ പ്രതീക്ഷകൾ നൽകിയിരിക്കയാണ്.

## വിദ്യാഭ്യാസം

അപവാദങ്ങളുണ്ടെങ്കിലും വേണ്ടത്ര പുരോഗതി വിദ്യാഭ്യാസരംഗത്തുണ്ടായിട്ടില്ല. നിരക്ഷരർ ഇപ്പോഴുമുണ്ട്. എസ്സ്.എസ്.എൽ.സി.ക്കുമിതെ പടിക്കുവാൻ കുട്ടികൾക്ക് വേണ്ടത്ര അവസരമില്ല താൽപര്യവും കുറവ്. പലരക്ഷിതാക്കൾക്കും ഇക്കാര്യത്തിൽ ശ്രദ്ധയുമില്ല. കുടുംബ സാഹചര്യങ്ങൾ മൂലം കുടുംബത്തിന് വരുമാനത്തിനായി പഠനം നിർത്തേണ്ടി വരുന്ന കുട്ടികളുണ്ട്. വിദ്യാസമ്പന്നരായ ആളുകളെ പ്രയോജനപെടുത്തി വേണ്ടത്ര ബോധവൽകരണപരിശ്രമങ്ങൾ നടത്തണം. ആവശ്യമായ യൂണിഫോം, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കണം. സംഘടിതമായും വ്യാപക മായും ട്യൂഷൻ ഏർപെടു ത്തണം.

XII-ാം വാർഡിലെ പനച്ചിച്ചോട് കോളനിയിൽ അംഗൻവാടി അതിക്രമിച്ച് വീട് വെച്ചവരെ മാറ്റിപാർപ്പിക്കണം അല്ലെങ്കിൽ അംഗൻവാടി മാറ്റി സ്ഥാപിക്കണം. ഇത് ഗൗരവപ്പെട്ട സാംസ്കാരിക പ്രശ്നമായിരിക്കെയാണ് പട്ടികജാതി ക്ഷേമ ബോർഡിന്റെ സഹായത്തിൽ 8-ാം വാർഡ് നെറ്റിക്കോട് കോളനിയിൽ ഒരു അംഗൻവാടി സ്ഥാപിക്കണം.

## തൊഴിൽ

ഭൂരിപക്ഷം പേരും തലമുറകളായി മണ്ണിൽ പണിയെടുക്കുന്നവരാണ്. എന്നാൽ കാർഷികമേഖലയിലെ തകർച്ച ഇവരെ മറ്റുമേഖലകളി ലേക്ക് പോകാൻ നിർബന്ധി തരാക്കുകയാണ്. ഇതിൽ ഭൂരി പക്ഷവും ചെന്നു പെട്ടിരിക്കുന്നത് കെട്ടിട നിർമ്മാണ മേഖലയിലാണ് ഈ മേഖലയിൽ സ്ത്രീക്ക് 80 രൂപയും പുരുഷന് 130 രൂപയും നിലവിലുണ്ട്. കാർഷികമേഖലയിൽ വർഷത്തിൽ 100 ദിവസം മാത്രമാണ് തൊഴിൽ കിട്ടുക. തമിഴ്നാട്ടിൽ നിന്നുള്ളവർ പഞ്ചായത്തിന്റെ പലഭാഗത്തും ഇത്തരം ജോലികൾ

ചെയ്തുവരുന്നുണ്ട്. വീട്ട്ജോലിക്കും ചെറുകിട കാർഷിക വൃത്തിക്കും നാടാൻ പണിക്കാരെ കിട്ടാതാവുന്നുണ്ട്. പണിയായുധങ്ങളും തൊഴിൽ സംവിധാനങ്ങളും ലഭ്യമാക്കണം. ഇവർക്ക് പൊതുവെ കർഷകരുമായി നല്ലബന്ധമാ ണെങ്കിലും തെങ്ങ് കയറ്റമേഖലയിൽ ചിലപ്രശ്നങ്ങൾ ഉണ്ടാകാറുണ്ട് കാർഷികമേഖലയിൽ കൂടുതൽ തൊഴിൽ ഉറപ്പാക്കുകയും പുതിയതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും വേണം തൊഴിൽ വൈദഗ്ദ്യം പോഷണ പരിപാടികളും പരിശീലനങ്ങളും വേണം.

## പാർപ്പിടം

ഈ വിഭാഗത്തിൽ പെടുന്ന ഭൂരിഭാഗം പേരുടെയും ജീവിതം ദുരിതപൂർണ്ണമാണ് 40 % ശതമാനം കുടുംബങ്ങൾ വെള്ളകെട്ടിലും ചതുപ്പു നിലങ്ങളിലുംമാണ് ജീവിക്കുന്നത് മാനത്ത് മഴക്കാറ്വന്നാൽ കാലി തൊഴുത്തു പോലെയാകുന്ന അവസ്ഥ സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ മെല്ലെമെല്ലെ സ്ഥിതി മെച്ചപെടുത്തുന്നുണ്ട്. ധാരാളം പ്രദേശങ്ങൾ മണ്ണടിച്ച് താമസ യോഗ്യ മാക്കേണ്ടതുണ്ട്. വെ ള്ളംഒഴിഞ്ഞു പോകാനുള്ള തോടുകൾ ഉണ്ടാക്കണം കുടുംബങ്ങൾ വെറും ചാളകളിലാണ് താമസിക്കുന്നത് .

10 സെന്റിൽ 4 കുടുംബങ്ങൾ വരെ താമസിക്കുന്ന സ്ഥിതിയുണ്ട് ഇവരുടെ കുടിവെള്ളവും കക്കൂസുമെല്ലാം പ്രശനമാണ്. സ്വന്തമായി ഭൂമിയില്ലാ ത്ത 100 ൽ പരം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട് ഈവിഭാഗ ത്തിന്റെ പ്രത്യേക പ്രശ്നമാ ണിത് ഭാവിയിൽ ഇത്തക്കാരുടെ എണ്ണം കൂടാൻ ഇടയുണ്ട്.

വീട്നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പണിപൂർത്തിയാകാതെ കിടക്കുന്നുണ്ട്. ഭൂമിയില്ലാത്തവർക്ക് മൂന്നോ നാലോ സെന്റ് സ്ഥലവും അതിൽ വീടും വെച്ച് കൊടുക്കണം .പട്ടയംകിട്ടിയിട്ടില്ലാത്തവർക്ക് പട്ടയം കൊടുക്കണം രണ്ട് കുടുംബങ്ങൾ ഒന്നിച്ചുതാമസിക്കുന്ന ലക്ഷംവീട് പ്രത്യേക വീടുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കണം.

ഭൂരിപക്ഷം പട്ടികജാതി വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല. അടുത്ത 5 വർഷത്തിനകം മുഴുവൻ വീടുകളും വൈദ്യുതികരിക്കണം. കുടുതൽ വീട്ടുകാർ താമസിക്കുകയും വഴിയില്ലാതിരിക്കുകയും ചെയ്യുന്ന നെറ്റിക്കോട് ,പൊക്കാച്ചേരി കോളനികളിലേക്ക് റോഡ് ഉണ്ടാക്കണം .

കോളനികളായി പ്രഖ്യാപിച്ചിട്ടില്ലാത്ത പ്രദേശങ്ങൾ കോളനികൾ ആക്കണം. ഇതിനു നിലവിലുള്ള നിയന്ത്രണങ്ങളും തടസങ്ങളും ഇല്ലാതത്താക്കണം.

## ആരോഗ്യം

വ്യാപകമായ പോഷകഹാരകുറവ് ഈ വിഭാഗത്തിലെ കുട്ടികൾളും ഗർഭിണികളും നേരിടുന്നുണ്ട് സമീകൃതഹാരം എന്ന വിധമല്ല ഇവരുടെ ഭക്ഷണരീതി ,സാമ്പത്തിക കാരണങ്ങളാൽ ആധുനിക ചികിത്സാസംവിധാനങ്ങൾ അപ്രാപ്യമാണ് സാംക്രമിക രോഗങ്ങൾ ഭീഷണിയാണ്.

## കൃഷി

ഈ വിഭാഗത്തിൽ പ്പെട്ടവർക്ക് സ്വന്തമായി കൃഷി അപൂർവ്വമാണ് നിലവിലുള്ള ഭൂപരിധികൾ, 30,40 സെന്റ്, ഫലത്തിൽ ഈ വിഭാഗത്തിന്റെ അവസരങ്ങൾ, ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ്. ഭൂമി തരിശിടുന്ന ഭൂവുടമകളുമായി സഹകരിച്ച് ധാന്യവിളകളും കൂട്ടായ കൃഷി രീതികളും വളർത്തിയെടുക്കാനാകും



195

.കൃഷി ഭവനിൽനിന്ന് അർഹരായവർക്ക് മാത്രം വളംനൽകിയാൽമതി

### പെൻഷൻ

വിവിധയിനം പെൻഷനുകൾക്ക് അർഹതയുള്ള നിരവധിപേർക്ക് പെൻഷൻകിട്ടുന്നില്ല. അത് ലഭ്യമാക്കണം .

### വിവാഹസഹായങ്ങൾ

പട്ടികജാതി വിഭാഗത്തിൽ പെട്ടവരുടെ സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ ഈ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിൽ പ്രയാസമുണ്ടാക്കുന്നുണ്ട്. വിവാഹ ചിലവുകൾ നടത്താൻ വരുന്ന സാമ്പത്തിക ബാധ്യതകൾ പ്രശ്നമാണ് . ഇത്തരക്കാർക്ക് നിലവിലുള്ള വിവാഹധനസഹായം അപര്യാപ്തമാണ് അത് കാലാനുസൃതമായി പരിഷ്കരിച്ച് ലളിതമായ രീതിയിൽ ലഭ്യമാകണം.

### മരണാനന്തരസഹായങ്ങൾ

ഈ വിഭാഗത്തിൽ പെട്ടവർക്ക് മരണാനന്തര സഹായവും അത്യാവശ്യമാണ്. കുടുംബനാഥന്റെ മരണം അല്ലെങ്കിൽ ഏറ്റവും ദുരിതം സഹിക്കുന്ന വീടുകളിലെ മരണം തുടങ്ങിയ സന്ദർഭങ്ങളിൽ അർഹരായവർക്ക് സാമ്പത്തികസഹായം കിട്ടുന്നത് നല്ലതാണ്. അപകടമരണം സംഭവിച്ചാൽ എളുപ്പത്തിൽ സഹായം കിട്ടണം. പൊതുശ്മശാനത്തിൽ ശവം ദഹിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം. പഞ്ചായത്തിലെ തെക്കൻ ഭാഗത്തുള്ളവർക്ക് മുഴുവൻ ഉപയോഗിക്കാവുന്ന വിധത്തിൽ കോഞ്ചാത്ത് ശ്മശാനം അനുവദിക്കണം. ഈ ഭാഗത്ത് ഭൂമിയില്ലാത്തവർക്കും പാളകളിൽ താമസിക്കുന്നവർക്കും ശവം മറവുചെയ്യാൻ സൗകര്യമില്ലായെന്നതോർക്കണം ശവം മറവ് ചെയ്യുന്നതിന് വലപ്പാട് ബീച്ച് പൊതു ശ്മശാനത്തിലേക്കുള്ള ദൂരം മുഴുവൻ ശവം ചുമന്നുകൊണ്ട് പോകലാണ് ദുഷ്കരമായിട്ടുള്ളത് ഇത് മറ്റൊരു വിഭാഗത്തിനുമില്ലാത്ത ദുരന്തമാണ്. അവമാനത്തിലും കടത്തിലും ജീവിചുമരിചാലും തീരാത്ത ഈ ദുരിതങ്ങൾക്ക് അടിയന്തിരമായി അറുതി വരുത്തണം കൃസ്ത്യാനി കളും മറ്റും ഉപയോഗിക്കുന്ന വിധത്തിലുള്ള രണ്ട് വണ്ടികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകണം. ഒരെണ്ണം മറ്റുവിഭാഗക്കാർക്ക് വേണ്ടി ഉപയോഗിക്കാവുന്നവിധം സാമൂഹ്യക്ഷേമഫണ്ട് ഉപയോഗിച്ചും. ഒന്ന് പട്ടികജാതിവിഭാഗത്തിന്റെ ഫണ്ട് പ്രയോജനപെടുത്തിയും വാങ്ങാവുന്നതാണ്.

### പ്രശ്നങ്ങൾ

1. വേണ്ടത്ര ഉയർന്നിട്ടില്ലാത്ത വിദ്യാഭ്യാസനിലവാരം, കൊഴിഞ്ഞുപോക്ക്, നിരക്ഷരത.
2. കുറഞ്ഞുവരുന്ന കാർഷിക തൊഴിൽ,
3. വീടില്ലാത്തവർ, ഭൂമിയില്ലാത്തവർ, അപര്യാപ്തമായ ധനസഹായങ്ങൾ ,
4. കുടിവെള്ളം, വൈദ്യുതി ഇല്ലായ്മ .
5. പട്ടയംലഭിച്ചിട്ടില്ലാത്തവർ.
6. ഫലപ്രദമായ ആരോഗ്യ സംരക്ഷണ സവിധാനത്തിന്റെ അപര്യാപ്തത, ദരിദ്രകുടുംബങ്ങളിലുള്ളവരുടെ ചികിത്സ.
7. പെൺകുട്ടികളുടെ വിവാഹം
8. പദ്ധതികൾ ഗുണപരമായി പ്രയോജനപെടുത്തൽ , സ്വയംതൊഴിൽ കണ്ടെത്താനുള്ള പ്രശ്നങ്ങൾ
9. കടകെണി
10. ചതുപ്പ്, വെള്ളകെട്ട്,
11. വിദ്യാഭ്യാസം ലഭിച്ചവരുടെ തൊഴിൽ,

### സാധ്യതകൾ

1. ചതുപ്പുകൾ മണ്ണടിച്ച് നികത്തൽ

2. വീട് വെക്കാനുള്ള ധന സഹായം വർദ്ധിപ്പിക്കുക

3. ഗുണഭോക്താക്കളെ ഗ്രാമ സഭയിൽ നിശ്ചയിക്കൽ

4. ലക്ഷം വീടുകളുടെ വിഭജനം

5. തിങ്ങിപാർക്കുന്നവരുടെ പുനരധിവാസം

6. വീടുപണി പൂർത്തിയാക്കാനും റിപയറിങ്ങിനും കുറഞ്ഞപലിശയിൽ വായ്പ

7. ബോർഡിംഗ് സ്കൂൾ

8. ബോധവൽക്കരണ ക്ലാസുകൾ

9. അംഗൻവാടി പ്രശ്നം പരിക്കൽ

ഈ വിഭാഗത്തിന്റെ ക്ഷേമത്തിന് സത്വര ശ്രദ്ധപതിക്കേണ്ട ചില നിർദ്ദേശങ്ങൽ താഴെ ചേർക്കുന്നു.

1. കാർഷിമേഖലയിൽ കൂട്ടുകൃഷി രീതികളുണ്ടാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

2. ചതുപ്പുകൾ വെള്ളകെട്ടു പ്രദേശങ്ങൾ മണ്ണടിച്ച് നികത്തുക

3. ഈ വിഭാഗത്തിലെ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകി സഹകരണ സംഘങ്ങൾ വഴി റെഡിമെയിഡ്, സ്ക്രീൻപ്രിന്റിങ്ങ്, ബുക്ക് ബൈന്റിങ്ങ്, അച്ചാർ നിർമ്മാണം , എന്നിവക്ക് സഹായം നൽകൽ, കോഴിവളർത്തൽ, ആടുവളർത്തൽ സഹകരണ സംവിധാനമുണ്ടാക്കൽ. വ്യാവസായികാടിസ്ഥാനത്തിൽ പായനെയ്ത്, പരമ്പരാഗത തൊഴിൽ സംരംഭങ്ങൾ എന്നിവ സംഘടിപ്പിക്കൽ

4. തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പമാനദണ്ഡങ്ങൽ ലഘൂകരിച്ച് പഞ്ചായത്തുവഴി വിതരണം ചെയ്യൽ .

5. പട്ടികജാതി സർവ്വീസ് സഹകരണസംഘം പ്രവർത്തനം വിപുരീകരിക്കുക. തൊഴിൽ രഹിതരുടെ ആശ്രയ കേന്ദ്രമാക്കി മാറ്റുക.

6. വീടുവെക്കാനുള്ള ധന സഹായം വർദ്ധിപ്പിക്കുക.

7. ചതുപ്പുനിലങ്ങൾ മണ്ണിട്ടു നികത്തി വെള്ളംഒഴിവാക്കാൻ തോടുകൾ നിർമ്മിക്കുക.

8. തൊഴിലാളികൾക്ക് പണിയായുധങ്ങൾ നൽകുക.

9. കെട്ടിട നിർമ്മാണം. കിണർ വാർക്കൽ എന്നീ കരാറുകൾ ചെയ്യാൻ തയ്യാറാകുന്നവർക്ക് ആവശ്യമായ ധനസഹായവും സംവിധാനങ്ങളും ഏർപെടുത്തുക.

മുഴുവൻ തൊഴിലാളികളേയും ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിന്റെ പരിധിയിൽ കൊണ്ടുവരണം. അസംഘടിത മേഖലയിലുൾ പെടെ മുഴുവൻ തൊളിലാളി കളേയും സ്കീമിന്റെ പരിധി യിൽ കൊണ്ടുവരാവുന്നതാണ്.

## വിനോദ നികുതി

വിനോദനികുതിയുടെ പിരിവ് വളരെയേറെ അശാസ്ത്രീയമാണ്. വിനോദ മാധ്യമങ്ങളിൽ സിനിമയിൽ നിന്നു മാത്രമാണ്ഇന്ന് നികുതി ലഭിക്കുന്നത്. പ്രൊഫഷണൽ നാടകം, ഗാനമേള, മിമിക്രി തുടങ്ങി പ്രവേശന നിയന്ത്രണ ത്തിലൂടെ ഹാളുകളിൽ നടത്ത പെടുന്ന പരിപാടികൾ നികുതി പരിധിയിൽ നിന്ന് ഒഴിവാക്ക പ്പെട്ടിരിക്കയാണ്.

ചുമത്തുന്ന നികുതി നിരക്ക്, പിരിക്കാനുള്ള സംവിധാനം, പരിശോധനായു ദ്യോഗസ്ഥന്റെ താല്പര്യം, ഉടമസ്ഥന്റെ സ്വാധീനം തുടങ്ങിയ ഘടകങ്ങൾ സിനിമാ പ്രദർശന ത്തിന്റെ നികുതി പിരിവിനെ സ്വാധീനിക്കുന്നുണ്ട്.

പ്രദർശന ഹാളിലെ മൊത്തം സീറ്റുകളെ അടിസ്ഥാനപ്പെടുത്തി നികുതി നിശ്ചയി ക്കുന്നതായിരിക്കും ഉചിതം പണംവാങ്ങി പ്രവേശനം നിയന്ത്രിക്കുന്ന മുഴുവൻ പ്രദർശനങ്ങൾക്കും നികുതി ചുമത്താവുന്നതാണ്.

ഇവക്കു പുറമെ സംസ്ഥാന സർക്കാർ പിരിച്ചെടുത്ത് പഞ്ചായത്തിനു നല്കുന്ന നികുതി വരുമാനങ്ങളായ അടിസ്ഥാന നികുതി, സ്റ്റാറ്റ്യൂ, സ്റ്റാമ്പ് ഡ്യൂട്ടിയിലുള്ള സർചാർജ്ജ് മോട്ടോർ വാഹന നികുതിയുടെ വിഹിതം JRY എന്നിവയിലുള്ള ഗ്രാന്റുകളും വിവിധയിനം കെട്ടിട വാടക ലൈസൻസ് ഫീസുകൾ ഉപാധിരഹിത ഫണ്ട് എന്നിവയും ലഭിക്കുന്നു. അവയുടെ വിഹിതം നിലവിലുള്ള ശതമാനത്തിൽ നിന്ന് 75 ശതമാനമായി വർദ്ധിപ്പിക്കണം.

അടിസ്ഥാന ഭൂനികുതി വസ്തു കൈമാറ്റത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ചാർജ്ജ് കുറക്കുന്ന തിനായി ഈ വസ്തുവില കുറച്ച് കാണിക്കുന്നതിലൂടെ പഞ്ചായത്തിന് ലഭിക്കേണ്ട യഥാർത്ത വിഹിതം ലഭിക്കുന്നില്ല. ഓരോ പ്രദേശത്തെയും വസ്തുവില തിട്ട പ്പെടുത്തികൊണ്ട് ഈ വരുമാന ച്ചോർച്ച തടയാൻ കഴിയണം.

ശുചീകരണവികസന പ്രവർത്തനങ്ങളിൽ ശുദ്ധജല വിതരണം തെരുവു വിളക്ക് അഴുക്കുചാൽ എന്നിവക്ക് അവ ബാധിക്കുന്ന പ്രദേശത്തുള്ള കെട്ടിട നികുതിയോടൊപ്പം സേവന നികുതി ചുമതാവുന്ന താണ് .

വിദ്യാഭ്യാസം രോഗ ചികിത്സാഎന്നീ സേവനങ്ങൾക്ക് പ്രദേശികമായി ചെയ്യുന്ന ചെലവ് നികത്തുന്നതിലേക്കായി മുഴു വൻ കെട്ടിടങ്ങൾക്കും സർ ചാർജ്ജ് ചുമത്താവുന്നതാണ്.

നിലവിലുള്ള നികുതി ചുമത്താൻ മേഖലകൾക്കു പുറമെ കാലക്രമത്തിൽ സമൂഹത്തിൽ രൂപമെടുക്കുന്ന സംവിധാന ങ്ങൾക്കുമേലും ദുസഹമാ കാത്ത വിധം ചാർജ്ജ് ഈടാ ക്കാവുന്നതാണ്.

- കേബിൾ ടി.വി. ഓപ്പറേഷൻ

റജിസ്ട്രേഷൻ ഇനത്തിലും കണക്ഷനുകളുടെ എണ്ണ ത്തിന്റെ അനുപാതത്തിലും

- പരസ്യബോർഡുകൾക്കും ചുമരുകൾക്കും വിസ്തീർണ്ണത്തിന്റെയും സ്ഥാപിക്കുന്ന പ്രദേശത്തിന്റേയും അടിസ്ഥാനത്തിൽ .

വികസന പ്രവർത്ത നങ്ങളിൽ റോഡുകൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങ ൾക്കാണ് പഞ്ചായത്ത് വരുമാന ത്തിന്റെ 80% വും ചെലവഴിക്ക പ്പെടുന്നത്. റോഡുകളുടെ



197

അഭിവൃദ്ധി പ്രവർത്തനം പഞ്ചായത്ത് ഏറ്റെടുക്കുന്നതിന് പ്രദേശിക ഉപഭോക്ത്താക്കളുടെ കൂട്ടു ചേർന്നുള്ള നിശ്ചിതമായ ധനവിഭവ പങ്കാളിത്തം ഒരു മുന്നുപാധിയായിരിക്കണം.

## മറ്റു ധനാഗമ മാർഗ്ഗങ്ങൾ

കാർഷിക വിഭവങ്ങൾ ഉൽപാദിപ്പിക്കുന്നതിലേക്കായി പുറമ്പോക്കകളിലും സ്ഥിരമായി തരിശിടുന്ന കൃഷിയിടങ്ങളിലും കൈത,പച്ചക്കറി തുടങ്ങിയ കൃഷികൾ നടത്താവുന്നതാണ്.

പൊതുകുളങ്ങൾ, തോടുകൾ, അറപ്പകൾ എന്നിവയിൽ അനയോജ്യമായ മത്സ്യങ്ങൾ കൃഷിചെയ്യുന്നതിലേക്കായി ലേലം ചെയ്യാവുന്നതാണ്.

സാമൂഹ്യ വിഭവമായ സമുദ്രത്തിൽ ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർ പഞ്ചായത്തുകളിൽ നിശ്ചിത ഫീസ് ഈടാക്കി റജിസ്ട്രഷൻ നടത്തേണ്ടതാണ്.

വരുമാനം വർദ്ധിപ്പിക്കുന്ന പ്രവർത്തനത്തിൽ ചന്തപ്പടിയിലെ നിർദ്ദേശിത ഷോപിംഗ് കോംപ്ലക്സ് സമയ ബന്ധിതമായി പണി പൂർത്തികരിക്കാൻ കഴിയണം.

## ബാങ്കിംഗ് സ്ഥാപനങ്ങളിലൂടെ

മൂന്ന് സഹകരണ ബാങ്കുകൾ, റൂറൽ ബാങ്ക് ശാഖ, കാനറ, SBI., SBT എന്നീ. ദേശസൽകൃത ബാങ്കുകൾ, നെടുങ്ങാടി ഷെഡ്യൂൾഡ് ബാങ്ക് എന്നിവ പൊതു മേഖലയിലും മണപ്പുറം തുട ങ്ങിയ 50 ഓളം സ്വകാര്യ സ്ഥാപനങ്ങളും പണമിട പാടു കളിൽ പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്നുണ്ട്.

തദ്ദേശിയരായ ആളുകളുടെ നിക്ഷേപങ്ങൾക്കു പുറമെ പഞ്ചായത്തു പ്രദേശത്തെ ഗൾഫ് രാജ്യങ്ങളിൽ കുടിയേറി ജോലി ചെയ്യുന്ന 3500 ഓളം ആളുകളുടേയും വ്യവസായനഗരങ്ങളിൽ ജോലിചെയ്യുന്നവരുടെയും വരുമാനങ്ങൾ മേൽസൂചിപിപിച്ച സ്ഥാപനങ്ങളിലാണ് നിക്ഷേപിക്കപ്പെടുന്നത്. നിക്ഷേപിക്കപ്പെടുന്ന തുകയിൽ ചെറിയയൊരുശതമാനമാണ് തൊഴിൽദായക പ്രവർത്തനങ്ങളിൽ വികസന പ്രവർത്തനങ്ങൾക്കും അനുവദിക്കപ്പെടുന്നത്. സ്വയം തൊഴിൽ സംരംഭകരുടെ വായ്പപേക്ഷകളിന്മേൽ കടുത്ത അവഗണനയാണ് അംഗീകൃത ബാങ്കുകളിൽ നിന്നുണ്ടാ കുന്നത്. പഞ്ചായത്തിൽ നിന്നുണ്ടാകുന്ന നിക്ഷേപങ്ങളുടെ 60% മെങ്കിലും പഞ്ചായത്തു പ്രദേശത്തുതന്നെ വായ്പ ലഭിക്കുന്നതിന് ബാങ്കിംഗ് സ്ഥാപനങ്ങളെ നിയമം മൂലം നിർബന്ധിക്കേണ്ടതുണ്ട്. ബാങ്കുകളുടെ പ്രവർത്തനങ്ങൾ പഞ്ചായത്തുഭരണ സമിതികളുടെ പരിശോധനയും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടാകണം.

പഞ്ചാത്തുകളുടെ നേരിട്ടുള്ള പ്രവർത്തനങ്ങൾക്ക് വായ്പ ലഭിക്കുന്നതിനുള്ള സാഹചര്യങ്ങളുമുണ്ടാകണം.

സഹകരണ ബാങ്കുകളും തൊഴിൽ ശക്തി വിനിയോഗിക്കാവുന്ന മേഖലകളിൽ നിക്ഷേപങ്ങൾ നടത്തുന്നതിനും കൂടുതൽ വായ്പകൾ നല്കുന്നതിനും തയ്യാറാവേണ്ട തുണ്ട്. സഹകരണ സ്ഥാപനങ്ങൾക്കും വിദേശ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള നിയമ വ്യവസ്ഥ ഉണ്ടാകണം.

പഞ്ചായത്ത് പ്രദേശത്തു പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളേ ആകർഷകമായ പലിശ വ്യവസ്ഥയിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളേ കർശനനിയമങ്ങളിലൂടെ നിയന്ത്രിക്കണം. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തന മൂലധനത്തിൽ നിന്നും പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്ക്



198

## പട്ടിക (വിഭവ സമാഹരണം)

### ബാങ്ക് - ഡെപ്പോസിറ്റ് - വായ്പ (രൂപ ലക്ഷത്തിൽ )

| No : | ബാങ്ക് | ആകെ നിക്ഷേപം | N.R.E .നിക്ഷപം | ആകെ വായ്പ | കാർഷിക വായ്പ | പ്രയോററ്റി ലോണുകൾ | I.R.D.P. |
|---|---|---|---|---|---|---|---|
| | | 2200 | കണക്ക് ലഭിച്ചില്ല | 500 | കണക്ക് ലഭിച്ചില്ല | കണക്ക് ലഭിച്ചില്ല | കണക്ക് ലഭിച്ചില്ല |
| 1 | കനറ ബാങ്ക് | 268 | 131 | 112 | 35 | 69 | 8 |
| 2 | സ്റ്റേറ്റ് ബാങ്ക്ഓഫ് ഇന്ത്യ | 452 | 183 | 211 | 14 | 125 | 5 |
| 3 | നെടുങ്ങാടി ബാങ്ക് | 1042 | 728 | 343 | 104 | 198 | 7 |
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 206 | ഇല്ല | 180 | 140 | ഇല്ല | ഇല്ല |
| 5 | നാട്ടിക ഫർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 130 | ഇല്ല | 118 | 4.5 | ഇല്ല | .84 |
| 6 | വലപ്പാട് എസ്.സി.ബി. | 91 | ഇല്ല | 47 | 7 | ഇല് | 1.5 |
| 7 | കരയാവട്ടം എസ്.സി.ബി. | 56 | ഇല്ല | 40 | 7 | ഇല്ല | .150 |
| 8 | എടമുട്ടം എസ്. സി.ബി. | | | | | | |